## അദ്ധ്യായം 1

# ആരംഭിച്ചിരിക്കുന്നു

ഭാഗം 1

# വ്യക്തിപരമായ തയ്യാറെടുപ്പ്

## A. ബൈബിൾ സ്റ്റഡിക്കുവേണ്ടി വ്യക്തിപരമായ തയ്യാറെടുപ്പു നടത്തുമ്പോൾ അറിഞ്ഞിരിക്കേണ്ട ആറു പ്രമാണങ്ങൾ (സിദ്ധാന്തങ്ങൾ) :

### 1. യേശുക്രിസ്തുവിൽ വിശ്വസിക്കുക.

ബൈബിൾ പഠനത്തിൽ വ്യക്തിപരമായ സജ്ജീകരണങ്ങൾ ചെയ്യുന്ന ആൾ യേശുക്രിസ്തുവിൽ വിശ്വസിച്ചിരിക്കണം എന്ന് ആവർത്തിച്ചു ഊന്നൽ കൊടുക്കണ്ട ആവശ്യം ഇല്ല; എന്നാൽ പ്രാകൃതമനുഷ്യന് (ക്രിസ്തുവല്ലാത്തവൻ) ദൈവാത്മാവിന്റെ ഉപദേശം കൈകൊള്ളുവാൻ സാധിക്കുന്നതല്ല(1 കൊരി. 2.14). രക്ഷയോ കൃപയാൽ വിശ്വാസം മൂലം അനുഭവിക്കേണ്ടതുമാകുന്നു (എഫേ. 2:8-9). ആത്മീയകാര്യങ്ങൾ തിരിച്ചറിയാൻ വിദ്യാർത്ഥിയെ സഹായിക്കുന്നത് പരിശുത്മാവാണ്.

### 2. ബൈബിളിന്റെ ദൈവനിശ്വാസിയതയെ അംഗീകരിക്കുക.

തിരുവെഴുത്തു സ്വയം സാക്ഷീകരിക്കുന്നു (2 തിമോ. 3:16,17). വചനം പഠിക്കുന്ന ഏവരും ഇതു സമ്മതിക്കേണ്ടതാണ്. വിശ്വാസത്തിന്റെ എടുത്തുചാട്ടങ്ങളേക്കാൾ ബൈബിൾ സത്യവും തെറ്റിക്കൂടാത്ത ദൈവവചനവുമാകുന്നു എന്നുള്ള അംഗീകാരമാണ് ആവശ്യം.

### 3. പ്രാർത്ഥിക്കുക.

തിരുവെഴുത്തുകൾ മനസ്സിലാക്കുന്നതിന് പ്രർത്ഥന അത്യാവശ്യമാണ്. ആർക്കെങ്കിലും ജ്ഞാനം കുറവാണെങ്കിൽ യാചിച്ചാൽ(പ്രാർത്ഥിച്ചാൽ ) ദൈവം അവർക്കു സൗജന്യമായി നല്കുമെന്നാണ് യാക്കോബ് 1:5-ൽ വായിക്കുന്നത്. ശരിയായ അറിവിനും, വിവേചനത്തിനുമായുള്ള ആത്മാർത്ഥമായ പ്രാർത്ഥനയ്ക്ക് മറുപടിലഭിക്കുമെന്നതിനു രണ്ടു പക്ഷമില്ല, എന്തെന്നാൽ ഇതു ദൈവഹിതത്തിൽ പെട്ടകാര്യമാണ് (1 യോഹ. 5:14 cf മത്താ. 7:7,8).

### 4. ശുഷ്കാന്തിയോടെ പഠിക്കുകയും സഹിഷ്ണുതയുള്ളവരായിരിക്കുകയും വേണം.

തിരുവെഴുത്തിലെ പലഭാഗങ്ങൾ മനസ്സിലാക്കാൻ പ്രായാസമുള്ളവയാകയാൽ വളരെ ശ്രദ്ധയോടും സഹിഷ്ണുതയോടെയും അവയെ പഠിക്കേണ്ടിയിരിക്കുന്നു (2 തിമൊ. 2:15). പരിമിതികളുള്ള മനുഷ്യരായ നാം അപരിമിതമായ ദൈവത്തിന്റെ മനസ്സിനെ ഗ്രഹിക്കാനാണ് ശ്രമിക്കുന്നതെന്നതു വിസ്മരിക്കാതെ വളരെ കാര്യക്ഷമതയോടെ ആയിരിക്കണം പഠിക്കുന്നത്.

### 5. പൂർണ്ണമായി പാപങ്ങളെ ഏറ്റുപറയുക.

ദൈവം നമ്മെ അനുഗ്രഹിക്കുന്നതിനും, ദൈവിക കൂട്ടായ്മയിൽ തുടർച്ചയായി നിലനില്ക്കേണ്ടതിനും പാപങ്ങളെ ഏറ്റു പറയേണ്ടത് അതി പ്രധാനമായ ഒന്നാണ് (1 യോഹ. 1:6-10). ദൈവഹിതത്തിനു വിപരീതമായി നമ്മിൽ ഉയർന്നിട്ടുള്ള എല്ലാ ചിന്തകളും, സംസാരങ്ങളും, പ്രവർത്തികളും ഓരോന്നായി സമ്മതിച്ചും സ്ഥിരമായും ഏറ്റു പറയേണ്ടതാണ്.

### 6. ദൈവഹിതത്തിനുവേണ്ടി ജീവിക്കുക.

യേശുക്രിസ്തു ഇപ്രകാരം പറഞ്ഞു: "**അവന്റെ (ദൈവത്തിന്റെ) ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം... അറിയും**" (യോഹ. 7:17). ആകയാൽ ജീവനുള്ള ദൈവത്തോടു ബന്ധം പുലർത്തി ജീവിക്കണമെങ്കിൽ വചനപരിജ്ഞാനം അത്യാന്താപേക്ഷിതമാണ്. എന്നാൽ ദൈവസ്നേഹമില്ലാത്ത അറിവ് ചീർപ്പിക്കുകയും അഹങ്കാരികളാക്കുകയുമേ ചെയ്കയുള്ളു (1 കൊരി. 8:1). നിങ്ങളുടെ ലക്ഷ്യം ബുദ്ധിപരമായ വികസനം എന്നല്ലാതെ ജീവനുള്ള ദൈവത്തോടു ബന്ധപ്പെട്ടു കഴിയാനല്ലെങ്കിൽ നിങ്ങളുടെ അറിവ് ചുരുങ്ങിയതും വിരൂപവും ആയിരിക്കുകയും അതു ദുർവ്യാഖ്യാനങ്ങളിലേക്കു നയിക്കുകയും ചെയ്യും.

## B. വ്യക്തിപരമായ ബൈബിൾ സ്റ്റഡിയിൽ ലഭിക്കുന്ന അഞ്ചു പ്രയോജനങ്ങൾ:

### 1. വലിയ വിശ്വാസം.

സഭയിലെ അതി പ്രഗൽഭനായ വേദശാസ്ത്രജ്ഞനായ പൗലൂസ് തന്നെക്കുറിച്ചുതന്നെ പറയുന്നതു ശ്രദ്ധിക്കുക: "**കാഴ്ചയാൽ അല്ല, വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്**" (2 കൊരി. 5:7). ഒരു സംശയവുമില്ല, നമ്മൾ രക്ഷയിലേക്കു പ്രവേശിക്കുന്നത് കൃപയാൽ വിശ്വാസം മൂലമാണ് (എഫേ. 2:8,9). അങ്ങനെ പൗലൂസു പറഞ്ഞതുപോലെ നാം രക്ഷയിൽ ക്രിസ്തുവിൽ പ്രവേശിച്ചവർ ആകയാൽ അതിനുയോഗ്യമായി നടക്കയും ചെയ്യുന്നു (കൊലോ. 2:6,7).

### 2. പുതിയ അറിവ്.

**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുമ്പോൾ** (2 പത്രോ. 3:14-18) **പുതിയ അറിവുകളെ സമ്പാദിക്കുവാൻ നമുക്കു കഴിയും. ഈ അറിവ് അവന്റെ കൃപയുടെ അതിരറ്റ വലിമയിലേക്കു നമ്മെ നയിക്കുകയും, പരിജ്ഞാനത്തിലും വിശ്വാസത്തിലും വളർന്ന് ഏതു കാര്യത്തിനും ക്രിസ്തുവിന്റെ വചനത്താൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും** (റോമ. 10:17).

### 3. ജീവിത വിശുദ്ധീകരണം.

ജീവിത വിശുദ്ധീകരണത്തിനു ദൈവവചനം അത്യാവശ്യമാണ് എന്തെന്നാൽ "അവന്റെ വചനം സത്യം ആകുന്നു" (യോഹ. 17:17). നാം വിശ്വാസികളാണെങ്കിലും പിന്നെയും നമ്മുടെ ജീവിതത്തിൽ പാപത്തിന്റെ പ്രശ്നങ്ങൾ ഉണ്ട് (1 യോഹ. 1:6-10). ആകയാൽ ജീവിതത്തിൽ ഏതുപ്രകാരമുള്ള പാപം(ങ്ങൾ) ആണ് നിലനില്ക്കുന്നതെന്നറിവാൻ ദൈവവചന പഠനം അനുപേക്ഷണീയമാണ്. വചനവെളിച്ചത്തിൽ ശുദ്ധീകരണത്തിനും സൗഖ്യത്തിനുമായി ബുദ്ധിപരമായി പ്രാർത്ഥിക്കേണ്ടതുമാകുന്നു (സങ്കീ. 51). എന്നാൽ പലപ്പോഴും ഈ അടിസ്ഥാനങ്ങളെ സ്വയ നീതീകരണത്തിനുമായി വിശ്വാസികൾ ഉപയോഗിക്കുമ്പോഴാണ് അതിനെ 'ലീഗലിസം' (നിയമസിദ്ധാന്തം) എന്നു വിളിക്കുന്നതു. യേശുക്രിസ്തു ഇതിനെ പൂർണ്ണമായും എതിർത്തിരുന്നു (മർക്കൊ. 7:1-13). ആകയാൽ വളരെ ശ്രദ്ധയോടെ ദൈവത്തിന്റെ അടിസ്ഥാനങ്ങളെ തിരിച്ചറിഞ്ഞ് ജീവിതം ക്രമീകരിക്കേണ്ടതാണ്.

### 4. ശുശ്രൂഷയിലെ ശക്തി.

നാം "ക്രിസ്തുവിന്റെ മനസ്സിനെ" പഠിക്കുവാൻ തുടങ്ങുമ്പോൾ (1 കൊരി. 2:14-16) പരിശുദ്ധാത്മാവും നമ്മിൽ പ്രവർത്തിച്ചു തുടങ്ങുന്നതിനാൽ അതു നമുക്കു ശക്തിപകരും (എഫേ. 2:10). സാത്താനോടും അവന്റെ സൈന്യത്തോടുമുള്ള നമ്മുടെ പോരാട്ടത്തിൽ ദൈവശക്തി അത്യാവശ്യമാണ് (എഫേ. 6:10-18). ദൈവഹിതത്തിനു നമ്മെ തന്നെ കീഴ്പ്പെടുത്തി കൊടുക്കുന്നതിലൂടെയാണ് നാം ഈ ശക്തിയെ പ്രാപിക്കുന്നത്. എന്തെന്നാൽ "**ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ള ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു**" (ഫിലി. 2:13).

### 5. ശുശ്രൂഷയ്ക്കായുള്ള സജ്ജീകരണം

ദൈവവചന പഠനത്തിലൂടെ ലഭിക്കുന്ന ഈ പരിജ്ഞാനത്താൽ യേശുക്രിസ്തുവിലുള്ള സത്യത്തെ (കൊലോ 3:16,17) പരിശീലിക്കുകയും ആ നാമത്തെ നഷ്ടപ്പെടുന്ന ലോകത്തിനു പ്രദാനം ചെയ്യുവാനും നമുക്കു കഴിയും (യോഹ. 17:17-19; എബ്രാ. 5:12). ദൈവ വചന സമ്പർക്കത്തിന്റെ പ്രഥമമായ ലക്ഷ്യം "**വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയുമാണ്**" (എ

ഫേ. 4:11 -13). മറ്റുള്ളവരെ സജ്ജരാക്കേണ്ടവർ ആദ്യം സ്വയം സുസജ്ജരാകേണ്ടതാണ്.

## ഭാഗം 2

# ബൈബിൾ

## A. ബൈബിൾ എന്താകുന്നു?

### 1. എഴുതപ്പെട്ട ദൈവവചനം.

വേദപുസ്തകം മറ്റുപുസ്തകങ്ങൾപോലെ വെറുമൊരു സാധാരണ പുസ്തകമല്ല. ഏതാണ്ടു ആയിരത്തി അഞ്ഞൂറുവർഷംകൊണ്ട് നാല്പതിലധികം എഴുത്തുകാരാൽ രചിക്കപ്പെട്ടതാണിത്. യേശുക്രിസ്തു ഇതിനെ "പുസ്തകചുരുൾ" എന്നു വിളിച്ചു (എബ്രാ. 10:7). ഈ പുസ്തകമില്ലാതെ ദൈവനീതിയുടെ പരിമാണമോ, നമ്മുടെ ജീവിതത്തിൽ ദൈവകൃപയുടെ ആവശ്യമെന്തെന്നോ മനസ്സിലാക്കുന്നതല്ല. ആയതിനാലാണ് ദൈവം തന്റെ നീതിയുടെ മാനദണ്ഡത്തെ വെളിപ്പെടുത്തുവാനായി ഈഗ്രന്ഥം എഴുതിയിരിക്കുന്നത്. എഴുതപ്പെട്ട വചനം വിശ്വാസത്താൽ അംഗീകരിക്കുകയും ചരിത്രത്തിലൂടെ തെളിയിക്കപ്പെടുകയും (രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രസംഭവങ്ങളാണ് തെളിവ്) ചെയ്തിരിക്കുന്നു. മനുഷ്യർ പ്രാർത്ഥനയിൽ ദൈവത്തോട് സംസാരിക്കുന്നു, എന്നാൽ ദൈവം മനുഷ്യരുമായി സംസാരിക്കുന്നതു എഴുതപ്പെട്ട വചനത്തിൽക്കുടിയാണ്.

നമ്മിൽ കൂടുതൽ പേരും ഉപയോഗിക്കുന്ന ബൈബിൾ അതിന്റെ മൂല ഭാഷയിൽനിന്നും തർജ്ജിമചെയ്തിട്ടുള്ളതാണ്. പഴയ നിയമത്തിന്റെ ഭൂരിഭാഗവവും എബ്രായ ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്: എന്നിരുന്നാലും ദാനിയേൽ 2 മുതൽ 7 വരെ, എസ്ര 4 മുതൽ 7 വരെ അദ്ധ്യായങ്ങൾ എബ്രായ ഭാഷയുടെ സഹോദരിഭാഷ അരാമിക് ഭഷയിലാണ്. ഇത് ആ കാലത്തെ യഹൂദന്റെ സംസാരാഭാഷ ആയിരുന്നു. പുതിയനിയമം എഴുതപ്പെട്ടിരിക്കുന്നതു കാലത്തിന്റെ മാറ്റത്തെ അനുസരിച്ചു സാധാരണഭാഷയായി ഉപയോഗിക്കപ്പെട്ട കൊയിനേ ഗ്രീക്കിൽ ആയിരുന്നു.

പിന്നെയും വളരെനാളുകൾക്കുശേഷമാണ് വായനക്കാരുടെ പ്രയോജനത്തിനായി ബൈബിളിനെ അദ്ധ്യായങ്ങളും, വാക്യങ്ങളുമായി വിഭജിച്ചത്. ഈ പ്രവർത്തി ദൈവവിശ്വാസിയതയ്ക്കു ഭംഗം വരുത്തുകയല്ല പിന്നയോ പഠന സൗകര്യത്തെയും പ്രാചീന കാലരീതികളെ കൃത്യമായി മനസ്സിലാക്കുവാനും സാധിക്കണമെന്ന ഉദ്ദേശത്തോടെയാണ്.

### 2. ദൈവശ്വാസീയമായ വചനം.

ബൈബിളിന്റെ എല്ലാഭാഗങ്ങളും ദൈവശ്വാസീയമാക (2 തിമോ. 3:16,17) യാൽ പ്രയോജനകരമാണ്. ദിവ്യപ്രചോദനം മാനുഷിക കഴിവുൾക്കും വിജ്ഞാനപ്രാപ്തിക്കും, വെളിപ്പാടുകൾക്കും അതീതമായാണ്. എന്നാൽ അതു ദൈവത്തിന്റെ ശ്വാസമാണ്. എങ്കിലും അതിനെ പ്രസിദ്ധമാക്കിയത് മനുഷ്യനിൽക്കൂടെയായിരുന്നു എന്നുമാത്രം.

### 3. ജീവനുള്ള ദൈവത്തിന്റെ വെളിപ്പാട്.

ബൈബിൾ എഴുതപ്പെട്ട ദൈവത്തിന്റെ (ക്രിസ്തുവിന്റെ) ജീവനുള്ള വചനങ്ങളാണ്. വെളിപ്പാട് എന്നാൽ പുതിയ അറിവ് എന്നാണർത്ഥം. ജ്ഞാനപ്രാകാശം പരിശുദ്ധാത്മാവ് നമ്മിൽപ്രവർത്തിക്കുന്നതിനാൽ പ്രാപിക്കുന്നതാണ്, അതു വചനത്തെ ഗ്രഹിക്കുവാനുള്ള വെളിപ്പാടായി തീരുന്നു. ജീവനുള്ള വചനം യേശുക്രിസ്തുതന്നെയാണ് (എബ്രാ. 4:12: യോഹ. 5:39 -47).

ഒരുകാര്യം ഓർത്തിരിക്കണം കുറച്ച് പേപ്പറും മഷിയും ചേർന്നാൽ ദൈവത്തിന്റെശക്തി ആകുകയില്ല. എന്നാൽ കടലാസിന്റെയും, മഷിയുടെയും പിന്നിൽ പ്രവർത്തിക്കുന്നത് പരിശുദ്ധാത്മശക്തിയാണ്. അതാണ് മനുഷ്യജീവി

തത്തിൽ രൂപാന്തരം വരുത്തുന്നത്. ദൈവത്തിന്റെ ശക്തിയുള്ള വചനം നമ്മിലും ചൈതന്യം വരുത്തിക്കൊണ്ട് ലക്ഷ്യംതെറ്റാതെ മുന്നോട്ട്പോകുവാൻ സഹായിക്കുന്നു (എബ്രാ. 12: 2).

## B. ബൈബിളിന്റെ വിന്യസിപ്പിക്കൽ:

### 1. രണ്ടു പ്രധാന വിഭാഗങ്ങൾ.

ബൈബിൾ പഴയനിയമമെന്നും, പുതിയനിയമമെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു.

ആകെയുള്ള 66 പുസ്തകങ്ങളിൽ 39 എണ്ണം പഴയനിയമത്തിലാണ് 30-ൽ അധികം എഴുത്തുകാരിലാണ് അവ ക്രമീകരിച്ചിരിക്കുന്നത്. ബാക്കിയുള്ള 27 പുസ്തകങ്ങൾ പുതിയനിയമത്തിലാണ്, ഏതാണ്ട് 10-ൽ അധികം എഴുത്തുകാരാലാണ് അതു പൂർത്തിയാക്കപ്പെട്ടത്. പഴയനിയമത്തിൽ 929 അദ്ധ്യായങ്ങളും 23,214 വാക്യങ്ങളും; പുതിയ നിയമത്തിൽ 260 അദ്ധ്യായങ്ങളും 7,959 വാക്യങ്ങളും ഉണ്ട്. അതായത് ബൈബിളിൽ ആകെ 66 പുസ്തകങ്ങളും, 1,189 അദ്ധ്യായങ്ങളും, 31,173 വാക്യങ്ങളും ആണുള്ളത്.

“നിയമം” എന്നാൽ ഏന്തെങ്കിലും കാര്യത്തെക്കുറിച്ച് രണ്ടു വ്യക്തികൾ തമ്മിൽ (ഒരാൾ മറ്റൊരാൾക്ക് നല്കുന്ന) ചെയ്യുന്ന ഉടമ്പടി അഥവാ പ്രതിജ്ഞ എന്നാണർത്ഥം. ഉദാഹരണത്തിന് ആരെങ്കിലും ഒരു ഉത്പാദനം വാങ്ങുവാൻ ആഗ്രഹിക്കുമ്പോൾ ഉത്പാദകന്റെ വ്യവസ്ഥകളെ നോക്കി സ്വീകരിക്കുകയോ, ത്യജിക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഒരിക്കൽ വ്യവസ്ഥകൾ അംഗീകരിച്ചാൽ അതനുസരിച്ച് ഉടമ്പടി (നിയമം) സ്ഥിരപ്പെടുത്തുകയും അതനുസരിച്ച് പ്രവർത്തക്കുകയും ചെയ്യേണ്ടതാണ്. നിയമത്തിലെ വാഗ്ദത്തങ്ങൾ അനുസരിച്ചാണ് രണ്ടു പാർട്ടികളും തമ്മിലുള്ള ബന്ധം നിലനില്ക്കുന്നത്. വിവാഹസമയത്തു ചെയ്യുന്ന പ്രതിജ്ഞ ഇതിന് ഏറ്റം തെളിവായ ഒന്നാണ്, അവിടെ ഭാര്യഭർത്താക്കന്മാർ ആയി ജീവിച്ചുകൊള്ളാമെന്ന് ഇരുവരും ചെയ്യുന്ന പ്രതിജ്ഞയിന്മേലാണ് അവരുടെ ഭാവി കുടുംബജീവിതം വളർന്നു ശക്തിപ്പെടുന്നത്.

പഴയ നിയമത്തിൽ ദൈവം മനുഷ്യനു മശിഹായുടെ വരവിനെക്കുറിച്ചു നല്കുന്ന വാഗ്ദത്ത ഉടമ്പടിയാണ് നാം വായിക്കുന്നത്. ഈ ഉടമ്പടികളെ നമുക്കു പിന്നീട് പഠിക്കാം.

### 2. പഴയനിയമത്തിന്റെ അഞ്ചു വിഭാഗങ്ങൾ:

താഴെ പറയുംപ്രകാരം ഗ്രൂപ്പുകളായി അവയെ തിരിച്ചിരിക്കുന്നു:

A. നിയമം (ന്യാപ്രമാണം): എബ്രായഭാഷയിൽ “തോറ” എന്നും, ഗ്രീക്കു ഭാഷയിൽ “പെന്റാറ്റെക് (അഞ്ചുപുസ്തകങ്ങൾ) എന്നും വിളിക്കുന്നു. ഇതിൽ ഉല്പത്തി, പുറപ്പാട്, ലേവ്യാ, സംഖ്യാ, ആവർത്തനം എന്നീ അഞ്ചു പുസ്തകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

B. ചരിത്ര പുസ്തകങ്ങൾ (12 എണ്ണം): യോശുവാ, ന്യാധിപന്മാർ, രൂത്ത്, 1 ശമുവേൽ 2 ശമുവേൽ, 1 രാജാക്കന്മാർ, 2 രാജാക്കന്മാർ, 1 ദിനവൃത്താന്തം, 2 ദിനവൃത്താന്തം, എസ്രാ, നെഹമ്യാവ്, എസ്ഥേർ എന്നിവ.

C. കവിതാ വിഭാഗം (അഞ്ചെണ്ണം): ഇയ്യോബ്, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ സഭാപ്രസംഗി, ഉത്തമഗീതം

D. വലിയ പ്രവാചകന്മാർ (അഞ്ച്): യെശയ്യാവ്, യിരമ്യാവ്, വിലാപങ്ങൾ, യെഹസ്കേൽ, ദാനിയേൽ.

E. ചെറിയ പ്രവാചകന്മാർ (പന്ത്രണ്ട്): ഹോശയ്യാ, യോവേൽ, ആമോസ്, ഓബദ്യാവ്, യോനാ, മീഖാ, നഹൂം, ഹബക്കൂക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മാലാഖി.

### 3. പുതിയ നിയമത്തിന്റെ മൂന്നു വിഭാഗങ്ങൾ:

മശിഹായുടെ വരവും തുടർന്ന് നല്കപ്പെട്ട ഉടമ്പടിയുമാണ് പുതിയ നിയമത്തിൽ വായിക്കുന്നത്:

ഈ പുസ്തകങ്ങളിൽ വ്യത്യസ്തമായ വിഷയങ്ങളാണ് നല്കിയിരിക്കുന്നത്. ഉദാഹരണമായി ചരിത്രപുസ്തകത്തിൽ തന്നെ ചില പ്രവചന ഭാഗങ്ങളും ഉണ്ട് (മത്താ. 24; മർക്കോ 13; ലൂക്കോ 21). അതുപോലെ പ്രവചനങ്ങളിൽ

ലേഖനങ്ങളും ഉൾപ്പെട്ടിരിക്കുന്നു (വെളി. 2,3). ആയതിനാൽ ഇവയെല്ലാം കണക്കിലെടുത്തായിരിക്കണം സാധാരണ പുസ്തകങ്ങളെ പഠിക്കേണ്ടത്. പുതിയ നിയമ ഗ്രൂപ്പുകളെ മൂന്നായി വിഭജിച്ചിരിക്കുന്നതു താഴെ കൊടുത്തിരിക്കുന്നു.

A അഞ്ചു ചരിത്രപുസ്തകങ്ങൾ: മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ, അപ്പോ. പ്രവർത്തികൾ.

B. ലേഖനങ്ങൾ അഥവാ എഴുത്തുകൾ; റോമർ, 1 കൊരിന്ത്യർ; 2 കൊരിന്ത്യർ, ഗലാത്യർ, എഫേസ്യർ, ഫിലിപ്പിയർ, കൊലോസ്യർ, 1 തെസ്സലോനിക്യർ 2 തെസ്സലോനിക്യർ, 1 തിമോഥി, 2 തിമോഥി, തീത്തൂസ്, ഫിലെമോൻ 1 യോഹന്നാൻ, 2 യോഹന്നാൻ, 3 യോഹന്നാൻ, 1 പത്രോസ്, 2 പത്രോസ് എബ്രായർ, യാക്കോബ്, യൂദാ

C. പ്രവചനം: വെളിപ്പാട്.

ഭാഗം 3

# ചരിത്രപരമായ ഒരു അവലോകനം

ദൈവവചനത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ഒരു കാര്യം അതിന്റെ ആന്തരീക ഐക്യതയാണ്. പല എഴുത്തുകാർ വിവിധ സ്ഥാനങ്ങളിലിരുന്ന് ദീർഘകാലംകൊണ്ട് എഴുതിയിട്ടും എല്ലാം ഒരാളിനാൽ ഒരുകാലത്ത് എഴുതപ്പെട്ടതുപോലെയാണ് കഴിഞ്ഞകാല ചരിത്രംസംഭവങ്ങളുടെ വിവരണം കാണുന്നത്.

ദൃശ്യവും പിന്നീട് മാനവ ചരിത്രത്തിൽ ഒതുങ്ങിയതും വിസ്മയകരവുമായ ചരിത്രസംഭവങ്ങളുടെ തുടർച്ചയാണ് താഴെ കൊടുത്തിരിക്കുന്നത്.

സംഭവങ്ങളുടെ ഒരു എത്തിനോട്ടം മാത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. പ്രധാനമായ ചില വിഷയങ്ങളെ ചൂണ്ടിക്കാട്ടുക എന്നതാണു ലക്ഷ്യം, പിന്നാലെ വിശദമായും സമഗ്രമായുമുള്ള പഠനം നമുക്കു ലഭിക്കുമ്പോഴാണ് ദൈവത്തിന്റെ കാര്യപരിപാടിയുടെ അത്ഭുതകരമായ ക്രമീകരണത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കുകയുള്ളു.

## A. സംഭവങ്ങളുടെ വർണ്ണന.

### 1. സൃഷ്ടിപ്പ്.

വേദപുസ്തകത്തിന്റെ ആദ്യപുസ്തകമായ ഉല്പത്തിയുടെ വിവരണ പ്രകാരം ആകാശ ഭൂമികളുടെ സൃഷ്ടിപ്പിന്റെ ചരിത്രം നമുക്കു ലഭിക്കുന്നു (ഉല്പ. 1:1; 2 പത്രോ. 3:6). എന്നാൽ അവസാന പുസ്തകമായ വെളിപ്പാടിന്റെ വിവരണത്തിൽ ഈ ആദ്യസൃഷ്ടിയായ ആകാശ ഭൂമികൾ നശിപ്പിക്കപ്പെടുന്നതും തൽസ്ഥാനത്ത് പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുന്നതായും കാണുന്നു (വെളി. 21:22).

### 2. സാത്താന്റെ മത്സരം.

മനുഷ്യസൃഷ്ടിക്ക് മുമ്പ് എന്നോ സാത്താൻ ദൈവത്തോടു മത്സരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (യെശ. 14:12-14; യെഹ. 28). ഈ മത്സരത്തിന്റെ ഉദ്ദേശം വേദഭാഗങ്ങളിലെല്ലാം സങ്കീർണ്ണമായി തുന്നിചേർത്തിരിക്കുകയാണ്. വ്യാപകമായ വിധത്തിൽ പടർന്നു കിടക്കുന്ന ഈ മത്സരവിഷയം മനസ്സിലാക്കുവാനും പ്രയാസമാണ്. ദൈവവും പിശാചുമായി നടന്ന യുദ്ധം മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പായിരുന്നു എന്നു വ്യക്തമാക്കിയിട്ടുണ്ട് (വെളി. 12). ഇതുപോലെ തന്നെ സാത്താന്റെ അന്തിമ മത്സരം പുതുവാന ഭൂമികളുടെ സൃഷ്ടിപ്പിനു മുമ്പായും യേശുക്രിസ്തുവിന്റെ സഹസ്രാബ്ദ ഭരണത്തിന്റെ ഒടുവിലുമായി നടക്കുമെന്നും പറഞ്ഞിരിക്കുന്നു (വെളി. 20:7-10).

### 3. ഭൂമിയും മനുഷ്യനും.

**ദൈവം ഭൂമിയെ മനുഷ്യാധിവാസത്തിനായിട്ടാണ് സൃഷ്ടിച്ചത്** (ഉല്പ. 1:28; 2:4-25)

**കുറിപ്പ്:** “ഫോം ലെസ്സ്” Formless (പാഴായും) എന്നതിന് എബ്രായഭാഷയിൽ TOHU (റ്റോഹു) എന്നും "VOID" (വോയിഡ്, ശൂന്യം) എന്നതിന് എബ്രായഭാഷയിൽ BOHU (ബോഹു) എന്നും കൊടുത്തിരിക്കുന്നു. “അധിവാസയോഗ്യമല്ലാത്ത’ “ജനവാസമില്ലാത്ത” എന്നൊക്കെയാണ് അർത്ഥം. എന്തായിരുന്നു പ്രശ്നം? സാത്താന്റെ തുടർച്ചയായ മത്സരങ്ങളായിരുന്നു. എവിടെയും ദൈവിക പദ്ധതിക്കു തടസ്സക്കാരനായി അവൻ നിന്നിരുന്നു. എന്നാൽ സഹസ്രാബ്ദയുഗത്തിൽ സാത്താനെ ബന്ധിച്ചിരിക്കുന്നതിനാൽ അതു മനുഷ്യർക്കു ഒരു സമ്പൂർണ്ണ യുഗമായിരിക്കും, അഥവാ സമാധാനകാലം ആയിരിക്കും. (വെളി. 20:1-3; യെശ. 60-66)

### 4. ഒന്നാമത്തേയും, ഒടുക്കത്തെയും ആദാം.

ഒന്നാമത്തെ ആദം സർവ്വമാനവരാശിയുടെയും തല ആയിരുന്നതുകൊണ്ട് എല്ലാ സൃഷ്ടികളെയും ഭരിക്കാനായി നിയമിക്കപ്പെട്ടിരുന്നു (ഉല്പ. 1-28; 2:4-25). അവനെ ഏദൻതോട്ടത്തിൽ പാർപ്പിക്കുകയും അതിനെകാപ്പാനും അവിടെ

അദ്ധ്വാനിപ്പാനും കല്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പരാജയത്തിൽ അവസാനിച്ചു. ഒടുക്കത്തെ ആദം "കർത്താവായ യേശുക്രിസ്തു" (1 കൊരി. 15:45) തന്റെ സഹസ്രാബ്ദഭരണകാലത്ത് എല്ലാ സൃഷ്ടികൾക്കും സമ്പൂർണ്ണമാക്കപ്പെട്ട ഭൂമിയിൽ വസിക്കാൻ അവസരം നല്കിക്കൊണ്ട് സൃഷ്ടികൾക്ക് തലയായിതീരും (വെളി. 20:4), പാപത്താൽ പരാജയപ്പെട്ട സൃഷ്ടിയ്ക്കു വീണ്ടെടുപ്പു നല്കി വിജയത്തിൽ എത്തിക്കും.

### 5. മനുഷ്യനും സാത്താനും തമ്മിലുള്ള പോരാട്ടം.

സർവ്വാധികാരിയായി ഏദനിൽ പാർത്തിരുന്ന ആദാം പാപത്തിൽ വീണതോടെ ഭൂമിയുടെ അധികാരി സാത്താൻ ആകയും മനുഷ്യൻ അവന്റെ അടിമ ആയിതീരുകയും ചെയ്തു (ഉല്പ. 3; യോഹ. 12:31; 16:11). എന്നാൽ ദൈവം സാത്താനെ ക്രിസ്തുവിനു കീഴ്പ്പെടുത്തി സൃഷ്ടികൾക്കു മോചനം നല്കുന്നതോടെയാണ് സഹസ്രാബ്ദത്തിന്റെ തുടക്കം (വെളി. 20:1-3).

### 6. എല്ലാ മനുഷ്യരും വിധിക്കപ്പെടും.

മനുഷ്യർ എല്ലായുഗത്തിലും ദൈവത്തിന്റെ ഉദ്ദേശത്തിൽനിന്നു വ്യതിചലിച്ച് ദുഷ്ടത പ്രവർത്തിച്ചപ്പോൾ അവരുടെമേൽ ന്യായവിധിയും വന്നു. അനുസരണം കെട്ട മനുഷ്യരെ ഓർത്ത് വിഷമിച്ചാണ് ദൈവം ജലപ്രളയം അയച്ചത് (ഉല്പ. 4-10; 6:1-13). വീണ്ടും എല്ലാ മനുഷ്യരെയും ക്രിസ്തുവിന്റെ രണ്ടാം വരവിൽ. അതായത് മഹോപദ്രവകാലമാകുന്ന ഏഴുവർഷങ്ങൾക്കുശേഷം ന്യായം വിധിക്കുന്നതായിരിക്കും. അന്ന് അവൻ മനുഷ്യവർഗ്ഗത്തെ ചെമ്മരിയാടുകളും (വിശ്വാസികൾ) കോലാടുകളും (അവിശ്വാസികൾ) എന്നിങ്ങനെ രണ്ടായി തിരിക്കും (മത്താ. 25:31-46).

### 7. ബാബിലോൺ.

ജലപ്രളയത്തിനുശേഷം നോഹയുടെ സന്തതികൾ വർദ്ധിച്ചു പെരുകി ഭൂമിയിൽ പരന്നെങ്കിലും വീണ്ടും ദൈവത്തിൽ നിന്നകന്ന് അവരും ദോഷം ചെയ്യുന്നതായി വായിക്കുന്നു. ബാബിലോണിൽ അവർ ഒരു 'ബാബേൽ ഗോപുരം' പടുത്തുയർത്തി (ഉല്പ.11) ഇത് ദൈവത്തിനു വിപരീതമായി അവരുടെ സ്വയ രക്ഷയ്ക്കായിട്ടായിരുന്നു. ദൈവ കോപത്തെ തടയാൻ ഈ ഗോപുരത്തിനു കഴിയുമെന്ന് അവർ പ്രതീക്ഷിച്ചു. ഇനിയൊരു ജലപ്രളയം ഉണ്ടായാൽപോലും എല്ലാവർക്കും ഈ ഗോപുരത്തിൽകൂടെ സ്വർഗ്ഗത്തിൽ കയറി രക്ഷപെടാമെന്നാണ് അവർ കരുതിയത്. മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു മത ചിന്ത (ഹ്യൂമനിസം) യായിരുന്നു ഈ ഗോപുരത്തിന്റെ അടിസ്ഥാനം. മതപരമായ കാര്യാദികളാലും, സാമ്പത്തിക ഉയർച്ചകളാലും മനുഷ്യനു സ്വയം രക്ഷപ്പെടുവാൻ കഴിയുമെന്നുള്ള ലോകമതങ്ങളുടെയെല്ലാം ഉറവിടം ഇതുതന്നെയാണ്. ക്രിസ്ത്യാനിത്വം മാത്രമേ പാപിയായ മനുഷ്യനു സ്വയം രക്ഷപ്പെടുവാൻ സാദ്ധ്യമല്ലെന്നും അവൻ ഒരു രക്ഷിതാവിനെ ആവശ്യമുണ്ടെന്നും പഠിപ്പിക്കുന്നുള്ളു. ജീവനുള്ള ദൈവത്തിനെതിരായി പ്രവർത്തിച്ച ചില ഹ്യൂമനിസ്റ്റ് ഭരണകൂടങ്ങളെക്കുറിച്ച് ബൈബിളിൽ വായിയ്ക്കുന്നുണ്ട്. പഴയ ബാബിലോൺ (യെശ. 47) സോർ (യെഹ. 26-27) തുടങ്ങിയവ, ഇവയുടെ അധഃപതനങ്ങളും അവിടെ പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും ഇന്നും ആ ഒരു ചിന്താഗതി പുലർത്തിപോരുന്ന മതവിഭാഗങ്ങളാണ് അന്തിക്രിസ്തുവായി ലോകത്തെ ഒരുക്കുന്നതും ഒടുവിൽ നിർമ്മൂലമാക്കപ്പെടുന്നതും (വെളി. 17,18).

### 8. ഇസ്രയേൽ.

ബാബേലിൽ ചിതറിക്കപ്പെട്ട ജനം വിവിധ ഭാഷക്കാരായി പലദേശങ്ങളിൽ ചെന്നു പാർക്കുവാൻ ഇടയായി. അങ്ങനെ ചിതറിപ്പോയ വംശങ്ങളിൽ ഒന്നിൽനിന്നാണ് ഇസ്രായേൽ രാഷ്ട്രത്തിനു കാരണഭൂതനായ അബ്രഹാമനെ ദൈവം വിളച്ചു വേർതിരിച്ചത് (ഉല്പ. 12) അവരോടും, അവന്റെ മകനായ ഇസ്സഹാക്കിനോടും, കൊച്ചുമകനായ യാക്കോബിനോടും വരുവാനുള്ള മശിഹായെക്കുറിച്ചു ദൈവം ഉടമ്പടി ചെയ്യുകയും അവരുടെ വംശങ്ങൾ തലമുറയായി അതു കാത്തുസൂക്ഷിക്കുകയും ചെയ്തു (ഉല്പ. 22:1-18; 28:14). പിൽക്കാലത്ത് ലോകജാതികളുമായി അവർ ഇടകലരുകയും ജാതിയ ദേവ വിഗ്രഹങ്ങളെ സേവിക്കുകയും ചെയ്തപ്പോൾ ദൈവം അവരുടെ രാഷ്ട്രത്തെ തകർക്കുകയും അവരെ ലോകത്തെമ്പാടും ചിതറിക്കുകയും ചെയ്തു. ഇന്നവർക്ക് ഒരു രാഷ്ട്രമുണ്ടെങ്കിലും വാഗ്ദത്തപ്രകാരമുള്ള അവകാശങ്ങൾ പൂർത്തീകരിക്കുവാനോ സംപൂർണ്ണജനതയുടെ മടങ്ങിവരവ് ഉണ്ടാകയോ ചെയ്തിട്ടില്ല. പക്ഷേ സഹസ്രാബ്ദ ഭരണകാലത്ത് ദൈവം അവരെ പൂർണ്ണമായി കൂട്ടിച്ചേർത്ത് വാഗ്ദത്തനിവൃത്തി നല്കുന്നതായിരിക്കും (മത്താ. 24:29-31).

### 9. യേശുക്രിസ്തുവിന്റെ മടങ്ങിവരവ്.

യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവ് ദൈവത്തിന്റെ നിർണ്ണായക സമയത്ത് ചരിത്രപരമായി സംഭവിച്ചു (1 തിമൊ. 2:6). മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളിൽ നമുക്ക് യേശുക്രിസ്തുവിന്റെ ജനനം, ശുശ്രൂഷ, മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നീ സംഭവങ്ങളുടെ അത്ഭുതചരിത്രം

വായിച്ചറിയാവുന്നതാണ്. യെശയ്യാവിന്റെ 53-ാം അദ്ധ്യായത്തിൽ യേശുക്രിസ്തുവിനെ “കഷ്ടം അനുഭവിക്കുന്ന ദാസനായി” വെളിപ്പെടുത്തിയിരിക്കുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ മടങ്ങിവരവ് പ്രത്യക്ഷമായി സംഭവിക്കുന്നതു മഹോപദ്രവകാലത്തിനുശേഷമാണ്. അന്നു കർത്താവ് തന്റെ കാൽപാദങ്ങളെ വീണ്ടും ഈ ഭൂമിയിൽ ഉറപ്പിച്ചുകൊണ്ട് ശത്രുക്കളുടെമേൽ ജയം വരിക്കുകയും, വിജയശ്രീലാളിതനായി മഹാരാജാവായി ആയിരമാണ്ടു വാഴ്ച ആരംഭിക്കുകയും ചെയ്യും (സെഖ. 14:1-8; 19:11-19).

### 10. എതിർ പ്രവർത്തനം.

നാലു സുവിശേഷങ്ങളും യേശുക്രിസ്തുവിന്റെ മനുഷ്യനന്മയ്ക്കായുള്ള പ്രവർത്തനങ്ങളെ അതിമനോഹരമായി ചിത്രീകരിക്കുമ്പോൾ (മത്താ. 20:28), ആ പ്രവർത്തനത്തിനെതിരായി നിൽക്കുന്ന അധർമ്മമൂർത്തി (Man of lawlessness) യെക്കുറിച്ചും ബൈബിൾ വ്യക്തമാക്കുന്നുണ്ട്. അവൻ ജനശ്രദ്ധയെ തന്നിലേക്കു ആകർഷിച്ചുകൊണ്ട് ദൈവത്തിനു കൊടുക്കുന്ന ആരാധനയും മഹാത്മ്യവും തന്റേതാക്കാൻ സ്വാർത്ഥപരമായി പ്രവർത്തിക്കും (2 തെസ്സ. 2:1-12; വെളി. 6-16).

### 11. സഭ.

യേശുക്രിസ്തുവിന്റെ മരണ പുനരുദ്ധാനങ്ങൾക്കും പിതൃവലഭാഗത്തേയ്ക്കുള്ള സ്വർഗ്ഗാരോഹണത്തിനും ശേഷമാണ് തന്റെ ദൗത്യം പിൻതുടരുവാനും സർവ്വലോകത്തിലും ഈ രക്ഷണ്യ സുവിശേഷത്തെ - മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ പ്രായശ്ചിത്തമായി ദൈവം കാൽവരിയിൽ യേശുവിനെ ഏകയാഗമായി അർപ്പിച്ച് എന്നേക്കുമുള്ള വീണ്ടെടുപ്പ് സാധിച്ചു എന്ന നല്ല വാർത്ത - അറിയിക്കുവാനുമായി സഭയെ വിളിച്ചു വേർതിരിച്ചത് (മത്തായി 28:18-20). യേശുക്രിസ്തുവിന്റെ അന്ത്യകല്പനപ്രകാരം സകലജാതികളെയും ശിഷ്യരാക്കുക എന്ന ഉത്തരവാദിത്തം വീണ്ടും കർത്താവു വന്നു സഭയെ തന്റെ മണവാട്ടിയായി കൂട്ടിക്കൊണ്ടുപോകുന്നതുവരെ തുടരേണ്ടതുമാകുന്നു (1 തെസ്സ. 4:13-18; 1 കൊരി. 15:50-58; വെളി. 19:7-10).

## B. ചുരുക്കം (സംക്ഷേപം).

വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സംഭവങ്ങളുടെ തുടർച്ചയെ പരിശോധിച്ചാൽ അവയ്ക്ക് ആരംഭംമുതലേ ഐക്യരൂപ്യമുള്ളതായി കാണാമെന്നു മാത്രമല്ല പിന്നെയോ മറഞ്ഞിരുന്ന മനുഷ്യചരിത്രത്തിന്റെ മറനീക്കിത്തരിക കൂടി ചെയ്യുന്നു. താഴെ കൊടുത്തിരിക്കുന്ന ചാർട്ടിലെ നമ്പരുകൾ നോക്കി ദൈവത്തിന്റെ അത്ഭുകരമായ പദ്ധതിയെ മനസ്സിലാക്കുക. 1

**1. ആദിയിൽ ദൈവം സൃഷ്ടിച്ച ആകാശഭൂമികളുടെ രേഖ. ഉല്പ. 1:1; 2 പത്രോ. 3:8**
**2. സാത്താന്റെ ഒന്നാമത്തെ മത്സരം യെശ. 14:12-14; യെഹ. 28**
**3.ഭൂമിയെ മനുഷ്യവാസത്തിനായി ഒരുക്കുന്നു. ഉല്പ. 1:2-2:3**
**4.ഒന്നാമത്തെ ആദാമിന്റെ അധികാര വലിമ. ഉല്പ. 2: 4-25**
**5. മനുഷ്യൻ സാത്താനു കീഴ്പ്പെടുന്നു. ഉല്പ. 3**
**6. സർവ്വമനുഷ്യർക്കും വന്ന ന്യായവിധി ഉല്പ. 4-10**
**7. ബാബേൽ ഗോപുരത്തിന്റെ നിർമ്മിതി ഉല്പ. 11**
**8.ഇസ്രയേൽ രാഷ്ട്രത്തിനുവേണ്ടിയുള്ള വിളി ഉല്പ. 12**
**9. യേശുക്രിസ്തുവിന്റെ ഒന്നാം വരവ്. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ**
**10. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ**
**11. സഭയെ വിളിച്ചുവേർതിരിക്കുന്നു. അപ്പോ. പ്രവർത്തികൾ**
**11. സഭയുടെ ഉത്പ്രാപണം 1 തെസ്സ. 4:13-18; 1 കൊരി. 15:50-58**
**10. അന്തിക്രിസ്തുവിന്റെ പ്രവർത്തനം 2 തെസ്സ. 2:1-12; വെളി 6-16**
**9. യേശുക്രിസ്തുവിന്റെ പുനരാഗമനം വെളി. 19:11-19**
**8.ഇസ്രയേലിനെ വീണ്ടും കൂട്ടിച്ചേർക്കുന്നു. മത്താ. 24:29-31**
**7. ബാബിലോണ്യ സഖ്യത്തിന്റെ സർവ്വനാശം. വെളി. 17,18**
**6. എല്ലാ മനുഷ്യർക്കുമുള്ള ന്യായവിധി. മത്താ. 25:31-46**
**5. സാത്താൻ ക്രിസ്തുവിനു കീഴ്പ്പെടുന്നു. വെളി. 20:1-3**
**4.ഒടുക്കത്തെ ആദാമിന്റെ സർവ്വാധിപത്യം വെളി 20:4**
**3.ഭൂമിയെ നവീകരിച്ച് മനുഷ്യവാസത്തിനൊരുക്കുന്നു. യെശ. 60-66**
**2. സാത്താന്റെ അന്തിമ മത്സരം. വെളി. 20:7-10**
**1. പുതിയ ആകാശവും, പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുന്നു. വെളി. 21, 22**

ഭാഗം 4

# കാലഗണനാനുസൃതമായ ഒരു അവലോകനം

ബൈബിൾ വിദ്യാർത്ഥികൾ ഈ അനുക്രമത്തെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ തീയതികളും ചരിത്രസംഭവങ്ങളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ഈ അദ്ധ്യായത്തിൽ മൂന്നു പ്രത്യേക കാലഗണനങ്ങളാണ് കൊടുത്തിരിക്കുന്നത്. ഒന്നാമത്തേതിൽ ബൈബിളിലെ പ്രധാനപ്പെട്ട പത്തുസംഭവങ്ങളുടെ സംക്ഷിപ്തവും അവയുടെ തീയതികളുമാണ്. രണ്ടാമത്തേതിൽ പഴയനിയമത്തിലെ പ്രധാന സംഭവങ്ങളും അവയെ പ്രസ്താവിച്ചിരിക്കുന്ന പുസ്തകങ്ങളുമാണ്. മൂന്നാമത്തേതിൽ പുതിയ നിയമപുസ്തകങ്ങളാണ്.

ക്രിസ്തുവിനു മുമ്പുള്ള കാലത്തെ കാണിക്കുവാൻ ബി.സി. എന്നും ക്രിസ്തുവിനുശേഷമുള്ള കാലങ്ങളെ കാണിക്കുവാൻ ഏ.ഡി. എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏ.ഡി. എന്നത് ലാറ്റിൻ വാക്കായ Anno Domini-യുടെ ചുരുക്കെഴുത്താണ്. “നമ്മുടെ കർത്താവിന്റെ വർഷത്തിൽ” എന്നാണ് അതിന്റെ അർത്ഥം.

ദൈവവചനത്തിന്റെ അക്ഷരീക വ്യാഖ്യാനത്തെ അടിസ്ഥാനമാക്കിയാണ് ഈ കാലഗണനം നടത്തിയിരുന്നത്. പലരും ദൈവ വചനത്തിന്റെ പഠനത്തിൽ വ്യത്യസ്തമായ തീയതികളെ ആണ് അവലംബിച്ചത്.

## A. പ്രധാന സംഭവങ്ങളും അവയുടെ തീയതികളും:

### 1. ആദാമിന്റെ വീഴ്ച (3898 ബി.സി).

തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തലമുറകളുടെ തുടർച്ചയെ അടിസ്ഥാനമാക്കിയുള്ള അക്ഷരീക വ്യാഖ്യാനമാണ് ആദാമിന്റെ വീഴ്ച ബി.സി. 3898-ൽ ആയിരുന്നു എന്ന തീയതി നിശ്ചയിച്ചത്. കാലക്കണക്കുകളെ മനസ്സിലാക്കുവാൻ ആദാം മുതൽ മുമ്പോട്ടും 1 രാജാ. 6:1-ലെ ശലോമോന്റെ വാഴ്ചയുടെ നാലാം ആണ്ടുമുതൽ പുറകോട്ടും നോക്കേണ്ടതാണ്. പ്രധാന സംഭവങ്ങൾക്കു തിരുവെഴുത്തിൽ നല്കിയിരിക്കുന്ന തീയതികളെ ലോകചരിത്രത്തിന്റെ തീയതികളുമായി താരതമ്യം ചെയ്യുമ്പോൾ നമുക്കു നിജാവസ്ഥ ഗ്രഹിക്കാവുന്നതാണ്.

### 2. നോഹയുടെ ജലപ്രളയം (2242 ബി.സി).

ഉല്പത്തി 5-ൽ പറഞ്ഞിരിക്കുന്ന തലമുറകളുടെ കണക്കിൻ പ്രകാരം ആദാമിന്റെ വീഴ്ചമുതൽ നോഹയുടെ പ്രളയംവരെ 1,656 വർഷത്തിന്റെ ഇടവേള കാണുന്നു. ഇതിൻപ്രകാരം കണക്കാക്കുമ്പോഴാണ് പ്രളയകാലതീയതി ബി. സി. 2242 എന്ന മനസ്സിലാക്കുന്നത്.

### 3. അബ്രഹാമിനോടുള്ള വാഗ്ദത്തം (1875 ബി.സി).

ഉല്പത്തി 11:10-26 വരെ പറഞ്ഞിരിക്കുന്ന തലമുറകളുടെ ലിസ്റ്റിൻപ്രകാരം അബ്രഹാം ജലപ്രളയത്തിനുശേഷം 292 വർഷം കഴിഞ്ഞാണ് ജനിക്കുന്നത്. മറ്റൊരു പ്രകാരത്തിൽ ആദാമിനുശേഷം 1948 വർഷം കഴിഞ്ഞായിരുന്നു ഇതു ചൂണ്ടിക്കാട്ടുന്നത്. അബ്രഹാം ജനിച്ചത് 1950 ബി.സി.യിൽ ആയിരുന്നു എന്നത്രേ ഉല്പ. 12:4-ൽ അബ്രഹാമിനു വാഗ്ദത്തം ലഭിക്കുമ്പോൾ 75 വയസ്സായിരുന്നു എന്നു കാണുന്നു. അങ്ങനെയെങ്കിൽ ദൈവം അബ്രഹാമിനോട് ഉടമ്പടി (വാഗ്ദത്തം) ചെയ്തത് 1875 ബി. സി. യിൽ ആയിരുന്നു.

## 4. ഇസ്രയേൽ മക്കളുടെ പുറപ്പാട് (1445 ബി. സി.).

ഉല്പത്തി 12-50 വരെയുള്ള ഭാഗത്താണ് അബ്രഹാമിന്റെ വംശത്തെ (സന്തതി പരമ്പര)കളെക്കുറിച്ചുള്ള വിവരണം നല്കിയിരിക്കുന്നത്. അബ്രഹാമിന്റെ കൊച്ചുമകനായ യാക്കോബിന്റെ മക്കൾ മിസ്രയീമിൽ അടിമകളായി കഴിയേണ്ടിവന്നു (പുറ. 1). ദൈവം മോശെ മുഖാന്തിരം അവരെ വിടുവിച്ചു. അപ്പോസ്തലനായ പൗലൂസിന്റെ എഴുത്തുകളിൻ പ്രകാരം അബ്രഹാമിനു വാഗ്ദത്തം ലഭിച്ചതുമുതൽ ന്യായപ്രമാണം കൊടുത്തതുവരെയുള്ള കാലം 430 വർഷമാണ് (ഗലാ. 3:17). ഇതിൻ പ്രകാരം പുറപ്പാടിന്റെ കാലം 1445 ബി. സി. അഥവാ ആദാമിനുശേഷം 2,378 വർഷം കഴിഞ്ഞ് എന്നു മനസ്സിലാക്കാം.

## 5. ശലോമോന്റെ വാഴ്ചയുടെ നാലാമത്തെ വർഷം (965 ബി.സി.).

ഇസ്രയേലിലെ മൂന്നാമത്തെ രാജാവായിരുന്ന ശലോമോൻ (ശൗൽ, ദാവീദ്, ശോലോമോൻ) 1 രാജാ. 6:1-ൽ പ്രകാരം പുറപ്പാടുമുതൽ ശലോമോന്റെ വാഴ്ചയുടെ നാലാം ആണ്ടുവരെ 480 വർഷമാണ്. ആ വർഷമായിരുന്നു അവൻ ദേവാലയം പണിയാൻ ആരംഭിച്ചത്. ഈ തീയതി അനുസരിച്ച് അത് ബി. സി. 965 അഥവാ ആദാമിനു ശേഷം 2,858 വർഷം എന്നു മനസ്സിലാക്കാം.

മറ്റു ചരിത്രരേഖകളിൽനിന്നും ഈ പ്രധാനപ്പെട്ട ശാലോമോന്റെ വാഴ്ചയുടെ നാലാം വർഷം നമുക്കു ലഭ്യമാണ്. അങ്ങനെ കൃത്യമായ ഒരു തീയതിയിൽനിന്നു പുറകോട്ടുപോയി ഇസ്രയേൽ മക്കളുടെ പുറപ്പാടിന്റെയും, അബ്രഹാമ്യ ഉടമ്പടിയുടെയും, ജലപ്രളയം, ആദാമിന്റെ കാലം എന്നവയുടെ യഥാർത്ഥ കാലഘട്ടത്തിന്റെ തീയതി നിശ്ചയിക്കുവാൻ നമുക്കു കഴിയുന്നു. കഴിഞ്ഞ നൂറുവർഷങ്ങളിലെ പുരാതന ഗവേഷണങ്ങളുടെ വെളിച്ചത്തിൽ ചരിത്രത്തിന്റെ ബി. സി. തീയതികൾ ഗണിക്കുവാൻ മനുഷ്യനു സാധിച്ചിട്ടുണ്ട്. ഇതു ബൈബിൾ തീയതികൾക്കും പ്രയോജനീഭവിച്ചിട്ടുണ്ട്.

## 6. ശലോമോന്റെ മരണശേഷം ഇസ്രയേൽ രാഷ്ട്രം രണ്ടായി വിഭജിക്കപ്പെട്ടു.

ഒന്നിന് 'വടക്കേ രാജ്യം' അഥവാ ഇസ്രയേൽ എന്നും മറ്റേതിന് 'തെക്കേരാജ്യം' അഥവാ യഹൂദാ എന്നും പേരായി. വടക്കേ രാജ്യം ബി. സി. 721-ൽ അശൂരിലേക്കു പ്രവാസികളായി പോകയും പിന്നീടൊരിക്കലും അവരുടെ രാജ്യം സ്ഥാപിക്കാൻ കഴിയാതെ പോകയും ചെയ്തു.

## 7. തെക്കേരാജ്യത്തിന്റെ വീഴ്ച (586 ബി.സി).

തെക്കേ രാജ്യമായ യഹൂദയും 586 ബി. സി.യിൽ ബാബിലോണ്യ അടിമത്തത്തിലേക്കു പോയി, എങ്കിലും 70 വർഷങ്ങൾ കഴിഞ്ഞപ്പോൾ തങ്ങളുടെ സ്വന്ത രാജ്യത്തിലേക്കു മടങ്ങിവരുവാൻ അവക്ക് അനുവാദം കിട്ടി. ഇത് 576 ബി. സി. യിൽ ആയിരുന്നു.

## 8. യേശുക്രിസ്തുവിന്റെ ജനനം (ബി.സി 1).

യേശു ജനിച്ച് ആറാം നൂറ്റാണ്ടുവരെ B.C., A.D. എന്ന രീതി കാലഗണനത്തിൽ വന്നിരുന്നില്ല. ക്രിസ്തീയ സഭയുടെ രൂപീകരണത്തിനുശേഷം ചരിത്ര സംഭവങ്ങളെ യേശുക്രിസ്തുവിനോടു ചേർത്തു മനസ്സിലാക്കേണ്ടതിന് സഭയാണ് ഈ തീയതി അവലംബിച്ചത്. യേശുക്രിസ്തുവിന്റെ ജനനസമയത്ത് രാജ്യഭരണം നടത്തിയിരുന്ന അതിശക്തനായ ഹേരോദാ രാജാവിന്റെ കാലഘട്ടത്തെക്കുറിച്ചുണ്ടായിരുന്ന തെറ്റായ അഭിപ്രായം മാറ്റി എടുക്കുന്നതിനുള്ള അന്വേഷണമാണ് ഇതിന്റെ അടിസ്ഥാനം (ലൂക്കോ. 1:5). കൃത്യമായ പരിശോധനയിൽ കണ്ടെത്തിയ ഒന്നോ രണ്ടോ വർഷത്തിന്റെ വ്യത്യാസം മാറ്റിയെടുക്കണമെങ്കിൽ അതുവരെയുള്ള തീയതികൾ എല്ലാംതന്നെ മാറ്റിമറിക്കേണ്ടിയിരുന്നു. ജനമനസ്സിൽ പതിഞ്ഞുപോയ ഈ സ്ഥാപിത രീതിയെ അപ്പാടെ മാറ്റുക എന്നതും എളുപ്പമായിരുന്നില്ല; ഒടുവിൽ യേശുക്രിസ്തുവിന്റെ ജനനം ബി. സി. 1-ലോ 2-ലോ ആയിരുന്നു എന്നു തീരുമാനിക്കുകയായിരുന്നു.

ജനുവരി 1-നെ വർഷാരംഭമായി കരുതുന്ന ജൂലിയൻ കലണ്ടറും സെപ്റ്റംബറിൽ വർഷാരംഭം തുടങ്ങുന്ന യഹൂദ കലണ്ടറും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. അതുകൊണ്ടാണ് 1-2 ബി. സി. അല്ലെങ്കിൽ 966-965 ബി.സി. എന്നു കണക്കു വന്നത്.

### 9. യേശുക്രിസ്തുവിന്റെ മരണം, കബറടക്കം, ഉയിർത്തെഴുന്നേല്പ് (A.D. 32-33).

ബഹുഭൂരിപക്ഷം പണ്ഡിതന്മാരും യേശുക്രിസ്തുവിന്റെ മരണം, കബറടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയുടെ തീയതി A.D. 32-33 എന്നു സമ്മതിച്ചിരിക്കുന്നു.

### 10. ബൈബിളിലെ അവസാന ഗ്രന്ഥം (A.D. 96).

വെളിപ്പാടു പുസ്തകത്തിന്റെ കാലം അപ്പൊസ്തലനായ യോഹന്നാൻ പത്മോസ് ദ്വീപിൽ ആയിരുന്ന കാലത്താണ് (വെളി. 1:9), അന്നത്തെ റോമൻ ഭരണാധികാരി ഡോമിഷ്യൻ ആയിരുന്നു. ഇതോടെ വേദപുസ്തകം പൂർത്തിയാക്കപ്പെട്ടു (വെളി. 22:18,19).

## B. പഴയ നിയമത്തിന്റെ കാലഗണനം.

1. **ആദാം മുതൽ ജലപ്രളയംവരെ (3898 - 2242 B.C.)** ഉല്പ. 1-5.
2. **ജലപ്രളയം മുതൽ അബ്രഹാമ്യ ഉടമ്പടിവരെ (2242-1875)** ഉല്പ. 6-12.
3. **അബ്രഹാമ്യ ഉടമ്പടി മുതൽ പുറപ്പാടുവരെ (1875 - 1445 ബി. സി.)** ഉല്പ. 12-50; ഇയ്യോബിന്റെ പുസ്തകം.
4. **പുറപ്പാടു മുതൽ ശലോമോന്റെ വാഴ്ചയുടെ നാലാം ആണ്ടുവരെ (1445 - 965 B.C.).**
   - a. പുറപ്പാട്
   - b. ലേവ്യാ
   - c. സംഖ്യാ
   - d. ആവർത്തനം
   - e. യോശുവാ
   - f. ന്യായാധിപന്മാർ
   - g. രൂത്ത്
   - h. 1 ശമുവേൽ
   - i. 2 ശമുവേൽ
   - j. 1 രാജാക്കന്മാർ 1-5
   - k. സങ്കീർത്തനങ്ങൾ
   - l. 1 ദിനവൃത്താന്തങ്ങൾ
5. **ശലോമോന്റെ 4-ാം ആണ്ടുമുതൽ യഹൂദാ രാജ്യത്തിന്റെ വീഴ്ചവരെ (965 - 586 B. C.).**
   - a. 1 രാജാ. 6-22
   - b. 2 രാജാക്കന്മാർ
   - c. 2 ദിനവൃത്താന്തങ്ങൾ
   - d. സദൃശവാക്യങ്ങൾ
   - e. സഭാപ്രസംഗി
   - f. ഉത്തമഗീതം
   - g. ഒബേദ്യാവ്
   - h. യോവേൽ
   - i. യോനാ
   - j. ആമോസ്
   - k. ഹോശയാ
   - l. മീഖാ
   - m. യെശയ്യാവ്
   - n. നഹൂം
   - o. സെഫന്യാവ്
   - p. ഹബക്കൂക്
6. **ബാബിലോണ്യ പ്രവാസകാലം (586 - 516 B.C.).**
   - a. യിരമ്യാവ്
   - b. വിലാപങ്ങൾ
   - c. യെഹസ്കിയേൽ
   - d. ദാനിയേൽ
7. **ബാബിലോന്യ പ്രവാസം കഴിഞ്ഞ് പഴയനിയമത്തിന്റെ അവസാനംവരെ (B.C. 576 - 400).**
   - a. എസ്രാ
   - b. നെഹമ്യാവ്
   - c. സെഖര്യാവ്
   - d. ഹഗ്ഗായി
   - e. മാലാഖി

## C. പുതിയനിയമത്തിന്റെ കാലഗണനം:

പരിശുദ്ധാത്മ നിയോഗം പ്രാപിച്ച എഴുത്തുകാരാൽ വിരചിതമായ പുതിയ നിയമ പുസ്തകങ്ങളുടെ ലിസ്റ്റാണ് താഴെ കൊടുത്തിരിക്കുന്നത്.

1. **യേശുക്രിസ്തുവിന്റെ ജീവചരിത്രവും ആദ്യകാലസഭയും (A.D. 55 - 85).**
   - a. മത്തായി
   - b. ലൂക്കോസ്
   - C. മർക്കോസ്
   - d. യോഹന്നാൻ
   - e. അപ്പൊ. പ്രവർത്തികൾ

**2. സഭയ്ക്കുള്ള ലേഖനങ്ങൾ (A.D. 46-85).**

a. യാക്കോബ്
b. ഗലാത്യർ
c. 1 തെസ്സലോനക്യർ
d. 2 തെസ്സലോനക്യർ
e. 1 കൊരന്ത്യർ
f. 2 കൊരന്ത്യർ
g. റോമർ
h. ഫിലേമോൻ
i. എഫേസ്യർ
j. കൊലോസ്സ്യർ
k. ഫിലിപ്പീയർ
l. തിമോഥിയോസ്
m. തീത്തൂസ്
n. 2 തിമോഥിയോസ്
o. എബ്രായർ
p. 1 പത്രോസ്
q. 2 പത്രോസ്
r. യൂദാ
s. 1 യോഹന്നാൻ
t. 2 യോഹന്നാൻ
u. 3 യോഹന്നാൻ

**3. പ്രവചനം (A.D. 96)**

a. വെളിപ്പാട്.

## ഭാഗം 5.

# ബൈബിൾ പഠിക്കുവാനുള്ള ഒരുക്കം.

കഴിഞ്ഞ രണ്ടു ഭാഗങ്ങളിൽ ചരിത്രപരമായ പ്രധാന സംഭവങ്ങളും (ഭാഗം 3) അവയുടെ തീയതികളുമാണ് (ഭാഗം 4) നാം കണ്ടത്. മറ്റൊരു പ്രകാരത്തിൽ ബൈബിൾ സംഭവങ്ങളെ കുറിച്ച് ആരെങ്കിലും ഉയർത്തുന്ന ചോദ്യങ്ങൾക്കു മറുപടി നല്കുവാനുള്ള അടിസ്ഥാനമാണ് നാം ഇട്ടത്. ഉദാഹരണത്തിന് "**എപ്പോൾ**" എന്ന ചോദ്യത്തിന് ഉത്തരമാണ് കഴിഞ്ഞ പാഠത്തിൽ നമുക്കു ലഭിച്ചത്. ഇതുപോലെ ***"തിരുവെഴുത്തുകളെ ശരിയായി വിഭജിക്കുന്നതിനു"*** (2 തിമൊ. 2:15) പല ചോദ്യങ്ങൾ ചോദിക്കേണ്ടിവരും. എല്ലാ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും നിവാരണം വരുത്തുവാൻ ദൈവത്തിനുമാത്രമേ കഴികയുള്ളു. അതിനായിട്ടാണ് അവൻ നമ്മെ ക്ഷണിക്കുന്നതും  (മത്താ. 7:7,8).

പഠന സൗകര്യത്തിനായി ഓരോ വാക്യത്തോടും ചോദിക്കാവുന്ന ലളിതമായ ചോദ്യങ്ങൾ: **ആര്? എന്ത്? എപ്പോൾ? എവിടെ? എന്തിന്? എങ്ങനെ?** എന്നിവയാണ്. ജീവിതത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ രണ്ടു ചോദ്യങ്ങളെ മനസ്സിൽവച്ചുകൊണ്ടായിരിക്കണം ഓരോന്നിന്റെയും ഉത്തരം കാണേണ്ടത്. യേശുക്രിസ്തുവുമായുള്ള വ്യക്തിപരവും കൂടുതൽ അടപ്പവുമുള്ള ഒരു ജീവിതത്തിനു ഇതു സഹായകമാണോ? (ഫിലി. 3:10) അങ്ങനെയെങ്കിൽ എങ്ങനെയാണ് ഞാൻ ജീവിക്കേണ്ടത്? (യോഹന്നാൻ 7:17).

### A  ഓരോ വാക്യത്തോടും ചോദിക്കാനുള്ള ആറു അടിസ്ഥാന ചോദ്യങ്ങൾ:

#### 1. "ആര്?"

ആര് ആരോടാണ് സംസാരിക്കുന്നതെന്നറിയാനാണ് ഈ ചോദ്യം സഹായിക്കുന്നത്. ഉദാ: ഉല്പ. 22:2-ഇവിടെ ദൈവം നേരിട്ട് അബ്രഹാമിനോടാണ് നിന്റെ ഏകജാതനായ മകനെ ബലികഴിക്കണമെന്ന് ആവശ്യപ്പെടുന്നത്. ഇതു വായനക്കാർ ചെയ്യേണ്ട കാര്യമല്ല എന്നു വ്യക്തം.

#### 2 "എന്ത്?"

പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ നിജസ്ഥിതിയെ ഇതു വെളിപ്പെടുത്തുന്നു. വെളി. 5-ൽ യേശുക്രിസ്തുവിനെ "കുഞ്ഞാട്" എന്നു പറഞ്ഞിരിക്കുന്നു. എന്താണിതിന്റെ അർത്ഥം, യേശു ആകെ രോമാവൃതമായ ഒരു നാല്ക്കാലി മൃഗം എന്നാണോ? ഒരിക്കലുമല്ല, പിന്നെയോ യഥാർത്ഥത്തിൽ മനുഷ്യവർഗ്ഗത്തിനുവേണ്ടി യേശു നിർവ്വഹിച്ച ബലിയെ ചൂണ്ടിക്കാട്ടുക മാത്രമായിരുന്നു (യോഹ. 1:29).

#### 3. "എപ്പോൾ?"

ഒരു സംഭവം നടന്ന കാലഘട്ടത്തെയാണ് ഇതു വെളിവാക്കുന്നത്. ഉദാഹരണമായി മോശൈക ന്യായപ്രമാണം നിലവിൽ വരന്നതിനുമുമ്പുള്ള വിവാഹജീവിതത്തെക്കുറിച്ച് അറിവില്ലാത്ത ഒരാൾ അബ്രഹാം സഹോദരിയെ വിവാഹം കഴിച്ചതു വായിയ്ക്കുമ്പോൾ അതു അസന്മാർഗ്ഗിക നടപടിയായേ മനസ്സിലാക്കുകയുള്ളു. ആ കാലത്ത് രക്തബന്ധത്തിലുള്ള വിവാഹം പാപമായി കരുതിയിരുന്നില്ല (റോമ. 4:15). ഇതുമായി മനസ്സിലാക്കുന്നത് "എപ്പോൾ" എന്ന ചോദ്യത്തിന്റെ കൂടെയാണ്.

#### 4 "എവിടെ?"

പ്രത്യേക ഭാഗം വെളിപ്പെടുത്തുന്ന ഭൂമിശാസ്ത്രപരവും, സംസ്കാരപരവുമായ സ്ഥിതികളെ മനസ്സിലാക്കുവാനാണ് "എവിടെ?" എന്നു ചോദിക്കുന്നത്. സർവ്വ സാധാരണമായി ബൈബിളിൽ വായിക്കുന്ന ഒരു പ്രയോഗമാണ്

“യരുശലേമിലേക്ക്” എന്നത്. പല സംസ്കാരങ്ങളിലും ‘ലേക്ക്’ എന്ന ശൈലി പ്രയോഗിച്ചിരിക്കുന്നത്. “വടക്കോട്ടുള്ള യാത്രയെ”ന്ന അർത്ഥത്തിലാണ്. ബൈബിളിൽ ആരോഹണത്തെ ചൂണ്ടിക്കാട്ടുകയല്ലാതെ നിർദ്ദേശത്തെ അതു അർത്ഥമാക്കുന്നില്ല. ഗലീലയിൽനിന്ന് യറുശലേമിലേക്കു പോയ യേശു വാസ്തവത്തിൽ തെക്കോട്ടാണ് യാത്ര ചെയ്തത് എന്നാൽ അതു ആരോഹണമായിരുന്നു.

### 5 “എന്തിന്?”

ഇതിനു ഉത്തരം കണ്ടുപിടിക്കുക വിഷമമേറിയ കാര്യംതന്നെയാണ്. മറ്റു ഭാഗങ്ങളെക്കൂടി പഠിച്ചിട്ടുവേണം ഉത്തരം സ്ഥാപിക്കുവാൻ. യെശ. 7:14-ൽ **“കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മനുവേൽ എന്നു പേർവിളിക്കും.**” എന്നു വായിക്കുന്നു. എന്തിന് ഒരു കന്യക? എന്നു ചോദിച്ചാൽ അതായിരുന്നു ദൈവോദ്ദേശം എന്നു പറയാൻ സാധിക്കും. പക്ഷേ അതു സ്പഷ്ടമല്ല. ശരിയായ ഉത്തരത്തിനായിട്ടുള്ള അന്വേഷണം നമ്മെ കൊണ്ടെത്തിക്കുന്നത് മനുഷ്യവർഗ്ഗത്തിന്മേൽ ആകമാനം വ്യാപിച്ച ആദാമ്യപാപത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന റോമർ 5-ാം അദ്ധ്യായത്തിലാണ്.

ആദാം എന്ന ഏകമനുഷ്യനാൽ മാനവകുടുംബത്തിലെ ഓരോ വ്യക്തിയും പാപപ്രകൃതം അവകാശമാക്കി. യേശുക്രിസ്തുവിന് ഒരു ഭൗമിക പിതാവാണുണ്ടായിരുന്നതെങ്കിൽ അവനും പാപ പ്രകൃതത്തിൽതന്നെ ജനിക്കുമായിരുന്നു. അങ്ങനെയെങ്കിൽ യേശു പാപവിമോചകൻ ആകയില്ലായിരുന്നു. ‘എന്തിന്?’ എന്ന ചോദ്യത്തിന്റെ പ്രസക്തി ഇവിടെയാണു നാം കാണുന്നത്.

### 6. “എങ്ങനെ?”

ഇതും വിഷമതയേറിയ ഒരു ചോദ്യമാണ്. “യേശു എങ്ങനെയാണ് വെള്ളത്തിൻമേൽ നടക്കുന്നത്?” അവൻ പരിശുദ്ധാത്മാവിൽ ആശ്രയിച്ചതിനാലായിരുന്നു എന്നു നമുക്കു പറയാം (ലൂക്കോ. 4:18). ഇതുപോലെതന്നെ മനുഷ്യനു തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം കൊടുത്ത ദൈവം എപ്രകാരമാണ് ചരിത്രത്തെ നിയന്ത്രിക്കുന്നത്? എന്ന മറ്റൊരു ചോദ്യവും ചോദിക്കാവുന്നതാണ്. ഇതിനുള്ള ഉത്തരം പിന്നാലെ നമുക്കു വിശദമായി പഠിക്കാം.

## B. വ്യക്തിപരമായ രണ്ടു പ്രധാന ചോദ്യങ്ങൾ:

### 1. നമ്മുടെ കർത്താവായ യേശുക്രിസ്തുവുമായി വ്യക്തിപരവും കൂടുതൽ അടുപ്പവുമുള്ള ഒരു ബന്ധം വളർത്തിയെടുക്കാൻ ഇതെങ്ങനെ സഹായിക്കും?

ഇത് അതിപ്രധാന്യമുള്ള ഒരു ചോദ്യമായി നമുക്കു ചോദിക്കാവുന്നതാണ്. തിരുവെഴുത്തുകളുടെ പഠനത്തിൽ കൂടെ നമുക്കു ലഭിച്ച അറിവുകളും വിശ്വാസവുമായി യോജിച്ചാണ് ഈ ബന്ധം വളരുന്നത് (എബ്രാ. 11:6). തെറ്റിക്കൂടാത്തതും ആശ്രയിക്കാൻ മതിയായതുമായി ദൈവ വചനത്തെ കരുതുമ്പോഴാണ് മനുഷ്യബുദ്ധിക്കതീതമായ ദൈവസ്നേഹത്തിൽ അടിസ്ഥാനമായ ക്രിസ്തുവുമായുള്ള ബന്ധം പൂർണ്ണമാക്കപ്പെടുന്നത്. എഫേസ്യലേഖനത്തിൽ അപ്പോസ്തലനായ പൗലൂസ് ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട് (3:14-19):

> *“അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു. അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടു കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.”*

ദൈവത്തോടു നമുക്കുള്ള സ്നേഹത്തിൽ വളരാനല്ലാതെ കേവലം ബുദ്ധിപരമായ ഉദാഹരണത്തോടെ നടത്തുന്ന വചനപഠനം നമ്മെ ഡംഭികളാക്കി തീർക്കുകയേ ഉള്ളു (മർക്കൊ. 12:29-31; 1 കൊരി. 8:1). ഈ ഭൂമിയിൽ മറ്റാരെയുംകാൾ വേദശാസ്ത്രം അറിയാമായിരുന്ന അപ്പൊസ്തലനായ പൗലൂസ് (2 കൊര. 12:1-4) തന്റെ അമിതമായ ആഗ്രഹത്തെ വെളിപ്പെടുത്തിയിരിക്കുന്നതു വായിക്കുക. ***“അവനെ അറിയുകയും”*** (ഫിലി. 3:10) പരീശനായ പൗലൂസ് ബൗദ്ധിക പാതയിൽ മുന്നേറുകയായിരുന്നു; എന്നാൽ ക്രിസ്ത്യാനിയായ ശേഷം തന്റെ ലക്ഷ്യം ക്രിസ്തുവിൻകൂടെ ജീവിക്കുന്ന ദൈവവുമായുള്ള ബന്ധം വളർത്തിയെടുതക്കുക എന്നതായിരുന്നു.

ദൈവത്തിന്റെ വാഗ്ദത്തങ്ങളെ മനസ്സിലാക്കുകയും അതിൽ ആശ്രയിക്കുകയും ചെയ്യുമ്പോഴാണ് ***“കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുന്നത്”*** (2 പത്രൊ. 3:18).

## 2. അപ്പോൾ എങ്ങനെയാണ് നാം ജീവിക്കുക?

പഠിക്കുന്ന വാക്യങ്ങളെ മനസ്സിലാക്കിയാൽ അതു എങ്ങനെ അനുദിന ജീവിതത്തിൽ പകർത്താൻ കഴിയുമെന്ന തായിരിക്കണം അടുത്ത അന്വേഷണം. എബ്രാ. 12:1-3 വരെയുള്ള ഭാഗത്ത് മനോഹരമായ ഒരു ഉദാഹരണം കാണാം. ഒന്നും രണ്ടും വാക്യങ്ങൾ നോക്കുക:

> *"ആകയാൽ നാമും സാക്ഷികളുടെ ഇത്രവലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക, വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവ സിംഹാസനത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കയും ചെയ്തു."*

എബ്രായ ലേഖനക്കാരൻ മേൽ ഉദ്ധരിച്ച വാക്യങ്ങളിൽകൂടെ ചൂണ്ടിക്കാട്ടുന്നത് ഒരു ഓട്ടക്കാരന്റെ അവസ്ഥയാണ്. ഓട്ടക്കളത്തിൽ കാഴ്ചക്കാരായി നില്ക്കുന്നവരാണ് 11-ാം അദ്ധ്യായത്തിലെ വിശ്വാസവീരന്മാരാകുന്ന സാക്ഷിക ളുടെ സമൂഹം ഓട്ടം നിർണ്ണയിക്കുന്നത് അതിന്റെ വേഗതയും ദൂരത്തെയും അടിസ്ഥാനമാക്കിയാണ്, ഓടി ജയി ക്കുന്നവൻ ആദരവു പ്രാപിക്കുന്നു. എന്നാൽ ഈ ലക്ഷ്യത്തിൽ എത്തണമെങ്കിൽ ഓട്ടക്കാരൻ അവന്റെ വേഗ തയ്ക്കു തടസ്സമായിരിക്കുന്ന എല്ലാ ഭാരങ്ങളും പ്രയാസങ്ങളും അകറ്റേണ്ടതും മനസ്സും ശരീരവും സംപൂർണ്ണ മായും ഫിനിഷിംഗ് പോയിന്റിലേക്കു കേന്ദ്രീകരിക്കേണ്ടതാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം നല്ല ഓട്ടംഓടി വിജയം പ്രാപിക്കുകയും ഇപ്പോൾ തന്റെ ഓട്ടത്തിന് ആവേശം പകർന്നുകൊണ്ട് കാത്തുനില്ക്കുന്നവ നുമായ യേശുക്രിസ്തുവാണ് ലക്ഷ്യം. നേടുവാൻ പോകുന്ന റിക്കാർഡുകളും പ്രതിഫലങ്ങളും, സ്ഥാനമാനങ്ങളും ഓർത്തു സന്തോഷിക്കുമ്പോൾ ഓട്ടത്തിനിടയിൽ വരാവുന്ന പ്രയാസങ്ങളും വേദനകളും ഓട്ടക്കാരൻ മറക്കുന്ന തിനാലാണ് വിജയി ആകുന്നത്.

മൂന്നാം വാക്യത്തിൽ ലേഖനകർത്താവ് നമുക്കായി ഒരു പ്രചോദനം ഉൾക്കൊള്ളിച്ചിരിക്കുന്നു.

> *"നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ."*

യേശുക്രിസ്തുവിനെ പ്രതി പരിശോധനകളും, പ്രതികൂലങ്ങളും, വേദനകളും, ദുഃഖങ്ങളും, നിന്ദകളും അപമാന ങ്ങളും സഹിക്കുമ്പോൾ നമുക്കായി ഇവയെല്ലാം മുൻകൂട്ടി സഹിച്ചവനായ യേശുവിനെ ധ്യാനിച്ച് അവനാൽ ഉത്തേജനം പ്രാപിച്ചുകൊള്ളണം. ***"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്"*** (എബ്രാ. 4:15).

## C എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കാത്തപ്പോൾ എന്തു ചെയ്യും?

ചോദ്യങ്ങളും ഉത്തരങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്. എന്നിരുന്നാലും ജീവിതത്തിലെ സകല ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചെന്നു വരികില്ല എന്നുള്ള യാഥാർത്ഥ്യം നാം എപ്പോഴും മനസ്സിലാക്കിയിരിക്കണം. ക്രിസ്തീയ ജീവിതം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ് (എഫേ. 2:8,9; കൊലോ. 2:6). എന്നാൽ ഒരിക്കൽ നമുക്ക് ഉത്തരം ലഭിക്കുന്നതായിരിക്കും (1 കൊരിന്ത്യർ 13:12). തിരുവെഴുത്ത് ഇപ്പോൾ നമ്മൾ അറിഞ്ഞിരിക്കേണ്ട സകലവിധ സത്യങ്ങളെയും പൂർണ്ണമായി വെളിപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം 2

# പഴയനിയമ സർവ്വേ

# മുഖവുര

പഴയ പുതിയ നിയമങ്ങളുടെ ലഘുസർവ്വേയാണിത്. വായനക്കാരന് പുസ്തകത്തിന്റെ ഗ്രന്ഥകർത്താവിനെയും, എഴുതിയ കാലത്തെയും, വിഷയം, ജനങ്ങൾ എന്നിവ എളുപ്പത്തിൽ മനസ്സിലാകണം എന്നതാണ് ലക്ഷ്യം. ഓരോ പുസ്തകവും അതിന്റെ ബാഹ്യരേഖയെ എടുത്തു കാട്ടുമ്പോൾതന്നെ പൊതു വിഷയമാകുന്ന യേശുക്രിസ്തുവിനെ വായനക്കാരന്റെ മുമ്പിൽ വച്ചുകാട്ടുക എന്ന പ്രധാന ധർമ്മമാണ് നിറവേറ്റിയിരിക്കുന്നത്.

ഓരോ പുസ്തകത്തിന്റെയും പ്രത്യേക സർവ്വേ വേദവിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം അതിപ്രാധാന്യമർഹിക്കുന്നതാണ്; വിഷയങ്ങളും ഗ്രഹിക്കുവാൻ ഇതു സഹായകമാണ്. എത്രയും കൂടുതൽ സമയം പഠിക്കുന്നുവോ അത്രയും കൂടുതൽ ദൈവത്തെ മനസ്സിലാക്കുവാൻ നമുക്കു കഴിയുമെന്നതാണ് പരമാർത്ഥം. മുൻപോട്ടുള്ള പഠനത്തിൽ അതാണ് നാം ചെയ്യുവാൻ പോകുന്നത്. ഈ പാഠപദ്ധതിയുടെ ഒന്നാം ഭാഗം (അദ്ധ്യായം) ആകമാന ബൈബിളിലേക്കുള്ള ഒരു എത്തിനോട്ടമാണ്. ഓരോ പുസ്തകവും നമുക്കു കാട്ടിത്തരുന്ന വ്യത്യസ്ത കാര്യങ്ങൾ വ്യക്തമായും പൂർണ്ണമായും പഠിക്കുവാനുള്ള ആഗ്രഹത്തെ നമ്മിൾ ഉളവാക്കുകയും ചെയ്യുന്നു.

## പഴയ പുതിയ നിയമങ്ങളുടെ താരതമ്യപഠനം

ക്രിസ്തുവാണ് ബൈബിളിന്റെ പ്രത്യാശയും അടിവരയിടേണ്ടതുമായ മുഖ്യവിഷയവും തിരുവെഴുത്തിലെ സംപൂർണ്ണ വിഷയം താൻ തന്നെയെന്ന് പലപ്പോഴും ക്രിസ്തു വെളിപ്പെടുത്തിയിട്ടുണ്ട്:

1. മത്താ. 5:17-ൽ ***"ന്യായപ്രമാണത്തെയോ, പ്രവാചകന്മാരെയോ നീക്കുവാനായിട്ടു വന്നു എന്നു നിരൂപിക്കരുത്, നീക്കുവാനല്ല നിവൃത്തിപ്പാനായിട്രേ ഞാൻ വന്നത്."***
2. ശിഷ്യന്മാരുമായി എമ്മാവൂസിലേക്ക് യാത്ര ചെയ്യുമ്പോൾ, ***"മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് യേശു അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു"*** (ലൂക്കാ. 24:27).
3. അന്നു വൈകുന്നേരം വീണ്ടും... ***"മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതുകൊണ്ടും നിവൃത്തിയാകേണം എന്നുള്ളതുതന്നേ എന്നു പറഞ്ഞു തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനു അവരുടെ ബുദ്ധിയെ തുറന്നു. ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്ക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെറുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു"*** എന്നു പറഞ്ഞു (ലൂക്കോ. 24:44–47).
4. യോഹ. 5:39, 40-ൽ യഹൂദന്മാരുമായുള്ള സംഭാഷണമദ്ധ്യേ യേശു പറഞ്ഞു: ***"നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല." ജീവനുള്ള ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന്റെ അടിസ്ഥാന വിശ്വാസമാണ് (എഫേ. 2:8,9; കൊലോ. 2:6) എന്നിരുന്നാലും, നമുക്കു പ്രയോജനകരമായ എല്ലാ ചോദ്യങ്ങൾക്കും ദൈവം മറുപടി തരികയും ചെയ്യുന്നതാണ് (1 കൊരി. 13:12). ജീവിത മുന്നേറ്റത്തിന് ആവശ്യമായ എല്ലാം തിരുവെഴുത്തിൽ നമുക്കായി സ്വരൂപിച്ചിട്ടുണ്ട്. എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്ക് സാക്ഷ്യം പറയുന്നു; എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല.***

ഇതോടൊപ്പം വെളിപ്പാട് 19:10-ൽ ***“യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നെ എന്നും പറഞ്ഞിരിക്കുന്നു”,*** മറ്റൊരു പ്രകാരത്തിൽ പ്രവചനത്തിന്റെ പ്രകൃതവും ഉദ്ദേശവും തന്നെ നഷ്ടപ്പെട്ട (വീണുപോയ) മനുഷ്യന് യേശുക്രിസ്തുവിനെ വെളിവാക്കിക്കൊടുക്കുകയാണ്. അവനിൽക്കൂടെ മാത്രമേ മനുഷ്യന് സമൃദ്ധിയായ ജീവൻ ലഭിക്കുകയുള്ളു (യോഹന്നാൻ 10:10).

<table>
<tr><th colspan="3">പഴയനിയമം</th></tr>
<tr><td>ന്യായപ്രമാണം - ക്രിസ്തുവിനായുള്ള അടിസ്ഥാനം<br>ചരിത്രം - ക്രിസ്തുവിനായുള്ള ഒരുക്കം<br>കാവ്യഭാഗം - ക്രിസ്തുവിനായുള്ള കരഘോഷം<br>പ്രവചനം - ക്രിസ്തുവിനായുള്ള പ്രതീക്ഷ</td><td>ഒരുക്കവും<br>അടിസ്ഥാനവും</td><td>പ്രവാചകനും, പുരോഹിതനും, കഷ്ടപ്പെടുന്ന രക്ഷകനായി ക്രൂശിന്മേൽ മരിച്ചു മനുഷ്യവർഗ്ഗത്തിന്റെ പാപംപോക്കിയിട്ട് രാജാവായി വാഴുന്നവനുമായ മശിഹായെക്കുറിച്ചുള്ള പ്രതീക്ഷയ്ക്ക് അടിസ്ഥാനമിടുകയാണ് പഴയനിയമം ചെയ്തത്.</td></tr>
<tr><th colspan="3">പുതിയനിയമം</th></tr>
<tr><td>സുവിശേഷങ്ങൾ</td><td>പ്രത്യക്ഷത</td><td>ദീർഘനാളുകളായി നോക്കിപ്പാർത്തിരുന്ന രക്ഷകനായ യേശുവിനെയും അവന്റെ പ്രവൃത്തികളെയും കുറിച്ചുള്ള ചരിത്രം</td></tr>
<tr><td>അപ്പൊസ്തല പ്രവർത്തികൾ</td><td>വികസനം</td><td>പരിശുദ്ധാത്മ പ്രവർത്തനത്താൽ അപ്പോസ്തല പ്രവർത്തികൾ യേശു വന്നു പ്രവർത്തിച്ച കാര്യങ്ങളുടെ ദൂത് ജനത്തിന് നല്കുന്നു.</td></tr>
<tr><td>ലേഖനങ്ങൾ</td><td>വിശുദ്ധീകരണങ്ങളും പ്രസ്താവനയും</td><td>യേശുക്രിസ്തുവിന്റെ സ്ഥാനാധിപതിയെന്ന നിലയിൽ ഒരു ക്രിസ്ത്യാനി അവന്റെ നടപടികളാൽ യേശുക്രിസ്തുവിനെ ഉയർത്തിക്കാട്ടുന്നവരായിരിക്കണം</td></tr>
<tr><td>വെളിപ്പാട്</td><td>അവസാനം</td><td>അന്ത്യകാല സംഭവങ്ങൾ നമ്മുടെ കർത്താവിന്റെ അവസാന ഭരണത്തെയും നിത്യതയെയും ആണ് ചൂണ്ടിക്കാട്ടുന്നത്.</td></tr>
</table>

ഭാഗം 1

# ന്യായപ്രമാണം: ആദ്യ അഞ്ചുപുസ്തകങ്ങൾ

ബൈബിളിലെ ആദ്യ അഞ്ചുപുസ്തകങ്ങളെ “പെന്റാറ്റുക്” എന്നു വിളിക്കുന്നു. അർത്ഥം “പഞ്ചഗ്രന്ഥങ്ങൾ” എന്നാണ്. ഇവയെ ന്യായപ്രമാണപുസ്തകം എന്നും വിളിക്കാറുണ്ട്, എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ജനമായ ഇസ്രയേൽക്കാർ പ്രമാണിക്കേണ്ടതിന് മോശെ മുഖാന്തിരം ദൈവം അവർക്കു നല്കിയ നിയമങ്ങൾ, ചട്ടങ്ങൾ, വിധികൾ ആദിയായവയാണ് ഇതിൽ പ്രസ്താവിച്ചിരിക്കുന്നത്. മോശെയുടെ മരണവൃത്താന്തം പ്രസ്താവിച്ചിരിക്കുന്ന ആവർത്തന പുസ്തകത്തിന്റെ അവസാനഭാഗം ഒഴികെ ബാക്കി എല്ലാത്തിന്റെയും എഴുത്തുകാരൻ (ഗ്രന്ഥകർത്താവ്) മോശെ തന്നെയാണ്. വരുവാനുള്ള മശിഹായെക്കുറിച്ചുള്ള അറിവിന്റെ അടിസ്ഥാനം ഈ അഞ്ചു പുസ്തകങ്ങളാണ്. പഴയനിയമ തിരുവെഴുത്തുകളുടെ കാവൽക്കാരായിരുന്നുകൊണ്ട് മശിഹായെകുറിച്ചുള്ള സാക്ഷ്യം ലോകത്തിനു നല്കുവാനായിട്ടാണ് ദൈവം ഇസ്രയേൽ ജനതയെ തിരഞ്ഞെടുത്തത്, ഒരു രാഷ്ട്രമായി നിലനിർത്തിയത്. ദൈവിക വാഗ്ദത്തങ്ങളുടെ ഉടമ്പടിക്കാരും മശിഹായുടെ വംശവും ഇവരായിരുന്നു (റോമ. 3:2; 9:1–5).

## ഉല്പത്തിപുസ്തകം
## (ആരംഭങ്ങളുടെ പുസ്തകം)

### ഗ്രന്ഥകർത്താവും പുസ്തകങ്ങളുടെ പേരും:

എഴുത്തുകാരൻ മോശെയാണ്. ഉല്പത്തി (Genesis) എന്നാൽ ‘ആരംഭം’ എന്നാണ് അർത്ഥം. എബ്രായ ബൈബിളിന്റെ ഗ്രീക്കു തർജ്ജിമ ആയ സെപ്റ്റുജിന്റിൽ (LXX) നിന്നാണ് ഈ പേരും അർത്ഥവും ലഭിച്ചത്.

### എഴുതിയ കാലം:

1450 -1410 B.C.

### വിഷയവും ഉദ്ദേശവും:

സൂഷ്മമായി വായിക്കുന്ന ഒരാൾക്ക് ഉല്പത്തിപുസ്തകത്തിലെ പ്രധാന വിഷയങ്ങളായ അനുഗ്രഹവും ശാപവും തിരിച്ചറിയാൻ സാധിക്കുന്നതാണ്. ഏദൻതോട്ടത്തിൽ അനുസരണവും വിശ്വാസവുംമൂലം അനുഗ്രഹവും, അനുസരണക്കേടിനു ശാപവുമായിരുന്നു ഫലം. ഈ പുസ്തകം മുഴുവൻ ഇതു രണ്ടും വെളിവാക്കുന്നതായി കാണാം. എന്നിരുന്നാലും അബ്രഹാമിനോടുള്ള ദൈവീക ഉടമ്പടിയും വാഗ്ദത്തങ്ങളും അതിൻപ്രകാരം രൂപം പ്രാപിക്കേണ്ടിയ രാഷ്ട്രവും അതി പ്രധാനമായി എടുത്തുകാട്ടുന്നുണ്ട് (ഉല്പ. 12:1–3; 15:1–21).

ഉല്പത്തിയ്ക്ക് ‘ആരംഭം’ എന്നതിനെക്കാൾ ‘ആരംഭങ്ങളുടെ പുസ്തകം’ എന്നു പറയുന്നതായിരിക്കും ഉത്തമം. ബൈബിൾ വെളിപ്പെടുത്തുന്ന സകല സംഭവങ്ങൾക്കും ചരിത്ര പശ്ചാത്തലം നല്കുന്നത് ഉല്പത്തി പുസ്തകമാണ് അഥവാ എല്ലാ പ്രധാന വിഷയങ്ങളുടെയും ഉത്ഭവം ഇതിലാണ്. ആകയാൽ ഇതു പല ആരംങ്ങളുടെ പുസ്തകമാണ്. ലോകത്തിന്റെ ആരംഭം, പുരുഷന്റെയും സ്ത്രീയുടെയും ആരംഭം, മനുഷ്യന്റെ പാപവും മനുഷ്യവർഗ്ഗ

ത്തിന്റെ വീഴ്ചയും തുടർന്നുള്ള ദൈവീക വീണ്ടെടുപ്പിന്റെ വാഗ്ദത്തത്തിന്റെ തുടക്കം, ഇസ്രയേൽ എന്ന രാഷ്ട്ര ത്തിനായിട്ടും അതുവഴി രക്ഷിതാവായ മശിഹായുടെ രംഗപ്രവേശനത്തിന്റെയും ആരംഭം; പരീക്ഷകനായ സാത്താനും ആദിമനുഷരായ ആദാമും ഹവ്വായും; നോഹയും ജലപ്രളയവും അബ്രഹാം, ഇസ്ഹാക്ക്, യാക്കോബ്, യോസേഫും സഹോദരന്മാരും, തുടങ്ങി വിവാഹം, കുടുംബം, തൊഴിൽ, പാപം, കുലപാതകം, മരണശിക്ഷ, യാഗം, വംശങ്ങൾ, ഭാഷകൾ, സംസ്കാരങ്ങൾ, ശാബ്ബത്, ഒന്നാമത്തെ ലോക ഗവൺമെന്റ് അഥവാ ബാബിലോണിയനിസം (ബാബേൽ ഗോപുരത്തിന്റെ കൂടെ ആരംഭിച്ച മത വ്യവസ്ഥ) എന്നിങ്ങനെ ആരംഭങ്ങലുടെ നീണ്ട നിര നമുക്കിവിടെ ലഭിക്കുന്നു. എല്ലാംകൂടെ ബൈബിളിന്റെ ദൈവീക വെളിപ്പാടിന്റെ കൃത്യതയുടെയും ചരിത്രത്തിന്മേൽ ദൈവത്തിനുള്ള പരമാധികാരവും മനസ്സിലാക്കുവാൻ ഈ പുസ്തകം നമ്മെ സഹായിക്കുന്നു.

ഏതാണ്ട് പതിനൊന്നു പ്രാവശ്യം. "വംശപാരമ്പര്യമാവിത്" എന്ന പ്രയോഗം ഈ പുസ്തകത്തിലുണ്ട്. ഇതു അടുത്ത ഭാഗത്തിൽ പറയുവാൻ പോകുന്ന സംഭവങ്ങളെയും, ഇസ്രയേലിലെ പുർവ്വപിതാക്കളെക്കുറിച്ചും ഒക്കെ വായനക്കാരനു മുന്നറിവുകൾ തരുവാനായിട്ടാണ്.

### പ്രധാന ആളുകൾ:

ആദം, ഹവ്വാ, നോഹ, അബ്രഹാം, സാറാ, ഇസ്സഹാക്ക്, റിബേക്ക, യാക്കോബ്, റാഹേൽ, യൗസേഫ്.

## ഉല്പത്തി പുസ്തകത്തിൽ ക്രിസ്തു:

**പ്രവചനവരം:** മനുഷ്യന്റെ വീഴ്ചയെ തുടർന്ന് ദൈവം അവർക്കു നല്കിയ വീണ്ടെടുപ്പിന്റെ വാഗ്ദത്തമാണ് ഉല്പ. 3:15-ലെ "സ്ത്രീയുടെ സന്തതി." ഇതു മശിഹായെക്കുറിച്ചായിരുന്നു. ആ വാഗ്ദത്തത്തിന്റെ പാത 4:25-ൽ ശേത്തിൻകൂടെയും, 9:26-ൽ ശേമിൽ കൂടെയും 12:3-ൽ അബ്രഹാമിന്റെ കുടുംബം, 26:3-ൽ ഇസ്സഹാക്കിന്റെ സന്തതി, 46:3-ൽ യാക്കോബിന്റെ മക്കൾ, 49:10-ൽ യഹൂദായുടെ ഗോത്രത്തിലൂടെ നീളുകയാണ്.

അതുപോലെതന്നെ ഉല്പത്തി പുസ്തകത്തിൽ മശിഹായെ ചൂണ്ടിക്കാട്ടുന്ന വിവിധ മാതൃകകളും നല്കിയിട്ടുണ്ട്. പഴയ സൃഷ്ടിപ്പിന്റെ തലവൻ **ആദാം** എങ്കിൽ പുതിയ സൃഷ്ടിപ്പിന്റെ (ആത്മീയം) തലവൻ ക്രിസ്തുവാകുന്നു (റോമർ 5:14).

**ഹാബേലി**ന്റെ രക്തബലി യേശുവിന്റെ ബലിമരണത്തെ ചൂണ്ടിക്കാട്ടുന്നു. കായേൻ ഹാബേലിനെ കൊന്നതും യേശുവിന്റെ മരണത്തിനു നിഴൽതന്നെ.

**മല്കീസദേക്കി**ന്റെ രാജകീയ പൗരോഹിത്യം ക്രിസ്തുവിനു നിഴലായിരുന്നു (എബ്രാ. 7:3).

**യൗസേഫ്,** പിതാവിന്റെ ഇഷ്ടപുത്രൻ, സഹോദരന്മാരാൽ വില്ക്കപ്പെട്ടവൻ, എന്നിട്ടും അവരുടെ വിടുതലിനു കാരണഭൂതനായതും യേശുക്രിസ്തുവിനെ പാപികളുടെ വീണ്ടെടുപ്പുകാരനായി കാണിക്കുന്ന ചിത്രമാണ്.

### ബാഹ്യവിവരണം:

**1 നാലു സംഭവങ്ങൾ (1:1-11:32)**

A ലോകത്തിന്റെയും മനുഷ്യന്റെയും സൃഷ്ടിപ്പ് (1:1-2:25).
B മനുഷ്യന്റെ തിന്മയും (പാപവും) വീഴ്ചയും (3:1-5:32).
C മനുഷ്യന്റെ വിനാശകാരണമായ ജലപ്രളയം (6:1-9:29).
D ചിതറപ്പെട്ട മനുഷ്യവർഗ്ഗം, രാഷ്ട്രങ്ങൾ (10:1-11:32).

**2. നാലു മനുഷ്യർ: ഒരു രാഷ്ട്രത്തിന്റെ തിരഞ്ഞെടുപ്പും വീണ്ടെടുപ്പുകാരനായുള്ള ഒരുക്കവും (12:1-50:26).**

A അബ്രഹാം - വിശ്വാസികളുടെയും, ഇസ്രയേൽ രാഷ്ട്രത്തിന്റെയും പിതാവ് (12:1-23:20).
B ഇസ്സഹാക്ക് - വിലപ്പെട്ടതും സ്നേഹനിധിയുമായ വാഗ്ദത്ത പുത്രൻ (24:1-26:35).
C യാക്കോബ് - ശിക്ഷകളാൽ ക്രമീകരിക്കപ്പെട്ടവൻ പദ്ധതികളുടെ നിർമ്മിതാവ് (27:1-36:43).
D യോസേഫ് - കഷ്ടതയുടെയും മഹത്വത്തിന്റെയും മനുഷ്യൻ (37:1-50:26).

# പുറപ്പാട്
# (വീണ്ടെടുപ്പിന്റെ പുസ്തകം)

## പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

എബ്രായ ഭാഷയിൽനിന്നു ഗ്രീക്കു ഭാഷയിലേക്കുള്ള വിവർത്തനത്തിനാണ് സെപ്റ്റുജന്റ് (LXX) എന്നു പറയുന്നത്. ഈ വിവർത്തനത്തിൽ "പുറപ്പെടുക" എന്നർത്ഥം വരുന്ന Exodos എന്ന ഗ്രീക്കു പദമാണ് പുസ്തകത്തിനു പേരായി നല്കിയിരിക്കുന്നത്. അത് ലത്തീൻ ഭാഷയിലേക്കു വിവർത്തനം ചെയ്യുമ്പോഴാണ് Exodus ആയത്. അർത്ഥം പുറപ്പാട് എന്നായി. ഇംഗ്ലീഷിലും ആ പദം തന്നെ വന്നു.

## എഴുതിയ കാലം

1450-1410 B.C.

## വിഷയവും ഉദ്ദേശവും:

രണ്ടു പ്രധാന വിഷയങ്ങളാണ് പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്: (1) പെസ്സഹായിൽ കൂടെ വെളിപ്പെടുത്തിയ വീണ്ടെടുപ്പ്, (2) മിസ്രയീമ്യ അടിമത്തത്തിൽനിന്നും വിടുതൽ പ്രാപിച്ച് ചെങ്കടൽ കടക്കുന്നത്. ഇവിടെയാണ് പുറപ്പാട് ആരംഭിക്കുന്നത്.

ഇരുനൂറിൽ അധികം വർഷങ്ങൾ മിസ്രയീമിൽ വളർന്ന ഇസ്രയേലിന്റെ മോചനത്തിന്റെ ചരിത്രമാണ് പുറപ്പാട് പുസ്തകം. മോശെയുടെ ജനനചരിത്രവും, ദൈവജനത്തെ മിസ്രയീമിൽനിന്നു വിടുവിച്ച് വാഗ്ദത്ത നാടായ കനാനിൽ എത്തിക്കുവാൻ അവനെ ദൈവം വിളിക്കുന്നതും, പെസ്സഹാ കുഞ്ഞാട്, ആദ്യജാതന്മാരെ നശിപ്പിക്കുമ്പോൾ, ഇസ്രയേലിനെ പരിപാലിക്കുന്നതു, മിസ്രയിമിൽ അയച്ച പത്തു ബാധകൾ, ചെങ്കടലിന്റെ വിഭജനം, ന്യായപ്രമാണം നല്കുന്നത് എന്നിവയെല്ലാം സവിസ്തരം ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിൽകൂടെയെല്ലാം ദൈവം മിസ്രയിമിലെ ഫറവോൻമാരേക്കാൾ വലിയവനും ശക്തനും എന്നു മാത്രമല്ല അവൻ സർവ്വശക്തനായ യാവേ (യഹോവ) എന്ന വീണ്ടെടുപ്പിന്റെയും വെളിപ്പാടിന്റെയും ദൈവം ആകുന്നു എന്നും തെളിയിക്കുക കൂടെ ആയിരുന്നു.

ചെങ്കടൽ കടന്ന മരുഭൂമിയിൽ എത്തിയ ജനത്തിനു പാലിപ്പാനുള്ള ന്യായപ്രമാണങ്ങളും ചട്ടങ്ങളും വിധികളും നല്കിക്കൊണ്ട് ഇസ്രയേൽ ജനത ദൈവത്തിന്റെ "പ്രത്യേക സമ്പത്തും, പുരോഹിത രാജത്വവും, വിശുദ്ധ ജനവും ആകുന്നു" (പുറ. 19:4-7) എന്നവൻ പ്രസ്താവിച്ചു. പത്തു കല്പനകൾ ഉൾപ്പെട്ട ഈ ന്യായപ്രമാണം ദൈവത്തിന്റെ വിശുദ്ധിയേയും ആ ദൈവത്തെ ജനം എങ്ങനെ സ്നേഹിക്കണമെന്നും, ജനങ്ങൾ പരസ്പരം സ്നേഹിക്കേണ്ടതിന്റെ ആവശ്യകതയും ബോദ്ധ്യപ്പെടുത്തി തന്നിട്ടുണ്ട്. എന്നാൽ കാലക്രമത്തിൽ ജനം ദൈവത്തിന്റെ വിശുദ്ധിയിൽനിന്നും അകന്നുപോകുമെന്നറിയാമായിരുന്ന ദൈവം അങ്ങനെ സംഭവിച്ചാൽ അവർക്കു തിരിച്ചു വന്നു ദൈവീക ബന്ധം പുനഃസ്ഥാപിക്കുവാനായിട്ടാണ് സമാഗമന കൂടാരവും, ബലികളും, പുരോഹിതന്മാരെയുമൊക്കെ നല്കിയത്.

## പ്രധാന വ്യക്തികൾ:

മോശെ, അഹരോൻ, മിര്യാം, ഫറവോ

## പുറപ്പാടു പുസ്തകത്തിലെ ക്രിസ്തു:

ക്രിസ്തുവിനെക്കുറിച്ച് നേരിട്ടോ, തെളിവായതോ ആയ പ്രവചനങ്ങൾ ഒന്നുമില്ലെങ്കിലും നിരവധി മാതൃകകൾ നമുക്കു ലഭ്യമാണ്. മോശെ തന്നെ ഒരു പ്രതിരൂപമാണ് (ആവ. 18:15). ബാല്യകാല സംഭങ്ങൾ, വീണ്ടെടുപ്പുകാരൻ, മറ്റുള്ളവർക്കായുള്ള സ്ഥാനത്യാഗം, പ്രവാചക ദൗത്യം, മദ്ധ്യസ്ഥനെന്ന നിലയിൽ ന്യായപ്രമാണം നല്കുകയും ജനത്തെ മോചിപ്പിക്കുകയും ചെയ്യുന്നതിലെല്ലാം സമാനതകളുണ്ട്.

**പെസ്സഹാ** കുഞ്ഞാട് ഒരു തെളിഞ്ഞ ചിത്രമാണ്, യേശുക്രിസ്തു പാപമില്ലാത്ത ദൈവത്തിന്റെ കുഞ്ഞാടായിട്ട് പുതിയ നിയമത്തിൽ വായിക്കുന്നു (യോഹ.1:29, 36; 1 കൊരി. 5:7).

**ഏഴുപെരുന്നാളുകൾ**, ഓരോന്നും വിവിധ നിലകളിൽ ക്രിസ്തുവിന്റെ നിഴലായിരിക്കുന്നു.

**പുറപ്പാടു**തന്നെ പുതിയ നിയമത്തിലെ സ്നാനത്തിനു നിഴലായി. ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം, എന്നിവയോടുള്ള താദാത്മ്യം - പൗലൂസ് എടുത്തു പറയുന്നു (1 കൊരി. 10:1-2; റോമ. 6:2,3).

**മന്നായും, വെള്ളവും** - യേശുക്രിസ്തു ജീവ അപ്പവും, ജീവജലവുമെന്നു കാണിക്കുന്നു (യോഹ. 6:31-35; 48-63; 1 കൊരി. 10:3,4).

**സമാഗമന കൂടാരം** - അതിന്റെ ഉപകരണങ്ങൾ, നിറം, അവയുടെ സജ്ജീകരണങ്ങൾ, അവിടെ അർപ്പിക്കുന്ന യാഗങ്ങൾ തുടങ്ങിയവ എല്ലാം ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു (എബ്രാ. 9:1-10:18).

**മഹാപുരോഹിതൻ.** യേശുക്രിസ്തുവിന്റെ ശിശ്രൂഷയെ അതു വ്യക്തമായിക്കാണിക്കുന്നു (എബ്രാ. 4:14-16:9:11 -12;24-28).


### ബാഹ്യരേഖ:

#### 1. മിസ്രയീമിൽ നിന്നുള്ള വീണ്ടെടുപ്പ് (1:1-18:27)
A അടിമത്വത്തിൽ (1:1-12:32)
B കുഞ്ഞാടിന്റെ രക്തത്താലും ദൈവശക്തിയാലുമുള്ള വീണ്ടെടുപ്പ് (12:33-14:31)
C സീനായിലേക്കുള്ള യാത്ര (ശിക്ഷണം) (15:1-18:27)

#### 2. ദൈവത്തിൽനിന്നുള്ള വെളിപ്പാട് (19:1-40:38)
A ന്യായപ്രമാണം നല്കുന്ന (19:1-24:18)
B സമാഗമനകൂടാരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (25:1-31:18)
C ന്യായപ്രമാണത്തിന്റെ ലംഘനം (32:1-34:35)
D സമാഗമനകൂടാരത്തിന്റെ പണി (35:1-40:38).

**കൂടാരത്തിന്റെ അളവും മാതൃകയും**

(സ്കെയിലിൻ പ്രകാരമല്ല)




# ലേവ്യാ പുസ്തകം
## (വിശുദ്ധിയുടെ പുസ്തകം)

### പേരും എഴുത്തുകാരനും:

ഗ്രന്ഥകാരൻ മോശെതന്നെയാണ്. സെപ്റ്റുവജിന്റിൽനിന്നാണ് പുസ്തകത്തിന് ഈ പേരു ലഭിച്ചത്. "ലേവ്യരു മായി ബന്ധപ്പെട്ടത്" എന്നാണിതിന് അർത്ഥം. ഇസ്രയേൽ ജനങ്ങളുടെ മതകർമ്മാദികൾ നടത്തുവാൻ പുരോ ഹിത ശിശ്രൂഷയ്ക്കായി ദൈവം വിളിച്ചുവേൽ തിരിച്ച വർഗ്ഗമായിരുന്നു ലേവ്യർ. ദൈവത്തെ ആരാധിക്കേണ്ടതി

നാവശ്യമായ നിർദ്ദേശങ്ങളും നിയമങ്ങളും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും അതനുസരിച്ച് പ്രവർത്തക്കുയും ചെയ്യുവാൻ അവർ നിയോഗിക്കപ്പെട്ടിരുന്നു. ഈവിധ നിയമങ്ങളാണ് ലേവ്യപുസ്തകത്തിലെ പ്രതിപാദ്യവിഷയം.

## പുതിയ കാലം

**1450–1410 B.C.**

## വിഷയവും ഉദ്ദേശവും:

ലേവി 11:45-ൽ ***"ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പീൻ"*** എന്നു പറഞ്ഞിരിക്കുന്നു. ദൈവജനമായ ഇസ്രയേൽ ദൈവമുമ്പാകെ വിശുദ്ധരായി ജീവിക്കണമെന്നായിരുന്നു ഇതിന്റെ ഉദ്ദേശം. ആകയാൽ (1) എങ്ങനെ ആരാധിക്കണം. ദൈവത്തോടുകൂടെ എങ്ങനെ നടക്കണം (2) ദൈവവിളിക്കനുസരണമായി ഒരു പുരോഹിതരാജാവംശമായി ജീവിക്കേണ്ടതെങ്ങനെ, ആദിയായ കാര്യങ്ങൾ ലേവ്യർ ജനത്തെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. പുസ്തകത്തിന്റെ മുഖ്യവിഷയം വിശുദ്ധീകരണം എന്നതാണ്. ശുദ്ധീകരണത്തിലൂടെ മാത്രമല്ല ഒരാൾക്കു പരിശുദ്ധിയിൽ എത്തുവാനും ദൈവസാന്നിദ്ധ്യം അനുഭവിക്കുവാനും സാധിക്കുമായിരുന്നുള്ളു. ഇതിനായിട്ടാണ് യാഗങ്ങളെ നിയമിച്ചത്. പുരോഹിതന്റെ മദ്ധ്യസ്ഥനായാൽ അർപ്പിയ്ക്കുന്ന യാഗത്തിൽ പ്രസാദിച്ച് ദൈവം ഇസ്രയേലിനെ അനുഗ്രഹിച്ചു പോന്നു. വിശുദ്ധനായ ദൈവത്തിനും ഇസ്രയേൽ ജനത്തിനും തമ്മിൽപ്പെടുവാനുള്ള ഏക മാർഗ്ഗമായിരുന്നു യാഗങ്ങൾ.

## പ്രധാന വ്യക്തികൾ:

മോശെ, അഹരോൻ

## ലേവ്യാപുസ്തകത്തിൽ ക്രിസ്തു:

പുറപ്പാടു പുസ്തകത്തിലെപോലെ ഇതിലും പ്രതിരൂപങ്ങളിൽ കൂടെയാണ് ക്രിസ്തുവിനെ കാണുന്നത്.

പ്രസ്താവിച്ചിരിക്കുന്ന ***അഞ്ചു യാഗങ്ങളും*** യേശുക്രിസ്തുവിന്റെ നിഷ്പാപ അവസ്ഥയെയും, ദൈവത്തിനായുള്ള അവന്റെ സ്വയസമർപ്പണവും, അതുവഴിയായി നമുക്കു ദൈവത്തോടു ലഭിക്കുന്ന കൂട്ടായ്മയേയും വെളിപ്പെടുത്തുന്നു.

***മഹാപുരോഹിതൻ*** തന്റെ ശ്രേഷ്ഠ പദവികളോടെ ക്രിസ്തുവിനെ പ്രതിനിദാനം ചെയ്യുന്നു.

***ഏഴു പെരുന്നാളുകളും*** വിവിധ നിലകളിൽ യേശുക്രിസ്തുവിന്റെ പ്രായശ്ചിത്തബലി ഉയിർത്തെഴുന്നേല്പ്, വീണ്ടെടുപ്പിന്റെ പ്രവർത്തി എന്നിവയെ ഉയർത്തിക്കാട്ടുന്നു.

## ബാഹ്യരേഖ:

### 1. യാഗനിയമങ്ങൾ (1:1–17:16)

A ദൈവത്തെ സമീപിക്കുവാൻ (1:1–7:38)
B പുരോഹിതർക്കായിട്ട് (8:1–10:20)
C ശുദ്ധീകരണം സംബന്ധിച്ച് (11:1–15:33)
D ദേശീയ പ്രായാശ്ചിത്തത്തെക്കുറിച്ച് (16:1—17:16)

### 2. ശുദ്ധീകരണ നിയമങ്ങൾ (18:1–27:34)

A ദൈവജനത്തിനുവേണ്ടി (18:1–20:27)
B ദൈവത്തിന്റെ പുരോഹിതന്മാർക്കായി (21:1–22:33)
C ആരാധനയിൽ (23:1–24:23)
D കനാൻ ദേശത്തിൽ (25:1:26:46)
E നേർച്ചകളെക്കുറിച്ച് (27:1–34).

# സംഖ്യാപുസ്തകം
## (മരുഭൂമി വാസത്തിന്റെ അലച്ചിൽ)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

എഴുത്തുകാരൻ മോശെയാണ്. പുസ്തകത്തിനു ഈ പേരു ലഭിക്കാൻ കാരണം അതിന്റെ ഒന്നാമത്തെയും ഇരുപ താമത്തെയും അദ്ധ്യായങ്ങളാണ്. സീനായി മലയരികിൽവച്ചും പിന്നീട് മോവാബ് സമഭൂമിയിൽ വച്ചു നടന്ന രണ്ടു ജനസംഖ്യയാണ് ആ ഭാഗത്ത്.

### എഴുതിയ കാലം:

**1450 – 1410 B.C.**

### വിഷയവും ഉദ്ദേശവും:

ജനസംഖ്യ എടുപ്പിൽനിന്നാണ് ഈ പേരു ലഭിച്ചതെങ്കിലും 40 വർഷത്തെ ഇസ്രയേലിന്റെ മരുയാത്രയുടെ വിവര ണമാണ് വിഷയം. വെറും പതിനൊന്നു ദിവസംകൊണ്ട് അവസാനിക്കേണ്ട യാത്രയാണ് ജനത്തിന്റെ അവിശ്വാ സവും അനുസരണക്കേടുംമൂലം ദീർഘമായ 38 വർഷത്തെ മരുഭൂമിയിലെ കഷ്ടപ്പാടുകൾക്കും അലച്ചിലുകൾക്കും ഇടയാക്കിയത്. വാസ്തവത്തിൽ ദൈവീക വാഗ്ദത്തങ്ങലെ വിശ്വസിച്ചുറച്ചു നില്ക്കാൻ കഴിയാതെവന്നതായി രുന്നു അവരുടെ പരാജയകാരണം (എബ്രാ. 3:16–4:2). സംഖ്യാപുസ്തകം വെളിവാക്കുന്ന മറ്റൊരു കാര്യം എല്ലാ ദൈവജനങ്ങളുടെയും ജീവിതത്തിൽ ഒരു 'മരുഭൂമിയുടെ അനുഭവം' ഉണ്ടെന്നും ദൈവത്തോടുകൂടെ നിന്നുകൊണ്ട് അവന്റെ 'ആലോചന പ്രകാരം മുമ്പോട്ടു പോകുന്നതാണ് വിജയങ്ങളായി തീരുന്നതെന്നുമാണ്.

മറ്റൊരു പ്രധാന വിഷയം ദൈവത്തിന്റെ തുടർച്ചയായ കരുതലാണ്. ജനത്തിന്റെ അധികാരവും മത്സരവും കണ ക്കിലെടുക്കാതെ തുടർച്ചയായും അത്ഭുതകരമായും ദൈവം അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുത്തു. വെള ളം, മന്നാ, കാടപ്പക്ഷി എന്നിങ്ങനെ വേണ്ടുന്നതെല്ലാം നല്കി ദൈവം അവരെ സ്നേഹിക്കുകയും, അവരുടെ പിറു പിറുപ്പും, ആവലാതിയും, മത്സരവും ക്ഷമിക്കുകയും ചെയ്തു.

### പ്രധാന വ്യക്തികൾ:

മോശെ, അഹരോൻ, മിര്യാം, യോശുവാ, കാലേബ്, ബാലാക്ക്.

### സംഖ്യാപുസ്തകത്തിൽ ക്രിസ്തു:

മരുഭൂമിയിൽ ഉയർത്തപ്പെട്ട ***താമ്ര (പിച്ചള) സർപ്പത്തെ***പോലെ വളരെ വ്യക്തമായി യേശുക്രിസ്തുവിന്റെ ക്രൂശുമ രണത്തെ വരച്ചുകാട്ടുന്ന മറ്റൊരു പ്രതിരൂപമില്ലായെന്നു പറയാം (സംഖ്യാ. 21:4–9 cf യോഹ. 3:14).

***ദാഹശമനത്തിനാവശ്യമായ ജലം പുറപ്പെടുവിച്ച പാറ***യും ക്രിസ്തുവിനു നിഴലായിരുന്നു (1 കൊരി. 10:4).

അനുദിന ഭക്ഷണത്തിനായി കൊടുത്ത ***മന്നാ*** ജീവ അപ്പമാകുന്നു യേശുക്രിസ്തുവിന്റെ നിഴലായിരുന്നു. (യോഹ. 6:31–33)

***മേഘസ്തംഭവും, അഗ്നിസ്തംഭവും***, സങ്കേതനഗരങ്ങളും യേശുക്രിസ്തു നമ്മുടെ മാർഗ്ഗദർശിയും ന്യായവിധി യിൽനിന്നു രക്ഷപ്പെടാനുള്ള സങ്കേതവുമാകുന്നു എന്നു കാണിക്കുന്നു.

സംഖ്യാ 19 ലെ ***ചുവന്ന കാളകിടാവും*** ക്രിസ്തുവിന്റെ നിഴൽതന്നെയാകുന്നു.

### ബാഹ്യരേഖ:

**1. സീനായിലെ ഒരുക്കം (പഴയതലമുറ) (1:1–10:36)**
- A ജനത്തിന്റെ അവസ്ഥയും ജനസംഖ്യയെടുപ്പും (1:1–4:49)
- B ദൈവത്തിന്റെ കല്പനകളും ജനത്തിന്റെ ശുദ്ധീകരണവും (5:1–9:14)
- C കനാൻ നാട്ടിലേക്കുള്ള തീർത്ഥയാത്ര (9:15–10:36)

### 2. പഴയ തലമുറയുടെ പരാജയം (11:1–25:18)

A യാത്രാമദ്ധ്യേയുള്ള അതൃപ്തികൾ (11:1–12:16)
B കാദേശ് ബർന്നായിലെ അവിശ്വാസം (13:1–14:45)
C ദൈവീക നിയന്ത്രണം (15:1–25:18)

### 3. പുതിയ തലമുറയുടെ ഒരുക്കം (26:1–36:13)

A ഇസ്രയേലിന്റെ പുനർരൂപീകരണം (26:1–27:23)
B ദാനങ്ങളും നേർച്ചകളെയും കുറിച്ചുള്ള നിയമം (28:1–30:16)
C ഭൂമിസംബന്ധമായ നിയമങ്ങൾ (31:1–36:13).

# ആവർത്തനം

## (നിയമങ്ങളുടെ പുനരാവർത്തനം)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

ഈ ഗ്രന്ഥത്തിന്റെയും കർത്താവ് മോശെ തന്നെയാണ്. സെപ്റ്റ്വജിന്റ് ഭാഷാന്തരത്തിൽ നിന്നാണ് ഇതിന്റെ ഇംഗ്ലീഷ് പേരു വന്നിരിക്കുന്നത്. "രണ്ടാമത്തെ നിയമദാനം (നല്കൽ) എന്നാണിതിനർത്ഥം. ആവ. 17:18–ന്റെ തെറ്റായ തർജ്ജിമയാണ് ഈ അർത്ഥം കൊടുത്തത്. എന്നാൽ അവിടെ വരേണ്ടിയ ശരിയായ തർജ്ജിമയാണ് മലയാളത്തിൽ വന്നിരിക്കുന്ന ന്യായപ്രമാണത്തിന്റെ "ഒരു പകർപ്പു" എന്നത്. എന്തായാലും ആവർത്തനപുസ്തകം ഒരു രണ്ടാം നിയമം നല്കിയതല്ല പിന്നെയോ ഒന്നാമതു സീനായിങ്കൽവച്ചു നല്കിയതിനെ തന്നെ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു എന്നു മാത്രമേയുള്ളു.

### എഴുതിയ കാലം:

1410 B.C.

### വിഷയവും ഉദ്ദേശവും:

**മറക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണം**. നീണ്ട നാല്പതുവർഷം മരുഭൂമിയിൽ അലഞ്ഞ ജനം ഒടുവിൽ വാഗ്ദത്ത നാടിന്റെ പ്രവേശന കവാടം എത്തി നില്ക്കുകയാണ്. എന്നാൽ കനാൻ നാട്ടിൽ കാലുകുത്തുംമുമ്പ് അവർ ആരെന്നും യഹോവയായ ദൈവം അവർക്കു എന്തു ചെയ്തു എന്നും അവരെ ബോദ്ധ്യപ്പെടുത്തി ആ ദൈവത്തെ സ്നേഹിക്കുവാനും, സേവിക്കുവാനും ഉത്സാഹിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. അതിനായിട്ടാണ് ന്യായപ്രമാണങ്ങളും, മിസ്രയീം മുതൽ മരുഭൂമി യാത്രയുടെ അവസാനംവരെ യഹോവ അവരെ നടത്തി പോറ്റിയ കാര്യങ്ങളും ആവർത്തിച്ച് പറഞ്ഞത്.

ഇസ്രയേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ വംശവും രാജപുരോഹിതവർഗ്ഗവുമാകയാൽ (ആവ. 4:1–8) അവർ അവകാശമാക്കുന്ന ഭൂമിയിലും വിശുദ്ധിയോടുകൂടെ ജീവിച്ചു ദൈവത്തെ സേവിക്കണമായിരുന്നു. ആവർത്തന പുസ്തകം അവസാനിക്കുന്നതു വിശുദ്ധനായ ദൈവം തന്റെ വിശുദ്ധ ജനവുമായി ചെയ്ത ഉടമ്പടിയെ പുതുക്കുകയും, (ആവ 29) അവരെ നയിക്കുവനായി യോശുവാ എന്ന പുതിയ ലീഡറെ നിയമിച്ചുകൊണ്ടും (ആവ. 34) മോശെയുടെ മരണവൃത്താന്തം രേഖപ്പെടുത്തിക്കൊണ്ടും (ആവ.34) ആകുന്നു.

### പ്രധാന വ്യക്തികൾ:

മോശെ, യോശുവാ

### ആവർത്തനപുസ്തകത്തിൽ ക്രിസ്തു:

ആവർത്തനം 18:15–ൽ മോശയെക്കുറിച്ചു പറഞ്ഞിരിക്കുന്ന "**നിന്റെ ദൈവമായ യഹോവ നിനക്ക് എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേല്പിച്ചു തരും; അവന്റെ**

**വചനം നിങ്ങൾ ഓർക്കണം" എന്നത് യേശുക്രിസ്തുവിൽ നിറവേറേണ്ടിയിരിക്കുന്നതിന്റെ തെളിവായ ചിത്രംമാത്രമായിരുന്നു."** മോശെ തന്നെ ക്രിസ്തുവിന്റെ നിഴലായിരുന്നു. മോശെയിൽ കാണുന്ന ത്രിവിധസ്ഥാനങ്ങൾ പ്രവാചകൻ (34:10-12) പുരോഹിതൻ (പുറ. 32:31-35) രാജാവ് (മോശെ രാജാവായിരുന്നില്ലെങ്കിലും ഇസ്രയേലിന്റെ ദീർഘകാല ഭരണാധികാരി ആയിരുന്നു. 33:4,5) യേശുക്രിസ്തുവിൽ പൂർണ്ണമാക്കപ്പെടുന്നവയാണ്. 2

**ബാഹ്യരേഖ:**

### 1. മുഖവുര (1:1-5)

### 2. ചരിത്രത്തിന്റെ പുനപരിശോധന (1:6-4:43)
- A സീനായി മുതൽ കാദേശ് ബർന്ന വരെ (1:6-18)
- B കാദേശ് ബർന്നയിൽ (1:19-46)
- C കാദേശ് ബർന്ന മുതൽ മോവാബുവരെ (2:1-23)
- D കിഴക്കൻ യോർദ്ദാനെ കീഴടക്കുന്നു (2:24-3:20)
- E നേതൃമാറ്റം (3:21-29)
- F ഉടമ്പടിയുടെ സംക്ഷേപം (4:1-43)

### 3. ന്യായപ്രമാണത്തിന്റെ പുനപരിശോധന (4:44-26:19)
- A മുഖവുര (4:44-49)
- B പത്തുകല്പനകൾ (5:1-33)

### 4. ന്യായപ്രമാണത്തിന്റെ പ്രായോഗികത (6:1-11:32)
- A ന്യായപ്രമാണം ഉപദേശിക്കുക (6:1-25)
- B കനാൻ ജയിച്ചടക്കുക (7:1-26)
- C യഹോവയെ ഓർക്കുക (8:1-20)
- D സ്വയനീതി ഉപേക്ഷിക്കുക (9:1-10:11)
- E അനുഗ്രഹമോ, ശാപമോ തിരഞ്ഞെടുക്കുക (10:12-11:32)

### 5. പ്രത്യേക നിയമങ്ങൾ (12:1-26:19)
- A മതപരമായവ (12:1-16:17)
- B സിവിൽ നിയമങ്ങൾ (16:18-20:20)
- C സാമൂഹ്യനിയമങ്ങൾ (21:1-26:19)

### 6. ഉടമ്പടിയുടെ സ്വീകരണം (27:1-30:20)
- A കനാനിൽവച്ച് ഉടമ്പടി ഉറപ്പിക്കുന്നു (27:1-28:68)
- B ഉടമ്പടിയുടെ അംഗീകാരം (29:1-30:20)

### 7. നേതൃമാറ്റം (31:1-34:12)
- A മോശെയ്ക്കു പകരം യോശുവ (31:1-13)
- B ദൈവം ഇസ്രയേലിനോട് (31:14-21)
- C. ന്യായപ്രമാണ പുസ്തകം സൂക്ഷിച്ചുവയ്ക്കുന്നു (31:22-29)
- D മോശെയുടെ പാട്ട് (31:30-32:47)
- E മോശെയുടെ മരണം (32:48-34:12).

## സംക്ഷേപം

## ഓർക്കേണ്ടതായ വിഷയങ്ങൾ

| | |
|---|---|
| ഉല്പത്തി | വംശത്തിന്റെ തിരഞ്ഞെടുപ്പ് |
| പുറപ്പാട് | വംശത്തിന്റെ വീണ്ടെടുപ്പ് |
| ലേവ്യാപുസ്തകം | വംശത്തിന്റെ ശുദ്ധീകരണം |
| സംഖ്യാപുസ്തകം | വംശത്തിനായുള്ള നിർദ്ദേശങ്ങൾ |
| ആവർത്തനപുസ്തകം | വംശത്തെ (രാഷ്ട്രത്തെ) പഠിപ്പിക്കുന്നു |

ഭാഗം 2

# ചരിത്ര പുസ്തകങ്ങൾ

**മുഖവുര:**

പഴയ നിയമത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊടുത്തിരിക്കുന്ന ഓരോപുസ്തകവും പ്രത്യേക രൂപത്തിൽ യേശുക്രിസ്തുവിനെ വെളിപ്പെടുത്തുന്നുണ്ട്. യോശുവാ മുതൽ എസ്ഥേർവരെയുള്ള രണ്ടാംഭാഗത്തിലെ പുസ്തകങ്ങൾ ഇസ്രയേൽ രാഷ്ട്രീയത്തിന്റെ ചരിത്രത്തിന്റെ വിവരണങ്ങളാണ്. കനാൻ നാട് കൈവശമാക്കുന്നതു മുതൽ അനുസരണക്കേടിനാലും അവിശ്വാസത്താലും അതു നഷ്ടപ്പെടുത്തുന്നതുവരെയുള്ള 800 വർഷത്തെ ഇസ്രയേലിന്റെ ചരിത്രമാണ് ഈ പന്ത്രണ്ടു പുസ്തകങ്ങളിലായി വിവരിച്ചിരിക്കുന്നത്. ന്യായാധിപന്മാരുടെ വാഴ്ചക്കാലം, രാജാക്കന്മാരുടെ ഭരണകാലം, ദേശം രണ്ടായി വിഭജിച്ച് തെക്കേ സാമ്രാജ്യവും വടക്കേസാമ്രാജ്യവുമായി തിരിക്കുന്നത്, വടക്കേ സാമ്രാജ്യം അശൂരിന്റെയും തെക്കേ സാമ്രാജ്യം ബാബിലോണിന്റെയും അടിമത്വത്തിലാക്കുന്നത്, നെഹമ്യാവ്, എസ്രാ എന്നീ നേതാക്കന്മാരുടെ നിയന്ത്രണത്തിൽ തെക്കേ ദേശക്കാർ യരൂശലേമിലേക്കു മടങ്ങിവരുന്നത് എന്നിങ്ങനെ നമ്മെ ചിന്തിപ്പിക്കുകയും വിസ്മയിപ്പിക്കുകയും ചെയ്യുന്ന വിഷയങ്ങളാൽ ഇവ സംപുഷ്ടമാക്കപ്പെട്ടിരിക്കുന്നു.

യേശുക്രിസ്തുവിന്റെ വരവിനായി നമ്മെ ഒരുക്കുന്ന ഈ പുസ്തകങ്ങൾ പ്രസ്താവിക്കുന്നതെന്തെണെന്നു താഴെ പറയുന്നു.:

| ചരിത്രപുസ്തകങ്ങൾ ക്രിസ്തുവിനായുള്ള ഒരുക്കം 3 | | |
|---|---|---|
| യോശുവാ<br>ന്യായാധിപന്മാർ<br>രൂത്ത് | വാഗ്ദത്തനാട് അവകാശമാക്കുന്നതും തുടർന്നുള്ള ശത്രുപീഡനവും | ദൈവിക ഭരണം. ഇസ്രയേലിനെ ദൈവം ഭരിച്ച കാലഘട്ടത്തെയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് (B.C. 1405 -1043). |
| 1. ശമുവേൽ<br>2 ശമുവേൽ<br>1 രാജാ.1-10<br>1 രാജാ 11-22<br>2 രാജാ 1-17<br>2 രാജാ. 18-25<br>1 ദിനവൃത്താന്തം<br>2 ദിനവൃത്താന്തം | രാഷ്ട്രത്തിന്റെ സ്ഥിരീകരണം<br>രാഷ്ട്രത്തിന്റെ വിസ്തൃതി<br>രാഷ്ട്രത്തിന്റെ മഹത്വം<br>രാഷ്ട്രത്തിന്റെ വിഭജനം<br>വടക്കേരാജ്യത്തിന്റെ അധപതനം<br>തെക്കേരാജ്യത്തിന്റെ അടിമത്തം<br>ദേവാലയത്തിന്റെ നിർമ്മാണം<br>ദേവാലയത്തിന്റെ നാശം | രാജവാഴ്ച: ഇസ്രയേലിന്റെ രാജാവാഴ്ചയോടെ ആരംഭിച്ച് അടിമത്വത്തിൽ (B.C. 586) അവസാനിക്കുന്ന ചരിത്രകാലഘട്ടത്തെ ഈ ഭാഗത്തു ലഭിക്കുന്നു. |
| എസ്രാ<br>നെഹമ്യാവ്<br>എസ്ഥേർ | ദേവാലയത്തിന്റെ പുനരുദ്ധാരണം<br>യെറുശലേമിന്റെ പുനർനിർമ്മാണം<br>രാഷ്ട്രത്തിലെ ജനങ്ങളുടെ സുരക്ഷിതത്വം | പുനരുദ്ധാരണം: 70 വർഷത്തെ പ്രവാസത്തിനുശേഷം മടങ്ങിവന്ന ജനങ്ങളുടെ ചരിത്രം (B.C. 605-536). |

# യോശുവാ
## (വിജയവും കൈവശപ്പെടുത്തലും)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

ഇതിന്റെ എഴുത്തുകാരൻ യോശുവാ ആകുന്നു: ആദ്യ അഞ്ചു പുസ്തകങ്ങളുടെ എഴുത്തുകാരൻ പ്രശസ്തനായ മോശെ ആയിരിക്കുന്നതുപോലെ ഇതിന്റെ എഴുത്തുകാരനും പ്രസിദ്ധനായ ഒരു വ്യക്തിതന്നെയാണ്. മോശെയോടൊപ്പം അവന്റെ ശുശ്രൂഷകനായി നടന്ന യോശുവയ്ക്ക് ഇസ്രയേൽ ചരിത്രത്തിൽ പ്രഥമസ്ഥാനം തന്നെയാണ്. യോശുവയുടെ യഥാർത്ഥ പേര് ഹോശേയാ എന്നായിരുന്നു (സംഖ്യാ. 13:8; ആവ. 32:44) അതിന്റെ അർത്ഥം "രക്ഷ" എന്നായിരുന്നു. എന്നാൽ മരുഭൂമിയാത്രയിൽ മോശെ ആ പേര് "യഹോശുവാ" എന്നാക്കി. ഈ പേര് ലോപിച്ചാണ് യോശുവാ എന്നായത് (സംഖ്യാ. 13:16) പേരിന്റെ അർത്ഥം. "യഹോവ രക്ഷയാകുന്നു" എന്നത്രേ. ഇതൊരു പ്രവചനീക സത്യമായിരുന്നു. യോശുവാ ഉൾപ്പെടെ ഒറ്റുനോട്ടക്കാർക്കും, ഇസ്രയേൽ ജനതയ്ക്കും യഹോവയ്ക്കു ശത്രു സംഹാരത്തിനും, ദേശം കൈവശമാക്കി കൊടുക്കുവാനുമുള്ള ശക്തിയുണ്ടെന്നും, വാഗ്ദത്തനാടു മാനുഷീക ബുദ്ധിയും ബലവും കൊണ്ടല്ല പിന്നയോ യഹോവ തന്നെ അവർക്കു അവകാശമാക്കി കൊടുത്തു എന്നു ഗ്രഹിപ്പിക്കുകയായിരുന്നു. ഗ്രന്ഥകർത്താവായ യോശുവാ, ലോക ചരിത്രത്തിലെ ഏറ്റം വലിയ യുവ തന്ത്രജ്ഞൻ ആയിരുന്നെങ്കിലും അവന്റെ സകല വിജയങ്ങൾക്കും നിദാനമായ മേധാശക്തി യഹോവയുടെ ദാനമായിരുന്നതിനാൽ ജനതയുടെ രക്ഷ യഹോവ തന്നെയായിരുന്നു. യഹോവയാണ് അവർക്ക് ജയം നല്കിയത്.

### എഴുതിയ കാലം

1400–1370 B.C.

### വിഷയവും ഉദ്ദേശവും

ജയിക്കുക, അവകാശമാക്കുക, വാഗ്ദത്ത നാടിനെ വിഭജിച്ചുകൊടുക്കുക എന്നതായിരുന്നു യോശുവയുടെ ഉദ്ദേശവും വിഷയവും. യഹോവയ്ക്കു തന്റെ വാഗ്ദത്തങ്ങളോടുള്ള വിശ്വസ്ഥത എത്രയുണ്ടെന്നാണ് പുസ്തകം വെളിവാക്കുന്നത് (ഉല്പ. 15:18 cf. യോശു. 1:2–6; 21:43–45). അതുപോലെ തന്നെ ദൈവജനത്തിന്റെ മുമ്പിലുള്ള സകല തടസ്സങ്ങളേയും നീക്കി ലക്ഷ്യം സുഗമമാക്കാനായുള്ള ദൈവത്തിന്റെ പ്രത്യേക ഇടപെടലും മുഖ്യവിഷയമാണ്. അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തം സാറായിൽകൂടെ ഇസ്ഹാക്കിനെ നല്കിയും, ഉറപ്പുള്ള പട്ടണങ്ങളോടുകൂടിയ കനാൻ നാടിനെ അവകാശമാക്കികൊടുത്തുകൊണ്ടുമാണ് നിറവേറ്റിയത്. ഇതു യാതൊരു മാനുഷീക ശക്തിക്കും ചെയ്യാവുന്നതായിരുന്നില്ല (റോമ. 4).

### പ്രധാന വ്യക്തികൾ:

യോശുവാ, രാഹാബ്, കാലേബ്

### യോശുവായുടെ പുസ്തകത്തിൽ ക്രിസ്തു.

ഈ പുസ്തകത്തിലും നേരിട്ടുള്ള പ്രവചന ഭാഗങ്ങൾ ഇല്ലങ്കിലും നിഴലുകളും പ്രതിരൂപങ്ങളും ഉണ്ട്. രണ്ടു പ്രധാന രീതിയിൽ യോശുവാതന്നെ ക്രിസ്തുവിനു നിഴലാണ്. ഒന്നാമത് പേര്: യഹോശുവാ എന്നാൽ "യഹോവ രക്ഷയാകുന്നു" എന്നാണ് ഇതിനു തുല്യമായ ഗ്രീക്കു പേരാണ് 'യേശു' എന്നത്. അപ്പൊ. പ്ര. 7:45–ൽ യോശുവായെ യേശു എന്നു വിളിച്ചിരിക്കുന്നു. രണ്ടാമതു, യോശുവായുടെ പ്രവർത്തിയാൽ വാഗ്ദത്തനാട്ടിൽ ഇസ്രയേലിനു ലഭിച്ച 'വിശ്രമം' നിഴലായി നില്ക്കുന്നു (എസ്രാ. 4:8), യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെ തേജസ്സിലേക്കു നയിക്കുന്ന പ്രവർത്തിയുടെ (എബ്രാ. 2:9,10) നിഴലാണ് യോശുവയിൽ ദർശിക്കുന്നത്. യോശുവാ യഹോവയുടെ സൈന്യത്തിന്റെ അധിപനുമായി കണ്ടുമുട്ടുന്നതായി 5:13–15–വരെ വായിക്കുന്നു. ഇതു യേശുവിന്റെ മനുഷ്യാവതാരത്തിനു മുമ്പുള്ള ഒരവസ്ഥയായി കാണാം. ഇതിന് "ക്രിസ്റ്റോഫനി" എന്നാണ് പറയുന്നത്. യോശുവയുടെ വിഷമസന്ധിയിൽ അവനെ ഉപദേശിക്കുവാനും ദൈവത്തിന്റെ യുദ്ധം നയിക്കുവാനുമായിട്ടായിരുന്നു ആ പ്രത്യക്ഷത.

ഒടുവിലായി രാഹാബിന്റെ ചുവന്നചരടു (2:21) യേശു ക്രിസ്തുവിന്റെ രക്തത്താൽ നമുക്കു ലഭിക്കുന്ന രക്ഷയ്ക്കു നിഴലായി നില്ക്കുന്നു (എബ്രായർ 9:19-22). രാഹാബ് എന്ന ജാതീയ സ്ത്രീ യഹോവയുടെ വൻകാര്യങ്ങളെക്കുറിച്ചു കേൾക്കുകയും, വിശ്വസിക്കുകയും ചെയ്തതിനാലാണ് ഒറ്റുകാരെ ഒളിപ്പിച്ചതും, യെരിഹോ നശിപ്പിക്കപ്പെട്ടപ്പോൾ കുടുംബത്തോടുകൂടെ രക്ഷപ്രാപിക്കുകയും ചെയ്തത്. മാത്രമല്ല ക്രിസ്തുവിന്റെ തലമുറയിൽ അവൾക്കും സ്ഥാനം ലഭിക്കുകയും ചെയ്തു (മത്താ. 1:5).

### ബാഹ്യരേഖ:

**1. കനാനുവേണ്ടിയുള്ള ആക്രമണം (1:1-5:12)**

- A യോശുവായെ അധികാരപ്പെടുത്തുന്നു (1:1-9)
- B യോശുവാ ജനത്തോടു കല്പിക്കുന്നു, അവരുടെ പ്രതികരണം (1:10-18)
- C യെരീഹോയുടെ പരാജയവും വീഴ്ചയും (2:1-24)
- D യോർദ്ദാന്റെ വിഭജനം (3:1-17)
- E യോർദ്ദാൻ കടന്നതിന്റെ സ്മരണ കൊണ്ടാടുന്നു. (4:1-24)
- F ജനങ്ങളുടെ സമർപ്പണം (5:1-12)

**2. കനാന്റെമേലുള്ള വിജയം (5:13-12:24)**

- A വിജയത്തിനായുള്ള വ്യവസ്ഥ: ഒരു ദൈവീക കമാൻഡർ (5:13-15)
- B മദ്ധ്യഭാഗത്ത് പാളയം അടിക്കുന്നു. (6:1-8:35)
- C തെക്കേദേശത്തെ പാളയം (9:1-10:43)
- D വടക്കേഭാഗത്തെ പാളയം (11:1-15)
- E വിജയങ്ങളുടെ പുനരവലോകനം (11:16-12:24)

**3. കനാന്റെ വിഭജനം (13:1-21:45)**

- A രണ്ടര ഗോത്രങ്ങളുടെ അവകാശം (13:1-33)
- B കാലേബിന്റെ അവകാശം (14:1-15)
- C ഒൻപതര ഗോത്രങ്ങളുടെ അവകാശം (15:1-19:48)
- D യോശുവയ്ക്കുള്ള അവകാശം (19:49-51)
- E സങ്കേത പട്ടണങ്ങൾ (20:1-9)
- F ലേവ്യരുടെ പട്ടണങ്ങൾ (21:1-45)

**4. പര്യവസാനം (22:1-24:33)**

- A യാഗപീഠത്തെക്കുറിച്ചുള്ള വാദം (22:1-34)
- B യോശുവയുടെ അവസാന പ്രസംഗം (23:1-24:28)
- C യോശുവയുടെ മരണം (24:29-33).

# ന്യായാധിപന്മാർ

## (തുടർച്ചയായ പിന്മാറ്റവും, ന്യായവിധിയും, വിടുതലും)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

ശമുവേൽ ആണ് ഈ പുസ്തകം എഴുതിയതെന്നാണ് പാരമ്പര്യം എന്നാൽ യഥാർത്ഥത്തിൽ എഴുത്തുകാരൻ ആരെന്ന് വ്യക്തമല്ല. ശമുവേൽ തീർച്ചയായും ന്യായാധിപന്മാരുടെ കാലത്തെ കൂടുതൽ കാര്യങ്ങൾ ശേഖരിച്ചിരിക്കണം, അവയെ കൂട്ടിച്ചേർത്ത് ഒന്നാക്കിയത് നാഥാൻ, ഗാദ് തുടങ്ങിയ പ്രവാചകന്മാർ ആയിരിക്കണം (1 ദിന. 29:29).

എബ്രായ ഭാഷയിൽ പുസ്തകത്തിന് 'ഷോഫേറ്റിം' എന്നാണ് പേര്. "ന്യായാധിപന്മാർ" "ഭരണകർത്താക്കൾ," "വിടുവിക്കുന്നവർ", "രക്ഷകന്മാർ" എന്നെല്ലാമാണ് അർത്ഥം. ഷോഫെറ്റ് എന്നാൽ വിവാദങ്ങൾ അവസാനിപ്പിച്ച്

നീതി നടത്തുക എന്നതിനൊപ്പം "സ്വാതന്ത്ര്യവും വീണ്ടെടുപ്പും" നല്കുക എന്ന അർത്ഥം കൂടെയുണ്ട്. ന്യായാധിപന്മാർ ഒന്നാമത് ജനത്തിനു വിടുതൽ അഥവാ സാതന്ത്ര്യം വരുത്തുകയും അതിനുശേഷം അവർക്കു നീതിയും ന്യായവും നടത്തി ഭരിക്കുകയും ആണു ചെയ്തത്. 4

യിസ്രായേലിനെ അവരുടെ ശത്രുക്കളിൽനിന്നു രക്ഷിപ്പാനായി ദൈവം എഴുന്നേല്പിച്ച നിരവധി നേതാക്കന്മാരിൽനിന്നാണ് ന്യായാധിപന്മാർ എന്ന പേരു പുസ്തകത്തിനു ലഭിച്ചത്. 2:16-ൽ ഇതു വ്യക്തമാക്കിയിട്ടുണ്ട്: ***"എന്നാൽ യഹോവ ന്യായാധിപന്മാരെ എഴുന്നേല്പിച്ചു; അവർ കവർച്ചക്കാരുടെ കയ്യിൽനിന്ന് അവരെ രക്ഷിച്ചു."*** എന്തായാലും പൂർണ്ണ അർത്ഥത്തിൽ യഹോവ തന്നെ ആയിരുന്നു അവരുടെ രക്ഷകനും ന്യായാധിപതിയും. ഇസ്രയേലിന്റെ തുടർച്ചയായ പിൻമാറ്റത്തെയും അനുസരണക്കേടുംമൂലം അവരെ ശത്രുക്കളുടെ കൈയിൽ ഏല്പിച്ചുകൊടുത്തെങ്കിലും അവർ അനുതപിക്കുകയും വിടുതലിനായി നിലവിളിക്കുകയും ചെയ്തപ്പോൾ അവരെ മോചിപ്പിക്കുവാൻ യഹോവ തന്നെ ന്യായാധിപന്മാരെ എഴുന്നേല്പിക്കുകയായിരുന്നു (cf. 11:27, 8:23).

## എഴുതിയകാലം

1050 – 1000 B.C.

## വിഷയവും ഉദ്ദേശവും:

യോശുവയുടെയും ന്യായാധിപന്മാരുടെയും പുസ്തകങ്ങൾ തമ്മിൽ വലിയ വ്യത്യാസങ്ങൾ കാണാവുന്നതാണ്. അത്ഭുതകരവും, വിസ്മയനീയവുമായ വിജയത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും, മുന്നേറ്റത്തിന്റെയും ചരിത്രമാണ് യോശുവയിൽ കാണുന്നതെങ്കിൽ പരാജയത്തിന്റെയും, അതിവേദനയുടെയും, പീഢനങ്ങളുടെയും, പിന്മാറ്റത്തിന്റെയും ചരിത്രമാണ് ന്യായാധിപന്മാരിൽ വായിക്കുന്നത്.

**ചരിത്രപരമായി,** യോശുവയുടെ കാലവും ശമുവേൽ പ്രവാചകന്റെയും ഇസ്രയേലിലെ രാജഭരണ കാലാരംഭവും (ശൗൽ, ദാവീദ്) തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ് ന്യായാധിപന്മാരുടെ പുസ്തകം. തുടർച്ചയായ പിൻമാറ്റത്തിന്റെയും, അധപതനത്തിന്റെയും, പ്രാർത്ഥനയുടെയും വിടുതലിന്റെയും ചരിത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റൊരു പ്രകാരത്തിൽ ഇസ്രയേലിൽ രാജഭരണം ആരംഭിക്കേണ്ടതിന്റെ ആവശ്യവും, കാരണങ്ങളും വിശദീകരിക്കയാണ് ഈ പുസ്തകം ചെയ്യുന്നത്. അക്കാലത്ത് ഓരോരുത്തർ അവർക്കു ബോധിച്ചതുപോലെ ജീവിച്ചിരുന്നു. (21:25) രാഷ്ട്രത്തിനു നീതിമാനായ ഒരു രാജാവിന്റെ ആവശ്യം നേരിട്ടു.

**ഉപദേശപരമായി,** ഈ പുസ്തകം നമ്മെ ചില സത്യങ്ങളിലേക്കാണ് ആകർഷിക്കുന്നത്. ആവർത്തനപുസ്തകത്തിൽ ദൈവം കൊടുത്ത മുന്നറിവിൻ പ്രകാരം അനുസരണം അനുഗ്രഹത്തെ നല്കുമ്പോൾ അനുസരണക്കേട് ശിക്ഷണവും പീഢനവും നല്കിയെന്നു കാണാം. അതേസമയം തന്നെ തെറ്റുകളെ മനസ്സിലാക്കി അനുസരിക്കുകയും, മോചനത്തിനായി ദൈവത്തിങ്കലേക്കു തിരിഞ്ഞു പ്രാർത്ഥിക്കുകയും ചെയ്തവരെ ദീർഘക്ഷമയും മഹാഭയവും, മനസ്സലിവുമുള്ളവനായ ദൈവം വിടുവിച്ച് രക്ഷിക്കുന്നതായും പ്രസ്താവിച്ചിരിക്കുന്നു. ദൈവം കാലാകാലങ്ങളിൽ എഴുന്നേല്പിച്ച ന്യായാധിപന്മാരെക്കൊണ്ടാണ് തന്റെ ഉദ്ദേശം നിവൃത്തിച്ചത്.

## പ്രധാനവ്യക്തികൾ:

ന്യായാധിപന്മാരായ ഒത്നിയേൽ, ഏഹൂദ്, ദബോരയും ബാരാക്കും, ഗിദയോൻ, തോലയും യാഷീറും, യിപ്താഹ്, ഇബ്സാൻ, ഏലോനും അബ്ദോനും ശിമോനും. പ്രസിദ്ധരായവർ ദബോര, ഗിദയോൻ ശിംശോൻ തുടങ്ങിയവരാണ്.

## ന്യായാധിപന്മാരിൽ ക്രിസ്തു:

വിടുവിക്കുന്നവനും, രക്ഷകനും യേശുക്രിസ്തുവാണ്. നീതിയോടെ വാസ്തവത്തിൽ ഭരണം നടത്തുന്ന ന്യായാധിപതിയുമൊത്ത് ഓരോ ന്യായാധിപന്മാരുടെ പ്രവർത്തിയും വെളിപ്പെടുത്തുന്നു.

## ബാഹ്യരേഖ:

### 1. അധോഗതി – ഒരു മുഖവുര, ന്യായാധിപന്മാരുടെ കാലത്തിനു കാരണങ്ങൾ (1:1–3:6)

A രാഷ്ട്രനിലവാരം (1:1–36)
B ആത്മീയ നിലവാരം (2:1–3:6)

**2. വിടുതൽ – ന്യായാധിപന്മാരുടെ ഭരണകാല ചരിത്രം. (3:7–16:31)**

A മെസ്സോപൊത്താമിയരാലുള്ള പീഡനവും ഒത്നിയേലിനാലുള്ള വിടുതലും (3:7–11)
B മോവാബ്യരാലുള്ള പീഢനവും ഏഹൂദിൽ കൂടെയുള്ള വിടുതലും (3:12–30)
C ഫെലിസ്ത്യരുടെമേലുള്ള ശംഗറിന്റെ വിജയം (3:31)
D കനാന്യരുടെ ഉപദ്രവവും, ദബോരയും ബാരാക്കുംകൂടി വിടുവിക്കുന്നതും (4:1–5:31)
E മിദ്യാന്യരുടെ പീഢനത്തിൽനിന്നു ഗിദയോനാലുള്ള വിടുതൽ (6:1–8:35)
F അബീമേലേക്കിന്റെ സ്വേച്ഛാധിപത്യം (9:1–57)
G തോലയുടെ ന്യായാധിപത്വം (10:1–2)
H യായീരിന്റെ ന്യായാധിപത്വം (10:3–5)
I അമ്മോന്യരുടെ പീഢനത്തിൽനിന്നു യിപ്താഹിനാലുള്ള വിടുതൽ. (10:6–12:7)
J ഇബ്സാന്റെ ന്യായാധിപത്വം (12:8–10)
K ഏലോന്റെ ന്യായാധിപത്വം (12:11,12)
L അബ്ദോന്റെ ന്യായാധിപത്വം (12:13–15)
M ഫെലിസ്ത്യരുടെ ആക്രമണത്തിൽനിന്നു വിടുവിക്കുവാൻ ശിംശോൻ വഹിച്ച പങ്ക് (13:1–16:31)

**3. ദുഷ്ടത – അധാർമ്മികത്വം, അരാജകത്വം, ന്യായാധിപന്മാരുടെ കാലത്തെ വിനാശങ്ങൾ (17:1–21:25)**

A മീഖയാവും ദാൻ ഗോത്രക്കാരുടെ കുടിയേറ്റവും (17:1–18:31)
B. ബെന്യാമീരുമായുള്ള യുദ്ധം (19:1–21:25).

# രൂത്ത്
# (ന്യായാധിപന്മാരുടെ പുസ്തകത്തിനൊരു ആനുബന്ധം)

## പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

ന്യായാധിപന്മാരുടെ പുസ്തകത്തിന്റെ കാര്യത്തിലെന്നപോലെ ഇതിന്റെയും എഴുത്തുകാരൻ ആരെന്നു നിശ്ചയമില്ല. യഹൂദന്മാരുടെ പാരമ്പര്യപ്രകാരം ശമുവേൽ ആണ് ഗ്രന്ഥകാരൻ.

ഈ പുസ്തകത്തിലെ പ്രധാന വ്യക്തിയായ മോവാബുകാരിയായ രൂത്തിൽനിന്നാണ് പുസ്തകത്തിന് ഈ പേര് ലഭിച്ചത്. ദാവീദിന്റെ വലിയ വലിയമ്മ എന്ന പദവികൂടാതെ രക്ഷിതാവായ യേശുവിന്റെ തലമുറയിലും അവൾ സ്ഥാനം പിടിച്ചെടുത്തു (മത്താ. 1:5). ഇതുപോലെ സ്ത്രീയുടെ പേരോടുകൂടിയ ബൈബിളിലെ മറ്റൊരു പുസ്തകം എസ്ഥേർ ആണ്.

## എഴുതിയ കാലം:

1050 B.C.

## വിഷയവും ഉദ്ദേശവും:

ഇസ്രയേലിൽ മഹാക്ഷാമം വന്നപ്പോൾ മോവാബുദേശത്തേയ്ക്കു ഇറങ്ങിപ്പോയ ഒരു കുടുംബത്തിന്റെ ചരിത്രമാണ് പുസ്തകത്തിലെ വിഷയം. അവർ ചെന്ന ദേശത്തുവച്ച് ഭർത്താവും (എലിമേലക്) രണ്ടു ആൺമക്കളും (മഹളോൻ, കില്ല്യോൻ) മരിക്കുകയും ഭാര്യ (നവോമി)യും രണ്ടു മരുമക്കളും (ഓർപ്പ, രൂത്ത്) മാത്രം അവശേഷിക്കുകയും ചെയ്തു. തുടർന്ന് സ്വന്തദേശത്തേക്കു മടങ്ങിപ്പോകുവാൻ തീരുമാനിച്ച നവോമിയോടു കൂടെ രൂത്തു മാത്രം പോന്നു. ഒരിക്കൽ ഇസ്രയേൽ ദേശത്തുവച്ചു അവരുടെ അടുത്ത ചാർച്ചക്കാരനായ ബോവസ്സിനെ കണ്ടുമുട്ടുകയും സഹായ അഭ്യർത്ഥന നടത്തുകയും ചെയ്തതിന്റെ ഫലമായി ബോവസ്സ് രൂത്തിനെ വിവാഹം ചെയ്തു.

ന്യായാധിപന്മാരുടെ അന്ധകാര കാലഘട്ടത്തിന്റെ മദ്ധ്യത്തിൽ അതിശോഭയോടെ പ്രകാശിക്കുന്ന വിലയേറിയ ഒരു മുത്ത് ആയിരുന്നു രൂത്ത്. അരാജകത്വവും, സ്വാർത്ഥതയും, ദുരാചാരവും കൊടികുത്തിവാണിരിക്കുമ്പോൾ അതിന്റെ നടുവിൽ വിശ്വസ്തതയേയും, വിശുദ്ധിയേയും, നിർമ്മലസ്നേഹത്തെയും വെളിപ്പെടുത്തുന്നതാണ് രൂത്തിന്റെ കഥ. സ്വധർമ്മ പരിത്യാഗത്തിന്റെ മദ്ധ്യത്തിൽ വിശ്വാസവും അനുസരണവും അസന്നിഗ്ദ്ധമായി ഇതിൽ പ്രസ്താവിച്ചിരിക്കുന്നു എന്നുമാത്രമല്ല. അവിശ്വാസവും അനുസരണവുംമൂലം ലഭിക്കുന്ന അനുഗ്രഹത്തെക്കുറിച്ചും വെളിപ്പെടുത്തിയിരിക്കുന്നു. മറ്റൊരു പ്രധാന വിഷയം വീണ്ടെടുപ്പുകാരനെക്കുറിച്ചുള്ളതാണ്. ധാർമ്മികതയും സാന്മാർഗ്ഗികത്വും വേരറ്റുകൊണ്ടിരിക്കുമ്പോഴാണ് വിശ്വസ്തനായി തന്റെ കടമ നിറവേറ്റുവാൻ ബോവസ്സ് തയ്യാറായത്. അങ്ങനെ ദൈവിവിശ്വാസത്തിലും പ്രമാണത്തിലും അടിയുറച്ചു നിന്നുകൊണ്ട് ലോക ജനതയുടെ ഏക പ്രത്യാശയായ മശിഹാ എന്ന വീണ്ടെടുപ്പുകാരന്റെ നിഴലായി ബോവസ്സു തീർന്നു. അത്ഭുതകരമായ മറ്റൊരു ഉദ്ദേശംകൂടി ഈ പുസ്തകം വെളിപ്പെടുത്തുന്നുണ്ട്, അത് ദൈവം ജാതികളെകൂടെ തന്റെ ഭവനത്തിലെ അംഗങ്ങളാക്കിതീർക്കുന്നു എന്നതാണ്. ഇതിന് നല്ലൊരു മാതൃകയാണ് ജാതീയ സ്ത്രീ ആയ രൂത്ത് ഇസ്രയേൽക്കാരന്റെ ഭാര്യയും അവകാശിയും ആയിതീരുന്നത്.

തിരഞ്ഞെടുക്കപ്പെട്ട ജനതയായ ഇസ്രയേലിനാൽ വെളിപ്പെടേണ്ടിയിരുന്ന ദൈവ സ്നേഹം ഒരു മോവാബ്യസ്ത്രീയിൽകൂടെയാണ് വെളിപ്പെട്ടത് എന്ന കാര്യം എത്രയോ വിസ്മയനീയമാണ്. എന്നാൽ ഇതു സംഭവിച്ചത് ആരുമില്ലാത്തവളായിതീർന്ന നവോമി എന്ന അമ്മാവിയമ്മയോടു കാണിച്ച വിശ്വസ്തതയും ഇസ്രയേല്യനായ ബോവസ്സുമായി നടത്തിയ വിവാഹത്തിലൂടെയുമാണ്, അങ്ങനെ അവൾ മറ്റേതൊരു ഇസ്രയേൽക്കാരിയേയുംപോലെ എണ്ണപ്പെടുകയും ദാവീദിന്റെ വല്യമ്മ എന്ന പദവിയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ഇതിൽക്കൂടെ വിലയേറിയ ഒരു സത്യം കൂടെ വെളിവാക്കുന്നുണ്ട്: ഒരാൾ ദൈവ കുടുംബത്തിലേക്കോ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു ഭരണം നടത്താൻ പോകുന്ന മശിഹായുടെ രാജ്യത്തിലേക്കോ പ്രവേശിക്കുന്നത് രക്തത്താലോ, ജനനത്താലോ അല്ല മറിച്ച് "വിശ്വാസത്തിൽ നിന്നുളവാകുന്ന അനുസരണത്താലും ദൈവഹിതത്തിനു സ്വയം വിധേയപ്പെടുത്തുന്നതിലൂടെയുമാണ്" (റോമ. 1:5). ആകയാൽ ദാവീദിന്റെ പൂർവ്വീകരുടെ നിലയിലേക്കു രൂത്തിനു ലഭിച്ച അവകാശം മനുഷ്യവംശത്തിനു മുഴുവൻ യേശുക്രിസ്തുവിന്റെ രാജ്യത്തിലേക്കുള്ള പ്രവേശനത്തിനുള്ള മാതൃക കൂടിയാണ്. 5

## പ്രധാന വ്യക്തികൾ

രൂത്ത്, നവോമി, ബോവസ്സ്

## രൂത്തിന്റെ പുസ്തകത്തിൽ ക്രിസ്തു:

പഴയനിയമത്തിൽ ഒരാളോ, ഒരു സ്ഥലമോ വില്ക്കപ്പെടുകയോ, അന്യരുടെ അധീനതയിൽ ആയിപ്പോകയോ ചെയ്താൽ അതിനെ വീണ്ടെടുക്കുവാൻ ചാർച്ചക്കാരന് അവകാശമുണ്ടായിരുന്നു. ഇങ്ങനെ വീണ്ടെടുക്കുന്ന ആളിനെ 'വീണ്ടെടുപ്പുകാരനായ ചാർച്ചക്കാരൻ (Kinsman Redeemer) എന്നു പറയുന്നു. എബ്രായ ഭാഷയിൽ ഇതിന് ഗോയേൽ (GOEL) എന്നാണ്. അതിന്റെ അർത്ഥം. 'അടുത്ത ബന്ധു' അഥവാ ചാർച്ചക്കാരൻ എന്നാണ്. ഇത് യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പു വേലയുടെ ഒരു യഥാർത്ഥ ദൃഷ്ടാന്തമാണ്.

ഗോയേൽ എന്നാൽ 'രക്തബന്ധത്തിൽപെട്ട ആളി'നെയാണു കാണിക്കുന്നത് (ആവ.25:5,7-10; യോഹ1:14; റോമ.1:3 ഫിലി. 2:5-8; എബ്രാ. 2:14-15), ആ ആൾ വീണ്ടെടുപ്പു വില പൂർണ്ണമായി കൊടുക്കുവാൻ മതിയായവനായിരുന്നു (2:1 Cf 1 പത്രൊ. 1:18-19), അതുപോലെ വീണ്ടെടുക്കുവാനുള്ള മനസ്സുണ്ടായിരിക്കണം. 3:11 Cf മത്താ. 20:28; യോഹ. 10:15,19; എബ്രാ. 10:7), മാത്രവുമല്ല, അദ്ദേഹംതന്നെ സ്വതന്ത്രനായിരിക്കണം - പാപമില്ലാത്തവനായ യേശുക്രിസ്തുവിൽ ഇതെല്ലാം സംയോജിക്കപ്പെട്ടിരിക്കുന്നു (2 കൊരി. 5:21; 1 പത്രൊ. 2:22; 1 യോഹ. 3:5).

### ബാഹ്യരേഖ:

1. **രൂത്തിന്റെ ദൃഢനിശ്ചയവും മടങ്ങിവരവും 1:1-22**
   - A അവളുടെ പിൽകാല ചരിത്രം (1:1-5)
   - B അവളുടെ തിരഞ്ഞെടുപ്പ് (1:6-18)
   - C അവൾ ബേത്ലഹേമിൽ എത്തിച്ചേരുന്നു. (1:19-22)

## 2 രൂത്തിന്റെ അവകാശം (2:1-23)
- A കതിർപെറുക്കുന്നതിനുള്ളത് (2:1-3)
- B പെറുക്കിയതിന്റെ ഫലം (2:4-17)
- C പെറുക്കിയതിനെക്കുറിച്ച് അവൾ നല്കിയ വിശദീകരണം (2:17-23)

## 3. രൂത്തിന്റെ അപേക്ഷ (3:1-18)
- A നവോമിയുടെ ആലോചന (3:1-4)
- B രൂത്തിന്റെ നിർവ്വഹണം (3:5-9)
- C ബോവസ്സിന്റെ സമ്മതം (3:10-18)

## 4. രൂത്തിന്റെ പ്രതിഫലം (4:1-22)
- A ഒരു ഭർത്താവ് (4:1-12)
- B ഒരു പുത്രൻ (4:13-17)
- C ഒരു തലമുറ (4:18-22).

# 1 ശമുവേൽ
# (ന്യായാധിപന്മാരിൽ നിന്ന് രാജഭരണത്തിലേക്ക്)

## പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

ശമുവേൽ ഒന്നും രണ്ടും പുസ്തകങ്ങൾ ആരാണ് എഴുതിയതെന്നു നിശ്ചയമില്ല. യഹൂദന്മാരുടെ പാരമ്പര്യമാകുന്ന തൽമൂദിൻപ്രകാരം ശമുവേൽതന്നെയാണ് എഴുത്തുകാരൻ. പ്രവാചകനായ ശമുവേലിന്റെ പേരുതന്നെ നല്കിയതും തെളിവാണ്. എങ്കിലും 1 ശമു. 25-ൽ അവന്റെ മരണം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ താൻ ഒരു ഭാഗം മാത്രമേ എഴുതിയിട്ടുള്ളു എന്നു മനസ്സിലാക്കാം. 1 ശമു. 10:25-ൽ പ്രകാരം ശമുവേൽ എഴുതി എന്നു ചിന്തിച്ചാലും 1 ദിന 29:29-ൻ പ്രകാരം നാഥാനും ഗാദും ചേർന്നാണ് ഈ പുസ്തകത്തിലെ സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതെന്നു മനസ്സിലാക്കാം.

എബ്രായ ബൈബിളിൽ രണ്ടു പുസ്തകങ്ങളും ഒന്നായിട്ടാണ് നല്കിയിരിക്കുന്നത്. ഇസ്രയേലിൽ രാജവാഴ്ച ആരംഭിച്ചകാലത്തെയും, രാജാക്കന്മാരെയും കുറിച്ചുള്ള ചരിത്രമാണ് രണ്ടിലും കാണുന്നത്. ഒന്നാം പുസ്തകത്തിൽ ഒന്നാമത്തെ രാജാവായ ശൗലിനെക്കുറിച്ചാണെങ്കിൽ രണ്ടാം പുസ്തകത്തിൽ തുടർന്നു ഭരണം നടത്തിയ ദാവീദിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

ഒരു പുസ്തകമായിരുന്ന ഇതിനെ രണ്ടായി തിരിച്ചത് ഗ്രീക്കു പരിഭാഷയായ സെപ്റ്റുജിന്റിലേക്കു മൊഴിമാറ്റം നടത്തിയവരാണ്. പിന്നീട് ലത്തീനിലേക്കു (ലത്തീൻവൾഗേറ്റ്) പരിഭാഷ തുടങ്ങിയ ജറോമും അതു അനുകരിക്കുകയായിരുന്നു. അങ്ങനെതന്നെ പിന്നീടു വന്ന പരിഭാഷക്കാരെല്ലാം ചെയ്യുകയും ഒരു പുസ്തകം രണ്ടായിതീരുകയും ചെയ്തു.

## എഴുതിയ കാലം:

1010 B.C. (അതിനുശേഷമോ ആകാം)

## വിഷയവും ഉദ്ദേശവും:

ശമുവേലിൽ ഒന്നാം പുസ്തകം ആരംഭിക്കുന്നത് ശമുവേൽ എന്ന വലിയ മനുഷ്യന്റെ അത്ഭുത ജനതയും ദേവാലയത്തിലെ വളർച്ചയും പരിശീലനവും തുടങ്ങി അവൻ വളർന്ന് പ്രവാചകനും, പുരോഹിതനും, അവസാനത്തെ ന്യായാധിപതിയും ആയി ഇസ്രയേൽ ജനതയെ ഭരിക്കുന്ന വൃത്താന്തത്തോടു കൂടിയാണ്. ദൈവീക മാർഗ്ഗത്തിൽ നന്നു വ്യതിചലിച്ചുപോയ ജനതയെ മടക്കി വരുത്തുവാൻ അവനു കഴിഞ്ഞു. അവൾക്കു ചുറ്റുപാടുമുള്ള രാഷ്ട്രങ്ങൾക്കുള്ളതുപോലെ ഒരു രാജാവിനെ വേണമെന്ന് ആവശ്യം ഉയർന്നപ്പോൾ ശൗൽ എന്ന വ്യക്തിയെ

അതിനായി വേർതിരിച്ചു അഭിഷേകം ചെയ്തു. എന്നാൽ ശൗൽ അനുസരണം കെട്ടവനായപ്പോൾ ദൈവത്തിന്റെ ആലോചനപ്രകാരം ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദിനെ ഇസ്രയേലിനു രാജാവായി അഭിഷേഷം ചെയ്യേണ്ടിവന്നു. പുസ്തകത്തിന്റെ തുടർന്നുള്ള ഭാഗങ്ങൾ അസൂയാലുവും വഴിതെറ്റിയവനുമായ ശൗലിന്റെയും നല്ലവനായ ദാവീദിന്റെയും ചരിത്രങ്ങളാണ്.

ന്യായാധിപന്മാരുടെ പുസ്തകം ശിംശോന്റെ ചരിത്രത്തോടെ അവസാനിക്കുന്നു. (ന്യായാ. 16:31) തുടർന്നു ഇസ്രയേൽ ജനതയ്ക്കു തക്കതായ നേതൃത്വം ഇല്ലാതായി. അവർക്ക് സ്ഥിരമായ ഒരു ഭരണകർത്താവിനെ നല്കുന്നതിനും യഹോവയെ വിട്ടു തങ്ങൾക്കു ബോധിച്ച പ്രകാരം (ന്യായാ. 17:6; 21:25) നടന്ന ജനതയെ യഹോവയുടെ നിയമത്തിൻ കീഴിൽ കൊണ്ടുവരാനുമായിട്ടാണ് ശമുവേലിനെ എഴുന്നേല്പിച്ചത്. അങ്ങനെ ന്യായാധിപന്മാരുടെ വാഴ്ചയിൽനിന്നു സ്ഥിരമായ ഒരു രാജഭരണത്തിൻകീഴിലേക്കു ഇസ്രയേൽ മാറ്റപ്പെട്ടെങ്കിലും അതോടൊപ്പം അവർ ദൈവഭരണത്തിൻനിന്നു മാനുഷീക ഭരണത്തിലേക്കു വഴുതി മാറുകയായിരുന്നു എന്ന കാര്യം ഗൗരവമായി കണ്ടില്ല. 1 ശമു. 8:7-ൽ അതു വ്യക്തമാക്കിയിരിക്കുന്നു: ***"ജനം നിന്നോടു പറയുന്ന സകലത്തിലും അവരുടെ അപേക്ഷ കേൾക്ക; അവർ നിന്നെയല്ല ഞാൻ അവരെ ഭരിക്കാതെവണ്ണം എന്നെയാകുന്നു ത്യജിച്ചിരിക്കുന്നത്."***

ഇസ്രയേൽ ജനതയ്ക്കു ഒരു രാജാവിനെ നല്കുവാൻ യഹോവ ആഗ്രഹിച്ചിരുന്നു (ഉല്പ. 49:10; ആവർത്തനം 17:14-20). പക്ഷേ അതുവരെ കാത്തിരിക്കുവാൻ അവർ തയാറാകാതെ അവരുടെ ഇഷ്ടപ്രകാരമുള്ള ഒരാളെ തിരഞ്ഞെടുക്കുകയായിരുന്നു. ***"അനുസരിക്കുന്നതു യാഗത്തേക്കാൾ നല്ലത്"*** (1 ശമു. 15:22) എന്ന പാഠം ഗ്രഹിക്കുവാൻ അനുസരണം കെട്ട ശൗലിനു കഴിയാതെ വന്നതിനാലാണ് യഹോവ അവനെ ത്യജിച്ചത്. മനസ്സിന്റെ താളം തെറ്റിയ ശൗൽ സകല മറയത്തരങ്ങളിലേക്കും അസന്മാർഗ്ഗീയതയിലേക്കും നിപതിച്ചു. എന്നാൽ ദാവീദിനെക്കുറിച്ചാകട്ടെ "**മനുഷ്യർ കാണുന്നതുപോലെയല്ല യഹോവ കാണുന്നത്**'' (1 ശമു. 16:7) എന്നു പറഞ്ഞു തിരഞ്ഞെടുക്കുകയും യഹോവയിലുള്ള ആശ്രയവും അവനോടുള്ള അനുസരണത്താലും സ്ഥിരമായ ഒരു രാജവംശത്തെ നല്കുകയും ആ സിംഹാസനം പരിജ്ഞാനത്താൽ നിലനിൽക്കുകയും ചെയ്തു. 6

അങ്ങനെ ചരിത്രപരമായി പറഞ്ഞാൽ ദാവീദിന്റെ രാജവംശത്തിന്റെ ആരംഭത്തിന്റെയും വളർച്ചയുടെയും മഹത്വത്തിന്റെയും വർണ്ണനയാണ് ഈ പുസ്തകത്തിൽ മുഴുവനായും രേഖപ്പെടുത്തിയിരിക്കുന്നത്.

### പ്രധാന വ്യക്തികൾ:

പ്രവാചകനായ ശമുവേൽ, അനുസരണം കെട്ട ശൗൽ, ഇടയനായ ദാവീദ്

## ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ ക്രിസ്തു:

യേശുക്രിസ്തുവിൽ ഉണ്ടായിരിക്കേണ്ട പ്രവാചകൻ, പുരോഹിതൻ രാജാവ് എന്നീ പദവികൾ ശമുവേലിൽ നാം കാണുന്നു. ശമുവേൽ രാജാവല്ലായിരുന്നെങ്കിലും ന്യായാധിപനായിരുന്നു. അങ്ങനെ യേശുവിന്റെ നിഴലായി അവനെ കാണുന്നു.

മശിഹാ എന്നതിന് "അഭിഷിക്തൻ" എന്നാണർത്ഥം. വേദപുസ്തകത്തിൽ ഈ പദം ഉപയോഗിച്ചിരിക്കുന്ന ആദ്യ പുസ്തകം ഒന്നു ശമുവേൽ ആകുന്നു (2:10). യേശുക്രിസ്തുവിനെക്കുറിച്ചുള്ള ചില പ്രാഥമിക കാര്യങ്ങൾ ദാവീദിൽ കാണാം. ബേത്ലഹേമിൽ ജനിക്കുന്നത്, ഇടയ സേവ ചെയ്യുന്നത്, ഇസ്രയേലിനെ ഭരിക്കുന്നത് ആദിയായവ. യേശുക്രിസ്തുവിന്റെ പൂർവ്വീകനായി ദാവീദു തീർന്നതിനാൽ അവന്റെ സന്തതിക്കു വാഗ്ദത്തം ചെയ്ത സിംഹാസനത്തിൽ വാണരുളുവാനുള്ള യോഗ്യതയും ഇപ്രകാരം യേശുവിനു ലഭ്യമായി. പുതിയ നിയമത്തിൽ അതുകൊണ്ടാണ് ***"ജഡപ്രകാരം ദാവീദിന്റെ സന്തതി"*** (റോമ. 1:3) എന്നു പറഞ്ഞിരിക്കുന്നത്.

### ബാഹ്യരേഖ:

### 1. ശമുവേൽ എന്ന അവസാന ന്യായാധിപതി (1:1-8:22).

A ശമുവേലിന്റെ വിളി (1:1-3:21)
B ശമുവേലിനു ദൈവനിയോഗം (4:1-7:17)
C ശമുവേലിന്റെ കരുതലും വിചാരവും (8:1-22)

**2. ശൗൽ ഒന്നാമത്തെ രാജാവ് (9:1–15:35)**

- A ശൗലിന്റെ തിരഞ്ഞെടുപ്പ് (9:1–12:25)
- B ശൗലിനെ ത്യജിക്കുന്നു. (13:1–15:35)

**3 ദാവീദ്, രണ്ടാമത്തെ രാജാവ് (16:1–31:13)**

- A ഇടയനായ ദാവീദിന്റെ തിരഞ്ഞെടുപ്പും അഭിഷേകവും (16:1–23)
- B ദാവീദ് ഗോല്ല്യാത്തിനെ കൊല്ലുന്നു. ശൗലിന്റെ മുമ്പിൽ വലിയവനാകുന്നു (17:1–58)
- C ദാവീദ് യോനാഥാന്റെ സ്നേഹിതൻ എങ്കിലും ശൗലിനാൽ വെറുക്കപ്പെടുന്നു. (18:1–19:24)

**4. ശൗലിന്റെ നിരന്തരമായ വേട്ടയാടലിനാൽ അലഞ്ഞു നടക്കുന്ന ദാവീദ് (20:1–26:25)**

- A ദാവീദിന് യോനാഥാന്റെ സംരക്ഷണം (20:1–42)
- B ദാവീദിന് അഹീമേലേക്കിന്റെ സംരക്ഷണം (21:1–9)
- C ദാവീദിന് അഖീശിന്റെ സംരക്ഷണം (21:10–15)
- D ദാവീദും അവന്റെ സൈന്യവും (22:1–26:25)

**5. ഫെലിസ്ത്യരുടെ ദേശത്തു ദാവീദിനൊരു സങ്കേതം (27:1–31:13)**

- A ദാവീദ് ഫെലിസ്ത്യരെ സേവിക്കുന്നു (27:1–28:2)
- B എൻദോറിലെ വെളിച്ചപ്പാടത്തിയുമായി ശൗലിന്റെ അഭിമുഖം (28:3–25)
- C ഫെലിസ്ത്യർ ദാവീദിനെ പുറംതള്ളുന്നു (29:1–11)
- D ദാവീദ് അമാലേക്യരെ നശിപ്പിക്കുന്നു (30:1–31)
- E ഫെലിസ്ത്യരും ശൗലിന്റെ മരണവും (31:1–13)

# II ശമുവേൽ

## (ദാവീദിന്റെ ഭരണവും ദേശത്തിന്റെ വ്യാപ്തിയും)

### ഗ്രന്ഥകാരനും ഗ്രന്ഥത്തിന്റെ പേരും:

ആരംഭത്തിൽ ഒന്നും രണ്ടും ശമുവേലിന്റെ പുസ്തകം ഒന്നായിരുന്നതിനാലും പരിഭാഷക്കാർ വിഭജിച്ചതിനാലും പുസ്തകത്തിന്റെ പേരും ഗ്രന്ഥകാരനും എല്ലാം ഒന്നാം പുസ്തകത്തിൽ പറഞ്ഞതുപോലെ ശമുവേൽ തന്നെ.

### എഴുതിയ കാലം:

1010 B.C. (തുടർന്നും)

### വിഷയവും ഉദ്ദേശവും:

ശൗലിന്റെ മരണത്തെ തുടർന്നുണ്ടായ സംഭവവികാസങ്ങളും ഇസ്രയേലിന്റെ രാജാവായി ദാവീദ് രാജ്യഭാരം ഏല്ക്കുന്നതും അവന്റെ ഭരണകാല ചരിത്രവുമാണ് ശമുവേൽ രണ്ടാം പുസ്തകത്തിലെ പ്രതിപാദ്യവിഷയം. ദാവീദിന്റെ ഭരണകാലം 40 വർഷമായിരുന്നു. (5:4,5) നിരവധി പോരാട്ടങ്ങളും എന്നാൽ സംപൂർണ്ണവിജയവും നിറഞ്ഞതായിരുന്നു ആ ജീവിതകാലം. അപ്പോൾ തന്നെ ഉന്നതനായ ഈ മനുഷ്യൻ പാപത്തിനടിമപ്പെട്ട് വ്യഭിചാരവും, കുലപാതകവും നടത്തി കുടുംബത്തിനും രാഷ്ട്രത്തിനും തീരാകളങ്കം വരുത്തുകയും അനുതാപ പ്രക്രിയകളാൽ ആശ്വാസം പ്രാപിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നു. ജീവിതങ്ങളിൽ വിനാശം വിതച്ചുകൊണ്ടാണ് പാപം ജയോത്സവം കൊണ്ടാടുന്നത് എന്നതാണ് ഈ പുസ്തകത്തിന്റെ രത്ന ചുരുക്കം. ഇസ്രയേൽ സാമ്രാജ്യത്തിനു അടിസ്ഥാനമിട്ട ന്യായാധിപന്മാരുടെ കാലംമുതൽ ചിതറിക്കിടന്ന ജനതക്കു സ്ഥിരത നല്കിയതും ശൗൽ ആയിരുന്നെങ്കിലും സാമ്രാജ്യവികസനവും പ്രശസ്തിയും കൈവന്നത് ദാവീദിന്റെ കാലത്തായിരുന്നു. ശൗലിന്റെയും ദാവീദിന്റെയും ജയാപജയങ്ങളോടൊപ്പം അവരുടെ ജീവിതത്തിലെ നന്മതിന്മകളെയും തുറന്നു കാട്ടുന്നു എന്നത് വേദപുസ്തകത്തിലെ ഇതര ഗ്രന്ഥങ്ങളിൽനിന്ന് ശമുവേലിന്റെ പുസ്തകത്തെ വ്യത്യസ്ഥമാകുന്നു.

### പ്രധാന വ്യക്തികൾ:

ദാവീദ്, ബേർശേബ, നാഥാൻ, അബ്ശാലോം, യോവാബ്, അമ്മോൻ, അഹീതോഫേൽ.

### ശമുവേലിന്റെ പുസ്തകത്തിൽ ക്രിസ്തു:

ദാവീദിന്റെ ജീവിതത്തിലെ പാപാവസ്ഥയെ മാറ്റിവച്ചുനോക്കുമ്പോൾ ഇസ്രയേലിന്റെ ഉത്തമ രാജാവെന്ന നിലയിൽ അവൻ ക്രിസ്തുവിന് നിഴലായിരുന്നു. യേശുക്രിസ്തുവിൽ നിറവേറേണ്ടിയിരുന്ന സുസ്ഥിരമായ സിംഹാസനത്തെക്കുറിച്ചു ദൈവവും ദാവീദുമായി ചെയ്ത ഉടമ്പടി ഈ പുസ്തകത്തിലാണ് നാം വായിക്കുന്നത്.

### ബാഹ്യരേഖ:

**1. ദാവീദിന്റെ വിജയ കാഹളം (1-10)**
- A കിരീടധാരണം (1:1-5:6)
- B സാമ്രാജ്യത്തിന്റെ ഏകീകരണം (5:7-6:23)
- C സാമ്രാജ്യത്തെക്കുറിച്ചുള്ള ഉടമ്പടി (7:1-29)
- D രാജാവിന്റെ യുദ്ധങ്ങളും വിജയങ്ങളും (8:1-10:19)

**2. ദാവീദിന്റെ ലംഘനങ്ങൾ (11:1-27)**
- A രാജാവിന്റെ വ്യഭിചാരം (11:1-13)
- B രാജാവുമൂലം ഉണ്ടായ കുലപാതകം (11:14-27)

**3. രാജാവിന്റെ പ്രശ്നങ്ങൾ (12:1-24:25)**
- A കുടുംബത്തിന്റെ പ്രശ്നങ്ങൾ (12:1-13:36)
- B രാജ്യത്തിലെ പ്രശ്നങ്ങൾ (13:37-24:25).

# 1 രാജാക്കന്മാർ

## (ദാവീദിന്റെ മരണവും തുടർന്നുണ്ടായ അസ്ഥിരതകളും)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

എഴുത്തുകാരൻ ആരെന്നു നിശ്ചയമില്ല. യിരമ്യാവ് എഴുതി എന്നാണ് യഹൂദ വിശ്വാസം ഡോ: ചാൾസ് റീയറി എന്ന ആളുടെ അഭിപ്രായം നോക്കുക:

> "ഈ പുസ്തകത്തിന്റെ രചയിതാവ് ആരുതന്നെ ആയാലും അദ്ദേഹം ചരിത്ര വസ്തുതകളെ വേണ്ടവണ്ണം കൂട്ടിച്ചേർത്തിട്ടുണ്ട്. (11:49;145:19,29) സംഭവങ്ങളെ പരിശോധിച്ചാൽ ആ വ്യക്തി തീർച്ചയായും ബാബിലോന്യ അടിമത്തം അനുവിച്ചിരിക്കണം. നമുക്കയാൾ അറിയപ്പെടാത്തവനാണെങ്കിലും എസ്രാ, യെഹസ്കിയേൽ, യിരമ്യാവ് എന്നിവരിൽ ഒരാൾ ആയിരിക്കാം. യിരമ്യാവ് മിസ്രയിമിൽവച്ചാണ് മരിച്ചതെങ്കിലും 2 രാജാക്കന്മാരുടെ അവസാന അദ്ധ്യായം യിരമ്യാവ് എഴുതി എന്നത് വിശ്വസനീയമാണ്" (യിര. 43:6-7). 7

ഒന്നും രണ്ടും രാജാക്കന്മാർ ആരംഭത്തിൽ ഒറ്റപുസ്തകമായിരുന്നു. (ഉദാ. ശമുവേൽ; ദിനവൃത്താന്തങ്ങൾ) പൊതുവായി 'രാജാക്കന്മാർ' എന്നു പേരു നല്കുകയും ചെയ്തു. എബ്രായ പാരമ്പര്യത്തിൽ (Melechim) ഇങ്ങനെ വരുവാൻ കാരണം ശലോമോൻ മുതൽ ബാബിലോന്യ പ്രവാസം വരെയുള്ള ഇസ്രയേൽ രാജാക്കന്മാരുടെ പട്ടിക ഇതിൽ വരുന്നതിനാലാണ്. ഒന്നാം പുസ്തകം അവസാനിക്കുന്നതു അഹസ്യാവിന്റെ വാഴ്ചയുടെ ആരംഭത്തോടെയാണ്. (B. C.853).

### എഴുതിയ കാലം:

ഏകദേശം B. C. 550

യഹോയാഖീന്റെ ജയിലിൽനിന്നുള്ള മോചനം രേഖപ്പെടുത്തിക്കൊണ്ടാണ് രണ്ടാംപുസ്തകം അവസാനിക്കുന്നത്. ഇതു സംഭവിച്ചത് അവന്റെ തടവിന്റെ 37-ാം വർഷത്തിൽ ആയിരുന്നു. (B. C. 560) ആകയാൽ ഈ സംഭവകാല

ത്തിനു മുമ്പ് ഈ പുസ്തകം എഴുതിയിരുന്നില്ലായെന്നു വ്യക്തമാകുന്നു. ബാബിലോന്യ പ്രവാസത്തിൽനിന്നു മടങ്ങിവന്ന കാലത്ത് (516 B.C.) ആയിരിക്കണം ഇതെഴുതിയത്. എന്തായാലും B. C. 560-നും 516-നും മദ്ധ്യേ യിരമ്യാവിനാൽ എഴുതപ്പെട്ടു എന്നു വിശ്വസിക്കാവുന്നത്. 8

## വിഷയവും ഉദ്ദേശവും:

ദാവീദിന്റെ മരണശേഷം (അ. 1,2) അവന്റെ മകനായ ശലോമോൻ രാജാവായി (1-11). അവന്റെ ഭരണകാലത്ത് ഇസ്രയേൽ മഹത്വത്തിന്റെ കൊടുമുടിയിലെത്തി. അവന്റെ നിർമ്മാണ പ്രവർത്തികൾ പ്രത്യേകിച്ച് യഹോവയ്ക്കായുള്ള ദേവാലയം ജാതീയ സാമ്രാജ്യങ്ങൾക്കിടയിൽ അവനെ പ്രശസ്തനാക്കി. എങ്കിലും തന്റെ അവസാന നാളുകളിൽ ജാതീയ ഭാര്യമാരാൽ വശീകരിക്കപ്പെട്ട് മിഥ്യാ മൂർത്തികളുടെ ക്ഷേത്രങ്ങളിലേക്ക്, നയിക്കപ്പെടുകയും യഹോവയുടെ കോപത്തിന് ഇടയായിതീരുകളും ചെയ്തതിനാൽ ദുഃഖിതനും നിരാശനുമായിതീർന്നു. 9

എപ്രകാരം ശലോമോന്റെ ഹൃദയം വിഭജിക്കപ്പെട്ടുവോ അതേപ്രകാരം സാമ്രാജ്യവും വിഭജിക്കപ്പെട്ടു. രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അടുത്ത നൂറ്റാണ്ട് വിഭജിത സാമ്രാജ്യത്തിലെ വിഭിന്ന രാജാക്കന്മാരുടെ ഭരണ വൃത്താന്തവും അതേതുടർന്ന് യഹോവയുടെ കല്പനകളെ ഉപേക്ഷിച്ചു സ്വന്തവഴിക്കു തിരിഞ്ഞ ജനങ്ങളുടെ ചരിത്രവുമാണ്.

ശലോമോന്റെശേഷം സിംഹാസനസ്ഥനായത് രഹോബയാം ആയിരുന്നു. അവന്റെ കാലത്തു രാജ്യത്തിന്റെ വടക്കൻ ഭാഗത്തുള്ള പത്തു ഗോത്രക്കാർ വേർപിരിഞ്ഞ് പുതിയ രാജാവിനെ വാഴിച്ചു. യഹൂദയും ബന്യാമീനും മാത്രം രഹബയാമിനോടു ചേർന്നു നില്ക്കുകയും തെക്കേരാജ്യം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ഒന്നാം പുസ്തകം അവസാനിക്കുന്നതു ദുഷ്ടനായ ആഹാബിന്റെ വാഴ്ചയുടെയും ദൈവത്തിന്റെ പ്രവാചകനായ ഏലിയാവ് ആഹാബിന്റെ ദുഷ്ടതയ്ക്കെതിരായി പോരാടിയതിന്റെയും ചരിത്രത്തോടെ ആണ്.

ഈ പുസ്തകത്തിന്റെ കേന്ദ്ര വിഷയം 'അനുസരണക്കേടിനാൽ ഒരു സാമ്രാജ്യം ശിഥിലമാകുന്നു' എന്നതാണ്. ഒരു ക്ഷേമരാഷ്ട്രം കെട്ടിപടക്കുന്നത് ദൈവകല്പനകളെ പ്രമാണിക്കുന്ന ജനങ്ങളാലും, വിശ്വസ്തരായ നേതാക്കന്മാരാലും (ഭരണകർത്താക്കളാലും) ആകുന്നു. "**നീതി ജാതിയെ (രാഷ്ട്രങ്ങളെ) ഉയർത്തുന്നു; പാപമോ വംശങ്ങൾക്കു അപമാനം**" (സദൃ. 14:34) എന്ന ജ്ഞാനിയുടെ വചനം ഇവിടെ പ്രസക്തമാണ്. രാജാക്കന്മാരുടെ ഭരണകാര്യത്തെ മാത്രമല്ല എക്കാലത്തുമുള്ള ഏതു രാഷ്ട്രതലവന്മാർക്കും ദൈവത്തോടു ഉണ്ടായിരിക്കേണ്ട വിധേയത്വവും ദൈവകല്പനകൾ പ്രമാണിക്കുക വഴി കൈവരുന്ന നന്മയുടെയും ഐശ്വര്യങ്ങളുടെയും, മറുതലിച്ചാൽ വരുന്ന ശാപങ്ങളുടെയും ചരിത്രം ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്രധാന വ്യക്തികൾ:

ശലോമോൻ, യരോബയാം, രഹോബയാം, ഏലിയാവ്, ഏലീശാ, ആഹാബ്, ഇസ്സബേൽ.

## 1 രാജാക്കന്മാരിലെ ക്രിസ്തു:

ദാവീദിനെപ്പോലെതന്നെ ശലോമോനും തന്റെ സകല ഭൗതീക കീർത്തി, മഹത്വം, ധനം, ബഹുമാനം, ജ്ഞാനം, എന്നിവകളോടുകൂടെ യേശുക്രിസ്തുവിനു നിഴലായി നില്ക്കുന്നു. ശലോമോന് ഉണ്ടായിരുന്നതുപോലെ ഒരു രാജ്യവും ഭരണകൂടവും യേശുവിനും ഉണ്ടായിരിക്കും. എങ്കിലും ശലോമോന്റെ വീഴ്ചകളെ യേശുവിൽ കണ്ടെത്തുകയില്ല.

### ബാഹ്യരേഖ:

1. **ഏകസാമ്രാജ്യം: ശലോമോന്റെ 40 വർഷത്തെ ഭരണം (1:1-11:43)**
   - A ശലോമോന്റെ രാജാഭിഷേകം (1:1-3:1)
   - B ശലോമോന്റെ ജ്ഞാനം (3:2-4:34)
   - C ശലോമോന്റെ ദേവാലയം (5:1-8:66)
   - D ശലോമോന്റെ കീർത്തി (9:1-10:29)
   - E ശലോമോന്റെ അധഃപതനം (11:1-43)

**2. വിഭജിത സാമ്രാജ്യം: രണ്ടു രാജ്യങ്ങളിലേയും ആദ്യത്തെ 80 വർഷങ്ങൾ (12:1–22:53)**

A വിഭജനത്തിന് കാരണം (12:1-24)
B യരോബയാമിന്റെ **ഇസ്രയേലി**ലെ വാഴ്ച. (12:25-14:20)
C രഹോബയാമിന്റെ **യഹൂദ**യിലെ വാഴ്ച (14:21-31)
D അബിയാ **യഹൂദ**യിൽ (15:1-8)
E ആസാ **യഹൂദ**യിൽ (15:9-24)
F നാദാബ് **ഇസ്രയേലിൽ** (15:25-31)
G ബയശെ **ഇസ്രയേലിൽ** (15:32-16:7)
H ഏലാ **ഇസ്രയേലിൽ** (16:8-14)
I സിമ്രി **ഇസ്രയേലിൽ** (16:15-20)
J ഒമ്രി **ഇസ്രായേലിൽ** (16:21-28)
K ആഹാബ് **ഇസ്രായേലിൽ** (16:29-22:40)
L യഹോശാഫാത്ത് **യഹൂദ**യിൽ (22:41-50)
M അഹസ്യാ **ഇസ്രയേലിൽ** (22:51-53)

# II രാജാക്കന്മാർ

## (ചിതറിപ്പോക്ക് - മനഃപൂർവ്വ പാപത്തിന്റെ ശോകാവസ്ഥ)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

ഒന്നും രണ്ടും പുസ്തകങ്ങൾ ആരംഭത്തിൽ ഒരു പുസ്തകമായിരുന്നെന്നും തർജ്ജിമക്കാർ രണ്ടാക്കിയതാണെന്നും, നേരത്തെ കണ്ടതിനാൽ ഒന്നാം പുസ്തകത്തിന്റെ എഴുത്തുകാരൻ തന്നെയാണ് രണ്ടാമത്തേതിന്റെയും.

### എഴുതിയകാലം:

ഏകദേശം 550 B.C.

### വിഷയവും ഉദ്ദേശവും:

രാജാക്കന്മാരുടെ രണ്ടാം പുസ്തകം ഏലിയാവിന്റെയും അവന്റെ അനുഗാമിയായ ഏലീശയുടെയും ചരിത്രത്തെയാണ് വെളുപ്പെടുത്തുന്നതെങ്കിലും അതോടൊപ്പം തെക്കേരാജ്യവും വടക്കേരാജ്യവും പ്രവാസത്തിലേക്കു പോകും വരെയുള്ള ചരിത്രവും രേഖപ്പെടുത്തിയിട്ടുണ്ട്. B. C. 722-ലാണ് ഇസ്രയേൽ അസ്സീറിയൻ അടിമത്തത്തിലേക്കു പോയതെങ്കിൽ യഹൂദാ B. C. 586-ലാണ് ബാബിലോണിയൻ അടിമത്തത്തിലേക്കു പോയത്. രണ്ടുരാജ്യങ്ങളിലുമുള്ള ജനത്തോട് അവർ മാനസ്സാന്തരപ്പെടാഞ്ഞാൽ ശിക്ഷിക്കപ്പെടുമെന്ന് പ്രവാചകന്മാർ നിരന്തരം മുന്നറിവു കൊടുത്തുകൊണ്ടാണിരുന്നത്.

മനഃപൂർവ്വ പാപപ്രവർത്തികൾ ഏതുരാഷ്ട്രത്തെയും ശോകപൂർണ്ണമായ അന്ത്യത്തിൽ എത്തിക്കുമെന്നാണ് ഈ പുസ്തകം നമ്മെ പഠിപ്പിക്കുന്നത്. ഒന്നും രണ്ടും ശമുവേലിൽ ഒരു രാഷ്ട്രത്തിന്റെ ജനനവും ഒന്നു രാജാക്കന്മാരിൽ രാഷ്ട്രത്തിന്റെ വിഭജനവും, രണ്ടും രാജാക്കന്മാരിൽ രാഷ്ട്രത്തിന്റെ ചിതറിക്കലുമാണ് വായിക്കുന്നത്. അവന്റെ വാഗ്ദത്തപ്രകാരം അവർക്കു ശിക്ഷണം നല്കാൻ ദൈവം തീരുമാനിച്ചത്. ആയതിനാൽ രണ്ടു പുസ്തകങ്ങളുടെയും വിഷയവും ലക്ഷ്യവും ഒന്നുതന്നെയാണ്. അവിശ്വസ്തത (ദൈവീക പ്രമാണങ്ങളോടുള്ള അനുസരണക്കേടും മത്സരവും) ഒരു രാഷ്ട്രത്തിന്റെ (രാജവംശത്തിന്റെ) ദൈവീക ശിക്ഷയ്ക്കു കീഴിലാക്കുകയും അതു പറിച്ചെറിയപ്പെടുകയും ചെയ്യുന്നു.

### പ്രധാനവ്യക്തികൾ:

ഏലീയാ, എലിശാ, യോശിയാവ്, നയമാൻ, ഹെസക്കിയ.

## രാജാക്കന്മാരുടെ രണ്ടാംപുസ്തകത്തിൽ ക്രിസ്തു:

യേശുക്രിസ്തുവിന്റെ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകനിലേക്കാണ് ഏലിയാവിന്റെ ജീവിതം വിരൽചൂണ്ടുന്നത് (മത്താ. 11:14; 17:10-12; ലൂക്കാ. 1:17). ഏലീശായുടെ ശുശ്രൂഷയും പലപ്രകാരത്തിൽ യേശുവിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ഈ രണ്ടുപേരെക്കുറിച്ച് ഇർവിംഗ് എൽ. ജെൻസൻ (Irving L. Jensen) എന്ന ദേഹം പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക:

> "ഏലിയാവിനെ എപ്പോഴും വലിയ പരസ്യ പ്രവർത്തികൾ ചെയ്യുന്നവനായിട്ടാണ് കാണുക, എന്നാൽ ഏലീശയാകട്ടെ നിരവധി അത്ഭുതങ്ങൾ ചെയ്തുകൊണ്ട് വിഭിന്നത നിലനിർത്തി. തന്റെ അത്ഭുതങ്ങൾ അധികവും സ്വന്ത ആവശ്യങ്ങൾക്കുവേണ്ടിയായിരുന്നു. ഏലിയാവിന്റെ ശുശ്രൂഷയിൽ വെളിപ്പെട്ടത്; ദൈവത്തിന്റെ ന്യായപ്രമാമവും, ന്യായവിധികളും, കാർക്കശ്യവുമാണെങ്കിൽ ഏലീശയിൽ കൂടെ വെളിപ്പെട്ടത് ദൈവത്തിന്റെ കൃപയും, സ്നേഹവും മനസ്സലിവുമാണ്. ഏലിയാവ് യോഹന്നാൻ സ്നാപകനെപ്പോലെ മാനസാന്തരത്തിന്റെ ദൂത് ഇടിമുഴക്കംപോലെയാണ് വിളിച്ചറിയിച്ചത്. ഏലീശയും ഇതുതന്നെ ചെയ്തെങ്കിലും അവൻ യേശുക്രസ്തുവിനെപോലെ കരുണയുടെ പ്രവർത്തികളോടെയാണ് പ്രസംഗിച്ചത്. തന്റെ ദൂത് സ്വർഗ്ഗീയമെന്ന് ജനം വിശ്വസിക്കേണ്ടതിന് അത്ഭുതങ്ങളും ചെയ്തിരുന്നു." 10

റയറിയും (Ryrie) തന്റെ ബൈബിൾ കുറിപ്പിൽ കൊടുത്തിരിക്കുന്ന രാജാക്കന്മാർ ഒന്നും രണ്ടും തമ്മിലുള്ള താരതമ്യ പഠനത്തിൽ മനപ്പൂർവ്വ പാപങ്ങൾ ആരെയും ദുഃഖത്തിൽ എത്തിക്കുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. 11

| I & II രാജാക്കന്മാർ തമ്മിലുള്ള താരതമ്യം | |
|---|---|
| **1 രാജാക്കന്മാർ** | **2 രാജാക്കന്മാർ** |
| ദാവീദുരാജാവിൽ ആരംഭിക്കുന്നു. | ബാബിലോന്യ ദേവനിൽ ആരംഭിക്കുന്നു. |
| ശലോമോന്റെ മഹത്വത്തിലേക്കു തുറക്കപ്പെടുന്നു | യഹോയാഖീന്റെ അപമാനത്തോടെ ആകുന്നു. |
| അനുസരണത്തിന്റെ അനുഗ്രഹത്തോടെ ആരംഭിക്കുന്നു | അനുസരണക്കേടിന്റെ ശാപത്തിൽ അവസാനിക്കുന്നു. |
| ദേവാലയ നിർമ്മാണത്തിലേക്കു തുറക്കപ്പെടുന്നു | ദേവാലയത്തിന്റെ ദഹനത്തിൽ അടയുന്നു. |
| ധർമ്മ ത്യാഗത്തിന്റെ വർദ്ധന വരച്ചുകാട്ടുന്നു | ധർമ്മത്യാഗത്തിന്റെ ഫലം പ്രസ്താവിക്കുന്നു. |
| ദൈവജനത്തെ ഭരിക്കുന്നതിൽ രാജാക്കന്മാരുടെ പരാജയം | പരാജയത്തിന്റെ അനന്തരഫലത്തെ വർണ്ണിച്ചിരിക്കുന്നു |
| ഏലിയാവിനെ പരിചയപ്പെടുത്തുന്നു | ഏലീശായെ പരിചയപ്പെടുത്തുന്നു |
| യഹോവയായ കർത്താവിന്റെ ദീർഘക്ഷമയെ എടുത്തുപറയുന്നു. | പാപത്തിനു ദൈവം നല്കുന്ന ശിക്ഷയെ ദൃഢപ്പെടുത്തുന്നു. |

### ബാഹ്യരേഖ:

1. **വിഭജിത സാമ്രാജ്യം. (1:1-17:41)**
   - A **ഇസ്രയേലിൽ** അഹസ്സ്യാവിന്റെ ഭരണം (1:1-18)
   - B **ഇസ്രയേലിൽ** യഹോരാമിന്റെ (യോരാം) ഭരണം (2:1-8:15)
     1. ഏലിയാവ് എടുക്കപ്പെടുന്നു (2:1-11)
     2. ഏലീശായുടെ ശുശ്രൂഷയുടെ ആരംഭം (2:12-25)
     3. മോവാബിനെതിരായി യഹോരാമിന്റെ പുറപ്പാട് (3:1-27)
     4. ഏലീശായുടെ ശുശ്രൂഷ (4:1-8:15)
   - C യോരാമിന്റെ (യഹോരാം) **യഹൂദയിലെ** വാഴ്ച. (8:16-24)
   - D അഹസ്യായുടെ **യഹൂദയിലെ** വാഴ്ച. (8:25-29)
   - E യേഹുവിന്റെ **ഇസ്രയേലിലെ** വാഴ്ച (9:1-10:36)
   - F അഥല്ല്യായുടെ **യഹൂദയിലെ** വാഴ്ച (11:1-16)
   - G യഹോവാഹാസിന്റെ (യഹോവാഹാസ്) **യഹൂദയിലെ** വാഴ്ച (11:17-12:21)
   - H യഹോവാഹാസിന്റെ **ഇസ്രയേലിലെ** വാഴ്ച (13:1-9)
   - I യഹോവാഹാസിന്റെ (യോവാശ്) **ഇസ്രയേലിലെ** വാഴ്ച (13:10-25)

J അമസ്യാവിന്റെ **യഹൂദ**യിലെ വാഴ്ച (14:1-22)
K യരോബയാം II ന്റെ **ഇസ്രയേലി**ലെ വാഴ്ച (14:23-29)
L അസര്യാവിന്റെ (ഉസ്സിയാ) **യഹൂദ**യിലെ വാഴ്ച (15:1-7)
M സെഖര്യാവിന്റെ **ഇസ്രയേലി**ലെ വാഴ്ച (15:8-12)
N ശല്ലൂമിന്റെ **ഇസ്രയേലി**ലെ വാഴ്ച (15:13-15)
O മനഹേമിന്റെ **ഇസ്രയേലിലെ** വാഴ്ച (15:16-22)
P പേക്കഹ്യാവിന്റെ **ഇസ്രയേലിലെ** വാഴ്ച (15:23-26)
Q പേക്കഹിന്റെ **ഇസ്രയേലിലെ** വാഴ്ച (15:27-31)
R യോഥാമിന്റെ **യഹൂദ**യിലെ വാഴ്ച (15:32-38)
S ആഹാസ്സിന്റെ **യഹൂദ**യിലെ വാഴ്ച (16:1-20)
T ഹോശേയായുടെ **ഇസ്രയേലിലെ** വാഴ്ച (17:1-41)
   1. ഇസ്രയേലിന്റെ പരാജയം (17:1-6)
   2. ഇസ്രയേലിന്റെ പാപം (17:7-23)
   3. ഇസ്രയേലിന്റെ ചിതറിപ്പോക്ക് (17:24-41)

**2. യഹൂദാ അതിജീവിക്കുന്നു (18:1-25:30)**

A ഹെസക്കിയാവിന്റെ വാഴ്ച (18:1-20:21)
B മനശെയുടെ വാഴ്ച (21:1-18)
C ആമോന്റെ വാഴ്ച (21:19-26)
D യോശിയാവിന്റെ വാഴ്ച (22:1-23:30)
E യഹോവാഹാസ്സിന്റെ വാഴ്ച (23:31-33)
F യഹോയാക്കിമിന്റെ വാഴ്ച (23:34-24:7)
G യഹോയാക്കിന്റെ വാഴ്ച (24:8-16)
H സിദേക്കിയാവിന്റെ വാഴ്ച (24:17-25:21)
   1) ബാബിലോണിനെതിരെയുള്ള മത്സരവും ദേവാലയത്തിന്റെ നാശവും. (24:17-25:10)
   2) ബാബിലോണിലേക്കുള്ള മൂന്നാമത്തെ നാടുകടത്തൽ (25:11-21)
I ഗദല്യ്യായെന്ന നിഷ്ക്രിയ സ്ഥാനാപതി (25:22-26)
J ബാബിലോണിൽ യഹോയാഖിന്റെ മോചനം (25:27-30).

# 1 ദിനവൃത്താന്തം

## (ദേവാലയത്തിനുവേണ്ടിയുള്ള ഒരുക്കം)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

ശമുവേൽ, രാജാക്കന്മാർ എന്നീ പുസ്തകങ്ങളെപ്പോലെ തന്നെ ദിനവൃത്താന്തപുസ്തകങ്ങൾ ഒന്നും രണ്ടും ആരംഭത്തിൽ ഒറ്റ പുസ്തകമായിരുന്നു. എഴുത്തുകാരൻ ആരെന്നു നിശ്ചയമില്ലെങ്കിലും യഹൂദപാരമ്പര്യമനുസരിച്ച് എസ്രാ എഴുതിയെന്നു വിശ്വസിക്കപ്പെടുന്നു. പുസ്തകത്തിന്റെ രചനാരീതിയെ സവിസ്തരം പരിശോധിച്ചാൽ അതിന്റെ ഘടനയും വിവിധ വിഷയസമാഹരണ രീതിയും ഒരു പ്രത്യേക വ്യക്തിയിലേക്കാണ് വിരൽ ചൂണ്ടുന്നതെന്നു കാണാം. അതുപോലെ യഹൂദാ എന്ന തെക്കൻ രാജാവംശത്തോടും ദേവാലയവും ആരാധനയും, പുരോഹിത ശുശ്രൂഷകളും (1 ദിന.29:29; 2 ദിന 32:32; 2 ദിന. 9:29; 12:15; 20:34; 33:19); യെഹൂദയിലേയും ഇസ്രായേലിലെയും വൃത്താന്ത പുസ്തകങ്ങൾ (2 ദിന. 20: 14; 2 ദിന. 16:11; 25:26) എന്നിവയെല്ലാം എഴുത്തുകാരൻ പുരോഹിതവംശജരെന്നു തെളിയിക്കുന്നു. കൂടാതെ ദേവാലയത്തിന്റെ പണിയും സമർപ്പണവും എസ്രായുടെ പുസ്തകത്തിലും ദിനവൃത്താന്തങ്ങളിലും ഒരേപ്രകാരം സമാന വിഷയങ്ങളായിരിക്കയാലും എഴുത്തുകാരൻ എസ്രാതന്നെയെന്നു തീർച്ചപ്പെടുത്താം.

ഒന്നും രണ്ടും ദിനവൃത്താന്തങ്ങൾ യഹൂദാചരിത്രത്തിലെ ഒരേ കാലയളവിനെയാണ് കാണിക്കുന്നതെങ്കിലും അവയുടെ വീക്ഷണങ്ങളിൽ വ്യത്യാസമുണ്ട്. ഇതു വെറും ആവർത്തനമല്ല. മറിച്ച് ഇസ്രയേൽ ജനതയുടെ ആത്മീയ ജീവിതത്തിന്റെ വൃത്താന്ത സംക്ഷേപമാണ്. രാജാക്കന്മാരുടെ പുസ്തകം മനുഷ്യരുടെ കാഴ്ചപ്പാടിനെ കാണിക്കുമ്പോൾ

ദിനവൃത്താന്തങ്ങൾ ദൈവത്തിന്റെ വീക്ഷണമെന്തെന്നാണു കാണിക്കുന്നത്.

B. C. 180 വരെ ഒറ്റ പുസ്തകമായിരുന്നു, ഇതിന്റെ എബ്രായ പേരിന്റെ അർത്ഥം. "ദിവസങ്ങളുടെ വാക്കുകൾ" (കാര്യാദികൾ) അഥവാ ആരംഭംമുതൽ ബാബിലോണിയ പ്രവാസം വരെയും പിന്നീട് കോരശ് രാജാവ് യഹൂദാ ജാതിക്ക് മടങ്ങിപ്പോകുവാനുള്ള കല്പന നല്കുന്നതുവരെയുള്ള ഇസ്രയേലിന്റെ ചരിത്രം പേരുപേരായി ക്രമമായി നല്കുന്നു എന്നാണ്. ഒരു പ്രകാരത്തിൽ ദിനവൃത്താന്തങ്ങളുടെ പുസ്തകം ഒരു 'ചെറിയ പഴയനിയമം' ആകുന്നു. എന്തെന്നാൽ പഴയനിയമത്തിന്റെ സംഗ്രഹം പൂർണ്ണമായി (ക്യാപ്സൂൾ രൂപത്തിൽ) ഇതിൽ ലഭ്യമാകുന്നു. 12

സെപ്റ്റുജിന്റ് തർജ്ജമക്കാരാണ് ദിനവൃത്താന്തങ്ങളെ രണ്ടായിതിരിച്ചത്. അന്ന് അതിന് "വിട്ടുകളഞ്ഞ കൃത്യങ്ങൾ" (of things omitted) എന്നായിരുന്നു പേര്. ശമുവേലും, രാജാക്കന്മാരും വിട്ടുകളഞ്ഞ കാര്യങ്ങളെ പരാമർശിച്ചാണ് ദിനവൃത്താന്തം (Chorinicles) എന്ന പേര് ജറോം തന്റെ ലാറ്റിൻ പരിഭാഷയിൽ കൊടുത്തത് (A. D 385-405) സംപൂർണ്ണമായി "വിശുദ്ധ ചരിത്രത്തിന്റെ അനുദിന കുറിപ്പുകൾ" എന്ന ചിന്തയിലാണ് ജറോം ആ പേരു നല്കിയത്. 13

## എഴുതിയ കാലം:

450-425 B.C.

## വിഷയവും ഉദ്ദേശവും:

ഒന്നു ദിനവൃത്താന്തം ആദാമിന്റെ ചരിത്രത്തിൽ ആരംഭിച്ചു ശൗൽ രാജാവിന്റെ മരണം ദാവീദുരാജാവിന്റെ വാഴ്ചക്കാലം എന്നിവയിലൂടെയാണ് മുന്നോട്ടു പോകുന്നത്. ശമുവേലിന്റെയും രാജാക്കന്മാരുടെയും പുസ്തകങ്ങളുടെ ഒരു ആവർത്തനമെന്നു തോന്നാമെങ്കിലും യഥാർത്ഥത്തിൽ ഇതു പ്രവാസത്തിൽ നിന്നു മടങ്ങിവന്നവരെ അവർക്കു ദാവീദിന്റെ രാജവംശത്തോടുള്ള ബന്ധത്തെ ഉയർത്തിക്കാട്ടുവാനും അതുവഴി അവർ ദൈവത്തിന്റെ പ്രത്യേകജനമെന്ന നിശ്ചയം പ്രാപിക്കേണ്ടതിനുമായി എഴുതിയത്രേ. തലമുറകളുടെ ലിസ്റ്റിൽനിന്നു രാഷ്ട്രപിതാവായ അബ്രഹാമിനോടു ദൈവം ചെയ്ത ഉടമ്പടി അനുസരിച്ചാണ് ദാവീദിന് വാഗ്ദത്തങ്ങൾ നല്കിയിരിക്കുന്നതെന്നാണ്. അബ്രഹാമിൽകൂടെ സകല വംശങ്ങളെയും അനുഗ്രഹിക്കുക വഴി ദൈവത്തിനു താൻ ചെയ്ത ഉടമ്പടിയോടുള്ള വിശ്വസ്തത എത്രയെന്നു പ്രധാന വിഷയം വെളിവാക്കപ്പെടുന്നു.

ന്യായപ്രമാണത്തിന്റെ ആധികാരികത, പൗരോഹിത്യം, ദേവാലയം എന്നിവയെല്ലാം ഇതിലെ മുഖ്യവിഷയങ്ങളാണ്. ശലോമോന്റെ ദേവാലയം നശിപ്പിക്കപ്പെട്ടെങ്കിലും രണ്ടാമത്തേതും പ്രാവസത്തിൽനിന്നു വന്ന ശേഷപ്പിനു ആദ്യത്തേതു ഓർക്കുവാനും ബന്ധപ്പെടുവാനുമായുള്ള മാർഗ്ഗമായിത്തീർന്നു. ഭൂതകാലത്തിന്റെ ഗർഭത്തിൽ വർത്തമാനകാല സംഭവങ്ങൾ ഉൾക്കൊണ്ടിരുന്നു എന്നുംകൂടെ ഒരു പാഠം ഇതിൽനിന്നു ലഭ്യമാണ്. ധർമ്മച്യുതി, വിഗ്രഹാരാധന, ജാതികളുമായുള്ള മിശ്രവിവാഹം ഐക്യമില്ലായ്മ എന്നിവയായിരുന്നു ഇസ്രയേലിന്റെ തകർച്ചയ്ക്കു കാരണം. ഒരു കാര്യം ഇവിടെ പ്രത്യേകമായി പ്രസ്താവിക്കേണ്ടത്, പ്രവാസത്തിൽ നിന്നു വന്ന ജനം പിന്നീടൊരിക്കലും അന്യദൈവാരാധനയിലേക്കു തിരിഞ്ഞില്ല എന്നതാണ്. 14

## പ്രധാന വ്യക്തികൾ:

നേരത്തെ ചിന്തിച്ചപ്രകാരം ഇതു ദാവീദിനെക്കുറിച്ചുള്ള പുസ്തകമാണ്, എന്നിരുന്നാലും ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ കണ്ടവരായ നാഥാൻ, ബേത്ശേബ, ഉരിയാവ് എന്നിവരും ഇതിൽ പ്രധാന സ്ഥാനങ്ങൾ വഹിക്കുന്നു.

## 1 ദിനവൃത്താന്തത്തിൽ ക്രിസ്തു:

ഒന്നും രണ്ടും ശമുവേലിൽ ദാവീദിനെ ക്രിസ്തുവിനു നിഴലായി കണ്ടതായ എല്ലാ കാര്യങ്ങളും ഇവിടെയും പ്രസക്തമാണ്.

## ബാഹ്യരേഖ:

1. തലമുറകൾ ആദം മുതൽ ദാവീദു വരെ (1:1-9:44)
   A ആദം മുതൽ അബ്രഹാം വരെ (1:1-27)

B അബ്രഹാം മുതൽ യാക്കോബ് വരെ (1:28-54)
C യാക്കോബ് മുതൽ ദാവീദ് വരെ (2:1-55)
D ദാവീദു മുതൽ പ്രവാസം വരെ (3:1-24)
E പന്ത്രണ്ടു ഗോത്രങ്ങളുടെ തലമുറകൾ (4:1-8:40)
F യരുശലേമിലെ നിവാസികൾ (9:1-34)
G ശൗലിന്റെ കുടുംബം (9:35-44)

## 2. ദാവീദിന്റെ അഭിഷേകവും ഉയർച്ചയും (10:1-12:40)

A ശൗലിന്റെ മരണം (10:1-14)
B ദാവീദിന്റെ സിംഹാസനാരോഹണം (11:1-3)
C യരൂശലേം പിടിച്ചടക്കുന്നു (11:4-9)
D ദാവീദിന്റെ വീരന്മാർ (11:10-12:40)

## 3. ദാവീദിന്റെ വാഴ്ച (13:1-29:21)

A ദാവീദും പെട്ടകവും (13:1-17:27)
1 ദാവീദ് യഹോവയുടെ പെട്ടകം കീദോൻകളം വരെ കൊണ്ടുവരികയും ഉസ്സാ മരിക്കുകയും ചെയ്യുന്നു. (13:1-14)
2 ദാവീദിന്റെ കീർത്തിയും ഫെലിസ്ത്യരുടെ മേലിലുള്ള വിജയവും (14:1-17)
3 ദാവീദ് പെട്ടകം യെരൂശലേമിലേക്ക് കൊണ്ടുവരുന്നു (15:1-29)
4 പെട്ടകത്തിനായി ദാവീദിന്റെ ഒരുക്കങ്ങളും ആഘോഷങ്ങളും (16:1-43)
5 ദാവീദിന്റെ ദേവാലയ നിർമ്മാണത്തിനുള്ള ആഗ്രഹവും ദൈവീക ഉടമ്പടിയും (17:1-27)
B ദാവീദിന്റെ യുദ്ധങ്ങൾ (18:1-20:8)
C ദാവീദിന്റെ സെൻസസ് എന്ന പാപം (21:1-30)
D ദേവാലയ പണിക്കായി ദാവീദിന്റെ ഒരുക്കങ്ങൾ (22:1-23:1)
E ദാവീദ് ലേവ്യരെ സംയോജിപ്പിക്കുന്നു (23:2-26:32)
1 ലേവ്യരുടെ എണ്ണവും ജോലിക്രമവും (23:2-32)
2 ലേവ്യരെ ഇരുപത്തിനാല് കൂറ്റുകളായി തിരിക്കുന്നു (24:1-31)
3 സംഗീതക്കാരുടെ ക്രമം (25:1-31)
4 വാതിൽ കാവൽക്കാരുടെ നിയമങ്ങൾ (26:1-19)
5 ദേവാലയ ഭണ്ഡാരത്തിന്റെ ജോലികൾ (26:20-28)
6 ദേശ രക്ഷയ്ക്കായി ന്യായാധിപന്മാരെ നിയമിക്കുന്നു (26:29-32)
F ദാവീദിന്റെ സിവിലിയൻ നേതാക്കന്മാർ (27:1-34)
G ദാവീദ് തന്റെ അന്ത്യസന്ദേശം ജനങ്ങൾക്കും ശലോമോനും നൽകുന്നു (28:1-21)
H ദാവീദിന്റെ സംഭാവനകളും ആരാധനയും (29:1-21)

## 4 ശലോമോന്റെ സിംഹാസനാരോഹണവും ദാവീദിന്റെ മരണവും (29:22-30).

# II ദിനവൃത്താന്തങ്ങൾ

## (ദേവാലയത്തിന്റെ നാശം)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

ഒന്നാം പുസ്തകത്തിൽ ഇതിനെക്കുറിച്ച് പഠിച്ച പ്രകാരം എസ്രാ എഴുതിയെന്നാണ് യഹൂദ പാരമ്പര്യം. അതിനു പല തെളിവുകൾ നാം കണ്ടു. അതി പ്രധാനമായ മറ്റു ചിലത് താഴെക്കൊടുക്കുന്നു.

1. ഇസ്രയേലിലെയും യഹൂദയിലെയും രാജാക്കന്മാരുടെ പുസ്തകങ്ങൾ (27:7; 35:27; 36:8)
2 യഹൂദ്യയിലെയും യിസ്രായേലിലെയും രാജാക്കന്മാരുടെ പുസ്തകങ്ങൾ (16:11; 25:26; 28:26; 32:32)

3 ഇസ്രയേലിലെ രാജാക്കന്മാരുടെ പുസ്തകം (20:34; 33:18)
4 രാജാക്കന്മാരുടെ ചരിത്ര പുസ്തകം (24:27)
5 നാഥാന്റെ പുസ്തകത്തിലും അഹിയായുടെ പ്രവചനത്തിലും ഇദ്ദോയുടെ ദർശനത്തിലും (9:29)
6 ശെമയ്യാ പ്രവാചകന്റെ പുസ്തകം (12:15)
7 ഇദ്ദോ പ്രവാചകന്റെ ചരിത്ര പുസ്തകം (13:22)
8 യെശയ്യാ പ്രവാചകന്റെ എഴുത്തുകൾ (26:22)
9 ദർശകന്മാരുടെ വൃത്താന്തങ്ങൾ (33:19)
10 വിലാപങ്ങൾ (35:25)
11 ദാവീദിന്റെയും ശലോമോന്റെയും എഴുത്തുകൾ (35:4)

## എഴുതിയ കാലം:

450–425 B.C.

## വിഷയവും ഉദ്ദേശവും:

ഒന്നു ദിനവൃത്താന്തം ഒന്നും രണ്ടും ശമുവേലിനു സമാന്തരമെങ്കിൽ 2 ദിനവൃത്താന്തം ഒന്നും രണ്ടും രാജാക്കന്മാർക്ക് സമാന്തരമാണ്. വടക്കേ രാജ്യത്തിന്റെ അവിശ്വാസവും ദാവീദിന്റെ മാതൃകയിൽ ഒരു നല്ല ജീവിതം കഴിക്കുവാൻ രാജാക്കന്മാർക്ക് കഴിയാതിരുന്നതിനാലും ഒന്നു ദിനവൃത്താന്തത്തിൽ ആ ദേശത്തെ അവഗണിച്ചിരിക്കുന്നു. എന്നാൽ നേരെ എതിരായി രണ്ടു ദിനവൃത്താന്തത്തിൽ ദാവീദിന്റെ ജീവിതത്തെ അനുകരിച്ച നല്ല രാജാക്കന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. 1-9 വരെ അദ്ധ്യായങ്ങൾ ശലോമോന്റെ കാലത്തെ ദേവാലയ പണിയെക്കുറിച്ച് പറയുന്നു. 10-36 വരെ അദ്ധ്യായങ്ങളിൽ തെക്കേ ദേശമായ യഹൂദയുടെ ബാബിലോണ്യ പ്രവാസത്തിലേക്ക് പോകുവാനുള്ള കാര്യങ്ങളും, ദേവാലയം നശിപ്പിക്കപ്പെടുന്നതിന്റെയും ചരിത്രം വിവരിക്കുന്നു. കൂടാതെ രാജ്യത്ത് ആത്മീയ നവോത്ഥാനത്തിന് കാരണഭൂതരായ ആസാ, യെഹോശാഫാത്ത്, യോവാശ്, യെഹിസ്കിയാ, യോശിയാ തുടങ്ങിയ രാജാക്കന്മാരുടെ ചരിത്രവും ഉൾപ്പെടുത്തിയിരിക്കുന്നു.

ശമുവേലിലും രാജാക്കന്മാരിലും പറഞ്ഞിരിക്കുന്ന പലകാര്യങ്ങളും അതേപടി ദിനവൃത്താന്തങ്ങളിലും വന്നിട്ടുണ്ട് എന്നതു ശരിയാണ്, പക്ഷേ അവയുടെ വിത്യാസങ്ങൾ അറിയണമെങ്കിൽ നമ്മുടെ വീക്ഷണത്തിലും മാറ്റം വരുത്തേണ്ടിയിരിക്കുന്നു. ഒന്നു ദിനവൃത്താന്തത്തിൽ ദാവീദാണ് പ്രധാന വിഷയമെങ്കിൽ രണ്ടാം പുസ്തകത്തിൽ ദാവീദിന്റെ കുടുംബമാണ് പ്രധാന വിഷയം. രാജാക്കന്മാരിൽ രാഷ്ട്രത്തിന്റെ ചരിത്രം സിംഹാസനത്തിൽനിന്ന് ആരംഭിക്കുമ്പോൾ ദിനവൃത്താന്തങ്ങളിൽ, അതു യാഗപീഠത്തിൽനിന്ന് (ദേവാലയത്തിൽ) നിന്നാരംഭിക്കുന്നു. രാജാക്കന്മാരിൽ രാജകൊട്ടാരത്തിനു പ്രാധാന്യം നല്കുമ്പോൾ ദിനവൃത്താന്തങ്ങളിൽ ആ സ്ഥാനം ദേവാലയത്തിനാണ്. രാജാക്കന്മാരിൽ ഇസ്രയേലിന്റെ രാഷ്ട്രീയ ചരിത്രം വിശദീകരിക്കുകയും വീക്ഷിക്കുകയും ചെയ്യുമ്പോൾ ദിനവൃത്താന്തങ്ങളിൽ മതപരവും ആത്മീയവുമായ കാര്യങ്ങളുടെ വീക്ഷണവും വിശദീകരണവും കാണുന്നു.

ദിനവൃത്താന്തങ്ങൾ കേവലം ചരിത്രരേഖകൾ മാത്രമാണെങ്കിൽ അതിൽകൂടെയാണ് ദാവീദിന്റെ വംശത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വിശദീകരണത്തെക്കുറിപ്പു നല്കിയിരിക്കുന്നത്. ആകയാൽ ഇതു യഹൂദയുടെയും തെക്കേ രാജ്യത്തിന്റെയും നിലനില്പിന്റെ കാരണം വ്യക്തമാക്കുന്നു. ദാവീദിന്റെ പിൻഗാമികളായി നിരവധി നല്ല രാജാക്കന്മാർ തെക്കെ രാജ്യമായ യഹൂദയിൽ ഭരണം നടത്തിയപ്പോൾ വിഘടിത രാജ്യമായ വടക്കേ ദേശമെന്ന ഇസ്രയേൽ അവഗണിക്കപ്പെട്ടത് അവർ ദൈവിക ഉടമ്പടിയിന്മേലുള്ള ദാവീദിന്റെ സിംഹാസനത്തോടുള്ള ബന്ധം വിഛേദിച്ചാണ്.

## പ്രധാന വ്യക്തികൾ

യോശിയാ, രഹോബയാം, ശലോമോൻ

## രണ്ടു ദിനവൃത്താന്തങ്ങളിൽ ക്രിസ്തു:

ദാവീദിന്റെ സിംഹാസനം നശിച്ചെങ്കിലും അവന്റെ വംശം നിലനിന്നു. കുലപാതകം ചതി, യുദ്ധങ്ങൾ, അടിമത്തം

ഇവയ്ക്കൊന്നും മശിഹായുടെ ആഗമന ലൈൻ കർക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നു മാത്രമല്ല ആദാം മുതൽ സെരുബാബേൽവരെ അതു വ്യക്തമായി തുടരുകയും ചെയ്തു. ഈ പുസ്തകത്തിലെ തലമുറകളുടെ (വംശാവലി) ലിസ്റ്റിന്റെ പൂർത്തീകരണമാണ് മത്തായി ഒന്നിലും, ലൂക്കോസ് മൂന്നിലും നാം കാണുന്നത്.

രണ്ട് ദിനവൃത്താന്തത്തിലെ ദേവാലയം വളരെ പ്രധാനപ്പെട്ടതും ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നതിൽ വളരെ മനോഹരമായി നിൽക്കുന്നു (മത്തായി 12:6; യോഹ. 2:19; വെളിപ്പാട് 21:22).

### ബാഹ്യരേഖ:

**1. ശലോമോന്റെ വാഴ്ച (1:1–9:31)**

- A ശലോമോന്റെ സിംഹാസനാരോഹണം (1:1–17)
- B ശലോമോന്റെ ദേവാലയം (2:1–7:22)
- C ശലോമോന്റെ കീർത്തി (8:1–9:28)
- D ശലോമോന്റെ മരണം (9:29–31)

**2. യഹൂദ്യയിലെ രാജാക്കന്മാർ (10:1–36:21)**

- A രഹോബയാം (10:1–12:16)
- B അബിയാ (13:1–22)
- C ആസാ (14:1–16:14)
- D യഹോശാഫാത്ത് (17:1–20:37)
- E യഹോരാം (21:1–20)
- F അഹസിയാ (22:1–9)
- G അഥല്ല്യാ (22:10–23:15)
- H യോവാശ് (23:16–24:27)
- I അമസിയാ (25:1–28)
- J ഉസ്സിയാ (26:1–23)
- K യോഥാം (27:1–9)
- L ആഹാബ് (28:1–27)
- M ഹെസക്കിയാ (29:1–32:33)
- N മനശെ (33:1–20)
- O ആമോൻ (33:21–25)
- P യോശിയാവ് (34:1–35:27)
- Q യെഹോവാഹാസ് (36:1–4)
- R യഹോയാക്കീം (36:5–8)
- S യഹോയാഖീൻ (36:9,10)
- T സിദേക്കിയാ (36:11–21)

**3 കോരശിന്റെ വിളംബരം (36:22,23).**

# എസ്രാ

# (ദേവാലയത്തിന്റെ പുനർനിർമ്മാണവും ജനത്തിന്റെ പുനരുദ്ധാരണവും)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

എഴുത്തുകാരന്റെ പേരിനെക്കുറിച്ച് പുസ്തകം ഒന്നും പറയന്നില്ലെങ്കിലും യഹൂദ പാരമ്പര്യത്തിൽ (തൽമൂദ്) എസ്രാ എഴുതി എന്ന വിവക്ഷയുണ്ട്. എസ്രാ തന്റെ വിവിധ പ്രമാണങ്ങളെക്കുറിച്ചും (4:7–16) വംശാവലികളെയും (2:1–70) വ്യക്തിപരമായ വിഷയവും (7:27–9:15). രേഖപ്പെടുത്തുവാനായിട്ടാണ് ഇതെഴുതിയത്.

യഥാർത്ഥത്തിൽ എസ്രായാണ് ഇതിലെ പ്രധാന വ്യക്തിത്വം. 1-10 വരെയുള്ള അദ്ധ്യായങ്ങളിലെ സംഭവങ്ങൾ അവനുൾപ്പെടെ ചെയ്തിട്ടുള്ളതാണ്. എന്നാൽ 8-10 വരെയുള്ള അദ്ധ്യായങ്ങളിൽ നെഹമ്യാവാണ് പ്രധാനം. രണ്ടു ഭാഗങ്ങളും എഴുതിയിരിക്കുന്നതു പ്രഥമ പുരുഷനിലാണ്.

പാരമ്പര്യമനുസരിച്ച് അക്കാലത്തെ 'വലിയ സുനഗോഗ്' (വലിയ സഭ) ആരംഭിച്ചത് എസ്രായാണ്. മറ്റൊരു പാരമ്പര്യമനുസരിച്ചും പഴയ നിയമഗ്രന്ഥങ്ങളെ ശേഖരിച്ചു സൂക്ഷിക്കേണ്ടതിനു ആരാധന നടത്തേണ്ടതിനും, അതിലേക്കു തിരുവെഴുത്തുകളെ ഉപയോഗിക്കേണ്ടതിനായിട്ടാണ് 'ഈ വലിയ സഭ' (Great Synagogue) എസ്രാ ആരംഭിച്ചത്. 16

പുരാതന എബ്രായ ബൈബിളിൽ എസ്രായും, നെഹമ്യാവും ഒറ്റ പുസ്തകവുമായിട്ടാണ് നല്കിയിരിക്കുന്നത്. 'പേര്' 'എസ്രായുടെ പുസ്തകം' എന്നുമാണ്. എന്നാൽ നവീന എബ്രായ ബൈബിളിൽ അതു രണ്ടായി തിരിച്ചിരിക്കുകയാലാണ് ഇംഗ്ലീഷിലും അങ്ങനെ വന്നത്. യഹൂദ ചരിത്രകാരനായ യോസിഫസും, ലാറ്റിൻ വൾഗേറ്റിന്റെ ജനയിതാവായ ജറോമും ഈ രണ്ടു പുസ്തകങ്ങളെയും ഒന്നായിട്ടാണ് കണ്ടത്.

### എഴുതിയ കാലം:

457-444 B.C.

### വിഷയവും ഉദ്ദേശവും:

ചരിത്രത്തിന്റെ പശ്ചാത്തലത്തിൽനിന്നു നോക്കുമ്പോൾ എസ്രായുടെ ആരംഭം എവിടെ ദിനവൃത്താന്തം അവസാനിപ്പിച്ചുവോ അതേ സ്ഥാനത്തുനിന്നു തന്നെയാണ് തുടർന്നു ബാബിലോന്യ പ്രവാസത്തിൽനിന്നുള്ള യഹൂദന്റെ മടങ്ങിവരവും, ദേവാലയത്തിന്റെ പുനർനിർമ്മിതിയും, ആത്മീയവും ഉപദേശപരവുമായ ജനത്തിന്റെ സ്ഥിതിയും വിവരിച്ചിരിക്കുന്നു. പ്രവാചകന്മാരുടെ എഴുത്തുകളിൻ പ്രകാരം എഴുപതു വർഷത്തെ പ്രവാസത്തിനുശേഷം ജനിക്കേണ്ടവരായിരുന്നു. ഈ പ്രവചനങ്ങൾ നിവൃത്തികരിക്കുന്നതിൽ ദൈവത്തിന്റെ വിശ്വസ്ഥത എത്രയോവലുതായിരുന്നു എന്നാണ് എസ്രാ എടുത്തു കാട്ടുന്നത്. ദിനവൃത്താന്തങ്ങളിലെപോലെ ഈ പുസ്തകത്തിലും പുരോഹിത വംശജനായ എസ്രാ ചൂണ്ടിക്കാട്ടുന്നത് ദൈവ ജനമെന്ന നിലയ്ക്ക് യഹൂദ രാജ്യത്തിന്റെ സുരക്ഷിതത്വം ദേവാലയത്തോടും ആരാധനയോടും അവർക്കുള്ള ബന്ധത്തിലൂടെയാണെന്നാണ്. പാർസിരാജാവായ കോരശ് പുറപ്പെടുവിച്ച വിളംബരത്തിലൂടെയാണ് എസ്രാ തുടക്കമിടുന്നത്. ജനം അത്യുത്സാഹത്തോടെ ആലയം പണി തുടങ്ങിയെങ്കിലും വടക്കേ അറ്റത്തുള്ള ശത്രുക്കളുടെ എതിർപ്പുമൂലം 18 വർഷത്തോളം അതു മന്ദഗതിയിലായിപ്പോയി. ഒടുവിൽ ദാര്യവേശ് രാജാവിന്റെ മറ്റൊരു വിളംബരം ഉണ്ടായശേഷമേ അവർക്ക് പണി പൂർത്തിയാക്കാൻ സാധിച്ചുള്ളു (എസ്രാ. 1-6). എന്നാൽ 7-10 വരെയുള്ള അദ്ധ്യായങ്ങളിൽ പുരോഹിതന്മാരുടെ തിരിച്ചുവരവും എസ്രാ മൂലം ജനത്തിനുണ്ടായ ആത്മീക ഉണർവ്വിനെക്കുറിച്ചും വായിക്കുന്നു.

എസ്രായുടെയും സെരുബാബേലിന്റെയും കീഴിൽ വന്ന യഹൂദാ ശേഷിപ്പിന്റെ ആത്മീകവും, സാന്മാർഗ്ഗീകവും, സാമൂഹികവുമായ നവോത്ഥാനമാണ് ഇതിലെ പ്രതിപാദ്യവിഷയം.

### പ്രധാനവ്യക്തികൾ:

പേർഷ്യൻ രാജാവായ കോരേശ് (യഹൂദ ജാതിയുടെ മടങ്ങിവരവിന് ഉത്തരവിട്ടു) എസ്രാ (പുരോഹിതനും, ശാസ്ത്രിയും) യോശുവാ മഹാപുരോഹിതൻ സെരുബാബേൽ.

### എസ്രായുടെ പുസ്തകത്തിൽ ക്രിസ്തു:

ദാവീദിനോടുള്ള ദൈവിക ഉടമ്പടി പ്രകാരം മശിഹായുടെ വരവിനായി ഒരു ശേഷിപ്പിനെ സൂക്ഷിക്കുമെന്നുള്ള ദൈവീക വാഗ്ദത്തിൻ പ്രകാരം എസ്രായും, നെഹമ്യാവും മൂലം ജനത്തെ വാഗ്ദത്തദേശത്തേക്ക് ദൈവം പറഞ്ഞയയ്ക്കുന്നു.

**ബാഹ്യരേഖ:**

1. **പുനരുദ്ധാരണം; സെരുബാബേലിന്റെ കീഴിൽ യരൂശലേമിലേക്കുള്ള ഒന്നാമത്തെ മടങ്ങിവരവ് (1:1–6:22)**
   - A കോരശിന്റെ വിളംബരം (1:1–11)
   - B ജനസംഖ്യയെടുപ്പ് (2:1–70)
   - C ദേവാലയത്തിന്റെ പണി തുടങ്ങുന്നു (3:1–13)
   - D എതിർപ്പുകൾ (4:1–24)
   - E നിർമ്മാണത്തിന്റെ പുനരാരംഭം (5:1–6:12)
   - F ദേവാലയ പണി പൂർത്തീയാകുന്നു. (6:13–22)
2. **ജനത്തിന്റെ നവീകരണം, എസ്രായുടെ കീഴിൽ ജനം മടങ്ങിവരുന്നു. (7:1–10;44)**
   - A യരൂശലേമിലേക്കുള്ള മടങ്ങിവരവ് (7:1–8:36)
   - B യരൂശലേമിൽ പുതുക്കം (9:1–10:44).

# നെഹമ്യാവ്

## (നഗരത്തിന്റെ പുനർനിർമ്മാണം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

***"ഹഖല്യാവിന്റെ മകനായ നെഹമ്യാവിന്റെ ചരിത്രം"*** (വാക്കുകൾ) എന്ന് 1:1-ൽ പറഞ്ഞിരിക്കുന്നതിനാൽ ഈ ഗ്രന്ഥത്തിന്റെ രചയിതാവ് നെഹമ്യാവാണെന്ന് പലരും വിശ്വസിക്കുന്നു. എന്നാൽ നെഹമ്യാവിന്റെ കുറിപ്പുകളും, രേഖകളും ഉൾപ്പെടുത്തിക്കൊണ്ട് എസ്രാ തന്നെ എഴുതിയെന്ന് മറ്റു ചിലർ വാദിക്കുന്നു. എന്തായാലും വേദശാസ്ത്രജ്ഞരിൽ നല്ല പങ്കും നെഹമ്യാവാണ് ഗ്രന്ഥകാരൻ എന്നു വിശ്വസിക്കുന്നവരാണ്. യെറുശലേമിൽ നിന്നുള്ള മടങ്ങിവരവിനെക്കുറിച്ച് തന്റേതായ വ്യക്തിപരമായ അനുഭവങ്ങളുടെയും സാഹചര്യങ്ങളുടെയും വിവരണം നല്കിയിരിക്കുന്നത് (1:1–7:73; 12:31–13:31). 17

പുസ്തകത്തിന്റെ രചനാകാലത്ത് അത് ഒന്നായിരുന്നു എന്നു നാം കണ്ടതാണ്, എന്നാൽ അതിന്റെ അന്തിമഭാഗമായിരുന്നു നെഹമ്യാവിന്റെ പേരിൽ അറിയപ്പെട്ടിരുന്നത്. എസ്രായും നെഹമ്യാവും സമകാലീനന്മാർ ആയിരുന്നു എന്നു മാത്രമല്ല, അക്കാലത്ത് പേർഷ്യയിലെ രാജാവിന്റെ പാനപാത്രവാഹികൻ എന്ന പദവിയും നെഹമ്യാവിനുണ്ടായിരുന്നു. നെഹമ്യാവ് എന്നതിന് "യഹോവ ആശ്വസിപ്പിക്കുന്നു" അഥവാ സ്വാന്തനെപ്പടുത്തുന്നു എന്നാണർത്ഥം.

### എഴുതിയ കാലം:

എസ്രാ-നെഹമ്യാവ് എന്ന ഗ്രന്ഥത്തിന്റെ എബ്രായ പതിപ്പിന്റെ (മൂലഗ്രന്ഥം) അന്തിമഭാഗം ചരിത്രപരമായി ഏതാണ്ട് B.C. 445–425 കാലഘട്ടങ്ങളിൽ എഴുതിയെന്നാണ് കരുതപ്പെടുന്നത്.

### വിഷയവം ഉദ്ദേശവും:

ബാബിലോന്യ പ്രവാസത്തിൽ നിന്നു മടങ്ങിവന്ന യഹൂദ ശേഷിപ്പിന്റെ ചരിത്രമാണ് ഇതിലെ വിഷയം. യരൂശലേമിന്റെ തകർന്ന മതിലുകളെ പണിതുറിപ്പിക്കേണ്ടതിനായി നെഹമ്യാവ് പേർഷ്യൻ (പാർസിദേശം) രാജാവായ അർത്ഥശഷ്ടാവിന്റെ പാനപാത്രവാഹകൻ എന്ന സ്ഥാനം ഉപേക്ഷിക്കുകയം പകരം യെറുശലേമിന്റെ ഗവർണർ പദം സ്വീകരിക്കുകയും ചെയ്തു. എസ്രായും, നെഹമ്യാവും ഒരേ കാലത്താണ് ജീവിച്ചിരുന്നത്. (8:2,9) രണ്ടുപേരും ദൈവമനുഷ്യരായിരുന്നെങ്കിലും വിത്യസ്ഥമായ കഴികുളോടെയാണ് യഹോവയെ സേവിച്ചത്. എസ്രാ ഒരു പുരോഹിതൻ ആയിരുന്നതിനാൽ മടങ്ങിവന്നവരുടെ മതപരമായ ഉദ്ധാരണത്തിനാണ് മുൻതൂക്കം കൊടുത്തത്. എന്നാൽ നെഹമ്യാവ് ഒരു സാധാരണ പൗരൻ എന്ന നിലയിൽ രാഷ്ട്രീയ കഴിവുകളിലൂടെ (ഗവർണർ പദവി ഉപയോഗിച്ച്)യാണ് പ്രവർത്തിച്ചത്.

മടങ്ങിവന്ന ജനങ്ങളുടെ സുരക്ഷിതത്വത്തിനും ജന്മനാട്ടിൽ സുസ്ഥിരതയ്ക്കുംവേണ്ടി യഹോവയുടെ കൈ എങ്ങനെ അനുകൂലമായി പ്രവർത്തിച്ചു എന്നും നെഹമ്യാവ് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവ സഹായത്താൽ നെഹമ്യാവിന്റെ നേതൃത്വത്തിൻകീഴിൽ 52 ദിവസംകൊണ്ടാണ് 94 വർഷമായിട്ടും സെരൂബാബേലിന്റെ കീഴിൽ വന്ന ഒന്നാം

ബാച്ചിന് കഴിയാത്ത പണി ചെയ്തു തീർത്തത്. അനുസരണവും വിശ്വാസവുംകൊണ്ട് മാത്രമാണ് അവർക്കെതി രായി എല്ലാ എതിർപ്പുകളെയും അതിജീവിച്ച് അവർക്കു വിജയം കൈവരിക്കാൻ കഴിഞ്ഞത്. 18

### പ്രധാന വ്യക്തികൾ:

നെഹമ്യാവ്, അർത്ഥഹശഷ്ടാവ്, സനൻബല്ലത്ത്, എസ്രാ.

### നെഹമ്യായുടെ പുസ്തകത്തിൽ ക്രിസ്തു:

സ്വന്തമഹത്വം വെടിഞ്ഞ് മനുഷ്യരക്ഷയ്ക്കായി താണിറങ്ങി പ്രവർത്തിച്ച ക്രിസ്തുവിന്റെ മനസ്സാണ് ഉന്നത പദവി വെടിഞ്ഞ് ജനത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി പ്രവർത്തിക്കുവാൻ നെഹമ്യാവിനെ പ്രേരിപ്പിച്ചത്. അതുപോലെ അർത്ഥഹശഷ്ടാവിന്റെ വിളംബരം ദാനീയേലിന്റെ എഴുപത് ആഴ്ചവട്ടങ്ങളുടെ പൂർത്തീകരണത്തിനായുള്ള ആരം ഭംകൂടെ ആയിരുന്നു. (ദാനി. 9:25-27) ഇവിടെയാണ് ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ അനിശ്ചിത സമയത്തെക്കു റിച്ചു വെളിപ്പെടുന്നത്.

### ബാഹ്യരേഖ:

1. **മതിലുകളുടെ പുനർനിർമ്മിതി (1:1-7:73)**
   - A പുനർനിർമ്മാണത്തിനുള്ള ഒരുക്കം (1:1-2:20)
   - B പുനർനിർമ്മാണം (3:1-7:73)

2. **ജനങ്ങളുടെ പുനരുദ്ധാരണം (8:1-13:31)**
   - A ഉടമ്പടി പുതുക്കൽ (8:1-10:39)
   - B ഉടമ്പടിയോടുള്ള ജനങ്ങളുടെ അനുസരണം (11:1-13:31)

# എസ്ഥേർ

## (ജനങ്ങളുടെ സുരക്ഷിതത്വം)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

എഴുത്തുകാരൻ ആരായിരുന്നാലും പേർഷ്യൻ സംസ്കാരവുമായി അടുത്ത ബന്ധമുള്ള ആളായിരിക്കണം. പുസ്ത കത്തിൽ ചൂണ്ടിക്കാട്ടുന്ന കാര്യങ്ങളെ ഒരു ദൃക്സാക്ഷിയെപോലെ വർണ്ണിക്കുവാൻ അത്രയ്ക്കു അടുപ്പമുള്ളവർക്കേ കഴിയൂ. ഇക്കാരണത്താൽ എഴുത്തുകാരൻ ഒരു യഹൂദൻ ആയിരുന്നിരിക്കണമെന്ന നിഗമനത്തിൽ എത്തുന്നു.

ഏതായാലും സംഭവങ്ങളുടെ സാഹചര്യം വച്ചുകൊണ്ട് എസ്രായോ, നെഹമ്യാവോ ആണ് ഇതെഴുതിയത് എന്ന് പലരും വിശ്വസിക്കുന്നു. പുസ്തകത്തിന് അതിലെ പ്രധാന കഥാപാത്രത്തിന്റെ പേരാണ് നല്കിയിരിക്കുന്നത്. എബ്രായ ഭാഷയിൽ ആ പേര് 'ഹഡസ്സാ' (സുഗന്ധചെടി), എന്നായിരുന്നെങ്കിലും പേർഷ്യൻ പേരായ 'എസ്ഥേർ' (നക്ഷത്രം) എന്നതാണ് പുസ്തകത്തിനു നല്കിയിരിക്കുന്നത്.

### എഴുതിയകാലം:

എസ്രായുടെ പുസ്തകം ഏഴ്, എട്ട് അദ്ധ്യായങ്ങളിലെ സംഭവങ്ങളുടെ കാലത്താണ് എസ്ഥേറിന്റെ പുസ്തക ത്തിലെ സംഭവങ്ങളും നടന്നിരിക്കുന്നത്. അതായത് സെരുബാബേലിന്റെ കീഴിൽ മടങ്ങിവന്ന ഒന്നാം ബാച്ചി ന്റെയും എസ്രായുടെ കീഴിൽ വന്ന രണ്ടാം ബാച്ചിന്റെയും ഇടയ്ക്ക് ആയിരുന്നു. എസ്ഥേറിന്റെ പുസ്തകം എഴുതി യത്. അഹശ്വേരേശ് രാജാവിന്റെ വാഴ്ചയുടെ അവസാന വർഷങ്ങളിലോ (470-465 B.C.; 10:2,3) അദ്ദേഹത്തിന്റെ പുത്രനായ അർത്ഥഹശഷ്ടാവിന്റെ കാലത്തോ ആയിരിക്കണം (464-424 B.C.).

## വിഷയവും ഉദ്ദേശവും:

യഹൂദ പെൺകുട്ടിയായ എസ്ഥേറിനെ പേർഷ്യയിലെ രാജാവായ അഹശ്വേരേശ് വിവാഹത്തിനായി തിരഞ്ഞെടുക്കുന്നതും, യഹൂദന്മാരെ നിർമ്മൂലനം ചെയ്യാനുള്ള ഹാമാന്റെ പദ്ധതിയെ തകർക്കുവാൻ എസ്ഥേർ രാജ്ഞിയുടെമേൽ മോർദ്ദേഖായിയുടെ സമ്മർദ്ദം; സ്വജീവനെ മറന്ന് അവൾ രാജാവിനോട് അപേക്ഷിക്കുകയും യഹൂദന്മാർക്കു വലിയ വിടുതൽ ലഭ്യമാകുന്നതുമാണ് ഈ പുസ്തകത്തിലെ മനോഹരമായ കഥാസാരം. ബൈബിളിൽ ദൈവത്തിന്റെ നാമം ഉച്ചരിക്കപ്പെടാത്ത ഏകപുസ്തകവും ഇതുതന്നെ. പരിശോധനകളുടെയും, പീഢനങ്ങളുടെയും നടുവിൽ ദൈവം തന്റെ ജനത്തെ കരുതുകയും സഹായിക്കുകയും ചെയ്യുന്നു എന്നതാണ് പുസ്തകത്തിന്റെ വിഷയവും ഉദ്ദേശവും.

## പ്രധാന വ്യക്തികൾ (കഥാപാത്രങ്ങൾ):

എസ്ഥേർ, ഹാമാൻ, മോർദ്ദേഖായി, അഹശ്വേരോശ് (പേർഷ്യൻ രാജാവിന്റെ പേരിന്റെ എബ്രായരൂപം).

## എസ്ഥേറിന്റെ പുസ്തകത്തിൽ ക്രിസ്തു:

എസ്ഥേറിൽ നമുക്കു യോജിച്ചതായ ഒരു മാതൃക ലഭിക്കുന്നുണ്ട്. അവൾ സ്വന്തജീവനെ മരണപ്പെടുത്തുവാൻ നിശ്ചയിച്ചുകൊണ്ട് സ്വന്തജനത്തിന്റെ രക്ഷയ്ക്കായി പ്രവർത്തിക്കുകയും അവർക്കായി അപേക്ഷിക്കുവാൻ ഒരു മദ്ധ്യസ്ഥന്റെ (വക്കീൽ അഥവാ, കാര്യസ്ഥൻ) സ്ഥാനം ഏറ്റെടുക്കുകയും ചെയ്തത് ക്രിസ്തുവിനു നിഴലായിട്ടാണ്. അതുപോലെ യഹൂദന്റെ സംരക്ഷണത്തിലൂടെയാണ് മശിഹായുടെ വരവിനു വഴിതെളിഞ്ഞതും.

## ബാഹ്യരേഖ:

### 1. യഹൂദനു വരുന്ന അപകടം. (1:1–3:15)

- A വസ്തിയുടെ കൊട്ടാരത്തിൽ എസ്ഥേർ രാജ്ഞിയായി തീരുന്നു (1:1–2:23)
- B യഹൂദനു എതിരായി ഹാമാന്റെ ഗൂഢാലോചന (3:1–15)

### 2. യഹൂദന്റെ വിടുതൽ (4:1–10:3)

- A യഹൂദനുവേണ്ടി എസ്ഥേറിന്റെ തീരുമാനം (4:1–5:14)
- B ഹാമാന്റെ പരാജയം (6:1–7:10)
- C അഹശ്വേരോശിന്റെ വിളംബരവും മോർദ്ദേഖായിയും (8:1–17)
- D യഹൂദന്മാരുടെ ശത്രുക്കളുടെ പരാജയം (9:1–19)
- E പൂരിം എന്ന ഉത്സവം (9:20–32)
- F മോർദ്ദേഖായിയുടെ ഉയർച്ചയും, കീർത്തിയും (10:1–3).

ഭാഗം 3

# പദ്യപുസ്തകങ്ങൾ അഥവാ കവിതാസമാഹരണം

### മുഖവുര:

ഇതുവരെ നാം പരിശോധിച്ചതും പഠിച്ചതുമായ 17 പുസ്തകങ്ങൾ (ന്യായപ്രമാണവും ചരിത്രവും) ഉല്പത്തിമുതൽ നെഹമ്യാവുവരെയുള്ളതു പഴയനിയമത്തിലെ ചരിത്രഭാഗമായിരുന്നെങ്കിൽ ഇനിയുള്ളതു പദ്യഭാഗവും പ്രവചനഭാഗങ്ങളുമാണ്. പദ്യഭാഗം വളരെ ചെറുതാണ്. അതിൽ അഞ്ചുപുസ്തകങ്ങൾ ക്രമത്തിൽ ഇയ്യോബ്, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം-മാത്രമേയുള്ളു. ഈ ഭാഗത്തിന്റെ നിർമ്മാണത്തിൽ പല വിശിഷ്ട വ്യക്തികളുടെയും പങ്കുണ്ട്.

പദ്യം അഥവാ കവിതാഭാഗം എന്നതുകൊണ്ട് മനുഷ്യസങ്കല്പങ്ങളുടെ ഒരു ശേഖരണമെന്നല്ല പിന്നെയോ രൂപത്തിലും ഭാവത്തിലും പദ്യമാണെങ്കിലും അവ വിലയേറിയ ജീവിതാനുഭവങ്ങളുടെ സമാഹരണം മാത്രമാണ്.

### ബന്ധങ്ങൾ:

കഴിഞ്ഞ 17 പുസ്തകങ്ങൾ ചരിത്രപരമായിരുന്നെങ്കിൽ ഇതു ജീവിതാനുഭവങ്ങൾ ആകുന്നു. ചരിത്രങ്ങൾ ഒരു രാഷ്ട്രത്തിന്റെയും എബ്രായവംശത്തിന്റെയും ആയിരുന്നെങ്കിൽ പദ്യങ്ങൾ വ്യക്തിജീവിതങ്ങളുടെ ഹൃദയാനുഭവങ്ങൾ ആകുന്നു. ആയതിനാൽ സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ്.

പദ്യവിഭാഗമായി ഇതിനെ വേർതിരിക്കുകയാൽ പഴയനിയമത്തിൽ ഇനിവേറെ പദ്യങ്ങൾ ഒന്നുമില്ലെന്നു കരുതരുത്. നമ്മുടെ മുന്നോട്ടുള്ള പഠനത്തിൽ വേറെയും പദ്യങ്ങൾ പ്രവചനഭാഗങ്ങളിൽ കണ്ടെത്തുവാൻ കഴിയും.

ദൈവജനമായി തിരഞ്ഞെടുത്തിരിക്കുന്ന ഇസ്രയേൽ ജനതയോടുള്ള ബന്ധത്തിൽ പഴയനിയമത്തെ നാലു പ്രധാന ഭാഗങ്ങളായി തിരിക്കാവുന്നതാണ്:

1. ന്യായപ്രമാണം – ഇസ്രയേലിന്റെ സന്മാർഗ്ഗിക ജീവിത്തോട് ബന്ധപ്പെടുന്നു.
2. ചരിത്രങ്ങൾ – ഇസ്രയേലിന്റെ ദേശീയ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു.
3. പദ്യങ്ങൾ – ഇസ്രയേൽക്കാരുടെ ആത്മീക ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു.
4. പ്രവചനങ്ങൾ – ഇസ്രയേലിന്റെ ഭാവിജീവിതം മശിഹായിൽ പൂർത്തിയാകുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.

അഞ്ചു പദ്യപുസ്തകങ്ങളുടെ ബന്ധങ്ങൾ:

1. ഇയ്യോബ് – കഷ്ടങ്ങളിൽ കൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ
2. സങ്കീർത്തനങ്ങൾ – പ്രാർത്ഥനയിൽക്കൂടെയുള്ള സ്തുതിപ്പുകൾ
3. സദൃശ്യവാക്യങ്ങൾ – വിവേകിയായിരിപ്പാനുള്ള നീതിസൂത്രം
4. സഭാപ്രസംഗി – യാഥാർത്ഥ്യങ്ങളിലൂടെ വെളിപ്പെടുത്തുന്ന സത്യം
5. ഉത്തമഗീതം – ഐക്യതയിലൂടെ ലഭിക്കുന്ന സന്തോഷം

### എബ്രായ കവിതകളുടെ കാലഘട്ടം:

എബ്രായ ചരിത്രകാലംമുഴുവൻ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രാഥമികമായി മൂന്നു പ്രത്യേക കാലഘട്ടങ്ങൾ പദ്യസാഹിത്യത്തിനായി വേർതിരിച്ചിരിക്കുന്നു:

1. പൂർവപിതാക്കന്മാരുടെ കാലം - ഇയ്യോബ്(ഏകദേശം 1750 B.C)
2. ദാവീദിന്റെ കാലം - സങ്കീർത്തനം(ഏകദേശം 1050 B.C.)
3. ശലോമോന്റെ കാലം - (ഏകദേശം 950 B.C.)
   A. ഉത്തമഗീതം - ഒരു യൗവ്വനക്കാരന്റെ പ്രേമം
   B. സദൃശ്യവാക്യങ്ങൾ - ഒരു മദ്ധ്യവയസ്സന്റെ വിവേകം (ജ്ഞാനം)
   C സഭാപ്രസംഗി - ഒരു വയോജകന്റെ ദുഃഖങ്ങൾ (ഏകദേശം 950 B.C.) 20

### പദ്യപുസ്തകങ്ങളിൽ ക്രിസ്തു:

മുൻപ് രേഖപ്പെടുത്തിയ പ്രകാരം ക്രിസ്തുവാണ് ബൈബിളിന്റെ ഹൃദയം. ക്രിസ്തുവിന്റെ ഉയർപ്പിന്റെ അത്ഭുത വാർത്തയിൽ പ്രചോദിതരായി അവന്റെ മരണ പുനരുദ്ധാനങ്ങളെക്കുറിച്ചു സംവാദിച്ചുകൊണ്ട് എമ്മാവൂസിലേക്കുപോയ രണ്ടു ശിഷ്യന്മാരെ സമീപിച്ച് യേശു അവർക്കു കാര്യങ്ങളെ മനസ്സിലാക്കിക്കൊടുത്തതു എല്ലാം തിരുവെഴുത്തുകളിൽ നിന്നുമായിരുന്നു (ലൂക്കൊ. 24:27). അതുപോലെ പതിനൊരുവർക്കു പ്രത്യക്ഷനായപ്പോൾ അവർക്കും തിരുവെഴുത്തുകളിൽ തന്നെക്കുറിച്ചു എന്തുപറഞ്ഞിരിക്കുന്നു എന്നാണ് വെളിപ്പെടുത്തിയത്: ***"ഇതാകുന്നു നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്കു. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും, സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതു ഒക്കെയും നിവൃത്തിയാകണം.'*** (ലൂക്കോ. 24:44). പദ്യപുസ്തകങ്ങളിലേക്കു കടന്നുവരുന്നവർ തികഞ്ഞ ക്രിസ്തുവീക്ഷണത്തോടെ (ക്രിസ്തുശാസ്ത്രം) വേണം ഓരോ പുസ്തകവും പഠിക്കേണ്ടത്. നോർമാൻ ജെയിസ്ളർ (Norman Geisler) എന്നദേഹം ഇതിനെക്കുറിച്ചു പറയുന്നതു ശ്രദ്ധേയമാണ്:

> *"ന്യായപ്രമാണങ്ങളിൽ ക്രിസ്തുവിനെക്കുറിച്ചുള്ള അടിസ്ഥാനമിടുകയും, ചരിത്ര പുസ്തകങ്ങളിൽ അവനായിട്ടുള്ള തയാറെടുപ്പുകൾ സജ്ജീകരിക്കുകയും ചെയ്തെങ്കിൽ പദ്യ പുസ്തകങ്ങളിൽ ആ ക്രിസ്തുവിനെ മനുഷ്യ ഹൃദയങ്ങളിൽ ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകതയെ ആണ് ചൂണ്ടിക്കാട്ടുന്നത്. ഗൂഢമായോ, പരസ്യമായോ, സുബോധമനസ്സിലോ, അബോധമനസ്സിലോ ആയാലും ഏതു പ്രകാരത്തിലും യേശുക്രിസ്തു ജനഹൃദയങ്ങളിൽ സംപൂർണ്ണനാകേണ്ടതിന്റെ ആവശ്യകതയെ ഗ്രഹിപ്പിക്കുകയും അതിനായി ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു."* 21

ക്രിസ്തുവിലൂടെയുള്ള ധ്യാനത്തെയാണ് ഇയ്യോബ് വെളിപ്പെടുത്തുന്നത്. സങ്കീർത്തനങ്ങളാകട്ടെ യേശുക്രിസ്തുവുമായുള്ള സംയോജനെത്തെ കാണിക്കുന്നു. ക്രിസ്തുവിൽ പ്രാപിക്കേണ്ട ജ്ഞാനത്തെക്കുറിച്ച് സദൃശ്യവാക്യങ്ങളും, അവനിൽ ലഭ്യമാകുന്ന സംപൂർണ്ണ സംതൃപ്തിയെക്കുറിച്ച് സഭാപ്രസംഗിയും, അവനുമായുള്ള ഐക്യതയും സ്നേഹത്തെയുംകുറിച്ചു ഉത്തമഗീതങ്ങളും വെളിപ്പെടുത്തുന്നു.

# എബ്രായ കവിതകൾ (പദ്യങ്ങൾ)

### എബ്രായ കവിതകളുടെ സ്വഭാവം:

ഇംഗ്ലീഷ് കവിതകൾക്ക് (Poetry) ഉള്ളതുപോലെ എബ്രായ കവിതകൾക്കും പ്രാസവും വൃത്തവും ഉണ്ട്. ആന്തരീകമായി ഒന്നു മറ്റൊന്നിനെ ആശ്രയിച്ചിരിക്കും. ബൈബിൾ കവിതകളിൽ സമാന്തരികത്വം ഒരു പ്രധാന സ്വഭാവമാണ്. എബ്രായ കവിതകളിൽ 'വാക്യാലങ്കാരം' ധാരാളമുണ്ട്.

### മൂന്നുതരം എബ്രായ കവിതകൾ:

എബ്രായ കവിതകൾ മൂന്നുവിധമുണ്ട്. (1) ഗാനാത്മകം. ഇവ സംഗീതോപകരണങ്ങളോടുകൂടെ പാടുന്നവയാണ്. (സങ്കീർത്തനങ്ങൾ) (2) പ്രബോധകം. ജീവിതത്തിന്റെ അടിസ്ഥാന പ്രമാണ സത്യങ്ങൾ ഉൾക്കൊള്ളിച്ചുള്ളവയാണിത്. (സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി) (3) നാടകീയം. ഉള്ളടക്കെങ്ങളെ സംഭാഷണ രീതിയിൽ കൈമാറ്റം ചെയ്യുന്ന രീതിയാണിത് (ഇയ്യോബ്, ഉത്തമഗീതം).

### എബ്രായ കവിതയിലെ രണ്ടു പ്രധാന ഘടകങ്ങൾ:

**ഒന്നാമത്തേത് സാമാന്തരീകം തന്നെ.** ചിന്തകളും വിചാരങ്ങളും ആവർത്തിച്ചു പുനഃപ്രതിഷ്ഠിക്കയിൽക്കൂടെ അവയുടെ താരതമ്യ വിവേചനം നടക്കുന്നു. സമാന്തര പുനഃപ്രതിഷ്ഠാരീതി പലതരത്തിലുണ്ട്:

A  പര്യായ വാചകമായവ:  ഒന്നാമത്തെ ലൈനിലുള്ള ചിന്തകളെ അടിസ്ഥാനമാക്കി വ്യത്യസ്ഥ വാക്കുകളെ രണ്ടാമത്തെ ലൈനിൽ ഉപയോഗിക്കുന്നു (സങ്കീ. 2:4; 3:1; 7:17).

B  വിരോധാലങ്കാരമായവ – ഒന്നാമത്തെ ലൈനിലെ ചിന്തയ്ക്കു വിപരീതമായ ചിന്ത രണ്ടാമത്തെ ലൈനിൽ ഉപയോഗിക്കുന്ന രീതി (സങ്കീ. 1:6; 34:10).

C  സംയോജന സംബന്ധിയായവ: ഒന്നാമത്തെ ലൈനിൽ പ്രസ്താവിച്ചിരിക്കുന്നവയ്ക്കു വിശദീകരണവും; വികസനവും രണ്ടാമത്തെ ലൈനിൽ നല്കുന്ന രീതി (സങ്കീ. 1:3; 95:3).

D  കാലാവസ്ഥപരമായവ: അവസാന ഭാഗത്തെ ഒഴിച്ചുകൊണ്ട് രണ്ടാമത്തെ ലൈനിലെ ആവർത്തനം (സങ്കീ. 29:1).

E  അടയാള(മുദ്ര) പരമായത് – ഒന്നമത്തെ ലൈൻ അതിന്റെ പ്രധാനപോയിന്റിനെ പിൻപറ്റുമ്പോൾ രണ്ടാമത്തെ ലൈൻ അതിന്റെ രുപത്തെ പ്രകാശിപ്പിക്കുന്നു (സങ്കീ. 42:1; 23:1).

**രണ്ടാമത്തെ പ്രധാന ഘടകം വാക്യാലങ്കാരമാണ്.** ഒന്നുമറ്റൊന്നിനെ പ്രതിനിധീകരിച്ച് ഉപയോഗിക്കുമ്പോഴാണ് വാക്യാലങ്കാരം ഉണ്ടാകുന്നതു. ചിന്തകളെയും വിചാരങ്ങളെയും പ്രതിഫലിപ്പിക്കുവാൻ എബ്രായ കവിതയിൽ ഇതിന്റെ ഉപയോഗം വളരെയാണ്.

ഉദാഹരണമായി സങ്കീ. 1:2,3-ൽ ***"യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിക്കുന്നവർ" "ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷംപോലെ ഇരിയ്ക്കും." "സന്തോഷിക്കുന്നവർ"*** വൃക്ഷങ്ങളല്ല പിന്നയോ അവരെ നിലനില്ക്കുന്ന വൃക്ഷങ്ങളോടു ഉപമിച്ചിരിക്കുകയാണ്. ഇങ്ങനെയുള്ളിടത്തെല്ലാം "പോലെ" എന്ന വാക്ക് ശ്രദ്ധിക്കുക (സങ്കീ. 5:12; 17:8; 131:2)

മറ്റൊരു വാക്യാലങ്കാരം പരസ്പരം താരതമ്യം ചെയ്യുന്നവിധമാണ്. ഇതിനുപയോഗിച്ചിരിക്കുന്ന വാക്ക് "ആകുന്നു" എന്നതാണ്. സങ്കീ. 23:1-ൽ ദാവീദ്, "യഹോവ എന്റെ ഇടയൻ 'ആകുന്നു' എന്നതാണ്. സങ്കീ. 23:1-ൽ ദാവീദ്, ***"യഹോവ എന്റെ ഇടയൻ ആകുന്നു"*** എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ ദാവീദ് ഒരിക്കലും നീണ്ട രോമങ്ങളോടും നാലു കാലുകളോടും, വാലോടും കൂടിയ മൃഗം ആയിരുന്നില്ല, എന്നാൽ ഒരു ഇടയൻ ആടുകളെ പരിപാലിക്കുന്നതുപോലെ യഹോവയുടെ പരിപാലനം ലഭിക്കുന്നതിനെ വർണ്ണിക്കുകയാണ് (സങ്കീ. 84:11;91:4).

അതിശയോക്തിയെയും അതിവർണ്ണനകളെയും കുറിച്ചുള്ളതാണ് മറ്റൊരു പ്രത്യേകത. സമയാസമയങ്ങളിൽ ഇതിന്റെ പ്രയോഗം കാണാവുന്നതാണ്. സങ്കീ. 6:6ൽ ***"രാത്രി മുഴുവനും എന്റെ കിടക്കയെ ഒഴുക്കുന്നു; കണ്ണുനീർ കൊണ്ട് ഞാൻ എന്റെ കട്ടിലിനെ നനയ്ക്കുന്നു"*** എന്നു പറഞ്ഞിരിക്കുന്നു. ദാവീദ് ഒരിക്കലും തന്റെ കിടക്ക ഒഴുകി നടക്കതക്കവണ്ണം കണ്ണുനീർ വാർത്തിട്ടില്ല പക്ഷേ അവന്റെ ദുഃഖം എത്ര അഗാധമായിരുന്നു എന്നാണിതു വെളിപ്പെടുത്തുന്നത് (സങ്കീ. 78:27; 107:26).

ചില സന്ദർഭങ്ങളിൽ കാര്യങ്ങളുടെ നിജസ്ഥിതി അന്വേഷിക്കുവാനായി ചോദ്യരൂപങ്ങൾ പ്രയോഗിച്ചിരിക്കുന്നതായി കാണുന്നു. ***"നിനക്കു തുല്ല്യൻ ആർ?"*** (സങ്കീ. 35:10) യഹോവയുടെ വലിമയെ മനസ്സിലാക്കുവാനുള്ള ആഗ്രഹമാണിത്. ലഭിക്കുന്ന ഉത്തരമോ "ആരുമില്ല" എന്നായിരിക്കും. (സങ്കീ. 56:8; 106:2)

വാക്യാലങ്കാരത്തിന്റെ അവസാനത്തെ പ്രയോഗവും ദൈവത്തെ ഒരു തള്ളപക്ഷിയോട് ഉപമിച്ചുകൊണ്ടാണ്. സങ്കീ. 17:8-ൽ ദാവീദ് ദൈവത്തോട് ***"നിന്റെ ചിറകിന്റെ നിഴലിൽ എന്നെ മറച്ചുകൊള്ളേണമേ"*** എന്നപേക്ഷിക്കുന്നു. ദൈവം ഒരിക്കലും ഒരു പക്ഷിയല്ല പക്ഷേ അവൻ നല്കുന്ന സംരക്ഷണം തള്ളപക്ഷി തന്റെ കുഞ്ഞുങ്ങൾക്കു നല്കുന്നതുപോലെയാണെന്നർത്ഥം (സങ്കീ. 91:4).

# ഇയ്യോബ്
## (കഷ്ടതയിൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

പുസ്തകത്തിലെ പ്രധാന കഥാപാത്രത്തിൽനിന്നാണ് പുസ്തകത്തിനു ഈ പേരു ലഭിച്ചത്. ഇയ്യോബ് ഒരു ചരിത്രപുരുഷൻ ആയിരുന്നു (യെഹ. 14:14,20; യാക്കോ. 5:11). എഴുത്തുകാരൻ ആരെന്നു തീർച്ചയില്ലെങ്കിലും വ്യാഖ്യാതാ

ക്കളുടെ അഭിപ്രായത്തിൽ ഇയ്യോബ് സ്വയം എഴുതി എന്നും അതല്ല എലീഹൂ, മോശെ, ശാലോമോൻ എന്നിവരിൽ ആരെങ്കിലും ആയിരിക്കാമെന്നുമാണ്.

ഇയ്യോബിന്റെ ജിവിതകാലം അബ്രഹാം, ഇസ്സഹാക്ക്, യാക്കോബ്ബ്, യോസേഫ് എന്നിവരുടെ കാലത്തോട് ബന്ധിപ്പിച്ചാണ് ചിന്തിച്ചുപോരുന്നത്. അക്കാലത്ത് ജിവിച്ചിരുന്ന ഇയ്യോബ് എന്ന വ്യക്തി അത്യധികം കഷ്ടം സഹിച്ചു. (ധനനഷ്ടം, കുടംബം, ആരോഗ്യം എന്നിവ) എന്നാലും എന്തിന് ആയിരുന്നു ഇതെല്ലാം, എന്ന ചോദ്യം അവശേഷിക്കുകയാണ്?

## എഴുതിയകാലം:

എഴുത്തുകാരനെക്കുറിച്ചു നിശ്ചയമില്ലാത്തിടത്തോളം എഴുതിയകാലം നിർണ്ണയിക്കുക എന്നതും സംഭവ്യമല്ല. എന്തായാലും മോശെയ്ക്കു ന്യായപ്രമാണം കിട്ടുന്നതിനു മുമ്പായിരുന്നു (1445–1405 B.C.) എന്നു വിശ്വസിപ്പാൻ ന്യായമുണ്ട്. ന്യായപ്രമാണം നല്കുന്നതിനും, ലേവ്യാപൗരോഹിത്യം നിലവിൽ വരുന്നതിനും മുമ്പ് കുടുംബത്തിന്റെ മൂപ്പനായിരുന്നു പുരോഹതൻ. ഇയ്യോബ് കുടുംബ പുരോഹിതൻ എന്ന നിലയിൽ യാഗങ്ങൾ അർപ്പിക്കുന്നുണ്ട്. (1:5) ആകയാൽ മിക്കവാറം ഇതു അബ്രഹാമിന്റെ കാലത്തെ ഒരു സംഭവം ആയിരിക്കണം.

## വിഷയവും ഉദ്ദേശവും:

മനുഷ്യന്റെ തിന്മയുടെയും കഷ്ടതയുടെയും നടുവിൽ സർവ്വശക്തനായ ദൈവത്തിന്റെ നന്മകളും, നീതിയും, സാന്നിദ്ധ്യവും എങ്ങനെ വെളിവാക്കുന്നു എന്നു ഈ പുസ്തകം സമർത്ഥമായി തെളിയിച്ചിട്ടുണ്ട്. എങ്കിലും പുസ്തകത്തിന്റെ പഠനത്തിൽ ആദിയോടന്തം ഉയരുന്ന ഒരു ചോദ്യമുണ്ട്. ദൈവം സ്നേഹവും കരുണയും നിറഞ്ഞവനാണെങ്കിൽ പിന്നെ എന്തുകൊണ്ടാണ് നീതിമാന്മാർക്ക് കഷ്ടവും സങ്കടങ്ങളും വരുന്നത്? ദൈവത്തിന്റെ പരമാധികാരത്തെയും മനുഷ്യൻ അതു ഗ്രഹിക്കേണ്ടതിന്റെ ആവശ്യകതയേയുമാണ് ഇതിൽനിന്നു ലഭിക്കുന്ന പാഠങ്ങൾ. ഇയ്യോബിന്റെ മൂന്നൂ സ്നേഹിതന്മാർ നല്കുന്ന മറുപടിയിലെ കാതലായ വിഷയവും മറ്റൊന്നല്ല. സകല കഷ്ടതകളുടെയും നിദാനം പാപംതന്നെയെന്നാണ് അവർ വാദിയ്ക്കുന്നത്. ഏലിഹൂ എന്തായാലും ഇതിൽനിന്നു വ്യത്യസ്ഥമായി കഷ്ടത നീതിമാന്മാരുടെ ശുദ്ധീകരണത്തനായി ദൈവോദ്ദേശപ്രകാരം സംഭവിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് സ്വയനീതി ഉപേക്ഷിച്ച് ദൈവത്തിൽ ആശ്രയിക്കുവാൻ ഇയ്യോബിനോട് ആവശ്യപ്പെടുന്നത്. ഈ വിഷയത്തെക്കുറിച്ച് ഗ്ലെയിസൺ ആർക്കർ 22 (Gleason Archor) പറയുന്നതു ശ്രദ്ധിക്കാം:

> "ഈ പുസ്തകം ദൈവ ഭക്തന്മാരായവർക്കു നേരിടുന്ന കഷ്ടതയുടെ സിദ്ധാന്തത്തെയാണു വെളിപ്പെടുത്തുന്നത്. ആകയാൽ നീതിമാന്മാർ എന്തിന് കഷ്ടം സഹിക്കുന്നു? എന്ന ചോദ്യത്തിനുള്ള ഉത്തരവുമുണ്ട്. മറുപടി ത്രിവിധത്തിലാണ് നല്കിയിരിക്കുന്നത്: (1) മനുഷ്യരുടെമേൽ ചൊരിയുന്ന അനുഗ്രങ്ങഹങ്ങൾക്കുപരിയായി ദൈവം സ്നേഹത്തിന്റെ ദൈവം തന്നെ. (2) നമ്മുടെ പ്രമാണങ്ങളെ അവനോടുള്ള ഭക്തിയിൽ കാക്കേണ്ടതിനും നമ്മെ ശുദ്ധീകരിച്ചു ശക്തരാക്കേണ്ടതിനുമായി ചിലപ്പോൾ കഷ്ടതകൾ ഒരു മുഖാന്തരമായിതീരാൻ അനുവദിക്കുന്നു. (3) നമ്മുടെ ചെറുമനസ്സുകൾക്കു ഗ്രഹിപ്പാനും ഉൾക്കൊള്ളാനും കഴിയാത്തവിധം ദൈവത്തിന്റെ ചിന്തകളും വഴികളും ഉന്നതങ്ങളും അപ്രമേയവുമത്രേ. എന്നിട്ടും ദൈവം തന്റെ ജനത്തിന് ഏറ്റവും നല്ലതെന്താണെന്ന് മനസ്സിലാക്കി തന്റെ മഹത്വത്തിനൊത്തവണ്ണം വിതരണം ചെയ്യുന്നു. സർവ്വശക്തന്റെ ഈ വിശാലതയുടെ ആഴം ഗ്രഹിപ്പാനോ ദർശിപ്പാനോ മനുഷ്യർക്കു കഴിയുന്നില്ലെന്നതാണ് പരമാർത്ഥം. ഇയ്യോബിന്റെ ആശ്വസകന്മാരായി വന്ന മൂന്നു സ്നേഹിതന്മാരുടെ (എലിഫാസ്, ബിൽദാദ്, സോഫർ) വാക്കുകളിൽ നിന്നാണ് ഇതു തയ്യാറാക്കിയത്." 23

ഈ പുസ്തകം വെളിപ്പെടുത്തുന്ന മറ്റൊരു വിഷയം യുഗങ്ങളായി നിലനില്ക്കുന്ന സാത്താനും ദൈവവുമായുള്ള സംഘട്ടനവും തൽഫലമായി മനുഷ്യനു നേരിടുന്ന കഷ്ടതയുമാണ്. എന്നാൽ അവിടെയും ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സകലവും നന്മയ്ക്കായി തീർക്കുന്നു എന്ന സത്യവും തെളിയിച്ചിട്ടുണ്ട് (റോമ. 8:28).

## പ്രധാന വ്യക്തികൾ:

ഇയ്യോബ്, നിഷ്കളങ്കനും നീതിമാനുമായ മനുഷ്യൻ. സാത്താൻ, ഇയ്യോബിനെ കുറ്റം ചമത്തുന്നവൻ. ബിൽദാദ്, എലീഫാസ്, സോഫർ, എലീഹൂ, ഇയ്യോബിനേക്കാൾ പ്രായം കുറഞ്ഞവരെങ്കിലും അവനെ ഉപദേശിപ്പാനും ആശ്വസിപ്പിക്കുവാനുമായി എത്തിയ ജ്ഞാനികളായ സ്നേഹിതന്മാർ.

## ഇയ്യോബിന്റെ പുസ്തകത്തിൽ ക്രിസ്തു:

പല പ്രകാരത്തിൽ ക്രിസ്തുവിനെ ദർശിപ്പാൻ ഇതിൽ വഴികളുണ്ട്. ഇയ്യോബ് വെളിപ്പെടുത്തുന്ന 'വീണ്ടെടുപ്പുകാരൻ' (19:25-27) അവൻ അന്വേഷിക്കുന്ന 'മദ്ധ്യസ്ഥൻ' (9:33; 33:23) തന്റെ ദുരിതങ്ങളും കഷ്ടപ്പാടുകളും എന്തിനെന്നു ഗ്രഹിപ്പിക്കുവാൻ അവൻ ആളെ അന്വേഷിച്ചെങ്കിലും ഒടുവിൽ അതിന്റെ മറുപടി ക്രിസ്തുവിൽ കണ്ടെത്തുകയാണ്; എന്തെന്നാൽ യേശുക്രിസ്തുമാത്രമാണ് പിശാചിനോടുള്ള പോരാട്ടത്തിൽ നീതിമാനായി നീതികെട്ടവർക്കായി എല്ലാം സഹിച്ചതും ദൈവമുമ്പാകെ നമുക്കെതിരായി അപവാദം പറയുകയും ദൈവീക പരിപാടിയെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത സാത്താനെ പൂർണ്ണമായി പരാജയപ്പെടുത്തിയത് (എബ്രാ. 2:14-18; 4:15; റോമ.8:32-34).

### ബാഹ്യരേഖ:

**1. ആമുഖങ്ങളുടെയും കഷ്ടതകളുടെയും, നാശങ്ങളുടെയും പട്ടിക (1:1-2:13)**

- A ചുറ്റുപാടുകളുടെ പ്രകൃതം (1:1-5)
- B ഇയ്യോബിന്റെ പ്രശ്നങ്ങളും സാത്താന്റെ തന്ത്രങ്ങളും (1:6-2:10)
- C അവന്റെ ആശ്വാസകന്മാർ (2:11-13)

**2. സംവാദം - മൂന്നു സ്നേഹിതന്മാരുടെ വ്യർത്ഥ സ്വാന്തനങ്ങൾ (3:1-31:40)**

A വ്യർത്ഥവാദങ്ങളുടെ പരിവൃത്തി (3:1-14:22)

1) ഇയ്യോബിന്റെ വിലാപം (3:1-26)
2) എലീഫാസിന്റെ മറുപടി (4:1-5:27)
3) ഇയ്യോബിന്റെ മറുപടി (6:1-7:21)
4) ബിൽദാദിന്റെ മറുപടി (8:1-22)
5) ഇയ്യോബിന്റെ മറുപടി (9:1-10:22)
6) സോഫറിന്റെ മറുപടി (11:1-20)
7) ഇയ്യോബിന്റെ മറുപടി (12:1-14:22)

B. സംവാദത്തിന്റെ രണ്ടാം പരിവൃത്തി (15:1-21:34)

1) എലിഫാസിന്റെ മറുപടി (15:1-35)
2) ഇയ്യോബിന്റെ മറുപടി (16:1-17:16)
3) ബിൽദാദിന്റെ മറുപടി (18:1-21)
4) ഇയ്യോബിന്റെ മറുപടി (19:1-29)
5) സോഫറിന്റെ മറുപടി (20:1-29)
6) ഇയ്യോബിന്റെ മറുപടി (21:1-34)

C സംവാദത്തിന്റെ മൂന്നാം പരിവൃത്തി (22:1-31:40)

1) എലിഫാസിന്റെ മറുപടി (22:1-30)
2) ഇയ്യോബിന്റെ മറുപടി (23:1-24:25)
3) ബിൽദാദിന്റെ മറുപടി (25:1-6)
4) ഇയ്യോബിന്റെ മറുപടി (26:1-31:40)

**3. ഏലീഹൂവിന്റെ വാക്കുകൾ: (32:1-37:24)**

- A ഒന്നാമത്തെ പ്രസംഗം: കഷ്ടതയിലൂടെ ദൈവം മനുഷ്യനു നല്കുന്ന നിർദ്ദേശങ്ങൾ (32:1-33:33)
- B രണ്ടാമത്തെ പ്രസംഗം: ദൈവത്തിന്റെ നീതിയും വിവേകവും തെളിയിച്ചിരിക്കുന്നു (34:1-37)
- C മൂന്നാമത്തെ പ്രസംഗം: സ്ഥായിയായ വിശുദ്ധിയുടെയും നിർമ്മലതയുടെയും നേട്ടം (35:1-16)
- D നാലാമത്തെ പ്രസംഗം:ദൈവത്തിന്റെ വലിമ, എന്നാൽ ദൈവം തന്നോടു നീതിയായി പ്രവർത്തിച്ചില്ലെന്നുള്ള ഇയ്യോബിന്റെ പരാതിയും (36:1-37:24).

## 4. ചുഴലികാറ്റിൽനിന്നുകൊണ്ടുള്ള ദൈവത്തിന്റെ വെളിപ്പാട് (38:1-42:6)

A ഒന്നാമത്തെ വെളിപ്പാട് (38:1-40:5)
   1) ദൈവത്തിന്റെ സർവ്വശക്തി സൃഷ്ടി കർമ്മത്തിലൂടെ പ്രസ്താവിച്ചിരിക്കുന്നു. (38:1-39:30)
   2) ഇയ്യോബിന്റെ സ്വയം കുറ്റാരോപണവും ഏറ്റുപറച്ചിലും (40:1-40:5)

B. രണ്ടാമത്തെ വെളിപ്പാട്: ദൈവത്തിന്റെ ശക്തിയും മനുഷ്യന്റെ ബലഹീനതയും; ഇയ്യോബിന്റെ എളിയ പ്രതികരണം (40:6-42-6)

## 5. അവസാന ഭാഷ്യം (42:7-17)

A വ്യർത്ഥ ആശ്വാസകരെ ദൈവം ശാസിക്കുന്നു (42:7-9)

B ഇയ്യോബിന്റെ പുനരുദ്ധാരണവും, പ്രതിഫലവും (42:10-17).

# സങ്കീർത്തനങ്ങൾ

## (പ്രാർത്ഥനയിൽക്കൂടെയുള്ള സ്തുതിപ്പുകൾ)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ബൈബിളിലെ ഏറ്റവും ദീർഘമായതും എല്ലാവരാലും കൂടുതൽ ഉപയോഗിക്കപ്പെടുന്നതുമായ പുസ്തകമാണ് സങ്കീർത്തനങ്ങൾ. ഒരുപക്ഷേ ജീവിതാനുഭവങ്ങളെ ഇത്രയും ഹൃദയസ്പർശിയായി വർണ്ണിക്കുന്നതിനു ഖേദിത മനസ്സിനു ലഭിക്കുന്ന ആശ്വാസത്താലും ആയിരിക്കാം ഈ ആകർഷണം. ശോകിത മനസ്സുകൾ നെടുവീർപ്പുകളെ പ്രാർത്ഥനയും, പാട്ടുകളും, സ്തുതിപ്പുകളുമാക്കി മാറ്റുന്ന അനുഭവം വീണ്ടും വീണ്ടും ഇതിൽ എടുത്തു കാണിക്കുന്നുണ്ട്. പുസ്തകത്തിന്റെ എഴുത്തുകാരൻ ആരെന്നു പറഞ്ഞിട്ടില്ലെങ്കിലും സങ്കീർത്തനങ്ങളുടെ ശീർഷകങ്ങൾ നല്കുന്ന പേരുകളിൽനിന്നു എഴുത്തുകാരെ തിരിച്ചറിയാൻ സാധിക്കും. താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക: 24

| സങ്കീർത്തനങ്ങളുടെ ഗ്രന്ഥകർത്താക്കൾ | | |
|---|---|---|
| ദാവീദ് | 73 | പുസ്തകം 1, പുസ്തകം2,18; പുസ്തകം 3,1; പുസ്തകം 4,2; പുസ്തകം 5,15 |
| ആസാഫ് | 12 | സങ്കീർത്തനം 50, 73-83 |
| കോരഹുപുത്രന്മാർ | 12 | സങ്കീർത്തനം 42-49; 84; 86; 87; 88 |
| ശലോമോൻ | 2 | സങ്കീർത്തനം 72,127 |
| മോശെ | 1 | സങ്കീർത്തനം 90 |
| ഏഥാൻ | 1 | സങ്കീർത്തനം 89 |

എബ്രായ ഭാഷയിൽ സങ്കീർത്തനപുസ്തകത്തിന് "സ്തുതിപ്പ്" അഥവാ "സ്തുതിപ്പുകളുടെ പുസ്തകം" എന്നാണ് പേര്. യഥാർത്ഥത്തിൽ 145-ാം സങ്കീർത്തനം മാത്രമേ "സ്തുതിപ്പ്" (എബ്രായ ഭാഷയിൽ tehillah, ഇംഗ്ലീഷിൽ Praise) എന്ന ശീർഷകത്തിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ളവെങ്കിലും (മലയാളത്തിൽ സങ്കീർത്തനങ്ങൾ എന്നു തന്നെയാണ്) എല്ലാ സങ്കീർത്തനങ്ങളുടെയും ഹൃദയം സ്തുതിപ്പുതന്നെയാണ്. സങ്കീർത്തനങ്ങൾ സംഗീതോപകരണങ്ങളോടുകൂടെ പാടുവാൻ തക്ക രീതിയിലുള്ള ഗാനങ്ങളോ, കാവ്യങ്ങളോ ആണ്. സങ്കീർത്തനങ്ങൾ എന്ന പദം ഗാനങ്ങൾക്കു "തന്ത്രികൾ (കമ്പികൾ) ഉള്ളതായ ഉപകരണത്തെ വലിക്കുക" എന്നർത്ഥം വരുന്ന എബ്രായ പദത്തിൽനിന്നുണ്ടായതാണ്.

### എഴുതിയ കാലം:

വിവിധ വിഷയങ്ങളോടുകടെ വിശാലമായ സങ്കീർത്തന മേഖലയിൽ സാഹചര്യങ്ങളിലും അവസ്ഥകളിലും, കഴിയുന്ന പ്രേക്ഷകർക്ക് അവർ ജീവിക്കുന്ന കാലങ്ങൾക്കും ജീവിത മനോഭാവങ്ങൾക്കും ഉപരിയായ അനുഭവങ്ങളെ ആസ്വദിക്കുവാനുള്ള അവസരമുണ്ട്. സങ്കീർത്തങ്ങൾ എഴുതിയ കാലങ്ങളെക്കുറിച്ചു ഗ്ലെയ്സൺ ആർച്ചറുടെ (Gleason Archer) വാക്കുകൾ ശ്രദ്ധിക്കാം:

"സങ്കീർത്തനങ്ങളിൽ ഏറ്റം പുരാതീനമായതു മോശെയാൽ എഴുതപ്പെട്ട 90-ാം സങ്കീർത്തനമായിരിക്കണം. ഇതു B.C. 1405-ൽ എഴുതിയിരിക്കുമെന്നു ഊഹിക്കാവുന്നതാണ്. ദാവീദിന്റെ വകയായ സങ്കീർത്തനങ്ങൾ B. C 1020-നും 975നും ഇടയ്ക്കു എഴുതിയിരിക്കണം. ആസാഫിന്റെ സങ്കീർത്തനങ്ങളും ഇതേ കാലയളവിൽ രചിക്കപ്പെട്ടിരിക്കണം. സങ്കീ. 127 ശലോമോന്റെ ഭരണത്തിന്റെ ആരംഭത്തിൽ അതായത് B.C. 950-ൽ ആയിരിക്കണം. എന്നാൽ കോരഹു പുത്രന്മാരുടെയും രണ്ടു എസ്രാഹാന്യരുടെ (ഏഥാൻ) കാലവും നിർവ്വചിക്കുന്ന കഠിനമാണ്. പ്രവാസത്തിനു മുമ്പായിരിക്കാം എന്ന് ഊഹിക്കാം. തലക്കെട്ടുകൾ നല്കിയിട്ടില്ലാത്ത സങ്കീർത്തനങ്ങൾ ചിലതു നിസ്സംശയമായി ദാവീദിന്റെ വക ആയിരുന്നു. (ഉദാ. സങ്കീ. 2,33) മറ്റുള്ളവ അതായത് സങ്കീ. 126,137 പ്രവാസത്തിന്റെ അവസാന നാളുകളിലേതും മടങ്ങിവന്നതിനോടനുബന്ധിച്ചും ഉള്ളവയാണ്. കൃത്യമായ തീയതികൾ ലഭ്യമല്ലെങ്കിലും ഏതാണ്ട് B.C. 500-ന് അടുത്തായിരിക്കണം. 25

## വിഷയവും ഉദ്ദേശവും:

സങ്കീർത്തനങ്ങൾ നല്കുന്ന ആരാധനാ വിഷയങ്ങളിലൂടെ നമുക്ക് ലഭിക്കുന്നത് പ്രത്യാശയുടെയും ആശ്വാസത്തിന്റെയും ദൂതാണ്. വാസ്തവത്തിൽ ദൈവത്തിന്റെ ആളത്വത്തോടും പ്രവർത്തിയോടും വ്യക്തിപരമായി നാം പ്രതികരിക്കുമ്പോൾ ഇതു നമ്മുടെ ജീവിതത്തിൽ ഭയത്തിനും പരാതിയ്ക്കും എതിരായുള്ള മറുമരുന്നായിത്തീരുകയാണ്. സങ്കീർത്തനങ്ങൾ ഇസ്രയേൽ ജനതയുടെ ആരാധന, വിശ്വാസം, ആത്മീക ജീവിതം എന്നിവയുടെ പ്രകാശനം ആയിരുന്നു. സങ്കീർത്തനം ഒരർത്ഥത്തിൽ ദൈവജനങ്ങളുടെ ഹൃദയകണ്ണാടിയാണ് ഏതിനാൽ ദൈവത്തിന്റെ ആളത്വം, വാഗ്ദത്തങ്ങൾ, സാന്നിദ്ധ്യം, പദ്ധതികൾ എന്നിവയെ എഴുത്തുകൊണ്ട് അവയെ ആഗോളമാനവ ജീവിതത്തിലെ അനുഭവമാക്കി പ്രവർത്തിക്കുവാൻ സാധിച്ചു.

നൂറ്റി അൻപതു സങ്കീർത്തനങ്ങളിലായി വിവിധ വിഷയങ്ങളും, പരിതസ്ഥിതികളും ഉന്നതമായ ഹൃദയവികാരങ്ങളുമാണ് നമുക്കു ലഭിക്കുന്നത്. അതേസമയം ദൈവത്തിന്റെ കൃപയും നന്മകളും അനുഭവിക്കുന്ന ഒരു വിശ്വാസിക്കല്ലാതെ ഇതിലെ വിഷയങ്ങളും ഉദ്ദേശങ്ങളും മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും. പലപ്പോഴും സങ്കീർത്തനക്കാരന്റെ സ്വന്തം ആന്തരിക വികാരങ്ങൾ, നിരുത്സാഹം, വിഷാദം എന്നിവയും ശത്രുക്കളുടെമേൽ ദൈവസഹായത്താൽ ലഭിച്ച വിജയങ്ങൾക്കായി ദൈവത്തിനു അർപ്പിക്കുന്ന നന്ദിപ്രകടനങ്ങളും ഇതിൽ പ്രത്യക്ഷമാണ്. വിഷാദമായാലും സന്തോഷമായാലും സങ്കീർത്തനക്കാരൻ ദൈവസാന്നിദ്ധ്യത്തിൽ ആയിരുന്നു എന്നതു എത്രയോ അഭികാമ്യമാണ്. ചില സങ്കീർത്തനങ്ങളിൽ (ഉദാഹരണമായി സങ്കീ. 2) ദൈവത്തിന്റെ വിചാരങ്ങളും വെളിപ്പാടുകളുംമാത്രം പ്രത്യേകമായി എടുത്തുകാട്ടിയിട്ടുമുണ്ട്. 26

സങ്കീർത്തനങ്ങൾ എല്ലാംതന്നെ തിരുവെഴുത്തുകളുടെ രംഗനിരീക്ഷണം നടത്തുകയും, ഗുണ ലക്ഷണങ്ങൾ, മശിഹായുടെ വരവിന്റെ പ്രതീക്ഷ എന്നിവയെ പ്രകീർത്തിക്കുകയും ചെയ്തിട്ടുണ്ട്.

## സങ്കീർത്തനങ്ങളുടെയും വിഭജനം:

അഞ്ചു പുസ്തകങ്ങളെ (വിഭാഗങ്ങളെ) ഒന്നാക്കി ഒറ്റ പുസ്തകമാക്കിയതാണ് സങ്കീർത്തനങ്ങൾ. ഓരോ പുസ്തക വിഭാഗവും അവസാനിക്കുന്നത് ദൈവത്തിനു പ്രത്യേക സ്തുതികൾ അർപ്പിച്ചികൊണ്ടാണ്. എന്നാൽ 150-ാം സങ്കീർത്തനം സംപൂർണ്ണ പുസ്തകത്തിന്റെ അന്ത്യം കുറിക്കുന്നതാകയാൽ സ്തുതിപ്പിന്റെ വിവിധ രീതികളോടുകൂടെയാണ്.

എപ്പിപ്പാനിയാസു (Epipanius) പറയുന്നതു ശ്രദ്ധേയമാണ്: "എബ്രായക്കാർ സങ്കീർത്തനങ്ങളെ അഞ്ചായി തിരിച്ചതിനാൽ നമുക്കു മറ്റൊരു പഞ്ചഗ്രന്ഥംകൂടി ലഭിച്ചിരിക്കുന്നു." സങ്കീ. 1:1 നെക്കുറിച്ചുള്ള വിശദീകരണത്തിൽ "മോശെ ഇസ്രയേൽ മക്കൾക്കു നല്കിയ ന്യായപ്രമാണത്തിന്റെ അഞ്ചു പുസ്തകങ്ങളെ ഓർക്കുവാനും അതുമായി ബന്ധപ്പെട്ടുവാനുമായി ദാവീദു നല്കിയ മറ്റൊരു പഞ്ചഗ്രന്ഥമാണ് അഞ്ചു പുസ്തകങ്ങളടങ്ങിയ സങ്കീർത്തനങ്ങൾ." 27

സങ്കീർത്തനങ്ങളും മോശൈക പുസ്തകങ്ങളുമായുള്ള ബന്ധത്തിന്റെ ബാഹ്യരേഖ: 28

1. മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ച് സങ്കീർത്തനങ്ങൾ (1-41) - ഉല്പത്തിപുസ്തകം
2. ഇസ്രയേലും വീണ്ടെടുപ്പും സങ്കീർത്തനങ്ങൾ (42-72) - പുറപ്പാട്പുസ്തകം
3. ആരാധനയും ദേവാലയവും സങ്കീർത്തനങ്ങൾ (73-89) - ലേവ്യാപുസ്തകം
4. ഈ ഭൂമിയിലെ മരുഭൂയാത്ര സങ്കീർത്തനങ്ങൾ (90-106) - സംഖ്യാപുസ്തകം
5. സ്തുതിപ്പും, ദൈവവചനവും സങ്കീർത്തനങ്ങൾ (107-150) - ആവർത്തനപുസ്തകം

**വിഭജനത്തിന്റെ മറ്റൊരു രീതി:**

| പുസ്തകം | സങ്കീർത്തനങ്ങൾ | എഴുത്തുകാരൻ | സാധാരാണ വിഷയം |
|---|---|---|---|
| I | 1-41 | ദാവീദ് | ആരാധനാഗീതങ്ങൾ |
| II | 42-72 | ദാവീദും കോരഹ് പുത്രന്മാരും | അപേക്ഷാ ഗാനങ്ങൾ |
| III | 73-89 | ആസാഫ് | അപേക്ഷാ ഗാനങ്ങൾ |
| IV | 90-106 | അജ്ഞാതനാമം | സ്തുതികീർത്തനങ്ങൾ |
| V | 107-150 | ദാവീദും അജ്ഞാതരും | സ്തുതികീർത്തനങ്ങൾ |

## സങ്കീർത്തനങ്ങളുടെ മാതൃകയും ഇന വിവരങ്ങളും:

പൊതുവായി അംഗീകരിക്കപ്പെട്ടിരിക്കുന്ന മാതൃകകളും തരംതിരിവുകളുമാണിവിടെ ചേർത്തിരിക്കുന്നത്:

1. **വിലാപം** (ദുഃഖം) അഥവാ, യാചനകൾ, വ്യക്തിപരവും (സങ്കീ. 3) സാമൂഹ്യവും (സങ്കീ. 44)
2. **നന്ദി** (കൃതജ്ഞതാ) പ്രകടനം അഥവാ സ്തുതിപ്പ്, വ്യക്തിപരവും (സങ്കീ. 30) ദേശീയവും (സങ്കീ. 65)
3. **ദൈവാശ്രയം** (സങ്കീ. 4)
4. യഹോവയുടെ **സിംഹാസനാരോഹണം** ഗീതങ്ങൾ, യെറുശലേമിനെക്കുറിച്ചുള്ളവ (സങ്കീ. 48) രാജകീയ (മശിഹൈകം) സങ്കീർത്തനങ്ങൾ (2;110)
5. **പ്രബോധനത്തിന്റെ**യും **പരിജ്ഞാനത്തിന്റെ**യും സങ്കീർത്തനങ്ങൾ (1;37;119)
6. **വിഷയ** സങ്കീർത്തനങ്ങൾ, പ്രത്യേക വിഷയങ്ങളെ ഉൾക്കൊള്ളിച്ചുള്ളവ യഥാക്രമം: സൃഷ്ടിപ്പിന്റെ സങ്കീർത്തനങ്ങൾ (8;19;) പ്രകൃതിയെക്കുറിച്ചുള്ളവ (19;104) ഗൂഢാക്ഷര (സ്മരണയുടെ) ഗീതങ്ങൾ (111;112;119) പുറപ്പാടിന്റെത് (78) അനുതാപത്തിന്റേത് (6) തീർത്ഥാടന സങ്കീർത്തനങ്ങൾ (120) മശീഹൈക സങ്കീർത്തനങ്ങൾ - മശീഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉൾപ്പെട്ടത് (2; 8; 16; 22; 40; 45; 72; 110; 118).

## പ്രധാന കഥാപാത്രങ്ങൾ:

ദാവീദ്, കോരഹ് തുടങ്ങിയ പേരുകൾ തലക്കെട്ടിലുണ്ടെങ്കിലും പൊതുവായ വിഷയങ്ങൾ ദൈവജനത്തിന്റെ ആരാധന, ആത്മീക വളർച്ചയും നടപ്പും തുടങ്ങിയവയെക്കുറിച്ചാകയാൽ പ്രാധാന്യം അവരാണ് അർഹിക്കുന്നത്.

## സങ്കീർത്തനങ്ങളിൽ ക്രിസ്തു:

പല സങ്കീർത്തനങ്ങളും മശിഹായുടെ ആളത്വം, പ്രവർത്തി എന്നിവയെ ആണ് വെളിപ്പെടുത്തുന്നത്. അവ താഴെ പറയുന്ന വിധത്തിലാണ്:

1 **മശിഹാ സാദൃശ്യങ്ങൾ:** ഇവയിൽ സങ്കീർത്തനക്കാരോ മറ്റു ചിലരോ സദൃശങ്ങളായി വരാമെങ്കിലും (cf.34:20;69:4,9) കൂടുതലായി മറ്റു വിഷയങ്ങളായിരിക്കും. ക്രിസ്തുവോ അപ്പോസ്തലന്മാരോ ചിലതു എടുത്തുപറഞ്ഞിട്ടുണ്ടായിരിക്കും. (ഉദാ:109:8; അപ്പോ. 1:20)

2 **പ്രവചനീകമായ സൂചകോപദേശം:** സങ്കീർത്തനക്കാരൻ സ്വനാഭുവങ്ങളെ വർണ്ണിക്കുമ്പോൾതന്നെ അതു ചരിത്രപരമായി പ്രവചനികമായും ക്രിസ്തുവിൽ നിറവേറേണ്ടിയ സത്യമായി നില്ക്കുന്നു. (22)

3 **പരോക്ഷമായി മശിഹായെക്കുറിച്ച്:** ദാവീദിന്റെ കുടുംബത്തെയോ ഏതെങ്കിലും രാജാക്കന്മാരെയോ കുറിച്ചു പറയുമ്പോൾ തന്നെ അതിന്റെ പൂർത്തീകരണം ക്രിസ്തുവിന്റെ ആളത്വത്തിന്മേലായിരിക്കും (2,45,72)

4 **പൂർണ്ണമായും പ്രവചനീകം:** ദാവീദിന്റെ പുത്രനായി അവതരിക്കുവാൻ പോകുന്ന മശിഹായെക്കുറിച്ചു നേരിട്ടുള്ള പ്രസ്താവനകൾ (110)

5 **സിംഹാസനാരോഹണം:** ദൈവരാജ്യസ്ഥാപനവും, അതിൽ മശിഹാ രാജാവായി വാഴുന്നതുമാണ് വിഷയങ്ങൾ (96-99).

## ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചന നിവൃത്തികൾ:

| പ്രവചനങ്ങൾ | സങ്കീർത്തനം | പുതിയനിയമഭാഗങ്ങൾ |
|---|---|---|
| 1. ജനനം | 104:4 | എബ്രാ. 1:7 |
| 2. താഴ്ച | 8:4 | എബ്രാ. 2:6 |
| 3. ദൈവത്വം | 45:6 | എബ്രാ. 1:8 |
| 4. ശുശ്രൂഷ | 69:9 | യോഹ. 2:17 |
| 5. നിരാകരണം | 118:22 | മത്താ. 21:42 |
| 6. ഒറ്റിക്കൊടുക്കുന്നു | 41:9 | യോഹ. 13:18 |
| 7. ക്രൂശീകരണം | 22 | മത്താ. 27:39,43,46; ലൂക്കോ 23:35 |
| 8. ഉയിർത്തെഴുന്നേല്പ് | 2;16 | അപ്പോ. 2:27 |
| 9. സ്വർഗ്ഗാരോഹണം | 68:18 | എഫേ. 4:8 |
| 10. രാജവാഴ്ച | 102:26 | എബ്രാ. 1:11 |

## ബാഹ്യരേഖ:

### 1 പുസ്തകം ഒന്ന്: ആരാധനാ ഗീതങ്ങൾ (സങ്കീ. 1–41)

സങ്കീ. 1: ഭാഗ്യവാനായ മനുഷ്യൻ: ജീവിതത്തിന്റെ രണ്ടുവഴികൾ: വചനം - ലോകം
സങ്കീ. 2: മശിഹാരാജാവ്: ദൈവത്തിനും ക്രിസ്തുവിനും എതിരായ ഗൂഢസഖ്യം.
സങ്കീ. 3: കുഴപ്പങ്ങൾക്കിടയിലെ ശാന്തത: അപകടത്തിൽ സുരക്ഷിതത്വം
സങ്കീ. 4: ഒരു സന്ധ്യാപ്രാർത്ഥന: ദൈവാശ്രയത്തിന്റെ ഉറപ്പ്
സങ്കീ. 5: ഒരു പ്രഭാത പ്രാർത്ഥന: ദൈവസാന്നിദ്ധ്യത്തിന്റെ നിശ്ചയം
സങ്കീ. 6: അതീവ ദുഃഖത്തിന്റെ നടുവിന്നുള്ള ആത്മാവിന്റെ പ്രാർത്ഥന
സങ്കീ. 7: സങ്കേതത്തിനായുള്ള പ്രാർത്ഥന
സങ്കീ. 8: സൃഷ്ടിതാവിന്റെ മഹത്വവും മനുഷ്യന്റെ അന്തസ്സും
സങ്കീ. 9: ദൈവനീതിയ്ക്കായുള്ള കൃതജ്ഞതാ പ്രാർത്ഥന
സങ്കീ. 10: ദുഷ്ടനെ നിഗ്രഹിക്കേണ്ടതിനായുള്ള പ്രാർത്ഥന
സങ്കീ. 11: ദൈവം സങ്കേതവും ശൈലവും
സങ്കീ. 12: വ്യാജമുള്ള നാവിനെതിരായി സഹായഭ്യർത്ഥനയുടെ പ്രാർത്ഥന
സങ്കീ. 13: കഷ്ടത്തിൽ സഹായത്തിനായിട്ടുള്ള പ്രാർത്ഥന
സങ്കീ. 14: മനുഷ്യന്റെ ബുദ്ധിഹീനതയുടെയും ദുഷ്ടതയുടെയും വർണ്ണന
സങ്കീ. 15: ദൈവീക മനുഷ്യന്റെ വർണ്ണന
സങ്കീ. 16: ദൈവം ഭക്തന്മാരുടെ സങ്കേതം
സങ്കീ. 17: ദൈവനീതിയാലുള്ള വിടുതലിനുവേണ്ടിയുള്ള പ്രാർത്ഥന
സങ്കീ. 18: വിടുതലിനെ ഓർത്തു സ്തുതിപ്പിന്റെ പ്രാർത്ഥന
സങ്കീ. 19: ദൈവസൃഷ്ടിയുടെയും ദൈവവചനത്തിന്റെയും വെളിപ്പാട്
സങ്കീ. 20: ശത്രുക്കളുടെമേൽ ജയത്തിനായുള്ള പ്രാർത്ഥന
സങ്കീ. 21: യഹോവ രാജാവിന്റെ ബലം
സങ്കീ. 22: ക്രൂശിന്റെ ചിത്രം. ദുഃഖാഗ്നിയിലെ സ്തോത്രസ്വരം.
സങ്കീ. 23: സ്വർഗ്ഗീയ ഇടയന്റെ ചിത്രം - ദൈവീക നന്മകളുടെ സങ്കീർത്തനം
സങ്കീ. 24: മഹത്വത്തിന്റെ രാജാവിനെക്കുറിച്ചുള്ള സങ്കീർത്തനം
സങ്കീ. 25: ശുദ്ധാക്ഷര സങ്കീർത്തനം: വിടുതൽ, പാപക്ഷമ, നടത്തിപ്പ് എന്നിവയ്ക്കായുള്ള പ്രാർത്ഥന.
സങ്കീ. 26: നിരപരാധിത്വത്തിന്റെ വീണ്ടെടുപ്പിനുമായുള്ള അപേക്ഷ.
സങ്കീ. 27: യഹോവയിലുള്ള ആശ്രയത്താൽ ഭയരഹിതമായിരിപ്പാനുള്ള പ്രാർത്ഥന.
സങ്കീ. 28: സഹായത്തിനുള്ള പ്രാർത്ഥനയും മറുപടി ലഭിച്ചതിനുള്ള സ്തുതിപ്പ്.
സങ്കീ. 29: ദൈവത്തിന്റെ ശക്തിയേറിയ സ്വരം

സങ്കീ. 30: ആവശ്യ സമയങ്ങളിൽ ദൈവം കാട്ടിയ വിശ്വസ്ഥതയ്ക്കുവേണ്ടിയുള്ള സ്തോത്ര പ്രാർത്ഥന.
സങ്കീ. 31: പരാതികളുടെയും, അപേക്ഷയുടെയും, സ്തോത്രത്തിന്റെയും പ്രാർത്ഥന.
സങ്കീ. 32: ദൈവത്തിന്റെ ആശ്രയത്തിന്റെയും പാപമോചനത്തിന്റെയും അനുഗ്രഹങ്ങൾ
സങ്കീ. 33: സൃഷ്ടിതാവും വിമോചകനും എന്ന നിലയ്ക്കു ദൈവത്തിനുള്ള പുകഴ്ചകൾ
സങ്കീ. 34: ദാതാവും വിമോചകനും എന്ന നിലയിൽ യഹോവയ്ക്കുള്ള സ്തോത്രങ്ങൾ.
സങ്കീ. 35: ശത്രുക്കളിൽനിന്നു മോചനത്തിനും നീതിക്കുംവേണ്ടിയുള്ള പ്രാർത്ഥന.
സങ്കീ. 36: ദൈവത്തിന്റെ സ്നേഹത്തിനും കരുണയ്ക്കും എതിരായ മനുഷ്യന്റെ ദുഷ്ടത
സങ്കീ. 37: യഹോവയിൽ വിശ്രമിക്കേണ്ടതിനായുള്ള അപേക്ഷ.
സങ്കീ. 38: പാപത്തിന്റെ അമിതഭാരത്തെ അറിഞ്ഞ് നിരപ്പിനായുള്ള പ്രാർത്ഥന.
സങ്കീ. 39: മനുഷ്യന്റെ ദൗർബ്ബല്യങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള പ്രാർത്ഥന
സങ്കീ. 40: രക്ഷയുടെ പ്രതീക്ഷയിൽ ലഭിക്കുന്ന സന്തോഷത്തിൽനിന്നുള്ള സ്തോത്രങ്ങൾ.
സങ്കീ. 41: പ്രതികൂല നടുവിൽ കിട്ടുന്ന അനുഗ്രഹങ്ങൾക്കായി ദൈവത്തിനു കഴിക്കുന്ന സ്തോത്രങ്ങൾ.

## 2. പുസ്തകം II അപേക്ഷാ രൂപത്തിലുള്ള സ്തോത്രഗാനങ്ങൾ (42–72)

സങ്കീ. 42,43: ദൈവത്തിന്റെ രക്ഷയ്ക്കായി നോക്കി പ്രത്യാശിക്കുന്നു.
സങ്കീ. 44: ദേശീയ വിലാപവും വീണ്ടെടുപ്പിനായുള്ള പ്രാർത്ഥനയും
സങ്കീ. 45: ദാവീദിന്റെ സന്തതിയിലൊരുവന്റെ വിവാഹഗീതം
സങ്കീ. 46: ദൈവം നമ്മുടെ സങ്കേതവും ബലവും
സങ്കീ. 47: യഹോവ ജയാളിയായ രാജാവ്.
സങ്കീ. 48: സീയോൻ പർവ്വതത്തിനും, മനോഹര പട്ടണത്തിനും വേണ്ടിയുള്ള സ്തുതിപ്പ്.
സങ്കീ. 49: ദൈവിക പരിജ്ഞാനം കൂടാതെയുള്ള ധനസമ്പാദനത്തിന്റെ ശൂന്യത.
സങ്കീ. 50: സ്തോത്രയാഗം
സങ്കീ. 51: ഏറ്റുപറച്ചിലും പാപപൊറുതിയും
സങ്കീ. 52: ദുഷ്ടതയിൽ പ്രശംസിക്കുന്നവർക്കുള്ള അന്ത്യം
സങ്കീ. 53: ദൈവനിഷേധിയുടെ ചിത്രം
സങ്കീ. 54: യഹോവ നമ്മുടെ സഹായം.
സങ്കീ. 55: യഹോവ നീതിമാന്മാരെ പരിപാലിക്കുന്നു.
സങ്കീ. 56: നമ്മുടെ ഭയങ്ങളുടെ മദ്ധ്യത്തിലുള്ള ദൈവാശ്രയം.
സങ്കീ. 57: ഒന്നുമില്ലായ്മയുടെ നടുവിൽ യഹോവയുടെ മഹത്വം
സങ്കീ. 58: നീതിമാനു പ്രതിഫലം ഉണ്ട്
സങ്കീ. 59: ശത്രുക്കളിൽനിന്ന് വിടുതലിനായുള്ള പ്രാർത്ഥന.
സങ്കീ. 60: രാഷ്ട്രത്തിന്റെ വിടുതലിനായുള്ള പ്രാർത്ഥന.
സങ്കീ. 61: തകർന്ന ഹൃദയത്തിൽനിന്നുള്ള പ്രാർത്ഥന.
സങ്കീ. 62: യഹോവയ്ക്കായി കാത്തിരിക്കുക.
സങ്കീ. 63: ദൈവസ്നേഹത്തിനായുള്ള ദാഹം.
സങ്കീ. 64: സംരക്ഷണത്തിനായുള്ള പ്രാർത്ഥന.
സങ്കീ. 65: ഭൂമിയ്ക്കും മനുഷ്യനും ദൈവം നല്കുന്ന സമൃദ്ധി.
സങ്കീ. 66: ദൈവം ചെയ്ത പ്രവർത്തികളെക്കുറിച്ചുള്ള ഓർമ്മ.
സങ്കീ. 67: എല്ലാവരും ദൈവത്തെ സ്തുതിക്കേണ്ടതിനായുള്ള ആഹ്വാനം.
സങ്കീ. 68: യഹോവ പീഡിതനു പിതാവ്.
സങ്കീ. 69: യഹോവയുടെ ദയയ്ക്കൊത്തവണ്ണമുള്ള വിടുതലിനായി പ്രാർത്ഥന.
സങ്കീ. 70: ദരിദ്രനും, ആവശ്യക്കാർക്കുംവേണ്ടിയുള്ള പ്രാർത്ഥന.
സങ്കീ. 71: വൃദ്ധന്മാർക്കായുള്ള പ്രാർത്ഥന
സങ്കീ. 72: മശിഹായുടെ ഭരണത്തിന്റെ മഹത്വം

## 3. പുസ്തകം III അപേക്ഷാരൂപത്തിലുള്ള സ്തോത്രഗാനങ്ങൾ (73–89)

സങ്കീ. 73: നിത്യമായ ഒരു കാഴ്ചപ്പാടിനായുള്ള പ്രാർത്ഥന.
സങ്കീ. 74: ദേശീയ പ്രതിസന്ധികളിൽ സഹായത്തിനുള്ള അഭ്യർത്ഥന.

സങ്കീ. 75: നീതി യഹോവയുടേതാകുന്നു.
സങ്കീ. 76: യാക്കോബിൻ ദൈവത്തിന്റെ വിജയത്തിൻ ശക്തി.
സങ്കീ. 77: പ്രയാസങ്ങളുടെ ദിവസങ്ങളിൽ ദൈവത്തിന്റെ വലിമയെ ഓർക്കുന്നു.
സങ്കീ. 78: ഇസ്രയേലിന്റെ ചരിത്രത്തിൽനിന്നുള്ള പാഠങ്ങൾ.
സങ്കീ. 79: സ്വന്തമേച്ചിലിലെ ആടുകളെ ഓർക്കണമെന്ന് ദൈവത്തോടു കഴിക്കുന്ന അപേക്ഷ.
സങ്കീ. 80: ദൈവത്തിന്റെ കരുണയ്ക്കായുള്ള ഇസ്രയേലിന്റെ അപേക്ഷ.
സങ്കീ. 81: ദൈവത്തെ ശ്രദ്ധിക്കുവാൻ ഇസ്രയേലിനോടുള്ള അഭ്യർത്ഥന.
സങ്കീ. 82: അനീതിയുള്ള ന്യായാധിപന്മാരെ ശാസിക്കുന്നു.
സങ്കീ. 83: യിസ്രയേലിന്റെ ശത്രുക്കളെ ശിക്ഷിക്കുവാൻവേണ്ടിയുള്ള പ്രാർത്ഥന.
സങ്കീ. 84: ദൈവസാന്നിദ്ധ്യത്തിനുവേണ്ടിയുള്ള ആഴമേറിയ ആകാംക്ഷ.
സങ്കീ. 85: ഉണർവ്വിനായുള്ള പ്രാർത്ഥന.
സങ്കീ. 86: രാഷ്ട്രത്തിന്മേൽ ദയവിനായി പ്രാർത്ഥിക്കുന്നു.
സങ്കീ. 87: സീയോനിൽ ജീവിക്കുന്നതിന്റെ സന്തോഷം.
സങ്കീ. 88: നൈരാശ്യത്തിന്റെ ഇരവിൽനിന്നൊരു പ്രാർത്ഥന.
സങ്കീ. 89: കഷ്ടതയിൽ ദൈവത്തിന്റെ ആളത്വവും വാഗ്ദത്തങ്ങളും അവകാശപ്പെടുന്നു.

## 4. പുസ്തകം IV സ്തുതി കീർത്തനങ്ങൾ (സങ്കീ. 90-106)

സങ്കീ. 90: ഞങ്ങളുടെ ദിവസങ്ങളോ (നാളുകളെ) എണ്ണുവാൻ പഠിപ്പിക്കേണമേ. (ഉപദേശിക്കണമേ)
സങ്കീ. 91: അത്യുന്നതന്റെ ചിറകിൻ (മറവിൻ) കീഴിൽ.
സങ്കീ. 92: ദൈവത്തിന്റെ സ്തുതികളിൽ
സങ്കീ. 93: യഹോവ മഹിമയോടെ വാഴുന്നു.
സങ്കീ. 94: ഭൂമിയുടെ ന്യായാധിപതി യഹോവയാകുന്നു; പ്രതികാരം അവനുള്ളത്.
സങ്കീ. 95: നമ്മെ സൃഷ്ടിച്ചവന്റെ മുമ്പിൽ മുട്ടുകുത്താം. ആരാധനയ്ക്കായുള്ള വിളി.
സങ്കീ. 96: ലോകത്തെ നീതിയിൽ ന്യായം വിധിക്കുന്ന കർത്താവിനെ നമുക്കാരാധിക്കാം.
സങ്കീ. 97: യഹോവ വാഴുന്നു. സന്തോഷിച്ചുല്ലസിപ്പിൻ.
സങ്കീ. 98: യഹോവയ്ക്കു ഒരു പുതിയ പാട്ടുപാടുവിൻ.
സങ്കീ. 99: വാഴുന്ന യഹോവയെ ഉയർത്തുവിൻ.
സങ്കീ. 100: സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ, അവൻ കർത്താവും നല്ലവനും ആകുന്നു.
സങ്കീ. 101: വിശുദ്ധ ജീവിതത്തിനായുള്ള സമർപ്പണം.
സങ്കീ. 102: താഴ്ച ഭവിച്ചവനായ ഭക്തന്റെ പ്രാർത്ഥന.
സങ്കീ. 103: യഹോവയെ വാഴ്ത്തുവിൻ അവന്റെ ദയ ഉതിർന്നുപോകയില്ല.
സങ്കീ. 104: സകലസൃഷ്ടികൾക്കും വേണ്ടിയുള്ള ദൈവിക കരുതൽ.
സങ്കീ. 105: രക്ഷയുടെ ചരിത്രത്തിൽ കർത്താവിന്റെ വിശ്വസ്ഥ പ്രവർത്തി.
സങ്കീ. 106: യഹോവയുടെ സ്നേഹത്തെക്കുറിച്ചുള്ള ഓർമ്മയും ഇസ്രായേലിന്റെ അനുസരണക്കേടും.

## 5. പുസ്തകം V സ്തുതിപ്പിൻ കീർത്തനങ്ങൾ (സങ്കീ. 107-150)

സങ്കീ. 107: പലവിധ കഷ്ടങ്ങളിൽനിന്ന് ദൈവം വിടുവിച്ചതിനായുള്ള സ്തോത്രാർപ്പണം.
സങ്കീ. 108: ജയത്തിനായിട്ടുള്ള സ്തുതി സ്തോത്രങ്ങൾ.
സങ്കീ. 109: ശത്രുക്കൾക്കെതിരെ പ്രതികാര ന്യായവിധികൾ നടത്തുവാനുള്ള പ്രാർത്ഥന.
സങ്കീ. 110: മശിഹായെ വീരനായ പുരോഹിതനായി ചിത്രീകരിച്ചിരിക്കുന്നു.
സങ്കീ. 111: ദൈവത്തിന്റെ വിശ്വസ്തതയെ ഘോഷിക്കുന്നു.
സങ്കീ. 112: വിശ്വാസത്തിന്റെ ജയഭേരി.
സങ്കീ. 113: താഴ്ചയിലേക്ക് ഇറങ്ങിവന്നവനായ കർത്താവിന്റെ മഹത്വ പുകഴ്ച.
സങ്കീ. 114: പുറപ്പാടിന്റെ സ്തോത്രങ്ങൾ.
സങ്കീ. 115: വിഗ്രഹങ്ങളുടെ ഒന്നുമില്ലായ്കയും ദൈവത്തിന്റെ വലിമയും.
സങ്കീ. 116: വീണ്ടെടുപ്പിനായി കർത്താവിനുള്ള സ്തുതി.
സങ്കീ. 117: എല്ലാ മനുഷ്യരുടെയും പുകഴ്ച.
സങ്കീ. 118: ദൈവത്തിന്റെ രക്ഷിക്കുന്ന കൃപയ്ക്കായി സ്തോത്രം.

സങ്കീ. 119: തിരുവെഴുത്തുകൾക്കായുള്ള സ്തോത്രങ്ങൾ.
സങ്കീ. 120: നീചന്മാരുടെ കൈയിൽനിന്നുള്ള വിടുതലിനായുള്ള സ്തോത്രങ്ങൾ.
സങ്കീ. 121: യഹോവ എന്റെ പരിപാലികൻ.
സങ്കീ. 122: യെരൂശലേമിന്റെ സമാധാനത്തിനായുള്ള വാഗ്ദാനം.
സങ്കീ. 123: കരുണയ്ക്കായുള്ള അപേക്ഷ.
സങ്കീ. 124: സ്വർഗ്ഗഭൂമികളിലെ സൃഷ്ടിതാവാണ് നമ്മുടെ പരിപാലകൻ.
സങ്കീ. 125: ഇസ്രയേലിന്മേൽ സമാധാനം.
സങ്കീ. 126: ഉദ്ധാരണത്തിനായി സ്തോത്രം.
സങ്കീ. 127: യഹോവയുടെ ദാനമായ മക്കൾക്കായുള്ള സ്തോത്രം.
സങ്കീ. 128: കുടുംബം യഹോവയാൽ അനുഗ്രഹിക്കപ്പെടുന്നു.
സങ്കീ. 129: പീഡിതർക്കായുള്ള പ്രാർത്ഥന.
സങ്കീ. 130: ദൈവത്തിന്റെ വീണ്ടെടുപ്പിനായി കാത്തിരിക്കുന്നു.
സങ്കീ. 131: ശിശുസഹജമായ ദൈവാശ്രയം.
സങ്കീ. 132: സീയോനിന്മേൽ യഹോവയുടെ അനുഗ്രഹത്തിനായുള്ള പ്രാർത്ഥന.
സങ്കീ. 133: സഹോദരന്മാരുടെ ഐക്യത്തിന്റെ അനുഗ്രഹം.
സങ്കീ. 134: രാത്രിയിൽ യഹോവയ്ക്കുള്ള സ്തുതികൾ.
സങ്കീ. 135: ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾക്കായുള്ള സ്തോത്രങ്ങൾ.
സങ്കീ. 136: യഹോവയുടെ നിലനിൽക്കുന്ന ദയയ്ക്കായുള്ള സ്തോത്രങ്ങൾ.
സങ്കീ. 137: പ്രവാസത്തിന്മേലുള്ള കണ്ണുനീർ.
സങ്കീ. 138: താഴ്ചയുള്ളവരെ വിടുവിക്കുകയും ഉത്തരമരുളുകയും ചെയ്യുന്ന യഹോവ.
സങ്കീ. 139: യഹോവ എന്നെ അറിയുന്നു.
സങ്കീ. 140: വിടുതലിനായുള്ള പ്രാർത്ഥന; നീ എന്റെ ദൈവം.
സങ്കീ. 141: എന്റെ പ്രാർത്ഥന സുഗന്ധധൂപം പോലെയാകട്ടെ.
സങ്കീ. 142: എനിക്കായി കരുതുവാൻ ആരുമില്ല. എങ്കിലും യഹോവ എന്റെ ഓഹരി.
സങ്കീ. 143: നേരെയുള്ള പാതയിൽ എന്നെ നടത്തേണമേ. മാർഗ്ഗദർശനത്തിനായുള്ള പ്രാർത്ഥന.
സങ്കീ. 144: യഹോവ എന്റെ പ്രാണനും യുദ്ധവീരനും.
സങ്കീ. 145: ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾക്കും വലിമയ്ക്കുമായുള്ള സ്തുതിപ്പുകൾ.
സങ്കീ. 146: അനവധിയായ സഹായങ്ങൾക്കായി ദൈവത്തിനു സ്തോത്രം.
സങ്കീ. 147: തകർന്ന ഹൃദയങ്ങളെ സൗഖ്യമാക്കുന്ന യഹോവയ്ക്കു സ്തോത്രം.
സങ്കീ. 148: ജ്ഞാനത്തോടെ സകലവും സൃഷ്ടിച്ചതിന് ദൈവത്തിനുള്ള സ്തോത്രങ്ങൾ.
സങ്കീ. 149: തന്റെ ജനത്തിൽ പ്രസാദിക്കുന്ന യഹോവയ്ക്കു സ്തോത്രം.
സങ്കീ. 150: യഹോവയ്ക്കു സ്തോത്രം.

# സദൃശവാക്യങ്ങൾ
## (പ്രബോധനങ്ങളാലുള്ള പരിജ്ഞാനം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

1 രാജാ. 4:32-ൽ ശലോമോൻ 3,000 സദൃശവാക്യങ്ങളും 1,005 ഗീതങ്ങളും ചമച്ചതായി പറഞ്ഞിരിക്കുന്നു. ഈ പുസ്തകത്തിന്റെ ഭൂരിഭാഗം ശലോമോന്റേതാണെങ്കിലും അവസാനഭാഗത്തു വരുമ്പോൾ ശലോമോൻ മാത്രമല്ല ഇതിന്റെ എഴുത്തുകാരൻ എന്നു മനസ്സിലാക്കുന്നു. പുസ്തകത്തിന്റെ മൂന്നുഭാഗം മാത്രമേ ശലോമോന്റേത് ആയിട്ടുള്ളു. അവ യഥാക്രമം 1:1-9:18;10:1-22:16;25:1-29:27 എന്നിവയാണ്. അതിൽതന്നെ 25:1-29:27 വരെ ഭാഗം ശലോമോന്റെ ശേഖരങ്ങളിൽനിന്ന് യെഹസ്കിയാ രാജാവും കമ്മിറ്റിക്കാരുംകൂടെ തിരഞ്ഞെടുത്തു ചെയ്തിട്ടുള്ളതാണ്. (25:1) അതുപോലെ 22:17-ൽ "ജ്ഞാനികളുടെ വാക്കുകൾ" എന്നും 24:23-ൽ വീണ്ടും "ഇവയും ജ്ഞാനികളുടെ വചനങ്ങൾ" എന്നും, സദൃ.22:17-21-വരെ ഭാഗത്തു ശലോമോനെ കൂടാതെ ജ്ഞാനികളുടെ ഒരു നിരതന്നെ ഉണ്ടായിരുന്നു എന്നും കാണാം. സദൃ. 30-ൽ പ്രത്യേകാൽ ഒരു യാക്കേയുടെ മകനായ അഗ്രൂരിന്റെ വചനങ്ങളാകുന്നു. സദൃ. 31:1-9 വരെയുള്ളതു ലമുവേൽ രാജാവിനായുള്ളതാണ്.

പുസ്തകത്തിനു ഈ പേരു ലഭിച്ചത് അതിലെ ഉള്ളടക്കത്തിൽനിന്നാണ്. വലിയ സത്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചെറിയ വാചകങ്ങൾ ആണിവ. സദൃശവാക്യങ്ങൾ എന്നതിന്റെ എബ്രായ പേരിന്റെ അർത്ഥം "സമാന്തരം", "അനുരൂപം" അഥവാ "താരതമ്യം" എന്നൊക്കെയാണ്. വെളിപ്പെടേണ്ട സന്മാർഗ്ഗീക നിയമത്തിനു സമാനമായ ലഘുവാചകങ്ങളാൽ സത്യത്തെ ചൂണ്ടിക്കാട്ടുന്നു. എന്നാൽ വിപരീത താരതമ്യങ്ങളെ കാണിക്കുന്നു.

സന്മാർഗ്ഗികവും ആത്മീകവുമായ ഉപദേശങ്ങൾ നല്കി ജ്ഞാനത്തോടെ ജീവിക്കുവാൻ മനുഷ്യരെ സഹായിക്കുന്ന പ്രക്രിയയിൽനിന്നാണ് പുസ്തകത്തിന് ഈ പേരു വന്നത്.

## എഴുതിയ കാലം:

950–700 B.C.

ജ്ഞാനത്തിന്റെ പുസ്തകമെന്ന നിലയിൽ സദൃശവാക്യങ്ങൾ ഒരു ചരിത്രപുസ്തകമായിട്ടല്ല ഇസ്രയേലിലെ പണ്ഡിതന്മാർ അംഗീകരിച്ചിരിക്കുന്നത്. ശലോമോന്റെ സദൃശവാക്യങ്ങൾ അദ്ദേഹത്തിന്റെ മരണത്തിനു മുമ്പും (B.C. 931) മറ്റുള്ളവ യെഹസ്കിയേലിന്റെ ശാസ്ത്രിമാർ പിന്നീട് (B.C. 700) കൂട്ടിച്ചേർത്തതുമാകുന്നു.

## വിഷയവും ഉദ്ദേശവും:

പുസ്തകത്തിന്റെ വിഷയവും പേരും (സദൃശവാക്യങ്ങൾ) (Proverb) അതിന്റെ അർത്ഥവും നോക്കുമ്പോൾ ജീവിച്ചിരിക്കുന്നവർക്കു ജ്ഞാനോപദേശം നല്കുക എന്നതാണ് പുസ്തകത്തിന്റെ ഉദ്ദേശമെന്നു മനസ്സിലാക്കുന്നതാണ്. ജീവിതത്തിന്റെ ഏതു അവസ്ഥകളിലേക്കും ആവശ്യമായ ഉപദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു: പാപം, നന്മ, ധനം, ദാരിദ്ര്യം, നാവ്, അലങ്കാരം, താഴ്മ, നീതി, കുടുംബം (മാതാപിതാക്കൾ, മക്കൾ, ശിക്ഷണം) പ്രതികാരം, മുറിവ്, കലഹം, അമിതാഹാരി, സ്നേഹം, അലസത, സ്നേഹിതന്മാർ, ജീവൻ, മരണം, ഇങ്ങനെ നീണ്ടുപോകുന്ന ഈ പട്ടിക നോക്കിയാൽ ഇത്ര വ്യക്തവും അനുഭവത്തോടെയും അനുദിന ജീവിതത്തിലേക്കു വെളിച്ചം വീശുന്ന മറ്റൊരു പുസ്തകവുമില്ലെന്നതാണ് സത്യം.

പുസ്തകത്തിന്റെ അടിസ്ഥാന വിഷയമായി കാണുന്നത് സദൃ. 1:7a ***"യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു"*** എന്നതാണ്. യഹോവാഭാക്തിയില്ലാത്ത ജീവിതം ഭോഷത്വത്തിലേക്കു നയിക്കുമ്പോൾ യഹോവാഭക്തിയാകട്ടെ ദൈവത്തിന്റെ ദിവ്യസ്വഭാവത്തോടും ശക്തിയോടും സംജോയിക്കുവാനായി പ്രേരിപ്പിക്കുന്നു. ആകയാൽ സദൃശവാക്യങ്ങൾ ചൂണ്ടിക്കാട്ടുന്നതു യഥാർത്ഥ ജ്ഞാനം ഒരുവനെ എപ്രകാരമാണ് യഹോവാഭക്തിയിലേക്കു നടത്തുന്നെതന്നാണ്. (2:1–5)

## പ്രധാന വ്യക്തികൾ:

സദൃശവാക്യങ്ങൾ എല്ലാവർക്കുവേണ്ടി എഴുതപ്പെട്ടതാകയാൽ പ്രത്യേകാൽ ഒരു വ്യക്തിയുടെയും പേരുകൾ നല്കപ്പെട്ടിട്ടില്ല.

## സദൃശവാക്യങ്ങളിൽ ക്രിസ്തു:

സദൃ:8-ൽ ജ്ഞാനത്തിനു ആളത്വം നല്കിയിരിക്കുന്നു. അതിന്റെ പൂർണ്ണതയിൽ ദിവ്യത്വം (8:22–31) ഉദ്ഗമം ജീവശാസ്ത്രപരവും ആത്മീയവുമാണ്. (3:18;8:35,36) അതു നീതിയും, സദാചാരനിയമവുമാണ്. (8:8,9) അതിനെ ആഗ്രഹിക്കുന്നവർക്കെല്ലാം അതു പ്രാപ്യമാകുന്നു (8:1–6, 32–35). ജ്ഞാനത്തിന്റെ ആളത്വമാണ് ജഡമെടുത്ത് ക്രിസ്തുവിൽ ദർശിക്കുന്നത്. "അവനിൽ", ജ്ഞാനത്തിന്റെയും, പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടു ഇരിക്കുന്നു" (കൊലോ. 2:3) എന്നും ***"നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും, നീതിയും, ശുദ്ധീകരണവും, വീണ്ടെടുപ്പുമായിതീർന്നു"*** (1 കൊരി. 1:30, ലൂ. 1 കൊരി. 1:22–24) എന്നും വായിയ്ക്കുന്നു. 29

## ബാഹ്യരേഖ:

### 1. മുഖവുര: സദൃശവാക്യങ്ങളുടെ ഉദ്ദേശം. (1:1–7)

### 2. ജ്ഞാനത്തിന്റെ പ്രബോധനം: യുവാക്കൾക്കുള്ള സദുപദേശം. (1:8–9:18)

A മാതാപിതാക്കളെ അനുസരിക്കുക. (1:8,9)
B ദുഷിച്ച കൂട്ടുകെട്ടുകൾ അവസാനിപ്പിക്കുക (1:10–19)
C ജ്ഞാനത്തിന്റെ വിളിയും ഉപദേശവും അംഗീകരിക്കുക. (1:20–33)

D വ്യഭിചാരിണികളെ ഒഴിവാക്കുക (2:1-22)
E ദൈവത്തിൽ ആശ്രയിക്കുകയും അവനെ മഹിമപ്പെടുത്തുകയും ചെയ്ക. (3:1-12)
F ജ്ഞാനത്തിന്റെ അനുഗ്രഹം (3:13-20)
G മറ്റുള്ളവരോടു ദയയും സഹാനുഭൂതിയും കാട്ടുക (3:21-35)
H വിവേകം പ്രാപിക്കുക. (4:1-9)
I ചീത്തകൂട്ടുകെട്ടിനെ ഒഴിവാക്കുക. (4:10-19)
J എല്ലാറ്റിനും ഉപരിയായി ഹൃദയത്തെ സൂക്ഷിക്കുക. (4:20-27)
K വ്യഭിചാരം ചെയ്യരുത് (5:1-14)
L ഭാര്യയോടു വിശ്വസ്തത പുലർത്തുക (5:15-23)
M ജാമ്യം നില്കാതിരിക്കുക (6:1-5)
N അലസത ഒഴിവാക്കുക (6:6-19)
O പരസ്ത്രീബന്ധം ഒഴിവാക്കുക. (6:20-35)
P പരസ്ത്രീയെ (വ്യഭിചാരിയെ) ഒഴിവാക്കുക (7:1-27)
Q ജ്ഞാനവും ഭോഷത്വവും തമ്മിലുള്ള അന്തരം (8:1-9:18)

### 3. ശലോമോന്റെ സദൃശവാക്യങ്ങൾ (10:1-24:34)

A ഭക്തനും ദുഷ്ടനും തമ്മിലുള്ള താരതമ്യത്തെ കാണിക്കുന്ന സദൃശവാക്യങ്ങൾ. (10:1-15:33)
B ഭക്തന്മാരുടെ ജീവിതത്തിന് ഉത്സാഹം പകരുന്ന സദൃശവാക്യങ്ങൾ (16:1-22:6)
C പലവിധ പരിചയങ്ങളെ വിവരിക്കുന്ന സദൃശവാക്യങ്ങൾ (22:17-23:35)
D വിവിധ ജനങ്ങളെക്കുറിച്ചുള്ള സദൃശവാക്യങ്ങൾ (24:1-34)

### 4. ശലോമോന്റെ വക സദൃശവാക്യങ്ങൾ യെഹസ്കിയാവിന്റെ ആളുകളാൽ ശേഖരി ക്കപ്പെട്ടവ (25:1-29:27)

A മറ്റുള്ളവരുമായുള്ള സംബന്ധത്തെ കുറിക്കുന്ന സദൃശവാക്യങ്ങൾ. (25:1-26:28)
B പ്രവർത്തികളെക്കുറിച്ചുള്ള സദൃശവാക്യങ്ങൾ. (27:1-29:27)

### 5. അശൂറിന്റെ വചനങ്ങൾ (30:1-33)

A വ്യക്തിപരമായ വചനങ്ങൾ (30:1-14)
B സംഖ്യാപരമായ സദൃശവാക്യങ്ങൾ (30:15-33)

### 6. ലെമുവേലിന്റെ വചനങ്ങൾ (31:1-9)

### 7. സാമർത്ഥ്യമുള്ള ഭാര്യ (31:10-31).

# സഭാപ്രസംഗി
# (യാഥാർത്ഥ്യങ്ങളിലെ സത്യം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ശലോമോൻ എഴുതി എന്നതിനു തെളിവായി രണ്ടു വഴികളുണ്ട്. ബാഹ്യതെളിവുകൾക്കായി യഹൂദന്മാരുടെ പാരമ്പര്യങ്ങളെ ആശ്രയിക്കുന്നു. ആന്തരികമായി പിന്നെയും പല മാർഗ്ഗങ്ങളുണ്ട്. ഒന്നാമത്തേത് "യരൂശലേമിലെ രാജാവായ ദാവീദിന്റെ മകനായ" (1:1)എന്ന തന്നെ. തുടർന്ന് എഴുത്തുകാരന്റെ ശ്രേഷ്ഠമായ ജ്ഞാനത്തെക്കുറിച്ചും (1:16) അമിതമായ ധനത്തെക്കുറിച്ചും (2:7) സുഖസൗകര്യാദികളെക്കുറിച്ചും (2:3) വിശേഷപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മിതിയെക്കുറിച്ചും (2:4-6) പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ശലോമോനാണ് എഴുത്തുകാരനെന്ന് വ്യക്തമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഗുണങ്ങളെല്ലാം സംയോജിക്കുന്ന മറ്റൊരു മകൻ ദാവീദിന് ഇല്ലായിരുന്നു.

സെപ്റ്റുവജിന്റ് ഭാഷാന്തരത്തിൽ കൊടുത്തിരിക്കുന്ന തലക്കെട്ടിൽനിന്നാണ് സഭാപ്രസംഗി എന്നപേര് പുസ്തകത്തിന് ലഭിച്ചത്. ഗ്രീക്കുപേരിന്റെ അർത്ഥം "സഭ" (കൂട്ടം) എന്നാണെങ്കിൽ എബ്രായപേരിന് "സഭയിലേക്ക് വിളിച്ചുകൂട്ടുകയും സംസാരിക്കുകയും (പ്രസംഗകൻ) ചെയ്യുന്ന വ്യക്തി" എന്നാണർത്ഥം.

## എഴുതിയ കാലം:

931 B.C.

യെഹൂദാ പാരമ്പര്യമനുസരിച്ച്, ശലോമോൻ ഉത്തമഗീതം എഴുതിയത് തന്റെ ആദ്യ കാലഘട്ടങ്ങളിലാണെന്ന് പറയുന്നു. ഒരു ചെറുപ്പക്കാരന്റെ സ്നേഹത്തെ പ്രതിബിംബിച്ചുകൊണ്ട്. സദൃശ്യവാക്യങ്ങൾ തന്റെ പ്രായപൂർത്തിയായതിനുശേഷം എഴുതി, മദ്ധ്യവയസ്കനായ മനുഷ്യന്റെ ജ്ഞാനത്തെ എടുത്തുകാട്ടുകയാണ്. സഭാപ്രസംഗി എഴുതിയത് തന്റെ അവസാനകാലങ്ങളിൽ, പ്രായപൂർത്തിയായ ഒരു മനുഷ്യന്റെ ദു:ഖം പ്രദർശിപ്പിച്ചുകൊണ്ട് (*cf.* 12:1). ഒരുപക്ഷേ സഭാപ്രസംഗി ശലോമോന്റെ I-രാജാ. 11-ലെ വിഷയത്തിന്റെ അനുതാപമാകാം. സഭാപ്രസംഗി എഴുതിയത് ശലോമോന്റെ മരണത്തിന് തൊട്ടുമുൻപ് ആയിരിക്കും എന്ന് വിശ്വസിക്കാം, തുടർന്നു നടന്ന 931 BC-യിലെ രാജ്യങ്ങളുടെ വിഭജനവും.

## വിഷയവും ഉദ്ദേശവും:

ദൈവത്തിൽ നിന്ന് ആവശ്യപ്പെട്ടാൽ ഉണ്ടാകുന്ന ശൂന്യതയാണ് പുസ്തകത്തിലെ പ്രധാന വിഷയം. ഈ പ്രധാന വിഷയത്തിന്റെ വിശദീകരണത്തിന് നാലു പ്രത്യേക ഉദ്ദേശങ്ങളുണ്ട്. 30

**ഒന്ന്:** ദൈവത്തെകൂടാതെയുള്ള ജീവിതം അർത്ഥശൂന്യമാകുന്നു എന്നു വിശദീകരിക്കുവാനായി ശാലോമോൻ മാനുഷീക അടിസ്ഥാനത്തിന്മേലുള്ള ജ്ഞാനത്തെയും, നേട്ടങ്ങളെയും കൈവെടിയുകാണ്; എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ സംപൂർണ്ണമായ ലക്ഷ്യം അഥവാ "മനുഷ്യനു ശരിയായി തോന്നുന്ന വഴി" അസംതൃപ്തിയിലേക്കും ഒന്നുമില്ലായ്മയിലേക്കുമാണ് നയിക്കുന്നത്. സ്വന്ത അനുഭവങ്ങളുടെ ശൂന്യതയെ എടുത്തുകാട്ടി ശലോമോൻ വായനക്കാരെയും ദൈവ വിഷയമായി നിരാശരാക്കുകയാണ്. സന്തോഷത്തിനായുള്ള അന്വേഷണം മാനുഷീക മാർഗ്ഗങ്ങളിൽക്കൂടെ ജീവിതത്തിൽ ഒരിക്കലും പൂർത്തീകരിക്കുവാൻ സാദ്ധ്യമല്ലെന്നു അവൻ വെളിപ്പെടുത്തിയിരിക്കുന്നു.

**രണ്ട്:** ജീവിതത്തിൽ ഒരുപാടു കാര്യങ്ങൾ പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കാത്തവയാണെന്നു ശലോമോൻ സമർത്ഥിക്കുന്നു. അതായതു നാം കാഴ്ചയാലല്ല വിശ്വാസത്താലാണോ ജീവിക്കേണ്ടത് എന്നു സാരം. വിശദീകരണം നല്കാൻകഴിയാത്ത സംഭവങ്ങളാൽ നിറഞ്ഞതാണ് ജീവിതം. മനുഷ്യർക്കു അസംഭവ്യവും അനിയന്ത്രീതവുമായവയാണ് . വിശ്വാസത്താൽ സർവ്വശക്തന്റെ ജ്ഞാനത്തിലും പ്രവർത്തിയിലും നമുക്കു വിശ്രമിക്കാൻകഴിയും. ഇയ്യോബിന്റെ പുസ്തകത്തെപോലെതന്നെ സഭാപ്രസംഗിയും മനുഷ്യന്റെ പരിമിധികളെ വെളിപ്പെടുത്തുകയും അത്ഭുതകരമായി ജീവിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഈ ഭൂമിയിലെ ജീവിതം അഥവാ "സൂര്യനു കീഴെയുള്ള ജീവിതം" ഒരിക്കലും ജീവിതത്തിന്റെ പ്രധാന ഘടകമാകയില്ലെന്നും, അതു പൂർത്തിയാകേണമെങ്കിൽ ഭൗമിക മണ്ഡലത്തിൽനിന്നു മനുഷ്യന്റെ നോട്ടം ഉയരങ്ങളിലേക്ക് ദൈവത്തിങ്കലേക്കുതന്നെ ആയിരിക്കണമെന്നും, ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്തെ ഭയപ്പെടുകയും വേണമെന്ന് ശലോമോൻ വെളിപ്പെടുത്തുന്നു.

**മൂന്ന്:** സദൃശ്യവാക്യങ്ങളിൽ പറയുന്ന യാഥാർത്ഥ്യങ്ങളെ എതിർക്കുംവിധമാണ് സഭാ പ്രസംഗികൻ വായിക്കുന്നു. ഉദാ: സദൃ. 10:16-ൽ നീതിമാന്റെയും, ദുഷ്ടന്റെയും അവസ്ഥകളെ വേർതിരിച്ചു കാണിക്കുമ്പോൾ സഭാപ്രസംഗിയിൽ (8:14) രണ്ടിനും ഒരേഗതിയാണ്. എന്നാൽ ഇവിടെ നിഷേധാത്മകമായി ദൈവ വചനത്തെ കണ്ടു കൂടാ. സദൃശ്യവാക്യത്തിൽ ദൈവത്തിന്റെ പ്രമാണങ്ങളെ എടുത്തുപറയുമ്പോൾ മനുഷ്യൻ പാപത്താൽ നഷ്ടപ്പെട്ട ഒരു ലോകത്തിൽ ജീവിക്കുന്നതിനാൽ ദൈവീക വ്യവസ്ഥകളെ പ്രമാണിക്കുന്നതിന് കഴിവില്ലാത്തവനാണെന്നുകൂടി കാണിക്കുന്നു. പക്ഷേ സഭാ പ്രസംഗിയിൽ നീതിമാന്മാരുടെ അവസ്ഥ സദൃശ്യവാക്യങ്ങളിലെപോലെ സ്ഥിരമായെങ്കിലും സൂര്യനു കീഴിലുള്ള മനുഷ്യൻ അതിനെ തിരിച്ചറിയാൻ കഴിയാത്തതിനാലാണ് എല്ലാം ഒന്നുപോലെ എന്നു പറഞ്ഞിരിക്കുന്നത്.

**നാല്:** സ്വന്ത കൗശലങ്ങളിലേക്കു തിരിഞ്ഞ മനുഷ്യൻ നിരാശയിലും, നിഗൂഢതയിലും ശൂന്യാവസ്ഥയിലുമാകുന്നു. എങ്കിലും ഈ പുസ്തകം ജീവിതത്തിനു അർത്ഥം നല്കാതിരിക്കുകയോ ജീവിതം സംപൂർണ്ണമായി ഉപയോഗശൂന്യമാകുന്നുവോ എന്നു പറഞ്ഞിട്ടില്ല; പിന്നെയോ ദൈവഭയത്തിൽ അർത്ഥപൂർണ്ണവും ദൈവീക കൂട്ടായ്മയിന്മേലുള്ള സംതൃപ്തിയിൽ നിരാശയുടെമേൽ വിജയം പ്രാപ്യമാകുന്നു എന്നുകൂടി പ്രസ്താവിച്ചിരിക്കുന്നു.

### പ്രധാനവ്യക്തികൾ:

ശാലോമോൻ രാജാവാണ് പ്രധാന കഥാപാത്രം.

### സഭാപ്രസംഗിയുടെ പുസ്തകത്തിൽ ക്രിസ്തു:

മനുഷ്യജീവിതത്തിന്റെ അർത്ഥവും ദൈവത്തിങ്കലേക്കുള്ള ഏകവഴിയും, സംതൃപ്തിയും സമൃദ്ധിയായ ജീവനും (യോഹ. 10:10;7:37,38) യേശുക്രിസ്തുവാകയാൽ ജീവിതശൂന്യത മാറിക്കിട്ടുവാൻ ഏവർക്കും ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം അനിവാര്യമെന്ന് വെളിപ്പെടുന്നു.

### ബാഹ്യരേഖ:

**1 മുഖവുര: പ്രശ്നം രേഖപ്പെടുത്തിയിരിക്കുന്നു. (1:1-3)**

**2. പ്രശ്നത്തിന്റെ പൊതുപ്രകടനം (1:4-2:26)**

A വ്യർത്ഥജീവിത ചക്രം. (1:4-11)
B മനുഷ്യ ജ്ഞാനത്തിന്റെ നിഷ്ഫലത (1:12-18)
C ധന, സുഖങ്ങളുടെ ഒന്നുമില്ലായ്മ (2:1-11)
D ഭൗതീക വാദത്തിന്റെ അർത്ഥശൂന്യത (2:12-23)
E ഉപസംഹാരം: ദൈവീക ദാനങ്ങളെ സ്വീകരിച്ച് സംതൃപ്തരാകുക. (2:24-26)

**3. ജീവിതത്തിനു ദൈവം നല്കുന്ന മാറ്റമില്ലാത്ത പദ്ധതി (3:1-22)**

A ജീവിതസംഭവങ്ങളെ മുൻകൂട്ടി നിയമിച്ചിരിക്കുന്നു (3:1-11)
B ജീവിതാവസ്ഥകളെ മുൻനിയമിച്ചിരിക്കുന്നു. (3:12, 13)
C ദൈവം എല്ലാവരെയും ന്യായം വിധിക്കുന്നു (3:14-21)
D ഉപസംഹാരം (3:22)

**4. ജീവിത സാഹചര്യങ്ങളുടെ വ്യത്ഥാവസ്ഥ (4:1-5:20)**

A തിന്മയുടെ സമ്മർദ്ദം (4:1-3)
B കഠിനപ്രയത്നത്തിന്റെ ഫലശൂന്യത (4:4-12)
C രാഷ്ട്രീയ നേട്ടങ്ങളുടെ നിരർത്ഥകത (5:1-7)
E ഉപസംഹാരം (5:18-20)

**5. സംപൂർണ്ണ ജീവിതത്തിന്റെ മായാവസ്ഥ (6:1-12)**

A ധനം സംതൃപ്തി നല്കുന്നില്ല. (6:1,2)
B മക്കൾ സംതൃപ്തി നല്കുന്നില്ല. (6:3-6)
C അദ്ധ്വാനം സംതൃപ്തി നല്കുന്നില്ല (6:7-12)

**6. മായയായ ജീവിതത്തോടുകൂടെ വസിക്കാനുള്ള ആലോചന (7:1-12:8)**

A മനുഷ്യന്റെ ദുഷ്ടതയെ കണ്ടുകൊണ്ടുള്ള ഉപദേശം (7:1-29)
B ദൈവീക ദാനങ്ങളുടെ വീക്ഷണത്തിലുള്ള ഉപദേശം (8:1-9:18)
C നിശ്ചയമില്ലാത്ത ജീവിതത്തിന്റെ കാഴ്ചപ്പാടിലുള്ള ഉപദേശം (10:1-20)
D മനുഷ്യായുസ്സിന്റെ വർദ്ധനവിലുള്ള ഉപദേശം (11:1-12:8)

**7. ഉപസംഹാരം (12:9-14).**

# ഉത്തമഗീതം

## (ഐക്യതയിൽക്കൂടെയുള്ള സന്തോഷം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ശലോമോൻ ഇതിന്റെ എഴുത്തുകാരൻ. ഏഴുപ്രാവശ്യം ശലോമോന്റെ പേര് വന്നിട്ടുണ്ട്. (1:1, 5; 3:7, 9,11; 8:11,12) അവനെ കാന്തനായിട്ട് (പ്രിയൻ) ചിത്രീകരിച്ചരിക്കുന്നു. ഒന്നാം വാക്യത്തിൽ ശലോമോൻ എഴുതിയ നിരവധി പാട്ടുകളിൽ ശ്രേഷ്ഠമായ ഒന്നായിട്ട് ഇതിനെ പറഞ്ഞിരിക്കുന്നു. 1 രാജാ. 4:32-ൽ ശലോമോൻ 1005 പാട്ടുകൾ രചി

ച്ചതായി പറഞ്ഞിരിക്കുന്നു. തലക്കെട്ടിൽ ശലാമോന്റെ ഗീതമെന്നല്ല മറിച്ച് "ഗീതങ്ങളുടെ ഗീതം" അഥവാ ശലോമോന്റെ അത്യുത്തമമായ ഗീതമെന്നാണ്.

പുസ്തകത്തിന്റെ പേരിനെക്കുറിച്ച് ഡോ: ചാൾസ് റയറി (Dr. Charles Ryrie) ഇപ്രകാരം എഴുതിയിരിക്കുന്നു:

> "ഈ പുസ്തകത്തിനു വിവിധ തലക്കെട്ടുകൾ ഉണ്ട്. എബ്രായ ഭാഷയിൽ വാ. 1 ഗീതങ്ങളുടെ ഗീതം എന്നതിന് അത്യുത്തമമായ പാട്ട് എന്നാണർത്ഥം. ഇംഗ്ലീഷ് ഭാഷാന്തരത്തിൽ വാ. 1. ശാലോമോന്റെ പാട്ടുകൾ എന്നാണ് അതായത് പാട്ട് എഴുതിയ ആളിനെക്കൂടി വെളിപ്പെടുത്തുന്നു. ക്യാന്റിക്കിൾസ് (Canticles) എന്നത് ലത്തീൻ ഭാഷയിൽ നിന്നുണ്ടായ വാക്കാണ്. ഇതിന് സാധാരണ "പാട്ടുകൾ" എന്നാണർത്ഥം." 31

### എഴുതിയകാലം:

ഏകദേശം 965 B.C.

### വിഷയവും ഉദ്ദേശവും:

പ്രേമം, വിവാഹം എന്നിവയെക്കുറിച്ചു ദൈവത്തിനുള്ള വീക്ഷണം എന്തെന്നു വെളിപ്പെടുത്തുന്ന ശലോമോന്റെ ഒരു പ്രേമഗീതമാണിത്. സ്ത്രീപുരുഷ സംബന്ധത്തിന്റെ ഈലോകപരമായ സ്നേഹത്തിന്റെ മനോഹാരിത ഇവിടെ ദൃശ്യമാണ്. വിവിധ രംഗങ്ങളോടുകൂടിയ ഒരു നാടകമായിട്ടാണ് പുസ്തകം ക്രമീകരിച്ചിരക്കുന്നത്. അതു ഔട്ട്ലൈനിൽ കാണാം.

ഏതാണ്ട് 965 B.C.-യുടെ ആരംഭത്തിൽ രചിക്കപ്പെട്ടവയാണിവ. ശലോമോന് 60 രാജ്ഞികളും 80 വെപ്പാട്ടികളുമുണ്ടായിരുന്നു. (6:8) എന്നാൽ അവന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ 700 ഭാര്യമാരും (രാജ്ഞികൾ) മൂവായിരം വെപ്പാട്ടികളുമുണ്ടായിരുന്നു എന്നു കാണുന്നു. (1 രാജാ. 11:3)

### പ്രധാന കഥാപാത്രങ്ങൾ:

ശുലേംകാരത്തി (കാന്ത), ശലോമോൻ (രാജാവ്), യറുശലേം പുത്രിമാർ (Chorus)

### ഉത്തമഗീതത്തിൽ ക്രിസ്തു:

ക്രിസ്തുവിന് വിശ്വാസിയോടുള്ള സ്നേഹത്തെയാണ് ഈ പുസ്തകം വെളിപ്പെടുത്തുന്നത്.

### ബാഹ്യരേഖ:

**1. ശീർഷകം (തലക്കെട്ട്) (1:1)**

**2. പ്രേമത്തിലാകുന്നു (1:2-3:5)**
- A പ്രേമത്തിനായുള്ള കാന്തയുടെ വാഞ്ച (1:1-8)
- B പരസ്പര സ്നേഹത്തിന്റെ പ്രകടനം (1:9-2:7)
- C കാന്തയുടെ ഭവനം സന്ദർശിക്കുന്ന രാജാവ് (2:8-17)
- D വേർപാടിനെക്കുറിച്ചുള്ള കാന്തയുടെ ആദ്യ സ്വപ്നം (3:1-5)

**3. സ്നേഹത്താലുള്ള ഒന്നിപ്പ് (3:6-5:1)**
- A വിവാഹ പ്രദിക്ഷിണം (3:6-11)
- B കാന്തയുടെ സൗന്ദര്യത്തെക്കുറിച്ചുള്ള പ്രശംസ (4:1-15)
- C വിവാഹത്തിന്റെ പൂർത്തീകരണം (4:16-5:1)

**4. പ്രേമത്തിലെ പോരാട്ടങ്ങൾ (5:2-7:10)**
- A വേർപാടിനെക്കുറിച്ചു കാന്തയുടെ രണ്ടാമത്തെ സ്വപ്നം (5:2-7)
- B കാന്തന്റെ (പ്രിയന്റെ) അഴകിനെയും കുലനീതയെയും കുറിച്ചുള്ള പ്രശംസ (5:8-6:3)
- C കാന്തയുടെ (പ്രിയ) സൗന്ദര്യത്തെക്കുറിച്ചുള്ള പ്രശംസ. (6:4-7:10)

**5. സ്നേഹത്തിലെ വളർച്ച (പക്വത) (7:11-8:14)**
- A കാന്തയ്ക്ക് അവളുടെ വീട് സന്ദർശിക്കുവാനുള്ള മോഹം (7:11-8:4)
- B യാത്രയും ഭവനത്തിൽ എത്തിച്ചേരുന്നതും (8:5-14).

ഭാഗം 4

# വലിയ പ്രവാചകന്മാർ

## ഇസ്രയേലിലെ സകല പ്രവാചകന്മാരെയും കുറിച്ച്:

### ആമുഖം:

നമ്മുടെ സർവ്വേയിൽ "ന്യായപ്രമാണ പുസ്തകങ്ങൾ", "ചരിത്രപുസ്തകങ്ങൾ" എന്നിങ്ങനെ രണ്ടായി വേർതിരിച്ചിരിക്കുന്നു. അഞ്ചു പുസ്തകങ്ങൾ അടങ്ങുന്ന വലിയ പ്രവാചകന്മാരിൽ യെശയ്യാവ്, യിരമ്യാവ്, വിലാപങ്ങൾ, യെഹസ്കിയേൽ, ദാനിയേൽ എന്നിവയാണ്. 12 പുസ്തകങ്ങൾ ഉൾപ്പെടുന്നു. ചെറിയ പ്രവാചകന്മാരിൽ ഹോശെയാ, യോവേൽ, ആമോസ്, ഒബേദ്യാവ്, യോന, മീഖാ, നഹൂം, ഹബക്കൂക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മാലാഖി എന്നിവയുമാണ്.

ഈ പ്രവാചകന്മാർ അവരുടെ വാക്കുകളെ രേഖപ്പെടുത്തിയിരിക്കുകയാൽ "എഴുത്തുകാരായ പ്രവാചകന്മാർ" എന്നും വിളിക്കാറുണ്ട്, സ്വന്ത പ്രവചനങ്ങളെ രേഖപ്പെടുത്താതിരുന്ന മറ്റു പ്രവാചകന്മാരാണ് നാഥാൻ, അഹിയാ, ഇദ്ദോ, യേഹു,ഏലിയാ, ഏലീശാ, ഓദേദ്, ശെമയിയാ, അസര്യാ, ഹനാനി, യഹസിയേൽ, ഹൂൽദാ ആദിയായവർ.

### എഴുത്തുകാർ:

പ്രവചന പുസ്തകങ്ങളുടെ എഴുത്തുകാരെ അവരുടെ വിളിയും, ശുശ്രൂഷയും, അനുസരിച്ചു വിവിധ പേരുകളിൽ ആണ് അറിയപ്പെട്ടിരുന്നത്: പ്രവാചകന്മാർ, ദർശകന്മാർ, കാവൽക്കാരൻ, ദൈവമനുഷ്യർ, ദൂതന്മാർ (സന്ദേശകന്മാർ) യഹോവയുടെ ദാസന്മാർ ആദിയായവ.

"പ്രവാചകൻ" എന്ന പേരിന്റെ ആശയം ആധികാരിയായ വക്താവ് എന്നാണ്. ആകയാൽ ഒരു യഥാർത്ഥ പ്രവാചകൻ ദൈവത്തിനുവേണ്ടി മനുഷ്യരോടു സംസാരിക്കുന്നവൻ ആയിരിക്കണം, ഇതു വ്യക്തമാക്കുവാൻ മൂന്നു പഴയ നിയമ ഭാഗങ്ങളിലെ വിശദീകരണങ്ങൾ സഹായകമാണ്. (1) പുറപ്പാട്. 6:28-7:2 യഹോവയ്ക്കുവേണ്ടി ഫറവോനോടു സംസാരിക്കാൻ ആവശ്യപ്പെട്ടതിനെ മോശെ ത്യജിച്ചപ്പോൾ യഹോവ അഹരോനെ മോശെയുടെ പ്രവാചകനായി അഥവാ മോശെയുടെ ആധികാരിക വക്താവ് ആയി നിയമിച്ചു. ഇവിടെ ഒരാൾ മറ്റൊരാൾക്കുവേണ്ടി സംസാരിക്കുന്നതാണ് വിഷയം. (2) സംഖ്യാപുസ്തകം 12:1-8-ൽ അഹരോനും മിരിയാമും മോശെയടെ മദ്ധ്യസ്ഥൻ എന്ന സ്ഥാനം അപരഹിച്ച 'യഹോവയുടെ വെളിപ്പാടുകൾ തങ്ങളുടെ പക്കലുണ്ടെന്നു അവകാശപ്പെട്ടപ്പോൾ യഹോവ നാടകീയമായി ഇടപെട്ട് താൻ മോശെയോടല്ലാതെ മറ്റാരോടും നേരിട്ടു സംസാരിച്ചിട്ടില്ലെന്നും, താൻ തിരഞ്ഞെടുക്കുന്ന പ്രവാചകന്മാർക്കു മാത്രമേ ദർശനത്താലും, സ്വപ്നത്താലും അരുളപ്പാടുകൾ നല്കാറുള്ളു എന്നും വെളിപ്പെടുത്തുന്നു. ഇതിൽനിന്ന് പ്രവാചകന്റെ അർത്ഥം തെളിവാണ്. (3) ആവർത്തനം 18:9-22. മരിക്കുന്നതിനുമുമ്പായി മോശെ ഇസ്രായേൽ ജനത്തോട് സംസാരിച്ചത് പൂർണ്ണപ്രവാചകന്റെ ഉത്തരവാദിത്തത്തോടും അധികാരത്തോടും കൂടെ ആയിരുന്നു.[32] ഇതിൽനിന്നെല്ലാം ഒരു സത്യപ്രവാചകൻ വെളിപ്പെടുത്തുന്ന കാര്യങ്ങൾ യഹോവയ്ക്കു ജനത്തോടു പറയാനുള്ള ദൂത് യഹോവയിങ്കൽനിന്നു നേരിട്ടു പ്രാപിച്ചവയാണെന്നത്രേ.

### അവരുടെ ദൂത്:

ദൈവത്തിന്റെ വക്താവ് എന്ന നിലയിൽ പ്രവാചകന്റെ പ്രഥമ ധർമ്മം ദൈവത്തിന്റെ ദൂത് ദൈവജനങ്ങളെ അറി

യിയ്ക്കുകയും ചരിത്രപരമായി അവർക്കു എന്തു സംഭവിക്കുന്നു എന്നു ഗ്രഹിപ്പിക്കുകയുമാണ്, പ്രവചനത്തിന്റെ വിശാലമായ അർത്ഥത്തിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങളെ ഗൗരവമായി പ്രസംഗിക്കുക എന്നതും ഉൾപ്പെട്ടിരിക്കുന്നു. ഭാവി പറയുക എന്നു ചുരുക്കും. ഭാവി പറയുന്ന ആൾക്ക് ദൈവംഹിതത്തെക്കുറിച്ചുള്ള ഉൾകാഴ്ചയുള്ളതിനാൽ ദൈവത്തെ അനുസരിക്കുവാൻ ജനത്തെ ഉത്സാഹിപ്പിക്കുകയും തിടുക്കത്തോടെ അതിനായി വെല്ലുവിളി ഉയർത്തുകയും ചെയ്യുന്നു. മറ്റൊരു പ്രകാരത്തിൽ പ്രവാചകൻ ദീർഘദൃഷ്ടിയുള്ളവനാകയാൽ ദൈവഹിത പ്രകാരം ജനത്തിനു തസമയം ആവശ്യമായ മുന്നറിവുകൾ നല്കുന്നതാണ് പ്രവചനം. ഇതു ചിലപ്പോൾ ദൈവീക വാഗ്ദത്തങ്ങളെ ഓർപ്പിച്ചുകൊണ്ട് നീതിമാന്മാരെ ഉത്സാഹിപ്പിക്കുന്നതും, അനീതിചെയ്യുന്നവർക്കു വരുവാൻ പോകുന്ന ദൈവീക ന്യായവിധിയെക്കുറിച്ചുള്ള മുന്നറിവും ആയിരിക്കാം. താൻ ഉത്ഘോഷിക്കുന്ന ദൈവത്തിന്റെ അരുളപ്പാടുകൾ ചിലത് വർത്തമാനകാലത്തു തന്നെ സംഭവിക്കുന്നതും മറ്റു ചിലത് ഭാവിയിൽ സംഭവിക്കേണ്ടിയതുമായിരിക്കും; പക്ഷേ ഇതു പ്രവചന ദൂതിന്റെ ഒരു ഭാഗം മാത്രമായിരിക്കും. അതുകൊണ്ട് ഒരു പ്രവാചകൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനും, വാക്കാലോ. ദൃശ്യമാധ്യമത്താലോ, എഴുത്തുകളാലോ ദൈവത്തിന്റെ ദൂത് ജനങ്ങളെ അറിയിക്കുന്ന ദൈവീക വക്താവ് ആയിരിക്കും. “യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു” എന്നതായിരിക്കും അവന്റെ ദൂത്.

യഹോവയുടെ വക്താവ് എന്ന നിലയിൽ ദൂത് 3 വ്യത്യസ്ത രീതികളിൽ പഴയ നിയമത്തിലെ ദൈവിക ജനതയുടെ നടുവിൽ പ്രവർത്തിക്കുന്നതു കാണാം:

ഒന്നാമത്, യഹോവയുടെ വക്താവ് എന്ന നിലയിൽ മോശൈക ന്യായപ്രമാണത്തെ പ്രസംഗിക്കുകയും അവയെ വ്യാഖ്യാനിച്ച് രാഷ്ട്രത്തെ ഉത്ബുദ്ധരാക്കുകയും ചെയ്തു. ഇതിനായി അവർ ആവശ്യമായ മുന്നറിവുകളും, ഗുണദോഷങ്ങളും നല്കുന്നതോടൊപ്പം ന്യായവിധിയിൽപെടാതിരിക്കേണ്ടതിന് പാപത്തെ ഉപേക്ഷിച്ച് മാനസ്സാന്തരപ്പെടുവാൻ നിർബ്ബന്ധിക്കുകയും, അങ്ങനെ ചെയ്യുന്നവർക്കു ലഭിക്കുന്ന ദൈവീക ക്ഷമയും ആശ്വാസങ്ങളും കൊടുത്തുകൊണ്ടിരിക്കുന്നു. ദൈവീക മാർഗ്ഗംവിട്ട് പാപത്തിലേക്കു തിരിയുന്നവരെ മുഖപക്ഷംകൂടാതെയും അധികാരത്തോടെയും ശാസിക്കുന്നതും മാനസ്സാന്തരപ്പെടുവാൻ ആവശ്യപ്പെടുന്നതും പ്രവാചകന്മാരിൽമാത്രം കണ്ടിരുന്ന ഗുണവിശേഷമാണ്. ദൈവത്തെ അനുസരിക്കുന്നതിൽ പരാജയപ്പെടുകയും സ്വന്ത ബുദ്ധിയുടെ പദ്ധതികൾ നിറവേറ്റാൻ ബദ്ധപ്പെടുകയും ചെയ്യുന്നവർക്കുള്ള ന്യായവിധിയുടെ പ്രഖ്യാപനവും ശാസനത്തിൽ പെടുന്നവയാണ്. (യോന. 3:4)

രണ്ടാമത്, പ്രവാചകന്മാർ ന്യായവിധിയും, വിടുതലും പ്രഖ്യാപിക്കുമ്പോൾ തന്നെ അതിനെ വരുവാൻ പോകുന്ന മശിഹായുടെ രാജ്യസ്ഥാപനത്തോടുള്ള ബന്ധത്തിലായിരുന്നു പ്രവചിച്ചത്. ദാവീദിനെക്കുറിച്ചുള്ള മനുഷ്യന്റെ ആകാംക്ഷകൾക്ക് തൃപ്തിവരുത്തുകയല്ല പിന്നെയോ ഭാവിയെക്കുറിച്ച് നിശ്ചയവും നിയന്ത്രണവും ഉള്ള ദൈവം തന്റെ ഉദ്ദേശങ്ങളെ മനുഷ്യ നന്മയ്ക്കായി എങ്ങനെ പ്രയോജനപ്പെടുത്തുവാൻ പോകുന്നു എന്നു വെളിപ്പെടുത്തുകയായിരുന്നു. സത്യപ്രവാചകന്റെ പ്രവചനങ്ങൾ തീർച്ചയായും നിവൃത്തിയാകുകയും നമുക്കു ദൃശ്യമാകുകയും ചെയ്യും. അല്ലാത്തത് നിവൃത്തിയാകാത്ത വ്യാജ പ്രസ്താവനകൾ മാത്രമായിരിക്കും (ആവ. 18:20–22). ശമുവേൽ യഹോവയുടെ നാമത്തിൽ സംസാരിച്ച വചനങ്ങൾ നിഷ്ഫലമാകുവാൻ യഹോവ അനുവധിച്ചില്ല എന്നു പറഞ്ഞിരിക്കുന്നതു (1 ശമു. 3:19) സത്യപ്രവാചകന്റെ നിലപാടു വ്യക്തമാക്കുന്നു.

മൂന്നാമതു, അവർ ഇസ്രയേലിന്റെ കാവൽക്കാർ ആയി പ്രവർത്തിച്ചു (യെഹ. 3:17). സീയോന്റെ മതിലുകളിന്മേൽ കാവൽക്കാരായി നിന്നുകൊണ്ട് അത്യാവശ്യസമയങ്ങളിൽ കാഹളം ഊതി ജനത്തിനു അപകടത്തിന്റെ മുന്നറിവു കൊടുത്തിരുന്നവരെ പോലെ ഇസ്രയേലിന്റെ ആത്മീകാധപതനവും മതപരവും സന്മാർഗ്ഗീകവുമായ തകർച്ചകളെയും വിളിച്ചറിയിയ്ക്കുന്ന കാവൽക്കാരനായിരുന്ന യെഹസ്കിയേൽ. ഇസ്രായേൽ ഭരണകൂടത്തിന്റെ തെറ്റായ വിദേശനയം, അവരുടെ രാഷ്ട്രീയവും, സൈനീകവുമായ നീക്കങ്ങൾ, കനാന്യരുടെ വിഗ്രസേവയോടും ആരാധനാ രീതി എന്നിവയിൽ പതിയിരിക്കുന്ന അപകടങ്ങളെ മനസ്സിലാക്കി അവയ്ക്കെതിരായി പ്രവചിച്ചു.

ഒടുവിലായി, പ്രവാചകന്മാർ ഈ വിധത്തിൽ ദൈവത്തിന്റെ ദൂതുവാഹികളായി പ്രവർത്തിച്ചതിനാൽ ഇസ്രയേലിൽ അവർക്ക് മാന്യമായ സ്ഥാനമാണു ലഭിച്ചത്. മോശൈക പ്രമാണങ്ങളെ ലംഘിച്ച് ജനങ്ങൾക്കും രാഷ്ട്രത്തിനും ദൈവീക ന്യായവിധി വരാതിരിക്കുവാൻ രാജകീയ നയതന്ത്രജ്ഞന്മാരെ പോലെയും, നിയമവിദഗ്ധരെ പോലെയുമാണ് പ്രവാചകന്മാർ പ്രവർത്തിച്ചത്. 33

## നാലു പ്രധാന പ്രവാചകന്മാരെക്കുറിച്ചുള്ള താരതമ്യപഠനം: 34

| നാലു വലിയ പ്രവാചകന്മാരുടെ താരതമ്യം | | | | |
|---|---|---|---|---|
| | യെശയ്യാവ് | യിരമ്യാവ് | യെഹസ്കിയേൽ | ദാനിയേൽ |
| പ്രവചിച്ചത് ആരോട് | യഹൂദ്യയിലെ യഹൂദന്മാരോട് | യഹൂദ്യയിലെയും പ്രവാസത്തിലെയും യഹൂദന്മാർ | ബാബിലോൺ പ്രവാസത്തിലെ യഹൂദന്മാർ | ബാബിലോണിലെ യഹൂദപ്രവാസികളോടും ജാതീയ രാജാക്കന്മാരോടും |
| ആരെക്കുറിച്ച്? | യഹൂദ, യരൂശലേം (യെശ. 1:1;2:1) | യഹൂദയയും രാഷ്ട്രങ്ങളും (യിര. 1:5,9-10;2:1-2) | ഇസ്രയേൽവംശം മുഴുവൻ (യഹെ. 2:3-6;3:4-10,17) | ഇസ്രയേലും ജാതീയ രാഷ്ട്രങ്ങളും (ദാനി. 2:36-43;9) |
| ആരുടെ ഭരണകാലത്ത്? : | ഉസ്സിയ<br>യോഥാം<br>ആഹാസ്<br>യഹൂദാ രാജാവായ ഹിസ്കിയാവ് | യോശിയാ, യഹോവാഹാസ്, യഹോയാക്കീം യഹോയാഖീൻ,<br>യഹൂദാ രാജാവായ സിദക്കിയാ | യഹൂദാരാജാവായ സിദേക്കിയാവ് ബാബിലോണ്യ രാജാവായ നെബുക്കദ്നേസർ | യഹോയാക്കീം, യഹോയാഖീൻ, യഹൂദാരാജാവായ സിദെക്കിയാവ്, ബാബിലോന്യ രാജാവായ നെബുക്കദ്നേസർ |
| തീയതി | 740-680 B.C. | 627-585 B.C. | 592-570 B.C. | 605-536 B.C. |
| ചരിത്രരേഖ | 2 രാജാ. 15-21;<br>2 ദിന. 26-30 | 2 രാജാ 22-25 | ദാനി 1-6 | ദാനി 1-6 |

## ക്രിസ്തുവിനെക്കുറിച്ചുള്ള പഴയനിയമം പ്രതീക്ഷയുടെ പുനരവലോകനം: 35

ഇതുവരെയുള്ള നമ്മുടെ പഠനത്തിന്റെ വെളിച്ചത്തിൽ ഉല്പത്തിപുസ്തകം ക്രിസ്തുവിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ന്യായപ്രമാണ അടിസ്ഥാനവും, പുറപ്പാടു പുസ്തകം അതിനായുള്ള വീണ്ടെടുപ്പും, ലേവ്യപുസ്തകം ശുദ്ധീകരണത്തെയും,സംഖ്യാപുസ്തകം അതിലേക്കുള്ള മാർഗ്ഗദർശനവും, ആവർത്തനപുസ്തകം അതിനുള്ള ബോധനവും നല്കി ഇസ്രയേൽ ജനത്തെ ദൈവവചനത്തിന്റെയും മശിഹായുടെ ലൈനിന്റെയും കാവൽക്കാരാക്കി വയ്ക്കുകയും ചെയ്തു (റോമ. 3:1; ഉല്പ. 12:1–3; റോമ. 9:4,5) എന്നാണു കണ്ടത്.

വീണ്ടും ക്രിസ്തുവിനായുള്ള ഒരുക്കത്തെയാണ് ചരിത്രപുസ്തകങ്ങളിൽ (യോശുവാ) ദേശത്തെ അവർക്കു അവകാശമാക്കി കൊടുക്കുക വഴി തെളിയിച്ചിരിക്കുന്നത്. എന്നാൽ പിന്നീട് വിദേശ ശക്തികൾ ഈ രാഷ്ട്രത്തെ പീഡിപ്പിക്കതക്കവിധം അവർ അവിശ്വസ്ഥരായി തീർന്നു. എന്നിട്ടും ദൈവം അവർക്കു ന്യായാധിപന്മാരെ കൊടുത്തു. ആ കാലയളവിലും ചില വിശ്വസ്ഥരായ മനുഷ്യർ ഉണ്ടായിരുന്നു എന്നാണ് രൂത്തിന്റെ പുസ്തകം വെളിവാക്കുന്നത്. രാജാക്കന്മാരാൽ ഇസ്രയേലിനു സ്ഥിരത നല്കിയതാണ് 1 ശമുവേലിൽ ശൗലിന്റെ ചരിത്രത്തിലൂടെ കാണിക്കുന്നതെങ്കിൽ ദാവീദിൽക്കൂടെ ദേശത്തിനുണ്ടായ വിസ്തൃതിയാണ് 2 ശമുവേലിൽ പറഞ്ഞിരിക്കുന്നത്. 1 രാജാക്കന്മാരിൽ (1–10) ശലോമോനിൽക്കൂടെ ദേശത്തിനുണ്ടായ മഹത്വത്തെ എടുത്തുകാട്ടുമ്പോൾ 1 രാജാ. 11–22 ൽ രാഷ്ട്രം പത്തു ഗോത്രങ്ങളോടുകൂടെ വടക്കേരാജ്യമെന്നും രണ്ടുഗോത്രങ്ങളോടുകൂടെ തെക്കേ രാജ്യമെന്നും രണ്ടായി പിരിയുന്ന കാര്യമാണ് പറഞ്ഞിരിക്കുന്നത്. രണ്ടു രാഷ്ട്രങ്ങളും ഒടുവിൽ അധപതിക്കുകയും (2 ദിനവൃത്താന്തങ്ങൾ) അശൂരിലേക്കും, ബാബിലോണിലേക്കും പ്രവാസികളായി പോകേണ്ടിവരികയും ചെയ്തു (2 രാജാക്കന്മാർ). ദേവാലയത്തിന്റെ കുറവുകളെ 1 ദിനവൃത്താന്തത്തിലും അതിന്റെ നാശം 2 ദിനവൃത്താന്തത്തിലും പറഞ്ഞിരിക്കുന്നു. ദൈവത്തിനു അവന്റെ വാഗ്ദത്തങ്ങളോടുള്ള വിശ്വസ്തതയാൽ ദേവാലയം പുനർനിർമ്മിച്ചത് (എസ്രായിലും) ആ ദേശത്തിലെ ശേഷിപ്പിന്റെ പുനരുദ്ധാരണത്തെക്കുറിച്ച് (നെഹമ്യാവിലും) അവരുടെ സംരക്ഷണത്തിനായി ചെയ്ത കാര്യങ്ങൾ (എസ്ഥേറിലും) പറഞ്ഞിരിക്കുന്നു, കാവ്യഗ്രന്ഥങ്ങളിലേക്കു പ്രവേശിക്കുമ്പോൾ മുൻകണ്ടതായ സകല കാര്യങ്ങളുടെയും അടിസ്ഥാനമാകുന്ന ക്രിസ്തുവിനുവേണ്ടിയുള്ള ആത്മീയ ആകാംക്ഷയാണു വെളിപ്പെടുന്നത്.

ക്രിസ്തുവിനായുള്ള പ്രവചന പുസ്തകങ്ങളിലെ പ്രതീക്ഷയെ താഴെ പറയും പ്രകാരം മനസ്സിലാക്കാം:

> "ഹോശെയാ, യോവേൽ, ആമോസ് എന്നീ പ്രാരംഭ പ്രവാചകന്മാർ മശിഹായിൽക്കൂടെയുള്ള ദേശീയ പുനരുദ്ധാരണത്തെയാണ് പ്രസ്താവിച്ചത്. യെശയ്യാവ്, മീഖാ, തുടങ്ങിയവർ മശിഹായിൽകൂടെ പ്രാപിക്കുന്ന സാർവ്വദേശീയ രക്ഷയെക്കുറിച്ചു പ്രവചിച്ചപ്പോൾ ഒബേദ്യാവ്, യോന, നഹൂം, ഹബകൂക്, സെഫന്യാവ് തുടങ്ങിയവർ ദൈവത്തിന്റെ പ്രതികാരവും ന്യാവിധിയും ദേശത്തിന്മേൽ എങ്ങനെ വരാൻ പോകുന്നു എന്നാണ് പ്രവചിച്ചത്. ഈ വരുന്ന ന്യായവിധിയെ കണ്ടു വ്യസനിക്കുകയാണ് വിലാപങ്ങൾ. യിരമ്യാവ് ക്രിസ്തുവിൽക്കൂടെ സ്ഥിരമാകേണ്ടിയ ദൈവീക ഉടമ്പടികളിലേക്കും വാഗ്ദത്തങ്ങളിലേക്കുമാണ് നോക്കിയത്. യെഹസ്കിയേൽ രാഷ്ട്രത്തിന്റെ മതപരമായ പുനരുദ്ധാരണത്തെയും ദാനീയേൽ രാഷ്ട്രീയ പുനരുദ്ധാരണത്തെയുംകുറിച്ചു പ്രവചിച്ചു. ബാബിലോണിയ പ്രവാസത്തിനു ശേഷം ഹഗ്ഗായി, സെഖര്യാവ് മതപരമായ പുനർനിർമ്മാണത്തിനായി ജനങ്ങളെ പ്രബോധിപ്പിച്ചപ്പോൾ മാലാഖി അവരുടെ സാമൂഹ്യവും, സാന്മാർഗ്ഗികവുമായ പുനർനിർമ്മിതിക്കായി ക്രിസ്തു ***'നീതിസൂര്യനായി തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിയ്ക്കും'*** (4:2) എന്നാണ് പ്രവചിച്ചത്". 36

# യെശയ്യാവ്

## (യഹോവയുടെ രക്ഷ)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

കുലീനതയും, ജനസമ്മതിയും ഉള്ള ഒരു യഹൂദ കുടുംബത്തിലെ ആമോസിന്റെ മകനായ യെശയ്യാവാണ് എഴുത്തുകാരൻ എന്നു പുസ്തകം തെളിവാക്കുന്നു. ആഹാസ് രാജാവിന്റെ വാഴ്ചയുടെ കാലത്തെ രാജാകീയ പ്രവാചകനായിട്ടാണ് അവൻ പ്രത്യക്ഷപ്പെടുന്നത്. വിദ്യാസമ്പന്നും സാർദ്ദേശീയ കാര്യങ്ങളിൽ നിപുണനനും‌ആയിരന്നതിനാൽ രാജാവിനു വിദേശകാര്യങ്ങളെക്കുറിച്ചു ആലോചന നല്കുന്നുവനായി യരൂശലേമിലാണ് കൂടുതലായി പാർത്തത്. ദൈവത്താൽ നിയോഗിക്കപ്പെട്ടവനെങ്കിലും അശൂറിനോടും മിസ്രയിമിനോടും യാതൊരു ബന്ധവും ആകരുതെന്നു പ്രസ്താവിച്ചതിനാൽ അവഹേളിക്കപ്പെടുകയുണ്ടായി. ആറാം അദ്ധ്യായത്തിൽ ദൈവം നല്കിയ മുന്നറിവിനനുസരണമായി അവന്റെ ദൗത്യം പരാജയപ്പെടുന്നതായി കാണുന്നു, എന്തെന്നാൽ ജനങ്ങളും ഭരണകൂടവും ദൈവീക വാഗ്ദത്ത പ്രകാരമുള്ള ക്രിസ്തുവെന്ന ഏക വീണ്ടെടുപ്പുകാരനെ അവഗണിച്ചു രാഷ്ട്രീയ ബന്ധങ്ങളിൽ കൂടെ മാനവശക്തി വർദ്ധിപ്പിക്കുവാനാണ് ശ്രമിച്ചത്.

ഒരു പുരാതീന പാരമ്പര്യമനുസരിച്ച് മനശെയുടെ വാഴ്ചക്കാലത്ത് തടികൊണ്ടുള്ള ആമത്തിലിട്ട് ഈർച്ചവാളിനാൽ അവനെ രണ്ടായി അറുത്തുമുറിച്ചു കൊല്ലുകയായിരുന്നു.അങ്ങനെ യെശയ്യാവ് രക്തസാക്ഷികളുടെ നിരയിലേക്കു പ്രവേശിച്ചു. (എബ്രാ. 11:37) സൻഹേരീബിന്റെ മരണത്തെക്കുറിച്ച് അവൻ പ്രസ്താവിച്ചിരിക്കുകയാൽ (യെശ. 37:37,38) യെശയ്യാവ് സൻഹേരിബിന്റെ മരണശേഷവും (B.C. 681) ജീവിച്ചിരുന്നു എന്നു നിശ്ചയിക്കാം. 37

എഴുത്തുകാരന്റെ പേരുതന്നെ പുസ്തകത്തിനു നല്കിയിരിക്കുന്നതു പരിശുദ്ധാത്മപ്രേരിതമാണ്. എബ്രായ ഭാഷയിൽ പേരിന്റെ അർത്ഥം "യഹോവ രക്ഷയാകുന്നു." എന്നാണ്. പുസ്തകത്തിന്റെ ഉള്ളടക്കവും വിഷയവും അതു തന്നെയാകുന്നു.

### എഴുതിയ കാലം:

740–680 B.C.

യെശയ്യാവിന്റേത് ഒരു ദീർഘകാല ശുശ്രൂഷ ആയിരുന്നു. (B.C. 740 - 680) ഉസ്സിയാ രാജാവിന്റെ ഭരണകാലത്തിന്റെ അവസാനത്തിൽ ആരംഭിക്കുകയും (790–739 B.C.) യോഥാം (739–731 B.C.), ആഹാസ് (731–715 B.C.), ഹെസക്കിയാ (715–686 B.C.) എന്നിവരുടെ ഭരണകാലത്തു തുടരുകയും ചെയ്തു. ജാതീയ ഭരണാധികാരികൾ (അശൂരിൽ) ആ കാലത്തു തിഗ്ലത്തു-പിലേസർ (745–727 B.C.) സൻഹേരിബ് (705–685 B.C) ആയിരുന്നു.

## വിഷയവും ഉദ്ദേശവും:

പുസ്തകത്തിന്റെ പേരിന്റെ അർത്ഥമായ “യഹോവ (യാവെ) ആകുന്നു രക്ഷ” എന്നാണ്, പുസ്തകത്തിന്റെ വിഷയവും, ഇതിന് ഏറ്റവും പറ്റിയ തെളിവ് ‘രക്ഷ’ എന്ന പദം പുസ്തകത്തിൽ ഏതാണ്ട് 26 പ്രാവശ്യം വന്നിട്ടുണ്ട് എന്നതാണ്. മറ്റെല്ലാ പ്രവാചക പുസ്തകങ്ങളിലും കൂടെ ഈ പദം ഏഴുപ്രാവശ്യം മാത്രമേ ലഭിക്കുന്നുള്ളു. ഇതായിരിക്കാം യെശയ്യാവിനെ “സുവിശേഷകനായ പ്രവാചകൻ” എന്നു വിളിക്കുന്നതു. എന്തായാലും മശിഹായുടെ രക്ഷയും വീണ്ടെടുപ്പിൻ പ്രവർത്തിയും വളരെ പ്രാവശ്യം യെശയ്യാവ് പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ മറ്റെല്ലാ പഴയനിയമ പുസ്തകങ്ങളേക്കാളും യേശുക്രിസ്തുവിന്റെ ആളത്വവും പ്രവർത്തിയും നമുക്കിതിൽ ദർശിപ്പാൻ സാധിക്കും.

ചില കാര്യങ്ങൾ വച്ചുനോക്കിയാൽ യെശയ്യാവിന്റെ പുസ്തകത്തെ ഒരു “മിനി ബൈബിൾ” എന്നു വിളിക്കാം. ഇതിലെ 66 അദ്ധ്യായങ്ങൾ ബൈബിളിലെ 66 പുസ്തകങ്ങൾക്കു തുല്യമാണ്. ആദ്യത്തെ 39 അദ്ധ്യായങ്ങൾ പഴയനിയമത്തിലെ 39 പുസ്തകങ്ങൾപോലെ മശിഹായുടെ വരവിന്റെ പ്രതീക്ഷ നല്കുമ്പോൾ പിന്നീടുള്ള 27 അദ്ധ്യായങ്ങൾ പുതിയ നിയമത്തിലെ 27 പുസ്തകങ്ങൾക്കു തുല്ല്യമായി യഹോവയുടെ ദാസനായ മശിഹായേയും അവന്റെ രാജ്യത്തെയും കുറിച്ചാണ് സംസാരിക്കുന്നത്. അദ്ധ്യായങ്ങൾ 1-39 വരെയുള്ള ഭാഗത്ത് മനുഷ്യജീവിതത്തിനു അത്യാവശ്യം വേണ്ടതായ രക്ഷയെ കുറിച്ചു സംസാരിച്ചിട്ട് അദ്ധ്യായങ്ങൾ 40-66 വരെ ഭാഗത്ത് ആ രക്ഷയും ദൈവരാജ്യവും മശിഹായിൽകൂടെ എങ്ങനെ വിഭാവനം ചെയ്തിരിക്കുന്നു എന്നു വിശദീകരിച്ചിരിക്കയാണ്.

## പ്രധാന വ്യക്തികൾ:

മനുഷ്യനായി പറയാൻ യെശയ്യാവു മാത്രമേയുള്ളു, എന്നാൽ ചൂണ്ടിക്കാട്ടുന്നത് ഇസ്രയേലിന്റെ ബലവാനും പരിശുദ്ധനുമായ യഹോവ ആണ്, എന്തെന്നാൽ അവൻ സൈന്യങ്ങളുടെ യഹോവ ആകുന്നു. ഈ പുസ്തകം പ്രാധാന്യം നല്കിക്കാട്ടുന്നത് ഈ യഹോവയെ ആണ്.

## യെശയ്യാവിന്റെ പുസ്തകത്തിൽ ക്രിസ്തു:

യെശയ്യാവ് വരച്ചുകാട്ടുന്നതുപോലെ യേശുക്രിസ്തുവിന്റെ സംപൂർണ്ണതയെ ചിത്രീകരിക്കുവാൻ പഴയനിയമത്തിലെ മറ്റൊരു പുസ്തകത്തിനും കഴിഞ്ഞിട്ടില്ല. മശിഹായുടെ സ്വർഗ്ഗീയ പരമാധികാരം (6:10) അവന്റെ ജനനവും താഴ്മയും (7:14;9:6;11:1) അവന്റെ പരിശുദ്ധാത്മാവിലുള്ള ശുശ്രൂഷയും (11:2) അവന്റെ ദിവ്യസ്വഭാവം (7:14; 9:6) ദാവീദിന്റെ വംശത്തിൽപ്പെട്ടവനാകുന്നത്. (11:1) നമുക്കു പകരക്കാരനായി അവൻ ചെയ്ത വീണ്ടെടുപ്പിന്റെ പ്രവർത്തി, (53) ദാസന്റെ ശുശ്രൂഷ (49-52) എന്നിങ്ങനെ എത്രയോ കാര്യങ്ങളാണ് യെശയ്യാവ് വെളിപ്പെടുത്തിയിരിക്കുന്നത്.

## ബാഹ്യരേഖ:

### 1. ശിക്ഷാവിധയുടെയും ന്യായവിധിയുടെയും പ്രവചനങ്ങൾ (1:1-39:8)

A യഹൂദയ്ക്ക് എതിരായ പ്രവചനം (1:1-12:6)
- 1) യഹൂദയുടെ ശിക്ഷാവിധി (1:1-5:30)
- 2) പ്രവാചകനു ലഭിച്ച നിയോഗം. (6:1-13)
- 3) മിശിഹായുടെ വരവ് (7:1-12:6)

B ജാതീയ രാഷ്ട്രങ്ങൾക്കെതിരായ പ്രവചനം (13:1-23:18)
- 1) ബാബിലോണിന് എതിരായി (13:1-14:23)
- 2) അസ്സീറിയക്ക് എതിരായി (14:24-27)
- 3) ഫെലിസ്ത്യർക്ക് വിപരീതമായി (14:28-32)
- 4) മോവാബിനു എതിരായി (15:1-16:14)
- 5) ദമ്മേശേക്കിനും സഹായികൾക്കും, ഇസ്രയേലിനും വിപരീതമായി (17:1-14)
- 6) എത്യോപ്യർക്കെതിരായി (18:1-7)
- 7) മിസ്രയീമിനെതിരായി (19:1-20:6)
- 8) ബാബിലോണിന് വിരോധമായി (21:1-10)
- 9) ഏദോമിന് വിരോധമായി (21:11-12)
- 10)അറേബ്യയ്ക്ക് എതിരായി (21:13-17)

11) യെരൂശലേമിന് വിരോധമായി (22:1–25)
12) സോരിന് എതിരായി (23:1–18)

C യഹോവയുടെ ദിവസത്തെക്കുറിച്ചുള്ള പ്രവചനം (24:1–27:13)
1) മഹോദ്രവകാല ന്യായവിധികൾ (24:1–23)
2) ദൈവരാജ്യത്തിന്റെ അനുഗ്രഹത്തിന്റെ കാഹളം (25:1–27:13)

D യിസ്രയേലിനും, യഹൂദയ്ക്കും വിരോധമായുള്ള പ്രവചനങ്ങൾ (ശാപവും, അനുഗ്രഹങ്ങളും) (28:1–35:10)
1) ശമര്യക്ക് അയ്യോ കഷ്ടം (28:1–29)
2) യഹൂദയ്ക്ക് കഷ്ടം (29:1–31:9)
3) കണ്ടാലും, ഇതാ മശിഹായും അവന്റെ രാജ്യവും (32:1–20)
4) യെരൂശലേമിനെ കവർച്ച ചെയ്ത അശൂരിന് അയ്യോ കഷ്ടം (31:1–24)
5) ജാതീയ രാഷ്ട്രങ്ങൾക്കു കഷ്ടം (34:1–17)
6) വെളിപ്പെടുവാനുള്ള ദൈവരാജ്യത്തിന്റെ വരവിനെക്കുറിച്ച് (35:1–10)

E സൻഹേരിബിനെതിരായുള്ള പ്രവചനങ്ങൾ (36:1–39:8)
1) അശൂരിൽനിന്നുള്ള പരിഹാസ (കുത്തു)വാക്കുകൾ (36:1–22)
2) ദൈവത്തിൽനിന്നുള്ള സത്യം (37:1–7)
3) അശൂരിന്റെ ഭീതിപ്പെടുത്തൽ (37:8–35)
4) അശൂരിന്മേലുള്ള വിജയകാഹളം (37:36–38)
5) യെഹസ്കിയാവിന്റെ ദീനം (38:1–22)
6) യെഹസ്കിയാവിന്റെ മഠയത്തരം (39:1–8)

**2. സ്വാന്തനത്തിന്റെയും സമാധാനത്തിന്റെയും പ്രവചനങ്ങൾ (40:1–66:24)**
A ദൈവത്തിന്റെ വലിമയും ഇസ്രയേലിന്റെ വിടുതലും (40:1–48:22)
B യിസ്രായേലിനെ വിടുവിക്കുന്നവനെയും കഷ്ടപ്പെടുന്ന ദാസനാലുള്ള രക്ഷയും (49:1–57:21)
C യിസ്രയേലിന്റെ മഹത്വകരമായ ഭാവിയെക്കുറിച്ചും, സമാധാനത്തിനായുള്ള ദൈവീക പരിപാടിയെക്കുറിച്ചും (58:1–66:24).

# യിരമ്യാവ്

## (പാപത്തെയും, ന്യായവിധിയെയും കുറിച്ചുള്ള മുന്നറിയിപ്പ്)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

യെശയ്യാവിനെപ്പോലെതന്നെ ഈ പുസ്തകവും അതിന്റെ മാനുഷീക എഴുത്തുകാരൻ ബന്യാമീൻ നാട്ടിലെ (ദേശത്തിലെ അനാഥോഥ് എന്ന പുരോഹിത പട്ടണത്തിലെ പുരോഹിതന്മാരിൽ ഒരുവനായ ഹിസ്കിയാവിന്റെ മകനായ യിരെമ്യാവു ആകുന്നു (1:1) എന്നു പ്രസ്താവിച്ചിരിക്കുന്നു. യിരമ്യാവു പറഞ്ഞു കൊടുക്കയും തന്റെ സെക്രട്ടറി ആയ ബാരുക്ക് എഴുതുകയുമായിരുന്നു. "കരയുന്ന അഥവാ വിലപിക്കുന്ന പ്രവാചകൻ" എന്നാണ് യിരെമ്യാവ് വിളിക്കപ്പെടുന്നത് (9:1;13:17), "ഏകാന്തനായ പ്രവാചകൻ" (താൻ വിവാഹം കഴിക്കാതിരുന്നതിനാലായിരിക്കണം ഈ പേരുവന്നത്(16:2)), കൂടാതെ "വൈമനസ്യം കാട്ടിയ പ്രവാചകൻ" (1:6) എന്നിങ്ങനെയും വിളിക്കറുണ്ട്. സകലവിധ എതിർപ്പുകളും, അടിയും, തടവും എല്ലാം ഉണ്ടായിട്ടും യഹോവയുടെ ന്യായവിധിയുടെ ദൂത് തെക്കേദേശമായ യഹൂദയിൽ പ്രസ്താവിച്ചു. (11:18–23;12:6; 18:18; 20:1–3;26:1–24;37:11–38:28).

എഴുത്തുകാരനിൽ നിന്നുതന്നെ പുസ്തകത്തിനു പേരുണ്ടായി. യിരെമ്യാവ് എന്ന പേരിന് "യഹോവ സ്ഥിരപ്പെടുത്തും" എന്നാണർത്ഥം.

## എഴുതിയ കാലം:

627–585 B.C.

സെഫന്യാവ്, ഹബക്കൂക്ക്, ദാനിയേൽ, യെഹസ്കിയേൽ എന്നീ പ്രവാചകന്മാരുടെ സമകാലികനായിരുന്നു യിരെമ്യാവ്. അദ്ദേഹത്തിന്റെ പ്രവചന ശുശ്രൂഷ B.C. 626-ൽ ആരംഭിച്ചു. 586 B.C.-യിൽ അവസാനിച്ചു. എന്നാൽ അതിന് ഇടവേള നല്കാതെ സെഫന്യാവ് ആ ശുശ്രൂഷ ഏറ്റെടുത്ത് മുന്നോട്ടു പോയതായി കാണാം. യെഹസ്കിയേൽ ആരംഭിക്കുന്നത് B.C. 593-ൽ ബാബിലോണിൽ വച്ചായിരുന്നെങ്കിലും യിരെമ്യാവിന്റെ അവസാന നാളുകളിൽ യെരൂശലേമിൽ അവൻ സമകാലികന്മാരുമായി പ്രവർത്തിച്ചു. യിരെമ്യാവിന്റെ മരണം എപ്പോൾ എവിടെവച്ചായിരുന്നു എന്നത് തീർച്ചയല്ല. ഈജിപ്തിൽ വച്ചു കൊല്ലപ്പെട്ടു എന്നാണ് യഹൂദ പാരമ്പര്യം. (എബ്രാ. 11:37)

## വിഷയവും ഉദ്ദേശവും:

പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങൾ: (1) പാപത്തിനെതിരായുള്ള ദൈവിക ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ്. (2) ദേശീയമായി അനുതാപത്തിലൂടെ രാഷ്ട്രത്തിനുണ്ടാകുന്ന പുനരുദ്ധാരണത്തിന്റെയും പ്രത്യാശയുടെയും ദൂത്.

## പ്രധാന വ്യക്തികൾ:

യിരെമ്യാവ് തന്നെയാണ് പുസ്തകത്തിലുടനീളം പ്രധാന നായകനായിരിക്കുന്നത്. തന്റെ പ്രസംഗങ്ങളും, പ്രതിരോധങ്ങളും, പീഢനങ്ങളുമാണ് വിഷയങ്ങൾ.

## യിരെമ്യാവിന്റെ പുസ്തകത്തിൽ ക്രിസ്തു:

ക്രിസ്തുവിന്റെ വിവിധ ചിത്രങ്ങൾ ഇതിൽ പ്രത്യക്ഷമാണ്. ക്രിസ്തുവിനെ ജീവജലമായും (2:13; cf. യോഹ. 4:14) ഗിലയാദിലെ സുഗന്ധ തൈലമായും (8:22) നല്ല ഇടയനായും (23:4) നീതിയുള്ള മുളയായും (23:5) നമ്മുടെ നീതി ആയും (23:6) പുതിയൊരു നിയമത്തിന്റെ കർത്താവായും (31:31–34) വരച്ചുകാട്ടിയിരിക്കുന്നു.

മശിഹായെ സംബന്ധിച്ച വിവക്ഷകളാണ് മറ്റു പ്രവചനങ്ങൾ. യഹോയാഖീന്റെ (യൊഖന്യാവ് അഥവാ കൊന്യാവ്) മേലുള്ള ശാപം മേലിൽ ദാവീദിന്റെ സിംഹാസനത്തിലിരിക്കാനുള്ള ഭൗതീക പിൻതുടർച്ചയ്ക്കു വിരാമമിട്ടു. (22:28–30) മത്താ. 1:1–17 വരെ നല്കിയിരിക്കുന്ന ക്രിസ്തുവിന്റെ തലമുറ ദാവീദിൽനിന്നു യൗസേഫിൽ വന്നു നില്ക്കുന്നെങ്കിലും ദാവീദിന്റെ സിംഹാസനത്തിലിരിക്കാൻ യൗസേഫിനു ഭൗതീക സന്തതിയില്ലാതെ വന്നത് യഹോയാഖീന്റെ മേൽ വന്ന ശാപം മൂലമാണ്. എന്നാൽ ഈ ശാപത്തിന്റെ ലൈൻ നീക്കിക്കൊണ്ടാണ് ലൂക്കോസ് തലമുറയെ എഴുതുന്നത്. ലൂക്കോ. 3:23–38 മറിയമിന്റെ ഭൗതീക മാതാപിതാക്കളിൽകൂടെ ദാവീദിന്റെ മറ്റൊരു മകനായ നാഥാനിലേക്കാണ് (3:31) നമ്മെക്കൊണ്ടെത്തിക്കുന്നത്. അവിടെ യഹോയാഖിന്റെ ശാപവഴിക്കു പ്രസക്തിയില്ല. അങ്ങനെ ക്രിസ്തുവാകുന്ന നീതിയുള്ള മുള ദാവീദിന്റെ സിംഹാസനത്തിലേക്കു കടന്നു വരികയാണ്. 38

## ബാഹ്യരേഖ:

### 1. യിരെമ്യാവിന്റെ വിളിയും നിയോഗവും. (1:1–19)

- A അവന്റെ വിളി (1:1–10)
- B വിളിയുടെ സ്ഥിരീകരണം (1:11–19)

### 2. യഹൂദയ്ക്കുള്ള പ്രവചനം (2:1–45:5)

- A യഹൂദയുടെ ശിക്ഷാവിധി (2:1–25:38)
  1) യഹൂദയുടെ മനഃപൂർവ്വ പാപം (2:1–3:5)
  2) യഹൂദയ്ക്കുള്ള ബാല ശിക്ഷകൾ (3:6–6:30)
  3) യഹൂദയുടെ തെറ്റായ മതം (7:1–10:25)
  4) യഹൂദ യഹോവയുടെ ഉടമ്പടിയെ ലംഘിക്കുന്നു. (11:1–13:27)
  5) യഹൂദയ്ക്കു വരുന്ന വരൾച്ച (14:1–15:9)
  6) യഹൂദയുടെ പ്രവാചകനായുള്ള പുനർനിയോഗം (15:10–16:9)
  7) യഹൂദയുടെ പാപം (16:10–17:27)
  8) യഹൂദയും സ്വർഗ്ഗീയ കുശവനും (18:1–23)

9) യഹൂദ എന്ന തകർന്ന മൺകുടം (19:1–20:18)
10) യഹൂദയുടെ രാജാക്കന്മാർ (21:1–23:8)
11) യഹൂദയിലെ കള്ളപ്രവാചകന്മാർ (23:9–40)
12) യഹൂദയുടെ പ്രവാസം (24:1–25:38)

B യിരെമ്യാവിന്റെ ഏറ്റുമുട്ടലുകൾ (26:1–29:32)
1) യിരെമ്യാവിന്റെ ശുശ്രൂഷയോട് യഹൂദയ്ക്കുള്ള പ്രതികരണം (26:1–24)
2) യഹൂദയ്ക്ക് യിരെമ്യാവ് നല്കിയ ഉപദേശം നെബുക്കദ്നേസ്സറിനു സമർപ്പിച്ചപ്പോൾ (27:1–29:32)
C പുനരുദ്ധാരണത്തിനായുള്ള യഹൂദയുടെ പ്രത്യാശ (30:1–33:26)
D യെരൂശലേമിന്റെ വീഴ്ചയ്ക്കു മുമ്പുള്ള സംഭവങ്ങൾ (34:1–38:28)
E യരൂശലേമിന്റെ പതനം (39:1–18)
F യരൂശലേമിന്റെ പതനത്തിനു ശേഷമുള്ള സംഭവങ്ങൾ (40:1–45:5)

**3 ജാതികളോടുള്ള പ്രവചനം (46:1–51:64)**
A ഈജിപ്തിനെതിരായുള്ള പ്രവചനങ്ങൾ (46:1–28)
B ഫെലിസ്ത്യദേശത്തിനെതിരായുള്ള പ്രവചനങ്ങൾ (47:1–7)
C മോവാബിനെതിരായുള്ള പ്രവചനങ്ങൾ (48:1–47)
D അമ്മോന്യർക്കു വിരോധമായുള്ള പ്രവചനങ്ങൾ (49:1–6)
E ഏദോമിന് വിരോധമായുള്ള പ്രവചനങ്ങൾ. (49:7–22)
F ദമസ്കോസിന് വിരോധമായുള്ള പ്രവചനങ്ങൾ (49:23–27)
G അറേബ്യയ്ക്കു വിരോധമായുള്ള പ്രവചനങ്ങൾ (49:28–33)
H ഏലോമിനു വിരോധമായുള്ള പ്രവചനങ്ങൾ (49:34–39)
I ബാബിലോണിന് വിരോധമായുള്ള പ്രവചനങ്ങൾ (50:1–51:64)

**4. ചരിത്രപരമായ അനുബന്ധനം (52:1–34)**
A യരൂശലേമിന്റെ ഭാവി (52:1–23)
B ചില പ്രത്യേക ആളുകളുടെ ഭാവി (52:24–34)

# വിലാപങ്ങൾ
# (കണ്ണുനീർ നദി)

## എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

എഴുത്തുകാരന്റെ പേര് പുസ്തകത്തിൽ പറഞ്ഞിട്ടില്ലെങ്കിലും അതിലെ രണ്ട് ലൈനുകൾ യിരെമ്യാവാണ് എഴുത്തുകാരനെന്ന് വെളിപ്പെടുത്തുന്നുണ്ട്. പുസ്തകത്തിന്റെ വിഷയം 1:1;2:1;4:1; എന്നിവയിലെ ആദ്യപദമായ 'എങ്ങനെ' എന്നതാണ് യഹൂദപാരമ്പര്യത്തിൽ "വിലാപങ്ങൾ" എന്നുമാണ്.

## എഴുതിയ കാലം:

586 അല്ലെങ്കിൽ 585 B.C.

യരൂശലേമിന്റെ നാശത്തിന് (B.C. 586) തൊട്ടുപിന്നാലെ എഴുതിയിരിക്കാനാണു സാദ്ധ്യത. വിലാപങ്ങളിലെ രേഖകൾ വച്ചു നോക്കിയാൽ 586 അല്ലെങ്കിൽ 585 B.C. ഇടയ്ക്ക് എഴുതി എന്നു വിശ്വസിക്കുന്നു.

## വിഷയവും ഉദ്ദേശവും:

തെക്കേദേശമായ യഹൂദയുടെ പാപത്തിന്മേലുള്ള സങ്കടവിലാപങ്ങളാണ് വിഷയം. യരൂശലേമിന്റെയും അവിടെയുള്ള ദേവാലയത്തിന്റെയും നാശം പരാമർശിച്ചിരിക്കുന്നു. യഹൂദയുടെമേൽ വരുമെന്നു യഹോവ കല്പിച്ച ന്യായവിധി വന്നു കഴിഞ്ഞു. ഇതു പാപത്തിന്റെ ഫലമായുള്ള ന്യായവിധിയാകുന്നു എന്നതാണ് ഒന്നാമത്തെ വിഷയം.

ഇതിന്മേൽ ജനം തങ്ങളുടെ പാപവഴികളെ വിട്ട് ദൈവം തന്റെ ഇടപെടലിൽ ന്യായവും നീതിയും ഉള്ളവനെന്നു മനസ്സിലാക്കി ദൈവീക കരുണയ്ക്കായി അപേക്ഷിക്കുവാൻ അവരോട് അഭ്യർത്ഥിക്കുകയാണ്.

യിരമ്യാവിന്റെ പ്രത്യേക സംഭാവനകൾ യിരെമ്യാവിന്റെ പുസ്തകവും വിലാപങ്ങളും തമ്മിലുള്ള താരതമ്യപഠനത്തിൽകൂടെ നമുക്കു ഗ്രഹിക്കാവുന്നതാണ്: 39

| | | |
|---|---|---|
| **യിരമ്യാവ്**<br>(മുന്നറിയിപ്പ്)<br>**മുന്നോട്ടുള്ള നോട്ടം** | **പരാജയവും**<br>**യരൂശലേമിന്റെ**<br>**നാശവും** | **വിലാപങ്ങൾ**<br>(ദുഃഖങ്ങൾ)<br>**പുറകോട്ടുള്ള നോട്ടം** |

## പ്രധാന വ്യക്തികൾ:

യിരമ്യാവ്.

## വിലാപങ്ങളുടെ പുസ്തകത്തിൽ ക്രിസ്തു:

രക്ഷകന്റെ ചിത്രം വരച്ചുകാട്ടുന്ന രണ്ടു പ്രത്യേക ഘടകങ്ങൾ: (1) രക്ഷകനെ ദുഃഖത്തിന്റെ മനുഷ്യനായി, വ്യസനം ശീലിച്ചവനായി, ശത്രുക്കളാൽ നിന്ദിതനും, പരിഹാസിയും ആയി കാണിച്ചിരിക്കുന്നു. (1:12;2:15,16;3:14,19,30) (2) യരൂശലേമിന്റെ നാശത്തെ ഓർത്തുള്ള യിരമ്യാവിന്റെ വിലാപം, യരൂശലേമിനെ ഓർത്തു യേശു കരഞ്ഞതിനു നിഴലായി കരുതാം (മത്താ. 23:37–38).

## ബാഹ്യരേഖ:

### 1. യരൂശലേമിന്റെ നാശം. (1:1–22)
A പ്രവാചകന്റെ വിലാപം (1:1-11)
B യറുശലേം നഗരത്തെക്കുറിച്ചു വിലപിക്കുന്നു. (1:12–22)

### 2. യഹോവയ്ക്കു തന്റെ ജനത്തോടുള്ള കോപം (2:1–22)
A ദൈവകോപം (2:1–10)
B എഴുത്തുകാരന്റെ വിലാപം (2:11–22)

### 3. പീഡിതനായ പ്രവാചകൻ (3:1–66)
A അവന്റെ വിലാപം (3:1–18)
B അവന്റെ പ്രത്യാശ (3:19–42)
C അവന്റെ കഷ്ടപ്പാടുകൾ (3:43–54)
D അവന്റെ പ്രാർത്ഥന. (3:55–66)

### 4. യറുശലേമിലെ പരാജിത ജനം (4:1–22)
A പട്ടണത്തിന്റെ ഉപരോധം (4:1–12)
B ഉപരോധത്തിന്റെ കാരണങ്ങൾ (4:13–20)
C ഭാവിയ്ക്കുവേണ്ടിയുള്ള പ്രത്യാശ. (4:21,22)

### 5. പുനരുദ്ധാരണത്തിനായുള്ള പ്രാർത്ഥന. (5:1–22)
A ഏറ്റു പറച്ചിൽ (5:1–18)
B അപേക്ഷ (5:19–22).

# യെഹെസ്കേൽ
## (ഞാൻ യഹോവ എന്ന് അവൻ അറിയും)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ബാബിലോണ്യപ്രവാസകാലത്തു പ്രവാചക വിളി പ്രാപിച്ചവനും ബൂസ്സിയുടെ മകനുമായ യെഹെസ്കേൽ പുരോഹിതനാണ് ഇതിന്റെ ഗ്രന്ഥകർത്താവ് (1:1-3) അവന്റെ പ്രവാചക ശുശ്രൂഷ പുരോഹിത കാഴ്ചപ്പാടിൽ ദേവാലയം, പൗരോഹിത്യം, യാഗങ്ങൾ, ദൈവമഹത്വം എന്നിവയെ ഉയർത്തിക്കാട്ടികൊണ്ടായിരുന്നു. യെഹെസ്കേലിനെക്കുറിച്ചു നമുക്ക് ഈ പുസ്തകത്തിൽകൂടെ ലഭിക്കുന്ന അറിവുകൾ മാത്രമേയുള്ളു. അവൻ വിവാഹിതനായിരുന്നു (24:15-18).

സ്വന്തം ഭവനത്തിൽ (3:24; 8:1) അവന്റെ പ്രവാസി സഹോദരങ്ങളോടൊത്തു വസിക്കുകയും പോക്കുവരവിനുള്ള സ്വാതന്ത്ര്യം അനുഭവിക്കുകയും ചെയ്തു. യെശയ്യാവിലും, യിരമ്യാവിലും എന്ന പ്രകാരം പുസ്തകത്തിനു അതിന്റെ ഗ്രന്ഥ കർത്താവിൽനിന്നു തന്നെയാണ് പേരു ലഭിച്ചിരിക്കുന്നത്. യെഹസ്കിയേൽ എന്ന പേരിന് "യഹോവ ശക്തീകരിക്കുന്നു" അഥവാ "യഹോവയാൽ ശക്തനാക്കപ്പെട്ടു" എന്നാണ് അർത്ഥം.

### എഴുതിയകാലം:

593-571 B.C.

യെഹസ്കേയേലിന്റെ പുസ്തത്തിൽ പല തീയതികൾ നല്കിയിരിക്കയാൽ കൃത്യമായ തീയതി ഏതെന്ന് സൂഷ്മ പരിശോധന നടത്തേണ്ടതുണ്ട്. ഇതിൽ കൊടുത്തിരിക്കുന്ന 13 തീയതികളിൽ 12-ഉം യഹോവയിൽനിന്നു യെഹെസ്കേലിനു അരുളപ്പാടു ലഭിച്ച കാലത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. മറ്റേത് യെറുശലേമിന്റെ പതനത്തെ പ്രസ്താവിക്കുവാനായി പ്രവാചകൻ വന്നതിനെയാണ് കാണിക്കുന്നത് (33:21). വാസ്തവത്തിൽ തനിക്കു പ്രവാചക വിളി ലഭിച്ചത് B.C. 593-ൽ ആണ്. നീണ്ട 22 വർഷം താൻ പ്രവർത്തിച്ചു. തനിക്ക് അവസാനമായി അരുളപ്പാടു ലഭിക്കുന്നത് അകദേശം B.C. 571-ൽ ആണ്.

### വിഷയവും ഉദ്ദേശവും:

ദൈവജനത്തിന്റെ പാപവും മത്സരവും (1-32) കണ്ടിട്ട് 'ഭാവിയിൽ അവർക്കു വരാൻ പോകുന്ന ദൈവത്തിന്റെ ശിക്ഷാവിധിയെ ആണ് (33-48) താൻ വെളിപ്പെടുത്തുന്നത്.

### പ്രധാന വ്യക്തികൾ:

ബാബിലോണ്യ പ്രവാസത്തിനു മുമ്പും പിമ്പും പ്രവാചകനായിരിപ്പാൻ വിളിക്കപ്പെട്ട ബൂസ്സിയുടെ മകനായ യെഹെസ്കേൽ പുരോഹിതൻ.

### യെഹെസ്കേലിന്റെ പുസ്തകത്തിൽ ക്രിസ്തു:

ഉയരവും ഉന്നതിയുമുള്ള പർവ്വതമുകളിൽ നട്ടിരിക്കുന്ന ദേവദാരുവിന്റെ ഇളം ചില്ലയോട് ക്രിസ്തുവിനെ ഉപമിച്ചിരിക്കുന്നു (17:23,24), യെശയ്യാവിലും (11:1) യിരമ്യാവിലും (23:5; 33:15) സെഖര്യാവിലും (3:8; 6:12) മശിഹായെ ഒരു വൃക്ഷശാഖ (മുള)യോട് സദൃശ്യപ്പെടുത്തിയിട്ടുണ്ട്. യെഹസ്കിയേൽ പിന്നെയും ക്രിസ്തുവിനെ ഭരിക്കുവാൻ അധികാരവും അവകാശവുമുള്ള രാജാവയും (21:26-27) ഇടയപാലനത്തിന് യോഗ്യനായ ഇടയനായും ചിത്രീകരിച്ചിരിക്കുന്നു (34:11-31).

### ബാഹ്യരേഖ:

1. **യെഹസ്കേലിന്റെ വിളിയും നിയോഗവും (1:1-3:27)**
   - A യെഹെസ്കേൽ ദൈവ മഹിമയെ ദർശിക്കുന്നു. (1:1-28)
   - B ദൈവവചനം പ്രവചിക്കുവാനുള്ള നിയോഗം (2:1-3:27)

**2. യഹൂദയുടെയും യരൂശലേമിന്റെയുംമേൽ ഉടനടി നടക്കുന്ന ന്യായവിധികൾ (4:1-24:27)**

A ന്യായവിധി വരുന്നതിന് നാലു അടയാളങ്ങൾ (4:1-5:17)

B വരുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ചുള്ള രണ്ടു ദൂതുകൾ (6:1-7:27)

C ദർശനങ്ങളിൽക്കൂടിയുള്ള നാലു പ്രവചനങ്ങൾ (8:1-11:25)

D അവരുടെ തെറ്റുകളാൽ ന്യായവിധി സ്ഥിരപ്പെടുത്തിയിരിക്കുന്നു (12:1-24:27)

**3. ജാതീയ രാഷ്ട്രങ്ങൾക്കു വിരോധമായുള്ള പ്രവചനങ്ങൾ (25:1-32:32)**

A അമ്മോന്യർക്കു വിരോധമായി (25:1-7)

B മോവാബിനു വിരോധമായി (25:8-11)

C ഏദോമിനു വിരോധമായി (25:12-14)

D ഫെലിസ്ത്യർക്ക് വിരോധമായി (25:15-17)

E സോരിനു വിരോധമായി (26:1-28:19)

F സീദോനു വിരോധമായി (28:20-26)

G മിസ്രയീമിനു വിരോധമായി (29:1-32:32)

**4. ഇസ്രായേലിന്റെ പുനരുദ്ധാരണത്തെക്കുറിച്ചുള്ള പ്രവചനം (33:1-48:35)**

A ഇസ്രയേലിന്റെ സ്വന്ത ദേശത്തേയ്ക്കുള്ള തിരിച്ചുവരവ്. (33:1-39:29)

B ഇസ്രയേലിന്റെ പുനരുദ്ധാരണം സ്വന്തരാജ്യത്ത്. (40:1-48:35).

# ദാനിയേൽ

## (ഇസ്രയേലിന്റെ സംപൂർണ്ണ വിധിനിർണ്ണയം)

### പുസ്തകവും എഴുത്തുകാരനും:

ദാനിയേലിന്റെ അവകാശവാദവും (12:4) "ഞാൻ" എന്ന പ്രയോഗവും (7:2) എഴുത്തുകാരൻ ദാനിയേൽതന്നെ യെന്നു തെളിയിക്കുന്നു. അവന്റെ യൗവ്വനത്തിൽ നെബുക്കദ്നേസ്സറാണ് (B.C.605) അവനെ ബാബിലോണിലേക്കു കൊണ്ടുപോയത്. അവിടെ രാജധാനിയിൽ വളരുകയും നെബുക്കദ്നേസ്സറുടെയും, ദാര്യാവേശിന്റെയും കാലത്തെ രാജ്യതന്ത്രജ്ഞനായി ഉയരുകയും ചെയ്തു. ഒരു പ്രവാചകനെന്ന നിലയിൽ അല്ല പ്രവർത്തിച്ചതെങ്കിലും പ്രവാചകനായി എണ്ണപ്പെട്ടു. (മത്താ. 24:15; മർക്കോ. 13:14)

ഈ പുസ്തകവും എഴുത്തുകാരന്റെ പേരിൽതന്നെ അറിയപ്പെടുന്നു. ദാനിയേൽ എന്നതിനു "യഹോവ ന്യായാധിപതി" "അഥവാ" യഹോവ എന്റെ ന്യായാധിപതി" എന്നാണ് അർത്ഥം.

### എഴുതിയകാലം:

537 B.C.

നെബുക്കദ്നേസ്സർ യരൂശലേം പിടിച്ചടക്കുകയും അനേക ബാല്യക്കാരെ പ്രവാസികളാക്കി കൊണ്ടു പോകയും ചെയ്തവരിൽ ഒരുത്തനായിരുന്ന ദാനിയേൽ (B.C.605), ബാബിലോണിലെ പ്രവാസകാലത്താണ് ഗ്രന്ഥം രചിക്കപ്പെടുന്നത്.

### വിഷയവും ഉദ്ദേശവും:

ദൈവം സർവ്വശക്തനും, സത്യവാനും, ഏകനുമാകുന്നു എന്നും മത്സരികളായ ലോകഭരണകർത്താക്കളെ ന്യായം വിധിക്കുകയും നശിപ്പിക്കുകയും ചെയ്യുമ്പോൾ തന്നിൽ ആശ്രയിച്ചു ഭക്തിയോടെ ജീവിക്കുന്നവരെ വിടുവിച്ചു രക്ഷിക്കുകയും ചെയ്യുന്നു എന്നു വെളിപ്പെടുത്തിയിരിക്കുന്നു. ജാതീയ രാഷ്ട്രങ്ങൾക്കുമേലുള്ള ദൈവത്തിന്റെ സർവ്വാധിപത്യവും പ്രവാസത്തിൽ കഴിഞ്ഞവരും അതിനുശേഷം യരൂശലേമിൽ വസിച്ചവരുമായ യഹൂദന്മാർക്കായി ദൈവം പ്രവർത്തിച്ചതുമായ കാര്യങ്ങൾ മറ്റുള്ളവർക്കു ഉത്സാഹം പകരുവാന് പുസ്തകം സഹായിക്കുന്നു.

## പ്രധാന വ്യക്തികൾ:

പ്രധാന വ്യക്തി ദാനിയേൽ തന്നെ, കൂടാതെ തന്നോടൊപ്പം ചെറുപ്പക്കാരായിരിക്കേ ബാബിലോണിലേക്കു പ്രവാസികളായി പോന്ന ശദ്രക്ക്, മേശക്, അബേദ്നെഗോ (യഹൂദ പേര്: ഹനനിയാ, മീഖായേൽ, അസര്യാവ്) എന്നിവരുമുണ്ട്. ഇവരെല്ലാം ആ ദേശത്തെ ഗവർമ്മെന്റിനെ സേവിക്കുമ്പോൾ തന്നെ യഹോവയോടുള്ള ഭക്തി വെളിപ്പെടുത്തിയവരാണ്. ദാനിയേൽ യഹോവയുടെ വക്താവായി നിന്നുകൊണ്ട് ജാതികൾക്കും യഹൂദരാഷ്ട്രത്തിനും ദൈവത്തിന്റെ ദൂതുനൽകി. മറ്റു പ്രശസ്തരായവർ ബാബലോണിനെ B.C. 605-ൽ ഭരിച്ച നെബുക്കദ്നേസ്സർ രാജാവും, അവനെ തുടർന്നുവന്നവരായ ബെൽശസ്സർ, ദാര്യവേശ്, പേർഷൻ ചക്രവർത്തിയായ കോരശ്, തുടങ്ങിയവരും; പ്രധാനദൂതനാകുന്ന മീഖായേലും ആണ്. 10-ാം അദ്ധ്യായത്തിൽ മീഖായേൽ ദാനിയേലിനെ ശുശ്രൂഷിക്കുന്നതായി കാണുന്നു:

## ദാനിയേലിന്റെ പുസ്തകത്തിൽ ക്രിസ്തു:

ഒരു പ്രധാന ചിത്രം ക്രൂശീകരണത്തെ വെളിവാക്കുന്ന "അഭിഷിക്തൻ ഛേദിക്കപ്പെടും" (9:25,26) എന്നതാണ്. മറ്റൊന്ന് ലോകരാഷ്ട്രങ്ങളെയെല്ലാം തച്ചുടയ്ക്കുന്ന "കൈ തൊടാത്ത വലിയ കല്ല്." (2:34,45) ആണ്. മനുഷ്യപുത്രൻ (7:13)വയോധികനായവൻ (7:22) എന്നിവയും, 10:5-9-വരെയുള്ള ഭാഗത്തെ ദർശനവും ക്രിസ്തുവിനെക്കുറിച്ചുള്ളതാകുന്നു (വെളി. 1:12-16).

### ബാഹ്യരേഖ:

### 1. ദാനിയേലിന്റെ വ്യക്തിപരമായ ചരിത്രം. (1:1-21)
A ബാബിലോണിലെ അവന്റെ പ്രവാസം (1:1-7)
B ബാബിലോണിൽ അവന്റെ വിശ്വസ്തത (1:8-16)
C ബാബിലോണിൽ അവനു ലഭിച്ച ബഹുമാനം (1:17-21)

### 2. ജാതീയ രാഷ്ട്രങ്ങൾക്കായുള്ള പ്രവചന പദ്ധതി. (2:1-7:28)
A നേബുക്കദ്നേസ്സറിന്റെ സ്വപ്നത്തിലെ വലിയ ബിബം. (2:1-49)
B എരിയുന്ന തീച്ചൂള. വിശ്വാസത്തിന്റെ ഒരു പാഠം. (3:1-30)
C നെബുക്കദ്നേസ്സറിന്റെ ദർശനത്തിലെ വലിയ വൃക്ഷം (4:1-37)
D ബൽശസ്സറിന്റെ വിരുന്നും ഭിത്തിയിലെ എഴുത്തും. (5:1-31)
E ദാരിയൂസിന്റെ ബുദ്ധിശൂന്യമായ വിളംബരവും ദാനിയേലിന്റെ സിംഹക്കുഴിയിലെ പാർപ്പും (6:1-28)
F ദാനിയേലിന്റെ ദർശനത്തിലെ നാലു മൃഗങ്ങൾ (7:1-28)

### 3. ഇസ്രയേലിനുവേണ്ടിയുള്ള പ്രവചന പദ്ധതി (8:1-12:13)
A ദാനിയേലിന്റെ ദർശനത്തിലെ ആട്ടുകൊറ്റനും, കോലാട്ടുകൊറ്റനും, ചെറിയ കൊമ്പും (8:1-27)
B ദാനിയേൽ പ്രവചനത്തിലെ എഴുപപതു ആഴ്ചവട്ടം (9:1-27)
C ദാനിയേൽ പ്രവചനപ്രകാരം ഇസ്രയേലിന്റെ ഭാവി (10:1-12:13).

ഭാഗം 5

# ചെറിയ പ്രവാചകന്മാർ

**ആമുഖം:**

**ചെറിയ പ്രവാചകന്മാരുടെ കാലം:**

ബൈബിളിലെ ഈ പന്ത്രണ്ടു പുസ്തകങ്ങൾക്ക് "ചെറിയ പ്രവാചകന്മാർ" എന്നാണു പേരു നല്കിയിരിക്കുന്നത്. A.D. 4-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് ഈ പേരുണ്ടായത്. യെശയ്യാവ്, യിരമ്യാവ്, യെഹസ്കിയേൽ എന്നിവരുടെ പ്രവചനങ്ങളുമായി താരമത്യപ്പെടുത്തുമ്പോൾ ഇവരുടെ പ്രവചനങ്ങൾ ഹ്രസ്വമായിരുന്നതിനാലണ് ഇവരെ ചെറിയ പ്രവാചകന്മാർ എന്നു വിളിച്ചത്. പഴയ പുതിയ നിയമങ്ങളുടെ കാലത്ത് പഴയ നിയമത്തെ "ന്യാപ്രമാണവും പ്രവാചകന്മാരും" എന്നാണ് വിളിച്ചിരുന്നത്.

**പ്രവാചക ശുശ്രൂഷയുടെ ആരംഭം:**

ഇസ്രയേൽ ഒരു രാഷ്ട്രമെന്ന നിലയിൽനിന്നുകൊണ്ട് ലോകരാഷ്ട്രങ്ങളെ അനുഗ്രഹത്തിലേക്കു വരുത്തുവാനുള്ള ഏക ഉദ്ദേശത്തിലാണ് ദൈവം പ്രവാചകന്മാരെ നിയമിച്ചാക്കിയത്. ഇസ്രയേലിനു ന്യായപ്രമാണം കൊടുത്തപ്പോൾ അതിനോട് അനുസരണം കാട്ടിയാൽ അവർ എന്നും ***"ദൈവത്തിന്റെ നിക്ഷേപം"*** ആയിരിക്കുമെന്ന് വാഗ്ദത്തം നല്കിയിരുന്നു. ആ ദൈവോദ്ദേശം നിറവേറ്റേണ്ടതിനായിട്ടാണ് സകലജാതികളിൽനിന്നും ഇസ്രയേലിനെ ഒരു രാജകീയ പുരോഹിതവംശമായി തിരഞ്ഞെടുത്തത് (പുറ. 19:5,6; ആവ. 4:6-8). എന്നാൽ ഈ ഉദ്ദേശം ഒരിക്കലും നിറവേറിയില്ല എന്തുകൊണ്ടെന്നാൽ അവർ ജാതികളുടെ വിശ്വാസത്തിലും വഴികളുമാണ് നടന്നത്. മോശയെയുടെ മരണത്തിനു മുമ്പായി കാനിൽ പ്രവേശിക്കുന്നതിനായുള്ള ഇസ്രയേലിന്റെ ഒരുക്കകാലത്ത് ഒരു പ്രകാരത്തിലും അവർ ജാതികളുടെ വഴി പഠിക്കയോ അതിൻപ്രകാരം ജീവിക്കയോ ചെയ്യരുതെന്ന് മോശെയിൽക്കൂടെ ശക്തിയായി കല്പിച്ചിരുന്നു; എന്തുകൊണ്ടെന്നാൽ ജാതികൾ ഭാവി അറിയേണ്ടതിനായി ചില സാത്താന്യ മാർഗ്ഗങ്ങൾ അവലംബിച്ചിരുന്നു (ആവ. 18:9-14) അപ്പോൾ ദൈവഹിതം അറിവാനുള്ള വഴി എന്താണ്? നിയമാനുസൃതമായും സത്യമായും ദൈവഹിതം അറിവാൻ ജനങ്ങൾക്കുള്ള വഴി എന്തെന്നു ആവ. 18:15-22-വരെയുള്ള ഭാഗത്ത് വിവരിച്ചിട്ടുണ്ട്.

> ***"നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു തരും. അവന്റെ വചനം നിങ്ങൾ കേൾക്കേണം. ഞാൻ മരിക്കാതിരിക്കേണ്ടതിനു ഇനി എന്റെ ദൈവമായ യഹോവയുടെ ശബ്ദം കേൾപ്പാനും ഈ മഹത്തായ തീ കാണ്മാനും ഇടവരുതേ എന്നിങ്ങനെ ഹോരേബിൽവച്ചു മഹായോഗം കൂടിയ നാളിൽ നിന്റെ ദൈവമായ യഹോവയോടു നീ അപേക്ഷിച്ചതുപോലെ തന്നെ. അന്നു യഹോവ എന്നോടു അരുളിച്ചെയ്തതു എന്തെന്നാൽ; അവർ പറഞ്ഞതു ശരി, നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും; ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും. എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആപ്രവാചകൻ മരണശിക്ഷ അനുഭവിക്കേണം. അതു യഹോവ അരുളിച്ചെയ്യാത്ത വചനം എന്നു ഞങ്ങൾ എങ്ങനെ അറിയും എന്നു നിന്റെ ഹൃദയത്തിൽ പറഞ്ഞാൽ ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കുകയും ഒത്തുവരികയും ചെയ്യാഞ്ഞാൽ അതു യഹോവ അരുളിച്ചെയ്തതല്ല; പ്രവാചകൻ അതു സ്വയംകൃതമായി സംസാരിച്ചതത്രേ; അവനെ പേടിക്കരുത്."***

ബൈബിൾ വെളിപ്പാടുകൾ പ്രവാചക ശുശ്രൂഷയുടെ ആരംഭത്തിനു തെളിവുകളാണ്. ദൈവം പ്രവാചകന്മാർക്കു പ്രത്യേക വെളിപ്പാടുകളും മുന്നറിയിപ്പുകളും കൊടുത്തു അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ ഫല പൂർണ്ണത അനുഭവിക്കുവാൻ ജനത്തിനു അവസരം നല്കുകയായിരുന്നു (ഉല്പ. 12:1-3). ഇതിനെ കുറച്ചുകൂടി തെളിവായി കാണിക്കുവാനായിട്ടാണ് ആവ. 28-30-വരെയുള്ള ഭാഗത്ത് അനുഗ്രഹത്തെയും ശാപത്തെയും വിവരിക്കുന്ന പാലസ്തീനിയൻ ഉടമ്പടിയെക്കൂടി തന്നിരിക്കുന്നത്. അനുസരണത്തിൽകൂടെ അനുഗ്രഹവും അനുസരണക്കേടിനാൽ ശാപവും എന്നതായിരുന്നു വ്യവസ്ഥ. അവിടെയാണ് പ്രവാചക ദൗത്യത്തിന്റെ പ്രാധാന്യത കാണുന്നത്; എന്തന്നാൽ ജനം തെറ്റിപ്പോകുമ്പോൾ "**നിങ്ങൾ യഹോവയുടെ ന്യായപ്രമാണങ്ങളെ ലംഘിച്ചിരിക്കുകയാൽ അതിൽ പറയപ്പെട്ടിരിക്കുന്ന ശാപങ്ങൾ നിങ്ങളുടെമേൽ വീണിരിക്കുന്നു എന്നോ വീഴും എന്നോ**" മുന്നറിയിപ്പു നല്കുന്നതു പ്രവാചകന്മാർ ആയിരുന്നു (ആവർത്തനം 28-30). ഈ പശ്ചാത്തലത്തിൽ വേണം പഴയനിയമത്തിലെ പ്രവാചക ദൂതുകളെ (പാപത്തെയും ന്യാവിധിയേയും, കുറിച്ചുള്ളവ) മനസ്സിലാക്കേണ്ടത്.

പ്രവാചകന്മാർ കേവലം മുന്നറിയിപ്പു നല്കുന്നവർ മാത്രമായിരുന്നില്ല മറിച്ച് ദൈവത്തിന്റെ രക്ഷയെക്കുറിച്ചും വരുവാനിരിക്കുന്ന കർത്താവിന്റെയും അവന്റെ രാജ്യത്തിന്റെയും മഹത്വത്തെക്കുറിച്ചുള്ള ദൂതും നല്കിയിരുന്നു. അങ്ങനെ ദൈവോദ്ദേശപ്രകാരമുള്ള അവന്റെ സർവ്വാധികാരങ്ങളും, അവന്റെ ജനങ്ങളുടെ ജീവിതത്തിൽ സംഭവിക്കുവാൻ ഇടയായി. എന്നാൽ പ്രവാചകന്മാർ ഇവടെ ചില സന്ദർഭങ്ങളിൽ ദർശനങ്ങളിൽ കൂടെയാണ് മനസ്സിലാക്കിയത് (ദാനി. 9:24-27 അല്ലെങ്കിൽ 70 ആഴ്ചവട്ടം). എന്നാൽ അബ്രഹാമിൽക്കൂടെയും ദാവീദിൽക്കൂടെയും ജനത്തിനു വാഗ്ദത്തം നല്കിയത് മറ്റൊരുവിധവും പ്രവാചക ദൗത്യത്തിന് അടിസ്ഥാനവുമായിരുന്നു.

## ചെറിയ പ്രവാചകന്മാരുടെ സാഹിത്യ സവിശേഷത:

പ്രവാചകന്മാരെ കുറിച്ചു പഠിച്ചാൽ എല്ലാവരിലും അടിസ്ഥാനപരമായി ഒരേഘടകം തന്നെ കണ്ടെത്താം; (1) ദേശത്തിന്റെ പാപംമൂലം നല്കുന്ന ന്യായവിധയുടെ മുന്നറിയിപ്പുകൾ (2) പാപത്തിന്റെ വിശദീകരണം. (3) വരുവാൻ പോകുന്ന ന്യായവിധിയുടെ വിശദീകരണം (4) അനുതാപത്തിനായുള്ള വിളി (5) ഭാവി വിടുതലിന്റെ വാഗ്ദാനം. പ്രവാചകപുസ്തകങ്ങളുടെ ബാഹ്യരേഖ തയ്യാറാക്കുമ്പോൾ ഓരോ യൂണിറ്റിന്റെയും ആരംഭവും അവസാനവും എങ്ങനെയെന്ന് പ്രത്യേകം ഗ്രഹിച്ചിരിക്കണം. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്നു പറഞ്ഞുതുടങ്ങുന്ന ഒരു ഭാഗം അവസാനിക്കുന്നതും ഏതാണ്ട് അതിനു തുല്യമായ ശൈലി പ്രയോഗത്തോടെയോ അതേ വാക്കുകൾകൊണ്ടോ തന്നെ ആയിരിക്കും. 40

## സംഭവവിവരണങ്ങളിലേക്കൊരു എത്തിനോട്ടം:

ഇംഗ്ലീഷ് ബൈബിളിൽ കൊടുത്തിരിക്കുന്ന ചെറിയ പ്രവാചകന്മാരുടെ ലിസ്റ്റ്:

| | | | |
|---|---|---|---|
| 1. ഹോശെയാ | 4. ഒബേമ്യാവ് | 7. നഹൂം | 10. ഹഗ്ഗായി |
| 2. യോവേൽ | 5. യോനാ | 8. ഹബകുക് | 11. സെഖര്യാവ് |
| 3. ആമോസ് | 6. മീഖാ | 9. സെഫന്യാവ് | 12. മലാഖി |

യഹൂദയിലെയും, ഇസ്രയേലിലെയും രാജാക്കന്മാരുടെയും പ്രവാസകാലത്തെയും പ്രവാചകന്മാരുടെ ഗ്രൂപ്പ് ലിസ്റ്റ്

| ഗ്രൂപ്പ് | പുസ്തകം | ഏകദേശ തീയതി (ബി.സി) |
|---|---|---|
| പ്രവാസത്തിനുമുമ്പുള്ള ഇസ്രയേലിലെ പ്രവാചകന്മാർ | യോനാ<br>ആമോസ്<br>ഹോശേയാ | 793 - 753<br>760<br>755 - 715 |
| യഹൂദയിലെ പ്രവാചകന്മാർ | ഒബേദ്യാവ്<br>യോവേൽ<br>മീഖാ<br>നഹൂം<br>സെഫന്യാവ്<br>ഹബകുക് | 840<br>835 - 796<br>700<br>633 - 612<br>630 - 625<br>600 |
| പ്രവാസത്തിനുശേഷം: മടങ്ങിവന്ന ശേഷിപ്പിന്റെ പ്രവാചകന്മാർ | ഹഗ്ഗായി<br>സെഖര്യാവ്<br>മലാഖി | 520<br>520 - 518<br>450 - 400 |

# ഹോശേയ

# (സ്നേഹത്തിന്റെ സംരക്ഷണം)

## എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

പുസ്തകത്തിന്റെ ഒന്നാം അദ്ധ്യായം ഒന്നാം വാക്യപ്രകാരം എഴുത്തുകാരൻ ബയേരിയുടെ മകനും ഗോമറിന്റെ ഭർത്താവും ആയ ഹോശേയാ ആകുന്നു എന്നു മനസ്സിലാക്കാം.(1:1,3) ഇസ്രയേൽ എന്ന വടക്കേ രാജ്യത്തിലെ പൗരനും ദേശഭക്തനും (ശമര്യായിലെ രാജാവിനെ "നമ്മുടെ രാജാവ്" (7:5) എന്നു വിളിച്ചിരിക്കുന്നു). ഹോശെയെക്കുറിച്ച് പുസ്തകം തരുന്ന അറിവുകൾ മാത്രമേ നമുക്കുള്ളൂ.

എഴുത്തുകാരന്റെ പേരിൽ നിന്നാണ് പുസ്തകത്തിനു പേരു നല്കിയിരിക്കുന്നത്. ഹോശേയ എന്ന പേരു വായനക്കാർക്ക് രസം കരുന്നതാണ്, എന്തെന്നാൽ ഇസ്രയേലിലെ അവസാനത്തെ രാജാവിന്റെ പേരും ഹോശേയ എന്നായിരുന്നു. അതുപോലെ ഹോശേയ, യോശുവാ, യേശു എന്നീ പേരുകളെല്ലാം "ഹോഷേയാ" *HOSHEA* എന്ന എബ്രായ പേരിൽനിന്നും ഉണ്ടായിട്ടുള്ളതാണ്. ഈ പേരിന് 'രക്ഷ' എന്നാണ് അർത്ഥം. എന്തായാലും യോശുവാ, യേശു എന്നീ പേരുകൾ 'യഹോവ രക്ഷയാകുന്നു' എന്ന സത്യം വെളിപ്പെടുത്തുമ്പോൾ ഹോശേയ ആ രക്ഷയെ ദേശത്തിലെ ജനങ്ങളെ അറിയിക്കുന്ന ദൂതുവാഹിയായി നിന്നുകൊണ്ട് വിഗ്രഹാരാധനവിട്ട് യഹോവയിങ്കലേക്കു മടങ്ങിവരുവാൻ അവരെ ഉത്സാഹിപ്പിക്കുകയായിരുന്നു.

## എഴുതിയകാലം:

755 – 715 ബി. സി.

1:1-ൽ ഹോശേയായുടെ പ്രവർത്തനകാലം ഉസ്സിയാ (767-739 ബി.സി) യോഥാം (739-731 ബി.സി) ആഹാസ് (731-715 ബി.സി) ഹിസ്കിയാ (715-686 ബി.സി) എന്നീ യഹൂദ രാജാക്കന്മാരുടെയും യരോബയാം II (782-752 ബി. സി) എന്ന ഇസ്രായേൽ രാജാവിന്റെയും ഭരണസമയത്തായിരുന്നു.

ഹോശേയായുടെ ശുശ്രൂഷ നിരവധി ദശാബ്ദങ്ങൾ നീളുന്നതായിരുന്നു. മുമ്പു കണ്ടതുപോലെ ഉസ്സിയാ രാജാവിന്റെ അവസാനനാളുകളിൽ ആരംഭിച്ചു (790-739 ബി.സി) യരോബയാം II ന്റെ കാലത്തും (793-753 ബി.സി.), ഹിസ്കിയ രാജാവിന്റെ ആരംഭകാലംവരെയും (715ബി.സി) ദീർഘിച്ച ഒന്നായിരുന്നു. ഹിസ്കിയാവു തന്റെ പിതാവായ ആഹാസിനുവേണ്ടി റീജന്റ് ഭരണവും നടത്തിയിരുന്നു. ഹോശേയാ പ്രവാചകന്റെ ശുശ്രൂഷ ഇസ്രയേലാകുന്ന വടക്കേ ദേശക്കാർക്ക് വേണ്ടിയായിരുന്നിട്ടും പ്രവചനകാലം അറിയിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത് നാല് യഹൂദരാജാക്കന്മാരുടെ പേരുകളാണ്. എന്തുകൊണ്ടാണ് ആ കാലത്തെ ആറ് ഇസ്രയേൽ രാജാക്കന്മാരുടെ പേരുകൾ വിട്ടിട്ട് ഒരു ഇസ്രയേൽ രാജാവിന്റെ (യരോബയാം II) പേരുമാത്രം പറഞ്ഞിരിക്കുന്നതെന്നതും അജ്ഞാതമാണ്. ഒരുപക്ഷേ വടക്കേദേശത്തിന്റെ അസ്ഥിരതയും (7:3-7). 41

ദൈവം ദാവീദിന്റെ വംശത്തിൽകൂടെ (3:5) നല്കുന്ന സ്ഥിരമായ രാജാവിനെ മുൻകണ്ടുകൊണ്ടും ആയിരിക്കാം. അതുമല്ലെങ്കിൽ പക്ഷേ നെബാത്തിന്റെ മകനായ യരോബയാം I ന്റെ പാപങ്ങളെ ആവർത്തിച്ചും പാപം ചെയ്ത ആറു ഇസ്രയേൽ രാജാക്കന്മാരുടെയും പേരുകൾ മനപൂർവ്വം മാറ്റിയതായിരിക്കാം. യഹൂദയിൽ ഉണ്ടായ നവീകരണങ്ങൾക്കു അവിടെയുള്ള രാജാക്കന്മാർ നേതൃത്വം നല്കിയതുപോലെ ഇസ്രയേലിൽ ഒരു നവീകരണത്തിനു വേണ്ടി ഒറ്റ രാജാക്കന്മാരും ശ്രമിച്ചില്ല. അത്രയ്ക്കു ദുഷ്ടന്മാർ ആയിരുന്നു അവർ.

## വിഷയവും ഉദ്ദേശവും:

അവിശ്വസ്ഥയായ ഇസ്രയേലിനു ദൈവത്തിന്റെ വിശ്വസ്ഥതയേയും നിലനില്ക്കുന്ന സ്നേഹത്തെയും വെളിപ്പെടുത്തി കൊടുക്കുക എന്നതായിരുന്നു ഹോശേയുടെ ഉദ്ദേശം. അവന്റെ വിവാഹജീവിതത്തിൽ കൂടെ സ്നേഹവാനും, കരുണാമയനും തന്റെ ജനത്തെ അനുഗ്രഹിച്ച് ദൈവപരിജ്ഞാനത്തിൽ ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കുവാൻ ഉത്സാഹിപ്പിക്കുകയും കാത്തിരിക്കുകയും ചെയ്യുന്ന യഹോവയായ ദൈവത്തിന്റെ ഹൃദയത്തെ തുറന്നു കാട്ടുകയായിരുന്നു. ഈ വലിയ ഉദ്ദേശത്തോടെ പ്രവാചകൻ ഇസ്രയേലിന്റെ പരസ്യവും രഹസ്യവുമായ

അവിശ്വസ്ഥതയും, സന്മാർഗ്ഗികമായും, മതപരമായും അവർക്കു വന്നിരിക്കുന്ന തകർച്ചയും, തന്മൂലം അവർക്കു കൈമോശം വന്ന ദൈവികബലത്തെയും ശക്തമായ ഭാഷയിൽ വിളിച്ചറിയിക്കുകയായിരുന്നു. യഹോവയായ ദൈവം തന്റെ ഉടമ്പടിയുടെ ഭാര്യയായ ഇസ്രയേലിനെ സ്നേഹിക്കുകയും അവളുടെ പാപവും അവിശ്വസ്ഥതയും ക്ഷമിക്കുവാനും മാനസാന്തരപ്പെട്ടു മടങ്ങിവന്നാൽ പിന്നെയും സ്വീകരിക്കുമെന്നും അവർക്കു മനസ്സിലാക്കികൊടുക്കുന്നതാണ് പുസ്തകത്തിന്റെ വിഷയവും ഉദ്ദേശവും.

### പ്രധാന വ്യക്തികൾ:

ഹോശേയാ, ഗോമർ, യേശു, ഇസ്രയേൽ രാജാവ്

### ഹോശയാ പുസ്തകത്തിലെ ക്രിസ്തു :

ഹോശയയിൽ മശിഹായെ ദൈവത്തിന്റെ പുത്രനായി ചിത്രീകരിച്ചിരിക്കുന്നു (11:1 cf. മത്തായി. 2:15), ജനങ്ങളുടെ ഏക രക്ഷകൻ (13:4 cf. യോഹ. 14:6), മറുവിലയായി നല്കപ്പെട്ടവൻ (13:14 cf. 1 കൊരി. 15:55), സ്നേഹത്തോടെ മനസ്സലിവു കാണിക്കുന്നവൻ (11:4), അവനിലേക്ക് തിരിയുന്നവരുടെ മുറിവുകളെ സൗഖ്യമാക്കുന്നവൻ (6:1).

### ബാഹ്യരേഖ:

1. **ആമുഖം : (1:1)**
2. **ഹോശേയുടെ വിവാഹം: യഹോവയ്ക്കു തന്റെ ജനവുമായുള്ള ബന്ധത്തിന്റെ പൂർണ്ണ രൂപം. (1:2–3:5)**
   - A. ഹോശേയായുടെ (പ്രവാചകനെന്ന നിലയിൽ) കുടുംബം (1:2–2:1)
     1) ഹോശേയായുടെ വിവാഹം : യിസ്രയേലിന്റെ അവിശ്വസ്ഥത (1:2–3a)
     2) ഹോശേയായുടെ മക്കൾ: യിസ്രായേലിന്റെ ന്യായവിധി (1:3b–9)
     3) ഇസ്രയേലിന്റെ ഭാവി:പുനരുദ്ധാരണം (1:10–2:1)
   - B. ശിക്ഷയിൽ കൂടെയുള്ള പുനരുദ്ധാരണം (2:2–23)
     1) യിസ്രായേലിനുള്ള യഹോവയുടെ ശിക്ഷ (2:2–13)
     2) യഹോവയാൽ ഇസ്രയേലിനു ലഭിക്കുന്ന പുനരുദ്ധാരണം (2:14–23)
   - C. ഹോശേയായുടെ വിവാഹം പുനസ്ഥാപിക്കുന്നു (3:1–5)
     1) ദൈവിക കല്പന (3:1)
     2) ഹോശേയായുടെ അനുസരണ പ്രതികരണം (3:2,3)
     3) സാഹചര്യത്തിന്റെ വിശദീകരണം (3:4,5)
3. **ന്യായവിധി, പുനർനിർമ്മാണം എന്നിവയെക്കുറിച്ചുള്ള ഹോശേയായുടെ ദൂത് (4:1–14:9)**
   - A. ഇസ്രായേലിനു എതിരായുള്ള യഹോവായുടെ പരാതി (4:1–6:3)
     1) ഇസ്രയേലിന്റെ തെറ്റുകളെ വിസ്മരിച്ചിരിക്കുന്ന (4:1–19)
     2) ഇസ്രായേലിന്റെ ന്യായവിധി പ്രസ്താവിച്ചിരിക്കുന്ന (5:1–14)
     3) ഇസ്രായേലിന്റെ പുനസ്ഥാപനം പ്രവചിക്കപ്പെട്ടു (5:15–6:3)
   - B. ഇസ്രായേലിനെതിരായുള്ള യഹോവയുടെ പരാതിയുടെ വലിപ്പം (6:4–11:11)
     1) ഇസ്രായേലിന്റെ തെറ്റും ശിക്ഷയും (6:4–8:14)
     2) ഇസ്രായേലിന്റെ തെറ്റും ശിക്ഷയും വീണ്ടും രേഖപ്പെടുത്തുന്നു (9:1–11:7)
     3) യഹോവയുടെ മനസ്സലിവിനെ പുതുക്കുന്നു (11:8–11)
   - C. ഇസ്രായേലിനു വിപരീതമായുള്ള യഹോവുടെ പരാതി അവസാനിക്കുന്നു (11:12–14:9)
     1) കുറ്റാരോപണത്തിന്റെ അന്ത്യം (11:12–13:16)
     2) ഒരു അന്ത്യപ്രബോധനം (14:1–9).

# യോവേൽ

# (യഹോവയുടെ (യാവെ) ദിവസത്തിന്റെ വരവ്)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

യോവേൽ തന്നെയാണ് എഴുതിയതെന്നാണ് 1:1-ൽ ചൂണ്ടിക്കാട്ടുന്നത്. "യഹോവ ദൈവം ആകുന്നു"എന്നാണ് പേരിന്റെ അർത്ഥം. അവന്റെ പിതാവ് 'പെഥൂവേൽ' ആണന്നല്ലാതെ (1:1) മറ്റൊരു വിശദീകരണവും നമുക്കു ലഭിക്കുന്നില്ല.

യോവേൽ എന്ന പേരിന്റെ അർത്ഥത്തിനു അനുയോജ്യമായ വിധമാണ് അവന്റെ ദൂതും: യഹോവ സർവ്വാധിപതിയും, സംപൂർണ്ണ സൃഷ്ടികളുടെ മേലും രാഷ്ട്രങ്ങളുടെ മേലും, അധികാരവും ചരിത്രത്തെ നിയന്ത്രിക്കുന്നവനുമായ സർവ്വശക്തനായ ദൈവമാണെന്ന് സമർത്ഥിച്ചിരിക്കുന്നു.

### എഴുതിയ കാലം:

835–796 ബി. സി.

പ്രത്യേക ഒരു കാലഘട്ടത്തെ കുറിച്ചു പുസ്തകത്തിൽ പരാമർശിച്ചിട്ടില്ലെങ്കിലും അതിൽ പറഞ്ഞിരിക്കുന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ പലരും 835–400 ബി. സി. എന്നാണ് അഭിപ്രയപ്പെട്ടിരിക്കുന്നത്. തീർച്ച പറയുക സാദ്ധ്യമല്ലാത്തതിനാലാണ് 835–796 ബി. സി. എന്ന കാലഘട്ടത്തെ ആശ്രയിക്കുന്നത്, എന്തെന്നാൽ ഇസ്രായേലിന്റെ ശത്രുക്കളായ സോർ, സിദോൻ, ഫെലിസ്ത്യദേശം, മിസ്രിയിം, ഏദോം (3:4,19) എന്നിവരെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ അവരുടെ കാലഘട്ടവുമായി നോക്കുമ്പോൾ മേൽപ്പറഞ്ഞ തീയതിയാണു ശരി. ഇവർ തെക്കേദേശം പ്രവാസികളായി ബാബിലോണിലേക്കു പോകുന്നതിനുമുമ്പുള്ള ശത്രുക്കൾ ആയിരുന്നു. പ്രവാസത്തിനുശേഷം അസ്സീറിയ, ബാബിലോണിയ, പേർഷ്യ എന്നിവയായിരുന്നു ശത്രുക്കൾ.

### വിഷയവും ഉദ്ദേശവും:

യഹൂദയുടെ മേൽ വന്ന വരൾച്ചയുടേയും  വെട്ടുക്കിളിയുടെയും ബാധയെ എടുത്തുകാട്ടിയാണ് യോവേൽ യഹോവയുടെ നാളിൽ ഇസ്രായേലിനുവരാൻ പോകുന്ന ആക്രമണത്തിന്റെ മുന്നറിയിപ്പു നല്കിയത്. വെട്ടുക്കിളിയും വരൾച്ചയും മൂലം സകല പച്ചസസ്യങ്ങളും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അതിവേഗം നക്കിത്തുടച്ചുകളയും വിധത്തിലായിരിക്കും ആപത്തു വരുന്നത്. എന്നിരുന്നാലും രാഷ്ട്രം അനുതപിച്ച് യഹോവയിലേക്കു മടങ്ങി വന്നാൽ ദൈവം അവരെ പുനരുദ്ധരിക്കുകയും അവരുമായുള്ള ബന്ധം  പുതുക്കി അനുഗ്രഹിക്കും. യോവേൽ എഴുതിയകാല ചരിത്രത്തിന്റെയും, ഭാവികാല ചരിത്രത്തിന്റെയും ചുറ്റുപാടിൽ ഇതു ശരിതന്നെ.

സംപൂർണ്ണമായ അനുഗ്രഹങ്ങളും പുനരുദ്ധാരണവും ആണ് യോവേലിന്റെ വാഗ്ദത്തമായി രേഖപ്പെടുത്തിയിരിക്കുന്നത്. യഹൂദന്മാർക്ക് അനുഭവിക്കുവാനായി മഹോപദ്രവകാലത്തിന്റെ ന്യായവിധിയും തുടർന്നുള്ള പരിശുദ്ധത്മാപകർച്ചയും നല്കപ്പെട്ടിരിക്കുന്നു. ഇതു കർത്താവിന്റെ നിരസിക്കൽ ചടങ്ങാണ്.

### പ്രധാനവ്യക്തികൾ:

യോവേൽ

### യോവേലിന്റെ പുസ്തകത്തിൽ ക്രിസ്തു:

യോവേൽ തന്റെ പുസ്തകത്തിൽ ക്രിസ്തുവിനെ പരിശുദ്ധാത്മാവിനെ നല്കുന്നവനായിട്ടും (2:28 cf. യോഹ.16:7–15; അപ്പോ. പ്ര. 1:8) വംശങ്ങളെ ന്യായം  വിധിക്കുന്നവനായും (3:2,12) ഇസ്രായേലിന്റെ സങ്കേതവും, ഉറപ്പുള്ളകോട്ടയും  (3:16) ആയിട്ടാണ് വെളിപ്പെടുത്തിയിരിക്കുന്നത്.

**ബാഹ്യരേഖ:**

1. **ദൈവത്തിന്റെ ചരിത്ര ദിവസം. (1:1-20)**
   - A. വെട്ടുക്കിളിയുടെ ചരിത്രസംഭവം (1:1-12)
   - B. വരൾച്ചയുടെ ചരിത്രസംഭവം (1:13-20)

2. **ദൈവത്തിന്റെ പ്രാവചനിക ദിവസം (2:1-3:21)**
   - A. ആസന്നമായ കർത്താവിന്റെ ദിവസം (2:1-27)
     - 1) യഹൂദർക്കു നേരിടുന്ന ആക്രമണത്തെക്കുറിച്ചുള്ള പ്രവചനം (2:1-11)
     - 2) യഹൂദയുടെ രക്ഷക്കു വേണ്ടിയുള്ള വ്യവസ്ഥകൾ (2:12-27)
   - B. യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം (2:28-3:21)
     - 1) യഹോവയുടെ ദിവസത്തിനു മുമ്പായി നടക്കുന്ന സംഭവങ്ങൾ (2:28-32)
     - 2) യഹോവയുടെ ദിവസത്തിലെ സംഭവങ്ങൾ (3:1-21).

# ആമോസ്

## (അവസരങ്ങൾ നഷ്ടപ്പെടുത്തിയതിനാലുള്ള ന്യായവിധി)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

യെശയ്യാവ് രാജസദസ്സിലെ മനുഷ്യനും, യിരമ്യാവ് പുരോഹിതനും എന്നതുപോലെ ആമോസ് ഒരു ഇടയനും കാട്ടത്തിപ്പഴം പെറക്കി നടന്നവനും ആയിരുന്നു (1:1; 7:14). അവൻ തെക്കോവക്കാരൻ ആയിരുന്നു. യെറുശലേമിൽനിന്നു 10 മൈൽ തെക്കു, ബേത്ലഹേമിനടുത്ത പ്രദേശമായിരുന്നു തെക്കോവ. ഒരു കൃഷിക്കാരനും മൃഗസംരക്ഷണകേന്ദ്രത്തിന്റെ ഉടമയും ആയിരുന്നിട്ടും അവൻ ദൈവവചനത്തിൽ നിശ്ചയം പ്രാപിച്ചവനായിരുന്നു.

ആമോസ് എന്ന എബ്രായ പേരിന് "ഭാരം" അഥവാ "ഭാരം വഹിക്കുന്നവൻ" എന്നാണർത്ഥം. ഈ ഭാരം അവനു യോജിക്കുംവിധം ലഭിച്ചതാണ്. തെക്കേദേശമായ യഹൂദയിൽനിന്നു വന്നവനെങ്കിലും വടക്കേ ദേശമായ ഇസ്രയേലിനെക്കുറിച്ചായിരുന്നു അവന്റെ ഭാരം. അവരുടെ അനീതി, ലോകമയത്വം, സ്വയനീതി എന്നിവയ്ക്കെതിരായുള്ള ദൈവിക ദൂതായിരുന്നു ഭാരത്തിന്റെ കാരണം. ആമോസിനെക്കുറിച്ചു പഠിക്കുമ്പോൾ യെശയ്യാവിന്റെ പിതാവായ ആമോസല്ല ഇത് എന്ന കാര്യം ഓർത്തുകൊള്ളണം (യെശ 1:1).

### എഴുതിയ കാലം:

ഏകദേശം 760 ബി.സി

ഒന്നാം വാക്യമനുസരിച്ച് ആമോസ്, ഉസ്സിയ, യെരോബയാം II എന്നിവരുടെ സമകാലീനനായിരുന്നു. ***"യഹൂദാരാജാവായ ഉസ്സിയാ (790-739 ബി.സി) ഇസ്രയേൽ രാജാവായ യരോബയാം II (793-753 ബി.സി.)*** എന്നിവരുടെ കാലത്ത് അതായത് ***ഭൂകമ്പത്തിന് രണ്ടുവർഷം മുമ്പായിരുന്നു"*** (1:1) ആമോസിന്റെ പ്രവചനം. (ബി.സി 767-753 ബി.സി) ഭൂകമ്പത്തിനു രണ്ടുവർഷം മുമ്പ് എന്നു പറയാമെങ്കിലും ആ തീയതി ആർക്കും നിശ്ചയമല്ല.

### വിഷയവും ഉദ്ദേശവും:

ആമോസിനെ ദൈവം ഏല്പിച്ചത് ന്യായവിധിയുടെ ദൂതായിരുന്നു, എങ്കിലും അതിനൊടുവിൽ പ്രത്യാശയുടെ വാക്കുകളുമുണ്ടായിരുന്നു. ഭൂലോകത്തിന്റെ മുഴുവൻ സർവ്വാധിപതി ആയിരിക്കുന്ന ദൈവത്തിന്റെ അധികാരത്തോടു മത്സരിച്ച രാഷ്ട്രങ്ങളെ ന്യായം വിധിക്കുവാൻ ദൈവം ഒരു യോദ്ധാവിനെപ്പോലെ വരുമെന്നു ആമോസ് വിളിച്ചു പറഞ്ഞു. ദൈവീക കല്പനകളെ ലംഘിച്ച ഇസ്രായേലിനെ പ്രത്യേകാൽ ശിക്ഷിക്കുമെന്നു പറയാനും താൻ മറന്നില്ല.

യരോബയാം രാജാവിന്റെ കീഴിൽ വടക്കേദേശം ഭൗതീകാഭിവൃദ്ധി അനുഭവിക്കുന്ന പ്രകാരം വരാൻ പോകുന്ന ന്യായവിധിയിൽ നിന്നു രക്ഷപെടേണ്ടതിനു മാനസ്സാന്തരപ്പെട്ടു സത്യദൈവത്തിങ്കലേക്കു തിരിഞ്ഞു രക്ഷപെടുന്നതുകാണുവാൻ ആമോസ് ആഗ്രഹിച്ചു. പരിശുദ്ധനായ ദൈവം തിന്മയെ വെറുക്കുന്നതിനാൽ അവന്റെ നീതി ഇസ്രയേലിന്റെ പാപത്തിനു തക്കശിഷ നല്കാതിരിക്കില്ലെന്നും പുസ്തകം വെളിപ്പെടുത്തുന്നുണ്ട്.

### പ്രധാന വ്യക്തികൾ:

ആമോസ്, ഉസ്സിയാ (യഹൂദയിലെ രാജാവ്) യെരോബയാം (ഇസ്രയേൽ രാജാവ്)

### ആമോസിന്റെ പുസ്തകത്തിൽ ക്രിസ്തു:

ദാവീദിന്റെ വംശത്തെ വീണ്ടും പണിയുന്നവനും (9:11) തന്റെ ജനത്തിനു ഉദ്ധാരണം നല്കുന്നവനും (9:11-15) ആയിട്ടാണ് ആമോസ് ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നത്.

### ബാഹ്യരേഖ:

1. **ആമുഖം: എഴുത്തുകാരനും വിഷയവും (1:1-2)**

2. **ആമോസിലെ എട്ടു ന്യായവിധികൾ (1:3-2:16)**
   - A. ദമസ്കോസിനെ കുറിച്ച് (1:3-5)
   - B. ഫിലിസ്ത്യരെ കുറിച്ച് (1:6-8)
   - C. സോരിനെകുറിച്ച് (1:9-10)
   - D. ഏദോമിനെ കുറിച്ച് (1:11-12)
   - E. അമ്മോനെ കുറിച്ച് (1:13-15)
   - F. മോവാബിനെ കുറിച്ച് (2:1-3)
   - G. യഹൂദയെകുറിച്ച് (2:4-5)
   - H. ഇസ്രയേലിനെകുറിച്ച് (2:6-16)

3. **ആമോസിന്റെ പ്രസംഗങ്ങൾ (3:1-6:14)**
   - A. ഇസ്രയേലിന്റെ നാശം (3:1-15)
   - B. ഇസ്രയേലിന്റെ ദുരാചാരം (ധാർമ്മീകാധപതനം) (4:1-13)
   - C. ഇസ്രയേലിനായി ഒരു ചരമഗീതം (5:1-6:14)
   - D. വരുവാൻപോകുന്ന ന്യായവിധി മൂലം ഇസ്രയേലിന്റെ ശൂന്യത (5:1-17)
   - E. മതഭക്തരായവർക്കുള്ള ശാസന (5:18-27)
   - F. സർവ്വരാഷ്ട്രങ്ങൾക്കുമുള്ള ഔദ്യോഗികമായ താക്കീത് (6:1-14)

4. **ആമോസിന്റെ അഞ്ചു ദർശനങ്ങൾ (7:1-9:10)**
   - A. വെട്ടുക്കിളി തിന്നു നശിപ്പിക്കുന്ന ദർശനം (7:1-3)
   - B. ഒരു നശിപ്പിക്കുന്ന തീയുടെ ദർശനം (7:4-6)
   - C. തൂക്കുകട്ടയുടെ ദർശനം (7:7-9)
   - D. ഒരു ചരിത്രപരമായ (വിടവ്) ഇടവേള. ബഥേലിലെ പുരോഹിതന്മാരുടെ എതിർപ്പ് (7:10-17)
   - E. ഒരു കൊട്ട പഴുത്തപഴത്തിന്റെ ദർശനം (8:1-14)
   - F. യഹോവയുടെ ന്യായവിധിയുടെ ദർശനം (9:1-10)

5. **ഇസ്രയേലിന്റെ പുനരുദ്ധാരണത്തെക്കുറിച്ച് അഞ്ചു വാഗ്ദത്തങ്ങൾ (9:11-15).**

# ഒബേദ്യാവ്

## (കാവ്യനീതി)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

യഹൂദയിലെ അറിയപ്പെടാത്ത പ്രവാചകനായ ഒരു ഒബേദ്യാവ് (1:1) ആണ് എഴുത്തുകാരൻ. പേരിന്റെ അർത്ഥം "സേവകൻ അഥവാ യഹോവയുടെ ആരാധകൻ" എന്നാണ്.

പഴയനിയമത്തിൽ ഒബേദ്യാവ് എന്ന പേര് പലർക്കും ഉണ്ടായിരുന്നു. ദാവീദിന്റെ സൈന്യത്തിലെ ഒരു ഓഫീസർ (1 ദിന. 12:9) ആഹാബിന്റെ അംഗരക്ഷകനും പ്രവാചകന്മാരെ സംരക്ഷിച്ചവനുമായവൻ (1 രാജ 18:3) യോശിയാവിന്റെ കാലത്തു ജീവിച്ച ഒരു ലേവ്യൻ (2 ദിന. 34:12). എസ്രായോടുകൂടെ പ്രവാസത്തിൽ നിന്നുവന്ന ഒരു നേതാവ് (എസ്രാ. 8:9) എന്നിങ്ങനെയുള്ള നിരവധിപേർ ഈ ലിസ്റ്റിൽ പെടും. എഴുത്തുകാരനായ ഒബേദ്യാവിന്റെ വീട്, ഗ്രാമം, കുടുംബം എന്നിവ ആരും രേഖപ്പെടുത്തിയിട്ടില്ലെന്നു മാത്രമല്ല തനിക്കു രാജകീയ ബന്ധമോ, പൗരോഹിത്യബന്ധമോ ഉള്ളതായും സൂചനകളില്ല. സ്വന്തപിതാവിനെക്കുറിച്ചും പരാമർശിച്ചിട്ടില്ല.

### എഴുതിയ കാലം:

840 ബി. സി.

കേവലം 21 വാക്യങ്ങൾ മാത്രമുള്ള ബൈബിളിലെ ഏറ്റം ചെറിയ പുസ്തകമാണിത്. ചെറിയ പ്രവാചകന്മാരിൽ വ്യത്യസ്ഥനായ ഒബേദ്യാവിന്റെ പ്രവചനകാലം നിർണ്ണയിക്കുക പ്രധാനമാണെങ്കിലും എദോമിനെതിരായുള്ള പ്രവചനവും അറേബ്യായും ഫെലീസ്ത്യാദേശവും ശിക്ഷിക്കപ്പെടുന്നതും വച്ചു നോക്കുമ്പോൾ യഹോരാമിന്റെ വാഴ്ചയുടെ കാലമായ 848-841 ബി.സി (2 ദിന 21:16,17) ആയിരിക്കണം. ആകയാൽ ഏകദേശം 840 ബി.സി യിൽ എഴുതി എന്ന് അനുമാനിക്കാം.

### വിഷയവും ഉദ്ദേശ്യവും:

'വീഴ്ചയ്ക്കുമുമ്പേയുള്ള നിഗള'മാണ് ഒബേദ്യാമിന്റെ വിഷയം. യറുശലേമിനു വംശാശത്തെകണ്ട് മറ്റു ജാതികളോടൊപ്പം ഏദോമും നിഗളിച്ചു പരിഹസിച്ചതിനെതിരായാണ് പ്രവചനം.

### പ്രധാന വ്യക്തികൾ

ഒബേദ്യാവ്:

### ഒബേദ്യാവിന്റെ പുസ്തകത്തിൽ ക്രിസ്തു:

രാഷ്ട്രങ്ങളെ ന്യായം വിധിക്കുന്നവൻ (15, 16) ഇസ്രയേലിന്റെ രക്ഷകൻ (17-20) രാജ്യം അവകാശമാക്കുന്നവൻ (21) എന്നീ നിലകളിലാണ് ഒബേദ്യാവിൽ ക്രിസ്തുവിനെ കാണുന്നത്. 42

### ബാഹ്യരേഖ:

1. **ഏദോമിന്റെ ന്യായവിധിയെക്കുറിച്ചുള്ള പ്രവചനം (1:1-9)**
   A. ന്യായവിധിയുടെ നിർണ്ണയം (1:1-4)
   B. ന്യായവിധി പൂർത്തിയാക്കപ്പെടുന്നു (1:5-9)

2. **ഏദോമിന്റെ ന്യായവിധിയുടെ അടിസ്ഥാനങ്ങൾ (1:10-14)**
   A. അവന്റെ സഹോദര സ്നേഹമില്ലായ്മ (1:10)
   B. അവന്റെ അഹങ്കാരം (ഉന്നതഭാവം) (1:11,12)
   C. അവന്റെ ആക്രമണ പ്രവണത (1:13 -14)

3. **ന്യായവിധിയുടെ സമയം (1:15)**

4. **ന്യായവിധിയുടെ ഫലം (1:16-18)**

5. **ഇസ്രയേലിന്റെ വിടുതൽ (1:19-21).**

# യോനാ
# (ദൈവഹിതത്തിൽ നിന്നുള്ള ഓടിപ്പോക്ക്)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

വടക്കേദേശമായ ഇസ്രയേലിലെ ഗലീല പട്ടണക്കാരനായ അമീഥായിയുടെ മകൻ യോനാ എന്ന പ്രവാചകനാണ് എഴുത്തുകാരൻ (1:1). ഇതിൽ പറയപ്പെട്ടിരിക്കുന്ന സ്ഥലങ്ങളും വ്യക്തികളും, സയുക്തികമായ മറ്റുപല തെളിവുക ളുമാണ് പുസ്തകത്തിന്റെ ചരിത്രപരമായ അടിസ്ഥാനം (2 രാജാ 14:25) മറ്റൊരു തെളിവ് യോനയെക്കുറിച്ചുള്ള യേശുക്രിസ്തുവിന്റെ സാക്ഷ്യമാണ് (മത്താ. 12:40). യോനാ എന്ന പേരിന് "പ്രാവ്" എന്നാണർത്ഥം.

### എഴുതിയ കാലം:

793–753 ബി.സി

2 രാജാ 14:27–ൽ യെരൊബയാം II-ാമന്റെ ഭരണകാലത്തോടു ബന്ധപ്പെട്ടു യോനയുടെ പ്രവർത്തനം പറഞ്ഞിരിക്കു ന്നതിനാൽ കാലം 793–753 ബി.സി. തന്നെയാണ്. അതായത് എലീശാ പ്രവാചകന്റെ ശേഷവും ആമോസ്, ഹോശേയ എന്നീ പ്രവാചകന്മാർക്കു മുമ്പും ആയിരുന്നു യോനായുടെ പ്രവർത്തന കാലഘട്ടം.

### വിഷയവും ഉദ്ദേശവും:

എബ്രായക്കാരുടെ ദൈവം ആരെന്നും അവന്റെ മഹത്വം എത്ര ശ്രേഷ്ഠമെന്നുമാണ് യോനാ വെളിപ്പെടുത്തുന്നത്: (1) പാപങ്ങളെ ഓർത്തു പശ്ചാത്തപിക്കുകയും ഏറ്റുപറച്ചിലോടുകൂടെ മടങ്ങിവരികയും ചെയ്യുന്ന ആർക്കും അവൻ രക്ഷ നല്കുന്നു, (2) പ്രകൃതിയുടെ മേലും, മനുഷ്യന്റെ സകലപ്രവർത്തികളുടെയും മേൽ സർവ്വാധിപതിയാണ്, (3) മറ്റു വംശീയരോടുള്ള സ്നേഹമില്ലാത്ത നമ്മുടെ മനോഭാവങ്ങൾ ദൈവഹിതം നിവൃത്തിക്കുവാൻ നമുക്കുത ടസ്സമായി വരും.

### പ്രധാന വ്യക്തികൾ:

യോന

### യോനായുടെ പുസ്തകത്തിൽ ക്രിസ്തു:

യോനായുടെ ജീവിതാനുഭവങ്ങളിൽകൂടെ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പും (മത്താ. 12:40). ലോകരക്ഷി താവും കർത്താവുമെന്ന നിലയിൽ സാർവ്വദേശീയ പ്രവാചകദൗത്യവും (2:9) വെളിപ്പെടുത്തിയിരിക്കുന്നു. (യേശു ക്രിസ്തു യോനയെപ്പോലെ ദൈവഹിതത്തോടു വൈമനസ്യം കാട്ടിയിരുന്നില്ലെന്ന വ്യത്യാസം ഉണ്ട്).

### ബാഹ്യരേഖ:

**1. യോനയുടെ ഓടിപ്പോക്ക് (1:1–17)**
   - A. ഓടിപ്പോക്കിന്റെ കാരണം (1:1, 2)
   - B. ഓടിപ്പോക്കിന്റെ വഴി (1:3)
   - C. ഓടിപ്പോക്കിന്റെ ഫലം (1:4–17)

**2. യോനായുടെ പ്രാർത്ഥന (2:1–10)**
   - A. പ്രാർത്ഥനയുടെ സ്വഭാവം (2:1–9)
   - B. പ്രാർത്ഥനയുടെ മറുപടി (2:10)

**3. യോനായുടെ പ്രസംഗം (3:1–10)**

A. പ്രസംഗിപ്പാനുള്ള ദൈവകല്പന (3:1-3)
B. യോനായുടെ പ്രസംഗത്തിന്റെ ഉള്ളടക്കം (3:4)
C. യോനായുടെ പ്രസംഗത്തിന്റെ പരിണതഫലം (3:5-10)

### 4. യോനാ പഠിപ്പിച്ച പാഠം (4:1-11)

A. യോനായുടെ പരാതി (4:1-3)
B. യോനയ്ക്കു വേണ്ടിയുള്ള ദൈവത്തിന്റെ പാഠ്യപദ്ധതി (4:4-11).

# മീഖാ

## (ദൈവത്തെപ്പോലെ ആരുണ്ട്?)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

പ്രവാചകനായ മീഖായിൽ നിന്നു തന്നെയാണ് പുസ്തകത്തിനും പേരുണ്ടായത്. എഴുത്തുകാരനക്കുറിച്ച് കാര്യമായ അറിവുകളൊന്നും ലഭിച്ചിട്ടില്ലെങ്കിലും പുസ്തകം വെളിപ്പെടുത്തുന്നതും, യിരമ്യാവ് 26:18-ൽ നിന്നും പ്രാപിക്കുന്നതുമായ അറിവുകൾ നമുക്കുണ്ട്. മീഖയാവ് എന്നതിന്റെ ചുരുങ്ങിയ രൂപമാണ് മീഖ. "യഹോവയെപോലെ ആരുണ്ട്?" എന്നാണ് പേരിന്റെ അർത്ഥം. 7:18-ലാണ് ഇതു വെളിപ്പെടുത്തുന്നത്. "**നിന്നെപ്പോലൊരു ദൈവം ആരുള്ളൂ**?" എന്ന ചോദ്യം ഉന്നയിച്ചിരിക്കുന്നത്. ദേശത്തിന്മേൽ വരുന്ന ന്യായവിധിയെക്കുറിച്ചു പ്രവചിച്ച യിരമ്യാവിന്റെ വചനങ്ങളെ ശരിവയ്ക്കുവാൻ ആകാലത്തുള്ള യിസ്രായേൽ മൂപ്പന്മാർ എടുത്തു കാട്ടിയതു മീഖാ 3:12-ൽ പറഞ്ഞിരിക്കുന്ന മീഖാ പ്രവാചകന്റെ വചനങ്ങളായിരുന്നു (യിര 26:18).

മീഖാ മോരേശേത്തു ദേശക്കാരൻ ആയിരുന്നു. (1:1 cf. 1:14) യെരുശലേമിൽ നിന്നു 25 മൈൽ തെക്കുപടിഞ്ഞാറു ഫെലിസ്ത്യ ദേശമായ ഗത്തിനു സമീപത്തായിരുന്നു മോരേശെത്ത് എന്ന പട്ടണം. യഥാർത്ഥ സ്ഥാനം യഹൂദയിലെ സാർവ്വദേശീയ വ്യാപാരകേന്ദ്രമായ ലാഖീശിനടുത്തുള്ള വിഭവസമൃദ്ധമായ മലഞ്ചെരിവ് ആകുന്നു.

### എഴുതിയ കാലം:

700 ബി.സി

മീഖാ 1:1-ൽ തന്റെ പ്രവചനകാലം യോഥാം (750-732 ബി.സി) ആഹാസ് (736-716 ബി.സി) യെഹസ്കിയാവ് (716-687 ബി.സി) എന്നിവരുടെ നാളുകളിൽ ആയിരുന്നു എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദാദേശത്തിലെ പ്രവാചകനായിരുന്നെങ്കിലും വടക്കേദേശമായ ഇസ്രയേലിനെക്കുറിച്ചും പ്രത്യേകാൽ ശമര്യായുടെ പതനത്തെക്കുറിച്ചും പ്രവചിച്ചിരുന്നു. (1:6) ഇസ്രയേലിന്റെ അശൂർ പ്രവാസത്തിനു (722 ബി.സി) മുമ്പ് ഏകദേശം 700 ബി.സി. യിൽ ആയിരുന്നുഅവന്റെ ഏറിയപങ്ക് പ്രവചനങ്ങളും നടന്നത്.

### വിഷയവും ഉദ്ദേശവും:

ദൈവം തന്റെ ജനവുമായി ചെയ്ത ഉടമ്പടി വ്യവസ്ഥകൾ പാലിച്ച് അനുസരിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഇസ്രയേലിനു കഴിയാതെ പരാജയപ്പെടുകയാൽ ശാപ്രഗ്രസ്ഥരായി വാഗ്ദത്ത നാടുവിട്ടു പോകേണ്ടിവരുന്നു (ആവ. 28:1-14; 28:15-68) എന്നായിരുന്നു മീഖായുടെ പ്രവചനം. യഹൂദായെക്കുറിച്ചും അവർ ദൈവത്തിന്റെ നീതിയും, ന്യായവും അവഗണിച്ചു പ്രവർത്തിച്ച അനീതികൾ മറക്കാത്തപക്ഷം ദൈവം ശിക്ഷിക്കുമെന്നും പ്രവചിച്ചു. ഇരു രാജ്യങ്ങളിലെയും പാപപ്രവർത്തികളായ ജനപീഢനം, ന്യായാധിപന്മാരുടെയും, പ്രവാചകന്മാരുടെയും പുരോഹിതന്മാരുടെയും ഇടയിലെ കൈക്കൂലി വാങ്ങൽ, അത്യാഗ്രഹം, ചതി, അഹങ്കാരം, ബലാൽസംഗങ്ങൾ എന്നിവയെ പ്രത്യേകാൽ ചൂണ്ടിക്കാട്ടുകയുണ്ടായി. ജനം ശിക്ഷണത്താൽ അനുതപിച്ചു മടങ്ങിവന്നാൽ ദൈവം അവരെ വീണ്ടും ഉദ്ധരിക്കുമെന്നുള്ള കാര്യവും മറച്ചുവച്ചില്ല.

മീഖായുടെ മൂന്നു പ്രസംഗങ്ങളിലും ന്യായവിധി എന്ന വിഷയത്തിനു പ്രാധാന്യം നല്കിയിട്ടുണ്ട് എന്നാൽ പുനരുദ്ധാരണമെന്ന സത്യത്തെയും ആ കൂട്ടത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ വരുവാനിരിക്കുന്ന മശിഹായുടെ രാജ്യത്തിൽ ഇസ്രയേലിനു ലോകരാഷ്ട്രങ്ങൾക്കിടയിൽ അത്യുന്നതമായ ഒരു സ്ഥാനം ലഭിക്കുമെന്നു വെളിപ്പെടുത്തിക്കൊണ്ട് ഇസ്രയേലിന്റെ ശേഷിപ്പിനു പ്രവാചകൻ ചില പെരുമാറ്റ ചട്ടങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട് (മീഖാ 2:12, 4:7; 5:7,8; 7:18).

പുസ്തകത്തിന്റെ അന്തിമഘട്ടത്തിലേക്കു വരുമ്പോൾ പ്രവാചകൻ കാര്യങ്ങളെ അവതരിപ്പിക്കുന്നതു കച്ചേരിമട്ടിലാണ്. ദൈവത്തിനു തന്റെ ജനവുമായി വിവാദസംഗതി ഉണ്ട്. ഈ തർക്കസംഗതി കേട്ടു തീരുമാനിക്കേണ്ടതിനായി ദൈവം പർവ്വതങ്ങളെയും, കുന്നുകളെയും മദ്ധ്യസ്ഥതയ്ക്കായി വിളിക്കുന്നു. ജനങ്ങൾ ജീവനുള്ള ദൈവത്തെയും അവന്റെ നീതിയുടെ പ്രമാണങ്ങളെയും ഉപേക്ഷിച്ച് ശൂന്യവും, വ്യർത്ഥവുമായ ആചാരനുഷ്ഠാനങ്ങൾ നടത്തി ദൈവഹിതം നിറവേറ്റി എന്ന സ്വയസംതൃപ്തിയിൽ അനുദിന ജീവിതത്തെ വഷളാക്കിയതാണ് ദൈവത്തിനു ദുഃഖമായി തീർന്നത്. ദൈവം മനുഷ്യനോട് ആവശ്യപ്പെടുന്നത് എന്തെന്നു തിരിച്ചറിയാൻ അവർക്കു കഴിയാതെ പോയി. "കുറ്റക്കാർ" എന്ന ഏകവിധി മാത്രമേ അവർക്കു ലഭിക്കുകയുള്ളൂ.

പ്രത്യാശയുടെ ഒരു കുറിപ്പു നല്കിക്കൊണ്ടാണ് പുസ്തകം അവസാനിക്കുന്നത്. ന്യായവിധി നടത്തുന്നവനായ ദൈവം കരുണയുള്ളവൻ കൂടെയാണ്. "**അകൃത്യം ക്ഷമിക്കയും, തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളൂ? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല; ദയയിലല്ലോ അവനു പ്രസാദമുള്ളത്**" (7:18). പ്രവാചകന്റെ പ്രസ്താവനയിൽ അത്ഭുതപ്പെടാനില്ല എന്തെന്നാൽ ഇതു ഗ്രഹിച്ച പ്രവാചകൻ അതിനായി ഉറപ്പോടെ കാത്തിരുന്നവൻ കൂടെയാണ്. "**ഞാനോ യഹോവയിങ്കലേക്കു നോക്കും, എന്റെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും; എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും**" (7:7). 43

### പ്രധാന വ്യക്തികൾ:

മീഖാ, യോഥാം, ആഹാസ്, യെഹസ്കിയാവ്

### മീഖായുടെ പുസ്തകത്തിൽ ക്രിസ്തു:

മീഖാ ക്രിസ്തുവിനെ യാക്കോബിന്റെ ദൈവമായും (4:2) ജാതികളെ (രാഷ്ട്രങ്ങളെ) ന്യായം വിധിക്കുന്നവനായും (4:3) ബേത്‌ലഹേമിൽ ജനിക്കാനിരിക്കുന്ന ഭരണാധികാരിയെയും (5:2 cf. മത്താ 2:1-6) പറഞ്ഞിരിക്കുന്നു. മശിഹയുടെ ജന്മസ്ഥലത്തെക്കുറിച്ച് അന്വേഷിച്ച ഹെരോദാ രാജാവിനു പുരോഹിതന്മാരും ശാസ്ത്രിമാരും കൊടുത്ത തെളിവ് മീഖാ 5:2-ൽ ആയിരുന്നു.

### ബാഹ്യരേഖ:

1. **ആമുഖം (1:1)**

2. **ഒന്നാമത്തെ ദൂത്; ശമര്യയുടെയും യഹൂദയുടെയും മേലുള്ള ന്യായവിധി (1:1-2:13)**
   A. ന്യായവിധിയുടെ സദസ്സിനെക്കുറിച്ചുള്ള പ്രവചനം (1:2-7)
   B. ജനങ്ങളെ ഓർത്തുള്ള വിലാപം (1:8-16)
      1) മീഖായുടെ വിലാപം (1:8-9)
      2) മീഖാ മറ്റുള്ളവരെ വിലാപത്തിനായി ക്ഷണിക്കുന്നു (1:10-16)
   C. യഹൂദയുടെ പാപങ്ങൾ (2:1-11)
      1) ജനങ്ങളുടെ പാപങ്ങൾ (2:1-5)
      2) വ്യാജപ്രവാചകന്മാരുടെ പാപങ്ങൾ (2:6-11)
   D. ഭാവി കൂട്ടിച്ചേർപ്പിനെക്കുറിച്ചുള്ള പ്രവചനം (2:12-13)

3. **രണ്ടാമത്തെ ദൂത്: നാശവും തുടർന്നുള്ള വിടുതലും (3:1-5:15)**
   A. ജാതികളുടെ തലവന്മാരുടെ മേൽവരുന്ന ന്യായവിധി (3:1-12)
      1) ഭരണാധിപന്മാർക്കുള്ള ന്യായവിധി (3:1-4)
      2) വ്യാജപ്രവാചകന്മാർക്കുള്ള ന്യായവിധി (3:5-8)
      3) സ്വദേശീയ നേതാക്കന്മാർക്കുള്ള ന്യായവിധി (3:9-12)

B. **ദേശത്തിനു വരുന്ന ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങൾ (4:1–5:15)**

1) ദൈവരാജ്യത്തിന്റെ സ്വഭാവം (4:1–8)

2) ദൈവരാജ്യത്തെ തുടർന്നുള്ള സംഭവങ്ങൾ (4:9–5:1)

3) ദൈവരാജ്യത്തിന്റെ ഭരണാധികാരി (5:2–15)

**4. മൂന്നാമത്തെ ദൂത്: പാപത്തിന്റെ ശിക്ഷാവിധിയും, അനുഗ്രഹത്തിന്റെ വാഗ്ദത്തവും. (6:1–7:20)**

A. ദൈവം ചുമത്തുന്ന ഒരു കുറ്റാരോപണം (6:1–5)

B. ദേശത്തിന്റെ മദ്ധ്യസ്ഥനായി മീഖായുടെ പ്രതികരണം (6:6–8)

C. പാപംമൂലമുള്ള ദൈവിക ന്യായവിധി (6:9–16)

1) പാപങ്ങൾ (6:9–12)

2) ശിക്ഷ (6:13–16)

D. മീഖാ ദൈവത്തോടു യാചിക്കുന്നു (7:1–17)

1) ദേശത്തിന്റെ പാപങ്ങൾമൂലം മിഖായുടെ സങ്കടം (7:1–6)

2) മീഖായ്ക്കു ദൈവത്തിലുള്ള വിശ്വാസത്തിന്റെ ഉറപ്പ് (7:7–13)

3) ദൈവം പിന്നെയും ഇസ്രയേലിന്റെ ഇടയൻ ആയിരിക്കേണ്ടതിന് വേണ്ടി മീഖായുടെ പ്രാർത്ഥന (7:14)

4) തന്റെ ജനത്തിനുവേണ്ടി അത്ഭുതകാര്യങ്ങൾ പ്രവർത്തിക്കുമെന്നുള്ള ദൈവത്തിന്റെ വാഗ്ദത്തം (7:15–17)

E. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള മീഖായുടെ സ്ഥിരീകരണം (7:18–20).

# നഹൂം
# (നിനവേയുടെ നാശം)

## എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

എല്കോശ്യനായ നഹൂമിനു നിനെവെയെക്കുറിച്ചുണ്ടായ ദർശനം എന്നുള്ള 1:1 മാത്രമേ എഴുത്തുകാരനെക്കുറിച്ച് എന്തെങ്കിലും മനസ്സിലാക്കാൻ സഹായകമായിട്ടുള്ളു. നഹൂം എന്ന പേരിന് “ആശ്വാസം” എന്നാണർത്ഥമെങ്കിലും നിനെവെയെ കൈവശമാക്കി വച്ചിരിക്കുന്ന അശൂരിന്റെ ദുഷ്ടതയ്ക്കെതിരായി പ്രവചിച്ചപ്പോൾ ആശ്വാസത്തിനു വക നല്കിയില്ല. എന്നിരുന്നാലും താൻ പ്രവാചകനായിരുന്ന യഹൂദയ്ക്കു (1:15) അതു ആശ്വാസം നല്കി. എല്കോശിന്റെ സ്ഥാനം കൃത്യമായി പറയുക പ്രയാസമാണെങ്കിലും യഥാസ്ഥികരായ യഹൂദ വിദ്വാന്മാരുടെ അഭിപ്രായത്തിൽ ഇതു തെക്കേ യഹൂദ്യയിലെ ഒരു പ്രദേശമാണ്.

മറ്റെല്ലാ ചെറിയ പ്രവാചകന്മാരെപ്പോലെ ഈ പുസ്തകത്തിന്റെയും പേര് എഴുത്തുകാരനായ നഹൂമിന്റേതു തന്നെയാണ്.

## എഴുതിയ കാലം:

663–612 B.C.

മിസ്രയിമിലുള്ള തേബേസിന്റെ (നോ-അമ്മോൻ) തകർച്ചയെക്കുറിച്ച് പറഞ്ഞിരിക്കുന്നു (3:8–10). തേബേസിന്റെ പതനം 663 B.C.-യിൽ ആയിരുന്നു. പുസ്തകത്തിന്റെ മൂന്നു അദ്ധ്യായങ്ങളിലും B.C. 612-ൽ സംഭവിച്ച നിനവേയുടെ പതനത്തെക്കുറിച്ചു സമീപ ഭാവിയിൽ സംഭവിച്ച കാര്യമായി പറഞ്ഞിരിക്കുന്നതിനാൽ (2:1; 3:14,19) ഈ കാലത്തായിരിക്കണം നഹൂമിന്റെ പ്രവചനങ്ങൾ നടന്നിരിക്കുന്നത്. അങ്ങനെയെങ്കിൽ നഹൂം സെഫന്യാവിന്റെയും യിര

മ്യാവിന്റെയും സമകാലീനന്മാരും യോശിയാ രാജാവിന്റെ വാഴ്ചക്കാലത്തു ജീവിച്ചിരുന്ന ആളും ആയിരിക്കണം.

### വിഷയവും ഉദ്ദേശവും:

ദുഷ്ടന്മാരായ നിനവേയിലെ അശൂര്യരുടെമേൽ വരുന്ന യഹോവയുടെ കോപവും പ്രതികാരനടപിടിയാൽ ഉള്ള തകർച്ചയും പ്രസ്താവിക്കേണ്ടതിനായിട്ടായിരുന്നു. ഇതാണ് യോനാ പ്രതീക്ഷിച്ചിരുന്നത്, പക്ഷേ നഹൂം പിന്നെയും ഏകദേശം 150 വർഷങ്ങൾക്കു ശേഷമാണ് തന്റെ പ്രവചനം നടത്തിയത്.

യോനയുടെ പ്രസംഗം കേട്ടു മാനസ്സാന്തരപ്പെട്ട നിനവേക്കാർ ദീർഘകാലം അതിൽ നിലനിന്നില്ല; മറിച്ച് വേഗത്തിൽ അവർ തങ്ങളുടെ പഴയ ചീത്ത വഴികളിലേക്കു മടങ്ങിപ്പോയി. ഇസ്രയേലിലെ 10 ഗോത്രങ്ങളെ B.C. 722 -ൽ അശൂർ രാജാവായ സർഗോൺ II അടിമകളാക്കുകയും ശമര്യയെ നശിപ്പിക്കുകയും ചെയ്തു. അതിനുശേഷം സൻഹേരീബ് യറുശലേമിലേക്കു വരികയും യെഹസ്കിയാ രാജാവിനെയും ജനത്തെയും (B.C. 701) ഏതാണ്ട് പ്രവാസികളാക്കുമെന്ന അവസ്ഥയിൽ എത്തിയതുമാണ്. പക്ഷേ നിനവേ തലസ്ഥാനക്കായുള്ള അശൂരിന്റെ അഹന്തയും, സൈന്യബലത്തിനുമെതിരായിട്ടാണ് യഹോവ നഹൂമിൽ കൂടെ തന്റെ ന്യായവിധി അറിയിച്ചത്. അശൂരിന്റെ ശക്തിയും, ക്രൂരതയും യഹോവയുടെ ശക്തിക്കു മുമ്പിൽ തകർന്നടിയുകയായിരുന്നു. അശൂരിന്റെ ന്യായവിധിയെ പ്രസ്താവിക്കുന്ന പുസ്തകം യഹൂദയ്ക്കു വരുന്ന ആശ്വാത്തെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു.

### പ്രധാനവ്യക്തികൾ:

നഹൂം

### നഹൂമിന്റെ പുസ്തകത്തിൽ ക്രിസ്തു:

ക്രിസ്തുവിനെക്കുറിച്ച് നേരിട്ടുള്ള പ്രവചനങ്ങൾ ഒന്നുമില്ലെങ്കിലും എല്ലാ പ്രവചനങ്ങളുടെയും അടിസ്ഥാന വിഷയം ക്രിസ്തു ആകുന്നതിനാൽ ഇതിലും തീഷ്ണതയുള്ളവനും പ്രതിയോഗികളോടു പ്രതികാരം ചെയ്യുന്നവനുമായിട്ടാണ് ചൂണ്ടിക്കാട്ടുന്നത് (1:2-13).

### ബാഹ്യരേഖ:

1. **ആമുഖം: (1:1)**
2. **നിനവേയുടെ മേൽ വരുന്ന ഖണ്ഡിതമായ ന്യായവിധിയുടെ പ്രവചനം (1:2-15)**
   A. നിനവേയ്ക്കെതിരായി യഹോവയുടെ വിശുദ്ധ കോപം (1:2-8)
   B. യഹോവയ്ക്കെതിരായി നിനെവെയുടെ പദ്ധതി പൊളിയും (1:9-11)
   C. നിനവേയുടെ ന്യായവിധിയാൽ യഹൂദയുടെ കഷ്ടതയ്ക്കു അറുതിവരുന്നു (1:12-15)
3. **നിനവേയുടെമേൽ വരുന്ന ന്യായവിധിയുടെ വിവരണം (2:1-13)**
   A. പെട്ടെന്നുള്ള ആക്രമണത്തിന്റെ വിവരണം (2:1-6)
   B. പരാജയം വെളിപ്പെടുത്തിയിരിക്കുന്നു (2:7-13)
4. **നിനവേയെ ന്യായംവിധിക്കുന്നതിനു യഹോവയ്ക്കുള്ള കാരണങ്ങൾ (3:1-19)**
   A. അവളുടെ ആക്രമണവും, ചതിവുംമൂലം വരുന്ന നാണക്കേട് (3:1-7)
   B. തേബേസിനോട് (നോ-അമ്മോൻ) ചെയ്ത് അവളുടെ സ്വന്ത പരാജയത്തിനു ഹേതുവായി (3:8-11)
   C. അവളുടെ പ്രതിരോധം ഫലശൂന്യമായിപ്പോയി (3:12-19).

# ഹബക്കൂക്ക്

## (കുഴപ്പങ്ങൾക്കു പരിഹാരം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ഹബക്കൂക്ക് ആണ് എഴുത്തുകാരൻ എന്ന് 1:1-ൽ നിന്നും 3:1-ൽ നിന്നും വ്യക്തമാക്കുന്നു. താൻ പ്രവാചകൻ എന്നു സ്വയം വെളിപ്പെടുത്തുന്നതോടൊപ്പം അവന്റെ പ്രാർത്ഥനയും, സ്തുതിയും വെളിപ്പെടുത്തുന്ന മറ്റൊരു കാര്യം

അവന്റെ പൗരോഹിത്യ പശ്ചാത്തലമാണ്. ഹബക്കൂക്ക് തന്റെ പ്രാർത്ഥനാഗീതം അവസാനിപ്പിക്കുന്നത് "**സംഗീത പ്രമാണിക്ക് തന്ത്രിനാദത്തോടെ**" എന്നു പറഞ്ഞുകൊണ്ടാണ് (3:19 അവസാനം).

ഹബക്കൂക്ക് എന്നത് "ആലിംഗനം" എന്നർത്ഥം വരുന്ന എബ്രായ പദത്തിൽനിന്നുളവായതാണ്. പ്രവാചകൻ യഹോവയെ അവന്റെ രക്ഷയുടെ ദൈവവും ബലവുമായി കണ്ടു അവനോടു പറ്റിച്ചേർന്നു നിന്നു.

### എഴുതിയ കാലം:

600 B.C.

എന്തുകൊണ്ടെന്നാൽ ബാബിലോണ്യരുടെ ആക്രമണത്തിന്റെ പ്രതീക്ഷയും അവരുടെ പ്രശംസയും പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതായത് ഹബക്കൂക്കിന്റെ ശുശ്രൂഷ ബാബിലോണ്യ ആക്രമണത്തിനുമുമ്പ് യഹൂദാ രാജാവായ യഹോയാക്കീമിന്റെ ഭരണകാലത്തു നടന്നിരിക്കാനാണു സാദ്ധ്യത. 1:6; 2:1 എന്നീ വേദഭാഗങ്ങൾ ഇതിനു സഹായകമാണ്. ബാബിലോണ്യ ആക്രമണം 605 B.C -യിൽ ആയിരുന്നു.

### വിഷയവും ഉദ്ദേശവും:

ദുഷ്ടന്മാരായ ബാബിലോണ്യർ ആക്രമണത്തിനായി വരുന്നതു കണ്ടു ഹബക്കൂക് കുഴപ്പത്തിൽ ആകുന്നതാണ് പ്രവചന വിഷയം. അവന്റെ വിശ്വാസത്തിന്റെ മുമ്പിൽ പ്രയാസമേറിയ രണ്ടു ചോദ്യങ്ങളാണ് തെളിവായി വന്നത്: (1) എന്തുകൊണ്ടാണ് ദൈവം ശിക്ഷാവിധി നടത്താതെ തിന്മ പെരുകുവാൻ യഹൂദയെ അനുവദിച്ചിരിക്കുന്നത്? (1:2-4), (2) എങ്ങനെ ഒരു വിശുദ്ധനായ ദൈവം (1:13) പാപമുള്ള ജാതിയായ ബാബിലോണിനെ തന്റെ ന്യായവിധി നടത്തുവാനുള്ള മുഖാന്തിരമാക്കും? (1:12-2:1). ഹബക്കൂക്കിനെ ഇതു വല്ലാതെ വിഷമിപ്പിച്ചെങ്കിലും ദൈവത്തിന്റെ നിരന്തരമായ വെളിപ്പാടുകളിൽക്കൂടെ പ്രശ്നത്തിനു പരിഹാരം വരികയും സന്തോഷ സങ്കീർത്തനം പാടി യഹോവയിൽ ആശ്രയിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്നു. തിന്മയുടെ പ്രശ്നത്തെ നേരിടാനുള്ള ദൈവത്തിന്റെ നന്മയുടെയും ശക്തിയുടെയും പ്രതിരോധമാണ് ഈ പുസ്തകം.

### പ്രധാന വ്യക്തികൾ:

ഹബക്കൂക്.

### ഹബക്കൂക്കിന്റെ പുസ്തകത്തിൽ ക്രിസ്തു:

പ്രവചനത്തിന്റെ നിജസ്ഥിതി പരിശോധിക്കുമ്പോൾ ക്രിസ്തുവിനെ രക്ഷിതാവായി ചിത്രീകരിച്ചിരിക്കുന്നതു വ്യക്തമാണ്. 3:13,18 ഭാഗങ്ങളിൽ "രക്ഷ" എന്ന വാക്കു മൂന്നു പ്രാവശ്യം വന്നിരിക്കുന്നു. ഈ രക്ഷയാണ് മത്താ. 1:21-ൽ യേശു എന്ന പേരിനാൽ വിവക്ഷിച്ചിരിക്കുന്നതു. അവനെ പരിശുദ്ധനായും (1:12 cf 1 യോഹ. 1:9) വിശ്വസിക്കുന്നവരെ നീതികരിക്കുന്നവനായും (2:4) ഒരു ദിവസം ഭൂമിയെ തന്നാൽ നിറയ്ക്കുന്നവനായും പറഞ്ഞിരിക്കുന്നു. "**വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്വത്തിൽ പരിജ്ഞാനത്താൽ പൂർണ്ണമാകും**" (2:14).

### ബാഹ്യരേഖ:

**1. ഹബക്കൂക്കിന്റെ പ്രതിസന്ധി: വിശ്വാസം പരീക്ഷിക്കപ്പെടുകയും, ഉപദേശിക്കപ്പെടുകയും ചെയ്യുന്നു (1:1–2:20)**

- A ഒന്നാമത്തെ പ്രശ്നം: ദൈവം എന്തിനാണ് ദുഷ്ടത വർദ്ധിപ്പിക്കുവാൻ യഹൂദയെ അനുവദിക്കുന്നത്? (1:2–4)
- B. ദൈവത്തിന്റെ ഒന്നാമത്തെ മറുപടി (1:5–11)
- C. രണ്ടാമത്തെ പ്രശ്നം: യഹൂദയെ ശിക്ഷിക്കാനായി ദൈവം എന്തിനു ദുഷ്ടഭരണകൂടമായ ബാബിലോണിനെ ഉപയോഗിക്കുന്നു (1:12–2:1)
- D. ദൈവത്തിന്റെ രണ്ടാമത്തെ മറുപടി (2:2–20)

**2. ഹബക്കൂക്കിന്റെ സ്തുതിപ്പ്: വിശ്വാസത്തിന്റെ വിജയഭേരി (3:1–19)**

- A. ദൈവത്തിന്റെ ആളത്വത്തിനായി സ്തുതിക്കുന്നു (3:1–3)
- B. ദൈവശക്തിക്കായി സ്തുതിക്കുന്നു (3:4–7)

C. ദൈവത്തിന്റെ ഉദ്ദേശത്തിനായി സ്തുതിക്കുന്നു (3:8-16)
D. ദൈവത്തിലുള്ള വിശ്വാസത്തിനായി സ്തുതിക്കുന്നു (3:17-19).

# സെഫന്യാവ്

## (ന്യായവിധിയിൽക്കൂടെ അനുഗ്രഹം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

എഴുത്തുകാരൻ 1:1-ൽ പറയുംപോലെ ഹിസ്കിയാവിന്റെ മകനായ ഗദല്യാവിന്റെ മകനായ കൂശിയുടെ മകനായ സെഫന്യാവ് ആകുന്നു. സാധാരണയായി പിതാവിന്റെ പേരുമാത്രം നല്കുമ്പോൾ (യെശ. 1:1; യിരമ്യാ. 1:1; യെഹ. 1:3; ഹോശെ. 1:1; യോവേൽ 1:1) ഇവിടെ നാലു തലമുറയിലെ പൂർവ്വ പിതാക്കളുടെ പേരു നല്കിയിരിക്കുന്നു. ഇതു തന്റെ കുലീനത്വം വെളിപ്പെടുത്തുവാനായിട്ടാണ്. അതായത് സെഫന്യാവിന്റെ വലിയ വലിയച്ഛൻ യഹൂദയിലെ നല്ലവനായ യെഹസ്കിയാ രാജാവ് ആയിരുന്നെന്നു സാരം.

എഴുത്തുകാരനിൽനിന്നു തന്നെയാണ് പുസ്തകത്തിന്റെ പേരുണ്ടായിരിക്കുന്നത്. പേരിന്റെ അർത്ഥം "യഹോവ യുടെ മറഞ്ഞിരിക്കുന്നവർ" (2:3) എന്നാകുന്നു.

### എഴുതിയകാലം:

630-625 B.C.

മുഖവുരയിൽ കണ്ടപ്രകാരം (1:10) സെഫന്യാവിന്റെ പ്രവചന ശുശ്രൂഷ യോശിയാ രാജാവിന്റെ ഭരണകാലത്താ യിരുന്നു. (B.C. 640-609) അതായത് നിനവേയുടെ നാശത്തിനും (612 B.C.) മുമ്പായിരുന്നു. അതിനു തെളിവായി നമുക്കു 1:4-6 വരെയുള്ള ഭാഗത്ത് പറഞ്ഞിരിക്കുന്ന യഹൂദയുടെ വിഗ്രഹാരാധനയുടെ രേഖ എടുക്കാവുന്നതാണ്. യോശിയാവിന്റെ (622-621 ബി.സി.)നവീകരണ കാലത്താണ് ഇതിനൊരു അറുതി വന്നത്. ഇതെല്ലാം വച്ചു നോക്കു മ്പോൾ 630 ഉം 625 ഉം B.C. യ്ക്കും ഇടയ്ക്ക് എഴുതി എന്നു വിശ്വസിക്കുന്നതാണു ന്യായം.

### വിഷയവും ഉദ്ദേശവും:

മനശേ, ആമോൻ, എന്നീ യഹൂദരാജാക്കന്മാരുടെ ദുർഭരണത്താൽ (3:1-7) സാന്മാർഗ്ഗികമായും, ആത്മീയമായും അധഃപതിച്ച് യഹോവയോടു അനുസരണക്കേടു കാട്ടിയ ജനതയ്ക്കു ആവർത്തനം 28-ൽ പറഞ്ഞിരിക്കുന്ന എല്ലാ ശാപങ്ങളും ശിക്ഷകളും അനുഭവിക്കാൻ സമയമായിരിക്കുന്നു എന്നു മുന്നറിയിപ്പായിരുന്നു സെഫന്യാവിന്റെ പ്രവ ചനം. ദൈവം തന്റെ വിശുദ്ധിയിൽ എഴുന്നെള്ളി വരികയും സകല രാഷ്ട്രങ്ങളെയും വിളിച്ചു കൂട്ടി കണക്കു ചോദിക്കുകയും, അവരെ ന്യായം വിധിക്കുകയും ചെയ്യുന്ന കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നതാണ് പ്രധാന വിഷയം. എന്നാൽ വിശുദ്ധിയേ അളവുകോൽ ആക്കുന്ന ദൈവം കരുണയുള്ളവനും അനുഗ്രഹിക്കുന്ന വനും കൂടെ ആകയാൽ എല്ലാവർക്കും അനുതപിച്ച് മടങ്ങിവരാനുള്ള അവസരമുണ്ടെന്നും കൂടെ പ്രവാചകൻ പ്രസ്താവിച്ചിട്ടുണ്ട്. സെഫന്യാവിന്റെ പ്രവചനത്തെ (1) പാപത്തിന്റെ ന്യായവിധി (2) മടങ്ങിവരവിനും മാനസ്സാ ന്തരത്തിനുമായുള്ള വിളി (3) ഭാവി വിടുതലും അനുഗ്രഹങ്ങളും എന്നു മൂന്നായിട്ടു തിരിക്കാം.

### പ്രധാന വ്യക്തികൾ:

സെഫന്യാവ്, യോശിയാ.

### സെഫന്യാവിന്റെ പുസ്തകത്തിൽ ക്രിസ്തു:

പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലെങ്കിലും ഇസ്രയേലിന്റെ മദ്ധ്യത്തിൽ നീതിയുള്ളവൻ (3:5) അവരുടെ രാജാവ് (3:15) എന്നീ പ്രയോഗങ്ങൾ മശിഹായെക്കുറിച്ചാകുന്നു.

### ബാഹ്യരേഖ:

1. **ആമുഖം. (1:1)**

2. **യഹോവയുടെ ദിവസത്തിലെ ന്യായവിധി (1:2–3:8)**
   A. സകല ഭൂമിയിലും വരുന്ന ന്യായവിധി (1:2,3)
   B. യഹൂദയുടെമേൽ വരുന്ന ന്യായവിധി (1:4–2:3)
      1) ന്യായവിധിയുടെ കാരണങ്ങൾ (1:4–13)
      2) ന്യായവിധിയുടെ വിവരണം (1:14–18)
      3) അനുതപിക്കുവാനും അന്വേഷിപ്പാനും രാഷ്ട്രങ്ങൾക്കു മുന്നറിയിപ്പു നല്കുന്നു (2:1–3)
   C അയൽ രാഷ്ട്രങ്ങൾക്കുള്ള ന്യായവിധി (2:4–15)
      1) ഫെലിസ്ത്യരുടെ മേൽ (2:4–7)
      2) മോവാബിന്മേലും, അമ്മോന്റെ മേലും (2:8–11)
      3) എത്യോപ്യയുടെ മേൽ (2:12)
      4) അശൂരിന്റെ മേൽ (2:13–15)
   D യെരൂശലേമിന്റെ മേൽ വരുന്ന ന്യായവിധി (3:1–7)
      1) പ്രവാചകന്റെ കുറ്റാരോപണം (3:1–5)
      2) യഹോവയുടെ ന്യായവിധി (3:6,7)
   E സംപൂർണ്ണ ഭൂമിമേൽ വരുന്ന ന്യായവിധി (3:8)

3. **യഹോവയുടെ ദിവസത്തിലെ പുനരുദ്ധാരണം (3:9–20)**
   A രാഷ്ട്രങ്ങളുടെ പുനരുദ്ധാരണം (3:9–10)
   B ഇസ്രയേലിന്റെ പുനരുദ്ധാരണം (3:11–20).

# ഹഗ്ഗായി

## (പ്രോത്സാഹനം)

### മുഖവുര:

ഹഗ്ഗായി ഉൾപ്പെടെ മൂന്നു പ്രവാചകന്മാരാണ് ബാബിലോണ്യ പ്രവാസത്തിനുശേഷം പ്രവചിച്ചവർ. ഹഗ്ഗായി, സെഖര്യാവ്, മാലാഖി ഇവർ മൂന്നുപേരും ഇസ്രയേലിലേക്കു മടങ്ങിവന്ന യഹൂദന്മാരോടാണ് പ്രവചിച്ചത്. വളരെ ചുരുങ്ങിയ ഒരു ശേഷിപ്പെങ്കിലും അവരുടെ സാന്മാർഗ്ഗികവും, ആത്മീകവുമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയായിരുന്നു ഈ പ്രവാചകന്മാർ ചെയ്തത്. എന്തെന്നാൽ സ്വന്തം നാട്ടിൽ അവർക്ക് ദേവാലയവും ഭരണകൂടവും എല്ലാം ഉണ്ടാക്കേണ്ടിയിരുന്നു.

ഹഗ്ഗായിയും സെഖര്യാവും അവരുടെ ദേവാലയം പണിയ്ക്കാവശ്യമായ ആത്മീയ പ്രചോദനം നല്കയപ്പോൾ മാലാഖി അവരുട സാന്മാർഗ്ഗികവും, സാമൂഹ്യവും ആയ ആവശ്യങ്ങളെ ചൂണ്ടിക്കാട്ടി രാഷ്ട്രനിർമ്മാണത്തിനു പ്രചോദനം നല്കി.

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ഹഗ്ഗായി എന്ന പേരിന് "ആഹ്ലാദപ്രദം" അഥവാ "ഉത്സവാഘോഷം" എന്നാണ് അർത്ഥം. ചിലരുടെ അഭിപ്രായം ഹഗ്ഗായി ജനിച്ചത് ഏതോ ഉത്സവ ദിനത്തിൽ ആയിരുന്നു എന്നാണ്. എന്നാൽ ഇതിന് ആധികാരികമായ പിൻബലമില്ല. പുസ്തകത്തിൽനിന്നു ലഭിക്കുന്ന അറിവുകളും (9 പ്രാവശ്യം പേരു വന്നിട്ടുണ്ട്) എസ്രാ. 5:1–2; 6:14 നല്കുന്ന വിവരങ്ങളുമല്ലാതെ ഹഗ്ഗായിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഒന്നുമില്ല. ഹഗ്ഗായിതന്നെക്കുറിച്ചു തന്നെ പ്രവാചകൻ എന്നു പറഞ്ഞിരിക്കുന്നു (1:1). അവന്റെ മാതാപിതാക്കളെക്കുറിച്ച് യാതൊരറിവുമില്ല. അവൻ സെഖ്യര്യാവിന്റെ ഗവർണറായിരുന്ന സെരൂബാബേലിന്റെയും സമകാലികനായിരുന്നു.

സാധാരണ മറ്റു പുസ്തകങ്ങളിലെപ്പോലെ തന്നെ ഈ പുസ്തകത്തിനും അതിന്റെ പേര് എഴുത്തുകാരന്റേതു തന്നെയാണ്.

### എഴുതിയകാലം:

520 B.C.

പേർഷ്യൻ രാജാവായ കോരശിന്റെ വിളംബര പ്രകാരം 50,000 യഹൂദന്മാർ യരുശലേമിലേയ്ക്കു മടങ്ങിവന്നു. ഈ കൂട്ടത്തിലാണ് സെരൂബാബേൽ (എസ്രാ. 1:2-4 *cf.* യെശ. 44:28). മഹാപുരോഹിതനായ യോശുവാ, പ്രവാചകന്മാരായ ഹഗ്ഗായി, സെഖര്യാവ് എന്നിവരും മടങ്ങിവന്നതും യഹൂദന്മാരുടെ മടങ്ങിവരവിനും ദേവാലയത്തിന്റെ പുനർനിർമ്മിതിയ്ക്കും ആധികാരികമായ വിളംബരം (അനുമതി) ലഭിച്ചത് 538 B.C. യിൽ ആയിരുന്നു.

തിരിച്ചുവന്നവർ എത്രയുംവേഗത്തിൽ യാഗപീഠം പണിയുകയും ലേവ്യ വിധിപ്രകാരമുള്ള യാഗാദി കർമ്മങ്ങൾ (എസ്രാ 3:1-6) പുനരാരംഭിക്കുകയും രണ്ടാംവർഷത്തിൽ ദേവാലയത്തിനു അടിസ്ഥാനമിടുകയും ചെയ്തു (എസ്രാ 3:8-13; 5:16). എങ്കിലും ശമര്യരുടെ ഭീഷണിയും, പേർഷ്യയിൽനിന്നുള്ള ചില സമ്മർദ്ദങ്ങളും ദേവാലയ പണിക്ക് തടസ്സം സൃഷ്ടിച്ചു. ഇതു ജനങ്ങളുടെ ആത്മീയ വളർച്ചയേയും ബാധിച്ചു. ഈ അവസ്ഥ ഏതാണ്ട് 16 നീണ്ട വർഷങ്ങൾ അതായത് ദാര്യാവേശ് രാജാവിന്റെ രണ്ടാം ആണ്ടുവരെ നീണ്ടുപോയി. ദാര്യാവേശ് ഹിസ്റ്റാസ്പെസ് പേർഷ്യയിൽ ഭരണം നടത്തിയത് B.C. 521-486 വരെയാണ്. ദാര്യാവേശ് രാജാവിന്റെ രണ്ടാം ആണ്ടിൽ (B.C. 520) ദൈവം ഹഗ്ഗായി പ്രവാചകനിൽക്കൂടി യഹൂദ ജാതിയെ ഉണർത്തുകയും ദേവാലയത്തിന്റെ പുനർനിർമ്മാണം ആരംഭിക്കുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു (എസ്രാ. 5:1,2; ഹഗ്ഗാ.1:1).

ഹഗ്ഗാ. 1:1-ൽ പറഞ്ഞിരിക്കുംപ്രകാരം ദാര്യവേശിന്റെ 2-ാം ആണ്ടിൽ (B.C. 520) ആറാംമാസമായ എലൂൽ (ആഗസ്റ്റ്, സെപ്റ്റംബർ) ഒന്നാം തീയതിയായിരുന്നു ഹഗ്ഗായിക്ക് ആദ്യ ദൂതു (അരുളപ്പാട്) ലഭിച്ചത്.

### വിഷയവും ഉദ്ദേശവും:

പഴയനിയമത്തിലെ ഏറ്റവും ചെറിയ പുസ്തകം ഒബേദ്യാവ് ആണെങ്കിൽ രണ്ടാമത്തെ ചെറിയ പുസ്തകം ഹഗ്ഗായി തന്നെ. ഇതിന്റെ ഭാഷാഘടന ലളിതവും പ്രചോദിതവുമാണ്. ഒരു പ്രത്യേക സന്ദർഭത്തിലേക്കായി നിയോഗിക്കപ്പെട്ടവനും അപ്രശസ്തനായ ഒരു പ്രവാചകന്റെ നാലു ദൂതുകളാണ് ഇതിലെ പ്രതിപാദ്യവിഷയം.

വലിയ പ്രവാചകന്മാരെപ്പോലെ പ്രശസ്തനും ഒരു വലിയ ഗ്രന്ഥത്തിന്റെ രചയിതാവും അല്ലെങ്കിലും തന്റെ ചെറിയ ഗ്രന്ഥത്തിൽക്കൂടെ നല്കിയിരിക്കുന്ന നാലു ദൂതുകൾ അതിശക്തവും ദൈവത്തിൽനിന്നുള്ളതുമായിരുന്നതിനാലാണ് ദേവാലയത്തിന്റെ പുനർനിർമ്മാണത്തിന് ജനങ്ങൾ പ്രചോദിതരായത്. "**സൈന്യങ്ങളുടെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു**" (1:2) എന്ന് 25-ൽ അധികം പ്രാവശ്യം പ്രസ്താവിച്ചിരിക്കുന്നത് പ്രവചനത്തിന്റെ ദൈവീക അധികാരത്തെയാണ് വെളിപ്പെടുത്തുന്നത്. പുസ്തകം അവസാനിപ്പിക്കുന്നതും ഇതേ പ്രസ്താവനയോടാണ്.

അടിമത്വത്തിൽനിന്നും മടങ്ങിവന്ന ശേഷിപ്പിനെ ഉത്സാഹിപ്പിച്ച് യഹോവയുടെ ആലയം പണിയിക്കുന്നതിനായി ചെയ്ത പ്രവചനങ്ങളിൽനിന്ന് മൂന്നു കാര്യങ്ങൾ വ്യക്തമാക്കുന്നു: (1) ദൈവത്തിന് പ്രഥമസ്ഥാനം നല്കുമ്പോഴാണ് ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കുന്നത്, (2) ദൈവത്തിനുവേണ്ടി നാം ചെയ്യുന്ന പ്രവർത്തികൾ ഒരിക്കലും ഉദാസീനതയോടെ ആയിരിക്കരുത്, (3) നാളേക്കുള്ള (ഭാവി) ദൈവീക വാഗ്ദത്തങ്ങൾ ഇന്ന് ദൈവത്തിൽ ആശ്രയിക്കാനുള്ള അടിസ്ഥാനമായിതീരുന്നു.

### പ്രധാന വ്യക്തികൾ:

ഹഗ്ഗായി, ദാര്യവേശ്, സെരുബാബേൽ, മഹാപുരോഹിതനായ യോശുവ.

### ഹഗ്ഗായിയുടെ പുസ്തകത്തിൽ ക്രിസ്തു:

ദേവാലയ മഹത്വം വീണ്ടെടുക്കുന്നവനും (2:7-9) ലോക സാമ്രാജ്യങ്ങളെ നിർമ്മൂലനം ചെയ്യുന്നവനും (2:22) ആയിട്ടാണ് ഇതിൽ ക്രിസ്തുവിനെ ഉയർത്തിക്കാട്ടുന്നത്.

### ബാഹ്യരേഖ:

**1. ഒന്നാമത്തെ ദൂത്: ദേവാലയം പണിയുവാനുള്ള ആഹ്വാനം (1:1-15)**

- A മുഖവുര (1:1)
- B ഒന്നാമത്തെ ശാസന (1:2-6)
- C പരിഹാരം (1:7-8)
- D രണ്ടാമത്തെ ശാസന (1:9-11)
- E പ്രവാചക ദൂതിനോടുള്ള പ്രതികരണം (1:12-15)

**2. രണ്ടാമത്തെ ദൂത്: ദൈവീക വാഗ്ദത്തങ്ങളാലുള്ള ധൈര്യം പ്രാപിക്കുവാനുള്ള വിളി (2:1-9)**

- A മുഖവുര (2:1-2)
- B ശക്തീകരിക്കാമെന്നുള്ള ദൈവീക വാഗ്ദത്തവും ഭാവി മഹത്വവും (2:3-9)

**3. മൂന്നാമത്തെ ദൂത്, ജീവത ശുദ്ധീകരണത്തിനായുള്ള വിളി (2:10-19)**

- A മുഖവുര (2:10)
- B കുഴപ്പം: ശേഷിപ്പിന്റെ അനുസരണക്കേട് (2:11-14)
- C പരിഹാരം: ശേഷിപ്പിന്റെ അനുസരണം (2:15-19)

**4. നാലാമത്തെ ദൂത്: ഭാവി ഉറപ്പാക്കുന്നതിനുള്ള വിളി (2:20-23)**

- A മുഖവുര (2:20-21a)
- B ജാതീയ രാജ്യങ്ങളുടെ ഭാവിപരാജയത്തെക്കുറിച്ചുള്ള വാഗ്ദത്തം (2:21b-22)
- C ദാവീദിന്റെ രാജ്യത്തിന്റെ പുനരുദ്ധാരണത്തിനുള്ള വാഗ്ദത്തം (2:23).

# സെഖര്യാവ്

## (യഹോവയുടെ തീഷ്ണത)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ലേവ്യർക്കു നായകനും പുരോഹിതനുമായിരുന്ന ഇദ്ധോ (നെഹ.12:4) വിന്റെ മകനായ ബെരെഖ്യാവിന്റെ മകനായ സെഖര്യാ പ്രവാചകനാണ് എഴുത്തുകാരൻ. ഇദ്ദേഹം പൂർവ്വ പ്രവാചകന്മാർക്കു സമകാലീനനായിരുന്നു (എസ്രാ. 6:14).

പേരിന്റെ അർത്ഥം "യഹോവ ഓർക്കുന്നു" അഥവാ "യഹോവ ഓർത്തിരുന്നു" എന്നാണ്. പുസ്തകത്തിലുടനീളം ഈ വിഷയത്തെ കാണാവുന്നതാണ്.

### എഴുതിയ കാലം:

520-518 B.C.

ഒന്നാം വാക്യത്തിൽ സെഖര്യാവ് ബെരേഖ്യാവിന്റെ പുത്രനും ഇദ്ദോയുടെ കൊച്ചു മകനും എന്നു പറഞ്ഞിരിക്കുന്നു. ഇദ്ധോ സെരുബാബേലിന്റെ സമകാലീനനായ പുരോഹിതൻ ആയിരുന്നു എന്നു നെഹ. 12:4-ൽ കാണുന്നു. ഹഗ്ഗായി പ്രവാചകനോടൊത്തു ദേവാലയ പുനർനിർമ്മാണം നടത്തുമ്പോൾ B.C. 520 സെഖര്യാവ് യൗവ്വനക്കാരനായിരുന്നു (2:4). അവന്റെ അവസാന പ്രവചനം (7:1-14) രണ്ടു വർഷത്തിനുശേഷം B.C.518-ൽ ആയിരുന്നു. 9-14 വരെയുള്ള ഭാഗം ചില ദശാബ്ദങ്ങൾക്കുശേഷം കൂട്ടി ചേർത്തതായിരിക്കണം. ഒരു പക്ഷേ, B.C 480-ൽ ആയിരിക്കണം എന്തെന്നാൽ 9:13-ൽ ഗ്രീസ്സിന്റെ പരാമർശം ഉണ്ട്.

കൂടുതൽ അറിവുകൾ ഒന്നുമില്ലെങ്കിലും ബാബിലോൺ പ്രവാസകാലത്തു ജനിച്ച് മടങ്ങിപോന്ന പ്രവാസികൾക്കൊപ്പം വന്നു എന്നു കരുതുന്നു. മത്താ. 23:35-ൽ യേശു സൂചിപ്പിക്കുന്ന ബെരഖ്യാമിന്റെ ഏതോ ദേവാലയ കലഹത്തിലായിരുന്നു കൊല ചെയ്യപ്പെട്ടത്. 2 ദിന. 24:20,21-ൽ പറയുന്ന യഹോയാദിയുടെ മകൻ സെഖര്യാവും യോശിയാരാജാവിന്റെ കാലത്തു കൊല ചെയ്യപ്പെടുകയായിരുന്നു. 44

## വിഷയവും ഉദ്ദേശവും:

പ്രവാസത്തിൽനിന്നു മടങ്ങിവന്ന ശേഷിപ്പിനെ ഉത്സാഹിപ്പിച്ച് ദേവാലയത്തിന്റെ നിർമ്മണം പൂർത്തീകരിക്കുകയായിരുന്നു ഉദ്ദേശം. ഇസ്രയേലിന്റെ പുനരുദ്ധീകരണത്തിനായി ദൈവം ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നെന്നും അതിന്റെ ഫലമായി മശിഹായുടെ വരവിൽ അവർക്കു ആത്മീകാവകാശങ്ങൾ ലഭ്യമാണെന്നും പ്രവാചകൻ എടുത്തു പറഞ്ഞിട്ടുണ്ട്. ഉപദേശപരമായി ദേവാലയം പണി യിസ്രയേൽക്കാരുടെ ആത്മീക പുനർനിർമ്മാണത്തെയാണു കാണിക്കുന്നത്.

## പ്രധാനവ്യക്തികൾ:

സെഖര്യാവ്, മഹാപുരോഹിതനായ യോശുവ.

## സെഖര്യാവിന്റെ പുസ്തകത്തിൽ ക്രിസ്തു:

ഒരുപക്ഷേ സെഖര്യാവിന്റെ പുസ്തകം മശിഹായെ വെളിപ്പെടുത്തുന്നതുപോലെ പഴയനിയമത്തിലെ മറ്റു യാതൊരു പുസ്തകവും ഇത്രയും പൂർണ്ണമായി ചെയ്യുന്നുണ്ടോ എന്നു സംശയമാണ്. ക്രിസ്തുവിന്റെ രണ്ടു വരവുകളെയും, മനുഷ്യത്വത്തെയും ദൈവത്വത്തെയും, ദാസത്വത്തെയും രാജത്വത്തെയും, വെളിവാക്കുന്നതോടൊപ്പം അവനെ യഹോവയുടെ ദൂതനായും (3:1) നീതിയുള്ള മുളയായും (3:8) ഏഴുകണ്ണുള്ള കല്ലായും (3:9) കുത്തിതുളച്ചവൻ അഥവാ ക്രൂശിക്കപ്പെട്ടവനായും (12:10) താഴ്ചയുള്ള രാജാവായി വരുമെന്നും (9:9,10) വെട്ടേറ്റ ഇടയനായും (13:7) വരുവാനുള്ള ന്യായാധിപതിയും രാജാവും ആയും (14) ഇതിൽ വളരെ വ്യക്തമായി ചൂണ്ടികാട്ടിയിരിക്കുന്നു.

## ബാഹ്യരേഖ:

### 1. അനുതാപത്തിനായുള്ള വിളി (1:1-6)

### 2. സെഖര്യാവിന്റെ എട്ടു ദർശനങ്ങൾ (1:7-6:8)

- A കുതിരയും കുതിരക്കാരനും (1:7-17)
- B നാലു കൊമ്പുകളും, നാലു കൊല്ലന്മാരും (1:18-21)
- C അളവുകാരൻ (2:1-13)
- D സ്വർണ്ണ വിളക്കുതണ്ട് (4:1-14)
- E പറക്കുന്ന ചുരുള് (5:1-4)
- F ഏഫയുടെ നടുവിലെ സ്ത്രീ (5:5-11)
- G നാലു രഥങ്ങൾ (6:1-8)

### 3. യോശുവായുടെ കിരീടധാരണം (6:9-15)

### 4. ഉപവാസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ (7:1-8:23)

### 5. ഭാവിയെക്കുറിച്ചുള്ള അരുളപ്പാടുകൾ (9:1-14:21)

- A മശിഹാ ത്യജിക്കപ്പെടുന്നു (9:1-11:17)
- B മശിഹായുടെ വാഴ്ച (12:1-14:21).

# മാലാഖി

## (മാനസ്സാന്തരവും മടങ്ങിവരവും)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

പ്രവചന കർത്താവിന്റെ പേര് ഒന്നാം വാകൃത്തിൽ പറഞ്ഞിരിക്കുന്നതല്ലാതെ മറ്റൊരിടത്തും ഇല്ല (1:1) പേരിന്റെ അർത്ഥം "എന്റെ ദൂതൻ" എന്നതിനു യോജിച്ചവണ്ണമാണ്. വരുവാനുള്ള "നിയമത്തിന്റെ ദൂതനെ" പ്രതീക്ഷിക്കുവാനുള്ള പ്രവാചകന്റെ ആഹ്വാനം (*cf.*1) ഇതു യോഹന്നാൻ സ്നാപകനെ കുറിച്ചായിരുന്നു (മത്താ. 11:10).

### എഴുതിയകാലം:

450-400 B.C.

മാലാഖിയുടെ കാലത്തെക്കുറിച്ച് ഗ്ലിസ്സൺ ആർച്ചറുടെ അഭിപ്രായം:

> "പുസ്തകത്തിന്റെ ഉള്ളടക്കം പരിശോധിച്ചാൽ മാലാഖിയുടെ പ്രവചനങ്ങൾ അഞ്ചാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അതായത് B.C. 435-ൽ നടന്നിരിക്കണം. താഴെ പറയുന്ന കാര്യങ്ങളാണ് ഈ തീരുമാനത്തിനു അടിസ്ഥാനം: (1) ദേവാലയത്തിന്റെ പുനർനിർമ്മാണവും മോശൈക യാഗാർപ്പണവും നടന്നിരുന്നു (1:7,10; 3:1), (2) ആ കാലത്ത് ഒരു പേർഷ്യൻ ഗവർണർ അധികാരത്തിൽ ഉണ്ടായിരുന്നതിനാൽ നെഹമ്യാവ് ഗവർണറായിരുന്നപ്പോൾ (445-433 B.C.) ആകാൻ വഴിയില്ല. (3) മലാഖി കുറ്റപ്പെടുത്തുന്ന പാപങ്ങളെ നെഹമ്യാവും തന്റെ രണ്ടാം ഘട്ടത്തിൽ കുറ്റപ്പെടുത്തുന്നതാണ് : പൗരോഹിത്യത്തിന്റെ തളർച്ച: 1:6; നെഹ. 13:4-9) (b) ലേവ്യരുടെ അവകാശങ്ങളായ ദശാംശത്തിന്റെ അവഗണന (3:1-12; നെഹ.13:10-13) (c) അന്യജാതിക്കാരുമായുള്ള മിശ്രവിവാഹം (2:10-16; നെഹ.13:23-28). ഈ വിധ പാപങ്ങൾക്കെതിരായി മാലാഖി ശക്തമായി പ്രതികരിച്ചിരുന്നു എന്നും അതു നെഹമ്യാവിന്റെ മടങ്ങിവരവിനു ശേഷമായിരുന്നു എന്നും തീർച്ചയായും അനുമാനിക്കാം. അങ്ങനെയെങ്കിൽ അതു 435 B.C. ആയിരിക്കണം." 45

### വിഷയവും ഉദ്ദേശവും:

നെഹമ്യാവിന്റെ നേതൃത്വത്തിൻ കീഴിൽ ഒരു ഉണർവ്വിന്റെ കാലമായിരുന്നു (നെഹ 10:28-39). എന്നിരുന്നാലും പുരോഹിതന്മാരും ജനങ്ങളും അതിനെ ആന്തരീക അനുഭവമാക്കാതിരുന്നതിനാൽ പിന്നെയും ന്യായപ്രമാണത്തോടു കാട്ടിയത് തണുപ്പൻ പ്രതികരണമായിരുന്നു. ഈ യാന്ത്രിക നീക്കത്തിന്റെ ഫലമായി പുരോഹിതന്മാർ ആത്മീക അലസരാകയും, ജനങ്ങൾ മിശ്രവിവാഹത്തിലടെ ജാതീയ വഴി പഠിക്കയും, യഹോവയുടെ ആലയത്തിലേക്കുള്ള ദശാംശങ്ങളും, മറ്റു ദാനങ്ങളും നിർത്തലാക്കുകയും ചെയ്തതിനെയാണ് മാലാഖി കുറ്റപ്പെടുത്തുന്നത്. എന്നിട്ടും എന്തിനാണ് ദൈവം തങ്ങളിൽ പ്രസാദിക്കാതിരിക്കുന്നതെന്നായിരുന്നു ജനങ്ങളുടെ ചോദ്യം. ആത്മീക മന്ദതയിൽ കുഴഞ്ഞുപോയ ജനത്തിന്റെ പിൻമാറ്റത്തെയും പാപങ്ങളെയും ശാസിച്ചുകൊണ്ടാണ് മാലാഖിയുടെ പ്രവചനം. അവർക്കു മറുപടി നല്കിയത്. അതേസമയം തന്നെ മശിഹായുടെ വരവിനു വഴി ഒരുക്കുവാൻ വരുന്ന കർത്താവിന്റെ നിയമദൂതനെക്കുറിച്ചു പ്രസ്താവിച്ച് അവർക്ക് പ്രചോദനം നല്കിക്കൊണ്ടാണ് പ്രവചനം അവസാനിപ്പിക്കുന്നത്.

അങ്ങനെ സത്യാരാധനയെ അവഗണിച്ച് ജനതയെ ശാസിക്കുകയും അനുതപിച്ചു യഹോവയിങ്കലേക്കു മടങ്ങിവരാൻ ആഹ്വാനം ചെയ്യുന്നതുമാണ് പുസ്തകത്തിന്റെ സംക്ഷേപം (1:6; 3:7). ഗ്ലിസ്സൺ ആർച്ചർ (Gleason Archer) വിഷയത്തെ സാംശീകരിച്ചിരിക്കുന്നതു താഴെ കാണുക:

> "ഒരു ദേശത്തിന്റെ സാമ്പത്തിക പുരോഗതിക്കാവശ്യമായിരിക്കുന്ന കൃഷികാര്യാദികളിന്മേൽ ദൈവം പ്രസാദിച്ചു വർദ്ധനവു നല്കണമെങ്കിൽ അവിടെയുള്ള ജനം വിശുദ്ധരും ദൈവത്തോടു ആത്മാർത്ഥത കാട്ടുന്നവരുമായിരിക്കണമെന്നാണ് മാലാഖിയുടെ പ്രവചന വിഷയം. ഒരു വിശുദ്ധ വംശമായിരിപ്പാനുള്ള ഉന്നതവിളി ലഭിച്ച ഇസ്രായേൽ അതിനനുസരണമായി ജീവിക്കേണ്ടതും മശിഹായിക്കായി

കാത്തിരിക്കേണ്ടതുമായിരുന്നു; എന്തുകൊണ്ടെന്നാൽ ഇസ്രയേലിന്റെ ഏറ്റം പ്രിയപ്പെട്ട പ്രത്യാശയായിരുന്നു. രോഗോപശാന്തിയോടെ ശുശ്രൂഷ ചെയ്യുകയും, ജാതികളെ ന്യായം വധിക്കുകയും ചെയ്യുന്ന മശിഹായുടെ ആഗമനം." 46

## പ്രധാന വ്യക്തികൾ:

മാലാഖി

## മാലാഖിയുടെ പുസ്തകത്തിൽ ക്രിസ്തു:

മാലാഖിയുടെ പ്രവചനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന മശിഹായെ സംബന്ധിച്ചു വില്കിൻസനും (wilkinson) ബോവയും (Boa) അതി ശ്രേഷ്ഠമായ ഒരു സംക്ഷേപം തയാറാക്കിയിട്ടുണ്ട്:

> "മാലാഖിയുടെ പുസ്തകം വരുവാൻ പോകുന്ന നാനൂറു വർഷത്തെ നിശബ്ദതയ്ക്കുള്ള മുഖവുരയായിരുന്നു. ഈ നിശബ്ദതയെ ഭജ്ഞിച്ചുകൊണ്ട് ***"ഇതാ ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്"*** (യോഹ.1:29) എന്നു വിളച്ചു പറഞ്ഞുകൊണ്ടുവന്നു അടുത്ത പ്രവാചകൻ മാലാഖി ചൂണ്ടിക്കാട്ടിയ യോഹന്നാൻ സ്നാപകൻ ആയിരുന്നു (3:1 cf. യെശ. 40:30). യോഹന്നാൻ സ്നാപകന്റെ വരവിനെക്കുറിച്ചു പ്രവചിച്ച മാലാഖി അടുത്തതായി പ്രവചിച്ചത് ക്രിസ്തുവിന്റെ രണ്ടാംവരവിനെക്കുറിച്ചായിരുന്നു (3:2-5)." 47

## ബാഹ്യരേഖ:

### 1. ഇസ്രയേലിനു ലഭിച്ച പ്രത്യേക ആനുകൂല്യം (1:1-5)

A ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തി (1:1-2a)
B ദൈവത്തിന്റെ സ്നേഹത്തെ സംശയിക്കുന്നു (1:2b)
C ദൈവസ്നേഹം പ്രത്യക്ഷമാകുന്നു (1:3-5)

### 2. ഇസ്രയേലിന്റെ ദുഷിപ്പ് (1:6-3:15)

A ചതി (1:6-14)
B അവിശ്വസ്ഥത (2:1-9)
C ആത്മീയ ദാസത്തിലുള്ള മിശ്രവിവാഹം (2:10-12)
D ഉപേക്ഷണം (2:13-16)
E വലിയ പാപം (2:17)
F വരുവാനുള്ള ദൂതൻ (3:1-6)
G കവർച്ച (3:7-12)
H അഹങ്കാരം (3:13-15)

### 3. ജനത്തിനുള്ള വാഗ്ദത്തം (3:16-4:6)

A സ്മരണ പുസ്തകത്തിന്റെ വാഗ്ദത്തം (3:16-18)
B ക്രിസ്തുവിന്റെ വരവിന്റെ വാഗ്ദത്തം (4:1-3)
C ഏലിയാവിന്റെ വരവിന്റെ വാഗ്ദത്തം (4:4-6).

## അദ്ധ്യായം 3

# പുതിയനിയമ സർവ്വേ

# മുഖവുര

പുതിയ നിയമരേഖ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, എന്നിവയുടെയും തുടർന്ന് അവൻ തിരഞ്ഞെടുത്ത അപ്പോസ്തലന്മാരാൽ ഈ ലോകത്തിൽ നിവൃത്തിച്ച ശുശ്രൂഷയുടെയും ചരിത്രപരമായ തെളിവുകളാണ് കൂടാതെ ആകാംക്ഷയോടെ നോക്കി പാർത്തിരുന്ന പഴയനിയമ പ്രവചന സംഭവങ്ങളുടെ നിവൃത്തിയുമാണ്. ഇതിന്റെ മറ്റൊരു പ്രത്യേകത ഇതെഴുതിയത് പരിശുദ്ധാത്മാവിന്റെ നിയോഗത്തിലും നിയന്ത്രണത്തിലുമാകയാൽ വെറുമൊരു ലോകചരിത്രമല്ല പിന്നെയോ ഇതൊരു വിശുദ്ധ ചരിത്രമാണ്. അതായത് പഴയനിയമത്തെപ്പോലെ തന്നെ മനുഷ്യതെറ്റുകൾ കടന്നു കൂടാതെ ദൈവിക കൃത്യതയിൽ പൂർത്തിയാക്കപ്പെടുകയും കർത്താവു മടങ്ങിവരുവോളം ദൈവസഭയ്ക്കും, സംപൂർണ്ണ മനുഷ്യവർഗ്ഗത്തിനായും നല്കപ്പെട്ടിരിക്കുന്ന ഏക ചരിത്രഗ്രന്ഥവുമാണിത്.

## "പുതിയ നിയമം" എന്ന പ്രയോഗത്തിന്റെ ഉല്പത്തി:

നമ്മുടെ ബൈബിൾ പഴയനിയമം, പുതിയനിയമം എന്നു രണ്ടായി തിരിച്ചിരിക്കുന്നു. എന്താണിതിന്റെ അർത്ഥം? "നിയമം" എന്നതിനു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദത്തിനു "ഒസ്യത്ത്", " നിയമം, ഉടമ്പടി" എന്നാണ് അർത്ഥം. പഴയ നിയമം അഥവാ ഉടമ്പടി സീനായി മലയിൽവച്ചു ദൈവം മോശെയുമായി ചെയ്ത ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഇസ്രയേൽ ജനതയുമായുള്ള ദൈവിക ഇടപാടിന്റെ പ്രാഥമിക രേഖയാണ്. എന്നാൽ പുതിയ നിയമ (ഉടമ്പടി)മാകട്ടെ എല്ലാ വംശത്തിൽനിന്നും, ഭാഷയിൽനിന്നും, ജാതികളിൽനിന്നും യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ പ്രാപിച്ചിരിക്കുന്നവർക്കായുള്ള ദൈവത്തിന്റെ പ്രത്യേക ഏർപ്പാടാണ്. ഇതിനെയാണ് ആകാംക്ഷയോടെ ജനങ്ങൾ നോക്കിപ്പാർത്തിരുന്നതും (യിര. 31:31), യേശുക്രിസ്തുവിനാൽ നിറവേറ്റപ്പെട്ടതുമായ (1 കൊരി. 11:25) പുതിയനിയമം.

പഴയനിയമം (ഉടമ്പടി) വെളിപ്പെടുത്തുന്നതു ന്യായപ്രമാണത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്ന ദൈവ നീതിയും, വരുവാനുള്ള വീണ്ടെടുപ്പുകാരനായ മശിഹായേയും ആകുന്നെങ്കിൽ പുതിയ നിയമം (ഉടമ്പടി) ദൈവപുത്രനായി മനുഷ്യരുടെ ഇടയിലേക്കു വന്ന യേശുക്രിസ്തുവിന്റെ നീതിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്ന ദൈവീക വിശുദ്ധിയെ ആകുന്നു. ആകയാൽ പുതിയനിയമം ആകമാന ഉടമ്പടിയുടെ ഉള്ളടക്കത്തെയാണ് വെളിവാക്കുന്നത്.

പുതിയനിയമത്തിന്റെ ദൂതു കേന്ദ്രീകരിച്ചിരിക്കുന്നതു: (1) പാപപരിഹാരത്തിനായി സ്വയം ബലിയായി തീർന്ന (മത്താ. 26:28) യേശുക്രിസ്തുവിലും, (2) യേശുക്രിസ്തുവിൽക്കൂടെയുള്ള രക്ഷയെ അംഗീകരിച്ച ജനങ്ങളുടെ കൂട്ടമായ സഭയിലും ആകയാൽ പുതിയ നിയമത്തിന്റെ സന്ദേശം 'രക്ഷ' എന്നതുതന്നെ. 48

പഴയ പുതിയ ഉടമ്പടികൾ എന്നു പേരു വന്നതു ഒന്നാമതു ദൈവം ഉണ്ടാക്കിയ ദ്വിവിധ ബന്ധങ്ങൾമൂലവും, പിന്നീട് ഈ ബന്ധത്തെക്കുറിച്ചു രണ്ടു പുസ്തകങ്ങളിലുമുള്ള ഉള്ളടക്കത്താലും ആകുന്നു. ദൈവം നമ്മെ സ്വീകരിച്ചു തന്നോടുള്ള സമാധാനത്തിൽ ആക്കിതീർത്തതിന്റെ ഉടമ്പടി വ്യവസ്ഥകളാണ് പുതിയ നിയമം. 49

## പുതിയ നിയമത്തിനായുള്ള ദൈവീക ഒരുക്കം:

പുതിയ നിയമ രൂപീകരണത്തിന്റെ കാലത്ത് ലോക സാമ്രാജ്യശക്തി റോം ആയിരുന്നു. അറിയപ്പെട്ട എല്ലാ പ്രധാന ദേശങ്ങളിലും അവരുടെ അധികാരം വ്യാപിച്ചിരുന്നു. എന്നിട്ടും പലസ്തീനിലെ ചെറിയൊരു പട്ടണമായ

യഹൂദ്യയിലെ ബേത്‌ലഹേമിൽ ലോകത്തിന്റെ മുഴുവൻ ഗതിയേയും മാറ്റിയെടുക്കുവാൻ ശക്തിയുള്ള മശിഹാരാജാവു ജനിച്ചു. ഇതിനെക്കുറിച്ചു അപ്പൊസ്തലനായ പൗലൂസ് പറയുന്നതു ശ്രദ്ധേയമാണ്. "**എന്നാൽ കാലസംപൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി, ന്യായപ്രമാണത്തിൽ കീഴ് (പുതിയനിയമം) ജനിച്ചവനായി നിയോഗിച്ചയച്ചു**" (ഗലാത്യർ. 4:4) നിരവധി പ്രത്യേകതകളും മനോഹരങ്ങളുമായ വഴികളിലൂടെയാണ് മശിഹായുടെ വരവിനുവേണ്ടി ലോകത്തെ ഒരുക്കിയത്. ഈ ഒരുക്കത്തിൽ നിരവധി ഘടകങ്ങളുടെ സംഭാവനകളുണ്ട്.

## യഹൂദ രാഷ്ട്രത്തിൽക്കൂടെയുള്ള ഒരുക്കം:

ക്രിസ്തുവിന്റെ വരവിനായുള്ള ഒരുക്കമാണ് പഴയനിയമത്തിലെ കഥ. യഹൂദനെ ദൈവം തിരഞ്ഞെടുത്തത് അവർ ദൈവത്തിന്റെ പ്രത്യേക നിക്ഷേപം എന്ന നിലയിൽ രാജകീയ പുരോഹിതന്മാരും വിശുദ്ധ വംശവുമായിരിക്കേണ്ടതിനാണ് (പുറ. 1:5,6). ഇക്കാര്യത്താൽ പൂർവ്വ പിതാക്കളായ അബ്രഹാം, ഇസ്സഹാക്ക്, യാക്കോബ് എന്നിവർക്ക് നല്കിയ വാഗ്ദത്തങ്ങൾ (12:1-3; റോമ. 9:4) സകല ദൈവവചനങ്ങളുടെയും കാവല്ക്കാരായിരുന്നു (പഴയനിയമത്തിൽ [റോമർ 3:2]). തുടങ്ങി വീണ്ടെടുപ്പുകാരനായ മശിഹായുടെ ലൈൻ ഉൾപ്പെടെ (ഉല്പ. 12:3; ഗലാത്തിയർ 3:8; റോമർ 9:5). ആകയാൽ പഴയനിയമം വരുവാനുള്ള രക്ഷകനായ ക്രിസ്തുവിന്റെ കഷ്ടപ്പാടുകളുടെയും മഹത്വത്തിന്റെയും സംപൂർണ്ണ അറിവുകൾ കൊണ്ടു നിറഞ്ഞതും പ്രതീക്ഷ ഉളവാക്കുന്നതുമായ ഒന്നാണ്. വീണ്ടും നോക്കിയാൽ ക്രിസ്തുവിന്റെ ലൈൻ, ജന്മസ്ഥലം, ജനനസമയം, മരണം, ഉയിർത്തെഴുന്നേല്പ് എന്നീ കാര്യങ്ങളെക്കുറിച്ചുള്ള നിരവധി പ്രവചനങ്ങളും അതിൽ ഉൾക്കൊണ്ടിരിക്കുന്നതായി കാണാം.

ഇസ്രയേൽക്കാർ യഹോവയോടു അനുസരണക്കേടു കാണിച്ച് അടിമത്വത്തേലിക്കു പോയെങ്കിലും വാഗ്ദത്ത നിവൃത്തിയായ മശിഹായുടെ വരവിനായി ഒരുക്കുവാൻ ഒരു ശേഷിപ്പിനെ ദീർഘമായ 70 വർഷങ്ങൾക്കുശേഷം സ്വദേശത്തേക്കു മടക്കി വരുത്തി. പഴയനിയമത്തിന്റെ എഴുത്തു പൂർത്തിയായിട്ട് വർഷങ്ങൾ നാനൂറു പിന്നിട്ടിരുന്നു. ഇപ്പോൾ മതപരമായ ആചാരങ്ങൾ പരീശന്മാരുടെ കപടഭക്തിക്കധീനമാണ്, എന്നിരുന്നാലും മശിഹായുടെ വരവിന്റെ പ്രതീക്ഷ ശേഷിപ്പിൽനിന്നു അറ്റു പോയിരുന്നു മാത്രമല്ല അവർ മശിഹായുടെ വരവിനെ നോക്കി പാർക്കയും ചെയ്തു.

## യവനായ (Greek) ഭാഷയിൽ കൂടെയുള്ള ഒരുക്കം:

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ ഭൂലോകസുവിശേഷീകരണത്തിനായി (മത്തായി 28:19-20) പറഞ്ഞയയ്ക്കുമ്പോൾ ലോക ഭാഷ ഗ്രീക്ക് (യവനായ) ആയിരുന്നു. ഇതു മാസിഡോണിയായിലെ രാജാവായിരുന്ന ഫിലിപ്പിന്റെ മകൻ അലക്സാണ്ടർ ചക്രവർത്തിയുടെ ലോകാധിപത്യവും അഭിലാഷവും മൂലം സംഭവിച്ചതാണ്. ക്രിസ്തുവിന് 300 വർഷം മുമ്പുണ്ടായിരുന്ന പുരാതീന രാഷ്ട്രങ്ങൾ ഒന്നൊന്നായി അലക്സാണ്ടർ പിടിച്ചടക്കി, ഒറ്റ സാമ്രാജ്യമാക്കുകയായിരുന്നു. തുടർന്ന് ഗ്രീക്ക് ഭാഷയും സംസ്കാരവും ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയും ഒരു സാമ്രാജ്യം, ഒരുഭാഷ, ഒരു സംസ്ക്കാരം എന്ന തന്റെ അഗ്രഹം സഫലീകരിക്കുകയും ചെയ്തു. അലക്സാണ്ടറുടെ ഭരണം ദീർഘമായിരുന്നില്ലെങ്കിലും ഗ്രീക്കു ഭാഷയും സംസ്ക്കാരവും ജനങ്ങളുടെ ചിന്താധാരയിൽ കടന്നിരുന്നതിനാൽ വളർന്നുകൊണ്ടേയിരുന്നു.

എന്നാൽ ജനങ്ങളുടെ സാധാരണ ഭാഷയായി ഗ്രീക്കിനെ വളർത്തിയെടുത്തതിൽ ദൈവത്തിന്റെ പ്ലാനും കരചലനവുമുണ്ടായിരുന്നു. ഇങ്ങനെയുള്ള ഒരു ഭാഷയിലേയ്ക്ക് അതായത് കൊയിനെ ഗ്രീക്കി (Koine Greek) ലാണ് പുതിയ നിയമം എഴുതിയത്. അതൊരിക്കലും എബ്രായ, അരാമ്യ ഭാഷകളിൽ എഴുതിയില്ലായെന്നതും വിചിത്രമാണ്, എന്തെന്നാൽ ജാതീയ പശ്ചാത്തലത്തിൽ നിന്നുള്ള ലൂക്കോസ് ഒഴികെ ബാക്കി എല്ലാ എഴുത്തുകാരും യഹൂദന്മാർ ആയിരുന്നു. അക്കാലത്തുള്ള ജനങ്ങൾക്ക് മാതൃഭാഷ കഴിഞ്ഞാൽ പിന്നെ ഗ്രീക്ക് അവരുടെ രണ്ടാമത്തെ മാതൃഭാഷയായിരുന്നു.

## റോമാക്കാരിലൂടെയുള്ള ഒരുക്കം:

മശിഹായുടെ വരവിനായുള്ള ഒരുക്കം പരിമിതിപ്പെടുത്താതെ വിസ്തൃതമായി തുടരുകയായിരുന്നു. യേശു ബേത്‌ലഹേമിൽ ജനിക്കുമ്പോൾ അന്നത്തെ ലോകസാമ്രാജ്യ ശക്തിയായ റോമിന്റെ അധികാരത്തിൻ കീഴിലായിരുന്നു പാലസ്തീൻ. അവരുടെ ശക്തമായ നിയമങ്ങൾ എവിടെയും അടിച്ചേല്പിക്കാനുള്ള ശ്രമത്തിൽ നടന്ന ദീർഘമായ പോരാട്ടങ്ങൾക്കും രക്തപുഴയൊഴുക്കിയ ആഭ്യന്തരയുദ്ധങ്ങൾക്കും അറുതി വന്നത് ആഗസ്തുസ്

കൈസരുടെ കാലത്തായിരുന്നു. നീണ്ട 100 വർഷത്തെ ആഭ്യന്തരയുദ്ധങ്ങൾക്കുശേഷം രാജ്യത്തിന്റെ വിസ്തീർണ്ണവും അതിരുകളും സ്ഥാപിക്കപ്പെട്ടു. രാജ്യത്തിന്റെ ഒററ്റം മുതൽ മറ്റേ അറ്റം വരെ വലിയ റോഡുകൾ നിർമ്മിച്ചും പട്ടാളത്തെ വിന്യാസിപ്പിച്ചും അതിരുകൾ ബലപ്പെടുത്തി. രാജകീയ ധൂമ്ര വസ്ത്രം അണിഞ്ഞ് കിരീടവും വച്ച് പരമാധികാരിയായി ഭരണം നടത്തിയ റോമൻ ചക്രവർത്തി അഗസ്തൂസ് കൈസർ ആയിരുന്നു. അവന്റെ ഭരണകാലത്ത് സമാധാനവും അഭിവൃദ്ധിയും സുരക്ഷിതത്വവും ജനങ്ങൾക്കു ലഭിച്ചു. പരിജ്ഞാനത്തോടും ഭരണതന്ത്രജ്ഞതയോടും കൂടെ ജനങ്ങളുടെ ഉന്നമനത്തിനായി അവൻ പ്രവർത്തിച്ചു. ഈ കാലഘട്ടത്തെയാണ് പാക്സ് റൊമാന (Pax Romana) അഥവാ റോമിന്റെ സമാധാനം (B.C. 27 മുതൽ 180 A.D. വരെ) എന്നു വിളിക്കുന്നത്. അഗസ്തൂസിന്റെ ജനനത്തിൽ ഒരു ദൈവം ജനിച്ചു എന്നായിരുന്നു റോമാക്കാരുടെ അഭിപ്രായം. എന്തായാലും അഗസ്തൂസ് കൈസരുടെ കാലത്തായിരുന്നു എല്ലാവർക്കും നിത്യസമാധാനം നല്കുന്നവനും. ലോകരക്ഷിതാവായ യേശുക്രിസ്തു ജനിച്ചത്. ഒരു മനുഷ്യനെ ദൈവമാക്കാതെ ദൈവമനുഷ്യനായി തീർന്നവനും സാക്ഷാൽ ദൈവവുമായവനെ വിശ്വസിച്ച് മനുഷ്യരുടെ പൊള്ള വാഗ്ദാനങ്ങളിൽ കുടുങ്ങാതെ നിത്യജീവിതവും സമാധാനവും വ്യക്തിപരമായി സ്വന്തമാക്കുവാനുള്ള അവസരമായിരുന്നത്.റോമൻ ഭരണപരിഷ്ക്കാരങ്ങൾ സുവിശേഷം സർവ്വലോകത്തിലേയ്ക്കും എത്തിയ്ക്കുന്നതിനായുള്ള മുഖാന്തമായാണ് തീർന്നത്.

## പുതിയ നിയമ കാലത്ത് ലോകത്തിന്റെ മതപരമായ അവസ്ഥ :

പുതിയ നിയമത്തിന്റെ സർവ്വേയിലേക്ക് പ്രവേശിക്കും മുമ്പ് യേശുക്രിസ്തു ലോകത്തിൽ അവതരിച്ച കാലത്തെ മതപരമായ സ്ഥിതിയെക്കുറിച്ച് സാമാന്യം എഴുതേണ്ടത് ആവശ്യമാണ്. യേശുക്രിസ്തുവിന്റെ സഭയുടെ ഉത്ഭവം ലോകത്തിലെ പ്രവർത്തനം എന്നീ കാര്യങ്ങൾ മനസ്സിലാക്കാനും ഈ പഠനം അത്യന്താപേക്ഷിതമാണ്. മെറിൽ. സി. ടെന്നി. (Merril C. Tenney) യുടെ താഴെ കൊടുത്തിരിക്കുന്ന കുറിപ്പുകൾ ഇതിനുവളരെ സഹായകരമാണ്:

"ക്രിസ്തീയ സഭ പിറന്നു വീണത് പരസ്പരം വെല്ലുവിളിച്ചുകൊണ്ടിരുന്നതും വൈരുദ്ധ്യപൂർണ്ണ മായിരുന്നെങ്കിലും ഒരു കാര്യത്തിൽ മാത്രം പൊതുവായ അഭിപ്രായമുണ്ടായിരുന്ന മതസമൂഹങ്ങൾ കൊണ്ടുനിറഞ്ഞ ലോകത്തിലേക്കായിരുന്നു. അതായത് തങ്ങളുടെ പോരാട്ടം ആർക്കും എത്തിപിടിക്കുവാൻ കഴിയാത്തവണ്ണം തത്വത്തിൽ അംഗീകാരമായ ഒരുദേവനോ, ദേവന്മാർക്കോ വേണ്ടിയുള്ളതായിരുന്നു. പിതാക്കന്മാരോടും, മോശയോടും, പ്രവാചകന്മാരോടും സംസാരിക്കുകയും സ്വയം വെളിപ്പെടുത്തി കൊടുക്കുകയും ചെയ്ത ഒരു സത്യദൈവം ഉണ്ടെന്നുള്ള യഹൂദമത സിദ്ധാന്തം ഒഴികെ ദൈവിക വെളിപ്പാടുകളോ, പാപം, രക്ഷ എന്നീകാര്യങ്ങളെക്കുറിച്ചോ ശരിയായ ഉപദേശം കൊടുപ്പാൻ കഴിയുന്ന ഒരു മതങ്ങളും അന്നില്ലായിരുന്നു. ഇന്നത്തെ ലോകസ്ഥിതിയും വ്യത്യസ്ഥമല്ല, എന്തെന്നാൽ ഇന്നുള്ളതായ ഉയർന്ന സാന്മാർഗ്ഗിക നിലവാരങ്ങൾ ഒന്നും തന്നെ പാപത്തിനോ, പാപിയായ മനുഷ്യനു രക്ഷ നല്കുന്നതിനോ മതിയായതല്ല.

എന്തിനധികം, യഹൂദമതംപോലും വെളിപ്പെടുത്തപ്പെട്ട സത്യത്തെ ഉപേക്ഷയാലും പാരമ്പര്യങ്ങളാലും നിഗൂഢമാക്കി തീർത്തിരുന്നു. ദൈവവചനത്തിലുള്ള വിശ്വാസവും ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം ലഭിക്കാത്തതുമായ എല്ലാ മതങ്ങളും ജാതികളെപ്പോലെ ദൈവത്തിന്റെ സത്യമായ വെളിപ്പാടുകൾക്ക് മറയിടുകയായിരുന്നു. സത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ സ്വന്ത ഹിതപ്രകാരം തെറ്റായി വ്യാഖ്യാനിക്കയാൽ ദൈവത്തിന്റെ സർവ്വാധിപത്യത്തെ വിധിനിർണ്ണയമായും. കൃപയ്ക്ക് ദാക്ഷിണ്യമെന്നും, നീതിയെ സ്വന്ത ഹിതത്തിന്റെ അനുവർത്തനമായും, ആരാധനയെ ആചാര ചടങ്ങുകളായും, പ്രാർത്ഥനയെ കേവലം സ്വാർത്ഥപരമായ യാചനയായും, സ്വർഗ്ഗീയമായ വീണ്ടും ജനനത്തെ വെറും അന്ധവിശ്വാസമായും, ദൈവീകപ്രകാശത്തെ കാപട്യത്തിന്റെ കെട്ടുകഥകളാൽ മറയ്ക്കുകയും ചെയ്തപ്പോൾ വിശ്വാസത്തിന്റെ നിലയും വിലയും നഷ്ടപ്പെട്ട് മനുഷ്യർ കുഴഞ്ഞവരായി അനിശ്ചിതത്വത്തിൽ അലഞ്ഞുതിരിയുവാൻ ഇടയായി. തങ്ങൾക്കു ബോധിച്ചതുപോലെ ജീവിക്കുക, പ്രവർത്തിക്കുക എന്നതു ചിലർക്ക് ജീവിത ഫിലോസഫി ആയി മാറി. ഒന്നിനും അന്തിമമായ ഒരു തീർച്ചയില്ലെങ്കിൽ സ്വാഭാവ രൂപവൽക്കരണത്തിനു സ്ഥിരമായ പ്രമാണങ്ങൾ ഒന്നുമില്ലാതാകുകയും മനുഷ്യൻ അതാതു സമയങ്ങളിൽ ശരിയെന്നു തോന്നുന്നതു പ്രവർത്തിക്കുന്നവനായിത്തീരുകയും ചെയ്യും. സന്ദേഹവാദികൾ വിജയിക്കുവാൻ തക്കവണ്ണം പഴയ ദൈവങ്ങൾക്കു ശക്തിപോരാ എന്നകാരണത്താൽ പുതിയവയെ പ്രതിഷ്ഠിച്ചു സാമ്രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും നിരവധി നവീനമതവിഭാഗങ്ങളുടെ ആക്രമണം ഉണ്ടായി. എല്ലാം തന്നെ പാവപ്പെട്ടന്റെ അഭയസ്ഥാനമെന്നു അവകാശപ്പെട്ടെങ്കിലും സമ്പന്നമായതൊന്നുമില്ലാതെ വാടി പോകയായിരുന്നു. മനുഷ്യജീവിതത്തെ വിലയുള്ളതാക്കുന്ന ഭാവിസന്തോഷങ്ങൾ ഒന്നും ലഭിക്കാതെ ജനം നഷ്ടപ്പെട്ടവരായി". 50

## പുതിയ നിയമത്തിന്റെ രചനയും ക്രമീകരണവും:

പുതിയ നിയമം ഇരുപത്തി ഏഴുപുസ്തകങ്ങളുടെ സംയോജനമാണ്. അവയുടെ സമാനതയും സ്വഭാവവും അനുസരിച്ച് മൂന്നായിട്ട് തിരിക്കാം:

1. **അഞ്ചു ചരിത്ര പുസ്തകങ്ങൾ :** സുവിശേഷങ്ങൾ, അപ്പോസ്തോലപ്രവർത്തികൾ

2. **ഇരുപത്തിഒന്നു ലേഖനങ്ങൾ :** റോമർ മുതൽ യൂദാ വരെ

3. **ഒരു പ്രവചനം: വെളിപ്പാട്**

താഴെ തന്നിരിക്കുന്ന രണ്ടു ചാർട്ടുകളിൽ നിന്നും ഇതിന്റെ വിഭജനരീതി വിശദമായി മനസ്സിലാക്കാവുന്നതാണ്:51

| **പുതിയ നിയമങ്ങൾ** | | | | | | |
|---|---|---|---|---|---|---|
| ചരിത്രം | ലേഖനങ്ങൾ (എഴുത്തുകൾ) | | | | | പ്രവചനം |
| | പൗലോസിന്റെ വക | | | | പൊതുവായവ | |
| മത്തായി | മിഷനറിയാത്രകളുടെ **ആരംഭത്തിൽ** | യറുശലേമിൽ വച്ചുള്ള അറസ്റ്റിനു **ശേഷം** | | | യാക്കോബ് | വെളിപ്പാട് |
| മർക്കോസ് | | | | | | |
| ലൂക്കോസ് | ഗലാത്യർ | ഒന്നാം ജയിൽവാസം | മോചനം | രണ്ടാം ജയിൽവാസം | എബ്രായർ | |
| യോഹന്നാൻ | 1 തെസ്സലോനിക്യർ | കൊലോസ്സ്യർ | 1 തിമൊഥിയോസ് | 2 തിമൊഥിയോസ് | യൂദാ | |
| | 2 തെസ്സലോനിക്യർ | | | | 1 പത്രോസ് | |
| അപ്പോ. പ്ര. | 1 കൊരിന്ത്യർ | എഫേസ്യർ | തീത്തോസ് | | 2 പത്രോസ് | |
| | 2 കൊരിന്ത്യർ | ഫിലമോൻ | | | 1 യോഹന്നാൻ | |
| | റോമർ | ഫിലിപ്പ്യർ | | | 2 യോഹന്നാൻ | |
| | | | | | 3 യോഹന്നാൻ | |

| **പുതിയ നിയമ പുസ്തകങ്ങളെ കേന്ദ്രീകരിച്ചുള്ള പൊതു അവലോകനം** | | |
|---|---|---|
| **ചരിത്ര** | **സുവിശേഷങ്ങൾ:**<br>മത്തായി, മർക്കോസ്<br>ലൂക്കോസ്, യോഹന്നാൻ | **പ്രത്യക്ഷത:**<br>രക്ഷകന്റെ വരവും, അത്ഭുതവും, പ്രവർത്തനവും |
| **പുസ്തകങ്ങൾ** | **അപ്പോസ്തോല പ്രവൃത്തികൾ:**<br>അപ്പോസ്തോലന്മാരിൽ കൂടെ<br>പരിശുദ്ധാത്മാവിന്റെ പ്രവർത്തനം | **സംപ്രേഷണം:**<br>ലോകരക്ഷിതാവായി വരുന്നവന്റെ ദൂതു പ്രസ്താവിക്കുന്നു |
| **ലേഖനങ്ങൾ** | **ലേഖനങ്ങൾ:**<br>വ്യക്തികൾക്കും സഭകൾക്കുമുള്ള<br>എഴുത്തുകൾ. റോമർ മുതൽ യൂദ വരെ. | **വിശദീകരണം**<br>യേശുക്രിസ്തുവിന്റെ ആളത്വവും, പ്രവർത്തിയും<br>ഒരു ക്രിസ്ത്യാനിയിൽ എങ്ങനെ വളർന്നു വെളിപ്പെടുന്നുവെന്ന്. |
| **പ്രവചനം** | **വെളിപ്പാട്:**<br>യേശുക്രിസ്തുവിന്റെ വെളിപ്പാട് | **പൂർത്തീകരണം:**<br>ഭാവികാലസംഭവങ്ങളും കർത്താവിന്റെ മടങ്ങിവരവും,<br>രാജ്യഭരണവും, നിത്യകാലസംഭവും. |

## പുതിയ നിയമപുസ്തകങ്ങളുടെ ക്രമം

റെയ്റി (Ryrie) യുടെ വിശദീകരണമനുസരിച്ച് പുതിയ നിയമപുസ്തകങ്ങളുടെ ക്രമം, കാലാനുസാരമെന്നതിനേക്കാൾ യുക്തിപരമാണ്:

> "ഒന്നാമത് യേശുവിന്റെ ജീവിതചരിത്രം വെളിപ്പെടുത്തുന്ന സുവിശേഷങ്ങൾ, അതിന്റെ പിന്നാലെ ക്രിസ്തീയ മാർഗ്ഗം ലോകവ്യാപകമായി ത്തീരുവാൻ ഇടയായ അപ്പോസ്തോലന്മാരുടെ പ്രേക്ഷിത പ്രവർത്തിയുടെ ചരിത്രം. തുടർന്ന് സഭകളുടെ വളർച്ചക്കാവശ്യമായ ഉപദേശങ്ങളും, പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളും അടങ്ങിയ ലേഖനങ്ങൾ അവസാനമായി യേശുവിന്റെ മടങ്ങിവരവും ഭാവികാലസംഭവങ്ങളുടെ വിവരണങ്ങളുമടങ്ങിയ വെളിപ്പാട്." 52

പുസ്തകങ്ങൾ എഴുതിയ കാലത്തെകുറിച്ച് പണ്ഡിതന്മാർക്കിടയിൽ തർക്കമുണ്ടെങ്കിലും എല്ലാവരും സമ്മതിക്കുന്ന ഒരു കാലക്രമമാണ് താഴെ കൊടുത്തിരിക്കുന്നത്:

| പുസ്തകം | തീയതി (A.D.) | പുസ്തകം | തീയതി (A.D.) |
|---|---|---|---|
| യാക്കോബ് | 45–46 | അപ്പോ. പ്രവർത്തികൾ | 61 |
| ഗലാത്യർ | 49 | 1പത്രോസ് | 63–64 |
| മർക്കോസ് | 50s or 60s | 1 തിമോഥിയോസ് | 63 |
| മത്തായി | 50s or 60s | തീത്തോസ് | 65 |
| 1 & 2 തെസ്സലോനിക്യർ | 51–52 | എബ്രായർ | 64–68 |
| 1 കൊരിന്ത്യർ | 55 | 2 പത്രോസ് | 67–68 |
| 2 കൊരിന്ത്യർ | 56 | 2 തിമോഥയോസ് | 66 |
| റോമർ | 57–58 | യൂദാ | 70–80 |
| ലൂക്കോസ് | 60 | യോഹന്നാൻ | 85–90 |
| കൊലോസ്യർ, എഫേസ്യർ | 60–61 | 1, 2, 3 യോഹന്നാൻ | 85–90 |
| ഫിലിപ്പ്യർ, ഫിലേമോൻ | 60–61 | വെളിപ്പാട് | 96 |

## പുതിയ നിയമപുസ്തകങ്ങളുടെ ശേഖരണം:

ആരംഭത്തിൽ ഓരോ പുസ്തകങ്ങളും വേർതിരിച്ചു കിടക്കുകയായിരുന്നു, എന്നാൽ കാലക്രമേണ കാനോനികമായ പരിശോധനയിലൂടെ തിരഞ്ഞെടുത്തു കൂട്ടിച്ചേർത്തവയാണ് ഇന്നത്തെ പുതിയ നിയമം. ദൈവത്തിന്റെ പ്രത്യേക പരിപാലനത്താലാണ് സഭയുടെ ആദ്യകാലത്തുണ്ടായ നിരവധി രേഖകളിൽ നിന്നു ഈ ഇരുപത്തിയേഴു പുസ്തകങ്ങൾ വേർതിരിച്ചു നമുക്ക് ലഭിച്ചത്.അവയുടെ ആത്മനിവേശിതവും അപ്പോസ്തോലിക അധികാരങ്ങളും നോക്കിയാണ് തിരഞ്ഞെടുക്കപ്പെട്ടത്. റെയ്റി നല്കുന്ന വിശദീകരണം നോക്കുക:

> "ഓരോ പുസ്തകങ്ങളും എഴുതിയ ഉടനെ കാനോനിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയോ 27 പുസ്തകങ്ങൾ തിരഞ്ഞെടുത്ത് പുതിയനിയമം എന്നു വിളിക്കുകയെ അല്ലായിരുന്നു. എന്നാൽ ആദിമ സഭ അവയാൽ ചിലതിന് പ്രത്യേകിച്ച് സുവിശേഷങ്ങളും പൗലോസിന്റെ ലേഖനങ്ങളും സൂക്ഷിച്ചുപോന്നു. ആർക്കായി പൗലോസ് ലേഖനങ്ങൾ എഴുതിയോ ആ വ്യക്തികൾ അത് സൂക്ഷിച്ചിരുന്നതിനാലാണ് സഭയ്ക്കു പ്രയോജനപ്പെട്ടത്. പിന്നീട് പല ഘട്ടങ്ങളിലായി മറ്റുള്ളവയും ശേഖരിക്കുകയും കാനോനികമായ പരിശോധനയ്ക്കുവിധേയമാക്കുകയും ചെയ്താണ് ഇന്നുള്ള 27 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന പുതിയ നിയമം രൂപം കൊണ്ടത്".

ഈ പ്രവൃത്തിക്കായി ഏകദേശം 350 വർഷം എടുത്തു. രണ്ടാം നൂറ്റാണ്ടിൽ പ്രചരിച്ച അബദ്ധോപദേശങ്ങളുടെ അതിപ്രസരമാണ് സത്യമായ ഉപദേശങ്ങളുടെ അന്വേഷണത്തിന് വഴിതെയളിച്ചത്. കാനോനികമായി

സ്വീകരിക്കാവുന്ന പുസ്തകങ്ങൾ ഏതെന്നു തിരിച്ചറിയാൻ ചില പരിശോധനകൾ നടത്തിയത് താഴെ കുറിക്കുന്നു:

1. പുസ്തകം അപ്പോസ്തോലന്മാരാൽ എഴുതിയതൊ അംഗീകരിക്കപ്പെട്ടതാണോ ?

2. പുസ്തകത്തിന്റെ ഉള്ളടക്കത്തിന്റെ ആത്മീയ സ്വഭാവമെന്ത് ?

3. പുസ്തകത്തിന്റെ ദൈവീക പ്രചോദനങ്ങളുടെ (പ്രബോധനങ്ങൾ) തെളിവുണ്ടോ?

4. പുസ്തകം വ്യാപകമായി സഭകളിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടോ?

എല്ലാ സഭകളിലും ഒരേസമയം 27 പുസ്തകങ്ങളും ആരംഭത്തിൽ സ്വീകരിച്ചിരുന്നില്ല. വ്യാജോ പദേശത്തിന്റെ വക്താക്കൾ അംഗീകരിച്ചില്ലാ എന്നതുകൊണ്ട് പുതിയ നിയമത്തിന്റെ സാർവ്വത്രികതയ്ക്കു ഭംഗം വന്നില്ല. ആരംഭത്തിൽ വ്യക്തികളുടെ പേരിലുള്ളവ(ഫിലേമോൻ, 2.3 യോഹന്നാൻ) വ്യാപകമായി വിതരണം ചെയ്യപ്പെട്ടിരുന്നില്ലെങ്കിലും അവകൂടി ചേർന്നാണ് A.D. 397 ലെ കാർത്തേജ് സുന്നഹദോസ് പുതിയ നിയമത്തെ അംഗീകരിച്ചു വിളംബരം ചെയ്തത്.

പുതിയ നിയമത്തിന്റെ കൃതി (കൈയ്യെഴുത്തുപ്രതി)കൾ ഒന്നും അവശേഷിക്കുന്നില്ലെങ്കിലും ഏതാണ്ട് 4500-ൽ അധികം ഗ്രീക്കു കൈയ്യെഴുത്തുപ്രതികളും ഏതാണ്ട് 8000-ൽ അധികം ലത്തീൻ കൈയ്യെഴുത്തുപ്രതികളും മൂലകൃതിയിൽ നിന്നുള്ള 1000-ൽ അധികം മറ്റ് തർജ്ജിമകളും ഇന്നും നിലനില്ക്കുന്നുണ്ട്. ഇവയെല്ലാം പരിശോധിക്കുകയും താരതമ്യപഠനം നടത്തുകയും ചെയ്യുന്ന പുതിയ നിയമത്തിന്റെ കാനോനിക സാധ്യത മനസ്സിലാക്കാവുന്നതാണ്.” 53

## ഭാഗം 1

# ചരിത്രപുസ്തകങ്ങൾ

### മുഖവുര:

മുമ്പ് നാം കണ്ടതുപോലെ പുതിയ നിയമത്തെ സാഹിത്യപരമായ അടിസ്ഥാനത്തിൽ ചരിത്രം, ലേഖനങ്ങൾ, പ്രവചനം എന്നു മൂന്നു വിഭാഗമായി തിരിച്ചിരിക്കുന്നു. നാലു സുവിശേഷങ്ങളും കൂടി പുതിയ നിയമത്തിന്റെ 46 ശതമാനം എടുക്കുന്ന അപ്പോസ്തോല പ്രവൃത്തികൾ കൂടിയാകുമ്പോൾ അത് 60 ശതമാനമാകും. അതായത് പുതിയ നിയമത്തിന്റെ 60 ശതമാനം ക്രിസ്ത്യാനിത്വത്തിന്റെ ചരിത്രപരമായ വികാസത്തെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. സുവിശേഷത്തിൽ അന്തർലീനമായിരിക്കുന്ന ചരിത്രസത്യങ്ങളാണ് ക്രിസ്ത്യാനിത്വത്തിന്റെ അടിത്തറ. സുവിശേഷമോ ചരിത്രയാഥാർത്ഥ്യങ്ങളെക്കുറിച്ച് മറ്റുള്ളവർ നല്കുന്ന നല്ല വാർത്തയുമാണ് (സാക്ഷ്യ മാണ്).

യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, മരണം, ഉയർത്തെഴുനേല്പ്പ് എന്നിവകളുടെ ചരിത്രമാണ് സുവിശേഷമെങ്കിൽ ആദിമസഭാകാലത്ത് അപ്പോസ്തോലന്മാരുടെ ശുശ്രൂഷയുടെ ചരിത്രമാണ് അപ്പോസ്തോലപ്രവൃത്തികളുടെ പുസ്തകം. ആകയാൽ ലേഖനങ്ങളിൽ നിന്നും നാം പഠിക്കുന്ന കാര്യങ്ങളെ നിർണ്ണായകമാക്കുകയാണ് അപ്പോസ്തോല പ്രവൃത്തികൾ ചെയ്യുന്നത്. ലേഖനങ്ങൾ പ്രത്യേകസ്ഥലങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കായി എഴുതിയ എഴുത്തുകൾ മാത്രമാണ്. അതുകൊണ്ട് പുതിയ നിയമം ഭൂത, വർത്തമാന, ഭാവികാലങ്ങളിൽ വസിക്കുന്നവർക്കും അഥവാ മാനവ ചരിത്രത്തിനും ജീവനുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ നല്ലവാർത്ത അറിയിക്കുന്ന വിലപ്പെട്ട ചരിത്രഗ്രന്ഥമാണ്.

### സിനോപ്ടിക് (Synoptic) സുവിശേഷങ്ങൾ:

ഓരോ സുവിശേഷങ്ങളെയും പ്രത്യേക സർവ്വേയിലേക്ക് പ്രവേശിക്കും മുമ്പ് എന്താണ് "സിനോപ്ടിക് സുവിശേഷങ്ങൾ" എന്നു ഗ്രഹിച്ചിരിക്കേണ്ടതാണ്. ഓരോ സുവിശേഷങ്ങൾക്കും അതാതിന്റെ പ്രത്യേകതകളും ഉദ്ദേശങ്ങളും ഉള്ളപ്പോൾ തന്നെ മത്തായി , മർക്കോസ്, ലൂക്കോസ് എന്നിവകളുടെ സംക്ഷേപവും ലക്ഷ്യവും ഒന്നുതന്നെയായി കാണുന്നു. യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ച് നല്കുന്ന വിഷയവും, ക്രമവും എല്ലാം പരസ്പരയോജിപ്പോടും ഐക്യത്തോടും കൂടിയാണ്. മറ്റൊരു പ്രകാരത്തിൽ തുടർന്നു വരുന്ന യോഹന്നാന്റെ സുവിശേഷം വരച്ചുകാട്ടുന്ന ക്രിസ്തുവിന്റെ ജീവിത ചിത്രത്തിനു പൂർണ്ണ പിന്തുണ അഥവാ അഭിനന്ദനങ്ങൾ നല്കുവാൻ ഒന്നിച്ചു നില്ക്കുന്ന സുവിശേഷങ്ങളാണിവ. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലെ സമാനതകൾ താഴെ കൊടുത്തിരിക്കുന്നു:

- മശിഹായെ കുറിച്ചു സ്നാപക യോഹന്നാന്റെ പ്രഖ്യാപനം ( മത്താ. 3, മർക്കോസ്1; ലൂക്കോ.3)
- യേശുവിന്റെ സ്നാനം ( മത്താ. 3; മർക്കോ. 1; ലൂക്കോ. 3)
- യേശുവിന്റെ പരീക്ഷ (മത്താ.4., മർക്കോ.1, ലൂക്കോ, 4)
- യേശുവിന്റെ ഉപദേശങ്ങളും, അത്ഭുതങ്ങളും ( സുവിശേഷങ്ങളുടെ മുഖ്യധാരയാണിത്)
- യേശുവിന്റെ രൂപാന്തരം (മത്താ. 17, മർക്കോ.9, ലൂക്കോ. 9)
- യേശുവിന്റെ വിചാരണ, മരണം, കബറടക്കം ( മത്താ.26,27, മർക്കോ 14,15; ലൂക്കോ 22,23)
- യേശുവിന്റെ ഉയിർത്തെഴുന്നേല്പ് (മത്താ. 28,മർക്കോ. 16, ലൂക്കോ. 24)

## സുവിശേഷങ്ങളുടെ ഉദ്ദേശവും പ്രത്യേകതകളും:

നാലു സുവിശേഷങ്ങളുടേയും ഉദ്ദേശം യേശു ക്രിസ്തുവിനെ വെളിപ്പെടുത്തുകയെന്നതാണ്. മത്താ. 16: 13-16 വരെ ഭാഗം ഇതിനു തെളിവാണ്.

> ***"യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്ത് എത്തിയശേഷം തന്റെ ശിക്ഷ്യന്മാരോട് ജനങ്ങൾ മനുഷ്യപുത്രനെ എന്തു പറയുന്നു എന്നു ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകനെന്നും മറ്റു ചിലർ ഏലിയാവെന്നും, വേറെ ചിലർ യിരമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നവർ പറഞ്ഞു. നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്നവൻ ചോദിച്ചതിന് ശിമോൻ പത്രോസ്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവെന്നു ഉത്തരം പറഞ്ഞു."***

മത്താ. 16:14-ൽ നിന്ന് യേശുക്രിസ്തുവിന്റെ കാലത്തെ ജനങ്ങളുടെ നാലു പ്രകാരത്തിലുള്ള കാഴ്ചപ്പാട് നമുക്കു ലഭിക്കുന്നു. യേശു ദൈവപുത്രൻ ആകുന്നുവെന്ന് മനസ്സിലാക്കിയവർ വളരെക്കുറച്ചുപേർ മാത്രമായിരുന്നു. അതുകൊണ്ടാണ് പരിശുദ്ധ നിയോഗത്തിൽ സുവിശേഷത്തിന്റെ എഴുത്തുകാർ യേശു ആരെന്നും അവന്റെ ആളത്വം, പ്രവൃത്തി, എന്നിവ കൃത്യമായി വെളിവാക്കിയത് നാലുതരത്തിലാണ്.അവരുടെ വീക്ഷണത്തെ പ്രകാശിപ്പിച്ചി രിക്കുന്നത്. എന്നിരുന്നാലും എല്ലാവരും യേശുവിന്റെ ചോദ്യത്തിന് ഒരേ ഉത്തരമാണ് നല്കിയിരിക്കു ന്നത്.അവരെല്ലാവരും യേശു വാസ്തവത്തിൽ ആരെന്നു പ്രസ്താവിക്കുകയായിരുന്നു. സുവിശേഷകന്മാരുടെ വെളിപ്പെടുത്തലിൻ പ്രകാരം യേശു പഴയ നിയമത്തിന്റെ പ്രതീക്ഷയായ മശിഹായാണ്, കർത്താവിന്റെ ദാസനാണ്, മനുഷ്യപുത്രനാണ്, ദൈവപുത്രനാണ്, ലോകരക്ഷിതാവാണ്, ദൈവം തന്റെ പുത്രനിൽ കൂടെ വെളിപ്പെടുത്തിയ ക്രിസ്തുവിന്റെ ആളത്വം, പ്രവൃത്തി എന്നിവയെ നാലു ചരിത്രങ്ങളിൽക്കൂടെ അവൻ നമുക്കു നല്കിയിരിക്കുക യാണ്.

**മത്തായി** അടിസ്ഥാനപരമായി നസ്രയനായ യേശുതന്നെ മശിഹാ എന്ന് യഹൂദൻമാരെ ബോദ്ധ്യപ്പെടുത്തുകയാ ണ്. യേശുവിന്റെ തലമുറകളുടെ (ഈ ലോകപ്രകാരം) ലിസ്റ്റിൽ നിവൃത്തിയായ വേദഭാഗങ്ങളെ എടുത്തുകാട്ടി മത്തായി ശ്രമിക്കുന്നത് എല്ലാവരാലും ത്യജിക്കപ്പെട്ടവനായി ക്രൂശിക്കപ്പെട്ട യേശുവാണ് യഹൂദജാതി ദീർഘനാളായി നോക്കി പാർത്തിരുന്ന മശിഹായെന്നാണ് (മത്താ. 1:23; 2:15; 2:18; 2:23; 4:15; 8:15; 12:18-21; 13:35; 21:5; 27:9, 10). രാഷ്ട്രം അവനെ തള്ളി ക്രൂശിച്ചെങ്കിലും യഹൂദന്മാരുടെ രാജാവായ യേശു ശൂന്യമായ ഒരു കല്ലറയെ നല്കി ഉയിർത്തെഴുനേല്ക്കുകയായിരുന്നു.

**മർക്കോസ്** റോമൻ ജനതയെ പ്രതിനിധീകരിക്കുകയാണ്. ചുരുങ്ങിയ വാക്കുകളും കൂടുതൽ അദ്ധ്വാനവും റോമാക്കാ രുടെ പ്രത്യേകതയാണ്. അവരുടെ മുമ്പിൽ യേശുവിനെ അനുസരണയോടെ "***സ്വന്തജീവനെ അനേകർക്കുവേണ്ടി മറുവിലയായി കൊടുക്കുന്ന***" കർത്താവിന്റെ ദാസനായിട്ടാണ് ചൂണ്ടികാട്ടിയിരിക്കുന്നത്. സുവിശേഷങ്ങളിൽ വച്ച് ചെറിയതെങ്കിലും സ്പഷ്ടവും, ക്രിയാത്മകവും, സജീവവുമായ ഒരു ദൃക്സാക്ഷി വിവരണമാണു നല്കുന്നത്; പ്രത്യേകിച്ച് യേശിവിന്റെ ഭൂമിയിലെ അവസാന നാളുകളെക്കുറിച്ച്, ഏതാണ്ട് സുവിശേഷത്തിന്റെ മൂന്നിൽ രണ്ടു ഭാഗങ്ങളിൽ കൂടുതൽ അവസാന ആഴ്ചയിലെ സംഭവങ്ങളുടെ വിവരണത്തിനായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. 54

**ലൂക്കോസ്** ഒരു ഡോക്ടറും ചരിത്രകാരനുമായിരുന്നു. തന്റെ സുവിശേഷത്തിൽ "***കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ***" (ലൂക്കോ.19:10) സംമ്പൂർണ്ണമനുഷ്യനായി തീർന്നവനായിട്ടാണ് യേശുവിനെ ചിത്രീകരിച്ചിരിക്കുന്നത്. ചിലരുടെ അഭിപ്രായത്തിൽ ലൂക്കോസ് യവനായക്കാരെ (Greeks) ഉദ്ദേശിച്ചു കൂടെയാണ് സുവിശേഷം എഴുതിയതെ ന്നാണ്, എന്തെന്നാൽ ഹ്യൂമൻ ഫിലോസഫിയിൽ ആയിരുന്നു അവരുടെ താല്പര്യം. എങ്കിലും യേശുവിന്റെ പൂർണ്ണമനുഷ്യത്വം വെളിവാക്കിയപ്പോൾ അവന്റെ ദൈവത്വവും ലൂക്കോസ് എടുത്തുപറഞ്ഞിട്ടുണ്ട്.

**യോഹന്നാൻ** യേശുക്രിസ്തുവിന്റെ ദൈവത്വത്തെ മുൻനിർത്തിയാണ് സുവിശേഷം എഴുതിയത്. യേശു ദൈവത്തിന്റെ നിത്യനായ പുത്രനാകയാൽ അവനിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യജീവനും, സമൃദ്ധിയായ ജീവനും ലഭിക്കുന്നു (യോഹ: 1:1,2,12; 3:16-18; 36; 10:10). യോഹന്നാന്റെ സുവിശേഷം പൊതുവിലുള്ളതാ ണെങ്കിലും വിശേഷാൽ സഭയ്ക്കായിട്ടുള്ളതാണ്. അഞ്ച് അദ്ധ്യായങ്ങൾ യേശു തന്റെ മരണത്തിനു ഏതാനും മണിക്കൂറുകൾക്കു മുമ്പ് ശിഷ്യന്മാരെ ആശ്വസിപ്പിക്കേണ്ടതിനായി നല്കിയ വിടപറച്ചിൽ ദൂതുകളാണ്. അതോടൊപ്പം താൻ മാത്രമാണ് മാനവജാതിയുടെ രക്ഷിതാവ് എന്നും തന്നിൽ വിശ്വസിക്കുന്ന ജനങ്ങൾ എവിടെ ആയിരുന്നാലും അവർക്ക് നിത്യജീവൻ ലഭിക്കുമെന്നും ഉറപ്പുനല്കുന്നു (യോഹ 20: 30; 31). ഏഴ് അത്ഭുത അടയാളങ്ങളും നല്കിയിട്ടുണ്ട്.

# മത്തായി

## (യഹൂദന്മാരുടെ രാജാവ്)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും :

ഓരോ സുവിശേഷങ്ങളും അവയുടെ മാനുഷിക എഴുത്തുകാരുടെ പേരിൽ തന്നെയാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ആരംഭത്തിൽ ഈ ഒന്നാമത്തെ സുവിശേഷത്തിനു പേരു നല്കിയിരുന്നില്ല. ആദിമ സഭയുടെ പൊതുവായ സാക്ഷ്യം ഇതു മത്തായി എഴുതി എന്നായിരുന്നു. നമ്മുടെ പ്രാചീന മൂലഗ്രന്ഥങ്ങളുടെ സാക്ഷ്യവും ഇതു വ്യക്തമാക്കികൊണ്ട് "മത്തായി എഴുതിയ സുവിശേഷം" എന്നു പേരു നല്കിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ പ്രാരംഭ ശിക്ഷ്യന്മാരിൽ ഒരാളായിരുന്നു മത്തായി. ഇദ്ദേഹം ഒരു യഹൂദനും റോമാഗവർമ്മെന്റിനുവേണ്ടി പാലസ്തീനിൽ കരം പിരിക്കുന്നവനുമായിരുന്നു. യേശുവിന്റ വിളിയെ അനുസരിച്ച് എല്ലാം വിട്ടു പിൻമാറുകയായിരുന്നു. യഥാർത്ഥ പേര് ലേവി എന്നായിരുന്നു (മത്താ. 9:9-10; 2:14-15). അവന്റെ  പെട്ടെന്നുള്ള തീരുമാനം യേശുവിന്റെ ശുശ്രൂഷ അവന്റെ ഹൃദയത്തെ എത്രയധികം സ്വാധീനിച്ചിരുന്നു എന്നാണ് വെളിവാക്കുന്നത്.

### എഴുതിയ കാലം:

A.D. 50s or 60s

A.D. 40-140-നും ഇടയ്ക്ക് എഴുതിയിരിക്കണമെന്ന അഭിപ്രായക്കാരുണ്ട്; "എന്നാൽ A.D. 70-ൽ യറുശലേം നശിപ്പിക്കപ്പെട്ടത് ഭാവിയിൽ സംഭവിക്കേണ്ടതായിട്ടാണ് ഇതിൽ വായിക്കുന്നത് (24:2). അങ്ങനെയെങ്കിൽ അതിനുമുമ്പായിരിക്കണം ഈ സുവിശേഷം എഴുതിയത്. മറ്റുചിലർ ഇത് സുവിശേഷങ്ങളിൽ ഒന്നാമത്തേത് ആകയാൽ A.D. 50-ൽ എഴുതി എന്ന അഭിപ്രായക്കാരാണ്, വേറെ ചിലർ ഒന്നാമത്തേത് അല്ലെന്നും ഇതു A.D. 60-ൽ എന്നും പറയുന്നു." 55

### വിഷയവും ഉദേശവും:

യേശു ശിഷ്യന്മാരോടു ചോദിച്ച ചോദ്യത്തിന്റെ (16 : 13 - 15)  വെളിച്ചത്തിൽ യഹൂദന്മാർക്ക് നസ്രായനായ യേശു ആരെന്നു വ്യക്തമാകുവാനാണ് മത്തായി തന്റെ സുവിശേഷം എഴുതിയതെന്നു നമുക്കു വിശ്വസിക്കാവുന്നതാണ്. യഹൂദന്മാർ ആശ വച്ചിരുന്ന മശിഹാ താൻ തന്നെയാണെന്ന് യേശു സ്വയം വെളിപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും പ്രവാചകന്മാർ പ്രവചിച്ച മശിഹാ ഇവൻ തന്നെയോ?  ഇവൻ തന്നെ ആയിരുന്നെങ്കിൽ പിന്നെ എന്തുകൊണ്ട് പുരോഹിതവർഗ്ഗം അവനെ അംഗീകരിക്കാതിരുന്നു? എന്തുകൊണ്ട് യേശു വാഗ്ദത്തപ്രകാരമുള്ള രാജ്യം സ്ഥാപിക്കാതിരുന്നു? ഇനി എന്നെങ്കിലും അതു സ്ഥാപിതമാകുമോ? അങ്ങനെയെങ്കിൽ അത് എപ്പോഴാണ്? ഇങ്ങനെ നിരവധി ചോദ്യങ്ങൾ അവരെ സംശയാലുക്കളും സത്യത്തിൽ നിന്ന് അന്യരും ആക്കിത്തീർത്തു. ഇതിനെല്ലാം പരിഹാരം വരുത്തേണ്ടതിന് യഹൂദന്മാരെ ഉദ്ദേശിച്ചുകൊണ്ടാണ് മത്തായി ഇതെഴുതിയത്. അവർ ദീർഘനാളായി നോക്കി പാർത്ത മശിഹായാണ് യേശു എന്ന് തലമുറകളുടെ ലിസ്റ്റുവഴിയും (1: 1-17), വിദ്വാന്മാരുടെ വരവിൽ കൂടെയും ( 2: 1-12) യേശുവിന്റെ യരുശലേമിലേക്കുള്ള ജൈത്ര യാത്രയിൽ കൂടെയും (21 : 5), വംശങ്ങളെ ന്യായം വിധിക്കാനുള്ള ദിവസത്തെ ചൂണ്ടികാട്ടിയും (25:31-46) "സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള'' തുടർപ്രസ്താവ നകളാലും, നിവൃത്തിയായ പഴയ നിയമപ്രവചനങ്ങളുടെ ഉദ്ധരണികളിലൂടെയും മത്തായി സ്ഥാപിക്കു കയായിരുന്നു,

### മത്തായിയുടെ സുവിശേഷത്തിലെ ക്രിസ്തു:

നാം മുൻപു കണ്ടുതുപോലെ മത്തായിയുടെ ലക്ഷ്യം പഴയനിയമ പിതാക്കന്മാർ ആശവെച്ച മശിഹാ ഇവൻ തന്നെയെന്നു വെളിവാക്കുകയായിരുന്നു. ആ മശിഹാ അബ്രഹാമിന്റെയും, ദാവീദിന്റെയും പുത്രനായിരുന്നു. ആകയാൽ അവന്റെ വരവിന്റെ ലക്ഷ്യം വാഗ്ദാനം ചെയ്ത രാജ്യം സ്ഥാപിച്ചുനൽകുകയെന്നതായിരുന്നു. "സ്വർഗ്ഗീയരാജാവ്'' എന്ന പ്രയോഗം ഏതാണ്ട് 32 പ്രാവശ്യം ഈ സുവിശേഷത്തിൽ കാണാം. പഴയ നിയമത്തിന്റെ ആശാകേന്ദ്രം യേശു തന്നെയാണ്. 10 പ്രാവശ്യം മത്തായി വിശേഷാൽ എടുത്തു കാട്ടുന്നതു യേശുവിൽ സംഭവിച്ചതെല്ലാം പഴയനിയമത്തിന്റെ  നിവൃത്തിയായിരുന്നു. മറ്റു പുതിയനിയമ പുസ്തകങ്ങളേക്കാൾ കൂടുതൽ (130 പ്രാവശ്യം) പഴയനിയമ ഉദ്ധരണികളും മത്തായി തന്റെ സുവിശേഷത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ബാഹ്യരേഖ:**

## 1. രാജാവെന്ന വ്യക്തിയും അവതരണവും (1:1–4:25)

A. ജനനം (1:1-25)
B. തിരിച്ചറിയൽ (2:1-12)
C. ഓടിപ്പോക്ക് (3:13-23)
D. അവന്റെ മുന്നോടി (3:1-17)
E. അവന്റെ പരീക്ഷ (4:1-11)
F. അവന്റെ ആദ്യ ശിഷ്യന്മാർ (4:12-25)

## 2. രാജാവിന്റെ വിളംബരം അഥവാ പ്രസംഗം (5:1–7:29)

A. സ്വകാര്യനേട്ടങ്ങളെക്കുറിച്ച് (5:1-12)
B. വിശ്വാസികളുടെ ഉത്തരവാദത്തെക്കുറിച്ച് (5:13-20)
C. ബന്ധങ്ങളെക്കുറിച്ച് (5:21-48)
D. ദാനങ്ങൾ, പ്രർത്ഥന,  ഉപവാസം, എന്നിവയെക്കുറിച്ച് (6:1-18)
E. ശരിയായ നിക്ഷേപത്തെക്കുറിച്ച് (6:19-34)
F. ന്യായപ്രമാണത്തിന്റെ പൂർത്തീകരണത്തെക്കുറിച്ച് (7:1-29)

## 3. രാജാവിന്റെ അധികാരം (8:1–11:1)

A. സൗഖ്യം നല്കുന്നു. (8:1-17)
B. മറ്റുള്ളവരെ വിളിക്കുന്നു (8:18-22)
C. കാറ്റിനെ ശാന്തമാക്കുന്നു (8:23-27)
D. ഭൂതങ്ങളെ പുറത്താക്കുന്നു (8:28-34)
E. കൂടുതൽ രോഗശാന്തി (9:1-38)
F. ശിഷ്യന്മാരെ നിയോഗിക്കുന്നു (10:1-11:1)

## 4. രാജാവിന്റെ പരിപാടികളും തുടർച്ചയായ അവഗണനയും (11:2–16:12)

A. യേശു യോഹന്നാൻ സ്നാപകനെ പുകഴ്ത്തുന്നു (11:2-19)
B. മാനസാന്തരത്തിനായുള്ള ആഹ്വാനം (11:20-30)
C. പരീശന്മാരുടെ എതിർപ്പ് (12:1-50)
D. യേശുവിന്റെ ഉപമകൾ (13:1-58)
E. യോഹന്നാൻ സ്നാപകന്റെ ശിരഛേദം (14:1-12)
F. കൂടുതൽ അത്ഭുതങ്ങൾ (14:13-36)
G. പാരമ്പര്യങ്ങളും കപടഭക്തിയും (15:1-20)
H. കൂടുതൽ രോഗശാന്തി (15:21-39)
I. കൂടുതൽ എതിർപ്പുകൾ (16:1-12)

## 5. രാജാവിന്റെ ശിഷ്യന്മാരുടെ തയ്യാറെടുപ്പ് (16:13–20:28)

A. പത്രോസിന്റെ ഏറ്റുപറച്ചിൽ (16:13-28)
B. യേശുവിന്റെ രൂപാന്തരം (17:1-13)
C. ഭൂതഗ്രസ്ഥൻ (17:14-23)
D. വിശ്വാസവും കരവും (17:24-27)
E. വിശ്വാസവും സ്നേഹവും (18:1-19:12)
F. വിശ്വാസവും കുഞ്ഞുങ്ങളും (19:13-15)
G. വിശ്വാസവും ശിഷ്യത്വവും (19:16-30)
H. സമ്മതത്തിന്റെ (ഉടമ്പടി) മാന്യത (20:1-16)
I. അധികാരം, ഉദ്യോഗം (20:17-28)

**6. രാജാവിന്റെ പ്രദർശനം (20:29–23:39)**

A. കുരുടനെ സൗഖ്യമാക്കുന്നു (20:29–34)
B. യറുശലേമിലേക്കുള്ള പ്രവേശനം (21:1–27)
C. ഉപമകളെ പഠിപ്പിക്കുന്നു (21:2–8:22:14)
D. വീണ്ടും എതിർപ്പുകൾ (22:15–46)
E. പരീശന്മാർക്ക് കഷ്ടം (23:1–39)

**7. രാജാവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ (24:1–25:46)**

A. അവന്റെ മടങ്ങി വരവിനെ ക്കുറിച്ച് (24:1–51)
B. ഒരുക്കത്തെക്കുറിച്ചുള്ള ഉപമ (25:1–30)
C. ന്യായവിധി (25:31–46)

**8. രാജാവിന്റെ തിരസ്ക്കരണവും ദുഖവും (26:1–27:66)**

A. ഒറ്റിക്കൊടുക്കലും അറസ്റ്റും (26:1–56)
B. വിചാരണയും ഉപേക്ഷയും (26:57–75)
C. പശ്ചാത്താപം (27:1–10)
D. ക്രൂശീകരണം (27:11–56)
E. കബറടക്കം (27:57–66)

**9. രാജാവിന്റെ തെളിവ് (28:1–20)**

A. അവന്റെ ഉയർത്തെഴുന്നേല്പ് (28:1–10)
B. മൂടിവയ്ക്കൽ (28:11–15)
C. അന്ത്യകല്പന (28:16 –20).

# മർക്കോസ്
## (കർത്താവിന്റെ ദാസൻ)

### പുസ്തകവും എഴുത്തുകാരനും:

എഴുത്തുകാരൻ ആരെന്നും വെളിപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതൊരു പേരില്ലാ പുസ്തകമായിട്ടായിരുന്നു അറിഞ്ഞിരുന്നത്. "മർക്കോസ് എഴുതിയ സുവിശേഷം" എന്ന തലക്കെട്ട് ഏതാണ്ട് A.D. 125-നുമുമ്പായി ഒരു ശാസ്ത്രി നല്കിയ പേരാണ്. എന്നാൽ വളരെ പ്രസക്തമായ തെളിവുകൾ മർക്കോസാണ് എഴുതിയതെന്നു തെളിയിപ്പാൻ ഉണ്ടുതാനും. 56 ''ആദിമസഭാ''പിതാക്കന്മാർ ഐക്യകണ്ഠമായി പത്രോസിന്റെ സഹായി ആയ മർക്കോസാണ് എഴുതിയതെന്നു അഭിപ്രായം നല്കിയിട്ടുണ്ട്. A.D. 112-ൽ ജീവിച്ചിരിക്കുന്ന സഭാ പിതാവായ പാപ്പിയോസ് മർക്കോസിനെ ''പത്രോസിന്റെ പൊരുൾ തിരക്കുന്നവൻ'' എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. വാൾട്ടർ എം. ഡുന്നറ്റ് (Walter M. Dunnett) എന്ന എന്ന ദേഹം ചൂണ്ടിക്കാട്ടുന്നതു കാണുക: "അപ്പോസ്തല പ്രവൃത്തി 10:36–43-ലെ പത്രോസിന്റെ പ്രസം ഗവും മാർക്കോസിന്റെ സുവിശേഷവുമായി താരതാമ്യം ചെയ്യുമ്പോൾ ഒന്നാമത്തേത് ഈ സുവിശേഷത്തിനു നല്കുന്ന യേശുവിന്റെ വിശദമായ ജീവിതത്തിന്റെ ബാഹ്യരേഖയാണ്." 57

മർക്കോസ് അപ്പോസ്തോലന്മാരുടെ ഗണത്തിൽ പെടുകയില്ലെങ്കിലും യേശുവിനെ അനുഗമിച്ച സ്ത്രീകളിൽ ഒരുവളും യെറുശലേമിലെ ധനാഢ്യയും മാന്യസ്ഥാനവുമുള്ള മറിയാം എന്നവളുടെ മകനും ( അപ്പോ. പ്ര. 12:12) അപ്പോസ്തോലനായ പത്രോസിന്റെ സഹപ്രവർത്തകനും (1 പത്രോ. 5:13), ബർന്നബാസ്സിന്റെ മച്ചുനനുമായിരുന്നു (കൊലൊ.4:10). ഈ വിവിധ ബന്ധങ്ങൾ പ്രത്യേകിച്ചു പത്രോസിനോടു കൂടെയുള്ള സഹവാസമാണ് സുവിശേഷ രചനക്കാവശ്യമായ അറിവുകൾ ശേഖരിക്കുമ്പോൾ മർക്കോസിനു മുഖാന്തരമായത്. പത്രോസ് മർക്കോസിനെ "എനിക്കു മകൻ" (1 പത്രോ 5:13) എന്നുവിശേഷിപ്പിക്കുന്നതിനാൽ മർക്കോസിനെ ക്രിസ്തുവിലേക്കു നടത്തിയതും, പത്രോസു തന്നെയെന്നു വിശ്വസിക്കാം. പത്രോസിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയതിനാൽ അപ്പോസ്തോലിക അംഗീകാരവും ലഭിക്കാൻ ഇടയായി.

ഇതിനുപുറമേ, മർക്കോസിനു അപ്പോസ്തോലനായ പൗലോസുമായും നല്ല ബന്ധമുണ്ടായിരുന്നു ചാൾസ് റെയ്റി (Charles Ryrie) യുടെ എഴുത്തു നോക്കുക:

> "പൗലൂസിന്റെയും ബർന്നബാസ്സിന്റെയും ഒന്നാം മിഷ്യനറിയാത്രയിൽ പങ്കാളിയാകാനുള്ള അമൂല്യ അവസരം മർക്കോസുനു ലഭിച്ചെങ്കിലും ആ യാത്ര പൂർത്തിയാക്കാതെ അവൻ മടങ്ങി. ഇക്കാരണത്താൽ രണ്ടാം മിഷനറി യാത്രയിൽ കൂടെ കൊണ്ടുപോകുവൻ പൗലൂസ് വിസമ്മിതിക്കയാൽ അവൻ ബർന്ന ബാസിന്റെ കുടെ കുപ്രോസിലേക്കു പോയി (അപ്പോ. പ്ര. 15:38-40). എന്നാൽ ഏതാണ്ടു പന്ത്രണ്ടു വർഷത്തിനുശേഷം മർക്കോസ് വീണ്ടും പൗലൂസിന്റെ ശുശ്രൂശയുടെ അന്ത്യ നാളുകളിൽ അവനോട് സഹകരിക്കുകയും, സഹായിക്കുകയും ചെയ്തിട്ട് കൊലോസ്സിലേക്ക് അയയ്ക്കപ്പെടുകയും ചെയ്തു. (2 തിമോ. 4:11; ഫിലേമോൻ 24; കൊലോ. 4:10). ജീവിതത്തിലെ ഒരു തെറ്റ് ഒരിക്കലും ഒരുത്തനെ ഉപയോഗശൂന്യമാകുന്നില്ല മറിച്ച് കൂടുതൽ പ്രയോജനത്തിലേക്കു നയിക്കുന്നു എന്ന തെളിയിയ്ക്കു ന്നതാണ് മർക്കോസിന്റെ ജീവിത ചരിത്രം." 58

## എഴുതിയ കാലം:

A.D. 50s അല്ലെങ്കിൽ 60s

തീയതി കൃത്യമായി പറയുക പ്രയാസമാണ്. പല വേദശാസ്ത്രജ്ഞൻമാരുടേയും അഭിപ്രയം ഏതാണ്ട് നാലു സുവിശേഷങ്ങളിലും വച്ച് ആദ്യത്തേത് എന്നാണ്. മർക്കോസിലെ പ്രധാന വാക്യങ്ങൾ മറ്റു സുവിശേഷങ്ങളിലും എഴുതിയിരിക്കുന്നതായി കാണാം. എല്ലാം വച്ചു നോക്കുമ്പോൾ യറുശലേം ദേവാലയത്തിന്റെ നാശത്തിനു മുമ്പായി അഥവാ A.D. 70-നുമുമ്പായി എഴുതി എന്നു വിശ്വസിക്കാം (13:2).

## വിഷയവും ഉദ്ദേശവും:

''ക്രിസ്തുവിന്റെ ദാസത്വം'' എന്നതാണ് വിഷയം. ശുശ്രൂഷയും അതിലെ ത്യാഗവും എടുത്തുപറയുന്നു. "**മനുഷ്യ പുത്രൻ ശുശ്രൂഷചെയ്യപ്പെടാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്**" (10:45). ശ്രദ്ധയോടുകൂടെ ഈ വാക്യം പഠിക്കുന്നവർക്കു ത്യാഗപൂർണ്ണമായ സേവനത്തിന് മാർക്കോസ് തന്റെ സുവിശേഷത്തിൽ പ്രഥമ സ്ഥാനം നല്കിയിരിക്കുന്നത് മനസ്സിലാക്കാവുന്നതാണ്.

മർക്കോസിന്റെ സുവിശേഷം റോമാക്കാരേയും അതുപോലെ ജാതീയ വായനക്കാരേയും ഉദ്ദേശിച്ചായിരുന്നു. യേശുക്രിസ്തുവിന്റെ വംശാവലി, പർവ്വത പ്രസംഗം, എന്നിവയെ ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു മാത്രമല്ല മതനേതാക്കന്മാരിൽ നിന്നുണ്ടായ എതിർപ്പുകൾക്കും വലിയ പ്രാധാന്യം നല്കിയിട്ടില്ല. എങ്കിലും അതിന്റെ സംസ്ക്കാര ഘടനകൾ യഹൂദ വായനക്കാർക്ക് സ്വീകാര്യമായവിധത്തിലാണ്. യഹോവയുടെ ദാസനായ യേശുവിൽ വിശ്വസ്ഥനായി തന്റെ പ്രവൃത്തി ചെയ്യുകയും പിൻമാറാതെ ക്ലേശം സഹിച്ച് അത് പൂർത്തീകരിക്കുന്നതുമാണ് മർക്കോസ് നല്കുന്ന ചിത്രം.

## മർക്കോസിന്റെ സുവിശേഷത്തിലെ ക്രിസ്തു:

> "യാതൊരു സംശയവുമില്ല മർക്കോസ് വെളിപ്പെടുത്തുന്ന ക്രിസ്തു അനേകർക്കായി സ്വന്തം ജീവനെ മറുവിലയായി കൊടുക്കുന്ന അനുസരണയുള്ള യഹോവയുടെ ദാസനാണ്. സ്വന്തം ആവശ്യങ്ങളെക്കാൾ മറ്റുള്ളവരുടെ ആത്മീയവും, ഭൗതീകവുമായ ആവശ്യങ്ങളിൽ സഹായി ആയി ഓടിയെത്തുന്ന ശുശ്രൂഷയായിരുന്നു ഈ ദാസനുണ്ടായിരുന്നത്. ക്രിസ്തുവിന്റെ സേവനത്തിന്റെ മാതൃക എന്തായിരുന്നു എന്നാണ് ഇത് വെളിപ്പെടുത്തുന്നത്. ആകെയുള്ള യേശുവിന്റെ എഴുപതു ഉപമകളിൽ പതിനെട്ടെണ്ണം മാത്രമേ മർക്കോസ് രേഖപ്പെടുത്തിയിട്ടുള്ളൂ. ഇതിൽ ചിലതു ഒരു വാചക നീളം മാത്രമുള്ളവയാണ്. എന്നാൽ ക്രിസ്തുവിന്റെ 35 അത്ഭുത പ്രവർത്തികളിൽ പകുതിയിലധികവും മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്". 59

## ബാഹ്യരേഖ :

### 1. സേവനത്തിനായി കർത്താവിന്റെ ദാസന്റെ ഒരുക്കം (1:1-13)

A. അവന്റെ മുന്നോടി (1:1-8)
B. അവന്റെ സ്നാനം (1:9-11)
C. അവന്റെ പരീക്ഷ (1:12,13)

**2. ദാസന്റെ ഗലീലയിലെ പ്രസംഗം (1:14-9:38)**

A. അവന്റെ മിഷ്യൻ (1:14-2:12)
B. പ്രാരംഭ എതിർപ്പുകൾ (2:13-3:35)
C. ഉപമകൾ (4:1-34)
D. അതിശയ പ്രവർത്തികൾ (4:35-5:43)
E. പ്രതികൂലങ്ങൾ വർദ്ധിക്കുന്നു (6:1-8:26)
F. പത്രൊസ് ക്രിസ്തുവിനെ ഏറ്റു പറയുന്നു (8:27-33)
G. ശിഷ്യത്വത്തിന്റെ വില (8:34-9:1)
H. ദാസനയാവന്റെ രൂപാന്തരം (9:2-13)
I. അശുദ്ധാത്മാവു ബാധിച്ച മകന് വിടുതൽ (9:14-29)
J. യേശു തന്റെ മരണത്തെ മുൻകൂട്ടി അറിയിക്കുന്നു (9:30-32)

**3. യേശു എന്ന ദാസന്റെ പെറിയായിലെ പ്രസംഗം (9:33-10:52)**

A. യേശു ശിഷ്യന്മാർക്കു ഒരുക്കത്തിനുള്ള പാഠങ്ങൾ നല്കുന്നു (9:33-10:45)
B. ബർത്തിയായി എന്ന കുരുടൻ സൗഖ്യമാകുന്നു (10:46-52)

**4. ദാസനു യറൂശലേമിൽ വച്ചുണ്ടാകുന്ന പീഢനങ്ങൾ (11:1-15:47)**

A. സാധാരണ സന്ദർശനം (11:1-19)
B. പ്രർത്ഥനയെ ക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (11:20-26)
C. നേതാക്കന്മാരിൽ (മൂപ്പന്മാരിൽ) നിന്നുള്ള എതിർപ്പ് (11:27-12:44)
D. ഭാവിയെ കുറിച്ചുള്ള നിർദ്ദേശങ്ങൾ (13:1-37)
E. അവന്റെ പീഢാനുഭവങ്ങൾ (14:1-15:47)

**5. ദാസനായവന്റെ ഉയിർത്തെഴുനേൽപ്പിന്റെ അഭിവൃദ്ധികൾ (16:1-20)**

A. ഉയിർത്തെഴുനേപ്പ് (16:1-8)
B. അവന്റെ പ്രത്യക്ഷതകൾ (16:9-18)
C. അവന്റെ സ്വർഗ്ഗാരോഹണം (16:19,20).

# ലൂക്കോസ്

## (മനുഷ്യ പുത്രൻ)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ലൂക്കോസും അപ്പോസ്തോല പ്രവർത്തികളും രണ്ടു വാല്യങ്ങളിലായി തെയോഫിലോസ് എന്നൊരാളിന്റെ പേർക്ക് ലൂക്കോസ് എഴുതിയതാണ്. മറ്റൊരിടത്തും ലൂക്കോസിനെ എഴുത്തുകാരനായി നാം കാണുന്നില്ലെങ്കിലും അവനെ "വൈദ്യനായ പ്രിയ ലൂക്കോസ്'' (കൊലോ 4:14) എന്ന് കൂട്ടുവേലക്കാരൻ എന്നും സംബോധന ചെയ്തിട്ടുണ്ട്.

വാസ്തവത്തിൽ ഈ രണ്ടു പുസ്തകങ്ങളും കൂടെ ഗ്രീക്കു പുതിയ നിയമത്തിന്റെ നാലിൽ ഒരുഭാഗം എടുത്തിട്ടുണ്ട്. ലൂക്കോസിനെക്കുറിച്ച് ആകെയുള്ള പരാമർശം കൊലോ. 4: 14; 2 തിമൊ 4:11 ; ഫിലോ24 എന്നിവയാണ്. മറ്റൊരു ഭാഗം അപ്പോ. പ്ര. 16:10-17; 20:5-21:18; 27:1-28:16 എന്നീ ഭാഗങ്ങളിൽ കാണുന്ന "ഞങ്ങൾ'' (we) എന്ന പ്രയോഗമാണ്. പൗലൂസിനൊടൊപ്പം മിഷ്യനറിയാത്രയിൽ പങ്കെടുത്ത കാര്യം പറയുമ്പോൾ ലൂക്കോസ് തന്റെ പേരു വെളിപ്പെടുത്താതെ "ഞങ്ങൾ'' എന്ന പദം ഉപയോഗിച്ചിരിക്കുകയാണ്. രണ്ടുപേരുകൾ മാത്രമേ ത്രിതീയ പുരുഷനിൽ (ഞങ്ങൾ എന്ന വാക്കിനാൽ) ഉപയോഗിച്ചിട്ടുള്ളൂ. അതിനാൽ ലൂക്കോസിനെ കൂടാതെയുള്ളത് തീത്തോസ് ആകുന്നു. ഈവിധ തെളിവുകൾ വച്ചു നോക്കുമ്പോൾ പൗലോസിന്റെ സഹയാത്രികനും , പ്രിയ സ്നേഹിതനും കുട്ടുവേലക്കാരനും (കൊലോസ്സ്യർ 4:14) വൈദ്യനായ (ഫിലേമോൻ വാ. 24) ലൂക്കോസാണ് എഴുത്തുകാരൻ എന്നു ബോദ്ധ്യമാകുന്നു.

കൊലോസ്ത്യർ 4: 10-14 എന്ന ഭാഗത്തു നിന്നും ലൂക്കോസ് ജാതികളിൽ നിന്നുള്ളവൻ ആയിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. പൗലോസ് യഹൂദരായ അരിസ്ത്രഹൂസിനെയും, മാർക്കോ സിനെയും കുറിച്ചു പറഞ്ഞിട്ട് ജാതീയ കുടുബക്കാരായ എപ്പപ്രാസ്, ലൂക്കോസ്, ദേമാസ് എന്നിവരെ വേർതിരിച്ചു (അപ്പോ. പ്ര. 1:19) കാണിച്ചിരിക്കുന്നു. 60

ലൂക്കോസിന്റെ പ്രാരംഭകാല ചരിത്രം നമുക്കു മറവായിട്ടിരിക്കുന്നതിനാൽ താൻ യേശുവിന്റെ ജീവിത സംഭവങ്ങൾക്ക് ദൃക്സാക്ഷിയായെന്നല്ലാതെ (ലുക്കോ 1:2-4) താൻ എന്നാണ് ക്രിസ്ത്യാനിയായതെന്നും അറിഞ്ഞുകൂടാ. എന്തായാലും താൻ തികഞ്ഞ ഒരു സുവിശേഷകനും വൈദ്യനും ആയി പൗലൂസിന്റെ മിഷനറിയാത്രയിൽ പങ്കാളിയായിരുന്നു. ഗ്രീക്കുഭാഷയിൽ അവന് തികഞ്ഞ പ്രാവീണ്യം ഉണ്ടായിരിന്നു (അപ്പോ. പ്ര. 1: 19). പൗലൂസിന്റെ രക്തസാക്ഷി മരണ സമയത്ത് ലൂക്കോസും അടുത്തുണ്ടായിരുന്നു (2 തിമോ 4: 11). എന്നാൽ പിന്നീടുള്ള അവന്റെ ജീവിതത്തെകുറിച്ച് ഒരു രേഖയുമില്ല. 61

## എഴുതിയകാലം:

A.D. 60.

രണ്ടു അഭിപ്രായങ്ങളാണ് നിലനില്ക്കുന്നത് (1) ലൂക്കോസിന്റെ സുവിശേഷം A.D. 59 - 63 കാലഘട്ടത്തിൽ എന്നും (2) A.D. 70-നും 80-നു ഇടയ്ക്കാണ് എന്നതാണ്. എന്നാൽ അപ്പോസ്തൊല പ്രവർത്തിയുടെ അവസാനത്തിൽ പൗലൂസ് റോമിൽ ആയിരുന്നു എന്നു കാണുന്നതിനാലും, 1:1-ൽ പ്രകാരവും ലൂക്കോസ് സുവിശേഷം A.D. 60 നോടടുത്തകാലത്ത് എഴുതി എന്നു വിശ്വസിക്കാനാണ് ന്യായം.

## വിഷയവും ഉദ്ദേശവും:

സുവിശേഷത്തിന്റെ ആദ്യത്തെ നാലു വാക്യങ്ങളിൽ എഴുതിയതിന്റെ ഉദ്ദേശം വെളിപ്പെടുത്തിയിട്ടുണ്ട്:

> ***"ശ്രീമാനായ തെയോഫിലോസേ, ആദിമുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷകന്മാരായവർ നമ്മെ ഭാരമേല്പിച്ചപോലെ നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രവർത്തിച്ചുവരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമപ്പാൻ പലരും തുനിഞ്ഞിരിക്കുന്നതുകൊണ്ട് നിനക്ക് ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിനു അതുക്രമമായി എഴുതുന്നതെന്നു ആദിമുതൽ സകലരും സൂക്ഷ്മമായി പരിശോധിച്ചിട്ട് എനിക്കും തോന്നിയിരിക്കുന്നു" (ലൂക്കാ 1:1-4).***

സുവിശേഷം എഴുതുന്നതിനു താൻ സ്വീകരിച്ച മാർഗ്ഗങ്ങളെക്കുറിച്ച് പലതും പറയുവാനുണ്ട്:

അവന്റെ പ്രവൃത്തിയുടെ ഉത്തേജനം മറ്റു പലരുടെ എഴുത്തുകളായിരുന്നു (1:1). ദൃക്സാക്ഷികളുമായി ആലോചനചെയ്തു (1:2) നിലവിലുണ്ടായിരുന്നവയെ സസൂക്ഷ്മം പരിശോധിച്ചു (1:3). പരിശുദ്ധാത്മാവിന്റെ സംപൂർണ്ണ നിയന്ത്രണത്തിൽ വിശ്വാസത്തിന്റെ ചരിത്രപരമായ നിജസ്ഥിതിയെ തെയോഫിലോസിനെ ഉപദേശിച്ചുകൊടുക്കുകയായിരുന്നു(1:4). 62

ജാതികളിൽ നിന്ന് വന്നവനാകയാൽ ലൂക്കോസ് ലക്ഷ്യമിട്ടത് ജാതികളായ വായനക്കാർക്ക് യേശുക്രിസ്തുവിന്റെ പൂർണ്ണരൂപം ഗ്രഹിക്കുവാൻ വഴിയൊരുക്കുക എന്നതായിരുന്നു. ഈ ഉദ്ദേശത്തിലാണ് തന്റെ രണ്ടു വാല്യങ്ങളിലും അരാമിക് പദങ്ങളേയും യഹൂദപാരമ്പര്യങ്ങളേയും ഭൂമിശാസ്ത്രത്തെയും ഗ്രീക്ക് വായനക്കാർക്കായി ഗ്രീക്ക് ഭാഷയിലെഴുതിയത്. 63

"വൈദ്യനായ പ്രിയ ലൂക്കോസി"നാൽ രചിക്കപ്പെട്ട സുവിശേഷമാണ് മറ്റുള്ളവയെക്കാൾ ദീർഘമായത്. ഇതിൽ രക്ഷകനായ ക്രിസ്തുവിനെ പൂർണ്ണമനുഷ്യനായി അഥവാ കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ വന്ന മനുഷ്യപുത്രനായിട്ടാണ് പറഞ്ഞിരിക്കുന്നത് (19:10). മത്തായിയിൽ യേശുവിനെ ഇസ്രായേലിന്റെ രാജാവായ ദാവീദിന്റെ സന്തതിയായും, മർക്കോസിൽ മറ്റുള്ളവരെ സേവിക്കുന്ന കർത്താവിന്റെ ദാസനായും നാം കണ്ടു. ലൂക്കോസ് യേശുവിനെ മനുഷ്യരുടെ ഒരാവശ്യമായിട്ടാണ് ചൂണ്ടിക്കാണിക്കുന്നത്. എന്തെന്നാൽ അവൻ മനുഷ്യരിലെ സംപൂർണ്ണ മനുഷ്യത്വം മനുഷ്യരാൽ ശോധന ചെയ്യപ്പെട്ട് രക്ഷകനായും മഹാപുരോഹിതനായും അംഗീകരിക്കപ്പെട്ടവനുമാണ്. വൈദ്യനും, ചരിത്രകാരനും എന്നനിലയിൽ ലൂക്കോസിന്റെ വിശദീകരണം കൃത്യവും നീതിപൂർവ്വവുമാണ്. മത്തായി പ്രധാന സംഭവങ്ങളെയും മർക്കോസ് അവയുടെ സംക്ഷേപവും നല്കുമ്പോൾ, ലൂക്കോസ് ദീർഘമായി സകലതും വിശദീകരിച്ചിരിക്കുകയാണ്.

മനുഷ്യപുത്രൻ എന്ന നിലയ്ക്ക് അവൻ തന്നെ ദൈവപുത്രനും ആകുന്നു. അവന്റെ പൂർണ്ണ മനുഷ്യസ്വഭാവത്തെ തെളിയിക്കുവാനായിട്ടാണ് യേശുവിന്റെ വംശാവലിയെ പിറകോട്ട് എണ്ണി ആദാമിൽ കൊണ്ടെത്തിച്ചിരിക്കുന്നത് (3:38). മത്തായി വംശാവലി എഴുതുമ്പോൾ അബ്രഹാം വരെയേ പറയുന്നുള്ളൂ എന്നതും ശ്രദ്ധിക്കേണ്ടതാണ്.

അവന്റെ മാനസികവും (2:40-52), ആത്മീകവും, സാന്മാർഗ്ഗീകവുമായ വളർച്ചയുടെ പൂർണ്ണ സ്നാന സമയത്ത് പിതാവിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷ്യത്താലും, പരിശുദ്ധാത്മാവിന്റെ ഇറങ്ങിവരവിനാലും തെളിയിക്കപ്പെട്ടു (3:21,22). അങ്ങനെ ലൂക്കോസ് യേശുവിൽ ശരീരം, മനസ്സ്, ആത്മാവ് എന്നിവകളുടെ പൂർണ്ണമാക്കപ്പെട്ട ഒരു മനഷ്യനെയാണ് വരച്ചുകാട്ടിയിരിക്കുന്നത്.

### ലൂക്കോസിന്റെ സുവിശേഷത്തിലെ ക്രിസ്തു:

യേശുവിന്റെ മനുഷ്യത്വവും മനസ്സലിവും തുടർച്ചായായി ഇതിൽ എടുത്തുപറയുന്നു. ലൂക്കോസ് യേശുവിന്റെ വംശാവലി, ജനനം, മനുഷ്യപുത്രനെന്ന നിലയ്ക്ക് പാപികളായ മനുഷ്യരുടെ സങ്കടങ്ങളും ഭാരങ്ങളും ഏന്തി ക്രൂശിനെ സഹിച്ച് നമുക്കു രക്ഷനല്കുന്നതും യവനായ ദർശത്തിന്റെ പൂർണ്ണമനുഷ്യനെ മുന്നിൽ കണ്ടാണ് വിസ്തിരിച്ചിരിക്കുന്നത്. 64

### ബാഹ്യരേഖ:

1. **മുഖവുര**
2. **എഴുത്തിന്റെ ഉദ്ദേശവും രീതിയും (1:1-4)**
3. **മനുഷ്യപുത്രനെ മനുഷ്യർ തിരിച്ചറിയുന്നു (1:5-4:13)**
   - A. ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള സംഭവങ്ങൾ (1:5-56)
   - B. ക്രിസ്തു ജനിക്കുമ്പോഴത്തെ സംഭവങ്ങൾ (1:57-2:38)
   - C. ക്രിസ്തുവിന്റെ ബാല്യകാല സംഭവങ്ങൾ (2:39-52)
   - D. ക്രിസ്തുവിനെ ദേവാലയത്തിൽ അർപ്പിക്കുന്നതിനെക്കുറിച്ചുള്ള സംഭവങ്ങൾ (3:1-4:13)
4. **മനുഷ്യർക്കുവേണ്ടി മനുഷ്യപുത്രന്റെ ശുശ്രൂഷ (4:14-9:50)**
   - A. യേശുവിന്റെ അർപ്പണം (4:14-30)
   - B. യേശുവിന്റെ അധികാരത്തിന്റെ വെളിപ്പെടുത്തൽ (4:31-5:28)
   - C. ക്രിസ്തുവിന്റെ പദ്ധതിയുടെ വിശദീകരണം (5:29-6:49)
   - D. ക്രിസ്തുവിന്റെ പദ്ധതിയുടെ വികസനം (7:1-9:50)
5. **മനുഷ്യപുത്രൻ മനുഷ്യരാൽ ത്യജിക്കപ്പെടുന്നു (9:51-19:27)**
   - A. വർദ്ധിക്കുന്ന എതിർപ്പുകൾ (9:51-11:54)
   - B. ക്രിസ്തുവിനെ ത്യജിക്കുവാനുള്ള നിർദ്ദേശങ്ങൾ (12:1-19:27)
6. **മനുഷ്യർക്കുവേണ്ടിയുള്ള മനുഷ്യ പുത്രന്റെ സഹനം (19:28-23:56)**
7. **മനുഷ്യരുടെ മുമ്പിൽ മനുഷ്യ പുത്രന്റെ യാഥാർത്ഥ്യതയുടെ വെളിപ്പെടുത്തൽ (24:1-53).**

# യോഹന്നാൻ

## (നിത്യനായ ദൈവപുത്രൻ)

### പുസ്തകവും എഴുത്തുകാരനും:

രണ്ടാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിലായിരുന്നു സഭാപാരമ്പര്യമനുസരിച്ച് ഈ സുവിശേഷത്തിന്റെ കർത്താവ് യോഹന്നാൻ തന്നെയെന്ന് നിജപ്പെടുത്തിയത്. സെബദിയുടെ മകനും യാക്കോബിന്റെ സഹോദരനുമായിരുന്ന യോഹന്നാനാണിത്. യോഹന്നാനും യാക്കോബിനും യേശു നൽകിയ പേര് "ഇടിമക്കൾ''എന്നായിരുന്നു (മർക്കോസ് 3:17). അവരുടെ അമ്മ ശലോമി ഗലീലയിൽ വച്ച് യേശുവിന്റെ ശുശ്രൂഷകരായ മറ്റു സ്ത്രീകളോടൊപ്പം ക്രൂശീകരണത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തു (മർക്കോസ് 15: 40,41). പന്തിരുവരിൽ ഒരുവനായി യേശുവിനടുത്തവൻ എന്നതിനുപരിയായി അവനെ പരിചയപ്പെടുത്തിയിരിക്കുന്നത് "യേശു സ്നേഹിച്ച ശിഷ്യൻ

എന്നാകുന്നു" (13:23; 18:15,16; 19:26,27). മറുരൂപമലയിലെ രൂപാന്തരസമയത്ത് യേശുവിനോടു കൂടെ ഉണ്ടായിരുന്ന മൂവരിൽ ഒരുവൻ യോഹന്നാനായിരുന്നു (മത്ത:17:1). പത്രോസുമായി കൂടുതൽ അടുപ്പമുള്ള വനായിരുന്നു. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം യോഹന്നാൻ ആദിമ സഭയിൽ കൂടുതൽ പ്രശസ്തി പ്രാപിച്ചിരുന്നതിനാലാണ് അവനെ സഭയുടെ തൂണുകളിൽ ഒന്നായി പൗലൂസ് വിശേഷിപ്പിച്ചിരിക്കുന്നത് (ഗലാ. 2:9).

കൃത്യമായി പറഞ്ഞാൽ ഇതൊരു അജ്ഞാത സുവിശേഷനാമാണ്. എഴുത്തുകാരനെക്കുറിച്ച് കൃത്യമായിട്ടൊന്നും പുസ്തകത്തിൽ പറഞ്ഞിട്ടില്ല. എന്തുകൊണ്ടാന്നാൽ സുവിശേഷങ്ങളും, ലേഖനങ്ങളും തമ്മിൽ സാഹിത്യനിയമ പ്രകാരം വിത്യാസമുണ്ട്. പൗലൂസിന്റെ ലേഖനങ്ങൾ എല്ലാം തന്നെ അവന്റെ പേരോടുകൂടെയാണ് ആരംഭിക്കുന്നത്. പുരാതീനലോകത്തിലെ എഴുത്തുകാരുടെ ഒരു രീതി അതായിരുന്നു. എന്നാൽ സുവിശേഷ എഴുത്തുകാർ ആരും തങ്ങളുടെ പേര് സ്വയം വെളിപ്പെടുത്തിയിരുന്നില്ല. എന്നിരുന്നാലും അവരുടെ പേരുകൾ പരോക്ഷമായി അതിൽ വെളിപ്പെടുത്തിയിട്ടുമുണ്ട്. ഇതുകൂടാതെ പാരമ്പര്യങ്ങളിൽ നിന്നും അവരെക്കുറിച്ച് നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

## എഴുതിയ കാലം:

A.D. 85-90

സുവിശേഷങ്ങളിൽ നാലാമത്തേത് ആയിട്ടാണ് സഭ ഇതിനെ കരുതിയിരിക്കുന്നത്. യോഹന്നാൻ ആപ്പോസ്തോലന്റെ വാർദ്ധക്യകാലത്താണ് ഇതിന്റെ രചന നടന്നത്. ആകയാലാണ് 85-95 നും ഇടയ്ക്ക് എഴുതികാണുമെന്ന് അനുമാനിക്കുന്നത്. യോഹ. 21:18,23-ൽ പ്രകാരം അവൻ പത്രോസിന്റെ ജീവിതകാലത്തെ അതിജീവിച്ച് കുറേനാൾ ജീവിക്കുന്നതായി മനസ്സിലാക്കാം. 65

## വിഷയവും ഉദ്ദേശവും:

ബൈബിളിലെ മറ്റു പുസ്തകങ്ങളെക്കാൾ യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ വിഷയവും ഉദ്ദേശവും കൃത്യ മായി വെളിപ്പെടുത്തുന്നുണ്ട്. ഇതു മനസ്സിലാക്കുവാൻ പറ്റിയ സംഭവമാണ് ഉയർത്തെഴുന്നേറ്റ കർത്താവിനെക്കുറിച്ച് തോമസിനുണ്ടായ സംശയം (യോഹ. 20:24-25). തോമസ് തന്റെ സംശയത്തെ പരസ്യപ്പെടുത്തിയതിനെ തുടർന്ന് പെട്ടെന്നായിരുന്നു യേശുവിന്റെ പ്രത്യക്ഷതയും തോമസിനോട് നേരിട്ടു സംസാരിച്ചതും,

> ***"നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാണുക; നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക എന്നു പറഞ്ഞു. തോമസ് അവനോട്, 'എന്റെ കർത്താവും എന്റെ ദൈവവും' ആയുള്ളോവേ എന്നുത്തരം പറഞ്ഞു. യേശു അവനോട് നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്നു പറഞ്ഞു" (യോഹ. 20:26-29).***

യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ വിഷയവും ഉദ്ദേശവും "യേശുവിൽ വിശ്വസിക്കുക'' എന്നതാണന്നു എടുത്തു പറയുന്നു,

> ***"ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കുന്നതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകുന്നതിനും ഇതെഴുതിയിരിക്കുന്നു" (യോഹ 20:30,31).***

ഈ ഉദ്ദേശത്തെ മുൻനിർത്തികൊണ്ട് ജനങ്ങൾ യേശുവിനെ തങ്ങളുടെ രക്ഷിതാവായി അംഗീകരിക്കുന്നതിനു യോഹന്നാൻ യേശുവിന്റെ ആശ്ചര്യപ്രവർത്തനം എന്നിവയെക്കുറിച്ച് മനസ്സിലാക്കുവാനായി ഏഴ് അത്ഭുതങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്:

1. വെള്ളം വീഞ്ഞാകുന്നു (2:1-11)
2. രാജഭൃത്യന്റെ മകനെ സൗഖ്യമാകുന്നു (4:46-54)

3. തളർവാതിയെ സൗഖ്യമാക്കുന്നു (5:1-18)
4. ജനക്കൂട്ടത്തെ പോഷിപ്പിക്കുന്നു (6:6-13)
5. വെള്ളത്തിന്മേൽ നടക്കുന്നു (6:16-21)
6. കുരുടനു കാഴ്ചനൽകുന്നു (9:1-7)
7. ലാസ്സറിനെ ഉയർപ്പിക്കുന്നു (11:1-45).

മറ്റു സുവിശേഷങ്ങളിലെ (മത്തായി, മർക്കോസ്, ലൂക്കോസ്) പ്രസ്താവനകളിൽ നിന്നും യോഹന്നാന്റെ സുവിശേഷത്തിനുള്ള വിത്യാസം തന്നെ എഴുതിയതിന്റെ ഉദ്ദേശവും വിഷയവും എന്താണെന്നു ഗ്രഹിപ്പിക്കേണ്ടതിനായിട്ടാണ്.

സുവിശേഷങ്ങളുടെ താരതാമ്യ പഠനം നടത്തുന്ന ഒരാൾക്കു യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകത മനസ്സിലാക്കാവുന്നതാണ്. ഈ സുവിശേഷത്തിൽ യേശുവിന്റെ വംശാവലി, ജനനം. സ്നാനം, പരീക്ഷ, ഭൂതങ്ങളെ പുറത്താക്കുന്നത്, ഉപമകൾ, രൂപാന്തരം, കർത്തൃമേശയുടെ സ്ഥാപനം, ഗതസമനയിലെ അതിവേദന സ്വർഗ്ഗാരോഹണം എന്നിവകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ യേശുവിന്റെ യറുശലേമിലെ ശുശ്രൂഷ, യഹൂദന്മാരുടെ പെരുനാളുകൾ, വ്യക്തികളുമായി യേശു നടത്തിയ സംഭാഷണങ്ങൾ (3:1-4;38; 18:28-19:16) ശിഷ്യന്മാർക്കായി യേശുവിന്റെ സേവനങ്ങൾ (13:1-17:26) എന്നിവ പ്രത്യേകാൽ ചേർത്തിട്ടുമുണ്ട്. 2:1-12:50 വരെയുള്ള ഭാഗം യേശു ചെയ്ത അത്ഭുതങ്ങളുടെ ഒരു പ്രത്യേക ശേഖരണം അഥവാ പുസ്തകം തന്നെയാണ്. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഏഴു അത്ഭുതങ്ങൾ യേശു ദൈവപുത്രനായ മശിഹാതന്നെയെന്നു വെളിപ്പെടുത്തുന്നു. ഈ ചെറു പുസ്തകത്തിൽ താൻ ചെയ്ത അത്ഭുതങ്ങളെക്കുറിച്ചുള്ള പ്രതിപാദനങ്ങളും ഉണ്ട്. ഉദാഹരണമായി അയ്യായിരങ്ങളെ പോഷിപ്പിച്ച സംഭവത്തിലൂടെ (6:1-15) ലോകത്തിനു ജീവൻ നല്കുവാനായി സ്വർഗ്ഗീയ പിതാവു ദാനം ചെയ്ത ജീവന്റെ അപ്പം താൻ ആകുന്നു എന്ന് യേശു വെളിപ്പെടുത്തി (6:25-35). ഈ നാലാമത്തെ സുവിശേഷത്തിലെ മറ്റൊരു പ്രധാന്യത തുടർച്ചയായി വായിക്കുന്ന "ഞാൻ ആകുന്നു" എന്ന യേശുവിന്റെ പ്രത്യേക പ്രയോഗമാണ് (6:35; 8:12; 10:7; 911,14; 11:25; 14:6; 15:1,5).

ഈ സുവിശേഷത്തിന്റെ വീക്ഷണം അതിന്റെ വ്യത്യസ്ഥതയിലാണ്. സുവിശേഷങ്ങൾ ജീവ ചരിത്രങ്ങളല്ലെങ്കിലും ഉപദേശങ്ങളെ ഗ്രഹിക്കുന്നതിനാവശ്യമായ അറിവുകൾ വലിയ തോതിൽ ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. മറ്റു മൂന്നു സുവിശേഷങ്ങളിലും നല്കിയിരിക്കുന്ന യേശുവിന്റെ വാക്കുകളെല്ലാം കൂടി ഒരാൾ ഉറക്കെ വായിച്ചു കേൾപ്പിക്കുന്നതിനു മൂന്നു മണിക്കൂർ മതിയാകുമെന്നാണ് കണക്ക്. 66

## യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു:

ബൈബിളിലെ എല്ലാ പുസ്തകങ്ങലും യേശുക്രിസ്തുവിന്റെ ദൈവത്വത്തെ വെളിപ്പെടുത്തുന്നുണ്ടെങ്കിലും മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ ദൈവത്വത്തെക്കുറിച്ച് യോഹന്നാന്റെ സുവിശേഷം നല്കുന്നത്ര വെളപ്പെടുത്തൽ മറ്റൊന്നിലുമില്ല. യേശു എന്ന പേരിൽ വിളിക്കപ്പെട്ട മനുഷ്യനെ (9:11) ഏക ദൈവം എന്നും (1:18) ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നും (6:69) ദൈവത്തിന്റെ പരിശുദ്ധൻ എന്നും (6:69) വിളിച്ചിരിക്കുന്നു.

യേശുവിന്റെ ദൈവത്വം "ഞാൻ ആകുന്നു" എന്നു ഏഴു പ്രസ്താവനകളിലൂടെയും വെളിപ്പെടുത്തയിട്ടുണ്ട്, അവ താഴെ കുറിക്കുന്നു:

1. ഞാൻ "ജീവന്റെ അപ്പം" ആകുന്നു (6:35)
2. ഞാൻ "ലോകത്തിന്റെ വെളിച്ചം" ആകുന്നു (8:12)
3. ഞാൻ "വാതിൽ" ആകുന്നു (10:7,9)
4. ഞാൻ "നല്ല ഇടയൻ" ആകുന്നു (10:11,14)
5. ഞാൻ "പുനരുദ്ധാനവും ജീവനും" ആകുന്നു (11:25)
6. "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു" (യോഹന്നാ. 14:6)
7. "ഞാൻ സാക്ഷാൽ മുന്തിരിവള്ളിയാകുന്നു" (യോഹ. 15:1,5).

യോഹന്നാന്റെ സുവിശേഷത്തിന്റെ മറ്റൊരു സവിശേഷത യേശുക്രിസ്തു ദൈവപുത്രൻ എന്നു വെളിപ്പെടുത്തുന്ന അഞ്ചു സാക്ഷ്യങ്ങളാണ് (യോഹ. 5:31-47). യേശുവിന്റെ എതിരാളികൾ അവനോടു ശക്തിയായി വാദിക്കുകയും

അവന്റെ പ്രസ്താവനകൾക്കു തക്കതായ തെളിവു ആവശ്യപ്പെടുകയും ചെയ്ത അവസരത്തിലായിരുന്നു യേശു ഈ സാക്ഷ്യങ്ങൾ നിരത്തിയത്. എതിരാളികളുടെ ആക്ഷേപങ്ങൾ വിലയില്ലാത്തതെന്നും താൻ പറയുന്നവയ്ക്കു സ്വർഗ്ഗത്തിലും ഭൂമിയിലും അംഗീകാരമുണ്ടെന്നും കാണിക്കുവാനായിട്ടാണ് യഹൂദമതത്തിന്റെ വിശ്വസ്തരും അടി സ്ഥാനങ്ങളുമായവരെ സാക്ഷ്യനിരയിലേക്കു കൊണ്ടുവന്നത്. പിതാവായ ദൈവത്തിന്റെ സാക്ഷ്യം (5:32,37), യോഹ ന്നാൻ സ്നാപകന്റെ സാക്ഷ്യം (യോഹ. 5:33), തന്റെ അത്ഭുതപ്രവർത്തികളുടെ സാക്ഷ്യം തിരുവെഴുത്തുകളുടെ സാക്ഷ്യം (5:39), മോശെയുടെ സാക്ഷ്യം (5:46), (യോഹ. 5:36); താൻ നല്കിയ സാക്ഷ്യങ്ങൾ സ്പഷ്ടവും സത്യ വുമാകുന്നു എന്നു ഖണ്ഡിതമായി പ്രസ്താവിച്ചുകൊണ്ടാണ് യോഹ. 8:14 തന്റെ ദൈവത്വത്തെ തെളിയിക്കുവൻ യഹോവയോടു സമനായി "ഞാൻ ആകുന്നു" എന്ന പഴയ നിയമ വാക്യം ഉപയോഗിച്ചത് (4:25,26; 8:24,28,58; 13:19; 18:5,6,8). യേശു ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ നിർണ്ണായകമായ ചില പ്രസ്താവനകൾ നമുക്കു യോഹന്നാൻ 1:1; 8:58; 10:30; 14:9; 20:28 എന്നീ ഭാഗങ്ങളിൽനിന്നു ലഭ്യമാണ്. 67

### ബാഹ്യരേഖ:

### 1. മുഖവുര: ദൈവപുത്രന്റെ മനുഷ്യാവതാരം (1:1–18)

A യേശുക്രിസ്തുവിന്റെ ദൈവത്വം (1:1–2)
B ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു മുമ്പുള്ള പ്രവർത്തി (1:3–5)
C യേശുക്രിസ്തുവിന്റെ മുന്നോടി (1:6–8)
D യേശുക്രിസ്തുവിന്റെ തിരസ്കരണം (1:9–11)
E യേശുക്രിസ്തുവിന്റെ സ്വീകരണം (1:12–13)
F യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം (1:14–18)

### 2. ദൈവപുത്രന്റെ പൊതു അവതരണം (1:19–4:54)

A യോഹന്നാൻ സ്നാപകനാൽ (1:19–34)
B സ്നാപക യോഹന്നാന്റെ ശിഷ്യന്മാർക്ക് (1:35–51)
C കാനായിലെ വിവാഹവേളയിൽ (2:1–11)
D യെറുശലേം ദേവാലയത്തിൽവച്ച് (2:12–35)
E നീക്കോദേമോസിനോട് (3:1–21)
F വീണ്ടും യോഹന്നാൻ സ്നാപകനാൽ (3:22–36)
G ശമര്യാസ്ത്രീക്ക് (4:1–42)
H കഫർന്നഹൂമിലെ രാജഭൃത്യന് (4:43–54)

### 3. ദൈവപുത്രനുണ്ടായ എതിർപ്പുകൾ (5:1–12:50)

A യറുശലേമിലെ ഉത്സവ ദിനത്തിൽ (5:1–47)
B ഗലീലയിലെ പെസ്സഹാ വേളയിൽ (6:1–71)
C യരൂശലേമിലെ കൂടാരപെരുന്നാളിൽവച്ച് (7:1–10:21)
D യറുശലേമിലെ പ്രതിഷ്ഠോത്സവനാളിൽ (10:22–42)
E ബെഥാന്യയിൽ വച്ച് (11:1–12:11)
F യറുശലേമിൽ വച്ച് (12:12–50)

### 4. ദൈവപുത്രന്റെ നിർദ്ദേശങ്ങൾ (13:1–16:33)

A പാപമോചനത്തെക്കുറിച്ച് (13:1–20)
B തന്നെ തള്ളിപ്പറയുന്നതിനെക്കുറിച്ച് (13:21–30)
C തന്റെ വേർപാടിനെക്കുറിച്ച് (13:31–38)
D സ്വർഗ്ഗത്തെക്കുറിച്ച് (14:1–14)
E പരിശുദ്ധാത്മാവിനെക്കുറിച്ച് (14:15–26)
F സമാധാനത്തെക്കുറിച്ച് (14:27–31)
G ഫലപൂർണ്ണതയെക്കുറിച്ച് (15:1–17)
H ലോകത്തെക്കുറിച്ച് (15:18–16:6)
I പരിശുദ്ധാത്മാവിനെക്കുറിച്ച് (16:7–15)

J മടങ്ങിവരവിനെക്കുറിച്ച് (16:16–33)

**5. ദൈവപുത്രന്റെ മദ്ധ്യസ്ഥത (17:1–26)**

**6. ദൈവപുത്രന്റെ ക്രൂശീകരണം (18:1–19:42)**

**7. ദൈവപുത്രന്റെ ഉയിർത്തെഴുന്നേല്പ് (20:1–31)**

A ശൂന്യമായ കല്ലറ (20:1–9)
B ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യക്ഷത (20:10–31)

**8. പര്യവസാനം: തടാകത്തിങ്കലെ പ്രത്യക്ഷത (21:1–25)**

A ഏഴുശിഷ്യന്മാർക്കു നല്കിയ പ്രത്യക്ഷത (21:1–14)
B പത്രോസിനോടുള്ള സംഭാഷണം (21:15–23)
C സുവിശേഷത്തിന്റെ പരിസമാപ്തി (21:24–25).

# അപ്പോസ്തല പ്രവർത്തികൾ
# (സുവിശേഷത്തിന്റെ വിതരണ വ്യാപ്തി)

## പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

എഴുത്തുകാരന്റെ പേര് അജ്ഞാതമെങ്കിലും തെളിവുകൾ പരിശോധിക്കുമ്പോൾ ലൂക്കോസ്സാണ് എഴുത്തുകാരനെന്നു മനസ്സിലാകും. അതായത് ലൂക്കോസിന്റെ രണ്ടാം വാല്യമാണ് ഈ പുസ്തകം. യേശു ചെയ്തും ഉപദേശിച്ചും തുടങ്ങിയ കാര്യങ്ങളെ വൈദ്യനായ ലൂക്കോസ് തെയോഫിലോസിനുവേണ്ടി എഴുതുകയായിരുന്നു. ഇതിന്റെ തലക്കെട്ട് ഗ്രീക്ക് കൈയെഴുത്തു പ്രതിയിലെപോലെ അപ്പോസ്തല പ്രവർത്തികൾ എന്നാണ്. എന്തിനാണ് അങ്ങനെയൊരു പേരു നല്കിയതെന്നറിയില്ല.

കൃത്യമായി പരിശോധിച്ചാൽ എല്ലാ അപ്പോസ്തലന്മാരുടെയും പ്രവർത്തികൾ അതിൽ വന്നിട്ടില്ല; അപ്പോസ്തലന്മാരായ പത്രോസ്സിന്റെയും, പൗലൂസിന്റെയും പ്രവർത്തനങ്ങളാണ് മുഖ്യമായി ചേർത്തിരിക്കുന്നത്. ലോക സുവിശേഷീതകരണത്തിനായി പരിശുദ്ധാത്മാവ് എല്ലാ അപ്പോസ്തലന്മാർക്കും തുല്യ ശക്തി നല്കിയാണ് നയിച്ചത്. പലരുടെയും അഭിപ്രായം ഈ പുസ്തകം പരിശുദ്ധാത്മ പ്രവർത്തിയെ (1:2–8) വിവരിച്ചു കാണിക്കുന്നതിനാൽ "പരിശുദ്ധാത്മാവിന്റെ പ്രവർത്തികളുടെ പുസ്തകം" എന്നു പേരായിരുന്നു നല്കേണ്ടിയിരുന്നതെന്നാണ്. പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് ഇറങ്ങിവന്ന് (2:1) പ്രവർത്തനം ആരംഭിച്ചതിനാലാണ് ക്രിസ്ത്യാനിത്വം വളരെവേഗത്തിൽ വ്യാപിച്ചത്. ഇതിലെ പ്രധാന വ്യക്തികൾ പത്രോസ്, യോഹന്നാൻ, സ്തേഫാനോസ്, ഫിലിപ്പോസ്, യാക്കോബ്, ബർന്നബാസ്, ശീലാസ്, പൗലൂസ് എന്നിവരാണ്.

## എഴുതിയ കാലം:

A.D. 61

എഴുതിയ കാലത്തെക്കുറിച്ച് സ്റ്റാൻലി റ്റൌസ്സിയാന്റ് (Stanley Toussaint) എന്ന ആളുടെ അഭിപ്രായം താഴെ ചേർക്കുന്നു:

> "പുസ്തകത്തിന്റെ രചന A.D. 70–ൽ യറുശേലം നശിപ്പിക്കപ്പെടുന്നതിനു മുമ്പ് നടന്നിരിക്കണം. ഇങ്ങനെയൊരു പ്രധാന സംഭവത്തെ അവഗണിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഇതിനു പിന്തുണയേകുന്ന ഒരു വിഷയമാണ് യഹൂദന്മാർ ക്രിസ്തുവിനെ ത്യജിച്ചപ്പോൾ ദൈവം അവരെ വിട്ടിട്ട് ജാതികളിലേക്കു തിരിഞ്ഞത്.
>
> പൗലൂസിന്റെ മരണത്തെക്കുറിച്ച് ലൂക്കോസ് ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പാരമ്പര്യമനുസരിച്ച് A.D. 66–68 നു മിടയ്ക്ക് അതു സംഭവിച്ചിരിക്കാം. അപ്പോസ്തല പ്രവർത്തികളുടെ പുസ്തകം എഴുതി തീരുമുമ്പായിരുന്നെങ്കിൽ അതുംകൂടെ തീർച്ചയായും രേഖപ്പെടുത്തിയേനെ.

മറ്റൊരുകാര്യം A.D. 64-ൽ റോമിൽ സംഭവിച്ച വലിയ അഗ്നിബാധയ്ക്കുശേഷം ചക്രവർത്തിയായ നീറോ നടത്തിയ ക്രിസ്തീയ പിഢനത്തെക്കുറിച്ചും ലൂക്കോസ് ഒന്നുംതന്നെ പറഞ്ഞിട്ടില്ലായെന്നതാണ്.

മാത്രവുമല്ല നീറോ ആ കാലത്ത് സഭയെ ഇല്ലായ്മ ചെയ്യുവാൻ വേണ്ടി കഠിന പീഢനങ്ങൾ ആരംഭിച്ചിരിക്കുകയായിരുന്നു. എന്നാൽ അപ്പോസ്തലപ്രവർത്തികളിൽ ചക്രവർത്തിയുടെ കീഴുദ്യോഗസ്ഥരിൽനിന്നു പൗലൂസിനു ലഭിച്ച ആനുകൂല്യങ്ങളും മറ്റും വച്ചുനോക്കുമ്പോൾ പീഢനത്തിനു മുമ്പ് എഴുത്തു നടന്നിരിക്കാം എന്ന നിഗമനത്തിലാണ് ആരും എത്തിച്ചേരുക.

യാഥാസ്ഥിതികരായ പണ്ഡിതന്മാർ എല്ലാവരും A.D. 60-62-നുമിടയ്ക്ക് അപ്പൊസ്തല പ്രവർത്തികൾ എഴുതി എന്ന അഭിപ്രായക്കാർ ആണ്. അതുപോലെ തന്നെ എഴുതിയസ്ഥലം റോമിലോ, അല്ലെങ്കിൽ റോമിലും കൈസര്യയിലും വച്ചായിരിക്കണമെന്നും പറയുന്നു. ഈ കാലത്ത് പൗലൂസ് തടവിൽനിന്നു പുറത്തുവന്നിരിക്കുകയോ അതിനുള്ള സാദ്ധ്യതകൾ വർദ്ധിച്ചിരിക്കുകയോ ചെയ്തിരിക്കണം.” 68

## വിഷയവും ഉദ്ദേശവും:

പുതിയ നിയമ പുസ്തകങ്ങളെ പരസ്പരം യോജിപ്പിക്കുന്ന ഒരു കണ്ണിയായിരിക്ക തക്കവണ്ണം തികവുള്ള ഒന്നാണ് അപ്പോസ്തല പ്രവർത്തികളുടെ പുസ്തകം. “യേശു ചെയ്തും ഉപദേശിച്ചും തുടങ്ങിയ” കാര്യങ്ങളെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ തുടർച്ചയായിട്ടാണ് (1:1) ഇതു നിലകൊള്ളുന്നത്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മുതൽ പുതിയ നിയമലേഖനങ്ങളുടെ കാലം വരെയാണ് ഇതിന്റെ പരിധി. യേശു ക്രിസ്തു പരിശുദ്ധാത്മാവിൽകൂടെ അപ്പോസ്തലന്മാരിൽ പ്രവർത്തിച്ച് അവരെക്കൊണ്ട് സുവിശേഷം പ്രചരിപ്പിക്കുകയും തന്റെ ശരീരമാകുന്ന സഭയെ സ്ഥാപിക്കുകയും ചെയ്ത വൃത്താന്തമാണിത്. ആകയാൽ സുവിശേഷങ്ങളെയും ലേഖനങ്ങളെയും തമ്മിൽ യോജിപ്പിക്കുന്ന ചരിത്രകണ്ണിയാണിത്.

അപ്പോൾതന്നെ പൗലൂസ് അപ്പോസ്തലന്റെ ജീവിതവും ലേഖനങ്ങൾ എഴുതുവാനുള്ള ചരിത്രപശ്ചാത്തലവും നമുക്കിതിൽനിന്നു ലഭിക്കുന്നു. സഭയുടെ മുപ്പതു വർഷത്തെ പ്രാരംഭ ചരിത്രം സവിസ്തരം മുക്കു മനസ്സിലാക്കുവാൻ ഇതു സഹായിക്കുന്നു. വിവിധ കാഴ്ചപ്പാടുകളുടെ ഉദ്ദേശത്തെ ചുരുക്കമായി പറഞ്ഞിട്ട് സ്റ്റാൻലി റ്റൗസ്സിയസ് ഇപ്രകാരം എഴുതുന്നു:

> “അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകത്തിന്റെ ഉദ്ദേശത്തെ നമുക്കിങ്ങനെ വിവക്ഷിക്കാം: ലൂക്കോസിന്റെ സുവിശേഷത്തിൽ വിശദീകരിക്കുന്ന ദൈവരാജ്യത്തിന്റെ ദൂത് അതിന്റെ പരമാധികാരത്തോടെ യഹൂദന്മാരിൽനിന്നു ജാതികളിലേക്കും, യറുശലേമിൽനിന്നു റോമിലേക്കും വ്യാപിച്ചു. ക്രിസ്ത്യാനിത്വത്തിന്റെ വേരുകൾ പഴയ നിയമത്തിലും, യഹൂദമതത്തിലുമാണെങ്കിൽ അതെങ്ങനെ ഒരു ലോകമതമായിത്തീർന്നു? എന്ന ചോദ്യത്തിനുത്തരം ലൂക്കോസിന്റെ സുവിശേഷത്തിൽ നല്കുന്നുണ്ട്. എന്തെന്നാൽ അപ്പോസ്തല പ്രവർത്തികൾ ലൂക്കോസിന്റെ സുവിശേഷത്തിന്റെ ഞരമ്പുകളിലൂടെയാണ് മുന്നോട്ടു നീങ്ങിയത്. ആകയാൽ പ്രശ്നത്തിനു പരിഹാരമായി”. 69

അപ്പോ. പ്ര. 1:8-ൽ ആണ് പുസ്തകത്തിന്റെ വിഷയം. പരിശുദ്ധാത്മാവിന്റെ അധിവാസം ദൈവജനത്തെ യേശുക്രിസ്തുവിന്റെ സാക്ഷികളായി യെരുശലേമിലും (ഭവനത്തിൽ) യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും (അടുത്തുള്ള അയൽപ്രദേശങ്ങൾ) ഭൂമിയുടെ അറ്റത്തോളം (അജ്ഞാത മേഖലകളിൽ) പ്രവർത്തിക്കുവാൻ ശക്തി നല്കി.

## അപ്പോസ്തല പ്രവർത്തികളിൽ ക്രിസ്തു:

അപ്പോസ്തല പ്രവർത്തികളിലെ പ്രസംഗങ്ങളിലെല്ലാം ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്നെയാണ് കേന്ദ്ര വിഷയം. അപ്പോസ്തലന്മാരുടെ സാക്ഷ്യത്തിലൂടെ പരിശുദ്ധാത്മാവ് ജനങ്ങളിൽ രൂപാന്തരപ്പെടുത്തുന്ന ശക്തിയായി പ്രവർത്തിച്ചു. ആ സാക്ഷ്യമോ “യേശു കർത്താവും ക്രിസ്തുവുമാകുന്നു” (2:22-36) “അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു.”

(10:34–43) “**മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല**” (4:12) എന്നായിരുന്നു. 70

**ബാഹ്യരേഖ:**

### 1. യറുശലേമിലെ സാക്ഷ്യം (1:1–6:7)

A തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതീക്ഷ (1:1–2:47). അഭിവൃദ്ധിയുടെ റിപ്പോർട്ട് 1
B യറുശലേമിൽ സഭയുടെ വ്യാപിക്കൽ (3:1–6:7). അഭിവൃദ്ധിയുടെ റിപ്പോർട്ട് 2

### 2. യഹൂദ്യയിലും ശമര്യയിലും സാക്ഷികൾ (6:8–9:31)

A സ്തേഫാനോസ്സിന്റെ രക്തസാക്ഷിത്വം (6:8–8:1 a)
  1) സ്തേഫനോസ്സിന്റെ (6:8–7:1)
  2) സ്റ്റീഫന്റെ പ്രസംഗം (7:2–53)
  3) സ്റ്റീഫന്റെ മേലുള്ള ആക്രമണം. (7:54–8:1 a)
B ഫിലിപ്പോസിന്റെ ശുശ്രൂഷ (8:1 b–40)
C ശൗലിന്റെ ദൂത് (9:1–19 a)
D ശൗലിന്റെ പ്രതിസന്ധി (9:19 b-31) അഭിവൃദ്ധിയുടെ റിപ്പോർട്ട് 3

### 3. ഭൂമിയുടെ അറ്റത്തോളവുമുള്ള സാക്ഷ്യം (9:32–28:31)

A സഭ അന്ത്യോക്യയിലേക്കു വ്യാപിക്കുന്നു (9:32–12:24) അഭിവൃദ്ധിയുടെ റിപ്പോർട്ട് 4
B സഭ ഏഷ്യാമൈനറിലേക്കു വ്യാപിക്കുന്നു (12:25–16:5) അഭിവൃദ്ധിയുടെ റിപ്പോർട്ട് 5
C സഭ യൂറോപ്പിലേക്കു വ്യാപിക്കുന്നു (16:6–19:20) അഭിവൃദ്ധിയുടെ റിപ്പോർട്ട് 6
D സഭ റോമിലേക്കു വ്യാപിക്കുന്നു (19:21–28:31) അഭിവൃദ്ധിയുടെ റിപ്പോർട്ട് 7

ഭാഗം 2

# പൗലൂസിന്റെ ലേഖനങ്ങൾ

### മുഖവുര:

ചരിത്രപുസ്തകങ്ങളായ സുവിശേഷങ്ങൾ, അപ്പോസ്തല പ്രവർത്തികൾ എന്നിവയ്ക്കുശേഷം ലേഖനങ്ങളുടെ പഠനത്തിലേക്കു നമ്മൾ പ്രവേശിക്കുകയാണ്. ലേഖനങ്ങൾ 21 എണ്ണമാണ്, വെളിപ്പാടു പുസ്തകം കൂടി കൂട്ടിയാൽ എണ്ണം 22 ആകും. വെളിപ്പാടും ഒരു ലേഖനം തന്നെയാണ് (1:4) എങ്കിലും അതുല്യമായ വെളിപ്പാടുകളുടെ സ്വഭാവത്താൽ നാം അതിനെ ഒരു പ്രവചന ഗ്രന്ഥമായിട്ടാണ് കരുതുന്നത്. ലേഖനങ്ങളെ സാധാരണയായി പൗലൂസിന്റെ ലേഖനങ്ങൾ, പൗലൂസിന്റേതല്ലാത്ത ലേഖനങ്ങൾ ഇങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. പൗലൂസിന്റെ ലേഖനങ്ങളിൽ ഒൻപതു എണ്ണം സഭകൾക്കുള്ളവയും നാലെണ്ണം പാസ്റ്ററൽ ലേഖനങ്ങളുമാണ്. പിന്നീടുള്ള എട്ടെണ്ണം എബ്രായ ക്രിസ്ത്യാനികൾക്കായുള്ളതാണ്. സ്വാഭാവികമായി ക്രിസ്തീയ ജീവിതത്തിന്റെ അർത്ഥവും ഉപയോഗവും നിരവധി തവണ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അവയ്ക്കുള്ള ഉത്തരം നല്കുന്നത് ലേഖനങ്ങളാണ്. എന്തെന്നാൽ യേശുക്രിസ്തുവിന്റെ ആളത്വം, പ്രവർത്തനങ്ങൾ എന്നിവയെ ശരിയായി വ്യാഖ്യാനിച്ചു വിശ്വാസികൾക്കു ഹൃദിസ്ഥമാക്കി കൊടുക്കുന്നതു ലേഖനങ്ങളാണ്.

### പൗലൂസ്സിന്റെ പശ്ചാത്തലം:

ദീർഘകാലം പൗലൂസ് അറിയപ്പെട്ടിരുന്നത് "തർസോസ്സുകാരനായ ശൗൽ" എന്ന പേരിലാണ്. കിലികൃയിലുള്ള തർസോസ്സിൽ യഹൂദമാതാപിതാക്കളുടെ പുത്രനായി ശൗൽ ജനിച്ചു. അവന്റെ സ്വന്തം സാക്ഷ്യത്തിൻ പ്രകാരം ഒരു യഹൂദൻ എന്നതിനേക്കാൾ ഒരു പരീശനും  പരീശന്റെ മകനും (അപ്പൊ. 23:6) എബ്രായരിൽനിന്നു ജനിച്ച എബ്രായനും (എബ്രായ, അരാമ്യ ഭാഷകൾ അവൻ സംസാരിച്ചിരുന്നു) ബന്യാമിൻ ഗോത്രക്കാരനും (ഫിലി. 3:4,5) തൊഴിൽപരമായി കൂടാരപണി അഭ്യസിച്ചവനും (അപ്പൊ. പ്ര. 18:3), മതപരമായി ബാല്ല്യം മുതൽ യറുശേലേമിൽ പണ്ഡിത ശ്രേഷ്ഠനായ ഗമാലിയേലിന്റെ (ഹിലേലിന്റെ ശിഷ്യൻ) കാല്ക്കലിരുന്നു വേദം പഠിച്ചവനും (അപ്പോ. പ്ര. 22:3) പിതൃ പാരമ്പര്യങ്ങളിൽ എരിവേറിയവനും (ഗലാ. 1:14) ആയിരുന്നു.

തികഞ്ഞ യഹൂദ മതഭക്തൻ എന്ന നിലയ്ക്കു അവനുണ്ടായിരുന്ന തീഷ്ണതയാണ് സഭയെ ഉപദ്രവിക്കുവാൻ അവനെ പ്രേരിപ്പിച്ചത്. യൗവ്വനക്കാരനായ പരീശന്റെ മതഭ്രാന്തായിരുന്നു സ്തേഫാനോസ്സിനെ കല്ലെറിഞ്ഞു കൊല്ലുന്നതിൽ ശൗലിനെ പങ്കാളിയാക്കിയത് (അപ്പോ. പ്ര. 7:58-83). ക്രിസ്ത്യാനികളായ പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചു കെട്ടുവാനും ദണ്ഡിപ്പിക്കുവാനും മഹാപുരോഹിതനിൽനിന്നു അധികാര പത്രം വാങ്ങിക്കൊണ്ടാണ് മറ്റു പട്ടണങ്ങളിലേക്കു അവൻ നീങ്ങിയത്. ക്രിസ്തുവിന്റെ സഭയെ മുടിക്കുക എന്നതായിരുന്നു ലക്ഷ്യം (അപ്പോ.പ്ര. 26:10,11; ഗലാ. 1:13). എന്തായാലും ദൗത്യനിർവ്വഹണത്തിനായുള്ള ഒരു യാത്രയ്ക്കിടയിലായിരുന്നു അവന്റെ മത പരിവർത്തനം (അപ്പോ. പ്ര. 9).

പൗലൂസ് ഗ്രീക്കു സംസ്കാരത്തോടു അടുപ്പമുള്ളവനും ഗ്രീക്കുഭാഷ പഠിച്ചവനും ആയിരുന്നു (അപ്പോ. പ്ര. 17:28; തീത്തു. 1:12). ആകയാൽ ഗ്രീക്കു ചിന്താഗതിയോടു മമതയുള്ളവനും തനിക്കുമുമ്പുണ്ടായിരുന്നവരും, സമകാലീനന്മാരുമായവരുടെ അഭിപ്രായങ്ങളും എഴുത്തുകളും പരിശോധിക്കയും ചെയ്തിരുന്നു. റോമൻ പ്രദേശത്തു ജനിച്ച

തിനാൽ റോമാ പൗരത്വം സമ്പാദിച്ചിരുന്നു (അപ്പോ. പ്ര. 22:28); ഫിലിപ്പ്യയിൽവച്ചു തന്നെ അറസ്റ്റു ചെയ്തപ്പോൾ കൈസറെ അഭയം ചൊല്ലുവാൻ ഇത് സഹായകമായിത്തീർന്നു (അപ്പോ. 16:37–39).

എല്ലാവിധത്തിലും ജാതികളിലേക്കു സുവിശേഷം എത്തിക്കുവാൻ തക്കവണ്ണം പ്രാപ്തൻ പൗലൂസ്സ് ആയിരുന്നു എന്നു അവന്റെ സ്വന്തവാചകം സാക്ഷിക്കുന്നു: ***"ഏതുവിധത്തിലും ചിലരെ രക്ഷിക്കേണ്ടതിനു ഞാൻ എല്ലാവർക്കും എല്ലാം ആയിത്തീർന്നു"*** (1 കൊരി. 9:22).

## പൗലൂസ്സിന്റെ മതപരിവർത്തനം:

തീവ്രമായ ക്രിസ്തീയ പീഢനത്തിന്റെ ജൈത്രയാത്ര നടത്തിയാണ് ശൗൽ ദമസ്കോസിലേക്കു പോയത്, എന്നാൽ വഴിയ്ക്കുവച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ തേജസ്സ് അവനെ കീഴ്പ്പെടുത്തുകയും വിപ്ലവകരമായ പരിവർത്തനത്തിനു അവനെ വിധേയപ്പെടുത്തുകയും ചെയ്തു (അപ്പോ. പ്ര. 9:3–30). നസ്രായനായ യേശുതന്നെ മശിഹായെന്നു ക്രിസ്ത്യാനികളുടെ വാദത്തെയും, അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റ ദൈവപുത്രനാകുന്നു എന്നു അവരുടെ വിശ്വാസത്തെയും ശൗൽ അംഗീകരിച്ചിരുന്നില്ല. ***"ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തുനില്ക്കുന്നതും ഞാൻ കാണുന്നു."*** (അപ്പോ. പ്ര. 7:56) എന്ന സ്തേഫാനോസ്സിന്റെ അന്തിമ പ്രസ്താവനയെ ശൗലും കൂട്ടരും വ്യാജമെന്ന നിലയിൽ തള്ളിക്കളഞ്ഞിട്ടാണ് ***അവനെ കല്ലെറിഞ്ഞു കൊന്നത്.***

എന്നാൽ ഇപ്പോൾ തനിക്കുണ്ടായ പുതിയ അനുഭവം അന്നു സ്തേഫാനോസ് പറഞ്ഞത് ശരിയായിരുന്നെന്നും തെറ്റുപറ്റിയതു തനിക്കാണെന്നും മനസ്സിലാക്കിക്കൊടുത്തു, ദൈവപുത്രനായ യേശു ജീവിക്കുന്നു എന്നു ശൗലിനു ബോദ്ധ്യമായി. ദമസ്കോസിൽ എത്തിയശേഷം യഹൂദന്മാരുടെ സിനഗോഗിൽവച്ച് പൗലൂസ് ഇതു പ്രസ്താവിക്കുകയും ചെയ്തു (9:20). അവനുണ്ടായ പരിവർത്തനം പെട്ടെന്നും നാടകീയവും ആയിരുന്നെങ്കിലും അതിന്റെ അനുഭവം എന്നേയ്ക്കും നിലനില്ക്കുന്നതായിരുന്നു. യേശുക്രിസ്തുവിന്റെ ഈ സ്വാധീനം പൗലൂസ്സിന്റെ മാനസ്സികവും ബൗദ്ധികവുമായ അവസ്ഥയിൽ വലിയ അഴിച്ചുപണി തന്നെ നടത്തി. യറുശലേം സഭയിലേക്കുള്ള തന്റെ ഒന്നാമത്തെ സന്ദർശനത്തിനു മുമ്പ് അറേബ്യയിൽ കഴിച്ച കാലത്താണ് ഇതിന്റെ പൂർണ്ണമായ ക്രമീകരണങ്ങൾ നടന്നത് (ഗലാ. 1:16–19). പിന്നീട് തന്റെ സ്വന്തപട്ടണമായ കിലിക്യയിലേക്കു പോയി (ഗലാ. 1:20,21). ഇവിടെ താൻ എന്തു പ്രവർത്തിച്ചു എന്നു വ്യക്തമല്ല. 71

## പൗലൂസിന്റെ ലേഖനങ്ങളുടെ സവിശേഷത ഊന്നിപ്പറയുന്നു:

പൗലൂസിന്റെ ലേഖനങ്ങൾ ഓരോന്നായി എടുത്തു പരിശോധിക്കുന്നതിനു മുമ്പായി നമുക്കവയുടെ പ്രത്യേക ലക്ഷണങ്ങളും സവിശേഷതകളും എന്തെന്നു കാണേണ്ടിയായിരിക്കുന്നു. 72

## കാരാഗൃഹ ലേഖനങ്ങൾ:

എഫേസ്യർ, ഫിലിപ്പ്യർ, കൊലോസ്സ്യർ, ഫിലേമോൻ എന്നീ ലേഖനങ്ങൾ പൗലൂസ് തടവറയിൽ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരുന്ന കാലങ്ങളിൽ എഴുതിയവയാണ്. ഇവ ഓരോന്നും അതിന്റെ സാഹചര്യങ്ങളെ വെളിവാക്കുന്നുണ്ട് (എഫേ. 3:1; 4:1; 6:20; ഫിലി. 1:7,13; കൊലോ. 4:10,18; ഫിലേമോൻ 1,9,10).

യഥാർത്ഥത്തിൽ ഈ വിലപ്പെട്ട ലേഖനങ്ങൾ ഏതോ റോമൻ ബാരാക്കിലോ ഏതോ വാടകവീട്ടിൽ ചങ്ങലയാൽ ബന്ധിക്കപ്പെട്ട് റോമൻ പടയാളികളുടെ കാവലിൽ ആയിരിക്കുമ്പോൾ എഴുതിയതാണ് (അപ്പോ. പ്ര. 28:30) ഈ അത്ഭുതകരമായ വിശദീകരണത്തിൽ ദൈവം നമ്മുടെ വർത്തമാനകാല കഷ്ടതകളിൽ നിന്ന് മഹത്വം എടുത്തുകൊണ്ട് നമുക്കു ശുശ്രൂഷയ്ക്ക് അവസരങ്ങൾ ഉണ്ടാക്കി തരുന്നതെങ്ങനെയെന്നാണ് കാണിക്കുന്നത് (ഫിലി. 1:12,13). ബന്ധനം നമുക്കാണ് ദൈവവചനത്തിനില്ലാ എന്ന (2 തിമോ. 2:9) സത്യംകൂടെ ഇതു വെളിപ്പെടുത്തുന്നു.

## ഇടയലേഖനങ്ങൾ:

പൗലൂസ്സിന്റെ മറ്റൊരു പ്രധാനപ്പെട്ട ലേഖന സമാഹാരമാണ് ഇടയലേഖനങ്ങൾ. 1 തിമോഥിയോസ്, 2 തിമോഥിയോസ്, തീത്തോസ് എന്നീ മൂന്നു ലേഖനങ്ങളാണ് ഈ പ്രത്യേക നാമത്തിൽ വിളിക്കപ്പെട്ടിരിക്കുന്നത്. ആരംഭത്തിൽ ഫിലേമോന്റെ ലേഖനം പോലെ ഇവകളും വ്യക്തിഗത എഴുത്തുകൾ മാത്രമായിരുന്നു, എന്നാൽ പിൽക്കാലത്ത് അവിയെ സഭാപരമായ ഉപദേശങ്ങളുടെ പ്രധാന്യത കണക്കിലെടുത്ത് "ഇടയലേഖനങ്ങൾ" എന്ന ഗ്രൂപ്പിൽപ്പെടുത്തുകയായിരുന്നു. വ്യക്തിപരമായ എഴുത്തുകൾ എന്ന പ്രകാരത്തിൽ പല വ്യക്തിഗതമായ ആശയ

വിനിമയങ്ങലും ഇതിലുടനീളം കാണാമെങ്കിലും അതിലുപരിയായി പൊതുവായ ഉപദേശത്തിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. ദൈവ സഭയിലെ ഇടയപാലനത്തെ (Pastoral Care) കുറിച്ചു വ്യക്തമായ നിർദ്ദേശങ്ങൾ തിമോഥയോസിനും, തീത്തുസിനും നല്കുന്നതിനായിട്ടാണ് അവരുടെ പേരിൽ ഈ ലേഖനങ്ങൾ എഴുതിയത് (1 തിമോ. 3:14,15; 4:6-15 cf. 2 തിമോ. 2:2).

സഭയുടെ ആരോഗ്യപരമായ വളർച്ചയ്ക്കാവശ്യമായ സഭാ ഭരണകൂടം, പദ്ധതികൾ, പ്രയോഗ രീതികൾ എന്നിവ കാര്യങ്ങൾ ഇടയന്മാർക്ക് മനസ്സിലാക്കി ദൈവം ഏല്പിച്ചിരിക്കുന്ന അജപാലനം എന്ന ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിച്ച് പ്രാദേശിക സഭകൾക്കു മാതൃകയും വികസനവും നല്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം.

ഇക്കാരണത്താൽ പ്രാധാന്യമേറിയ ഒരു നിരീക്ഷണം ഇതിനാവശ്യമാണ്. പൗലൂസ്സിന്റെ പതിമൂന്നു ലേഖനങ്ങളിൽ ഏറ്റവും ഒടുവിലായി എഴുതിയ ലേഖനങ്ങളാണിവ. എന്താണിതിന്റെ പ്രത്യേകതകൾ? സഭാ കാര്യങ്ങളെ- ശുശ്രൂഷ, സംഘടന, ക്രമം-ആദിയായ കാര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യുന്നതിനാൽ ഇതല്ലേ ആദ്യം വരേണ്ടിയത്? ഞാനും നിങ്ങളുമായിരുന്നെങ്കിൽ പ്രത്യേകിച്ച് ഈ കാലത്ത് സംഘടനയെ ഓർഡറിൽ നിർത്തി അധികാരപരിധിയിൽ കൊണ്ടുവരാനായിരിക്കും ഒന്നാമത് ശ്രമിക്കുന്നത്. പിന്നീടായിരിക്കും ഉപദേശകാര്യങ്ങളിലേക്കു കടക്കുന്നത്.

### നമ്മുടെ ചിന്തയ്ക്കായി ചില സൂചനകൾ താഴെ കൊടുക്കുന്നു:

#### സൂചന 1:

തീർച്ചയായും സംഘടനയും നിയമങ്ങളും എല്ലാം അത്യാവശ്യംതന്നെ. സഭയും ഒരു ആത്മീക ശരീരമെന്ന നിലയിൽ അതിലെ അംഗങ്ങളായ പ്രത്യേക വിശ്വാസികൾക്കു അവരുടേതായ ഉത്തരവാദിത്വങ്ങളും ഉണ്ട്. അടിസ്ഥാനപരമായ ദൈവവചനത്തിന്റെ പഠനത്തിനും ക്രിസ്തു സമാനമായ ജീവിതത്തിനും സഭാ പ്രവർത്തനങ്ങൾക്കും ശരിയായ ഉപദേശങ്ങൾ (ദൈവശാസ്ത്രം) അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

ഇതു സഭയ്ക്ക് ആത്മീകവും, സാന്മാർഗ്ഗികവുമായ അടിത്തറ ഉറപ്പിക്കുകയും നയോപായ വൈദഗ്ദ്ധ്യത്തോടുകൂടിയ ഭരണരീതികൾ അവലംബിക്കുവാനും നമ്മുടേതായ മാർഗ്ഗങ്ങൾ ബലഹീനമാകുമ്പോൾ ദൈവവചനത്തിന്റെ നിത്യപ്രകാശത്തിൽ പരസ്പര വിരുദ്ധമല്ലാത്ത ദൈവീക പദ്ധതി വെളിപ്പെടുത്തുവാനും സഹായിക്കുന്നു. ഉദാഹരണമായി സഭയ്ക്ക് എല്ലാവിധ സഹായങ്ങളും ചെയ്യുകയെന്നതു സഹകരണാടിസ്ഥാനത്തിലുള്ള ചുമതലയാണ് അഥവാ കൂട്ടുത്തരവാദിത്വമാണ്; എന്നാൽ പണം നല്കുന്നതും സ്വീകരിക്കുന്നതും (സ്വരൂപിക്കൽ) ഒരിക്കലും തിരുവെഴുത്തിലെ പ്രമാണങ്ങളെ ലംഘിക്കുന്ന വിധമായിരിക്കരുത്. ഒരു വിശ്വാസിയുടെ ദാനങ്ങൾ ഒരിക്കലും നിർബ്ബന്ധത്താൽ ആയിരിക്കാതെ സ്വന്തമനസ്സോടെ ആയിരിക്കണം (2 കൊരി. 9:6-10).

#### സൂചന 2:

സഭയുടെ അടിസ്ഥാനം തിരുവെഴുത്തുകളുടെ ശരിയായ ഉപദേശമനുസരിച്ചായിരിക്കണം (2 തിമോ. 2:15). വസ്തുനിഷ്ഠമായ ദൈവീക സത്യങ്ങളെ പ്രായോഗികതലത്തിൽ കൊണ്ടുവന്നിരിക്കുന്ന (1 തിമോ. 3:1-10) വിശ്വാസികളാണ് സഭയുടെ ആരോഗ്യം നേരെ മറിച്ച്, പാരമ്പര്യങ്ങളെയും, പശ്ചാത്തലങ്ങളെയും അടിസ്ഥാനമാക്കിയാണ് സഭ പ്രവർത്തിക്കുന്നതെങ്കിൽ അതു ദൈവീക പ്ലാനിൽ വേദപുസ്തകാടിസ്ഥാനത്തിലുള്ള ഒരു സഭയായി ഒരിക്കലും നിലനില്ക്കുകയില്ല.

ഈ പുസ്തകങ്ങൾ സഭാ ക്രമീകരണങ്ങളെക്കുറിച്ചാണ് ചർച്ചചെയ്യുന്നത്. സഭയിലെ ഭരണരീതികളും, നിയമങ്ങളും ഉൾപ്പെട്ട പ്രത്യേക ലേഖനങ്ങൾ നമുക്കു തരും മുമ്പേ റോമർ, 1 & 2 കൊരിന്ത്യർ, ഗലാത്യർ, എഫേസ്യർ, ഫിലിപ്പിയർ, കൊലോസ്സ്യർ എന്നീ ലേഖനങ്ങളെ നമുക്കു നല്കിതന്നു. ഇതിൽനിന്ന് എന്താണ് മനസ്സിലാക്കുക, ഒരു സംഘടന ആവശ്യമില്ലാത്തതാണോ? ഒരിക്കലുമല്ല, പിന്നെയോ സംഘടനകളും, ഭരണകൂടങ്ങളുമെല്ലാം രണ്ടാം സ്ഥാനമേ അർഹിക്കുന്നുള്ളു. സഭയുടെ വളർച്ചയ്ക്കു ഇവയെല്ലാം ആവശ്യമാണെങ്കിലും ദൈവീക അളവിൻ പ്രകാരമുള്ള ഫലപൂർണ്ണമായ സുവിശേഷീകരണം നടക്കണമെങ്കിൽ വിശ്വാസികൾ പൂർണ്ണ ആത്മീകരും പത്ഥ്യോപദേശത്തിൽ നിലനില്ക്കുന്നവരുമാകണം.

പൗലൂസ്സിന്റെ ലേഖനങ്ങളിലെല്ലാം യേശുക്രിസ്തുവിനു പരമ പ്രാധാന്യത നല്കിക്കൊണ്ട് വിശ്വാസികളും യേശുക്രിസ്തുവുമായുള്ള അഭേദ്യബന്ധത്തെയും സുവിശേഷ ദൂതിനെയും എടുത്തുകാട്ടുന്നുണ്ട്.

| യേശുക്രിസ്തുവിനെ എടുത്തു കാട്ടുന്നു | |
|---|---|
| റോമർ | യേശു നമുക്കു ദൈവശക്തിയാണ്. |
| 1 കൊരിന്ത്യർ | യേശു നമുക്കു ദൈവത്തിന്റെ ജ്ഞാനമാണ്. |
| 2 കൊരിന്ത്യർ | യേശു നമുക്കു ദൈവത്തിൽനിന്നുള്ള ആശ്വാസം |
| ഗലാത്യർ | യേശു നമുക്കു ദൈവത്തിൽനിന്നുള്ള നീതിയാണ്. |
| എഫേസ്യർ | യേശു നമുക്കു ദൈവത്തിന്റെ ധനമാണ് |
| ഫിലിപ്യർ | യേശു നമുക്കു ദൈവത്തിന്റെ സമ്പൂർണ്ണതയാണ് |
| കൊലോസ്സ്യർ | യേശു നമുക്കു ദൈവത്തിന്റെ നിറവാണ് |
| 1 തെസ്സലോനിക്യർ | യേശു നമുക്കു ദൈവത്തിന്റെ വാഗ്ദത്തമാണ്. |
| 2 തെസ്സലോനിക്യർ | യേശു നമുക്കു ദൈവത്തിന്റെ പ്രതിഫലമാണ്. |
| 1 തിമൊഥെയോസ് | യേശു നമുക്കു ദൈവത്തിന്റെ മദ്ധ്യസ്ഥനാകുന്നു. |
| 2 തിമൊഥെയോസ് | യേശു നമുക്കു ദൈവത്തിൽനിന്നുള്ള ന്യായാധിപതി |
| തീത്തൂസ് | യേശു നമുക്കു ദൈവത്തിന്റെ ദയ ആകുന്നു. |
| ഫിലേമോൻ | യേശു നമുക്കു ദൈവത്തിൽനിന്നുള്ള ആശ്രയസ്ഥാനമാണ്. |

| സുവിശേഷ ദൂതുകളെ ഊന്നിപ്പറയുന്നു | |
|---|---|
| റോമർ | സുവിശേഷവും അതിന്റെ ദൂതുകളും |
| 1 കൊരിന്ത്യർ | സുവിശേഷവും അതിന്റെ ശുശ്രൂഷയും |
| 2 കൊരിന്ത്യർ | സുവിശേഷവും അതിന്റെ ശുശ്രൂഷകന്മാരും |
| ഗലാത്യർ | സുവിശേഷവും അതിനെ വികലമാക്കുന്നവരും |
| എഫേസ്യർ | സുവിശേഷവും അതിന്റെ സ്വർഗ്ഗീയ സ്ഥലവും |
| ഫിലിപ്യർ | സുവിശേഷവും ഈ ലോകവും |
| കൊലോസ്സ്യർ | സുവിശേഷവും അതിന്റെ തത്വജ്ഞാനവും |
| 1 തെസ്സലോനിക്യർ | സുവിശേഷവും സഭയുടെ ഭാവിയും |
| 2 തെസ്സലോനിക്യർ | സുവിശേഷവും അന്തിക്രിസ്തുവും |
| 1 തിമോഥയോസ് | സുവിശേഷവും പാസ്റ്റർമാരും (ഇടയന്മാരും) |
| 2 തിമോഥയോസ് | സുവിശേഷവും അതിന്റെ എതിരാളികളും |
| തീത്തൂസ് | സുവിശേഷവും അതിന്റെ പ്രയോഗികതയും |
| ഫിലേമോൻ | സുവിശേഷവും അതിന്റെ ഔചിത്യവും |

| വിശ്വാസികളുടെ ഐക്യതയിന്മേൽ സുവിശേഷത്തിന്റെ പ്രഭാവം | |
|---|---|
| റോമർ | ക്രിസ്തുവിലുള്ള നീതീകരണം |
| 1 കൊരിന്ത്യർ | ക്രിസ്തുവിലുള്ള വിശുദ്ധീകരണം |
| 2 കൊരിന്ത്യർ | ക്രിസ്തുവിലുള്ള ആശ്വാസം |
| ഗലാത്യർ | ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം |
| എഫേസ്യർ | ക്രിസ്തുവിലുള്ള ഉത്കൃഷ്ടത |
| ഫിലിപ്യർ | ക്രിസ്തുവിലുള്ള ആഹ്ലാദം |
| കൊലോസ്സ്യർ | ക്രിസ്തുവിലുള്ള പൂർണ്ണത |
| 1 തെസ്സലോനിക്യർ | ക്രിസ്തുവിലുള്ള രൂപാന്തരം |
| 2 തെസ്സലോനിക്യർ | ക്രിസ്തുവിലുള്ള പ്രതിഫലം |
| 1 തിമോഥയോസ് | ക്രിസ്തുവിലുള്ള ആകാംക്ഷ |
| 2 തിമോഥയോസ് | ക്രിസ്തുവിലുള്ള തീരുമാനം |
| തീത്തൂസ് | ക്രിസ്തുവിലുള്ള ഊർജ്ജസ്വലത |
| ഫിലേമോൻ | ക്രിസ്തുവിലുള്ള പ്രയോജകം (പ്രേരകം). |

# റോമർ

# (ക്രിസ്തു: ദൈവത്തിൽനിന്നു നമുക്കുള്ള ശക്തി)

## എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ലേഖനത്തിൽനിന്നു മനസ്സിലാകുന്നതു പൗലൂസാണ് എഴുത്തുകാരനെന്നാണ് (1:1) മാറ്റങ്ങളൊന്നുമില്ലാതെ ആദിമസഭ ഈ ലേഖനം പൗലൂസിന്റെതായി അംഗീകരിച്ചിരുന്നു. ഇതിൽ കൊടുത്തിരിക്കുന്ന ചില ചരിത്ര സൂചനകൾ പൗലൂസിന്റെ ജീവിത യാഥാർത്ഥ്യം വെളിപ്പെടുത്തുന്നവയാണ്. കൂടാതെ ഇതിലെ ഉപദേശ വിഷയങ്ങൾ അപ്പോസ്തലന്റെ മറ്റു ലേഖനങ്ങളുമായി യോജിക്കുന്നുമുണ്ട്.

പൗലൂസ്സിന്റെ "അതിമഹത്തായ പ്രവർത്തി"യായിട്ടാണ് റോമാലേഖനത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. റോമിലുള്ള സഭയ്ക്കായിട്ട് എഴുതിയതിനാലാണ് റോമാ ലേഖനം എന്നപേരു സിദ്ധിച്ചത് (1:7,15). റോമിലെ സഭയുടെ സ്ഥാപകൻ പൗലൂസ് അല്ലെങ്കിലും ജാതികലുടെ അപ്പോസ്തലൻ എന്ന നിലയിൽ ആ സഭയെ സന്ദർശിക്കാൻ പൗലൂസ് വളരെ വർഷങ്ങളായി ആഗ്രഹിച്ചിരുന്നു (15:22,23). അവരെ കൂടുതൽ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതിനു അവരോടു സുവിശേഷ സത്യങ്ങളെ പ്രസംഗിക്ക എന്നതായിരുന്നു ലക്ഷ്യം (1:13-15).

റോമിലെ സഭയിൽ ശുശ്രൂഷിക്കണമെന്നുള്ള തന്റെ ആഗ്രഹനിവൃത്തിക്കു വഴിയുണ്ടാകേണ്ടതിനായിട്ടാണ് പൗലൂസ് ഈ ലേഖനം എഴുതിയത് (15:14-17). യറൂശലേമിലെ (പാലസ്തീൻ) വിശുദ്ധന്മാർക്കായുള്ള ധർമ്മശേഖരണം പൂർത്തിയാക്കിയശേഷം കൊരിന്തിൽനിന്നാണ് ഈ ലേഖനം എഴുതിയത്. തുടർന്ന് പൗലൂസ് പണവുമായി യരൂശലേമിലേക്കുപോയി. അത് അവിടെ കൊടുത്തിട്ട് സ്പെയിനും, റോമയും സന്ദർശിക്കുവാനായിരുന്നു പ്ലാൻ (15:24) പക്ഷേ താൻ റോമിലേക്കു പോയത് തടവുകാരനായിട്ടാണ്. ഏതായാലും കൊരിന്തിനടുത്ത സ്ഥലമായ കെംക്രിയയിലെ സഭാ മെമ്പറായ ഫേബാഎന്ന സഹോദരി വശം പൗലൂസ് തന്റെ ലേഖനം റോമയിലെ സഭയ്ക്ക് എത്തിച്ചുകൊടുത്തു (16:1).

## എഴുതിയകാലം:

A.D.57,58

പൗലൂസിന്റെ മൂന്നാം മിഷനറി യാത്രയ്ക്കൊടുവിൽ ഏതാണ്ട് A.D. 57,58 കാലത്താണ് ഈ ലേഖനം എഴുതിയത്. (അപ്പോ. പ്ര.18:23-21:14; റോമ. 15:19), റോമ 15:26-ലെ പൗലൂസിന്റെ പ്രസ്താവന അനുസരിച്ച് തനിയ്ക്കു ധർമ്മശേഖരണം ലഭിച്ചത് മക്കദോന്യയിൽനിന്നും, ആഖായ പട്ടണക്കാരിൽനിന്നും (കൊരിന്തു സ്ഥിതി ചെയ്യുന്ന സ്ഥലം) ആയിരുന്നു. എങ്കിലും കൊരിന്തു സഭയിലും തനിക്കതിനായി ചെന്നെത്തുവാൻ കഴിയാഞ്ഞതിനാലാണ് അങ്ങോട്ടും ലേഖനം അയച്ചത് (1 കൊരി. 16:1-4; 2 കൊരി. 8:9). ഏതാണ്ട് A.D. 55-ൽ ആണ് ഒന്നും രണ്ടും കൊരിന്ത്യാ ലേഖനം പൗലൂസ് എഴുതിയത്. അതിനുശേഷമാണ് ഈ ലേഖനം എഴുതുന്നത്.

## വിഷയവും ഉദ്ദേശവും:

മറ്റുചില ലേഖനങ്ങളിലെപ്പോലെ സഭയിലെ ഏതോ കുഴപ്പങ്ങൾക്കു പരിഹാരം നിർദ്ദേശിക്കുവാനല്ല ഈ ലേഖനം എഴുതിയിരിക്കുന്നത്. ഇതെഴുതുന്നതിന് വ്യക്തമായ മൂന്നു ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു: **ഒന്നാമത്,** യറുശലേം സന്ദർശനത്തിനുശേഷം റോമിലെ വിശ്വാസികളെ കാണുക എന്ന പൗലൂസിന്റെ ആഗ്രഹം പ്രകടിപ്പിക്കുക (15:24,28,29 cf. അപ്പോ. പ്ര. 19:21). ഈ ആഗ്രഹം അറിയിക്കുന്നതോടൊപ്പം പൂർത്തീകരണത്തിനായി അവരുടെ പ്രാർത്ഥനയും പ്രതീക്ഷയും ആവശ്യപ്പെടുന്നു (15:30-32). **രണ്ടാമതായി,** ദൈവം തന്നെ വിളിക്കയും തിരഞ്ഞെടുക്കയും ചെയ്തിട്ട് തന്റെ പക്കൽ ഏല്പിച്ച സുവിശേഷത്തിന്റെ സംപൂർണ്ണ ദൂത് വെളിപ്പെടുത്തുക. 1:15 കാണുക ***" അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു."*** റോമയിലെ വിശ്വാസികൾക്ക് ഇതിനെക്കുറിച്ച് വ്യക്തമായ ഒരു അറിവുണ്ടാവുകയും, യേശുക്രിസ്തുവിന്റെ നീതികരണ പ്രവർത്തിയാൽ കഴിഞ്ഞകാലാവസ്ഥയിൽനിന്നു അവരും നീതികരിക്കപ്പെട്ടിരിക്കുന്നു എന്നും, തൽഫലമായിട്ടാണ് അപ്പോൾ വിശുദ്ധീകരണത്തിൽ നടക്കാൻ കഴിയുന്നതെന്നും, ഇതിമൂലം അവർ ഭാവിയിൽ ക്രിസ്തുവിന്റെ മഹത്വീകരണത്തിന്റെ പങ്കാളികളാകാൻ പോകുന്നു എന്നുമുള്ള നിശ്ചയം പ്രാപിക്കണമെന്നും പൗലൂസ് ആഗ്രഹിക്കുന്നു. **മൂന്നാമത്,**

റോമയിലുള്ള യഹൂദാ, ജാതീയ ക്രിസ്ത്യാനികൾക്കിടയിൽ ഉണ്ടായ പല ചോദ്യങ്ങൾക്കു ഉത്തരം നല്കേണ്ടതിനായിരുന്നു, അവ എന്തെന്നു മനസ്സിലാകുന്നതു നന്നായിരിക്കും. പഴയനിയമ ന്യായപ്രമാണത്തോടും, പരിഛേദനയോടും സുവിശേഷത്തിനുള്ള പ്രതികരണമെന്ത്? യഹൂദന്റെ അവസ്ഥ പുതിയ നിയമപ്രകാരമെന്താണ്? അല്ല, ദൈവം യഹൂദനെ തള്ളിക്കളഞ്ഞുവോ? മറന്നുകളഞ്ഞുവോ? യഹൂദ ജാതിയോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളെ ദൈവം മറന്നുപോയോ? എന്നിങ്ങനെ വിവിധ ചോദ്യങ്ങൾക്ക് പൗലൂസ് മറുപടി കൊടുത്തുകൊണ്ട് യഹൂദനും, ജാതിക്കും യേശുക്രിസ്തുവിന്റെ രക്ഷയുടെ പദ്ധതിയെ മനസ്സിലാക്കി കൊടുക്കുന്നു.

പുസ്തകത്തിന്റെ വിഷയം പൗലൂസ് 1:16,17-ഭാഗത്ത് വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവം എങ്ങനെയാണ് പാപികളെ രക്ഷിക്കുന്നത് എന്നാണിത്, ലേഖനത്തിന്റെ പ്രധാന വിഷയങ്ങളായ സുവിശേഷം, ദൈവശക്തി, വിശ്വസിക്കുന്ന എല്ലാവരും, ദൈവത്തിൽനിന്നുള്ള നീതി യഹൂദനും, ജാതികളും, എന്നിവയെല്ലാം മേൽ വിവരിച്ച വേദഭാഗങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. പുസ്തക വിഷയത്തെയും ഉള്ളടക്കത്തെയും കുറിച്ചു ചാൾസ് റയറി നല്കുന്ന വിശദീകരണം ശ്രദ്ധിക്കുക:

> "പൗലൂസിന്റെ എല്ലാ ലേഖനത്തെക്കാളും ഈ ലേഖനം മുൻപന്തിയിൽ നിൽക്കുന്നത് "വിശ്വാസത്താലുള്ള നീതികരണം" എന്ന വിഷയത്താലാണ്. ലേഖനത്തിന്റെ വിഷയം ദൈവനീതി എന്നതാണ് (1:16,17), എന്നാലും മറ്റ് പല ക്രിസ്തീയ ഉപദേശങ്ങളും (പഠിപ്പിക്കലുകളും) ഇതോടൊന്നിച്ച് നമുക്ക് ലഭിക്കുന്നുണ്ട്. അവ യഥാക്രമം: പ്രകൃതിയുടെ വെളപ്പെടുത്തൽ (1:19,20), പാപത്തിന്റെ സർവ്വലൗകികത്വം (3:9–20), നീതീകരണം (3:24), പ്രായാശ്ചിത്തം (3:25), വിശ്വാസം (4:1), ജന്മപാപം (5:12), ക്രിസ്തുവുമായുള്ള താദാത്മ്യം (6:1), ഇസ്രായേലിന്റെ തിരഞ്ഞെടുപ്പും, ത്യജിക്കലും (9–11), ആത്മീയ വരങ്ങൾ (12:3–8) ഭരണകൂടത്തോടുള്ള ബഹുമാനം (13:1–7) എന്നിവയാണ്." 73

മുഖവുര (1:1–17) പൗലൂസിന്റെ ഉപസംഹാരവാക്കുകലും (15:14–16:27) കൂടാതെ ഈ ലേഖനത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം:

1. ആദ്യത്തെ എട്ട് അദ്ധ്യായങ്ങൾ **ഉപദേശങ്ങൾ** ആകുന്നു. ദൈവനീതിയെ (നീതീകരണം, വിശുദ്ധീകരണം) വിശ്വാസത്താൽ പ്രാപിക്കാനുള്ള അടിസ്ഥാന ഉപദേശങ്ങളാണവ.

2. ഒൻപത്, പത്ത്, പതിനൊന്ന് എന്നീ മൂന്നെണ്ണം **ദേശീയമാണ്**. സുവിശേഷത്തോടുള്ള ബന്ധത്തിൽ ദൈവം യഹൂദനോടും ജാതിയോടും ഇടപെടുന്ന വിധമാണവ. അവസാന അദ്ധ്യായങ്ങൾ (9–11) സുവിശേഷം അനുസരിക്കുന്ന വിശ്വാസികളുടെ അനുദിന ജീവിതത്തിന്റെ പ്രായോഗിക വശങ്ങളാണവ.

3. അവസാനത്തെ അദ്ധ്യായങ്ങൾ (12–16) സുവിശേഷം അനുസരിക്കുന്ന വിശ്വാസികളുടെ അനുദിന ജീവിതത്തിന്റെ **പ്രായോഗിക വശങ്ങളാണവ.**

### റോമാ ലേഖനത്തിലെ ക്രിസ്തു:

പൗലൂസ് യേശുക്രിസ്തുവിനെ രണ്ടാമത്തെ ആദാമായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. തന്നിൽ വിശ്വാസിക്കുന്നവർക്കും തന്റെ നീതിയാലും പ്രായാശ്ചിത്ത ബലിയാലും യേശു നീതീകരണം നടത്തുകയും അതു പാപികൾക്കു ദൈവീക ശിക്ഷാവിധിയിൽനിന്നും, കോപത്തിൽനിന്നും, പാപത്തിൽന്നും മോചനം പ്രാപിക്കുവാനുള്ള കൃപദാനമായി നല്കുകയും ചെയ്യുന്നു. നമ്മുടെ വീണ്ടെടുപ്പിന്റെയും, നീതികരണത്തിന്റെയും, നശിപ്പിന്റെയും, രക്ഷയുടെയും, മഹത്വീകരണത്തിന്റെയും അടിസ്ഥാനം യേശുക്രിസ്തുവിന്റെ മരണ പുനരുദ്ധാരണങ്ങൾ ആകുന്നു. 74

### ബാഹ്യരേഖ:

### 1 മുഖവുര: (1:1–17)

### 2. ശിക്ഷാവിധി: എല്ലാവരിലും വ്യാപിച്ചിരിക്കുന്ന പാപംമൂലം ദൈവത്തിന്റെ നീതിയുടെ ആവശ്യം (1:18–3:20)

A അസന്മാർഗ്ഗികളായ മനുഷ്യർക്കുള്ള ശിക്ഷാവിധി (ജാതികൾ) (1:18–32)

B. സന്മാർഗ്ഗിയായ മനുഷ്യനുള്ള ശിക്ഷാവിധി (2:1–16)

C. നീതിമാനായ മനുഷ്യനുള്ള ശിക്ഷാവിധി (യഹൂദൻ) (2:17-3:8)
D. സകല മനുഷ്യർക്കുമുള്ള ശിക്ഷാവിധി (3:9-20)

### 3. നീതീകരണം: ദൈവനീതിയുടെ കുറ്റാരോപണത്തിൽനിന്ന് ക്രിസ്തുമൂലം വിടുതൽ (3:21-5:21)

A. ദൈവനീതിയുടെ വിശദീകരണം (3:21-31)
B. ദൈവനീതിയുടെ ദൃഷ്ടാന്തം (4:1-25)
C. ദൈവനീതിയുടെ അനുഗ്രഹം (5:1-11)
D. നീതിയും ശിക്ഷാവിധിയും തമ്മിലുള്ള അന്തരം (5:12-21)

### 4. വിശുദ്ധീകരണം: നീതിയുടെ വെളിപ്പെടുത്തൽ അഥവാ വിതരണം (6:1-8:39)

A. വിശുദ്ധീകരണവും പാപവും (6:1-23)
B. വിശുദ്ധീകരണവും ന്യായപ്രമാണവും (7:1-25)
C. വിശുദ്ധീകരണവും പരിശുദ്ധാത്മാവും (8:1-39)

### 5. സ്ഥാപിക്കൽ: യഹൂദനും, ജാതിക്കും, നീതിക്കുമുള്ള ആശ (9:1-11:36)

A. യിസ്രായേലിന്റെ ഭൂതകാലം: ദൈവീക തിരഞ്ഞെടുപ്പ്. (9:1-29)
B. യിസ്രായേലിന്റെ വർത്തമാനകാലം: ദൈവത്താൽ ത്യാജിക്കപ്പെടുന്നു. (9:30-10:21)
C. യിസ്രായേലിന്റെ ഭാവി: ദൈവീക ഉദ്ധാരണം (11:1-36)

### 6. ഉപയോഗം: ശുശ്രൂഷയിൽ നീതിയുടെ അഭ്യസനം (12:1-15:13)

A. ദൈവവുമായുള്ള ബന്ധത്തിൽ (12:1-2)
B. സ്വയത്തോടുള്ള ബന്ധത്തിൽ (12:3)
C. സഭയോടുള്ള ബന്ധത്തിൽ (12:4-8)
D. സമൂഹത്തോടുള്ള ബന്ധത്തിൽ (12:9-21)
E. ഭരണകൂടത്തോടുള്ള ബന്ധത്തിൽ (13:1-14)
F. മറ്റു വിശ്വാസികളോടുള്ള (ക്രിസ്ത്യാനികൾ) ബന്ധത്തിൽ (14:1-15:13)

### 7. വ്യക്തിപരമായ ദൂതും ആശിർവാദവും (15:14-16:27)

A. പൗലൂസിന്റെ പദ്ധതി (15:14-33)
B. പൗലൂസിന്റെ വ്യക്തിപരമായ വന്ദനം (16:1-16)
C. പൗലൂസിന്റെ ഉപസംഹാരവും ആശിർവാദവും (16:17-27).

# ഒന്നു കൊരിന്ത്യർ

## (ക്രിസ്തു: നമുക്കു ദൈവത്തിന്റെ ജ്ഞാനം)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

എഴുത്തുകാരൻ പൗലൂസ് തന്നെയാണ്. ലേഖനത്തിനകത്തുനിന്നും പുറത്തുനിന്നും ഇതിനാവശ്യമായ തെളിവുകൾ ലഭിക്കുന്നുണ്ട്. ഒന്നാം നൂറ്റാണ്ടുമുതൽ മുന്നോട്ടുള്ള (A.D. 96) കാലങ്ങളിൽ ലേഖനത്തിന്റെ എഴുത്തുകാരൻ പൗലൂസ് തന്നെയാണെന്ന് തെളിവുകൾ ലഭിച്ചിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമിലെ ക്ലെമന്ത് എന്ന ബിഷപ്പ് (പാസ്റ്റർ) കൊരിന്ത്യരുടെ ഒന്നാം ലേഖനം അനുഗ്രഹീതനായ പൗലൂസ് ആണ് എഴുതിയതെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതു താൻ കൊരിന്ത്യർക്കെഴുതിയ ലേഖനത്തിലും മറ്റു എഴുത്തുകളിലും പ്രതിഫലിച്ചിട്ടുണ്ട്. എഴുത്തുകാരൻ തന്നെ പൗലൂസ് എന്നു സംബോധന ചെയ്തിരിക്കുന്ന പല സ്ഥലങ്ങളുണ്ട് (1:1;16:21 cf. 1:12-17; 3:4; 6,22).

ശ്രദ്ധപൂർവ്വം അപ്പോസ്തല പ്രവർത്തികളും മറ്റു ലേഖനങ്ങളും പഠിക്കുന്ന ഒരാൾക്ക് കൊരിന്ത്യയിലെ സഭയും പൗലൂസും തമ്മിലുള്ള ബന്ധം ഗ്രഹിപ്പാൻ പ്രയാസമുണ്ടാകയില്ലെന്നു മാത്രമല്ല താഴെപ്പറയുന്ന സംക്ഷേപം

സമ്മതിക്കേണ്ടിവരികയും ചെയ്യും: (1) തന്റെ ആദ്യ സന്ദർശനത്തെക്കുറിച്ചു (2) എഴുതിയ ആദ്യ ലേഖനം (അതു നഷ്ടപ്പെട്ടു) ഇപ്പോഴുള്ള അത് കഴിഞ്ഞുള്ളതാകയാൽ (3) രണ്ടാമത്തെതാണ് (1 കൊരിന്ത്യർ) (4) രണ്ടാമത്തെ സന്ദർശനത്തെക്കുറിച്ച് (വേദനാപൂർണ്ണമായ സന്ദർശനം) എഴുതിയ ലേഖനമാണ് (2 കൊരിന്ത്യർ 2:1) (5) വീണ്ടും ഒരു മൂന്നാമത്തെ ലേഖനം (അതും നഷ്ടപ്പെട്ടു) എഴുതി. (6) ഇതിനെ തുടർന്നാണ് നാലാമത്തേതായ 2 കൊരിന്ത്യർ എഴുതിയത് (7) ഏറ്റവും ഒടുവിലായി ഒരു മൂന്നാം സന്ദർശനംകൂടി കൊരിന്തിൽ നടന്നതായി കാണുന്നു (അപ്പോ. പ്ര. 20:2,3). നഷ്ടപ്പെട്ടതായ രണ്ടു ലേഖനങ്ങളെക്കുറിച്ച് അവ തിരുവെഴുത്തുകളിൽ ഉൾപ്പെടുത്തേണ്ടവയായി ദൈവം കാണുന്നതിനാൽ നഷ്ടപ്പെട്ടുപ്പെട്ടു എന്നു വിചാരിച്ചാൽ മതി.

### എഴുതിയകാലം:

A.D. 55.

പൗലൂസിന്റെ രണ്ടാമത്തെ മിഷനറി യാത്രയ്ക്കിടയിലാണ് കൊരിന്തിൽ ആദ്യമായി സുവിശേഷം പ്രസംഗിച്ചത് (A.D. 50). അന്ന് അക്വില്ലായോടും പ്രിസ്കില്ലയോടുംകൂടെ പാർത്താണ് പ്രവർത്തിച്ചത്. എന്തെന്നാൽ എല്ലാവരുടെയും തൊഴിൽ കൂടാരപണി ആയിരുന്നു (അപ്പൊ. പ്ര. 18:3). തന്റെ പതിവനുസരിച്ച് പൗലൂസ്സ് ഒന്നാമത് യഹൂദന്മാരുടെ സുന്നഗോഗുകളിൽ പ്രസംഗിക്കുയും അവർ എതിർത്തു പുറത്താക്കിയപ്പോൾ ജാതികളിലേക്കു തിരിയുകയും ചെയ്തു. അങ്ങനെ അവൻ തീത്തൂസ്സ്, യൂസ്തോസ് (അപ്പൊ. 18:7) എന്നൊരുവന്റെ വീട്ടിലേക്കു താമസം മാറ്റി. യഹൂദന്മാർ തനിക്കെതിരായി റോമൻ ഗവണർ ആയ ഗല്ലിയോയോനോട് പരാതിപ്പെട്ടിട്ടും പൗലൂസ് 18 മാസം കൊരിന്തിൽ പാർത്തു (അപ്പൊ. 18:1-17; 1 കൊരി. 2:3). ഈ ലേഖനം എഴുതുന്നത് താൻ എഫേസോസിൽ താമസിച്ച (16:8) മൂന്നുവർഷത്തിന്റെ ഒടുവിലായിട്ടാണ് (16:5-9) അപ്പോ. പ്ര. 20:31).

### വിഷയവും ഉദ്ദേശവും:

വിഷയവും ഉദ്ദേശവും മനസ്സിലാകണമെങ്കിൽ ചുരുക്കമായി അതിന്റെ പശ്ചാത്തലം നോക്കേണ്ടതുണ്ട്. ഏതാണ്ട് 700,000ത്തോളം ജനസംഖ്യയുള്ള ഒരു ചെറിയ മെട്രോപോലിത്തൻ പട്ടണമായിരുന്നു കൊരിന്ത്. എങ്കിലും ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗവും അടിമകളായിരുന്നു. ഏജിയൻ സമുദ്രത്തിനും, ആഡ്രിയാർക്കു സമുദ്രത്തിനും ഇടയ്ക്കു വടക്കൻ ഗ്രീസ്സിലേക്കുള്ള മാർഗ്ഗമായി ഇടുങ്ങി നീണ്ടു സമുദ്രത്തിലേക്കു കിടക്കുന്ന ഒരു ചെറിയ ഭൂപ്രദേശമാണിത്. മനുഷ്യദൃഷ്ടിയിൽ ഐശ്വര്യ സംപൂർണ്ണമായ ഒരു പട്ടണമായിരുന്നെങ്കിലും ദൈവനീതിയുടെ സുവിശേഷം എത്താത്ത ഒരു സ്ഥാനമായി പൗലൂസ് അതിനെ കണ്ടു. ഭൗതിക സമൃദ്ധിയിൽ പാപത്തിനും ആഴംകൂടി. സത്യദൈവത്തെ അറിയാഞ്ഞതിനാൽ ജാതീയ ദേവീദേവന്മാരുടെ പേരിൽ പട്ടണം മുഴുവൻ ക്ഷേത്രങ്ങൾ കൊണ്ടു നിറച്ചു. ഏതാണ്ട് 1800 അടി (550 മീറ്റർ) ഉയരമുള്ള 'അക്രോകൊരിത്തൂസ്' എന്ന പർവ്വതോന്നതിയിൽ ആയിരുന്നു അപ്ഹോരഡയറ്റിസിന്റെ ക്ഷേത്രം നിന്നിരുന്നത്. പുരാതീന യവനായ എഴുത്തുകളിൻ പ്രകാരം ഇവിടെ ധനവും, അസന്മാർഗ്ഗികതയും സമ്മേളിച്ചിരുന്ന സ്ഥാനമായിരുന്നു. ദേശത്തിന്റെ പാപാവസ്ഥയെ വിളിച്ചറിയിക്കുന്ന പദങ്ങളും ശൈലികളും തന്നെ ഉളവായി. ഒരു വേശ്യയെ സൂചിപ്പിക്കുന്ന പദമായിരുന്നു 'കൊരിന്ത്യൻ ഗേൾ' എന്നത്, അതുപോലെ വ്യഭിചാരിണിയെ ചൂണ്ടിക്കാട്ടുന്നതിനു 'കൊരിന്ത്യക്കാരനെ പോലെ' എന്നും മറ്റുമുള്ള പ്രയോഗങ്ങൾ സാധാരണമായിരുന്നു. വ്യഭിചാര പ്രവർത്തിയുമായി ബന്ധപ്പെട്ട ആയിരക്കണക്കിനു ക്ഷേത്രങ്ങൾ ഉണ്ടായിരുന്നതു കൂടാതെയാണ് അപ്ഹോറഡയിറ്റിന്റെ ക്ഷേത്ര സന്നിധിയിലെ ദുർന്നടപടികൾ അരങ്ങേറിയിരുന്നത്. ഇതിനെല്ലാമായി ധാരാളം ധനവും ക്ഷേത്രങ്ങളിൽ ചിലവിട്ടിരുന്നു. "കൊരിന്തിലേക്കുള്ള കപ്പലോട്ടം എല്ലാവർക്കുമുള്ളതല്ല" എന്നൊരു സംസാരംതന്നെ അക്കാലത്തുണ്ടായിരുന്നു.

അപ്പോസ്തല പ്രവർത്തികളിൽനിന്നു ഗ്രഹിപ്പാൻ കഴിയുന്നത് കൊരിന്തിൽ പൗലൂസിന് ചുരുക്കം ചില യഹൂദന്മാരൊഴിച്ചാൽ ബാക്കി എല്ലാവരും ജാതികളിൽ നിന്നു ക്രിസ്തുവിശ്വാസത്തിലേക്കു വന്നവർ ആയിരുന്നത്രെ. അതുപോലെ മാന്യ കുടുംബങ്ങളിൽനിന്നു ചിലരൊക്കെ വിശ്വസിച്ചപ്പോൾ താഴെക്കിടയിൽ നിന്നുള്ളവരാണ് അധികമായി സഭയിലേക്ക് വന്നത് (1:26-31). സാമൂഹികവും സാമ്പത്തികവുമായ വിത്യാസം അവർക്കിടയിൽ നിലനിന്നിരുന്നു (7:20-24:11:21-34). സഭയിലെ ചിലർ വീണ്ടും ജാതികളുടെ അസന്മാർഗ്ഗികതയെ പരിചയിച്ചു പോന്നു. (6:9-11) യവനന്മാരെപ്പോലെ തങ്ങൾ ബുദ്ധിമാന്മാർ എന്നു ചിന്തിച്ച് അഹങ്കരിയ്ക്കുകയും തങ്ങളുടെ ആത്മീക നിലവാരത്തിൽനിന്നു വളരെ വേഗം അധപ്പതിച്ചു പോകയും ചെയ്തു (1:17; 1:15). 75

അസന്മാർഗ്ഗീകതയും മതവും ഒന്നിച്ചു ചേർന്നു കൈകോർത്തു പിടിച്ചു കൊരിന്തിൽ നടത്തിയ മുന്നേറ്റം സഭ

യുടെ ആത്മീക വളർച്ചയെ വല്ലാതെ ബാധിച്ചു. തൻ നിമിത്തമാണ് പൗലൂസ് ലേഖനത്തിന്റെ പ്രാരംഭ വിഷയ മായി എന്താണ് ക്രിസ്തുവിലെ പുതിയ ജീവിതമെന്നും, അതിനെ വിശുദ്ധിയിൽ കാത്തുകൊണ്ട് വിശുദ്ധന്മാ രെന്ന പേര് ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിലനിർത്തണമെന്നും പറഞ്ഞത്. യേശുക്രിസ്തുവിലെ ഈ പുതിയ ജീവിതം പരിശുദ്ധാത്മാവിനാലുള്ള ഒരു പുതിയ ജീവിതപാതയാണ് (3:16,17; 6:11, 19-20). വിശ്വാസിക്കു വ്യക്തിയായും സമൂഹപരമായും ജീവിക്കാനുള്ള അവസരം ഒരുക്കാനാണ് യേശു ദൈവത്തിൽനിന്നു നമുക്കു ജ്ഞാനമായി തീർന്നത്.

പൗലൂസ് കേട്ടറിഞ്ഞ കൊരിന്തുസഭയിലെ നിരവധി പ്രശ്നങ്ങൾക്കും, അതിക്രമങ്ങൾക്കും ഇടയൻ എന്ന നിലയ്ക്കു അവർക്കു ആലോചനയും തിരുത്തലുകളും നല്കി അനുതാപത്തോടെ മടങ്ങിവരേണ്ടതിനായിട്ടാണ് ഈ ലേഖനം എഴുതിയത്. ഒന്നാമത്തെ പ്രശ്നം വിഭാഗീയ ചിന്തയായിരുന്നു (1:11) അവർ ദൈവത്തിന്റെ ആലോചനയേക്കാൾ മാനുഷിക ആലോചനയ്ക്ക് ഊന്നൽ നല്കി (1:21-30). മറ്റൊന്നു ദുർന്നടപ്പ് ആയിരുന്നു (5:1-13; 6:9-20). കൂടാതെ എണ്ണമില്ലാത്ത ചോദ്യങ്ങൾ വിവാഹത്തെകുറിച്ചും, വിവാഹബന്ധം ഒഴിയുന്നതിനെക്കുറിച്ചും, ഭക്ഷണം, ആരാധ ന, ആത്മീകവരങ്ങൾ, ഉയിർത്തെഴുന്നേല്പ്, അവരുടെ സഭാജീവിതത്തിൽ കടന്നുകടിയ മതത്തിന്റെ അസന്മാർഗ്ഗീ കതകൾ, തെറ്റായ വിശ്വാസം എന്നിങ്ങനെ പലതിനും പൗലൂസ് പരിഹാരം നല്കി.

## കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ ക്രിസ്തു:

ക്രിസ്തീയ ജീവിതത്തിന്റെ സത്തയും, ഉത്ഭവവും, ഉപാധിയും എല്ലാം ക്രിസ്തുതന്നെയെന്ന് 1:30-ൽ പറഞ്ഞിരി ക്കുന്നു, ***"നിങ്ങളോ അവയാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്ക് ദൈവത്തിൽനിന്നു ജ്ഞാനവും, നീതിയും, ശുദ്ധീകരണവും, വീണ്ടെടുപ്പും ആയിത്തീർന്നു."***

### ബാഹ്യരേഖ:

**1. മുഖവുര: (1:1-9)**
- A വന്ദനം (1:1-3)
- B. നന്ദിയുടെ പ്രാർത്ഥന. (1:4-9)

**2. സഭയിലെ ഭിന്നത (1:10-4:21)**
- A. ഭിന്നതയെക്കുറിച്ചുള്ള റിപ്പോർട്ട് (1:10-17)
- B. ഭിന്നതയ്ക്കുള്ള കാരണങ്ങൾ (1:18-2:16)
  - 1) ക്രൂശിനെക്കുറിച്ചുള്ള ദൈവദൂതിനെപ്പറ്റിയുള്ള തെറ്റിദ്ധാരണ (1:18-2:5)
  - 2) പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള തെറ്റിദ്ധാരണ (2:6-16)
- C. ഭിന്നതയുടെ ഫലം (3:1-4:5)
  - 1) ആത്മീക വളർച്ച തടസ്സപ്പെടുന്നു (3:1-9)
  - 2) പ്രതിഫലങ്ങളുടെ നഷ്ടം (3:10-4:5)
- D. പൗലൂസിന്റെ മാതൃകയും, ലക്ഷണവും (4:6-21)

**3. സഭയിലെ സാന്മാർഗ്ഗീക ലംഘനം (5:1-6:20)**
- A നിഷിദ്ധ സംഗമത്തെക്കുറിച്ച് (5:1-13)
- B. ജാതീയ കോടതികളിൽ നീതിക്കായുള്ള പോക്കിനെക്കുറിച്ച് (6:9-20)
- C. ധാർമിക നിയമങ്ങളേപ്പറ്റിയുള്ള മുന്നറിയിപ്പ് (6:9-20)

**4. വിവാഹ ജീവിതത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (7:1-40)**
- A. വിവാഹവും ബ്രഹ്മചര്യയും (7:1-9)
- B. വിവാഹവും ഉപേക്ഷണവും (7:10-24)
- C. വിവാഹവും ക്രിസ്തീയ ശുശ്രൂഷയും (7:25-38)
- D. വിവാഹവും പുനർവിവാഹവും (7:39,40)

**5. വിഗ്രഹാർപ്പിതങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (8:1–11:1)**

A. ഒരു ക്രിസ്ത്യാനി ജാതീയ ദേവന്മാർക്കായി അർപ്പിച്ച വിഗ്രഹാർപ്പിതം തിന്നാമോ? (8:1–13)

B. പൗലൂസ്സിന്റെ മാതൃക (9:1–27)

C. പ്രബോധനം (10:1–11:1)

**6. പൊതു ആരാധനയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (11:2–14:40)**

A സ്ത്രീകൾ തലമൂടുന്നതിനെക്കുറിച്ച് (11:2–16)

B. കർത്തൃമേശ (11:17–34)

C. ആത്മീക വരങ്ങളുടെ ഉപയോഗത്തെക്കുറിച്ച് (12:1–14:40)

1) വിവിധ കൃപാവരങ്ങൾ (12:1–11)

2) വരങ്ങളുടെ ഉദ്ദേശം, ഐക്യതയും, വൈവിദ്ധ്യങ്ങളും (12:12–31)

3) സഭകളിൽ സ്നേഹത്തിന്റെ അതിപ്രാധാന്യം (13:1–13)

4) ഭാഷകളെക്കാൾ പ്രവചനത്തിനുള്ള പ്രാധാന്യം (14:1–25)

5) വരങ്ങൾ ഉപയോഗിക്കുന്നതിനുള്ള ക്രമങ്ങൾ (14:26–40)

**7. ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള ഉപദേശം (15:1–58)**

A ഉയിർത്തെഴുന്നേല്പിന്റെ അത്യാവശ്യം (15:1–11)

B. ഉയിർത്തെഴുന്നേല്പിനെ അവഗണിക്കുന്നതിന്റെ അനന്തരഫലം (15:12–19)

C. ക്രിസ്തീയ പ്രത്യാശ (15:20–34)

D. ഉയർപ്പിൻ ശരീരം (15:35–50)

E. ക്രിസ്തുവിൽക്കൂടെയുള്ള ക്രിസ്തീയ വിജയം (15:51–58)

**8. യറുശലേമിലെ സഭയ്ക്കായുള്ള ധർമ്മശേഖരം (16:1–4)**

**9. ഉപസംഹാരം (16:5–24).**

# 2 കൊരിന്ത്യർ

## (ക്രിസ്തു: നമുക്കു ദൈവത്തിൽനിന്നുള്ള ആശ്വാസം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ലേഖനത്തിന്റെ ആരംഭത്തിൽ ചൂണ്ടികാണിച്ചിരിക്കുന്ന പ്രകാരം എഴുത്തുകാരൻ പൗലൂസ് തന്നെയാണ്. പൗലൂസ് തന്നെയാണ് എഴുത്തുകാരൻ എന്നതിന് അകത്തും, പുറത്തും തെളിവുകളുണ്ട്. യഥാർത്ഥത്തിൽ മറ്റുള്ളവയിൽനിന്നു വ്യത്യസ്തമായി ഇതൊരു ആത്മകഥയുടെ രൂപത്തിലാണ്. 76

### എഴുതിയ കാലം:

A.D. 56

വെള്ളിപ്പണിക്കാരായ തട്ടാന്മാരുടെ കലഹംമൂലം (അപ്പൊ. പ്ര. 19:23–41) പൗലൂസ് A.D. 56-ൽ എഫേസൂസിൽനിന്നും മക്കോദോന്യയിലേക്കു വന്നു (അപ്പോ. പ്ര. 20:1), തീത്തുസുമായി കൂടിച്ചേരുവാനും കൊരിന്തിലെ സ്ഥിതിഗതികൾ മനസ്സിലാക്കുവാനുമായി ത്രോവാസിൽ പാർത്തെങ്കിലും (2 കൊരി. 2:13) സാധിക്കാതെ ആ ഭാരത്തോടെ മക്കോദോന്യയിൽ എത്തി (7:5,6), അവിടെവച്ച് തീത്തൂസിനെ കാണുകയും കൊരിന്തിൽ സാധാരണ ജീവിതം നിയന്ത്രണവിധേയമായിട്ടുണ്ടെങ്കിലും ശക്തമായ മറ്റൊരു ഗ്രൂപ്പ് പൗലൂസിന്റെ അപ്പോസ്തലത്തെ ചോദ്യംചെയ്തുകൊണ്ട് എഴുന്നേറ്റിരിക്കുന്നു എന്ന വാർത്ത ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പൗലൂസ് തന്റെ നാലാമത്തെ ലേഖനമായ 2 കൊരിന്ത്യർ മക്കദോന്യയിൽനിന്നും എഴുതിയത്. തുടർന്ന് A.D. 56,57 കാലഘട്ടത്തിൽ ഒരു ശീതകാലത്ത് (Winter) പൗലൂസ് തന്റെ മൂന്നാമത്തെ കൊരിന്തു സന്ദർശനം നടത്തി (അപ്പൊ. പ്ര. 20:2,3).

## വിഷയവും ഉദ്ദേശവും:

പൗലൂസിന്റെ എല്ലാ ലേഖനങ്ങളിലും വച്ച് വ്യക്തിപരവും കൂടുതൽ പ്രിയങ്കരവുമായ ഒന്നാണ് രണ്ടുകൊരിന്ത്യർ. ഇതിൽ പൗലൂസ് തന്റെ ഹൃദയം തുറന്ന് കൊരിന്ത്യരിൽ പലരും തനിക്കെതിരാണെങ്കിലും അവരെ എത്രയധികം സ്നേഹിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. ജെയിംസ് കെ. ലോവ്വറി (James. K. Lowery) എന്നദേഹം ബൈബിൾ നോളജ് കമന്ററിയിൽ കൊടുത്തിരിക്കുന്ന സംക്ഷേപം ശ്രദ്ധാർഹമാണ്:

> "ലേഖനമെഴുതുവാനുള്ള പ്രധാനകാരണം കൊരിന്തുസഭയിൽ കടന്നുകൂടിയ കള്ളപ്രവാചകന്മാരാണ്. സ്വയം അപ്പൊസ്തലന്മാരെന്നു വിശേഷിപ്പിച്ചതു കൂടാതെ അവർ യഥാർത്ഥ അപ്പോസ്തലനായ പൗലൂസിനെയും അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളെയും എതിർത്തുകൊണ്ടു ദുരുപദേശവും പ്രചരിപ്പിച്ചു. പൗലൂസ്സിന്റെ പ്രശസ്തിക്കു വിഘാതം സൃഷ്ടിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഈ ദുഷ്കൃത്യത്തെ ഇല്ലായ്മചെയ്തുകൊണ്ട് ദൈവാത്മാവിൽ പൗലൂസ് ചെയ്ത പ്രവർത്തിയെ ഊട്ടി ഉറപ്പിക്കുവാനുമായിട്ടാണ് 2 കൊരിന്ത്യർ എഴുതിയത്. തന്റെ വ്യക്തിപരമായ നേട്ടങ്ങൾക്കായിട്ടല്ല മറിച്ച് കൊരിന്ത്യർ തന്നോടു കാട്ടിയ സ്നേഹവും സുവിശേഷത്തെ സ്വീകരിച്ച വിധവും അവരെ ഓർമ്മപ്പെടുത്തുക എന്നത് ആവശ്യമായിരുന്നു." 77

കൊരിന്ത്യസഭയ്ക്ക് യഥാർത്ഥ്യം മനസ്സിലാക്കേണ്ടതിന് പൗലൂസ് മൂന്നു പ്രധാന കാര്യങ്ങളാണ് എടുത്തു പറയുന്നത്: (1) തന്റെ സുവിശേഷ പ്രവർത്തനത്തെ അംഗീകരിച്ച് അവർ സഭയിൽ വന്നതിലുള്ള അതിയായ സന്തോഷം പ്രകടമാക്കുന്നു (1:1-7:16); (2) അവരുടെ സമർപ്പണത്തെയും യഹൂദയിലെ വിശുദ്ധന്മാർക്കുള്ള ധർമ്മശേഖരണത്തെയും ഓർമ്മപ്പെടുത്തുന്നു (8:1-9:15); (3) തന്റെ അപ്പോസ്തലത്വത്തെ സ്ഥാപിക്കുന്നു (10:1-13:14).

## 2 കൊരിന്ത്യ ലേഖനത്തിൽ ക്രിസ്തു:

ഈ ലേഖനത്തിൽ ക്രിസ്തു ആശ്വാസപ്രദനാണ് (1:5), നമ്മുടെ വിജയമാണ് (2:14), നമ്മുടെ കർത്താവാണ് (2:4), പുതുജീവിനതത്തിനായുള്ള സ്വാതന്ത്ര്യമാണ് (3:17), പ്രകാശമാണ് (4:6), ന്യായാധിപനാണ് (5:10), നിരപ്പാണ് (5:19), വരമാണ് (9:15), ഉടയവനാണ് (10:7), ശക്തിയാണ് (12:9).

### ബാഹ്യരേഖ: 78

## 1. പൗലൂസ്സിന്റെ സ്വഭാവം, അപ്പോസ്തലത്വം എന്നിവയുടെ വിശദീകരണം (1:1-7:16)

A. സാഹചര്യം (1:1,2)
B. കഷ്ടതയുടെ ഒടുവിലെ ദൈവീക ആശ്വാസത്തിനായുള്ള നന്ദിപറച്ചിൽ (1:3-11)
C. പൗലൂസിന്റെ പ്രവർത്തനം, പെരുമാറ്റം എന്നിവയിലെ സത്യസന്ധത (1:12-2:4)
D. കൊരിന്തുസഭയിലെ കുറ്റക്കാരോടു ക്ഷമിക്കുന്നു. (2:5-11)
E. ശുശ്രൂഷയിൽ ദൈവീക നടത്തിപ്പ് (2:12-17)
F. കൊരിന്തിലെ വിശ്വാസികൾ - ക്രിസ്തുവിന്റെ പത്രം (3:1-11)
G. മൂടുപടം മാറ്റി ദൈവത്തിന്റെ തേജസ്സിനെ ദർശിക്കുന്നു. (3:12-4:6)
H. മൺപാത്രങ്ങളിലെ നിക്ഷേപം (4:7-16 a)
I. വിശ്വാസികൾക്ക് മരണത്തെയും അതിന്റെ അർത്ഥത്തെയും കുറിച്ചുള്ള കാഴ്ചപ്പാട്. (4:16b -5:10)
J. നിരപ്പിന്റെ ശുശ്രൂഷ (5:11-6:10)
K. ഒരു ആത്മീയ പിതാവിന്റെ മക്കളോടുള്ള അപേക്ഷ. (6:11-7:4)
L. തീത്തൂസുമായുള്ള കൂടിക്കാഴ്ച (7:5-16)

## 2. യെറുശലേമിലെ വിശുദ്ധന്മാർക്കായുള്ള ധർമ്മ ശേഖരണത്തിനുവേണ്ടിയുള്ള ഉത്സാഹിപ്പിക്കൽ (8:1-9:15)

A. ഔദാര്യത്തെ പ്രശംസിക്കുന്നു (8:1-15)
B. തീത്തൂസിനെയും സഹപ്രവർത്തകരെയും കൊരിന്തിലേക്ക് അയയ്ക്കുന്നു (8:16-9:5)
C. ഔദാര്യത്തിന്റെ ഫലം (9:6-15)

**3. പൗലൂസിന്റെ അപ്പൊസ്തൊല പദവിയുടെ അധികാരം വിശദീകരിക്കുന്നു (10:1–13:14).**

A. പൗലൂസ് അപ്പൊസ്തൊലന്റെ നിജസ്ഥിതിയും പ്രാർത്ഥനകളും വെളിപ്പെടുത്തുന്നു (10:1–18)

B. പൗലൂസ് തന്റെ വ്യഥാഭിമാനം പറയാൻ നിർബന്ധിതനാകുന്നു (11:1–12:21)

C. അവസാന മുന്നറിയിപ്പ് (13:1–10)

D. ഉപസംഹാരം (13:11–14).

# ഗലാത്യർ

## (ക്രിസ്തു നമുക്കായുള്ള ദൈവനീതി)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

പൗലൂസ് സ്വയം അപ്പോസ്തലനെന്നു പറഞ്ഞു തുടങ്ങുന്നതിനാൽ (1:1) എഴുത്തുകാരൻ പൗലൂസ് തന്നെ.

### എഴുതിയ കാലം:

A.D. 49

പൗലൂസിന്റെ ഒന്നാം മിഷനറി യാത്രയിലാണ് തെക്കൻ ഗലാത്യയിൽ സഭകൾ സ്ഥാപിക്കപ്പെടുന്നത്. തന്റെ യാത്രയുടെ അവസാന നാളുകളിൽ അവിടെയുള്ള ക്രിസ്ത്യാനികൾക്കായി എഴുതിയതാണ് ഈ ലേഖനം. മിക്കവാറും എ.ഡി. 49-ൽ അന്ത്യോഖ്യയിൽ നിന്നായിരിക്കണം എഴുതിയത്. അങ്ങനെയെങ്കിൽ ഇത് തന്റെ യരൂശലേം യാത്രയ്ക്കു മുമ്പായിരിക്കണം (അപ്പോ. പ്ര. 15).

### വിഷയവും ഉപദേശവും:

പല വേദശാസ്ത്രജ്ഞന്മാരും ഗലാത്യലേഖനത്തിനു “ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ കരടുരേഖ അഥവാ പ്രമാണം” എന്നാണ് പേരു നല്കിയിരിക്കുന്നത്. ഇത് കൃപയ്ക്കധീനരായിരിക്കുന്നതിനെക്കാൾ ന്യായപ്രമാണത്തിന് അധീനരായിരിപ്പാൻ ശ്രമിച്ച യഹൂദ ക്രിസ്ത്യാനികളോടുള്ള ഒരു വെല്ലുവിളിയാണ്. ക്രിസ്തീയസഭയിൽ ന്യായപ്രമാണം നിർദ്ദേശിക്കുന്ന പല കാര്യങ്ങൾ കൂടെ നടപ്പിലാക്കണമെന്നു ശഠിച്ചവരാണ് അവർ. ആയതിനാൽ അവർക്ക് വിശ്വാസത്താലുള്ള നീതീകരണം, പരിശുദ്ധാത്മാവിനാലുള്ള വിശുദ്ധീകരണം എന്നിവയെക്കുറിച്ചു ബോദ്ധ്യപ്പെടുത്തി വ്യാജോപദേശങ്ങളിൽനിന്നു സ്വതന്ത്രരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പൗലൂസ് ഇത് എഴുതിയത്.

ഈ ന്യായപ്രമാണവാദികളായ യഹൂദന്മാർ കൃപയുടെ സുവിശേഷത്തെ നിഷേധിച്ചു കൂടാതെ പൗലൂസിന്റെ അപ്പോസ്തലത്വത്തെയും ചോദ്യം ചെയ്തു. ഒന്നും, രണ്ടും അദ്ധ്യായങ്ങളിൽ പൗലൂസ് അവരുടെ എതിർപ്പുകളെ പ്രതിരോധിക്കാനായി തനിക്കു ലഭിച്ച സ്വർഗ്ഗീയദർശനവും അപ്പോസ്തൊലികതയും വിവരിച്ചു. മൂന്നും നാലും അദ്ധ്യായങ്ങളിൽ കൃപയുടെ സത്യ ഉപദേശത്തെയും വിശ്വാസത്താലുള്ള നീതീകരണത്തെയും വിശദമാക്കി. അഞ്ചും, ആറും അദ്ധ്യായങ്ങളിൽ ക്രിസ്തീയസ്വാതന്ത്ര്യം ദുഷ്ടതയ്ക്കു മറയല്ലെന്നും ഒരു സത്യവിശ്വാസി ആത്മാവിന്റെ ശക്തിയിലും, നിയന്ത്രണത്തിലും, നടന്ന് ഫലപൂർണ്ണനാകുന്നതല്ലാതെ ജഡത്തെ അനുസരിച്ചു നടക്കരുതെന്നും പ്രസ്താവിച്ചു. ആ കാലത്ത് ചില വിശ്വാസികൾ ന്യായപ്രമാണവാദികൾ അല്ലായിരുന്നെങ്കിലും അവർക്കു ലഭിച്ച ക്രിസ്തീയ സ്വാതന്ത്ര്യത്തെ പാപം ചെയ്യാനുള്ള ഒരു ലൈസൻസാക്കി മാറ്റിയിരുന്നു.

### ഗലാത്യലേഖനത്തിലെ ക്രിസ്തു:

യേശുക്രിസ്തുവിന്റെ മരണം മൂലം വിശ്വാസികൾ ന്യായപ്രമാണത്തിനായി മരിച്ചിരിക്കുകയാൽ സ്വതന്ത്രരും ഇപ്പോൾ ജീവിക്കുന്നതു ക്രിസ്തുവിനുവേണ്ടിയുമാണ് (2:20), ന്യായപ്രമാണത്തിന് അവരുടെമേൽ ഇനി യാതൊരു അധികാരവുമില്ല (51 f.). എന്തെന്നാൽ ക്രൂശിന്റെ ശക്തി അവർക്ക് ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും പാപത്തിന്റെ ശക്തിയിൽനിന്നും, ന്യായത്തിന്റെ സ്വാധീനതയിൽനിന്നും പൂർണ്ണസ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു (1:4; 2:20; 3:13; 4:5; 5:16, 24; 6:14).

**ബാഹ്യരേഖ:**

1. **വ്യക്തിപരം: കൃപയുടെ സുവിശേഷം, വിശ്വാസത്താലുള്ള നീതീകരണത്തിന്റെ പ്രതിരോധം. (1:1–2:21)**
   - A മുഖവുര (1:1–9)
   - B കൃപയുടെ സുവിശേഷം വെളിപ്പാടിനാൽ പ്രാപിച്ചു. (1:10–24)
   - C കൃപയുടെ സുവിശേഷം യറുശലേം സഭ അംഗീകരിച്ചത്. (2:1–10)
   - D കൃപയുടെ സുവിശേഷത്തിന്റെ വാസ്തവികത പത്രോസിനെ ശാസിക്കുന്നതുവഴി സമർത്ഥിക്കുന്നു. (2:11–21)

2. **ഉപദേശം: കൃപയുടെ സുവിശേഷം, വിശ്വാസത്താലുള്ള നീതീകരണം, എന്നിവകളുടെ വിശദീകരണം (3:1–4:31)**
   - A. ഗലാത്യരുടെ അനുഭവം: വിശ്വാസത്താൽ ആത്മാവിനെ പ്രാപിച്ചു (3:1–5)
   - B. അബ്രഹാമിന്റെ ഉദാഹരണം, അവൻ പ്രവർത്തികളാലല്ല, വിശ്വാസത്താലാണ് നീതീകരിക്കപ്പെട്ടത് (3:6–9)
   - C. നീതീകരണം വിശ്വാസത്താലാണ്, ന്യായപ്രമാണത്താലല്ല (3:10–4:11)
   - D. ഗലാത്യർക്ക് അനുഗ്രഹം ലഭിച്ചത് വിശ്വാസത്താലാണ് ന്യായപ്രമാണത്താലല്ല (4:12–20)
   - E. ന്യായപ്രമാണവും കൃപയും പരസ്പരനിഷേധകങ്ങളാണ് (4:21–31)

3. **പ്രായോഗികം: കൃപയുടെ സുവിശേഷം, വിശ്വാസത്താലുള്ള നീതീകരണം എന്നിവകളുടെ ഉപഭാഗം (5:1–6:18)**
   - A. സ്വാതന്ത്ര്യത്തിന്റെ അവസ്ഥയ്ക്കുള്ള സ്ഥിരത (5:1–12)
   - B. സ്വാതന്ത്ര്യത്തിന്റെ പരിശീലനം. പരസ്പരം സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു (5:13–15)
   - C. സ്വാതന്ത്ര്യത്തിന്റെ ശക്തി: ആത്മാവിനാലുള്ള നടത്തം (5:16–26)
   - D. സ്വാതന്ത്ര്യത്തിന്റെ പൂർത്തീകരണം: എല്ലാവർക്കും നന്മ ചെയ്യുന്നു (6:1–10)
   - E. ഉപസംഹാരം (6:11–18).

# എഫേസ്യർ
## (ക്രിസ്തു: നമുക്കു ദൈവത്തിൽനിന്നുള്ള ധനം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

എല്ലാ കാരാഗ്രഹലേഖനങ്ങളുടെയും ആദ്യവാക്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ ഇതിലും എഴുത്തുകാരൻ പൗലൂസ് തന്നെയെന്നു പ്രസ്താവിച്ചിട്ടുണ്ട് (1:1)

### എഴുതിയ കാലം:

എ.ഡി. 60–61

എഫേസ്യലേഖനം എഴുതുന്നകാലത്ത് പൗലൂസ് തടവിൽ ആയിരുന്നു. (എഫേ. 3:1, 4:1, 6:20). വേദശാസ്ത്രജ്ഞന്മാർക്കിടയിൽ ഇതിനെക്കുറിച്ചു അഭിപ്രായവ്യത്യാസം ഉണ്ട്. ചിലർ ചിന്തിക്കുന്നത് പൗലൂസിന്റെ കൈസര്യയിലെ തടവുകാലത്ത് (എ.ഡി. 57–59) എഴുതിയെന്നാണ് (അപ്പൊ. പ്ര 24:27) മറ്റു ചിലരുടെ വാദം എ.ഡി. 60–62 കാലത്തെ തടവു സമയത്തായിരുന്നു എന്നാണ്. (അപ്പോ. പ്ര 28:30). എന്നാൽ റോമിലെ തടവുകാലത്ത് എഴുതി എന്നതിനാണ് പ്രസക്തിയുള്ളത്; എന്തെന്നാൽ ഈ കാലത്തുതന്നെയാണ് ഫിലിപ്പ്യയർ, കൊലോസ്സ്യർ, ഫിലെമോൻ എന്നീ ലേഖനങ്ങളും പൗലോസ് എഴുതിയത് (ഫിലിപ്പ്യർ 1:7 കൊലോ 4:10; ഫിലോ 9), മാത്രവുമല്ല എഫേസ്യലേഖനത്തിൽ പൗലൂസ്സിന്റെ മോചനത്തെക്കുറിച്ചു യാതൊരു പരാമർശവും ഇല്ല. എന്നാൽ ഫിലിപ്പ്യയർ 1:19–26; ഫിലേമോൻ 1:22 എന്നീ ഭാഗങ്ങളിൽ നമുക്കതു ഗ്രഹിപ്പാൻ കഴിയും. പൗലൂസ്സിന്റെ കാരാഗൃഹവാസത്തിന്റെ ആദ്യകാലത്താണ് എഴുതിയെന്നാണ് പലരുടെയും അഭിപ്രായം. (എ.ഡി. 60) എന്തെന്നാൽ ആ കാലത്ത് പൗലൂസ്സ് കാവൽപട്ടാളത്തിന്റെ മേൽനോട്ടത്തിൽ ഒരു വാടകവീട്ടിൽ പാർക്കുകയായിരുന്നു (അപ്പോ.പ്ര. 28:30). കാരാഗൃഹത്തിൽനിന്നു മോചനം പ്രാപിച്ചശേഷം പൗലൂസ് 1 തിമോഥിയോസും തീത്തോസും എഴുതി. ഏറെ താമസി

യാതെ വീണ്ടും അറസ്റ്റിലായി, ആ കാലത്ത് 2 തീമോഥയോസ് എഴുതി. തുടർന്ന് താൻ രക്തസാക്ഷിത്വം വരിച്ചു അഥവാ റോമിൽവച്ചു കൊല ചെയ്യപ്പെട്ടു.

## വിഷയവും ഉദ്ദേശവും:

എഫെസ്യ ലേഖനത്തിൽ പൗലൂസ് വെളിപ്പെടുത്തുന്നത് 'സഭ' എന്ന രഹസ്യമാണ്. സഭ ക്രിസ്തുവിന്റെ ശരീരമാകയാൽ ക്രിസ്തു അതിന്റെ തലയും വിശ്വാസികൾ ആ ശരീരത്തിന്റെ വിവിധ അവയവങ്ങളായി സ്വർഗ്ഗത്തിലുള്ള സകല ആത്മീകാനുഗ്രഹങ്ങളിലും നിറഞ്ഞവരും ആകുന്നു (1:22,23; 1:3; 2:11–22). വാസ്തവത്തിൽ സഭയാകുന്ന ശരീരത്തിലെ അംഗങ്ങളാകുന്ന വിശ്വാസികൾക്കു തലയാകുന്ന ക്രിസ്തുവിൽ നിക്ഷിപ്തമായിരിക്കുന്ന അളവുകളും, അതിരുകളില്ലാത്ത ധനത്തെക്കുറിച്ച് പ്രഖ്യാപിക്കുകയാണ് പൗലൂസിന്റെ ഉദ്ദേശം. ഇതോടുള്ള ബന്ധത്തിൽ രണ്ട് അതിപ്രധാനകാര്യങ്ങൾ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. ഒന്നാമത്തേത്, വിശ്വാസിക്കു ക്രിസ്തുവിലുള്ള അപ്രമേയ ധനത്തിൽകൂടെ ദൈവത്തിന്റെ നിത്യമായ ഉദ്ദേശങ്ങൾ എങ്ങനെ സ്വർഗ്ഗത്തിലും ഭൂമിയിലും പൂർത്തീകരിക്കപ്പെടുന്നു എന്നു വിവരിക്കുന്നു (1:3–12). രണ്ടാമത്തേത്, ആദ്യത്തേതിൽനിന്നു തന്നെയാണ് തുടങ്ങുന്നത്. അതായത് വിശ്വാസികൾ അവർക്കു ലഭിച്ചിരിക്കുന്ന സ്വർഗ്ഗീയസ്ഥാനവും, വിളിയും, അതുമൂലം പ്രാപിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളും ബോധപൂർവ്വം മനസ്സിലാക്കി എങ്ങനെ അതിനനുസരിച്ചു ജീവിതത്തെ നയിക്കുമെന്നു വിശദമാക്കുകയാണ് (1:18–23; 3:14–21; 4:1).

ഈ ലേഖനം മറ്റുള്ളവയെപ്പോലെ ഏതെങ്കിലും പ്രശ്നപരിഹാരത്തിനു വിശ്വാസികൾക്കു നല്കുന്ന ഉപദേശമായിട്ടല്ല എന്നാൽ അവിശ്വാസി ആത്മികമായി വളർച്ച പ്രാപിക്കുകയും ക്രിസ്തുവിലുള്ള ഭേദാഭേദങ്ങളെ തിരിച്ചറിഞ്ഞ് അനുദിനജീവിതത്തിൽ പ്രയോജനപ്പെടുത്തി പരാജയങ്ങളെ ഒഴിവാക്കാനുള്ള പ്രതിരോധമായിട്ടാണ് നല്കിയിരിക്കുന്നത്. ഏറ്റവും ഒടുവിലായി വിശ്വാസിക്കു സമാനമായുള്ള യുദ്ധത്തെ കുറിച്ച് (6:10–18) കൂടി പറയുന്നതിനാൽ ഒരു ക്രിസ്ത്യാനിക്കു ക്രിസ്തുവിലുള്ള ധനം, നടപ്പ്, യുദ്ധങ്ങൾ എന്നീ കാര്യങ്ങളാണ് ലേഖനത്തിലെ മുഖ്യ വിഷയങ്ങൾ എന്നു മനസ്സിലാകുന്നു.

## എഫേസ്യ ലേഖനത്തിലെ ക്രിസ്തു:

ഈ ലേഖനത്തിൽ "ക്രിസ്തുവിൽ", "ക്രിസ്തുവിനോടുകൂടെ" എന്നീ പ്രയോഗങ്ങൾ ഏതാണ്ട് 35 പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഇത് പൗലൂസിന്റെ സാധാരണ ശൈലികളാണ്. പക്ഷെ മറ്റു ലേഖനങ്ങളെക്കാൾ ഇതിൽ കൂടുതലുണ്ടെന്നു മാത്രം. ഇതുമൂലം വിശ്വാസികൾക്ക് അവർക്കു ക്രിസ്തുവിൽ എന്തു സ്ഥാനമാണുള്ളതെന്ന് മനസ്സിലാകുന്നു (1:1). കൂടാതെ ക്രിസ്തുവിലുള്ള സകലവിധ അനുഗ്രഹങ്ങളും (1:3) ക്രിസ്തുവിലുള്ള തിരഞ്ഞെടുപ്പ് (1:4) ക്രിസ്തുവിലൂടെയുള്ള ദത്തവകാശം (1:5) പ്രിയനായവരിൽ ആയിരിക്കുന്നത് (1:6) വീണ്ടെടുക്കപ്പെട്ടിരിക്കുന്നു (1:7) അവനിൽ അവകാശം പ്രാപിച്ചിരിക്കുന്നു. (1:11) അവന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായുള്ള പ്രത്യാശ. (1:12) വീണ്ടെടുപ്പിൻ നാളിന്റെ അവകാശത്തിനായി പരിശുദ്ധാത്മാവിനാലുള്ള മുദ്ര. (1:13,14) അവനോടുകൂടെ ജീവിപ്പിച്ച് (ഉയർപ്പിച്ച്) സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തിയിരിക്കുന്നത് (2:5–6) ക്രിസ്തുയേശുവിൽ സൽപ്രവർത്തിക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു (2:10) വാഗ്ദത്തിന്റെ പങ്കാളിത്തം. (3:6) ക്രിസ്തുവിലെ വിശ്വാസത്താൽ ദൈവത്തിങ്കലേക്കുള്ള പ്രവേശനം (3:12) എന്നീ കാര്യങ്ങളും പ്രാപിക്കാൻ സാധിക്കുന്നു.

## ബാഹ്യരേഖ:

### 1. വന്ദനം അഥവാ നന്ദിപ്രകടനം (1:1,2)

### 2. ലേഖനത്തിന്റെ ഉപദേശഭാഗം: സഭയുടെ വിളി. (1:3–3:21)

- A. വീണ്ടെടുപ്പിനായുള്ള സ്തുതിപ്പ് (1:3–14)
  - 1) പിതാവിലുള്ള തിരഞ്ഞെടുപ്പ് (1:3–6)
  - 2) പുത്രനിൽകൂടെയുള്ള വീണ്ടെടുപ്പ് (1:7–12)
  - 3) പരിശുദ്ധാത്മ മുദ്രണം (1:13–14)
- B. പരിജ്ഞാനത്തിനായി പ്രാർത്ഥിക്കുന്നു; ഒരു വെളിപ്പാട് (1:15–23)
  - 1) പ്രാർത്ഥനയുടെ ആവശ്യം (1:15–18 a)
  - 2) പ്രാർത്ഥനയുടെ ഉള്ളടക്കം (1:18 b–23)
- C. സ്ഥാനം (പദവി) സംബന്ധമായത് (2:1–22)

1) സ്വർഗ്ഗീയ സ്ഥലങ്ങളിലെ പുതിയ സ്ഥാനം (2:1-10)
2) ദൈവഭവനത്തിലെ അംഗമെന്ന പദവി (2:11-22)

D. ബ്രാക്കറ്റു കാലങ്ങളുടെ വിശദീകരണം (3:1-13)
1) വെളിപ്പാടിനാലുള്ള മർമ്മം (3:1-6)
2) സിദ്ധീകരണത്തിനായി വീണ്ടെടുക്കപ്പെട്ട ശുശ്രൂഷകൻ (3:7-13)

E. യഥാർത്ഥമറിയുന്നതിനായുള്ള പ്രാർത്ഥന (3:14-21)

**3. ലേഖനത്തിന്റെ പ്രവർത്തനമണ്ഡലം; സഭയുടെ നടപ്പ്. (4:1-6:24)**

A. വിശ്വാസികളുടെ ഐക്യതയിലുള്ള നടപ്പ് (4:1-16)
1) ഐക്യം നിലനിർത്തുവാനുള്ള അപേക്ഷ (4:1-3)
2) ഐക്യതയുടെ അടിസ്ഥാനം (4:4-6)
3) ഐക്യതയുടെ അർത്ഥം (4:7-16)

B. വിശ്വാസികളുടെ നീതിയിലെ നടപ്പ് (4:17-5:18)
1) പഴയ ജീവിതത്തിലെ നടപ്പ് (4:17-19)
2) പുതിയ ജീവിതത്തിലെ നടപ്പ് (4:20-32)
3) നടപ്പിന്റെ വിധം (5:1-7)
4) നമ്മുടെ നടപ്പിന്റെ കാരണവും തെളിവും (5:8-13)
5) നമ്മുടെ നടപ്പിന്റെ ശക്തിയും ലഭ്യതയും (5:14-18)

C. വിശ്വാസിയുടെ ഈലോകത്തിലെ നടപ്പ് (5:19-6:9)
1) അവന്റെ സ്വയവും സഭയും (5:19-21)
2) അവന്റെ കുടുംബം (5:22-6:4)
3) അവന്റെ തൊഴിൽ (6:5-9)

D. വിശുദ്ധിയുടെ പോരാട്ടത്തിന്റെ നടപ്പ് (6:10-20)
1) ആയുധവർഗ്ഗത്തെക്കുറിച്ചുള്ള പ്രബോധനം (6:10-13)
2) നമ്മുടെ ആയുധവർഗ്ഗങ്ങളെക്കുറിച്ചുള്ള വിശദീകരണം (6:14-17)
3) ആയുധങ്ങൾകൊണ്ടുള്ള നമ്മുടെ യുദ്ധങ്ങൾ (6:18-20)

E. ഉപസംഹാരം (6:21-24).

# ഫിലിപ്പ്യർ

## (ക്രിസ്തു: ദൈവത്തിൽനിന്നു നമുക്കുള്ള സംപൂർത്തി)

### പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:

പൗലൂസ് ആകുന്നു എഴുത്തുകാരൻ, “ഫിലിപ്പ്യയിലെ സഭയ്ക്ക് എഴുതിയതാണ്.” പൗലൂസിന്റെ മക്കദോന്യ പ്രദേശത്തെ ഒന്നാമത്തെ സഭയാണിത്. ഫിലീപ്പിയർക്ക് എഴുതിയത് എന്നാണ് തലക്കെട്ടുതന്നെ.

### എഴുതിയ കാലം:

A.D. 60-61

എഫേസ്യലേഖനം പോലെ ഇതും പൗലൂസ് തടവിൽ കിടന്നുകൊണ്ട് എഴുതിയതാണ്. കാവൽ പട്ടാളത്തിനു നടുവിൽ മരണത്തെ പ്രതീക്ഷിച്ചു റോമിൽ കഴിയുമ്പോഴാണ് എഴുതിയത് (1:13; 1:20-26). മരണം തീർച്ചയെന്ന് അറിഞ്ഞിട്ടും പൗലോസ് മോചനത്തെ പ്രതീക്ഷിച്ചു. ചുറ്റുപാടുകൾ വച്ചുനോക്കുമ്പോൾ എഫേസ്യലേഖനത്തിനു ശേഷമാണ് ഈ ലേഖനം എഴുതിയത് എന്ന് മനസ്സിലാക്കാം.

### വിഷയവും ഉദ്ദേശവും:

എഫേസ്യലേഖനം തേജസ്സേറിയ മർമ്മങ്ങളാകുന്ന “സഭ ക്രിസ്തുവിന്റെ ശരീരം”,“ക്രിസ്തു സഭയുടെ തല” (1:22, 23) ‘വിശ്വാസികൾ സഭയാകുന്ന ശരീരത്തിലെ’ അംഗങ്ങളും സ്വർഗ്ഗത്തിലെ സകലവിധ അനുഗ്രഹങ്ങളാലും

കൂട്ടായി അനുഗ്രഹിക്കപ്പെട്ടവരും" (1:3; 2:11-22) ആകുന്നു എന്നീ വിഷയങ്ങൾ വെളിപ്പെടുത്തുമ്പോൾ ഈ വക കാര്യങ്ങളെ ഗ്രഹിച്ചും ഐക്യതയെ കാത്തുസൂക്ഷിച്ചുംകൊണ്ട് ക്രിസ്തുവിൽ ആനന്ദിക്കുവാനുള്ള പ്രചോദന മാണ് ഫിലിപ്യ ലേഖനം നല്കുന്നത് (1:27; 2:2; 4:1 f), ആകയാൽ "ക്രിസ്തുവിലെ ഐക്യതയും സന്തോഷവും" എന്നതാണ് ഈ ലേഖനത്തിന്റെ വിഷയം.

ഫിലിപ്പ്യർക്ക് ഈ ലേഖനം എഴുതുന്നതിന് പൗലൂസിനു സ്പഷ്ടമായ പല ഉദ്ദേശങ്ങളും ഉണ്ടായിരുന്നു. (1) പൗലൂസിന്റെ ആവശ്യങ്ങൾക്കായി ഫിലിപ്പിയായിലെ വിശ്വാസികൾ അയച്ചുകൊടുത്ത ദാനങ്ങൾക്കു നന്ദിയും അവരോടുള്ള സ്നേഹവും അറിയിക്കുക (1:5; 4:10-19), (2) തന്റെ ഇപ്പോഴത്തെ സാഹചര്യം അവരെ അറിയിക്കുക (1:12-26; 4:10-19), (3) കഷ്ടതയും പീഢനങ്ങളുടെയും മദ്ധ്യത്തിൽ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ അവരെ ഉത്സാഹിപ്പിക്കുന്നു (1:27-30; 4:4), (4) ഐക്യതയിലും താഴ്ചയിലും വളരുവാൻ അവരെ പ്രബോധിപ്പിക്കുന്നു (2:1-11; 4:2-5), (5) തീമോഥയോസിനെയും, എപ്പഫ്രോദീത്തോസിനെയും, ഫിലിപ്പിയിലെ സഭയിൽ ഭരമേല്പിക്കുന്നു (2:19-30), (6) ന്യായപ്രമാണവാദികളായ യഹൂദന്മാരിൽനിന്നും വേർപെട്ടിരിപ്പാൻ മുന്നറിയിപ്പു നല്കുന്നു (അ. 3).

## ഫിലിപ്പ്യലേഖനത്തിലെ ക്രിസ്തു:

ഈ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ നിജസ്ഥിതിയും പ്രകൃതവും (2:5-8) മറ്റു പുസ്തകങ്ങളിൽ കാണുന്നില്ല. ഉണ്ടായിരുന്നവനും ഇപ്പോൾ ഉള്ളവനുമായ ക്രിസ്തുവിനെ പൗലൂസ് വിവക്ഷിച്ചിരിക്കുന്നത് വിശ്വാസികളുടെ: (1) ജീവനും (1:21), (2) താഴ്മയുടെയും, ത്യാഗപൂർണ്ണമായ സ്നേഹത്തിന്റെയും, മാതൃകയായും (2:4-5), (3) നമ്മുടെ താഴ്മയുള്ള ശരീരങ്ങളെ അവന്റെ മഹത്വമുള്ള ശരീരങ്ങളോടു അനുരൂപപ്പെടുത്തുന്നവനായും (3:21) (4) ഏതു ജീവിതസാഹചര്യത്തിലും നമ്മുടെ ശക്തിയുടെയും ബലത്തിന്റെയും അർത്ഥവും, അടിസ്ഥാനവും അവൻ മാത്രമായിട്ടും (4:12) ആകുന്നു.

**ബാഹ്യരേഖ: 79**

1. **ഫിലിപ്യയിലെ വിശ്വാസികൾക്കുള്ള വന്ദനവും, നന്ദിയും (1:1-11)**
2. **യേശുക്രിസ്തുവിനെ പ്രസംഗിക്കുക നിമിത്തം റോമിൽ പൗലൂസിനുണ്ടായ അവസ്ഥകൾ (1:12-30)**
3. **ക്രിസ്തീയ ജീവിതത്തിന്റെ മാതൃക. ക്രിസ്തുവിന്റെ മനസ്സുള്ളവരായിരിക്കുക (2:1-30)**
   A. താഴ്മയ്ക്കുള്ള പ്രബോധനം. (2:1-4)
   B. താഴ്മ (വിനയം)യുടെ സംഗ്രഹം (2:5-11)
   C. താഴ്മയുടെ അഭ്യസനം (2:12-18)
   D. താഴ്മയുടെ ദൃഷ്ടാന്തം തീമോഥയോസിന്റെയും, എപ്പഫ്രോദിത്തോസിന്റെയും ജീവിതങ്ങളിൽ (2:19-30)
4. **ക്രിസ്തീയ ജീവിതത്തിന്റെ പ്രതിഫലം: ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം (3:1-21)**
   A. ന്യായപ്രമാണവാദികളായ യഹൂദന്മാർക്കുള്ള മുന്നറിയിപ്പ് (3:1-4 a)
   B. പൗലൂസിന്റെ മാതൃക (3:4 b-14)
   D. മറ്റുള്ളവർക്കു പ്രബോധനം (3:15-21)
5. **ക്രിസ്തീയ ജീവിതത്തിലെ സമാധാനം: ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നു (4:1-23)**
   A. മറ്റുള്ളവരുമായുള്ള സമാധാനം (4:1-3)
   B. തന്നോടുതന്നെയുള്ള സമാധാനം (4:4-9)
   C. ചുറ്റുപാടുകളുമായുള്ള സമാധാനം (4:10-23).

# കൊലോസ്സ്യർ

## (ക്രിസ്തു: നമുക്കു ദൈവത്തിന്റെ നിറവ്)

**പുസ്തകത്തിന്റെ പേരും എഴുത്തുകാരനും:**

ലേഖനത്തിന്റെ പ്രാരംഭമായി പൗലൂസ് നല്കുന്ന വന്ദനമാണ് (1:1,2) പുസ്തകത്തിന്റെ പേര് അറിയാൻ നമ്മെ സഹായിക്കുന്നത് (കൊലോസ്യർ).

### എഴുതിയ കാലം:

A.D. 60–61

റോമിൽ തടവറയിൽ ആയിരുന്ന കാലത്താണ് നാലു കാരാഗ്രഹലേഖനങ്ങളും എഴുതിയത്. അതായത് A.D. 60–61 കാലഘട്ടത്തിൽ (എഫേസ്യർ, ഫിലിപ്പീയർ, ഇവ നോക്കുക.).

### വിഷയവും ഉദ്ദേശവും:

ക്രിസ്തുവിനു സഭയിലുള്ള പരമാധികാരം, പ്രഥമസ്ഥാനം അഥവാ ശരീരമാകുന്ന സഭയുടെ തല എന്ന പ്രകാര മുള്ള സംപൂർണ്ണത എന്നീ വിഷയങ്ങൾ ഉൾക്കൊള്ളുന്ന സുവിശേഷത്തിന്റെ ഫലപൂർണ്ണമായ ശക്തിയെ വെളി പ്പെടുത്തുന്നു. ക്രിസ്തുവിന്റെ പൂർണ്ണമായ ചിത്രം പൗലൂസ് വായനക്കാർക്കു നല്കുകയാണ്. യേശുക്രിസ്തു വിന്റെ ആളത്വത്തിൽക്കൂടെ പ്രവർത്തിയെ തികക്കുകയും നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായി നിന്നു കൊണ്ട് നമ്മെ അവനിൽ പൂർണ്ണരാക്കുകയും ചെയ്യുന്നു (2:10). ആകെക്കൂടി നോക്കുമ്പോൾ ക്രിസ്തുവിന്റെ സർവ്വ സമ്പൂർണ്ണത, സർവ്വാധികാരം, അതുല്യത, ദൈവമനുഷ്യൻ എന്ന നിലയിലുള്ള ആളത്വരക്ഷണ്യവും, പ്രവർത്തന വും, സൃഷ്ടിതാവും, രക്ഷിതാവും എന്ന നിലയിൽ സർവ്വലോകത്തിന്റെയും പരിപാലനവും, കാലങ്ങളും നിത്യ തയും വരെയുള്ള മനുഷ്യന്റെ പ്രശ്നങ്ങൾക്കു പരിഹാരവും അന്ന് കൊലോസ്സ്യ ലേഖനത്തിൽ വിശദീകരിച്ചിരി ക്കുന്നത്. ക്രിസ്തു സൃഷ്ടിതാവും, പരിപാലകനും, വീണ്ടെടുപ്പുകാരനും, മനുഷ്യരെയും ഭൂലോകരെയും ദൈവ ത്തോടു നിരപ്പിക്കുന്നവനും ആകുന്നു. 80

### കൊലോസ്യ ലേഖനത്തിലെ ക്രിസ്തു:

വിൽക്കിൻസന്റെയും, ബോവയുടെയും അഭിപ്രായം നോക്കുക:

> "ക്രിസ്തു കേന്ദ്രമായുള്ള ക്രിസ്തു ശാസ്ത്രമാണ് ഈ പുസ്തകം. സകലവാഴ്ചയ്ക്കും, അധികാര ങ്ങൾക്കും തലയാണ് ക്രിസ്തു (2:10), സകല സൃഷ്ടികളുടെയും കർത്താവാണ് (1:16,17), നിരപ്പിക്കുന്ന വനാണ് (1:20–22; 2:13–15), വിശ്വാസികളുടെ പ്രത്യാശയുടെ അടിസ്ഥാനമാണ് (1:5, 23, 27), വിശ്വാസി കളുടെ പുതുജീവന്റെയും ശക്തിയുടെയും സ്രോതസ്സാണ് (1:11, 29), വീണ്ടെടുപ്പുകാരനും നിരപ്പിക്കു ന്നവനുമാണ് (1:14, 20–22; 2:11–15), ദൈവത്തിന്റെ സമ്പൂർണ്ണത അവനിലാണ് കുടികൊള്ളുന്നത്. (1:15,19;2:9) എല്ലാവരെയും വഹിക്കുന്ന സൃഷ്ടിതാവാണ് (1:16, 17), സഭയുടെ തലയാണ് (1:18), ഉയർത്തെ ഴുന്നേറ്റു ജീവിക്കുന്ന ദൈവമനുഷ്യനാണ് (1:18; 3:1), സർവ്വസംപൂർണ്ണനാണ് (1:28; 2:3, 20; 3:1–4)." 81

### ബാഹ്യരേഖ: 82

### 1. ഉപദേശം: ക്രിസ്തുവിന്റെ ആളത്വവും പ്രവർത്തിയും (1:1–2:3)

- A. ആമുഖം (1:1–14)
  - 1) കൊലോസ്യർക്കുള്ള പൗലൂസിന്റെ വന്ദനം (ശുഭാശംസ) (1:1, 2)
  - 2) കൊലോസ്ത്യരുടെ വിശ്വാസത്തിനു പൗലൂസിന്റെ കൃതജ്ഞത (1:3–8)
  - 3) കൊലോസ്യരുടെ വളർച്ചയ്ക്കായി പൗലൂസിന്റെ പ്രാർത്ഥന (1:9–14)
- B. ക്രിസ്തുവിന്റെ ആളത്വം (1:15–18)
  - 1) പിതാവുമായുള്ള ബന്ധം (1:15)
  - 2) സൃഷ്ടിയോടുള്ള ബന്ധം (1:16, 17)
  - 3) പുതിയ സൃഷ്ടിയോടുള്ള ബന്ധം (1:18)
- C. ക്രിസ്തുവിന്റെ പ്രവർത്തി (1:19 - 2:3)
  - 1) അവന്റെ പ്രവർത്തിയുടെ വിശദീകരണം (1:19, 20)
  - 2) അവന്റെ പ്രവർത്തിയുടെ ഉപയോഗം (1:21–23)
  - 3) അവന്റെ പ്രവർത്തിയുടെ പ്രചരണം (1:24–2:3)

**2 വിവാദപരം: ക്രിസ്തുവിനോടുള്ള സംയോജനത്തെക്കുറിച്ചുള്ള ദുരുപദേശക പ്രശ്നങ്ങൾ (2:4-3:4 a)**

A. ദുരുപദേശങ്ങൾക്കെതിരായുള്ള പ്രബോധനം (2:4-8)
   1) ദുരുപദേശകന്മാരുടെ രീതികൾക്കെതിരായ പ്രബോധനം (2:4, 5)
   2) വിശ്വാസത്തിൽ വളരുവാനായുള്ള പ്രബോധനം (2:6, 7)
   3) ദുരുപദേശകന്മാരുടെ തത്വജ്ഞാനവാദങ്ങൾക്കെതിരായ പ്രബോധനം (2:8)

B. ശരിയായ ഉപദേശത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (2:9-15)
   1) വിശ്വാസിയുടെ ക്രിസ്തുവിലുള്ള സ്ഥാനം (2:9-10)
   2) വിശ്വാസികളുടെ പരിച്ഛേദന (2:11-12)
   3) വിശ്വാസികൾക്കുള്ള പ്രയോജനങ്ങൾ (2:13-15)

C. ശരിയായ പഠിപ്പകലുകളോടുള്ള കടപ്പാട് (2:16-3:4)
   1) നിഷേധം: ന്യായപ്രമാണത്തിന്റെ പ്രവർത്തികളിൽനിന്നു സ്വാതന്ത്ര്യം (2:16-19)
   2) നിഷേധം: മതത്തിന്റെ ചട്ടങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യം (2:20-23)
   3) വാസ്തവികം: സ്വർഗ്ഗീയജീവിതത്തിനായുള്ള അഭിലാഷം (3:1-4)

**3. പ്രായോഗികം: ക്രിസ്തുവിൽ വിശ്വാസിയുടെ പ്രായോഗികത (3:5-4:6)**

A. ആന്തരിക ജീവിതം (3:5-17)
B. ഭവനവും കുടുംബജീവിതവും (3:18-4:1)
C. ബാഹ്യജീവിതം (4:2-6)

**4. വ്യക്തിപരം: അപ്പോസ്തോലന്റെ പ്രത്യേക പദ്ധതി കാര്യങ്ങൾ (4:7-18)**

A. അവന്റെ പ്രത്യേക പ്രതിനിധികൾ (4:7-9)
B. അവന്റെ വ്യക്തിപരമായ ആശംസകൾ (4:10-18).

# 1 തെസ്സലോനീക്യർ
# (ക്രിസ്തു: നമുക്ക് ദൈവത്തിന്റെ വാഗ്ദത്തം)

## എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

പൗലൂസ്സാണ് എഴുത്തുകാരൻ എന്നു 1:1-ഉം 2:18-ഉം വെളിപ്പെടുത്തുന്നു. തെസ്സലോനിക്യർ എന്നാണ് പുസ്തകത്തിന്റെ പേര്.

## എഴുതിയ കാലം:

A.D 51-52

തെസ്സലോനിക്യർക്കുള്ള രണ്ടു ലേഖനങ്ങളും അപ്പോസ്തോലനായ പൗലൂസ് കൊരിന്ത്യർ 18 മാസം പാർത്തിരുന്ന കാലത്ത് എഴുതിയതാണ് (അപ്പോ. പ്ര. 18:1-11). കൊരിന്തിലെ താമസത്തിന്റെ പ്രാരംഭകാലത്ത് തെസ്സലോനിക്യാ സഭയുടെ ആത്മിക വളർച്ചയെക്കറിച്ച് തീമോഥയോസ് കൊണ്ടുവന്ന റിപ്പോർട്ടിന്മേലാണ് ഒന്നാം ലേഖനം എഴുതിയത്. ചില ആഴ്ചകളോ മാസങ്ങൾക്കോ ശേഷമാണ് രണ്ടാം ലേഖനം എഴുതുന്നത്. ഇതിന്റെ കാലനിർണ്ണയം ഏകദേശ രൂപമായേ പറയാൻ കഴിയൂ. അതായത് ഉദ്ദേശം എ.ഡി 51-52.

## വിഷയവും ഉദ്ദേശവും:

പൗലൂസ്സിന്റെ തെസ്സലോനിക്കയിലെ താമസം മൂന്നാഴ്ച (അപ്പോ. പ്ര. 17:2) മാത്രമായിരുന്നതിനാൽ ആവശ്യമായ നിർദ്ദേശങ്ങൾ പുതിയ സഭയ്ക്കു നല്കുവാൻ പൗലൂസിനു കഴിഞ്ഞില്ല. ആയതിനാൽ ഈ ലേഖനം വഴി താഴെ പറയുന്ന കാര്യങ്ങൾ ചുരുക്കമായി അവരെ അറയിക്കുക എന്നതായിരുന്നു ഉദ്ദേശം: പൗലൂസിനാൽ ആരംഭിച്ച വേലയ്ക്കു മങ്ങൽ ഏല്പിക്കാൻ ശ്രമിക്കുന്നവരോട് തെസ്സലോനിക്യർ (1:2-3) എതിർത്തു നിന്ന് ദൈവം അവരിൽ ആരംഭിച്ച പ്രവർത്തിയെ കാത്തതിനു നന്ദി പറയുന്നു (2:1-12). അവർ ആയിരുന്നു ജാതീയ ജീവിതത്തി

ലേക്കു തിരിച്ചുപോകാനുള്ള സമ്മർദ്ദത്തിൽ നിന്നുരക്ഷപെടുവാനും പീഡനങ്ങളെ ഭയപ്പെടാതിരിപ്പാനും ഉത്സാഹിപ്പിക്കുന്നു (3:2,3, 4:1-12). മരിച്ചുപോയ ക്രിസ്ത്യാനികളുടെ അവസ്ഥയെക്കുറിച്ച് അവർക്കുണ്ടായ സംശയങ്ങൾക്കും ഉപദേശപരമായ നിവാരണം നടത്തുന്നു (4:1-13). "കർത്താവിന്റെ നാളിനെ"ക്കുറിച്ചുള്ള ചോദ്യത്തിനു മറുപടി നല്കുന്നു (5:1-11). ഒരു സഭയും വിശ്വാസികളുമെന്ന നിലയ്ക്ക് അവരിൽ വികാസം പ്രാപിക്കുന്ന ചോദ്യങ്ങൾക്ക് ഉചിതമായ മറുപടി നല്കുന്നു (5:12, 13, 19, 20).

## തെസ്സലോനിക്യാ ലേഖനത്തിലെ ക്രിസ്തു:

ഓരോ അദ്ധ്യായത്തിലും ക്രിസ്തുവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള പ്രസ്താവന ഉള്ളതിനാൽ വിശ്വാസികളുടെ ഇഹത്തിലെയും, പരത്തിലെയും, രക്ഷയുടെ പ്രത്യാശയായിട്ടാണ് ക്രിസ്തുവിനെ കാണിച്ചിരിക്കുന്നത്. അവൻ വരുമ്പോൾ നമ്മെ കോപത്തിൽനിന്നു രക്ഷിക്കും എന്നത് മഹോപദ്രവത്തിൽനിന്ന് സഭയെ (വിശ്വാസികളെ) വിടുവിക്കുന്നതിനെക്കുറിച്ചാണെന്നു വേണം വിശ്വസിക്കുവാൻ (1:10; 5:4-11). നമുക്ക് പ്രതിഫലങ്ങൾ തരുന്നു (2:19). പൂർണ്ണരാക്കുന്നു (3:13). ഉയിർപ്പിക്കുന്നു (4:13-18). അവനിൽ ആശ്രയം വച്ചിരിക്കുന്ന സകലരെയും വിശുദ്ധീകരിക്കുന്നു (5:23).

### ബാഹ്യരേഖ:

## 1. കഴിഞ്ഞകാലം (ഭൂതകാലം) : വിശ്വാസത്തിന്റെ പ്രവർത്തി (1:1-3:13)

A. തെസ്സലോനിക്യരെകുറിച്ചുള്ള പ്രശംസ (1:1-10)
   1) പൗലോസിന്റെ വിലയിരുത്തൽ (1:1-4)
   2) ജീവിതത്തിന്റെ തെളിവുകൾ (1:5-7)
   3) തെളിവുകളുടെ വിശദീകരണം (1:8-10)

B. പൗലൂസിന്റെയും കൂട്ടുപ്രവർത്തകരുടെയും സ്വഭാവം (2:1-12)
   1) അവരുടെ സാക്ഷ്യം (2:1, 2)
   2) അവരുടെ വാക്ക് (2:3-7a)
   3) അവരുടെ നടപ്പ് (2:7b-12)

C. തെസ്സലോനിക്യരുടെ സ്വഭാവം (2:13-16)
   1) അവർ വചനത്തെ സ്വീകരിച്ചു (2:13)
   2) വചനത്തോടുള്ള അവരുടെ പ്രതികരണം (2:14)
   3) വചനം ഉപേക്ഷിക്കുന്നു (2:15, 16)

D. അപ്പോസ്തലന്റെ ഉത്കണ്ഠ (2:17-20)
   1) തെസ്സലോന്യരെക്കുറിച്ചുള്ള ചിന്ത (2:17)
   2) സാത്താൻമൂലം അവന്റെ ഇടർച്ച (2:18)
   3) തെസ്സലോനിക്യരെക്കുറിച്ചുള്ള പ്രത്യാശ (2:19, 20)

E. തെസ്സലോനിക്യരുടെ സ്ഥിരീകരണം (3:1-10)
   1) തിമോഥയോസിനെ അയയ്ക്കുന്നു (3:1-5)
   2) തിമോഥയോസിന്റെ റിപ്പോർട്ട് (3:6-10)

F. അന്തിമ പ്രാർത്ഥന (3:11-13)
   1) തെസ്സലോനിക്യയിലേക്കു മടങ്ങിപോകേണ്ടതിനായുള്ള പ്രാർത്ഥന (3:11)
   2) തെസ്സലോനിക്യർ സ്നേഹത്തിൽ വളരേണ്ടതിനുള്ള പ്രാർത്ഥന (3:12)
   3) തെസ്സലോനിക്യരുടെ ഹൃദയങ്ങൾ വിശുദ്ധിയിൽ സ്ഥിരപ്പെടേണ്ടതിനുള്ള പ്രാർത്ഥന (3:13)

## 2. വർത്തമാനകാലം: സ്നേഹത്തിന്റെ പ്രയത്നം (4:1-12)

A. വിശുദ്ധജീവിതത്തിലൂടെ ദൈവത്തോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നു (4:1-8)
B. ദൈവം ആവശ്യപ്പെട്ടപ്രകാരം സഹോദരവർഗ്ഗത്തെ സ്നേഹിക്കുന്നു (4:9, 10)
C. ദൈവികജീവിതത്തിലൂടെ നഷ്ടപ്പെട്ടവരെ സ്നേഹിക്കുന്നു (4:11, 12)

**3. വീക്ഷണം: പ്രത്യാശയുടെ സഹനം (4:13–5: 28)**

A. ക്രിസ്തുവിന്റെ നാളിനെക്കുറിച്ച്: അവന്റെ വരവിന്റെ ആശ്വാസം (4:13–16)
   1) നിദ്രയിലായിരിക്കുന്ന വിശുദ്ധന്മാരുടെ ഉയർത്തെഴുന്നേല്പ് (4:13–16)
   2) ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരുടെ ഉത്പ്രാപണം (4:17–18)

B. കർത്താവിന്റെ ദിവസത്തെക്കുറിച്ച് (5:1–11)
   1) കർത്താവിന്റെ ദിവസത്തിന്റെ പ്രത്യേകത (5:1–5)
   2) ക്രിസ്ത്യാനികളുടെ സ്വഭാവം (5:6–10)
   3) ഉപസംഹാരം (5:11)

C. സഭയിലെ പുറത്താക്കൽ (5:12–28)
   1) അവസാന നിർദ്ദേശങ്ങൾ (5:12–22)
   2) അവസാന അപേക്ഷ (5:23, 24)
   3) അനുബന്ധം (5:25–28).

# 2 തെസ്സലോനിക്യർ
## (ക്രിസ്തു: നമുക്കു ദൈവത്തിന്റെ പ്രതിഫലം)

### പുസ്തകവും എഴുത്തുകാരനും:

തെസ്സലോനിക്യരുടെ ഒന്നാം ലേഖനംപോലെ തന്നെ രണ്ടാം ലേഖനത്തിന്റെയും എഴുത്തുകാരൻ പൗലൂസ് തന്നെയാണ് (2 തെസ്സ. 1:1; 3:17).

### എഴുതിയ കാലം:

എ.ഡി. 51–52

ഇതിനു കാരണം ഒന്നാമത്തേതിന്റെയും രണ്ടാമത്തേതിന്റെയും ചരിത്രപശ്ചാത്തലങ്ങളുടെ ഐക്യരൂപ്യമാണ്. അധികം ആളുകളുടെയും അഭിപ്രായം ആറുമാസത്തെ ഇടവേളയെന്നാണ്. സഭയ്ക്കകത്തെയും അവസ്ഥ സമാനമാകയാൽ പീഢനങ്ങൾ വർദ്ധിച്ചു എന്നു മനസ്സിലാക്കാം (1:4,5). ഇതും ഇതുപോലെയുള്ള മറ്റു പല കാരണങ്ങളുമാണ് ഈ രണ്ടാം ലേഖനം എഴുതുന്നതിന് പൗലൂസിനെ നിർബന്ധിച്ചത്. അങ്ങനെ എ.ഡി. 51–ലോ 52–ലോ ശീലാസും, തിമോഥയോസും ഒന്നാമത്തെ ലേഖനം കൊടുത്തിട്ട് മടങ്ങിവന്ന് കൊടുത്ത റിപ്പോർട്ടിനെയും ഗ്രഹിച്ചശേഷമാണ് കൊരിന്തിൽ നിന്നു പൗലൂസ് രണ്ടാം ലേഖനം എഴുതിയത്.

### വിഷയവും ഉദ്ദേശവും:

തെസ്സലോനിക്യാ സഭയിലെ സമ്പന്നമായ മൂന്നു പ്രധാനകാര്യങ്ങളാണ് പൗലൂസ് മനസ്സിലാക്കിയത്: (1) അവർ നേരിടുന്ന പീഢനത്തിന്റെ വർദ്ധനവ് (1:4, 5), (2) "കർത്താവിന്റെ നാളി"നെക്കുറിച്ച് പൗലൂസിന്റെ പഠിപ്പിക്കൽ എന്ന പ്രകാരത്തിൽ അവർക്കു ലഭിച്ച വ്യാജലേഖനവും (2:1f), (3) കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചു ചിലരുടെ തെറ്റായ വിശ്വാസം അവരെ തൊഴിൽ ചെയ്യാത്തവരാക്കി തീർത്തതുമായിരുന്നു. എന്തായാലും പൗലൂസ് അവരെ പ്രബോധിപ്പിച്ച് ഉത്സാഹിപ്പിക്കുകയും അലസത വെടിഞ്ഞ് ആദ്ധ്വാനികളാക്കുവാൻ അവർക്കു താല്പര്യം ഉണ്ടാകുകയും ചെയ്തു (3:5–15).

തെസ്സലോനിക്യാ വിശ്വാസികളെ ആശ്വസിപ്പിക്കുന്നതിനും, തിരുത്തുന്നതിനും അങ്ങിനെ അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടേണ്ടതിനുമായിട്ടാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്: (1) ദൈവത്തിന്റെ അന്ത്യന്യായവിധിയിൽ പ്രാപിക്കുവാൻ പോകുന്ന പ്രതിഫലങ്ങളും, ശിക്ഷകളും ചൂണ്ടിക്കാട്ടി കഷ്ടം സഹിക്കാൻ പ്രേരിപ്പിക്കുന്നു (1:3–10), (2) കർത്താവിന്റെ വരവ് സംഭവിച്ചിരിക്കുന്നു എന്ന വ്യാജോപദേശകന്മാരുടെ പ്രചരണത്തിനെതിരായി ക്രിസ്തുവിന്റെ പുനരാഗമന സംഭവങ്ങളെ വിശദീകരിക്കുന്നു (2:1–2), (3) ജോലി ചെയ്യാതെ അലസരായി കഴിയുന്നവർ, അദ്ധ്വാനശീലരാകുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നു (3:6–15).

**രണ്ടു തെസ്സലോനിക്യാ ലേഖനത്തിലെ ക്രിസ്തു:**

ഈ ലേഖനത്തിലെ പ്രത്യേകിച്ച് ഒന്നും രണ്ടും, അദ്ധ്യായങ്ങളിലെ മുഖ്യവിഷയങ്ങൾ ക്രിസ്തുവിന്റെ മടങ്ങിവരവിൻ മത്സരികളെയും അവിശ്വാസികളെയും ശിക്ഷിക്കുന്നതാണ്. ആകയാൽ ക്രിസ്തുവിനെ വരുവാനുള്ള ന്യായാധിപനായിട്ടാണ് ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്.

**ബാഹ്യരേഖ:**

1. **അഭിവാദനം അഥവാ ആമുഖം (1:1–2)**
2. **പീഢകളുടെയും, കഷ്ടങ്ങളുടെയും നടുവിൽ പൗലൂസ് ആശ്വസിപ്പിക്കുന്നു (1:4–12)**
3. **കർത്താവിന്റെ പ്രത്യക്ഷതയെക്കുറിച്ചു ശരിയായ വിവരണം (2:1–17)**
   A. വർത്തമാനകാലവുമായി ബന്ധപ്പെട്ട് (2:1–2)
   B. വിശ്വാസത്യാഗത്തോടുള്ള ബന്ധത്തിൽ (2:3a)
   C. അധർമ്മമൂർത്തിയോടുള്ള ബന്ധത്തിൽ (2:3 b–4)
   D. നിയന്ത്രിക്കുന്ന പരിശുദ്ധാത്മാവിനോടുള്ള ബന്ധത്തിൽ (2:5–9)
   E. അവിശ്വാസികളോടുള്ള ബന്ധത്തിൽ (2:10–12)
   F. വിശ്വാസികളോടുള്ള ബന്ധത്തിൽ (2:13–17)
4. **അലസതയ്ക്കെതിരായി വേല ചെയ്യാനുള്ള ആഹ്വാനം (3:1–15)**
   A. അപ്പോസ്തോലന്റെ ഉറപ്പ്. (3:1–5)
   B. അപ്പോസ്തോലന്റെ കല്പന (3:6–15)
5. **വന്ദനവും, ആശിർവാദവും നല്കി ഉപസംഹരിക്കുന്നു (3:16–18).**

# 1 തീമോഥെയോസ്

## (ക്രിസ്തു: നമുക്ക് ദൈവത്തിന്റെ മദ്ധ്യസ്ഥൻ)

**എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:**

യൗവ്വനക്കാരനായ തീമോഥെയോസ് എഫേസൂസിലെ സഭയിലും, സമൂഹത്തിലും പ്രതിസന്ധികളും വെല്ലുവിളികളും നേരിടുന്ന കാലമായിരുന്നു അത്. ഇതു മനസ്സിലാക്കിയ അവന്റെ മാർഗ്ഗദർശിയും, ഉപദേഷ്ടാവുമായ പൗലൂസ് ആവശ്യമായ ഉപദേശങ്ങളും ആലോചനകളും വ്യക്തിപരമായി നല്കുന്നതാണ് ലേഖനത്തിന്റെ ഉള്ളടക്കം. ഇതേ കാരണങ്ങളാൽ പൗലൂസ് ക്രേത്തയിലുള്ള തീത്തൂസിനും എഴുതുന്നുണ്ട്. ഈ മൂന്നു ലേഖനങ്ങളും വ്യക്തികളുടെ പേരിൽ പൗലൂസ് എഴുതിയതും "ഇടയലേഖനങ്ങൾ" (Pastoral epistles) എന്ന പേരിൽ അറിയപ്പെടുന്നവയുമാണ്.

**എഴുതിയ കാലം:**

എ.ഡി.63

അപ്പോസ്തലപ്രവർത്തികളും ലേഖനങ്ങളും സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കിയാൽ പൗലൂസിന്റെ നിരപരാധിത്വത്തിന്മേൽ റോമിലെ തടവിൽനിന്നു ഒന്നാമത് ലഭിച്ച വിടുതലിന്റെ കാലത്താണ് തീമോഥിയോസിന്റെ ഒന്നാമത്തെ ലേഖനമെഴുതിയതെന്നു മനസ്സിലാക്കാം. ഇത് ഏതാണ്ട് A.D. 63-ൽ അതായത് റോമാ ചക്രവർത്തിയായ നീറോ ആരംഭിച്ച എ.ഡി. 64-ലെ ക്രിസ്തീയ പീഢയ്ക്കു മുമ്പായിരുന്നു തീത്തുസിന് എ.ഡി. 65-ലും തീമോഥിയോസിന്റെ രണ്ടാം ലേഖനം എ.ഡി. 66-ലും എഴുതി. പൗലൂസ് വീണ്ടും തടവിലാക്കപ്പെടുകയും എ.ഡി. 67-ൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. ഒരു റോമൻ പൗരൻ എന്ന നിലയിൽ പൗലൂസിനു പത്രോസിനെപ്പോലെ ക്രൂശുമരണം നല്കാതെ വാളിനാൽ വെട്ടി കൊല്ലുകയായിരുന്നു (ശിരഛേദം) എന്നാണ് സഭാപിതാവായ എസൂബിയസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്.

പൗലൂസിന്റെ മിഷ്യനറിയാത്രകൾ എ.ഡി. 48-56-ൽ ആയിരുന്നു. എ.ഡി. 56-60-വരെയുള്ള കാലം റോമൻ കോർട്ടി ലേക്കുള്ള പൗലൂസിന്റെ സാവധാന യാത്ര ആയിരുന്നു. രണ്ടു വർഷത്തേക്കു (എ.ഡി. 61, 62) അവൻ റോമിലെ വീട്ടുതടങ്കലിൽ ആയിരുന്നെങ്കിലും ഒടുവിൽ മോചിതനായി. എ.ഡി. 62-67-വരെയുള്ള കാലത്ത് പൗലൂസ് സ്വത ന്ത്രസഞ്ചാരം നടത്തുകയും തീമോഥെയോസിനെ എഫേസോസിലും, തീത്തൂസിനെ ക്രേത്തയിലും ശുശ്രൂഷയ്ക്കായി അയയ്ക്കുകയും ചെയ്തു. തുടർന്ന് അവർക്ക് വ്യക്തിപരമായ ലേഖനങ്ങളും എഴുതി അയച്ചു. എ.ഡി. 63-65-ന്റെ കാലത്ത് തിമോഥെയോസിനുള്ള ഒന്നാമത്തെ ലേഖനവും തീത്തൂസിനുള്ളതും എഴുതി. വീണ്ടും താൻ തടവിലാ ക്കപ്പെടുകയാൽ അവടെ കിടന്നുകൊണ്ട് തന്റെ ആത്മീയലേഖനം തീമോഥയോസിന് എഴുതുകയും തീമോഥെ യോസിനുള്ള രണ്ടാം ലേഖനമെന്ന പേരു വരികയും ചെയ്തു. ഇത് എ.ഡി. 66-ൽ ആയിരുന്നു. 83

## വിഷയവും ഉദ്ദേശവും:

ഒന്നാം ലേഖനം എഴുതുന്നതിനു കുറഞ്ഞത് അഞ്ചു കാരണങ്ങളുണ്ട്: (1) തീമോഥെയോസിന്റെ ഉത്തരവാദി ത്തത്തെ ഓർമ്മപ്പെടുത്തുകയും അവന്റെ ധൈര്യത്തെ പ്രകീർത്തിച്ച് ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു (1:3), അവന്റെ ആത്മീയവരങ്ങൾ (4:14), സത്യമായ ഏറ്റുപറച്ചിൽ (6:12), അവങ്കൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഉപദേശങ്ങൾ (6:20), എന്നിവ തന്നെ. (2) അബദ്ധോപദേശങ്ങളെ തിരിച്ചറിയുവാനും അവരിൽ നിന്നു സഭയെ കാത്തുസൂക്ഷി ക്കുന്നതിനുമായി അവന് തിരുവെഴുത്തുകളിലെ പഥ്യോപദേശത്തിന്റെ ആന്തരികപ്രകാശവും, ആത്മാവിന്റെ ആവേ ശവും പകർന്നുകൊടുക്കുന്നു (1:3-11; 18-20; 4:1-16; 6:3-10). (3) സഭയിലെ ആരാധനാരീതിയെ കുറിച്ചറിയിക്കുന്ന (2:1-15). (4) ചില വിശേഷകാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നു ആലോചന പറഞ്ഞുകൊടക്കുന്നു. ഇതിൽ സഭയിലെ അദ്ധ്യക്ഷന്മാർ (മൂപ്പൻ, ഇടയൻ) ശുശ്രൂഷകൻമാർ എന്നിവരുടെ യോഗ്യതകളും (3:1-16) വിവിധ പ്രായത്തിലുള്ളവർ തങ്ങളിൽ പ്രായം കൂടിയവരോടും വിധവമാരോടും (5:1-16) ആദരവു കാണിക്കണമെന്നും. (5) ഭൗതീക സമ്പാദ്യങ്ങളുടെ നിഷ്ഫലതയെ മനസ്സിലാക്കി ദൈവത്തിൽ ആശവെപ്പാനുമുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുന്നു (6:11-19).

ഒന്നും രണ്ടും തിമോഥെയോസ്, തീത്തൂസ് എന്നീ ലേഖനങ്ങളിൽ വ്യക്തികൾക്കും സഭയ്ക്കും ദൂതുണ്ട്. വ്യക്തി കൾ "**നല്ലപോർ പൊരുതുവാനും**" (1:18) സഭ ദൈവത്തിന്റെ ഭവനമാകയാൽ അതിലെ പ്രവർത്തികൾ എങ്ങനെ ക്രമപ്രകാരം നടത്തണമെന്നും (3:15) തെളിവാക്കുന്നു.

## ഒന്നു തീമോഥിയോസിലെ ക്രിസ്തു:

യേശുക്രിസ്തുവിന്റെ ആളത്വവും പ്രവർത്തിയും വെളിപ്പെടുത്തുന്ന നിരവധി ഭാഗങ്ങൾ ഇതിലുണ്ട്. നമ്മുടെ വിളി യുടെയും, ശക്തിയുടെയും, വിശ്വാസത്തിന്റെയും ശുശ്രൂഷ യ്ക്കാവശ്യമായിരിക്കുന്ന സ്നേഹത്തിന്റെയും ഉറവി ടമാണവൻ (1:12-14). അവൻ പാപികളെ രക്ഷിപ്പാൻ വന്ന രക്ഷകനാണ് (1:15), "**ദൈവത്തിനും മനുഷ്യർക്കും ഇടയിലെ ഏക മദ്ധ്യസ്ഥനാണ്**" (2:5). "**ജഡത്തിൽ വെളിപ്പെട്ട ദൈവവും ആത്മാവിൽ നീതീകരിക്കപ്പെട്ട്, ദൂതന്മാർക്കു പ്രത്യക്ഷനാകയും ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെടുകയും, ലോകത്താൽ വിശ്വസി ക്കപ്പെടുകയും ചെയ്തവനുമാണ്**" (3:16). **അവൻ എല്ലാ മനുഷ്യരുടെയും പ്രത്യേകിച്ച് തന്നിൽ വിശ്വസിക്കു ന്നവരുടെ രക്ഷകനുമാണ്**" (4:10).

### ബാഹ്യരേഖ:

### 1. പ്രശംസയും വന്ദനവും (1:1,2)

### 2. ഉപദേശങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (1:3-20)

A. ദുരുപദേശങ്ങൾക്കെതിരായുള്ള മുന്നറിവ്. (1:3-11)
B. കൃപയെക്കുറിച്ചുള്ള പൗലൂസിന്റെ സാക്ഷ്യം. (1:12-17)
C. പൗലൂസ് തിമോഥയോസിനു കൊടുക്കുന്ന ഉത്തരവാദിത്തങ്ങൾ (1:18-20)

### 3. ആരാധനയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (2:1-15)

A. പ്രാർത്ഥനക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (2:1-7)
B. പുരുഷന്മാരെയും, സ്ത്രീകളെയും കുറിച്ചുള്ള നിർദ്ദേശങ്ങൾ (2:8-15)

**4. മൂപ്പന്മാരെ (അദ്ധ്യക്ഷന്മാരെ) കുറിച്ചുള്ള നിർദ്ദേശങ്ങൾ (3:1–16)**

A. മൂപ്പന്മാരെയും, ശുശ്രൂഷകന്മാരെയും കുറിച്ച് (3:1–13)

B. ബ്രാക്കറ്റുകാല വിശദീകരണം. (3:14–16)

**5. ഭാവികാല അപകടങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (4:1–16)**

A. അനർത്ഥങ്ങളുടെ വിശദീകരണം (4:1–5)

B. അപകടങ്ങളിൽനിന്നു രക്ഷപെടുവാനുള്ള പ്രതിവിധിയും, ഉത്തരവാദിത്വവും (4:6–16)

**6. ബഹുവിധ ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (5:1–6:10)**

A. വിവിധ പ്രായക്കാർക്കുള്ള നിർദ്ദേശങ്ങൾ (5:1–2)

B. വിധവമാരെക്കുറിച്ച് (5:3–16)

C. മൂപ്പന്മാരെകുറിച്ച് (5:17–25)

D. അടിമകളെയും യജമാനന്മാരെയും കുറിച്ച് (6:1, 2)

E. ദുരുപദേശക്കാരെയും, അത്യാഗ്രഹികളെയും കുറിച്ച് (6:3–10)

**7. തീമോഥിയോസിനുള്ള അവസാന നിർദ്ദേശങ്ങൾ (6:11–21)**

A. ദൈവഭക്തിയെക്കുറിച്ചുള്ള പ്രബോധനം (6:11–16)

B. ധനവാന്മാരെകുറിച്ചുള്ള നിർദ്ദേശങ്ങൾ (6:17–19)

C. വിശ്വസ്തരായി നില്ക്കുന്നതിനുള്ള പ്രബോധനം (6:20, 21).

# 2 തീമോഥെയോസ്

## (ക്രിസ്തു: നമുക്കു ദൈവത്തിന്റെ ന്യായാധിപൻ)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

എല്ലാം ഒന്നാം ലേഖനത്തിൽ നോക്കുക.

### എഴുതിയ കാലം:

എ.ഡി. 66

ഒന്നാം ലേഖനം നോക്കുക.

### വിഷയവും ഉദ്ദേശവും:

തീമോഥെയോസിന്റെ രണ്ടാം ലേഖനത്തിലേക്കു വരുമ്പോൾ അന്തരീക്ഷം പാടേ വ്യത്യസ്തമാണ്. ഒന്നാം ലേഖനത്തിലും, തീത്തൂസിലും സ്വതന്ത്രനായിരിക്കുന്ന പൗലൂസിനെ ദർശിക്കുമ്പോൾ ഇവിടെ നാം കാരാഗ്രഹത്തിൽ ബന്ധനസ്ഥനായിരിക്കുന്ന പൗലൂസിനെയാണ്. പൗലൂസിന്റെ മനസ്സിലുള്ള രണ്ടു പ്രധാനപ്പെട്ട ഉദ്ദേശങ്ങളാണ് ഇതിൽകൂടെ പ്രകടമാകുന്നത്: (1) എത്രയും വേഗത്തിൽ തീമോഥെയോസ് റോമിൽ നിന്നു തന്നെ മരണത്തിനു മുമ്പ് കാണുക (4:9, 21 cf. 4:6–8). (2) പത്ഥ്യോപദേശത്തെ പ്രസംഗിക്കുകയും ദുരുപദേഷ്ടാക്കന്മാരിൽനിന്നു സഭയെ കാക്കുന്നതിനും, ക്രിസ്തുവിന്റെ നല്ല ഭടനായി കഷ്ടം സഹിക്കുവാനും, വിശ്വാസ്യതയോടു എതിർത്തുനില്ക്കുവാനും തീമോഥെയോസിനോടു കല്പിക്കുന്നു.

ഒന്നാം ലേഖനത്തിലെ പോലെ തന്നെ ഈ പുസ്തകത്തിലും വ്യക്തിപരമായ വിഷയങ്ങൾ കാണാം. ഉദാഹരണത്തിനു "**നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കണം**" (1:6). ഇതിനോടുചേർന്ന മറ്റുപല വാക്യങ്ങളും കാണാവുന്നതാണ് (1:14; 2:1; 2:15; 4:5). സഭയോടുള്ള ബന്ധത്തിൽ പത്ഥ്യോപദേശത്തെ പഠിപ്പിക്കുന്ന വിശ്വാസം മനുഷ്യരെ സുവിശേഷം ഭരമേല്പിക്കുവാനും ക്രിസ്തുവിന്റെ നല്ല ഭടനായി കഷ്ടം സഹിക്കുവാനും (2:2–4) നല്ല പോർ പൊരുതി ഓട്ടം തികക്കുവാനും (വേല തികക്കുവാനും) നിർദ്ദേശിക്കുന്നു (4:6–7).

### രണ്ടു തീമോഥെയോസ്സിലെ ക്രിസ്തു:

എല്ലാ ശുശ്രൂഷയുടെ കേന്ദ്രവും ആ ശുശ്രൂഷ തികയ്ക്കുവാൻ നമുക്കു ലഭിക്കുന്ന കഴിവും ക്രിസ്തുവിന്റെ ആളത്വത്തിന്റെയും പ്രവർത്തിയുടെയും ഉപദേശമാണ്. ആകയാൽ ഈ ഉപദേശം അടിസ്ഥാനമാക്കിയിരിക്കുന്ന ഒരു പുസ്തകത്തിൽ സഹനത്തെ കുറിച്ച വായിക്കുമ്പോൾ അത്ഭുതപ്പെടാനൊന്നുമില്ല. ഇവിടെ പൗലൂസ് ക്രിസ്തുവിനെ ***"മരണം നീക്കി സുവിശേഷംകൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തിയവനായിട്ടാണ്"*** (1:10) പറഞ്ഞിരിക്കുന്നത്. അവൻ മരണത്തിൽനിന്നും ഉയിർത്തെഴുന്നേറവനായാൽ (2:8) രക്ഷയും നിത്യതേജസ്സും നല്കുന്നവനാണ് (2:10). അവനോടുകൂടെ സകല വിശ്വാസികളും മരിക്കയും, ഉയിർത്തു ജീവിക്കുകയും, വിശ്വസ്തരായി സേവ ചെയ്തതിനാൽ നീതിയുടെ കിരീടമെന്ന പ്രതിഫലം അവനിൽ നിന്നുപ്രാപിച്ച് അവനോടുകൂടെ വാഴുകയും ചെയ്യും (2:11–13; 4:8).

**ബാഹ്യരേഖ:**

1. **പ്രശംസയും വന്ദനവും (1:1, 2)**
2. **തീമോഥെയോസിനെ ഓർത്തു നന്ദി കരേറ്റുന്നു. (1:3–7)**
3. **തീമോഥെയോസ്സിനെ അവന്റെ ഉത്തരവാദിത്വത്തെക്കുറിച്ചു ഓർമ്മപ്പെടുത്തുന്നു. (1:8–18)**
4. **ഒരു വിശ്വസ്ത സേവകന്റെ സ്വഭാവങ്ങൾ. (2:1–26)**
   - A. കൃപയിൽ ബലപ്പെട്ടിരിക്കും. (2:1)
   - B. അവൻ ശിഷ്യന്മാരെ വർദ്ധിപ്പിക്കും. (2:2)
   - C. ഒരു പടയാളിയെപ്പോലെ സ്ഥിരമാനസ്സൻ ആയിരിക്കും. (2:3–4)
   - D. അവർ ഒരു കായികാഭ്യാസിയെപ്പോലെ നിഷ്ഠയുള്ളവനും, കൃഷിക്കാരനെപ്പോലെ ദീർഘക്ഷമയോടെ സഹിക്കുന്നവനുമായിരിക്കും. (2:5–13)
   - E. അവൻ നന്നായി ശുശ്രൂഷ ചെയ്യുന്നവനായിരിക്കും. (2:14–19)
   - F. അവൻ ഒരു പാനപാത്രം (ശുശ്രൂഷിക്കപ്പെട്ടത്) ആയിരിക്കും. (2:20–23)
   - G. അവൻ ശാന്തനായി ശുശ്രൂഷ ചെയ്യുന്നവനായിരിക്കും (2:24–26)
5. **ഒരു വിശ്വസ്തസേവകൻ ശ്രദ്ധയുള്ളവനായിരിക്കണം (3:1–17)**
   - A. വിശ്വാസ ത്യാഗത്തിന്റെ അപകടത്തെക്കുറിച്ച് (3:1–9)
   - B. വിശ്വാസത്യാഗത്തിൽനിന്നു സംരക്ഷണം നല്കുന്നതിന് (3:10–17)
6. **വചനം പ്രസംഗിക്കുന്നതിനു ശുഷ്കാന്തിയുള്ളവനായിരിക്ക (4:1–5)**
7. **വിശ്വസ്ത ശുശ്രൂഷകന്റെ ആശ്വാസം (4:6–18)**
   - A. ജീവിതത്തിൽ ഒരു നല്ല അവസാനം (4:6–7)
   - B. ഈ ജീവിതത്തിനു ശേഷമുള്ള ഭാവി പ്രത്യാശ (4:8)
   - C. ജീവിതത്തിൽ നല്ല സ്നേഹിതന്മാരുടെ നിര (4:9–18)
8. **ഉപസംഹാരവും കൃതജ്ഞതയും (4:19–22).**

# തീത്തൂസ്

## (ക്രിസ്തു: നമുക്ക് ദൈവത്തിന്റെ ദയ (കരുണ))

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ഇടയലേഖനങ്ങളിൽ തന്നിരിക്കുന്ന എഴുത്തുകാരന്റെ ഭാഗം നോക്കുക, 1 തീമോഥയോസ്.

തീത്തൂസിനെക്കുറിച്ച് അപ്പോസ്തോല പ്രവർത്തികളുടെ പുസ്തകത്തിൽ വായിക്കുന്നില്ലെങ്കിലും പൗലൂസിന്റെ ലേഖനങ്ങളിൽ പലവട്ടം (13 പ്രാവശ്യം) വായിക്കുവാൻ കഴിയും. ഇതിൽനിന്ന് തീത്തൂസ് സുവിശേഷ പ്രവർത്തനത്തിൽ പൗലൂസിന്റെ ഏറ്റവും അടുത്തവനും വിശ്വസ്തനുമായ കൂട്ടുപ്രവർത്തകർ ആയിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. കൃപയുടെ സുവിശേഷത്തെക്കുറിച്ച് യറുശലേമിലുള്ള അപ്പോസ്തോലന്മാരുമായി ചർച്ചചെയ്യുവാൻ പൗലൂസ് അന്ത്യോഖ്യയിൽനിന്നു പോയപ്പോൾ ജാതിയായ തീത്തൂസിനെയും കൂടെ കൊണ്ടുപോയിരുന്നു (അപ്പോ.പ്ര. 15:1 cf. ഗലാ 2:1-3). പരിച്ഛേദന കൂടാതെ കൃപയുടെ സുവിശേഷം അംഗീകരിച്ച് ക്രിസ്ത്യാനിയായി ജീവിക്കുന്നവൻ എന്നു കാണിക്കുവാനായിരുന്നു അത് (ഗലാ 2:3-5). മൂന്നാം മിഷ്യനറിയാത്രയിൽ പൗലൂസിനോടുകൂടെ തീത്തൂസും എഫേസ്യയിൽ പ്രകീർത്തിച്ചു. അവിടെ നിന്നു തീത്തൂസിനെ കൊരിന്തിലെ സഭയെ സഹായിക്കുന്നതിനായി പറഞ്ഞയച്ചു (2 കൊരി 2:12,13; 7:5,6; 8:6).

## എഴുതിയ കാലം:

എ.ഡി. 65

കൃത്യമായ കാലം ലഭ്യമല്ലെങ്കിലും സംഭവങ്ങളുടെ ചുരുക്കം ഒന്നാകുമ്പോൾ ഏകദേശമായ ഒരു തീയതി കിട്ടുന്നുണ്ട്. ഒരുപക്ഷെ പൗലൂസ് ഒരു റോമാ പൗരനായിരുന്നു എന്ന കാരണത്താലോ, അവന്റെ എതിരാളികൾ അവനെതിരായ കേസ്സിന്മേൽ സമ്മർദ്ദം ചെലുത്തായ്കയോ മൂലം റോമിലെ വീട്ടുതടങ്കലിൽനിന്നും പൗലൂസ് മോചിതനാക്കിയും (അപ്പോ.പ്ര. 24-25; 28:30) യഹൂദ പക്ഷം തോല്ക്കുകയും ചെയ്തു. പിന്നീട് പൗലൂസ് എഫേസുസ്സ് സന്ദർശിക്കുകയും, തീമോഥയോസിനെ സഭയുടെ ഒരു നോട്ടത്തിനായി അവിടെ ആക്കുകയും ചെയ്തു. അവിടെ നിന്ന് വടക്കൻ ഗ്രീസ്സിലെ മക്കോന്യോനയ്ക്കു പോകയും തീമോഥയോസ്സിനുള്ള ഒന്നാം ലേഖനം എഴുതുകയും ചെയ്തു (1 തീമൊ 1:3). അടുത്തത് ക്രേത്ത സന്ദർശിക്കുകയായിരുന്നു. അവിടെയുള്ള സഭയിലെ കാര്യങ്ങളെ ക്രമീകരിക്കുന്നതിനായി തീത്തൂസിനെ അവിടെ വിട്ടിട്ട് പൗലൂസ് തെക്കൻ ഗ്രീസ്സിലെ അദ്ധ്യായപ്രദേശമാകുന്ന നിക്കാപോലിസ്സിലേക്കു പോയി (തീത്തു. 3:12). ഇതിനിടയിൽ മക്കോദോന്യയിൽ നിന്നോ നിക്കോപോലിസ്സിൽനിന്നോ ആയിരിക്കണം തീത്തൂസിനുള്ള ലേഖനം എഴുതിയത്. തീത്തൂസിനെ ധൈര്യപ്പെടുത്തുകയും, ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് നിർദ്ദേശം നല്കുകയും ചെയ്യുക എന്നതായിരുന്നു ഉദ്ദേശം. പിന്നീട് പൗലൂസ് ത്രോവാസ് സന്ദർശിച്ചു (2 തിമാ. 4:13). അവിടെവച്ച് വീണ്ടും അറസ്റ്റു ചെയ്യപ്പെടുകയും റോമിലേക്കു കൊണ്ടുപോകുകയും ചെയ്തു. പിന്നീട് കാരാഗ്രഹത്തിൽ നിന്നു പുറത്തുവരാതെ ഒടുവിൽ തല ഛേദിക്കപ്പെടുകയായിരുന്നു. റോമിലെ തടവറയിലെ ഭീകരതയുടെ നടുവിൽനിന്നാണ് തീമോഥയോസ്സിനുള്ള രണ്ടാം ലേഖനം എഴുതിയത്. ഇതെല്ലാം സംഭവിച്ചത് എ.ഡി. 62-67 വരെയുള്ള കാലഘട്ടത്തിലാണ്.

## വിഷയവും ഉദ്ദേശവും:

നിരവധി വിഷയങ്ങളും ഉദ്ദേശങ്ങളും ഈ ലേഖനത്തിലുണ്ട്: (1) ക്രേത്തയിലുള്ള സഭകളിൽ നടപ്പിൽ വരുത്തേണ്ടതായ അപ്പോസ്തൊലികമായ ഉപദേശങ്ങളും ഓഫറുകളും (ഉപഹാരങ്ങൾ) കൃത്യമായി തീത്തൂസിനെ അറിയിക്കുന്നു; (2) എതിർപ്പുകളുടെ നടുവിൽ നട്ടെല്ലോടുകൂടെ നിന്ന് കൃത്യനിർവ്വഹണം നടത്തുവാൻ തീത്തുസിനെ പൗലൂസ് അധികാരപ്പെടുത്തുന്നു (2:15; 3:1-15); (3) ദുരുപദേശക്കാരുടെ എതിർപ്പുകളെ അതിജീവിക്കുവാൻ തക്ക സത്യവിശ്വാസവും ക്രിസ്തീയസ്വഭാവവും ഉള്ളവരായിരിപ്പാൻ തീത്തൂസിനെ ഉപദേശിക്കുകയും (1:5, 10-11; 2:1-8, 15; 3:1-11) ശീതകാലത്ത് നിക്കോപോലിസ്സിൽ വച്ച് ഇരുവരും ഒന്നിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു (3:12). എന്നാൽ ഈ ആഗ്രഹപ്രകാരമുള്ള കൂടിക്കാഴ്ച നിറവേറ്റപ്പെട്ടതായി രേഖകളില്ല. തീത്തൂസ് മടങ്ങി ക്രേത്തയിൽപോകയും ശിഷ്ടകാലം അവിടെ ശുശ്രൂഷിച്ചതായും പാരമ്പര്യം പറയുന്നു.

ഈ ലേഖനത്തിലെ പ്രധാനവിഷയം യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ നമ്മിൽ ഉദയം ചെയ്ത ദൈവത്തന്റെ കൃപയും മനസ്സലിവും, പ്രപഞ്ചമോഹങ്ങളെ വർജ്ജിച്ചിട്ട് തിരുവെഴുത്തിലെ ഉപദേശങ്ങൾക്കനുസരണമായി സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും സത്പ്രവർത്തികളിൽ ശുഷ്കാന്തിയുള്ളതുമായ ഒരു ജീവിതം ഈ ലോകത്തിൽ കഴിപ്പാൻ പ്രാപ്തരാക്കുന്നു എന്നതാണ് (2:10-3:9).

സഭാ നേതൃത്വം വഹിക്കുന്നവരുടെ യോഗ്യതകൾ (1:5-9) വിവിധ പ്രായത്തിലുള്ളവർ പരസ്പരം കാണിക്കേണ്ട സ്നേഹബഹുമാനങ്ങൾ (2:1-8) ഭരണകൂടവുമായുള്ള ബന്ധം (3:1,2) വീണ്ടും ജനനത്തിലൂടെ ആത്മാവിനോടും പ്രവർത്തിയോടുമുള്ള ബന്ധം (3:5) ദൈവമക്കൾ എന്ന നിലയിൽ സൽപ്രവർത്തികൾക്കായി ലഭിക്കുന്ന ദൈവകൃപയുടെ അവസ്ഥ (2:11-3:8), എന്നിങ്ങനെ പ്രധാനപ്പെട്ട വിവിധ വിഷയങ്ങൾ ഈ പുസ്തകത്തിലുണ്ട്.

### തീത്തൂസിന്റെ പുസ്തകത്തിൽ ക്രിസ്തു:

പൗലൂസിന്റെ മറ്റു ലേഖനങ്ങളിലെ പഠിപ്പിക്കലുമായി ഇതിനുള്ള ഐക്യരൂപ്യം. ക്രിസ്തുവിന്റെ ആളത്വം പ്രവർത്തി എന്നിവയോടുള്ള ബന്ധത്തിൽ വിശ്വാസി (ക്രിസ്ത്യാനി)യുടെ ഭൂതവർത്തമാനം, ഭാവികാല സ്വഭാവമാഹാത്മ്യമാണ്. ഈ ലേഖനത്തിൽ ക്രിസ്തുവിന്റെ ദൈവത്വവും (2:13) രക്ഷിതാവെന്ന (2:12) നിലയിലുള്ള വീണ്ടെടുപ്പിന്റെ പ്രവർത്തിയും ചൂണ്ടിക്കാണിച്ചിരിക്കുന്നു. ***"മഹാ ദൈവവും നമ്മുടെ രക്ഷിതാവും, നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സൽപ്രവർത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനങ്ങളായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കു വേണ്ടികൊടുത്തു"*** (2:13-14).

### ബാഹ്യരേഖ:

1. **പ്രശംസയും പ്രാരംഭവന്ദനവും (1:1-4)**
2. **സഭയിലെ ശുശ്രൂഷകന്മാരുടെ (മൂപ്പന്മാർ, ഇടയന്മാർ, ശുശ്രൂഷകന്മാർ) നിയമനം സംബന്ധിച്ച് (1:5-9)**
3. **സഭയിലെ എതിരാളികളെ (ദുരുപദേശക്കാർ) കുറിച്ച് (1:10-16)**
4. **സഭാ പ്രവർത്തനത്തെക്കുറിച്ച് (2:1-3:11)**
   - A. തീത്തൂസിന്റെ ജോലി (2:1-10)
   - B. ദൈവകൃപയെക്കുറിച്ച് (2:11-15)
   - C. സൽപ്രവർത്തികളുടെ പ്രദർശനം (3:1-11)
5. **അവസാന നിർദ്ദേശങ്ങളും ഉപസംഹാരവും (3:12-15).**

# ഫിലേമോൻ

## (ക്രിസ്തു: നമുക്ക് ദൈവത്തിന്റെ ഉറപ്പ്)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

മറ്റു കാരാഗൃഹ ലേഖനങ്ങൾപോലെ (എഫേസ്യർ, ഫിലിപ്പിയർ, കൊലോസ്യർ) ഫിലേമോനും അപ്പോസ്തലനായ പൗലൂസ് തന്റെ ഒന്നാമത്തെ റോമൻ തടവുകാലത്ത് എഴുതിയതാണ്. ഒനേസിമോസ് എന്ന അടിമയുടെ ഉടമസ്ഥനായ ഫിലേമോന്റെ പേർക്കാണ് ലേഖനം എഴുതിയിരിക്കുന്നത്. ആ കാലത്ത് കോടിക്കണക്കിനു അടിമകൾ റോമൻ സാമ്രാജ്യത്തിൽ ഉണ്ടായിരുന്നു. കൊലോസ്യയിലെ വിശ്വാസിയായ ഫിലോമോന്റെ ഭവനത്തിൽ മോഷണം നടത്തിയശേഷം യജമാനനെ വിട്ട് ഓടിയ ഒനേസിമോസ് റോമിലാണ് എത്തിച്ചേർന്നത്. അങ്ങനെ ഏതോപ്രകാരം പൗലൂസ് അവനെ കണ്ടുമുട്ടുകയും അവനോട് സുവിശേഷം പറഞ്ഞ് ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്തു (1:10). ക്രിസ്ത്യാനി ആയിത്തീർന്ന ഒനേസിമോസിനെ ഫിലേമോനുമായി നിരപ്പാക്കുന്നതിനും ഒത്തുചേർന്നു പ്രവർത്തിക്കുന്നതിനായി തിരിച്ചയക്കുന്നു. ഒളിച്ചോടിപ്പോകുന്ന അടിമയ്ക്കു വധശിക്ഷയാണ് പ്രതിഫലമെങ്കിലും ഒനേസിമോസ്സിനുവേണ്ടി പൗലൂസിന്റെ മധ്യസ്ഥത അവനെ ഫലപൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ ഇടയാക്കി.

### എഴുതിയ കാലം:

എ.ഡി. 60-61

പൗലൂസിന്റെ ഒന്നാമത്തെ തടവുകാലത്ത് എഴുതിയതിനാൽ എ.ഡി. 60-61 എന്നതാണ്  ശരിയായ സമയം.

### വിഷയവും ഉദ്ദേശവും:

ഇതിലെ പ്രഥമവും പ്രധാനവുമായ വിഷയം തന്റെ സ്വത്തിനു നഷ്ടം വരുത്തി ഓടിപ്പോയ അടിമയായ ഒനേസ്സി

മോസ്സിനെ ക്രിസ്തുവിൽ ഒരു സഹോദരനും, കൂട്ടു പ്രവർത്തകനായി ഫിലേമോൻ സ്വീകരിക്കണമെന്നു പൗലൂസ്സിന്റെ അപേക്ഷയാണ് (1:10-17). ഒനേസ്സിമോസ്സിന്റെ വക കടങ്ങൾ പൗലൂസ്സിന്റെ പേരിൽ കണക്കിട്ടുകൊൾക എന്നത് യേശു ക്രിസ്തു നമ്മുടെ പാപങ്ങളെ തന്റെമേൽ ഏറ്റു നമുക്കു നല്കിതന്ന മോചനത്തിന്റെ പ്രദർശനം ആകുന്നു (1:18). ഈ ലേഖനത്തിന്റെ മറ്റൊരു ഉദ്ദേശം ക്രിസ്തീയ വിശ്വാസികൾക്കു പരസ്പരം ഭവനത്തിലോ, ജോലി സ്ഥലത്തോ, യജമാനൻ ദാസൻ എന്നീ നിലകളിലോ ഉള്ള ബന്ധത്തെ എടുത്തുകാട്ടുകയാണ്. പൗലൂസ്സിന്റെ മറ്റു കാരാഗൃഹ ലേഖനങ്ങളിലും ഇതു ദർശിക്കാവുന്നതാണ് (എഫേ. 6:5-9; കൊലോ. 3:22; 4:1) എന്നും നല്ല ഏറ്റം നല്ല ഒരു മാതൃക ഈ ലേഖനത്തിലാണ് കൈവന്നത്. ഈ ലേഖനത്തിലെ മറ്റു ഉദ്ദേശങ്ങൾ തടവറ വിട്ടു വരുമ്പോൾ തനിക്കൊരു ഇടം ഒരുക്കേണ്ടതിനു, ഫിലേമോന്റെ ക്രിസ്തീയ സാഹോദര്യത്തിനു നന്ദി പറയുന്നതിനുമായിട്ടാണ് (1:4-7,22). അത്ഭുതാവഹമായി ജീവിതങ്ങൾക്കു രൂപാന്തരം വരുത്തുന്ന സുവിശേഷത്തിന്റെ ശക്തി സാമൂഹ്യജീവിതത്തിലേക്കു കടന്ന് ഒരടിമയ്ക്ക് എങ്ങനെ ക്രിസ്തീയ സാഹോദര്യ ബന്ധങ്ങളിൽ എത്തിച്ചേരാൻ കഴിയുമെന്നതും ഇതിലെ പ്രധാന വിഷയം തന്നെ.

കൊലോസ്സ്യ സഭയിൽ ഫിലേമോനെപ്പോലെ അടിമകൾ ഉള്ള യജമാനന്മാർ പലരുണ്ടായിരുന്നു എന്നു വേണം മനസ്സിലാക്കുവാൻ (കൊലോ. 4:1), ആകയാൽ ഈ വ്യക്തിപരമായ ലേഖനം ആ ദേശത്തുള്ള പല യജമാനന്മാർക്കും ക്രിസ്തീയ ദർശനത്തിന്റെ വെളിച്ചത്തിൽ യജമാന-തൊഴിലാളി ബന്ധങ്ങലെ അഥവാ ക്രിസ്തീയ വിശ്വാസത്തിലേക്കു വന്ന അടിമകളെ സഹോദരങ്ങളായി അംഗീകരിക്കുന്ന കാര്യത്തിൽ മാതൃകപരമായ തീരുമാനമെടുക്കാൻ സഹായകമായി. ഒരു യജമാനൻ എന്ന നിലയിലും ആ കാല നിയമസാഹചര്യങ്ങളുടെ വെളിച്ചത്തിലും ഫിലേമോന് ഒനേസിമോസ്സിന്റെ മേലുള്ള അവകാശാധികാരങ്ങൾ ഇല്ലാതാകുകയില്ല പിന്നെയോ ക്രിസ്തുവിലായ അടിമയ്ക്കും ക്രിസ്തീയ യജമാനനും ദൈവസന്നിധിയിലുള്ള ഒരേ സ്ഥാനവും മാന്യതയും മനസ്സിലാക്കി സഹോദര ഭാവത്തിൽ ഇടപെടണമെന്നാണ് (1:16), പൗലൂസ് നിർദ്ദേശിക്കുന്നത്. അതേസമയം ഒനേസ്സിമോസ്സിന്റെ ഭാഗത്തു ഒരു ക്രിസ്ത്യാനി എന്ന നിലയ്ക്കു ഫിലേമോനു കൊടുക്കേണ്ടതു മടക്കി കൊടുക്കു തന്നെ ചെയ്യണം, പക്ഷേ അവന്റെ കഴിവില്ലായ്മയിൽ അവനു പകരം പൗലൂസ്സ് ആ കടം ഏറ്റെടുക്കുകയാണ്. ക്രിസ്തീയ യജമാനന്മാരും അടിമകളും സഹോദരബുദ്ധ്യാ ജീവിച്ചു കാണിക്കുന്ന മാതൃക ലോകത്തിനു തന്നെ പുതമ നല്കുന്നതായിരുന്നു. ആദ്യ നൂറ്റാണ്ടിലെ ക്രിസ്തീയ സാഹോദര്യബന്ധം ആകർഷണീയമായിരുന്നു. എന്തെന്നാൽ ഇതു യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും മാതൃകയിലും അധിഷ്ഠിതമായിരുന്നു. എന്തായിരുന്നാലും പൗലൂസിന്റെ അപേക്ഷപ്രകാരം ഫിലേമോൻ ഒനേസ്സിമോസ്സിനെ അംഗീകരിക്കുകയും തുടർന്ന് പൗലൂസ്സിന്റെ സേവനത്തിനായി അവനെ വിട്ടയച്ചു (1:14), എന്നും പൗലൂസ്സിന്റെ ശിക്ഷണത്തിൽ ഒനേസ്സിമോസ്സ് ക്രിസ്തീയ വിശ്വാസത്തിൽ വളർന്ന് ഒരു ശുശ്രൂഷക്കാരനായും പിന്നീട് എഫേസൂസ്സ് സഭയുടെ അദ്ധ്യക്ഷൻ ആയിതീരുവാൻ സംഗതി വന്നു എന്നുമാണ് പറയപ്പെടുന്നത്.

## ഫിലേമോന്റെ ലേഖനത്തിൽ ക്രിസ്തു:

യേശുക്രിസ്തുവിൽ ഒരു നഷ്ടപ്പെട്ട പാപിക്കു ലഭിക്കുന്ന പാപക്ഷമയെ ഉദാഹരണ സഹിതം അതിമനോഹരമായി ഈ ലേഖനത്തിൽ വരച്ചു കാട്ടിയിട്ടുണ്ട്. ഒനേസ്സിമോസ്സ് ഫിലേമോനോട് ചെയ്ത വലിയ തെറ്റിനു (1:11,18) പൗലോസ്സിന്റെ മദ്ധ്യസ്ഥതയും (1:8), കടം കൊടുത്തുവീട്ടലും (1:10-17), പര്യാപ്തവും, അംഗീകാരവുമായപ്പോൾ ഒനേസ്സിമോസ്സ് എന്നേയ്ക്കും സ്വതന്ത്രമായി എന്നു മാത്രമല്ല ഒരു പുതിയ ബന്ധം അതുവഴി ഉടലെടുക്കയും കൂടി ചെയ്തു (1:15,16). യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്ത പ്രായശ്ചിത്ത ബലിയുടെയും, ഇന്നു ചെയ്തുകൊണ്ടിരിക്കുന്ന മദ്ധ്യസ്ഥ പ്രവർത്തിയ്ക്കും ഇത്രയും തെളിവായ ഉദാഹരണമില്ലെന്നു വേണം പറയാൻ. 85

### ബാഹ്യരേഖ:

1. **ഫിലേമോനു വേണ്ടിയുള്ള പ്രാർത്ഥനയും നന്ദിയും (1:1-7)**
2. **ഒനെസ്സിമോസ്സിനുവേണ്ടിയുള്ള മദ്ധ്യസ്ഥത (1:8-18)**
3. **പൗലൂസ്സ് ഫിലേമോനു നല്കുന്ന വാഗ്ദത്തം (1:19-21)**
4. **ചില വ്യക്തിപരമായ കാര്യങ്ങൾ (1:22-25).**

ഭാഗം 3

# സാർവ്വത്രിക (സാധാരണ) ലേഖനങ്ങൾ

**ആമുഖം:**

പുതിയനിയമ കാനോനിലെ അവസാനത്തെ എട്ടു ലേഖനങ്ങളിലേക്കാണ് നാം ഇനി പ്രവേശിക്കുന്നത്. അതിൽ ഏഴെണ്ണം എബ്രായ ലേഖനം ഒഴികെയുള്ളവ സാധാരണമായവ അഥവാ, കാതോലിക (സാർവ്വത്രിക) മായവ യെന്നു വിശേഷിപ്പിച്ചിരിക്കുന്നു. സാധാരണമായവ എന്നാൽ വ്യക്തികൾക്കോ, സഭയ്ക്കോ ആയി പ്രത്യേകം എഴുതാതെ പൊതുവായി എഴുതിയിരിക്കുന്നവയാണെന്നർത്ഥം. 86 എന്നാൽ 2,3 യോഹന്നാൻ അതിൽതന്നെ വ്യത്യസ്ഥമാണ്. പൊതുവായ ലേഖനങ്ങൾ ഉദാഹരണമാണ് യാക്കോബ്. ***"ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്ര ങ്ങൾക്ക്"*** (1:2) എന്നാണ് സംബോധന ചെയ്തിരിക്കുന്നത്. അക്കാലത്തു പലയിടങ്ങളിലായി ചിതറിപ്പോയ യഹൂദ ക്രിസ്ത്യാനികളെയാണ് ചൂണ്ടിക്കാട്ടിയിരിക്കുന്നതെങ്കിലും യഹൂദരല്ലാത്ത ക്രിസ്ത്യാനികളെക്കൂടി കരുതി എഴു തിയിട്ടുള്ളതാകുന്നു. ഒന്നു പത്രോസ്സിലും (1 പത്രോ. 1:1,2) "പൊന്തോസ്സിലും, ഗലാത്യയിലും, കപ്പോദോക്യയി ലും, ആസ്യയിലും, ബിഥുന്യയിലും, ചിതറിപ്പാർക്കുന്ന പരദേശികളായ" എന്നു സംബോധന ചെയ്തിരിക്കുന്നു. യോഹന്നാൻ രണ്ടും മൂന്നും ചില വ്യക്തികളുടെ പേരിലാണ് തുടസ്സമെങ്കിലും അവയും ഈ പൊതുലേഖനങ്ങ ളിൽ വരതക്കവണ്ണമാണ് എഴുതിയിരിക്കുന്നത്. നമ്മുടെ ഈ പ്രത്യേക പഠനത്തിലുള്ള എട്ടു ലേഖനങ്ങളും "പൊതു വായ ലേഖനങ്ങളുടെ" പട്ടികയിലാണ് വരുന്നത്. പൗലൂസ്സിന്റെ ലേഖനങ്ങൾ എല്ലാം തന്നെ (എബ്രായ ലേഖനം ഒഴികെ) അവയുടെ എഴുത്തുകാരന്റെ പേരിലാണ് അറിയപ്പെടുന്നത്.

പൊതുവായ (സാധാരണ) ലേഖനങ്ങളിൽ യാക്കോബും, 1 പത്രോസും സാന്മാർഗ്ഗികമായ അഥവാ ദൈവീക നീതി ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ തെറ്റും ശരിയും ഏതെന്ന് കാണിച്ച് വിശ്വാസികളെ രക്ഷിതാവിനൊപ്പം നട ക്കുവാൻ സാഹായിക്കുന്ന ലേഖനങ്ങളാണ്. രണ്ടു പത്രോസും, യൂദയും പ്രവചനീക ലേഖനങ്ങളാണ്, വിശ്വാസി കൾക്കു ദുരുപദേശകന്മാരുടെ പഠിപ്പിക്കലുകളെ തിരിച്ചറിഞ്ഞ് വിശ്വാസത്തിൽ ഉറച്ചുനില്പാൻ ഇതു സഹായിക്കു ന്നു. എബ്രായ, യോഹന്നാൻ എന്നീ ലേഖനങ്ങൾ ക്രിസ്തു ശാസ്ത്രം, സദാചാര ക്രമങ്ങൾ എന്നിവ ഉൾക്കൊള്ളു ന്നതാകയാൽ വിശ്വാസികൾക്കു ക്രിസ്തുവിൽ വസിച്ച് പഴയനിയമ വാഗ്ദത്തങ്ങളും സുവിശേഷ സത്യങ്ങളും ജീവിതാനുഭവം ആക്കുവാൻ സഹായിക്കുന്നു.

ഈ എട്ടു ലേഖനങ്ങളുടെയും പരസ്പര ബന്ധങ്ങളെയും അവയുടെ ദൈർഘ്യവും (പുതിയ നിയമത്തിന്റെ ആകെ വ്യാപ്തിയുടെയും 10% നു താഴെമാത്രം) നോക്കുമ്പോൾ ഇതു ആകെയുള്ള മറ്റു ലേഖനങ്ങളുടെ ഒരു അനുബന്ധ മായിട്ടുവേണം കരുതുവാൻ. പക്ഷേ ക്രിസ്തീയ സത്യങ്ങളുടെ സംപുഷ്ടവും വ്യത്യസ്ഥ വീക്ഷണങ്ങളോടു കൂടി യതുമായ ഒന്നാണിത്. അഞ്ചു എഴുത്തുകാർക്കും (യാക്കോബ്, പത്രോസ്, യോഹന്നാൻ, യൂദാ, എബ്രായ ലേഖ നക്കാരൻ) അവരുടേതായ കാഴ്ചപ്പാടുകൾ ഉണ്ട്. ഇവരെ കൂടാതെ പുതിയ നിയമ വെളിപ്പാടുകൾ അപൂർണ്ണമായി രിക്കും. ആകയാൽ അപ്പോസ്തല പ്രവർത്തികൾക്കുശേഷം പൗലൂസ്സിന്റെ ലേഖനങ്ങൾ പുതിയ നിയമത്തിന്റെ അപ്പോസ്തലിക ദർശനങ്ങളെ വെളിപ്പെടുത്തുന്ന ദീപസ്തംഭങ്ങളായിട്ടാണ് നില്ക്കുന്നത്. 87

# എബ്രായർ

## (ക്രിസ്തു: എല്ലാറ്റിനും മീതെയുള്ളവൻ)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ഏകദേശം 1200 വർഷക്കാലം (A.D. 400-1600) ഈ പുസ്തകം അറിയപ്പെട്ടിരുന്നത്. "പൗലൂസ്സ് എബ്രായർക്ക് എഴുതിയ ലേഖനം" എന്ന തലക്കെട്ടോടെ ആയിരുന്നു. അപ്പോൾ തന്നെ ആദ്യനൂറ്റാണ്ടുകളിൽ എഴുത്തുകാരനെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങളും നിലനിന്നിരുന്നു. ഏറ്റവും പഴക്കമേറിയ തലക്കെട്ടിൽ "എബ്രായർക്കുള്ള ലേഖനം" എന്നു മാത്രമായിരുന്നു.

വേദശാസ്ത്രജ്ഞന്മാർക്കിടയിൽ ഇതിനെ ചൊല്ലി വാദപ്രതിവാദങ്ങളും വിരുദ്ധ അഭിപ്രായങ്ങളും ഉണ്ടാകാനുള്ള കാരണം എഴുത്തുകാരന്റെ പേരോ, എഴുതിയ സ്ഥലം, ആർക്കെഴുതി എന്നിവയെക്കുറിച്ചൊന്നും ഇതിൽ പരാമർശിച്ചിട്ടില്ലാത്തതിനാലാണ്.

എന്നിരുന്നാലും ഈ അജ്ഞാത നാമകാരനെക്കുറിച്ച് ആദ്യകാല വായനക്കാർക്കിടയിൽ സംശയമൊന്നുമില്ലായിരുന്നു. അതിനു കാരണം 13:18-24 വരെയുള്ള ഭാഗമായിരുന്നു. പക്ഷേ ഏതോ കാരണത്താൽ സഭാ പാരമ്പര്യത്തിൽ എഴുത്തുകാരനെ ചൊല്ലി ഭിന്നാഭിപ്രായം ഉണ്ടാവും ഒരു ഭാഗം ഇതു പൗലൂസിന്റേത് എന്നു സമർത്ഥിച്ചപ്പോൾ മറുഭാഗം ബർന്നബാസ്സോ, ലൂക്കോസ്സോ, ക്ലമന്റോ ആയിരിക്കാമെന്നാണ് വാദിച്ചത്. എന്തായാലും എഴുത്തുകാരനെക്കുറിച്ച് അറിവില്ലെങ്കിലും എബ്രായ ലേഖനത്തിന്റെ ആത്മീയ നിലവാരം ആഴമേറിയും അതിലെ സാക്ഷ്യങ്ങൾ വായനക്കാർക്ക് നവോന്മേഷം നല്കുന്നവയുമാണ്.

പൗലൂസ്സിന്റെ മറ്റു ലേഖനങ്ങളിലെപ്പോലെ ആർക്കെഴുതി എന്നു എടുത്തു പറഞ്ഞിട്ടില്ലെങ്കിലും ഇതിലെ പഴയനിയമ ഉദ്ധരണികളും മറ്റും വച്ചുനോക്കുമ്പോൾ എബ്രായ ക്രിസ്ത്യാനികൾക്കായിട്ടു എഴുതി എന്നു വിശ്വസിക്കാവുന്നതാണ്. സെയിൻ സി. ഹോഡ്ജസ് (Zane C. Hodges) പറയുന്ന അഭിപ്രായം താഴെ കൊടുക്കുന്നു:

> "എഴുത്തുകാരനെപ്പോലെ തന്നെ സ്വീകരിക്കുന്നവനും അജ്ഞാതനാണ്. എങ്കിലും അവർ ഒരു പ്രത്യേക ജനവിഭാഗത്തിൽപ്പെട്ടവരാണ്. അവർക്കു വിശ്വാസം സംബന്ധമായി ഒരു പില്ക്കാല ചരിത്രമുണ്ട് (10:32-34). അവരുടെ ഭൂതകാല ബന്ധങ്ങളും, മറ്റു ക്രിസ്ത്യാനികളുമായുള്ള വർത്തമാന ബന്ധങ്ങളും (6:10), എഴുത്തുകാരന് പരിചയമുണ്ടായിരുന്നുവെന്നു മാത്രമല്ല എഴുത്തുകാരന് അവരുമായി നേരിട്ടു ബന്ധവും അവരുടെ ആത്മീക അവസ്ഥയെക്കുറിച്ചു (5:11-14) പൂർണ്ണ നിശ്ചയവും ഉണ്ടായിരുന്നു. ഇതിന്റെ വെളിച്ചത്തിൽ അവരെ സന്ദർശിക്കുവാനുള്ള ആഗ്രഹവും തീമോഥെയോസ്സിനെ കൂടെ കൂട്ടത്തിൽ കൊണ്ടുപോകാനുള്ള തീരുമാനവും (13:19,23) വെളിപ്പെടുത്തുകയും അതിനായി അവരുടെ പ്രാർത്ഥനയെ അപേക്ഷിക്കുകയും (13:18) ചെയ്യുന്നു.
>
> സകല സാഹചര്യങ്ങളും വച്ചുനോക്കുമ്പോൾ യഹൂദ പാരമ്പര്യമുള്ളവർക്കായിട്ടാണ് ഇതെഴുതിയതെന്നു നിസ്സംശയം മനസ്സിലാക്കാം. പുരാതീന ഹെഡിംഗ് "എബ്രായർക്കുള്ള ലേഖനം" എന്നത് ഇതിനൊരു നല്ല ഉദാഹരണമാണെങ്കിലും ഇതിനെതിരായും വാദിക്കുന്നവർ ഉണ്ട്. എന്തായാലും ഈ തെളിവുകളൊന്നും ഊഹാപോഹങ്ങളല്ല യഥാർത്ഥ്യങ്ങൾ തന്നെയാണ്. ഒരു ജാതീയ സഭയുടെ മുമ്പാകെ ഇത്ര കാര്യമായിട്ട് യഹൂദ ആചാരനിയമങ്ങളെ വാദിച്ചു തെളിയിക്കേണ്ട ആവശ്യമില്ല, മറിച്ച് ഇവർ യഹൂദ പാരമ്പര്യങ്ങളിലേക്കു തിരിച്ചു പോകാൻ ശ്രമിച്ച ക്രിസ്തീയ കൂട്ടം ആയിരുന്നതിനാലാണ് എഴുത്തുകാരൻ ലേവ്യ നിയമങ്ങളുടെ നിജസ്ഥിതിയും അവയുടെ ആവശ്യമില്ലായ്കയും കാര്യകാരണസഹിതം വിശദീകരിച്ച് ക്രിസ്തീയ വിശ്വാസത്തിന്റെ സംപൂർണ്ണതയെ സ്ഥാപിച്ചത്. പഴയനിയമ തിരുവെഴുത്തുകളെക്കുറിച്ച് അറിവില്ലാത്തവരുടെ മുമ്പിൽ ഇങ്ങനെ ഒരു വിശദീകരണത്തിന്റെ ആവശ്യമൊന്നുമില്ലായിരുന്നു." 88

### എഴുതിയ കാലം:

A.D. 64- 68

പല കാരണങ്ങളാലാണ് A.D. 64-68 എന്ന കാലകണക്കു ലഭിക്കുന്നത്. ഒന്നാമത് ഈ പുസ്തകത്തിൽനിന്ന് റോമിലെ ആദിമസഭയുടെ അദ്ധ്യക്ഷനായിരുന്ന ക്ലെമന്ത് (A.D. 95) ഉദ്ധരണികൾ എടുത്തിട്ടുണ്ട്. ആകയാൽ ഈ പുസ്തകം അതിനുമുമ്പ് എഴുതിയിരിക്കണം. രണ്ടാമത് ഇത് A.D. 70-ൽ യറുശലേം നശിപ്പിക്കപ്പെടുന്നതിനു മുമ്പായി എഴുതിയെന്നുള്ള തെളിവുകൾ: (1) അതല്ലായിരുന്നെങ്കിൽ യറുശലേം ദേവാലയത്തിന്റെ നാശത്തോടെ യഹൂദ ദേവാലയത്തിലെ യാഗാദികർമ്മങ്ങൾ ഇല്ലാതിയതിനെക്കുറിച്ചും എഴുത്തുകാരൻ സൂചിപ്പിക്കുമായിരുന്നു. (2) എന്നാൽ ലേഖകൻ എല്ലാം മുൻപെന്നപോലെ തുടരുന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. (5:1-3; 7:23,27; 8:3-5; 9:6-9; 13,25; 10:1,3,4,8,11; 13:10,11); (3) എഴുത്തുകാരൻ നല്കുന്ന തീമോഥെയോസ്സിന്റെ ജയിൽ മോചനം (13:23) ഇതു പൗലൂസ്സിന്റെ റോമയിലെ ശുശ്രൂഷാ കാലത്തായിരുന്നു. അങ്ങനെയെങ്കിൽ എഴുതിയ കാലം A.D. 60-നുശേഷം ആയിരിക്കണം.

## വിഷയവും ഉദ്ദേശവും:

വളരെ തെളിവായും കൃത്യമായും യേശുക്രിസ്തുവിന്റെ വലിമയെ പലതിനോടും തുലനം ചെയ്തു കാണിക്കുന്ന തിനോടൊപ്പം അവന്റെ സഭയും, ആചാര നിയമങ്ങളും പഴയനിയമ ആചാരാനുഷ്ഠാനങ്ങളേക്കാൾ എല്ലാതര ത്തിലും ശ്രേഷ്ഠവും, സംപൂർണ്ണവും, സ്വർഗ്ഗീയവും ആകുന്നു എന്നും ലേഖന കർത്താവു തെളിയിച്ചിരിക്കുന്നു. അഞ്ചു പ്രത്യേക കാരണങ്ങളാലാണ് യേശുക്രിസ്തു മറ്റുള്ളവരേക്കാൾ മികച്ചവനായിരിക്കുന്നത്: (1) യേശു പഴ യനിയമ പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠനായിരുന്നു (1:1-3); (2) അവൻ ദൂതന്മാരേക്കാൾ ശ്രേഷ്ഠനായിരുന്നു (1:4-2:18); (3) അവൻ മോശെയെക്കാൾ വലിയവനായിരുന്നു (3:1-6); (4) അവൻ യോശുയവയെക്കാൾ വലിയവ നാണ് (3:7-4:16); (5) അഹരോന്റെ പൗരോഹിത്യത്തേക്കാൾ വലിയ പൗരോഹിത്യം (5:1-10:18) എഴുത്തുകാരൻ പരിശ്രമിക്കുന്നത് തന്റെ വായനക്കാർ പഴയനിയമ ആചാരാനുഷ്ഠാനങ്ങളായ നിഴലുകളിൽ കുടുങ്ങി പൊരുളും സാക്ഷാൽ സർവ്വസ്വവുമാകുന്ന ക്രിസ്തുവിൽനിന്ന് അന്യപ്പെട്ടു പോകരുതെന്നും (10:1) ക്രിസ്തീയ വിശ്വാസി കൾ അവരുടെ സ്വർഗ്ഗീയ വിളിയും തിരഞ്ഞെടുപ്പും മനസ്സിലാക്കി വിശ്വസ്ഥരും, ഭേദാഭേദങ്ങളെ തിരിച്ചറിയാൻ ത ക്കവണ്ണം വളർച്ച പ്രാപിച്ചവരും ആകേണ്ടതിന് അവരെ ഉത്സാഹിപ്പിക്കുന്നതിനുമാണ് (2:1-4; 3:1-4:13; 5:11-6:20; 10:26-39; 12:14-29).

## എബ്രായലേഖനത്തിൽ ക്രിസ്തു:

ക്രിസ്തുവിന്റെ മഹാത്മ്യത്തെ കാണിക്കാനുള്ള ഉദ്ദേശത്തിൽ എഴുതിയ എബ്രായ ലേഖനം വാസ്തവത്തിൽ പുതിയ നിയമത്തിലെ ക്രിസ്തുശാസ്ത്രഗ്രന്ഥമായി തീരുകയായിരുന്നു. പിതാവായ ദൈവവുമായി സാരാംശ ത്തിൽ ഒന്നായിരിക്കുന്ന ക്രിസ്തുവിനെ ഇവിടെ "പുത്രനായി"ട്ടാണ് പ്രസ്താവിച്ചിരിക്കുന്നത് (1:3,13). പിതാ വിന്റെ വലത്തുഭാഗത്തിരിക്കുന്നവൻ (1:3) പിതാവിനാൽ "ദൈവവുമായി" പ്രഖ്യാപിക്കപ്പെട്ടവനും (1:8,9) നിത്യ നായ സൃഷ്ടിതാവ് (1:10-12) മല്കീസദേക്കിന്റെ ക്രമപ്രകാരം നിത്യനായ മഹാപുരോഹിതൻ (7) ദൈവമനു ഷ്യനായ പ്രവാചകൻ, പുരോഹിതൻ, രാജാവ്, വീണ്ടെടുപ്പുകാരൻ, എന്നീ നിലകളിൽ വെളിപ്പെടുത്തിയിരിക്കുന്നു. നമുക്കു വേണ്ടിയുള്ള അവന്റെ ബലിമരണവും, മഹാപുരോഹിത മദ്ധ്യസ്ഥനെന്ന നിലയിൽ നമ്മുടെ ബലഹീനത കളിൽ സഹതാപംകാട്ടി സ്വർഗ്ഗത്തിലൂടെ കടന്നുപോയതും അതിമനോഹരമായി ഇതിൽ വിവരിച്ചിരിക്കുന്നു.

## ബാഹ്യരേഖ:

### 1. പഴയനിയമ ഉടമ്പടിയുടെ ആൾക്കാരെക്കാൾ ക്രിസ്തു വലിയവൻ (1:1-7:28)

- A. ക്രിസ്തു പഴയനിയമ പ്രവാചകന്മാരേക്കാൾ വലിയവൻ (1:1-3)
- B. ക്രിസ്തു മാലാഖമാരേക്കാൾ (ദൂതന്മാരേക്കാൾ) വലിയവൻ (1:4-2:18)
- C. ക്രിസ്തു മോശെയേക്കാൾ വലിയവൻ (3:1-6)
- D. ക്രിസ്തു യോശുവയെക്കാൾ വലിയവൻ (3:7-4:13)
- E. ക്രിസ്തു അഹരോന്യ പൗരോഹിത്യത്തേക്കാൾ വലിയവൻ (4:14-7:28)
  - 1) സ്വീകാര്യം മുറുകെപ്പിടിപ്പാനുള്ള പ്രബോധനം (4:14-16)
  - 2) പുരോഹിതന്റെ യോഗ്യതകൾ (5:1-10)
  - 3) ആത്മീയ അലസത കൈവെടിയുവാനുള്ള പ്രബോധനം (5:11-6:12)
  - 4) ദൈവീക വാഗ്ദത്തങ്ങളുടെ തീർച്ച (6:13-20)
  - 5) ക്രിസ്തുവിന്റെ ഉന്നതമായ പൗരോഹിത്യത്തിന്റെ ക്രമം (7:1-28)

**2. മഹാപുരോഹിതൻ എന്ന നിലയിൽ നമുക്കുവേണ്ടി നടത്തിയ മഹത്തരമായ ബലികർമ്മം (8:1–10:39)**

A. ശ്രേഷ്ഠമായ ഉടമ്പടി (8:1–13)
B. ശ്രേഷ്ഠമായ മന്ദിരം (9:1–12)
C. ശ്രേഷ്ഠമായ ബലി (9:13–10:18)
D. പ്രബോധനം (10:19–39)

**3. വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനുള്ള അന്തിമാഭ്യർത്ഥന (11:1–12:29)**

A. പഴയനിയമ വിശ്വാസവീരന്മാരുടെ മാതൃകകൾ (11:1–40)
B. വിശ്വാസത്തിൽ നിലനിൽക്കുന്നതിനായുള്ള പ്രോത്സാഹനം (12:1–11)
C. വിശ്വാസപരിപാലനത്തിനായുള്ള പ്രബോധനം (12:12–17)
D. വിശ്വാസ സ്ഥിരതയ്ക്കായുള്ള പ്രചോദനം (12:18–29)

**4. ഉപസംഹാരം (13:1–25)**

A. ക്രിസ്തീയ ജീവിതത്തിലെ പ്രായോഗിക വശം. (13:1–17)
B. പ്രാർത്ഥിപ്പാനുള്ള അപേക്ഷ (13:18–19)
C. ആശീർവാദം (13:20,21)
D. വ്യക്തിഗത നിരൂപണം (13:22,23)
E. വന്ദനവും അന്തിമ ആശീർവാദവും (13:24,25).

# യാക്കോബ്

## (ക്രിസ്തു: നമ്മുടെ മാതൃക)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

***"ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും ദാസനായ യാക്കോബ് എഴുതുന്നത്; ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കും വന്ദനം"*** (1:1) എന്നു പറഞ്ഞുകൊണ്ടാണ് ഈ പുസ്തകം ആരംഭിക്കുന്നതു തന്നെ. പുതിയ നിയമത്തിൽ യാക്കോബ് എന്നു പേരുള്ള നാലു പേരുണ്ട്: (1) സെബദിയുടെ മകനും യോഹന്നാന്റെ സഹോദരനുമായ യാക്കോബ്. (മർക്കോ. 1:19), (2) അല്ഫായിയുടെ മകനായ യാക്കോബ് (മർക്കോ. 3:18), (3) ഇസ്കരിയോത്താവല്ലാത്ത യൂദയുടെ പിതാവ് (ലൂക്കൊ. 6:16) (4) കർത്താവിന്റെ സഹോദരനായ യാക്കോബ് (ഗലാ. 1:19). ഇതിനെക്കുറിച്ച് റെയ്റി എഴുതിയിരിക്കുന്നതു നോക്കുക:

> "പുതിയനിയമത്തിൽ നാലു യാക്കോബ്മാരെക്കുറിച്ചു പറയുന്നുണ്ടെങ്കിലും ഈ ഗ്രന്ഥത്തിന്റെ എഴുത്തുകാരായി സെബദിയുടെ മകനും യോഹന്നാന്റെ സഹോദരനുമായ യാക്കോബിന്റെയും, കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ പേരുകളുമാണ് ചൂണ്ടിക്കാട്ടപ്പെടുന്നത്. എന്നാൽ സെബദിയുടെ മകനും A.D. 44-ൽ രക്തസാക്ഷിത്വം (അപ്പൊ. പ്ര. 12:2) വരിക്കയും ചെയ്ത ("യാക്കോബാണ്" ലൂക്കോ. 6:16) ഇതെഴുതിയെന്നതിനാണ് കൂടുതൽ പിന്തുണ ലഭിക്കുന്നത്. പക്ഷേ പുസ്തകത്തിലെ ഭാഷാരീതികൾ യരുശലേമിലെ സഭയുടെ ആദ്ധ്യക്ഷനും കർത്താവിന്റെ സഹോദരനുമായിരുന്ന യാക്കോബിലേക്കാണ് വിരൽ ചൂണ്ടുന്നത് (അപ്പൊ. പ്ര. 12:17; 15:13; 21:18). പുസ്തകത്തിന്റെ ഉള്ളടക്കവും യരുശലേം സുന്നഹദോസിൽ യാക്കോബ് ചെയ്ത പ്രസംഗവും തമ്മിലുള്ള സമാനതകൾ (ഗ്രീക്കിൽ) ഇതിനു കൂടുതൽ പ്രസക്തിയേറുന്നു (യാക്കോ. 1:1 & അപ്പോ. പ്ര. 15:23; യാക്കോ. 1:27 & അപ്പോ. പ്ര. 15:14; യാക്കോ. 2:5 & അപ്പൊ. പ്ര. 15:13)." 89

യാക്കോബ് ആർക്കായിട്ടാണ് ഇതെഴുതിയിരിക്കുന്നത് എന്നതും പ്രാധാന്യമർഹിക്കുന്നു, എന്തെന്നാൽ ഇതു ***"ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കായിട്ടാകുന്നു"*** (1:1). എന്നാൽ "എന്റെ സഹോദരന്മാരെ" (1:19; 2:1,7) എന്ന പ്രയോഗം ബാബേൽ പ്രവാസത്തെ തുടർന്ന് തങ്ങളുടെ സ്വന്തവാസസ്ഥലങ്ങൾ വിട്ടു ദൂരത്തു പാർത്തിരുന്നവരും ക്രിസ്ത്യാനികൾ ആയിതീർന്നവരുമായ യഹൂദന്മാരെ സംബന്ധിച്ചാണ്, അല്ലാതെ A.D.66-നും 70-നും, ഇടയ്ക്കുണ്ടായ ചിതറിപ്പോക്കിനെയല്ല ചൂണ്ടിക്കാട്ടുന്നത് (മത്താ. 1:11,12,17). പെന്തക്കോസ്തു പെരുന്നാളിനു ലോകത്തിന്റെ

വിവിധ ഭാഗങ്ങളിൽനിന്നു യഹൂദന്മാർ യറുശലേമിൽ വന്നിരുന്നതായും (അപ്പോ. പ്ര. 1:5) അവരിൽ പലരും അന്നു അവിടെ സംഭവിച്ച പരിശുദ്ധാത്മ പകർച്ചയ്ക്കു ദൃക്സാക്ഷികളാകയും യേശുക്രിസ്തുവിൽ വിശ്വസിക്കാൻ ഇടയാകയും ചെയ്തതായി അപ്പോസ്തല പ്രവർത്തികളുടെ ആദ്യ അദ്ധ്യായങ്ങളിൽ വായിക്കുന്നു. അവർ മടങ്ങിപ്പോയി തങ്ങളുടെ സ്ഥലങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിച്ചു എന്നു ന്യായമായി വിശ്വസിക്കാവുന്നതാണ്. ഈ ചിതറിപാർക്കുന്ന യഹൂദ ക്രിസ്ത്യാനികളെയാണ് യാക്കോബ് "എന്റെ സഹോദരന്മാരെ" എന്നു സംബോധന ചെയ്തിരിക്കുന്നത്.

### എഴുതിയ കാലം:

A.D. 45 or 46

മിക്കവാറും യാക്കോബിന്റെ ലേഖനമാണ് ഒന്നാമത്തേതായി കൂടുതൽ പേരും കണക്കാക്കുന്നത് ഇതിനു കാരണം. ഇത് A.D. 45-ൽ എഴുതി എന്നതിനാലാണ്. ചിലകാരണങ്ങൾ നോക്കാം: (1) ആദിമസഭ യഹൂദ നയന്ത്രണത്തിൽ ആയിരുന്ന കാലത്ത് ഇതെഴുതി എന്നു വിചാരിപ്പാൻ തക്കവിധം യഹൂദ സ്വഭാവം ലേഖനത്തിൽ കാണുന്നു. (2) ജാതികളുടെ പരിഛേദനയെ സംബന്ധിച്ചൊന്നും പറഞ്ഞിട്ടില്ല. (3) "സഭ" എന്ന പദത്തേക്കാൾ "സിനഗോഗ്" (പള്ളി) എന്ന പദമാണ് കൂടിവരവിന്റെ സ്ഥാനത്തെ കാണിക്കാനായി ഉപയോഗിച്ചിരിക്കുന്നത് (2:2). (4) യറുശലേം സമ്മേളനത്തിൽ എടുത്ത യഹൂദ ക്രിസ്ത്യാനികളും ജാതീയ ക്രിസ്ത്യാനികളും തമ്മിലുള്ള ഐക്യത്തിന്റെ പരാമർശങ്ങൾ ഒന്നും തന്നെ ഇല്ല (അപ്പൊ. പ്ര. 15:1 f.; A.D. 49). ഇതും ലേഖനം അതിനു മുമ്പായി എഴുതി എന്നതിനു തെളിവാണ്. (5) യേശുവിന്റെ ഉപദേശങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ സുവിശേഷങ്ങളിലെ പദാനുഗത പ്രയോഗങ്ങളുമായി കുറച്ചുമാത്രമേ യോജിക്കുന്നുള്ളു. 90

### വിഷയവും ഉദ്ദേശവും:

തീർച്ചയായും യാക്കോബ് ആഗ്രഹിക്കുന്നത് ഒരു പ്രായോഗിക വിശ്വാസമാണ്. അതായത് ജീവനുള്ളതും, ശക്തിയുള്ളതും, കർമ്മനിരതവുമായിരിക്കുന്ന വിശ്വാസവുമുള്ള ക്രിസ്ത്യാനികളെന്നർത്ഥം. സഭയിൽ ഇതാവശ്യമായിരുന്നു. ബാഹ്യലോകത്തിലെ പോലെ ചത്തവരും, ദൈവഹിതത്തിനൊത്തവണ്ണം പ്രവർത്തിക്കാത്തവരുമായി വിശ്വാസികൾ തീർന്നാൽ വരാൻ പോകുന്ന ഭവിഷ്യത്തുകൾ എന്തെന്നു ചൂണ്ടിക്കാട്ടി സഭാ വിശ്വാസികൾ ആത്മീകമായി വളർന്നും പക്വതയുള്ളവരുമായി ഫലം പുറപ്പെടുവിക്കുവാൻ ഉത്സാഹിപ്പിക്കുകയാണ് യാക്കോബ് തന്റെ ലേഖനത്തിൽകൂടെ ചെയ്യുന്നത്.

### യാക്കോബിന്റെ ലേഖനത്തിൽ ക്രിസ്തു:

1:1.-ലും 2:1-ലും യേശുക്രിസ്തുവിനെക്കുറിച്ചു സൂചിപ്പിച്ചശേഷം 5:7,8-ൽ അവന്റെ വരവിനെയും പ്രതിഫലങ്ങളെയും കുറിച്ചു പറയുന്നു. ലേഖനത്തിലെ ആകെയുള്ള 108 വാക്യങ്ങളിൽ പഴയ നിയമത്തിലെ 22 പുസ്തകങ്ങളിൽനിന്നുള്ള ഉദ്ധരണികളും, ക്രിസ്തുവിന്റെ പർവ്വതപ്രസംഗത്തിൽനിന്നു കുറഞ്ഞതു 15 സൂചനകളും ഇതിലുണ്ട്. 91

### ബാഹ്യരേഖ: 92

**1. വിശ്വാസത്തിൽ സ്ഥിരതയോടെ നില്ക്കുക (1:1-27)**

- A. വന്ദനവും ആശംസയും (1:1)
- B. വിവിധ പരീക്ഷകളിൽ വേണ്ടുന്ന ആനന്ദം (1:2-12)
  - 1) പരിശോധനാ മദ്ധ്യത്തിലെ മനോഭാവം (1:2)
  - 2) പരീക്ഷകളാലുള്ള നേട്ടം (1:3-4)
  - 3) പരീക്ഷകളിലെ പിൻബലം (1:5-12)
- C മരണകരമായ പരീക്ഷകളിലെ പ്രതിരോധം (1:13-18)
  - 1) പരീക്ഷയുടെ ഉത്ഭവം (1:13,14)
  - 2) പരീക്ഷയുടെ പടികൾ (1:15,16)
  - 3) പരീക്ഷയുടെ പരിഹാരമാർഗ്ഗം (1:17-18)

D ദൈവിക സത്യത്തിൽ വിശ്രമിക്കുക. (1:19-27)
1) വചനത്തിന്റെ സ്വീകരണം (1:19-21)
2) വചനത്തോടുള്ള പ്രതികരണം (1:22-25)
3) വചനത്തോടുള്ള ഉപേക്ഷ (1:26,27)

## 2. മനസ്സലിവോടുകൂടിയ സേവനം (2:1-26)

A മറ്റുള്ളവരെ സ്വീകരിക്കുക. (2:1-13)
1) എല്ലാവരോടുമുള്ള മര്യാദ (2:1-4)
2) എല്ലാവരോടുമുള്ള മനസ്സലിവ് (2:5-9)
3) എല്ലാ അവസ്ഥയിലും സ്ഥിരത (2:10-13)
B മറ്റുള്ളവരെ സഹായിക്കുക. (2:14-26)
1) യഥാർത്ഥ വിശ്വാസത്തിന്റെ പ്രകടനം (2:14-17)
2) യഥാർത്ഥ വിശ്വാസത്തിന്റെ തെളിവ് (2:18-20)
3) യഥാർത്ഥ വിശ്വാസത്തിന്റെ മാതൃക (2:21-26)

## 3. സൂക്ഷ്മതയോടെ സംസാരിക്കുക (3:1-18)

A നിയന്ത്രണത്തോടുകൂടിയ സംസാരം (3:1-12)
1) നാവിന്റെ ശക്തി (3:1-5)
2) നാവിന്റെ വഞ്ചന (3:6-8)
3) നാവിന്റെ മലിനീകരണം (3:9-12)
B ക്രമീകരിക്കപ്പെട്ട ചിന്തകൾ (3:13-18)
1) വിവേകം വിനയമുള്ളതാകുന്നു. (3:13)
2) വിവേകം വിലപ്പെട്ടതാണ് (3:14-16)
3) വിവേകം സമാധാനപരമാണ് (3:17-18)

## 4. അനുതാപത്തോടെയുള്ള സമർപ്പണം (4:1-17)

A വെറുപ്പിനെ വിനയമാക്കിത്തീർക്കുക. (4:1-6)
1) കലഹങ്ങൾക്കു കാരണം (4:1,2)
2) കലഹങ്ങളുടെ അനന്തരഫലം (4:3,4)
3) കലഹങ്ങൾക്കു പ്രതിവിധി (4:5,6)
B ന്യായവിധിയെ നീതിയാക്കി മാറ്റുക (4:7-12)
1) നീതിയ്ക്കായുള്ള ഉപദേശം (4:7-9)
2) നീതിയുടെ പ്രയോജനം (4:10,11)
3) നീതിയുടെ ഉടയവൻ (4:12)
C പൊങ്ങച്ചത്തെ വിശ്വാസമാക്കി മാറ്റുക. (4:13-17)
1) പൊങ്ങച്ചത്തിന്റെ പ്രസ്താവന (4:13)
2) പൊങ്ങച്ചത്തിന്റെ വിധി (4:14)
3) പൊങ്ങച്ചത്തിനുള്ള പരിഹാരം (4:15-17)

## 5. താല്പര്യപൂർവ്വമുള്ള പങ്കുവയ്ക്കൽ (5:1-20)

A സമ്പത്തിന്റെ പങ്കുവയ്ക്കൽ (5:1-6)
1) ധനത്തിൽനിന്നുള്ള ദുരിതങ്ങൾ (5:1)
2) ധനത്തിന്റെ ദ്രവിക്കൽ അഥവാ കറ (5:2,3)
3) ധനത്തിന്റെ ശിക്ഷാവിധി (5:4-6)
B ക്ഷമയിലെ പങ്കുവയ്ക്കൽ (5:7-12)
1) ക്ഷമയുടെ സമ്പത്ത് (5:7-9)
2) ക്ഷമയുടെ മാതൃക (5:10,11)
3) ക്ഷമയുടെ തെളിവ് (5:12)
C പ്രാർത്ഥനയിലെ പങ്കാളിത്തം (5:13-20)
1) ആവശ്യങ്ങളെക്കുറിച്ചുള്ള ബോധം. (5:13)
2) ആവശ്യങ്ങൾക്കായുള്ള യാചന (5:14-18)
3) ആവശ്യങ്ങളുടെ അർത്ഥ പൂർണ്ണത (5:19,20).

# 1 പത്രോസ്
## (ക്രിസ്തു: കഷ്ടതയുടെ മാതൃക)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ആരംഭ വാക്യം തന്നെ പത്രോസ് ആണ് എഴുത്തുകാരൻ എന്നു പ്രസ്താവിച്ചിട്ടുണ്ട് (1:1). ആദിമസഭയുടെ പ്രവർത്ത കനായ അപ്പോസ്തലനായ പത്രോസ്സാണ് ഒന്നു പത്രോസ്സിന്റെ ഗ്രന്ഥകർത്താവെന്ന് ആഗോള വ്യാപകമായി അംഗീകാരവും ലഭിച്ചിട്ടുണ്ട്. ***പൊന്തോസ്സിലും, ഗലാതൃയിലും, കപ്പദോകൃയിലും, ആസൃയിലും, ബിഥുനൃ യിലും ചിതറിപ്പാർക്കുന്ന പരദേശികൾക്കായിട്ടാണ് ഇതെഴുതിയിരിക്കുന്നത്.***

'പരദേശികൾ' എന്നത് സ്വന്തദേശം വിട്ട് അന്യസ്ഥലത്ത് താൽക്കാലികമായി താമസിക്കുന്നവർ എന്ന അർത്ഥ ത്തിലും, 'ചിതറിപ്പാർക്കുന്നവർ' എന്നത് പലസ്തീൻ നാട്ടിൽനിന്നു മെഡിറ്ററേനിയൻ പ്രദേശിത്തിനപ്പുറം പോയ യഹൂദന്മാരെക്കുറിച്ചാണ്. എന്നാൽ പത്രോസ്സിന്റെ മനസ്സിൽ കേവലം യഹൂദ ക്രിസ്ത്യാനികൾ മാത്രമായിരുന്നില്ല പിന്നെയോ അവിശ്വാസികളുടെ ലോകത്തിൽനിന്നു വേർപെട്ട് യേശുക്രിസ്തുവിനായി ജീവിച്ചുകൊണ്ട് നിത്യവാ സസ്ഥലത്തെ നോക്കി പാർക്കുന്ന ജാതീയ ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. ആകയാൽ ഈ ഗ്രന്ഥം എല്ലാ വിശ്വാസികൾക്കുമായിട്ടാണ് എഴുതിയിരിക്കുന്നത്. 93

ഏഷ്യാമൈനറിലുള്ള അഞ്ചു റോമൻ പ്രോവിൻസുകളിലായി ചിതറിപ്പാർക്കുന്ന ക്രിസ്ത്യാനികളെ സംബോധന ചെയ്തുകൊണ്ടാണ് ഒന്നു പത്രോസ് എഴുതിയിരിക്കുന്നത്. ഈ സ്ഥലങ്ങൾ ഇപ്പോൾ വടക്കൻ തുർക്കി (Turkey) യിലാണ്. ഈ പ്രദേശങ്ങളിലെ സഭകൾ യഹൂദ-ജാതീയ ക്രിസ്ത്യാനികൾ ചേർന്ന് രൂപീകൃതമായവയായിരുന്നു. പഴയനിയമ ഉദ്ധരണികൾകൊണ്ട് ലേഖനം സംപുഷ്ടമാണ്. "ചിതറിപാർക്കുന്നവർ" (1:1) എന്ന പദത്തിനുപയോ ഗിച്ചിരിക്കുന്ന DIASPORA എന്ന വാക്ക് യറുശലേമിനു പുറത്തു താമസിച്ചിരുന്ന യഹൂദന്മാർക്കുവേണ്ടി ഉപയോഗി ച്ചതാണ്.

ദൈവ വചന സംബന്ധമായി അജ്ഞരായിരുന്ന (1:14) ജാതീയ വിശ്വാസികൾ, ആകയാൽ പത്രോസിന്റെ ഈ ലേഖനത്തിലെ പ്രബോധനങ്ങൾ അവരുടെ വിശുദ്ധ ജീവിതത്തെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയായിരുന്നു. അവരും ദൈവത്തിന്റെ വിശുദ്ധജനം എന്നാണ് വിളിക്കപ്പെട്ടിരിക്കുന്നത് (2:9,10). അങ്ങനെ ഈ ലേഖനം യഹൂദ -ജാതീയ വിശ്വാസികൾക്ക് ഉത്തേജനം പകരുന്നതാണ്. 94

### എഴുതിയ കാലം:

A.D. 63-64

സഭാ പാരമ്പര്യം അനുസരിച്ചു പത്രോസിന്റെ അവസാന നാളുകൾ റോമിൽ ആയിരുന്നു കഴിച്ചത്. 5:13-ലെ 'ബാബിലോണിലെ സഭ' എന്നത് റോമാ പട്ടണത്തെ ഉദ്ദേശിച്ചാണ്. റോമിൽ ചിലവഴിച്ച അവസാന ദശകങ്ങളി ലാണ് പത്രോസ് ഈ കത്തെഴുതിയത്, അതായത് A.D.63-ൽ. നീറോയുടെ പീഢനം (A.D.64) ആരംഭിക്കുന്നതിനു മുമ്പായിരുന്നു. പത്രോസ് റോമിനെ ക്രിസ്ത്യാനികളുടെ ശത്രുവായി കണ്ടിരുന്നില്ല (1 പത്രോ. 2:13-17), ആക യാൽ നീറോയുടെ പീഡനങ്ങളുടെ വ്യാപ്തി ഗ്രഹിപ്പാൻ ആ നാളുകളിൽ കഴിഞ്ഞിരുന്നില്ല.

### വിഷയവും ഉദ്ദേശവും:

ഒന്നു പത്രോസിന്റെ ലേഖനം ക്രിസ്തീയ ജീവിതവും ഉത്തരവാദിത്തങ്ങളും വെളിപ്പെടുത്തുന്ന നിരവധി ഉപദേ ശങ്ങൾ ഉൾക്കൊള്ളുന്നതാകയാൽ അതിന്റെ കേന്ദ്ര വിഷയം വിശ്വാസത്തിനുവേണ്ടിയുള്ള പീഢനങ്ങളുടെ സഹ നമാണ്. ക്രിസ്ത്യാനികൾ യേശുക്രിസ്തുവിന്റെ സ്ഥാനാപതികളായി ഈ ദുഷ്ട ലോകത്തിൽ എങ്ങനെ ജീവി ക്കണം എന്നു വിശദമാക്കുന്ന ഒരു മാനുവൽ അഥവാ ഹാൻഡ് ബുക്കാണിത് (1:1,13-21; 2:11-12; 3:14,17; 4:1,13,15,16,19).

പല പ്രത്യേക ഉദ്ദേശങ്ങൾ ഈ പുസ്തകത്തിലുണ്ട്. എല്ലാം തന്നെ പീഢനത്തിലായിരിക്കുന്നവർക്ക് ആശ്വാസം പകരാനായിട്ടുള്ളതാണ്: (1) മശിഹായുടെ വരവിന്റെ പ്രത്യക്ഷതയും വിടുതലും ലക്ഷ്യമാക്കി (1:3-12); (2) ക്രിസ്തു

വിന്റെ പീഢാനുഭവങ്ങളെ മാതൃകയാക്കി അവനെ പിൻപറ്റുക (2:21-24); (3) ജാതീയ ലോകത്തിൽ തങ്ങളുടെ വിളിക്കനുസരണമായി ദൈവത്തിന്റെ പ്രത്യേക ജനമായി ജീവിക്കുന്നതിന് (2:4-12; 4:1-19) മറ്റു ഉദ്ദേശങ്ങളെല്ലാം ഉപദേശങ്ങളും അവയുടെ പ്രയോഗികങ്ങളും വെളിപ്പെടുത്തുന്നവയാണ് (5:12). ഒരു തികഞ്ഞ നേതാവെന്ന നിലയ്ക്ക് നല്ല ഇടയനായി ദൈവ സഭയെ (വിശ്വാസികളെ) മേയിക്കുവാനും വേണ്ടിയാണ് (5:1-4) ആക്രമസക്തമായ ഒരു ലോകത്തിൽ ഇതു അത്യാവശ്യം വേണ്ടതുമായിരുന്നു.

### ഒന്നു പത്രോസിൽ ക്രിസ്തു:

ക്രിസ്തുവിന്റെ ആളത്വവും പ്രവർത്തിയും കൊണ്ടാണ് പുസ്തകത്തെ നിറച്ചിരിക്കുന്നത്. യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിലൂടെ വിശ്വാസികൾക്കു ജീവനുള്ള പ്രത്യാശയും “നിത്യമായ അവകാശവും” ആണ് ലഭിച്ചിരിക്കുന്നത് (1:3,4). പല സ്ഥലത്തു പത്രോസ് ക്രിസ്തുവിന്റെ പ്രത്യക്ഷമാകാൻ പോകുന്ന മഹിമയെ വെളിപ്പെടുത്തിയിട്ടുണ്ട് (1:7,13; 4:13; 5:1;). യേശു ദൈവത്തിന്റെ കുഞ്ഞാടായി നമ്മുടെ പാപങ്ങളെ ഏറ്റുകൊണ്ട് ക്രൂശിന്മേൽ കയറി നമുക്ക് വീണ്ടെടുപ്പ് നല്കിയതും (1:18,19; 2:24) കഷ്ടം സഹിച്ച് നമുക്ക് മാതൃകയാകുന്നതും (2:21-24) ആടുകളുടെ വലിയ ഇടയനായി നമ്മെ പാലിക്കുന്നതും (2:25; 5:4) നന്നായി ചിത്രീകരിച്ചിരിക്കുന്നു.

### ബാഹ്യരേഖ:

1. **വിശ്വാസികളുടെ രക്ഷ (1:1-12)**
   - A. വന്ദനം (1:1,2)
   - B. ഭാവിപ്രത്യാശയും ജീവിതവും, ഇന്നുള്ള ശോധനകളും (1:3-9)
   - C. ഭൂതകാല വെളിപ്പാടുകളും വർത്തമാനകാല രക്ഷയും (1:10-12)

2. **വിശ്വാസികളുടെ വിശുദ്ധീകരണം (1:13-2:12)**
   - A. വിശുദ്ധിക്കായുള്ള വിളി (1:13-21)
   - B. തമ്മിൽ തമ്മിൽ സ്നേഹിപ്പാനുള്ള വിളി (1:22-25)
   - C. വചനമാകുന്ന പാൽ കുടിപ്പാനുള്ള വാഞ്ചയ്ക്കായുള്ള വിളി (2:1-3)
   - D. ആത്മീയ യാഗം കഴിപ്പാനായുള്ള വിളി (2:4-10)
   - E. ജടീകാഭിലാഷങ്ങളിൽ നിന്നകന്നിരിപ്പാനുള്ള വിളി (2:11-12)

3. **വിശ്വാസികളുടെ കീഴ്പ്പെടൽ (2:13-3:12)**
   - A. ഭരണാധികാരികൾക്കു കീഴ്പ്പെടുക (2:17)
   - B. തൊഴിൽപരമായ കീഴ്പ്പെടൽ (2:18-25)
   - C. വിവാഹ ജീവിതത്തിലെ കീഴ്പ്പെടൽ (3:1-8)
   - D. ജീവിതത്തിന്റെ എല്ലാ മേഖലകളിലും കീഴ്പ്പെടുക (3:9-12)

4. **വിശ്വാസികളുടെ കഷ്ടതകൾ (3:13-5:14)**
   - A. കഷ്ടം സഹിക്കുന്നതിനാവശ്യമായ സ്വഭാവം (3:13-17)
   - B. കഷ്ടം സഹിക്കുന്നതിനുള്ള ക്രിസ്തുവിന്റെ മാതൃക (3:18-4:6)
   - C. കഷ്ടം സഹിപ്പാനുള്ള ആജ്ഞ (4:7-19)
   - D. ഇടയന്മാരുടെ കഷ്ടതകൾ (5:1-9)
   - E. ഉപസംഹാരവും ആശീർവാദവും (5:10-14).

# 2 പത്രോസ്
## (ക്രിസ്തു: വചനത്തിന്റെ തികവ്)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ഗ്രന്ഥകാരൻ ശിമോൻ പത്രോസ് എന്ന പേരിലാണ് സ്വയം പരിചയപ്പെടുത്തുന്നത് (1:1) അപ്പോസ്തലനായ

പത്രോസ് തന്നെയാണ് എഴുത്തുകാരൻ എന്നതിന് ലേഖനത്തിൽ വേറെയും പല തെളിവുകളുണ്ട്. വളരെ പ്രാധാന്യമർഹിക്കുന്ന ചിലതു നോക്കുക: മരണാസന്നനായ ഒരു പിതാവിന്റെ അഭിലാഷങ്ങൾ വെളിപ്പെടുത്തുന്നു. 1:14-ലെ ഭാഗം, മറുരൂപ മലയിൽ യേശുവിനോടുകൂടെ അനുഭവിച്ച കാര്യങ്ങളുടെ ദൃക്സാക്ഷി വിവരണം (1:16-18; മത്താ. 17:1-5). ഈ ലേഖനം തന്റെ രണ്ടാമത്തേതാണെന്നു വായനക്കാരെ ബോദ്ധ്യപ്പെടുത്തുന്നത് (3:1). ഇതിൽ പത്രോസ് പൗലൂസുമായുള്ള തന്റെ വ്യക്തിബന്ധത്തെ വെളിപ്പെടുത്തുകയും "പ്രിയ സഹോദരൻ" എന്നു സംബോധന ചെയ്യുകയും ചെയ്യുന്നു (3:15). ആദ്യ ലേഖനത്തിൽനിന്നും വ്യത്യസ്തത കാണിക്കുവാൻ ഇതിനെ "രണ്ടുപത്രോസ്" എന്നു പറഞ്ഞിരിക്കുന്നു.

പത്രോസ് ഒന്നാം ലേഖനത്തിലെപോലെ ഒരേ പ്രകാരത്തിലുള്ള വിശ്വാസികൾക്കായിട്ടാണ് ഇതെഴുതിയിരിക്കുന്നത് (3:1). ഇതൊരു അന്തിമ നിയമവും, മുന്നറിയിപ്പും, അവസാന നാളിനെ കുറിക്കുന്ന കത്തുമാണ് (1:14; 2:1-22; 3:3). വിലയേറിയ വിശ്വാസത്തെ കാത്തുസൂക്ഷിക്കുന്ന യഹൂദരും, ജാതികളുമായ ക്രിസ്ത്യാനികളുമായി പൊന്തോസ്സിലും, ഗലാത്യയിലും, കപ്പോദോക്യയിലും, ആസ്യയിലും, ബിഥുവായിലും പാർക്കുന്നവർക്കായിട്ടാണ് എഴുതിയിരിക്കുന്നത് (1. പത്രോ. 1:1).

## എഴുതിയ കാലം:

A.D. 67-68

ആദിമകാല സഭാ ചരിത്രകാരനായ എസൂബിയസ്സിന്റെ രേഖകളിൻ പ്രകാരം പത്രോസ് (1:12-14) രക്തസാക്ഷിത്വം വരിച്ചത് നീറോയുടെ പീഢനകാലത്തായിരുന്നു (A.D. 67-68). ഈ കാലയളവിൽ ഒരു യാത്രപറച്ചിൽ കത്തായിട്ട് പത്രോസ് എഴുതിയതാണ് 2 പത്രോസ്.

## വിഷയവും ഉദ്ദേശവും:

അപ്പൊസ്തലനായ പൗലൂസ് തന്റെ കാലശേഷം വരാൻപോകുന്ന വിശ്വാസത്യാഗത്തെക്കുറിച്ച് തിമോഥയോസിനു മുന്നറിവു നല്കിയപ്രകാരം (2 തിമോഥിയോസ്), പത്രോസും വിശ്വാസികളെ തെറ്റിച്ചു കളയുവാൻ സഭയിലേക്കു നുഴഞ്ഞുകയറുന്ന ദുരുപദേശക്കാരെ സൂക്ഷിച്ചൊഴിയുവാനും, കർത്താവും, അപ്പോസ്തലന്മാരും, പ്രവാചകന്മാരും ഇവരെക്കുറിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഓർക്കുവാനും മുന്നറിയിപ്പു നല്കുന്നു (2:1; 3:1-3).

ഉത്സാഹമില്ലാത്തവരും നിഷ്ഫലരും ആകാതെ പരിജ്ഞാനത്തോടെ വളരുവാൻ തക്കവണ്ണം ജീവിതം ഭക്തിയും (1:3) വേണ്ടുന്നതെല്ലാം കർത്താവിൽ വളരുവാൻ (1:8) പത്രോസ് മനസ്സലിവോടെ അപേക്ഷിക്കുന്നു. തന്റെ നിര്യാണകാലം അടുത്തിരിക്കുന്നു എന്നും കൂടുതൽ പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലെന്നും, പത്രോസ് മനസ്സിലാക്കിയിരുന്നതനാലാണ് (1:13-15), വിശ്വാസികൾ അപ്പൊസ്തൊലിക ഉപദേശത്തിൽ അടിസ്ഥാനപ്പെട്ട് ദുരുപദേശകന്മാരിൽനിന്നും (2:1-3) കള്ള പ്രവാചകന്മാരിൽനിന്നും വേർപെട്ടുകൊള്ളേണമെന്നു പറഞ്ഞത്. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്ന ഒരാൾക്കു മാത്രമേ കൃപയിലും രക്ഷിതാവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരുവാൻ കഴികയുള്ളു(1:13; 3:1,2). ആകയാൽ പത്രൊസ് വിശ്വാസികളുടെ മനസ്സുണർത്തി (1:2-11; 3:18). വരാൻ പോകുന്ന ഭവിഷ്യത്തുകളെ നേരിടുവാനായി (1:15) ഉപദേശപ്രകാരം (2:1-3) അവരെ സുസജ്ഞമാക്കുവാനായിട്ടാണ് ഈ ലേഖനം എഴുതിയത് (1:2-11; 3:18).

ദുരുപദേശങ്ങളോടും ദുരുപദേശകരോടും എതിർത്തുനില്ക്കുവാനുള്ള ഏകമാർഗ്ഗം സത്യോപദേശത്തിന്റെ സുസ്ഥിരമായ അടിസ്ഥാനത്തിൽ നിലനില്ക്കുക മാത്രമാണ് (1:12-21) കൂടാതെ ചില വ്യാജോപദേശങ്ങളാൽ സഭയ്ക്കുണ്ടാകുന്ന അപകടങ്ങളെയും അവർക്കു വരാൻ പോകുന്ന ന്യായവിധിയേയും കുറിച്ചു പത്രോസു പ്രസ്താവിക്കുകയും (2:1-22) അവരിൽ നിന്നകന്ന് കർത്താവിന്റെ മടങ്ങിവരവിനെ പ്രതീക്ഷിക്കുവാൻ വിശ്വാസികളെ ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു (3:1-16).

> ***"അതുകൊണ്ട് പ്രിയമുള്ളവരേ നിങ്ങൾ ഇവയ്ക്കായി കാത്തിരിക്കയാൽ അവൻ നിങ്ങളെ കറയും, കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ, ... എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പു കൂട്ടി അറിഞ്ഞിരിക്കകൊണ്ട് അധർമ്മികളുടെ വഞ്ചനയാൽ കുടുങ്ങി സ്വന്ത സ്ഥിരതവിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും എന്നന്നേയ്ക്കും മഹത്വം. ആമേൻ."***

### രണ്ടു പത്രോസിൽ ക്രിസ്തു:

ഭക്തിയുടെയും പ്രതീക്ഷയുടെയും ഉറവ ക്രിസ്തുതന്നെയെന്നു പത്രോസു കാണിക്കുന്നു. "കർത്താവും രക്ഷിതാവും" എന്നു നാലു പ്രാവശ്യവും, "കർത്താവ്" എന്നു പതിനാലു പ്രാവശ്യവും ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതു കൂടാതെ അവന്റെ മറുരൂപമലയിലെ പ്രത്യക്ഷതയും, മഹത്വകരമായ രണ്ടാം വരവും കൂടെ എടുത്തു പറഞ്ഞിരിക്കുന്നു. പത്രോസും മറ്റു രണ്ടുപേരും കൂടെ ദർശിച്ച മറുരൂപ മലയിലെ യേശുക്രിസ്തുവിന്റെ മഹിമ അവന്റെ രണ്ടാം വരവിൽ സകലർക്കും ദർശിപ്പാൻ കഴിയുന്നതാണ്.

### ബാഹ്യരേഖ:

1. **വന്ദനം (1:1-2)**

2. **ക്രിസ്തീയ സ്വഭാവത്തിന്റെ വളർച്ചയും വികസനവും (1:3-21)**
   A വിശ്വാസത്തിന്റെ വളർച്ചയും വികസനവും (1:3-11)
   B വിശ്വാസത്തിന്റെ അടിസ്ഥാനം (1:12-21)

3. **വ്യാജോപദേശകർക്കു (ദുരുപദേശകർക്ക്)ള്ള ശിക്ഷാവിധി. (2:1-22)**
   A അവരുടെ അപകട പ്രവർത്തി (2:1-3)
   B അവരുടെ നാശവും ശിക്ഷാവിധിയും (2:4-9)
   C അവരുടെ സ്വഭാവത്തിന്റെ വിശദീകരണം (2:10-22)

4. **ഭാവി പ്രത്യാശയുടെ രൂപരേഖ (3:1-18)**
   A ദുരുപദേശകരുടെ പരിഹാസം (3:1-7)
   B കർത്താവിന്റെ വരവിന്റെ താമസം (3:8-9)
   C കർത്താവിന്റെ വരവിനോട് അനുബന്ധമായവ (3:10-13)
   D അപകടത്തെ മനസ്സിലാക്കി ആവശ്യമായ മുൻകരുതൽ എടുക്കുക. (3:14-18).

# ഒന്നു യോഹന്നാൻ
## (ക്രിസ്തു: ദൈവ സ്നേഹം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

എഴുത്തുകാരന്റെ പേരു ലേഖനത്തിൽ പറഞ്ഞിട്ടില്ലെങ്കിലും കർത്താവിനോടു കൂടുതൽ അടുപ്പമുണ്ടായിരുന്ന (1:1-5) അപ്പോസ്തലനായ യോഹന്നാനാണ് ഇതെഴുതിയതെന്നാണ് പാരമ്പര്യങ്ങൾ വെളിപ്പെടുത്തുന്നത്.

ലേഖനത്തിലുടനീളം വിശ്വാസികൾക്കായുള്ള പ്രബോധനങ്ങളാണെങ്കിലും (2:1,12-14,19; 3:1; 5:13) അവർ അവരുടെ ഇടയിൽ പറഞ്ഞിരുന്നു എന്നും വെളിവാക്കുന്നുണ്ട്. ഈ കത്ത് നിരവധി സഭകളിൽ വായിക്കുവാൻ ഇടയായിട്ടുണ്ട്; ഒരു പക്ഷേ അനേകർ ചൂണ്ടിക്കാട്ടുമ്പോലെ യോഹന്നാന്റെ അവസാന നാളുകൾ എഫേസോസ്സിൽ ചിലവഴിച്ചതിനാൽ അതിനു ചുറ്റുപാടുമുള്ള സഭകളിലെല്ലാം ഇതു പ്രയോജനപ്പെടുത്തിയെന്നു വിശ്വസിക്കാം.

എഫേസോസ്, ഏഷ്യൻ പ്രോവിൻസ് (ഇപ്പോഴത്തെ ടർക്കി) ആയിരുന്നതിനാലും യോഹന്നാൻ ആ പ്രദേശങ്ങളിലെല്ലാം ശുശ്രൂഷിച്ചിരുന്നു എന്നു ആദിമ സഭാദ്ധ്യക്ഷനായ അലക്സാൻഡ്രിയായിലെ ക്ലെമന്ത് സാക്ഷിക്കുന്നതിനാലും യോഹന്നാന്റെ ഒന്നാം ലേഖനം ഏഷ്യ മുഴുവൻ പ്രചരിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. 95

### എഴുതിയ കാലം:

A.D. 85-90

കൃത്യമായ ഒരു തീയതി പറയുക പ്രയാസമാണെങ്കിലും യോഹന്നാന്റെ സുവിശേഷത്തിലെ വിഷയങ്ങളും വാക്കുകളുമായി സാമ്യം കാണുന്നതിനാൽ സുവിശേഷം എഴുതിയ ശേഷവും A.D. 95-ലെ ഡൊമീഷ്യൻ ചക്രവർത്തി

യുടെ പീഡകൾക്കു മുമ്പായി ഇതെഴുതി എന്നു അനുമാനിക്കാം. അങ്ങനെയെങ്കിൽ A.D. 85-നും, 90-നും ഇടയ്ക്ക് എന്ന തീയതി ആയിരിക്കും യോജിക്കുന്നത്.

## വിഷയവും ഉദ്ദേശവും:

യേശുക്രിസ്തുവിൽ കൂടെ പിതാവായ ദൈവത്തോടുള്ള കൂട്ടായ്മ (1:3-7) ആണ് പുസ്തകത്തിന്റെ വിഷയം. ഗ്നോസ്റ്റിക്ക് (Gnosticism) ദുരുപദേശമായിരിക്കണം (ഭൗതീകമായതെല്ലാം പാപമയവും അതിൽ നിന്നുള്ള സ്വാതന്ത്ര്യം ജ്ഞാന സമ്പാദനത്താലാണെന്നും അവർ വിശ്വാസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു) ഈ വിശ്വാസികൾ അഭിമുഖീകരിക്കേണ്ടിവന്ന പ്രധാന പ്രശ്നം. ഇതിനെതിരായി യോഹന്നാൻ ഉയർത്തികാട്ടിയതു ദൈവവുമായുള്ള കൂട്ടായ്മയാണ്; എന്തെന്നാൽ ദൈവമാണ് യഥാർത്ഥ വെളിച്ചം (1:5) സ്നേഹം (4:8,16) ജീവൻ (1:1,2; 5:11-13) ഏതൊരുവൻ ദൈവത്തോടു കൂട്ടായ്മ ആചരിക്കുന്നുവോ, അവൻ ദൈവീക വെളിച്ചത്തിൽ നടന്ന് ജീവനെ അനുഭവിക്കുകയും, മറ്റുള്ളവരെ സ്നേഹിക്കുകയും നീതി പുലർത്തുകയും ചെയ്യും. തുടർന്ന് പുസ്തകത്തിൽ നിരവധി പരീക്ഷണ തെളിവുകൾ ചൂണ്ടിക്കാട്ടിക്കൊണ്ടാണ് ഈ കൂട്ടായ്മയെ വിവരിക്കുന്നത്. ഇതിൽ ചിലതു രക്ഷയുടെ തെളിവുകൾ കൂടിയാണ്. രക്ഷിതാവിനെ തിരിച്ചറിഞ്ഞ് അവനിൽക്കൂടെ ദൈവവുമായുള്ള കൂട്ടായ്മ അനുഭവിക്കുന്നതാണ് ക്രിസ്തു അധിവസിക്കുന്ന രൂപാന്തരപ്പെട്ട ജീവിതങ്ങൾ.

വാസ്തവത്തിൽ ഈ വിശ്വാസികൾ അഭിമുഖീകരിച്ച ദുരുപദേശം ഇന്നത് എന്നു തീർത്തു പറയുക പ്രയാസമാണെങ്കിലും പുസ്തകത്തിന്റെ ഉള്ളടക്കത്തിൽനിന്നും അത് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ തള്ളിപ്പറയുന്ന പാപ സ്വഭാവമായിരുന്നു എന്നു കാണാം. ദൈവം മനുഷ്യനായി എന്ന സത്യത്തെ ത്യജിക്കയും ദൈവത്തോടുള്ള കൂട്ടായ്മ നിലനിർത്താൻ ശ്രമിക്കുകയും ചെയ്തതായിരുന്നു പാപം. ആകയാൽ യോഹന്നാൻ വിശ്വാസികളെ "എന്റെ കുഞ്ഞുങ്ങളേ" എന്നു സംബോധന ചെയ്തുകൊണ്ടാണ് (2:1,18,28; 3:7,18; 5:21) പ്രബോധിപ്പിക്കുന്നത്. എഴുതുന്നതിനുള്ള അഞ്ചുകാര്യങ്ങൾ: (1) യഥാർത്ഥ കൂട്ടായ്മയെ വർദ്ധിപ്പിക്കുക (1:3-); (2) പൂർണ്ണ സന്തോഷം അനുഭവമാക്കുക (1:4); (3) കൂട്ടായ്മയിൽകൂടെ വിശുദ്ധിയെ തികയ്ക്കുക (1:6-2:2); (4) ദുരുപദേശങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക (2:18-27) (5) ഉറപ്പു നല്കുക (5:11-13).

## ഒന്നു യോഹന്നാനിൽ ക്രിസ്തു:

ജീവനോടിരിക്കുന്ന വിശ്വാസികളിൽ യേശുക്രിസ്തു ഇപ്പോൾ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും തത്ഫലമായി വിശ്വാസികൾ യേശുവിന്റെ പുനരാഗമനത്തെ എത്ര ആകാംക്ഷയോടെയാണ് വീക്ഷിക്കുന്നതെന്നും ഈ പുസ്തകം വെളിപ്പെടുത്തുന്നു. ഏറ്റു പറഞ്ഞതായ സകല പാപങ്ങളിൽനിന്നും (വ്യക്തിപരമായവയിൽ നിന്നും) സകല അനീതിയിൽനിന്നും വിശ്വാസികളെ യേശുവിന്റെ രക്തം തുടർച്ചയായി ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു (1:7,9). എന്തെന്നാൽ യേശുക്രിസ്തു പിതാവിന്റെ വലത്തു ഭാഗത്ത് നമുക്കുവേണ്ടി നീതിമാനായ ഒരു വക്കീലായിട്ടുണ്ട് (2:1) എന്നതും അവൻ ക്രൂശിൽ പൂർത്തീകരിച്ച ബലി സർവ്വലോകത്തിനും വേണ്ടിയായിരിക്കുമ്പോൾ തന്നെ അതു വിശ്വാസികൾക്കു പ്രത്യേകാൽ പ്രയോജനപ്പെടുന്നു എന്നതുമാണ് (2:2). ഇതിനുവേണ്ടിയാണ് യേശു ജഡത്തിൽ വന്നതും (2:22; 4:2,3) രക്തത്താലും വെള്ളത്താലും (സ്നാനം, ക്രൂശുമരണം) വന്നതും (5:6) ഇനി അവൻ രണ്ടാമതുവരുമ്പോൾ നാം അവനെ കാണുകയും അവനെപ്പോലെ (അവനോടു സദൃശരായി) ആയിതീരുന്നതും (2:28-3:3).

### ബാഹ്യരേഖ:

**1. ആമുഖവും ലേഖനത്തിന്റെ ഉദ്ദേശവും (1:1-4)**

**2. യാഥാർത്ഥ കൂട്ടായ്മയുടെ വ്യവസ്ഥകൾ (1:5-2:2)**

A വെളിച്ചത്തിൽ നടക്കുക (1:5-7)
B പാപങ്ങളെ ഏറ്റു പറയുക (1:8-2:2)

**3. സ്ഥിരതയുള്ള കൂട്ടായ്മയുടെ മാർഗ്ഗദർശനം (2:3-27)**

A ക്രിസ്തുവിനെപ്പോലെ ആയിരിക്കുന്ന സ്വഭാവം (2:3-11)
B ലോകത്തെ സ്നേഹിക്കാതെ കൂട്ടായ്മയിൽ നില്പാനുള്ള കല്പന (2:12-17)
C അന്തിക്രിസ്തുവിൽനിന്നു സൂഷ്മതയോടെ ഒഴിഞ്ഞു കൂട്ടായ്മയെ നിലനിർത്തുക (2:18-27)

**4. കൂട്ടായ്മയുടെ സ്വഭാവം (2:28-5:3)**

A നമ്മുടെ വീക്ഷണത്തിന്റെ പരിശുദ്ധി (2:28-3:3)

B ക്രിസ്തുവിന്റെ മരണത്തിന്റെ വെളിച്ചത്തിലുള്ള നീതിയുടെ അഭ്യസനം (3:4-24)
C ആത്മാക്കളെ ശോധന ചെയ്യുന്നു (4:1-6)
D ക്രിസ്തു സ്നേഹിച്ചതുപോലെ സ്നേഹിച്ചുകൊണ്ടു നല്കുന്ന മാതൃക (4:7-5:3)

**5. കൂട്ടായ്മയുടെ ഫലം (5:4-21)**

A ലോകത്തിൻമേലുള്ള ജയം (5:4,5)
B ക്രിസ്തുവിന്റെ യോഗ്യതകളുടെ പരിശോധന (5:6-12)
C വിശ്വാസികളുടെ രക്ഷയുടെ ഉറപ്പ് (പരിശോധന) (5:13)
D പ്രാർത്ഥനയ്ക്കു ലഭിച്ച മറുപടിയുടെ നിജസ്ഥിതി ഗ്രഹിക്കുക. (5:14-17)
E ജീവിതത്തിലെ തുടർമാനമായ പാപങ്ങളുടെമേൽ ജയം (5:18-21).

# രണ്ടു യോഹന്നാൻ

## (ക്രിസ്തു: മനുഷ്യാവതാരം ചെയ്ത ദൈവം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

എഴുത്തുകാരന്റെ പേര് വെളിപ്പെടുത്തിയിട്ടില്ലെങ്കിലും തന്നെ "മൂപ്പൻ" എന്ന പദംകൊണ്ട് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽനിന്നും സുവിശേഷവും, ഒന്നാം ലേഖനം എഴുതിയ യോഹന്നാൻ തന്നെ രണ്ടാം ലേഖനവും എഴുതിയെന്നു വ്യക്തമാക്കുന്നു. ഇതു തന്നെ മൂന്നാം ലേകനത്തിന്റെയും ആമുഖമായിരിക്കുന്നു. "മൂപ്പൻ" എന്ന സ്വയം പരിചയപ്പെടുത്തുന്നതിൽനിന്നു ഈ ലേഖനം സ്വീകരിക്കുന്നവർക്ക് താൻ സുപരിചിതനാണ് എന്നു വ്യക്തമാണ്. തന്റെ ഔദ്യോഗിക സ്ഥാനത്തെ ചൂണ്ടിക്കാട്ടി എഴുതുന്ന ഈ ലേഖനം തന്റെ ശുശ്രൂഷയുടെ വലിപ്പത്തെയും അനുഭവത്തെയും വായനക്കാരിൽ പ്രചോദനം ഉളവാക്കാൻ കാരണമായിരുന്നു.

പാരമ്പര്യങ്ങളിലും എഴുത്തുകാരൻ യോഹന്നാൻ എന്നും, യോഹന്നാന്റെ രണ്ടാമത്തെ ലേഖന ("രണ്ടുയോഹന്നാൻ") മെന്നുമാണ് കാണുന്നത്. യോഹന്നാൻ സംബോധന ചെയ്യുന്നത് സഭയിലെ ***"തിരഞ്ഞെടുക്കപ്പെട്ട ഒരു സ്ത്രീയ്ക്കും (മാന്യ നായകിമാർക്കും) മക്കൾക്കും"*** ആണ് (1:1,4,5) എങ്കിലും ഇതു ആരെന്നു വ്യക്തമല്ല.

### എഴുതിയ കാലം:

A.D. 85-90

എഴുതിയ കാലം തീർച്ചപ്പെടുത്തുക പ്രയാസമാണെങ്കിലും ലേഖനത്തിലെ വിഷയങ്ങളും, സാഹചര്യങ്ങളും വച്ചു നോക്കുമ്പോൾ ഒന്നാം ലേഖനവും എഴുതിയ കാലയളവ് A.D. 85-90 എന്നതു അംഗീകരിക്കാവുന്നതാണ്.

### വിഷയം ഉദ്ദേശവും:

രണ്ടാം ലേഖനം യോഹന്നാൻ എഴുതിയത്, തന്റെ അനുയായികളായ വിശ്വാസികൾ അപ്പോസ്തലിക ഉപദേശത്തിലും കല്പനകളിലും നിലനില്ക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് (1:4-6); എന്തുകൊണ്ടെന്നാൽ ***"യേശു ക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകരായ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നു"*** (1:7), സത്യമാർഗ്ഗം വിട്ടു (1:9) പോകുന്നവരും അതിൽ നില്ക്കുന്നവരെ തെറ്റിക്കുന്നവരുമായവരിൽനിന്ന് സത്യവിശ്വാസികളെ ഉറപ്പിച്ചു നിർത്തുവാനാണ് യോഹന്നാൻ ശ്രമിച്ചത്. ഇതോടനുബന്ധിച്ച് രണ്ടു കാര്യങ്ങൾ കാണാം: (1) അവന്റെ വായനക്കാർ അവരുടെ പ്രതിഫലം നഷ്ടപ്പെടുത്തരുത് (1:9), (2) ദുരുപേദഷ്ടാക്കളെ സ്വന്തഭവനങ്ങളിലോ, സഭയിലോ സ്വീകരിക്കുകയോ വന്ദനം ചെയ്യുകയോ ചെയ്യാതെ അവരിൽ നിന്നും ഒഴിവായിരിക്കുക, എന്നിരുന്നാലും അവസരം ലഭിച്ചാൽ (കേൾക്കുവാൻ ആഗ്രഹിച്ചാൽ) അവരോടു സത്യ ഉപദേശം ഇന്നതെന്നു സമാധാനപരമായി സാക്ഷിക്കുക.

**രണ്ടു യോഹന്നാനിൽ ക്രിസ്തു:**

ഒന്നാം ലേഖനത്തിലെപോലെതന്നെ ഇതിലും യേശുക്രിസ്തു ജഡത്തിൽ അവതരിച്ച ദൈവമാണെന്ന് വായന ക്കാരെയും വിശ്വാസികളെയും ബോദ്ധ്യപ്പെടുത്തുകയാണ്.

**ബാഹ്യരേഖ:**

1. **വന്ദനവും വിതരണവും (1:1-3)**
2. **സത്യത്തിൽ നടക്കുന്നതിനായുള്ള പ്രശംസ (1:4)**
3. **തമ്മിൽ തമ്മിലുള്ള സ്നേഹത്തിൽ ഉടലെടുക്കുവാനുള്ള ആജ്ഞ (1:5,6)**
4. **ദുരുപദേഷ്ടാക്കൾക്കെതിരായി സൂഷ്മതയോടെ ജീവിപ്പാനുള്ള നിർദ്ദേശങ്ങൾ (1:7-11)**
5. **ഉപസംഹാരക്കുറിപ്പുകളും അവസാന വന്ദനവും (1:12,13).**

# മൂന്നു യോഹന്നാൻ
## (ക്രിസ്തു: ഏക നാമം)

### എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

ഈ ലേഖനത്തിന്റെ എഴുത്തുകാരൻ അപ്പോസ്തലനായ യോഹന്നാൻ തന്നെയാണ്. രണ്ടും മൂന്നും ലേഖനങ്ങ ളിൽ ഗ്രന്ഥകർത്താവ് സ്വയം പരിചയപ്പെടുത്തുന്നത് "മൂപ്പൻ" എന്ന പദംകൊണ്ടാണ്. അതുപോലെ രണ്ടിലും ഉപ യോഗിച്ചരിക്കുന്ന മറ്റു ചില പ്രയോഗങ്ങളും കാണുക: "സത്യത്തിൽ സ്നേഹിക്കുന്ന" (1:1) "സത്യത്തിൽ നട ക്കന്നു" (1:4).

ഇതു അപ്പോസ്തലനായ യോഹന്നാൻ "പ്രിയ ഗായോസിനു" എഴുതുന്ന ഒരു വ്യക്തിപരമായ കത്താണ് (1:1). സഭാപരമായി ഗായോസ് നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പ്രതിവിധിയാണിത്. ഗായോസിനെ സംബോധന ചെയ്യുന്ന രീതി നോക്കുമ്പോൾ യോഹന്നാൻ ശുശ്രൂഷ ചെയ്തിരുന്ന ഏഷ്യമൈനറിലെ സഭകൾക്കു അദ്ദേഹം സുവരിചി തൻ ആയിരുന്നു എന്നു വേണം മനസ്സിലാക്കുവാൻ. പുതിയ നിയമത്തിൽ ഗായോസ് എന്ന പേർ പല പ്രാവശ്യം കാണാവുന്നതാണ്. റോമർ. 16:23-ൽ കൊരിന്തിലെ ഗായോസിനെക്കുറിച്ചും അപ്പോ. പ്ര. 19:29-ൽ മക്കദോന്യക്കാ രനായ ഗായോസിനെക്കുറിച്ചും, അപ്പോ. പ്ര. 20:4-ൽ ദർബയിലെ ഗായോസിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു. എന്നാൽ ഇവർ ആരുമായും യോഹന്നാനു ബന്ധമുള്ളതായി പറഞ്ഞിട്ടില്ല.

### എഴുതിയ കാലം.

A.D. 85-90

എഴുതിയ കാലം നോക്കുമ്പോഴും ലേഖനങ്ങൾ തമ്മിൽ യോജിപ്പുണ്ട്. ഇതും A.D.85-90 കാലത്ത് എഴുതിയതാ ണ്.

### വിഷയവും ഉദ്ദേശവും:

ആഥിത്യ മര്യാദകളെക്കുറിച്ചും, സഞ്ചാര മിഷ്യനറിമാർക്കും പരദേശികൾക്കുമുള്ള സഹായങ്ങളെക്കുറിച്ചുമാണ് ഗായോസിനു എഴുതുന്നത്. എന്നിരുന്നാലും വിഷയം കേന്ദ്രീകരിച്ചിരിക്കുന്നത്, അപ്പോസ്തലന്റെ ഉപദേശങ്ങളെയും തന്നാൽ നിയമിതനായിരിക്കുന്ന ഗായോസിന്റെ ശുശ്രൂഷയും ത്യജിച്ച് സത്യത്തിൽ നടക്കാതെ സഭയിൽ വലിയ വനാകാൻ സ്വയം ശ്രമിച്ച ദിയോത്രെഫോസു മൂലമുള്ള പ്രശ്നത്തിലാണ് (1:9).

ഈ ലേഖനത്തിൽ പ്രധാനമായ പല ഉദ്ദേശങ്ങളും വെളിപ്പെടുത്തിയിട്ടുണ്ട്: (1) ഗയോസിനുള്ള ആജ്ഞ (1:1-6 a),

(2) യോഹന്നാൻ അയച്ച ശുശ്രൂഷകരെ ഗായോസ് സല്ക്കരിച്ചതിനു നന്ദിപറയുന്നതിനോടൊപ്പം യോഗ്യരായ സുവിശേഷ വേലക്കാരെ സഹായിക്കുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു ( 1:6 b-8), (3) സ്വാർത്ഥസ്വഭാവിയായ ദിയോത്രെഫേസിനെ ശാസിക്കുവാൻ ഉപദേശിക്കുന്നു (1:9-11), (4) ദെമേത്രിയോസിനെ ഉത്സാഹിപ്പക്കണം (1:12), (5) അവിടെയുള്ള വിശ്വാസികളെ സന്ദർശിച്ച് അവരുടെ പ്രയാസങ്ങൾക്കു പരിഹാരം വരുത്തുവാൻ യോഹന്നാനുള്ള ആഗ്രഹം ഗായോസിനെ അറിയിക്കുന്നു (1:10 a,13-14).

### മൂന്നു യോഹന്നാനിലെ ക്രിസ്തു:

യേശുക്രിസ്തുവിന്റെ നാമം തെളിവായി ഉച്ചരിക്കപ്പെട്ടിട്ടില്ലെങ്കിലും സൂചനകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ***തിരുനാമം നിമിത്തമല്ലോ*** (1:8) എന്നതു കാണുക. ഇതു തെളിവായി യേശുക്രിസ്തുവിന്റെ ശുശ്രൂഷയെ കുറിച്ചാണ് (അപ്പോ. പ്ര. 5: 40,41). ഇവിടെ 5:41-ൽ ഗ്രീക്കു ഗ്രാമറിന്റെ ഘടനയാണ് തെളിവാകുന്നത്. ഇതിനു തുല്യമായ പൗലോസിന്റ മറ്റൊരു പ്രയോഗം റോമ. 1:5-ലും, യോഹന്നാന്റേതായി 1 യോഹ 2:12-ലും ***"നിങ്ങൾക്ക് അവന്റെ നാമം നിമിത്തം പാപങ്ങൾ മോചിച്ചിരിക്കയാൽ"*** എന്നും, യോഹന്നാന്റെ സുവിശേഷം 1:12,3:18 എന്നിവിടങ്ങളിൽ ***"അവന്റെ (യേശുവിന്റെ) നാമത്തിൽ"*** എന്നും കാണാവുന്നതാണ്.

### ബാഹ്യരേഖ:

**1. വന്ദനം അഥവാ ആമുഖം (1:1)**

**2. ഗായോസിനെ കുറിച്ചുള്ള പ്രശംസ (1:2-8)**
- A. അവന്റെ ഭക്തി (ദൈവഭയം) (1: 2-4)
- B. അവന്റെ ഔദാര്യം (1: 5-8)

**3. ദിയോത്രെഫേസിനുള്ള ശിക്ഷാവിധിയുടെ അഭിപ്രായം ( 1:9-11)**
- A. അവന്റെ സ്വാർത്ഥപരമായ ആഗ്രഹം (1:9)
- B. അവന്റെ സ്വാർത്ഥ പ്രവർത്തനം (1: 10-11)

**4. ദെമേത്രിഫോസിനെക്കുറിച്ചുള്ള പ്രശംസ (1:12)**

**5. ഉപസംഹാരക്കുറിപ്പുകൾ (1:13-14).**

# യൂദാ
## (ക്രിസ്തു : മനുഷ്യർക്കായുള്ള സുരക്ഷിതത്വം)

ഗ്രന്ഥകർത്താവ് യൂദാ എന്ന പേരിലാണ് സ്വയം പരിചയപ്പെടുത്തുന്നത് (1:1), ഗ്രീക്കു ഭാഷയിൽ യൂദാസ് എന്നാണ്, എന്നാൽ പാരമ്പര്യമനുസരിച്ച് യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിൽനിന്ന് ഗ്രന്ഥകാരനെ വേർതിരിച്ചു കാണിക്കുവാനായിട്ടാണ് ഇംഗ്ലീഷ് പരിഭാഷയിൽ യൂദാ എന്ന പേരു മാത്രം നല്കിയത്. എഴുത്തുകാരൻ യേശു ക്രിസ്തുവിന്റ ദാസനും, യാക്കോബിന്റെ സഹോദരനും ആകുന്നുവെന്നും 1:1-ൽ പറഞ്ഞിരിക്കുന്നു. യഥാർത്ഥത്തിൽ ഇദ്ദേഹം യേശുക്രിസ്തുവിന്റ അർദ്ധസഹോദരനാണ് (മത്ത.13:55; മത്ത: 6:3).

താഴെകൊടുക്കുന്ന വിവരണം ഇതിനു സഹായകമാണ്:

> ''യാക്കോബും,യൂദായും പൂർണ്ണ സഹോദരന്മാരും (യൗസേഫിന്റെയും മറിയയുടെയും മക്കൾ) യേശുക്രിസ്തുവിന്റെ ജനനം മാനുഷികബന്ധത്തിൽ അല്ലെങ്കിലും മറിയയിൽ ജന്മമെടുത്തതിനാൽ യൂദായ്ക്ക് അവൻ അർദ്ധ സഹോദരനുമാണ്. യൂദാ എന്നുള്ളത് ഒരു സാധാരണപേരും ആദ്യനൂറ്റാണ്ടിൽ കർത്താവിന്റെ ശിഷ്യൻമാരിൽ തന്നെ ഒന്നിൽ കൂടുതൽ പേർ ഈ പേര് നിലനിർത്തിയതിനാലും, ഒറ്റുകാരനായ യൂദായിൽ നിന്ന് തന്നെ വേർതിരിച്ചു കാണിക്കുന്നതിനും വേണ്ടിയാണ് യാക്കോബിന്റെ സഹോദരൻ എന്നുകൂട്ടി ചേർത്തത്." 96

എല്ലാ ക്രിസ്ത്യാനികൾക്കും വേണ്ടിയാണ് യൂദാ തന്റെ ലേഖനം എഴുതിയിരിക്കുന്നത്. ഒരു പ്രത്യേക വിഭാഗത്തെ കൂട്ടാതെ ***"പിതാവായ ദൈവത്തിൽ സ്നേഹിക്കപ്പെടും, യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്നവനായി വിളിക്കപ്പെട്ടവർക്ക്"*** (1:1), എന്നാണ് സംബോധന ചെയ്തിരിക്കുന്നത്. തുടർന്ന് താനവരെ "പ്രിയരെ" എന്നും (1:3) വിളിച്ചിരിക്കുന്നു.

### എഴുതിയ കാലം:

A.D. 70 - 80

ഇതിലെ വിഷയം 2 പത്രോസിലെ വിഷയവുമായി സാമ്യമുള്ളതാണ്. പ്രധാന വ്യത്യാസമായി കാണുന്നത്, പത്രോസ് ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങളക്കുറിച്ച് "ദുരുപദേഷ്ടക്കാർ വരും" (2:1) എന്നുപറയുമ്പോൾ, യൂദ യാകട്ടെ അവരുടെ ഇടയിലേയ്ക്ക് നുഴഞ്ഞുകയറിയിരിക്കുന്ന ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചാണ് (1:4) സംസാരിക്കുന്നത്. ഒന്നു വർത്തമാനകാലത്തെയും മറ്റെതു ഭാവികാലത്തേയും സംഭവങ്ങളെ ചൂണ്ടിക്കാണിക്കുക യായിരുന്നു. ഇതിൽ നിന്നു 2 പ്രത്രോസിന്റെ ശേഷമാണ് യൂദാ എഴുതിയതെന്നു മനസ്സിലാകുന്നു. 2 പത്രോസ് A.D. 67-68ൽ എഴുതിയെങ്കിൽ, യൂദായുടെ ലേഖനം A.D. 70–80 കാലത്താണ് എഴുതിയത്.

### വിഷയവും ഉദ്ദേശവും:

നമ്മുടെ രക്ഷയെക്കുറിച്ച് എഴുതുവാൻ ആഗ്രഹിച്ച യൂദാ അതു വിട്ടിട്ട് ഗ്നോസ്റ്റിക്ക് (ജ്ഞാനമതം) കളായ ദുരുപദേശകരുടെ നുഴഞ്ഞുകയറ്റം മുലം സഭ്യവികാസത്തിനു എതിരായി ഉയരുന്ന വെല്ലുവിളികളെ ചെറുത്ത സഭ ധൈര്യത്തോടെ മുന്നേറുവാനും വിശ്വാസം കാത്തു സൂക്ഷിക്കുവാനുമുള്ള പ്രോത്സാഹനം നല്കുകയായിരുന്നു. ഭൗതീകമായവയെല്ലാം പാപമയവും, ആത്മീയജ്ഞാനം നല്കുന്നത് മാത്രം നല്ലതെന്നുമായിരുന്നു ഗ്നോസ്റ്റി ക്കുകളുടെ വിചാരം. 97

ഈ ചിന്താഗതിമൂലം ആത്മീയവളർച്ചക്കുവേണ്ടി ശ്രമിക്കുമ്പോൾ തന്നെ ശരീരത്തിനു നിയന്ത്രണമില്ലാതെ പലവിധമായ നിയമ ലംഘനങ്ങളിലും ചെന്നുപെടുവാൻ ഇടയായി. ലേഖനത്തിന്റെ രണ്ടു പ്രധാന ഉപദേശങ്ങൾ ഇതിൽ നിന്ന് ഉരിത്തിരിവാൻ മാർഗ്ഗമായി: (1) അസന്മാർഗ്ഗികളായവർ സഭയേയും, വിശ്വാസികളെയും വഷളാക്കുവാൻ നടത്തുന്ന ശ്രമത്തെ ശാസിച്ചു; (2) വിശുദ്ധന്മാർക്ക് (സഭക്കു) ഒരിക്കലായിട്ടു ഭാരമേല്പിക്കപ്പെട്ടിരിക്കുന്ന അപ്പോസ്തോലിക വിശ്വാസത്തിൽ വളരുവാനും അതിനായി പോരാടുവാനും വിശ്വാസികൾക്ക് ആലോചന നല്കി.

### യൂദായുടെ ലേഖനത്തിൽ ക്രിസ്തു:

ഒരു വിശ്വാസിക്കു ക്രിസ്തുവിലുള്ള ഭദ്രതയും (1:24) നിത്യജീവനും (1:21) ക്രിസ്തുവിന്റ മടങ്ങിവരവിന്റെ നിശ്ചയവും (1:21), പിതൃ സന്നിധിയിലേക്കുള്ള ക്രിസ്തുമൂലം ലഭിച്ചിരിക്കുന്ന പ്രവേശനും (1:25) ആണ് യൂദാ എടുത്തുപറയുന്നത്.

### ബാഹ്യരേഖ:

1. **വന്ദനവും, ഉദ്ദേശവും (1:1–4)**
2. **ദുരുപദേഷ്ടക്കൻമാരുടെ ദുരുപദേശങ്ങളെ തുറന്നു കാട്ടി വിവരിക്കുന്നു ( 1:5–16)**
   A. അവരുട മുൻ ശിക്ഷാവിധി (1:5–7)
   B. അവരുടെ വർത്തമാനകാല സ്വാഭാവം (1:8–13)
   C. അവരുടെ ഭാവിശിക്ഷാവിധി (1:14–16)
3. **കരുതൽ നടപടികൾക്കായി വിശ്വാസികളെ പ്രബോധിപ്പിക്കുന്നു (1:17–23)**
4. **ആശീർവാദം (1:24,25).**

## ഭാഗം 4

# പ്രവചന പുസ്തകം

# വെളിപ്പാട്
## ക്രിസ്തു : മടങ്ങി വരുന്നവൻ)

**മുഖവുര:**

മുനുഷ്യർക്കുവേണ്ടി ദൈവം നല്കിയ വേദപുസ്തക വെളിപ്പാടുകൾ ഈ അവസാന പുസ്തകം കൊണ്ട് പൂർത്തിയാക്കപ്പെടുകയാണ്. ഉല്പത്തി പുസ്തകം ബൈബിളിന്റെ ആരംഭ ഗ്രന്ഥമായിരിക്കുന്നതുപോലെ വെളിപ്പാടു പുസ്തകം ബൈബിളിന്റെ അന്തിമ ഗ്രന്ഥമായിരിക്കുന്നു. ഭാവികാല (അന്ത്യകാല) സംഭവങ്ങളെയും ക്രിസ്തുവിന്റെ മടങ്ങിവരവ്, അവന്റെ ഭരണം, നിത്യമായ വാസം എന്നീ കാര്യങ്ങളെ സവിസ്തരം വിവരിച്ചിരിക്കുന്നു. വേദപുസ്തകത്തിൽ കൂടെ സഞ്ചരിക്കുന്ന ഒരാൾക്ക് അതിപ്രധാനമായ പലവിഷയങ്ങളെയാണ് മനസ്സിലാക്കുവാൻ കഴിയുന്നത്: ആകാശവും,ഭൂമിയും പാപം അതിന്റെ ശാപം, ദു:ഖം, മനുഷ്യനും, രക്ഷയും, സാത്താൻ അവന്റെ സിദ്ധിയും അന്തിമ ശിക്ഷയും, ഇസ്രായേലിന്റെ തിരഞ്ഞെടുപ്പും, അനുഗ്രഹങ്ങളും ശിക്ഷണ രീതികളും; ലോകരാഷ്ട്രങ്ങൾ; ബാബിലോണും ബാബിലോണ്യമതവും ഭരണകൂടവും. എന്നിവയിൽ ചിലതാണ്. എല്ലാ വിഷയങ്ങളുടെയും സമ്പൂർണ്ണത വെളിപ്പാട് പുസ്തകത്തിലാണ് നല്കിയിരിക്കുന്നത്. സുവിശേഷവും, ലേഖനങ്ങളും ഈ വിഷയങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ടെങ്കിലും വെളിപാടു പുസ്തകത്തിലാണ് പൂർണ്ണമായ വിശദീകരണം നല്കിയിരിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന ചാർട്ട് ഇത് മനസ്സിലാക്കാൻ സഹായകമാണ്:

**വെളിപ്പാട്: തിരുവെഴുത്തുകളുടെ നിവൃത്തി**

| ഉല്പത്തിമുതൽ പഴയ പുതിയ നിയമങ്ങളിലൂടെ | |
|---|---|
| സ്വർഗ്ഗവും നരകവും → | വെളിപ്പാടു പുസ്തകം |
| മനുഷ്യൻ -സൃഷ്ടിപ്പ്, വീഴ്ച, രക്ഷ → | |
| പാപം - കാരണം, ശാപം, സങ്കടം → | |
| സാത്താൻ - സ്വാഭാവം, വീഴ്ചയും, നാശവും → | |
| രാഷ്ട്രങ്ങൾ - അനുസരണക്കേട്, മതങ്ങൾ → | |
| യിസ്രായേൽ - തെരഞ്ഞെടുപ്പ്, അനുഗ്രഹം, ശിക്ഷണം → | |
| വാഗ്ദത്ത മശിഹാ - വേല, ഭരണം → | |
| രാജ്യം - വാഗ്ദത്തങ്ങൾ, വിവിധ പരിപാടിയും. → | |

## എഴുത്തുകാരനും പുസ്തകത്തിന്റെ പേരും:

പുസ്തകത്തിൽ നിന്നുതന്നെ എഴുത്തുകാരൻ യോഹന്നാൻ ആണെന്നു മനസ്സിലാക്കാം (1:4,9; 22:8). ഇദ്ദേഹം അപ്പോസ്തലനും, പ്രവാചകനും (22: 9) നേതാവും ഏഷ്യാമൈനറിലുള്ള എല്ലാ സഭകൾക്കും സുപരിചിതനും (അവർക്കായിട്ടാണ് ഇതെഴുതിയത്) ആയിരുന്നു (1:4).

പാരമ്പര്യമനുസരിച്ച് അപ്പോസ്തോലനായ യോഹന്നാൻ എന്നാണ് അറിയപ്പെട്ടിരുന്നത്. ഇദ്ദേഹം യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവൻ ആയിരുന്നു. വെളിപാടു പുസ്തകത്തിന്റെ ലേഖനശൈലി യോഹന്നാന്റെ സുവിശേഷത്തിൽ നിന്നും വ്യത്യസ്ഥമാണ്. ഈ പുസ്തകം പ്രവചന സ്വഭാവമുള്ളതാണ്.

## എഴുതിയ കാലം:

A.D. 96.

റോമിൽ ഡൊമീഷ്യൻ ചക്രവർത്തിയുടെ ഭരണകാലം A.D. 81-96-വരെ ആയിരുന്നു. ഈ കാലഘട്ടത്തിൽ പത്മോസിൽ ഇരുന്നാണ് യോഹന്നാൻ ഇതെഴുതിയതെന്നാണ് ഐറേനിയസ് പറയുന്നത്. അലക്സാൻഡ്രിയയിലെ ക്ലെമന്തും, യൂസീബിയസും മറ്റു വിശ്വാസികളായ വേദപണ്ഡിതരും ഈ അഭിപ്രായത്തെ ശരിവെയ്ക്കുന്നു. അങ്ങനെയെങ്കിൽ സുവിശേഷവും മറ്റു മൂന്നുലേഖനങ്ങളും എഴുതിയ യോഹന്നാൻ തന്നെയാണ് A.D.96-ൽ ഈ വെളിപ്പാടു പുസ്തകവും എഴുതിയത്.

## വിഷയവും ഉദ്ദേശവും:

ഈ പുസ്തകത്തിൽ പ്രധാനമായി ദുഷ്ടതയുടെ വ്യക്തിഭാവവും അതിന് സാത്താൻ നല്കുന്ന ഉത്തേജനവും ചേർന്നപ്പോൾ ഉണ്ടാകുന്ന ആഗോളമായ പൈശാചിക സാമ്രാജ്യം ക്രിസ്തുവിനും ദൈവജനങ്ങൾക്കുമെതിരായി പോരാടുന്നതും എന്നാൽ യേശുക്രിസ്തു അതിനെ പരാജയപ്പെടുത്തിയ ശേഷം നീതിയുടേയും സമാധാനത്തിന്റേതുമായ തന്റെ സാമ്രാജ്യം ആയിരം ആണ്ടേക്ക് (മില്ലേനിയം അഥവാ സഹസ്രാബ്ദം) സ്ഥാപിക്കുന്നതും അതു തുടർന്ന് ആരംഭിക്കുന്ന അനന്തര സംഭവങ്ങളുമാണ് വിഷയം (വെളി. 20).

വായിക്കുന്നവനും കേൾവിക്കാർക്കും ഈ പുസ്തകം ഒരു പോലെ അനുഗ്രഹം നല്കുന്നു (1:3). സാമ്രാജ്യശക്തിയുടെ പ്രകൃതവും, പ്രഭാവവും ഈ ലോകത്തിൽ എത്രയധികം വർദ്ധിച്ചുവെന്ന് യോഹന്നാന് ദർശനത്തിൽ വെളിപ്പെട്ടു. ദാവീദിന്റെ വേരും, യഹൂദാ ഗോത്രത്തിന്റെ സിംഹവുമായി ചിത്രീകരിച്ചിരിക്കുന്നത് ദൈവത്തിന്റെ വിശുദ്ധിയുടെ മുമ്പിൽ തിന്മയ്ക്കുള്ള ന്യായവിധി എത്രപൂർണ്ണവും മാറ്റമില്ലാത്തതാകുന്നു എന്നു കാണിക്കുന്നതിനാകുന്നു. എന്നാൽ അതേ സിംഹത്തെ അറുക്കപ്പെട്ട കുഞ്ഞാടായും ചിത്രീകരിച്ചിട്ടുണ്ട്. ഇത് ദൈവം തന്റെ സ്നേഹത്തിൽ മനുഷ്യവർഗ്ഗത്തിന്റെ മോചനത്തിനായി യേശു ക്രസ്തുവിൽ കൂടി നിർവചിച്ച പാപപരിഹാരമാർഗ്ഗത്തെയാണ് വെളിവാക്കുന്നത്.

പ്രത്യേക കർത്തവ്യ നിർവ്വഹണത്തിലൂടെ പ്രധാനികളായി തീർന്ന വ്യക്തികൾ അഥവാ ആളുകൾ ഈ പുസ്തകത്തിലുണ്ട്. ഒരർത്ഥത്തിൽ ഒന്നാമതായി വരുന്നത് യേശുക്രിസ്തു തന്നെയാണ്. അടുത്തത് ഗ്രന്ഥകർത്താവായ യോഹന്നാനാണ്. പിന്നീട് രണ്ടു സാക്ഷികൾ, കള്ളപ്രവാചകൻ സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗം, കർത്താവിനോടു കൂടെ മടങ്ങിവരുന്ന മണവാട്ടി എന്നിങ്ങനെയാണ് ആ ലിസ്റ്റ്.

## വെളിപ്പാടു പുസ്തകത്തിലെ ക്രിസ്തു:

വെളിപ്പാടു പുസ്തകം യേശുക്രിസ്തുവിന്റെ വെളിപ്പാടാണ് അവന്റെ മഹത്വം, ജ്ഞാനം, ശക്തി (1:1-20), സഭയുടെ മേലുള്ള അവന്റെ അധികാരം (2:1-3:22), ലോകത്തെ നീതിയിൽ ന്യായം വിധിക്കാനുള്ള അവന്റെ ശക്തി (5:1-19:21), എന്നിവ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ വെളിപ്പാട് എന്ന നിലയിൽ വിവിധ പേരുകൾ നല്കപ്പെട്ടിരിക്കുന്നു. പ്രധാനമായി വരുന്നത് യേശുക്രിസ്തു (1:1), വിശ്വസ്ത സാക്ഷി, മരിച്ചവരിൽനിന്ന് ആദ്യജാതൻ, ഭൂരാജാക്കന്മാരുടെ മേൽ ആധിപത്യം നടത്തുന്നവൻ, (1:5), ആദിയും അന്തവും (1:17), ജീവിക്കുന്നവൻ (1:18), ദൈവപുത്രൻ (2:18), വിശുദ്ധനും സത്യവാനും (3:7), ആമേൻ, വിശ്വസ്തനും സത്യവാനുമായ സാക്ഷി, ദൈവസൃഷ്ടിയുടെ ആരംഭം (3:14), യഹൂദസമ്രാജ്യത്തിന്റെ സിംഹം, ദാവീദിന്റെ വേര് (5:5), കുഞ്ഞാട് (5:6), വിശ്വസ്ഥനും സത്യവാനും (19:11), ദൈവവചനം (19:13), രാജാധിരാജാവും കർത്താധി കർത്താവും (19:16), അല്ഫയും ഒമേഗയും (22:13), ശുഭമായ ഉദയ നക്ഷത്രം (22:16) കർത്താവായ യേശു ക്രിസ്തു (22:21).

**ബാഹ്യ രേഖ:**

1. **ഉപക്രമ പ്രസംഗം (1:1–8)**

2. **കഴിഞ്ഞ കാര്യങ്ങൾ (1:9–20)**

3. **ഇപ്പോഴുള്ളത് (2–3)**
   - A. എഫേസോസ് സഭക്കുള്ള ദൂത് (2:1–7)
   - B. സ്മർന്നയിലെ സഭയ്ക്കുള്ള ദൂത് (2:8–11)
   - C. പെർഗ്ഗമാസിലെ സഭയ്ക്കുള്ള ദൂത് (2:12–17)
   - D. തൂയത്തയിര സഭക്കുള്ള ദൂത് (2:18–29)
   - E. സർദ്ദീസിലെ സഭക്കുള്ള ദൂത് (3:1–6)
   - F. ഫിലദെൽഫിയ സഭയ്ക്കുള്ള ദൂത് (3:7–13)
   - G. ലവൊദിക്യ സഭയ്ക്കുള്ള ദൂത് (3:14–22)

4. **വരുവാനുള്ളകാര്യങ്ങൾ (4:1–22;5)**
   - A. മഹോപദ്രവ കാലം (4:1–19:21)
     - 1) സ്വർഗ്ഗത്തിലെ സിംഹാസനം (4:1–11)
     - 2) ഏഴു മുദ്രകളുള്ള പുസ്തകവും, സിംഹവും കുഞ്ഞാടും ആയിരിക്കുന്ന വ്യക്തിയും (5:1–14)
     - 3) ന്യായവിധിയുടെ അടയാളങ്ങൾ (6:1–17)
     - 4) ഉപനാടകം, മഹോപദ്രവകാലത്ത് വീണ്ടെടുക്കപ്പെട്ടവർ (7:1–17)
     - 5) ആദ്യത്തെ നാലു ന്യായവിധി കാഹളങ്ങൾ (8:1–13)
     - 6) അഞ്ചാമത്തെയും ആറാമത്തെയും കാഹളങ്ങൾ, ആദ്യത്തെ നാലു ഇഷ്ടങ്ങളും (9:1–20)
     - 7) ചെറിയ പുസ്തകവും ദൂതനും (10:1–11)
     - 8) ദേവാലയം, രണ്ടു സാക്ഷികൾ, ഏഴാമത്തെ കാഹളം (11:1–19)
     - 9) ദൂതന്മാർക്കിടയിലുണ്ടായ കലഹം (12:1–17)
     - 10) മൃഗവും കള്ള പ്രവാചകനും (13:1–18)
     - 11) പ്രത്യേക പരസ്യം (14:1–20)
     - 12) അവസാനത്തെ ഏഴുബാധകൾക്കായുള്ള ആമുഖം (15:1–8)
     - 13) ന്യായവിധിയുടെ ക്രോധ കലശം (16:1–21)
     - 14) ബാബിലോണ്യ മതത്തിൻ മേലുള്ള ന്യായവിധി (17:1–18)
     - 15) വ്യാപാര ബാബിലോണിന്മേലുള്ള ന്യായവിധി (18:1–24)
     - 16) ക്രിസ്തുവിന്റെ രണ്ടാം വരവ് (19:1–21)
   - B. ക്രിസ്തുവിന്റെ ഭരണം (സഹസ്രാബ്ദം) വെള്ളസിംഹാസനവും (20:1–15)
     - 1) സാത്താൻ ബന്ധിതനാകുന്നു (20:1–3)
     - 2) വിശുദ്ധന്മാരുടെ ഉയിർപ്പ് (20:4–6)
     - 3) പാപികളുടെ മത്സരം (20:7–9)
     - 4) സാത്താന്റെ നാശം (20:10)
     - 5) പാപികൾ ന്യായം വിധിക്കപ്പെടുന്നു (20:11–15)
   - C. നിത്യതയുടെ അവസ്ഥ (21:1–22:5)
     - 1) പുതിയ യറുശലേം താഴേക്കു വരുന്നു (21:1–8)
     - 2) പുതിയ യറുശലേമിന്റെ വിവരണം (21:9–27)
     - 3) പുതിയ യറുശലേമിലെ സന്തോഷം (22:1–5)
   - D. ഉപസംഹാരം (22:6–21).

## അദ്ധ്യായം 4

# വ്യാഖ്യാനത്തിനായുള്ള അടിസ്ഥാന പ്രമാണങ്ങൾ

# ആമുഖം

അദ്ധ്യായം നാലിന്റെ ഉദ്ദേശം പഠിതാവിന് വ്യാഖ്യാനത്തിനാവശ്യമായ നാലു അടിസ്ഥാന നിയമങ്ങളും പതിനഞ്ച് മൗലിക തത്വങ്ങളും മനസ്സിലാക്കികെടുക്കുക എന്നതാണ്. ഇവിടെ നിയമം എന്നാൽ ദൈവവചന പഠനത്തിനായി ഒരു മാറ്റമില്ലാത്ത മർഗ്ഗദർശനം നല്കുക എന്നർത്ഥമാണ്. ഒരു തത്വം എന്നാൽ ഒരു നിയമത്തിന്റെ ഉപയോഗത്തിൽ പ്രധാന ഘടകമായിരിക്കുക എന്നാണർത്ഥം. എന്നാൽ അത് എല്ലായിപ്പോഴും അങ്ങനെ പ്രയോഗിക്കണമെങ്കിലും മുമ്പോട്ടുള്ള പഠനത്തിൽ തത്വങ്ങളുടെ വിവിധ പ്രയോഗങ്ങൾ നമുക്കു മനസ്സിലാക്കുവാൻ കഴിയും.

ദൈവവചനത്തിന്റെ ശരിയായ വ്യാഖ്യാനമെന്നത് ജീവിതകാലം മുഴുവൻ നില്ക്കുന്ന ഒരു നിഷ്ഠയാകണം. ആരെങ്കിലും എഴുന്നേറ്റുനിന്ന് ബൈബിൾ തുറക്കുകയും ഏതാനും മിനിറ്റുകൾക്കുള്ളിൽ അതിലെ ഓരോഭാഗങ്ങളുടെയും അർത്ഥം മനസ്സിലാക്കുവാൻ തക്കവിധം യാതൊരു ഫോർമുലയായും (സൂത്രവാക്യം) ഇല്ല. സത്യാന്വേഷകനായ പഠിതാവിന് ഇച്ഛാഭംഗത്തിന് യാതൊരു ഇടവും ഇതിലില്ല. നമ്മുടെ സ്വന്തബുദ്ധിവിട്ടിട്ട് പരിശുദ്ധാത്മാവിൽ ആശ്രയിക്കേണ്ടതിനായി ചില വിഷമതയുള്ള കാര്യങ്ങളും ദൈവം തിരുവെഴുത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (1 കൊരി. 13:12).

തിരുവെഴുത്തുകളെ വ്യാഖ്യാനിക്കേണ്ടതിന് എന്തെങ്കിലും പ്രത്യേക സൂത്രവാക്യം ഉപയോഗിക്കാമായിരുന്നെങ്കിൽ ഏത് അവിശ്വാസിക്കും അതിൻപ്രകാരം വ്യാഖ്യാനം നടത്തുവാൻ കഴിയണം. എന്നാൽ ദൈവനിശ്ചയം അവനെ പിൻപറ്റുന്നവർ ആത്മീക വർദ്ധനവിനായി അവനെ അന്വേഷിക്കുകയും തിരുവെഴുത്തുകളെ അഭ്യസിക്കുകയും വേണമെന്നായിരുന്നു (2 തിമൊ. 2:15), ആകയാൽ ഇവിടെ തന്നിരിക്കുന്ന നിയമങ്ങളും (ചട്ടങ്ങൾ) തത്വങ്ങളും സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവിൽ ആശ്രയിച്ചുകൊണ്ട് പ്രായോഗികമാക്കുക (യോഹ. 16:13).

നാം പഠിക്കാൻ പോകുന്ന നിയമങ്ങളുടെ സംക്ഷേപം നോക്കുക:

### നിയമം ഒന്ന്: തിരുവെഴുത്തുകളെ പരിശോധിച്ച് ദൈവത്തെയും (യാഥാർത്ഥ്യം) ക്രിസ്തുവിനെയുംകുറിച്ചുള്ള നിജസ്ഥിതി കണ്ടെത്തുവാനുള്ള അന്വേഷണം

A. തത്വം ഒന്ന്: ദൈവ സത്തയെ പഠിക്കുക
B. തത്വം രണ്ട്: ക്രിസ്തു വെളിപ്പെടുത്തയ വഴി അന്വേഷിക്കുക.

### നിയമം രണ്ട്: നമ്മെ നയിക്കുവാൻ മതിയായ വേദഭാഗം ഉപയോഗിച്ച് യാഥാർത്ഥ്യം മനസ്സിലാക്കുവാനുള്ള അന്വേഷണം

A. തത്വം മൂന്ന്: വെളിപ്പാട് പുരോഗമനോത്സുകമെന്നു ഗ്രഹിക്കുക
B. തത്വം നാല്: അക്ഷരാർത്ഥമായി (പദാനുപദമായി) വ്യാഖ്യാനിക്കുക
C. തത്വം അഞ്ച്: പ്രത്യേകമായവയെ വിചിന്തനം ചെയ്യുക
D. തത്വം ആറ്: പ്രാഥമിക ഭാഗം പഠിക്കുക
E. തത്വം ഏഴ്: മാനുഷിക ഇച്ഛയെ തിരിച്ചറിയുക
F. തത്വം എട്ട്: ഉടമ്പടികളെ ഓർക്കുക

### നിയമം മൂന്ന്: തിരുവെഴുത്തുകളെ തിരുവെഴുത്തുകളുമായി താരതമ്യപഠനം നടത്തുവാനുള്ള

### ജ്ഞാനത്തിനായി അന്വേഷിക്കുക

A. തത്വം ഒൻപത്: വ്യത്യാസങ്ങൾക്കായി നോക്കുക
B. തത്വം പത്ത്: സന്ദർഭത്തെ മനസ്സിലാക്കുക
C. തത്വം പതിനൊന്ന്: താരതമ്യ വ്യാഖ്യാനം ചെയ്യുക
D. തത്വം പന്ത്രണ്ട്: ഐക്യതയെ അന്വേഷിക്കുക
E. തത്വം പതിമൂന്ന്: യുഗങ്ങളെ പരിഗണിക്കുക
F. തത്വം പതിന്നാല്: പ്രവചനങ്ങളെ സൂക്ഷിക്കുക

### നിയമം നാല്: ദൈവത്തിനനുസരണമായ ക്രിസ്തീയ ജീവിതം നയിക്കുവനായുള്ള അന്വേഷണം

A. തത്വം പതിനഞ്ച്: യുക്തമായ വ്യാഖ്യാനത്തിനായുള്ള യുക്തമായ പ്രയോഗരീതി
B. യുക്തമായ പ്രയോഗത്തിനായുള്ള അഞ്ചു ചുവടുകൾ
C. യുക്തമായ വ്യാഖ്യാനത്തിനുള്ള ആറു തടസ്സങ്ങൾ
D. പ്രയോഗത്തെ പരാജയപ്പെടുത്തുന്ന എട്ടുവഴികൾ.

## ഭാഗം 1

# നിയമം ഒന്ന്

## നിയമം (ചട്ടം) ഒന്ന്: തിരുവെഴുത്തുകളെ പരിശോധിച്ച് ദൈവത്തെയും ക്രിസ്തുവിനെയും കുറിച്ചുള്ള യാഥാർത്ഥ്യം (നിജസ്ഥിതി) കണ്ടെത്തുവാനുള്ള അന്വേഷണം.

ഈ നിയമം ദൈവസത്തയുടെ (സാരാംശം) അടിസ്ഥാന സ്വഭാവം, ഗുണവിശേഷം എന്നിവ വേർതിരിച്ചറിഞ്ഞ് ശരിയായ വ്യാഖ്യാനം നടത്തുവാൻ സഹായിക്കുന്നു. അതിന്റെ സത്ത അഥവാ സാരാംശം കൂട്ടിക്കലർത്തപ്പെട്ടതോ (അനുരഞ്ജന വിധേയമോ) അതിൽ തന്നെ ചേർച്ചയില്ലാത്തതോ (വൈരുദ്ധ്യമായതോ) അല്ല. ദൈവസ്വഭാവത്തിന്റെ അത്ഭുതാവഹമായ സ്ഥിതിയെ കൂടുതലായി ഗ്രഹിച്ച് അംഗീകരിക്കുവാനും (ഫിലി. 3:10) കൂടുതൽ പരിജ്ഞാനത്തോടെ അവന് എന്താണ് പറയുവാനുള്ളത് എന്നു മനസ്സിലാക്കുവാനും ഈ നിയമം സഹായകമാണ്.

ദൈവിക സത്തയുടെ യാഥാർത്ഥ്യം എന്നാൽ പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും സാരാംശം ഒന്നാകുന്നു എന്നത്രേ. ഇതിനെയാണ് വേദപുസ്തകം ത്രിത്വം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. മറ്റൊരു പ്രകാരത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നത് ഒരു ദൈവത്തിന്റെ മൂന്നുവിധ പ്രത്യക്ഷതകൾ ആകുന്നു. അടിസ്ഥാനപരമായി മൂന്നുപേർക്കും അവരുടേതായ പ്രത്യേക കർമ്മപരിപാടികൾ ഉണ്ട്. പിതാവാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത് (അപ്പൊ. പ്ര. 2:23). പുത്രൻ അത് നിർവ്വഹിക്കുന്നു (യോഹ. 5:36). പരിശുദ്ധാത്മാവ് അതിനെ വെളിപ്പെടുത്തുന്നു. (യോഹ. 16:13) നാം ത്രിത്വത്തെ കുറിച്ചു പഠിക്കുമ്പോൾ അതിനെ വിഭജിക്കുവാൻ ശ്രമിക്കരുത്. ദൈവം ഒരുവനേയുള്ളു. (ആവ. 6:4) പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നത് ആ ദൈവത്തിന്റെ പ്രവർത്തന സ്വഭാവങ്ങളാകയാൽ അവ മൂന്നും ഒന്നു തന്നെയാണ്.

പിന്നാലെ കൂടുതൽ വിശദമായി ത്രിത്വത്തെക്കുറിച്ചു പഠിക്കാം.

### A. **തത്വം ഒന്ന്: ദൈവസത്ത (സാരാംശം)യെക്കുറിച്ചുള്ള പഠനം.**

ദൈവത്തിൽ അധിഷ്ഠിതമായിരിക്കുന്ന പത്തു ഗുണവിശേഷങ്ങൾ. ഇതു സ്ഥിരമായി ഓർത്തിരിക്കേണ്ടതാണ്.

#### 1. പരമാധികാരം (SOVEREIGNTY)

ദൈവം സർവ്വാധിപതിയാണ്, അവൻ രാജകീയാധികാരത്തോടെയാണ് പ്രവർത്തിക്കുന്നത്. പരമാധികാരിയായിരിക്കുന്നവൻ പരിധികളുടെ മണ്ഡലങ്ങളിൽ നടത്തുന്ന അധികാര പ്രവർത്തിയ്ക്കാണ് സർവ്വാധിപത്യം എന്നു പറയുന്നത്. ദൈവം സകല ബാഹ്യനിയമങ്ങളിൽനിന്നും സ്വതന്ത്രനാകയാൽ സകല സൃഷ്ടികളുടെയുംമേൽ അവന് സർവ്വാധിപത്യം ഉണ്ട്. അവൻ സൃഷ്ടിതാവാണ്, സൃഷ്ടിയല്ല (റോമ. 1:20,25), അതുകൊണ്ട് അവന്റെ പദ്ധതികളും ഉദ്ദേശങ്ങളും നിയമങ്ങളും നടപ്പിലാക്കുവാൻ അവൻ അധികാരമുള്ളവനാണ്. പലപ്പോഴും ദൈവീക ഉദ്ദേശങ്ങളും, ന്യായവിധികളും മനസ്സിലാക്കുവാൻ മനുഷ്യനു പ്രയാസമായിരിക്കും.

#### 2. നീതി (RIGHTEOUSNESS)

ദൈവം സമ്പൂർണ്ണ നീതിമാനാണ്. ഇതിന്റെ അർത്ഥം ദൈവം എല്ലാ പ്രകാരത്തിലും പരിപൂർണ്ണനാകുന്നു എന്നാണ്. ഏതർത്ഥത്തിലും നീതിയുടെ അളവുകോൽ അവൻ മാത്രമാണ്. ധാർമ്മികമായി (സദാചാരം) നമുക്ക് അനുകരിക്കാൻ തക്കവണ്ണം സംപൂർണ്ണനാണവൻ (എഫേ. 5:1).

#### 3. ന്യായം (JUSTICE)

ദൈവം ന്യായാധിപനാണ് എന്നു പറയുമ്പോൾ പൂർണ്ണമായും കുറ്റമറ്റവൻ ആകുന്നു എന്നർത്ഥം. ദൈവത്തിന്റെ നീതി നടത്തുവാനുള്ള ഉത്തരവാദിത്വമാണ് അവന് ന്യായാധിപനാക്കി കാണിക്കുന്നത്. ദൈവത്തിനു മുഖപക്ഷമില്ല (റോമ. 2:11). ദൈവീക നിയമത്തെ വകവയ്ക്കാതെ അതിരുകടക്കുന്ന ആരെയും ന്യായംവിധിക്കുന്നതിൽ ദൈവം യാതൊരു ദാക്ഷിണ്യവും കാണിക്കുന്നില്ല. ഇതിലാണ് ന്യായത്തിന്റെ സംതൃപ്തി (റോമ. 5:13).

### 4. സ്നേഹം (LOVE)

ദൈവം സ്നേഹമാകുന്നു. കുറ്റമറ്റതും വ്യവസ്ഥകളില്ലാത്തതുമായ സ്നേഹം ദൈവത്തിൽമാത്രമാണ് ദർശിക്കുന്നത്. ഏറ്റവും ശരിയായതും പ്രയോജനപ്രദവുമായ കാര്യങ്ങൾ മറ്റുള്ളവർക്ക്വേണ്ടി ചെയ്യുന്നതാണ് സ്നേഹം. ഇതു ചെയ്യുമ്പോൾതന്നെ അഹിതകരമായ വികാരങ്ങളും പിൻതുടർന്നുകൊണ്ടിരിക്കും. ദൈവത്തിന്റെ സ്നേഹത്തിൽ പങ്കാളികളായി അതിനെ മറ്റുള്ളവരിലേക്കു പകരുമ്പോഴാണ് അവനു ദൈവത്തെ അറിയുവാൻ ഇടയാകുന്നത് (യോഹ. 13:34,35).

### 5. നിത്യജീവൻ (ETERNAL LIFE)

ദൈവം നിത്യജീവൻ ആകുന്നു. അവൻ എക്കാലവും ഉണ്ടായിരുന്നു ഇനി ഉണ്ടായിരിക്കുകയും ചെയ്യും. നിത്യജീവന് ആരംഭമോ അവസാനമോ ഇല്ല. എന്നാൽ വിരോധികളായ നമുക്കു ലഭിച്ച നിത്യജീവന് ഒരു ആരംഭമുണ്ട്, പക്ഷേ അവസാനം ഇല്ല. ദൈവം മരണത്തിനധീനനല്ല ആ സത്യമാണ് നിത്യജീവൻ വെളിപ്പെടുത്തുന്നത്.

### 6. സർവ്വശക്തൻ (OMNIPOTENT)

ദൈവം സർവ്വശക്തൻ ആകുന്നു. ഇതിന്റെ അർത്ഥം ആഗ്രഹിക്കുന്നതെന്തും ചെയ്യുവാൻ ദൈവത്തിനു ശക്തിയുണ്ടെന്നാണ്. ഇതിന് ഉത്തമോദാഹരണമാണ് ആകാശ ഭൂമികളുടെ സൃഷ്ടിപ്പ് (ഉല്പ. 1:1) "അവന്റെ വചനത്താൽ ആകാശവും, വായിലെ ശ്വാസത്താൽ അവന്റെ സകല സൈന്യവും ഉളവായി" എന്നു നാം വായിക്കുന്നു (സങ്കീ. 33:6).

### 7. സർവ്വവ്യാപി (OMNIPRESENT)

ദൈവം സർവ്വവ്യാപിയാണ്. അതായത് ഒരേസമയത്ത് എല്ലായിടത്തും തന്റെ ഉദ്ദേശത്തെ നിവൃത്തിക്കാൻ ദൈവത്തിനു കഴിയും എന്നാണ് ഇതിന്റെ അർത്ഥം എല്ലാം ദൈവം ആകുന്നു എന്നല്ല (Pantheism) പിന്നയോ ദൈവം എല്ലായിടത്തും ഉപസ്ഥിതനാകുന്നു എന്നാണ്.

### 8. സർവ്വജ്ഞാനി (OMNISCENT)

ദൈവം സർവ്വജ്ഞാനിയാകുന്നു. ഇതിന്റെ അർത്ഥം ഭൂത, വർത്തമാന, ഭാവിയെല്ലാം അറിയുന്നവനാണ് ദൈവം എന്നാണ്. ഏതു കാര്യത്തിന്റെയും ബഹിർഗമനം എന്തായിരിക്കുമെന്ന് അഥവാ ഒന്നിന്റെ സ്ഥിതിയും സാദ്ധ്യതകളും എല്ലാം ദൈവത്തിനറിയാം. ദൈവത്തിന്റെ നിത്യമായ പദ്ധതി ഈവകയുടെയെല്ലാം യാഥർത്ഥ്യങ്ങളും സമയപരിധികളും മുൻകൂട്ടി അറിയുന്നു (റോമ.8:28-30).

### 9. മാറ്റമില്ലാത്തവൻ (IMMUTABLE)

ദൈവം മാറ്റമില്ലാത്തവൻ ആകുന്നു എന്നതിന്റെ അർത്ഥം അവന്റെ സത്തയ്ക്കോ സ്വഭാവത്തിനോ യാതൊരു വ്യതിയാനവും സംഭവിക്കുന്നില്ലാ എന്നാണ്.

### 10. സത്യവാൻ (TRUTHFUL)

ദൈവമാണ് സംപൂർണ്ണ സത്യം. ഈ സ്വഭാവം നമുക്കവന്റെ എല്ലാ വാക്കുകളും വിശ്വസിക്കാമെന്നുള്ള ഉറപ്പു തരുന്നു (സംഖ്യാ. 23:19). വ്യാജം പറയുക എന്നത് ദൈവത്തിനു അസാദ്ധ്യമായ ഒന്നാണ് (തീത്തു. 1:2).

## B. **തത്വം രണ്ട്: ക്രിസ്തു വെളിപ്പെടുത്തിയ വഴി അന്വേഷിക്കുക**

രണ്ടാമത്തെ തത്വം മൂലം ചരിത്ര ദൃഷ്ടി എങ്ങനെ ക്രിസ്തുവിങ്കലേക്കു കേന്ദ്രീകരിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുന്നു. യേശുക്രിസ്തു സകലത്തിന്റെയും സൃഷ്ടിതാവും (യോഹ. 1:1,3,14; കൊലോ.1:16,17) അല്ഫയും, ഒമേഗയും, ആദിയും അന്തവും, (വെളി. 1:8) മനുഷ്യാവതാരം ചെയ്ത ഏക സത്യദൈവവവും (ഫിലി. 2:6-8) ആകുന്നു എന്ന വാസ്തവീകതയെ ഇതു ചൂണ്ടിക്കാട്ടുന്നു.

ദൈവവചനത്തെ മനസ്സിലാക്കി കൃത്യമായ വ്യാഖ്യാനത്തിനായി നാം അന്വേഷിക്കുമ്പോൾ തിരഞ്ഞെടുത്തിരിക്കുന്ന

പ്രത്യേക ഭാഗത്ത് യേശു ക്രിസ്തുവാകുന്ന സത്യത്തെ എങ്ങനെ പറഞ്ഞിരിക്കുന്നു എന്നു നോക്കണം. ഇതിനുള്ള ഏക മാർഗ്ഗം വ്യക്തി, സ്ഥലം, സാധനം എന്നിവയെക്കുറിച്ചുള്ള തിരുവെഴുത്തിലെ പരാമർശങ്ങൾ യേശു ക്രിസ്തുവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാകുന്നതാണ്. ഇങ്ങനെയുള്ള അന്വേഷണ പഠനത്തിൽ യാഥാർത്ഥ സത്യത്തിനും, ഏറ്റം നല്ലതിനും നിഴലുകളായി നില്ക്കുന്ന ന്യാപ്രമാണത്താലോ മറ്റു പലതിനാലോ സംതൃപ്തനാകാതെ യാഥാർത്ഥ്യവും, ഏറ്റവും നല്ലതുമായതിനെ പ്രാപിക്കാൻ ഉത്സാഹിക്കണം (എബ്രാ. 10:1; യോഹ. 14:6). എല്ലാ ആളുകളും, സ്ഥലങ്ങളും, വസ്തുക്കളും (സാധനങ്ങൾ), സംഭവങ്ങളും പഴയനിയമത്തിൽ നാം വായിയ്ക്കുന്നതു യേശുക്രിസ്തുവിനെക്കുറിച്ചു പഠിക്കുവാനും മനസ്സിലാക്കുവാനുമായ ദൈവം ഏർപ്പാടാക്കിയിരിക്കുന്നതാണ് (1 കൊരി. 10:1-6).

ഉദാഹരണത്തിന് യോനാ എന്ന **വ്യക്തി**യെ എടുക്കാം, ദൈവം കല്പിച്ച അസ്സീറിയൻ ദേശത്തേയ്ക്കു (നിനവേ) പോകുവാൻ മനസ്സില്ലാതെ തനിക്കു ബോധിച്ച മറ്റൊരു സ്ഥലത്തേയ്ക്കാണ് യോനാ പോയത്. എന്നാൽ യാത്രാമദ്ധ്യേ ഉണ്ടായ സംഭവങ്ങൾ മൂലം അവൻ കടലിൽ വലിച്ചെറിയപ്പെടുകയും അവനെ ഒരു വലിയ മത്സ്യം വിഴുങ്ങിയിട്ട് അസ്സീറിയൻ ദേശമായ നിനവേയുടെ തീരത്തു തന്നെ ശർദ്ദിക്കുവാൻ അവന് ഇടയായി. അങ്ങനെ ദൈവോദ്ദേശത്തിലേക്കു മടങ്ങിവരുവാൻ അവന് ഇടയായി. മത്സ്യത്തിന്റെ വയറ്റിൽ ആയിരുന്ന മൂന്നു രാവും പകലും യേശുക്രിസ്തു കല്ലറയ്ക്കുള്ളിൽ ആയിരുന്ന നാളുകളെയാണ് ചൂണ്ടിക്കാട്ടുന്നത് (മത്താ.12:39,40).

ഒരു **സ്ഥല**ത്തെക്കുറിച്ചാകുമ്പോൾ ബേത്‌ലഹേമാണ് യേശുക്രിസ്തുവമായി കൂടുതൽ ബന്ധം കാണിക്കുന്നത്. പ്രവചന നിവൃത്തിയായി യേശു അവിടെ ജനിച്ചു (മീഖാ. 5:2). പേരിന്റെ അർത്ഥം "അപ്പങ്ങളുടെ ഭവനം" എന്നാണ്. യേശുക്രിസ്തുവാണ് യഥാർത്ഥത്തിൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പം (യോഹ. 6:35).

ഒരു **വസ്തു**വിനെ (സാധനത്തെ) ചൂണ്ടിക്കാട്ടുമ്പോൾ നിഴലുകളായി നില്ക്കുന്ന സമാഗമനകൂടാരവും, ദേവാലയവും യേശുക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. അതിനുള്ളിലെ വിശുദ്ധ സ്ഥലത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അവിടെ കാഴ്ചയപ്പത്തിന്റെ മേശയും പൊൻനിലവിളക്കും പൊന്നുപൊതിഞ്ഞ ധൂപപീഠവും യേശുക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നതായി കാണാം. കാഴ്ചയപ്പം യേശുവാകുന്ന അപ്പത്തെയും (യോഹ. 6:35), വിളക്കു ലോകത്തിന്റെ വെളിച്ചമാകുന്നവനെയും (യോഹ.8:12) (ധൂപം യേശുവിൽക്കൂടെയുള്ള വിശുദ്ധന്മാരുടെ [വെളി. 8:3,4] പ്രാർത്ഥനയെയും [എബ്രാ. 13:15,16]) വെളിപ്പെടുത്തുന്ന സംഭവങ്ങളും പരിശോധിക്കുമ്പോൾ ലേവ്യയാഗങ്ങളും അതു അർപ്പിച്ച പുരോഹിതന്മാരും യേശുക്രിസ്തുവിനെക്കുറിച്ചാണ് സംസാരിക്കുന്നത് (ലേവി. 1-7). ***"യേശു ഒരിക്കലായിട്ട് അർപ്പിക്കപ്പെട്ട, പാപത്തെ ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാട് ആകുന്നു"*** (എബ്രാ. 10:10-12; യോഹ. 1:29).

ബൈബിൾ വിദ്യാർത്ഥി സസൂഷ്മം പരിശോധിച്ചാൽ അതിലെ മുഖ്യവിഷയം യേശുക്രിസ്തുവാകുന്നു എന്നു കാണാം. 98

| | |
|---|---|
| ഉല്പത്തി: | സൃഷ്ടിതാവും, സ്ത്രീയുടെ സന്തതിയും (1:1; 3:15) |
| പുറപ്പാട്: | പാപത്തിന്റെ പ്രായശ്ചിത്തമായി അറുക്കപ്പെട്ട ദൈവകുഞ്ഞാട് (12:1-13). |
| ലേവ്യാപുസ്തകം: | മഹാപുരോഹിതൻ (മുഴുവൻ പുസ്തകം) |
| സംഖ്യാപുസ്തകം: | യാക്കോബിന്റെ നക്ഷത്രം (24:17) |
| ആവർത്തനം: | മോശയെപോലൊരു പ്രവാചകൻ (18:15) |
| യോശുവാ: | യഹോവയുടെ സൈന്യത്തിന്റെ അധിപൻ (5:13-15) |
| ന്യായാധിപന്മാർ: | ന്യായാധിപതി (11:27) |
| രൂത്ത്: | വീണ്ടെടുപ്പുകാരൻ (ആ.3) |
| ശമുവേൽ: | രാജാക്കന്മാരുടെ കർത്താവ് (2 ശമു. 7:18-20) |
| രാജാക്കന്മാർ, ദിനവൃത്താന്തം: | സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവ്. (മുഴുവൻ പുസ്തകം) |
| എസ്രാ: | പുനരുദ്ധാരകൻ (1:1) |
| നെഹമ്യാവ്: | വിശ്വസ്ഥൻ (9:32) |
| എസ്ഥേർ: | നല്ല മോർദ്ദേഖായി (ആ. 10) |
| ഇയ്യോബ്: | ഉയിർത്തെഴുന്നേറ്റ് മടങ്ങിവരുന്ന വീണ്ടെടുപ്പുകാരൻ (19:25) |
| സങ്കീർത്തനങ്ങൾ: | ഭാഗ്യവാനായ മനുഷ്യൻ (1) |
| | ദൈവപുത്രൻ (2) |
| | ക്രൂശിക്കപ്പെട്ടവൻ (22) |
| | ഉയിർത്തെഴുന്നേറ്റവൻ (23) |
| | വീണ്ടും വരുന്നവൻ (24) |
| | വാഴുന്നവൻ (72) |

| | |
|---|---|
| | സ്തുതികൾക്കു യോഗ്യൻ (നേതാവ്) (150) |
| സദൃശ്യവാക്യങ്ങൾ: | ജ്ഞാനം (ആ. 4) |
| സഭാപ്രസംഗി: | മറന്ന ജ്ഞാനിയായ മനുഷ്യൻ (9:14,15) |
| ഉത്തമഗീതം: | എന്റെ പ്രിയൻ (2:16) |
| യെശയ്യാവ്: | (കഷ്ടം സഹിക്കുന്നവൻ പ്രായാശ്ചിത്തം ) (53) |
| യിരമ്യാവ്: | നമ്മുടെ നീതിയുടെ കർത്താവ് (23:6) |
| വിലാപങ്ങൾ: | ദുഃഖ പുരുഷൻ (1:12-18) |
| യെഹസ്കിയേൽ: | സിംഹാസനസ്ഥൻ (1:26) |
| ദാനിയേൽ: | തകർക്കുന്ന കല്ല് (2:34) |
| ഹോശെയാ: | ദാവീദിന്റെ വലിയ രാജാവ് (3:5) |
| യോവേൽ: | സമൃദ്ധിയുടെ ദൈവം (2:18,19) |
| ആമോസ്: | ഇസ്രയേലിന്റെ വിമോചകൻ (3:12) |
| ഓബദ്യാവ്: | സീയോൻ മലയിലെ വീണ്ടെടുപ്പുകാരൻ (വാ. 17) |
| യോനാ: | കബറടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ രക്ഷകൻ (മുഴുവൻ) |
| മീഖാ: | നിത്യനായ ദൈവം (5:2) |
| നഹൂം: | ക്രോധദിവസത്തിൽ ഒരു കോട്ട (ശരണം) (1:7) |
| ഹബക്കൂക്ക്: | വിശ്വാസത്തിന്റെ നങ്കൂരം (2:4) |
| സെഫന്യാവ്: | ന്യായവിധിയുടെയും ശുദ്ധീകരണത്തിന്റെയും ഇടയിൽ നില്ക്കുന്നവൻ (3:5,15) |
| ഹഗ്ഗായി: | ദണ്ഡിപ്പിക്കുന്ന ഇടയൻ (2:17) |
| സെഖര്യാവ്: | മുള (3:8) |
| മാലാഖി: | നീതിസൂര്യൻ (4:2) |
| | |
| മത്തായി: | യഹൂദന്മാരുടെ രാജാവ് (2:1) |
| മർക്കോസ്: | യഹോവയുടെ ദാസൻ (മുഴുവൻ) |
| ലൂക്കോസ്: | പൂർണ്ണമനുഷ്യൻ (3:38;4:1-13) |
| യോഹന്നാൻ: | ദൈവപുത്രൻ (1:1) |
| അപ്പോ. പ്രവർത്തികൾ: | സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് (1:8,9) |
| റോമർ: | നീതി (3:22) |
| 1 കൊരിന്ത്യർ: | മരിച്ചവരിൽനിന്നുള്ള ആദ്യഫലം (15:20) |
| 2 കൊരിന്ത്യർ: | നമുക്കുവേണ്ടി പാപമാക്കപ്പെട്ടവൻ (5:21) |
| ഗലാത്യർ: | ന്യായപ്രമാണത്തിന്റെ അന്ത്യം (3:10,13) |
| എഫേസ്യർ: | നമ്മുടെ സർവ്വായുധവർഗ്ഗം (6:11-18) |
| ഫിലിപ്പിയർ: | എല്ലാ ആവശ്യങ്ങളെയും പൂർത്തീകരിക്കുന്നവൻ (4:19) |
| കൊലോസ്സ്യർ: | മുൻനിർണ്ണയിക്കപ്പെട്ടവൻ (1:18) |
| 1 തെസ്സലോന്യക്യർ: | മടങ്ങിവരുന്ന കർത്താവ് (4:15-18) |
| 2 തെസ്സലോനിക്യർ: | ലോകത്തെ ന്യായം വിധിക്കാൻ വരുന്ന കർത്താവ് (1:7-9) |
| 1 തിമൊഥയോസ്: | മദ്ധ്യസ്ഥൻ (2:5) |
| 2 തിമോഥയോസ്: | കിരീടങ്ങളെ നല്കുന്നവൻ (4:8) |
| തീത്തൂസ്: | മഹാദൈവവും രക്ഷിതാവും (2:13) |
| ഫിലേമോൻ: | തടവുകാരന്റെ പങ്കാളി (1:9) |
| എബ്രായർ: | വിശ്വാസത്തിന്റെ വിശ്രമം, നിഴലുകളുടെ പൊരുൾ (9-11) |
| യാക്കോബ്: | ശബ്ബത്തിന്റെ കർത്താവ് (5:4) |
| 1 പത്രോസ്: | പഴയനിയമ പ്രവചനങ്ങളുടെ വിഷയം (1:10,11) |
| 2 പത്രോസ്: | ദീർഘക്ഷമയുള്ള രക്ഷിതാവ് (3:9) |
| 1 യോഹന്നാൻ: | ജീവന്റെ വചനം (1:1) |
| 2 യോഹന്നാൻ: | അന്തിക്രിസ്തുവിന്റെ ലക്ഷ്യം (1:7) |
| 3 യോഹന്നാൻ: | സത്യത്തിന്റെ ആളത്വം (1:3,4) |
| യൂദാ: | വിശ്വാസികളുടെ ഭദ്രത (1:24,25) |
| വെളിപ്പാട്: | രാജാധിരാജാവും കർത്താധികർത്താവും (19:11-16) |

## ഭാഗം 2

# നിയമം രണ്ട്

### നിയമം രണ്ട് : നമ്മെ നയിക്കുവാൻ മതിയായ വേദഭാഗം ഉപയോഗിച്ചു യാഥാർത്ഥ്യം ഗ്രഹിക്കുവാനുള്ള അന്വേഷണം.

ഈ നിയമത്താൽ എളുപ്പത്തിൽ മനസ്സിലാകുന്ന ഒരു വേദഭാഗം തിരഞ്ഞെടുത്ത് അതുവഴി പ്രയാസമേറിയ ഭാഗങ്ങളും മനസ്സിലാക്കുവാൻ സാധിക്കുന്നു.

ഇതിനോടു ബന്ധപ്പെട്ട് ആറു തത്വങ്ങൾ ഉണ്ട്. ഈ തത്വങ്ങൾ വിദ്യാർത്ഥിക്ക് തിരുവെഴുത്തുകളെ വിശദമായും വിഷയാനുബന്ധമായും പഠിക്കുവാൻ സഹായിക്കുന്നു. കൂടാതെ ദൈവം ചരിത്രത്തിലൂടെ വെളിപ്പെടുത്തുന്ന തന്റെ പദ്ധതിയും ഈ വിഭാഗത്തിൽ നമുക്കു വിചിന്തനം ചെയ്യാവുന്നതാണ്. ഒരു വിഷയത്തിലെ ദൈവീക പദ്ധതി വിശദമായിട്ടോ, വിശേഷരൂപത്തിലോ പഠിച്ച് വ്യാഖ്യാനിക്കേണ്ടതെങ്ങനെയെന്നും ഇതിനാൽ ഗ്രഹിക്കാം. മനുഷ്യന്റെ ഇച്ഛാശക്തിയും ദൈവീക വാഗ്ദത്തങ്ങളും വ്യാഖ്യാനത്തിൽ തുല്യ പങ്കാളിത്തം വഹിക്കുന്നതാണ്.

### A. തത്വം മൂന്ന് : വെളിപ്പാട് പുരോഗമനാത്മകമെന്ന് തിരിച്ചറിയണം.

ദൈവം ഒരു പ്രത്യേക കാലത്തിനപ്പുറത്തേക്കും തന്റെ പദ്ധതികളെക്കുറിച്ചുള്ള അറിവ് ദീർഘിപ്പിക്കുന്നു എന്നാണ് ഇതുമൂലം മനസ്സിലാക്കുന്നത്. ഉദാഹരണത്തിന് ഉല്പത്തി 3:15-ൽ ആണ് നാം മശിഹായെക്കുറിച്ചുള്ള ആദ്യ പ്രവചനം കാണുന്നത്. ഇതിൽ പറഞ്ഞിരിക്കുന്ന 'സ്ത്രീയുടെ സന്തതിയെക്കുറിച്ചുള്ള അറിവാണ് പഴയ നിയമത്തിൽ മുഴുവൻ വ്യാപിച്ചിരിക്കുന്നത്. അബ്രഹാമിന്റെ "സന്തതി"യായും (ഉല്പ. 12:3), ഇസ്സഹാക്കിന്റെ "സന്തതി" ആയും (ഉല്പ. 21:12), യാക്കോബിന്റെ "സന്തതി" ആയും (ഉല്പ. 35:10-12), യഹൂദാ ഗോത്രത്തിൽ നിന്നുള്ളവനായും (ഉല്പ. 49:8-11), യിശായിയുടെ കുറ്റിയിൽ നിന്നുള്ളവനായി (യെശ.11:1) ദാവീദിന്റെ ഭവനത്തിൽനിന്നുള്ളവനായും (2 ശമു. 7:12-16), അവന്റെ ജനനം ബേത്ലഹേമിൽ (മീഖാ 5:2) ആയിരിക്കുമെന്നും (സങ്കീ. 110:1), അവന്റെ പേര് ഇമ്മാനുവേൽ എന്നായിരിക്കണമെന്നും (യെശ. 7:14), അവൻ ഒരു പ്രവാചകൻ ആയിരിക്കുമെന്നും (ആവ. 18:18), ഒരു പുരോഹിതൻ ആയിരിക്കുമെന്നും (സങ്കീ. 110:4), ന്യായാധിപനായിരിക്കുമെന്നും (യെശ. 33:22), രാജാവായിരിക്കുമെന്നും (യിരമ്യാ. 23:5), അവൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായിരിക്കുമെന്നും (യെശ. 11:2), ദൈവഭവനത്തെക്കുറിച്ചു എരിവുള്ളവനായിരിക്കുമെന്നും (സങ്കീ. 69:9), പ്രസ്താവിച്ചിരിക്കുന്നു.

വെളിപ്പാടുകൾ മുകളിൽ പറഞ്ഞതുപോലെ ഒരു പ്രത്യേക സമയ പരിധിക്കപ്പുറം കടക്കുന്നതാണ്. ആയതിനാലാണ് പുരോഗമനോന്മുഖമായ അഥവാ വികാസനോന്മുഖമായ വെളിപ്പാട് എന്നു പറയുന്നത്. സാധാരണ പ്രവചനങ്ങൾ കണക്കാക്കുന്നതു അവയുടെ സമയ പരിധിക്കപ്പുറമുള്ള വെളിപ്പെടുത്തലുകളെ ആശ്രയിച്ചാണ്.

അതുകൊണ്ട്, ഒരു വിഷയത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒന്നാമത്തെ സൂചന നോക്കി അനന്തര സംഭവങ്ങളെ മനസ്സിലാക്കുവാൻ ഇതു ബുദ്ധി നല്കുന്നു. ഉദാഹരണമായി ഉല്പ. 3:1-ൽ സാത്താന്റെ ഉപായങ്ങളും വ്യാപാരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. ഈ പാമ്പിനെ "സാത്താൻ" ക്കുറിച്ചു പഠിക്കുമ്പോൾ അവൻ ചതിയനും ദൈവത്തിന്റെ പരമശത്രുവും ആകുന്നു എന്ന സത്യം മനസ്സിലാകും. മനുഷ്യചരിത്രം ആകമാനം പരിശോധിച്ചാൽ സാത്താൻ ഒരിക്കലും നന്മയ്ക്കായി പ്രവർത്തിച്ചിട്ടില്ലാത്ത കാര്യം വ്യക്തമാകും (വെളി. 12:9; 20:2,3,10). ഓരോ പ്രത്യേക അവസരങ്ങളനുസരിച്ച് അവന്റെ പദ്ധതികൾക്കു മാറ്റം വരുത്തിയെങ്കിലും സമീപന രീതിയ്ക്കോ, മനോഭാവത്തിനോ മാറ്റം വരുത്തിയിട്ടില്ല (യെശ. 14:12-14; വെളി. 12;9; 20:7-8). അവൻ ഇന്നും വാദിക്കുന്നത് ദൈവമായി തീരുക എന്നത് സാദ്ധ്യമാണെന്നാണ്; ആയതിനാലാണ് "അധർമ്മമൂർത്തി" വെളിപ്പെടുമ്പോൾ (മഹോദ്രവകാലത്ത്) അവൻ ദേവാലയത്തിൽ ഇരുന്ന് സ്വയം ദൈവമെന്നു പ്രഖ്യാപിക്കുന്നത് (2 തെസ്സ. 2:4).

പലപ്പോഴും ഒരു വിഷയത്തിൽ അന്തർലീനമായിരിക്കുന്ന അംഗീകരിക്കപ്പെട്ടസത്യം മനസ്സിലാക്കുവാൻ അതിന്റെ പ്രാരംഭ സൂചനകൾ പഠിച്ചാൽ മതിയാകും. വേദപുസ്തകത്തിലെ ധാരാളം വിഷയങ്ങൾക്കുള്ള സൂചനാപാഠങ്ങൾ ഉല്പത്തി പുസ്തകത്തിലാണ് കിടക്കുന്നത്. ആയതിനാൽ ബൈബിൾ വ്യാഖ്യാതാവിന് ഗൗരവപൂർണ്ണവും, വിശദ വുമായ പരിജ്ഞാനം ഉല്പത്തി പുസ്തകത്തെക്കുറിച്ച് ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

B. **തത്വം നാല്: അക്ഷരീകമായി വ്യാഖ്യാനിക്കുക.**

ദൈവം എന്ത് ഉദ്ദേശിച്ചുവോ അതു പറയുകയും, എന്തു പറഞ്ഞുവോ അത് അവന്റെ ഹൃദയോദ്ദേശം ആയിരുന്നു എന്നുമാണ് ഈ തത്വം നമ്മെ ഗ്രഹിപ്പിക്കുന്നത്. ഇത് വളരെ പ്രാധാന്യമുള്ള ഒരു നിയമമാണ് എന്തെന്നാൽ നമ്മുടെ വചന പഠനം എങ്ങനെയുണ്ടെന്നാണ് ഇതു വെളിപ്പെടുത്തുന്നത്. നാം നമ്മുടെ സ്വന്തം കുഞ്ഞുങ്ങളെ ഉപദേശി ക്കുമ്പോൾ അവർക്ക് ഓർത്തിരിക്കുവാൻ തക്കവിധത്തിൽ ഏറ്റം തെളിവായി ഭാഗങ്ങൾ കൈമാറുവാനാണ് ആഗ്ര ഹിക്കുന്നത്. പലപ്പോഴും നാം പറയുന്ന കാര്യങ്ങൾ കുഞ്ഞുങ്ങൾ മനസ്സിലാക്കേണ്ടതിന് അവയെ പല പ്രകാര ത്തിൽ വിവരിച്ചു കൊടുക്കാറുണ്ട് (എബ്രാ. 1:1). അതുപോലെ അവയെ പലപ്രാവശ്യം ആവർത്തിച്ചു പറയാറുമു ണ്ട്. നമ്മളും ദൈവത്തിന്റെ മക്കളാകയാൽ (1 യോഹ. 3:1) ദൈവം നമ്മുടെ പിതാവ് ("ABBA" or "DADDY") ആകുന്നു (റോമ. 8:15).

ആക്ഷരീക വ്യാഖ്യാനം എന്നാൽ ദൈവമക്കൾ എന്ന നിലയിൽ ദൈവം പറയുന്ന കാര്യങ്ങൾ അക്ഷരീകമായി അംഗീകരിക്കുന്നു എന്നർത്ഥം, എന്തെന്നാൽ ദൈവം പറയുന്നതു സത്യമാണ്. ഈ രീതി ആദ്യമായി വചനത്തിന്റെ ലളിതവും, തെളിവും, നേരിട്ടുമുള്ള ആഗോള പ്രസ്താവനയെ മനസ്സിലാക്കുവാൻ സഹായിക്കുന്നു. സാധാരണ യായി ഒരു വാക്യത്തിന്റെ പ്രകാശം ഒരു പ്രത്യേക വേദഭാഗത്തു മറഞ്ഞിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്താക്കി തരും. ഇതിനു ഏറ്റവും യോജിച്ച ഉദാഹരണങ്ങൾ യോഹന്നാൻ 3:16 ആകുന്നു ***"തന്റെ ഏകജാതനായ പുത്ര നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കു വാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*** ഇതിലൊരിടത്തും ദൈവസ്നേഹത്തെക്കുറിച്ചു നിശ്ചയമില്ലായ്മ യോ, സംശയാസ്പദമായ വാക്കുകളോ-പക്ഷേ, എങ്കിൽ, തുടങ്ങിയവ ഉപയോഗിച്ചിട്ടില്ല, പിന്നെയോ ദൈവം ലോകത്തെ സ്നേഹിച്ചു എന്നു തെളിവായും, "വിശ്വസിക്കുന്ന ഏവനും" എന്നും "നിത്യജീവൻ ഉണ്ട്" എന്നും കൃത്യമായും പറഞ്ഞിരിക്കുന്നു. അതായത് ഈ പ്രസ്താവന ലളിതവും, ശരിയായതും, നേരിട്ടും, ആഗോളവ്യാപ കവുമാണ്. ഇതിനു ദൈവം നല്കിയിരിക്കുന്ന വിശദീകരണത്തേക്കാൾ കൂടുതലായി നല്കുവാൻ നാം പരിശ്രമി ക്കേണ്ടതില്ല.

മറ്റൊരു പ്രസ്താവന റോമർ 3:23-ൽ പറഞ്ഞിരിക്കുന്നു ***"എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവ രായി തീർന്നു."*** പാപത്തിന്റെ അവസ്ഥ ബൈബിളിൻ പ്രകാരം ആഗോളവ്യാപകമാണ്. യേശുക്രിസ്തു ഒഴികെ സകല മനുഷ്യരിലും അതു വ്യാപിച്ചിരിക്കുന്നു (1 പത്രോ. 2:22). നിയമത്തെ സ്ഥാപിക്കുവാനും നിയമത്തിനു മാറ്റം വരുത്തുവാനും ബൈബിളിനു മാത്രമേ കഴിയൂ. ദൈവത്തിന്റെ സാർവ്വത്രീകമായ പ്രസ്താവനകളെ വെളിവാക്കുന്ന അവന്റെ വചനങ്ങളെ ഒഴിവാക്കുവാൻ വ്യാഖ്യാതാവിനു (വേദവിദ്യാർത്ഥിക്ക്) സ്വാതന്ത്ര്യം ഇല്ല. ആകയാൽ യേശു ക്രിസ്തുവൊഴികെ ബാക്കി എല്ലാവരും പാപികൾ ആകുന്നു.

ന്യായത്തിന്റെ ഗർവ്വിഷ്ടതയിൽ നിന്നുളവാക്കുന്ന മറഞ്ഞിരിക്കുന്നതോ ആഴമേറിയതോ ആയ അർത്ഥങ്ങൾ നിർവ്വ ചിക്കുന്നതു നിരുത്തരവാദപരമാണ്. നാം നേരത്തെ ചർച്ച ചെയ്ത പ്രകാരം തിരുവെഴുത്തിനോട് ദൃഷ്ടാന്ത രൂപേ ണയുള്ള സമീപനം ദൈവവചനത്തോടു കൂട്ടു ചേർക്കുന്നതും, പുരാണ കഥാ രൂപത്തിലുള്ള സമീപനം തിരുവെ ഴുത്തൽനിന്നും നീക്കം ചെയ്യുന്നതുമായ പ്രവർത്തി ആയിരിക്കും. ദൈവം നമുക്കു മുന്നറിവു തന്നിട്ടുള്ളതാണ് (വെളി. 22:18,19). ആകയാൽ വചനത്തിന്റെ അക്ഷരാർത്ഥമായ ചരിത്രത്തിലാകയാൽ എല്ലാ ചരിത്രവും പ്രാധാന്യ മുള്ളതു തന്നെ (1 കൊരി. 15). ഇസ്രയേലിന്റെയും, സഭയുടെയും ചരിത്രത്തിൽ നിരവധി വേദശാസ്ത്രപരമായ തെറ്റുകൾ കടന്നുകൂടിയതാണ് പരാജയകാരണമായിത്തീർന്നത്.

മറ്റു ചില ഉദാഹരണങ്ങൾ സാർവ്വത്രിക പ്രസ്താവനയ്ക്കായി പറയാറുള്ളത് നോക്കുക. പദാനുപദ വ്യാഖ്യാന ത്തിൽ ഇത് പ്രാധാന്യം നല്കുന്നവയാണ് (റോമ. 8:35-39; യോഹ. 3:16,18,36; എഫേ. 2:8-10 1 യോഹ. 2:1-2; തീത്തൂസ് 3:5).

## C. **നിയമം അഞ്ച് : പ്രത്യേകമായവയെ വിചിന്തനം ചെയ്യുക.**

ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ ചില പ്രത്യേക ചോദ്യങ്ങൾക്കു നാം ഉത്തരം കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. ഉദാഹരണമായി ഇതു "ആരു പറഞ്ഞു?" "ആരോടാണിതു പറഞ്ഞത്?" "എന്തു സാഹചര്യത്തിൽ ഇതു പറഞ്ഞു" "ആരെക്കുറിച്ചാണ് ഇതു പറയുന്നത്?" എന്നിത്യാദി.

പ്രമാണം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് അല്ലെങ്കിൽ മനസ്സിലാക്കിത്തരുന്നത് ദൈവം ചരിത്രത്തിൽ മൂന്നു രീതികളിലുള്ള ജനങ്ങളുമായി സമ്പർക്കം പുലർത്തിയിരുന്നു, യഹൂദന്മാർ, ജാതികൾ, സഭ (1 കൊരി. 10:32). ആയതിനാൽ തിരുവെഴുത്ത് ആരെ സ്വീകരിക്കപ്പെട്ടു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതു മനസ്സിലാക്കിയാൽ തിരുവെഴുത്ത് വാഗ്ദത്തമാണോ ഉടമ്പടിയാണോ മുന്നറിയിപ്പാണോ നമ്മോടുള്ളതെന്ന് മനസ്സിലാക്കുവാൻ പറ്റും.

നമ്മുടെ തുടർന്നുള്ള ഉടമ്പടിയെപ്പറ്റിയുള്ള പഠനത്തിൽ ഇതു മനസ്സിലാക്കാം. ജാതികൾ (യഹൂദന്മാരല്ലാത്തവർ) ഉദാ: നിരാശരായി... സുമേറിയൻ, ബാബിലോണിയർ, അസീറിയൻ, പേർഷ്യൻ എമ്പയർ

ദൈവം യിസ്രായേലിനെ ചിതറിക്കും എന്നുമാത്രമല്ല കൂട്ടിവരുത്തും എന്നു വാഗ്ദത്തം ചെയ്തു. എന്നാൽ ഈ വാഗ്ദത്തം മറ്റൊരു രാഷ്ട്രത്തോടും ചെയ്തിട്ടില്ല. എന്നാൽ നാം ആ രീതിയിലുള്ള എന്തെങ്കിലും സംയോജനം യിസ്രായേലുമായിട്ടു നടത്തിയാൽ നമ്മൾ തെറ്റിലകപ്പെടുവാൻ സാദ്ധ്യതയുണ്ട്.

രണ്ടാമത്തെ ഉദാഹരണം വാഗ്ദത്തോടു ബന്ധപ്പെട്ട് ഒരു രാഷ്ട്രത്തിന്റെ നിലയിൽ ചിന്തിക്കുമ്പോൾ, സ്ഥലം പൗരത്വം തുടങ്ങിയവ ദൈവം യിസ്രായേലിന് കനാൻ മുഖേന നല്കി (ഉല്പ. 12:1-3, 13:15), എന്നാൽ സഭയ്ക്ക് സ്വർഗ്ഗത്തിൽ പൗരത്വം നല്കി (ഫിലി. 3:20). ദേശത്തിനു നല്കിയ വാഗ്ദത്തങ്ങൾ ഒരിക്കലും സഭയുടെ വാഗ്ദത്തങ്ങളായി കൂട്ടിക്കുഴയ്ക്കരുത്.

അവസാനത്തെ ഉദാഹണം യിസ്രായേലിന്റെ അനുഗ്രഹങ്ങൾ ദൈവത്തോടുള്ള ഒരു ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് (ആവ. 8:7-10), ജാതികൾക്കുള്ള അനുഗ്രഹങ്ങൾ യിസ്രായേലിനും അവകാശപ്പെടാം (ഉല്പ. 12:3). എന്നാൽ സഭയ്ക്കും ജാതികൾക്കുമായി പ്രത്യേകമായിട്ടുള്ള ഒരു വാഗ്ദത്തം കൊടുത്തിട്ടില്ല.

## D. **പ്രമാണം ആറ് : പ്രാഥമിക ഭാഗത്തിന്റെ പഠനം.**

ഈ നിയമം നമുക്കു മനസ്സിലാക്കിതരുന്നത് ചില പ്രത്യേക വേദഭാഗങ്ങൾ നമ്മുടെ ആത്മീയ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ മനോഭാവം എന്തെന്നുള്ള പ്രാഥമിക പ്രസ്താവനയാണ്. പലപ്പോഴും അവിടവിടങ്ങളിലായി ചിതറിക്കിടക്കുന്ന വേദഭാഗ കഷണങ്ങളെ ദൈവം കൂട്ടിച്ചേർത്ത് ഒരു പ്രത്യേക സത്യത്തെ അഥവാ സ്ഥലത്തം വെളിപ്പെടുത്താറുണ്ട്. ചില ഉദാഹരണങ്ങൾ നോക്കുക:

| | |
|---|---|
| • യേശുക്രിസ്തുവിന്റെ ഉയർത്തെഴുനേല്പ് | 1 കൊരി 15 |
| • മനുഷ്യനാവ് | യാക്കോ.3 |
| • ഇസ്രായേലിന്റെ പുനരുദ്ധാരണം | റോമ.11 |
| • വിശ്വാസത്തിന്റെ കാഹളധ്വനി | എബ്രാ. 11 |
| • ദൈവമക്കളുടെ ശിക്ഷണം | എബ്രാ. 12: 1-11 |
| • സഭ | എഫേ 1-3 |
| • വിശ്വാസത്താലുള്ള നീതീകരണം | റോമ. 3: 10 - 21 |
| • നിയമം | പുറ. 20 |
| • ദൈവത്തിന്റെ സർവ്വായുധം | എഫെ . 6: 10-17 |
| • സ്നേഹം | 1 കൊരി. 13 |

ഈ നിയമം മൂലം തിരുവെഴുത്തിലെ പ്രാഥമിക ഭാഗങ്ങളിലെ പ്രധാന കാര്യങ്ങളെ കാണുവാനും അവയോടെ അനുബന്ധപ്പെട്ടിട്ടുള്ള മറ്റു ഭാഗങ്ങളെക്കൂട്ടിച്ചേർക്കുവാനും കഴിയുന്നു.

ഉദാഹരണത്തിന്, വേദപുസ്തകത്തിലെ അതിപ്രധാനവിഷയമായ സ്നേഹത്തിന്റെ ഗുണഗണങ്ങൾ

വെളിപ്പെടുത്തുന്നു. 1 കൊരി. 13:4-8a വരെയുള്ള ഭാഗം എടുക്കാം. ഏതാണ്ട് പതിനാറു ഗുണങ്ങൾ പൂർണ്ണ അർത്ഥങ്ങളോടെ അവിടെ പ്രസ്താവിച്ചിട്ടുണ്ട്. നമുക്കിത് മാത്രം ഒരാഴ്ച ക്ലാസ്സെടുക്കുവാനുണ്ട്.

> ***"സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയകാണിക്കുകയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു, എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു, സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല."***

ഇതുപോലെ മർക്കോ. 12:29-31 വരെയുള്ള ഭാഗത്ത് ഏതാണ് പ്രധാന കല്പനയെന്ന് യേശുക്രിസ്തു പ്രസ്ഥാവിക്കുന്നതായി വായിക്കുന്നു.

> ***"എല്ലാറ്റിലും മുഖ്യകല്പനയോ, യിസ്രായേലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവ്, നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം എന്നാകുന്നു. രണ്ടാമത്തേതൊ ' കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നത്രേ."***

ഈ രണ്ടു കല്പനകളിലും സ്നേഹത്തിന്റെ ഗുണങ്ങളെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്, ആയതിനാൽ നമുക്കു ശരിയായ വിലയിടുന്നവർ ദൈവമുമ്പാകെയും,മറ്റുള്ളവരുടെ മുമ്പാകെയും നടത്താൻ കഴിയുന്ന ഒരു മനസാക്ഷിയാണ് ആവശ്യം. സ്നേഹത്തിന്റെ പ്രാധാന്യ മർക്കോസു 12 -ൽ കാണുന്നെങ്കിൽ 1 കൊരി. 13-ൽ ആണ് അതിന്റെ പ്രത്യക്ഷതയെക്കുറിച്ചു വായിക്കുന്നത്.

1 കൊരി. 13-ലെ കാര്യങ്ങൾ ശരിയായി മനസ്സിലാക്കുന്നതിന് നിങ്ങളുടെ ഹൃദയത്തോടുതന്നെ ഇപ്രകാരം ചോദിക്കുക. "ഞാൻ ക്ഷമിക്കുന്നുണ്ടോ?" "ദയ കാണിക്കുന്നുണ്ടോ?" "സ്പർദ്ദിക്കുന്നുണ്ടോ?"

ഈ നിയമത്തിന്റെ മറ്റൊരുദാഹരണം എബ്ര. 6:10-17 വരെയുള്ള ഭാഗത്തുപറഞ്ഞിരിക്കുന്ന 'ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തിൽ' വന്നിട്ടുണ്ട്. ഇതാണ് വിശ്വാസികളുടെ ആത്മീയ ആയുധവർഗ്ഗത്തെകുറിച്ചും പറഞ്ഞിരിക്കുന്ന ഏകസ്ഥലം. അവരുടെ ആകെ സത്യത്തെക്കുറിച്ചു യെശ. 11:5-ലും, നീതി എന്ന കാലത്തെക്കുറിച്ച് 1 തെസ്സ. 5:8-ലും ആത്മീയവാളിനെക്കുറിച്ച് എബ്രാ. 4:12-ലും വായിക്കുന്നു.

### E. **പ്രമാണം ഏഴ് : മാനുഷിക തിരഞ്ഞെടുപ്പിനെ തിരിച്ചറിയുക.**

ഈ നിയമം വിവരിക്കുന്നത് ദൈവം മനുഷ്യനുകൊടുത്തിരിക്കുന്ന **ഇച്ഛാശക്തിയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചാണ്**. ഈ തീരുമാനമെടുക്കാനുള്ള ഇച്ഛാശക്തിയുടെ ഉത്തരവാദിത്വങ്ങൾ യോഹ. 3:18; ഗലി. 6:7-ലും ഉണ്ട്. ഇച്ഛാശക്തിയുടെ പൂർണ്ണ വെളിപ്പെടുത്തലാണ് ഉല്പ. 2:3 ലെ ആദാമിന്റെയും ഹവ്വായുടെയും പരീക്ഷ.

ദൈവം തന്റെ സർവ്വജ്ഞാനത്തിൽ മനുഷ്യർ ***നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം*** തിന്നുമെന്നു മനസ്സിലാക്കിയിരുന്നു. എന്നാൽ അവർക്ക് ദോഷമായി തീർന്നതിന്റെ കാരണക്കാരൻ ദൈവമല്ല മറിച്ച് വിലക്കപ്പെട്ടതിനെ തിന്നുവാൻ അവർ എടുത്ത തീരുമാനം (ഇച്ഛ) ആണ് കാരണമായത്. അങ്ങനെ മനസ്സിന്റെ തെറ്റായ തിരഞ്ഞെടുപ്പിന്റെ ഫലമായിട്ടാണ് അവർ തോട്ടത്തിനു പുറത്താകേണ്ടി വന്നത് (റോമ. 8: 29; 1 പത്രോ. 1:1,2).

മനുഷ്യന്റെ തിരഞ്ഞെടുപ്പിന്റെ ശക്തി വെളിപ്പെടുത്തുന്ന നിരവധി വാക്കുകൾ ഉണ്ട്. വിശ്വസിക്കുക. (Believe) ആശ്രയിക്കുക, വിശ്വാസം (Faith). ഈ രണ്ടുപദങ്ങൾക്കും ഗ്രീക്കിൽ ഒരു മൂലമാണുള്ളത്. ദൈവം തന്റെ സർവ്വജ്ഞാനത്തിൽ അതൊക്കെ തന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷപ്രാപിക്കുമെന്ന് അറിയുന്നു എന്നിരുന്നാലും വിശ്വാസത്തിനാവശ്യമായതൊന്നും ദൈവം നീക്കം ചെയ്തില്ല.

മനുഷ്യന്റെ ശരിക്കും തെറ്റായ തിരഞ്ഞെടുപ്പുകളെക്കുറിച്ച് ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ അതിന്റെ ആന്തരിക അന്തസത്തയെ വെളിവാക്കുകയും ചെയ്യുന്നു. ഈ നിയമത്തിൽ ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്ന മനുഷ്യന്റെ തെറ്റായ തീരുമാനങ്ങളെയാണ് നാം കാണുന്നത്. ദൈവം പ്രത്യേകാൽ ആജ്ഞാപിക്കുന്നതും അതേസമയം തന്റെ ഉദ്ദേശത്തിനായി മനുഷ്യന് നൽകിയതുമായ ഇച്ഛാശക്തി അഥവാ ശരിയും തെറ്റും

തിരഞ്ഞെടുക്കാനുള്ള അവകാശത്തിന്റ ദുരുപയോഗം തന്നെ. മനുഷ്യന്റെ പ്രവൃത്തികളെ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അവയെല്ലാം ദൈവഹിതപ്രകാരമുള്ളവയെന്ന് കരുതരുത്. യൂദാസ് തന്നെ ഒറ്റിക്കൊടുക്കുമെന്ന കാര്യം യേശുവിനറിയാമായിരുന്നു. യേശു ഇതിനെതിരായി യൂദാസിന് മുന്നറിയിപ്പും നല്കിയിരുന്നു (മത്താ. 26:24), എന്നിട്ടും അവൻ തന്റെ ഇച്ഛാശക്തിയുപയോഗിച്ച് ഗുരുവിനെ തള്ളി പറഞ്ഞ് പാപ പ്രവൃത്തിയുടെ ഫലം അനുഭവിക്കുകയായിരുന്നു.

തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യനു നല്കിയിട്ടുണ്ടെങ്കിലും ശരി മാത്രം തിരഞ്ഞെടുക്കാനുള്ള പൂർണ്ണകഴിവില്ലാത്തതിനാൽ മനുഷ്യവർഗ്ഗം തെറ്റും പാപവുമായവയേയും തിരഞ്ഞെടുക്കുന്നു എന്നു മനസ്സിലാക്കിവേണം വ്യാഖ്യാനം ചെയ്യുവാൻ.

## F. പ്രമാണം എട്ട് : ഉഭയസമ്മതം അഥവാ ഉടമ്പടിയെ ഓർക്കുക.

ഈ നിയമത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ തിരിച്ചറിവാണ് ലഭിക്കുന്നത്. മനുഷ്യസമ്മതി നേടാൻ വ്യവസ്ഥാപിതമായി ചെയ്തിരിക്കുന്ന ഉടമ്പടികളും, ദൈവവചനത്തിന്റെ സത്യാവസ്ഥയിങ്കൽ വ്യവസ്ഥകൾ കൂടാതെയുള്ള ഉടമ്പടികളും ഉണ്ട്.

ഉടമ്പടികൾ അത്യാവശ്യമാണ് എന്തെന്നാൽ ദൈവം മനുഷ്യരുമായി എങ്ങനെ ഇടപെടുന്നുവെന്ന ചരിത്രത്തിന്റെ പ്രാഥമിക അവസ്ഥയെ കാണാൻ അതു സഹായിക്കുന്നു. ദൈവീക ഉടമ്പടികളെ മനസ്സിലാക്കി അവന്റെ വാഗ്ദത്തങ്ങളാൽ നമ്മുടെ ജീവിതങ്ങളെ നയിക്കുവാൻ അനുവദിച്ചാൽ എത്ര കുഴപ്പം പിടിച്ച വേദഭാഗങ്ങളും തെറ്റുകൂടാതെ വ്യാഖ്യാനിക്കാൻ നമുക്കു കഴിയും. ഉദാഹരണമായി മാനവ ചരിത്രത്തിലെ പ്രയാസങ്ങളും കലാപപൂർണ്ണവുമായ അവസരങ്ങളിലും ദൈവം ഇസ്രായേലിനെ നിഷ്കാസനം ചെയ്യാതെ തന്റെ വാഗ്ദത്തപ്രകാരം പരിപാലിച്ച വിധം തന്നെ (ലേവി. 26).

വ്യക്തിപരമായ പഠനത്തിനായി ഒൻപതു വാഗ്ദത്ത നിയമങ്ങൾ (ഉടമ്പടികൾ) ഉണ്ട് . തിരുവെഴുത്തിൽ അവയ്ക്കുള്ള സ്ഥാനവും അവയുടെ ലഘുവിവരണമാണ് ഇവിടെ പ്രസ്താവിക്കുന്നത്:

### 1. ഏദന്യ ഉടമ്പടി

ഏദൻതോട്ടത്തിൽ വച്ച് ദൈവം ആദാമിനോടും ഹവ്വായോടും ചെയ്ത ഉടമ്പടിയാണ് ഏദന്യ ഉടമ്പടി എന്നറിയപ്പെടുന്നത് (ഉല്പ. 1-2). അതുമനുഷ്യന്റെ അനുസരണത്തിന്മേലും ദൈവാനുഗ്രഹത്തിന്റെ സംപൂർണ്ണത യുടെ അന്തരീക്ഷത്തിലും (2:8) പൂർണ്ണമായ ആശയക്രമവും (2: 9) പൂർണ്ണമായ കാലാവസ്ഥയും (1:6,7; 3:8) ശരിയായ ലൈംഗീകത്തിലും (2:21-25) ദൈവവുമായുള്ള ദിനംപ്രതികൂട്ടാഴ്മയിലും (1:26, 27; 3:8) അടിസ്ഥാനപ്പെട്ടതായിരുന്നു.

ഉടമ്പടി മനുഷ്യൻ അംഗീകരിച്ചെങ്കിലും വിലക്കപ്പെട്ട കനി ആഹരിക്കുകവഴി അതു ലംഘിക്കപ്പെടുകയും ചെയ്തു.

ഏദത്യ ഉടമ്പടി ഇന്നു പ്രബല്യത്തിലില്ലെങ്കിലും അതിൻ കൂടെ നല്കിയിരിക്കുന്ന പല അനുഗ്രഹങ്ങളും മനുഷ്യ വർഗ്ഗത്തിന്റെ ഭാവി ഉപയോഗത്തിനായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. പുതുവാനഭൂമിയിൽ പ്രവേശിക്കുന്നവർക്കായി അവ നിലനില്ക്കുന്നതാകയാൽ (വെളി. 21 -22) ഏദൻ തോട്ടത്തിലെ ഉടമ്പടിയോടുകൂടെ ഇവയെല്ലാം തീർന്നിരിക്കുന്നുവെന്ന് വ്യാഖ്യാനിക്കുന്നത്. യേശുക്രിസ്തുവിൽ കൂടെ ദൈവം നല്കുന്ന അനുഗ്രഹങ്ങളല്ലാതെ മനുഷ്യവർഗ്ഗത്തിനു മറ്റുവിധമായ യാതൊന്നും പ്രാപിക്കുവാൻ സാധിക്കുകില്ല.

### 2. ആദാമ്യ ഉടമ്പടി

ഇതും ദൈവം ആദാമിനോടും ഹവ്വായോടും ഏദൻ തോട്ടത്തിൽ വച്ചു ചെയ്ത ഉടമ്പടിയാണ്. പക്ഷേ അവർ പാപത്തിൽ നിപതിച്ചതിനുശേഷമായിരുന്നു എന്നുമാത്രം (ഉല്പ. 3: 14 -19), ഇതു വ്യവസ്ഥകളില്ലാത്തതായിരുന്നു.

ഈ ഉടമ്പടി ഉണ്ടാകാൻ കാരണം മനുഷ്യന്റ ആദ്യപാപം ആയിരുന്നു. ഇതിനെയാണ് "വീഴ്ച" എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായി ദൈവം അവരെ വഞ്ചിച്ചവനെ ശപിച്ചു (3:14). അന്നുമുതൽ ആദാമിന്റെ വർഗ്ഗവും, സർപ്പത്തിന്റെ വർഗ്ഗവും തമ്മിലുള്ള പോരാട്ടം ചരിത്ര സംഭവമായി തുടരുന്നു (3: 14, 15). സ്ത്രീയുടെ മേൽ പുരുഷനു ആധിപത്യം കല്പിക്കുകയും വേദനയോടുകൂടെ മക്കളെ പ്രസവിക്കുവാനുള്ള ശിക്ഷ

കൊടുക്കുകയും ചെയ്തു (3: 16), ഭൂമി ശപിക്കപ്പെടു ( 3: 17-19) കയും ഉല്പാദന മാർഗ്ഗം വൈഷമ്യമുള്ളതാകുകയും ചെയ്തു. പുരുഷനും സ്ത്രീക്കും ശാരീരമരണം വിധിക്കപ്പെട്ടു. (3: 19 സിഎഫ് 2:17) രണ്ടുപേരും തോട്ടത്തിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്തു (3: 17-19).

ആദാമ്യ ഉടമ്പടികളുടെ ഫലം മനുഷ്യന്റെ യുഗപരമായ ജീവിതവൃത്തികളിലൂടെ സഹസ്രാബ്ദത്തിനുശേഷം ദൈവം സാത്താനെ തീപൊയ്കയിൽ തള്ളിയിടുന്നകാലം വരെ നീളുന്നു (വെളി. 20: 7-10), ആദാമിന്റെ വീഴ്ചയുടെ ഫലം സമ്പൂർണ്ണ മനുഷ്യവർഗ്ഗത്തിൻമേൽ വ്യാപിച്ചു എന്നകാര്യം വിസ്മരിക്കരുത് ( റോമ. 5: 12-14).

### 3. നോഹൈക ഉടമ്പടി.

ഉല്പ. 8:20-9:17 വരെയുള്ള ഭാഗത്താണ് നാം ഈ ഉടമ്പടിയെ കാണുന്നത്. നോഹയുടെ കാലത്തെ ജലപ്രളയത്തിനുശേഷമാണ് ദൈവം നോഹയുമായി ഉടമ്പടി (വാഗ്ദത്തം) ചെയ്തത്. വ്യവസ്ഥകൾ ഒന്നും കൂടാതെ പ്രളയത്തിനു മുമ്പുള്ള ജനതയെക്കുറിച്ചും അവരെ നശിപ്പിച്ചതിന്റെ കാരണത്തെക്കുറിച്ചും സംസാരിച്ചിട്ട് മേലിൽ മനുഷ്യവർഗ്ഗത്തെ ജലപ്രളയത്താൽ നശിപ്പിക്കുകയില്ലെന്ന വാഗ്ദത്തം നല്കി. കൂടാതെ വീണ്ടും ഭൂമിയിൽ വർദ്ധിച്ചു പെരുകുവാനും (9:1) മാംസഭക്ഷണത്തിനുള്ള അനുമതിയും (9: 2-4) കുലപാതകത്തിനു മരണശിക്ഷയും (9: 5,6) അതിൽ ഉൾപ്പെടുത്തുകയും, ദൈവീക വിശ്വസ്ഥതയുടെ അടയാളമായി ഉടമ്പടി കൂടാതെ ആകാശവിതാനത്തിൽ മഴവില്ലും നിർത്തി.

പ്രളയത്തോടുകൂടെ ആരംഭിച്ച നോഹൈക ഉടമ്പടി എന്നേക്കും നിലനില്ക്കുന്നു. ചെറിയ ചെറിയ ജലപ്രളയങ്ങളാണ് ദേശങ്ങൾക്കും ജീവനുമൊക്കെ ഒരു പ്രകാരത്തിൽ ഇന്നും വിനാശം സംഭവിക്കുന്നെങ്കിലും ആഗോളവ്യാപകമായ പ്രളയ നാശം പിന്നീടുണ്ടായിട്ടില്ല. മൃഗമാംസം ഭക്ഷിക്കുമ്പോൾ അനുമതി ലഭിച്ചതിനാൽ സസ്യാഹാരമേ കഴിക്കാവൂ എന്ന നിർബന്ധവും ശരിയല്ല (ദാനി. 1). ഈ ഉടമ്പടിയുടെ അവസാന ഭാഗം ഇന്നും നിലനില്ക്കുന്നു മരണശിക്ഷയുടെ പ്രാബല്യത്തോടെയാണ്.

### 4. അബ്രഹാമ്യ ഉടമ്പടി

അബ്രഹാമുമായുള്ള ഉടമ്പടിയുടെ അടിസ്ഥാനം ഉല്പ. 12:1-3 വരെയുള്ള ഭാഗമാണ്. അതിന്റെ ബാക്കി പത്രം പിന്നാലെ നല്കപെടുന്നുമുണ്ട്. ഈ വ്യസ്ഥകളിന്മേൽ അന്നു നല്കിയത്, അതിൻ പ്രകാരം അബ്രഹാം ദൈവം അവരോട് ആവശ്യപ്പെട്ട കാര്യങ്ങളെ ചെയ്യുകയായിരുന്നു. അനന്തരഫലമോ ഈ വാഗ്ദത്തം അവന്റെ വരാനുള്ള തലമുറകൾക്കും അവകാശമായി തീർന്നു.

അബ്രഹാമിനോടുള്ള വാഗ്ദത്തിൽ വ്യക്തിപരമായ അനുഗ്രഹങ്ങളും എണ്ണമില്ലാത്ത തലമുറകളും, സമ്പത്തും ഒരു പട്ടണവും, സാമൂഹിക നേതൃത്വം കൂട്ടായ അനുഗ്രഹങ്ങളും, സംരക്ഷണവും, മശിഹായുടെ വാഗദത്തവും ഉൾക്കൊണ്ടിരുന്നു (ഉല്പ. 17:1-8).

അബ്രഹാമിനു ദൈവം നല്കിയ വാഗ്ദത്തങ്ങളോടു കൂടെയാണ് ഈ ഉടമ്പടിയുടെ തുടക്കം. മശിഹായുടെ ലൈൻ പൂർത്തിയാക്കുന്നത് യേശുക്രിസ്തുവിന്റെ ഒന്നാം വരവോടെയാണ് ( ഗലാ. 3:16). ഭൗതീകമായ അനുഗ്രഹങ്ങൾ വിവിധ സമയങ്ങളിലായി അബ്രഹാമിനും സന്തതികൾക്കും ലഭിച്ചെങ്കിലും സംപൂർണ്ണമാകുന്നത് സഹസ്രാബ്ദസാമ്രാജ്യത്തിലായിരിക്കും. ആകയാൽ ഈ വാഗ്ദത്തങ്ങളുടെ പൂർണ്ണത എല്ലാ യുഗ പരിപാടികളെയും കടന്നാണ് സഹസ്രാബ്ദത്തിൽ എത്തുന്നത്.

ദൈവവചനത്തിന്റെ പഠിപ്പിക്കലുകളെ കൂടുതൽ ശ്രദ്ധയോടെ മനസ്സിലാക്കിയാലേ കുഴപ്പം നിറഞ്ഞ ഭാഗങ്ങളുടെയും അർത്ഥം എന്തെന്നു തിരിച്ചറിയുവാനും നിയമങ്ങളെ യഥാവിധി പ്രയോഗിക്കുവാനും കഴിയുകയുള്ളൂ. മത്താ. 11:20-24 ലെ വേദഭാഗം നോക്കുക:

> **"പിന്നെ അവൻ തന്റെ വീര്യപ്രവർത്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസാന്തപ്പെടായ്കയാൽ അവയെ ശാസിച്ചു തുടങ്ങി. കോരസിനെ, നിനക്കു ഹാ കഷ്ടം; ബേത്ത്സയിദേ നിനക്കു ഹാ കഷ്ടം. നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നെങ്കിൽ അവർ**

**പണ്ടുതന്നെ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ നിങ്ങളേക്കാൾ സോരിനും സീദോനും സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളം വരെ താണുപോകും; നിന്നിൽ നടന്ന വീര്യപ്രവർത്തികൾ സോദോമിൽ നടന്നിരുന്നുവെങ്കിൽ അതു ഇന്നുവരെ നിൽക്കുമായിരുന്നു. എന്നാൽ ന്യായവിധി ദിവസങ്ങളിൽ നിന്നേക്കാൾ സോദോമ്യരുടെ നാട്ടിനു സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു."**

കൃപയാൽ യിസ്രായേൽകാർക്ക് അബ്രഹാനിനോടുള്ള ദൈവീക ഉടമ്പടി പ്രകാരം അനുതാപത്തിനു പ്രത്യേക അവസരങ്ങൾ കൂടുതലായി ലഭിച്ചു. എന്നിട്ടും അവർ മാനസാന്തപ്പെടായ്കയാൽ കഠിനമേറിയ ശിക്ഷ അനുഭവിക്കേണ്ടി വന്നു. ചരിത്രത്തിൽ നിന്നും അവരുടെ രാഷ്ട്രത്തെ എന്നേക്കുമായി നീക്കിയിട്ടില്ലെന്നു മാത്രം.

## 5. മോശൈക നിയമം

സീനായി മലമേൽ ന്യായപ്രമാണം കൊടുത്തുകൊണ്ട് ദൈവം മോശയുമായി ചെയ്ത വാഗ്ദത്ത ഉടമ്പടിയാണിത്. പുറം. 20 ലും, ലേവ്യാ, സംഖ്യാ, ആവർത്തനം എന്നീ പുസ്തകങ്ങളിൽ വിവിധ ഇടങ്ങളിലായും ഇതു കാണാവുന്നത്. ഈ നിയമവും വ്യവസ്ഥാപിതമാണ്. അനുസരിക്കുന്നവർ അനുഗ്രഹിക്കപ്പെടുകയും, അനുസരണക്കേടുകാട്ടുന്നവർ ശപിക്കപ്പെടുകയും ചെയ്യുന്നു (ലേവി. 26).

മോശൈക പ്രമാണത്തിന്റെ പ്രഥമ ഉദ്ദേശം മശിഹായെ വെളിപ്പെടുത്തുകയാണ് ( ഗലാ. 3: 24, 25), കൂടാതെ അതു ദൈവത്തിന്റെ സാന്മാർഗ്ഗിക നിയമത്തെയും വെളിപ്പെടുത്തുന്നു. ലേവ്യാപൗരാഹിത്യം, സമാഗമനകൂടാരവും ശുശ്രൂഷകളും തുടങ്ങി യിസ്രായേൽകാരുടെ മതപരമായ ജീവിത രീതികൾക്കു വേണ്ടതെല്ലാം അതിൽ നല്കിയിരിക്കുന്നു.

ന്യായപ്രമാണത്തെ സംപൂർണ്ണമായി തികയ്ക്കുവാനാണ് യേശുക്രിസ്തു വന്നത് (മത്താ. 5:17). എന്നാൽ ഈ പ്രമാണം യിസ്രായേലിന്റെ യുഗത്തിലേക്കുമാത്രമുള്ളതായിരുന്നു. അതായതു ന്യായപ്രമാണം കൊടുത്ത നാൾമുതൽ (പുറ. 20) പെന്തക്കോസ്തുദിനം വരെയുള്ള കാലഘട്ടം (സഭാകാലയളവിന്റെ ആരംഭം വരെ). കൂടാതെ സഭയുടെ എടുത്തുകൊള്ളപെടലിനുശേഷം വരുന്ന മഹോപദ്രവ കാലവും ഇതിൽപെടുന്നതാണ്.

പഴയനിയമത്തിലെ പല പ്രത്യേക നിർദ്ദേശങ്ങളും ന്യായപ്രമാണ കാലഘട്ടത്തിലേക്കു മാത്രമുള്ളതായിരുന്നു എന്നോർക്കണം. ഉദാഹരണത്തിനു പലമൃഗങ്ങളേയും "അശുദ്ധമെന്നു" വിധിച്ച് അവയെ ഭക്ഷിക്കുന്നതു വിലക്കിയിരിക്കുന്നു (ലേവി. 11). എന്നാൽ ഇന്നു യേശുക്രിസ്തുവിനാൽ "ശുദ്ധീകരിക്കപ്പെട്ടവർക്ക്" ഈ നിയമം ബാധകമല്ലപോലും (മാർക്കോ. 7: 14-18).

## 6. ദാവീദുമായുള്ള ഉടമ്പടി

ദൈവം ദാവീദിനോടു ചെയ്ത ഉടമ്പടി 2 ശമു. 7:8-19-ലും, സങ്കീ. 89-ലും കാണുന്നു. വ്യവസ്ഥകളൊന്നും കൂടാതെ ദാവീദിന് ഒരു "വലിയ മകനെ" വാഗ്ദത്തം ചെയ്യുന്നു. ഇതു വരുവാനിരിക്കുന്ന മശിഹായേയും, അവന്റെ ലോക ഗവൺമെന്റിനെയും വെളിപ്പെടുത്തുവാനായിരുന്നു.

ദാവീദുമായുള്ള ഉടമ്പടി കൂടുതൽ പ്രബലമായിരുന്നത് അവന്റെ രാജവാഴ്ചയുടെ കാലത്തായിരുന്നു. "യേശുക്രിസ്തുവിന്റെ" ഒന്നാം വരവിൽ ഒരു ഉടമ്പടിയുടെ ഒരു ഭാഗം നിവൃത്തിയായി (ലൂക്കോ. 1: 32). ഉടമ്പടിയുടെഫലം നിത്യമാണ്.

ഒരിക്കൽ ദാവീദിന്റെ വംശത്തിൽപ്പെട്ട യോശിയാവ് എട്ടാം വയസ്സിൽ സിംഹാസ്സനസ്ഥനായി (2 രാജ. 22:1). ആ കാലത്തുജീവിച്ചിരുന്ന യഹൂദന്മാർക്കു ദൈവീക വാഗ്ദത്തങ്ങളെ ആശ്രയിക്കുവാനും പ്രത്യാശിക്കുവാനും സാധിച്ചു. പിതാവായ ദൈവം യേശുക്രസ്തുവിന് സ്വർഗ്ഗിത്തിലും ഭൂമിയിലും ഉള്ള സകല അധികാരങ്ങളും നല്കി (മത്താ. 28:18). അപ്പോൾ ഈ ഉടമ്പടിയുടെ ഒരു നിവൃത്തികൂടിയായിരുന്നു അത്. യേശുക്രിസ്തു സ്വർഗ്ഗീയ

സിംഹാസനത്തിൽ ഇരിക്കുന്നു എന്നതാണ് വിശ്വാസികളുടെ പ്രത്യാശയുടെ ധൈര്യം (എബ്രാ. 8:1). അവൻ എത്രയുംവേഗം ഭൂമിയിൽ തന്റെ സിംഹാസനം സ്ഥാപിക്കുന്നതായിരിക്കും (മത്താ. 25: 31).

## 7. പാലസ്തീൻ ഉടമ്പടി

പാലസ്തീൻ ഉടമ്പടി എന്നത് അബ്രഹാമിന്റെ ഉടമ്പടിയുടെ തുടർച്ചതന്നെയാണ്. ഇതു വ്യവസ്ഥാപിതമാണ്. ദൈവീക ന്യായപ്രമാണങ്ങളെ ലംഘിച്ച യിസ്രായേൽ ജനത ചിതറിക്കപ്പെടുകയും അടിമത്വത്തിൽ പോകേണ്ടി വരികയും ചെയ്തുവെങ്കിലും അനുതപിക്കുകയും അനുസരിക്കുകയും ചെയ്താൽ മടക്കി വരുത്താമെന്നു ണ്ടായിരുന്നു (ആവ. 30:1-10).

ഈ നിയമം യിസ്രായേലു യുഗത്തിലേയ്ക്കുള്ളതും മശിഹായുടെ രണ്ടാംവരവിൽ നടക്കുന്ന യിസ്രായേലിന്റെ കൂട്ടിച്ചേർപ്പിൽ സംപൂർണ്ണമാക്കപ്പെടുന്നതുമാണ് (മത്താ. 24 : 31; മർക്കോ 13: 27). മാത്രമവുമല്ല അബ്രഹാമിനോടു വാഗ്ദത്തംചെയ്ത അവകാശഭൂമിയുടെ അതിർത്തി മിശ്രയിം നദിമുതൽ യൂഫ്രട്ടീസു വരെയുള്ള ഭാഗങ്ങൾ ഇന്ന് അവർക്ക് അന്യമെങ്കിലും അന്നാളിൽ അവർക്കു ലഭ്യമാക്കുന്നതുമാണ് (ഉല്പ: 15: 18).

## 8. യിസ്രായേലുമായുള്ള പുതിയ ഉടമ്പടി.

ദൈവം യിസ്രായേൽ ഗൃഹവുമായി ഒരു പുതിയ ഉടമ്പടി ചെയ്തതിനെക്കുറിച്ച് യിര 31: 31-34 വരെയുള്ള ഭാഗത്തു പറഞ്ഞിരിക്കുന്നു. ഇതിനെ എബ്രായ ലേഖന കർത്താവും എടുത്തു പറഞ്ഞിരിക്കുന്നു (എബ്രാ. 8: 8-12). എന്നാൽ ഇതു യേശുക്രിസ്തുവിന്റെ രക്തത്താലാണ് സ്ഥിരപ്പെടുന്നത് എന്നതത്രേ വിശേഷം (എബ്രാ. 9 : 11-14), മാത്രവുമല്ല വീണ്ടും ജനനം പ്രാപിച്ച യഹൂദന്മാർക്ക് ഇതു വ്യവസ്ഥകളില്ലാതെ പ്രാപിക്കാവുന്നതുമാകുന്നു.

ഉടമ്പടിയിലെ വാഗ്ദത്തവിഷയങ്ങളായ ആഗോളാടിസ്ഥാനത്തിൽ നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ അധിവാസവും ഭൗതിക സമ്പാദ്യങ്ങളും (യിര.32:41; യെശ.61:8) പൂർണ്ണമാക്കപ്പെടുന്നത് സഹസ്രാബ്ദ രാജ്യത്തിലായിരിക്കും. എന്നാൽ തിരുവെഴുത്തുകളെ പഠിക്കുന്ന ഒരാൾ ഓർത്തിരിക്കേണ്ട പ്രധാനകാര്യം ഈ അനുഗ്രഹങ്ങളെല്ലാം വിശ്വാസികളായ യഹൂദന്മാർക്കു മാത്രമുള്ളതാണെന്നും അതല്ലാതെ യഹൂദനായി ജനിച്ച എല്ലാവർക്കുമുള്ളതല്ലായെന്നുമാണ്.

## 9. പുതിയ നിയമ സഭയോടുള്ള പുതിയ ഉടമ്പടി

മത്താ. 26:26-28 വരെയുള്ള വാക്യത്തിൻ പ്രകാരം ഒരു പുതിയ ഉടമ്പടി പുതിയ നിയമസഭയുമായും ചെയ്തിട്ടുണ്ടെന്നുകാണാം. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു ഇതു വ്യവസ്ഥകളില്ലാതെ ക്രൂശീകരണത്തിന്റെയും അതിന്റെ ഓർമ്മ നിലനിർത്തുന്ന കർത്തൃമേശ (വിശുദ്ധ സംസർഗ്ഗം) യുടെയും അടിസ്ഥാനത്തിലാണിത് (എബ്രാ. 9:11-14; 1 കൊരി. 11:25). ഇതിന്റെ മദ്ധ്യസ്ഥൻ യേശുക്രിസ്തു (എബ്രാ. 9: 15). ആകയാൽ വിശ്വാസികളുടെ പൗരോഹിത്യം സുസ്ഥിരമാക്കപ്പെട്ടിരിക്കുന്നതു കൂടാതെ (എബ്രാ. 9:11) അവരുടെ വാഗ്ദത്തങ്ങളുടെ നിവൃത്തി ഈ കാലത്തും നിത്യതയിലും നിവൃത്തിയാക്കപ്പെടുകയും ചെയ്യുന്നു.

ഈ ഉടമ്പടി സഭയുടെ സ്ഥാപന ദിവസമായ പെന്തക്കോസ്തു മുതൽ ( അപ്പോ. 2) മുമ്പോട്ടുള്ള കാലമെല്ലാമാണ് വേദവിദ്യാർത്ഥിയെന്ന നിലയിൽ ഈ നിയമത്തിൻ കീഴിൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ എന്നേക്കും നിലനില്ക്കുന്നതാണെന്നും ഒരിക്കലും എടുത്തുകളയപ്പെടുന്നവയല്ലെന്നും നാം അറിഞ്ഞിരിക്കണം. ആകയാൽ സഭായുഗത്തിൽ ജീവിക്കുന്ന വിശ്വാസിക്കു സംപൂർണ്ണ സുരക്ഷിതത്വം ഉണ്ട്. എന്തെല്ലാം പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നാലും ദൈവം അവരെ കൈവിടുന്നില്ല, കൈവിടുകയുമില്ല (മത്താ. 28:18-20).

ഭാഗം 3

# നിയമം മൂന്ന്

## നിയമം മൂന്ന് : തിരുവെഴുത്തുകളെ തിരുവെഴുത്തുകളുമായി താരതാമ്യം ചെയ്യുന്നതിന് ജ്ഞാനിയാകാൻ ശ്രമിക്കുക.

മൂന്നാമത്തെ നിയമം തിരുവെഴുത്തുകളെ മനസ്സിലാക്കുവാനും ശരിയായി പ്രയോഗിക്കുവാനും ആവശ്യമായ ജ്ഞാനം അന്വേഷിക്കുകയാണ് . ഒരുകാര്യം നാം മനസ്സിലാക്കുകയും വിശ്വസിക്കുകയും വേണ്ടത് ദൈവഭാഗത്തു കുഴപ്പമൊന്നുമില്ലായെന്നതാണ് (1കൊരി.14:33). എവിടെ ജ്ഞാനം കുറവാണോ അവിടെ ജ്ഞാനവർദ്ധനവ് നല്കാനാണ് ദൈവം കടങ്കഥകളും, സാദൃശങ്ങളും തിരുവെഴുത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് (സദൃ: 1:2-6).

വ്യഖ്യാനത്തിൽ ഇത്ര കൂടുതൽ സംവേഗമില്ലായ്മ കടന്നു കൂടിയത് തിരുവെഴുത്തുകളെ തിരുവെഴുത്തുകൾകൊണ്ട് താരതാമ്യം ചെയ്യാത്തതിനാലാണ്. വ്യാഖ്യാനിക്കാൻ തിരഞ്ഞെടുത്തിരിക്കുന്ന വേദഭാഗം മറ്റുഭാഗങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് അറിഞ്ഞിരിക്കണം. ദൈവവചനം പഠിക്കുന്ന ഒരാൾ തന്റെ സ്വന്തജീവിതത്തെക്കൂടി നോക്കുന്നതാണ് ബുദ്ധി. ദൈവവചന പഠനത്തിൽ ഒരു വാക്കാകട്ടെ, വാക്യമാകട്ടെ വിട്ടുകളയാതിരിക്കാൻ ശ്രദ്ധിക്കണം. വലിയ വ്യത്യാസങ്ങൾ ഇതുമൂലം ഉണ്ടാകുന്നതാണ്.

ഈ നിയമത്തോടു ബന്ധപ്പെട്ട് വേറെ ആറു പ്രമാണങ്ങൾ കൂടിയുണ്ട്. ദൈവവചനത്തിൽ അവയുടെ വ്യത്യാസങ്ങൾ എന്തെന്നറിഞ്ഞിരിക്കണം. സന്ദർഭങ്ങളെ നോക്കി അത് ഗ്രഹിക്കണം. താരതമ്യ വ്യാഖ്യാനം തിരുവെഴുത്തുകളുടെ പരസ്പര ഐക്യത്തിനേയും യുഗപരമായതും പ്രവചനികപരമായതുമായ പഠനത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

### A. പ്രമാണം ഒൻപത് : വ്യത്യാസങ്ങളെ നോക്കുക.

ദൈവം വച്ചിരിക്കുന്ന വ്യത്യാസങ്ങളെ മനസ്സിലാക്കുവാൻ ഈ നിയമം സഹായിക്കും. മറ്റൊരു പ്രകാരത്തിൽ വേദപുസ്തകം എടുത്തുകാട്ടുന്ന വിശ്വാസവും പ്രവർത്തിയും രക്ഷയും പാപവും, ന്യായപ്രമാണവും കൃപയും തുടങ്ങി നിരവധി വിഷയങ്ങൾ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുവാൻ ഇതു സഹായിക്കുന്നു. വ്യാഖ്യാനിയുടെ മുമ്പിൽ ഇതെല്ലാം ഒരു വെല്ലുവിളിയാണ്.

ഉദാഹരണത്തിന് വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസം എഫേ. 2:8-10 വരെയുള്ള ഭാഗത്തു പറഞ്ഞിരിക്കുന്നതു കാണുക:

> **“കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനു നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവർത്തികളും കാരണമല്ല. നാം അവന്റെ കൈപ്പത്തിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്ത പോരാട്ടത്തിനു ദൈവം അവസരമൊരുക്കിയിരിക്കുന്നു.”**

തീർച്ചയായും രക്ഷ കൃപയാൽ വിശ്വാസം മൂലമാണ് പ്രവൃത്തികളാലല്ല. എന്നാൽ പ്രവർത്തികൾക്കുള്ള പ്രാധാന്യത തള്ളിക്കളയുകയുമരുത്. പ്രവർത്തികൾ രക്ഷക്കായിട്ടല്ല, പിന്നെയോ ക്രിസ്തീയ ജീവിതത്തിന്റെ പ്രാധാന്യതയാണവ.

വിശ്വാസത്തിന് അതിൽതന്നെ ആനുകൂല്യങ്ങളില്ല. എല്ലാം അതിന്റെ അടിസ്ഥാനഘടകത്തിൽ അടങ്ങിയിരിക്കുന്നതു

മാത്രമാണ്. ഒരുവന്റെ വിശ്വാസം വിശ്വാസത്തോടുകൂടെയെങ്കിലെ ആശ്രയിക്കേണ്ടവനിൽ അശ്രയിക്കാൻ സാധിക്കുകയുള്ളൂ. നമുക്കറിയാം നാം എല്ലാം പാപികളായാൽ നമ്മിൽ തന്നെ ആശ്രയിക്കുന്നത് വിവേകപരമായ ഒരു തിരഞ്ഞെടുപ്പല്ലെന്ന് (റോമ 3: 23).

ഒരു വൻ ഗർത്തത്തിന്റെ ഇരുവശങ്ങളിലും നില്ക്കുന്ന ബലഹീനമായ വൃക്ഷചില്ലകളിൽ ബന്ധിച്ചിരിക്കുന്ന ഒരു നിസ്സാര ചരടിൽ തൂങ്ങി ഒരു വലിയ ഭാരമുള്ള മനുഷ്യൻ ഒരു വശത്തുനിന്ന് മറുവശത്തേക്കു പോകുവാൻ ശ്രമിച്ചാൽ അത് വിശ്വസനീയമോ വിവേകപൂർണ്ണമോ ആയ ഒന്നായിരിക്കുകയില്ല. എന്നാൽ ബലമുള്ള ഒരു വടം ശക്തിയുള്ള രണ്ടു വൃക്ഷങ്ങളിൽ കെട്ടി അതിൽ തൂങ്ങി അപ്പുറം കടക്കുകയെന്നത് വിശ്വസിക്കത്തക്ക ഒന്നായിരിക്കും.

യേശുക്രിസ്തു പാപങ്ങളെ തന്റെ ശരീരത്തിൽ വഹിച്ചു ക്രൂശിന്മേൽ മരിക്കുകയും വീണ്ടും മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയും ചെയ്തു എന്നത് വിശ്വസിക്കാവുന്ന കാര്യമാണ്.

ഒരു പ്രവൃത്തിയ്ക്ക് അതിന്റേതായ ഒരു നല്ല വശമുണ്ട്, അതിന്റെ പ്രകൃതത്തിൽ അടങ്ങിയിരിക്കുന്ന നല്ല പെരുമാറ്റത്താലാണ് പാവപ്പെട്ടവരെ സഹായിക്കാൻ കഴിയുന്നത് (ഗലി. 2: 10). എന്നിരുന്നാലും യാതൊരു നല്ല പ്രവർത്തിയാലും നമുക്ക് രക്ഷപെടുവാൻ കഴിയുന്നതല്ല (തീത്തോ. 3: 5). എന്നാൽ യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നതിനായിട്ടാണ് ദൈവം സൽപ്രവർത്തികളെ നമുക്ക് തന്നിരിക്കുന്നത്. യഥാർത്ഥത്തിൽ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം ചെയ്യുന്ന പ്രവർത്തികൾക്കെല്ലാം ഒരു ദിവസം കണക്കു ബോധിപ്പിക്കേണ്ടതും പ്രവർത്തികൾക്കടുത്ത പ്രതിഫലം പ്രാപിക്കേണ്ടതുമാകുന്നു (2 കൊരി. 5 : 10). കർത്താവു നമുക്കുചെയ്ത ഉപകാരങ്ങൾക്കുള്ള നന്ദിസൂചകമായിട്ടായിരിക്കണം നമ്മുടെ പ്രവർത്തികളും. ഒരിക്കലും നമ്മുടെ വ്യക്തിപരമായ നേട്ടങ്ങൾക്കായിരിക്കരുത്.

മറ്റൊരു വ്യത്യാസം നമുക്കു ചിന്തിക്കാനുള്ളത് വിശ്വാസികളുടെ രക്ഷാഭദ്രതയും അവരിലുള്ള പാപാവസ്ഥയുടെ യാതാർത്ഥ്യവുമാകുന്നു.

നാം ശത്രുക്കളായിരിക്കുമ്പോൾ ക്രിസ്തു നമുക്കുവേണ്ടി മരിച്ചതിനേക്കാൾ വലുതായൊരു പ്രവൃത്തി ദൈവത്തിനു ചെയ്യാനില്ലായിരുന്നു. അങ്ങനെയെങ്കിൽ നാം അവന്റെ ഭവനത്തിലെ അംഗങ്ങളായി തീർന്നശേഷം അവനിൽ നിന്നു എന്തിനു കുറഞ്ഞതു പ്രതീക്ഷിക്കണം (റോമ. 5:6-10).

ബൈബിൾ വ്യക്തമാക്കുന്നത് രക്ഷിക്കപ്പെട്ടശേഷവും വിശ്വാസിക്കു പാപം ചെയ്യുവാനുള്ള സാദ്ധ്യത ഉണ്ടെന്നാണ്:

> ***" നമുക്കു പാപം ഇല്ലാ എന്നു നാം പറയുന്നെങ്കിൽ നമ്മെ തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്ഥനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെ യായി" (1 യോഹ. 1: 8-10).***

യാതൊരു സംശയവുമില്ല ഈ ഭാഗം വിശ്വാസികളെ സംബന്ധിച്ചുള്ളവയാണ്. നമ്മുടെ പാപത്തോടുള്ള ആസക്തിക്കെതിരായി എത്രയോ മുന്നറിയിപ്പുകളാണ് പുതിയ നിമയത്തിൽ തന്നിരിക്കുന്നത്. ആകയാൽ വിശ്വാസിയും പാപം ചെയ്യും എന്നതിൽ ആർക്കും തർക്കമില്ല. പക്ഷേ ഒരു വിശ്വാസി പാപം ചെയ്താൽ രക്ഷ നഷ്ടപ്പെടുമോ ഇല്ലയോ ? എന്നതാണ് പലരേയും അലട്ടുന്ന ചോദ്യം.

ബൈബിളിലെ പല പുസ്തകങ്ങളിലെപ്പോലെ റോമാ ലേഖനത്തിൽ രക്ഷ എന്നുള്ളതു ഒരു നിത്യമായ യാതാർത്ഥ്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ***"അതുകൊണ്ട് ഇപ്പോൾ ക്രിസ്തുവേശുവിലുള്ളവർക്കു ഒരു ശിക്ഷാ വിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുവേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു''*** (റോമ. 8:1,2), എന്നാണ് പൗലൂസ് പറഞ്ഞിരിക്കുന്നത്. കൊരിന്ത്യയിലെ സഭ എണ്ണമില്ലാത്ത പാപങ്ങളിൽ കുടുങ്ങിയിരിക്കുന്നതായി കാണുന്നു. പൗലൂസ് അവരെ "ജഡീകന്മാരെന്നാണ്'' വിളിച്ചത് (1 കൊരി. 3:1,2). എന്നാൽ ഒരിക്കലും "രക്ഷിക്കപ്പെടാത്തവർ'' എന്നു വിളിച്ചില്ല, മറിച്ച് വിശുദ്ധന്മാരുടെ "സഭ'' എന്നാണ് വിശേഷിപ്പിച്ചിരുന്നത് (1 കൊരി 1:2).

തീർച്ചയായും ക്രിസ്ത്യാനികൾക്കു പാപത്തിലേക്ക് വഴുതിപോകാനുള്ള സാദ്ധ്യതകളുണ്ട്. എന്നാൽ അതുമൂലം രക്ഷ നഷ്ടപ്പെടുന്നു എന്നർത്ഥമില്ല. ***"നാം അവിശ്വാസിയായിത്തീർന്നാലും അവൻ വിശ്വസ്ഥനായി പാർക്കുന്നു."*** എന്ന് 2 തിമോ. 2: 13–ൽ വായിക്കുന്നു.

ഒരു ക്രിസ്ത്യാനി പാപം ചെയ്യുമ്പോൾ അതിന്റെ പരിണിതഫലമായി അവനു ലഭിക്കേണ്ടിയിരുന്ന പ്രതിഫലം നഷ്ടപ്പെടുത്തുകയാണ്: ***"നാം തള്ളിപ്പറയുമെങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും"*** (2 തിമോ. 2:12). ഏതുപ്രകാരത്താലുള്ള പാപത്താലും നാം ക്രിസ്തുവിനെ തള്ളിപ്പറയുന്നവർ ആകുമ്പോൾ അവനോടു കൂടെ വാഴുവാനുള്ള ഭാഗ്യസ്ഥാനം നാം നഷ്ടപ്പെടുത്തുകയാണ്.

ഈ ദൃഷ്ടാന്തങ്ങളിൽ കൂടെ ദൈവവചനത്തിൽ ദൈവം വച്ചിരിക്കുന്ന വ്യത്യാസങ്ങളെയാണ് നമുക്കു കാണാൻ കഴിയുന്നത്, പക്ഷേ ഒരു ജീവിതകാലം മുഴുവൻ ചിലവിട്ടാലെ അതുകണ്ടുപിടിക്കാനും അവയിലെ വ്യത്യാസങ്ങൾ തമ്മിൽ ഉളള ബന്ധം തിരിച്ചറിയാനും സാധിക്കുകയുള്ളൂ.

## B. പ്രമാണം പത്ത് : സന്ദർഭത്തിന്റെ പരിഗണന.

ഈ നിയമം മൂലം നമുക്കു വെളിവായി കിട്ടുന്ന യാഥാർത്ഥ്യം ഒരു വാക്കിന്റെയോ, വാക്യത്തിന്റെയോ പിന്നാലെ വരുന്നവയെക്കുറിച്ചുള്ള മുന്നറിയിപ്പാണ് (ഒന്നാമത്തെയും അവസാനത്തെയും വാക്യങ്ങൾ ഒഴിവുള്ളവയാണ്). ഭൗതിക സ്ഥാനബന്ധങ്ങളാണ് കൂടുതലായി തിരിച്ചറിയാൻ കഴിയുന്നത്. ദൈവം തന്റെ പ്രകാശത്തെ ഒരു വാക്യത്തിൽ കൂടെയോ അതിനടുത്ത വേദഭാഗത്തുകൂടെയോ ആയിരിക്കും അതിലെ പ്രധാനവിഷയം വെളിപ്പെടുത്തുന്നത്. ചിലപ്പോൾ ഇതിനു സമാനമായ മറ്റൊരു ഭാഗത്തുനിന്നായിരിക്കും.

ഒരുവാക്യത്തിന്റെ വിഷയാനുബന്ധമായിട്ടുള്ള അർത്ഥം മാറ്റി മറ്റൊന്ന് ഒരിക്കലും നല്കരുത്. യഥാർത്ഥമായ അർത്ഥത്തെ മാറ്റി മറ്റൊന്ന് കൊടുക്കുന്നത് സ്വന്തം ആശയങ്ങളെ തിരുകികയറ്റി വചനത്തെ കോട്ടികളയുകയാണ്. ഈ വിധപരിചയം സത്യത്തിൽ നിന്നു പൂർണ്ണമായി മാറ്റുവാനേ സഹായിക്കുകയുള്ളൂ.

വിഷയാടിസ്ഥാനത്തിലുള്ള വ്യാഖ്യാനം എപ്പോഴും ആരു സംസാരിക്കുന്നു, ആരോട് സംസാരിക്കുന്നു, എന്താണ് ആ ഭാഗത്തിലെ വിഷയത്തിന്റെ പ്രധാന ഉദ്ദേശം സ്ഥലത്തിന്റെ പ്രധാന്യത എന്നിവ വളരെ പ്രധാനപ്പെട്ടതാണ്.

തിരുവെഴുത്തിൽ മൂന്നു വിധത്തിലുള്ള സന്ദർഭാപരമായ വ്യാഖ്യനങ്ങൾ ഉണ്ട് :

### 1. അടുത്തുള്ള സന്ദർഭം (പശ്ചാത്തലം)

ഒരു ഖണ്ഡികയിലെ വാക്യങ്ങളെയാണ് അടുത്തുള്ള സന്ദർഭമായി എടുക്കുന്നത്. ഉദാഹരണത്തിന് ഗല. 5:1–ൽ ***"സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നില്പിൽ; അടിമത്വത്തിൽ പിന്നെയും കുടുങ്ങിപോകരുത്."*** "അടിമത്തം" എന്നപദം ഒരു പ്രത്യേക സ്ഥലത്തോ, സമയത്തോ നടന്നിരുന്നതും, ശാരീരികമായി മറ്റൊരുവന്റെ അധീനതയിലോ ഏതെങ്കിലും രാഷ്ട്രീയ വിഭാഗങ്ങളുടെ അധീനതയിലോ സംഭവിച്ച കാര്യമായിട്ടോ എടുത്തുകാണിക്കുവാനാണ് നമ്മൾ ഉദ്ദേശിക്കുന്നത്. എന്നാൽ ഇവിടെയാകട്ടെ ആത്മീയ അടിമത്വത്തെയാണ് വിവക്ഷിക്കുന്നത്. ന്യായപ്രമാണത്തിന്റെ കർമ്മാചാരങ്ങൾ (വിശേഷാൽ പരിച്ഛേദന) ആണ് മനുഷ്യവർഗ്ഗത്തെ അടിമപ്പെടുത്തിയിരിക്കുന്നത്, അതിനുള്ളിൽ നിന്നും രക്ഷപ്പെടുവാൻ (സ്വാതന്ത്ര്യമാവാൻ) കഴിയുന്നതല്ല (ഗലി. 5:13).

### 2. മദ്ധ്യമ സന്ദർഭം (ഇടയ്ക്കുള്ള പശ്ചാത്തല വിവരം മനസ്സിലാകുന്നു)

മദ്ധ്യത്തിൽ വരുന്ന സന്ദർഭത്തിൽ അതുൾകൊണ്ടിരുന്ന ഭാഗത്തെ മുഴുവൻ കാണിക്കത്തക്ക വിധം പുസ്തകം പൂർണ്ണമായി കണക്കാക്കുന്നു. ***" അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും"*** (മത്താ. 24 : 40). ഇവിടെ "അന്ത്യകാല" സംഭവത്തെയാണ് സന്ദർഭം ആയി എടുത്തിരിക്കുന്നത് പക്ഷേ ചോദ്യമുദിക്കുന്നത് ആരാണ് എടുത്തുകൊള്ളപ്പെടുന്നത്? ആരാണ് വിടപ്പെടുന്നത്? സഭ എടുത്തുകൊള്ളപ്പെടുന്നനാളിൽ നീതിമാന്മാർ എടുത്തു കൊള്ളപ്പെടുകയും ദുഷ്ടന്മാർ വിടപ്പെടുകയുമാണോ ? അതോ ദുഷ്ടന്മാർ എടുക്കപ്പെടുകയും നീതിമാന്മാർ വിടപ്പെടുകയുമാണോ ? ഒന്നാമത്തെ സന്ദർഭം ഇതിനു മറുപടി നല്കുന്നില്ല.

മത്താ. 13: 49–ൽ  എന്തായാലും  ഇതിന് മറുപടി തരുന്നുണ്ട്. അവസാന നാളിലെ എടുത്തുകൊള്ളപ്പെടലിനെ കുറിച്ചു പറയുന്ന ഈ ഭാഗത്ത് ***"...... നീതിമാന്മാരുടെ  ഇടയിൽ നിന്നും ദുഷ്ടന്മാരെ വേർതിരിക്കും".***

മദ്ധ്യഭാഗത്തുവരുന്ന സന്ദർഭമാണ് ഈ വക കാര്യങ്ങൾക്ക് ഉത്തരം നല്കുന്നത്. ഇതു രണ്ടാം വരവിന്റെ കാലത്തെയാണ് സൂചിപ്പിക്കുന്നത്. ഈ ഇടയ്ക്കുവരുന്ന സന്ദർഭം വാകൃപ്രതി വാക്യമായിട്ടുളള പഠനത്തെക്കുറിച്ചുള്ള അറിവ് തരുന്നതിനാൽ പശ്ചാത്തലം മനസ്സിലാക്കുവാനും കഴിയുന്നു. എന്നാൽ ഒരാൾ നേരിട്ട് മത്താ. 24 ന്റെ പഠനത്തിലേയ്ക്കു പ്രവേശിക്കുന്നുവെങ്കിൽ നാം ഇപ്പോൾ ചിന്തിച്ചതുപോലെ മുകളിൽ പറഞ്ഞിരിക്കുന്ന ചോദ്യങ്ങൾക്ക്  ഉത്തരം പറയുക പ്രയാസമായിരിക്കും. പക്ഷേ പഠിതാവ് പുസ്തകം മുഴുവൻ മത്താ. 24 വരെ  വായിച്ചിട്ടാണെങ്കിൽ ഉത്തരം  പറയുന്നതു എളുപ്പമായിരിക്കും.

### 3. അകലെയുള്ള സന്ദർഭം. (അകന്ന ഭാഗങ്ങളെ മനസ്സിലാക്കുന്നു)

ഇതിനാൽ ദൈവവചനത്തിന്റെ ഉളളടക്കങ്ങൾ ബൈബിളിൽ ഏതുഭാഗത്തായിരുന്നാലും പ്രത്യേക പരിഗണനയ്ക്കർഹമാകുന്നു.

ബൈബിളിന്റെ ഏതകന്ന ഭാഗത്തെയും മറ്റൊരു  അകന്ന ഭാഗം കൊണ്ട് മനസ്സിലാക്കുവാൻ ഇതു സഹായിക്കുന്നു. ചില പ്രത്യേക വിഷയങ്ങൾ 'കൃപ'  'വിശ്വാസം' 'സ്നേഹം' തുടങ്ങിയ ഏതു വിഷയത്തെക്കുറിച്ചും ബൈബിളിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ഒരു കൺകോർഡൻസു (പദസൂചിക) കൊണ്ട്  കണ്ടുപിടിക്കാൻ സാധിക്കുന്നു. ഒരു കൺകോർഡൻസ് എന്നാൽ, ഒരു പദത്തിന്റെ തുല്യ പദങ്ങൾ സമാഹരിച്ചുവച്ചിരിക്കുന്ന ഗ്രന്ഥമാണന്നർത്ഥം. ഇതുകൊണ്ട് ഒരു വിഷയത്തെക്കുറിച്ച് ബൈബിളിൽ എവിടെയെല്ലാം പറഞ്ഞിരിക്കുന്നുവെന്ന് എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ സാധിക്കുന്നു.  കൺകോർഡൻസിനെക്കുറിച്ച് വിശദമായി പിന്നാലെ നോക്കാം.

അകന്ന പശ്ചാത്തലങ്ങൾ കുറേക്കൂടി ഉയർന്ന പ്രമാണങ്ങളെ നമുക്കു നല്കുന്നു. ഇതിനാൽ പ്രവചന വിഷയങ്ങൾ, സാദൃശങ്ങൾ, അടയാളങ്ങൾ, പ്രതിരൂപങ്ങൾ എന്നിവയുടെ അർത്ഥമെന്തെന്നു ഗ്രഹിക്കുവാൻ കഴിയും. ഉദാഹരണമായി സമാഗമന കൂടാരത്തിലെ തിരശ്ശീല (പുറ. 26:31–35). ഇതാണ് വിശുദ്ധമന്ദിരത്തെയും അതിവിശുദ്ധമന്ദിരത്തെയും തമ്മിൽ വേർതിരിക്കുന്നത്. ഇതിന്റെ വ്യാഖ്യാനം എബ്രാ. 10: 20–ൽ യേശുവിന്റെ ശരീരമാകുന്ന മന്ദിരത്തെ പ്രതിനിധീകരിച്ചിരിക്കുന്നതായി കാണാം.

***"സത്യവചനത്തെ യഥാർത്ഥമായി വിഭജിക്കുവാൻ"*** (2തിമോ. 2:15). ഈ പശ്ചാത്തലപഠനം ആവശ്യമായിരിക്കുന്നതുപോലെ തന്നെ ഉപദേശ വിഷയങ്ങളെ തെളിയിച്ചുകൊടുക്കുന്നതിനും ബൈബിൾ വിഷയങ്ങളുടെ പരസ്പര ബന്ധത്തെ തിരിച്ചറിയുവാനും ഈ വിധ പഠനം അത്യാവശ്യമാണ്.

## C. പ്രമാണം പതിനൊന്ന് : താരതമ്യ വ്യാഖ്യാനം.

തിരുവെഴുത്തിനെ തിരുവെഴുത്തുമായി തന്നെ താരതമ്യം ചെയ്തുകൊണ്ടുള്ള വ്യാഖ്യാനം വചനത്തിന്റെ ആന്തരിക അർത്ഥ പ്രാപ്തിക്കു വളരെ സഹായകമാണ്. എന്താണ് ശരിയായ അർത്ഥം എന്നു കണ്ടുപിടിക്കാം.

ഒരു വിഷയത്തോടു കൂടുതൽ അനുരൂപപ്പെട്ടിരിക്കുന്ന മറ്റൊന്ന് കണ്ടെത്തുക അതിപ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ഉദാഹരണമായി കൃപയും കരുണയും . അതുപോല ദൈവം, പിശാച് എന്ന വ്യത്യസ്ത വിഷയങ്ങൾ. സമാനതകളെ കണ്ടെത്തി വിഷയത്തിന്റെ അകന്ന ഭാഗങ്ങളെ ഒന്നാക്കുമ്പോൾ തകർന്ന കണ്ണാടി വീണ്ടും അതിന്റെ പൂർവ്വസ്ഥിതിയിൽ എത്തുന്നതിനു തുല്യമാണ്.  ഈ അകന്നവയെ ഒന്നാക്കിയുള്ള പഠനത്താലാണ് വേദശാസ്ത്രം വളർച്ച പ്രാപിച്ചതു തന്നെ.

പുതിയ ശിഷ്യനായാലും (1 തിമോ. 3:6), അനുഭവജ്ഞനായാലും വ്യാഖ്യാനി തിയോളജിയുടെ (സദൃശ്യ. 3:5–6) വളർച്ചയെ മനസ്സിലാക്കുകയും തിരുവെഴുത്തിലെ ഏതാണ്ട് 31,000–ത്തിൽ അധികം വരുന്ന വാക്യങ്ങളേയും അവ ഏതിനായി നിലകൊള്ളുന്നുവെന്നതും ഗ്രഹിച്ചിരിക്കണം. പൂർണ്ണമായ തിരിച്ചറിവില്ലാതെ ചെയ്യുന്ന ഏതു വിത്യാസവും തെറ്റുകൾക്കു കാരണമാകും, ആകയാൽ വിനയത്തോടെ കൈകാര്യം ചെയ്യുക.

തിരുവെഴുത്തിനെ തിരുവെഴുത്തുകൊണ്ട് താരതമ്യം ചെയ്യുമ്പോൾ ബൈബിളിന്റെ വിവിധ ഭാഗങ്ങളിലുള്ള തിയോളജിക്കൽ പഠിപ്പിക്കലുകൾ കൂടുതൽ വെളിവാകുന്നതാണ്. ഉദാഹരണത്തിനു "വിശ്വാസത്താലുള്ള

നീതീകരണം'' എന്ന വിഷയം നോക്കുക (ഉല്പ.15:6; റോമ. 3-4). ഇതിന്റെ പശ്ചാത്തലത്തിലേക്കിറങ്ങിയാൽ ഇതിന്റെ എതിരായുള്ള " പ്രവർത്തിയാലുള്ള നീതീകരണം" എന്നൊന്ന് കാണാം (യാക്കോ. 2:14-26). നാം ഇതിനെ രണ്ടിനെയും ഒന്നിപ്പിക്കുമ്പോൾ "പ്രവൃത്തി" എന്നതു ദൈവീക പദ്ധതിയിലെ അതിപ്രധാനമായ ഒന്നായി മനസ്സിലാക്കാം; എന്നാൽ അത് രക്ഷക്കുള്ള മാർഗ്ഗമായല്ലെന്നു മാത്രം. ഈ നിയമം എഫെ. 2: 8-10-ലും കാണാം, **"കൃപയാൽ വിശ്വാസമൂലം രക്ഷിക്കപ്പെടുന്നു''** എന്നാൽ ***"സൽപ്രവർത്തികൾക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുകയുമാണ്."***

ഈ പ്രമാണത്തെ ആധാരമാക്കി വേദശാസ്ത്രമോ ഉപദേശമോ അടങ്ങിയിരിക്കുന്ന ഭാഗങ്ങളെ വായിക്കുകയും പഠിക്കുകയും ചെയ്യുമ്പോൾ ശരിയായ അർത്ഥം മനസ്സിലാകുന്നതാണ്. ഉദാഹരണത്തിന് മർക്കോ. 16:9-ന്റെ ഗ്രീക്കു പരിഭാഷ വായിച്ചാൽ പുസ്തകത്തിന്റെ അവസാനം അനിശ്ചിതത്വത്തിലാണ്. എന്നിട്ടും പലരും ഈ അവ്യക്തതയിന്മേൽ ഉപദേശങ്ങൾ സ്ഥാപിച്ചപ്പോൾ വേദശാസ്ത്രം തെറ്റുവാനിടയായി.

തിരുവെഴുത്തിനെ തിരുവെഴുത്തുകൊണ്ട് താരതമ്യം ചെയ്യുന്ന പ്രമാണത്തിൽ കാണുന്ന മറ്റൊന്ന് പുതിയ നിയമത്തിലെ മിസ്റ്ററി (രഹസ്യം, മർമ്മം, പൂർണ്ണമായി വെളിപ്പെടാത്തവ) കളുടെ വ്യാഖ്യാനമാണ്. സാധാരണയായി എഫേ. 3-ലെ "മിസ്റ്ററിയെക്കുറിച്ചു'' മനസ്സിലാകണമെങ്കിൽ ഒന്നാമത് എന്താണ് മിസ്റ്ററി ? എന്നു മനസ്സിലാക്കണം. നമുക്കതിനു ലഭിക്കുന്ന ഉത്തരം കൊലോ. 1: 25 -27 ആണ്:

> ***"നിങ്ങൾക്കു വേണ്ടി ദൈവം എനിക്കു നല്കിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവൃത്തിക്കേണ്ടതിനു ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു. അതു പൂർവ്വ കാലങ്ങൾക്കും, തലമുറകൽക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു. അവരേടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നറിയിപ്പാൻ ദൈവത്തിന് ഇഷ്ടമായി: ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതുതന്നെ''.***

ഈ "മർമ്മത്തെ**''** തിരുവെഴുത്തു ക്രിസ്തുവുമായുള്ള അഭേദ്യമായ ബന്ധമായിട്ടാണ് കാണിച്ചിരിക്കുന്നത്. ഈ ബന്ധത്തിന്റെ പുതിയ കാലഘട്ടത്തെ സഭായുഗം എന്നു വിളിക്കുന്നു.

## D. പ്രമാണം പന്ത്രണ്ട് : ഐക്യതയെ നോക്കുക.

ഈ പ്രമാണത്താൽ ദൈവത്തിന്റെ സത്യസന്ധതയും വിശ്വസ്ഥതയുമാണ് വെളിപ്പെടുന്നത്. ദൈവം കലക്കത്തിന്റെ ദൈവമല്ല (1 കൊരി. 14 :33). മറ്റൊരു വിധത്തിൽ ബൈബിൾ പര്സപര വിരുദ്ധമല്ല, പിന്നെയോ ഐക്യതയും ദൈവീക ജീവനാൽ താരതമ്യം നിറഞ്ഞതുമാകുന്നു.

വ്യാഖ്യാനസംബന്ധമായ അനൈക്യങ്ങൾ മാനുഷികമാണെന്നും അതു ദൈവീകമല്ലെന്നും ഓർത്തിരിക്കണം. പലരും തങ്ങളുടെ ആശയങ്ങളും വികാരങ്ങളും അനുസരിച്ചാണ് ബൈബിൾ വ്യാഖ്യാനിക്കുന്നത്. എങ്കിലും ഇത് ദൈവീക പ്രമാണങ്ങൾക്കെതിരാണ് (യോഹ. 5: 37; സദൃ. 3:5,6; 2 കൊരി. 5:7). കർത്താവിനെ നാം ഒരു ദിവസം നേരിൽ കാണുന്നതുവരെ (1 കൊരി. 13:12) ബൈബിളിന്റെ പലഭാഗങ്ങളും മറവായിരിക്കും. ആകയാൽ വിശ്വാസത്തിൽ നടന്നും (എബ്രാ. 11: 6 ; കൊലോ. 2: 6) ദൈവീക ഭവനത്തിലേക്ക് ആനയിക്കപ്പെടേണ്ടതിന് ദൈവത്തിൽ ആശ്രയിച്ചും വേണം ഇന്നു ജീവിക്കുവാൻ.

കാഴ്ചയിൽ രണ്ടു ഭിന്ന വാക്യങ്ങളെങ്കിലും അവയെ സമുന്വയിപ്പിച്ച് അർത്ഥം ഗ്രഹിക്കുന്നതാണ് ജ്ഞാനത്തിന്റെ പ്രവൃത്തി. സദൃശ്യവാക്യങ്ങളുടെ ആരംഭത്തിൽ (1: 2-6) അലങ്കാര വചനങ്ങളും, കടങ്കഥകളും നമുക്ക് ജ്ഞാനം വർദ്ധിപ്പിക്കേണ്ടതിനായി നല്കപ്പെട്ടിരിക്കുന്നു വെന്നാണ് വായിക്കുന്നത്. ഇതു ആഴമേറിയ പഠനത്തിനു നമ്മെ സഹായിക്കുന്നു. വീണ്ടും ഉദാഹരണത്തിനായി റോമ: 3-ഉം 4-ഉം യാക്കോ. 2-ഉം വായിച്ച് വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധം തിരിച്ചറിയുക.

വിവിധ ഭാഗങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതിനു ചൂണ്ടിക്കാട്ടിയിരിക്കുന്ന സമയം, സ്ഥലം എന്നിവയെ മനസ്സിലാക്കുകയും നിസ്സാരങ്ങളായവയെ എടുത്തു വ്യാഖ്യാനത്തിനു തടസ്സം സൃഷ്ടിക്കാതിരിക്കുകയും വേണം.

മറ്റൊരു കാര്യം നാം ഓർത്തിരിക്കേണ്ടത് ഒരു പ്രമാണം തന്നെ വിവിധ രൂപത്തിൽ ഉപയോഗിച്ചിട്ടുണ്ട് എന്നാണ്. ഉദാഹരണമായി റോമ. 3:23-ൽ "എല്ലാവരും പാപം ചെയ്തു" എന്നു പറഞ്ഞിരിക്കുന്നതുപോലെ ലേവ്യാ പുസ്തകത്തിൽ എല്ലാവരും പാപ യാഗം കൊണ്ടുവരേണം എന്ന പ്രയോഗമുണ്ട്. രണ്ടു കാര്യങ്ങളും ഒരേ കാര്യത്തെ തന്നെയാണ് വെളിപ്പെടുത്തുന്നത്.

ഏതായാലും വേദപുസ്തകത്തിന്റെ തെളിവായ പഠനം നമ്മെ നയിക്കുന്നത് വചനത്തിന്റെ സാഹിത്യ ഘടനയിലേക്കും അതിന്റെ സംഘടനയിലേക്കുമാണ്.

### E. പ്രമാണം പതിമൂന്ന് : യുഗങ്ങളെ മനസ്സിലാക്കുക.

ദൈവം തന്റെ ജനങ്ങൾക്കായി സ്ഥാപിച്ചിരിക്കുന്ന വിവിധങ്ങളായ ഉത്തരവാദിത്തങ്ങളുടെ ചരിത്രപരമായ കാലഘട്ടങ്ങളെയാണ് യുഗങ്ങൾ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ചരിത്രത്തിന്റെ ഈ വിഭജനങ്ങൾ അതിന്റെ ഉത്തരവാദിത്വങ്ങളാലാണ് തിരിച്ചറിയുന്നത്. എബ്രാ. 7:12-ൽ ***"പൗരോഹിത്യം മാറിപ്പോകുന്ന പക്ഷം ന്യായപ്രമാണത്തിനും കൂടെ മാറ്റം വരുവാൻ ആവശ്യം"*** എന്നു വായിക്കുന്നു. ഈ വാക്യത്തിൽ നിന്നു ദൈവം ചരിത്രത്തെ ഉത്തരവാദിത്വങ്ങളുടെ ക്രമം അനുസരിച്ച് വിഭജിച്ച് സ്ഥിരപ്പെട്ടുത്തിയിരിക്കുന്നു എന്നാണ്.

## ആദാമിന്റെ വീഴ്ച മുതൽ ഉള്ള കാലഘട്ടത്തെ നാലു യുഗങ്ങളായി തിരിച്ചിരിക്കുന്നു:

### 1. ജാതികളുടെ യുഗം. – ആദാമിന്റെ വീഴ്ചമുതൽ മിസ്രയിമിൽ നിന്നുള്ള പുറപ്പാടു വരെ.

ഏകദേശം 3900 B.C. മുതൽ 1445 B.C. വരെ ഉല്പത്തി പുസ്തകവും ഇയ്യോബും ഈ യുഗത്തിൽപ്പെട്ടതാണ്.

### 2. യിസ്രായേലിന്റെ യുഗം – യിസ്രയിമിൽ നിന്നുള്ള പുറപ്പാടു മുതൽ പെന്തക്കോസ്തുവരെ

ഉല്പത്തിയും, ഇയ്യോബും ഒഴികെയുള്ള എല്ലാ പഴയ നിയമ പുസ്തകങ്ങളും, പുതിയ നിയമത്തിലെ നാലു സുവിശേഷങ്ങളും അപ്പോസ്തോല പ്രവൃത്തികളും-അപ്പോ. പ്ര. 1. ഈ കാലഘട്ടത്തിന്റെതാണ്. കൂടാതെ പഴയ നിയമത്തിലെ തന്നെ സഹസ്രാബ്ദ വാഴ്ചയെ ചൂണ്ടിക്കാട്ടുന്ന പ്രത്യേക ഭാഗങ്ങളും ഉൾപ്പെടുന്നു. ഉദാഹരണമായി, യെശയ്യ. 61-66; യെഹസ്കി. 40-48 എന്നിവ കാണുക.

ഈ കാലഘട്ടം ഏതാണ്ട് B.C 1445 മുതൽ A.D. 33 വരെയാണ്. സഭയുടെ ഉത്പ്രാപണം മുതൽ ക്രിസ്തുവിന്റെ രണ്ടാം വരവു വരെയുള്ള കാലവും ഇതിൽ പെടുന്നതാണ് ഈ പീരിയഡ് ദാനിയേലിന്റെ 70-ാം ആഴ്ചവട്ടം അഥവാ 'മഹോപദ്രവകാലം' ഏന്നറിയപ്പെടുന്നു (ദാനി 9:24-27).

### 3. സഭായുഗം – പെന്തക്കോസ്തു നാൾമുതൽ സഭയുടെ എടുത്തുകൊള്ളപെടൽ വരെ

(മഹോപദ്രവകാലം എന്നത് സഭയുടെ ഉത്പ്രപണം മുതൽ യേശുക്രിസ്തുവിന്റെ മടങ്ങി (രണ്ടാം വരവ്) വരവു വരെയുള്ള ഏഴുവർഷമാണ്.)

അപ്പോ. പ്ര. 2 28; ലേഖനങ്ങൾ, വെളി. 2-3 എന്നീ ഭാഗങ്ങൾ ഇതിൽ പെടുന്നു. വെളി. 4-19 വരെ ഭാഗം മഹോപദ്രവകാലത്തെയാണ് വിവരിക്കുന്നത്.

ഈ യുഗം A.D. 33-ൽ ആരംഭിക്കുകയും സഭ എടുത്തുകൊള്ളപ്പെടുന്നതോടെ അവസാനിക്കുകയും ചെയ്യുന്നു.

### 4. സഹസ്രാബ്ദ യുഗം – യേശുക്രിസ്തുവിന്റെ രണ്ടാം വരവു തുടങ്ങി വെള്ള സിംഹാസനത്തിലെ ന്യായവിധിവരെ.

വെളി. 20, പഴയ, പുതിയ നിയമങ്ങളിലെ ചില പ്രത്യേക വേദഭാഗങ്ങളും ഈ യുഗത്തിന്റേതാണ്.

മനുഷ്യവർഗ്ഗത്തിനായി ദൈവം നിയമിച്ച വ്യത്യസ്ത പൗരോഹിത്യ രീതികളെക്കുറിച്ച് പഠിക്കുമ്പോൾ യുഗങ്ങളെ കുറിച്ച് കൂടുതൽ വ്യക്തമായി മനസ്സിലാകുന്നതാണ്. ഉദാഹരണത്തിന് യിസ്രായേൽ ഒരു രാഷ്ട്രം (വംശമായി) ഗണിക്കപ്പെടുന്നതിനുമുമ്പ് അതായത് മിസ്രയിമിൽ നിന്നു പുറപ്പെട്ടു പോന്നതിനു ശേഷമുള്ളകാലത്തെ ജാതികളുടെ

യുഗമെന്നു വിളിക്കുന്നു. ആ കാലത്തു നിലവിലിരുന്നത് ''കുടുംബ പൗരോഹിത്യം'' ആയിരുന്നു. ഓരോ കുടുംബത്തിലേയും മൂത്ത ആൾ പുരോഹിത കർമ്മങ്ങൾ നടത്തി പോന്നു.' നോഹയുടെ നാളിൽ ഇതായിരുന്നു പരിചയം (ഉല്പ. 8 : 20) അബ്രഹാമിന്റെയും (ഉല്പ. 22: 2) ഇയ്യോബിന്റെയും (ഇയ്യോ. 1:5) നാളുകളിലും ഇതായിരുന്നു പതിവ്. ഇവർക്കെല്ലാം പിന്തുടരുവാനുണ്ടായിരുന്ന നിയമം മനസ്സാക്ഷിയുടെ പ്രമാണം മാത്രമായിരുന്നു. **''താങ്കളുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നു''** (റോമ. 2: 15).

എന്നാൽ മിസ്രയിമിൽനിന്നു പിറപ്പെട്ടുപോന്ന ശേഷം യിസ്രായേൽ മക്കൾക്കു ദൈവം ലേവി ഗോത്രത്തെ പൗരോഹിത്യ ജോലികൾക്കായി വേർതിരിച്ചു. അന്നുമുതൽ പൗരോഹിത്യം തലമുറകളായി ''ലേവ്യ പൗരോഹിത്യം'' എന്നറിയപ്പെടുന്നു. കൂടാതെ ഇത് മക്കൾവഴി തുടർന്നു പോരേണ്ടതിനായി അഹരോന്റെ കുടുംബ നേതൃത്വത്തിൽ തുടങ്ങിയതുമാകുന്നു; ലേവ്യ പൗരോഹിത്യം സമാഗമന കൂടാരത്തിലെ ശുശ്രൂഷകൾക്കായിട്ടാ യിരുന്നു. ആക്കാലത്തെ പുരോഹിതന്മാർ മൃഗബലിയാണ് നടത്തിപോന്നത്. മോശയിൽ കൂടെ ലഭിച്ച പ്രമാണങ്ങൾ ക്കനുസരിച്ചായിരുന്നു ഈ ബലികളും ആരാധനകളും നടന്നിരുന്നതെന്ന പ്രത്യേകത ഇതിനുണ്ട്. ഏതുകാര്യവും പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം തുടങ്ങിയ മോശൈക പുസ്തകങ്ങളെ ആധാരമാക്കി ചെയ്തുപോന്നു. എന്നാൽ മുന്നോട്ടു പോയപ്പോൾ ഇത് വെറും ചടങ്ങുകൾ മാത്രമാവുകയും അതിന്റെ ആത്മീയമോ ആന്തരിക ഉദ്ദേശമോ കൈവെടിഞ്ഞുപോയി എന്നതാണ് പരമാർത്ഥം. യേശുക്രിസ്തുവിന്റെ കാലത്ത് മതത്തിന്റെ അവസ്ഥ ഇതായിരുന്നതിനാലാണ് മശിഹായെ തിരിച്ചറിയാൻ അവർക്കു കഴിയാതെ പോയത് (എബ്രാ. 10:8).

യേശുക്രിസ്തുവിന്റെ ക്രൂശീകരണം ഉയർത്തെഴുന്നേല്പ് എന്നിവയ്ക്കു ശേഷം പെന്തക്കോസ്തു ദിവസത്തിൽ ദൈവം തന്റെ പുതിയ യുഗത്തിന്റെ ആരംഭം കുറിച്ചു. ഇതാണ് സഭായുഗം അഥവാ ''സഭാ ഡിസ്പെൻസേഷൻ'' ഈ പുതിയ യുഗത്തിൽ യേശുക്രിസ്തുവിൽ വിശ്വാസിക്കുന്നവർ പുരോഹിതനാകുന്നു (1 പത്രൊ. 2:5,9). ഈ വിശ്വാസികളാകുന്ന പുരോഹിതന്മാർ മൃഗബലി നടത്തുകയല്ല പിന്നെയോ ***"താങ്കളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുകയാണ്"*** (റോമ. 12:1). ഈ യുഗത്തിൽ പൗരോഹിത്യം എന്ന പദത്തിന്റെ ഉപയോഗം തന്നെ മാറിപ്പോയി. എന്നിരുന്നാലും പൗരോഹിത്യത്തിന്റെ വിവിധ ആത്മീയ പ്രവർത്തനങ്ങൾക്കു മാറ്റമില്ല. എല്ലാവരും ദൈവവചന പ്രകാരം സ്തോത്രയാഗം അർപ്പിച്ചു പോന്നു. യുഗങ്ങൾ നാം കണ്ടതുപോലെ ദൈവോപദേശങ്ങൾ നടപ്പിൽ വരുത്താനുള്ള കാലയളവുകളാണ്. സഭായുഗങ്ങൾ സ്വാതന്ത്ര്യത്തിന്റെ നിയമത്തിനാണ് പ്രാബല്യം (യാക്കോ. 1: 25; 2: 12). ഇതു സ്നഹത്തിന്റെ അന്തരീക്ഷത്തിലാണ് (റോമ. 13 : 8-10; ഗല. 5:14; യാക്കോ. 2:8).

സഹസ്രാബ്ദയുഗത്തിൽ (കാലയളവിൽ) വീണ്ടും പൗരോഹിത്യം മാറുന്നു. അന്നു ലേവി ഗേത്രത്തിൽപ്പെട്ട സാദോക്കിന്റെ നേതൃത്വത്തിലുള്ളവരായിരിക്കും. പുരോഹിതന്മാർ (യെഹ. 40:46; 43:19; 44:15; 48:11) യിസ്രായേലുമായി യേശുക്രിസ്തു ചെയ്യുന്ന പുതിയ ഉടമ്പടിയുടെ നിയമമായിരിക്കും നിലവിൽ വരുന്നത് (31:31-33, എബ്രാ.8:8 -10). ***"അത് ഇരുമ്പുകോൽകൊണ്ട് വംശങ്ങളെ ഭരിക്കുന്നതായിരിക്കും"*** (വെളി. 12:5).

യുഗപരമായ വ്യാഖ്യാനം ഈ വ്യത്യാസങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടായിരിക്കണം. രീതികൾക്കു മാത്രമേ വ്യത്യാസമുള്ളൂ. അടിസ്ഥാന നിയമങ്ങൾ ആത്മീയ സ്വഭാവമുള്ളവ തന്നെയാണ്. ഉദാഹരണത്തിന് ഇപ്പോഴത്തെ യുഗത്തിൽ യേശുക്രിസ്തുവിന്റെ ബലിമരണത്തിന്റെ സ്മരണ നിലനിർത്തുവാനായി മൃഗബലി ആവശ്യമില്ല (എബ്രാ. 10:10) പകരം സഭയ്ക്കു കർത്തൃ മേശയും സ്തോത്രയാഗങ്ങളുമുണ്ട് (1 കൊരി 11:23-24). സഹസ്രാബ്ദയുഗത്തിൽ വീണ്ടും മൃഗബലി കടന്നുവരുന്നുണ്ട് പക്ഷെ ഇത് യേശുക്രിസ്തുവിൽ നിവർത്തിച്ച യാഗത്തിന്റെ ഓർമ്മയ്ക്കായിട്ടായിരിക്കും (യെഹ. 43:18-27).

തിരുവെഴുത്തുകളുടെ വ്യാഖ്യാനത്തിൽ നിന്നാണ് ചരിത്ര വിഭജനം നടന്നിരിക്കുന്നത് അല്ലാതെ നിർബന്ധ നിയമത്താലല്ല. യുഗങ്ങൾ തമ്മിലുള്ള അകലങ്ങളെക്കുറിച്ച് വിവിധ കാഴ്ചപ്പാടുകളുണ്ട്. എന്നാൽ ഇവയൊന്നും അടിസ്ഥാനനിയമങ്ങൾക്കു മാറ്റം വരുത്തുന്നവയോ, ദൈവം മനുഷ്യർക്കു കൊടുത്തിരിക്കുന്ന ചരിത്രപരമായ ഉത്ത രവാദിത്വങ്ങൾക്ക് മാറ്റം വരികയോ ചെയ്യുന്നില്ല.

ഈ ആധുനിക കാലത്ത് ഉടലെടുത്തിരിക്കുന്ന ഒന്നാണ് ''ഹൈപ്പർ ഡിസ്പൻസേഷനലിസം''ചെറിയതായ കാലവിഭജനങ്ങളെയെല്ലാം ഒരു വലിയ യുഗ കാലയളവിനുള്ളിൽ ആക്കുവാനാണ് ഇവർ ശ്രമിക്കുന്നത്. ഇവയ്ക്കു വേണ്ടുന്നതായ തിരുവെഴുത്തിന്റെ പിൻബലമൊന്നുമില്ലെന്നകാര്യം നാം ഓർത്തിരിക്കേണ്ടതാണ്. സ്വന്തം ആശയാടിസ്ഥാനത്തിന്മേൽ ഈ വ്യാഖ്യാനം സത്യ വ്യാഖ്യാനത്തെ വികൃതമാക്കുകയേ ഉള്ളൂ. അതിരു കടന്ന

നിഷ്ടകൾ ഈ പ്രമാണത്തെ ഒരു നിയമസിദ്ധാന്തമാക്കുകയും ക്രിസ്തീയ ജീവിതത്തിന്റെ സേവനത്തിനുള്ള അവസരം പാഴാക്കുകയും ചെയ്യും. ഉദാഹരണമായി പർവ്വത പ്രസംഗത്തിൽ (ഗിരി പ്രഭാഷണം) സഭയ്ക്കു ഒരു വിലയുമില്ല. എന്തുകൊണ്ടെന്നാൽ ഇവിടെ യേശു യിസ്രായേല്ല്യ യുഗത്തിലെ കാര്യമാണ് സംസാരിച്ചത്. അല്ലാതെ 1 തിമോ 6: 3-ൽ പൗലൂസ് പറഞ്ഞിരിക്കുന്ന "സത്യോപദേശ"ത്തിന്റെ കാര്യമില്ല.

ഏതു യുഗത്തിൽ പാർക്കുന്നവരോടും പുരോഹിതന്മാർ എന്ന ക്രമത്തിൽ വെളിപ്പെടുത്തപ്പെട്ട നിയമപ്രകാരം യാഗങ്ങൾ കൊണ്ടുവരാൻ ദൈവം ആവശ്യപ്പെടുന്നു, ഇതൊടൊപ്പം ദൈവവചനം പഠിക്കുകയും വേണം.

### F. പ്രമാണം പതിനാല് : പ്രവചന വിഷയം സൂക്ഷിക്കുക.

ഈ നിയമ പ്രകാരം ഭാവി സംഭവങ്ങളെക്കുറിച്ച് ബൈബിൾ കൃത്യമായി സംസാരിക്കുന്നുണ്ട്. സത്യമായ പ്രവചനം പരിശുദ്ധാത്മാവ് മനുഷ്യരിൽ കൂടെ ചെയ്യുന്നതാണെന്നും കുടെ ബൈബിൾ വെളിവാക്കുന്നു. "തിരിവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല" (2 പത്രോ. 1 :.19 -21). പ്രവചന വ്യാഖ്യാനത്തിനായി വളരെയധികം പരിശ്രമങ്ങൾ നടന്നിട്ടുണ്ട് എങ്കിലും അവയിലധികവും പരാജയപ്പെടുകയായിരുന്നു. ദുരുപദേശങ്ങൾ ആളുകളെ തങ്ങളോടു കൂടി ചേർക്കുന്നത് പ്രവചനത്തെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടാണ്. നാം വിശ്വാസികളെന്ന പുരോഹിതന്മാർ ആകയാൽ എല്ലാവിധ ദുർവ്യാഖ്യാനങ്ങളെയും തിരിച്ചറിഞ്ഞ് ദുരുപദേശകൂട്ടായ്മകളിൽ നിന്നും വേർപെടേണ്ടതാണ്.

ഒരു ശരിയായ പ്രവചന വ്യാഖ്യാനി ആയിരക്കണക്കിന് കഷണങ്ങളായി മുറിക്കപ്പെട്ടിരിക്കുന്ന ചിത്രത്തെ ഒന്നിച്ചു ചേർക്കുന്ന പണിയാണ് ചെയ്യുന്നത്. (പ്രവചന വാക്യങ്ങൾ തന്നെ പതിനായിരത്തോളം ഉണ്ട്) ആ ചിത്രം ഒന്നാക്കപ്പെടുമ്പോൾ നമുക്കു ലഭിക്കുന്നത് ക്രിസ്തുവിന്റെ മുഖം ആയിരിക്കും. എന്തന്നാൽ ഭൂത, വർത്തമാന, ഭാവി അടങ്ങിയിരിക്കുന്ന ചരിത്രത്തിന്റെ പൂർണ്ണരൂപമാണവൻ. ആകയാൽ ചരിത്രത്തിന്റെ ഒരു കഷണവും നഷ്ടപ്പെടാതെയും തിരിഞ്ഞും, മറിഞ്ഞും പോകാതെയും അതിസൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചിലതു ചേരുന്നില്ലായെന്നു പറഞ്ഞ് നമ്മുടെ ആലോചന പ്രകാരം അവയെ മാറ്റുകയല്ല നമ്മുടെ ജോലി.

പ്രവചന വ്യാഖ്യാന പഠനം ഒരു പ്രത്യേക കോഴ്സ് തന്നെയാണ് എന്തെന്നാൽ തിരുവെഴുത്തിലെ 1/4 ഭാഗം പുസ്തകങ്ങളും പ്രവചനങ്ങളാണ്. നമ്മുടെ പഠന താല്പര്യത്തെ കരുതി മൂന്നു ലളിതമായ പ്രവചന വ്യാഖ്യാനങ്ങളെ ഇവിടെ പ്രസ്താവിക്കാം:

#### 1. പ്രവാചകൻ തന്നെ വ്യാഖ്യാനം നല്കിയിട്ടുണ്ടോ എന്നു തീരുമാനിക്കുക.

യേശു ക്രിസ്തു ദേവാലയത്തെക്കുറിച്ചു യോഹ. 2: 19 - 21 ഭാഗത്തു ചെയ്തതുപോലെ പ്രവാചകൻ സ്വയം വ്യാഖ്യാനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുക:

> ***"യേശു അവരോടു ഈ മന്ദിരം പൊളിപ്പീൻ, ഞാൻ മൂന്നുദിവസത്തിനകം അതിനെ പണിയും ...... യഹൂദന്മാർ അവനോട് ഈ മന്ദിരം നാല്പത്താറു സംവത്സരം കൊണ്ട് പണിതിരിക്കുന്നു. നീ മൂന്നു ദിവസം കൊണ്ട് അതിനെ പണിയുമോ ......."***

ഇതുപോലെ എളുപ്പത്തിൽ വ്യാഖ്യാനിക്കാവുന്ന പല പ്രവചനങ്ങൾ ഉണ്ട്, ഒരു വാക്യത്തിൽ തന്നെ നൂറ്റാണ്ടുകളായി മറഞ്ഞു കിടന്ന പ്രവചനങ്ങൾ ഉണ്ടെന്നും, അവയ കവച്ചു കടക്കുവാൻ ദൈവത്തിനു കഴിയുമായിരുന്നുവെന്നും ഓർത്തിരിക്കണം. ദൃഷ്ടാന്തമായി ലാക്കോ . 4: 18 -21-നെ യെശ. 61 : 1, 2-ഉം ആയി താരതമ്യം ചെയ്യുക.

#### 2. പ്രവചനം ചരിത്രപരമായി നിറവേറിയിട്ടുണ്ടോ എന്നു തീരുമാനിക്കുക.

പറയപ്പെട്ടിരിക്കുന്ന പ്രവചനം തിരുവെഴുത്തിലെ മറ്റേതെങ്കിലും ഭാഗത്ത് നിറവേറിയതായി പറഞ്ഞിട്ടുണ്ടോ എന്നും ഒന്നാമതായി കണ്ടുപിടിക്കണം. എങ്കിലെ അത് നമ്മുടെ ഭാവി പ്രവചനമായി നിലകൊള്ളുന്നുവോയെന്ന് മനസ്സിലാകു.

നോഹയുടെ കാലത്തെ ജലപ്രളയം ഉദാഹരണമായിട്ടെടുക്കാം. അതു സംഭവിക്കുന്നതിനു 120 വർഷം മുമ്പായിരുന്നു

അതിനെക്കുറിച്ചുള്ള പ്രവചനം (ഉല്പ. 6:3), ഇതു നിവൃത്തിയായിരിക്കുന്നു എന്നു ഉല്പ. 7, 8 ഭാഗങ്ങളിൽ നിന്നു വ്യക്തമാകുന്നു.

യിസ്രായേലിന്റെ കൂട്ടി ചേർക്കലിനെക്കുറിച്ചുള്ള ഒരു പ്രവചനം കാണുക (സെഖ. 9:14; മത്താ. 24:31). ഈ പ്രവചനം തിരുവചന പ്രകാരവും ചരിത്രപരമായും ഇനിയും നിറവേറുവാനുള്ളതാണ്.

ചില പ്രവചനങ്ങളുടെ നിവൃത്തി എപ്പോൾ ആയിരിക്കുമെന്നറിവാൻ നമുക്കു ഭൗതീക ചരിത്രങ്ങളേയും പരിശോധിക്കേണ്ടി വരും. ലോക ചരിത്രം ആത്മപ്രചോദിതമായതിനാലല്ല, അവ തിരുവെഴുത്തിലെ സംഭവങ്ങൾക്കു സാക്ഷ്യം പറയുന്നതിനാലാണ് വേദ പഠിതാക്കൾ അവയെ പരിശോധിക്കുന്നത്.

### 3. പ്രവചന ഭാഷ ഏതാണെന്നു തീരുമാനിക്കുക

ചിലപ്പോൾ അലങ്കാരഭാഷയിലായിരിക്കും അതിന്റെ പ്രയോഗം. ഉദാഹരണത്തിനു യേശുവിനെ" യഹൂദ ഗോത്രത്തിന്റെ സിംഹം" "ദൈവത്തിന്റെ കുഞ്ഞാട്'' (വെളി 5) എന്നു പറഞ്ഞിരിക്കുന്നു. അതുപോലെ വെളി. 13 ലെ"മൃഗങ്ങൾ'', പുറപ്പാട് 25- 40 വരെ ഭാഗത്തു സാദൃശ്യങ്ങളായി പറയപ്പെട്ടിരിക്കുന്ന സമാഗമന കൂടാരവും ഉപകരണങ്ങളും ഏതായാലും ഇതുപോലെ പലതും മനസ്സിലാകണമെങ്കിൽ പ്രവചന ഭാഷ ഏതെന്ന് അറിഞ്ഞിരിക്കണം.

നമ്മുടെ ഊഹങ്ങളും വിചാരങ്ങളും വ്യാഖ്യാനങ്ങളല്ലായെന്ന് ഓർത്തുകൊള്ളണം. പ്രവചന ഭാഷയെക്കുറിച്ച് തെറ്റായി മനസ്സിലാകുമ്പോഴാണ് ഊഹങ്ങൾ കടന്നു വരുന്നത്. ഉപദേശപരമായ വിഷയങ്ങളിലേക്കു സ്വന്തവിചാരങ്ങളേയും തോന്നലുകളെയും കടത്തി വിടാൻ വളരെ എളുപ്പമാണ്. അതേസമയം തന്നെ ചില പ്രവചന ഭാഷകൾ അതിന്റേതായ പ്രത്യേക സമയത്തു മാത്രമേ മനസ്സിലാകൂ എന്നുതും വാസ്തവമാണ് (ദാനി. 12: 4, 8-10).

## ഭാഗം 4

# നിയമം നാല്

**നിയമം നാല്: ദൈവവചനാടിസ്ഥാനത്തിലുള്ള ഒരു ക്രിസ്തീയ ജീവിതം ജീവിക്കുവാൻ വേണ്ടത് അന്വേഷിക്കുക.**

ഈ നിയമം യേശുക്രിസ്തു യോഹ: 7:17-ൽ നല്കിയിരിക്കുന്ന പ്രസ്താവനയിന്മേലാണ്. നാം വാസ്തവമായി ദൈവ വചനം അറിവാൻ " ആഗ്രഹിക്കുന്നുവെങ്കിൽ അവന്റെ വചനം പ്രസ്താവിക്കുവാനും "തയ്യാറാകണം. ഈ പ്രമാണം ദൈവ വചനം പഠിക്കുന്നവർക്കുണ്ടായിരിക്കേണ്ട ബുദ്ധിപരമായ വിശ്വസ്തതയെ കൂടെ വെളിപ്പെടുത്തുന്നു. നമ്മുടേതായ അടിസ്ഥാനങ്ങളും മുൻവിധികൾക്കനുസരമായ ആശയങ്ങളെ വിട്ടിട്ട് വിശ്വസ്തതയോടെ പരിശുദ്ധാത്മാവിന്റെ പ്രകാശത്തിനു കീഴ്പ്പെടണം (1 കൊരി. 2:14). ഈ പ്രമാണം വ്യക്തിപരമായി ആത്മപരിശോധനക്കും കൂടി സഹായകമാണ് ഉദാഹരണമായി നമ്മുടെ വിചാരങ്ങളുടെ പരിശുദ്ധിയെ വിലയിരുത്തുന്നു (2 കൊരി 13:5).

സ്വന്തം അഭിപ്രയങ്ങളിലും മുൻവിധിയിലും ഉറച്ചു നിന്നുകൊണ്ട് അതിനുസഹായകമായ തിരുവെഴുത്തുകളെ കണ്ടെത്തുക വളരെ എളുപ്പമാണ്. എന്നിരുന്നാലും ഈ വിധ സമീപനം കൊണ്ട് ഒന്നും നേടാൻ കഴിയുകയില്ല. എന്തുകൊണ്ടന്നാൽ നമ്മൾ സ്വന്തം ഹിതപ്രകാരം തിരഞ്ഞെടുക്കുന്ന വേദഭാഗത്തെ സത്യം തിരിച്ചറിയുവാൻ കഴിയാതെ നമ്മൾ അശുദ്ധരായിരിക്കയാൽ അത് നമ്മെ മറ്റു മാർഗ്ഗങ്ങളിലേക്കായിരിക്കും നയിക്കുന്നത്.

ഉദാഹരണമായി ഒരാൾ ദാവീദു രാജാവ് തന്റെ വിശ്വസ്തനായ സൈനികനായ ഊരിയാവിന്റെ ഭാര്യയെ സ്വീകരിച്ച വിധമായിരിക്കും വായിക്കുന്നത് (2 ശമൂ. 11). അയാളുടെ മനസ്സിൽ അധികാരസ്ഥാനത്തിരിക്കുന്ന ആൾക്കു വ്യഭിചാരവും കുലപാതകവും ചെയ്യുന്നത് അനുവദനീയമായിട്ടായിരിക്കാം തോന്നുക. എന്നാൽ ദൈവസന്നിധിയിൽ ഇത് അംഗീകരിക്കപ്പെട്ടതല്ലെന്നും ശിക്ഷാർഹമാണെന്നും മനസ്സിലാകണമെങ്കിൽ അതിനടുത്ത അദ്ധ്യായവും പത്തു കല്പനകളും കൂടെ വായിക്കേണ്ടതാണ് (പുറ. 20:1-17). ദാവീദ് പിന്നെയും രാജാവായി തുടരുന്നത് അവന്റെ അനുതാപത്തിന്റെ ഫലമായിട്ടാണ് ദൈവം അവനോടു കാണിച്ച കരുണപ്രകാരമാണ് (സങ്കീ. 51).

### A. പ്രമാണം പതിനഞ്ച് : കൃത്യമായ വ്യാഖ്യാനമാണ് ശരിയായ പ്രയോഗരീതിക്ക് അടിസ്ഥാനം.

കൃത്യമായ ദൈവവചനത്തിന്റെ പ്രയോഗം സാധിക്കണമെങ്കിൽ വ്യാഖ്യാനം ശരിയായിരിക്കണം. പ്രയോഗ രീതികൾ പലതായിരിക്കാം. പക്ഷേ ശരിയായ വ്യാഖ്യാനം ഒന്നുമാത്രമായിരിക്കും. ഉദാഹരണത്തിന് 1 തിയോ 3: 1-7 ഭാഗത്തു സഭയിലെ മൂപ്പന്മാർക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ വായിക്കുക. ആ സ്ഥാനത്തേയ്ക്കു നിയമിക്കപ്പെട്ട ആളിനെ സംബന്ധിച്ചായിരിക്കണം വാക്യത്തിന്റെ വ്യാഖ്യാനം. അവിടുത്തെ പ്രയോഗം പുതിയ ശിഷ്യൻ എന്നാണ്. ഒരു മൂപ്പനായി സഭയെ നയിക്കേണ്ട ആൾ പ്രായവും പക്വതയും തികഞ്ഞ ആൾ ആയിരിക്കണമെന്നതാണ് യഥാർത്ഥ വ്യാഖ്യാനം.

ശരിയായ പ്രയോഗരീതിയുടെ അർത്ഥം ദൈവവചനപ്രകാരം നിയമങ്ങളും തത്വങ്ങളും ഉപയോഗിക്കുന്നവർ വളരെ ശ്രദ്ധയോടും വിശ്വസ്തതയോടും വേണം അതിനെ ഉപയോഗിക്കേണ്ടതെന്നാണ്. ദൈവവുമായി ബന്ധം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്ന ആൾ ദൈവപരിജ്ഞാനത്തോടെ കൃപയിലും വിശ്വാസത്തിലും അശ്രയിച്ച് വേണം അത് ചെയ്യുവാൻ. അതപോലെ യേശുക്രിസ്തുവിനെ സ്വീകരിക്കാൻ പരിശുദ്ധാത്മാ ശക്തിയും ശുശ്രൂഷയും നേടണം.

സമ്പൂർണ്ണ വേദഭാഗം നമ്മുടെ ജീവിതത്തിന് മാർഗ്ഗദർശ്ശനം നല്കുന്നതാകണം. ശിഷ്യന്മാർ നീതിയോടും ക്രിസ്തുവിന്റെ മനോഭാവത്തോടും കൂടെ ജീവിച്ചത് മത നിയമങ്ങൾ അനുസരിച്ചല്ല. ദൈവവചനവുമായി താദാത്മ്യം പ്രാപിച്ചാണ്.

## B. ശരിയായ പ്രയോഗത്തിന് അഞ്ചു ചുവടുകൾ:

**സ്റ്റെപ്പ് 1** : പരിജ്ഞാനത്തിനായും ഓർമ്മക്കായും അത്മീയ നിയമങ്ങളുടെ ശരിയായ ഉപയോഗത്തിനായും പ്രാർത്ഥിക്കുക (യാക്കോ. 1:5).

**സ്റ്റെപ്പ് 2** : തിരഞ്ഞെടുത്തിരിക്കുന്ന വേദഭാഗം ശരിയായും പൂർണ്ണമായും ഗ്രഹിക്കുക. ഈ പഠനം വാക്കുകളും വാചകങ്ങളുമായും, വാചകങ്ങളും ഖണ്ഡികകളുമായും, ഖണ്ഡികകളും അദ്ധ്യായങ്ങളുമായും, അദ്ധ്യായങ്ങളും പുസ്തകങ്ങളുമായുള്ള ബന്ധത്തെ തിരിച്ചറിയുവാൻ സഹായിക്കും (2 തിമോ2:15).

**സ്റ്റെപ്പ് 3** : പ്രത്യേക ഭാഗത്തിന്റെ വ്യാഖ്യാനത്തിൽ നിന്നുള്ള ആത്മീക പ്രമാണം എന്തെന്നു തീർച്ചപ്പെടുത്തുക. ഒരു ആത്മീയപ്രമാണം എല്ലാ ഘടനകളെയും സാംസ്ക്കാരിക സമയങ്ങളെയും കുറിച്ചാകുന്നു. ഉദാഹരണത്തിന് ലൈംഗീക അരാജകത്വം (വിവാഹിതർ തമ്മിലല്ലാത്ത ശരീര വേഴ്ച) ഏതു കാലത്തും സംസ്ക്കാരത്തിലും തെറ്റായ പാപ പ്രവൃത്തിതന്നെയാണ്. ആയതിനാൽ ആത്മീയപ്രമാണപ്രകാരവും ലൈംഗീക അരാജകത്വം നീക്കം ചെയ്യേണ്ടതാണ് (റോമ. 13: 8–10).

**സ്റ്റെപ്പ് 4** : വിശ്വസ്ഥത ജീവിതങ്ങളെ പരിശോധിക്കുകയും തിരുവെഴുത്തിലെ ഏതെങ്കിലും നിയമത്തെ ലംഘിച്ചിട്ടോ, അവയുടെ ക്രമീകരണത്തിനായി (മോചനത്തിനായി) ദൈവത്തിനു സ്വയം സമർപ്പിച്ചിട്ടുണ്ടോ എന്നും തെളിയിക്കണം. ഇതിൽ തെറ്റുകളെ ദൈവത്തോടു ഏറ്റുപറയുന്നതും പുതുക്കം പ്രാപിച്ച് വിശ്വാസത്തിൽ നടക്കുന്നതും ഉൾപ്പെടുന്നു (1 യോഹ 1: 9; കൊലോ. 2:6). വേദ വിദ്യാർത്ഥി 51–ാം സങ്കീർത്തനം വായിച്ച് ദാവീദ് ബെത്ശേബയുമായി ചെയ്ത പാപത്തെക്കുറിച്ച് അനുതപിച്ച് ഏറ്റുപറയുകയും മോചനം പ്രാപിക്കുകയും ചെയ്തതിലെ പ്രധാന ഘടകങ്ങൾ കുറികൊള്ളേണ്ടതാണ് (2 കൊരി. 13: 5).

**സ്റ്റെപ്പ് 5** : കൃപയിലും വിശ്വാസത്തിലും നടക്കുക. അപ്പൊസ്തലനായ പൗലൂസ് കൊലൊ. 2:6–ൽ "**നിങ്ങൾ കർത്താവായ യേശുക്രിസ്തുവിനെ കൈകൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പീൻ.**" എന്നു പറഞ്ഞിരിക്കുന്നു. നാം അവനെ കൈക്കൊണ്ടത് കൃപയാൽ വിശ്വാസം മൂലമാണ് (എഫേ. 2:8,9), ആകയാൽ കൃപയ്ക്കും വിശ്വാസത്തിനും ഒത്ത ഫലം വേണം പുറപ്പെടുവിക്കുവാൻ (എഫേ. 2:10).

## C. ശരിയായ വ്യാഖ്യാനത്തെ തടസ്സപ്പെടുത്തുന്ന ആറു കാര്യങ്ങൾ:

ദൈവവചനത്തിന്റെ യഥാർത്ഥ വ്യഖ്യാനത്തിനു നിരവധി തടസ്സങ്ങൾ ഉണ്ട്. അവയിൽ ആറെണ്ണം മാത്രം ഇവിടെ പ്രസ്താവിക്കുകയാണ്. തെറ്റിപ്പോകാത്തവർ ആരുമില്ലെങ്കിലും ഈ ആറെണ്ണം വ്യാഖ്യാനത്തെ തെറ്റിക്കുന്നവയാണ്. ഈ സ്ഥാനത്ത് പൗലൂസിന്റെ പ്രബോധനം വളരെ പ്രസക്തമാണ്. "**ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ**" (1കൊരി. 10:12).

### 1. ജഡീകത്വം.

യഥാർത്ഥ വ്യാഖ്യാനത്തിന്റെ ഒന്നാമത്തെ തടസ്സം ജഡീകത്വമാണ്. ഈ ലോകമയന്മാരുടെ ജീവിതശൈലിയാണ് ഭോഗാസക്തരായി ജീവിക്കുക എന്നത് (1 കൊരി. 3:3). വിശ്വാസികൾ ജഡത്തിന്റെ പ്രവർത്തികളോടു പോരാടി ആത്മാവിന്റെ പ്രവർത്തിയും ഫലവും ഉള്ളവരായിരിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് (ഗലാ. 5:19–23). എന്നാൽ ജഡീകത്വം ഏറ്റു പറയാത്ത പാപമായി നില്ക്കുന്നതിനാൽ (1 യോഹ. 1:9) അവയെക്കുറിച്ചു വേണ്ടത്ര അനുതാപവും ഉണ്ടായിട്ടില്ലെന്നു കാണാം (2 കൊരി. 12:21). ദൈവവചനം പഠിക്കുന്ന ഒരാൾ ജഡത്തിന്റെ പ്രവർത്തികളിൽ–അസന്മാർഗ്ഗികത, അശുദ്ധി, ഭോഗാസക്തി, വിഗ്രഹാരാതനാ, ആഭിചാരം,

ശത്രുതാ, കലഹം, അസൂയ, ക്രോധ പ്രവർത്തികൾ, തർക്കങ്ങൾ, അനൈക്യം, ഭിന്നത, വിരോധം, മദ്യപാനം, ലഹരിയുടെ വിനോദം-മുഴുകിയവനെങ്കിൽ (ഗലാ. 5:19-21) അവന്റെ വ്യാഖ്യാനം അബദ്ധപൂർണ്ണമായിരിക്കും. ദൃഷ്ടാന്തമായി ലൈംഗീക അശുദ്ധിയിൽ കുടുങ്ങിയ ഒരദ്ധ്യാപകൻ അങ്ങനെയുള്ള ഭാഗങ്ങൾ തെറ്റായി വ്യാഖ്യാനിക്കുകയുള്ളു.

പരിശുദ്ധാത്മാവാണ് സത്യത്തെ വെളിപ്പെടുത്തുന്നത് (യോഹ. 16:13). എന്നാൽ ജഡീകനായവൻ പരിശുദ്ധാത്മ നടത്തിപ്പിന് കീഴ്പ്പെടായ്കയാലും (കുറഞ്ഞകാലത്തേക്കായാലും) ആത്മീക സ്വഭാവമില്ലായ്മയാലും സത്യത്തെ തിരിച്ചറിയാൻ കഴിയാതെ വചനത്തെ തെറ്റായി വ്യാഖ്യാനിക്കുന്നതായിരിക്കും.

ജഡീകനായ മനുഷ്യൻ 'പ്രാകൃത മനുഷ്യനു' തുല്യമാണ്. പ്രാകൃതമനുഷ്യൻ അവിശ്വാസികൾക്കു തുല്യമാണ്. ***"എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവന് ഭോഷത്വമാകുന്നു. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതല്ല"*** (1 കൊരി. 2:14) "പ്രാകൃതമനുഷ്യനായ അല്ലെങ്കിൽ ജഡീകനായ വിശ്വാസിക്ക് പരിശുദ്ധാത്മാവുമായി കൂട്ടായ്മയില്ലാത്തതിനാൽ ദൈവ വചനത്തെ മനസ്സിലാക്കുവാനും കഴിയുന്നതല്ല."

### 2. ദുരഭിമാനം

മനുഷ്യരുടെ പ്രശംസ പിടിച്ചുപറ്റുവാൻ (കൈയ്യടിവാങ്ങുവാൻ) ഉള്ള അഗ്രഹം ചിലരിൽ കൂടുതലാണ് ഇതു വചനത്തിന്റെ തെറ്റായ വ്യാഖ്യാനത്തിലേക്കു അവരെ നയിക്കുന്ന ***"നാശത്തിനു മുമ്പെ ഗർവ്വം; വീഴ്ചയ്ക്കു മുമ്പെ ഉന്നതഭാവം"*** (സദൃ. 16:18). വ്യാഖ്യാനിക്കുള്ള ഉത്തമ ഉപദേശമാണിത്.

ദൈവവചനം ശ്രദ്ധയോടെ പഠിക്കുകയെന്നപോലെതന്നെ അതിനെ ***ശരിയായി കൈകാര്യം ചെയ്യേണ്ടതുമാണ്*** (2 തിമോ. 2:15). നമ്മുടെ പഠനത്താൽ കർത്താവിനോടുള്ള നമ്മുടെ സ്നേഹം വെളിപ്പെടുത്തുകയും (മർക്കൊ.12:29-31) നമ്മുടെ ആന്തരിക ചിന്തകളെ തിരിച്ചറിയുവാനും കഴിയണം. മറ്റുള്ളവർ അംഗീകരിക്കേണ്ടതിനു തിരുവെഴുത്തിൽനിന്നു പുതിയ കാര്യങ്ങളെ അന്വേഷിച്ചു പഠനം നടത്തുകയാണെങ്കിൽ അതു വ്യർത്ഥവും ആത്മാർത്ഥതയില്ലാത്തതുമാണ്. എന്നാൽ നാം കണ്ടെത്തുന്ന പുതിയ കാര്യങ്ങൾ നമ്മുടെ വ്യക്തിപരമായ പരിജ്ഞാനത്തിനും ആത്മീക വളർച്ചയ്ക്കും വേണ്ടിയായിരിക്കണം.

നമ്മുടെ പഠനരീതികൾ കൃത്യമായ വ്യഖ്യാനത്തിനുള്ള ഉറപ്പാണെന്ന് കരുതി അഹങ്കരിക്കരുത്, അതു ചെയ്താൽ പരിശുദ്ധാത്മ സഹായാത്താലുള്ള വചന പഠനത്തിന്റെ അടിസ്ഥാനം കൈവിട്ടുപോകും.

### 3. പക്ഷപാതം

ശരിയായ വ്യാഖ്യാനത്തിനു നേരിടേണ്ടിയിരിക്കുന്ന മൂന്നാമത്തെ തടസ്സം പക്ഷപാതമാണ്. വ്യക്തിപരമായ മുൻഗണനകളെ അടിസ്ഥാനമാക്കിയുള്ള മുൻവിധിയാണ് പക്ഷപാതത്തിന്റെ അടിസ്ഥാനം. ഇതിനാൽ വ്യാഖ്യാനിക്കേണ്ട വിഷയത്തിന് അടിസ്ഥാനപരമായി തന്നെ നിഷേധാത്മകമ മനോഭാവം ഉണ്ടാകുന്നു. ഇതു എത്ര അധികമായിട്ടുണ്ടോ അത്രയും ദൈവവചനത്തിന്റെ യഥാർത്ഥ ഭാവത്തിനും മാറ്റം വരുത്തും. ആകയാൽ ഇങ്ങനെ ഒന്നും സംഭവിക്കരുതെന്നാണ് എന്റെ ആഗ്രഹം.

ഖേദത്തോടെ പറയേണ്ടിയിരിക്കുന്നു, ചിലർ വ്യക്തിപരമായ മുൻവിധിയോടെ ദൈവസമക്ഷത്തു നീതീകരിക്കാനായി ശ്രമിക്കുന്നു. ഇതു വലിയ അപകടകരമാണ്, ബൈബിൾ ഇതിന് എതിരുമാണ്.

> ***"ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനം, യവനനും എന്നില്ലാ, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണുമെന്നില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ" (ഗലാ. 3:27-29).***

ദൈവം ഒരു പക്ഷപാതി ആയിരുന്നെങ്കിൽ ഒറ്റ ജാതികൾപോലും രക്ഷിക്കപ്പെടുകയില്ലായിരുന്നു.

### 4. സ്ഥിരതയുടെ (ഐക്യതയുടെ) അഭാവം.

ദൈവ വചനത്തെ വ്യാഖ്യാനിക്കുന്ന നമ്മൾക്ക് ***ആത്മീക*** അനുഭവങ്ങളില്ലായെങ്കിൽ തെറ്റായ വ്യാഖ്യാനങ്ങൾ ഉണ്ടാക്കുന്നതാണ്.

### a. സ്ഥിരമായ വിലയിരുത്തലിന്റെയും ഏറ്റുപറച്ചിലിന്റെയും പരിശീലനം.

***"നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നനുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ, നിങ്ങളെ തന്നെ ശോധന ചെയ്‌വീൻ"*** എന്നു 2 കൊരി. 13:5-ൽ പറഞ്ഞിരിക്കുന്നു. നാം നമ്മുടെ പ്രവർത്തികളെ മാത്രമല്ല ഉദ്ദേശങ്ങളെയും ദൈവീക അളവുകോലിനാൽ താരതമ്യം ചെയ്യണം. പരാജിതരെന്നു ബോദ്ധ്യപ്പെട്ടാൽ ദൈവ മുമ്പാകെ അതു സമ്മതിച്ചു ശുദ്ധീകരണം പ്രാപിക്കണം. 1 യോഹ. 1:9-ൽ ***"നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു"*** എന്നു പറഞ്ഞിരിക്കുന്നു.

ഇങ്ങനെ സ്വയപരിശോധനയും, പരാജയത്തെ കണ്ടെത്തി ഏറ്റുപറയാതിരിക്കയും ചെയ്യുമ്പോഴാണ് നാം ജഡീകരായി തീരുന്നത്. ഈ അവസ്ഥയിൽ ആയിരിക്കുന്ന ആൾ ദൈവവചനത്തെ കോട്ടിക്കളകയും വ്യാഖ്യാനത്തിൽ മായം ചേർക്കുകയും ചെയ്യും.

### b. സ്ഥിരമായ പ്രാർത്ഥനയുടെ പരിശീലനം.

മത്താ. 7:7-8-ൽ ***"യാചിപ്പീൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പീൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറക്കും."*** എന്നു പറഞ്ഞിരിക്കുന്നു.

ആകയാൽ ദൈവവചനത്തെ കൂടുതൽ നന്നായി ഗ്രഹിക്കേണ്ടതിനും അതിൽ സ്ഥിരപ്പെട്ടു നിലനിൽക്കുന്നതിനും തുടർച്ചയായ പ്രാർത്ഥന ആവശ്യമാണ്. ഇതിൽ പരാജയപ്പെട്ടാൽ പിതാവായ ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെടുകയും അവന്റെ വചനത്തെ നാം നമ്മുടെ ഉദ്ദേശപ്രകാരം വ്യാഖ്യാനിക്കുകയും ചെയ്യും.

### c. സ്ഥിരമായ പഠനത്തിന്റെ പരിശീലനം

***"സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക"*** (2തിമൊ. 2:15) എന്നു നമ്മോടു പറഞ്ഞിരിക്കുന്നു.

ദൈവ വചനത്തിന്റെ പഠനത്തിൽ നാം സ്ഥിരതയില്ലാത്തവരായാൽ അതിലെ വിഷയങ്ങളെ നാം തെറ്റായി വ്യാഖ്യാനിക്കാൻ സംഗതി വരും.

## 5. തെറ്റായ പദ്ധതികൾ:

ചിലപ്പോൾ വ്യാഖ്യാനത്തിനായി നാം തയ്യാർ ചെയ്യുന്ന പദ്ധതികൾ യാഥാർത്ഥ്യത്തിൽ നിന്നു തെറ്റിക്കാൻ കാരണമായേക്കാം. നമ്മുടെ അടിസ്ഥാന വിശ്വാസത്തിനനുസരിച്ചായിരിക്കും വിഷയത്തെ നാം മനസ്സിലാക്കുന്നതും. ഉദാഹരണമായി സമ്പൂർണ്ണ ബൈബിൾ ദൈവശ്വാസീയമെന്ന് വിശ്വസിക്കുന്നില്ലെങ്കിൽ (2തിമോ. 3:16,17) അതിലെ അത്ഭുത പ്രവർത്തികളെ ബുദ്ധിപരമായോ, ശാസ്ത്രിയ തെളിവുകളാലോ സാധൂകരിക്കാനായിരിക്കും ഒരാൾ ശ്രമിക്കുന്നത്. എന്നാൽ അക്ഷരംപ്രതി ദൈവവചനം പരിശുദ്ധാത്മ പ്രചോദിതമെന്ന് വിശ്വസിക്കുന്നവനു അതിലെ അതിശയ പ്രവർത്തികളെ ആത്മീകമായും ചരിത്രാടിസ്ഥാനത്തിലും വ്യാഖ്യാനിക്കുവാൻ പ്രയാസമുണ്ടാകയില്ല.

ദൈവം ചില പ്രത്യേക വിശ്വാസികൾക്കു മാത്രമേ വ്യാഖ്യാനത്തിനുള്ള കഴിവു കൊടുത്തിട്ടുള്ളു എന്നു വിശ്വസിക്കുന്ന ചിലരുണ്ട്. എന്തായിരുന്നാലും വിശ്വാസികൾ പുരോഹിതന്മാർ (1 പത്രോ. 2:5,9) ആകുന്നു എന്നാണ് ബൈബിൾ പറയുന്നത്. പുരോഹിതന്മാർ എന്ന അവസ്ഥയിൽ ദൈവത്തിന്റെ സിംഹാസന മുറിയിലേക്കു നമുക്കു പ്രവേശനം ഉണ്ട് (എബ്രാ. 4:16). അവിടെയാണ് നാം പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെടുന്നത് (1 കൊരി. 2:15).

മറ്റു ചിലർ സാദൃശ്യങ്ങളെയും ഗൂഢാർത്ഥങ്ങളെയും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുയാലാണ് തെറ്റുവരുത്തുന്നത്. സാദൃശ്യങ്ങളിൽ വിദേശവാക്കുകൾ കയറി പറ്റുന്നു. നോഹയുടെ കാലത്തെ ജലപ്രളയം ആഗോള വ്യപകമായ ഒന്നല്ലായിരുന്നു പിന്നെയോ മനുഷ്യവർഗ്ഗത്തിനാകമാനം വരുന്ന കഷ്ടതയുടെ സാദൃശ്യം മാത്രമായിരുന്നു എന്നു വ്യാഖ്യാനിച്ചാൽ ആകപ്പാടെ അതു തെറ്റായിരിക്കും.

സാങ്കല്പികങ്ങൾ പലപ്പോഴും അല്പം സത്യവും വളരെ കൂടുതൽ ആശ്ചര്യം ജനിപ്പിക്കുന്ന അസത്യങ്ങൾ നിറഞ്ഞതുമായിരിക്കും.

ചിലർ യേശുക്രിസ്തുവിന്റെ ക്രൂശീകരണം, ഉയർത്തെഴുന്നേല്പ് എന്നിവയോടും സാങ്കല്പിക കഥകളെ കൂട്ടിച്ചേർക്കാറുണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ ജീവിതപ്രവർത്തികളെ സാങ്കല്പിക കഥയാക്കിയാൽ നമ്മുടെ പാപമോചനത്തിനും, വീണ്ടെടുപ്പിനും വേണ്ടി അവൻ സഹിച്ചതും, മരിച്ചതും ഉയർത്തെഴുന്നേറ്റതും എല്ലാം അർത്ഥശൂന്യമായിതീരുന്നതാണ്. ഈ ചരിത്രസംഭവത്തെ അതേപടി അംഗീകരിച്ചില്ലെങ്കൽ നാം വലിയ കുഴപ്പത്തിൽ ചെന്നുപെടുന്നതായിരിക്കും (1 കൊരി. 15).

നിർമ്മലമായ സാഹിത്യരചനയെ വ്യാഖ്യാനിക്കുമ്പോൾ അലങ്കാരഭാഷ തടസ്സമായി വരാതിരിപ്പാൻ സൂക്ഷിക്കണം. ഉദാഹരണമായി ഉത്തമഗീതം എടുക്കാം. ഒരു പ്രകാരത്തിൽ അതിവിശേഷമായ ഒരു സാഹത്യരചനയാണത്, എന്നാൽ അതിന്റെ അക്ഷരീക വ്യാഖ്യാനം അർത്ഥമില്ലാത്തതായിരിക്കും. ആകയാൽ വ്യാഖ്യാതാവ് അലങ്കാരഭാഷയും, സാദൃശ്യങ്ങളും കൃത്യമായി മനസ്സിലാക്കിയാലേ തെറ്റുകൂടാത്ത വ്യാഖ്യാനം ചെയ്യുവാൻ കഴിയകയുള്ളു. ഈ പുസ്തകത്തിന്റെ ഒടുവിൽ ഇതിനെക്കുറിച്ചു വിശദമായി ചിന്തിക്കാം.

### 6. തെറ്റായ ന്യായവാദം.

അനന്തമായ ദൈവത്വത്തെ ഗ്രഹിക്കുവാൻ മനുഷ്യബുദ്ധിക്കോ, വാദഗതികൾക്കോ കഴിയുന്നതല്ല. നമ്മുടെ കഴിവുകളാൽ ദൈവത്തെ മനസ്സിലാക്കാൻ സാധിക്കുമായിരുന്നെങ്കിൽ നാം ഗർവ്വികളായി മാറിയേനെ. ആകയാലാണ് സദൃ. 3:5-7-ൽ ***"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്; നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും; നിനക്കു തന്നെ നീ ജ്ഞാനിയായ് തോന്നരുത്; യഹോവയെ ഭയപ്പെട്ടു ദോഷം വിട്ടുമാറുക."*** എന്നു പറഞ്ഞിരിക്കുന്നത്. ദൈവം ആഗ്രഹിക്കുന്നത് നാം നമ്മുടെ ബുദ്ധിയിൽ ആശ്രയിക്കാതെ വിശ്വാസത്താൽ നടക്കണമെന്നാണ്.

ഒരു ദിവസം നാം ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കുമെന്നാണ് പൗലൂസ് വെളിപ്പെടുത്തുന്നത്. **"ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോഴോ മുഖാമുഖമായി കാണാം; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും"** (1 കൊരി. 13:12). നാം കർത്താവിനെ കാണുന്ന ആ ദിവസം ഇന്നു നമുക്ക് ഉത്തരം ലഭിക്കാതെ എല്ലാ തിരുവെഴുത്തുഭാഗങ്ങൾക്കും അന്ന് ശരിയായ ഉത്തരം ലഭിക്കുന്നതാണ് (2 കൊരി. 3:18).

ഒന്നാം നൂറ്റാണ്ടിലെ യഹൂദന്മാർക്കു അവരുടെ തെറ്റായ ന്യായവാദങ്ങളാൽ മശിഹായെ തിരിച്ചറിയാൻ കഴിയാതെ പോയി. പരീശന്മാരും യേശുക്രിസ്തുവും തമ്മിലുള്ള സംഭാഷണം നോക്കുക:

> **"പരീശന്മാർ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ യേശു അവരോട്: ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്കു എന്തു തോന്നുന്നു? അവൻ ആരുടെ പുത്രൻ എന്നു ചോദിച്ചു; ദാവീദിന്റെ പുത്രൻ എന്ന് അവർ പറഞ്ഞു. അവൻ അവരോട് എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവു എന്നു വിളിക്കുന്നത് എങ്ങനെ? "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളത്തിനു എന്റെ വലത്തുഭാഗത്ത് ഇരിക്ക എന്നു കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു." എന്നവൻ പറയുന്നുവല്ലോ. ദാവീദ് അവനെ കർത്താവ് എന്നു പറയുന്നു എങ്കിൽ അവന്റെ പുത്രൻ ആകുന്നതെങ്ങനെ എന്നു ചോദിച്ചു. അവരോടു ഉത്തരം പറയുവാൻ ആർക്കും കഴിഞ്ഞില്ല; അന്നു മുതൽ ആരും അവനോട് ഒന്നും ചോദിപ്പാൻ തുനിഞ്ഞതുമില്ല"** (മത്താ. 22:41-46).

യേശുക്രിസ്തു ഇവിടെ ഉദ്ധരിച്ചതു സങ്കീ. 110:1 ആയിരുന്നു. മശിഹാ ഒരേ സമയത്ത് ദാവീദിന്റെ മകനും കർത്താവും ആകുന്നതെങ്ങനെ എന്നവൻ ചോദിച്ചു. യഥാർത്ഥത്തിൽ മശിഹാ ദൈവും മനുഷ്യനും ആകുന്നു എന്നതാണ് ഉത്തരം പക്ഷേ, മനുഷ്യന്റെ ന്യായവാദം ഈ സത്യത്തെ അംഗീകരിക്കുമോ?

D. **പ്രയോഗത്തെ പരാജയപ്പെടുത്തുന്ന എട്ടുവഴികൾ:**

വളരെ ലഭിതമായ എട്ടുവഴികളാണ് ഇവയെങ്കിലും വചനം പഠിക്കുന്ന ആൾ ഇവ ഓരോന്നിലും ഉൾക്കൊണ്ടിരിക്കുന്ന പരാജയമാർഗ്ഗങ്ങളുടെ കൂടുതൽ കുറവുകൾ മനസ്സിലാക്കി കൊള്ളണം. ഇതിന്റെ വെളിച്ചത്തിൽ വീണ്ടും സദൃ. 3:5,6 വായിക്കുന്നതു പ്രയോജനകരമാണ്, ***"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്തവിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാവഴികളിലും അവനെ നിനച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരയാക്കും."***

1. യഹോവയിൽ ആശ്രയിച്ച് ശക്തിയോടെ യത്നിക്കുവാൻ പരാജയപ്പെടുന്നു.
2. ദൈവീക സത്യങ്ങളെ എതിർക്കുന്ന മനോഭാവങ്ങളെയും, പ്രവർത്തികളെയും തടയുവാൻ പരാജയപ്പെടുന്നു.
3. ശരിയായ പ്രമാണങ്ങളെ അറിഞ്ഞിട്ടും അനുസരിക്കാൻ കഴിയാതെവരുന്നു.
4. ഈ ലോകത്തിനു അനുരൂപരാകാനുള്ള സമ്മർദ്ദത്തിനു കീഴ്പ്പെടുന്നു.
5. ദൈവവചനത്തെ സ്വന്തജീവിത്തിൽ പ്രയോഗിക്കുവാൻ താല്പര്യമില്ലായ്ക.
6. പാപത്തെ നിസ്സാരമായി-നിലനില്ക്കാത്തതും നിയമാനുസൃതമല്ലാത്തതുമായി കാണുക.
7. ജ്ഞാനത്തോടെ എടുക്കേണ്ട തീരുമാനങ്ങളെ വികാരങ്ങൾക്കധീനമാക്കുന്നു.
8. മുൻവിധികൾക്കും, അലസതയ്ക്കും ഒത്തവണ്ണം ചിന്തകളെ വളച്ചൊടിക്കുക.

## അദ്ധ്യായം 5

# ദൈവത്തിന്റെ ആളത്വത്തെക്കുറിച്ചുള്ള ഉപദേശം

## ഭാഗം 1

# ത്രിത്വം

### A. ത്രിത്വത്തെക്കുറിച്ചൊരു വിവരണം:

ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു വിശ്വാസിക്കുവാൻ കഴിയും ദൈവം ഏകനാണെന്ന് (ആവ. 4:35; 6:4; 1 കൊരി.8:4-6; എഫേ. 4:3-6; യാക്കോ.2:19). ആ ദൈവം തന്നെ താൻ പിതാവെന്നും (യോഹ. 6:27) പുത്രനെന്നും (യോഹ. 1:1) പരിശുദ്ധാത്മാവെന്നും (അപ്പോ. പ്ര. 5:3,4) വെളിപ്പെടുത്തി തന്നിരിക്കുന്നു എന്നും, എന്നാൽ അവന്റെ ആന്തരിക പ്രവർത്തനത്തെയാണ് നമുക്കു മനസ്സിലാക്കാൻ പ്രയാസമായി വരുന്നത്.

ത്രിത്വത്തെക്കുറിച്ച് ഒരു സമ്പൂർണ്ണ നിർവ്വചനം നല്കുക സാദ്ധ്യമല്ല, എന്തുകൊണ്ടെന്നാൽ നമ്മുടെ ബുദ്ധിക്കപ്പുറമായാണ് ആ പ്രയത്നം. അവൻ ദൈവം തന്നെ ആയിരിക്കയാൽ (റോമ. 11:33) നമ്മുടെ ക്രിസ്തീയ നടപ്പ് ആ ദൈവത്തെ പ്രസാദിപ്പിക്കുമാറ് വിശ്വാസത്താലായിരിക്കേണ്ടതാണ്. (എബ്രാ. 11:6) ദൈവം ആയിരിക്കുന്ന വിധം അവനെ അറിയുവാനും മനസ്സിലാക്കുവാനും നമുക്കു കഴിഞ്ഞാൽ സ്വർഗ്ഗത്തിന്റെ ഈ വശത്തു നാമും കാഴ്ചയാൽ നടക്കുമായിരുന്നു. ഏറെ താമസിയാതൊരു ദിവസം നമ്മൾ അവനെ നന്നായി അറിയുമെങ്കിലം (1 കൊരി. 13:12) ഇപ്പോൾ വിശ്വാസത്താലാണ് അറിയേണ്ടത്. ത്രിത്വത്തെ മനസ്സിലാക്കാൻ ഒരു മുട്ടയെ പരിശോധിക്കാം. അതിന് തോടുണ്ട്, ചുവന്ന ഉണ്ണിയും, വെള്ളക്കരുവും ഉണ്ട്. മൂന്നു പ്രത്യേക ഭാഗങ്ങൾ മുട്ടയ്ക്കുണ്ടെങ്കിലും എല്ലാംകൂടി മുട്ടയെന്നാണ് വിളിക്കുന്നത്.

നമുക്കറിയാം പ്രപഞ്ചത്തിലെ മൂന്നു ആളത്വങ്ങൾക്കും പ്രത്യേക പ്രവർത്തികൾ ഉണ്ടെന്ന്. എല്ലാ പദ്ധതിയും ആസൂത്രണം ചെയ്യുന്നത് പിതാവാണ് (അപ്പോ. പ്ര. 2:23). പിതാവിന്റെ പദ്ധതികളെ നടപ്പിലാക്കുന്നത് പുത്രനാണ് (യോഹ. 5:36). സംപൂർണ്ണ ദൈവഹിതത്തെ വെളിപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ് (യോഹ.16:13). ഇവരുടെ പ്രത്യേക പ്രവർത്തികളെ പഠിക്കുമ്പോൾ ത്രിത്വത്തെ വിഭജിക്കുവാൻ ശ്രമിക്കരുത്; എന്തെന്നാൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവർ ഒരുപോലെ ദൈവസത്തയെ ഉൾക്കൊള്ളുന്നു.

ഇതു നമുക്കൊരു പ്രശ്നമല്ല. നമ്മുടെ വാഹനത്തിന്റെ പ്രവർത്തനഗതി എങ്ങനെയെന്ന് നമുക്കറിയാൻ കഴിയുന്നത്, എൻജിൻ സ്റ്റാർട്ട് ചെയ്തു ലക്ഷ്യത്തിലേക്കു ഡ്രൈവ് ചെയ്യുമ്പോൾ ആകുന്നു എന്നതുപോലെ ദൈവത്തിന്റെ പ്രകൃതം എന്തെന്ന് അവന്റെ സൃഷ്ടികളിൽക്കൂടെ നമുക്കറിയാൻ കഴിയും (റോമ. 1:20).

### B. തെളിവ്:

ത്രിത്വത്തിന്റെ തെളിവ് യഥാർത്ഥത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു ആളത്വങ്ങളെയും “ദൈവം” എന്നു വിളച്ചിരിക്കുന്നതാണ്. ദൈവത്തിനുമാത്രമുള്ള ഗുണ വിശേഷങ്ങളും, ദൈവം മാത്രം ചെയ്യുന്ന പ്രവർത്തികളും ഈ മൂന്നു വ്യക്തിത്വങ്ങൾക്കും ഉള്ളതായും, ചെയ്യുന്നതായും കാണുമ്പോൾ യാതൊരു സംശയവും കൂടാതെ നമുക്കു പറയാൻ കഴിയും ഈ മൂവരും ഒന്നാണ്, ഒരു ദൈവമാണ്. ഒന്നാം ഭാഗം അദ്ധ്യായം 4-ൽ “ദൈവീകസത്തയെ അടിസ്ഥാനമാക്കിയുള്ള വ്യഖ്യാനത്തിൽ ദൈവീക സത്ത എന്തെന്നു പരിചയപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നാം ചെയ്യുന്നത് ദൈവത്തിന്റെ സ്വഭാവ വിശേഷങ്ങളുടെ വിശദീകരണങ്ങളെ വിപുലപ്പെടുത്തി ത്വിത്വത്തിലെ ഓരോ വ്യക്തിത്വത്തോടും അവയെ ബന്ധിപ്പിക്കുകയാണ്.

പഠനത്തിന്റെ അതിപ്രാധാന്യമർഹിക്കുന്ന ഒരു ഏരിയാ ആണിത്. ഈ വാക്യങ്ങൾ ബൈബിൾ തിയോളജി യുടെ മൗലീകമായ രണ്ടു അടിസ്ഥാനങ്ങളെ സ്ഥിരപ്പെടുത്തുന്നു എന്ന കാര്യം വൈദ്യവിദ്യാർത്ഥി മറക്കരുത്. ഒന്നാമത്തെ അടിസ്ഥാനം, "ദൈവം ഏകദൈവം ആകുന്നു" എന്നതാണ്. രണ്ടാമത്തേത്, "ഞാൻ അന്ധനല്ല" എന്നതുമാണ്.

## C. ദൈവസത്തയുടെ സ്വഭാവ വിശേഷണം:

താഴെ കൊടുക്കുന്ന ഷരിഹങ്ങൾ മനസ്സിലാക്കുക: ഒന്നാമത്തെ ബ്രാക്കറ്റ് () പിതാവായ ദൈവത്തെക്കുറിച്ചുള്ള വാക്യങ്ങളാണ്. രണ്ടാമത്തേത് < > പുത്രനെക്കുറിച്ചുള്ള വാക്യങ്ങളാണ്, മൂന്നാമത്തേത് [ ] പരിശുദ്ധാത്മാവിനെ ക്കുറിച്ചുള്ള വാക്യങ്ങളാണ്.

### 1. പരമാധികാരം.

ദൈവം മാത്രമാണ് പരമാധികാരി. ഇതിന്റെ അർത്ഥം അവനാണ് രാജാവ്, രാജാവിന്റെ അധികാരം അവൻ ഉപയോഗിക്കുന്നു (ദാനി. 4:17; 1 തിമോ. 1:17; സങ്കീ. 47:2,7;), < വെളി. 19:16; യോഹ. 5:21; >, [ സെഖ. 4:6; 1 പത്രോ. 4:14; 1 കൊരി. 12:11 ].

പരമാധികാരം എന്നതിനു "പരമോന്നത അധികാരിയായവൻ പരിധികളുള്ള താഴ്ന്ന സ്ഥാനത്തു പ്രവർത്തി ക്കുക" എന്നാണർത്ഥം. ദൈവം ബാഹ്യനിയന്ത്രണങ്ങൾക്കു വിധേയനല്ല, അവൻ സർവ്വസൃഷ്ടിജാലങ്ങൾക്കു മേലും പരമാധികാരിയാണ്. അവൻ സൃഷ്ടിതാവാണ് സൃഷ്ടിയല്ല (റോമ. 1:20,25).

ദൈവത്തിനു തന്റെ സ്വന്തം പദ്ധതിയും, നിയമങ്ങളും, ന്യായവിധികളും നടപ്പാക്കാൻ അധികാരമുണ്ട്. അവൻ തിരഞ്ഞെടുക്കുന്ന പ്രകാരം അവൻ പ്രവർത്തിക്കുന്നു. അവന്റെ ഉദ്ദേശങ്ങൾ നമ്മുടെ ബുദ്ധിക്കു മനസ്സിലാ ക്കാൻ പ്രയാസമാണ്.

### 2. നീതി.

ദൈവം സംപൂർണ്ണ നീതിയാണ്. അതായത് അവൻ സകലത്തിലും തികവുള്ളവനാകുന്നു (യോഹ. 17:25; 1 യോഹ. 1:5) < 1 യോഹ. 2:1; ലൂക്കോ. 1:35; എസ്രാ. 7:26 > [ യെശ. 32:15-18; സങ്കീ. 143:10; നെഹ. 9:20 ] നീതി യുടെ അളവുകോൽ അവനാകുന്നു. നാം അനുകരിക്കത്തവിധം സാന്മാർഗ്ഗികമായി അവൻ പൂർണ്ണനാണ് (എഫേ. 5:1).

### 3. ന്യായം.

ദൈവം ആണ് ന്യായം. മുഴുവനായും, ആകെക്കൂടെയും യഥാർത്ഥമായും അവൻതന്നെ (യെശ. 45:21; ഇയ്യോ. 37:23) < യോഹ. 5:22, 30; വെളി:19:11 > [ യെശ. 4:4;28:6]. ദൈവത്തിന്റെ ന്യായം അവന്റെ നീതിയുടെ ആവശ്യ ത്തിനുള്ള മറുപടിയാണ്, എന്തെന്നാൽ ദൈവം മുഖപക്ഷമില്ലാത്തവനാണ് (റോമ. 2:11). ഒരാൾ അവന്റെ കല്പ നകളെ ലംഘിച്ചാൽ (പാപം ചെയ്താൽ) ദൈവം ഒരിക്കലും അതിനു പക്ഷം പിടിക്കയില്ല, തന്റെ നീതിയും ന്യായവും നടത്തുകയാണു ചെയ്യുന്നത് (റോമ. 5:13).

മനുഷ്യന് ഒരിക്കലും ദൈവത്തിന്റെ നീതി നിറവേറ്റാൻ കഴികയില്ല, അതുകൊണ്ടാണ് ഒരു മശിഹാ 'പ്രായാ ശ്ചിത്ത'മാകേണ്ടി വന്നത്. കാൽവറി ക്രൂശിൽ കർത്താവായ യേശുക്രിസ്തു നമുക്കു പകരക്കാരനായി, നമ്മുടെ പ്രായാശ്ചിത്തമായി, മറിച്ച് ദൈവനീതി നിറവേറി അവന്റെ ആ ബലി സർവ്വലോകത്തിന്റെയും പാപത്തിനു വേണ്ടി ആയിരുന്നു (1യോഹ. 2:1,2).

### 4. സ്നേഹം.

ദൈവം സ്നേഹം ആകുന്നു. സംപൂർണ്ണവും വ്യവസ്ഥയില്ലാത്തതുമായ സ്നേഹം അവനിൽ മാത്രമാണ് നാം കാണുന്നത്. (1യോഹ. 4:8-10; തീത്തു. 3:4; യോഹ. 17:24-26) < യോഹ. 15:9 > [ ഗലാ. 5:22].

ദൈവത്തിന്റെ ഈ പ്രത്യേക സ്വഭാവമാണ് യേശുക്രിസ്തു ലോകത്തിലേക്കു വരാൻ കാരണമായത് (യോഹ. 3:16). ആ സ്നേഹമാണ് യേശുവിനെ നമ്മോടു ചേർത്തുനിർത്തി നമ്മുടെ പാപക്കടം തീർക്കുവാൻ കാരണമാ യത് <ലൂക്കോ.23:34> ആത്മാവിന്റെ 'ഫല'ത്തിലെ ഒന്നാമത്തെ ഘടവും സ്നേഹം തന്നെയാണ് [ ഗലാ. 5:22].

മറ്റുള്ളവർക്കായി നാം ചെയ്യുന്ന ശരിയായതും ഏറ്റവും നല്ലതുമാണ് സ്നേഹം. യാതൊരുവിധ അസംതൃപ്തി യുടെ സ്വീകാര ഭാവമില്ലാതെയുള്ള പ്രവർത്തിയാണത്. ക്രിസത്യാനികൾ ദൈവസ്നേഹത്തിന്റെ പങ്കാളികളായി അതിനെ മറ്റുള്ളവരിലേക്കു പകരുമ്പോഴാണ് ആളുകൾ ദൈവത്തെ അറികയും അംഗീകരിക്കുകയും ചെയ്യുന്നത്. (യോഹ. 13: 34,35).

## 5. നിത്യജീവൻ.

ദൈവം നിത്യജീവൻ ആകുന്നു. അവൻ എന്നും ഉണ്ടായിരുന്നു, ഇപ്പോഴും ഉണ്ട്, എക്കാലവും ഉണ്ടായിരിക്കയും ചെയ്യും (യെശ. 57:15), < യോഹ. 8:54; 1 യോഹ. 5:11,12; മീഖാ.5:2; വെളി.1:8,17 >, [ എബ്രാ. 9:14 ].

നിത്യജീവന് ആരംഭവും അവസാനവും ഇല്ല, വിശ്വാസികളായ നാം നിത്യജീവൻ പ്രാപിച്ചവരാണ്. ആരംഭവും അവസാനവും ഇല്ല. ദാവത്തിന്റെ നിത്യജീവൻ പഠിപ്പിക്കുന്നത് താൻ മരണമില്ലാത്തവനാണ്.

## 6. സർവ്വശക്തൻ.

ദൈവം സർവ്വശക്തനാകുന്നു. ഇതിനർത്ഥം എന്തു പ്രവർത്തിക്കുവാനും അവൻ ശക്തനാകുന്നു എന്നാണ് (മർക്കോ.14:36; 1പത്രോ. 1:5), < മത്താ. 28:18; വെളി. 19:6 >, [ 2തിമോ. 1:7; റോമ.15:13].

ദൈവത്തിന്റെ സർവ്വശക്തിത്വം മനസ്സിലാക്കാനുള്ള ഒരു ഉദാഹരണമാണ് ആകാശഭൂമികളുടെ സൃഷ്ടിപ്പ് (ഉല്പ. 1:1) അവൻ തന്റെ വായിലെ വചനത്താൽ ആകാശവും ഭൂമിയും അതിലുള്ളതൊക്കെയും സൃഷ്ടിച്ചു എന്ന (സങ്കീ. 33:6-ൽ) വായിക്കുന്നു.

## 7. സർവ്വവ്യാപി.

ദൈവം സർവ്വവ്യാപി ആകുന്നു എന്നു പറയുംമ്പോൾ ഒരേസമയം ഏതു സ്ഥലത്തും തന്റെ ശക്തിയോടെ ആയിരിപ്പാൻ കഴിയുമെന്നാണർത്ഥം (സദൃ. 15:3; 2 ദിന2:6) < മത്താ. 18:20; 28:20> [ സങ്കീ.139:7-16]. എന്നാൽ ശ്രദ്ധിക്കുക, എല്ലാം ദൈവമാണെന്നും അവൻ എല്ലാത്തിലും ഉണ്ട് എന്ന ചിന്താഗതി (പാന്തേയിസം) അല്ല മറിച്ച് ദൈവത്തിന്റെ വ്യക്തിപരമായ പ്രകൃതത്തെയാണിതു കാണിക്കുന്നത്. കൂടാതെ ദൈവം എവിടെയോ ആരുമില്ലാത്ത സ്ഥലത്തു നിർവ്വികാരനായോ, തന്റെ വിവിധ ഉദ്ദേശങ്ങളുമായി വിവിധ ഇടങ്ങളിലോ ആയിരി ക്കയല്ലെന്നു ഈ സ്വഭാവം വെളിപ്പെടുത്തുന്നു (സങ്കീ. 139:7-17). അവന്റെ ശ്രദ്ധ ഒരാളിൽ കൂടുതലും മറ്റൊരാ ളിൽ കുറവും അല്ല. സർവ്വവ്യാപിത്വം എന്ന പ്രയോഗം വെളിപ്പെടുത്തുന്നത് ആർക്കും സഹായം നല്കുവാൻ തക്കവണ്ണം ഒരേസമയം ഒന്നിൽക്കൂടുതൽ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുവാൻ കഴിയുന്നവൻ എന്നാണ്.

## 8. സർവ്വജ്ഞാനി.

ദൈവം സർവ്വജ്ഞാനിയാകുന്നു എന്നു പറഞ്ഞാൽ അവൻ എല്ലാം അറിയുന്നു എന്നാണ് അർത്ഥം. ഭൂതം, വർത്തമാന, ഭാവി കാര്യങ്ങൾ അവന് അറിയാം (സങ്കീ. 139:1-6; എസ്രാ. 4:13). < യോഹ. 2:24, 25; 18:4; മത്താ. 9:4; >, [ 1കൊരി. 2:10,11; യെശ. 11:2]. എല്ലാറ്റിന്റെയും ബഹിർഗ്ഗമനം എന്തായിരിക്കുമെന്ന അവനറിയാം. വാസ്ത വികതയെ മാത്രമല്ല, സാദ്ധ്യതകളെയും, എല്ലാകാലത്തിലെയും ഓരോ തീരുമാനങ്ങളുടെയും ശക്തി എന്താ യിരിക്കുമെന്നും അവനറിയാം. അവന്റെ നിത്യമായ പദ്ധതിയിൽ ഈവക കാര്യങ്ങൾ എല്ലാം പരിഗണിക്കപ്പെ ട്ടിട്ടുണ്ട് (റോമ. 8:28-30).

## 9. മാറ്റമില്ലാത്തവൻ.

ദൈവം മാറ്റമില്ലാത്തവൻ ആകുന്നു. ഇതിന്റെ അർത്ഥം അവന്റെ സത്തയുടെ ഭാവത്തിന് വ്യത്യാസമൊന്നുമി ല്ലെന്നാകുന്നു. (യാക്കോ. 1:17; എബ്രാ. 6:17; മലാ. 3:6), < എബ്രാ. 13:8 >, [ 1കൊരി. 12:4; എഫേ. 1:13 ].

ദൈവം വാഗ്ദത്തം ചെയ്തതു നിവൃത്തിക്കുന്നവനാകയാൽ അവന്റെ ഈ സ്വഭാവം മനുഷ്യവർഗ്ഗത്തിനു പ്രയോ ജനകരമാണ്. "**ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല**" (റോമ. 8:1) എന്നു പറഞ്ഞത് മന സ്സുമാറുന്നവനല്ല ദൈവം. നമുക്കതിൽ പൂർണ്ണമായും ശരണപ്പെടാം എന്തെന്നാൽ അവൻ മനസ്സു മാറ്റുകയില്ല. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ടെന്നു കല്പിച്ചവൻ (വാഗ്ദത്തം ചെയ്തവൻ) പെട്ടെന്ന് സുവിശേഷത്തിനു മാറ്റം വരുത്തുകയില്ല (യോഹ. 3:16). ദൈവം തന്റെ വാക്കുമാറ്റിയാൽ (വാഗ്ദത്ത ങ്ങളെ നിവൃത്തിക്കാതിരുന്നാൽ) അവൻ കള്ളനെന്നു വിളിക്കപ്പെടും. അവനിൽ അനീതിയുള്ളവനായിരിക്കും (എബ്രാ. 6:17,18).

ഈ ലോകത്തിലുള്ളതിനെല്ലാം മാറ്റം സംഭവിക്കും. എന്നാൽ ദൈവം മാത്രം യഥാവാനാണ്. ഇതുകൊണ്ട് അവനിൽ പ്രത്യാശയുള്ളവർക്കെല്ലാം അവൻ ആത്മാവിന്റെ നങ്കൂരമാണ് (എബ്രാ. 6:19).

## 10. സത്യവാൻ.

ദൈവം സത്യവാനാകുന്നു (ആവ. 32:4; യോഹ. 7:28;17:3), < യോഹ. 14:6; 1 യോഹ. 5:20 >, [1 യോഹ. 5:7,8; 4:6; യോഹ. 14:17; 15:26, 16:13].

ഈ സ്വഭാവം നമ്മോടു പറയുന്നതു, ദൈവം എന്തു ചെയ്താലും പൂർണ്ണമായി വിശ്വസിക്കാം എന്നാണ് (സംഖ്യാ. 23:19). അതുവളരെ പരമാർത്ഥമായ ഒന്നാണ് ദൈവത്തിനു വ്യാജം പറയുവാൻ കഴികയില്ല എന്നത് (തീത്തു.1:2).

സത്യം ഇതാണ്, ദൈവം യേശുക്രിസ്തു എന്ന ആളത്വത്തിൽ സ്വയം വെളിപ്പെടുത്തി. < യോഹ. 14:6 > ചരിത്രത്തിലുടനീളം സത്യത്തെ അന്വേഷിക്കുന്നവൻ അതിനെ വെറും സങ്കല്പമായോ, പ്രസ്ഥാനമായോ, പ്രമാണമായോ മാത്രമാണ് അന്വേഷിച്ചത്. ഇതുകൊണ്ടാണ് സത്യത്തെ അന്വേഷിക്കുന്ന മനുഷ്യവർഗ്ഗം അതിനെ യേശുക്രിസ്തുവിന്റെ വചനങ്ങളുമായി താരതമ്യം ചെയ്യേണ്ടിയിരിക്കുന്നത് < 1 തിമോ. 6:3 >.

ഭാഗം 2

# ദൈവത്തിന്റെ പേരുകൾ

**മുഖവുര:**

ഈ വിഭാഗത്തിൽ തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ പേരുകൾ അഥവാ പദവികളാണ് ചർച്ചാ വിഷയം. എബ്രായ, ഗ്രീക്കു ഭാഷകളിൽ ദൈവത്തിനു വിവിധമായ പേരുകൾ ഉപയോഗിച്ചിട്ടുണ്ട്. ഇതെല്ലാം അവന്റെ സ്വഭാവത്തോടും ആസ്ഥിത്വത്തോടും ബന്ധപ്പെട്ടവയാണ്.

ചില തർജ്ജിമകളിൽ എബ്രായ ഗ്രീക്കു പദങ്ങൾ അതേപടി പുതിയ ഭാഷയിലേക്കു സ്ഥലം മാറ്റിയിട്ടുണ്ട് (ഇതിനെ ട്രാൻസിലിറ്റഷേൻ എന്നു പറയുന്നു). പുതിയ ഭാഷയിലെ അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നതിനാൽ ഉച്ഛാരണ മാറ്റവും വരും, പക്ഷേ അർത്ഥം മനസ്സിലാക്കാൻ തക്ക സഹായ വഴികൾ ഒന്നും ഇല്ല. ഈ പഠനം എന്തായാലും വിദ്യാർത്ഥിക്കു മൂല പദങ്ങളും തർജ്ജിമകളും ലഭ്യമാക്കുവാൻ സഹായിക്കുന്നു.

## A. എബ്രായ പേരുകൾ:

### 1. ദൈവം

ദൈവം എന്നതിന് എബ്രായഭാഷയിൽ **ഏലോഹിം** (Elohim) എന്നാണ്. ഉല്പ. 1:1-ൽ നമുക്കിതു ലഭിക്കുന്നു. ഇതുകൂടാതെ പഴയനിയമത്തിൽ ഏതാണ്ട് 2,500 പ്രാവശ്യം ഈ പേരുവരുന്നുണ്ട്. ഈ പേരിന്റെ അർത്ഥത്തിൽ ദൈവത്തിന്റെ സമ്പൂർണ്ണ സത്ത ഉൾകൊള്ളുന്നതിനാൽ അത് പെട്ടന്ന് അവന്റെ ഗുണവിശേഷങ്ങളെ വെളിവാക്കുന്നു. കുടുതൽ പ്രാവശ്യം ഇത് ദൈവത്തിന്റെ 'പിതാവ്' എന്ന പദവിയെ ആണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥി മനസ്സിലാക്കിയിരിക്കണം ഇതു പുത്രനെയും പരിശുദ്ധാത്മാവിനെയും വെളിപ്പെടുത്തുന്നുണ്ട്. എന്തെന്നാൽ ത്രിത്വം ദൈവമാകുന്നു.

ഏലോഹിം എന്നത് ഒരു ബഹുവചന പദമാണ് (ഒന്നിൽക്കൂടുതൽ) വേദപുണ്ഡിതന്മാർ ഇതിനെ "ദൈവത്തിന്റെ ബഹുവചനം" ആയി വിവരിച്ചിരിക്കുന്നു; എന്തെന്നാൽ അതു ദൈവത്തിന്റെ വലിമയെ ആണ് കാണിക്കുന്നത്. ബഹുവചനപദമാണെങ്കിലും ഏകവചന ക്രിയയിട്ടാണ് സദാ ഉപയോഗിച്ചിരിക്കുന്നത്, അതായത് ദൈവം ഏകൻ തന്നെയെന്നർത്ഥം (ആവ. 6:5).

ഏലോഹിം എന്ന പദം ദൈവത്തെക്കുറിച്ചു കൂടുതൽ അറിവു നല്കുന്ന മറ്റുചില വാക്കുകളായി യോജിക്കുകയും അതവന്റെ നാമം ആയിത്തീരുകയും ചെയ്തിട്ടുണ്ട്.

#### a. സർവ്വശക്തനായ ദൈവം.

"സർവ്വശക്തനായ ദൈവം" എന്നത് **എൽസദായി** (EL-Shaddi) എന്ന വാക്കിന്റെ തർജ്ജിമ ആണ്. 'എൽ' എന്നത് ഏലോഹിം എന്ന വാക്കിന്റെ ചുരുക്കമാണ്. ദൈവം തന്റെ ജനത്തിന്റെമേൽ ചൊരിയുന്ന അനുഗ്രഹങ്ങളെ വിവരിക്കാനാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. ഇതു നമുക്കു താഴെ കൊടുത്തിരിക്കുന്ന വാക്യഭാഗങ്ങളിൽ കാണാം:

ഉല്പ: 17:1; 28:3; 35:11; 43:14; 48:3; 49:25; പുറ.6:3; സംഖ്യാ.24:4,16; രൂത്ത് 1:20,21; ഇയ്യോ. 5:17; 6:4,14; 8:3,5; 11:7; 13:3; 15:25; 21:15,20; 22:3,17,23,25,26; 23:16; 24:1; 27:2,10:11,13; 29:5; 31:2,35; 32:8; 33:4; 34:10,12; 35:13; 37:23; 40:2; സങ്കീ. 68:14; 91:1; യെശ.13:6; യെഹസ്ക. 1:24; 10:5; യോവേൽ 1:15.

### b. അത്യുന്നതനായ ദൈവം.

"അത്യുന്നതനായ ദൈവം" എന്നത് **'എൽ ഏലിയോൻ'** (El-Elyon) എന്ന വാക്കിന്റെ തർജ്ജിമായാകുന്നു. സകലത്തിലും ദൈവത്തിനുള്ള സർവ്വാധിപത്യത്തെയാണ് ഇതു കാണിക്കുന്നത്. ഇതും ഏലോഹിമിന്റെ സഹായ വാക്കാണ്. താഴെ തന്നിരിക്കുന്ന വാക്യങ്ങൾ നോക്കുക:

ഉല്പ. 14:18,19,20,22; 40:17; സംഖ്യാ. 24:16; ആവ.26:19; 28:1; 32:8; യോശു. 16:5; 2ശമു. 22:14; 1 രാജാ. 9:8; 2രാജാ.15:35; 18:17; 1ദിന.7:24; 2ദിന. 7:21; 8:5; 23:20; 27:3; 32:30; നെഹ.3:25; സങ്കീ. 7:17; 9:2; 18:13; 21:7; 46:4; 47:2; 50:14; 57:2; 73:11; 77:10; 78:17,35; 56; 82:6; 83:18; 87:5; 89:27; 91:1,9; 92:1; 97:9; 107:11; യെശ. 7:3; 14:14; 36:2: യിര. 20:2; 36:10; വിലാ. 3:35,38: യെഹ. 9:2; 41:7; 42:5.

### c. നിത്യനായ ദൈവം.

**''എൽ ഓലം''** (El-Olam) എന്ന വാക്കിന്റെ തർജ്ജിമയാണ് 'നിത്യനായ ദൈവം' എന്നത്. 'ഓലം' എന്ന എബ്രായ വാക്കിന് നിത്യനായ (ആരംഭവും അവസാനവും ഇല്ലാത്തത്) എന്ന പദമാണ് ഉപയോഗിക്കുന്നത്. അവസാനമില്ലാത്തവൻ എന്ന അർത്ഥം വരുന്ന Everlasting എന്നതിനേക്കാൾ ആദിയും അന്തവുമില്ലാത്തത് എന്ന അർത്ഥം വരുന്ന Eternal എന്ന പദമാണ് സ്വീകാര്യമായി എടുത്തിരിക്കുന്നത്. താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ വായിക്കുക:

ഉല്പ. 21:33; യെശ. 40:28 എവിടെയെല്ലാം നിത്യത (Olam or Eternity) എന്ന വാക്കു പ്രയോഗത്തിൽ വന്നിട്ടുണ്ടോ അവിടെയെല്ലാം ദൈവത്തിന്റെ നിത്യതയാണ് വെളിവാക്കപ്പെട്ടിരിക്കുന്നത്.

## 2. കർത്താവ്.

**"യാവേ"** (Yahweh) എന്ന പദമാണ് എല്ലായിടത്തും **"കർത്താവ്"** എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. ദൈവത്തെ സൂചിപ്പിക്കുന്നതും അല്ലാത്തതും തമ്മിൽ തിരിച്ചറിയുന്നതിനായി ഇംഗ്ലീഷിൽ വലിയ അക്ഷരങ്ങളും, ചെറിയ അക്ഷരങ്ങളും ഉപയോഗിച്ചിരിക്കുന്നു. (Lord and lord) ദൈവീക ആളത്വത്തെ കാണിക്കുന്ന യാവേയുടെ മറ്റു വിവരങ്ങളും ഉണ്ട്.

'യാവേ' എന്നതു ദൈവത്തിന്റെ പ്രത്യേക പേരാണ് (പുറ. 3:14). ഏകദേശം 5,300 പ്രാവശ്യം പഴയനിയമത്തിൽ ഈ പേര് ഉപയോഗിച്ചിരിക്കുന്നു. ഇത് അവന്റെ സ്വയബോധത്തോടുകൂടിയ അസ്ഥിത്വത്തെയാണ് കാണിക്കുന്നത്. Lord- യഹോവ എന്ന ഒന്നാമത്തെ പ്രയോഗം ഉല്പ.2:4-ൽ ആണ് കാണുന്നത്. ഏലോഹിം എന്ന വാക്കിനോട് ചേർത്ത് ഉപയോഗിച്ചിരിക്കുന്നതിനാൽ 'യഹോവയായ ദൈവം' (Lord God) എന്നർത്ഥം വന്നിരിക്കുന്നു.

ദൈവത്തിന്റെ പ്രത്യേക പേര് (Personal Name) കൂടുതൽ പരിശുദ്ധമായി യിസ്രയേൽക്കാർ കരുതുവാൻ തുടങ്ങിയത് ബാബിലോന്യ അടിമത്വത്തിന് (B.C. 586-516) ശേഷമാണ്. ആ പേരിനോടുള്ള ഭയഭക്തിമൂലം സർവ്വദാ അതുപയോഗിക്കാതെ പകരം അഡോണായി (Adonai) "യജമാനൻ" എന്നാണ് ഉപയോഗിച്ചത്. A.D. ആറും ഏഴും നൂറ്റാണ്ടുകളിൽ അഡോണയിലെ സ്വരാക്ഷരങ്ങളും, യാവേയിലെ വ്യഞ്ജനങ്ങളും സംയോജിപ്പിച്ചുണ്ടായ പുതിയ പദമാണ് 'യഹോവ.' യാവേ ഉൾപ്പെടുത്തി അഡോണായി ഉച്ചരിപ്പാൻ വായനക്കാരനെ സഹായിക്കുകയായിരുന്നു ഉദ്ദേശം.

### a. യഹോവ കരുതിക്കൊള്ളും.

**"യാവേ യിരേ"** (യഹോവ യിരേ) എന്ന വാക്കിന്റെ അർത്ഥമാണ് 'യഹോവ കരുതിക്കൊള്ളും" എന്നത്. ഇത് ഉല്പ. 22:14-ൽ കാണുന്നു. ഇസ്സഹാക്കിനെ ബലികഴിപ്പാൻ പുറപ്പെടുന്ന അബ്രഹാം ആട്ടിൻകുട്ടി എവിടെ? എന്ന പുത്രന്റെ ചോദ്യത്തിനു മറുപടി നല്കുന്നതാണ് സന്ദർഭം.

### b. യഹോവ എന്റെ കൊടി.

**"യാവേ നിസ്സി"** (യഹോവ നിസ്സി) എന്നതിന്റെ തർജ്ജമയാണ് 'യഹോവ എന്റെ കൊടി' എന്നത്. പുറ. 17:15-ൽ മോശെ അമോലേക്യരുടെമേൽ വിജയം ആഘോഷിക്കുവാൻ പണിത യാഗപീഠത്തിങ്കൽവച്ച് പറഞ്ഞതാണ്.

### c. യഹോവ സമാധാനം.

**"യാവേ ശാലോം"** (യഹോവാ ശാലേം) എന്ന പേരിന്റെ തർജ്ജിമയാണ് 'യഹോവ സമാധാനം' എന്നത്. ന്യായ 6:24-ൽ ഇതു കാണുന്നു.

### d. സൈന്യങ്ങളുടെ യഹോവ.

**"യാവേ സബ്ബോത്ത്"** (യഹോവ ശാബ്ബോത്ത്) എന്ന പേരാണ് 'സൈന്യങ്ങളുടെ യഹോവ' എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. ഇത് ഒരു മിലിട്ടറി പദമാണ്. യഹോവ എന്റെ സൈന്യത്തിന്റെ അധിപൻ (കമാൻഡർ) എന്നാണർത്ഥം. യിസ്രയേലിന്റെ പരിപാലനത്തിന് ആക്കിയിരിക്കുന്ന ദൂതന്മാരുടെ വ്യൂഹത്തിന്റെയും അധിപൻ എന്നർത്ഥമുണ്ട്. 1 ശമു. 1:3-ൽ ആണ് ആദ്യമായി ഇത് വായിക്കുന്നത്. പിന്നീട് നൂറു നൂറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.

### 3. കർത്താവ്, യജമാനൻ, ഉടമസ്ഥൻ.

'ആദോനായി' (Adonai) എന്നതും ഏലോഹീം എന്നപോലെ ഒരു ബഹുവചനപദമാണ്. ഇതു ദൈവത്തിന്റെ പരമാധികാരത്തെ കാണിക്കുന്നു. ഏതായാലും ഏലോഹിയിലെപോലെ തന്നെ ഇതിന്റെ ഏകവചനമാണ് അഡോൺ (Adon). അഡോണിന് "കർത്താവ്" (ചെറിയ അക്ഷരം) യജമാനൻ, ഉടമസ്ഥൻ എന്നാണർത്ഥം. അധികാരത്തെ കാണിക്കാനായിട്ടാണ് ഇതുപയോഗിച്ചിരിക്കുന്നത്. ഉല്പ. 18:3-ൽ ആദ്യമായി വായിക്കുന്നു. അബ്രഹാം ദൈവത്തെ ഈ പേരിൽ സംബോധന ചെയ്തിരിക്കുന്നു.

ഇതിന്റെ സമാന പദമായ ഗ്രീക്കിൽ **കുറിയോസ്** (Kurios) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

## B. ഗ്രീക്കുപേരുകൾ:

### 1. ദൈവം (GOD)

ഗ്രീക്കിൽ ദൈവം എന്നതിന് 'തിയോസ്' (Theos) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ഇതു ഏലോഹീം എന്ന എബ്രായ വാക്കിനു സമാനമാണ്. ദൈവത്തിന്റെ എല്ലാ ഗുണവിശേഷങ്ങളെയും ഒന്നിച്ചു വെളിപ്പെടുത്തുവാനായി സെപ്റ്റുജിന്റ് എന്ന ഗ്രീക്കു ബൈബിൾ പരിഭാഷയിൽ ഈ പദം തുടർച്ചയായി ഉപയോഗിച്ചിരിക്കുന്നു.

യോഹ. 1:1-ലും, ഉല്പ. 1:1-ലും തമ്മിൽ വളരെ സാമ്യമുണ്ട്. ഏലോഹിം എന്നതിന് തിയോസ് എന്ന പദമുപയോഗിച്ച് ബന്ധം സ്ഥാപിച്ചിരിക്കുന്നു.

### 2. കർത്താവ് (LORD)

ഗ്രീക്കുപദമായ കുറിയോസ് ആണ് കർത്താവ് എന്ന വാക്കിന്റെ മൂലം. 700-ൽ അധികം പ്രാവശ്യം ഈ വാക്ക് പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പരമാധികാരം, ആധിപത്യം ഇവയെ കാണിക്കുന്നു. ബഹുമാനപരമായും ഉപയോഗിക്കാറുണ്ട്.

നാം മുമ്പു ചിന്തിച്ചതുപോലെ ഏലോഹീം, തിയോസ് എന്ന വാക്കുകൾക്ക് തുല്യഅർത്ഥമാണുള്ളത്. അതുപോലെ കുറിയോസും, യാവേ എന്ന വാക്കുകൾക്കും തുല്യ അർത്ഥമാണുള്ളത്. മർക്കോസ് 11:9-ൽ എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്ന സങ്കീ. 118:26-ലെ എബ്രായ വാക്യമായ "**യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ**" എന്നതിന് "കർത്താവിന്റെ (കുറിയോസ്) നാമത്തിൽ....." (ഗ്രീക്ക്) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്.

### 3. യജമാനൻ (MASTER)

"യജമാനൻ" എന്ന പ്രയോഗം പലപ്പോഴും സ്വേച്ഛാധിപത്യത്തെയും നിഷ്ഠൂരതയെയും കാണിക്കാനായിട്ടുമാണ് തർജ്ജിമ ചെയ്തിരിക്കുന്നതെങ്കിലും, ബൈബിളിൽ 'കർത്താവ്' എന്ന അർത്ഥത്തിൽ തർജ്ജിമ ചെയ്തിരിക്കുന്നത് സർവ്വാധിപത്യത്തെയും അധികാര ദുർവിനിയോഗത്തെയുംകാൾ ഉടമസ്ഥതയിലുള്ള പരിപാലനത്തെ കാണിക്കുവാനായിട്ടാണ് (ലൂക്കോ. 2:29; അപ്പോ. 4:24;) കൂടാതെ; 1 തിമോ. 6:1,2; 2 തിമോ. 2:21; തീത്തൂ. 2:9; 1 പത്രോ. 2:18; 2 പത്രോ. 2:1; യൂദാ. 1:4; വെളി. 6:10 എന്ന ഭാഗങ്ങളിൽനിന്നും ഇതു മനസ്സിലാക്കാം.

ഭാഗം 3

# ദൈവ പിതാവ് (പിതൃത്വ തത്വശാസ്ത്രം – Paterology)

## A. അവന്റെ ആളത്വം:

ദൈവത്തിന്റെ പിതൃത്വം മനസ്സിലാക്കാനുള്ള എളുപ്പവഴി അവനെ വെളിപ്പെടുത്തിയിരിക്കുന്ന ദൈവവചനത്തെ പഠിക്കുകയാണ്. ത്രിത്വത്തിന്റെ പഠനത്തിൽ പിതാവും, പരിശുദ്ധാത്മാവും ഒരേ ഗുണവിശേഷങ്ങൾ ഉള്ളവരാണെന്നു നാം കണ്ടു. ഇനി നമുക്ക് പിതാവിനെക്കുറിച്ചു ബൈബിൾ നല്കുന്ന പ്രത്യേക പ്രയോഗങ്ങളും വിശദീകരണങ്ങളും നോക്കാം.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന വ്യത്യാസം നിലനില്ക്കുംമ്പോഴും ദൈവം ഒരുവൻ മാത്രമാകുന്നു (ആവ. 6:4). പലപ്പോഴും ത്രിത്വത്തിലെ ഏതു ആളത്വത്തെക്കുറിച്ചാണ് പ്രത്യേക വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നതെന്നു മനസ്സിലാക്കുക പ്രയാസമാണ്. ഈ പ്രയാസത്തിനു കാരണം ദൈവം വിഭജിക്കപ്പെടുന്നില്ല എന്നതുകൊണ്ടാണ് (യോഹ. 10:30; 14:9). എങ്കിലും പിതാവിന്റെ ആളത്വത്തെക്കുറിച്ചുള്ള പരിശോധനയിൽ ലഭിക്കുന്ന വാക്യങ്ങളും, വേദഭാഗങ്ങളും അവന്റെ ആളത്വത്തെ തിരിച്ചറിയുന്നതിനു നമ്മെ കൂടുതൽ സഹായിക്കുകയും നമ്മുടെ താല്പര്യം വർദ്ധിപ്പിക്കുകയും ചെയ്യും.

പലപ്പോഴും വിശദീകരണം ആവശ്യമായിരിക്കുന്നതും ദൈവ പിതാവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതുമായ ഒരു വാക്കാണ് "എന്റെ" my എന്നത്. ഇതു പിതാവിന്റെ വ്യക്തിപരമായ സ്വഭാവത്തെ വെളിപ്പെടുത്തുന്നതാണ്. പിതാവുമായുള്ള വ്യക്തിബന്ധത്തെ കാണിക്കുന്നതിനു "നിന്റെ", "അവന്റെ, "അവളുടെ" എന്ന ഏകവചനപദങ്ങളും, "നമ്മുടെ", "നിങ്ങളുടെ, "അവരുടെ" എന്നിങ്ങനെ സമൂഹ (കൂട്ടു) ബന്ധത്തെ കാണിപ്പാൻ ബഹുവചനപദനങ്ങളും ഉപയോഗിച്ചിരിക്കുന്നു.

## B. പിതാവ് എന്ന വ്യക്തിയെ വർണ്ണിച്ചിരിക്കുന്നതു കാണുക:

- **"സർവ്വശക്തൻ"**, ഇതു വെളിപ്പെടുത്തുന്നത് അനുഗ്രഹിപ്പാനുള്ള അവന്റെ കഴിവിനെയും, ശക്തിയേയും ആകുന്നു. ഉല്പ. 49:25; സംഖ്യാ.24:4,16; രൂത്ത്. 1:20,21; ഇയ്യോ. 5:17; 6:1; 14; 8:3,5; 11:7; 13:3; 15:25; 21:15,20; 22:3, 17,23,25,26; 23:16; 24:1; 27:2,10,11,13; 29:5; 31:2,35; 32:8; 33:4; 34:10,12; 35:13; 37:23; 40:2; സങ്കീ. 68:14; 91:1; യെശ. 13:6 യെഹ. 1:24; യോവേൽ. 1:15; വെളി.1:8
- **"വയോധികനായവൻ"** ഇത് അവന്റെ നിത്യപ്രകൃതത്തെ കാണിക്കുന്നു ദാനി.7:9,13,22
- **"നിത്യദൈവം"** ഇതും അവന്റെ നിത്യമായ പ്രകൃതത്തെ കാണിക്കുന്നു. യെശ. 40:28; ഉല്പ. 21:33
- **"വിശ്വസ്തനായ ദൈവം"** ഇത് അവന്റെ മാറ്റമില്ലാത്ത സ്നേഹപ്രകൃതത്തെയാണു കാണിക്കുന്നത് ആവ. 7:9
- **"മഹത്വത്തിന്റെ പിതാവ്"** അവനെ പിൻപറ്റന്ന മഹിമയുടെ യാഥാർത്ഥ്യത്തെ ഇതു വെളിപ്പെടുത്തുന്നു. എഫേ. 1:17
- **"മനസ്സലിവുള്ള പിതാവ്"** ഇതു അവന്റെ അളവറ്റ കൃപയെ കാണിക്കുന്നു. 2 കൊരി. 1:3

- **“അത്യുന്നതൻ”** അവന്റെ ഏറ്റവും ഉയർന്ന സ്ഥാനത്തെയും, ഭൂമണ്ഡലത്തിന്മേലുള്ള അധികാരത്തെയും വെളിപ്പെടുത്തുന്നു. ഉല്പ. 14:18,19,20,22; സങ്കീ.57:2; 78:35; എബ്രാ. 7:1
- **“വ്യാജമില്ലാത്ത വിശ്വസ്ഥനായ ദൈവം”** യാതൊരു തെറ്റുമില്ലാത്ത ന്യായവും നീതിയും നടത്തുവാൻ. ആവ. 32:4
- **“മഹത്വത്തിന്റെ ദൈവം”** അവന്റെ വലിമയുടെ സ്വഭാവത്തെ കാണിക്കുന്നു. സങ്കീ. 29:3; അപ്പോ. പ്ര. 7:2
- **“ദേവാധിദൈവം”** ദൈവങ്ങൾ എന്നു പറയുന്നവയുടെമേൽ അവനുള്ള പരമാധികാരത്തെ കാണിക്കുന്നു. ആവ. 10:17; സങ്കീ. 136: 2; ദാനി. 2:47; 11:36
- **“സമാധാനത്തിന്റെ ദൈവം”** കുഴപ്പങ്ങളെയും കലാപങ്ങളെയുമല്ല ദൈവം ആഗ്രഹിക്കുന്നതെന്നു വിസ്തരിക്കുന്നു. റോമ. 15:33; 16:20; ഫിലി. 4:9; 1 തെസ്സ. 5:23; എബ്രാ. 13:20.
- **“ജീവനുള്ളവരുടെ ദൈവം”** ഇത് അവന്റെ നിത്യസ്വഭാവത്തെ കാണിക്കുന്നു. മത്താ. 22:32; മർക്കോ. 12:27; ലൂക്കോ. 20:38
- **“അത്യുന്നത ദൈവം”** ബഹുമാനിക്കതക്ക അവന്റെ ഉയർന്ന സ്ഥാനത്തെ കാണിക്കുന്നു. മീഖാ. 6:6
- **‘‘സത്യദൈവം”** അവനൊരുവൻ മാത്രം സത്യവാനായിരിക്കുന്നു എന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. സങ്കീ. 31:5; യെശ. 65:16
- **“വലിയവനും ഭയങ്കരനുമായ ദൈവം”** അവന്റെ അധികാരത്തെയും വലിമയേയും കുറിക്കുന്നു. ആവ. 7:21; നെഹ. 1:5; ദാനി. 9:4
- **“മഹത്വവും വല്ലഭത്വവുമുള്ള ദൈവം”** അവൻ എത്ര ശക്തനും, ഉയർന്നവനെന്നും കാണിക്കുന്നു. യിരമ്യാ 32:18; നെഹ. 9:32
- **“സകല ദേവന്മാർക്കും മീതെ മഹാരാജാവായിരിക്കുന്ന ദൈവം”** മനുഷ്യസൃഷ്ടികളും, സങ്കല്പങ്ങളുമായ ദേവന്മാർക്കുമേൽ അവന്റെ പരമാധികാരം എന്തെന്നു കാണിക്കുന്നു. സങ്കീ. 95:3
- **“ഭയങ്കരനായവൻ”** ഇത് അവൻ എത്ര ബഹുമാനിതൻ എന്നു കാണിക്കുന്നു സങ്കീ. 76:11
- **“പരിശുദ്ധൻ”** അതുല്യമായ അവന്റെ നീതിയും സമ്പൂർണ്ണതയും വെളിപ്പെടുത്തുന്നു. 2 രാജ. 19:22; ഇയ്യോ. 6:10; സങ്കീ. 22:3; 71:22; 78:41; 89:18; സദൃ.9:10; 30:3; യെശ. 1:41; 5:19,24; 10:17,20; 12:6; 17:7; 29:19,23; 30:11,12,15; 31:1; 37:23; 40:25; 41:14,16,20; 43:3,14,15; 45:11; 47:4; 48:17; 49:7; 54:5; 55:5; 60:9,14; യിരമ്യാ.50:29; 51:5; യെഹ. 39:7; ഹോശ. 11:9,12; ഹബ.1:12; 3:3; 1യോഹ. 2:20
- **“തീഷ്ണതയുള്ള ദൈവം”** അവന്റെ ജനം മറ്റുദേവന്മാരുമായി ബന്ധം കൂടരുതെന്നുള്ള അവന്റെ നിർബ്ബന്ധത്തെ കാണിക്കുന്നു പുറ. 34:14
- **“തീഷ്ണതയുള്ളവനും പ്രതികാരം ചെയ്യുന്നവനുമായവൻ”,** തന്റെ ജനത്തെ കവർന്നു കളയുന്നവരെ കൃത്യമായി ന്യായം വിധിക്കുന്നവൻ എന്നു വെളിപ്പെടുത്തിയിരിക്കുന്നു. നഹൂം. 1:2
- **“മഹത്വത്തിന്റെ രാജാവ്”** മഹിമയുള്ള അവന്റെ പദവിയെ കാണിക്കുന്നു. സങ്കീ. 24:7,8,9,10.
- **“ജീവനുള്ള സത്യദൈവം”** നാം കണ്ടതുപോലെ അവന്റെ നിത്യതയും, സ്വഭാവവും വെളിപ്പെടുത്തുന്നു 1 തെസ്സ. 1:9
- **“സർവ്വശക്തിയുള്ള കർത്താവായ ദൈവം”** കർത്താവ് എന്നത് അധികാരത്തെയും, ദൈവം എന്നത് സ്വഭാവത്തെയും, സർവ്വശക്തൻ എന്നത് ശക്തിയെയും കാണിക്കുന്നു. വെളി. 4:8; 11:17; 15:3; 16:7; 19:6; 21:22
- **“സമാധാനം”** എന്നത് ആന്തരീകമായ സംപൂർണ്ണ ഐക്യതയെ കാണിക്കുന്നു. ന്യായാ. 6:24
- **“അത്യുന്നതനായ യഹോവ”** അധികാരത്തിന്റെയും, ഔന്നിത്യത്തിന്റെയും യാഥാർത്ഥ്യത്തെ

കാണിക്കുന്നു സങ്കീ. 7:17, 47:2

- **"ദൈവമായ യഹോവ",** വ്യക്തിപരമായ ബന്ധത്തെയും അധികാരത്തെയും കാണിക്കുന്നു. സങ്കീ. 90:17; ദാനി. 9:9,15; മർക്കോ. 12:29; അപ്പോ. പ്ര. 2:39.
- **"സ്നേഹം"** അവന്റെ ജന്മസിദ്ധമായ സ്വഭാവത്തെ കാണിക്കുന്നു. 1 യോഹ. 4:8,16.
- **"ദീർഘക്ഷമയുള്ളവൻ"** അവന്റെ സ്നേഹത്തിന്റെ ഗുണവിശേഷത്തെ സൂചിപ്പിക്കുന്നു. പുറ.34:6,7; ആവ. 5:10; 7:9,12; 1 രാജ. 8:23; 1 ദിന. 16:34; 2 ദിന. 6:14; എസ്രാ. 3:11; നെഹ. 1:5; 9:17; ഇയ്യോ. 37:13; സങ്കീ. 6:4; 13:5; 26:3; 31:16; 32:10; 36:5,7; 63:3; 89:2,14; 103:8,11; 136:1-28; 138:8; വിലാപ. 3:22,32; യോവേ. 2:13.
- **"ശ്രേഷ്ഠതേജസ്സിന്റെ ദൈവം"** അത്ഭുതകരമായ അവന്റെ പ്രകൃതത്തെ കാണിക്കുന്നു 2 പത്രോ.1:17.
- **"സ്വർഗ്ഗോന്നതികളിലെ മഹിമയുടെ ദൈവം"** ദൈവ ശ്രേയസ്സിനെ കാണിക്കുന്നു. എബ്രാ. 1:3; 8:1
- **"മഹിമയുള്ളവനായ യഹോവ"** ദൈവത്തിന്റെ പ്രഭുത്വത്തെ -അഭിജാത്യത്തെ കുറിക്കുന്നു. യെശ. 33:21
- "അത്യുന്നതൻ" എല്ലാ സാദ്ധ്യതകൾക്കും മേലായിരിക്കുന്നവൻ എന്നു സാരം. സംഖ്യാ. 24:16; ആവ. 32:8; 2 ശമു. 22:14; സങ്കീ. 7:17; 9:2; 18:13; 21:7; 46:4; 47:2; 50:14 സങ്കീ. 57:2; 73:11; 77:10; 78:17,35,56; 82:6; 83:18; 87:5; 91:1,9; 92:1; 97:9; 107:11; യെശ. 14:14, വിലാപ. 3:35,38; ദാനി.3:26; 4:2,17; 24,25,32,34; 5:18,21; 7:18,22, 25,27; ഹോശ. 7:16; 11:7; മർക്കോ. 5:7; ലൂക്കോ. 1:32,35,76; 6:35; 8:28; അപ്പോ. പ്ര. 7:48; 16:17; എബ്രാ. 7:1
- **"എന്റെ പാട്ട്"** സന്തോഷ സംഗീതം അവനായി ആലപിക്കപ്പെടുന്നു. പുറ. 15:2; സങ്കീ. 118:14; 119:54; യെശ. 12:2
- **"ഏക ദൈവം"** അവന്റെ അതുല്യതയെ വെളിവാക്കുന്നു. യോഹ. 5:44; 1 തിമോ. 1:17; യൂദാ 1:25
- **"ഏക ജ്ഞാനിയായ ദൈവം"** ഇത് അവന്റെ വിവേകത്തിന്റെ അതുല്യതയെ കാണിക്കുന്നു. റോമ. 16:27
- **"സംപൂർണ്ണൻ"** അവനിൽ പാപം ഇല്ലായിരുന്നു. മത്താ. 5:48
- **"സത്യദൈവം"** ഇതിന്റെയർത്ഥം അവൻ മനുഷ്യനെ സൃഷ്ടിച്ചു, അല്ലാതെ മനുഷ്യർ ദൈവത്തെ അല്ല സൃഷ്ടിച്ചത് - 2 ദിന 15:3; യിരമ്യാ. 10:10; 1 യോഹ. 5:20.

## C. പിതാവിന്റെ ജോലി (കർത്തവ്യം):

ത്രിത്വത്തിൽ പിതാവിന്റെ കർത്തവ്യം ആകാശഭൂമികളുടെ സൃഷ്ടികൾക്കു മുന്നമേ തയ്യാറാക്കിയ വീണ്ടെടുപ്പിന്റെ പ്രവർത്തിയെ നടപ്പാക്കുകയായിരുന്നു (എഫേ. 1:11; 3:11).

## D. പിതാവിന്റെ കർത്തവ്യം താഴെ വിവരിക്കുന്നു:

- **"ശില്പി"** (Architect) പിതാവിന്റെ ഡിസൈൻ ചെയ്യാനുള്ള കഴിവിനെ വെളിപ്പെടുത്തുന്നു. അകത്തും പുറത്തുനിന്നുമുള്ള സമ്മർദ്ദങ്ങളെ വകവയ്ക്കാതെ അതു ചെയ്തു എബ്രാ. 11:10
- **"നിർമ്മിതാവ്"** (Builder) അവന്റെ പദ്ധതിയെ യഥാർത്ഥമാക്കുന്നു എന്നർത്ഥം. എബ്രാ. 3:4; 11:10.
- **"മനസ്സലിവും കരുണയുമുള്ള ദൈവം"** മനുഷ്യവർഗ്ഗത്തോടുള്ള അവന്റെ സഹിഷ്ണതയെ കാണിക്കുന്നു പുറ. 34:6
- **"എളിയവനു ദുർഗ്ഗമായിരിക്കുന്നവൻ"** ബലവാന്മാരുടെ ഉപദ്രവങ്ങളിൽനിന്ന് ബലഹീനരെ

വിടുവിക്കുന്ന ദൈവമാണ് യെശ. 25:4

- **"ശാശ്വത രാജാവ്"** വീണ്ടും അവന്റെ പരമാധികാരത്തെ വെളിവാക്കുന്നു. യിരമ്യാ. 10:10
- **"വെളിച്ചങ്ങളുടെ പിതാവ്"** ലോകത്തെ പ്രകാശിപ്പിക്കുവാനുള്ള വെളിച്ചം നല്കുന്നവെന്നർത്ഥം. യാക്കോ. 1:17.
- **"മനസ്സലിവുള്ള പിതാവ്"** സൃഷ്ടികളോട് കൃപയോടെ എന്നും ഇടപെടുന്നവനെന്നർത്ഥം 2 കൊരി.1:3
- **"ആത്മാക്കളുടെ പിതാവ്"** യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ആത്മീയ ദാനങ്ങളെ കൊടുക്കുന്നവനെന്നു കാണിക്കുന്നു എബ്രാ. 12:9
- **"പിതാവില്ലാത്തവരുടെ" (അനാഥരുടെ) പിതാവ്"** അനാഥന്മാരോട് ദൈവത്തിനുള്ള മനസ്സലിവിനെ കാണിക്കുന്നു സങ്കീ. 68:5
- **"ക്ഷമിക്കുന്ന ദൈവം"** മനുഷ്യവർഗ്ഗത്തെ അവരുടെ പാപങ്ങളിൽനിന്നു സൂക്ഷിപ്പാനുള്ള അവന്റെ ആഗ്രഹത്തെ കാണിക്കുന്നു നെഹ. 9:17. സങ്കീ. 99:8
- **"ജീവജലത്തിന്റെ ഉറവ"** നിത്യജീവനെ പ്രദാനം ചെയ്യുന്നവൻ എന്നു പ്രസ്താവിക്കുന്നു യിരമ്യാ. 2:13; 17:13
- **"മുന്തിരിത്തോട്ടക്കാരൻ"** ആത്മീയഫലങ്ങളെ വിശ്വാസികളിൽ നിന്ന് പ്രതീക്ഷിക്കുകയും ഉത്പാദിപ്പിക്കുവാൻ സഹായിക്കയും ചെയ്യുന്നവനെന്നർത്ഥം യോഹ. 15:1
- **"യിസ്രായേലിന്റെ മഹത്വമായവൻ"** ഇസ്രയേൽ ജനത്തോടുള്ള അവന്റെ പ്രതിബദ്ധതയെ കാണിക്കുന്നു 1 ശമു. 15:29; മീഖാ. 1:15
- **"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവും ദൈവവുമായവൻ"** യേശുക്രിസ്തുവിന്റെ സ്വർഗ്ഗീയ സൃഷ്ടിയായ ശരീരത്തിലെ സ്ഥിതി വെളിവാക്കുന്നു. റോമ. 15:6; 2 കൊരി. 1:3; എഫേ. 1:3; 1 പത്രോ. 1:3.
- **"എന്റെ സൃഷ്ടിതാവായ ദൈവം"** മനുഷ്യശരീരങ്ങളുടെമേൽ അവനു നേരിട്ടുള്ള ഇടപാടിനെ കാണിക്കുന്നു. ഇയ്യോ. 35:10
- **"എന്റെ പാറയായ ദൈവം"** വിശ്വാസികൾക്കു നല്കുന്ന ഉറപ്പിനെ ചൂണ്ടിക്കാട്ടുന്നു. സങ്കീ. 42:9.
- **"അബ്രഹാമിന്റെയും, ഇസ്സഹാക്കിന്റെയും, യാക്കോബിന്റെയും ദൈവം"** ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടിയെ സ്ഥിരീകരിക്കുവാനാണിത്. പുറ. 3:16; അപ്പോ. പ്ര. 3:13; 7:32.
- **"സർവ്വാശ്വാസങ്ങളുടെയും ദൈവം"** പ്രയാസങ്ങളുടെ സമയത്തു നമുക്കു തരുന്ന സഹായത്തെ കാണിക്കുന്നു 2 കൊരി. 1:3
- **"സകല ജഡത്തിന്റെയും ദൈവം"** മനുഷ്യസൃഷ്ടിയുടെ ചുമതല അവൻ ഏറ്റെടുക്കുന്നു. യിരമ്യാ. 32:27
- **"പ്രത്യാശയുടെ ദൈവം"** അവനിൽ ആശ്രയിക്കുന്നവരുടെ ഭാവി പദ്ധതിയെ വെളിവാക്കുന്നു റോമ. 15:13
- **"സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം"** പ്രശ്നങ്ങളുടെ നിരപ്പുണ്ടാക്കുന്നവനാണ് ദൈവം 2 കൊരി. 13:11
- **"എന്റെ രക്ഷയായ ദൈവം"** നമ്മുടെ നിത്യരക്ഷയെ സാധിപ്പിച്ചു തരുവാൻ വ്യക്തിപരമായി ഇടപ്പെടുന്ന പ്രകൃതക്കാരൻ എന്നർത്ഥം സങ്കീ.18:46; 25:5; 27:9; 51:14; 88:1; മീഖാ 7:7; ഹബ.3:18; ലൂക്കോ.1:47

- **“എന്റെ ശരണമായ ദൈവം”** വ്യക്തിപരമായി മനുഷ്യവർഗ്ഗത്തെ സഹായിക്കുന്നവനെന്നർത്ഥം സങ്കീ. 43:2
- **“പ്രതികാരത്തിന്റെ ദൈവം”** ഇത് അവന്റെ നീതിയുള്ള ന്യായവിധിയെ കാണിക്കുന്നു യിരമ്യാ. 51:56.
- **“സർവ്വജഡത്തിന്റെയും ആത്മാക്കളുടെ ദൈവം”** ജീവനെ പരിപാലിക്കുന്ന ദൈവ സ്വഭാവത്തെ കാണിക്കുന്നു സംഖ്യാ. 27:16.
- **“നമ്മുടെ പിതാവായ ദൈവം”** ദൈവവും വിശ്വാസികളുമായുള്ള കുടുംബ ബന്ധത്തെ കാണിക്കുന്നു റോമ.1:7; 1 കൊരി. 1:3; 2 കൊരി. 1:2; ഗലാ. 1:3; എഫേ. 1:2; ഫിലി. 1:2; കൊലോ. 1:2; 2 തെസ്സ. 1:1; 2:16; ഫിലേമോൻ. 1:3; യാക്കോ. 1:27
- **“നമ്മുടെ ബലമായ ദൈവം”** അവൻ നമ്മുടെ വ്യക്തിപരമായ ബലത്തിന്റെ ഉറവിടം എന്നതുപോലെ തന്നെ അവരോടു ചേർന്നിരിക്കുന്ന തുല്യബലത്തെയും കാണിക്കുന്നു സങ്കീ. 81:1.
- **“ഭൂമിയിലെ സകല രാജ്യങ്ങളുടെയും ദൈവം”** ദൂതന്മാരാലാവട്ടെ, മനുഷ്യരാലാവട്ടെ ഉള്ള സകല അധികാരങ്ങൾക്കും മീതെ ദൈവം സർവ്വാധിപതിയായിരിക്കുന്നു എന്നാണിതു കാണിക്കുന്നത് 2 രാജാ. 19:15; യെശ. 37:16.
- **“പിതാവായ ദൈവം”** എല്ലാറ്റിനും എല്ലാം നല്കുന്നവൻ എന്നാണർത്ഥം യോഹ. 6:27; 1 കൊരി.8:6; 15:24; കൊലോ. 1:1; എഫേ. 5:20; 6:23; ഫിലി. 2:11; കൊലോ. 1:3; 3:17; 1 തെസ്സ. 1:1; 2 തെസ്സ. 1:2; 1 തിമോ. 1:2; തീത്തു. 1:4; 1 പത്രോ. 1:2; 2 പത്രോ. 1:17; 2 യോഹ. 1:3; യൂദാ. 1:1.
- **“എനിക്കുവേണ്ടി പ്രതികാരം ചെയ്യുന്ന ദൈവം”** വ്യക്തിപരമായി ചെയ്യുന്ന തെറ്റുകളെ ശിക്ഷിച്ചു ക്രമീകരിക്കുന്നവനെന്നു ഉദ്ദേശിച്ചിരിക്കുന്നു 2 ശമു. 22:48; സങ്കീ. 18:47.
- **“സ്ഥിരതയും ആശ്വാസവും നല്കുന്ന ദൈവം”** വിശ്വാസികളുടെ പ്രതികൂലാവസ്ഥകളിലും പ്രയാസങ്ങളിലും പരിപാലിക്കുന്നവനായ ദൈവം എന്നർത്ഥം. റോമ. 15:5
- **“അനർത്ഥത്തെക്കുറിച്ച് അനുതപിക്കുന്ന ദൈവം”** ദേശത്തിന്മേൽ വരുത്താനിരിക്കുന്ന വിപത്തിനെ മാറ്റിക്കളയുവാൻ ദൈവത്തിനു കഴിയുന്നു യോനാ. 4:2.
- **“കാണുന്ന ദൈവം”** മനുഷ്യരുടെമേലുള്ള അവന്റെ ശുശ്രൂഷയെ കാണിക്കുന്നു ഉല്പ. 16:13.
- **“അനാഥരുടെ സഹായി”** പിതാവില്ലാത്ത പരിപാലകരില്ലാത്തവരെ അവൻ പരിപാലിക്കുന്നു സങ്കീ.10:14.
- **“നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ”** വേദനകളെ ഇല്ലാതാക്കാൻ കഴിയുന്നവനെന്നർത്ഥം യെശ. 51:12
- **“മനുഷ്യനോടു അവന്റെ നിരൂപണം ഇന്നതെന്ന് അറിയിക്കുന്ന ദൈവം”** മനുഷ്യഹൃദയങ്ങളുടെമേൽ ദൈവീക വെളിപ്പാടിനുള്ള സ്ഥാനത്തെയാണ് ഇതു കാണിക്കുന്നത് ആമോ. 4:13
- **“മനുഷ്യഹൃദയങ്ങളെ മെനഞ്ഞ ദൈവം”** സൃഷ്ടിക്കാനുള്ള ദൈവശക്തിയെ ഇതു വെളിപ്പെടുത്തുന്നു സങ്കീ. 33:15.
- **“നാം ചോദിക്കുന്നതിനും നിനയ്ക്കുന്നതിലും അത്യന്തംപരമായി ചെയ്യുന്ന ദൈവം”** ദൈവാത്മാവിന്റെ അനന്തമായ പ്രവർത്തിയെ കാണിക്കുന്നു എഫേ. 3:20
- **“യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ”** ഉയർപ്പിക്കുവാൻ കഴിയുന്ന ദൈവശക്തിയെ വെളിപ്പെടുത്തുന്നു റോമ. 8:11
- **“പരിശുദ്ധ പിതാവ്”** നീതിയിൻ ദൈവം പൂർണ്ണനായിരിക്കുന്നു എന്നു തെളിയിക്കുന്നു യോഹ. 17:11.

- **"നിങ്ങളുടെ മദ്ധ്യേ പരിശുദ്ധനായവൻ"** നീതിയിലുള്ള ദൈവീക സാന്നിദ്ധ്യത്തെ ചൂണ്ടിക്കാട്ടുന്നു ഹോശ. 11:9.
- **"നിന്റെ ഭർത്താവ്"** ദൈവത്തിന്റെ സ്നേഹസമ്പൂർണ്ണമായ ദാനങ്ങളെ കാണിക്കുന്നു യെശ. 54:5.
- **"വിധവയ്ക്കു ന്യായാധിപതി"** സംരക്ഷണം ലഭിക്കാത്തവർക്കു സംരക്ഷണം നല്കുന്നവനാണ് സങ്കീ. 68:5.
- **"സർവ്വഭൂമിക്കും ന്യായാധിപതി ആയവൻ"** ഭൂമിയുടെമേൽ ദൈവത്തിനുള്ള ആധിപത്യത്തെയാണ് ഇത് ചൂണ്ടിക്കാട്ടുന്നത് ഉല്പ. 18:25.
- **"സ്വർഗ്ഗത്തിന്റെ രാജാവ്"** ദൈവീക സിംഹാസനത്തിന്റെ സ്ഥാനം വെളിപ്പെടുത്തുന്നു ദാനി. 4:37
- **"ജീവനുള്ള പിതാവ്"** അവന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും ഇപ്പോഴത്തെ അവസ്ഥയെ കാണിക്കുന്നു യോഹ. 6:57
- **"കർത്താവ്"** അവന്റെ യജമാനത്വത്തെ വെളിവാക്കുന്നു ലൂക്കോ. 2:29
- **"യഹോവ എന്റെ കൊടി"** ഒരു രാഷ്ട്രത്തിന്റെ കൊടി എന്നതുപോലെ നമ്മെ ഉയർത്തി കാണിക്കുന്ന കൊടിയാണവൻ പുറ. 17:15
- **"യഹോവ എന്റെ പാറ"** വിശ്വാസികൾക്കു ആശ്രയിപ്പാൻ തക്കവണ്ണം അവൻ സ്ഥിരതയുള്ളവനെന്നാണ് ഇതിന്റെ അർത്ഥം സങ്കീ. 19:14; 28:1; 144:1.
- **"സർവ്വഭൂമിയുടെയും കർത്താവ്"** സമ്പൂർണ്ണ ഭൂമിയും അവന്റെ അധികാരസീമയ്ക്കധീനമെന്നർത്ഥം യോശു. 3:11,13; സങ്കീ. 97:5; മീഖാ. 4:13; സെഖ. 4:14.
- **"സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവ്"** സമ്പൂർണ്ണ ഭരണാധികാരിയായി സ്വർഗ്ഗഭൂമികളിൽ വാഴുന്നവനെന്നാണ് ഇതിന്റെ അർത്ഥം. മത്താ. 11:25; ലൂക്കോ. 10:21; അപ്പോ. പ്ര. 17:24
- **"രാജാക്കന്മാരുടെ കർത്താവ്"** ഭൂമിയിലെ ഭരണകർത്താക്കളിൻമേൽ അവനുള്ള അധികാരത്തെ വെളിപ്പെടുത്തുന്നു ദാനി. 2:47
- **"നമ്മെ നിർമ്മിച്ച യഹോവ"** മനുഷ്യരെ സൃഷ്ടിക്കുവാൻ ദൈവത്തിനുള്ള അധികാരത്തെ കാണിക്കുന്നു സങ്കീ. 95:6.
- **"നമ്മുടെ പരിചയാകുന്ന കർത്താവ്"** നമ്മെ സംരക്ഷിക്കുന്നവൻ എന്നർത്ഥം. സങ്കീ. 59:11
- **"നിന്നെ സൗഖ്യമാക്കുന്ന യഹോവ"** രോഗത്തിനുമേൽ അധികാരം ദൈവത്തിനുണ്ട് പുറ. 15:26.
- **"നിന്നെ ശുദ്ധീകരിയ്ക്കുന്ന യഹോവ"** തന്റെ സ്വന്തജനത്തിനു നല്കുന്ന പ്രത്യേകതയും, ലോകത്തിന്റെ ശുദ്ധീകരണത്തിനുള്ള മാർഗ്ഗവും പുറ. 31:13; ലേവ്യ. 20:8; 22:32.
- **"ദണ്ഡിപ്പിക്കുന്നവനായ യഹോവ"** ദൈവജനത്തിനുമേൽ വരുന്ന ദൈവീക ശിക്ഷണങ്ങളെയും ലോകരുടെമേൽ വരുന്ന ദൈവീക ന്യായവിധികളെയുമാണ് അർത്ഥമാക്കിയിരിക്കുന്നത്. യെഹ. 7:9
- **"നമുക്കായി കരുതിക്കൊണ്ട് പ്രത്യക്ഷനാകുന്നവൻ"** ദൈവിക പരിപാലനത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കുന്നു ഉല്പ. 22:14
- **"നിന്റെ സൃഷ്ടാവ്"** വ്യക്തിപരമായ നമ്മുടെ സൃഷ്ടിപ്പിൽ ദൈവകരം എങ്ങനെ ഉപയോഗിക്കപ്പെട്ടു എന്നു കാണിക്കുന്നു യെശ. 54:5.
- **"സകലവും ഉണ്ടാക്കുന്ന ദൈവം"** സൃഷ്ടിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു

സഭാ.പ്ര. 11:5; യിരമ്യാ. 10:16; 51:19.

- **"സ്വർഗ്ഗത്തിലെ യജമാനൻ"** എല്ലാ അധികാരികളെയും നിയോഗിക്കുന്നതും, നിയന്ത്രിക്കുന്നതും ദൈവമാണ് കൊലോ. 4:1
- **"എന്റെ കാര്യസ്ഥൻ"** (ജാമ്യക്കാരൻ) നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നവൻ എന്നർത്ഥം ഇയ്യോ. 16:19.
- **"എന്റെ ആശ്രയം"** ദൈവത്തിലുള്ള നമ്മുടെ പ്രത്യേക ആശ്രയത്തെയാണ് ഇതു തെളിയിക്കുന്നത് സങ്കീ. 71:5
- **"എന്റെ സഹായം"** വിടുതലിന്റെ പ്രത്യേക സ്വഭാവത്തെ പ്രകടിപ്പിക്കുന്നു പുറ. 18:4; സങ്കീ. 27:9; 40:17; 54:4; 63:7; 70:5; 118:7; 121:1; എബ്രാ. 13:6.
- **"എന്റെ മറവിടം"** ഇതും ദൈവീക സംരക്ഷണയെയാണ് കാണിക്കുന്നത് സങ്കീ. 32:7
- **"എന്റെ പ്രത്യാശ''** ഭാവി പ്രതീക്ഷകൾ ദൈവത്തിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസിയുടെ സ്വഭാവത്തെ കാണിക്കുന്നു സങ്കീ. 25:5,21; 39:7; 62:5; 71:5; 119:74,81,114,147, അപ്പോ. പ്ര. 23:6, 26:6
- **"എന്റെ വെളിച്ചം"** (പ്രകാശം) ദൈവീക നടത്തിപ്പിനെ കാണിക്കുന്നു സദൃ. 27:1,മീഖാ. 7:8
- **"അനർത്ഥദിവസത്തിൽ എന്റെ ശരണം"** കഷ്ടതയുടെ ദിനങ്ങളിൽ സംരക്ഷണം നല്കുന്നവനാണ് ദൈവം യിരമ്യാ. 17:17; സങ്കീ. 59:16.
- **"എന്റെ തുണയായ യഹോവ"** ദൈവിക കരുതലിന്റെ സ്വഭാവത്തെയാണ് ഇതും വെളിപ്പെടുത്തുന്നത് 2 ശമു. 22:19; സങ്കീ. 18:18.
- **"നമ്മുടെ ലംഘനങ്ങളെ മായിച്ചു കളയുന്നവൻ"** പാപമോചനത്തിന്റെ മറ്റൊരു സ്വഭാവം. യെശ. 43:25.
- **"നമ്മുടെ പാർപ്പിട സ്ഥാനം"** അവനാണു നമ്മുടെ യഥാർത്ഥ ഭവനം സങ്കീ. 90:1.
- **"നമ്മുടെ ന്യായാധിപതി"** അവനാണ് സകലരുടെയും ന്യായാധിപതി 1 ശമു. 24:15; യെശ. 33:22
- **"നമ്മുടെ ന്യായദാതാവ്"** നമുക്കു പ്രമാണങ്ങളെ തരുന്നത് യഹോവയാണ് യെശ. 33:22
- **"നമ്മുടെ വീണ്ടെടുപ്പുകാരൻ"** അവൻ നമുക്കായി രക്ഷയെ വിലയ്ക്കുവാങ്ങിയെന്നാണ് ഇതിന്റെ അർത്ഥം യെശ. 47:4; 63:16.
- **"നമ്മുടെ സങ്കേതവും ബലവും"** നന്ദിയുള്ളവരെ സൂക്ഷിക്കുന്ന ദൈവമെന്ന് അർത്ഥം സങ്കീ. 46:1.
- **"സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥൻ"** ദൈവമാണ് എല്ലാത്തിന്റെയും ഉടമ. ഉല്പ. 14:19,22.
- **"കുശവൻ"** ഇതിന്റെ അർത്ഥം ദൈവം തന്റെ കൈയിലുള്ളതിനെ തനിക്കിഷ്ടമുള്ള ആകൃതിയിൽ ആക്കുന്നു എന്നാണ് യെശ. 29:16; 45:9; 64:8; യിരമ്യ. 18:4,6; സെഖ. 11:13; റോമർ 9:21.
- **"നിന്റെ വീണ്ടെടുപ്പുകാരൻ"** അവൻ നമുക്കായി സമ്പാദിച്ച രക്ഷ മറ്റെല്ലാത്തിലും ശ്രേഷ്ഠമായതെന്ന് കാണക്കുന്നു യെശ. 54:5
- **"തന്റെ ജനത്തിനൊരു സങ്കേതസ്ഥാനം"** ദൈവം എന്നും തന്റെ ജനത്തിന്റെ സുരക്ഷാസ്ഥാനം ആകുന്നു യോവേൽ. 3:16.

- **"കൊടുങ്കാറ്റിൽ ഒരു സങ്കേതം"** പ്രതികൂല കാറ്റുകൾക്കു നടുവിൽ അവന്റെ ജനത്തിനു നല്കുന്ന സങ്കേതത്തെ കാണിക്കുന്നു യെശ. 25:4
- **"നീതിമാനായ പിതാവ്"** അവന്റെ ഗുണമേന്മയെ കാണിക്കുന്നു യോഹ. 17:25.
- **"നീതിമാനായ ന്യായാധിപതി"** അവന്റെ തീരുമാനങ്ങൾ കറയറ്റത് എന്നു കാണിക്കുന്നു സങ്കീ. 7:11; യിരമ്യാ. 11:20; 2 തിമോ. 4:8.
- **"യഹോവ എനിക്ക് ഗോപുരവും ശരണവും"** എങ്കിലും യഹോവ എനിക്ക് ഗോപുരവും എന്റെ ശരണശൈലമായ എന്റെ ദൈവവുമാകുന്നു-ഉറപ്പിനെയും, നിലനിൽപ്പിനെയും കാണിക്കുന്നു. സങ്കീ. 94:22.
- **"എന്റെ ബലത്തിന്റെ പാറ"** വ്യക്തിപരമായി ലഭിക്കുന്ന ശക്തിയെ കാണിക്കുന്നു സങ്കീ. 62:7.
- **"നമ്മുടെ രക്ഷയുടെ പാറ"** രക്ഷയുടെ ഭദ്രതയും വിശ്രമവും സങ്കീ. 95:1
- **"നമ്മുടെ വിശുദ്ധ മന്ദിരം"** വിശ്വാസികൾക്ക് ഒരഭയസ്ഥാനം ഉണ്ട് യെശ. 8:14; യെഹ. 11:6
- **"നമ്മുടെ രക്ഷാദുർഗ്ഗം"** നമുക്കവൻ എന്നും ഒരു സങ്കേതമാണെന്ന് അർത്ഥം സങ്കീ. 28:8.
- **"ഉഷ്ണത്തിൽ ഒരു തണൽ"** ഭാരങ്ങളും, സമ്മർദ്ദങ്ങളും കൂടുമ്പോൾ ദൈവം നമ്മെ ആശ്വസിപ്പിക്കുന്നു.യെശ. 25:4
- **"നമ്മുടെ ശക്തി"** ആവശ്യമായ ബലം തന്റെ സാന്നിദ്ധ്യത്താൽ തരുന്നു യെശ. 28:6
- **"എന്റെ ഹൃദയത്തിന്റെ ബലം"** വിശ്വാസിയുടെ ഹൃദയത്തിലേക്കു ദൈവം തന്റെ ബലം പകർന്നു കൊടുക്കുന്നു സങ്കീ. 73:26.
- **"എന്റെ രക്ഷയുടെ ബലം"** തന്റെ രക്ഷിക്കുന്ന ശക്തിയെ വെളിപ്പെടുത്തുന്നു സങ്കീ. 140:7.
- **"പീഡിതന്റെ അഭയസ്ഥാനം"** മനുഷ്യസമ്മർദ്ദങ്ങളായ ഭാരപ്പെടുന്നവന് ദൈവം നല്കുന്ന അഭയത്തെ കാണിക്കുന്നു സങ്കീ. 9:9.
- **"കഷ്ടകാലത്ത് ഒരു അഭയസ്ഥാനം"** അതും ദൈവീക സംരക്ഷണം എപ്പോഴും ഉണ്ടെന്നാണ് കാണിക്കുന്നത് സങ്കീ. 9:9.
- **"എന്റെ പ്രാണനെ താങ്ങുന്നവൻ"** ദൈവത്തിന്റെ പ്രത്യേക പരിഗണനയും ആത്മീയ കരുതലുകളെയും കാണിക്കുന്നു സങ്കീ. 54:4
- **"ഉപദേശകൻ"** (ഗുരു) സദാ തന്റെ ജനത്തെ ഉപദേശിച്ചു നിലനിർത്തുന്നവനാണ് ദൈവം ഇയ്യോ. 36:22; യെശ. 30:20
- **പ്രാർത്ഥന കേൾക്കുന്നവൻ"** ഇതിന്റെ അർത്ഥം അവൻ നമ്മുടെ ആഗ്രഹങ്ങളെ അറിയുന്നു എന്നാണ് സങ്കീ. 65:2.
- **"നിയമവും ദയയും പാലിക്കുന്നവൻ"** ദൈവം തന്റെ സ്നേഹത്തിൽ ഉടമ്പടിയെ കാത്തു പാലിക്കുന്നു 1 രാജാ. 8:23; 2 ദിന. 6:14.
- **"കഷ്ടത്തിൽ അടുത്ത തുണ"** ഏതു സമയത്തും നമ്മെ സഹായിപ്പാൻ കൂടെ ഉണ്ട്. സങ്കീ. 46:1.

ഭാഗം 4

# ദൈവപുത്രൻ (ക്രിസ്തു തത്വശാസ്ത്രം)

## A. യേശുക്രിസ്തു എന്ന ആളത്വം:

യേശുക്രിസ്തു എന്ന ദൈവപുത്രൻ (പുത്രൻ) ജഡത്തിൽ വെളിപ്പെട്ട ദൈവം ആകുന്നു. ഒരു നല്ല മനുഷ്യൻ ദൈവം ആയിതീർന്നതല്ല, പിന്നെയോ ദൈവം മനുഷ്യനായി തീർന്നതാണ് (യോഹ. 1:1,14). ദൈവ സ്വഭാവ ത്തിന്റെ വാസ്തവമായ പ്രതിനിധിയാണവൻ (യോഹ. 14:8-9; എബ്രാ. 1:3).

### 1. അവന്റെ പൂർവ്വകാലം.

യേശുക്രിസ്തു ശരീരിക ജന്മം എടുക്കുന്നതിനു മുമ്പേ ഉണ്ടായിരുന്നവനാണ്. മറ്റൊരു പ്രകാരത്തിൽ ഒന്നും സൃഷ്ടിക്കപ്പെടുന്നതിനു മുമ്പേ അവനുണ്ടായിരുന്നു. നാം ഇങ്ങനെ വായിക്കുന്നു: ***"സ്വർഗ്ഗത്തിലുള്ളതും, ഭൂമി യിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ച കൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്ത രവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പേ ഉള്ളവൻ"*** (കൊ ലോ. 1:15,16,17). യഹൂദന്മാരുമായുള്ള സംഭാഷണമദ്ധ്യേ യേശു തന്നെ "അബ്രഹാം ജനിക്കുന്നതിനു മുമ്പേ **ഞാൻ** ഉണ്ടായിരുന്നു" എന്നവരോടു പറഞ്ഞു (യോഹ. 8:58).

യേശുക്രിസ്തുവിന്റെ പൂർവ്വകാലത്തെക്കുറിച്ച് യോഹന്നാന്റെ സുവിശേഷത്തിൽ വളരെ തെളിവായി രേഖപ്പെ ടുത്തിയിരിക്കുന്നതു നോക്കുക: ***"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയി രുന്നു; വചനം ദൈവം ആയിരുന്നു, അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല."*** (യോഹ.1:1-3); അതേ അദ്ധ്യായത്തിൽ തന്നെ. ***"വചനം ജഡമായിതീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു"*** (യോഹ.1:14).

### 2. ദൈവ-മനുഷ്യനിലെ ഐക്യത.

യേശുക്രിസ്തു ദൈവവും മനുഷ്യനും സംയോജിച്ചതാണ്. അതായതു അവൻ പൂർണ്ണ ദൈവവും പൂർണ്ണമനു ഷ്യനും ആകുന്നു. ഈ സത്യം മനസ്സിലാക്കാൻ പ്രയാസമുള്ളതെങ്കിലും തീർച്ചയായും സത്യം തന്നെയാണ്.

തന്റെ ക്രൂശുമരണത്തിനു മുമ്പായി യേശുക്രിസ്തു പരീശന്മാരോട് ഇപ്രകാരം ചോദിച്ചു: "ക്രിസ്തുവിനെക്കു റിച്ച് നിങ്ങൾക്കു എന്തു തോന്നുന്നു.... ദാവീദ് അവനെ കർത്താവു എന്നു പറയുന്നുവെങ്കിൽ അവന്റെ പുത്രൻ ആകുന്നതെങ്ങനെ?" (മത്താ. 22: 41-46). ഇതു സാദ്ധ്യമാകുന്നതിനു ഏക വഴിയെ ഉള്ളൂ, ക്രിസ്തു ദൈവവും മനുഷ്യനും ആയിരിക്കുക.

### 3. അവന്റെ പൂർണ്ണത.

എല്ലാ പ്രകാരത്തിലും അവൻ പൂർണ്ണനായിരുന്നു. ദൈവം എന്ന പ്രകാരത്തിലും അവൻ പൂർണ്ണനായിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിലെ പൂർണ്ണതയെ ചോദ്യം ചെയ്തവരുണ്ട്.

റോമാ ലേഖനത്തിൽനിന്നു നമുക്കു പഠിക്കുവാൻ കഴിയുന്നതു ***"അതുകൊണ്ട് ഏക മനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ..."*** (റോമ. 5:12), ആ ഏക മനുഷ്യൻ ആദാം ആയിരുന്നു. അവന്റെ ലംഘനമാണ് സകലത്തിലും മരണകാരണമായത് (റോമ.5:13-19). ജഡപ്രകാരം ഒരു പിതാവ് യേശുവിനില്ലായിരുന്നു എന്തന്നാൽ അവന്റെ ജനനം പരിശുദ്ധാത്മാവിൽ ആയിരുന്നു (ലൂക്കോ. 1:35). ഇതു മാത്രമല്ല അവനെ "ദൈവപുത്രൻ" എന്നു വിളിക്കുവാൻ കാരണം പിന്നെയോ ആദാമിൽകൂടെ വ്യാപരിച്ച പ്രകൃതം യേശുവിൽ ഇല്ലായിരുന്നു. ആദാം പൂർണ്ണതയിൽ സൃഷ്ടിക്കപ്പെട്ടെങ്കിലും പിന്നീട് വീഴ്ചയിൽപെട്ടു, എന്നാൽ യേശു ജനിച്ചശേഷം ഒരിക്കലും വീഴ്ചയ്ക്കു കാരണമായില്ല.

യേശുക്രിസ്തു ഒരു പാപമില്ലാത്ത പൂർണ്ണജീവിതം നയിച്ചെന്നും അവനിൽ പാപവും, വഞ്ചനയും ഒന്നുമില്ലായിരുന്നെന്നും (1 പത്രോ. 2:22) ഒരിക്കലും പാപം ചെയ്യാത്തവനായി ജഡത്തിൽ ജീവിക്കയും, ഇപ്പോൾ എന്നേക്കും ജീവിക്കയും ചെയ്യുന്നു (എബ്രാ. 5:9; 7:28).

## B. യേശുക്രിസ്തുവിന്റെ പങ്ക്:

ദൈവ പിതാവിന്റെ പദ്ധതിപ്രകാരം പ്രവർത്തിക്കുക അഥവാ ദൈവഹിതം പൂർത്തിയാക്കുക എന്നതായിരുന്നു അവന്റെ പങ്ക് (യോഹ. 8:28,29). മനുഷ്യവർഗ്ഗം രക്ഷപ്പെടേണ്ടതിനാവശ്യമായ പ്രവർത്തി അഥവാ പാപത്തിന്റെ പ്രായശ്ചിത്തവില കൊടുക്കുകയായിരുന്നു അവൻ ചെയ്തത് (2 കൊരി. 5: 21).

### 1. ഒരു ശിശുവായി യേശുവിന്റെ വരവ്.

യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു പഴയനിയമത്തിൽ പ്രത്യേകിച്ചു യെശയ്യാ പ്രവാചകനിലൂടെ പ്രവചിക്കപ്പെട്ടിരുന്നു (യെശ. 7:14; 9;6; 11:1; 53:2). എന്തന്നാൽ അവൻ "വാഗ്ദത്ത പ്രകാരമുള്ള സ്ത്രീയുടെ സന്തതി" ആയിരുന്നു (ഉല്പ. 3:15).

അവന്റെ ജനനത്തെക്കുറിച്ചുള്ള ചില പ്രവചനങ്ങൾ കാണുക: അവൻ ബേത്ലഹേമിൽ ജനിക്കണം (മീഖാ. 5:2), അബ്രഹാമിന്റെ സന്തതിയായി ജനിക്കണം (ഉല്പ. 22:18; മത്താ. 1:1; ഗലാ. 3:16), ഇസ്സഹാക്കിൽനിന്ന് (ഉല്പ. 21:12), യാക്കോബിൽനിന്ന് (ഉല്പ. 35:10-12), യഹൂദയിൽനിന്ന് (ഉല്പ. 49:8-11), യിശ്ശായിൽനിന്ന് (യെശ. 11:1), ദാവീദിൽനിന്ന് (2 ശമു. 7:12-16); യിരമ്യാ. 23:5; സങ്കീ. 132:11).

### 2. കന്യകാ ജനനം.

ക്രിസ്തു (മശിഹാ) ഒരു കന്യകയിൽക്കൂടെ ജനിക്കണമെന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി (യെശ. 7:14). യേശുക്രിസ്തുവിന്റെ ഈ അത്ഭുത ജനനം വേദശാസ്ത്രത്തിലെ അതിപ്രധാന സംഭവമായി നില്ക്കുന്നു.

ഈ പ്രവചന നിവൃത്തി മറിയാമിൽ നിന്ന് യേശു ജനിച്ചപ്പോൾ നിവൃത്തിയായി (മത്താ. 1;20,25).

### 3. ക്രിസ്തുവിന്റെ മരണം.

യേശുക്രിസ്തുവിന്റെ മരണം പലതും സാധിപ്പിച്ചു. വാസ്തവത്തിൽ അവൻ മരിക്കേണ്ടവനല്ലായിരുന്നു. (ലൂക്കോ.23:4) പാപം ചെയ്തവനായിരുന്നു മരിക്കേണ്ടത്. (റോമ. 3:23; 6:23) എന്നാൽ യേശുക്രിസ്തു നീതിമാനും പരിശുദ്ധനുമായ ദൈവത്തിന്റെ മുമ്പാകെ മനുഷ്യവർഗ്ഗത്തിനുവേണ്ടി പാപത്തിന്റെ ശിക്ഷയായ മരണം അനുഭവിക്കുക ആയിരുന്നു (യോഹ. 10:15-17).

#### a. പകരക്കാരൻ.

"എന്നാൽ യേശുക്രിസ്തു നമ്മുടെ പകരക്കാരനായി ക്രൂശിൽ മരിച്ചു എന്നാണ് ***"നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു"*** (1 പത്രോ. 2:24). യേശു വെറുതെ താനായി നമുക്കുവേണ്ടി ക്രൂശിൽ കയറുകയല്ലായിരുന്നു, അവൻ നമ്മുടെ പാപങ്ങളെയും, ശാപങ്ങളെയും വഹിച്ചുകൊണ്ട് "നമുക്കു പകരം" ക്രൂശിൽ മരിക്കയായിരുന്നു (ഗലാ. 3:13).

### b. വീണ്ടെടുപ്പ്.

“വീണ്ടെടുപ്പ്” എന്നാൽ നമ്മെ സ്വതന്ത്രന്മാരാക്കേണ്ടതിനായി ഒരുവൻ മുടക്കിയ വില (മുതൽ) എന്നാണർത്ഥം. ഇത് അടിമത്തം നിലനിന്നിരുന്ന കാലഘട്ടത്തിൽ ഒരടിമയുടെ സ്വാതന്ത്ര്യത്തിനായി അപരൻ നല്കുന്ന വിലയെ ആണ് സൂചിപ്പിക്കുന്നത്. എന്നാൽ ഇവിടെ ആത്മീയമായി പാപത്തിനടിമപ്പെട്ട് സാത്താന്റെ സാമ്രാജ്യത്തിൽ അടിമകളായവർക്ക് പാപ മോചനം നല്കി സ്വതന്ത്രരാക്കുന്ന ക്രിസ്തുവിന്റെ പ്രവർത്തിയെ ആണ് വെളിപ്പെടുത്തുന്നത് (കൊലോ. 1:13-14).

മനുഷ്യവർഗ്ഗത്തിനുവേണ്ടി മോചനവില യേശുക്രിസ്തുവാണ് നല്കിയത് (2 പത്രൊ. 2:1), അതുമൂലം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് നാം മുക്തരായി തീർന്നു (റോമ. 8:2). നമുക്കുവേണ്ടി അവൻ നല്കിയ വില അവന്റെ രക്തം തന്നെ ആയിരുന്നു; ക്രൂശുമരണത്തിന്റെ ഉദ്ദേശം തന്നെ അതായിരുന്നു (വെളി. 5:9,10). അങ്ങനെ നാം ഇന്നു സ്വാതന്ത്ര്യത്തോടെ കർത്താവിനെ സേവിക്കാനുള്ള അർഹത പ്രാപിച്ചിരിക്കുന്നു (1 കൊരി. 6:19,20) ഇതു ഒരു കടപ്പാടായിട്ടല്ല മറിച്ച് നന്ദിയായി ചെയ്യേണ്ടതിനാണ് കൃപനല്കിയിരിക്കുന്നത്. ആകയാൽ മാനുഷീകമായിട്ടല്ല പിന്നെയോ യജമാനന്റെ വലിമയുടെ മഹത്വത്തിൽ സേവ ചെയ്യുന്ന സേവകനെപ്പോലെ നാം ക്രിസ്തുവിനെ സേവിക്കേണ്ടതാണ് (1 കൊരി. 7:19-23).

ക്രിസ്തുവിൽ നാം പ്രാപിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തിൽ ഉറച്ചുനില്ക്കേണ്ടതിനു തുടർച്ചയായി പോരാടേണ്ടിയിരിക്കുന്നു (ഗലാ. 5:1). നമ്മുടെ മാനുഷിക പ്രേരണ പരീക്ഷകൾക്കു വംശവദരായി അവിശ്വാസികളെപ്പോലെ പ്രവർത്തിക്കുവാനാണ് (എഫേ. 5:1-14). യേശുക്രിസ്തുവിൽ കൃപയാൽ ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം ഒരിക്കലും ജഡത്തിനു അവസരങ്ങൾ ആകാതിരിക്കേണ്ടതിനു സ്നേഹത്തിൽ അന്യോന്യം സേവിക്കേണ്ടതാണ് (ഗലാ.5:13).

### c. നിരപ്പ്.

രണ്ടു ഗ്രൂപ്പുകൾ തമ്മിലുള്ള കലഹം (കലാപം) അവസാനിപ്പിക്കുന്നതിനാണ് “നിരപ്പ്” എന്നർത്ഥമാക്കിയിരിക്കുന്നത്. നിരപ്പിന്റെ ഫലം സമാധാനമാണ്. അവിശ്വാസികളെ ദൈവത്തിന്റെ ശത്രുക്കളായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത് (റോമ. 5:10). അവരുടെമേൽ ദൈവക്രോധം നിലനില്ക്കുന്നു എന്നും പറഞ്ഞിരിക്കുന്നു (റോമ. 5:9). ഇതിന്റെ അർത്ഥം യേശുക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കുന്നതിനു മുമ്പ് (യോഹ. 3:16,18,36) ഓരോ പ്രത്യേക വ്യക്തിയും ദൈവത്തോടു മത്സരിച്ചുകൊണ്ടിരുന്നു എന്നാണ് (എഫെ. 2:3). യേശുക്രിസ്തു വന്നത് യഹൂദന്മാരെയും, ജാതികളെയും ദൈവത്തോടു നിരപ്പിക്കേണ്ടതിനായിട്ടാണ് (എഫേ. 2:16). അങ്ങനെ അവൻ തന്റെ ശരീരം മരണത്തിനേല്പിച്ചുകൊണ്ട് ദൈവസമാധാനം നമുക്കായി സ്ഥിരപ്പെടുത്തി (കൊലോ. 1:22).

ദൈവസമാധാനം സ്ഥിരപ്പെടുത്തണമെങ്കിൽ പാപത്തിനു പ്രായാശ്ചിത്തം വരുത്തേണ്ടിയിരുന്നു (2 കൊരി. 5:19) യേശുക്രിസ്തു ശത്രുതയ്ക്കും മത്സരത്തിനും നിയന്ത്രണം വരുത്തിക്കൊണ്ട് നിരപ്പിന്റെ ശുശ്രൂഷ നമ്മെ ഏല്പിച്ചു. ദൈവത്തേയും മനുഷ്യരേയും തമ്മിൽ നിരപ്പിക്കുന്ന ശുശ്രൂഷ ഇന്നു നാം ആണ് തികയ്ക്കേണ്ടത് (2 കൊരി. 5:18-21). പരസ്പരം ശത്രുഭാവത്തോടെ മത്സരിക്കുന്ന രണ്ടു വർഗ്ഗങ്ങളെ തമ്മിൽ യോജിപ്പിച്ചു സമാധാനം പുനഃസ്ഥാപിക്കുന്ന പ്രവർത്തിയോടു ഈ പ്രത്യേക ശുശ്രൂഷയെ സദൃശമാക്കാം (മത്താ. 5:9).

യഥാർത്ഥത്തിൽ നാം നിരപ്പു പ്രാപിച്ചത് ദൈവത്തിന്റെ അതിരറ്റ സ്നേഹത്തിന്റെയും മഹത്വത്തിന്റെയും വലിമ ഒന്നുകൊണ്ടുമാത്രമാണ് (റോമ. 5:8; ലൂക്കോ. 6:31-35). ഈ നിരപ്പു സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ് (കൊലോ. 1:20).

### d. പ്രയാശ്ചിത്തം.

പരിശുദ്ധനായ ദൈവത്തിന്റെ നീതി, ന്യായം എന്നിവയെ തൃപ്തിപ്പെടുത്തുക എന്നാണ് പ്രായാശ്ചിത്തം എന്ന വാക്കുകൊണ്ട് അർത്ഥമാക്കിയിരിക്കുന്നത്. ഇതു സാധിക്കുന്നത് യാഗത്തിൽകൂടെ മാത്രമാണ്.

പാപത്തോട് ദൈവത്തിനു കോപവും ക്രോധവും ഉണ്ട്. അവന്റെ ക്രോധത്തിന്റെ കാരണം പഴയനിയമത്തിലും, പുതിയ നിയമത്തിലും പ്രതിപാദിച്ചിട്ടുണ്ട്. (ആവ. 6:14; യോശു. 23:16; സങ്കീ. 78:21; യോഹ. 3:36; റോമ. 1:18;

എഫേ. 2:3; 1 തെസ്സ. 2:16 തുടങ്ങിയ പലതും) ദൈവം സ്നേഹവാനും, കരുണയുള്ളവനുംകൂടെ ആകുന്നു. ചാൾസ് റെയറിയുടെ വാക്കുൾ ശ്രദ്ധിക്കുക:

> "യാതൊരു കാരണവും കൂടാതെ എന്നെ തൃപ്തിപ്പെടുത്തൂ എന്നാവശ്യപ്പെടുന്ന ഒരു ജാതീയ ദേവനായിട്ടല്ല പഴയ നിയമത്തിൽ ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നത്, മറിച്ച് പാപത്തെ കാണാൻ താല്പര്യമില്ലാത്ത നീതിമാനായ ദൈവം മനുഷ്യനെ തന്റെ കൂട്ടായ്മയിൽ കൊണ്ടുവരാൻ ആഗ്ര ഹിച്ചു വെളിവാക്കിയ സ്നേഹത്തിന്റെ മൂർത്തിയായിട്ടാണ്." 99

ഇങ്ങനെയുള്ള ഒരു ദൈവത്തെ സംതൃപ്തിപ്പെടുത്തുകയാണ്. യേശുക്രിസ്തു തന്റെ മരണംവഴി സാധിച്ചത് (റോമ. 3:23-25). മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനെതിരെയുള്ള ദൈവക്രോധത്തെ അവൻ ഇല്ലാതാക്കി (1 യോഹ. 2:2). അവന്റെ സ്നേഹത്തെ വെളിപ്പെടുത്തി (1യോഹ. 4:10) ഇതു ദൈവീക പദ്ധതിയിലെ ഒരു പ്രധാന ഭാഗമായിരുന്നതിനാലാണ് ദൈവം മനുഷ്യനായി അവതരിച്ചത് (എബ്രാ. 2:17,18).

## 4. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ്.

ഇതൊരു പ്രത്യേക പദപ്രയോഗമാണ്. മരണത്തിനു വിധേയനായ ഒരാൾ മരണത്തിൽനിന്നും മടങ്ങിവരികയും മരണമല്ലാത്ത ശരീരത്തെ പ്രാപിച്ച് ജീവിക്കുന്ന അവസ്ഥയെ ഇതു കാണിക്കുന്നു (1കൊരി. 15:42,54). എന്നാൽ ഇതു മരണത്തിൽനിന്നും മരണകരമായ ശരീരത്തിലേക്കു മടങ്ങിവരികയും വീണ്ടും മരിക്കയും ചെയ്യുന്ന അവ സ്ഥയേയും കാണിക്കുന്നുണ്ടെങ്കിലും വ്യത്യസ്ഥതയോടെ അതിനെ മനസ്സിലാക്കേണ്ടിയിരിക്കുന്നു (1 രാജാ. 17:21,22; 2 രാജാ. 4:34,35; യോഹ. 11:43).

യേശുക്രിസ്തു മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേറ്റു. യേശുക്രിസ്തു യഥാർത്ഥത്തിൽ മരിച്ചു അല്ലാതെ ഉറക്ക ത്തിലോ, ബോധക്കേടിലോ അല്ലായിരുന്നു എന്നും തിരുവെഴുത്തു തെളിവു നല്കിയിട്ടുണ്ട് (മത്താ. 27:62-66; മർക്കോ. 15:39,44; ലൂക്കോ. 23:48,49; യോഹ. 19:33). പ്രവചന നിവൃത്തിക്കായി ഒരു ശവക്കല്ലറയും ഒരുക്കപ്പെ ട്ടിരുന്നു (യെശ. 53:9; മത്താ. 27:57,58; മർക്കോ. 15:42-45; ലൂക്കോ. 23:50-52; യോഹ. 19:38). യേശുവിനെ ശവ മടക്കത്തിനുള്ള വസ്ത്രംകൊണ്ട് പൊതിഞ്ഞിരുന്നു (മത്താ. 27:59,60; മർക്കോ. 15:46; ലൂക്കോ. 23:53,54; യോഹ. 19:40-42), അവനെ അവർ ശവക്കല്ലറയിൽവച്ചു (മത്താ. 27:62-66) യേശുവിനെ എവിടെയാണ് അടക്കം ചെയ്ത തെന്ന് യഹൂദന്മാർക്കറിയാമായിരുന്നു. അവിടെ കല്ലറയ്ക്കു മുദ്രവച്ചിട്ട് നാലു റോമൻ സൈന്യാധിപന്മാർ കാവൽ നിന്നിരുന്നു (മത്താ. 27:62-66), എങ്കിലും ഒടുവിൽ യഹൂദന്മാർ തന്നെ യേശുവിന്റെ ശിഷ്യന്മാർവന്ന് അവന്റെ ശരീരം കട്ടുകൊണ്ടുപോയി എന്നു കള്ള പ്രചരണം നടത്തുകയും ചെയ്തു (മത്താ. 28:11-15; മർക്കോ. 14:15).

മൂന്നാം ദിവസം കല്ലറവാതില്ക്കലെ കല്ലു ഉരുട്ടി മാറ്റിയിരിക്കുന്നതായി കണ്ടു (മത്താ. 27:60). ഇവിടെ ഉപയോ ഗിച്ചിരിക്കുന്ന **'കുലിയോ'** (KULIO) എന്ന ഗ്രീക്കു വാക്കിനു "ഉരുട്ടിവച്ചു" എന്നാണർത്ഥം. മർക്കോ. 16:3,4-ൽ **'അനാകുലിയോ'** (ANAKULIO) എന്ന വാക്കാണ്, ഇതിന് "ഉരുട്ടികളഞ്ഞു" എന്നർത്ഥം. ലൂക്കോ. 24:2-ൽ **'അപ്പോകുലിയോ'** ഉപയോഗിച്ചിരിക്കുന്നു, 'നീക്കികളയുക' 'ഉരുട്ടികളയുക' എന്നാണതിനർത്ഥം. എന്നാൽ യോഹന്നാൻ 20:1-ൽ കൊടുത്തിരിക്കുന്ന **"എയിറോ"** (AIRO) എന്ന വാക്കിന്, "പൊക്കി", "നീക്കിയിരിക്കുന്നു" എന്നീ അർത്ഥങ്ങൾ കൊടുത്തിരിക്കുന്നു. കല്ല് ആരോ ഉരുട്ടി പൊക്കി മാറ്റികളയുകയും കല്ലറ ശൂന്യമായിരി ക്കുകയും ചെയ്യുന്നതായിട്ടാണ് കണ്ടത് (മത്താ. 28:5-8; മർക്കോ. 16:2-8; ലൂക്കോ. 24:1-8 യോഹ. 20:1).

കല്ലറയ്ക്കുള്ളിൽ ആകെക്കൂടി അവർ കണ്ടത് അവനെ പൊതിഞ്ഞിരുന്ന വസ്ത്രങ്ങൾ മാത്രമായിരുന്നു. തുണി കൾ മാറ്റിവച്ചിരിക്കുന്ന രീതി ആരും ശരീരം എടുത്തുമാറ്റിയ അവസ്ഥയിലല്ല മറിച്ച് ദൈവീകശക്തിയാൽ സംഭ വിച്ച രീതിയിലായിരുന്നു (യോഹ. 20:2-10). നീളമുള്ള തുണികളാലാണ് യേശുവിനെ പൊതിഞ്ഞുകെട്ടിയിരു ന്നത്. തലയുടെ ഭാഗം മാത്രമായിരുന്നു മാറ്റപ്പെട്ടിരുന്നത്, ഈ ഭാഗത്തുകൂടിയാണ് ശരീരം പുറത്തുപോയിരി ക്കുന്നതും. ശരീരത്തിലെ ഈ നിരവധിയായ ചുറ്റലുകൾ അഴിച്ച് ശരീരം എടുത്തശേഷം വീണ്ടും പഴയപടി ചുറ്റിപൊതിഞ്ഞ് അതേ ആകൃതിയിൽ വയ്ക്കുക ആർക്കും സാദ്ധ്യമല്ലായിരുന്നു. ആയതിനാൽ ശരീരം സ്വയം പ്രവർത്തിച്ചു പുറത്തുപോന്നു എന്നു സ്പഷ്ടമാണ്.

ഉയർത്തെഴുന്നേല്പിനുശേഷം, യേശു മഗ്ദലക്കാരത്തി മറിയയ്ക്കും (യോഹ. 20:14), മറ്റു സ്ത്രീകൾക്കും പ്രത്യ ക്ഷനായി (മത്താ. 28:9-10), കൂടാതെ പത്രോസിനും (ലൂക്കോ. 24:34; 1 കൊരി. 15:5), എമ്മാവൂസ്സിലേക്കു പോയ രണ്ടു ശിഷ്യന്മാർക്കും (ലൂക്കോ. 24:13-33), തോമസ് ഒഴികെയുള്ള അപ്പോസ്തലന്മാർക്കും (ലൂക്കോ. 24:36-43;

യോഹ. 20:19-24), പിന്നീട് തോമസ് ഉൾപ്പെടെയുള്ളവർക്കും (യോഹ. 20:26-29); ഗലീലകടലിനരികെവച്ച് ഏഴു ശിഷ്യന്മാർക്കും (യോഹ. 21:1-23); ഗലീലയിലുള്ള ഒരു മലയിൽവച്ച് 500-ൽ അധികം ശിഷ്യന്മാർക്കും (1 കൊരി. 15:6); യേശുവിന്റെ സഹോദരനായ യാക്കോബിനും (1 കൊരി. 15:7); പ്രത്യക്ഷനായി. വീണ്ടും തന്റെ സ്വർഗ്ഗോരോഹണ സമയത്തു പതിനൊന്നു ശിഷ്യന്മാർക്കും (മത്താ. 28:16-20; ലൂക്കോ. 24:33-52; അപ്പോ. പ്ര. 1:3-12); സ്വർഗ്ഗോരോഹണശേഷം അപ്പോസ്ഥലനായ പൗലൂസ്സിനും (അപ്പോ. 9:3-6; 1 കൊരി. 15:8) തന്റെ പ്രത്യക്ഷത നല്കി.

യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ നിർണ്ണായകവും, കേന്ദ്രസ്ഥാനവുമാണ് ഉയർത്തെഴുന്നേല്പ് (1 കൊരി.15:1-3) യേശുക്രിസ്തുവിനെ ലോകമതനേതാക്കളിൽനിന്നു വ്യത്യസ്ഥനാക്കുന്നതും ഇതുതന്നെയാണ്. എന്തുകൊണ്ടെന്നാൽ അവരാരും തന്നെ ഉയർത്തെഴുന്നേറ്റിട്ടില്ല. യേശുക്രിസ്തു സ്വയം തന്റെ ഉയർത്തെഴുന്നേല്പിനു സാക്ഷ്യം തന്നിട്ടുണ്ട്: (മത്താ. 16:21; 17:9,22-23; 20:18,19; 26:32; മർക്കോ. 9:10; ലൂക്കോ. 9:22-27). യഥാർത്ഥത്തിൽ യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പ് അക്ഷരാർത്ഥത്തിലും ചരിത്രപരമായും രേഖപ്പെടുത്തിയിരുന്നില്ലെങ്കിൽ അവന്റെ സമ്പൂർണ്ണ ശുശ്രൂഷയും വിലയില്ലാത്തതും നമ്മൾ ഇപ്പോഴും നമ്മുടെ പാപങ്ങളിൽ നഷ്ടപ്പെട്ടവരായിരിക്കുകയും ചെയ്യുമായിരുന്നു (1 കൊരി. 15:16,17) അവന്റെ ഉയർത്തെഴുന്നേല്പിന് പിതാവായ ദൈവം ഒരു ഏജന്റായിരുന്നു (കൊലോ. 2:12; 1 തെസ്സ. 1:10; 1 പത്രോ. 1:21; എബ്രാ. 13:20). അതുപോലെ തന്നെയാണ് പരിശുദ്ധാത്മാവും (അപ്പോ. പ്ര. 2:24; റോമ. 8:11; 1 പത്രോ. 3:18).

യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പ് അവൻ പറഞ്ഞതും, പ്രവർത്തിച്ചതുമായ കാര്യങ്ങൾ നല്ലതും, സത്യവും ആയിരുന്നു എന്നതിന്റെ തെളിവാണ്.

നമ്മുടെ ക്രിസ്തീയ ജീവിത നടത്തിപ്പിന്റെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിലുള്ള വിശ്വാസമാണ് (റോമ. 6:4).

### 5. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം.

ക്രിസ്തുവിന്റെ "സ്വർഗ്ഗാരോഹണം" എന്നാൽ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ സ്വർഗ്ഗത്തിലേക്കുള്ള മടക്കയാത്രയെ ആണ് കാണിക്കുന്നത്. സ്വർഗ്ഗാരോഹണം ചെയ്തു തന്റെ ശരിയായ സ്ഥാനമായ പിതാവിന്റെ വലതുഭാഗത്തു പോയി ഇരിക്കയും ചെയ്തു. ഇതു സകല സൃഷ്ടികൾക്കും പരമായി ഉന്നതസ്ഥാനം ആകുന്നു (സങ്കീ. 110:1; എഫേ. 1:20; കൊലോ. 3:1; എബ്രാ. 1:3,13; 8:1; 10:12; 1 പത്രോ. 3:22).

സ്വർഗ്ഗാരോഹണം നടക്കുന്നത് യഹൂദന്മാരുടെ പെന്തക്കോസ്തു പെരുന്നാളിനു പത്തു ദിവസം മുമ്പായിരുന്നു, തുടർന്ന് വാഗ്ദത്തം ചെയ്തിരുന്നതുപോലെ പരിശുദ്ധാത്മാവിനെ അയച്ച് അവന്റെ സഭയെ ഭൂമിയിൽ സ്ഥാപിച്ചു (അപ്പോ. 2:33). തന്റെ വരവിനേപ്പറ്റി വാഗ്ദത്തം ചെയ്തു (യോഹ. 14:16,17 *cf.* അപ്പോ. പ്ര. 2). യേശുവിന്റെ സ്വർഗ്ഗാരോഹണം ദൂതന്മാരുടെ ഏറ്റുമുട്ടലിനും പരിഹാരമായിരുന്നു (എബ്രാ. 1:3-13).

യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അന്നുവരെ മരിച്ച് അബ്രഹാമിന്റെ മടിയിൽ, വിശ്രമിച്ചിരുന്ന (ലൂക്കോ. 16:22) നീതിമാന്മാരുടെ ആത്മാക്കളെ കൂടെ തന്നോടുകൂടെ കൊണ്ടുപോകയും മനുഷ്യർക്ക് ദാനങ്ങളെ നല്കുകയും ചെയ്തു (എഫേ. 4:7-10) ഈ ദാനങ്ങൾ സഭയ്ക്കു പരിശുദ്ധാത്മാവാണ് വിതരണം ചെയ്തത് (1 കൊരി. 12:11).

## C. യേശുക്രിസ്തുവിന്റെ സഭാകാലം:

സ്വർഗ്ഗാരോഹണശേഷം പിതാവിന്റെ വലത്തുഭാഗത്തുണ്ടായിരുന്ന യേശുക്രിസ്തു രണ്ടാമതു വരുന്നതുവരെയുള്ള കാലത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. ***''തന്റെ ശത്രുക്കൾ അവന്റെ പാദപീഠമാകുവോളം അവൻ വലത്തുഭാഗത്തിരിക്കണമെന്നത് പിതാവിന്റെ ഹിതമാണ്''*** (സങ്കീ. 110:1).

ഈ കാലത്തെ യേശുക്രിസ്തുവിന്റെ (ദൈവ-മനുഷ്യൻ) മഹത്വീകരണത്തിന്റെ കാലമായും പറഞ്ഞിരിക്കുന്നു. ***"സകല അധികാരവും അവനു നല്കപ്പെടുകയും" "എല്ലാമുഴങ്കാലും അവന്റെ നാമത്തിങ്കൽ മടങ്ങുകയും"*** ചെയ്യും (ഫിലി. 2:9). ഇതു ദാനിയേൽ പ്രവചനത്തിന്റെ നിവൃത്തികൂടിയാണ് (7:13-14).

ഈ കാലഘട്ടത്തിൽ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തെ ശുശ്രൂഷിക്കുന്ന വിധം നോക്കുക:

#### 1. പക്ഷപാതം ചെയ്യുന്നവൻ.

പിതാവിനോട് വിശുദ്ധന്മാർക്കായി ചെയ്യുന്നു (എബ്രാ. 7:25). ഇതിൽ പരിശുദ്ധാത്മാവിനും പങ്കാളിത്തം ഉണ്ട് (റോമ. 8:26,27,34). ഇതിന്റെ ഫലമായി **"ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും നന്മയ്ക്കായികൂടി വ്യാപരിക്കുന്നു"** (റോമ. 8:28).

## 2. വക്കീൽ.

പിതൃസന്നിധിയിൽ വിശുദ്ധന്മാർക്കെതിരായി സാത്താൻ ഉന്നയിക്കുന്ന സകല ദോഷാരോപണങ്ങൾക്കും എതിരായി വാദിയ്ക്കുന്നതിനെ കാണിക്കുന്നു (1 യോഹ. 2:1; വെളി. 12:10).

## 3. ഇടനിലക്കാരൻ (മദ്ധ്യസ്ഥൻ).

"മദ്ധ്യസ്ഥൻ" ആയി യേശു മനുഷ്യന്റെ "നടുവിൽ നിന്നു", ഇവനിലൂടെയാണ് നമുക്ക് ദൈവത്തിങ്കലേയ്ക്കുള്ള വഴിയും, ബന്ധവും. ഇരുപക്ഷത്തുമുള്ളവരുടെ നടുവിലേയ്ക്ക് പരിഹാരവുമായി വരുന്നവനും, വരവിന്റെ പിന്നിൽ ഒന്നിപ്പിക്കുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നു.

"ദൈവത്തിനും മനുഷ്യനും" "ഇടയിൽ" നിന്നുകൊണ്ട് സമാധാനക്കരാർ ഉണ്ടാക്കുന്നു (1 തിമൊ. 2:5), ഇതൊരു പുതിയ ഉടമ്പടിയാണ്. ഇതു ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലല്ല, കരുണയുടെ അടിസ്ഥാനത്തിൽ അതായത് (എബ്രാ. 8:6-13). മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലായിരുന്നവരുടെയും അല്ലാത്തവരുടെയും പാപ പരിഹാരത്തിനായി യേശുക്രിസ്തു നടത്തിയ ബലിയുടെ രക്തം അംഗീകരിച്ചുകൊണ്ടുള്ളതാണ് (എബ്രാ. 9:13 -15; 12:22-24).

ദൈവത്തിനും (പിതാവിനും) മനുഷ്യർക്കും തമ്മിലുള്ള സംയോജനത്തിനു താൻ മാത്രമാണ് ഇടയ്ക്കുള്ളതെന്നു യേശുക്രിസ്തു സ്വയം പ്രസ്താവിച്ചിരുന്നു (യോഹ. 14:6).

## 4. മഹാപുരോഹിതൻ

ദൈവത്തിന്റെ നേരിട്ടുള്ള നിയമനത്താൽ യേശുക്രിസ്തു നമുക്കു മഹാപുരോഹിതൻ ആയി തീർന്നു. ജന്മം കൊണ്ട് ലേവീഗോത്രത്തിൽ പുരോഹിതനായി ജനിച്ചവനായനല്ല പിന്നെയോ പുതിയ നിയമ വിശുദ്ധന്മാർക്കായി പ്രത്യേക നിയമനമാണ്. ഈ മഹാപുരോഹിത ശുശ്രൂഷയെക്കുറിച്ചു എബ്രായ ലേഖനത്തിൽ വളരെ പ്രസ്താവിച്ചിട്ടുണ്ട് (എബ്രാ. 5:4-10; 7:5-28).

ലേവ്യാ പൗരോഹിത്യം ആരംഭിക്കുന്നതിനു 400 വർഷം മുമ്പ് നിലവിലിരുന്ന മല്ക്കീസദേക്കിന്റെ പൗരോഹിത്യമായിരുന്നു ഇത് (എബ്രാ. 7:1-3). പാപത്താലുള്ള പരീക്ഷയിൽ വീണ മനുഷ്യവർഗ്ഗത്തിനുവേണ്ടി വിശ്വസ്തതയോടും, കരുണയോടുംകൂടെ പിതാവിന്റെ പ്രസാദ പ്രകാരമുള്ള ഒരു പ്രായശ്ചിത്തമാണ് യേശുക്രിസ്തു നടത്തിയത്. ആകയാൽ അവന്റെ പൗരോഹിത്യം നിത്യമായി നിലനില്ക്കുന്നു (എബ്രാ. 2:17; 4:14,15; 6:20; 7:3; 24).

ഒരു പുരോഹിതൻ യാഗം നടത്തുവാനായിട്ടാണ് നിയമിക്കപ്പെടുന്നത് (എബ്രാ. 8:1-3). ആകയാൽ യേശുക്രിസ്തു നമുക്കായി സ്വയം യാഗമായി (എബ്രാ. 9:6-14). ***"എന്നേയ്ക്കുമായിട്ടുള്ള ഏകയാഗമായിരുന്നു ഇത്"*** (എബ്രാ. 10:10,12). ആകയാൽ യേശുക്രിസ്തുവിന്റെ മഹാപുരോഹിതനെന്ന നിലയിലുള്ള മദ്ധ്യസ്ഥതയും, ഇടനിലക്കാരനെന്ന നിലയിലുള്ള വാദങ്ങളും പ്രാർത്ഥനകളും നിലനില്ക്കുന്നു. ഈ ക്രമത്തിലാണ് സഭയിലെ വിശ്വാസികളും പുരോഹിതന്മാരായി തീർന്നിരിക്കുന്നതും (1 പത്രോ. 2:5,9; വെളി. 1:6), യേശുവിനെ അനുകരിച്ച് (1 കൊരി. 11:1) നമ്മെ തന്റെ പിതാവിന്റെ ഹിതപ്രകാരമുള്ള ബലിയായി സമർപ്പിക്കുന്നതും (റോമ. 12:1).

## 5. സഭയുടെ തല.

സഭയുടെ 'തല' അഥവാ 'നായകൻ' യേശുക്രിസ്തുവാണ് (എഫേ. 1:22,23; കൊലോ. 1:18). യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ചേർന്നതാണ് അവന്റെ 'ശരീരം' അഥവാ 'മണവാട്ടി' അഥവാ 'സഭ' (1 കൊരി.12:13)

യേശുക്രിസ്തു സഭയുടെ വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന 'ഭർത്താവ്' ആണ് (എഫേ. 5:23) അവന്റെ മാറ്റമില്ലാത്ത സ്നേഹം എന്നും സഭയോടാണ് (എഫേ. 5:25-27), യഥാർത്ഥ വിവാഹ ശുശ്രൂഷകളും വിരുന്നുകളും കർത്താവിന്റെ മടങ്ങിവരവിനോടനുബന്ധിച്ച് സ്വർഗ്ഗത്തിൽവച്ചു നടക്കുന്നതാണ് (വെളി. 19:7-10 cf. 11-16) എന്നാൽ

വിവാഹനിശ്ചയം കഴിഞ്ഞിരിക്കയാൽ അവന്റെ സ്നേഹം ഇന്നും പ്രകടമാണ്. സഭയും വിവാഹ ദിവസത്തെ പ്രതീക്ഷിച്ചുകൊണ്ട് അവളുടെ കാന്തനെ ഇന്നു സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു (എഫേ. 4:15; 5:26,27).

### 6. ഇടയൻ.

“പാസ്റ്റർ” എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം ഇടയൻ എന്നാണ്. യേശുക്രിസ്തു “നല്ല ഇടയനായി” വന്ന് ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുത്തു (യോഹ. 10:11). അവന്റെ ആടുകൾക്കുവേണ്ടിയുള്ള വലിയ കരുതലും ജീവത്യാഗവും അവനെ “വലിയ ഇടയനാക്കി” തീർത്തു (എബ്രാ. 13:20).

ഇന്ന് കർത്താവായ യേശുക്രിസ്തു പിതാവിന്റെ വലത്തു ഭാഗത്ത് “പ്രധാന ഇടയനായി” (1 പത്രോ. 5:4), നമ്മളെ സൂക്ഷിക്കുകയും നമുക്കായി പക്ഷപാതം ചെയ്യുകയും ചെയ്യുന്നു.

## D. യേശുക്രിസ്തുവിനെക്കുറിച്ച് ബൈബിൾ നല്കുന്ന വിശദീകരണം നോക്കുക:

- **“വക്കീൽ”** (കാര്യസ്ഥൻ). പിതൃസന്നിധിയിൽ നമുക്കായി പക്ഷപാതം ചെയ്യുന്നവനെന്നർത്ഥം 1 യോഹ. 2:1.
- **“അല്ഫയും ഒമേഗയും”** ഒന്നാമത്തവനും ഒടുക്കത്തവനും, ആരംഭവും അവസാനവും, ആദിയും അന്തവും എന്നെല്ലാം അർത്ഥം വരുന്ന ഗ്രീക്കു അക്ഷരമാലയിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളാണിവ. യേശുക്രിസ്തുവാണ് സകലത്തിന്റെയും ആരംഭവും അവസാനവും (അടിസ്ഥാനം) എന്നർത്ഥം (വെളി. 1:8; 21 :6; 22:13)
- **‘‘ആമേൻ”** ഒരു വിഷയത്തിന്റെ അവസാന ശബ്ദം എന്നർത്ഥം 2 കൊരി. 1:20; വെളി. 3:14
- **“അഭിഷിക്തൻ”** യേശുക്രിസ്തു സ്വർഗ്ഗത്താൽ നിത്യമായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന മശിഹാ, ആകുന്നു എന്നർത്ഥം 1 ശമു. 2:35; 2 ദിന. 6:42; സങ്കീ. 2:2; 28:8; 84:9; 89:38,57; 132:10,17; ദാനി. 9:25,26; അപ്പോ. 4:26
- **“അപ്പോസ്തലൻ”** അധികാരമുള്ളവനായി അയയ്ക്കപ്പെട്ടവൻ എന്നർത്ഥം (എബ്രാ. 3:1)
- **“വിശ്വാസത്തിന്റെ നായകൻ”** ഇത് അർത്ഥമാക്കുന്നത് മനുഷ്യന്റെ രക്ഷയേപ്പറ്റി ദൈവം പദ്ധതി തയ്യാറാക്കി നിർവ്വഹിച്ചു (എബ്രാ. 2:10).
- നമ്മുടെ വിശ്വാസത്തിന്റെ “**നായകനും പൂർത്തിവരുത്തുന്നവനും”,** ദൈവം എന്ന നിലയിൽ ക്രിസ്തു പദ്ധതി തയാറാക്കുകയും മനുഷ്യൻ എന്ന നിലയിൽ അതു പൂർത്തിയാക്കുകയും ചെയ്യുന്നു എന്നർത്ഥം എബ്രാ. 12:2
- **“ആരംഭവും അവസാനവും”** ജീവന്റെ കേന്ദ്രബിന്ദു യേശുവാകുന്നു (വെളി. 21:6,22:13)
- **“ദൈവസൃഷ്ടിയുടെ ആരംഭമായവൻ”** സൃഷ്ടികളുടെമേൽ യേശുക്രിസ്തുവിനുള്ള അധികാരത്തെ വെളിപ്പെടുത്തുന്നു വെളി. 3:14
- **“ധന്യനായ ഏകാധിപതി”** അവന്റെ ഉന്നത പദവിയെ കാണിക്കുന്നു (1 തിമൊ. 6:15)
- **“യഹോവയുടെ മുള”** അവന്റെ ദൈവത്വത്തിൽനിന്നു വേർതിരിച്ചു മനുഷ്യത്വത്തെ ചൂണ്ടിക്കാട്ടുന്നു യെശ. 4:2
- **“ദൈവത്തിന്റെ അപ്പം”** ജീവനു ബലമേകുന്ന സ്വർഗ്ഗീയ ഭോജനത്തെ കാണിക്കുന്നു യോഹ. 6:33,51
- **‘ജീവന്റെ അപ്പം”** നമ്മുടെ ആവശ്യങ്ങളെ പൂർത്തിയാക്കുന്നവൻ എന്നർത്ഥം യോഹ. 6:35,48.
- **“മണവാളൻ”** വിശ്വാസികളോടുള്ള യേശുക്രിസ്തുവിന്റെ അഭേദ്യമായ ബന്ധത്തെ കാണിക്കുന്നു യെശ. 62:5; മത്താ. 9:15; 25:1,5,6,10; മർക്കോ. 2:19,20; ലൂക്കോ. 5:34,35; യോഹ. 2:9; 3:29; വെളി. 18:23

- **"ശുഭ്രമായ ഉദയ നക്ഷത്രം"** ആത്മീകാന്ധകാരത്തിന്റെ നടുവിൽ പ്രകാശിക്കുന്ന സ്വർഗ്ഗീയ നക്ഷത്രം വെളി. 22:16
- **"ഇടയശ്രേഷ്ഠൻ"** ആടുകളുടെ സംപൂർണ്ണ ഉത്തരവാദിത്വം അവനിൽ നിക്ഷിപ്തമാണ് 1 പത്രോ. 5:4.
- **"ശ്രേഷ്ഠവും, മാന്യവുമായ മൂലക്കല്ല്"** പ്രത്യേകമായ അവന്റെ തിരഞ്ഞെടുപ്പിനെയും, അവനുമായുള്ള വിശ്വാസികളുടെ സുദൃഢബന്ധത്തെയും കാണിക്കുവാനാണ് ഈ സദൃശം. എഫേ. 2:20; 1 പത്രോ. 2:4,6.
- **"കർത്താവായ യേശുക്രിസ്തു പ്രധാന കല്ല്"** ഇത് അർത്ഥമാക്കുന്നത് തന്നിൽ ആയിത്തീരുന്നവർ പ്രധാന കല്ലിന്റെ ഗുണമുള്ളവരാണ്. (ഫിലി. 3:8).
- **"എന്റെ കർത്താവായ യേശുക്രിസ്തു"** നമ്മുടെ ഭാവി സുരക്ഷിതത്വത്തെയും അവനിൽ ദർശിക്കുന്നു 1 തിമോ. 1:1.
- **"ദൈവത്തിന്റെ ക്രിസ്തു"** ദൈവത്താലുള്ള അവന്റെ തിരഞ്ഞെടുപ്പിനെ സാധൂകരിക്കുന്നു. ലൂക്കോ. 9:20; 23:35
- **"സൈന്യത്തിന്റെ അധിപതി"** അവന്റെ അധികാരത്തനിമയെ കാണിക്കുന്നു ദാനി 8:11
- **"യിസ്രായേലിന്റെ ആശ്വാസം"** ക്രിസ്തുവിൽ ദൈവജനത്തിനുള്ള പ്രോത്സാഹനമാണിത് ലൂക്കോ. 2:25.
- **"ജനത്തിന്റെ നിയമം"** ക്രിസ്തുവിൽക്കൂടെയുള്ള പുതിയ നിയമമാണിത് യെശ. 42:6
- **"വാതിൽ"** ദൈവരാജ്യത്തിലേക്കുള്ള പ്രവേശനകവാടം അവനാണ് യോഹ. 10:7,9
- **''നിത്യപിതാവ്"** അവൻ എന്നും ദൈവമായിരിക്കുന്നു യെശ. 9:6
- **"നിത്യജീവൻ"** ഒരു വ്യക്തിയിൽകൂടെ ഒരു തത്വത്തിൽകൂടെയല്ല ലഭിക്കുന്നതാണിത് 1 യോഹ. 1:2
- **"ശാശ്വതമായ പാറ"** അവനിൽ നമുക്കുള്ള സ്ഥിരതയെ കാണിക്കുന്നു യെശ. 26:4
- **"ദൈവസ്വഭാവത്തിന്റെ യഥാർത്ഥ പ്രതിനിധി"** ദൈവമായിരുന്നവൻ മനുഷ്യനായിതീർന്നു സത്യം വെളിവാക്കുന്നു എബ്രാ. 1:3.
- **''വിശ്വസ്തനും സത്യവാനും''** അവന്റെ സത്യസന്ധതയെ എടുത്തുകാണിക്കുന്നു. (വെളി. 19:11)
- **"വിശ്വസ്തനും സത്യവാനും"** അവന്റെ മാന്യതയെ കാണിക്കുന്നു വെളി. 3:14
- **"വിശ്വസ്ത സാക്ഷി"** അവന്റെ ഉയർത്തെഴുന്നേല്പിന്റെ പരമാർത്ഥതയെ വെളിവാക്കുന്നു വെളി.1:5.
- **''ആദിയും അന്തവും''** സൃഷ്ടികൾക്കെല്ലാം ഏക കാരണം അവനാകുന്നു എന്നർത്ഥം വെളി. 1:17; 2:8; 22:13
- **"മരിച്ചവരിൽനിന്നു ആദ്യ ജാതൻ"** അവന്റെ മരണ പുനരുദ്ധാരണങ്ങളുടെ പ്രത്യേകതയെ കാണിക്കുന്നു കൊലോ. 1:18; വെളി. 1:5
- **"സർവ്വ സൃഷ്ടികൾക്കും ആദ്യജാതൻ"** അവൻ സൃഷ്ടികൾക്കു മുമ്പേയുള്ളവൻ എന്നർത്ഥം. കൊലോ. 1:15.
- **"നിദ്രകൊണ്ടവരിൽ ആദ്യഫലം"** ഉയിർപ്പിന്റെ ആദ്യ അനുഗ്രഹം അവനാകുന്നു 1 കൊരി. 15:20
- **"ദൈവത്തിന്റെ സൗരഭ്യവാസനയായവൻ"** ക്രിസ്തുവിന്റെ ബലിയുടെ മാഹാത്മ്യത്തെ പ്രകടമാക്കുന്നു. എഫേ. 5:2

- **“ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ”** സമൂഹത്തിൽ തിരസ്കരിക്കപ്പെട്ട വരും, നിയമമില്ലാത്തവരുമായവരെ സ്നേഹിക്കുന്നവനാണെന്ന് കാണിക്കുന്നു മത്താ. 11:19; ലൂക്കോ. 7:34
- **“അവന്റെ ജനമായ യിസ്രായേലിന്റെ പുകഴ്ച”** (മഹത്വം) അവനാണ് സ്തുതിക്ക് യോഗ്യ നെന്നു കാണിക്കുന്നു ലൂക്കോ. 2:32.
- **“സർവ്വഭൂമിയുടെയും ദൈവം”** മനുഷ്യവർഗ്ഗത്തോടുള്ള അവന്റെ ബന്ധത്തിന്റെ സത്ത വെളിവാക്കുന്നു യെശ. 54:5
- **“സർവ്വത്തിനും മീതെ ദൈവമായിരിക്കുന്നവൻ”** വിശേഷാൽ അവൻ ഇസ്രയേലിന്റെ ദൈവം എന്നർത്ഥം റോമ. 9:5
- **“നല്ല ഇടയൻ”** നമ്മെ നയിക്കുന്നവനും നമുക്കായി കരുതുന്നവനും എന്നർത്ഥം യോഹ. 10:11
- **“ശ്രേഷ്ഠമഹാപുരോഹിതൻ”** അവന്റെ പദവിയെ കാണിക്കുന്നു എബ്രാ. 4:14
- **“വലിയൊരു വെളിച്ചം”** അന്ധകാരത്തെ നീക്കുവാൻ മതിയായവനാണ് യെശ. 9:2; മത്താ. 4:16
- **“ശ്രേഷ്ഠ ഇടയൻ”** നമുക്കായി കരുതുന്ന ദൈവമെന്നർത്ഥം എബ്രാ. 13:20
- **“വിശേഷമേറിയ നിയമത്തിന്റെ ഉത്തരവാദി”** യേശുവിന്റെ ഉടമ്പടിയുടെയും, വാഗ്ദത്ത ങ്ങളുടെയും ശ്രേഷ്ഠതയിലേക്കു വിരൽ ചൂണ്ടുന്നു എബ്രാ. 7:22
- **“നിങ്ങളുടെ ആത്മാക്കളുടെ ഇടയൻ”** വിശ്വാസികളുടെ പ്രമാണങ്ങളെ കൃത്യമായി സൂക്ഷി ക്കുന്നവൻ എന്നർത്ഥം 1 പത്രോ 2:25.
- **“തല”** അവന്റെ നേതൃത്വത്തിന്റെ ബുദ്ധി വൈഭവത്തെ കാണിക്കുന്നു 1 കൊരി. 11:3; എഫേ. 4:15; കൊലോ. 2:19.
- **“ജാതികളെ ഭരിപ്പാൻ എഴുന്നേല്ക്കുന്നവൻ”** യഹൂദരല്ലാത്തവരുടെമേലും യേശുക്രിസ്തു വിന്റെ അധികാരം നിലനില്ക്കുന്നുണ്ട് റോമ. 15:12.
- **“വിശുദ്ധീകരിക്കുന്നവൻ”** യേശുക്രിസ്തുവിനായി ജനത്തെ വേർതിരിക്കുന്നതിനെ ഇതു വെളി വാക്കുന്നു എബ്രാ. 2:11
- **“ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ”** നമ്മുടെ നിരൂപണങ്ങളിലേക്കു കടന്നു വരുന്നവനെന്നർത്ഥം വെളി. 2:23.
- **“ശരീരത്തിന്റെ തല”** സഭയുടെ നേതൃത്വം യേശുക്രിസ്തുവിൽ തന്നെയെന്നു കാണിക്കുന്നു കൊലോ. 1:18
- **“സഭയുടെ തല”** വിശ്വാസികളെ ബോധപൂർവ്വം നയിക്കുന്നവനെന്നാണ് അർത്ഥം എഫേ. 5:23
- **“എല്ലാ വാഴ്ചയ്ക്കും അധികാരത്തിനുംതലയായവൻ”** ക്രിസ്തുവിന്റെ സമ്പൂർണ്ണ അധി കാരത്തെ കാണിക്കുന്നു കൊലോ. 2:10
- **“സകലത്തിനും അവകാശി”** പിതാവിന്റെ പുത്രൻ എന്ന നിലയിൽ എല്ലാം അവന്റേതാകുന്നു എബ്രാ. 1:2
- **“മഹാപുരോഹിതൻ”** അവന്റെ പദവിയെ കാണിക്കുന്നു. എബ്രാ. 2:17; 3:1; 14; 15; 5:5,10; 6:20; 7:26; 8:1; 9:11; 13:11,12.
- **“നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കിയവനും”** യേശുക്രിസ്തുവിൽ നാം പ്രാപിക്കുന്ന പാപക്ഷമയെ കാണിക്കുന്നു വെളി. 1:5
- **“ഏകജാതനായ പുത്രൻ”** സകല സൃഷ്ടികളിലും അതുല്ല്യനായവൻ യേശുമാത്രം യോഹ.

3:16; എബ്രാ. 11:17; 1 യോഹ. 4:9.

- **“പരിശുദ്ധനും നീതിമാനുമായവൻ”** യേശുവിന്റെ പൂർണ്ണസ്വഭാവത്തെ കാണിക്കുന്നു അപ്പോ. 3:14
- **“ദൈവത്തിന്റെ പരിശുദ്ധനായവൻ”** സംപൂർണ്ണ മനുഷ്യത്വത്തിൽ ജീവിച്ചവനെന്നർത്ഥം മർക്കോ. 1:24; ലൂക്കോ. 4:34; യോഹ. 6:69.
- **“പരിശുദ്ധ ദാസൻ”** യേശു ക്രിസ്തു ഒരു ശിശുവിനെപോലെ അനുസരണത്തിൽ തികഞ്ഞവ നായിരുന്നു. Pais എന്ന ഗ്രീക്കു പദത്തിനു child (ശിശു) എന്നാണർത്ഥം. (അപ്പോ. പ്ര. 4:27,30)
- **“യിസ്രായേലിന്റെ പ്രത്യാശ”** യിസ്രായേൽ ജനത്തിന്റെ ആശ്രയത്തിന്റെ യഥാർത്ഥ അടി സ്ഥാനം ഏതെന്നു വെളിപ്പെടുത്തുന്നു യിരമ്യാ.14:8; 17:13; അപ്പോ. പ്ര. 28:20
- **“രക്ഷയുടെ കൊമ്പ്”** രക്ഷിക്കുന്നവന്റെ ബലത്തെ കുറിക്കുന്നു ലൂക്കോ. 1:69
- **“അദൃശ്യനായ ദൈവത്തിന്റെ പ്രതിമ”** യേശുക്രിസ്തു ജഡത്തിൽ വെളിപ്പെട്ട ദൈവം ആകുന്നു കൊലോ. 1:15.
- **“ഇമ്മാനുവേൽ”** ഈ എബ്രായ പദത്തിനു “ദൈവം നമ്മോടുകൂടെ” എന്നാണർത്ഥം യെശ. 7:14; 8:8; മത്താ. 1:23.
- **“പറഞ്ഞുതീരാത്ത ദാനം”** ക്രിസ്തുവിന്റെ ശ്രേഷ്ഠതയെ വർണ്ണിക്കുവാൻ വാക്കുകൾ പോരാ 2 കൊരി. 9:15.
- **“നസ്രായനായ യേശു”** അവൻ വളർന്ന പട്ടണത്തെ അടിസ്ഥാനമാക്കി പറഞ്ഞിരിക്കുന്നു മത്താ. 26:71; മർക്കോ. 1:24; 10:47; ലൂക്കോ. 4:34; 18:37; 24:19; യോഹ.1:45; 18:5,7 അപ്പോ. പ്ര. 2:22; 6:14; 10:38; 22:8; 26:9
- **‘‘ജീവനുള്ളവരുടെയും മരിച്ചവരുടെയും ന്യായാധിപതി”** ശിക്ഷ വിധിപ്പാനുള്ള യേശു വിന്റെ അധികാരത്തെ കാണിക്കുന്നു അപ്പോ. പ്ര. 10:42; 2 തിമോ.4:1.
- **“രാജാക്കന്മാരുടെ രാജാവ്”** എല്ലാ അധികാരവർഗ്ഗത്തിന്മേലും അധികാരം ഉള്ളവനാണ് യേശു വെളി. 19:16
- **“സർവ്വജാതികളുടെയും രാജാവ്”** ഇതും അവന്റെ ഉന്നത പദവിയെ കാണിക്കുന്നതാണ് വെളി. 15:3.
- **“ദൈവത്തിന്റെ കുഞ്ഞാട്”** ദൈവനീതിയെ തൃപ്തിപ്പെടുത്താൻ സ്വയം ബലിയായ യേശു വിനെ ചൂണ്ടിക്കാട്ടുന്നു യോഹ. 1:29,36
- **“ഒടുക്കത്തെ ആദം”** മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി പാപം കൂടാതെ ഒടുവിൽ പ്രത്യക്ഷ നായവൻ എന്നർത്ഥം 1 കൊരി. 15:45
- **“ജീവൻ”** യേശുവിലാണ് നാം യഥാർത്ഥ ജീവൻ കണ്ടെത്തുന്നത് യോഹ.1:4; 11:25; 14:6
- **“ജീവിപ്പിക്കുന്ന ആത്മാവ്”** യേശുവും പരിശുദ്ധാത്മാവും തമ്മിലുള്ള ഐക്യതയെ കാണി ക്കുന്നു 1 കൊരി. 15:45
- **“ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശം”** സകല മനുഷ്യർക്കും ആവശ്യമായിരിക്കു ന്നതു ക്രിസ്തുവിനെയാണ് ലൂക്കോ. 2:30
- **“ജീവന്റെ പ്രകാശം”** ജീവിതത്തിൽ മനസ്സിലാക്കുവാൻ പ്രയാസമേറിയ വഴികളിൽകൂടെ അവന്റെ പ്രകാശത്താൽ നമ്മെ നയിക്കുന്നു സങ്കീ. 56:13; 49:19; ഇയ്യോ. 33:30 യോഹ. 8:12.
- **“മനുഷ്യരുടെ പ്രകാശം”** മനുഷ്യവർഗ്ഗത്തിനു ലഭിക്കുന്ന ദൈവീക നടത്തിപ്പിനെ ഇതു കുറി

ക്കുന്നു യോഹ.1:4

- **"ലോകത്തിന്റെ വെളിച്ചം"** ഈ ലോകാന്ധകാരത്തിൽ നമുക്കു ലഭിക്കുന്ന ആത്മീക വെളിച്ചത്തെ കാണിക്കുന്നു യോഹ. 8:12; 9:5
- **"ജീവനുള്ളവൻ"** ഉയിർത്തെഴുന്നേല്പിൽകൂടെ സമ്പാദിച്ച നിത്യസ്വഭാവമാണിത് വെളി. 1:17,18
- **"ജീവനുള്ള കല്ല്"** അവനിലുള്ള ജീവന്റെ ഉറപ്പിനെ കാണിക്കുന്നു 1 പത്രോ. 2:4
- **"കർത്താവ്"** ഇത് മനസ്സിലാക്കിത്തരുന്നത് തന്റെ അംഗീകാരത്തെ (അപ്പോ. പ്ര. 4:24; വെളി. 6:10).
- **"കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തു"** തന്റെ അധികാരം ഉപയോഗിച്ച് മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നു വിടുവിക്കുന്നതിനെ കാണിക്കുന്നു 2 പത്രോ. 1:11,20; 3:18.
- **"തേജസ്സിന്റെ കർത്താവ്"** ഇതവന്റെ അത്ഭുതകരമായ അധികാരത്തെ വെളിപ്പെടുത്തുന്നു 1 കൊരി. 2:8.
- **"കർത്താധികർത്താവ്"** അവനാണ് പരമാധികാരിയെന്നാണ് അർത്ഥം വെളി. 19:16
- **"സമാധാനത്തിന്റെ കർത്താവ്"** അവൻ മൂലം ദൈവത്തോടുനിരപ്പും സമാധാനവും നമുക്കു ലഭിക്കുന്നു 2 തെസ്സ. 3:16.
- **"കൊയ്തിന്റെ യജമാനൻ"** സുവിശേഷീകരണത്തിന്റെ അധികാരിയും അവനാണ് മത്താ. 9:38; ലൂക്കോ. 10:2
- **"ശാബ്ബത്തിന്റെ കർത്താവ്"** പത്തുകല്പനകളിലെ നാലാമത്തേതായ ശബ്ബത്തിന്റെയുംമേൽ അവനാണ് അധികാരമുള്ളത് മത്താ. 12:8; ലൂക്കോ. 6:5
- **"യഹോവ നമ്മുടെ നീതി"** നമുക്കു നീതിയെ തരുന്നവനും, നമ്മുടെ നീതിയുടെ അളവുകോലും അവനാകുന്നു യിരമ്യാ. 23:6; 33:16.
- **"ദൈവം നിങ്ങൾക്കു കാണിച്ചുതന്ന പുരുഷൻ"** അവന്റെ ദൈവീക സ്വീകാര്യതയെ വെളിവാക്കുന്നു. അപ്പോ. പ്ര. 2:22
- **"സ്വർഗ്ഗത്തിൽ നിന്നുള്ളവൻ"** ഇത് അവന്റെ ദിവ്യപ്രകൃതത്തെ കാണിക്കുന്നു. 1 കൊരി. 15:47.
- **"വ്യസനപാത്രം"** മനുഷ്യവർഗ്ഗത്തിനായി അവനുണ്ടായ ഉപദ്രവങ്ങളെയും, ത്യജിക്കപ്പെട്ട അവസ്ഥയേയും കാണിക്കുന്നു. യെശ. 53:3
- **"നാഥൻ"** അവന്റെ സമ്പൂർണ്ണ അധികാരത്തിൽ നമ്മെ പരിപാലിക്കുന്നതു മനസ്സിലാക്കി ആശ്രയിപ്പാൻ കഴിയുന്നു. ലൂക്കോ. 5:5; 8:24,45; 9:33; 17:13; എഫേ.6:9; കൊലോ. 4:1; 2 തിമോ. 2:21.
- **"പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ"** നമുക്കായി ദൈവത്തോടു പുതിയ ഉടമ്പടിയെ ഉറപ്പാക്കിയവനെന്ന് അർത്ഥം എബ്രാ. 9:15; 12:24.
- **"കരുണയുള്ളവനും വിശ്വസ്തനുമായ മഹാപുരോഹിതൻ"** അവന്റെ മനസ്സലിവും പദവിക്കൊത്ത സ്ഥിരതയും വെളിപ്പെടുത്തുന്നു എബ്രാ. 2:17.
- **"നിയമദൂതൻ"** പുതിയ വ്യവസ്ഥയുടെ വാർത്തയുമായി വരുന്നവൻ എന്നർത്ഥം മലാ. 3:1
- **"മശിഹാ"** മനുഷ്യരെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ എന്നർത്ഥം യോഹ. 1:41; 4:25.
- **"വീരനായ ദൈവം"** അവന്റെ ദൈവീക ശക്തിയെ കാണിക്കുന്നു യെശ. 9:6
- **"ഉദയ നക്ഷത്രം"** ചുറ്റുപാടുമുള്ള അന്ധകാരത്തിൽ പ്രകാശിക്കുന്ന നക്ഷത്രങ്ങൾക്കിടയിൽ പ്രകാശമേറിയ നക്ഷത്രം എന്നർത്ഥം 2 പത്രോ. 1:19; വെളി. 22:16.

- **“നസ്രായൻ”** ഒരു പരിഹാസപേര് മത്താ. 2:23
- **“ദാവീദിന്റെ വേരും വംശംവും”** ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ വഴിയെ ചൂണ്ടിക്കാട്ടുന്നു വെളി. 22:16.
- **‘‘പിതാവുമായി ഒന്നായിരിക്കുന്നവൻ”** ദൈവീക സാരാംശവും, ഐക്യതയേയും തെളിയിക്കുന്നു യോഹ. 10:30
- **“പിതാവിൽനിന്ന് ഏകജാതനായവൻ”** പിതാവുമായുള്ള ബന്ധത്തിൽ അവന്റെ അതുല്യതയെ കാണിക്കുന്നു യോഹ. 1:14,18
- **“നമ്മുടെ രക്ഷിതാവായ ഏക ദൈവം”** അവന്റെ ആളത്വത്തിന്റെയും പ്രവർത്തിയുടെയും അതുല്യതയെ കാണിക്കുന്നു യൂദാ. 1:25
- **“തേജസ്സുള്ളവനായ നമ്മുടെ കർത്താവ്”** വിശ്വാസികളുടെ ഇടയിൽ അവൻ എത്രശ്രേഷ്ഠൻ എന്നു വെളിപ്പെടുത്തുന്നു യാക്കോ. 2:1
- **“നമ്മുടെ ദൈവവും രക്ഷിതാവും ആയവൻ”** സഭയ്ക്കായുള്ള അവന്റെ ആളത്വത്തിന്റെയും പ്രവർത്തിയേയും വെളിവാക്കുന്നു 2 പത്രോ. 1:1
- **“നമ്മുടെ ജീവനായവൻ”** സഭയിൽ ക്രിസ്തുവിന്റെ ആസ്ഥിത്വം എത്രമാത്രമെന്നു വെളിവാക്കുന്നു കൊലോ. 3:4
- **“നമ്മുടെ കർത്താവ്”** സഭ ക്രിസ്തുവിന്റെ അധികാരത്തെ അംഗീകരിക്കുന്നു എന്നർത്ഥം റോമ. 1:4; 5:21; 7:25; 1 കൊരി. 1:9; യൂദാ. 1:25
- **“ഏകനാഥനും നമ്മുടെ കർത്താവുമായവൻ”** സഭ യേശുവിന്റെ വൈശിഷ്ട്യത്തെയും അധികാരത്തെയും അംഗീകരിക്കുന്നു എന്നതിന്റെ തെളിവാണിത് യൂദാ. 1:4
- **“നമ്മുടെ പെസ്സഹ”** സഭയ്ക്കായുള്ള അവന്റെ ബലിയെ ചൂണ്ടിക്കാണിക്കുന്നു 1 കൊരി. 5:7
- **“നമ്മുടെ സമാധാനം”** ദൈവവും സഭയും തമ്മിൽ ചെയ്തിരിക്കുന്ന സമാധാന കരാറിനെ കാണിക്കുന്നു എഫേ. 2:14
- **“നമ്മുടെ രക്ഷകൻ”** സഭയ്ക്കു നല്കിയ പാപത്തിൽ നിന്നുള്ള വിടുതലിനെ എടുത്തു കാണിക്കുന്നു തീത്തൂ. 3:6.
- **“നമ്മുടെ വൈദ്യൻ”** സൗഖ്യമാക്കാനുള്ള യേശുവിന്റെ ശക്തിയെ കാണിക്കുന്നു ലൂക്കോ. 4:23.
- **“പ്രഭുവും രക്ഷിതാവും”** നമ്മുടെ ജീവിതത്തിലും, രക്ഷയിലും നേതൃത്വം എടുക്കുന്നവനെന്നാണ് അർത്ഥം അപ്പോ. പ്ര. 5:31.
- **“ജീവനായകൻ”** യേശുക്രിസ്തുവാണ് വിശ്വാസിയുടെ ജീവിത നിയന്ത്രിതാവ് അപ്പോ. പ്ര. 3:15
- **“സമാധാനപ്രഭു”** ഇതിന്റെ അർത്ഥം ദൈവവുമായി സ്വരച്ചേർച്ചയിൽ ആയിരിപ്പാൻ ക്രിസ്തു നമ്മെ നയിക്കുന്നു എന്നത്രേ യെശ. 9:6.
- **“പ്രഭുക്കന്മാരുടെ പ്രഭു”** (കർത്താധികർത്താവ്) അവനേക്കാൾ വലിയ നേതാവില്ലെന്നർത്ഥം ദാനി. 8:25.
- **“പ്രവാചകൻ”** അവനെക്കുറിച്ചുള്ളതും, അവന്റേതുമായ പ്രവചന നിവൃത്തികൾ കാണിക്കുന്നു ആവ. 18:18 cf. അപ്പോ. പ്ര, 3:22
- **“നമ്മുടെ പാപത്തിനുവേണ്ടിയുള്ള പ്രായാശ്ചിത്തം”** ക്രിസ്തു നമുക്കായി ദൈവത്തിന്റെ നീതിയും ന്യായവും തൃപ്തികരമായി നിവർത്തിച്ചു 1യോഹ. 2:2

- **"വിശുദ്ധീകരിക്കുന്നവൻ"** നമ്മിൽനിന്നു പാപത്തെ തുടച്ചു മാറ്റുന്നവൻ എന്നർത്ഥം മാലാ. 3:3.
- **"തേജസ്സിന്റെ പ്രഭ"** പിതാവിന്റെ സ്വഭാവത്തിന്റെ പ്രഭയായവൻ എന്നാണർത്ഥം എബ്രാ. 1:3.
- **"എല്ലാവർക്കും വേണ്ടി മറുവിലയായവൻ"** നമ്മെ സ്വതന്ത്രരാക്കുവാൻ യേശു മുതൽമുടക്കി(1 തിമോ. 2:6)
- **"പുനരുത്ഥാനവും ജീവനും"** നിത്യജീവനിലേക്കുള്ള ഉയർത്തെഴുന്നേല്പ് യേശുക്രിസ്തുവെന്ന ആളത്വത്തിൽകൂടെ ആകുന്നു എന്നിതു പഠിപ്പിക്കുന്നു യോഹ. 11:25
- **"നീതിയുള്ള ന്യായാധിപതി"** അവൻ തന്റെ നീതിയുള്ള അളവുകോൽകൊണ്ട് അളന്ന് ഓരോരുത്തർക്കും ശിക്ഷണവും പ്രതിഫലവും നല്കുന്നു എന്നു സാരം സങ്കീ. 7:11; 2 തിമോ. 4:8.
- **"നീതിമാൻ"** അവന്റെ അളവുകോലിൻ പ്രകാരം പൂർണ്ണതയുള്ളവനാകുന്നു യെശ. 24:6; അപ്പോ. 3:14; 7:52; 22:14; 1 യോഹ. 2:1.
- **"ദാവീദിന്റെ വംശം"** അവന്റെ നിത്യപ്രകൃതം ഇതിൽക്കൂടെ എടുത്തു കാണിക്കപ്പെടുന്നു വെളി. 22:16.
- **"ഭൂരാജാക്കന്മാർക്കധിപതി"** ഭൂമിയിലെ അധികാരികളുടെമേൽ അധികാരം ഉള്ളവൻ എന്നർത്ഥം വെളി. 1:5.
- **"ലോകരക്ഷിതാവ്"** ലോകത്തെ പാപങ്ങളിൽനിന്നു രക്ഷിപ്പാനുള്ളവൻ യേശുക്രിസ്തു മാത്രം യോഹ. 4:42; 1 യോഹ. 4:14
- **"ഇടയൻ"** യേശുവിന്റെ കരുതലിനെ വെളിപ്പെടുത്തുന്നു ഉല്പ. 49:24 സങ്കീ. 80:1; സഭാ. പ്ര. 12:11.
- **"ആത്മാക്കളുടെ ഇടയൻ"** നമ്മുടെ ആന്തരികവും, അമർത്യമായതുമായ ഭാഗത്തെക്കുറിച്ചുള്ള അവന്റെ കരുതലിനെ കാണിക്കുന്നു 1 പത്രോ. 2:25.
- **"വംശങ്ങൾക്കു കൊടിയായവൻ"** ഇതിന്റെ അർത്ഥം എല്ലാവരും യേശുവിനെ തന്നെ അന്വേഷിക്കേണ്ടിവരും എന്നത്രേ യെശ. 11:10.
- **"ദൈവപുത്രൻ"** ത്രിത്വവുമായുള്ള അവന്റെ ബന്ധത്തെ വ്യക്തമാക്കുന്നു യോഹ. 10:36; 11:4
- **''ജീവനുള്ള ദൈവത്തിന്റെ പുത്രൻ"** ഇതും ഏക സത്യദൈവവുമായുള്ള അവന്റെ ബന്ധത്തെ വ്യക്തമാക്കുന്നതാണ്. മത്താ. 16:16
- **"മഹോന്നതനായ ദൈവത്തിന്റെ പുത്രൻ"** ദൂതന്മാർ അവനെ മനസ്സിലാക്കിയിരുന്നതെങ്ങനെയെന്നു കാണിക്കുന്നു. മർക്കോ. 5:7, ലൂക്കോ. 8:28.
- **"നിത്യരക്ഷയുടെ കാരണദൂതൻ"** രക്ഷയുടെ അടിസ്ഥാനം യേശുക്രിസ്തുവാകുന്നു എബ്രാ. 5:9.
- **"സ്ഥിരതയുള്ള നിന്റെ കാലം"** ജീവിതങ്ങളെ സ്ഥിരപ്പെടുത്തുന്ന ക്രിസ്തുവിൻ പ്രവർത്തിയുടെ സമയത്തിലേക്കു വിരൽ ചൂണ്ടുന്നു. യെശ. 33:6.
- **"കല്ല്"** യേശുക്രിസ്തുവിൽ ജീവിതങ്ങൾക്കുള്ള ഉറപ്പിനെ കാണിക്കുന്നു യെശ. 28:16
- **"പണിക്കാർ തള്ളിക്കളഞ്ഞ കല്ല്"** യിസ്രായേലിലെ മൂപ്പന്മാർ ഏറ്റുമുട്ടിയ ദൈവത്തിന്റെ കല്ല് അവനായിരുന്നു സങ്കീ. 118:22; മത്താ. 21:42; മർക്കോ. 12:10; ലൂക്കോ. 20:17; 1 പത്രോ. 2:7
- **"ഗുരു"** (റബ്ബൂനി) ഉപദേശിക്കുവാൻ യോഗ്യനായവൻ എന്നർത്ഥം യോഹ. 20:16
- **"പരിശോധിക്കപ്പെട്ട കല്ല്"** ഇത് അർത്ഥമാക്കുന്നത് ക്രിസ്തുവിന്റെ ജീവിതത്തിലനുഭവിച്ച അനുഭവങ്ങളെ (യെശയ്യ.28:16).

- **“തക്കസമയത്തു അറിയിക്കേണ്ട സാക്ഷ്യം”** ദൈവം തന്റെ സമയത്തു വെളിപ്പെടുത്തിയവനാണ് യേശുക്രിസ്തു എന്നു വ്യക്തമാക്കിയിരിക്കുന്നു. 1 തിമോ 2:6.
- **“സാക്ഷാൽ അപ്പം”** യേശുക്രിസ്തു നമുക്കു ആത്മീകപോഷണം നല്കുന്നു യോഹ. 6:32
- **“സത്യവെളിച്ചം”** അവൻ വെളിപ്പെടുത്തി തരുന്ന സത്യം എന്നർത്ഥം യോഹ. 1:9; 1 യോഹ. 2:8
- **“സാക്ഷാൽ മുന്തിരി”** ആത്മീയ പഴങ്ങൾ (നല്ല പ്രവർത്തികൾ) തന്നു നമ്മെ തൃപ്തരാക്കുന്നവനെന്നർത്ഥം യോഹ.15:1
- **“സത്യം”** അവന്റെ ജീവിതത്തിന്റെ ഓരോ ഭാഗത്തിന്റെയും പൂർണ്ണതയെ വെളിപ്പെടുത്തുന്നു യോഹ 5:33; 8:31–32; 14:6
- **“വഴി”** ദൈവീകമായ സകലതും പ്രാപിക്കാനുള്ള ഏക വഴി യേശുക്രിസ്തു ആകുന്നു മത്താ. 7:14; യോഹ. 14:5,6
- **“രക്ഷാസമൃദ്ധി”** വീണ്ടെടുപ്പിന്റെ വില എന്തെന്നു വ്യക്തമാക്കുന്നു യെശ. 33:6
- **“ജ്ഞാനം”** ദൈവത്തിലും ദൈവവചനത്തിലും ഉള്ളവയെ മനസ്സിലാക്കാനുള്ള കഴിവിനെ തരുന്നു യെശ. 33:6
- **“നമ്മുടെ നീതിയും, ശുദ്ധീകരണവും, വീണ്ടെടുപ്പും ആയവൻ”** ആത്മീയ വളർച്ചയുടെയും രക്ഷയുടെയും തികവിനെ വെളിപ്പെടുത്തുന്നു 1 കൊരി. 1:30.
- **“നമുക്കു ദൈവത്തിൽനിന്നുള്ള ജ്ഞാനം”** ക്രിസ്തുവിൽ നമുക്കു ലഭിക്കുന്ന ദൈവീക വിവേകത്തെ എടുത്തു കാട്ടുന്നു 1 കൊരി. 1:30
- **“ജാതികൾക്കു സാക്ഷി”** എല്ലാ മനുഷ്യർക്കും യേശുക്രിസ്തുവാണ് ദൈവത്തിൽനിന്നുള്ള സാക്ഷ്യം യെശ. 55:4
- **“അത്ഭുതമന്ത്രി”** ഏതു വിപത്തിലും നമുക്കാവശ്യമായ നല്ല ആലോചന തരുന്നവൻ എന്നാണ് അർത്ഥം യെശ. 9:6
- **“വചനം”** എല്ലാ വാർത്താവിനിമയങ്ങൾക്കും അടിസ്ഥാനം യേശുക്രിസ്തു ആകുന്നു സങ്കീ. 119:81; യോഹ. 1:1,14; 1 യോഹ. 1:1; വെളി. 19:13
- **“ദൈവവചനം”** പരസ്പരമുള്ള സകല ഇടപാടുകൾക്കും ദൈവത്തിൽനിന്നുള്ള അടിസ്ഥാനം യേശു ആകുന്നു. 2 പത്രോ. 3:5; യോഹ. 1:1–5; വെളി. 19:13.
- **“ജീവന്റെ വചനം”** എല്ലാ ജീവിതങ്ങളും പണിതുയർത്തുവാൻ വേണ്ടിയ അടിസ്ഥാന ശിലയാണിതു ഫിലി. 2:16; 1യോഹ. 1:1
- **“നിങ്ങളുടെ ഭർത്താവ്”** അവനുമായുള്ള ബന്ധവും പരിചയവും ഉറപ്പാക്കുന്നു യെശ. 54:5
- **“നിന്റെ സൃഷ്ടാവ്”** അവനാണ് മനുഷ്യവർഗ്ഗത്തെ നിർമ്മിച്ചവൻ യെശ. 54:5
- **“നിന്റെ വീണ്ടെടുപ്പുകാരൻ”** നമ്മുടെ പാപം പോക്കുന്നതിനു മുതൽ മുടക്കിയവൻ യെശ. 54:5
- **“നിന്റെ രക്ഷ”** ഇതും നമ്മുടെ രക്ഷയും വിടുതലും യേശുവിൽ തന്നെയെന്നു വ്യക്തമാക്കുന്നു ലൂക്കോ. 2:29,30.

ഭാഗം 5

# പരിശുദ്ധാത്മാവാകുന്ന ദൈവം (പരിശുദ്ധാത്മ തത്വശാസ്ത്രം)

## A. അവന്റെ ആളത്വം: 100

പരിശുദ്ധാത്മാവ് ദൈവം ആകുന്നു എന്നു നാം കണ്ടുകഴിഞ്ഞതാണ്. പരിശുദ്ധാത്മാവിന് ഒരാളത്വം ഉണ്ട്. ഇത് കേവലം ദിവ്യത്വത്തെ കാണിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രയോഗമല്ല മറിച്ച് ധീഷാണാശക്തിയും, വികാരവും ഉള്ള ഒരു യഥാർത്ഥ ആളത്വമാണ്.

സഭാചരിത്രത്തിൽ തുടർച്ചയായി ഭിന്നാഭിപ്രായങ്ങൾ ഉയർന്നിട്ടുള്ള ഒന്നാണ് പരിശുദ്ധാത്മാവിന്റെ ആളത്വവും, പ്രവർത്തനവും എന്നത്. ആകയാൽ അതീവ കരുതലോടെ ***"ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കേണ്ടതാണ്"*** (എഫേ. 4:3). ശരിയായവിധം പരിശുദ്ധാത്മാവിനെ മനസ്സിലാക്കുകയും ആശ്രയിക്കുകയും ചെയ്താൽ സ്നേഹത്തിൽ നിറയുവാനും (ഗലാ. 5:22) ദൈവത്തെ സ്നേഹിക്കുവാനും, തമ്മിൽ തമ്മിൽ സ്നേഹിക്കുവാനും നമുക്കു കഴിയുന്നതാണ് (1യോഹ. 4:20).

പരിശുദ്ധാത്മാവിന്റെ "മന്ദിരം" ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയാണ്. അപ്പോസ്തലനായ പൗലൂസ് ഇപ്രകാരം ചോദിച്ചു: ***"ദൈവത്തിന്റ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവന്റെ മന്ദിരമാകുന്ന*** (ഏകവചനം, ഒരു ശരീരം, ഒരു മന്ദിരം എന്നർത്ഥം) ***നിങ്ങളുടെ*** (ബഹുവചനം, നമ്മൾ ഓരോരുത്തരും എന്നർത്ഥം) ***ശരീരം*** (ഏകവചനം) ***എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?"*** (1കൊരി. 6:19). ഇതേ ലേഖനത്തിൽ ഇതിനു സമാനമായ മറ്റൊരു ചോദ്യം പൗലോസ് ചോദിച്ചിരുന്നു: ***"നിങ്ങൾ*** (ബഹുവചനം, എല്ലാവരും) ***ദൈവത്തിന്റെ മന്ദിരം*** (ഏകവചനം) ***എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ*** (ഏല്ലാവരിലും) ***വസിക്കുന്നു എന്നും അറിയുന്നില്ലയോ?"*** (1 കൊരി. 3:16). പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളെ (സഭാ വിശ്വാസികളെ) പരസ്പരം ബന്ധിപ്പിക്കുന്നു. നമ്മുടെ അശുദ്ധിമൂലം ആ മന്ദിരം നശിക്കാൻ ഇടയാക്കരുതെന്നു മുന്നറിവു തന്നിട്ടുണ്ട് (1 കൊരി. 3:17). യേശുക്രിസ്തുവിന് ഒരു "മണവാട്ടി" മാത്രമേയുള്ളു. അതു വിശുദ്ധമാണ്. നമ്മുടെ ഈ പഠനത്തിൽ ഇതു നമ്മെ നയിക്കട്ടെ.

### 1. ബുദ്ധിസാമർത്ഥ്യം.

എല്ലാം അറിയാനും എല്ലാം അന്വേഷിക്കുവാനും പരിശുദ്ധാത്മാവിനു കഴിവുണ്ട്. (1 കൊരി. 2:10-11) ഇതിൽനിന്ന് എന്താണ് മനസ്സിലാക്കുന്നത്, പരിശുദ്ധാത്മാവിന് ഒരു മനസ്സും (റോമ. 8:27) നമ്മെ പഠിപ്പിക്കാനുള്ള കഴിവും ഉണ്ട് (1 കൊരി. 2:13).

### 2. വികാരം.

തിരുവെഴുത്തു വളരെ തെളിവായി പറഞ്ഞിരിക്കുന്ന കാര്യമാണ് പരിശുദ്ധാത്മാവിന് ദുഃഖിക്കാൻ കഴിയുമെന്നുള്ളത് (യെശ. 63:10; എഫേ. 4:30) അതായത് അവൻ വികാരമുള്ളവനാണെന്നു ചുരുക്കം. പരിശുദ്ധാത്മാവു

വെറുമൊരു സ്വാധീനമോ, പ്രേരണയോ ആയിരുന്നെങ്കിൽ ആളത്വപരമായ വികാരങ്ങൾ കാണുകയില്ലായിരുന്നു. ഇതു മറ്റൊരു യാഥാർത്ഥ്യത്തിലേക്കു അതയാത് പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയാനും സാധിക്കുമെന്നതിലേക്കാണ് നമ്മുടെ ശ്രദ്ധ തിരിക്കുന്നത് (മർക്കൊ. 3:24).

### 3. ഇച്ഛ.

പരിശുദ്ധാത്മാവിനു ഭേദാഭേദങ്ങൾ തിരഞ്ഞെടുക്കുവാനുള്ള കഴിവുണ്ട്. അഥവാ ഇച്ഛാശക്തിയുണ്ട്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്കു വേണ്ടുന്ന ആത്മീക വരങ്ങളെ വിതരണം ചെയ്യുന്നതു പരിശുദ്ധാത്മാവാണ് (1 കൊരി. 12:11). ഒരു ക്രിസ്ത്യാനിയുടെ (വിശ്വാസിയുടെ) പ്രവർത്തികളെ നിയന്ത്രിക്കുന്നതും നയിക്കുന്നതും പരിശുദ്ധാത്മാവാണ് (അപ്പോ. 16:6-11).

### 4. ആകൃതി.

ഒരേ ഒരു വേദഭാഗം മാത്രമേ പരിശുദ്ധാത്മാവിനു സമാധാനത്തിന്റെ ചിഹ്നമായ പ്രാവിന്റെ ആകൃതി നല്കിയിട്ടുള്ളു; അത് യേശുക്രിസ്തുവിന്റെ സ്നാനസമയത്തോടു ബന്ധിച്ചാണ് (മത്താ. 3:16; മർക്കോ. 1:10; ലൂക്കോ. 3:22; യോഹ. 1:32).

## B. അവന്റെ പങ്കാളിത്തം:

### 1. സൃഷ്ടിപ്പിൽ.

പരിശുദ്ധാത്മാവിന് ആകാശഭൂമികളുടെയം മറ്റെല്ലാ സൃഷ്ടികാര്യങ്ങളിലും പങ്കുണ്ട്. ഭൂമി ആൾപ്പാർപ്പില്ലാതെ പാഴും ശൂന്യവുമായി കിടന്നപ്പോൾ ***"ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ചുകൊണ്ടിരുന്നു"*** (ഉല്പ. 1:2). ഇത് കഴുകൻ തന്റെ കൂട് അനക്കി കുഞ്ഞുങ്ങൾക്കുമീതെ പറക്കുന്ന"തിനോട് സദൃശമാണ് (ആവ. 32:11). ദൈവം തന്റെ വചനത്താൽ ആകാശത്തെ വിരിച്ചപ്പോൾ പരിശുദ്ധാത്മാവ് അതിനെ പ്രകാശിപ്പിക്കുവാൻ നക്ഷത്രങ്ങളെ വിരിച്ചു (സങ്കീ. 33:6) എന്നും പരിശുദ്ധാത്മാവിന് സർവ്വസൃഷ്ടികളുടെമേലും നിയന്ത്രണം ഉണ്ടെന്നും (ഇയ്യോ. 26:13) തിരുവെഴുത്തു പറയന്നു. സൃഷ്ടികർമ്മങ്ങളിൽ എല്ലാം പങ്കുള്ളതുപോലെ മനുഷ്യസൃഷ്ടിപ്പിലും മൃഗജാലങ്ങളുടെ സൃഷ്ടിയിലും പരിശുദ്ധാത്മാവ് പങ്കാളിയാണ് (ഇയ്യോ. 33:4; സങ്കീ. 104:24, 25 cf. 104: 30).

സൃഷ്ടികർമ്മങ്ങളിൽ എല്ലാം പങ്കാളിത്തം വഹിച്ചുകൊണ്ട് ദൈവമായ കർത്താവിനെ വെളപ്പെടുത്തുക എന്നതായിരുന്നു പരിശുദ്ധാത്മാവിന്റെ ഉദ്ദേശം (യെശ. 40:12-13 cf റോമ. 1:20- cf. യോഹ. 16:13,14)

### 2. വെളിപ്പാട്

പുതിയ സത്യങ്ങളെ വെളിപ്പെടുത്തികൊടുക്കുകയാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനപദ്ധതി (യോഹ. 16:13) സത്യത്തെ മറ്റുള്ളവരിലേക്കു എത്തിക്കുവാൻ പരിശുദ്ധാത്മാവ് മനുഷ്യരെതന്നെയാണ് ഏജന്റാക്കുന്നത്. (2 ശമു. 23:2); ചിലപ്പോൾ സത്യംപോലും ഒരു ചീത്തവാർത്തയായി ചിലർക്ക് തോന്നാറുണ്ട് (മിഖാ. 3:8). തിരുവെഴുത്തുതന്നെ പരിശുദ്ധാത്മാവിന്റെ ഒരു വെളിപ്പാടാണ് (22:42,43, അപ്പോ. പ്ര. 1:16; 24:25; 28:25-26; ഏബ്രാ. 10:15-16).

### 3. അവബോധം

പരിശുദ്ധാത്മാവ് ജനത്തിനു വെളിപ്പെടുത്തിയത് ആത്മീയ അറിവുകളാണ്. എന്നാൽ അവയെ മനസ്സിലാക്കാൻ ചിർക്കു ചിലനാളുകൾ വേണ്ടിവരും (1 കൊരി 13:12); ആകയാൽ ദൈവവചനത്തെ മനസ്സിലാക്കുവാനുള്ള കഴിവ് പരിശുദ്ധാത്മാവ് നല്കുന്നു (1 കൊരി. 2:12-16); വചനത്തിന്റെ ഏതു ഭാഗമാണ് വ്യത്യസ്ഥ സാഹചര്യങ്ങളെ ജീവിതമുമ്പിൽ കൊണ്ടുവരുന്നത് എന്നു മനസ്സിലാക്കണം (ലൂക്കോ. 12:11-12; എബ്രാ. 3:7,8); ആത്മീയമായ ഈ മനസ്സിലാക്കലിനെയാണ് 'ജ്ഞാനം' എന്നു വിളിക്കുന്നത്.

### 4. ദിവ്യപ്രചോദനം

പരിശുദ്ധാത്മാവ് ചിലർക്കു നല്കിയ ആത്മീയ പ്രചോദനമാണ് തിരുവെഴുത്തുകളെ രേഖപ്പെടുത്താൻ അവരെ യോഗ്യരാക്കിയത് (2 പത്രോ. 1:21) എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണെന്നാണ് നാം വായിക്കുന്നത്.

അക്ഷരാർത്ഥത്തിൽ ദൈവം അവന്റെ ജീവൻ (ആത്മാവു) നല്കിയെന്നർത്ഥം. (2 തിമൊ. 3:16,17) അപ്പൊസ്തലനായ പൗലൂസ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്കു മറ്റൊരിടത്തും കാണാൻ കഴിയുന്നില്ല. ആ വാക്ക് തിയോപെനുസ്റ്റോസ് (Theopneustos) എന്നാണ് ഇത് രണ്ടു വാക്കുകൾ ചേർന്നിട്ടുള്ളതാണ്. തിയോസ് (Theos) ദൈവം എന്നതും, ന്യൂമാ (Pneuma) ആത്മാവ് എന്നതും ആണ് ആ വാക്കുകൾ. ചുരുക്കത്തിൽ ബൈബിൾ പരിശുദ്ധാത്മ പ്രചോദിതമാണ്.

### 5. അതിശയങ്ങൾ.

യേശുക്രിസ്തു പരിശുദ്ധാത്മാ ശക്തിയിലാണ് അത്ഭുതങ്ങൾ പ്രവർത്തിച്ചത് (ലൂക്കോ. 4:18). എല്ലാവിധ അത്ഭുത പ്രവർത്തികളുടെയും ഏജന്റ് പരിശുദ്ധാത്മാവുതന്നെ. ഇതിന് ഏറ്റവും നല്ല തെളിവാണ് എത്യോപ്യക്കാരനെ സ്നാനപ്പെടുത്താൻ ഫിലിപ്പോസിനു ലഭിച്ച നടത്തിപ്പും, ഇതു കഴിഞ്ഞ ഉടൻ ഫിലിപ്പോസിനെ ആത്മാവ് അപ്രത്യക്ഷനാക്കുന്നതും (അപ്പോ. പ്ര. 8:39) മറ്റൊന്ന് കന്യകാജനനമാണ്.

### 6. കന്യകാജനനം.

കന്യകയായിരുന്ന മറിയയ്ക്ക് 'ഗബ്രിയേൽ എന്നൊരു ദൂതനിൽകൂടെ ദൈവീക സന്ദേശം ലഭിച്ചു. അതിൻപ്രകാരം അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി ഒരു മകനെ പ്രസവിക്കുകയും ജനിക്കുന്ന ശിശുവിന് "ദൈവപുത്രൻ" എന്നു പേർ വിളിക്കപ്പെടുകയും ചെയ്യണമായിരുന്നു (ലൂക്കോ. 1:27,35). ഇതിൽനിന്നു ത്രിത്വത്തിൽ ഒരുവനാണ് യേശുക്രിസ്തുവിന്റെ സ്വർഗ്ഗീയ പിതാവെന്നാണ്. മാത്രവുമല്ല ഇത് പരിശുദ്ധാത്മാവിന്റെ ദൈവത്വത്തിനു ഒരു തെളിവുകൂടെയാണ്. ഈ സംഭവത്തിനുശേഷം ഗബ്രിയേൽ ദൂതൻ മറിയാമിനു വിവാഹം നിശ്ചയം ചെയ്തിരുന്ന യോസേഫ് എന്ന പുരുഷനെ സന്ദർശിച്ച് മറിയാമിന്റെ ഗർഭധാരണം പരിശുദ്ധാത്മാവിനാൽ ആകുന്നു എന്ന സത്യം ഗ്രഹിപ്പിച്ചുകൊടുത്തു (മത്താ. 1:18-20).

### 7. പാപബോധം.

പരിശുദ്ധാത്മാവിന്റെ മറ്റൊരു പ്രവർത്തനം മനുഷ്യഹൃദയങ്ങളിൽ വരുത്തുന്ന പാബോധമാണ്. ലോകത്തോടും, വ്യക്തികളോടും അവർ ദൈവീക പ്രമാണങ്ങളെ ലംഘിക്കയാൽ പാപികളാണെന്നും, ഈ ദുരവസ്ഥയിൽനിന്ന് അവരെ രക്ഷിക്കുന്ന രക്ഷകനെ അംഗീകരിക്കേണ്ടതാണെന്നും നമ്മുടെ മനസ്സാക്ഷിയിൽകൂടെ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു (യോഹ. 16:8; റോമ. 9:1).

### 8. വീണ്ടും ജനനം.

"പുതുജനനം" എന്നർത്ഥം വരുന്ന വാക്കാണിതു. ഒരാൾ രക്ഷിക്കപ്പെടുന്ന അവസരത്തിൽ - രക്ഷിക്കപ്പെട്ട ശേഷം നടക്കാൻ പോകുന്നതല്ല - സംഭവിക്കുന്ന ഒന്നാണിത്. ദൈവം തന്റെ വചനത്തിൽകൂടെ നല്കിയിരിക്കുന്ന ഈ വാഗ്ദത്തെ നമ്മിലേക്കു ഒരു യാഥാർത്ഥ്യമാക്കിതരുന്നത് പരിശുദ്ധാത്മാവാണ് (1 പത്രോ. 1:23*cf* തീത്തു. 3:5).

### 9. സ്നാനം.

പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ച് വളരെ കൂടുതൽ തെറ്റിദ്ധാരണകൾ ക്രിസ്തീയ സമൂഹത്തിൽ കടന്നു കൂടിയിട്ടുണ്ട്. എന്നാൽ ബൈബിളിൽ ഇതിനെക്കുറിച്ച് നമുക്കുതരുന്ന തെളിവ് എന്താണെന്നു നോക്കാം.

"സ്നാനപ്പെടുത്തുക" എന്ന വാക്കിന് ഗ്രീക്കിൽ BAPTIDZO എന്നും ഇംഗ്ലീഷിൽ ബാപ്റ്റൈസ് (Baptize) എന്നുമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന് "മുക്കുക" (TO DIP) എന്നാണർത്ഥം.[101] ഗ്രീക്കരുടെ ഇടയിൽ തുണികൾ ചായത്തിൽ മുക്കുന്നതിനാണ് ഈ പദം സാധാരണയായി ഉപയോഗിച്ചിരുന്നത്. കൂടാതെ നിറഞ്ഞ പാത്രങ്ങളിലെ ജലത്തിൽ മറ്റൊരു പാത്രം മുക്കി ജലം സംഭരിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നു. ഒരാൾ വെള്ളത്തിൽ ഇറങ്ങി മുങ്ങുന്നതിനെയോ (കുളി) തന്റെ വാൾ രക്തത്തിൽ മുക്കുന്നതിനെയോ ഉദ്ദേശിച്ചും ഈ വാക്കു (സ്നാനം –Baptism) ഉപയോഗിച്ചിട്ടുമുണ്ട്. മറ്റൊരാളുടെ ആവശ്യത്തിന്റെ പൂർത്തിക്കായി സ്വയം വിധേയപ്പെടുത്തിക്കൊടുക്കുന്നതിന് സാദൃശമായും പറഞ്ഞിരിക്കുന്നു. രണ്ടു വ്യക്തികളോ, പാർട്ടികളോ തമ്മിൽ വാക്കാലോ ശാരീരികമായോ വികാരപരമായോ, സാഹചര്യത്തെ അനുസരിച്ചോ ഉള്ള ബന്ധത്തെയും ഇതു വെളിവാക്കുന്നു. ഉദാഹരണമായി ക്രൂശുമരണത്തെ അനുസ്മരിപ്പിച്ചുകൊണ്ട് യേശു "എനിക്കൊരു സ്നാനം ഏല്പാനുണ്ട്" എന്നു പറഞ്ഞു (മർക്കൊ. 10:38), ഇതു പറയുമ്പോൾ യേശുവിന്റെ ജലസ്നാനം കഴിഞ്ഞിരുന്നു (മർക്കോ. 1:9). അത്

അവന്റെ ജീവിത പദ്ധതിയെ പിതാവായ ദൈവം അംഗീകരിച്ചു എന്നതിന്റെ തെളിവായിരുന്നു.

സ്നാപക യോഹന്നാന്റെ സന്ദേശത്തിൽ യേശു ***"പരിശുദ്ധാത്മാവിൽ സ്നാനം"*** കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞിരുന്നു (മത്താ. 3:11; മർക്കൊ. 1:8; ലൂക്കോ 3:16; യോഹ. 1:33; അപ്പോ. പ്ര. 1:5); ഇതു സംഭവിക്കുന്നതു യേശു പരിശുദ്ധാത്മാവിനെ പെന്തക്കോസ്തു ദിവസം ഭൂമിയിലേക്കു അയയ്ക്കുമ്പോഴാണ് (യോഹ. 14:16, 17; അപ്പോ. പ്ര. 2:1-4). ഇതിനെയാണ് "ആദിയിൽ" എന്നു പത്രോസ് സൂചിപ്പിച്ചിരിക്കുന്നത് (അപ്പോ. പ്ര. 11:16) ഇതിനു മുമ്പ് ഒരു വ്യക്തിയും അതായത് പെന്തക്കോസ്തു ദിവസത്തിൽ സഭയുടെ സ്നാനം നടത്തുന്നതിനു മുമ്പ് ഈ അനുഭവം പ്രാപിച്ചിരുന്നില്ല. യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോടു വിശ്വാസികളെ സംയോജിപ്പിക്കുന്ന ഒരു പ്രവർത്തിയായിട്ടല്ലാതെ പരിശുദ്ധാത്മ സ്നാനത്തെ മനസ്സിലാക്കുക പ്രയാസമാണ് (1കൊരി. 12:12,13, എഫേ. 5:22-30). ഇതു പറയുംമ്പോൾ ഒരു കാര്യം ഓർത്തിരിക്കണം വിശ്വാസികളുടെ പാപമോ, ജഡീകത്തമോ ഒരാളെ ഈ ശരീരത്തിൽനിന്നു വേർതിരിക്കുന്നില്ല; അങ്ങനെ ആയിരുന്നെങ്കിൽ കൊരിന്തു സഭയേ കാണുകയില്ലായിരുന്നു, അത്രയധികമായിരുന്നു അവരുടെ പാപങ്ങൾ (1 കൊരി. 1-11).

തിരുവെഴുത്തിൽ ഒരിടത്തും വിശ്വാസികൾ "പരിശുദ്ധാത്മ സ്നാനം പ്രാപിക്കേണം" എന്ന കല്പനയോ പ്രബോധനമോ ഇല്ല; എന്തുകൊണ്ടെന്നാൽ ഒരാൾ (വിശ്വാസി) യേശുക്രിസ്തുവിന്റെ മരണം, കബറടക്കം ഉയർത്തെഴുന്നേല്പ് എന്നിവകളെ വിശ്വാസിച്ചംഗീകരിക്കുന്ന സമയത്താണ് ഈ സ്നാനവും നടക്കുന്നത് (1 കൊരി. 15:1-4). ആകയാൽ ഇതൊക്കെ നനഞ്ഞ സ്നാനമല്ല മറിച്ച് 'ഉണങ്ങിയ' സ്നാനമാണ്.

ഈ ആത്മീക സത്യത്തെക്കുറിച്ച് (സ്നാനത്തെ)ക്കുറിച്ച് അപ്പോസ്തലനായ പൗലൂസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക:

> "***യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിതീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുതന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും"*** (റോമ. 6:3-5).

പരിശുദ്ധാത്മ സ്നാനത്തിലൂടെ വിശ്വാസിയിൽ ആത്മാവിന്റെ അധിവാസം തുടങ്ങുന്നു (യോഹ. 14:17; റോമ. 5:5). അതുകൊണ്ട് ഒരാൾ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതുമുതൽ അവനിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും നടക്കുന്നു.

### 10. ആത്മമുദ്ര.

ഒരു സാധനത്തിന്മേലുള്ള ഉടമസ്ഥാവകാശത്തെ കാണിക്കാനാണ് മുദ്രയിടുന്നത്. പലപ്പോഴും ഒരു മോതിരമാണ് അരക്കിൽ കുത്തി ഇതിനുപയോഗിക്കുന്നത്. യഹൂദന്മാർ യേശുവിന്റെ കല്ലറയിൽമേൽ മുദ്രപതിപ്പിച്ചിരുന്നു (മത്താ. 27:66) ഇത് ആരും വാതിൽക്കലെ കല്ലു നീക്കാതിരിക്കാനായിരുന്നു. ഇതുപോലെ ഒരു വ്യക്തി യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് അവന്റെമേൽ തന്റെ ആദൃശ്യമായ മുദ്ര ഇട്ട് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നു (എഫേ. 1:13).

ഇതു വിശ്വാസിയ്ക്ക് ദൈവീക അംഗീകാരത്തിന്റെ അച്ചാരമാണ്. ഇതു മുതൽ വിശ്വാസി യേശുക്രിസ്തുവുമായുള്ള സ്ഥിരബന്ധത്തിലേക്ക് പ്രവേശിക്കുകയും പരിശുദ്ധാത്മാവു ഈ ഐക്യതയ്ക്കായി ഒപ്പുവയ്ക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് ദൈവമായിരിക്കയാൽ ആണ് "ദൈവത്തിന്റെ മുദ്ര" ഇടുന്നത് (2 കൊരി. 1:22) ഇതു അദൃശ്യ അടയാളമാണ്.

അവൻ നമ്മെ മുദ്ര ഇട്ട് സ്വന്തമാക്കിയിരിക്കയാൽ പാപപ്രവർത്തികളിലൂടെ അവനെ ദുഃഖിപ്പിക്കാതിരിക്കാൻ നാം ശ്രമിക്കണം (എഫേ. 4:30).

നമ്മെ മുദ്ര ഇട്ടിരിക്കുന്നത് വീണ്ടെടുപ്പുനാളിനായിട്ടാണ് (എഫേ. 4:30; 1:14). ഇതു ഭാവിയിൽ പൂർത്തീകരിക്കപ്പെടുവാൻ പോകുന്ന (ഉയർത്തെഴുന്നേല്പിന്റെ ദിനം) വീണ്ടെടുപ്പിനെയാണ് സൂചിപ്പിക്കുന്നത് (റോമ. 8:23).

### 11. ആത്മാവിന്റെ അധിവാസം.

യേശുക്രിസ്തു നല്കിയ വാഗ്ദത്തപ്രകാരം ഈ സംഭവവും രക്ഷിക്കപ്പെടുന്ന സമയത്തു നടക്കുന്നതാണ്. ***"എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും. ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിനു അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു"*** (യോഹ. 14:16,17). പെന്തക്കോസ്തുനാളിനു മുമ്പ് പരിശുദ്ധാത്മാവ് വിശ്വാസികളിൻ "മേൽ" (Upon)വസിച്ചിരുന്നെങ്കിൽ പെന്തക്കോസ്തുനാളിനുശേഷം പരിശുദ്ധാത്മാവ് 'അവരിൽ' വസിച്ചു അഥവാ അവരുടെ അകത്തു അധിവസിച്ചു (Dwelling inside)പരിശുദ്ധാത്മാധിവാസം അതുകൊണ്ട് സഭയിൽ അതുല്യതയോടെ നില്ക്കുന്നു (റോമ. 8:9; 1 കൊരി. 3:16; 6:19; 2 തിമോ. 1:14).

പാപബോധം വരുത്തുക, സത്യത്തെ വെളിപ്പെടുത്തുക തുടങ്ങി പരിശുദ്ധാത്മാവിന്റെ വിവിധ ശുശ്രൂഷകൾക്കൊന്നും മാറ്റമില്ലാതെ തുടരുന്നു പക്ഷേ 'സ്ഥാന'ത്തിനു മാത്രം മാറ്റം വന്നു.

പരിശുദ്ധാത്മ സ്നാനത്തിന്റെ സമയത്തുതന്നെയാണ് വിശ്വാസിയിൽ അധിവസിക്കേണ്ടതിന് ആത്മാവ് അവനിലേക്കു പ്രവേശിക്കുന്നതും. അതായത് ഇതെല്ലാം ഒരാൾ രക്ഷിക്കപ്പെടുന്ന സമയത്തു നടക്കുന്ന സംഭവങ്ങളാണ്. ഇതു രണ്ടും ദൈവം വിശ്വാസികൾക്കു നല്കുന്ന വരപ്രസാദമാണ് (അപ്പോ. പ്ര. 11:16,17; റോമ. 5:5). ആകയാൽ മാറിപ്പോകുന്നവയല്ല (റോമ. 11:29). ഒരു വിശ്വാസിയുടെ ജീവിതത്തിൽ വരുന്ന ചില പാപംമൂലം കൊരിന്തുസഭക്കാരെപ്പോലെ പരിശുദ്ധാത്മാവ് അവരെ വിട്ടുപോകുന്നില്ല (1 കൊരി. 1:2; 3:16; 6:19). കൊരിന്തിലെ സഭാവിശ്വാസികൾ ബഹുവിധ പാപങ്ങൾ ചെയ്തവരെങ്കിലും പൗലൂസ് അവരെ രക്ഷിക്കപ്പെട്ടവരായിട്ടാണ് കണക്കാക്കിയത് (1 കൊരി. 5,6).

അപ്പോസ്തലപ്രവർത്തിയുടെ പുസ്തകത്തിൽ രണ്ടുസ്ഥാനത്തുമാത്രം രക്ഷിക്കപ്പെട്ടശേഷം പരിശുദ്ധാത്മാവിനെ നല്കിയതായി പറഞ്ഞിട്ടുണ്ട് (അപ്പോ. പ്ര. 10:44; 19:1-6). ഇവിടെയാണ് വിദ്യാർത്ഥി സൂഷ്മതയോടെ ആര്? എന്ത്? എപ്പോൾ? എന്നീ ചോദ്യങ്ങൾ ചോദിക്കേണ്ടത്. ഈ രണ്ടു സ്ഥലത്തും പറയപ്പെട്ടിരിക്കുന്ന ആളുകൾ മശിഹായുടെ വരവിനെ പ്രതീക്ഷിച്ചിരുന്നവർ ആയിരുന്നു, എന്നാൽ മശിഹാവന്നു എന്ന കാര്യം അറിഞ്ഞിരുന്നില്ല. മശിഹാ വന്നു എന്നും അവനെ വിശ്വസിക്കേണ്ടതാവശ്യമാണെന്നുമുള്ള സുവിശേഷം കേട്ടപ്പോൾ അവർ അംഗീകരിയ്ക്കുകയും തുടർന്ന് അവർക്കും പരിശുദ്ധാത്മാവിനെ ദൈവം നല്കുകയായിരുന്നു. ഒരു വിശേഷ സംഭവത്തെ എടുത്തുകാട്ടി ഉപദേശം സ്ഥാപിക്കുന്നതും ശരിയല്ല.

### 12. നിറവ് (ആത്മനിറവ്).

പരിശുദ്ധാത്മ നിറവിനെക്കുറിച്ചു മനസ്സിലാക്കുന്നതിനും നമുക്കു ദൈവ വചനത്തിലേക്കു തന്നെ തിരിയണം. ദൈവ വചനത്തിൽ പറഞ്ഞിരിക്കുന്നവയെ നമ്മുടെ ജീവിതത്തിലാക്കുവാനും നാം തീരുമാനിക്കണം.

#### a. പരിശുദ്ധാത്മ നിറവ് ആകുന്നു:

##### 1) പ്രത്യേക ശുശ്രൂഷയ്ക്കായി – കൗശലപണികൾ, നേതൃത്വം തുടങ്ങിയവയ്ക്കാകുന്നു.

യിസ്രായേൽക്കാരുടെ യുഗത്തിൽ പരിശുദ്ധാത്മ നിറവ് ചില പ്രത്യേക വ്യക്തികൾക്കും പ്രത്യേക കാര്യനിർവ്വഹണങ്ങൾക്കും വേണ്ടി ആയിരുന്നു. പരിശുദ്ധാത്മാവിനായി യാചിക്കേണ്ടിയിരുന്നു (ലൂക്കോ. 11:13). ബസലേൽ എന്ന വ്യക്തിക്കു പ്രത്യേക കൗശലപണിക്കായി ഇതു നല്കിയിരുന്നു. അവൻ സമാഗമനകൂടാരത്തിലെ പണിക്കാരിൽ ഒരുവൻ ആയിരുന്നു, ആകയാൽ അവന്റെ പ്രവർത്തികൾ ദൈവത്തിനു മഹത്വം നല്കുന്നതായിരുന്നു (പുറ. 31:3; 35:31).

***"യോശുവയും ജ്ഞാനാത്മ പൂർണ്ണനായിരുന്നു"*** (ആവ. 34:9). മോശെയ്ക്കുശേഷം യിസ്രായേൽ മക്കളെ നയിക്കേണ്ടതിനായിരുന്നു ഇത്.

##### 2) ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി, പ്രോത്സാഹനത്തിനായും,

### പ്രവചനത്തിനായും.

ലൂക്കോസിന്റെ സുവിശേഷത്തിൽ യോഹന്നാൻ സ്നാപകൻ (ലൂക്കോ. 1:15) അവന്റെ മാതാവായ എലിസബേത്ത് (ലൂക്കോ. 1:41) പിതാവായ സെഖര്യാവ് (ലൂക്കോ. 1:67) എന്നിവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരുന്നു എന്നു വായിക്കുന്നു. ഇതുവരെ കണ്ടതായ തെളിവുകൾ എല്ലാം വച്ചുനോക്കുമ്പോൾ ഒരു പ്രത്യേക ശുശ്രൂഷയ്ക്ക് അഥവാ ദൗത്യനിർവ്വഹണത്തിനായി ദൈവശക്തിയാൽ ചില വ്യക്തികളെ നിറയ്ക്കുക എന്നതായിരുന്നു പരിശുദ്ധാത്മ നിറവിന്റെ അർത്ഥമെന്നു മനസ്സിലാക്കാം.

### 3) ഒരു പ്രത്യേക കൂട്ടത്തിനോടു വിശേഷവാർത്താബന്ധം സ്ഥാപിക്കുവാൻ.

യേശുക്രിസ്തു തന്റെ ഉയർത്തെഴുന്നേല്പിനുശേഷം സ്വർഗ്ഗാരോഹണത്തിനു മുമ്പ് ശിഷ്യന്മാരെ വിളിച്ചിട്ട് “പരിശുദ്ധാത്മാവിനെ പ്രാപിപ്പീൻ” (യോഹ. 20:22) എന്നവരോടു പറഞ്ഞു. ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ ശ്രദ്ധിക്കുവാനുള്ള (അപ്പോ. പ്ര. 1:2) ഒരു പ്രബോധനമായിരുന്നു ഇത് എന്നു വ്യക്തമാണ്. എന്തെന്നാൽ അവർ യാഥാർത്ഥ്യബോധമില്ലാതെ കുഴയുന്ന സമയമായിരുന്നു അത് (അപ്പോ. പ്ര. 1:8). അതുപോലെതന്നെ യേശുവിനെ ക്രൂശിച്ചവരോട് അവരും ക്ഷമിക്കേണ്ടതിനുള്ള കൃപ നൽകുവാനും വേണ്ടി ആയിരുന്നു (യോഹ. 20:23).

പെന്തക്കോസ്തു ദിവസത്തിൽ അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ശക്തരായപ്പോൾ അതിനുമുമ്പ് പഠിച്ചിട്ടില്ലാത്ത മനുഷ്യഭാഷകളിൽ അവർ സംസാരിച്ചു (അപ്പോ. പ്ര. 2:1-11) വാ. 4:8,11 വിശേഷാൽ). പത്രോസ് കാര്യപ്രസക്തമായ ഒരു വലിയ പ്രസംഗം ചെയ്തു (അപ്പോ. പ്ര. 2:14-40). അതിൽ അവൻ സുവിശേഷത്തിൽ വിശ്വസിക്കുന്ന ഏവർക്കും ലഭിക്കാൻ പോകുന്ന പരിശുദ്ധാത്മദാനത്തിന്റെ ഉറപ്പു നല്കി (2:38-40). ഇവിടെയെല്ലാം ഇസ്രയേല്യ യുഗത്തിൽ ഓരോ പ്രത്യേക അവസരങ്ങളിൽ പ്രത്യേക ശുശ്രൂഷയ്ക്കായി പരിശുദ്ധാത്മ നിറവു നല്കപ്പെട്ടിരുന്നു എന്നാണ് വ്യക്തമാക്കുന്നത്.

### 4). ആത്മീക പ്രതിരോധത്തിനും ധൈര്യത്തിനുംവേണ്ടി.

അടുത്തസംഭവം പത്രൊസിന്റെ യഹൂദന്മാരോടുള്ള പ്രതിരോധത്തിനുവേണ്ടി ആയിരുന്നു (അപ്പൊ. പ്ര. 4:5-12). അവൻ അതു സ്നേഹിതന്മാരെ അറിയിയ്ക്കുകയും ചെയ്തു. ശിഷ്യന്മാർ എല്ലാവരും പരിശുദ്ധാത്മ നിറവിനാൽ വചന പ്രഘോഷണത്തിനാവശ്യമായ ധൈര്യം പ്രാപിച്ചിരുന്നു (അപ്പോ. പ്ര. 4:31) ഈ രണ്ടു പ്രത്യേക സംഭവങ്ങളിലും ആരും അന്യഭാഷകൾ സംസാരിച്ചിരുന്നില്ല എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിൽനിന്നു പരിശുദ്ധാത്മാവിനാൽ നിറയുംമ്പോഴൊക്കെ അന്യഭാഷയും പറഞ്ഞിരിക്കണം എന്ന വാദഗതി അസ്ഥാനത്താണെന്ന് വ്യക്തമാണ്.

ആരംഭകാല സംഭവങ്ങളെ അവലോകനം ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് വിശ്വാസിയിൽ എന്നേക്കുമായി ഒരിക്കൽ അധിവസിക്കുന്നു എന്നും എന്നാൽ ആവശ്യാനുസരണം പരിശുദ്ധാത്മനിറവ് നിരവധിപ്രാവശ്യം ഉണ്ടാകുന്നു എന്നും മനസ്സിലാക്കുന്നു. ഇതിനു തക്കതായ തെളിവാണ് വിശ്വാസികളോട് പരിശുദ്ധാത്മാവിന്റെ അധിവാസം പ്രാപിപ്പിൻ എന്നൊരു കല്പന നല്കാതെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരിപ്പീൻ എന്നു കല്പിച്ചത് (എഫേ. 5:18) പരിശുദ്ധാത്മാവിന്റെ അധിവാസം നമുക്കൊരു പ്രത്യേക പദവിനേടിതരുന്നു. അതു മറ്റൊന്നുമല്ല നാം ക്രിസ്തുവിലും പരിശുദ്ധാത്മാവു നമ്മിലും വസിക്കുന്നു എന്നതാണ്. ഈ അറിവും അനുഭവവുമാണ് ദൈവശക്തി വെളിപ്പെടുത്തുവാൻ നമ്മെ സഹായിക്കുന്നതും.

### 5). ശുശ്രൂഷക്കുള്ള ശക്തിയെ തരുന്നു.

പരിശുദ്ധാത്മനിറവ് സഭയിലെ വിശ്വാസികളെ ശക്തരും കർമ്മോത്സുകരും ആക്കുന്നു. വിധവകളുടെ സംരക്ഷണകാര്യം വന്നപ്പോൾ അപ്പോസ്തലന്മാർ ആ കാര്യം സഭയെ അറിയിക്കുകയും, ആത്മനിറവും ജ്ഞാനവുമുള്ള ആളുകളെ ആ ശിശ്രൂഷയ്ക്കായി സഭ തിരഞ്ഞെടുക്കുകയും ചെയ്തു (അപ്പോ. പ്ര. 6:2-5). എന്നു വായിക്കുന്നു.

സഭയിൽ അധിവസിച്ചുകൊണ്ട് പരിശുദ്ധാത്മാവു ശുശ്രൂഷയ്ക്കായി ഓരോരുത്തർക്കാവശ്യമായ നിറവും ശക്തിയും നല്കിക്കൊണ്ടിരിക്കുന്നു.

### 6) സാത്താന്യ വഞ്ചന തെളിയിക്കുന്നതിനും തടയുന്നതിനും.

റോമൻ ദേശാധിപതിയായ സെർഗ്യൂസ്സു പൗലൂസ്സിനോടു സുവിശേഷം പറയുമ്പോൾ അപ്പൊസ്തലനായ പൗലൂസ്സിനെ എലിമാസ് എന്ന വിദ്വാൻ എതിർത്തപ്പോൾ അപ്പോസ്തലൻ പരിശുദ്ധാത്മപൂർണ്ണനായി (ആത്മാവിൽ നിറഞ്ഞ്) അവനെ ശാസിക്കുന്നതായി നാം വായിക്കുന്നു (അപ്പോ. പ്ര. 13:6-10).

### 7) സുവിശേഷത്യാഗികളെ നേരിടുവാൻ.

പിസിദ്യൻ അന്ത്യോഖ്യയിലെ യഹൂദന്മാർ പൗലൂസ്സിനെയും ബർന്നബാസിനെയും സുവിശേഷം നിമിത്തം ത്യജിച്ചപ്പോൾ അവർ ആത്മനിറവിൽ ധൈര്യംപൂണ്ടു സംസാരിക്കുന്നതായി വായിക്കുന്നു (അപ്പോ. പ്ര. 13:42 -57). ഇവിടെ അപ്പോസ്തലന്മാരുടെ ശുശ്രൂഷയുടെ പുരോഗതിയെ സഹായിക്കാനായിരുന്നു നിറവ് (13:52).

### b. വളരുന്ന ക്രിസ്ത്യാനിയിലെ ആത്മനിറവ്.

വിശ്വാസികൾ പരിശുദ്ധാത്മാവിൽ നിറഞ്ഞവരായിരിക്കണമെന്ന ആജ്ഞ (എഫേ. 5:18) പ്രകാരം എല്ലാവരും എല്ലായിപ്പോഴും അങ്ങനെ ആയിരിക്കുന്നില്ലാ എന്നുകൂടി പറഞ്ഞുവേണം ഇത് അവസാനിപ്പിക്കുവാൻ.

ദൈവവുമായുള്ള കൂട്ടായ്മയെ തടസ്സപ്പെടുത്തുവാൻ പാപത്തിനു കഴിയുന്നതുപോലെതന്നെ പരിശുദ്ധാത്മ ശക്തിയിൽ ജീവിക്കാതിരിക്കുന്നതിനും പാപം തടയിടാറുണ്ട് (1 യോഹ. 1:6). പരിശുദ്ധാത്മാപൂർണ്ണരായി തുടരുന്ന ജീവിതങ്ങളെയാണ് ക്രിസ്തീയ നടപ്പ് അല്ലെങ്കിൽ "വെളിച്ചത്തിൽ നടക്കുന്നു" എന്നൊക്കെ പൗലൂസ് വിശേഷിപ്പിച്ചിരിക്കുന്നത് (യോഹ. 8:12; 12:35,36; എഫേ. 5:7-10; 1 യോഹ. 1:7). എന്നാൽ ഒരു വിശ്വാസി പാപം ചെയ്യുമ്പോൾ ദൈവവുമായുള്ള അയാളുടെ കൂട്ടായ്മ തടസ്സപ്പെടുന്നു; പക്ഷേ പാപങ്ങളെ ഏറ്റുപറയുകയും ദൈവീക വിശ്വസ്ഥതയിൽ വിശ്വസിക്കുകയും ചെയ്യുമ്പോൾ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയുംപോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:9).

പരിശുദ്ധാത്മാവിനാലുള്ള നിറവ് ഒരു പൂർത്തീകരിക്കപ്പെട്ട പ്രവർത്തിയും നൈമീഷികമായ സംഭവവുമാണ്. അതൊരിക്കലും ഭാഗികമായ പ്രവർത്തിയല്ല. ആരെങ്കിലും പരിശുദ്ധാത്മാവിനാൽ പകുതി നിറഞ്ഞതായോ, ഭാഗികമായി നിറഞ്ഞതായിട്ടോ ഒരിക്കലും കേട്ടിട്ടില്ല. അതുപോലെ തന്നെ പരിശുദ്ധാത്മനിറവ് ക്രിസ്തീയ ജീവിത വളർച്ചയുടെ പാകത നോക്കി ലഭിക്കുന്നതുമല്ല. അതുകൊണ്ട് പരിശുദ്ധാത്മ നിറവ്: (1) സകല വിശ്വാസികൾക്കും വേണ്ടിയുള്ളതാണ്, വളർച്ചയും പക്വതയും നോക്കിയല്ലതാനും. (2) അതു സംപൂർണ്ണമാണ്. പരിശുദ്ധാത്മാവിനോട് മറുതലിക്കാൻ കഴിയുമെങ്കിൽ (അപ്പോ. പ്ര. 7:51) വ്യക്തിപരമായി സമർപ്പിച്ച്- കീഴ്പ്പെടുത്തികൊടുത്ത്-ഓരോരുത്തർക്കും ആത്മാവിനാൽ നിറയുവാനും സാധിക്കും.

ഇതുവരെ നാം സ്വരൂപിച്ചതായ കാര്യങ്ങളുടെ വെളിച്ചത്തിൽ നമുക്കിങ്ങനെ അവസാനിപ്പിക്കാം. പരിശുദ്ധാത്മാവ് ഒരു പൂർത്തീകരിക്കപ്പെട്ട പ്രവർത്തിയും വിശ്വാസികൾക്കു ക്രിസ്തീയ ജീവിതം നയിക്കുന്നതിനാവശ്യമായ ശക്തിയെ പകർന്നുകൊടുക്കുകയും ചെയ്യുന്നു. എന്തായിരുന്നാലും, ഇതു ക്രിസ്തീയ ജീവിതത്തിന്റെ വസ്തുനിഷ്ഠമായ ഒന്നായിട്ടല്ല മറിച്ച് ക്രിസ്തീയ ജീവിതവളർച്ചയുടെ താക്കോൽ ഘടകമായി ആരംഭിക്കുകയും, പരിപോഷിപ്പിക്കുകയും ചെയ്യുന്നതാണ്.

പരിശുദ്ധാത്മാവിൽ നിറഞ്ഞുള്ള ജീവിതത്തിന്റ സവിശേഷമായ നാലു വളർച്ചാഘട്ടങ്ങൾ: ദൈവത്തെ സ്തുതിക്കാനുള്ള ശക്തി (പരസ്യപ്രകടനം), ദൈവത്തെ ആരാധിക്കുവാനുള്ള ശക്തി (ആന്തരിക പ്രകടനം) ദൈവത്തിനു നന്ദികരേറ്റുക, തമ്മിൽ തമ്മിൽ കീഴടങ്ങി ഇരിക്കുക. (എഫേ. 5:19-21) എന്നിവയാണ്.

### 13. പ്രാർത്ഥിക്കുന്നു.

ആത്മാവിനാൽ നിറയുക എന്ന ഭാഗത്ത് സ്ഥിരതയെകുറിച്ചും ആത്മാവിൽ പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും നാം കണ്ടു, ഇതു ദൈവവുമായുള്ള നമ്മുടെ ബന്ധത്തെയാണ് കാണിക്കുന്നത് (എഫെ 6:18, യൂദാ 1:20,21). നമ്മുടെ പ്രാർത്ഥന ജീവിതത്തിൽ അതി പ്രാധാന്യമർഹിക്കുന്നതു നാം ദൈവവുമായുള്ള കുട്ടായ്മയിൽ ആയിരിക്കേണമെന്നതാണ്. ആയതിനാൽ എല്ലായിപ്പോഴും പാപങ്ങളെ ഏറ്റുപറയുകയും നിരപ്പു പ്രാപിക്കുകയും

ചെയ്യണ്ടത് അത്യാവശ്യമാണ് (1 യോഹ 1:9).

ചില സമയങ്ങളിൽ എങ്ങനെ പ്രാർത്ഥിക്കേണമെന്നറിയാതെ നാം കുഴഞ്ഞേക്കാം. ഏതു വാക്കുകൾ ഉപയോഗിക്കണമെന്നോ അല്ല വാസ്തവത്തിൽ നാം എന്താണ് പറയാൻ ശ്രമിക്കുന്നതെന്നോ പോലും അറിയാതെ വിഷമിക്കും. ഇങ്ങനെ സംഭവിച്ചാൽ നാം ഭയപ്പെടരുത് എന്തന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതകളിൽ നിന്ന് തന്നെ നമ്മുക്കുവേണ്ടി പിതാവായ ദൈവത്തോടു മദ്ധ്യസ്ഥത കഴിക്കും (റോമ. 8:26,27).

### 14. നിശ്ചയം (ഉറപ്പ്).

പരിശുദ്ധാത്മാവിന്റെ മറ്റൊരു പ്രവർത്തി വിശ്വാസികൾക്ക് രക്ഷയുടെയും നിത്യമായ അനുഗ്രഹങ്ങളുടെയും ഉറപ്പു നല്കയാണ്. റോമ 8:16-17-ൽ ***"നാം ദൈവത്തിന്റെ മക്കൾ ആകുന്നു എന്ന് ആത്മാവ് തന്നെ നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു; നാം മക്കൾ എങ്കിലോ ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനോടു കൂടെ കൂട്ടവകാശികളും തന്നെ"*** എന്നു പറഞ്ഞിരിക്കുന്നു.

നമ്മുടെ നിത്യാവകശാത്തിന്റെ ഉറപ്പ് അഥവാ അച്ചാരം പരിശുദ്ധാത്മാവാണ് (എഫോ 1:13,14).

### 15. മദ്ധ്യസ്ഥത.

നമ്മുടെ ആഗ്രഹങ്ങൾ പിതാവിനെ അറിയ്ക്കാൻ പ്രയാസപ്പെടുമ്പോഴും പരിശുദ്ധാത്മാവിന്റെ മദ്ധ്യസ്ഥതയാൽ ദൈവം എല്ലാം അറിയുന്നു (റോമ. 8:26).

### 16. വരങ്ങൾ.

യേശുക്രിസ്തു പിതാവിന്റെ അടുത്തേക്കു സ്വർഗ്ഗരോഹണം ചെയ്തശേഷം അവൻ മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു (എഫേ. 4:11). ഈ ആത്മീകവരങ്ങളാണ് പരിശുദ്ധാത്മാവിനാൽ വിശ്വാസികളിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്നത് (1 കൊരി 12:11,18; എബ്രാ 2:4) ആത്മികവരം എന്നാൽ നമുക്കുള്ള കഴിവുകൾക്കപ്പുറം ദൈവീക കഴിവുകൾ ഒരുവനിൽ വ്യാപരിച്ചിട്ട് നമ്മുടെ പ്രവർത്തികളെ സഭയാകുന്ന ശരീരത്തിന്റെ വളർച്ചയ്ക്കുപയുക്തമാകുന്നു എന്നാണർത്ഥം (1 കൊരി 12).

എല്ലാവിശ്വാസികൾക്കും പ്രത്യേക വരം നല്കിയിട്ടുണ്ട്. അവയെ കൂട്ടുവിശ്വാസികളുടെ പ്രയോജനത്തിനായി ഉപയോഗിക്കണ്ടതാണ് (1 പത്രോ4:10). ആത്മീയവരങ്ങൾ പ്രകൃത്യാ ഉള്ള കഴിവുകളിൽ നിന്നു വ്യത്യസ്ഥമാണങ്കിലും പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ പ്രകൃത്യാ ഉള്ള കഴിവുകളേയും ആത്മിയ വരങ്ങളോടുകൂടെ ഉപയോഗിക്കാറുണ്ടു. ഉദാഹരണത്തിന് സംഗീതത്തിന്റെ കഴിവും മറ്റും പ്രധാനമായി പറഞ്ഞിരിക്കുന്നു (റോമ. 12:8).

ആത്മീയ സത്യങ്ങൾ പ്രവർത്തിപ്പിക്കേണ്ടതിന് സ്വതസിദ്ധമായ ചില കഴിവുകളുടെ ആവശ്യമുണ്ട്. ഉദാഹരണത്തിന് പഠിപ്പിക്കാനുള്ള വരം (റോമ. 12:7; 1 കൊരി 12:28; എഫേ. 4:11) എങ്ങനെ പഠിപ്പിക്കണമെന്ന് തിരുവെഴുത്തിലേക്കു നോക്കണം (2 തിമോ 2:15) അടുത്ത അദ്ധ്യായത്തിൽ ഇതിനെക്കുറിച്ച് വിശദമായി പഠിക്കാം.

### 17. അദ്ധ്യാപനം.

ദൈവീക കാര്യങ്ങളെ നമ്മെ പഠിപ്പിക്കുകയെന്നത് പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ഒരു പരിപാടിയാണ് (യോഹ. 14:26) ചില പ്രത്യേക ആവശ്യങ്ങൾക്കായി അവൻ നമ്മെ എളുപ്പത്തിൽ പഠിപ്പിക്കാറുണ്ട് (ലൂക്കോ 12:11,12) അഥവാ അതിന്റേതായ വഴികളിൽകൂടെ നയിക്കാറുണ്ട് (യോഹ. 16:13-15).

പരിശുദ്ധാത്മാവിന്റെ ഈ പഠിപ്പിക്കൽ പദ്ധതിയിൽ കൂടെയാണ് നാം അഭൗതീക (ആത്മീയ) കാര്യങ്ങൾ മനസ്സിലാക്കുന്നത് (1 കൊരി 2:10-16).

### 18. മാർഗ്ഗദർശനം.

പരിശുദ്ധാത്മാവാണ് നമ്മുടെ മാർഗ്ഗദർശി ക്രിസ്തീയ ജീവിതത്തെ നയിക്കുന്നവൻ എന്ന നിലയ്ക്കു ഒന്നാമതായി നമ്മുക്ക് മനസ്സിലാക്കി തരുന്നത് യേശുക്രിസ്തുവിനെക്കുറിച്ചാണ് (യോഹ. 16:13). ഇതു മൂലം നമ്മുക്ക് അവനെപ്പോലെ ആകുവാൻ കവിയും (1 കൊരി. 11:1, എഫേ.5:1). പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാൽ ദൈവഹിതം അവന്റെ വചനപ്രകാരം വെളിപ്പെടുമ്പോഴാണ് സാന്മാർഗ്ഗിക സ്ഥിതി മെച്ചപ്പെടുന്നത് (1 തിമോ. 1:8-11; റോമ. 8:12-14). ദൈവാത്മ നിയോഗത്താൽ (ദൈവശ്വാസീയം) എഴുതപ്പെട്ട ബൈബിൾ (2 തിമോ. 3:16,17;

2 പത്രോ. 1:21), നമുക്ക് വെളിപ്പെടുത്തിതരുന്നതു ദൈവഹിതത്തെയാണ്. ആകയാൽ വചനം നമ്മുടെ ജീവിതത്തെ നയിക്കുവാൻ പ്രാപ്തമാണ്.

ചിലപ്പോൾ നല്ലതായ രണ്ടു കാര്യങ്ങളിൽ ഏതാണ് തിരഞ്ഞെടുക്കേണ്ടതെന്നുള്ള ദൈവഹിതം പൂർണ്ണമായി വെളിപ്പെട്ടുകിട്ടാതെ വന്നേക്കാം. ആ സമയങ്ങളിൽ നമ്മെ തന്നെ ജീവനും വിശുദ്ധിയുമുള്ള യാഗമായി സമർപ്പിച്ച് ദൈവഹിതമെന്തന്നറിയാൻ കാത്തിരിക്കണം (റോമ 12:1,2).

പരിശുദ്ധാത്മ നടത്തിപ്പിന്റെ മറ്റു ചില ഉദാഹരണങ്ങൾ അപ്പോ. പ്ര 8:29; 10:19,20; 13:2-4; 16:6-7; 20:20-23 എന്നീ വേദഭാഗങ്ങളിൽ കാണാവുന്നതാണ്.

### 19. ഫലം.

നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് നമ്മിൽകൂടെ ഫലം പുറപ്പെടുവിക്കാൻ ആഗ്രഹിക്കുന്നു ഈ ഫലം സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശസ്ഥത, സൗമ്യത, ഇന്ദ്രിയജയം എന്നിവയാണ് (ഗലാ. 5:22,23) ഇതു സംഭവിക്കുന്നതിന് നമ്മുടെ നടപ്പ് പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടതും ജടത്തിന്റെയും പാപത്തിന്റെയും മേൽ ജയം പ്രാപിച്ചതും ആയിരിക്കണം (ഗലാ. 5:16-25, 17-21).

### 20. സന്തോഷവും ആനന്ദവും.

പരിശുദ്ധാത്മാവു നമ്മിൽ ഉത്പാദിപ്പിക്കുന്ന സന്തോഷത്തിന്റെ ബഹിർഗമനമാണ് ആനന്ദം. അത്മീകമായ പീഢനത്തിന്റെ മദ്ധ്യത്തിലും വിശ്വാസിക്കു സന്തോഷിക്കുവാൻ കഴിയും (1 തെസ്സ. 1:6) മറ്റു വിശ്വാസികൾക്ക് ദൈവം നല്കുന്ന അനുഗ്രഹങ്ങളെ സ്വന്തം അനുഗ്രഹത്തെക്കാൾ വിലമതിക്കുവാൻ ഇതുപയോഗിക്കുന്നു (ലൂക്കോ 10:21)

### 21. സ്നേഹധാര (സ്നേഹവർഷം).

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരിൽ അധിവസിക്കുവാനായി വരുന്ന പരിശുദ്ധാത്മാവ് ദൈവസ്നേഹവുമായി ട്ടാണ് വരുന്നത്. അതു വിശ്വാസികളിൽ വാട്ടമില്ലാത്ത നിരാശയ്ക്കിടമില്ലാത്ത പ്രത്യാശയെ ഉളവാക്കുന്നു (റോമ. 5:5).

### 22. നീതി, സമാധാനം, സന്തോഷം.

വിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവു വെളിപ്പെടുത്തുന്ന അതിപ്രധാനമായ ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങൾ ഭൗതികമായവയല്ല പീന്നെയോ ആത്മീകമായവയാണ് (റോമ. 14:17).

### 23. അധികാരപ്പെടുത്തൽ.

പരിശുദ്ധാത്മാവ് വിശ്വാസിയിലേക്ക് വരുമ്പോൾ അവനു സമൃദ്ധിയായ പ്രത്യാശയുണ്ടാകുന്നതിനാവശ്യമായ ശക്തിയെ കൂടി നല്കുന്നു (റോമ. 15:13). ഈ ആത്മശക്തിയുടെ പ്രതിഫലനമാണ് സ്വർഗ്ഗീയവും നിത്യവുമായ സുവിശേഷം പ്രസംഗിക്കുവാൻ വിശ്വാസിക്കു പ്രബോധനമേകുന്നത് (1പത്രോ 1:12)

### 24. വിശുദ്ധീകരണം.

നാം വിശുദ്ധീകരിക്കപ്പെട്ടവരാണ് അഥവാ വേർതിരിക്കപ്പെട്ടവരാണ്. ഈ വിശുദ്ധീകരണം ദൈവത്തിന് പ്രസാദമുള്ള സ്ത്രോത്രയാഗം അർപ്പിക്കുന്നതിനും മറ്റുള്ളവർക്ക് നന്മചെയ്യുന്നതിനുമായിട്ടാണ് (റോമ. 15:16 *cf.* എബ്ര. 13:15-16). ഇതിൽ സാൻമാർഗ്ഗീക ജീവിതവും പരിചയപ്പെടുത്തിയിരിക്കുന്നു. എന്തെന്നാൽ അസന്മാർഗ്ഗികത ആത്മിക വളർച്ചയെ തടസ്സപ്പെടുത്തുന്നതാകയാൽ ആണ് അതിൽ നിന്ന് നമ്മെ വിശുദ്ധീകരിച്ചത് (1 തെസ്സ 4:1-8) നമ്മുടെ കരുതലിനേക്കാൾ കൂടുതലായി പരിശുദ്ധാത്മാവു നമ്മെ വിശുദ്ധിയിൽ സൂക്ഷിക്കുന്നത് അവൻ വിശുദ്ധനായിരിക്കുന്നതുപോലെ നാമും വിശുദ്ധരായിരിക്കാനായിട്ടാണ് (1 പത്രോ 1:16).

### 25. കൂട്ടായ്മ.

വിശ്വാസികൾ തമ്മിലുള്ള കൂട്ടായ്മയെ കുട്ടിയിണക്കുന്നതു പരിശുദ്ധാത്മാവാണ്. പിതാവായ ദൈവത്തിന്റെ സ്നേഹ വും, യേശുക്രിസ്തുവിന്റെ കൃപയും അടിസ്ഥാനമാക്കിയാണ് പരിശുദ്ധാത്മാവ് ഈ പ്രവൃത്തി ചെയ്യുന്നത് (2 കൊരി 13:14).

## C. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിശദീകരണം:

- **"മറ്റൊരു കാര്യസ്ഥൻ"** യേശുക്രിസ്തുവിനെപോലെ നമ്മെ ആശ്വസിപ്പിക്കുകയും പ്രോത്സാഹി പ്പിക്കുകയും ചെയ്യുന്ന ആത്മാവിന്റെ ശുശ്രൂഷയെ കാണിക്കുന്നു (യോഹ 14:16)
- **"സർവ്വശക്തന്റെ ശ്വാസം"** ജീവൻ നൽകുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയെ ചൂണ്ടികാണിക്കുന്നു (ഇയ്യോ. 32:8, 33:4)
- **"ദാനം"** ദൈവത്തിന്റെ വലിയ ദാനമായി നമ്മുക്കവനെ ലഭിച്ചിരിക്കുന്നു അപ്പോ. പ്ര 21: 38, 8:19–20; 10:45
- **"സഹായി"** സത്യത്തിന്റെ മാർഗ്ഗം ഉപദേശിക്കയും അതിനായി ഉത്സാഹിപ്പിക്കുകയും ചെയ്യുന്നവൻ (യോഹ. 14:26).
- **"അച്ചാരം"** നമ്മുടെ രക്ഷയുടെ ഭദ്രതയ്ക്കായി നമ്മുക്ക് നല്കിയിരിക്കുന്ന അടയാളത്തെക്കുറിക്കുന്നു 2 കൊരി1:22, 5:5, എഫേ. 1:14)
- **"വാഗ്ദത്തം"** ദൈവീകപദ്ധതിയിൽ ആത്മാവിന്റെ പങ്ക് എന്തെന്ന് വെളിപ്പെടുത്തുന്നു അപ്പോ. പ്ര 2:33; എഫേ 1:13
- **"ദത്തവകാശത്തിന്റെ (പുത്രത്വത്തിന്റെ) ആത്മാവ്"** ദൈവഭവനത്തിലേക്കു അവൻ മൂലം നമുക്കു ലഭിക്കുന്ന പ്രവേശനത്തെ കാണിക്കുന്നു റോമ 8:15
- **"ന്യായവിധിയുടെയും ദഹനത്തിന്റെയും കാറ്റ് (ആത്മാവ്)"** ദൈവമെന്ന നിലയിൽ അവന്റെ നീതിയും ന്യായവും വെളിപ്പെടുത്തുന്നു യെശ. 4:3,4
- **"ക്രിസ്തുവിന്റെ ആത്മാവ്"** യേശുക്രിസ്തുവിന്റെ ജനത്തിൽ അവനുള്ള പങ്കിനെകാണിക്കുന്നു റോമ. 8:9, ഫിലി 1:19, 1 പത്രോ1:11
- **"ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്"** നമ്മോടുള്ള ആത്മാവിന്റെ മനസ്സലിവും ആവശ്യങ്ങളിൽ തരുന്ന സഹായത്തെയും സൂചിപ്പിക്കുന്നു യെശ 11:2
- **"വിശ്വാസത്തിന്റെ ആത്മാവ്"** നമുക്ക് വിശ്വസിക്കുവാൻ തക്കവണ്ണം അവൻ യോഗ്യത ഉള്ളവനാ കുന്നു 2 കൊരി4:13
- **"മഹത്വത്തന്റെ ആത്മാവ്"** പരിശുദ്ധാത്മാവിന്റെ പ്രതാപത്തെ കാണിക്കുന്നു 1 പത്രോ4:14
- **"ദൈവാത്മാവ്"** അവന്റെ ദിവ്യസ്വഭാവത്തെ വെളിപ്പെടുത്തുന്നു ഉല്പ. 1:2; പുറ 31:3, 35:31; സംഖ്യാ 24:2; 1 ശമു 10:10; 11:6; 19:20, 23; 2 ദിന 15:1; 24:20; ഇയ്യോ 33:4; സങ്കീ 106:33; യെഹ 11:24; മത്താ 3:16; 12:28; റോമ 8:9,14; 1 കൊരി 2:11,14, 7:40, 12:3; എബ്ര 4:30; ഫിലി 3:3; 1 യോഹ 4:2
- **"ദിവ്യാത്മാവ് (ദൈവാത്മാവ്)"** അവന്റെ ദൈവത്വത്തെ വെളിവാക്കുന്നു ഉല്പ 41:38
- **"കൃപയുടേയും യാചനയുടെയും ആത്മാവ്"** നമ്മുടെ പ്രാർത്ഥന കേൾക്കുവാൻ തക്കവണ്ണ മുള്ള കൃപയോടുകൂടിയ മനോഭാവത്തെയാണ് ഇത് സൂചിപ്പിക്കുന്നത് (സെഖ. 12:10).

- **“സ്വപുത്രന്റെ ആത്മാവ്”** ത്രിത്വത്തിലെ ആളത്വം വെളിപ്പെടുത്തുന്നു ഗലാ 4:6
- **“വിശുദ്ധിയുടെ ആത്മാവ്”** അവൻ ഏതോ വെറുമൊരു ആത്മാവല്ല മറിച്ച് പരിശുദ്ധനായ ആത്മാവാണന്ന് കാണിക്കുന്നു റോമ 1:4
- **“ന്യായവിധിയുടെ ആത്മാവ്”** കൃത്യമായി അവന്റെ ന്യായവിധിയെ ഓർമ്മപ്പെടുത്തുന്നു യെശ 4:4
- **“ന്യായത്തിന്റെ ആത്മാവ്”** ഉചിതമായി ന്യായവിധിയ നടത്തുന്നവൻ എന്നർത്ഥം യെശ 28:6
- **“പരിജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവ്”** ദൈവത്തെ ബഹുമാനിക്കുന്നതിനായി പരിശുദ്ധാത്മാവ് നമുക്കു തരുന്ന ജ്ഞാനത്തെ കാണിക്കുന്നു യെശ 11:2
- **“ജീവന്റെ ആത്മാവ്”** നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവുതരുന്ന ആത്മീക ജീവനെ ചൂണ്ടികാട്ടുന്നു റോമ 8:2
- **“നമ്മുടെ ദൈവത്തിന്റെ ആത്മാവ്”** ദൈവത്തെ വെളിപ്പെടുത്തുന്ന സഭാ ജീവിതത്തിൽ അവന്റെ പങ്ക് തെളിയിക്കുന്നു 1കൊരി 6:11
- **“ജീവനുള്ള ദൈവത്തിന്റെ ആത്മാവ്”** വിഗ്രഹങ്ങളിൽ നിന്ന് സത്യദൈവത്തെ വേർതിരിച്ചു കാണിക്കുന്നു 2കൊരി 3:3
- **“കർത്താവിന്റെ ആത്മാവ്”** യജമാനന് കീഴ്പ്പെട്ടു പ്രവർത്തിക്കുന്ന എല്ലാത്തെയും കാണിക്കുന്നു ലൂക്കോ 4:18; അപ്പോ. പ്ര 5:9; 8:39; 2കൊരി 3:17.
- **“യഹോവയായ കർത്താവിന്റെ ആത്മാവ്”** ഇതും യജമാനൻ ആകുന്ന ദൈവത്തിനു കീഴ്പ്പെട്ടു പ്രവർത്തിക്കുന്നതിനെയാണ് കാണിക്കുന്നത് യെശ 61:1
- **“സത്യത്തിന്റെ ആത്മാവ്”** അവനിൽ വ്യാജം ഒട്ടുമില്ലന്നുള്ളതിന്റെ തെളിവാണിത് യോഹ 14:17; 15:26; 16:13; 1 യോഹ. 4:6
- **“ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്”** ദൈവ വചനത്തെ ജീവിതത്തിൽ പ്രയോഗികമാക്കേണ്ടതിനു നമ്മെ സഹായിക്കാനുള്ള അവന്റെ കഴിവിനെ എടുത്തുകാട്ടുന്നു യെശ 11:2
- **“ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവ്”** യേശുക്രിസ്തുവിന്റെ കൂടുതൽ വെളിപ്പെടുത്തുവാൻ തക്കവണ്ണം ദൈവവചനത്തിന്റെ ശരിയായ ഉപയോഗത്തിനാവശ്യമായ തിരുത്തലുകൾ തന്ന് നടത്തുന്നു എഫേ. 1:17

- **“സർവ്വശക്തന്റെ നാദം”** ദൈവവചനത്താൽ നമ്മെ ബന്ധപ്പെടുത്തുന്ന വിധം കാണിക്കുന്നു യെഹ 1:24
- **“കർത്താവിന്റെ ശബ്ദം”** സർവ്വാധികാരിയായവനുമായുള്ള ബന്ധത്തെ കാണിക്കുന്നു യെശ 6:8.

## അദ്ധ്യായം 6

# ദൈവീക നിർമ്മാണത്തിന്റെ

# (ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ) ഉപദേശം

ഭാഗം 1

## സൃഷ്ടിപ്പ് (വിശ്വവിജ്ഞാനിയം അഥവാ പ്രപഞ്ചഘടനാ ശാസ്ത്രം)

ബൈബിളിലെ ഒന്നാമത്തെ വാക്യം നമ്മെ അറിയിക്കുന്നത് ***"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"*** എന്നാണ് (ഉല്പ 1:1). സൃഷ്ടിച്ചു എന്നതിനുപയോഗിച്ചിരിക്കന്ന എബ്രായ പദം **ബാറ** (BARA) ആകുന്നു.[102] ഇതിന്റെ അർത്ഥം "എന്തെങ്കിലും പുതിയതായി ആരംഭിക്കുക" "ഒന്നുമില്ലായ്കയിൽ നിന്നു എന്തെങ്കിലും നിർമ്മിക്കുക" [103] എന്നൊക്കെയാണ് ദൈവം ബാറ ഉപയോഗിച്ച് എല്ലാം ഉളവാക്കി.

ആകാശവും ഭൂമിയും ദൈവം സൃഷ്ടിച്ചു എന്നതിനു തെളിവായി നിരവധി വചനങ്ങളുണ്ട് (യെശ. 40:26-28; 42:5; 45:12,18) എക്കാലത്തുമുള്ള മനുഷ്യന്റെ പ്രധാനചോദ്യമാണ് മനുഷ്യവർഗ്ഗം എങ്ങനെയാണ് ഉണ്ടായത്? എന്ന്. ഇതിനുള്ള ഉത്തരമാണ് ഇവിടെ ലഭിക്കുന്നത്, "ദൈവം മനുഷ്യനെ സൃഷ്ടിച്ചു."

സൃഷ്ടിപ്പിനെക്കുറിച്ചു എബ്രായ ലേഖനകർത്താവിന്റെ വിശദീകരണം കേൾക്കുക: ***"ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു"*** (എബ്രാ. 11:3). ഇതിൽനിന്നു ദൈവം സംസാരിച്ചപ്പോൾ (വചനത്താൽ) ആകാശവും ഭൂമിയും ഉളവായി എന്നാണ് മനസ്സിലാക്കേണ്ടത്. സൃഷ്ടികർമ്മം ദൈവത്തിന്റെ അധികാരത്തെയും, ശക്തിയെയും ആണ് വെളിവാക്കുന്നത്, എന്നാൽ അതു പരിണാമ പ്രക്രിയയിൽകൂടെ ആയിരുന്നില്ല (സങ്കീ. 33:6; 148:4,5).

സകല ജീവജാലങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണെന്നു ബൈബിൾ പറയുന്നു (ഉല്പ. 1:21). ഇതിൽ മനുഷ്യജീവനും ഉൾപ്പെടുന്നു (ഉല്പ. 1:27; 5:2; 6:7; യെശ. 45:12) എല്ലാ സൃഷ്ടികർമ്മവും തികച്ചശേഷം ദൈവം വിശ്രമിച്ചു (ഉല്പ. 2:3,4). ഇനി ഭാവിയിൽ ദൈവം വീണ്ടും പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുമെന്നും ബൈബിൾ പറയുന്നു (യെശ. 65:17; 2 പത്രോ. 3:10-13; വെളി. 21:1).

## ഭാഗം 2

# ദൂതന്മാർ – മാലാഖമാർ (ദൂത തത്വശാസ്ത്രം)

### A. അവരുടെ വ്യക്തിത്വം:

ദൈവവചനം പഠിക്കുമ്പോൾ മനുഷ്യബുദ്ധിയേക്കാൾ മികച്ചതായ ബുദ്ധിവൈഭവമുള്ള ഒരു കൂട്ടത്തെ ദൈവം സൃഷ്ടിച്ചിരുന്നു എന്നും അവരെ **"ദൂതന്മാർ"** എന്നു വിളിച്ചിരുന്നു എന്നും മനസ്സിലാക്കുന്നു. ഉല്പത്തി മുതൽ വെളിപ്പാടുവരെ ബൈബിളിൽ ഇവരെക്കുറിച്ചു പറഞ്ഞിരിക്കുന്നതും, അവരുടെ പ്രവർത്തനങ്ങളും കാണാവുന്നതാണ്. **ദൂതൻ** (ANGEL) എന്നതിന് എബ്രായ ഭാഷയിൽ **മലക്കിഅക്ക്** (MALACHI'AK) എന്നും ഗ്രീക്കു ഭാഷയിൽ **'ആംഗലൊസ്സ്'** (AGGELOS) എന്നും ആണ്. സന്ദേശവാഹകൻ എന്നാണ് അർത്ഥം. ഇവർക്ക് ചിന്തിക്കാനും സംസാരിക്കുവാനും കഴിവുണ്ട്. ഇവർക്ക് ബുദ്ധിസാമർത്ഥ്യം (മത്താ. 8:29; 2 കൊരി. 11:3; 1 പത്രോ. 1:12) ഉള്ളതുകൊണ്ട് വികാരവും, സ്പർശനശക്തിയും (ലൂക്കോ. 2:13; യാക്കോ. 2:19; വെളി. 12:17) തിരഞ്ഞെടുക്കുവാനുള്ള കഴിവും (ലൂക്കോ. 8:28-31; 2 തിമോ. 2:26; യൂദാ. 6 വാ) ഉണ്ട്. ഇവർ വ്യക്തിത്വമുള്ളവരാണ്.

ദൂതന്മാർ **"ആത്മ"**ശരീര ജീവികളാണ് (എബ്രാ. 1:14). അതുകൊണ്ട് ദൈവമനുവധിച്ചാൽ മനുഷ്യരൂപം എടുക്കുവാനും അവർക്കു കഴിയും. (ലൂക്കോ. 2:9; 24:4) അവർ അലൗകീകന്മാരാകയാൽ മനുഷ്യരേക്കാൾ ഉയർന്നസ്ഥാനത്താണ് (എബ്രാ. 2:7) ഇതിന്റെ അർത്ഥം അവർ ബലത്തിലും, ബുദ്ധിയിലും മനുഷ്യരേക്കാൾ മുന്നിലാണ് (വെളി. 10:1-3) ഇങ്ങനെയെല്ലാം ആണെങ്കിലും അവർക്ക് എല്ലാം പ്രവർത്തിക്കുവാൻ കഴികയില്ല. (1 പത്രോ. 1:12) അഥവാ അവർ ദൈവത്തെപ്പോലെ സർവ്വശക്തനോ, സർവ്വവ്യാപിയോ അല്ല (മത്താ. 25:41).

മൂന്നു പ്രത്യേക പേരുകൾ ദൂതന്മാരുടേതായി പറഞ്ഞിരിക്കുന്നത് മിഖായേൽ (ദാനി. 10:13,21; 12:1; യൂദാ 1:9; വെളി. 12:7) ഗബ്രിയേൽ (ദാനി. 8:16; 9:21; ലൂക്കോ. 1:19,26); സാത്താൻ (വെളി. 12;9) എന്നിവകളാണ്.

### B. അവരുടെ സൃഷ്ടിതാവ്:

ദൂതന്മാർ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ് (സങ്കി. 148:2-5). ഒരു പ്രകാരത്തിൽ ദൈവം ഭൂമിയെ മനുഷ്യാധിവാസമാക്കുന്നതിനു മുമ്പായിട്ടാണ് ഇവരെ സൃഷ്ടിച്ചത് (ഇയ്യോ. 38:7). ദൂതന്മാർ മക്കളെ ജനിപ്പിക്കുകയോ, മരിക്കുകയോ ചെയ്യാത്തതിനാൽ അവരുടെ എണ്ണം എന്നും ഒന്നുതന്നെയാണ് (ലൂക്കോ 20:35-36) നമുക്കറിഞ്ഞുകൂടാ ആ എണ്ണത്തിന്റെ വലിപ്പം എത്രയെന്ന്, എന്തന്നാൽ ആവർ അസംഖ്യങ്ങളാണ് (എബ്ര. 12:22, വെളി 5:11).

ദൈവം സംപൂർണ്ണനാകുന്ന(മത്താ 5:48)തുപോലെ അവൻ പാപമില്ലാത്തവനാകുന്നു (2കൊരി 5:21). ദൈവം സംപൂർണ്ണനായിരിക്കുകയാൽ പൂർണ്ണാവസ്ഥയിൽ പാപമില്ലാത്തവയെ നിർമ്മിക്കുവാൻ അവനു സാധിക്കും. **യാതൊരു ദുഷ്ടതയും (ദുഷ്ടൻ) അവനോടുകൂടെ വസിക്കയില്ല എന്ന് സങ്കീർത്തനം 5:4 ൽ വായിക്കുന്നു.** ഇതു സാത്താനെകുറിച്ചാണ് കാരണം പാപമില്ലത്ത അവസ്ഥയിലാണ് അവൻ സൃഷ്ടിക്കപ്പെട്ടത്, പക്ഷേ പിന്നീട് മത്സരിയായി മാറുകയായിരുന്നു (യെഹ. 28:12-15; യെശ 14 :12-14). ചില ആളുകൾ പറയാറുണ്ട് മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കളാണ് ദൂതന്മാർ എന്ന്. ഇത് സംഭവ്യമല്ല, എന്തുകൊണ്ടന്നാൽ മനുഷ്യരെ സൃഷ്ടിക്കുന്നതിനു മുമ്പ് ദൂതന്മാരെ സൃഷ്ടിച്ചിരുന്നു മാത്രവുമല്ല അവർ ഒരു പ്രത്യ്രക സൃഷ്ടിവിഭാഗമാണ്.

## C. അവരുടെ സംഘടന:

ദൂതന്മാരെ കൂട്ടങ്ങളായി തിരിച്ചിരിക്കുന്നതായി വായിക്കുന്നതിനാൽ അവർക്ക് പ്രത്യേക സംഘടനകളും, ജോലിക്കു തക്ക റാങ്ക് (പദവി)കളും നല്കപ്പെട്ടിരിക്കുന്നു (സങ്കി. 89:5-7, വെളി 12:7).

മീഖായേലാണ് ദൂതന്മാരുടെ തലവൻ അഥവാ പ്രധാന ദൂതൻ (ARCHANGEL) (യൂദ 9). അവനെ പ്രധാന പ്രഭു ആയിട്ടും പറഞ്ഞിരിക്കുന്നു (ദാനി 10:13) അവൻ ദൈവത്തിന്റെ സേനയെ നയിച്ച് സാത്താനുമായി യുദ്ധം ചെയ്യുന്നു (വെളി 12:7) ആകയാൽ പ്രധാന ദൂതൻ അവൻ മാത്രമാകുന്നു. അവന്റെ ശബ്ദവും പ്രത്യേകതയുള്ളതാണ് (1 തെസ്സ 4:16).

ദൂതന്മാരെ "വാഴുന്നവർ" (വാഴ്ചകൾ) ആയും "അധികാരികളായും" (റോമ 8:38; എഫേ 1:21; 2:2; 3:10; 6:12; കൊലോ 1:16; 2:10, 15; 1 പത്രോ. 3:22) "ബലവും ശക്തിയും" ഏറിയവരായും (2 പത്രോ 2:11) "കർത്തൃത്വം" എന്നും (എഫേ. 1:21; കൊലോ. 1:16; 2 പത്രോ. 2:10; യൂദ. വാ. 8) വിളിച്ചിരിക്കുന്നു. ഇവയെല്ലാം അവരുടെ പദവികളെയും പ്രവർത്തനങ്ങളെയും വെളിപ്പെടുത്തുവാൻ വേണ്ടിയാണ്.

ഇവരെ കൂടാതെ രണ്ടു പ്രത്യേക ദൂത വിഭാഗങ്ങൾ കൂടെയുണ്ട് സെറാഫുകൾ, കെരുബുകൾ എന്നി പേരുകളിലാണ് അവ അറിയപ്പെടുന്നത്. സെറാഫുകളെകുറിച്ചു ഒരിടത്തുമാത്രം അവയ്ക്കു ആറു ചിറകുകളും മനുഷ്യതുല്ല്യമായ ശരീരവും ഉള്ളതായി പറഞ്ഞിരിക്കുന്നു (യെശ. 6:2,6) അഗ്നിശുദ്ധിവരുത്തുവാനായിട്ടാണ് അവ പ്രത്യേക്ഷപ്പെടുന്നത്. അവരുടെ പേരിന്റെ അർത്ഥംതന്നെ "ജ്വലിക്കുക" അഥവാ "കത്തുക" എന്നാണ്.

"കെരുബുകൾ" ആണ് മറ്റൊരു വിഭാഗം ഇവർ കുറച്ചുകൂടി ഉയർന്ന പദവികൾ വഹിക്കുന്നവരാണ് സാത്താൻ ഈ കൂട്ടത്തിൽപെട്ടവനായിരുന്നു (യെഹ. 28:14,16). ആദാമിന്റെയും ഹവ്വായുടെയും വിഴ്ചയ്ക്കുശേഷം അവർതോട്ടത്തിൽ നിന്നു നിഷ്കാസിതരായപ്പോൾ ഏദൻ തോട്ടത്തിലേക്കുള്ള പ്രധാന കവാടത്തിന്റെ കാവൽ ഇവരെ ആണ് ഏല്പിച്ചത് (ഉല്പ 3:24).

സമാഗമന കൂടാരത്തിലെ നിയമപെട്ടകത്തിന്റെ മൂടിയിൽ ഇവരെ പ്രതിനിധീകരിച്ച് രണ്ട് കെരുബുകളേയും വാർത്തുണ്ടാക്കിയിരുന്നു (പുറ. 25:18-22) പഞ്ഞിനൂൽകൊണ്ടുള്ള മൂടുശീലയിലും (26:1) തിരിശീലയിൽമേലും (26:31) കെരുബുകളെ ദർശിക്കാവുന്നതാണ്. കൃപാസനത്തിൻമേലുള്ള കെരുബുകൾക്കിടയിൽ നിന്നു യഹോവ തന്നോടു സംസാരിക്കുന്നതു മോശ കേട്ടു (സംഖ്യ 7:8-89).

ശലോമോന്റെ ദേവാലയത്തിലും കെരുബുകൾക്കു മുഖ്യസ്ഥാനം നല്കിയിരുന്നു. ഒലിവുമരം കൊണ്ട് അവയെ ഉണ്ടാക്കി പൊന്നു പൊതിഞ്ഞിരുന്നു. ഇവയ്ക്ക് പത്തുമുഴം (15 അടി = 5.5 മീറ്റർ) ഉയരം ഉണ്ടായിരുന്നു ഇവയുടെ ചിറകകളുടെ നീളവും പത്തുമുഴവും (15 അടി = 5.5 മീറ്റർ) ആയിരുന്നു (1 രാജ 6:23-28). ചിറകുകൾ നിയമപെട്ടകത്തിന്മേൽ വിരിച്ചുനില്ക്കാൻതക്ക വീതിയുള്ളവയായിരുന്നു (1 രാജ 8:6-7). ആലയ ഭിത്തികൾക്കകവും പുറവും കെരുബുകൾ കൊത്തിവയ്ക്കപ്പെട്ടവയായിരുന്നു (1 രാജ 6:29-35). ഇതിനു പുറമേ ദേവാലയത്തിലെ മറ്റു പല ഉപകരണങ്ങളിൽ മേലും കെരുബുകൾ കൊത്തിവച്ചിരുന്നു (1 രാജ 7:29,36).

പ്രവാചകനായ യെഹസ്ക്കിയേലിന് ദർശനമുണ്ടായപ്പോൾ കെരുബുകളിൻമേൽ ദൈവ സിംഹാസനത്തെ കണ്ടു (യെഹ 10:1-22) സംപൂർണ്ണമായ വിവരങ്ങൾ നമ്മുക്ക് ലഭ്യമല്ലെങ്കിലും ചരിത്രത്തിൽ അതിപ്രധാനമായ ഒരു പങ്കു കെരുബുകൾക്കുണ്ടന്ന് തീർച്ചയാണ്. ഭാവിയിൽ ഉണ്ടാകാൻ പോകുന്ന സഹസ്രാബ്ദ മന്ദിരത്തിലും കെരുബുകൾക്ക് പ്രത്യേക സ്ഥാനം ഉണ്ടായിരിക്കുന്നതാണ് (യെഹെ 41:18,20,25). ദൈവീക പദ്ധതിയിൽ കെരുബുകൾക്ക് ശ്രേഷ്ഠക

രമായ ഒരു സ്ഥാനമുണ്ടന്നു നാം കണ്ടു, കൂടുതൽ കാര്യങ്ങൾ പിന്നാലെ നമുക്ക് പഠിക്കാം.

## D. അവരുടെ ശുശ്രൂഷ:

മനുഷ്യ ചരിത്രത്തിലെ പ്രധാന സംഭവങ്ങളിലെല്ലാം ദൂതന്മാരുടെ സാന്നിദ്ധ്യം കാണുന്നുണ്ട്. ഭൂമിയെ മനുഷ്യാധിവാസയോഗ്യമായി ദൈവം സൃഷ്ടിച്ചപ്പോൾ ദൂതന്മാർ സ്തുതിപ്പുകളോടെ ആനന്ദിക്കുകയായിരുന്നു (ഇയ്യോ. 38:6,7). മോശെ ദൈവത്തിൽനിന്നു ന്യായപ്രമാണം വാങ്ങുമ്പോഴും ദൂതന്മാരുടെ മാദ്ധ്യസ്ഥം ഉണ്ടായിരുന്നു (ഗലാ. 3:19; എബ്രാ. 2:2). കൂടാതെ എപ്പോഴെക്കെ ദൈവീക സത്യങ്ങളുടെ വെളിപ്പാടുണ്ടായിട്ടുണ്ടോ ദൂതന്മാരുടെ പങ്കും അതിലെല്ലാം ഉണ്ടായിരുന്നതായി വായിക്കുന്നു (ദാനി. 7:15-27; 8:13-26; 9:20-27; വെളി.1:1; 22:6,8). കേവലം ഇസ്രായേലുമായുള്ള (ദാനി. 12:1) ബാന്ധത്തിൽ മാത്രമല്ല മറ്റു ദേശങ്ങളോടും ജനങ്ങളോടുമുള്ള ബന്ധത്തിലും അവർ പങ്കാളികളായിരുന്നു (ദാനി. 4:17; 10:21; 11:1: വെളി. 8:9,16).

യേശുക്രിസ്തുവിന്റെ ജനനം മുൻകൂട്ടി അറിയിച്ചതും (മത്താ. 1:20) അവന്റെ മാതാപിതാക്കൾക്കു മിസ്രയീമിലേക്കു ഓടിപ്പോകാൻ നിർദ്ദേശം നല്കിയതും (മത്താ. 2:13-15) വീണ്ടും അവിടെനിന്നു മടങ്ങിപ്പോരാൻ അറിയിച്ചതും (മത്താ. 2:19-21) ദൈവദൂതനായിരുന്നു. യേശുക്രിസ്തു സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോഴും (മത്താ. 4:11) ഗത്സമേനയിലെ അതിവ്യഥയിലും (ലൂക്കോ. 22:43) ഉയർത്തെഴുന്നേല്പിന്റെ സമയത്തും (മത്താ. 28:1,2) സ്വർഗ്ഗാരോഹണ സമയത്തും അവർ സന്നിഹിതരായിരുന്നു (അപ്പോ. പ്ര. 1:10-11).

സഭയുടെ ആരംഭ വർഷങ്ങളിൽ ദൂതന്മാരുടെ സേവനം സ്തുത്യർഹമായിരുന്നു. സുവിശേഷകന്മാരെ സുവിശേഷം കേൾപ്പാൻ ആഗ്രഹിക്കുന്നവരിലേക്കു നയിക്കുകയും (അപ്പോ. 8:26; 10:3) നിർദ്ദേശങ്ങളും ആലോചനകളും ആവശ്യമായിരിക്കുന്നവർക്കു ദർശനം നല്കിയും (അപ്പോ. പ്ര. 10:3,7) പ്രാർത്ഥനയുടെ മറുപടികൊണ്ടെത്തിക്കുന്നതിലൂടെയും (അപ്പോ. പ്ര. 12:5-10) അപകടത്തിൽ പെട്ടവരെ വിടുവിച്ചും (അപ്പോ. പ്ര. 12:11) ദൂതന്മാർ സജീവമായി പ്രവർത്തിച്ചുപോന്നു. യേശുക്രിസ്തുവിന്റെ മടങ്ങിവരവിലും, ന്യായാവിധിയിലും ദൂതന്മാർക്കു നിർവ്വഹിക്കാൻ പല കാര്യങ്ങളുമുണ്ട് (മത്താ. 25:31; 2 തെസ്സ. 1:7; വെളി. 7:1; 8:2).

ദൂതന്മാർ ദൈവത്തെ സ്തുതിക്കുന്നു (സങ്കീ. 148:1,2; യെശ. 6:3), ആരാധിക്കുന്നു (എബ്രാ. 1:6; വെളിയ 5:8-13 സങ്കീ. 103: 20; വെളി. 22:9), ദൈവത്തിന്റെ ആജ്ഞകൾ പാലിക്കുന്നു (ഉല്പ. 19:13; വെളി. 14:6-7; 19:17-18).

ദൈവീക നിർദ്ദേശപ്രകാരം ചില ന്യായവിധികൾ നടത്തുന്നു (അപ്പോ. പ്ര. 12:23; വെളി. 16:1), കൂടാതെ നീതികെട്ടവരെ നീതിമാന്മാരിൽനിന്നു വേർതിരിക്കുകയും ചെയ്യുന്നു (മത്താ. 13:39,40).

ദൂതന്മാർ ഇപ്പോഴും വിശ്വാസികളെ സഹായിക്കുന്നു (എബ്രാ. 1:14). ആകയാൽ ***"അതിഥിസല്ക്കാരം മറക്കരുത് അതിനാൽ ചിലർ അറിയാതെ ദൈവദൂതന്മാരെ സല്കരിച്ചിട്ടുണ്ടല്ലോ"*** (എബ്രാ. 13:2) എന്നു നമുക്ക് ആലോചനയും തന്നിരിക്കുന്നു. ക്രിസ്ത്യാനികൾ എന്താണു ചെയ്യുന്നതെന്നു അവർ വീക്ഷിച്ചുകൊണ്ടിരിക്കുന്നു (1 കൊരി. 4:9) അഥവാ നമ്മിൽനിന്നു പഠിച്ചുകൊണ്ടിരിക്കുന്നു (എഫേ. 3:8-10; 1 പത്രോ. 1:10-12). നമ്മുടെ പ്രത്യേക ആവശ്യസമയങ്ങളിൽ നമ്മെ പ്രോത്സാഹിപ്പിക്കേണ്ടതിന് അവരിപ്പോഴും തയ്യാറാണ് (അപ്പോ. പ്ര. 27:23,24), എന്തിനധികം നാം മരിക്കുമ്പോൾ നമ്മെ സ്വർഗ്ഗീയ വീട്ടിലേക്ക്കൂട്ടിക്കൊണ്ടുപോകുന്നതും ദൂതന്മാരാണ് (ലൂക്കോ. 16:22).

## E. സാത്താൻ:

### 1 ആരാണ് സാത്താൻ?

സാത്താൻ ബുദ്ധിസാമർത്ഥ്യവും (2 കൊരി. 11:3) വികാരവും (വെളി. 12:17, ലൂക്കോ. 22:31) തിരഞ്ഞെടുപ്പാൻ കഴിവും (യെശ. 14:12-14; 2 തിമൊ. 2:26) ഉള്ള ഒരു വ്യക്തിജീവിയാണ്. ചില ആളുകൾ വിചാരിക്കുന്നതു സാത്താൻ ഒരു സൃഷ്ടിജീവിയല്ല പിന്നെയോ തിന്മയുടെ വെറും സ്വാധീനം മാത്രമാണ്. എന്നാൽ മറ്റുള്ളവരെപ്പോലെ സാത്താനും തന്റെ പ്രവർത്തികളുടെ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നും അന്നു ശിക്ഷിക്കപ്പെട്ട് തീപൊയ്കയിലേക്ക് തള്ളപ്പെടുമെന്നും (മത്താ. 25:41) യേശുക്രിസ്തു വ്യക്തമായി പഠിപ്പിച്ചു. ഒരു സ്വാധീനത്തെ ശിക്ഷിക്കുക സാദ്ധ്യമല്ല. സാത്താൻ ഒരു യഥാർത്ഥ വ്യക്തിത്വമുള്ള ജീവിയല്ല എന്ന പഠിപ്പിക്കൽ യേശുക്രിസ്തുവിന്റെ സത്യോപദേശത്തിൽ സംശയം ജനിപ്പിക്കുക എന്ന ഉദ്ദേശത്തോടെയുള്ളതാണ്. ഇതും

സാത്താന്യതന്ത്രം മാത്രമാണ്. എന്തെന്നാൽ ഏദൻതോട്ടത്തിലെ സംഭവം മുതൽ ദൈവ വചനത്തിൽ സംശയം ജനിപ്പിക്കുക എന്നതാണ് സാത്താന്റെ പരിപാടി (ഉല്പ. 3:1-5).

## 2. എന്തു സംഭവിച്ചു?

അതിശ്രേഷ്ഠവിഭാഗമായ കെരൂബുകളിൽ പെട്ടവനായിരുന്നു സത്താൻ, എന്നാൽ അവൻ പാപം ചെയ്തതായി വായിക്കുന്നു (യെഹെ. 28:12-15). സാത്താന് എന്തുഭവിച്ചു എന്നു കാണിക്കാനാണ് "സോർ രാജാവ്" എന്ന പ്രയോഗം കൊടുത്തിരിക്കുന്നത്. സോറിലെ രാജാവിനും അതിമനോഹരമായ ഒരു തോട്ടം ഉണ്ടായിരുന്നു പക്ഷേ ഏദൻ തോട്ടത്തിൽ അല്ലായിരുന്നു എന്നു മാത്രം. വിലയേറിയ കല്ലുകളാൽ അവൻ പൊതിയപ്പെട്ടിരുന്നു (യെഹെ. 28:13). എന്നാൽ അവൻ തന്റെ വിശുദ്ധ മന്ദിരത്തെ അശുദ്ധമാക്കി (യെഹെ. 28:18). ഇതിന്റെ അർത്ഥം സാത്താൻ കെരൂബുകളുടെ (ദൂതന്മാരുടെ) മഹാപുരോഹിതൻ ആയിരുന്നു എന്നാണ്. തന്റെ മഹാപുരോഹിത പദവിയിലൂടെയും ബഹുവിധ വ്യാപാരത്തിലൂടെയും (സ്വാർത്ഥപരമായ ലക്ഷ്യം) മലാഖമാരിൽ മൂന്നിൽ ഒരുഭാഗത്തെ വഴിതെറ്റിച്ചു (വെളി. 12:4).

ദൈവത്തെ വെല്ലുവിളിക്കാൻ സാത്താൻ തീരുമാനിച്ചു, യെശയ്യാവ്. 14:12-14 വരെയുള്ള ഭാഗത്തു കൊടുത്തിരിക്കുന്ന പ്രസ്താവന ഇതിന്റെ പ്രത്യേക തെളിവാണ്. അവനിലെ അടിസ്ഥാന പാപം അഹങ്കാരം (നിഗളം) ആയിരുന്നു. 1 തിമോ. 3:6-ൽ ഇതു കൂടുതൽ തെളിവായി, സ്വേച്ഛയുടെ (എനിക്ക് എന്താണ് വേണ്ടത്, ദൈവത്തിനു എന്തു വേണമെന്നല്ല), അഞ്ചു പ്രസ്താവനകൾ യെശയ്യാവിൽ കൊടുത്തിരിക്കുന്നതിൽനിന്നു മനസ്സിലാക്കാം, പാപത്തിന്റെ സൃഷ്ടിതാവും ഉത്തരവാദിയും സാത്താൻ ആണ് (യെഹ. 28:15; മത്താ. 25:41), ഇതവന്റെ ഹൃദയത്തിന്റെ നിറവാണ് (യെശ. 14:13). സാത്താന്റെ സ്വാർത്ഥ ചിന്തയുടെ ഒന്നാമത്തെ പ്രസ്താവന: ***"ഞാൻ സ്വർഗ്ഗത്തിൽ കയറും"*** രണ്ടാമത്തെ പ്രസ്താവന: ***"എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും."*** സ്വർഗ്ഗത്തിലിരുന്നുകൊണ്ട് ദൂതന്മാരുടെ കൂട്ടത്തെ മുഴുവൻ ഭരിക്കുക എന്ന ആഗ്രഹത്തെ വെളിപ്പെടുത്തുന്നു, മൂന്നാമത്തേത്: ***"ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഇരുന്നരുളും."*** ഇതു ബാബിലോണ്യ ദേവന്മാരുടെ സ്ഥാനത്തെയാണ് കാണിക്കുന്നത്. എന്തെന്നാൽ ബാബിലോണ്യ ദേവന്മാർ ലോകത്തെ ഭരിക്കുന്നു എന്നാണ് ബാബിലോണ്യർ വിശ്വസിച്ചിരിക്കുന്നത്. നാലാമത്തേത്: ***"ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും"*** ദൈവ മഹത്വത്തെ (മേഘം ദൈവമഹിമയ്ക്കു സാദൃശ്യമായി പറഞ്ഞിട്ടുണ്ട്) കവർന്ന് എടുക്കുവാനുള്ള അവന്റെ ആഗ്രഹം പ്രകടമാക്കുന്നു. അഞ്ചാമത്തേത്: ***''ഞാൻ അത്യുന്നതനോടു സമനാകും"*** എന്നാണ്. ദൈവസ്ഥാനത്തിരുന്ന് ദൈവത്തിന്റെ അധികാരവും, ശക്തിയും പ്രയോഗിക്കേണ്ടതിനു ദൈവത്തിന്റെ സ്ഥാനം കരസ്ഥമാക്കാനുള്ള ആഗ്രഹത്തെ കാണിക്കുന്നു.

സാത്താന്റെ യഥാർത്ഥ പാപ സ്വഭാവങ്ങളുടെ പ്രവർത്തനങ്ങളിൽനിന്നും നമുക്ക് എളുപ്പത്തിൽ പഠിക്കുവാൻ സാധിക്കുന്ന ഒരു കാര്യം പൗലൂസ് അപ്പോസ്തോലൻ ഫിലിപ്പ്യർ. 2:3-ൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക: ***"ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നെണ്ണിക്കൊൾവിൻ."*** നമുക്ക് അഹങ്കാരവും, താഴ്മക്കുറവും ഉണ്ടെങ്കിൽ അവ ചിത്രീകരിക്കുന്നത് നമ്മളും സാത്താനെ അനുകരിക്കുന്നവരായി തീരുകയാണെന്നാണ്.

## 3. സാത്താന്റെ പേരുകളും പദവികളും:

സാത്താന്റെ പേരുകളും പദവികളും പഠിക്കുമ്പോഴാണ് അവന്റെ യഥാർത്ഥ സ്വഭാവം നമുക്കു വെളിവാകുന്നത്. "അരുണോദയ പുത്രനായ ശുക്രൻ" (യെശ. 14:12) "വെളിച്ച വാഹകൻ" എന്നാണർത്ഥം, "ലൂസിഫെർ" എന്ന ലത്തീൻ വാക്കിന്റെ പരിഭാഷയാണിത്. യഥാർത്ഥ "പ്രഭാതതാരം" യേശുക്രിസ്തുവാണ് (വെളി. 22:16). ആകയാൽ സാത്താൻ ഈ പദവി തന്റേതാക്കാൻ അവന്റെ വീഴ്ചമുതൽ ശ്രമിക്കുന്നതിനാൽ ഇവനെ ക്രിസ്തുവിന്റെ പ്രതിയോഗിയായി കാണണം.

"സാത്താൻ" എബ്രായ ഭാഷയിൽനിന്നാണ് ഈ പേര് അവനു ലഭിച്ചത്. "എതിരാളി" (പ്രതിയോഗി) എന്നാണ് ഇതിനർത്ഥം (സംഖ്യാ. 22:22, 32; 1 ശമു. 29:4; 2 ശമു. 19:22; 1 രാജ. 5:4; 11:14,23,25; 1 ദിന. 21:1; ഇയ്യോ. 1:6,7,8,9,12; 2:1,2,3,4,6,7; സങ്കീ. 109:6; സെഖ. 3:1,2; മത്താ. 4:10; 12:26; 16:23; മർക്കോ. 1:13; 3:23,36; 4:15; 8:33; ലൂക്കോ. 10:18; 11:18; 13:16; 22:3; 31; യോഹ. 13:27; അപ്പോ. പ്ര. 5:3; 26:18; റോമ. 16:20; 1 കൊരി. 5:5; 7:5; 2 കൊരി. 2:11; 11:14; 12:7; 1തെസ്സ. 2:18; 2 തെസ്സ. 2:9; 1 തിമോ. 1:20; 5:15; വെളി. 2:9,13,24; 3:9; 12:9; 20:2,7). സാത്താൻ വിശ്വാസികളെ ദൈവസന്നിധിയിൽ സദാ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നു (വെളി. 12:10). എന്നാൽ യേശുക്രിസ്തു അതി

നെതിരായി നമുക്കായി പക്ഷപാതം കഴിക്കുന്നു (1 യോഹ. 2:1,2), അതുപോലെ സാത്താൻ നമ്മെ പാപം ചെയ്യുവാനായി പ്രേരിപ്പിച്ചുകൊണ്ടുമിരിക്കുന്നു (ഉല്പ. 3:1-5; മത്താ. 4:3; 1 തെസ്സ. 3:5; അപ്പോ. പ്ര. 5:3; 1 കൊരി. 7:5).

**"പിശാച്"** ഡയോബോളോസ് (DIABOLOS) എന്ന ഗ്രീക്കുവാക്കിൽനിന്നാണ് ഈ പേരിന്റെ ഉത്ഭവം. "അപവാദി (പരദൂഷണം പറയുന്നവൻ)" എന്നാണിതിന്റ അർത്ഥം (മത്താ. 4:1,5,8,11; 13:39: 25:41; ലൂക്കോ. 4:2,3,6,13; 8:12; യോഹ. 6:70; 8:44; 13:2; അപ്പോ. പ്ര. 10:38; 13:10; എഫേ. 4:27; 6:11; 1 തിമോ. 3:6,7; 2 തിമോ. 2:26; എബ്രാ. 2:14; യാക്കോ. 4:7; 1 പത്രോ. 5:8; 1 യോഹ. 3:8,10; യൂദാ. 1:9; വെളി. 2:10; 12:9,12; 20:2,10).

**"പഴയ പാമ്പ്"** ഈ പേര് അവന്റെ കുതന്ത്രങ്ങളെയും, ചതിയേയും ചൂണ്ടിക്കാണിക്കുന്നു (ഉല്പ. 3;1,2,4,13; 14; 2 കൊരി. 11:3; വെളി. 12:9,14,15; 20:2).

**"തീ നിറമുള്ള മഹാസർപ്പം"** (Great red dragon) യുദ്ധത്തിൽ വെളിപ്പെടുന്ന അവന്റെ രൗദ്രഭാവ (ക്രൂരവും ബീഭത്സവുമായ)ത്തെ കാണിക്കുന്നു (വെളി. 12:3,4,7,9,13,16,17; 13:2,4,11; 16:13; 20:2).

**"ബേൽസെബൂൽ"** 'വിസർജ്ജന കൂമ്പാര (ചാണകക്കൂന)ത്തിന്റെ അധിപൻ' എന്നാണ് അർത്ഥം. അശുദ്ധാത്മാക്കളുടെ തലവനു യഹൂദന്മാർ അവജ്ഞയോടെ വിളിച്ച പേരാണിത് (മത്താ. 10:25; 12:24,27; മർക്കോ. 3:22; ലൂക്കോ. 11:15,18,19). 104

ഒരിക്കൽ അപ്പോസ്തലനായ പൗലൂസ് അവനെ **"ബെലിയാൽ"** എന്നു വിളിക്കയുണ്ടായി (2 കൊരി. 6:15) അവന്റെ ദുഷ്ടതയേയും, ഉപയോഗശൂന്യതയേയും ആണ് വെളിവാക്കിയത്.

**"ഈ ലോകത്തിന്റെ പ്രഭു"** (യോഹ. 12:31) **"ഈ ലോകത്തിന്റെ ദൈവം"** (2 കൊരി. 4:4) **"ആകാശത്തിലെ അധികാരത്തിന്റെ അധിപതി"** (എഫേ. 2:2) **"അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവ്"** (എഫേ. 2:2) എന്നീ പേരുകളും ഉണ്ട്. ഇവയെല്ലാം ദൈവത്തോടു നിരന്തരം എതിർക്കുന്ന സാത്താനന്റെ സ്വഭാവത്തെയാണു കാണിക്കുന്നത്.

## 4. സാത്താന്റെ വർത്തമാനകാല പ്രവർത്തികൾ:

ദൈവീക പദ്ധതിയോടെതിർത്തു അതിനെ പരാജയപ്പെടുത്തുകയും അങ്ങനെ അവന്റെ ആഗ്രഹ പൂർത്തീകൈവരിക്കുകയുമാണ് സാത്താന്റെ ലക്ഷ്യം (യെശ. 14:12-14). ദൈവീക പദ്ധതിക്കെതിരായി പ്രവർത്തിക്കേണ്ടതിനായി അവൻ തന്റെ ദൂതന്മാരായ അശുദ്ധാത്മാക്കളെയും (വ്യാജാത്മാക്കളെയും 1 തിമൊ. 4:1) "നീതിയുടെ വേഷം ധരിച്ചിരിക്കുന്ന മനുഷ്യവർഗ്ഗത്തെയും" (2 കൊരി. 11:13-15) ഉപയോഗിക്കുന്നു.

ദൈവത്തിന്റെ പദ്ധതികൾക്ക് വിപരീതമായി പ്രവർത്തിക്കുകയും അതിനെ തകിടം മറിക്കുകയും ചെയ്യുക എന്നതാണ് സാത്താന്റെ ആഗ്രഹം. "ലോകം" എന്ന പദം ഗ്രീക്കിലെ കോസ്മോസ് എന്ന പദത്തിൽനിന്നുമാണ് എടുത്തത്, "രീതി" എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. 105

സാത്താൻ തന്റെ ഉദ്ദേശം സാധിച്ചെടുക്കുന്നതിന് ഒന്നാമത് മനസ്സിനെ "അടിമയാക്കുന്നു" (2 കൊരി. 4:4), ഇതുകൊണ്ടാണ് അവിശ്വാസികൾ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അംഗീകരിക്കാത്തതു കേട്ടതായ സുവിശേഷത്തെ ഹൃദയത്തിൽനിന്ന് അവൻ എടുത്തു മാറ്റിക്കളയുന്നു (ലൂക്കോ. 8:12) മനസ്സിനെ കുരുടാക്കുന്നതിനായി സാത്താൻ സാധാരണ ഉപയോഗിക്കുന്ന തന്ത്രം, **"ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തിയെ ത്യജിക്കുക"** (2 തിമൊ. 3:5) എന്നതാണ്. പുറമേ ക്രിസ്ത്യാനിയും അകമേ സാത്താനും എന്ന അടവാണിത് (മത്താ. 23:25,26). വിശ്വാസം എന്ന ഈ കൃത്രിമപദ്ധതിയിൽ എല്ലാവിധ സ്വയത്യാഗത്തിന്റെ ഉദ്ദേശങ്ങളും (കൊലോ. 2:16-23). ബോധപൂർവ്വമായ പാപത്തിന്റെ അംഗീകാരത്തിനുവേണ്ടിയാണ് (റോമ. 1:32; വെളി. 2:24) ഒരുവൻ ദൈവരാജ്യത്തിൽ പ്രവേശിക്കാതിരിക്കുന്നുവേണ്ടി ലോകപ്രകാരമുള്ള ഏതു മാർഗ്ഗവും സാത്താൻ സ്വീകരിക്കും (കൊലോ. 1:13; 1 യോഹ. 2:15-17).

ഒരുവൻ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ അവൻ ലോകത്തെ ജയിക്കുന്നു. അഥവാ സാത്താന്റെ സ്ഥിരപ്പെടുത്തപ്പെട്ട പദ്ധതിയിന്മേൽ വിജയം കൈവരിക്കുകയാണ് (1 യോഹ. 5:4,5,) എന്നാൽ രക്ഷിക്കപ്പെട്ടവരെ സാത്താൻ വെറുതെ വിടുകയില്ല. അവൻ അവസരം പാർത്തിരുന്ന് "കള്ളനെ"പ്പോലെ വന്ന് "മോഷ്ടിക്കുകയും" "അറുത്തുമുറിക്കയും" ചെയ്യും. (യോഹ. 10:10) ദൈവത്തെ സ്നേഹിക്കുന്ന മനുഷ്യ

വർഗ്ഗത്തോടുള്ള വെറുപ്പാണ് ഇതിനെല്ലാം കാരണം (സങ്കീ. 69:1-4; മത്താ. 10:22).

ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ നശിപ്പിച്ച് സാക്ഷ്യം നഷ്ടപ്പെടുത്തുകവഴി മറ്റുള്ളവരെ ദൈവരാജ്യത്തിൽ പ്രവേശിപ്പിക്കാതിരിക്കുക എന്നതു അവന്റെ പ്രധാന പ്രവർത്തിയാണ്. വിശ്വാസിയെ പരീക്ഷയിൽ കടത്തി ഈ ലോക രീതിക്കനുപൂരായിതീരുവാൻ മോഹിപ്പിക്കുകയാണ് ഇതിനുള്ള മാർഗ്ഗം (1 തെസ്സ. 3:5; 1 യോഹ. 2:15-17).

വിശ്വാസികൾ അവരുടെ സ്വാർത്ഥതയെ മൂടിവച്ചു ജീവിക്കാനും (അപ്പോ. പ്ര. 5:1-3) അസന്മാർഗ്ഗീക പ്രവർത്തികളിൽ തുടരാനും (1 കൊരി. 7:5) വേണ്ട പരീക്ഷകളുമായിട്ടാണ് അവൻ സമീപിക്കുന്നത്. സാത്താൻ **"അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു."** (1 പത്രോ. 5:8). ഇതിന്റെ അർത്ഥം ആരെങ്കിലും അവന്റെ ഇരയായി പരീക്ഷയിൽ അകപ്പെടുകയും തദ്വാര അവരെ കുറ്റം വിധിക്കുകയുമാണ് (വെളി. 12:10) അവന്റെ ലക്ഷ്യം. ഒരു വിശ്വാസി യേശുക്രിസ്തുവിന്റെ ശിഷ്യൻ ആയിരിക്കാതിരിപ്പാൻ തക്ക സമ്മർദ്ദം അവന്റെമേൽ ഇടുന്ന രീതിയുമുണ്ട് (ലൂക്കോ. 22:31).

ആകയാൽ വിശ്വാസികൾ സൂഷ്മതയോടെ സാത്താന്റെ പ്രകൃതത്തിൽ നന്മയായി ഒന്നും പ്രതീക്ഷിക്കാനില്ലെന്നു (യോഹ. 8:44) ഓർത്തുകൊള്ളണം. അതിൽകൂടെയോ, ഏതിൽകൂടെയോ തന്റെ ലക്ഷ്യം സാധിച്ചെടുക്കുക എന്നതു മാത്രമാണ് അവന്റെ ഉദ്ദേശം.

## F. സാത്താന്റെ ദൂതന്മാർ

സാത്താന്റെ മത്സരത്തിൽ അവനോടു ചേർന്നുനിന്ന മൂന്നിൽ ഒരു ഭാഗം ദൂതന്മാർതന്നെയാണ് ഇപ്പോൾ അവന്റെ കീഴിലുള്ളവർ (വെളി. 12:4). ഈ ദൂതന്മാരെ "ദുരാത്മാക്കൾ", "ഭൂതങ്ങൾ", അഥവാ "അശുദ്ധാത്മാക്കൾ" (Demons or unclean spirits). ഡീമൺ (മത്താ. 12:24) എന്ന വാക്കിനു ഗ്രീക്കു ഭാഷയിൽ കൊടുത്തിരിക്കുന്ന പദം ജാതീയ ദേവനിൽ കുറഞ്ഞസ്ഥാനിയായ ഒന്നിനെയാണു കാണിക്കുന്നത്. അശുദ്ധാത്മാവ് എന്ന പ്രയോഗത്തിൽനിന്നു പാപത്തിലും, ദുഷ്ടതയിലും കഴിയുന്ന ആത്മാവ് എന്നാണർത്ഥം. ഇവർക്കെല്ലാം സാത്താന്റെ സാമ്രാജ്യത്തിൽ വിവിധ ജോലികളും, പദവികളും അധികാരങ്ങളും ഉണ്ട്. ഇവർ ശാരീരികമായി ശക്തന്മാരാകയാൽ പലതും ചെയ്യുവാൻ അവയ്ക്കു കഴിയുന്നു. (മർക്കോ. 5:3; അപ്പോ. പ്ര. 19:16).

സാത്താന്റെ ദൂതന്മാർക്ക് ബുദ്ധിശക്തിയുള്ളതിനാലാണ് (മർക്കോ. 1:24) അവർ യേശുവിനെ തിരിച്ചറിഞ്ഞതും, തങ്ങളുടെ അന്ത്യത്തെക്കുറിച്ചറിഞ്ഞതും (മത്താ. 8:29) അതുപോലെ അവരുടേതായ ദുരുപദേശം പ്രചരിപ്പിക്കുവാൻ പദ്ധതി തയാറാക്കുന്നതും (1 തിമോ. 4:1-3), മനുഷ്യരക്ഷയ്ക്കായി ദൈവം ഒരുക്കിയ പദ്ധതിയെ ആരും അംഗീകരിക്കാതിരിക്കുന്നതിനു തടസ്സം സൃഷ്ടിക്കുന്നതും (യാക്കോ. 2:19) ദൈവത്തിന്റെ പ്രവർത്തിയെ എതിർക്കുന്ന എന്തും സാത്താന്റെ ദൂതന്മാർ സ്വന്തമാക്കുന്നു. അവന്റെ വെളിപ്പെടുത്തപ്പെട്ട ഹിതത്തോ(തിരുവെഴുത്തു)ടു കൂട്ടുകയും കുറയ്ക്കുകയും, ദൈവമഹത്വത്തിനായുള്ള സകല നന്മകളുടെ ഉറവിടങ്ങളെയും തന്റേതാക്കാൻ ശ്രമിക്കയും ചെയ്യുന്നു.

എല്ലാവിധ വിഗ്രഹാരാധനയിലും, ഗൂഢതന്ത്ര പ്രയോഗങ്ങളിലും ഭൂതങ്ങളുടെ പങ്ക് പ്രത്യക്ഷമാണ് (അപ്പോ. പ്ര. 16:16). ഒരാൾ തനിക്കും ജീവനുള്ള ദൈവത്തിനും മദ്ധ്യേ കൊണ്ടുവരുന്ന ആരും ഏതും വിഗ്രഹാരാധനയാണ്. ഒരു വിഗ്രഹം കല്ലുകൊണ്ടോ, തടികൊണ്ടോ ഉണ്ടാക്കിയതോ, അതുമല്ലെങ്കിൽ അന്തിക്രിസ്തുവിന്റെ കാലത്തെന്നപോലെ ഏതെങ്കിലും വ്യക്തിയോ ആയിരിക്കാം (വെളി. 13:15). മനുഷ്യവർഗ്ഗം അതിന്റെ ബുദ്ധിശക്തിയെ ആരാധിച്ചെന്നും വരാം (യോഹ. 5:39,40). ജീവനുള്ള ദൈവത്തെ ഒഴിച്ചു വേറെ എന്തിനെയും ആരാധിക്കുന്നത് ഭൂതങ്ങൾക്ക് ഇഷ്ടമാണ്.

വ്യാജമതങ്ങൾ ഭൂതങ്ങളുടെ സൃഷ്ടിയാണ്. രക്ഷിക്കാൻ കഴിയാത്തതും ഉപയോഗമല്ലാത്തതുമായ ഒരു രക്ഷകനെ അവതരിപ്പിച്ചുകൊണ്ട് കെട്ടിപടുക്കുന്ന ഒരു മതവിശ്വാസമാണിത് (1 യോഹ. 4:1-4). കർമ്മ മാർഗ്ഗത്തിൽകൂടെയുള്ള രക്ഷയെ വാഗ്ദത്തം ചെയ്യുന്നു (1 തിമൊ. 4:3,4 cf എഫേ. 2:8,9). മറ്റൊരു പ്രകാരത്തിൽ തിന്മയെ നന്മയെന്നു വിശേഷിപ്പിച്ചുകൊണ്ട് തെറ്റുകൾ ചെയ്യുവാൻ സ്വാതന്ത്ര്യം അനുവദിക്കുന്നു (വെളി. 2:20-24; *cf* 5:13; റോമ. 6:1).

ശാരീരിക രോഗങ്ങൾ ഉളവാക്കുവാൻ ഭൂതങ്ങൾക്കു കഴിയും (മത്താ. 9:33). അതുപോലെ മാനസ്സിക വിഷമത

കളും ഇവകൾ മൂലമാണെങ്കിലും (മർക്കോ. 5:4,5) എല്ലാ ശാരീരിക രോഗങ്ങളും അങ്ങനെ ആയിരിക്കയില്ല, എന്തെന്നാൽ പ്രകൃത്യാ ഉണ്ടാകുന്ന രോഗങ്ങളും സാത്താന്യമായവയും തമ്മിലുള്ള വ്യത്യാസം ബൈബിളിൽ ഉണ്ട് (മത്താ. 4:24; മർക്കോ. 1:32,34; ലൂക്കോ. 7:21; 9:1).

മനുഷ്യരിലും മൃഗങ്ങളിലും പ്രവേശിച്ചു അവരെ കീഴടക്കുവാനും ഭൂതങ്ങൾക്കു കഴിവുണ്ട്. (ലൂക്കോ. 8:28-31; 8:32,33) ഒരു ശരീരത്തിൽ പ്രവേശിച്ചു അതിന്റെ നിയന്ത്രണം (ഉടമസ്ഥാവകാശം) ഏറ്റെടുക്കുകയാണ് ഇതിനാൽ സംഭവിക്കുന്നത്. എന്തായാലും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ‘‘***അവനിൽ ഉള്ളവൻ (പരിശുദ്ധാത്മാവ്) ലോകത്തിൽ ഉള്ളവനേക്കാൾ (സാത്താൻ) വലിയവനാകുന്നു"*** (1 യോഹ. 4:4). ആയതിനാൽ ഒരു വിശ്വാസി ഭൂതബാധിതനാകുക അസംഭവ്യമാണ്. പൈശാചിക സ്വാധീനവലയത്തിന്റെ സമ്മർദ്ദം ഭൂതാധിവേശംപോലെ തോന്നിയേക്കാം. ഭൂതങ്ങൾ കുടികൊള്ളുന്ന വ്യക്തിയുടെ പ്രവർത്തികൾ വന്യമായിരിക്കും (ലൂക്കോ. 8:28-31) "സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നു" (2 കൊരി. 11:13-15) എന്ന കാര്യം വിസ്മരിച്ചു കളയരുത്. ആകയാൽ ആത്മാക്കളെ ശോധന ചെയ്യുകയും യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ വ്യാജത്തിന്റെ കലർപ്പു കടത്തിയിട്ടുണ്ടോ എന്നു സൂക്ഷിക്കയും വേണം (1 യോഹ. 4:1-4).

വിശ്വാസികളെ "വിഴുങ്ങി" കളയേണ്ടതിനു സാത്താൻ ഉപയോഗിക്കുന്ന തന്ത്രങ്ങൾ അത്യാവശ്യമായും അറിഞ്ഞിരിക്കേണ്ടതാണ്. (2 കൊരി. 2:11) കീർത്തി, (അംഗീകാരം) ഭാഗ്യം (പണം - എല്ലാവിധ ധനക്ഷേമങ്ങൾ) അധികാരം, സുഖം, എന്നിവയെല്ലാം സാത്താൻ നമുക്കു വാഗ്ദത്തം ചെയ്യും. വിശ്വാസിക്ക് ദൈവം നല്കിക്കഴിഞ്ഞിരിക്കുന്നവയെപോലും അവൻ നല്കിയതായി സ്ഥാപിക്കുന്നതു അവന്റെ പ്രത്യേക തന്ത്രം ആണ്; എന്തെന്നാൽ ദൈവം വിശ്വാസിക്കു അവൻ ഒരു ദൈവ പൈതൽ എന്ന അവസ്ഥയ്ക്ക് 'കീർത്തി' നല്കിയിട്ടുണ്ട് (1 യോഹ.3:1). അതുപോലെ അവൻ തന്നിരിക്കുന്ന നിത്യജീവനാണ് "ഭാഗ്യം", എന്തുകൊണ്ടെന്നാൽ അതുമൂലം നാം സ്വർഗ്ഗീയ പൗരത്വം സമ്പാദിച്ചിരിക്കുകയാണ് (എഫേ. 2:19,20) ദൈവത്തോടുള്ള നമ്മുടെ ഐക്യത നമുക്കു "അധികാരം" നേടിതന്നിരിക്കുന്നു (റോമ. 8:1,2) ***"സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം"*** (ഫിലി. 4:7) നമുക്കു സന്തോഷവും, ആനന്ദവും നല്കിതരുന്നു.

സാത്താന്യശാസ്ത്രം പഠിക്കുമ്പോൾ നാം വളരെ കരുതലുള്ളവരായിരിക്കണം. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ പ്രവർത്തനങ്ങളെ പഠിക്കുന്നതിനേക്കാൾ കൂടുതൽ താല്പര്യം സാത്താന്യ പദ്ധതിയെ ഗ്രഹിക്കുന്നതിനു കാണിച്ചാൽ അതിൽകൂടെ സാത്താൻ മനുഷ്യ ജീവിതങ്ങളെ കീഴ്പ്പെടുത്തുന്നതായിരിക്കും. ആയിരമായിരം വർഷങ്ങളായി സാത്താൻ തന്റെ പദ്ധതിയെ നടപ്പാക്കാൻ പരിശ്രമിക്കുന്നതിനാൽ നിരവധി കൃത്രിമ മാർഗ്ഗങ്ങൾ അവനറിയാം. ക്രിത്രിമങ്ങളെ തിരിച്ചറിയണമെങ്കിൽ യാഥാർത്ഥ്യമെന്തെന്നു നാം അറിഞ്ഞിരിക്കണം. അങ്ങനെയെങ്കിൽ പെട്ടെന്നു നമുക്കു അതൊഴിവാക്കാൻ കഴിയും.

നമ്മുടെ ജീവിതത്തിൽ സാത്താന്റെയും അവന്റെ ദൂതന്മാരായ ഭൂതസഞ്ചയങ്ങളുടെയും പ്രവർത്തനരീതി മനസ്സിലാക്കാൻ പരാജയപ്പെട്ടാൽ നാം ദൈവത്തിന്റെയും പിശാചിന്റെയും സംഘട്ടനമദ്ധ്യത്തിൽ അപകടമരണം സംഭവിച്ചവനെ പോലായിരിക്കും. അപ്പോസ്തലനായ പൗലൂസ് വളരെ വ്യക്തമായി നമുക്കു മുന്നറിവു തന്നിരിക്കുന്നതു നോക്കുക:

ഭാഗം 3

# മനുഷ്യൻ (മനുഷ്യ തത്വശാസ്ത്രം)

## A. മനുഷ്യന്റെ സൃഷ്ടി:

മനുഷ്യനെ സൃഷ്ടിക്കുക എന്നത് പിതാവായ ദൈവവും, പുത്രനായ ദൈവവും, പരിശുദ്ധാത്മാവായ ദൈവവും (ത്രിയേക ദൈവം) സമ്മേളിച്ചു തീരുമാനിച്ച ഒരു കാര്യമായിരുന്നു. ***'അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക"*** (ഉല്പ. 1:26). ത്രിത്വത്തിലെ മൂന്നു ആളത്വങ്ങളും മനുഷ്യന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളായിരുന്നു.

മനുഷ്യനെ ദൈവത്തിന്റെ "സ്വരൂപത്തിലുലും, "സാദൃശ്യത്തിലും" സൃഷ്ടിക്കണമെന്നതായിരുന്നു പദ്ധതി. സ്വരൂപം എന്നതിനു രണ്ടു വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. എബ്രായഭാഷയിൽ "ടെസ്സ്ലാം (Tselem) എന്നും ഗ്രീക്കു ഭാഷയിൽ "എയിക്കോൺ" (Eikon) എന്നും ആണ് ആ വാക്കുകൾ. അടിസ്ഥാനപരമായി ഇതു മനുഷ്യന്റെ ഭൗതീക ശരീരത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. "സാദൃശ്യം" എന്നതിനു എബ്രായ ഭാഷയിൽ "ഡേമുത്ത്" (Demuth) എന്നും, ഗ്രീക്കുഭാഷയിൽ "ഹൊമോയിഓസിസ്" (Homoiosis) എന്നുമാണ്. മനുഷ്യന്റെ അഭൗതീക (അമൂർത്തസ്ഥാനം) ഭാഗമെന്നാണർത്ഥം. ഈ വിശദീകരണം ഭൗതീകവും, അഭൗതീകവും - സാധാരണമെങ്കിലും തീർത്തും നിയന്ത്രണത്തോടെയല്ല. ദൈവം മനുഷ്യനെ പൂർണ്ണനായി-ഭൗതീകവും അഭൗതീകവും - കൂടിയതായി സൃഷ്ടിക്കാനായിരുന്നു പദ്ധതി ഇട്ടത്. മനുഷ്യൻ ജീവനുള്ളവനും ബുദ്ധിസാമർത്ഥ്യമുള്ളവനും, സന്മാർഗ്ഗിയും, തീരുമാനമെടുക്കാൻ കഴിവുള്ളവനും ആയിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. ഏതാണ്ട് ദൈവത്തെപ്പോലെതന്നെ, പക്ഷേ ദൈവമല്ല, ആയതിനാലാണ് അവന് ദൈവവുമായുള്ള കൂട്ടായ്മ അത്യാവശ്യമായി വന്നത്.

ദൈവം ഒന്നാമത്തെ മനുഷ്യനായ ആദാമിനെ സൃഷ്ടിച്ചു. ***"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി; മനുഷ്യൻ ജീവനുള്ള ദേഹി ആയി തീർന്നു"*** (ഉല്പ. 2:7). "ദേഹി" എന്ന പദം എബ്രായ ഭാഷയിലെ "നെഫേഷ്" (Nephesh) എന്ന വാക്കിന്റെ പരിഭാഷ ആണ്, "പ്രാണൻ" എന്നാണർത്ഥം. ദൈവം മനുഷ്യന്റെ ഭൗതീക ഭാഗം ഭൗതികവസ്തുവിനെ കൊണ്ടാണ് നിർമ്മിച്ചത്. "നിലത്തിലെ പൊടികൊണ്ട്." എന്നാൽ അമൂർത്ത ഭാഗം - പ്രാണൻ- ഒന്നുമില്ലായ്മയിൽനിന്നുളവക്കിയതാണ്. (ഉല്പ. 1:27) ഒടുവിൽ ഈ രണ്ടു ഭാഗങ്ങളും മനുഷ്യനിൽ സമ്മേളിപ്പിക്കുകയും ചെയ്തു.

ഓർക്കണം, ആദാം മറ്റു മനുഷ്യരെപ്പോലെ ജനിച്ചു വളർന്നവനല്ല, അവന്റെ ജനനം അസ്സാധാരണമായ ഒന്നായിരുന്നു. എന്തെന്നാൽ പൂർണ്ണ വളർച്ചയുള്ള ഒരു മനുഷ്യനായി, ബുദ്ധിയും കഴിവുകളുമുള്ള ഒരുവനായി ദൈവം അവനെ സൃഷ്ടിച്ച് ഏദൻതോട്ടത്തിൽ ആക്കുക ആയിരുന്നു. മറ്റു സകല ജീവജാലങ്ങൾക്കും പേരിടുവാൻ ദൈവം ഏല്പിച്ചതും ആദാമിനെ ആയിരുന്നു (ഉല്പ. 2:8,19).

തുടർന്ന് ദൈവം പ്രസ്താവിച്ചു, ***"മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല"*** (ഉല്പ. 2:18). ആകയാൽ അവന് ഒരു തുണയെ ദൈവം കൊടുത്തു. ആദാം അവളെ "നാരി" എന്നാണു സംബോധന ചെയ്തത് (ഉല്പ. 2:18–23); എന്തെന്നാൽ ദൈവം അവളെ നരനിൽനിന്നാണ് ഉളവാക്കിയത്. സ്വർഗ്ഗീയ ഓപ്പറേഷനിൽകൂടെ ആദാമിന്റെ വാലിയെല്ല് എടുക്കുകയും അതിനെ ഒരു സ്ത്രീ ആക്കിയിട്ട് ദൈവം "ഹവ്വാ" എന്ന പേർ വിളിക്കയും

ചെയ്തു. ***"ഭൂമിയിലുള്ള സകല മനുഷ്യരുടെയും മാതാവായി അവൾ തീർന്നു"*** (ഉല്പ. 3:20); ഇപ്രകാരം പറയുന്നു, ദൈവം ആദാമിന്റെ വാരിയെല്ലിൽനിന്ന് സ്ത്രീയെ "സൃഷ്ടിച്ചു" (ആദാമിന്റെ വാരിയെല്ലിൽനിന്ന്) ജീവൻ നൽകി (ഉല്പ. 2:21-23). അങ്ങനെ പുരുഷനും സ്ത്രീയും രണ്ടുപേരും ദൈവത്തിന്റെ പ്രത്യേക സൃഷ്ടി കളായി അറിയപ്പെടുന്നു. അവർ ഒരിക്കലും ഏതോ നിസ്സാര ജീവിയിൽനിന്നു പരിണാമം പ്രാപിച്ചവരല്ല.

ദൈവം മൃഗങ്ങളെയും ***"നിലത്തെ പൊടിയിൽ നിന്നാണ്"*** ഉളവാക്കിയത് (ഉല്പ. 2:19), പക്ഷേ അവ ഒരി ക്കലും **"ദൈവസ്വരൂപത്തിൽ നിർമ്മിക്ക"** പെട്ടവയല്ല. മൃഗങ്ങൾക്കും ബുദ്ധിവൈഭവങ്ങൾ ഉണ്ടെന്നു വാദി ച്ചാലും മനുഷ്യരെപ്പോലെ ശരിയും തെറ്റും തിരിച്ചറിയുന്നതിനും, തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള കഴിവും അവയ്ക്കില്ല. അവയ്ക്കു ജീവനുണ്ടെങ്കിലും ഭേദാഭേദങ്ങളെ തിരിച്ചറിയുവാനുള്ള കഴിവില്ല (2 പത്രോ. 2:12; യൂദാ 1:10).

## B. മനുഷ്യന്റെ വീഴ്ച:

ദൈവം സൃഷ്ടിച്ച ആദാമും ഹവ്വായും ഏദൻതോട്ടത്തിലാണ് പാർത്തിരുന്നത് (ഉല്പ. 2:10,15) തോട്ടം സൂക്ഷി ക്കുകയും അതിൽ കൃഷി ചെയ്യുകയുമായിരുന്നു അവരുടെ ജോലി (ഉല്പ. 2:15). ***"നന്മതിന്മകളുടെ അറിവിന്റെ വൃക്ഷ"***ഫലം ഒഴിച്ച് തോട്ടത്തിലുള്ള സകല വൃക്ഷഫലങ്ങളും അവർക്കു തിന്നാം എന്നു ദൈവം കല്പിച്ചി രുന്നു. (ഉല്പ. 2:16). തോട്ടത്തിന്റെ നടുവിൽ "ജീവ വൃക്ഷത്തി"നു സമീപത്തായിട്ടായിരുന്നു വിലക്കപ്പെട്ട കനി യുടെ വൃക്ഷം നിന്നിരുന്നതു. ഈ ഫലം തിന്നാൻ ദൈവവചന (കല്പന)ത്തെ ലംഘിച്ചു എന്ന കുറ്റത്തിന്റെ ശിക്ഷയായി "തീർച്ചയായും മരിക്കും" (2:17) എന്നും ദൈവം കല്പിച്ചിരുന്നു. 'മരിക്കും' എന്നതിനു എബ്രായ ബൈബിളിൽ "മരിച്ചു മരിച്ചു നീ മരിക്കും" എന്ന അർത്ഥമാണ്.

സാത്താൻ അധിവസിച്ച 'പാമ്പ്' (വെളി. 12:9) സ്ത്രീയിൽകൂടെ പുരുഷനിലും പ്രവേശിച്ചു. പാമ്പ് ഒന്നാമതു സ്ത്രീയെ വഞ്ചിച്ചു (2 കൊരി. 11:3; 1 തിമോ. 2:14) അവൾ അങ്ങനെ വിലക്കപ്പെട്ട പഴം തിന്നുവാൻ ഇടയാ യി. ഹവ്വാ അതു ആദാമിനു കൊടുക്കയും ഇരുവരും ദൈവീക ആജ്ഞകളുടെ ലംഘനക്കാർ ആയിതീരുകയും ചെയ്തു (ഉല്പ. 3:6).

മനുഷ്യവർഗ്ഗത്തിന്റെ വീഴ്ച ചുരുക്കത്തിൽ ഇങ്ങനെ വിശദമാക്കാം. പാമ്പ് ഹവ്വായെ സമീപിച്ചപ്പോൾ ആദാം അവിടെ ഇല്ലായിരുന്നു. തോട്ടം "സൂക്ഷിപ്പാനുള്ള" ചുമതല അവനായിരുന്നു (ഉല്പ. 2:15) രണ്ടുപേരോടും ദൈവം കല്പിച്ചിരുന്നതാണ് നന്മതിന്മകളുടെ അറിവിന്റെ വൃക്ഷഫലം തിന്നരുതെന്ന്. ഉല്പ. 3:1-ൽ ഒരാളെ വഞ്ചനയിൽ കുടുക്കികഴിഞ്ഞപ്പോൾ പിന്നെ സാത്താന്റെ വഴി സുഗമമായി തീർന്നു.

സാത്താൻ ദൈവം അരുളിചെയ്തിരുന്നതിനു നേരെ വിപരീതമായി സംസാരിച്ചു, തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം കല്പ്പിച്ചിട്ടുണ്ടോ? എന്ന് പാമ്പ് ചോദിച്ചു (ഉല്പ. 3:1). ഇത് വാസ്തവത്തിൽ കുഴക്കുന്ന ചോദ്യമായിരുന്നു എന്തന്നാൽ തോട്ടത്തിലെ വൃക്ഷഫലം അവർക്ക് തിന്നാൻ സാധിക്കുന്നില്ലെങ്കിൽ ആഹാരം തേടി അവർ പുറത്തു പോകേണ്ടിവരും. പാമ്പ് കൗശലമായി ദൈവത്തിന്റെ നന്മകളെ കുറിച്ച് ഹവ്വായിൽ ചിന്താകുഴപ്പം ഉണ്ടാക്കാനായിരുന്നു അങ്ങനെ ചോദിച്ചത്. അതുപോലെ തന്നെ ദൈവകല്പനയ്ക്ക് മനുഷ്യൻ എന്തു വില കൊടുക്കുന്നു എന്നുകൂടി അവൻ കണ്ടെത്തുകയായിരുന്നു.

പാമ്പിന് സ്ത്രീ കൊടുക്കുന്ന മറുപടി വളരെ വ്യക്തമാണ് (ഉല്പ. 3: 2,3) അവൾ പാമ്പു പറഞ്ഞതിനെ തിരു ത്തുകയായിരുന്നു എന്നാൽ ഒരു പ്രശ്നം അവളുടെ സംസാരത്തിൽ ഉണ്ടായി. ദൈവം അവരോടു കല്പിച്ച തിനോട് "തൊടുകയും അരുത്" എന്നു കൂട്ടി ചേർത്താണ് അവൾ മറുപടികൊടുത്തത്. ചിലരുടെ അഭിപ്രായ ങ്ങളിൽ ആദാം ദൈവകല്പന ഹവ്വായെ അറിയിച്ചപ്പോൾ ഇതു കൂടി കൂട്ടിചേർത്ത് പറഞ്ഞിരുന്നതിനാലാണ് ഹവ്വ അത് ആവർത്തിച്ചതെന്നാണ്. ആദം ആയിരുന്നാലും ഹവ്വാ ആയിരുന്നാലും രണ്ടു പേരും ദൈവക ല്പനയോടു കൂട്ടി ചേർത്തപ്പോൾ അതു സാത്താനു അവസരമായി അതിന്മേൽ പിടിച്ച് ദൈവികശിക്ഷയുടെ അർത്ഥമില്ലായ്മയെ കാണിച്ച് സാത്തൻ വെല്ലുവിളി നടത്തി (ഉല്പ. 3:4) മാത്രമല്ല മനുഷ്യനു പ്രയോജനപ്രദ മായ നല്ലതിന്റെയും ചീത്തയുടെയും അറിവ് ദൈവം മനപൂർവ്വം അവനിൽ നിന്നു മറച്ചു വച്ചിരിക്കുന്നതിൽ ദുരുദ്ദേശം ഉണ്ടെന്നു മനസ്സിലാക്കി കൊടുത്തു (ഉല്പ. 3:5)

ഓർമ്മിക്കുക, ദൈവം പ്രവർത്തിക്കുന്നതെല്ലാം നന്മയാണ് (ഉല്പ. 1:4,10,12,18,21,25,31; 2:9,12). ദൈവ പങ്കാളിത്തം (ദൈവം ആഗ്രഹിക്കാത്തത്) ഇല്ലാതെ നമ്മുടെ സ്വന്ത ഇഷ്ടപ്രകാരം ചെയ്യുന്ന നന്മ പ്രവർത്തികൾ മറ്റുള്ള

വർക്കു പ്രയാസത്തിനു കാരണമാകയെ ഉള്ളു. ഉദാഹരണമായി, എന്റെ വ്യക്തിത്വ പ്രശംസയ്ക്കായി ദാഹിക്കുന്ന ഒരാൾക്കു കുടിപ്പാൻ കൊടുക്കുന്ന നല്ല പ്രവർത്തിയും ദൈവത്തെ അന്യപ്പെടുത്തി, അവനുള്ളതു നാം എടുക്കുന്നതാകയാൽ അതു ദോഷമാകയേ ഉള്ളു. മറിച്ച് ദൈവഹിതപ്രകാരം നാം അതു ചെയ്യുമ്പോഴാണ് അതു വാസ്തവത്തിൽ നന്മ പ്രവർത്തി ആകുന്നത് (മർക്കൊ. 9:41). ഏതു പ്രകാരവും ലോകത്തിലെ സകല നന്മ പ്രവർത്തികളിൽനിന്നും ദൈവത്തെ പുറത്താക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം. സാത്താൻ സ്ത്രീയുടെ കാഴ്ചശക്തിയേയും ബുദ്ധിശക്തിയേയും ആ വൃക്ഷഫലത്തിലേക്ക് ആകർഷിച്ചപ്പോൾ (ഉല്പ. 3:6) വിശ്വാസത്താലുള്ള അവളുടെ നടപ്പു അവസാനിച്ചു. ദൈവത്തിലുള്ള അവളുടെ ആശ്രയം നിർത്തിയിട്ട് സ്വയത്തിൽ ആശ്രയിച്ചു.

അവളും ദൈവത്തെപ്പോലെ ബുദ്ധി സാമർത്ഥ്യം ഉള്ളവളാകും (3:5) എന്നാണ് സാത്താൻ പറഞ്ഞത്. ദൈവീക കഴിവുകൾ ഉള്ളവളായിതീരുമെങ്കിൽ മറ്റാരിലും ആശ്രയിക്കാതെ സ്വയമായി ജീവിക്കുകയും സ്വന്തനിയമങ്ങൾ നടപ്പിലാക്കുകയും ചെയ്യാമെന്ന ചിന്ത അവളിൽ ഉദിച്ചു. ദൈവത്തിന്റെ സ്ഥാനം തന്റേതാക്കാൻ ശ്രമിച്ച സാത്താൻ (യെശ. 14:12-14) ഹവ്വാ ദൈവമായിരിക്കാൻ പോകുന്ന സമയത്തെക്കുറിച്ചവളെ വ്യാമോഹിപ്പിച്ചു. സാത്താൻ പരിശ്രമിച്ചു പരാജിതനായ സ്ഥാനത്തു നമ്മെ വിജയികളാക്കാമെന്നാണ് അവന്റെ അവകാശവാദം. എന്തായാലും ദൈവമക്കൾക്കറിയാം, ***"വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കുന്നതല്ലാ"*** എന്ന് (എബ്രാ. 11:6) ഹവ്വാ ആ പഴം തിന്നുമ്പോൾ അവൾ ദൈവത്തിൽ ആശ്രയിച്ചിരുന്നില്ല. സാത്താൻ അവളെ വഞ്ചിച്ച് ദൈവം യഥാർത്ഥത്തിൽ നല്ലവനല്ലാ എന്നു ധരിപ്പിച്ചു (2 കൊരി. 11:3).

തുടർന്നു തിരുവെഴുത്തു പറയുന്നതു, **"ഭർത്താവിനും കൊടുത്തു, അവനും തിന്നു".** (3:6) ആദാം അതു തിന്നുന്നതിനുമുമ്പ് അതിനെക്കുറിച്ച് ഹവ്വായുമായി എന്തെങ്കിലും സംഭാഷണം നടത്തിയതായോ, അവന്റെ ചിന്താഗതി എന്തായിരുന്നെന്നോ പറയുന്നില്ലെങ്കിലും ആദാമല്ല പാമ്പിനാൽ വഞ്ചിക്കപ്പെട്ടത് എന്നു 1 തിമോ. 2:14-ൽ വായിക്കുന്നു. എങ്ങനെ ആയിരുന്നാലും ആദാം ഒരു മനഃപൂർവ്വ പാപത്തിനുള്ള തിരഞ്ഞെടുപ്പാണ് നടത്തിയത്. "അവനും തിന്നു" (3:6) എന്നാണ് നാം വായിക്കുന്നത്. രണ്ടുപേരും പാപം ചെയ്തു എന്നാൽ ശിക്ഷയിൽ വ്യത്യാസം ഉണ്ട്.

ആദാമും ഹവ്വായും ഏറെ താമസിയാതെ അവർ ദൈവകല്പന ലംഘിച്ചു എന്നു മനസ്സിലാക്കുകയും ഭയപ്പെടുകയും ചെയ്തു. തങ്ങളുടെ നഗ്നതയിൽ അവർ സ്വയം ലജ്ജിച്ചു (ഉല്പ. 2:25 cf. 3:7), അതും പോരായെന്ന കണ്ട് ദൈവത്തിൽനിന്നു തങ്ങളെ മറയ്ക്കുവാൻ (ഉല്പ. 3-7) തീരുമാനിച്ചു. അവർ ദൈവത്തിൽനിന്ന് തന്നത്താൻ ഒളിക്കുവാൻ ശ്രമിച്ചു (3:8). ഒരു പ്രകാരത്തിൽ സ്വയം രക്ഷ പ്രാപിപ്പാനുള്ള മനുഷ്യന്റെ ആദ്യസംരംഭമായിരുന്നു ഇത്.

## C. മനുഷ്യന്റെ വീഴ്ചയ്ക്കുള്ള ശിക്ഷകൾ:

പാമ്പാണ് ഒന്നാമതു ശിക്ഷിക്കപ്പെട്ടത്. ശിഷ്ടായുസ്സു മുഴുവൻ ഉരസ്സുകൊണ്ട് ഗമിച്ച് നിലത്തെ പൊടിതിന്നുകയെന്നതായിരുന്നു ശിക്ഷ (3:14). പാമ്പ് സാത്താൻ അല്ലായിരുന്നു പിന്നെയോ പാമ്പിൽ സാത്താൻ അധിവസിക്കുകയായിരുന്നു. ഭൂമിയിൽ ഊടാടി സഞ്ചരിച്ചുകൊണ്ട് (ഇയ്യോ. 1:6; 2:1) സഹോദരന്മാരെ കുറ്റം പറയുകയാണ് അവന്റെ ജോലി (വെളി. 12:10). സാത്താന്റെ ഉപകരണമായി തീർന്ന പാമ്പിനെ ദൈവം ശപിക്കുകയും ശിക്ഷിക്കുകയും ചെയ്തതുമുതൽ അതു ഭയാനകവും നികൃഷ്ടവുമായ ഒരു ജീവിയായി മാറി (ഉല്പ. 3:14).

സാത്താൻ പാമ്പിനു സംസാരശക്തി നല്കി അവനിൽക്കൂടെ ചെയ്ത ദോഷപ്രവർത്തിയും ന്യായം വിധിക്കപ്പെട്ടു. സാത്താനും സ്ത്രീയുടെ സന്തതിയുമായുള്ള നിരന്തരമത്സരമായിരുന്നു (3:15) അവനുള്ള ശിക്ഷ. "സ്ത്രീയുടെ സന്തതി" എന്നതു "മശിഹാ"യെ കുറിച്ച് ഉല്പത്തി പുസ്തകം (ബൈബിളിൽ തന്നെ) തരുന്ന ആദ്യ സൂചനയാണ്. മശിഹായുടെ ജനനം എങ്ങനെയെന്നതു വെളിപ്പെടുത്തി. സാധാരണയായി "സന്തതി" പുരുഷനിൽക്കൂടെ വരുന്നതായിട്ടാണ് പറഞ്ഞിരിക്കുന്നത് (ഉല്പ. 12:7; 22:17,18). എന്നാൽ മശിഹാ ഒരു കന്യകയിൽകൂടെ വരുമെന്ന് പിന്നീട് പറഞ്ഞിട്ടുണ്ട് (യെശ. 7:14). ഇതൊരു പ്രവചനവും ബൈബിളിലെ മറ്റു പ്രവചനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമാകുന്നു (വെളി. 12:4,5). പാമ്പ് മശിഹായുടെ കുതികാൽ കടിക്കണം എന്നത് ക്രൂശിന്റെ അനുഭവത്തിലേക്കു വിരൽ ചൂണ്ടുന്നുവെങ്കിൽ "മശിഹാ സർപ്പത്തിന്റെ തല തകർക്കുന്നത്" ക്രൂശിൽ കൂടെ അവന്റെമേൽ എടുത്ത വിജയത്തെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

പാപത്തിനുള്ള ഒന്നാമത്തെ ശിക്ഷ സ്വന്തമനസ്സാക്ഷിയുടെ കുറ്റാരോപണവും (അവരുടെ നഗ്നതയെക്കുറിച്ചുള്ള ലജ്ജ) (3:7) ദൈവീക കൂട്ടായ്മയുടെ നഷ്ടവും ഭയന്ന് ഒളിച്ചിരുന്നു (3:8). സ്ത്രീക്കു കിട്ടിയ ശിക്ഷ അവൾ

**“വേദനയോടുകൂടി മക്കളെ പ്രസവിക്കണ**”മെന്നും (3:16).

പുരുഷനെ ഭരിക്കാൻ ആഗ്രഹിച്ചാലും അവളുടെ വിധേയത്വം ഭർത്താവിനോടു (പുരുഷനോടു) ആയിരിക്കുമെന്നു മായിരുന്നു. ആദാമിന്റമേൽ അധികാരം ഉപയോഗിച്ച് ഹവ്വാ പഴം തീറ്റിച്ചെങ്കിലും പിന്നീടവൾ ആദാം തന്നെ ആ പ്രവർത്തിയിൽനിന്ന് എങ്ങനെയെങ്കിലും തടഞ്ഞിരുന്നെങ്കിൽ എന്നു ആഗ്രഹിച്ചിരിക്കണം. ഈ സംഭവംതന്നെ അവളുടെ ശിക്ഷയെ മനസ്സിലാക്കാൻ മതിയായതാണ്.

ആദാം തന്റെ ഭാര്യയായസ്ത്രീയെ കുറ്റപ്പെടുത്തിയതു ദൈവം കേട്ടു മറുപടി നല്കി (3:17), തീർച്ചയായും ആദാം അവളുടെ വാക്കു കേൾക്കരുതാഞ്ഞു. ഈ ഭാഗം മനസ്സിലാക്കാത്ത പുരുഷന്മാർ ചിലപ്പോൾ ഒരിക്കലും ഭാര്യമാരുടെ ഉപദേശം കേൾക്കരുതെന്നു പറഞ്ഞേക്കാം. എന്നാൽ അതു ദൈവവചനത്തെ തെറ്റായി പ്രയോഗിക്കുകയാണ്, എന്തെന്നാൽ ദൈവം തന്നെ ഒരിക്കൽ അബ്രഹാമിനോട് സാറാ പറയുംവിധം ചെയ്യാൻ കല്പിക്കുന്നു. (ഉല്പ. 21:12). ആകയാൽ എന്താണു നാം മനസ്സിലാക്കേണ്ടത്? ആരുടെ വാക്കും നാം കൈക്കൊള്ളേണ്ടത് അതു ദൈവവചനപ്രകാരം (ദൈവം കല്പിച്ചതനുസരിച്ച്) ആണോ എന്നു മനസ്സിലാക്കിവേണം എന്നത്രേ. ഭാര്യയുടെ വാക്കു കേട്ടു എന്നതല്ല ആദാമിന്റെ മേലുള്ള കുറ്റം പിന്നെയോ അവൻ വിലക്കപ്പെട്ട കനി ഭക്ഷിച്ചു എന്നതായിരുന്നു. കഠിന അദ്ധ്വാനത്തോടെ (മുഖത്തെ വിയർപ്പോടെ) ആഹാരം തേടുക (ഭക്ഷിക്കുക) എന്നതായിരുന്നു അവനു നല്കിയ ശിക്ഷ അഥവാ ശാപം (3:17-19).

വിലക്കപ്പെട്ട പഴം തിന്നുന്നതിനുള്ള യഥാർത്ഥ ശിക്ഷ ആത്മിക മരണം അഥവാ ദൈവീക കൂട്ടായ്മ നഷ്ടപ്പെട്ടു എന്നതായിരുന്നു. എന്നാൽ അവനു ശാരീരികമരണവും നേരിട്ടു അതു 930-ാം വയസ്സിൽ ആയിരുന്നു (ഉല്പ. 5:5). എങ്കിലും ദൈവം ശിക്ഷയ്ക്കുശേഷവും മനുഷ്യനോടു കൃപയുള്ളവനായി അവരുടെ നഗ്നത മറയ്ക്കാൻ തുകൽകൊണ്ടുള്ള വസ്ത്രം നല്കി (3:21) തുകലിന്റെ ആവശ്യത്തിന് നിരപരാധിയായ ഒരു മൃഗം ബലിയായി തീരേണ്ടിവന്നു. ഇതു പാപത്തിന്റെ പ്രായാശ്ചിത്തമായി മശിഹാ നടത്തിയ ബലിയെ അനുസ്മരിപ്പിക്കുന്നു (എബ്രാ. 10:10,12).

ആദാമും ഹവ്വായും പുതിയ വസ്ത്രങ്ങൾ ധരിച്ചശേഷം അവരെ തോട്ടത്തിൽനിന്നും പുറത്താക്കി (ഉല്പ. 3:22-24) ഇതു ആവശ്യമായിരുന്നു, എന്തുകൊണ്ടെന്നാൽ അവൻ **“കൈ നീട്ടി ജീവവൃക്ഷത്തിന്റെ ഫലംകൂടെ പറിച്ചു തിന്ന് എന്നേയ്ക്കും ജീവിപ്പാൻ സംഗതിവരും.”** ശാപഗ്രസ്തനായിതീർന്ന മനുഷ്യൻ ആ അവസ്ഥയിൽ എന്നേക്കും ജീവിക്കുന്നതു നന്നല്ലെന്നു ദൈവം കണ്ടു. മരണം വിശ്വാസിക്കു ഒരു അനുഗ്രഹമാണ് എന്തെന്നാൽ എങ്കിൽ മാത്രമേ ഉയർപ്പിന്റെ പുതുശരീരം പ്രാപിച്ച് വിശുദ്ധിയും പൂർണ്ണതയുമുള്ള ക്രിസ്തു സമാനമായ ഒരു ജീവിതം പ്രാപിക്കുവാനും (1 യോഹ. 3:2) യേശുക്രിസ്തുവിനാൽ സ്വർഗ്ഗീയ ഭവനത്തിലെത്തി (പാപവും ശാപവും ഇല്ലാത്ത ഇടം) ജീവവൃക്ഷഫലം വീണ്ടും പ്രാപിക്കുവാൻ കഴിയൂ (വെളി. 22:2,3).

## D. മനുഷ്യന്റെ പ്രകൃതം:

### 1. ശരീരം.

ദൈവം നിലത്തെ പൊടികൊണ്ട് ആദാമിനെയും (ഉല്പ. 1:26), ആദാമിന്റെ വാരിയെല്ലിൽ ഒന്നുകൊണ്ട് ഹവ്വായെ (ഉല്പ. 2:7,21) സൃഷ്ടിച്ചതു മുതലാണ് മനുഷ്യനു ശരീരം ഉണ്ടാകുന്നത്. ആദാമിനും ഹവ്വായ്ക്കും ലൈംഗീക ശക്തി കൊടുത്തിരുന്നതിനാൽ അവർ മക്കളെ ജനിപ്പിച്ചു. അവരിൽ ഒന്നാമൻ കായേനും രണ്ടാമൻ ഹാബേലും ആയിരുന്നു (ഉല്പ. 4:1,2). സംപൂർണ്ണ മനുഷ്യവർഗ്ഗവും ആദാം ഹവ്വാമാരിൽനിന്നു ജനിച്ചവരാണ്. ഹവ്വാ എന്ന പേരിന്റെ അർത്ഥം ***“ജീവനുള്ളവർക്കെല്ലാം മാതാവ്”*** (ഉല്പ. 3:20) എന്നാണ്.

ശരീരം മനുഷ്യനിലെ ഭൗതീകഭാഗമാണ്. പഞ്ചേന്ദ്രിയങ്ങൾ (കാഴ്ച, സ്പർശനം, കേൾവി, രുചി, ഘ്രാണം) തല, കൈകാൽകൾ എന്നിവയെല്ലാം ശരീരത്തിൽ ഉൾപ്പെടുന്നു എന്നു നമുക്കറിയാം; എങ്കിലും എല്ലാറ്റിന്റെയും പ്രവർത്തനം ഒന്നല്ല വ്യത്യസ്തമാണ്. നാം ഒരിക്കലും കൈകൊണ്ട് നടക്കാറില്ല, പാദങ്ങൾകൊണ്ട് ഭക്ഷിക്കാറുമില്ല. നമ്മുടെ ഭൗതീക ശരീരം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്കു സാദൃശമാണ് (റോമ. 12:4,5). എല്ലാ വിശ്വാസികളും ഈ ആത്മീക ശരീരത്തിലെ അംശങ്ങളും പ്രത്യേക ജോലികൾക്കായി ശരീരത്തിൽ ചേർക്കപ്പെട്ടവരും ആകുന്നു (1 കൊരി. 12).

ശരീരം എന്നത് ദൈവസൃഷ്ടിയിലെ അത്ഭുതഘടകമാണ്. ഇത് അമൂർത്ത ഭാഗത്തിന്റെ ഭവനമാണ്. നമ്മുടെ കർത്താവ് തന്റെ ഭൗതീക ശരീരം നമ്മുടെ പാപങ്ങൾക്കു വേണ്ടി ബലികഴിച്ച് (1 കൊരി. 11:24) നമ്മെ പിതാവുമായി നിരപ്പിച്ചു. ***“അവന്റെ മുമ്പിൽ വിശുദ്ധരും, നിഷ്കളങ്കരും, കുറ്റമില്ലാത്തവരുമായി നിർത്തേണ്ടതിന്”*** (കൊലോ. 1:21,22). കർത്താവ് തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിക്കുകയായിരുന്നു (1 പത്രോ. 2:24).

ഇതുപോലെ ക്രിസ്തുവിനെ അനുകരിക്കുന്നവനും തന്റെ (1 കൊരി. 11:1) ശരീരത്തെ ജീവനും വിശുദ്ധിയുമുള്ള യാഗമായി കർത്താവിനു സമർപ്പിക്കുന്നു (റോമ. 12:1,2). ദൈവഹിതത്തിനു സമർപ്പിക്കപ്പെട്ട ജീവിതത്തിൽ ക്രിസ്തു സംപൂർണ്ണ മഹത്വം പ്രാപിക്കുന്നു. അതു ജീവനാലോ, മരണത്താലോ (ഫിലി. 1;20) എന്ന വ്യത്യാസമില്ലാതെയാണ്. നാം നമ്മുടെ ശരീരങ്ങളെ അവന്റെ ഹിതം നിർവ്വഹിക്കുന്നതിനു (അവന്റെ ശുശ്രൂഷക്കായി) തയ്യാറാക്കി നിർത്തുമെന്നാണ് ദൈവത്തിന്റെ പ്രതീക്ഷ (1 കൊരി. 9:27).

എന്തെന്നാൽ ഒരു ദിവസം നാം ശരീരത്തിൽ ഇന്നു പ്രവർത്തിച്ചതിനെല്ലാം കണക്കു ബോധിപ്പിക്കേണ്ടിവരും (2 കൊരി. 5:10). നമ്മുടെ ശരീരത്തിലെ ഏറ്റം ചെറുതായ നാവ് എന്ന അവയവത്തെയും കരുതലോടെ സൂക്ഷിക്കണം എന്തെന്നാൽ അതുപയോഗിച്ചാണ് നാം എല്ലാവിധ സംസാരവും നടത്തുന്നത് (യാക്കോ. 3:2-5). യേശുക്രിസ്തുവിന്റെ മരണത്താൽ നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുകയും ജീവനിൽ വാഴുകയും ചെയ്യുന്നു എന്ന സന്ദേശം അറിയിപ്പാൻ തക്ക യോഗ്യത നമ്മുടെ ശരീരത്തിന് ഉണ്ടായിരിക്കണം (2 കൊരി. 4:10).

ഒരു ദിവസം ഈ ഭൗമീക ജീവിതം അവസാനിപ്പിച്ച് നമ്മുടെ ശരീരം പുതുക്കം പ്രാപിക്കുമ്പോൾ മരണത്തന് അതിന്മേൽ അധികാരം ഉണ്ടായിരിക്കയില്ല (1കൊരി. 15:40-44). അത് യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേറ്റ മഹത്വമുള്ള ശരീരത്തിനു തുല്യമായിരിക്കും (ഫിലി. 3:20,21) ഈ പുതിയ ശരീരം യേശുക്രിസ്തുവുമായുള്ള പൂർണ്ണ ബന്ധത്തിൽ ആയിരിക്കും (2 കൊരി. 5:6-8).

## 2. പ്രാണൻ.

മനുഷ്യശരീരത്തിലെ അമർത്ത്യഭാഗത്തിൽ പെട്ടതാണ് പ്രാണൻ. അതു കാണുവാനോ, സ്പർശിക്കുവാനോ, കേൾക്കുവാനോ, രുചിക്കുവാനോ, മറക്കുവാനോ കഴിയുന്ന ഒന്നല്ല. “പ്രാണൻ” ഇല്ലാതെ ശരീരത്തിനു നിലനില്പില്ലാത്തതിനാൽ (ഉല്പ. 35:18) പലപ്പോഴും എബ്രായ ഭാഷയിലെ **‘‘നെപേഷ്’’** (NEPHESH) എന്ന വാക്കും, ഗ്രീക്കുഭാഷയിലെ **“സൂക്കെ”** (PSUCHE) എന്ന പദവും “പ്രാണൻ”, “ജീവൻ”, “വ്യക്തി” എന്നീ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

ആദാമിന്റെ സൃഷ്ടിയെക്കുറിച്ചു ബൈബിൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ***“യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹി (പ്രാണൻ) ആയിതീർന്നു”*** (ഉല്പ. 2:7; 1 കൊരി. 15:45). നമ്മുടെ ഈ പഠനത്തിന്റെ ലക്ഷ്യം “ജീവൻ” എന്നതിനു എന്തെല്ലാം ഭാഷാന്തരങ്ങളോ, പേരുകളോ കൊടുത്തിട്ടുണ്ടെന്നും അവയുടെ അർത്ഥവും ഉദ്ദേശവും എന്താണെന്നും അന്വേഷിക്കുകയല്ല മറിച്ച് ദൈവം ആദാമിനും ഹവ്വായ്ക്കും തന്റെ ശ്വാസത്താൽ പ്രാണൻ (ജീവൻ) നല്കിയെന്നും ആ ജീവൻ മനുഷ്യവർഗ്ഗം ഇന്നും കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നു എന്നും വിശ്വാസിക്കുകയാണ് (പുറ. 1:5). ‘‘നെപേഷ്’’ എന്ന വാക്ക് മൃഗങ്ങളുടെ ജീവനുവേണ്ടിയും ഉപയോഗിച്ചിട്ടുണ്ട് (ഉല്പ. 1:20,21,24,30; 2:19).

ശരീരത്തിൽ പ്രാണന്റെ പദ്ധതി എന്താണെന്ന് അന്വേഷിക്കുമ്പോൾ ആദ്യംതന്നെ ദൈവത്തിനും പ്രാണനുണ്ടെന്നും (മത്താ. 12:18; എബ്രാ. 10:38). ആ ദൈവത്തിന്റെ സ്വരൂപത്തിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും ഓർത്തിരിക്കണം (ഉല്പ. 1:26,27).

മനുഷ്യന്റെ അകത്തുള്ള പ്രാണനിലാണ് നന്മ തിന്മകളെ (സാന്മാർഗ്ഗിക നിയമം) കുറിച്ചുള്ള തീരുമാനം എടുക്കുന്നത്. അതായത് ഒരു തീരുമാനം എടുക്കുന്നതിനു മുമ്പായി വേണോ വേണ്ടായോ എന്ന തിരഞ്ഞെടുപ്പ് നടക്കുന്ന ഒരു സ്ഥലം മനുഷ്യന്റെ പ്രാണനിൽ ഉണ്ട്. തിരഞ്ഞെടുക്കുന്നതിനുള്ള കഴിവിനെയാണ് ഇച്ഛാശക്തി എന്നു പറയുന്നത് പ്രാണൻ ഇച്ഛാശക്തിപ്രകാരം സാന്മാർഗ്ഗിക തിരഞ്ഞെടുപ്പു നടത്തുന്നതിനാൽ പ്രാണൻ രക്ഷിക്കപെടേണ്ടതും (സങ്കീ 33:18-19; അപ്പോ. പ്ര. 2:41; എബ്രാ. 10:39; യാക്കോ 1:21; 1 പത്രോ 1:8-9). പാപത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതുമാകുന്നു (സങ്കീ. 41:4) യേശു തന്റെ ശരീരം മാത്രമല്ല പ്രാണനും കൂടി നല്കിയാണ് നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തിനു വീണ്ടെടുപ്പ് സമ്പാദിച്ചത് (മത്താ. 20:28; മർക്കോ.3:4; യോഹ 10:11,15,17; 15:13). ആകയാൽ ***“യേശു ക്രിസ്തു നമ്മുടെ ആത്മാക്കളുടെ ഇടയൻ ആകുന്നു”*** (1 പത്രോ 2:25). ആ വിശ്വാസത്താൽ നമ്മുടെ പ്രാണൻ രക്ഷിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അഗ്നി നരകത്തിലേക്ക് തള്ളപ്പെടും (മത്താ. 10:28, 16:26).

മനുഷ്യവർഗ്ഗം എടുക്കേണ്ടതായ ചില പ്രത്യേക തീരുമാനങ്ങളിൽ പെട്ടവയാണ് ദൈവത്തെ സ്നേഹിക്കുക (ആവ. 6:5; 10:12; 13; 30:6), ശരിയായത് പ്രവർത്തിക്കേണ്ടതിനു സൃഷ്ടിതാവായ ദൈവത്തിൽ ആശ്രിയിക്കുക (1 പത്രോ4:19), സഹോദരങ്ങൾക്കുവേണ്ടി നമ്മുടെ ജീവിതത്തെ (പ്രാണനെ) ശുദ്ധീകരിക്കുക (1 യോഹ 3:16), എന്നിവ മനുഷ്യന്റെ പ്രാണനിൽ എപ്പോഴും യുദ്ധത്തിന്റെ പിടിവലികൾ നടക്കുകയാണ്. ജഡമോഹങ്ങൾ (അസ്സന്മാർഗ്ഗികത) (1 പത്രോ. 2:11), വ്യാജോപദേശങ്ങൾ (2 പത്രോ. 2:12-14), എന്നിങ്ങനെ പലതും ആത്മീയ സ്ഥിരതയില്ലാത്തവരെ തറപറ്റിക്കാൻ ശ്രമിക്കും.

പ്രാണനിൽ തീരുമാനമെടുക്കുന്നതിനുള്ള സ്ഥലം ഉള്ളതുപോലെതന്നെ ആവിടെ വികാരങ്ങൾക്കും ഇടം ഉണ്ട്. പ്രാണൻ ചിലപ്പോൾ അനുകമ്പയോടെയും (ഇയ്യോ. 30:25) കൈയ്പോടുകൂടെയും (2 രാജ. 4:27) ആഴമേറിയ ദുഖത്തോടുകൂടെയും (സങ്കീ. 43:5; യിരമ്യ 13:17; മത്താ 26:38) തുളയ്ക്കപ്പെട്ടു (ലൂക്കോ. 2:35) കഷ്ടതയിലും (റോമ. 2:9) വെറുപ്പോടുകൂടിയും (2 ശമു. 5:8) ഇരിക്കും. മറ്റുചിലപ്പോൾ സ്നേഹത്തിന്റെ നിറവിലും (ഉത്തമ. 1:7, 3:1–4) ദൈവത്തിനു മഹത്വം കരേറ്റുന്നതിലും (ലൂക്കോ 1:46) വലിയ ആനന്ദത്തോടെയും (ലൂക്കോ. 12:19) കാണാവുന്നതാണ്.

### 3. മനുഷ്യാത്മാവ്

ആത്മാവിന് എബ്രായ ഭാഷയിൽ **റൂഹ്** (RUACH) എന്നും ഗ്രീക്കിൽ **ന്യൂമ** (PNEUMA) എന്നുമാണ്. വേദപുസ്തകത്തിലെ ഒരു വിഷമതയുള്ള വിഷയം ആണിത്, എന്തെന്നാൽ ഈ രണ്ടു പദങ്ങളും നിരവധി പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ടന്നു മാത്രമല്ല കാറ്റ്, ശ്വാസം, പരിശുദ്ധാത്മാവ്, അശുദ്ധാത്മാവ്, മനുഷ്യാത്മാവ് എന്നിവകൾക്കും ഇതു പയോഗിച്ചിട്ടുണ്ട്. ഏതു വിഷയത്തോടു ചേർത്ത് ഏത്ർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയിരിക്കണം.

മനുഷ്യാത്മാവ് ആത്മിക ജീവശക്തിയും, അമർത്യതയുടെ ഭാഗവും ദൈവ നിർമ്മിതിയുമാണ് (സഭാ. പ്ര. 12:6–7; സഖര്യ 12:1; എബ്രാ 12:9) വിശേഷിച്ച് ഇതു പരിശുദ്ധാത്മാവാണ് (യോഹ. 3:6; 6:63) മനുഷ്യ ജീവൻ നിലനിലക്കേണ്ടതിനു ആത്മാവ് അത്യാവശ്യമാണ് (ലൂക്കോ 8:55; യാക്കോ 2:26).

വ്യാഖ്യാനത്തോടുള്ള ബന്ധത്തിൽ മുമ്പ് നാം പഠിച്ചതാണ് ഒരു വ്യക്തമായ വേദഭാഗം ഉപയോഗിച്ചായിരിക്കണം മനുഷ്യാത്മാവിന്റെയും അടിസ്ഥാനതത്വങ്ങൾ തീർച്ചപ്പെടുത്തുവാൻ. മനുഷ്യാത്മാവിന്റെ സ്വഭാവ ഗുണങ്ങളെ നോക്കുമ്പോൾ മുമ്പ് നാം പഠിച്ച പ്രാണനും, അടുത്തതായി പഠിക്കാൻ പോകുന്ന ഹൃദയവും എല്ലാം ഒന്നുതന്നെയാണെന്നു കാണാം. എന്തായിരുന്നാലും ഒരു കാര്യം നമ്മൾ മനസ്സിലാക്കണം, ദൈവവചനാടിസ്ഥാനത്തിൽ മനുഷ്യാത്മാവ്, പ്രാണൻ, ഹൃദയം എന്നിവയിൽനിന്നും വ്യത്യസ്തമായതാണ് (എബ്രാ. 4:12).

മനുഷ്യാത്മാവിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന വാക്യങ്ങൾ പഠിച്ചാൽ അവർക്കു നാലു പ്രത്യേക പ്രവർത്തികൾ ഉള്ളതായി കാണാം:

#### a. അതു വിവരങ്ങൾ (അറിവ്) സ്വീകരിക്കുന്നു.

ദൈവഭാഗത്തുനിന്നു വരുന്നതായ കൃപ (ഗലാ. 6:18; ഫിലേമോൻ 1:25) സദാചാര സത്യം (മലാ. 2:15,16) വെളിപ്പാട് (എഫേ. 1:16,17) എന്നിവയും, കൂടാതെ പ്രകോപനം (അപ്പോ. പ്ര. 17:16), ഇളക്കം (1 ദിന. 5:26; എബ്രാ. 1:1,5) എന്നിവയും സ്വീകരിക്കുന്നു.

#### b. വിവരങ്ങളുടെ (അറിവിന്റെ) മൂല്യനിർണ്ണയം.

മനുഷ്യാത്മാവ് താൻ സ്വീകരിക്കുന്ന എല്ലാ വിവരങ്ങളുടെയും മൂല്യനിർണ്ണയം നടത്തുന്നു. സംഭവങ്ങളെ നിരീക്ഷിക്കുന്നു (ഇയ്യോ. 6:4) ചിന്തകളെ അറിയുന്നു (1 കൊരി. 2:11), ആലോചിക്കുന്നു (സങ്കീ. 77:6) മനസ്സിലാക്കുന്നു (ഇയ്യോ. 20:3; 32:8) കൂടാതെ വിവേകപൂർണ്ണമായ മൂല്ല്യനിർണ്ണയം ചെയ്യുന്നു (പുറ. 28:3; ആവ. 34:9; എഫേ. 1:16,17).

#### c. തീരുമാനമെടുക്കുക.

മൂല്ല്യനിർണ്ണയം നടത്തിയ വിവരങ്ങൾ ഒരിക്കൽ മനുഷ്യാത്മാവിനു ലഭിച്ചാൽ എന്തു നടപടി ആണ് എടുക്കേണ്ടതെന്ന് ഉടൻ തീരുമാനിച്ചിരിക്കും. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുവാനും (അപ്പോ. പ്ര. 20:22–23), ദൈവത്തിനു സമർപ്പിക്കുന്നതിനും (സങ്കീ. 31:5), വിശ്വസിക്കുന്നതിനും (2 കൊരി. 4:13,14), അനുതപിക്കുവാനും (യെശ. 57:15; 66:2) അതുപോലെ ദൈവത്തിനു വിപരീതമായി തിരിയുന്നതിനും (ഇയ്യോ. 15:13) അവനോടു അവിശ്വസ്തരായിരിപ്പാനും (സങ്കീ. 78:8) ഉള്ള തീരുമാനങ്ങൾ എടുക്കുന്നു.

#### d. പ്രതിപ്രവർത്തനം (ഉത്തരം പറയുക).

ചുറ്റുപാടുകൾ മനസ്സിലാകയും, വിലമതിക്കുകയും, തീരുമാനം എടുക്കുകയും ചെയ്താൽ തുടർന്ന് മനുഷ്യാത്മാവ് വിവിധ വഴികളിൽ അതിനു മറുപടി നല്കുന്നു. പ്രതികരണം ചിലപ്പോൾ പാപവഴികളിൽ കൂടെയുമാകാം.

മനുഷ്യാത്മാവിനെക്കുറിച്ചു നല്കിയിരിക്കുന്ന വിശദീകരണത്തിന്റെ വിവിധ മാർഗ്ഗങ്ങൾ നോക്കുക:

- കോപിക്കുവാൻ കഴിയും ന്യായാ. 8:3; സഭാ. പ്ര. 7:9; 10:4
- മുൻകോപി (ക്ഷിപ്രകോപി)യായിരിപ്പാൻ സാധിക്കുന്നു. സദൃ. 14:29 (ഇത് ഒരുതരം ആത്മാവാണ്)
- മനഃപീഡയുണ്ടാകാം. ഇയ്യോ. 7:11
- അഹങ്കാരിയായിരിക്കുക. സങ്കീ. 76:12; സദൃ. 16:18; സഭാ പ്ര. 7:8
- തകർന്ന അവസ്ഥയിലാകാം. സങ്കീ. 51:17; സദൃ. 15:13; 17:22; 18:14 യെശ. 65:14
- ശാന്തമായിരിക്കാം. സദൃ. 17:27
- നിർബ്ബന്ധിയായിരിക്കാം. ഇയ്യോ. 32:18
- അടിച്ചമർത്തപ്പെടാം. സങ്കീ. 34:18; സദൃ. 15:4
- വഞ്ചിതനായിതീരാം. സങ്കീ. 32:2
- അശുദ്ധരാക്കപ്പെടാം. 2 കൊരി. 7:1
- മ്ലാനമാക്കപ്പെടാം. പുറ. 6:9; (ഉദാസീനത ആത്മാവിന്റെ ദുഃഖമാണ്)
- തൻമയീഭാവശക്തിയുണ്ടാക്കാം. 1 കൊരി. 5:3-5; കൊലോ. 2:5
- തെറ്റിപ്പോകാൻ സാദ്ധ്യതയുണ്ട്. യെശ. 29:24
- ദൈവസാന്നിദ്ധ്യം അനുഭവിക്കാൻ കഴിയും. 2 തിമോ. 4:22
- സ്വയം വെളിപ്പെടുത്താൻ കഴിയും. സദൃ. 29:11; (മനോഭാവം ആത്മാവിന്റെ ശബ്ദമാണ്)
- ക്ഷീണിതനാകാം. സങ്കീ. 77:3; 143:7; യെശ 57:16; 61:3; യെഹ. 21:7
- മനുഷ്യനോടു വിശ്വസ്തയുള്ളവനായിരിക്കാം. സദൃ. 11:13 (ആശ്രയം ഉത്കൃഷ്ടതയ്ക്കുള്ള ഒരു മരുന്നാണ്)
- തീഷ്ണതയേറിയതായിരിക്കാം. അപ്പോ. പ്ര. 18:25; റോമ. 12:10-11
- മഠയനായിരിക്കാം. യെഹെ. 13:3
- ദയയുള്ളതായിരിക്കാം. 1 കൊരി. 4:21; ഗലാ. 6:1; 1 പത്രോ. 3:4
- ദൈവത്തിനു നല്കപ്പെട്ടതായിരിക്കാം. അപ്രോ. പ്ര. 7:59
- ദുഃഖിച്ചിരിക്കാൻ കഴിയും. യെശ. 54:6
- കഠിനപ്പെട്ടിരിക്കാൻ കഴിയും. ആവ. 2:30
- വിശുദ്ധമായിരിക്കാം. 1 കൊരി. 7:34
- ബഹുമാനത്തോടെയിരിക്കാം. 2 കൊരി. 12:18
- താഴ്മയുള്ളവനായിരിക്കാം. സദൃ. 16:19; 29:23
- അസൂയയോടുകൂടിയിരിക്കാം. സംഖ്യാ. 5:14
- ദൈവഹിതത്തിൽ ജീവിക്കാം. 1 പത്രോ. 4:6
- കൂറു പുലർത്തുന്നതായിരിക്കാം. സംഖ്യാ. 14:24
- പക്വത (സിദ്ധത) നേടിയ ഒന്നായിരിക്കാം. എബ്രാ. 12:23
- ആളുകളെ പ്രേരിപ്പിക്കാൻ കഴിവുണ്ടായിരിക്കും. പുറ. 35:21; സദൃ. 16:2; വെളി. 19:10
- മാറ്റാവുന്ന അവസ്ഥയിലിരിക്കും. യോഹ. 11:33
- പുതുതാക്കപ്പെടാം. യെഹെ. 11;19; 18:31; 36:26
- പീഡിപ്പിക്കപ്പെടാം. 1 ശമു. 1:15
- വികാരമഗ്നനായിരിക്കാം. സങ്കീ. 142:3; 143:4
- പദ്ധതിയുണ്ടാക്കാൻ കഴിയും. അപ്പോ. 19:21
- ദരിദ്രമായിരിക്കാൻ കഴിയും. മത്താ. 5:3

- പ്രാർത്ഥിക്കാൻ കഴിയും. 1 കൊരി. 14:14-16
- സൂക്ഷിക്കപ്പെടാവുന്നത്. ഇയ്യോ. 10:12; 1തെസ്സ. 5:23
- ശാന്തമായിരിക്കാൻ കഴിയും. 1 പത്രോ. 3:4
- ഗോത്രപരമായ ശോധന സഹിപ്പാൻ കഴിയും. യെശ. 19:3; യിരമ്യാ. 57:11
- കുളിർമ്മയുള്ളതായിരിപ്പാൻ കഴിയും. 2 കൊരി. 7:13
- ആനന്ദിക്കുവാൻ കഴിയും. ലൂക്കോ. 1:47
- പുതുക്കപ്പെടാൻ കഴിയും. എഫേ. 4:21-24
- വിശ്രമത്തിന്റെ ആവശ്യമുണ്ടായിരിക്കും. 2 കൊരി. 2:13
- ഉണർത്തെപ്പടുവാൻ കഴിയും. ഉല്പ. 45:27; 1ശമു. 30:12
- സ്വയത്താൽ ഭരിക്കപ്പെടാൻ കഴിയും. സദൃ. 16:32
- ദുഃഖിക്കാൻ കഴിയും. 1 രാജാ. 21:5
- കർത്താവിനെ അന്വേഷിക്കാൻ കഴിയും. യെശ. 26:9
- ശുശ്രൂഷിപ്പാൻ കഴിയുന്നത്. റോമ. 1:9
- രോഗം സഹിപ്പാൻ കഴിയും. സദൃ. 8:12
- നെടുവീർപ്പിടുവാൻ കഴിയും. മർക്കോ. 18:14
- സ്ഥിരതയുള്ളതായിരക്കാൻ കഴിയും. സങ്കീ. 51:10
- ശക്തിയുള്ളതായിരിക്കാൻ കഴിയും. ലൂക്കോ. 1:80
- മറ്റുള്ളവർക്കു കീഴടങ്ങിയിരിപ്പാൻ കഴിയും. 1 കൊരി. 14:31,32
- സമർപ്പണമുള്ളതായിരിക്കാൻ. എബ്രാ. 12:9
- അധൈര്യമുള്ളതായിരിക്കാം. 2 തിമോ. 1:7
- കുഴപ്പത്തിൽ ആയിരിക്കാൻ കഴിയും. ഉല്പ. 41:8; ഇയ്യോ. 21:4; ദാനി. 2:1-3; യോഹ. 13:18-21
- അനിയന്ത്രീതമായിരിപ്പാൻ കഴിയും. സദൃ. 25:28
- ദൈവത്തോടു സംജോയിപ്പിക്കപ്പെട്ടിരിക്കാം. 1 കൊരി. 6:17
- മറ്റു വിശ്വാസികളുമായി യോജിച്ചിരിപ്പാൻ കഴിയും. ഫിലി. 1:27
- ക്ഷീണിച്ചിരിക്കാൻ കഴിയും. യോശു. 2:11; ന്യായാ. 15:19; 1 രാജാ. 10:4,5
- മനസ്സുള്ള (ഇഷ്ടമുള്ള)തായിരിക്കാം. സങ്കീ. 51:10-12
- ആരാധിക്കാൻ കഴിയും. യോഹ. 4:23
- നമ്മുടെ രക്ഷയോടുകൂടിയിരിക്കാൻ കഴിയും. റോമ. 8:6

### 4. ഹൃദയം.

'മനുഷ്യഹൃദയം' എന്ന വിഷയം ബൈബിളിൽ മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഒന്നാണ്. എബ്രായ ഭാഷയിൽ **"ലേബ്"** (LEBH) എന്നും ഗ്രീക്കിൽ **"കാർഡിയ"** (KARDIA) എന്നും പേരായിരിക്കുന്നു. രണ്ടും കൂടെ ഏകദേശം 1,000 പ്രാവശ്യത്തോളം ഉപയോഗിച്ചിരിക്കുന്നു. നമ്മുടെ ഭൗതിക ശരീരത്തിനുള്ളിൽ പ്രത്യേകാൽ സൂക്ഷിച്ചിരിക്കുന്നതും സംപൂർണ്ണശരീരത്തിന്റെ രക്തചംക്രമണം നടത്തി രക്തവാഹികളെ സജ്ജമാക്കുന്നതുമായ പമ്പ്ഹൗസാണിത് (2 ശമു. 18:14; 2 രാജ. 9:24). എന്നാൽ ഇതുകൂടാതെ ആന്തരിക മനുഷ്യന്റെ കർമ്മമണ്ഡലമായിട്ടാണ് സാധാരണ പറഞ്ഞിരിക്കുന്നതും ചൂണ്ടിക്കാണിക്കുന്നതും.

ബൈബിളിൽ വിവിധ ഉപയോഗങ്ങളെ കാണിക്കാനായി "ഹൃദയം" എന്ന പദം ഉപയോഗിച്ചിട്ടുണ്ടെങ്കിലും അവയിൽ നാലെണ്ണം മാത്രം ഇവിടെ പരിശോധിക്കാം:

### a. ധീഷണാ (ബുദ്ധി) ശക്തിയുടെ കേന്ദ്രം.

മനുഷ്യഹൃദയത്തെ വിവേചനാശക്തിയുടെ കേന്ദ്രസ്ഥാനമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. മൂല്യനിർണ്ണയം നടത്തുവാനുള്ള കഴിവ് അതിനുണ്ട് (ആവ. 8:5), പ്രശംസിക്കുവാൻ (സങ്കീ. 119:11) പദ്ധതി ക്രമീകരിക്കാനും (എബ്രാ. 4:12) കഴിയുന്നു. കൂടാതെ ദുഷ്ചിന്തകളുടെയും പ്രവർത്തികളുടെയും ഇരിപ്പിടംകൂടെയാണ് ഹൃദയം (മത്താ. 15:19,20).

### b. വികാരങ്ങളുടെ കേന്ദ്രം.

എല്ലാവിധ ഭാവങ്ങളുടെയും കേന്ദ്രസ്ഥാനം ഹൃദയമാണ്. അതിനു സ്നേഹിക്കാനും (ആവ. 6:5), ആഗ്രഹിക്കാനും (സങ്കീ. 37:4) സന്തോഷിക്കുവാനും ആനന്ദിക്കുവാനും (സങ്കീ. 104:15; യെശ. 30:29; കൊലോ. 3:16) ദുഃഖിക്കുവാനും (നെഹ. 2:2; റോമ. 9:2), കൈപ്പായിരിപ്പാനും (സങ്കീ. 73:21), സ്വയം ശാസിക്കുവാനും (ഇയ്യോ. 27:6) കഴിയുന്നു.

### c. ഇച്ഛാശക്തിയുടെ കേന്ദ്രം.

ഇച്ഛകളുടെ മുഖ്യസ്ഥാനവും ഹൃദയംതന്നെയാണ്. അതിനു ദൈവത്തെ അന്വേഷിപ്പാനും (ആവ. 4:29) മാറ്റം വരുത്തുവാനും (പുറ. 14:5), ദൈവത്തിനെതിരായി കഠിനപ്പെടുവാൻപോലും (പുറ. 8:15; എബ്രാ. 4:7) കഴിയും.

### d. ആത്മീയ ജീവന്റെ കേന്ദ്രം.

ആത്മീയ ജീവിതത്തിന്റെ കേന്ദ്രവും ഹൃദയം തന്നെയാണ്. ദൈവവചനം പറയുന്നതു, “ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുന്നു” (റോമ. 10:9,10) എന്നാണ്. വിശ്വാസിയുടെ ഹൃദയം ദൈവപുത്രന്റെയും (1 പത്രോ. 3:15; എഫേ. 3:17) പരിശുദ്ധാത്മാവിന്റെയും ഭവനമാകുന്നു (2 കൊരി. 1:22).

## 5. മനഃസാക്ഷി അഥവാ അന്തഃകരണം.

‘മനസാക്ഷി” എന്ന പദം പുതിയ നിയമത്തിൽ മാത്രമേ കാണുന്നുള്ളു. മനസ്സാക്ഷിയുടെ പ്രവർത്തനത്തെ പഴയ നിയമത്തിൽ “ഹൃദയം” എന്ന വാക്കുകൊണ്ടാണ് വെളിപ്പെടുത്തിയിരിക്കുന്നത് (1 ശമു. 24:5; ഇയ്യോ. 27:6), ഇതിന്റെ ഗ്രീക്കുപദം “സുനെയിഡെസീസ്” (SUNEIDESIS) എന്നാണ് “ഒന്നിനെ അറിയുക’, “തന്നെത്താൻ മനസ്സിലാക്കുക” എന്നാണ് അതിന്റെ അർത്ഥം. വ്യക്തികളുടെ ശരിയും തെറ്റിനെയുംക്കുറിച്ചുള്ള നിഗമനത്തെയാണിതു ചൂണ്ടിക്കാട്ടുന്നത്. ശരിയെന്നു മനസ്സിലാക്കിയ കാര്യങ്ങളെ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ സഹായിക്കുന്ന മനുഷ്യനിലെ ഭാഗമാണ് മനസ്സാക്ഷി. ഇന്നതുശരി ഇന്നതു തെറ്റ് എന്നു മനസ്സാക്ഷി പഠിപ്പിക്കുന്നില്ല; ആയതിനാൽ “നല്ല മനസ്സാക്ഷിയ്ക്കും” തെറ്റു ചെയ്യാൻ കഴിയും.

ദൈവീക അളവിൻപ്രകാരമുള്ള ശരിയും തെറ്റും മനസ്സിലാക്കി രക്ഷിക്കപ്പെടാത്ത വ്യക്തിയെ അതിൻപ്രകാരം നയിക്കുന്നത് മനസാക്ഷിയാണ് (റോമ. 2:15; യോഹ. 8:9). മനസാക്ഷി ചിലപ്പോൾ **“ഇരുമ്പു പഴുപ്പിച്ച് പൊള്ളിച്ചതുപോലെ”** (ചൂടുവച്ചതായി) ആയിതീരാം (1 തിമോ. 4:2), അത് ഒരുവൻ മനഃപൂർവ്വം ദൈവീക അളവിനെ ത്യജിക്കുംമ്പോഴാണ്. ദൈവത്തിന്റെ തോതിനെ അഥവാ മാനദണ്ഡത്തെ ലംഘിക്കുമ്പോഴാണ് മനസാക്ഷി മലിനപ്പെടുന്നത് (തീത്തു. 1:15) എന്നാൽ മനസാക്ഷിയെ ചീത്തയായ അവസ്ഥയിൽനിന്നു ശുദ്ധീകരിക്കാവുന്നതും ആകുന്നു (എബ്രാ. 10:22).

ഒരു ക്രിസ്ത്യാനിയുടെ മനസാക്ഷി പരിശുദ്ധാത്മാവിന്റെ ബോധവല്ക്കണത്താലും സമ്മർദ്ദത്താലും ജീവിതത്തിന്റെ വിവിധ മേഖലകളിൽ ശരിയായതു പ്രവർത്തിക്കുവാൻ സഹായിക്കുന്നു. അവന്റെമേൽ അധികാരമുള്ള ഗവർമ്മെന്റിനു കീഴ്പ്പെടുവാനും (റോമ. 13:5) അതിൽ യജമാനനെ സേവിക്കാനും (1 പത്രോ. 2:19) ബലഹീന സഹോദരന്റെ മനസ്സാക്ഷിയെ വൃണപ്പെടുത്താതിരിപ്പാനും (1 കൊരി. 8:7,10,12) നിർബ്ബന്ധിക്കുന്നതു പരിശുദ്ധാത്മാവാണ്.

## 6. മനസ്സ്.

ഗ്രീക്കുഭാഷയിൽ **“നോഊസ്”** (NOUS) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. മനസ്സ് എന്ന പ്രത്യേക സ്ഥലത്താണ് പഞ്ചേന്ദ്രിയങ്ങളും, വികാരങ്ങളും, ബുദ്ധിയും സമ്മേളിച്ചു മൂല്ല്യനിർണ്ണയം നടത്തി അന്തിമ തീരുമാനം എടുക്കുന്നത്. മനുഷ്യ മസ്തിഷ്കത്തിന്റെയും, പ്രാണന്റെയും പ്രവർത്തികളും ഇതിൽപ്പെടും, ആകയാൽ മനുഷ്യനിലെ ഭൗതികവും അമർത്യവുമായ ഭാഗങ്ങളുടെ സമ്മേളനസ്ഥലമാണ് മനസ്സ്. W.E. വീനെസ്സ് ഇപ്രകാരമാണു പറഞ്ഞിരിക്കുന്നത്:

“അന്തർബോധത്തിന്റെ പ്രതിഫലനം നടക്കുന്ന സ്ഥാനമാണ് മനസ്സ്. കഴിവ്, പ്രചോദനം, വിവേകം, വിധി, തീരുമാനങ്ങൾ എന്നിവയെല്ലാം ഉൾപ്പെട്ടതാണിത്. ഇതിനോടു ബന്ധപ്പെട്ടിരിക്കുന്ന ഗ്രീക്കു വാക്കുകൾ “ഡിയാനോയിയ” (Dianoia) ഇതിൽകൂടെ ചിന്തിക്കുക എന്നർത്ഥം. “ഇന്നോയിയ” (Ennoia) “ആശയം”, “ധാരണ”, “ഉദ്ദേശം” എന്നാണർത്ഥം. മനസ്സും, ഹൃദയവും ബന്ധപ്പെട്ടാണു കിടക്കുന്ന തെങ്കിലും അവ തമ്മിൽ വ്യത്യാസമുണ്ട്” (എബ്രാ. 8:10,16). 106

പഴയനിയമത്തിൽ മനസ്സിനെ വെളിപ്പെടുത്തുന്ന ഒരു എബ്രായവാക്കുപോലുമില്ല, അവിടെ എല്ലാം ഹൃദയത്തെക്കുറിച്ചും പ്രാണനെക്കുറിച്ചും, ആത്മാവിനെക്കുറിച്ചുമാണ് പരാമർശം. അതുകൊണ്ട് ഗ്രീക്കു പദത്തിന്റെ ഉപയോഗം മൂലമേ നമുക്കെന്തെങ്കിലും മനസ്സിനെക്കുറിച്ചു മനസ്സിലാക്കാൻ കഴിയൂ.

രക്ഷിക്കപ്പെട്ടവർക്കും അല്ലാത്തവർക്കും മനസ്സുണ്ട് (റോമ. 14:5) ദൈവം ഒരാൾക്കു കൊടുത്തിരിക്കുന്ന മനസ്സു കൊണ്ട് അവൻ എന്തു ചിന്തിക്കുന്നു. എന്തു പ്രാർത്ഥിക്കുന്നു എന്നറിയാൻ ദൈവം പ്രധാന്യത നല്കുന്നുണ്ട് (എഫേ. 4:17.18; എബ്രാ. 4:12). ഇവിടെ “ഇന്നോയിയ”(ENNOIA) എന്ന വാക്കിന് “നിശ്ചയം” എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. ദൈവത്തിനും ഒരു മനസ്സു (ഇംഗിതം) ള്ളതുകൊണ്ട് അതു എന്താണെന്നറിയേണ്ടത് നമ്മുടെ കടമയാണ് (റോമ. 11:34; 1 കൊരി. 2:16). അവനെ സ്നേഹിപ്പാനായിട്ടും (മത്താ. 22:37; മർക്കോ. 12:30; ലൂക്കോ. 10:27) അവനെ തിരിച്ചറിയേണ്ടതിനും (ലൂക്കോ. 24:45) വേണ്ടിയാണ് നമുക്കു മനസ്സു തന്നിരിക്കുന്നത്. ക്രിസ്തീയമനസ്സ പിതാവായ ദൈവത്തിലും പുത്രനായ ദൈവത്തിലും ഉള്ള സത്യങ്ങളെ മനസ്സിലാകതക്കവിധമാണ് രൂപകല്പന ചെയ്തിരിക്കുന്നത് (1 യോഹ. 5:20 ഇവിടെ ഡിയാനോയിയ (Dianoia) എന്ന വാക്കിന് “മനസ്സിലാക്കുക” എന്ന അർത്ഥമാണ് കൊടുത്തിരിക്കുന്നത്).

നമുക്ക് യുക്തിപരമായി ചിന്തിക്കാൻ വേണ്ടികൂടിയാണ് ദൈവം മനസ്സിനെ തന്നിരിക്കുന്നതു ഇതിന്റെ വ്യക്തമായ തെളിവാണ് മാതമാറ്റിക്സിലെ ഫോർമുലകൾ നമുക്കു കൂട്ടിയെടുക്കുവാൻ കഴിയുന്നതും (വെളി. 13:18), യുക്തിചിന്തകളുടെ ഫലം (വെളി. 17:9) മനസ്സിലാക്കാൻ കഴിയുന്നതും. മനസ്സിന്റെ ഈ തീരുമാനങ്ങളെ മനസ്സിലാക്കാനുള്ള കഴിവാണ് നമ്മുടെ മനസ്സാക്ഷിയെ നയിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും. (റോമ. 7: 23,25) ഈ വ്യക്തിഗത വികസനം മറ്റുള്ളവരെ നയിക്കാനും ഉപദേശിപ്പാനുമുള്ള കഴിവിലേക്കും (1 കൊരി. 14:19) കർത്താവിന്റെ ശരീരമാകുന്ന സഭയുടെ ഐക്യത നിലനിർത്തുന്ന പ്രത്യാശ പൂർണ്ണമായ വളർച്ചയിലേക്കും നയിക്കുന്നു (1 കൊരി. 1:10) മനസ്സ്, സ്വയത്തോടും, ദൈവത്തോടും, മറ്റുള്ളവരോടും, വിശ്വസ്തത പുലർത്തേണ്ടതാണ് (2 പത്രോ. 3:1) അപ്രകാരം തന്നെ മനുഷ്യാത്മാവിനോടു ചേർന്ന എല്ലാ രംഗംങ്ങളിലും പ്രവർത്തിക്കാതക്കവണ്ണവുമാണ് മനസ്സിനെ ക്രമീകരിച്ചിരിക്കുന്നതു (1 കൊരി. 14:15).

ദൈവസേവയ്ക്കായി മനസ്സിനെ പ്രയോജനപ്പെടുത്താൻ കഴിയുന്നതുപോലെതന്നെ (മർക്കോ. 12:30) ദൈവത്തിനെതിരായി അവന്റെ മാനദണ്ഡത്തെ കണക്കാക്കാതെ ദുഷ്പ്രവർത്തി ചെയ്യാനും കഴിയുന്നതാണ്. (റോമ. 1:28; 1 തിമോ. 6:5; 2 തിമോ. 3:8) ദൈവത്തോടു മത്സരിപ്പാനും (കൊലോ. 1:21), അങ്ങനെ മലിനമാകാനും മനസ്സിനു കഴിയുന്നു (തീത്തൂ. 1:15).

ഒരു വിശ്വാസിയുടെ മനസ്സ നിഷ്ഫലമാകാൻ സാദ്ധ്യതയുണ്ട് (1 കൊരി. 14:14). അതിനുകാരണം അഹങ്കാരവും, സ്വാർത്ഥതയും ജഡീകചിന്തകളുമാണ്. (ലൂക്കോ. 1:51; എഫേ. 2:3; കോലോ. 2:18) വ്യാജോപദേശത്തെ ശരിയെന്നു വിശ്വസിക്കുമ്പോൾ അതിന് ഇളക്കം തട്ടാൻ സാധിക്കും (2 തെസ്സ. 2:2).

ഇവിടെ നോഊസ് (NOUS) എന്ന വാക്ക് തർജ്ജിമചെയ്തിരിക്കുന്നത് “ആത്മസംയമനം” എന്ന അർത്ഥത്തിലാണ്. വളരെ കൃതജ്ഞതയോടെ നമുക്ക് സ്മരിക്കാൻ വകയുണ്ട് എന്തെന്നാൽ ദൈവ ഇഷ്ടം അറിവാൻ തക്കവിധം മനസ്സു പുതുക്കം പ്രാപിക്കാൻ കഴിയും (റോമ. 12:2), പാപവഴികളെ വിട്ടുമാറുവാനും (എഫേ. 4:22–24), പ്രവർത്തിക്കുവാനുള്ള സന്നദ്ധത കാണിപ്പാനും (1 പത്രോ. 1:13), ഒരു പ്രതീക്ഷിതമായ കഷ്ടപ്പാടുകൾക്കായി ഒരുങ്ങിയിരിപ്പാനും (1 പത്രോ. 4:1) ഇവിടെയാണ് ഇന്നോയിയ എന്ന വാക്കിന്റെ അർത്ഥം “ഉദ്ദേശം” എന്ന തർജ്ജിമ ചെയ്തിരിക്കുന്നതും ദൈവസമാധാനത്താൽ ചുറ്റപ്പെട്ടിരിക്കുന്നതും (ഫിലി. 4:7).

### 7. ജഡം.

ജീവനുള്ള ദേഹിയായ മനുഷ്യന്റെ ഭൗതീക സ്വഭാവത്തെ കാണിക്കുവാൻ ‘ജഡം’ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതുപോലെ ചിലപ്പോൾ അതു ശരീരത്തെ ആവരണം ചെയ്തിരിക്കുന്ന കലകളെയും (ഉല്പ. 2:21; പുറ. 12:8; ലൂക്കോ. 24:39) അതുമല്ലെങ്കിൽ സംപൂർണ്ണ ഭൗതീക ജീവനെയും കാണിക്കുന്നു (ഉല്പ. 6:17,19; 1 കൊരി. 15:39; എബ്രാ. 5:7). വേദപുസ്തക പ്രകാരം ജഡം എന്നതു ഭൗതികവും, അഭൗതികവുമായ കാര്യങ്ങൾ തമ്മിൽ ബന്ധ

പ്പെട്ടു കിടക്കുകയാണ്.

ദൈവം ജഡമെടുത്ത് ഭൂമിയിൽ വന്നത് ദാവീദിന്റെ സന്തതിയായി ജനിച്ച യേശു ക്രിസ്തുവിലാണ് (യോഹ 1:1,14; 1 തിമോ 3:16; റോമ 1:3, 9:5). ഇതിന്റെ അർത്ഥം ദൈവം വാസ്തവത്തിൽ പാപശരിരമുള്ള മനുഷ്യനെപോലെ തന്നെ മനുഷ്യനായി അവതരിച്ചെങ്കിലും അവന്റെ ശരീരത്തിൽ പാപം ഇല്ലായിരുന്നു (റോമ. 8:3). അവൻ ഒരേ സമയം ദാവീദിന്റെ കർത്താവും ദാവീദിന്റെ സന്തതിയും ആയിരുന്നു (മത്താ 22:45) യേശു നമ്മുടെ പാപം വഹിക്കുവാനായിട്ടണ് അവതരിച്ചത്, അതുവഴി മനുഷ്യവർഗ്ഗത്തിനു ദൈവത്തോടു സമാധാനം ഉണ്ടാക്കുകയും (എഫേ 2:14-15 കൊലേ 1:22-23), പിശാചിന്റെ അധികാരം തകർക്കുകയും ചെയ്തു (എബ്രാ, 2:14). തിരുവെഴുത്തു വ്യക്തമായി പറഞ്ഞിരിക്കുന്നു യേശുക്രിസ്തു ജഡമെടുത്തിട്ടില്ലായെന്നു വാദിക്കുന്ന ദുരുപദേശകന്മാർ കടന്നുവരുമെന്ന് (1 യോഹ 4:2, 2യോഹ 1:7).

ദൈവം ജഡമെടുക്കേണ്ടതിന്റെ ആവശ്യകതയെ പഴയനിയമത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. സമാഗമന കൂടാരത്തിലെയും, ദേവാലയത്തിലേയും "തിരശീല" ഇതിന്റെ ഒരു സാദൃശ്യമായിരുന്നു എന്തന്നാൽ യേശുവിന്റെ ദേഹമെന്ന തിരശില കീറിയതിനാൽ മനുഷ്യവർഗ്ഗത്തിന് നിത്യജീവനിലേക്കും പ്രവേശനവും സാദ്ധ്യമായി (എബ്ര. 10:19-20; മത്താ 27:51). മരുഭൂമിയിൽ യിസ്രായേൽ മക്കൾ ഭക്ഷിച്ച "മന്ന" അവരുടെ പരിപോഷണത്തിനുപയുക്തമായിരുന്നതുപോലെ അതിന്റെ പൊരുളായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ വിടുതലിനും, പരിപോഷണത്തിനുമായി ദൈവം കൃപയാൽ തന്നിരിക്കുകയാണ്, വിശ്വാസത്താൽ നമുക്കതിന്റെ ഓഹരിക്കാരാകാം (പുറ. 16:31-35, യോഹ 6:51-56). യേശുവിന്റെ ശരീരം ദ്രവത്വം കണ്ടില്ലായെന്നു അവന്റെ ഉയർത്തെഴുന്നേല്പിന്റെ യാതാർത്ഥ്യത്തെ മുൻകൂട്ടി സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നു (സങ്കി. 16:10; അപ്പോ. പ്ര. 2:31) ദൈവം പ്രാർത്ഥനയ്ക്കു മറുപടി തരുന്നു എന്നതും ഇതു വെളിപ്പെടുത്തുന്നു (എബ്രാ. 5:7).

യേശുക്രിസ്തുവിന്റെ ശരീരത്തിലെ കഷ്ടപാടുകൾ മനുഷ്യവർഗ്ഗത്തിനു അനുകരിക്കുവാൻ വേണ്ടികൂടിയാണ് (1 പത്രോ 4:1-2) മനുഷ്യശരീരം പാപത്തിന്റെ ഉരുക്കുകോട്ടയും, പരിശുദ്ധാത്മാവിനോടു പോരാടുന്നതിനുള്ള യുദ്ധകളവുമായിട്ടാണ് സാധാരണ കാണാൻ സാധിക്കുന്നത് (ഗലാ. 5:16-17).

എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയും പങ്കാളിത്തവും പാപത്തെയും അതിന്റെ പരിണിതഫലത്തെയും ചൂണ്ടിക്കാട്ടുക എന്നതാണ് (യോഹ 16:8-11). ജഡത്തിന്റെ പ്രത്യേ സ്വഭാവവിശേഷങ്ങൾ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആത്മാവില്ലാതെ ജഡം ജീവനില്ലാത്തതാണ് (യോഹ 6:63) ജടത്തിൽ നിന്നു ജഡം മാത്രം ഉണ്ടാകുമ്പോൾ പരിശുദ്ധാത്മാവ് ജഡത്തിനു ജീവിക്കാൻ ആവശ്യമായിരിക്കുന്ന ആത്മാവിനെയും നല്കുന്നു (യോഹ 3:6). നമ്മൾ ജഡത്തെ സ്നേഹിക്കുന്നു, പോഷിപ്പിച്ചു രക്ഷിക്കുന്നു (എഫേ 5:28-29) ജഡത്തിന് വിവേകം പ്രാപിക്കാൻ സാധിക്കും (1 കൊരി. 1:26-29).

തന്മൂലം രക്ഷിക്കപ്പെടാത്ത ജഡത്തിനു പരീക്ഷകളെ നേരിടാൻ കഴിയുന്നതല്ല (മത്താ. 26:41). മനുഷ്യവർഗ്ഗത്തിന്റെ സാധാരണ ജീവിതം ജഡത്തിന്റെ ആസക്തിയിലാണ് (എഫേ. 2:3) അതുകൊണ്ട് മനസ്സിന്റെ ചിന്താഗതിയിൽ ജഡം തടസ്സം സൃഷ്ടിക്കുകയും (കൊലേ 2:18) തെറ്റായ ആഗ്രഹങ്ങളുടെ ആസ്കതിയാൽ ഇഷ്ടമില്ലാത്ത അധികാരങ്ങൾ ചൂണ്ടികാട്ടുകയും ചെയ്യുന്നു (2 പത്രോ. 2:9-10). ആകയാൽ ക്രിസ്ത്യാനി (വിശ്വാസി) തങ്ങളുടെ മേൽ അധികാരം നടത്തുന്ന ജഡീകന്മാരെ മനസ്സിലാക്കി സേവിക്കാൻ വേണ്ടുന്ന അറിവു പ്രാപിച്ചു വളരേണ്ടതാണ് (എഫേ. 6:5) ദൈവീക പ്രമാണങ്ങളെ അനുസരിക്കാൻ വിസമ്മിതിക്കുന്ന അധികാരികൾക്കു കീഴ്പെട്ടുപോകുന്നതു യുദ്ധത്തിനു തുല്ല്യമായിരിക്കും (റോമ. 7:5).

നാം ആരേയും ജഡപ്രകാരം വിധിക്കുന്നില്ലെങ്കിലും ജഡത്തിൽ വസിക്കുന്ന നമ്മളെ മറ്റുള്ളവർ വിധിക്കുന്നതായിരിക്കും (യോഹ 8:15). ജഡത്തിന്റെ പ്രവർത്തികൾ കണക്കാക്കി ആരെയും നാം ബഹുമാനിക്കേണ്ടതില്ല (2 കൊരി 5:16)ന്നുമാത്രമല്ല ജഡപ്രകാരമുള്ള മതാനുഷ്ഠാനങ്ങൾ, പാരമ്പര്യ ശാസ്ത്രങ്ങൾ, പൗരത്വം, അതിരുകടന്ന നീതി പ്രവർത്തികൾ (ഫിലി. 3:2-7), എന്നിവയിൽ ആശ്രയിക്കേണ്ട ആവശ്യവുമില്ല. എത്രകാലം ജഡത്തിൽ വസിക്കുമോ അത്രയും നാൾ ദൈവഹിതത്തിനനുസരിച്ചു ജീവിക്കയാണ് വേണ്ടത് (1പത്രോ 4:6).

ജഡത്തിന് പലവിധ ബലഹീനതകൾ ഉണ്ട്. പാപത്തോടു പോരാടുന്നതിൽ അതു ബലഹീനമാണ് (റോമ. 6:19). എന്തെന്നാൽ ലോകം എപ്പോഴും പാപത്തിന്റെ ആഗ്രഹങ്ങളാൽ ആകർഷിച്ചു കൊണ്ടാണിരിക്കുന്നത് (1 യോഹ. 2:16). ജഡം അതിൽതന്നെ പല പാപങ്ങളും പൂരിപ്പിക്കാൻ പ്രേരിപ്പിക്കുന്നതിനാൽ പാപിക്കു നഷ്ടമാകുന്നത് നിത്യമായ അനുഗ്രഹങ്ങളാണ് (ഗലാ. 5:19-21). ജഡത്തിന്റെ സ്വാർത്ഥപരമായ മുന്നേറ്റം അതിനുതന്നെ ഭാവി നാശം സ്വരൂപിക്കുയാണ് (ഗലാ 6:8). സകല ജഡവും വാടിപോകുന്നതാണ് (1 പത്രോ 1:24-25), എന്നാലും വ്യാജോപദേഷ്ടാക്കൾ

ഈ ജഡത്തിന്റെ ആഗ്രഹങ്ങളാൽ മോഹിപ്പിച്ചാണ് അവരുടെ അനുയായികളെ പിടിച്ചു നിർത്തുന്നത് (2 പത്രോ 2:18-19).

ലൈംഗീക കാര്യങ്ങളിലും ജഡം ബലഹീനമാണ്. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ ഒരു ശരീരമായി തീരുന്ന തീരുന്ന വിവാഹ ബന്ധം ദൈവമുമ്പാകെ മാന്യവും, വിശുദ്ധവുമാണ്. ആകയാൽ അന്യജഡം മോഹിച്ചു പോകുന്നത് - സ്വവർഗ്ഗരതി, (പുരുഷന്മാർ തമ്മിലും സ്ത്രീകൾ തമ്മിലും) മൃഗീയവാസന എന്നിവ ഇതിൽ പെടും - പാപമാണ് (മത്താ. 10:8, യുദ 1:7). മനഃപൂർവ്വമായ ജഡത്തിന്റെ പാപങ്ങൾ എല്ലാം നാശകരമാണ് (1കൊരി 5:5).

ജഡത്തിന്റെ മറ്റൊരു ബലഹീനത നിയന്ത്രണമില്ലാത്ത അസത്യ ഭാഷണമാണ് (2 കൊരി 1:17) ഇതു വിശ്വാസി യുടെ സ്ഥിരത നഷ്ടപ്പെടുത്തുന്നതായിരിക്കും. അനുനിമിഷത്തിലും സാഹചര്യത്തിനൊത്തു മനസ്സുമാറികൊണ്ടി രുന്നാൽ വിശ്വാസിയുടെ ജീവിതം പതറുകയും കുഴപ്പത്തിൽ കിടന്നലയുവാനും ഇടവരും. ജഡത്തിന് അതിന്റേ തായ പരിമിധികളുണ്ട്.

ജഡത്തിൽ നാം എന്തു ചെയ്താലും (ഉദാഹരണമായി പരിച്ഛേദന) അതു ഒരിക്കലും ആത്മീകതയുടെ തെളിവല്ല (റോമ 2:28). മതകർമ്മങ്ങൾ ബലഹീനതകൾക്കും ജഡത്തിന്റെ പരിധികൾക്കും പരിഹാരമല്ല (കൊലോ. 2:23; 1 പത്രോ. 3:21).

ന്യായപ്രമാണത്തിന്റെ ആചരണത്താൽ ജഡം നീതീകരിക്കപ്പെടുകയുമില്ല (റോമ. 3:19-20). ജഡത്തിനു തനിയേ നന്മ പ്രവർത്തിക്കുവാനോ (റോമ 7:18) മാംസരക്തങ്ങൾക്ക് ദൈവീക അനുഗ്രഹങ്ങൾ പ്രാപിക്കുവാനോ സാധിക്ക യില്ല (1 കൊരി. 15:20) ജഡത്തിൽ ദൈവ പ്രകാശം കടന്നുവരേണ്ടിയിരിക്കുന്നു (മത്താ 16:17).

വിശ്വാസിയുടെ ജീവിതത്തിൽ എന്നും ജഡത്തോടുള്ള പോരാട്ടം ഉണ്ട്. ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിക്കു മ്പോൾ അവൻ ചെയ്ത ജഡത്തിന്റെ പാപങ്ങൾക്കു (ഗലാ. 5:24) പ്രായശ്ചിത്തമായി യേശുമരിച്ചെന്ന് തിരിച്ചറിയു ന്നു. എങ്കിലും ഈ യാതാർത്ഥ്യം ആസ്വദിക്കുന്നതിന് വിശ്വാസി ആത്മീകമായി വളരേണ്ടതുണ്ട്. വളർച്ചയില്ലാത്ത വിശ്വാസി ഒരു പക്ഷേ താൻ ദൈവകരങ്ങളിൽ സുഭദ്രനാണന്നും (യോഹ. 10:27-30).

യേശുക്രിസ്തുവിനാണ് സ്വതന്ത്രനാക്കപ്പെട്ടവനാണന്നും (ഗലാ. 5:1) വിചാരിച്ച് തെറ്റായി ജഡത്തിന്റെ മോഹ ങ്ങളെ പിൻതുടർന്നേക്കാം; എന്നാൽ ഓർക്കുക, ഭദ്രതയും, സ്വാതന്ത്ര്യവും ഒരിക്കലും ജഡത്തിന്റെ മോഹങ്ങളെ പിൻതുടരുവാനുള്ള അവസരമല്ല (ഗലാ. 5:13) ഇതു പോരാട്ടത്തിന്റെ ഒരു ഭാഗമാണ്.

പോരാട്ടത്തിന്റെ മറ്റൊരുഭാഗം ജഡം അതിന്റെ ഇച്ഛ (യോഹ. 1:13 - ജഡത്തിന് അതിന്റേതായ ഇഷ്ടം ഉണ്ട്) യുടെ നിവൃത്തിക്കായി പാപം ചെയ്യാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ മനസ്സുമായിട്ടും (റോമ. 7:25) പരിശുദ്ധാത്മാവുമായിട്ടും നടത്തുന്ന ഏറ്റുമുട്ടലാണിത് (ഗലാ 5:16). പരിശുദ്ധാത്മാവിന്റെ കാര്യങ്ങളെ പിൻപറ്റണമോ, അതോ ജഡത്തിന്റെ പാപാഭിലാഷങ്ങളെ പിൻപറ്റണമോ എന്നു തീരുമാനിക്കേണ്ടത് വിശ്വാസിയാണ് (റോമ 8:3-13). പരിശുദ്ധാത്മശ ക്തിയാൽ മാത്രമേ ജഡത്തിന്റെ ആഗ്രഹങ്ങളെ കീഴടക്കുവാൻ സാധിക്കയുള്ളു (ഗലാ. 3:3, 5:16) കുറിക്കൊള്ളുക, നാം നേരിടുന്ന യഥാർത്ഥമായ ആത്മീകയുദ്ധം മറ്റുള്ളവരുടെ ജഡത്തിൽ നിന്നല്ല (2 കൊരി. 10:2-3) സാത്താ നോടും അവന്റെ സൈന്യത്തോടുമാണ് (എഫേ. 6:12).

നമ്മുടെ ആത്മീകയാത്രയുടെ ഒരു ഭാഗം എല്ലാവിധ ജഡത്തിന്റെ മലിനതകളിൽ നിന്നും ശുദ്ധരായി വിശുദ്ധ ജീവിതം നയിക്കുക എന്നതാണ് (2 കൊരി. 7:1). യേശുക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലേക്കു ക്ഷണിച്ച് ജഡിക മോഹങ്ങളെ പുറത്താക്കുവാൻ അവനെ അനുവദിക്കയും വേണം (റോമ. 13:14) അപ്പോൾ അവൻ നമ്മുടെ (മർത്യശരീരത്തിൽ) ജഡത്തിൽ വെളിപ്പെടും (പ്രത്യക്ഷനാകും) (2 കൊരി. 4:11). ഇതു സാധിക്കുന്നതു യേശുക്രി സ്തുവിലുള്ള വിശ്വാസം കൊണ്ടു മാത്രമാണ് (ഗലാ. 2: 20), അതായത് നമ്മുടെ ജഡശരീരവും യേശുക്രിസ്തു വിന്റെ ശരീരമാകുന്ന സഭയ്ക്കു സമർപ്പിച്ചതായിരിക്കണം (കൊലോ. 1:24).

നാം അഹങ്കരിച്ചുപോകാരിപ്പാൻ നമ്മെ സ്നേഹിക്കുന്ന കർത്താവ് "ജഡത്തിൽ ചില ശൂലങ്ങളും" തരുമെന്ന കാര്യം ഓർത്തിരിക്കണം (2 കൊരി. 12:7).

### 8. പാപപ്രകൃതം.

ആദാമിന്റെ പാപം സന്തതി പരമ്പരകളായി മനുഷ്യവർഗ്ഗത്തിൽ മുഴുവനായി വ്യാപിക്കുകയായിരുന്നു. ഈ യാതാർത്ഥ്യത്തെയാണ് **"പാപപ്രകൃതം"** എന്ന വാക്കുകൊണ്ട് വിവരിചച്ചിരിക്കുന്നത്. ജഡപ്രകാരമുള്ള മാതാപി താക്കളിൽ നിന്നു ജനിക്കാതിരുന്ന യേശുക്രിസ്തു ഒഴികെ മനുഷ്യനായി പിറന്നിരിക്കുന്ന ഏവനും ആദാമ്യപാപ ത്തിനു അധിനരും തന്മൂലം ശിക്ഷാർഹരുമാണ് (റോമ. 5:12-14; 18-19) പാപപ്രകൃതം ജഡത്തിന്റെ ഒരു ഭാഗമാക യാൽ അതു പ്രത്യേകാൽ ഓരോ വ്യക്തിയുടെയും പാപമായി പരിണമിക്കുന്നു.

“പാപസ്വഭാവം” ജഡത്തിന്റെ സ്വഭാവമാണ്, ഇത് വ്യക്തിപരമായ ജീവിതത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

“ ദൈവത്തിന്റെ പദ്ധതി” എന്നതിൽ മനുഷ്യന്റെ പാപസ്വഭാവത്തെപ്പറ്റി പഠിക്കാം.

## 9. ഇച്ഛാശക്തി (ആജ്ഞാശക്തി).

മനുഷ്യന്റെ അഭിലാഷം അഥവാ ആത്മവിശ്വാസം വെളിപ്പെടുത്തുന്നതിന് രണ്ടു ഗ്രീക്കു പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഒന്നാമത്തെ വാക്ക് **“തെലിമാ”** (THELEMA) ആണ് ഇത് ആഗ്രഹത്തെ ചൂണ്ടികാണിക്കുന്നു. രണ്ടാമത്തേത് **“ബൗളേമാ”** (BOULEMA) എന്നു പറയുന്നു. ഇതിന് “രൂപരേഖ” എന്നാണ് അർത്ഥം, രണ്ടു വാക്കുകളും ദൈവത്തിന്റെ ആഗ്രഹങ്ങളെയും പദ്ധതി അഥവാ രുപരേഖയെ വെളിപ്പെടുത്തുവാനാണ് ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യൻ ദൈവ സ്വരൂപത്തിൽ സൃഷ്ടിച്ചിരിക്കയാൽ ദൈവത്തിനുള്ളതുപോലെ ഇച്ഛാശക്തി അവനുമുണ്ട്.

മനുഷ്യന്റെ ആജ്ഞാ ശക്തി കഠിനമായിരിക്കാം. ദൈവത്തിനുവേണ്ടിയും ദൈവത്തിനെതിരായും തീരുമാനമെടുക്കാൻ (യോശു 24:15) അവനുകഴിയും ***“ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതുചെയ്തു”*** (എഫേ. 2:3). എന്നാൽ തന്നിലുള്ള പാപ പ്രകൃതത്തിൻമേൽ വിജയം നേടുവാൻ മനുഷ്യന്റെ ഇച്ഛാശക്തിക്കു സാധിക്കുന്നതല്ല (റോമ 7:15-21). ആകയാലാണ് പരിശുദ്ധാത്മാവു യേശു ക്രിസ്തുവിൽ കൂടെ തരുന്ന ശക്തിയുപയോഗിച്ച് ***“എല്ലാം ചെയ്യുവാൻ”*** നമുക്ക് ആലോചന തരുന്നത് (ഫിലി. 4:13).

മനുഷ്യന്റെ തീരുമാനങ്ങൾ (ആഗ്രഹങ്ങൾ) എത്ര ശക്തമായിരുന്നാലും അതവനെ രക്ഷിക്കയില്ല (യോഹ 1:12 -13). രക്ഷിക്കപ്പെടുവാനായി ദൈവീകദാനമായ യേശു ക്രിസ്തുവിൽ വിശ്വസിക്കേണ്ടത് അത്യാവശ്യമാണ് (യോഹ 1:12-13, അപ്പോ. പ്ര. 4:12) ഒരുവൻ ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവന് നിത്യജീവൻ ലഭിക്കുന്നതിനാൽ അവൻ നഷ്ടപ്പെടുന്നില്ല (യോഹ 6:39-40).

ദൈവത്തിന് അവന്റേതുപോലത്തെ ആഗ്രഹം മനുഷ്യനിലും ഉണ്ടാകുന്നതാണ് ഇഷ്ടം. ഈ കാര്യം യേശുക്രിസ്തു നമ്മെ പഠിപ്പിക്കുകയും അങ്ങനെ ജീവിച്ചു കാണിക്കുകയും ചെയ്തു (യോഹ 5:30, 6:38 -39) ഇതുകൊണ്ടാണ് ദാവീദിനെ “ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ള പുരുഷൻ” അഥവാ ദൈവഹിതം ചെയ്യുന്നവൻ (അപ്പോ. പ്ര. 13:22) എന്നു പറഞ്ഞിരിക്കുന്നത്. ജീവിതത്തിൽ നിരവധി വിഷമ പ്രശ്നങ്ങൾ ഉണ്ടായിരുന്നിട്ടും അവൻ ദൈവഹിതം ചെയ്യുന്നവനായിരുന്നു.

നമ്മുടെ ജീവിത്തിൽ ദൈവഹിതം ചെയ്യുക എന്നതു നമ്മുടെ ബുദ്ധിക്കു മനസ്സിലാക്കാൻ പ്രയാസമേറിയ ഒന്നാണ് (യോഹ. 7:17). വിദ്യാഭ്യാസപരമായ വളർച്ചയാൽ ദൈവഹിതം ചെയ്യുക എന്നല്ല മറിച്ച് രൂപാന്തരം പ്രാപിച്ചു അവന്റെ ഇഷ്ടം ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഒരാൾ ദൈവവചനം പഠിക്കുകയും അതിൻ പ്രകാരം ജീവിക്കാതിരിക്കയും ചെയ്യുന്നെങ്കിൽ ജീവിതത്തെകുറിച്ചുള്ള അവന്റെ കാഴ്ചപാട് വിരൂപമായിരിക്കും; ദൈവവചനത്തിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ മനുഷ്യനു സ്വന്ത തീരുമാനങ്ങളനുസരിച്ച് സംരക്ഷിക്കുവാനും (മത്താ 1:19), നിയമമാർഗ്ഗങ്ങൾ അപരനെതിരായി കൊണ്ടുവരാനും (മത്താ. 5:40), മറ്റുള്ളവനോടു കടം വാങ്ങാനും (മത്താ. 5:42) കഴിയും യേശുക്രിസ്തുവിന്റെ പിൻപറ്റുവാനും (മത്താ. 16:24-25), മഹാൻ ആകുവാനും (മത്താ. 20:26 -27), ദൈവീക ജീവിതം നയിപ്പാനും (2തിമോ 3:12) മറ്റുള്ളവരിൽ നിന്ന് ശുശ്രൂഷ സ്വീകരിപ്പാനും (മത്താ. 7:12) മനുഷ്യന് കഴിയുന്നതാണ്.

മനുഷ്യന്റെ തീരുമാനം ആഗ്രഹത്തേക്കാൾ ഒരു ചുവടു കടക്കുംമ്പോഴാണ് അതൊരു പദ്ധതി ആയിത്തീരുന്നത് ഗ്രീക്കുപദം “ബൊയുലേമാ” (BOULEMA) യുടെ അർത്ഥം **“ആഗ്രഹങ്ങൾ പദ്ധതികളാകുന്നു”** എന്നാണ്. ഈ വാക്ക് പല പ്രകാരത്തിൽ തർജ്ജമ ചെയ്തിട്ടുണ്ട്; എങ്കിലും എല്ലാത്തിന്റെയും നിർവ്വചനം ആഗ്രഹങ്ങളോടൊപ്പം പോകുന്ന പദ്ധതി (റോമർ. 9:19) ഉണ്ടായിരിക്കുക എന്നാണ്. ദൈവത്തിന്റെ ആസൂത്രണം ചെയ്യപ്പെട്ട പദ്ധതി പ്രകാരമുള്ള ഒരു അജ്ഞാശക്തിയുണ്ട് (മത്താ 11:27).

മറ്റുള്ളവരെ സംരക്ഷിക്കാനുള്ള ഒരു പദ്ധതി ആഗ്രഹങ്ങളിൽ നിന്നുടലെടുക്കാവുന്നതാണ് (അപ്പോ. പ്ര. 27:43), അതുപോലെ മറ്റുള്ളവരെ ഉപദ്രവിക്കാനും (യോഹ. 11:53; 12:10; 5:33), രക്ഷിക്കാനും (അപ്പോ. പ്രാ. 27:39), യാത്രയ്ക്കായും (അപ്പോ. പ്ര. 15:37), യാഥാർത്ഥ്യങ്ങൾ കണ്ടെത്തുവാനും (അപ്പോ. പ്ര. 23:8), യുദ്ധം ചെയ്യാനും (ലൂക്കോ 14:31) എന്തിനു, പാപം ചെയ്യാനും (1 പത്രോ. 4:3), പദ്ധതികൾ ആസൂത്രണം ചെയ്യാനും മനുഷ്യന്റെ ഇച്ഛാശക്തിക്കു കഴിയും പദ്ധതികൾ ദൈവത്തിൽ നിന്നോ നമ്മുടെ ജഡത്തിൽ നിന്നോ ആകാം (2 കൊരി. 1:17).

ഭാഗം 4

# ദൂതന്മാരുടെ സംഘട്ടനം

ഈ പ്രത്യേക പഠനഭാഗത്ത് നിരവധി പ്രാവശ്യം നാം കണ്ടതു ദൈവവും സാത്താനും തമ്മിലുള്ള ഏറ്റുമുട്ടൽ (യുദ്ധം) ആണ്. ഈ യുദ്ധത്തിനെയാണ് "ദൂതന്മാരുടെ സംഘട്ടനം" എന്നു വിളിക്കുന്നത്. ഈ പോരാട്ടത്തിന്റെ വിശദീകരണം നമ്മുടെ പഠനപദ്ധതിയുടെ സീമയ്ക്കപ്പുറം കടക്കുമെന്നതിനാൽ ചുരുക്കേണ്ടിയിരിക്കുന്നു. എന്താ യിരുന്നാലും ഇവിടെ എന്തിന് ഈ മനുഷ്യവർഗ്ഗം? എന്ന യുഗപരമായ ചോദ്യത്തിനു ഉത്തരം ലഭിക്കേണ്ടതിനായി ഒരു ബാഹ്യവിവരണം അത്യാവശ്യവുമാണ്.

ഒരു പക്ഷേ മനുഷ്യസൃഷ്ടിക്കു മുമ്പ് ദൈവം മറ്റെന്തെങ്കിലും തരത്തിലുള്ള ജീവികളെ ഇവിടെ പാർപ്പിച്ചിരിക്കാം. അവരായിരിക്കാം "ദൂതന്മാർ" എന്ന പേരിൽ അറിയപ്പെട്ടത്. ഈ ദൂതന്മാരുടെ പ്രമാണി ദൈവത്തിന്റെ സ്ഥാനം തന്റേതാക്കുവാൻ ശ്രമിച്ച "ലൂസ്സിഫേർ" ആയിരുന്നു (യെശ. 14:12-14). അങ്ങനെ ലൂസ്സിഫേർ പാപം ചെയ്യുകയും (യെഹെ. 28:11-19) ഇന്നറിയപ്പെടുന്നതുപോലെ പിശാചും സാത്താനും ആയി മാറുകയും ചെയ്തു (വെളി. 12:9). സാത്താൻ ശിക്ഷിക്കപ്പെട്ട് നിത്യാഗ്നിയിൽ വീഴും. ഈ നിത്യാഗ്നി പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയി രിക്കുന്നതാണ് (മത്താ. 25:41).

ദൈവത്തിന്റെ ഈ തീരുമാനത്തിനെതിരായി സാത്താൻ അപ്പീൽ കൊടുത്തു. എന്തെന്നാൽ, വിധി നടപ്പാക്കു ന്നതു ഉടനെയല്ല, ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ചയ്ക്കു ശേഷമാണ് (വെളി. 20:14) സാത്താനും ദൈവവും തമ്മിലുള്ള ഈ പോരാട്ടത്തിനിടയിൽ വരുന്നതിനാൽ മനുഷ്യന് അവന്റേതായ ഒരു പങ്ക് ഇതിലുണ്ട്.

ഈ പോരാട്ടം വിശ്വാസികളെയും ബാധിക്കുന്നതായി അപ്പോസ്തലനായ പൗലൂസ് എഫേ. 6:12-ൽ വ്യക്തമാക്കി യിട്ടുണ്ട്: ***"നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാ രത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ."*** വിശ്വാസികൾക്കു പോരാട്ടം ഉള്ളതു സഹപൗരന്മാരായ മറ്റു മനുഷ്യരുമായിട്ടല്ല പിന്നെയോ സാത്താനോടും അവന്റെ സൈന്യ ത്തോടും ആകുന്നു. ആകയാൽ ഈ പോരാട്ടത്തിൽ പങ്കാളികളാകേണ്ടതിന് ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചുകൊള്ളേണം. ***"അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചുനി ല്പാനും കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവീൻ"*** (എഫേ. 6:13).

ഈ പോരാട്ടത്തിന്റെ വിശദീകരണമോ നമ്മുടെ വിലപ്പെട്ട പങ്കാളിത്തമോ ഒന്നും ഇപ്പോൾ പൂർണ്ണമായി അറിയു വാൻ കഴിയുന്നതല്ല, എന്നാൽ ഒരു ദിവസം അതു വെളിപ്പെടുത്തപ്പെടും (1 കൊരി. 13:12) ആകയാൽ ഇപ്പോൾ നമുക്കു ലഭിച്ചിരിക്കുന്ന അറിവിൻപ്രകാരം വിശ്വാസത്തിൽ നടക്കയും (എബ്രാ. 11:6) ദൈവത്തെയും മറ്റുള്ളവ രെയും സ്നേഹിക്കുകയും ചെയ്താൽ മതി (മർക്കോ. 12:29-31).

അദ്ധ്യായം 7

# ദൈവീക പദ്ധതിയുടെ ഉപദേശം

ഭാഗം1

# വെളിപ്പാട്: ബൈബിൾ (ബൈബിൾ തത്വശാസ്ത്രം)

ദൈവം മനുഷ്യനു സ്വയം വെളിപ്പെടുത്തിയതിന്റെ എഴുതപ്പെട്ട വിവരണഭാഗമാണ് ബൈബിൾ. ദൈവം തന്റെ സൃഷ്ടികളിൽകൂടെയും വെളിപ്പെട്ടിട്ടുണ്ട്. (റോമ. 1:20) 'വെളിപ്പാട്' എന്ന വാക്കിന് "മറ നീക്കികാണുക" എന്നാണർത്ഥം. ദൈവത്തെ അറിയുവാനും കാണുവാനും ദൈവവചനത്തിൽകൂടെ സാധിക്കുന്നതാണ്. ചരിത്രത്തിലുട നീളമുള്ള മനുഷ്യരിൽനിന്നു പ്രത്യേക വ്യക്തികൾക്കു തന്റെ വെളിപ്പാടു വയ്ക്കുകയും അവർക്കു തിരഞ്ഞെടുപ്പിന്റെ പ്രചോദനം നല്കി അവരെക്കൊണ്ട് എഴുതിക്കയുമായിരുന്നു. ഇതിനെയാണ് "ദിവ്യപ്രചോദനം" അഥവാ "ഇൻസ്പിറേഷൻ" എന്നു പറയുന്നത്.

ഈ പ്രത്യേക വെളിപ്പാടിന്റെയും പ്രചോദനത്തിന്റെയും രചനയുടെ നേരിട്ടുള്ള മേൽനോട്ടം വഹിച്ചത് ദൈവം തന്നെ ആയിരുന്നതിനാലാണ് പ്രാരംഭ കൈയെഴുത്തു പ്രതികൾ തെറ്റുകൂടാതെ ലഭിക്കാൻ ഇടയായത്. അതു കൊണ്ട് നമ്മുടെ ആത്മീകമായ ഏതു കാര്യത്തിലും നമ്മെ നയിക്കുവാനും നിയന്ത്രിക്കുവാനും ബൈബിളിനു സംപൂർണ്ണ അധികാരം ഉണ്ട്, എന്തെന്നാൽ അതു ദൈവവചനമാണ്.

B. C. 1450– 400–ന്റെ കാലഘട്ടങ്ങളിൽ വ്യത്യസ്ഥരായ അനേക വ്യക്തികളെ തെരഞ്ഞെടുത്താണ് ദൈവം പഴയനിയമം (39 പുസ്തകങ്ങൾ) മുഴുവൻ എഴുതിപ്പിച്ചത്. അതുപോലെ A. D. 46–96–ന്റെ കാലഘട്ടങ്ങളിൽ വിവിധ തുറകളിലുള്ള മറ്റുപലർക്കും പ്രചോദനം നല്കിയാണ് പുതിയനിയമം (27 പുസ്തകങ്ങൾ) പൂർത്തീകരിച്ചത് ഇവകളാണ് തിരുവെഴുത്തുകളുടെ കാനോൻ. വേദ പഠിതാക്കൾ പ്രത്യേകം ഓർത്തിരിക്കണം, വ്യത്യസ്തരും തിരഞ്ഞെടുക്കപ്പെട്ടവരുമായ മനുഷ്യർക്ക് പ്രചോദനം നല്കി ദൈവം തന്റെ വെളിപ്പാടുകൾ എഴുതിയത്, മനുഷ്യവർഗ്ഗത്തിന് ഒരു എഴുതപ്പെട്ട കാനോൻ അഥവാ അധികാരപത്രം ഉണ്ടായിരിക്കേണ്ടതിനാണ്. ഈ പുസ്തകങ്ങൾ കൂട്ടിചേർത്താണ് ബൈബിൾ എന്ന ഏക ഗ്രന്ഥം നമുക്ക് ലഭിച്ചിരിക്കുന്നത്.

ഭാഗം 2

# മഹാ പ്രശ്നം : പാപം
# (പാപതത്വശാസ്ത്രം)

### A. ആമുഖം:

ദൈവത്തിന്റെ നിയമിക്കപ്പെട്ടിരിക്കുന്ന നിയമങ്ങളുടെ ലംഘനത്തെയാണ് സാധാരണയായി പാപം എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. ദൈവത്തിന്റെ വചനവും ഇതുവ്യക്തമാക്കുന്നുണ്ട്. "ന്യായപ്രമാണം ഇല്ലാത്തിടത്ത് ലംഘനമില്ല, പാപത്തെ കണക്കിടുന്നില്ല" (റോമ 4:15, 5:13). ആരും പാപം ചെയ്യാതിരിപ്പാനായിട്ടാണ് ദൈവം പ്രമാണങ്ങളെ വച്ചിരിക്കുന്നത്, ആകയാൽ അവയുടെ ലംഘനം പാപം തന്നെയാണ്. എബ്രായ ഗ്രീക്കു ഭാഷകളിൽ പാപത്തിനു ഉപയോഗിച്ചിരിക്കുന്ന രണ്ടു വാക്കുകൾ **ചാറ്റ** (CHATA) **ഹാമർട്ടിയ** (HAMARTIA) എന്നിവകളാണ്. രണ്ടിനും "ലക്ഷ്യം തെറ്റുക" എന്ന അർത്ഥമാണ്. അമ്പ് എയ്യുന്നവർ ലക്ഷ്യസ്ഥാനത്ത് (കേന്ദ്രസ്ഥാനം) കൊള്ളിക്കാൻ കഴിയാതെ പരാജയപ്പെടുന്നതിനെയാണിതു ചൂണ്ടികാട്ടുന്നത്. ഒരാൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥാനത്തു നിന്നും അല്പം മാറിയാലും ലക്ഷ്യം തെറ്റിയതുതന്നെ.

### B. മൂന്നു വ്യത്യസ്ഥമായ പാപങ്ങളാണ് ദൈവവചനത്തിൽ കാണാൻ കഴിയുന്നത്:

#### 1. ചുമത്തപ്പെട്ടിരിക്കുന്ന പാപം (ആരോപിക്കപ്പെട്ടിരിക്കുന്ന പാപം)

ഓരോമനുഷ്യനും ജനിക്കുമ്പോൾ തന്നെ ആദാമിന്റെ പാപത്തിന്റെ ഉത്തരവാദിത്തവും ശിക്ഷയും ഏറ്റെടുക്കുകയാണ്. ചുമത്തപ്പെട്ടിരിക്കുന്ന പാപം IMPUTED SIN എന്നതുകൊണ്ട് ആദാമ്യവർഗ്ഗത്തിന്മേൽ പൈതൃകമായി വന്നഭവിക്കുന്ന ആദിപാപം (ജന്മപാപ)ത്തെയാണ് ചൂണ്ടികാട്ടുന്നത്. റോമർ 5:12-ൽ ഇപ്രകാരം വായിക്കുന്നു, ***"അതുകൊണ്ട്, ഏകമനുഷ്യനാൽ(ആദാം)പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണവും സകല മനുഷ്യരിലും പരിന്നിരിക്കുന്നു."*** വീണ്ടും 5:18,19-ൽ ***"അങ്ങനെ ഏകന്റെ ലംഘനത്താൽ*** (ആദാം ചെയ്ത പാപലംഘനത്തെ ചൂണ്ടിക്കാട്ടുന്നു) ***സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയും*** (ക്രിസ്തുവിന്റെ) ***സകല മനുഷ്യർക്കും ജീവകരമായ നീതികരണവും വന്നു. ഏക മനുഷ്യന്റെ അനുസരണകേടിനാൽ അനേകം പാപികളായി തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ*** (ക്രിസ്തുവിന്റെ) ***അനേകർ നീതിമാന്മാരിയിത്തീരും."*** ആദമിന്റെ പാപവും ശിക്ഷാവിധിയും മനുഷ്യവർഗ്ഗത്തിന്റെ ഓരോ അംഗങ്ങളിലും വ്യാപരിക്കുവാൻ ഇടയായി.

ഇതു സംഭവിച്ചത് ഭൗമിക പിതാവിൽകൂടെയാണന്ന് ഓർത്തിരിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ യേശുക്രിസ്തുവിന് ഒരു ഭൗതിക പിതാവില്ലായിരുന്നു അവന് ഉണ്ടായിരുന്നത് സ്വാർഗ്ഗീയ പിതാവാണ്, ആയതിനാൽ ആദാമിന്റെ പാപം അവന്റെ മേൽ ചുമത്തപ്പെട്ടില്ല.

#### 2. ജന്മസിദ്ധമായ (അന്തർലീനമായിരിക്കുന്ന) പാപം:

ആരോപണത്തിന് വിധേയപ്പെട്ടതിന്റെ ഫലമായി സകല മനുഷ്യരിലും ജന്മസിദ്ധമായി കുടി കൊള്ളുന്ന പാപ

പ്രകൃതത്തെയാണ് ജന്മപാപം എന്നു പറയുന്നത്. ഈ പാപ പ്രകൃതമാണ് മനുഷ്യനെ വ്യക്തിപരമായ പാപ പ്രവർത്തിക്കായി ഉത്സാഹിപ്പിക്കുന്നത്. സർവ്വ സാധാരണമായി നാം കേൾക്കുന്ന പാപ പ്രകൃതം അഥവാ പഴയ മനുഷ്യൻ ഇതാണ്. ആദാമിന്റെ പാപം മൂലം ഉണ്ടായ ശിക്ഷാവിധിക്കു മാറ്റം വന്നെങ്കിലും നമ്മുടെ ശാരീരിക മരണം വരെ പാപത്തിന്റെ പ്രകൃതം നമ്മിൽ അവശേക്ഷിക്കുന്നു (റോമ 6:6, 8:1).

അപ്പോസ്തോലനായ പൗലൂസ് പാപ പ്രകൃതവുമായുള്ള പോരാട്ടത്തിൽ തന്റെ സ്വന്തം അനുഭവം വിവരിക്കുന്നത് കേൾക്കുക, ***"ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ ന്യായപ്രമാണം നല്ലത് എന്ന് ഞാൻ സമ്മതിക്കുന്നു. ആകയാൽ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ; എന്നിൽ എന്നു വച്ചാൽ എന്റെ ജടത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു നന്മ ചെയ്യാനുള്ള താല്പര്യം എനിക്കുണ്ട്, പ്രവർത്തിക്കുന്നതോ ഇല്ല"*** (റോമ 7:16-18). ഈ ഭാഗത്തുനിന്നു പൗലോസ്സിനു നേരിട്ട ചില പരാജയങ്ങൾ അവന്റെ പാപപ്രകൃതം കൊണ്ടായിരുന്നു എന്നു മനസ്സിലാക്കാം. മാത്രവുമല്ല ഇത് പരിശുദ്ധത്മാവിനോടുള്ള ഒരു യുദ്ധം കൂടെയാണന്നു ഗലാ. 5:16,17-വരെയുള്ള ഭാഗത്ത് അവൻ വ്യക്തമാക്കുന്നു. ആകയാൽ ഒരു വിശ്വാസി ***"പഴയ മനുഷ്യനെ ഉപേക്ഷിക്കണമെന്ന്"*** പൗലോസ് വീണ്ടും ഓർമ്മപ്പെടുത്തുന്നുണ്ട് (എഫേ. 4:20-22).

വീണ്ടും ഓർക്കുക യേശുക്രിസ്തുവിൽ കുറ്റം ആരോപിക്കതക്കതിനോ ജന്മസിദ്ധമായതോ ആയ യാതൊരു പാപവും ഇല്ലായിരുന്നു.

### 3. വ്യക്തപരമായ പാപം.

വ്യക്തിപരമായ പാപം എന്നാൽ ദൈവത്തിന്റെ അതിർ ലംഘിക്കുന്ന പ്രവർത്തിയാണ്. നാം മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ അല്ലങ്കിലും അതിൽ പറഞ്ഞിരിക്കുന്ന സാന്മാർഗ്ഗിക നിയമങ്ങൾ ജീവിതത്തിൽ ഇപ്പോഴും വിലയുള്ളതാണ്. 1 തിമോ1:8-10-വരെ ഭാഗത്തു പൗലോസിന്റെ പ്രസ്ഥാവന വായിക്കുക: ***"ന്യായപ്രമാണമോ നീതിമാനല്ല, അധർമ്മികൾ, അഭക്തർ, അനുസരണം കെട്ടവർ, പാപികൾ, അശുദ്ധർ, ബഹ്യന്മാർ, പിതൃഹന്താക്കൾ, മാതൃഹന്താക്കൾ, കുലപാതകർ, ദുർനടപ്പുകാർ, പുരുഷമൈഥുനക്കാർ, നരമോഷ്ടാക്കൾ, ഭോഷ്ക്കുപറയുന്നവർ, കള്ളസത്യം ചെയ്യുന്നവർ എന്നീവക്കാർക്കും പത്ഥ്യോപദേശത്തിനു വിപരീതമായ മറ്റു ഏതിനും അത്രേ വെച്ചിരിക്കുന്നത് എന്ന് ഗ്രഹിച്ചുകൊണ്ട് അതിനെ ന്യായോചിതമായി ഉപയോഗിച്ചാൽ ന്യായപ്രമാണം നല്ലതുതന്നേ എന്നു നാം അറിയുന്നു."*** മറ്റുപാപങ്ങളെ ജഡത്തിന്റെ പ്രവർത്തികളായി ഗലാ 5:19-21-വരെയുള്ള ഭാഗത്തു പറഞ്ഞിരിക്കുന്നു, ***"ജഡത്തിന്റെ പ്രവർത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദൂഷണം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നതാ, അസൂയ, മദ്യപാനം, വെറിക്കുത്ത് മുതലായവ എന്നു വെളിവാക്കുന്നു ഈ വക പ്രവർത്തിക്കന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു."***

## C. മൂന്നുതരം വ്യക്തിപരമായ പാപങ്ങൾ:

### 1. മാനസ്സിക പാപങ്ങൾ.

ഒന്നാമതായി നാം എങ്ങന ചിന്തിക്കുന്നു എന്നതിനെ ആശ്രിയിച്ചുള്ളതാണ് മത്താ 5:28-ൽ യേശു പറഞ്ഞു, ***"ഞാനോ നിങ്ങളോടു പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി."*** നമ്മുടെ മനസ്സിലും ചിന്തയിലും പാപം കടന്നുവരാം. അവ വിശുദ്ധ ചിന്തകളല്ലാത്തതിനാലാണ് പാപമാകുന്നതു എന്തെന്നാൽ ദൈവം വിശുദ്ധനായിരിക്കുന്നതുപോലെ നാമും വിശുദ്ധന്മാരായിരിക്കേണമെന്നാണല്ലോ കല്പിച്ചിരിക്കുന്നത് (1 പത്രോ 1:16). മോശെയുടെ പ്രമാണത്തിലെ പത്താമത്തെ "മോഹിക്കരുത്" എന്ന നിയമം മനസ്സിന്റെ പാപത്തെയാണ് കാണിക്കുന്നത് (പുറ 20:17). മനസ്സിന്റെ പാപവും മറ്റുപാപങ്ങളെപോലെ സ്നേഹത്തിന്റെ നിയമത്തെ ലംഘിക്കുന്നതാണ് യാക്കോ. 2:8-9-വരെയുള്ള ഭാഗത്ത് ഭാഗികമായി ഇതിനൊരു ഉദാഹരണമുണ്ട്, എന്നാൽ ***''കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്ന തിരുവെഴുത്തിന് ഒത്തവണ്ണം രാജകീയ ന്യായപ്രമാണം നിങ്ങൾ നിവൃത്തിക്കുന്നു എങ്കിൽ നന്ന്. മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു; നിങ്ങൾ ലംഘനക്കാർ എന്നു ന്യായപ്രമാണത്താൽ അറിയുന്നു; മാനസ്സിക പാപം പ്രത്യക്ഷ പ്രവർത്തികളാൽ വെളിപ്പെട്ടുവരും."***

## 2. നാവിന്റെ പാപങ്ങൾ.

രണ്ടാമത്തെ വ്യക്തിപരമായ പാപം നമ്മുടെ സംസാരത്തിലൂടെയാണ്. നാവിന്റെ ദോഷത്തെക്കുറിച്ച് യാക്കോബിന്റെ ലേഖനത്തിൽ ഒരു നീണ്ട ഖണ്ഡികതന്നെ കൊടുത്തിട്ടുണ്ട് (3 :1-10). ഒൻപതാം കല്പനയിലും ഇതു വ്യക്തമാക്കിയിട്ടുണ്ട് കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത് (പുറ. 20:16). സാത്താൻ (എതിരാളി) എന്ന പിശാച് (അപവാധി) ആണ് മറ്റുള്ളവർക്കെതിരായി നാവുകൊണ്ട് പാപം ചെയ്യിക്കുന്നതിന്റെ പ്രമാണി. നാവുകൊണ്ടുള്ള പാപത്തിന്റെ സ്വാഭാവം ദൈവസ്നേഹത്തിലും പരസ്പര സ്നേഹത്തിലും പറയേണ്ടിയിരിക്കുന്നത് പറയാതെ അസത്യമായതു പറയുകയെന്നതാണ്.

## 3. പരസ്യമായ പാപങ്ങൾ.

മൂന്നാമത്തെയും അവസാനത്തെയുമായ വ്യക്തിഗത പാപം ഒരുവന്റെ പ്രവർത്തിയാണ്. ഈ മനുപൂർവ്വ പ്രവർത്തിയുടെ മൂന്നു ഉദാഹരണങ്ങൾ 6,7,8 എന്നീ കല്പനകളിൽ തന്നിട്ടുണ്ട്.

- ***"കുലചെയ്യരുത്"***
- ***"വ്യഭിചാരം ചെയ്യരുത്"***
- ***"മോഷ്ഠിക്കരുത്."***

യാക്കോ 4:17-ൽ ***"നന്മചെയ്യാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നെ"*** എന്നു പറഞ്ഞിരിക്കുന്നു.

മിക്കവാറും പാപങ്ങൾ നാം ചിന്തിച്ചതായ മൂന്നുതരങ്ങളിലും പെടുന്നവയായിരിക്കും കുലപാതകത്തെ കുറിച്ചും യേശു പറഞ്ഞത് അതു മനസ്സിലും നാവിനാലും, പ്രവർത്തിയാലും പൂർത്തികരിക്കപ്പെടുന്നു എന്നാണ് (മത്താ. 5:21 -23).

യേശുക്രിസ്തു ഒരിക്കലും ഈ വക വ്യക്തിപരമായ പാപങ്ങൾ ഒന്നും ചെയ്തിട്ടില്ല (1 പത്രോ 2:22).

ഭാഗം 3

# പരിഹാരം: രക്ഷ
# (രക്ഷാ തത്വശാസ്ത്രം)

## A. ആമുഖം:

യേശുക്രിസ്തുവില്ലാത്ത മനുഷ്യവർഗ്ഗത്തിനു പാപം എന്നും വലിയ പ്രശ്നം തന്നെയാകയാൽ അതിന്റെ ശക്തിയിൽ നിന്നു മോചനം പ്രാപിക്കേണ്ടതു അത്യാവശ്യമാണ്. ദൈവം തന്റെ പരമാധികാരത്തിൽ സർവ്വജനത്തിലും മനുഷ്യനു പാപത്തിൽ നിന്നു രക്ഷപെടുവാനുള്ള ഒരു സമൂല പദ്ധതി തയ്യാറാക്കി. ഈ പദ്ധതിയുടെ വില (മൂല്യത) യേശു ക്രിസ്തുവിന്റെ ജീവൻ തന്നെയാണ്. യേശുക്രിസ്തുവിന്റെ ജീവനെ മറുവിലയായി കൊടുത്തു ദൈവ നീതിയും ന്യായവും നിവൃത്തിച്ചു ഇത്ര ശ്രേഷ്ഠമായ ഒരു മറുവില കൊടുപ്പാനോ പിതാവിനെ സംതൃപ്തിപെടുത്താനോ മറ്റു യാതൊരു മനുഷ്യർക്കും സാദ്ധ്യമല്ലായിരുന്നു. ഈ യേശുക്രിസ്തുവിന്റെ സ്വയം ബലിയിൽ വിശ്വസിച്ച് ദൈവത്തിന്റെ രക്ഷാ പദ്ധതിയിൽ പങ്കാളികളാകുവാൻ ദൈവം എല്ലാ മനുഷ്യരെയും ക്ഷണിക്കുന്നു (2 കൊരി. 8:9).

## B. സുവിശേഷം:

സുവിശേഷം എന്നതിന് “നല്ലവർത്തമാനം” (വാർത്ത) എന്നാണ് അർത്ഥം. ഈ നല്ലവർത്തമാനം “രക്ഷ വിശ്വാസത്താൽ മാത്രം, യേശു ക്രിസ്തുവിൽ മാത്രം” എന്ന ലളിതമായ അറിയിപ്പാണ് (അപ്പോ. പ്ര. 16:30, 31). റോമൻ കാരഗ്രഹപ്രമാണി പൗലൂസ്സിനോട് ചോദിച്ചു രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം ? പൗലൂസ്സിന്റെ മറുപടി “കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നാൽ നീ രക്ഷ പ്രാപിക്കും” എന്നായിരുന്നു. രക്ഷിക്കപ്പെടുവാൻ യേശുക്രിസ്തുവിലുള്ള വിശ്വാസം അത്യന്താപേക്ഷിതമാണ് (യോഹ 3:16,18,36) എന്തുകൊണ്ടെന്നാൽ മറ്റൊരു നാമം ഇതിനായി ദൈവം മനുഷ്യന് നല്കിയിട്ടില്ല (അപ്പോ. പ്ര. 4:12).

എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4, 2 പത്രോ 3:9) അതുകൊണ്ടാണ് യേശുക്രിസ്തു സകല മനുഷ്യർക്കും വേണ്ടി മറുവിലയായിതീർന്നതും (1 യോഹ 2:2) എല്ലാവരേയും തന്നിലേക്ക് ആകർഷിക്കുന്നതും (യോഹ. 12:32). പരിശുദ്ധാത്മാവ് സർവ്വ മനുഷ്യർക്കും പാപം എന്ന മഹാ പ്രശ്നത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതൊടൊപ്പം അതിനു പരിഹാരമായി യേശുക്രിസ്തു മുടക്കിയ വലിയ വിലയെകൂടി വെളിപ്പെടുത്തുന്നുണ്ട് (യോഹ. (16:7-15).

യേശുക്രിസ്തുവിനെ അംഗീകരിക്കുന്ന ആരും അറിഞ്ഞിരിക്കേണ്ട അടിസ്ഥാന തത്വപ്രകാരം യേശു ദൈവമായിരുന്നവനും, മനുഷ്യനായി അവതരിച്ചവനാണെന്നും (യോഹ. 1:1,14), നമ്മുടെ കടം വിട്ടുവാനായി അവൻ മരിച്ചെന്നും (യഥാർത്ഥ മരണം) മൂന്നാം നാൾ ശരിരത്തോടെ ഉയിർത്തെഴുന്നേറ്റന്നും (1 കൊരി 15:3-5) വിശ്വസിക്കേണ്ടതാകുന്നു.

## C. കൃപ:

നമുക്കർഹതയില്ലാത്തതും നമുക്ക് സ്വപരിശ്രമത്താൽ നേടാൻ കഴിയാത്തതുമായ ഒന്ന് സൗജന്യമായി ലഭിക്കുന്നതിനാണ് **കൃപ** (GRACE) എന്നു പറയുന്നത്. നമ്മുക്ക് അർഹതപ്പെട്ടതായിരുന്നെങ്കിൽ അതിന് കൂലി എന്നേ

പറയാമായിരുന്നുള്ളു, എന്തെന്നാൽ അതു നമ്മുടെ അദ്ധ്വാനത്തിന്റെ ഫലമാണ്. രക്ഷയിൽ നമുക്ക് ലഭിക്കുന്ന കൃപ ദൈവീക ദാനമാണ്. തിരുവെഴുത്തു പറയുന്നു ***"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ലാ; ദൈവത്തിന്റെ ദാനമത്രേ ആകുന്നു, ആരും പ്രശംസിക്കാതിരിപ്പാൻ പ്രവർത്തികളും കാരണമല്ലാ"*** (എഫേ. 2:8,9). ദൈവത്തിന്റെ കൃപ ലഭിച്ചപ്പോൾ വിശ്വാസത്താൽ രക്ഷ കൈവന്നു ആകയാൽ സുവിശേഷത്തെ ദൈവത്തിന്റെ കൃപയെന്നു വിശേഷിപ്പിച്ചിരിക്കുന്നു (അപ്പോ. പ്ര. 20:24).

യേശുക്രിസ്തു താൻതന്നെ നമുക്ക് ദൈവകൃപയുടെ മാതൃക ആയിതീർന്നു (യോഹ. 1:14-17).

## D. വിശ്വാസം.

വിശ്വാസം എന്നാൽ **ആശ്രയം** എന്നാണർത്ഥം. വിശ്വാസത്തിൽ യോഗ്യതകൾക്കൊന്നും സ്ഥാനമില്ല എന്നാൽ വിശ്വാസത്തിന്റെ എതിർഭാഗത്ത് അതു വേണ്ടിവരും. വിശ്വാസം ഒരു പ്രവൃത്തിയല്ല.

മനുഷ്യരായ നാം രക്ഷപ്രാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യമാകുമ്പോൾ മറ്റുള്ളവരെ പോലെ അതിനായി പല പ്രവർത്തികളും ചെയ്യാറുണ്ടെങ്കിലും ദൈവം കൃപയാൽ സൗജന്യമായിതന്നിരിക്കുന്ന രക്ഷാ പദ്ധതിയെ സ്വീകരിക്കയില്ല. ദൈവം നമ്മെ **"സൽപ്രവർത്തികൾക്കായി സൃഷ്ടിച്ചിരിക്കുന്നു"** എന്നതു സത്യം തന്നെ (എഫേ. 2:10). എന്നാൽ അത് രക്ഷിക്കപ്പെട്ടശേഷം ചെയ്യേണ്ട കാര്യമാണ്. ഒരിക്കലും രക്ഷിക്കപ്പെടുവാനായിട്ടല്ല. യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാകാലത്തൊരിക്കൽ 'നിത്യജീവൻ' അവൻ കൊടുക്കുന്ന ദാനമാകുന്നു (യോഹ 6:26,27) എന്ന് പഠിപ്പിച്ചു. ഉടനെ ജനങ്ങൾ അവനോട് ***"ദൈവത്തിനു പ്രസാദമുള്ള പ്രവർത്തികളെ പ്രവർത്തിക്കേണ്ടതിന് ഞങ്ങൾ എന്ത് ചെയ്യേണം എന്നു ചോദിച്ചു(6:28) യേശു അവരോട് ദൈവത്തിന് പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ"*** (യോഹ 6:29) എന്നുത്തരം പറഞ്ഞു. അതായത് നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിന് വിശ്വസിക്കുക എന്ന പ്രവർത്തി ചെയ്യണം എന്നായിരുന്നോ? ഒരിക്കലും അല്ല, എന്തന്നാൽ വിശ്വാസം ഒരു പ്രവർത്തി അല്ല. നമ്മുടെ വിശ്വാസം ഒരു പ്രവർത്തി ആണെങ്കിൽ രക്ഷക്കായി ദൈവം പ്രവർത്തിച്ചത് നിഷ്ഫലമാകും.

ദൈവം ഓരോരുത്തർക്കും വിശ്വസിക്കുവാനും, തിരഞ്ഞെടുക്കുവാനും കഴിവുകൾ നല്കുന്നു. ***അത് നമ്മെ അവന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചതിന്റെ (ഉല്പ. 1:26,27) ഒരു ഭാഗമാണ്.*** ദൈവം മനുഷ്യനു തിരഞ്ഞെടുപ്പിനുള്ള സംപൂർണ്ണ അധികാരം കൊടുത്തതിനാൽ അവന്റെ തിരഞ്ഞെടുപ്പ് സദാ സമയവും ശരിയായിരിക്കണമെന്നർത്ഥമില്ല. എന്നാൽ തിന്മയെതെരഞ്ഞെടുക്കാനുള്ള മനുഷ്യന്റെ കഴിവ് അവനെയും, അവളെയും അവരുടെ വ്യക്തിപരമായ തീരുമാനങ്ങളുടെ ഉത്തരവാദിത്വമുള്ളവരാക്കുകയാണ്. മനുഷ്യർ തങ്ങളുടെ തിരഞ്ഞെടുക്കാനുള്ള കഴിവ് ഉപയോഗിച്ച് യേശുക്രിസ്തുവിനെ തിരഞ്ഞെടുക്കുന്നില്ലായെങ്കിൽ യാതൊരു സംശയവുമില്ല അവൻ തിരഞ്ഞെടുക്കുന്നത് അവന് എതിരായുള്ളതിനെ ആകുന്നു (മത്താ. 12:30; യോഹ. 3:18). യേശുവിനെ തിരഞ്ഞെടുക്കയും വിശ്വസിക്കുകയും ചെയ്താൽ സ്വർഗ്ഗത്തിൽ നിത്യജീവനെ അവകാശമാക്കുകയാണ് മറിച്ച് യേശുവിനു വിരോധമായതിനെ തിരഞ്ഞെടുക്കുകയാണെങ്കിൽ ശിക്ഷാവിധിയും നരകത്തിൽ നിത്യജീവൻ പ്രാപിക്കുകയായിരിക്കും (യോഹ. 3:36).

## E. മാനസ്സാന്തരം.

മാനസ്സാന്തരം എന്നാൽ "മനസ്സിന്റെ മാറ്റമാണ്" അതായത് ഒരുവന്റെ വിശ്വാസം മാറി മറ്റൊന്നു സ്വീകരിക്ക എന്നർത്ഥം. ആരും നശിക്കാതിരിക്കേണ്ടതിന് അവിശ്വാസികൾ അവരുടെ മനസ്സു മാറ്റി യേശുക്രിസ്തുവിനെ അംഗീകരിക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം (2 പത്രൊ 3:9; അപ്പോ. 2:21). ഇതു ഒരു യാഥാർത്ഥ്യം ഉറപ്പാക്കിതരുന്നതെന്തന്നാൽ യേശുക്രിസ്തു നമ്മുടെ പാപകടം കൊടുത്തു വീട്ടിയിരിക്കുകയാൽ ഇനി നാം ഒന്നും കൊടുക്കേണ്ടതായിട്ടില്ല (ലൂക്കോ 24:45-47). ഈ മനം മാറ്റമാണ് ക്രിസ്തുവിൽ ലഭിക്കുന്ന പുതിയ ജീവന്റെ അടിസ്ഥാനം (എബ്രാ. 6:1).

വിശ്വാസികളായവർക്കും മനം മാറ്റം ആവശ്യമുണ്ട് എന്തെന്നാൽ, ചില കാര്യങ്ങൾ സത്യമാണെന്ന് അവർ കരുതിയിരുന്നത് അസത്യമായിരിക്കാം (2 തിമോ. 2:24, 25). തങ്ങൾ പാപമല്ലന്ന് വിചാരിച്ചവ പാപമായിരുന്നിരിക്കാം (2 കൊരി 7:9,10). ഇങ്ങനെ വരുമ്പോൾ ആവകകാര്യങ്ങളെ ദൈവത്തോടു ഏറ്റുപറഞ്ഞു ക്ഷമ പ്രാപിക്കേണ്ടതാണ് (1 യോഹ 1:9).

## F. നീതികരണം.

നീതികരണം എന്നാൽ ഒരുവൻ നീതിമാൻ ആകുന്നു എന്നു പ്രസ്താവിക്കുകയാണ്. മനുഷ്യൻ പാപിയായിരിക്കേ സ്വയം നീതിമാനായിത്തീരുവാനോ, ദൈവിക കൂട്ടായ്മയിലെ വിശുദ്ധിയും നീതികരണവും പ്രാപിക്കു

വാനോ സാധിക്കുന്നതല്ല (യെശ. 64:6, റോമ 3:20). ഇതാണ് മനുഷ്യ ജീവിതത്തിലെ മഹാപ്രശ്നം, എങ്ങനെ ഒരുവന് നീതിമാനായി ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ കഴിയും? ഇതിന്റെ ഇത്തരം ഉപദേശ പഠനത്തിൽ നിന്ന് ലഭ്യമാണ്.

ഇതിന്റെ താക്കോൽ ഭാഗമായി തിരഞ്ഞെടുത്തിരിക്കുന്ന റോമർ 3:19–4:5–ലെ പ്രസ്താവന കുറികൊള്ളേണ്ടതാണ്: (1) ന്യായ പ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും നീതികരിക്കപ്പെടുന്നില്ല (3:20 cf. ഗലാ. 2:16, 3:24), (2) നിതീകരണം ഒരു കൃപാദാനമാണ് എന്തു കൊണ്ടന്നാൽ പാപത്തിന്റെ കടം യേശു കൊടുത്തുവീട്ടി (വീണ്ടെടുത്തു) ദൈവനീതിയും ന്യായവും (3:24) പൂർത്തിയാക്കി ദൈവത്തെ സംതൃപ്തിപ്പെടുത്തി (പ്രായാശ്ചിത്തത്തിൽക്കൂടെ) (3) വിശ്വാസത്താൽ യേശുക്രിസ്തുവിലൂടെ നീതികരണം പ്രാപിച്ചു (3:26), യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾ അവന്റെ നീതികരണം പ്രാപിച്ചിരിക്കയാൽ നീതിമാൻ എന്നു വിളിക്കപ്പെടുന്നു.

കൃപയാൽ വിശ്വാസം മൂലം നീതികരിക്കപ്പെടുന്നവർക്കു ക്രിസ്തു നല്കുന്നത് ദൈവത്തോടുള്ള സമാധാനമാണ് (റോമ 5:1) കൂടാതെ അവന്റെ നീതിയാലും ന്യായത്താലും (റോമ. 5:9) അവൻ നമ്മെ അവന്റെ കോപത്തിൽ നിന്നു വിടുവിക്കയും, പാപപ്രകൃതം മൂലം നമുക്ക് നേരിടുന്ന ശിക്ഷാവിധിയിൽ നിന്നു സ്വതന്ത്രരാക്കുകയും (റോമ 6:7) ക്രിസ്തുവിനോടുകൂടെ അവകാശം നേടിതരികയും ചെയ്യുന്നു (തീത്തു. 3:4-7).

## G. വിശുദ്ധീകരണം.

വിശുദ്ധീകരണം എന്നുവച്ചാൽ നാം വിശുദ്ധരായിരിക്കേണ്ടതിനു നമ്മെ വേർതിരിച്ചിരിക്കുന്നു എന്നാണർത്ഥം. വിശുദ്ധീകരണത്തെ അളക്കുന്നത് ദൈവത്തിന്റെ നീതിയും, ന്യായവും കൊണ്ടാണ്. ഒരുവൻ കൃപയാൽ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം നീതികരിക്കപ്പെടുമ്പോൾത്തന്നെ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു (അപ്പോ. പ്ര. 26:18, എബ്രാ. 2:11). ഇതു യേശുക്രിസ്തു ഒരിക്കലായി അർപ്പിച്ച സ്വന്തബലിയിൽക്കൂടെ സാധിപ്പിച്ച് എന്നേക്കുമുള്ള വീണ്ടെടുപ്പിൽകൂടെയും (എബ്ര. 10:10-14; 13:12), പരിശുദ്ധാത്മാവിനാലും ആകുന്നു (2 തെസ്സ. 2:13, 1 പത്രോ1:2). ഒരിക്കൽ നാം വിശ്വാസികൾ ആയിതീർന്നാൽ ഈ വിശുദ്ധികരണത്തെ മറ്റുള്ളവരുമായി പങ്കുവെയ്ക്കാൻ ബാദ്ധ്യസ്ഥരാണ് (എബ്ര. 12:14).

ഈ പ്രാരംഭ വിശുദ്ധീകരണം വിശ്വാസി പാപമില്ലാത്തവൻ എന്ന ഗാരൻഡിയല്ല. കൊരിന്തിലെ സഭ യേശുക്രിസ്തുവിൽ വിശ്വദ്ധീകരിക്കപ്പെട്ടതും വിശുദ്ധന്മാർ എന്നു വിളിക്കപ്പെട്ടവരും ആയിരുന്നിട്ടും ജീവിതത്തിന്റെ എല്ലാ മേഘലകളിലും പരാജയപ്പെടുകയും തെറ്റുകൾ ചെയ്യുകയും ചെയ്തു എന്നോർക്കണം (1 കൊരി. 1:2,30; 6:9-12).

വിശ്വാസികൾ താങ്കളുടെ വിശുദ്ധീകരണത്തിന്റെ അളവുകോലായി ക്രിസ്തുവിനെ മുന്നിൽവച്ചുകൊള്ളണം (1 തെസ്സ. 4:3,4,7; എഫേ. 5:25,26, 1 പത്രോ. 3:15). ഇതു രക്ഷിക്കപ്പെടുന്ന നാളു മുതൽ വിശുദ്ധീകരണത്തിൽ തുടരുവാനും നിലനില്ക്കുവാനും സഹായിക്കും (റോമ. 6:19; 1 തെസ്സ. 5:23). വിശ്വാസിയുടെ വിശുദ്ധീകരണത്തിലുള്ള വളർച്ച ദൈവവചനത്തിലുള്ള വിശ്വാസത്തിൽ കൂടെയും (യോഹ. 17:19) ശുദ്ധീകരണത്തിനുവേണ്ടി ഗുരുപാദത്തിൽ സ്വയം സമർപ്പിച്ചുകൊണ്ട് സൽപ്രവർത്തികളിൽ ശുഷ്കാന്തി കാണിക്കുന്നതിലുടെയുമാണ് (2 തിമോ. 2:21). വിശ്വാസിയുടെ ഈ അർപ്പണത്തെ (ക്രിസ്തുവിനായി) അംഗീകരിച്ചു പരിശുദ്ധാത്മാവ് അവനെ വേർതിരിക്കുന്നു (റോമ 15:15,16). ഇതു ചെയ്യാത്തവർ കൃപയെ തുശ്ചീകരിക്കയാൽ ദൈവത്തിന്റെ കഠിനമായ ശിക്ഷണത്തിനു വിധേയരാകും (എബ്രാ. 10:29).

## H. ക്ഷമ.

**ക്ഷമ** (FORGIVENESS) ദൂരെ പറഞ്ഞയക്കുക എന്നാണർത്ഥം. ഇതു **അപ്ഹിയേമി** (APHIEMI) എന്ന ഗ്രീക്കുവാക്കിൽ നിന്നു വന്നതും സാധാരണ ഉപേക്ഷിക്കുക, ത്യജിക്കുക, വിട്ടുപോക എന്നീ അർത്ഥങ്ങളിൽ തർജ്ജിമ ചെയ്തിരിക്കുന്നതുമാകുന്നു (മത്താ. 4:20,22; 5:24). ഒന്നിനെ പുറകിലാക്കിയിട്ട് മറ്റൊന്നിലേക്കു പോകുന്നതുപോലെ പാപത്തെ അതിന്റെ സകല ഭാരങ്ങളോടുകൂടെ പുറകിൽ വിട്ടേച്ച് (എബ്രാ. 12:2) യേശുവിന്റെ വഴിയിലേക്ക് പ്രയാണം ചെയ്യുന്നു. പാപവും ലംഘനങ്ങളും മൂടിവയ്ക്കപ്പെട്ടിരിക്കുന്നു അഥവാ അവ അവിടെതന്നെ ഉണ്ടങ്കിലും അതിന്മേലുള്ള ന്യായവിധി നിർത്തലാക്കപ്പെട്ടിരിക്കുന്നു (സങ്കി. 32:1; റോമ 4:7) പ്രായശ്ചിത്തം (ATONEMENT) എന്ന വാക്കിനും മൂടിവയ്ക്കുക എന്നാണർത്ഥം യേശുക്രിസ്തുവിന്റെ ക്രൂശിലെ ബലിയോടെയാണ് പാപക്ഷമ (ദൂരെ പറഞ്ഞയക്കൽ) ഉണ്ടായത് (മത്താ. 26:27, 28) യോഹന്നാൻസ്നപാകന്റെയും, യേശുക്രിസ്തുവിന്റെയും സന്ദേശത്തിലെ കാതലായ ഭാഗം പാപ മോചനം എന്നതായിരുന്നു (ലൂക്കോ. 3:3,4; 4:18,19; അപ്പോ. പ്ര. 5:31). നാം കടപ്പെട്ടിരിക്കുന്നതോ (മത്താ. 6:12-15) ഹൃദയത്തിലെ ചിന്തകളോ അല്ലെങ്കിൽ പാപങ്ങൾ (മത്ത. 9:2-6) ആയിരുന്നാലും മോചിക്കപ്പെടുവാൻ (ക്ഷമിക്കപ്പെടുവാൻ) കഴിയും (അപ്പോ. പ്ര. 8:22).

രക്ഷയ്ക്കു പാപമോചനം അത്യാവശ്യമാണ് (ലൂക്കോ. 1:77). പാപിക്കു കൊടുത്തുവീട്ടുവാൻ കഴിയാതിരുന്ന കടം യേശുക്രിസ്തു തന്റെ ബലിമൂലം ദൈവത്തിനു കൊടുത്തു വീട്ടി എന്ന അടിസ്ഥാനത്തിലാണ് നമുക്ക് പാപമോചനം ലഭ്യമായത് (എഫേ 1:7; കൊലോ 1:13,14; എബ്രാ 9:22). ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവന്റെ പാപം മോചിക്കപ്പെടുന്നു (അപ്പോ. പ്ര. 10:43; 26:18) എന്തുകൊണ്ടന്നാൽ അവൻ കൊടുത്തു വീട്ടേണ്ടിവന്ന കടം യേശു കൊടുത്തു വീട്ടി. അവന്റെ പാപത്തിനുള്ള പ്രായശ്ചിത്തം (മൂടിവയ്ക്കൽ) നടന്നു കഴിഞ്ഞിരിക്കയാൽ അവൻ ഇനിമേൽ പാപമോചനത്തിനായി മറ്റൊരു യാഗ കർമ്മാദികളും നടത്തേണ്ടതുമില്ല (എബ്ര. 10:17,18).

പാപമോചനം എന്നതു കൃപയുടെ പ്രവർത്തിയാകയാലും ദൈവം നമുക്കായി അത്ഭുതകരമായ ഒന്നു പ്രവർത്തിച്ചിരിക്കയാലും നമുക്കു പാപത്തെ പുറകിൽ എറിഞ്ഞു മുമ്പോട്ടുപോകാൻ കഴിയുന്നു. എങ്കിലും നമുക്കറിയാം നാം എന്തെങ്കിലും (വസ്ത്രമോ മറ്റുവസ്തുക്കളോ) പുറകിൽ കളഞ്ഞിട്ടു പോയാലും ചിലപ്പോൾ അവയെ തിരഞ്ഞു പുറകോട്ടു പോകാറുണ്ട്, എന്നാൽ ദൈവം അങ്ങനെയല്ല, അവൻ പുറകിലുള്ളത് എന്നേക്കുമായി ഉപേക്ഷിച്ചു (മായിച്ചു) കളഞ്ഞിരിക്കയാൽ അതിനെ പിന്നീട് ഓർക്കുന്നതുമില്ല. ***"അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ ആഗ്രഹത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവനോടുകൂടെ ജീവിപ്പിച്ചു. അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും, പ്രതികൂലവുമായിരുന്ന കൈയ്യെഴുത്തു മായിച്ചു ക്രൂശിൽ തറച്ച് നടുവിൽനിന്നു നീക്കികളഞ്ഞു." (ഇവിടെ ഗ്രീക്കുപദമായ അപ്ഹിയേമിയുടെ അർത്ഥം പൂർണ്ണമാകുന്നു:*** *Erased, Cancelled out*-***എന്നീ ഇംഗ്ലീഷ് പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത് "മായിച്ചു" "നീക്കികളഞ്ഞു" എന്നതിനെ കാണിപ്പാനായിട്ടാണ്). വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി (കൊല. 2: 13,14) യഥാർത്ഥത്തിൽ നമ്മുടെ പാപം"*** "പുറകിൽ എറിയപ്പെട്ടു" എന്നതുമാത്രമല്ല മേലിൽ ദൈവസന്നിധിയിൽ അത് ഓർക്കപ്പെടുകയുമില്ലെന്നതാണ് വാസ്തവം (അപ്പോ. പ്ര. 3:19).

വിശ്വാസികൾ ദൈവത്തെയും (എഫേ 5:1) ക്രിസ്തുവിനെയും (1 കൊരി 11:1) പോലെയായി ക്ഷമയുടെ ആത്മാവുള്ളവരായിരിക്കേണ്ടതാണ് (മത്താ. 18:21,22). പാപക്ഷമ എന്നതു ക്രിസ്തുവിന്റെ അന്ത്യകല്പനയുടെ ഒരു ഭാഗമാകയാൽ ക്രിസ്ത്യാനികൾ ക്ഷമിക്കുന്ന ആളുകളായിരിക്കേണ്ടതാണ് (ലൂക്കോ 24:46,47; അപ്പോ. പ്ര. 10:43, 13:38) നാം എന്തുപദേശിക്കുന്നവോ അതിൻപ്രകാരം ജീവിക്കേണ്ടതുമാണ്.

ഒരുവിശ്വാസി പാപം ചെയ്താലും അതു ദൈവത്തോടു ഏറ്റു പറഞ്ഞു മോചനവും, ശുദ്ധീകരണവും പ്രാപിക്കേണ്ടത് വളരെ അത്യാവശ്യമാണ് (1 യോഹ. 1:6-10). ഇങ്ങനെ ചെയ്താലേ ക്രിസ്തീയ ജീവിത്തിന്റെ വളർച്ചയുടെ പൂർണ്ണതയിൽ എത്താൻ കഴിയൂ. യേശുക്രിസ്തു നമ്മുടെ സകലപാപങ്ങൾക്കും ക്രൂശിൽ പരിഹാരം വരുത്തിയിര്കുകയാൽ നാം പാപമോചനം പ്രാപിച്ചവരാണ്. ഒരു വിശ്വാസി തന്റെ പാപത്തെ (പാപങ്ങളെ) ഏറ്റു പറയുമ്പോഴും അവന്റെ കടങ്ങൾ വീട്ടപ്പെട്ടതായിട്ടാണ് അംഗീകരിക്കേണ്ടത്.

## I. ക്ഷമിക്കപ്പെടാത്ത പാപം (പരിശുദ്ധാത്മാവിന് എതിരായുട്ടുള്ള ദൂഷണമാണ്.

ഒരു പാപം ക്ഷമിക്കപ്പെടാത്തതായിട്ടുണ്ട്, അതു പരിശുദ്ധാത്മാവിന് എതിരായുള്ള ദൂഷണമാണ് (മത്താ. 12:31,32). ദൈവത്തെ നിന്ദിക്കുന്നതിലൂടെ താൻ എന്ത് അല്ലായിരിക്കുന്നുവോ അതാണെന്ന് സമർത്ഥിക്കുകയാണ്. ഒരു മനുഷ്യൻ ദൈവീക സത്തയുടെ ഏതെങ്കിലും ഭാഗത്തോട് എതിർത്ത് അതു തെറ്റാണന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ദൈവദൂഷണമാണ്. പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവകയാൽ (യോഹ 14:17) യേശുക്രിസ്തുവിനെ മശിഹാ ആയി വെളിപ്പെടുത്തുന്നു (യോഹ 14:6; 16:13). ഒരുവൻ യേശുവിനെ മശിഹാ എന്നു സ്വീകരിക്കാതെ ത്യജിക്കുമ്പോൾ ദൈവം യേശുവിനെ കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ വ്യാജമെന്ന് അവൻ സ്ഥാപിക്കുകയാണ് (1 യോഹ. 5:10). എന്നാൽ യേശുവിനെ മശിഹാ ആയി ഹൃദയത്തിൽ അംഗീകരിക്കുന്നതിനു ഒരുവൻ ഈ ശരീരത്തിൽ ജീവിച്ചിരിക്കുന്ന കാലം മുഴുവൻ ദൈവം അവസരം തന്നിരിക്കുന്നു എന്നതു പ്രത്യാശാ ജനകമാണ്. പരിശുദ്ധാത്മാവിനു നേരെയുള്ള ദൂഷണത്തെകുറിച്ചുള്ള എല്ലാ കാര്യങ്ങളും പരിശോധിക്കുമ്പോഴും യേശുവിനെക്കുറിച്ചു പരിശുദ്ധാത്മാവു പറഞ്ഞതെല്ലാം വ്യാജമെന്നു സ്ഥാപിച്ച് അവനെ വ്യാജൻ ആക്കുന്നതാണ് ദൂഷണം എന്നു കണ്ടെത്തുന്നു. പത്രോസ് യേശുവിനെ തള്ളിപറഞ്ഞതുപോലെ (മത്താ. 26:74) ഒരുവൻ ദൈവത്തെ തള്ളിപറയുന്നതല്ല പിന്നയോ ദൈവീക വെളിപ്പാടിനെ അംഗീകരിക്കാതെ ജീവിതകാലം മുഴുവൻ ആ വിശ്വാസമെന്ന പാപത്തിൽ കഴിയുന്നതാണ് ദൂഷണം, എന്തന്നാൽ ഹൃദയ കാഠിന്യത്താൽ യേശു ക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തിയെ തൃജ്ജിച്ച് അവനെ രക്ഷിതാവായി സ്വീകരിക്കാതിരിക്കുമ്പോൾ അവൻ സ്വയം നിത്യശിക്ഷാവിധിയെ തിരഞ്ഞെടുത്തു നരകത്തിനവകാശിയാക്കുകയാണ്.

ഭാഗം 4

# ഭദ്രത: ദൈവത്തിന്റെ വാഗ്ദത്തം

## A. ആമുഖം:

ഒരാൾ യേശുക്രിസ്തുവിനെ രക്ഷിതാവായി വിശ്വസിച്ചംഗീകരിച്ചു രക്ഷിക്കപ്പെടുംമ്പോൾ നിരവധി ചോദ്യങ്ങൾ ജീവിതത്തിലേക്കു കടന്നുവരും, വീണ്ടും രക്ഷിക്കപ്പെടാത്ത അവസ്ഥ ഉണ്ടാകുമോ? അഥവാ രക്ഷ നഷ്ടപ്പെടുമോ? രക്ഷിക്കപ്പെട്ടശേഷം വീണ്ടും പാപം ചെയ്യുമോ, ചെയ്താൽ പിന്നെയും രക്ഷിക്കപ്പെടാമോ? രക്ഷ നഷ്ടപെടുകയി ല്ലന്ന് ഉറപ്പോടെ ദൈവ സ്നേഹത്തിന്റെ ഭദ്രതയിൽ എങ്ങനെ ക്രിസ്തീയ ജീവിതം നയിക്കാൻ സാധിക്കും? നിത്യ ജീവൻ നമുക്കുണ്ടന്ന് എന്താണ് ഉറപ്പ്? (1യോഹ 5:13)? എന്നിങ്ങനെ ആലോചിച്ചു നീളുകയാണ് നമ്മുടെ ഈ ഭാഗ ത്തിന്റെ പടനം വിശ്വാസികൾക്കു അവരുടെ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുവാൻ സഹായകമായിരിക്കും.

## B. മുന്നറിവും മുൻ നിയമനവും.

മുന്നറിവ് എന്നാൽ ഒരു കാര്യത്തെ അതു സംഭവിക്കും മുമ്പേ അറിയുക എന്നാണ് ലോകത്തിന് അടിസ്ഥാനം ഇടും മുമ്പേ അറിയപ്പെട്ടവനാണ് യേശു (1പത്രോ1:20) മുൻ നിയമനം (നിർണ്ണയം) എന്നതു ഗ്രീക്കു വാക്കായ **പ്രൂറിഡ്സോ** (PROORIDZO)യിൽ നിന്നാണ് "മുൻകുറായി അടയാളം ഇടുക" എന്നാണർത്ഥം. സാധാരണ അതിരു കൾ ഇടുന്നതിനെയാണ് ഇതു ചൂണ്ടികാട്ടുന്നത്.

ദൈവത്തിന്റെ മുൻ അറിവും മുൻ നിർണ്ണയവും തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നത് ദൈവവചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (റോമ 8:29-30; 1 പത്രോ 1:1-2). ദൈവത്തിന്റെ സർവ്വജ്ഞാനത്തിൽ എടുക്കേണ്ട തീരുമാന ങ്ങളും, സംഭവിക്കേണ്ടുന്ന കാര്യങ്ങളും മാത്രമല്ല പിന്നയോ അതിനുള്ള എല്ലാ സാദ്ധ്യതകളെകുറിച്ചുകൂടി വ്യക്ത മായി അറിഞ്ഞിരുന്നു.

ദൈവത്തിന്റെ ഈ പദ്ധതിയിൽക്കൂടെ നമുക്കു കാണാൻ കഴിയുന്നത് ദൈവത്തിന്റെ മഹിമയെ ആകുന്നു എന്തെ ന്നാൽ തന്റെ സൃഷ്ടികളായ മനുഷ്യർക്കും, ദൂതന്മാർക്കും തെരഞ്ഞെടുക്കുവാനുള്ള കഴിവു നല്കികൊണ്ടാണ് പദ്ധതി നടപ്പാക്കിയത്. ബൈബിളിൽ നാം കണ്ടുമുട്ടുന്ന പ്രവചന ഭാഗങ്ങൾ ദൈവത്തിന്റെ മുന്നറിവിനെക്കുറിച്ചു വെളിപ്പെടുത്തുന്നുണ്ട് (2 പത്രോ. 3:17). ചിലകാര്യങ്ങൾ സംഭവിക്കാൻ പോകുന്നു എന്നു മുൻകൂട്ടി അറിഞ്ഞ് നമുക്ക് ദൈവത്തിന്റെ പക്ഷത്താണോ സാത്താന്റെ പക്ഷത്താണോ ചരിത്രപരമായി നില്ക്കേണ്ടതു എന്നു തീരു മാനിക്കാൻ ഇതു സഹായിക്കുന്നു.

## C. ഉടമ്പടി.

വ്യഖ്യാനത്തിനുള്ള അടിസ്ഥാന നിയമങ്ങൾ എന്ന 8-ാം പ്രമാണത്തിൽ ദൈവം മനുഷ്യനുമായി ചെയ്ത ഒൻപതു ഉടമ്പടികളെ കുറിച്ചു പഠിച്ചതാണ്. അവയിൽ ചിലത് വ്യവസ്ഥാപിതമായി മനുഷ്യന്റെ അനുസരണത്തിന്റെ അടി സ്ഥാനത്തിലായിരുന്നെങ്കിൽ മറ്റുള്ളവ വ്യവസ്ഥകൾ കൂടാതെ ദൈവത്തിന്റെ സത്യസന്ധതയുടെ അടിസ്ഥാനത്തി ലായിരുന്നു. ഈ ഉടമ്പടികളിൽ വിശ്വാസികൾക്കാവശ്യമായ സുരക്ഷിതത്വം (ഭദ്രത) ഭൂമിയിലും നിത്യതയിലും വാഗ്ദാനം ചെയ്തിരുന്നു. ആകയാൽ വീണ്ടും നിങ്ങൾ ആ അദ്ധ്യായം ആവർത്തിച്ചു വായിക്കുകയും ദൈവം നല്കിയിരിക്കുന്ന വാഗ്ദത്ത നിയമങ്ങൾ നന്നായി പഠിക്കുകയും ചെയ്യണം.

## D. നിത്യരക്ഷ അഥവാ നിത്യമായ ഭദ്രത.

ഇതിൽനിന്നും നാം മനസ്സിലാക്കുന്നതു രക്ഷ നഷ്ടപ്പെടുകയില്ലന്നാണ്. നാം പഠിച്ച നിയമങ്ങളിൽ കൂടെ ഇതു നാം കണ്ടെത്തിയതാണ്. ഈ വിഷയം പഠിക്കുമ്പോൾ കിഴിവിന്റെ കാരണങ്ങൾ അറിഞ്ഞിരിക്കേണ്ടതും അത്യാവശ്യ മാണ്. ദൈവവചനം പ്രസ്താവിക്കുന്ന ആഗോള വ്യാപകമായ നിത്യരക്ഷയെ സത്യമായി അംഗീകരിക്കുമ്പോൾതന്നെ ബൈബിളിൽ നല്കിയിരിക്കുന്ന ചില പ്രത്യേക വ്യത്യാസങ്ങൾ കൂടെ മനസിലാക്കിയിരിക്കണം. ഉദാഹണമായി ***''എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു''*** (റോമ 3:23) എന്ന പ്രസ്താവനയെ ടുക്കാം. ഈ പ്രസ്താവന ബൈബിൾ തരുമ്പോൾതന്നെ അതിൽ നിന്നു യേശുക്രിസ്തുവിനെ വേർപെടുത്തി ***"അവൻ പാപം ചെയ്തിട്ടില്ല"*** (1 പത്രോ. 2:22) എന്നു പറഞ്ഞിരിക്കുന്നു. ഇവിടെയാണ് കിഴിവിന്റെ കാരണങ്ങൾ പഠിക്കുന്നത്. ബൈബിൾ എല്ലാവരും പാപം ചെയ്തു എന്നു പറയുമ്പോൾ നാം ഓരോരുത്തരും അതിൽ ഉൾപ്പെ ട്ടിരിക്കുന്നു അപ്പോൾതന്നെ യേശു ഒഴിവുള്ളവനാണ്. ആകയാൽ യേശു ഒഴികെ മനുഷ്യരായ എല്ലാവരും പാപം ചെയ്തു എന്നു പറയുന്നതായിരിക്കും ശരി. ഞാൻ പാപിയായിരിക്കുന്നപതുപോലെ എല്ലാവരും പാപികളാണ് എന്ന യാഥാർത്ഥ്യം സമ്മതിക്കുമ്പോൾതന്നെ അതിൽ നിന്ന് യേശുവിനെ വേർപെടുത്തി നിർത്തുകയാണ്.

ഈ കാരണങ്ങളാൽ ഒരു വലിയ തെറ്റിനെ ഇല്ലാതാക്കാൻ നമുക്കു സാധിക്കുന്നു നിത്യരക്ഷയെകുറിച്ചു മനസ്സിലാ ക്കുന്നതിലേക്കായി നാലുമാർഗ്ഗങ്ങൾ (സമീപനങ്ങൾ):

### 1. യുക്തിപരമായ സമീപനം.

ഇതിലേക്കായി മൂന്നു ഉദാഹരണങ്ങൾ നമുക്കെടുക്കാം. ഒന്നാമത് രക്ഷ ദൈവത്തിന്റെ കൃപയാൽ വിശ്വാസം മൂലം നമ്മുടെ പ്രവർത്തികൾ കൂടാതെ പ്രാപിച്ചതാണെങ്കിൽ മനുഷ്യന്റെ യാതൊരു പ്രവർത്തിയാലും (പാപം ഉൾപ്പെ ടെ) നഷ്ടപ്പെടുവാൻ സാദ്ധ്യമല്ല (എഫേ. 2:8-9). രണ്ടാമതായി വീണ്ടും ജനനത്താൽ നാം ദൈവമക്കാളായി തീർന്നി രിക്കുന്നുവെങ്കിൽ നമ്മുടെ തെറ്റുകളും പരാജയങ്ങളും മൂലം പിതൃത്വം നഷ്ടപ്പെടുകയില്ല (യോഹ 1:12-13; 2 തിമോ. 2:13). മൂന്നാമത് നാം ദൈവത്തിന്റെ ശത്രുക്കളായിരിക്കേ നമ്മുടെ രക്ഷക്കായി ദൈവം തന്നെ സകലതും ചെയ്തെ ങ്കിൽ അവന് നമ്മെ പുറം തള്ളിക്കളയാൻ കഴിയുന്നതല്ല (റോമ. 5:9-10).

### 2. പദവിയുടെ സമീപനം.

വിശ്വാസിയുടെ പദവിയെ കണക്കാക്കിനല്കുന്ന ഭദ്രതയെ ഇതുവെളിവാക്കുന്നു. ഒരു വിശ്വാസി ക്രിസ്തുവിൽ ആകയാൽ അവന്റെ മേൽ യാതൊരു ശിക്ഷാവിധിയും ഇല്ല (റോമ. 8:1). ക്രിസ്തുവിലായിരിക്കുന്ന ഒരു വിശ്വാ സിയെ പിതാവു സ്നേഹിക്കുന്നത് തന്റെ പുത്രനെ (യേശുവിനെ) സ്നേഹിച്ചതുപോലെ തന്നെയാണ്. നാം ഇപ്പോൾ അവന്റെ പുത്രിപുത്രൻമാരാണ് (യോഹ 1:12-13; റോമ 8:38-39; ഗലാ 3:26; എഫേ 1:5-8). സത്യത്തിൽ മര ണത്തിനധീനമല്ലാത്ത യേശുവിന്റെ ഉയർത്തെഴുന്നേല്പിന്റെ പങ്കാളികളിണ് നമ്മൾ (എഫേ 2:6) മറ്റൊരു കാര്യം നമ്മെ അവന്റെ ശരീരത്തിലെ (സഭ) അവയവങ്ങൾ ആക്കിയാണ് പൂർത്തിവരുത്തിയിരിക്കുന്നത്. ആകയാൽ തലയോ അവയവമോ മാറ്റപ്പെട്ടാൽ ശരീരം അപൂർണ്ണവും വികൃതവുമായിരിക്കും (1 കൊരി 12:13) തന്മൂലം നാം എന്നും അവന്റെ ശരീരത്തിന്റെ ഭാഗമായിരിക്കും.

### 3. സംരക്ഷണത്തിന്റെ സമീപനം.

സംരക്ഷണത്തിന്റെ സമീപനം തെളിവാക്കുന്നത് യേശുക്രിസ്തു നമുക്കായി സാത്താനെതിരായി പിതൃവലഭാഗ ത്ത് വക്കീലായി നടത്തുന്ന വാദങ്ങളിൽ നിന്നാണ് (1 യോഹ. 2:1-2; വെളി 12:10). അവൻ ദൈവത്തിനും മനു ഷ്യനും ഇടയിലെ മദ്ധ്യസ്ഥനായി (മനുഷ്യനും മദ്ധ്യത്തിൽ എന്നാണ് Mediater- എന്നതിനർത്ഥം Man-in-the-middle). നീണ്ട വിശേഷതയേറിയ വാഗ്ദത്തം നേടിത്തന്നു (ഗലാ. 3:20; 1 തിമോ 2:5; എബ്ര 8:6; 9:15; 12:24). ഇപ്പോൾ അവൻ തന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ സുരക്ഷിതത്വത്തിനായി (ഭദ്രതയ്ക്കായി) അപേക്ഷിക്കുകയാണ് (റോമ 8:31 -39) ആരെങ്കിലും അവന്റെ കൈയിലെ ആടിനെ തട്ടികൊണ്ടു പോകാൻ ശ്രമിച്ചാൽ അതു പിതാവിന്റേയും പുത്ര ന്റേയും സർവ്വാധികാരത്തിൻമേൽ (സർവ്വശക്തി) നടത്തുന്ന വിഫലമായ കടന്നാക്രമണം മാത്രമാണ് (യോഹ. 10:27-29). (എഴുത്തുകാരന്റെ കുറിപ്പ് : ഇതെനിക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കിയിരിക്കുന്നു)

### 4. ആത്മീയ സമീപനം.

രക്ഷയുടെ ഭദ്രത അഥവാ നിത്യരക്ഷയെകുറിച്ചുള്ള നാലാമത്തെ തെളിവ് പരിശുദ്ധാത്മാവിന്റെ ആളത്വം, പ്രവർത്തനം എന്നിവയോടു നമുക്കുള്ള ബന്ധത്താലാണ്. രക്ഷിക്കപെടാത്തതും കെടുന്ന ബീജത്താലുള്ള ജഡത്തിൽ നിന്നു

ജനിച്ചവരുമായ മനുഷ്യവർഗ്ഗത്തെ പരിശുദ്ധാത്മാവ് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ കെടാത്ത ബീജ ത്താലുള്ള വീണ്ടും ജനനം പ്രാപിക്കുവാൻ സഹായിക്കുന്നു. ഇങ്ങനെ ജനിച്ചവർക്ക് വീണ്ടും മരിക്കുവാൻ കഴി യില്ല (1 കൊരി. 15:42-52; 1 പത്രോ. 1:22-25; യോഹ. 11:25-26) കൂടാതെ രക്ഷിക്കപ്പെടുന്ന സമയത്തുതന്നെ പരിശു ദ്ധാത്മാവ് നമുക്ക് പൂർണ്ണതയും മാറ്റുവാൻ കഴിയാത്തതുമായ നിരവധി വരങ്ങളും തന്നിട്ടുണ്ട്. (റോമ 11:29) വിശ്വാ സിയുടെ ഉയിർത്തെഴുന്നേല്പിന്റെ അച്ചാരമായി രക്ഷിക്കപ്പെടുന്ന സമയം മുതൽ പരിശുദ്ധാത്മാവ് അവരിൽ അധിവസിക്കുന്നു (റോമ 8:9; 1 യോഹ 2:27; 2 കൊരി. 1:22). പരിശുദ്ധാത്മാവ് വിശ്വാസിയെ ക്രിസ്തുവുമായുള്ള ഐക്യതയിൽ നിലനിർത്തുവാൻ ആത്മസ്നാനവും, വീണ്ടെടുപ്പിനാളിലേക്കുള്ള ആത്മമുദ്രയും, അതേസമയം തന്നെ നല്കുന്നു (2 കൊരി. 1:21-22; എഫേ. 1:13-14; 4:30).

## E. ദത്തെടുക്കൽ.

യേശുക്രിസ്തു ദൈവത്തിന്റെ ഏകജാതനായ പുത്രനാണ് (യോഹ 3:16) വിശ്വാസത്താൽ നാം യേശുക്രിസ്തുവു മായി ഐക്യപ്പെടുമ്പോൾ നമ്മൾ ദൈവത്തിന്റെ ദത്തുപുത്രന്മാർ ആയിതീരുന്നു. ഈ ദത്തെടുക്കൽ ഇസ്രയേ ലിനു വേണ്ടിയുള്ളതായിരുന്നെങ്കിലും അവർ അവരുടെ മശിഹായെ ത്യജിച്ചു കളഞ്ഞു (റോമ. 9:3,4). ഇതിന്റെ ഫലമായി ഇപ്പോൾ പിതാവായ ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ അവനുമായി വളരെ അടുത്തബന്ധം സ്ഥാപിക്കുവാനും യേശുക്രിസ്തുവിനോടുകൂടെ അവകാശം പ്രാപിക്കുവാനും വിശ്വാസിക്കു അവസരം ലഭിച്ചിരി ക്കയാണ് (റോമ. 8:15-17; ഗലാ. 4:4-7). ഒരു ദിവസം ഈ ദത്തെടുക്കലിന്റെ പൂർണ്ണ അനുഗ്രം എന്തെന്നു നാം മന സ്സിലാക്കുന്നതായിരിക്കും (റോമ 8:22-23).

ഭാഗം 5

# ഭാവി: പ്രവചനം (ഭാവികാല തത്വശാസ്ത്രം)

## A. ആമുഖം:

ദൈവം തന്റെ കൃപയിൽ യുഗങ്ങൾക്കായി ഒരു പദ്ധതി ആസൂത്രണം ചെയ്തിരുന്നു. സംഭവിക്കാൻ പോകുന്ന ചരിത്രത്തിലെ പ്രധാന കാര്യങ്ങളെ അവൻ നമ്മെ അറിയിച്ചു. ചില വിഷങ്ങളിൽ അവൻ നമുക്കു കൂടുതൽ അറിവുകളും മറ്റചിലതിൽ കുറച്ചും ആയിട്ടാണ് അവയെ തന്നത്. നാളെ എന്നത് നമ്മുടെ ദൈവത്തിന്റെ കായ്യിലാണ് എന്ന യാതാർത്ഥ്യം നമുക്കു വിശ്വസിക്കാവുന്നതാണ്.

ദൈവവചനത്തിലെ അതിപ്രധാനമായ ഒരു വിഷയമാണ് പ്രവചനം. വാസ്തവത്തിൽ ബൈബിളിലെ 1189 അദ്ധ്യായങ്ങളിൽ 271 അദ്ധ്യായങ്ങളും പ്രവചന സംബന്ധമായവ ആകുന്നു. അതായത് ബൈബിളിന്റെ നാലിൽ ഒരു ഭാഗം പ്രവചനമാണ്. മറ്റു പുതസകങ്ങളും പ്രവചന വേദഭാഗങ്ങൾ ഉണ്ട്. ആകയാൽ പ്രവചന പഠനം വളരെ പ്രധാനപ്പെട്ട ഒന്നാണ്.

പ്രവചനത്തിന്റെ പഠനത്തിൽ തീർച്ചപെടുത്തേണ്ട കാര്യം ഇതുവരെ സംഭവിച്ചിട്ടില്ലാത്ത (നിവൃത്തിയാകാത്തത്) പ്രധാന വിഷയങ്ങളാണ്. ഇതിന്റെ പഠന സൗകര്യത്തിനായി ഒരു പുറം ചട്ട തയ്യാറാക്കേണ്ടതുണ്ട്. വ്യാഖ്യാനത്തിലുള്ള അടിസ്ഥാന പ്രമാണങ്ങൾ എന്ന അദ്ധ്യായം 4-ലെ 15-ാം നിയമം ഓർക്കുക. ചില പ്രവചനങ്ങൾ നിവൃത്തിയായതായും മറ്റു ചിലവ നിവൃത്തിയാകാനുള്ളതുമെന്ന് നാം അവിടെ കണ്ടു.

നമ്മുടെ ഈ പഠനത്തിൽ ഭാവി സംഭവങ്ങളെ മനസ്സിലാക്കേണ്ടതിനായി വിവിധ പ്രയോഗങ്ങൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്.

## B. യുഗങ്ങൾ:

പ്രവചനങ്ങൾ യുഗപരമായ വിഭജനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. 13-ാം നിയമത്തിലെ വ്യാഖ്യാനത്തിനുള്ള അടിസ്ഥാന പ്രമാണങ്ങളിലെ യുഗങ്ങളെ കുറിച്ചു പറഞ്ഞിരിക്കുന്നവ വിദ്യാർത്ഥി ഓർത്തിരിക്കേണ്ടതാണ്.

ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളിൽ ദൈവം മനുഷ്യർക്കു ചെയ്യുവാൻ കൊടുത്ത വിവിധ ഉത്തരവാദിത്തങ്ങളെയാണ് യുഗങ്ങളായി പറഞ്ഞിരിക്കുന്നത്.

യുഗപരമായ മാറ്റങ്ങൾ പൗരോഹിത്യത്തിന്റെയും ന്യായപ്രമണത്തിന്റേയും മാറ്റങ്ങളിൽകൂടെ മനസ്സിലാക്കാൻ കഴിയും (എബ്രാ 7:12). ആദാമിന്റെ വീഴ്ചമുതൽ ഇസ്രായേൽമക്കളുടെ മിസ്രമിൽ നിന്നുള്ള പുറപ്പാടുവരെയുള്ള ജാതികളടെ യുഗം പൂർത്തിയാക്കപ്പെട്ടു. തുടർന്ന് ആരംഭിച്ച ഇസ്രയല്ല്യയുഗം (ന്യായപ്രമാണം കൊടുത്തതു മുതൽ) പെന്തക്കോസ്തുനാൾവരെ നീണ്ടു. എന്നാൽ അതിന്റെ പൂർണ്ണത മഹോപദ്രവകാലം ഒഴിച്ചു ദാനിയേലിന്റെ എഴുപതു ആഴ്ചവട്ടപ്രകാരമാണ് (ദാനി. 9:24-27).

ഇപ്പോൾ നാം സഭായുഗത്തിലാണ്. അതു പെന്തക്കോസ്തുനാളിൽ ആരംഭിച്ചതും സഭ എടുത്തു കൊള്ളപെടുന്നതുവരെ ദീർഘിക്കുന്നതുമായ ഒരു കാലഘട്ടമാണ്. സഹസ്രാബ്ദയുഗം ആരംഭിക്കുന്നതു യേശുക്രിസ്തുവിന്റെ

രണ്ടാം വരവിനോടുകൂടെയാണ്. അന്ന് യേശുക്രിസ്തു ലോകത്തിന്റെ ഭരണം ഏറ്റെടുത്ത് ആയിരം വർഷം നീതിയോടെ ഭരിക്കുകയും സാത്താന്റെ മത്സരത്തിനന്ത്യം കുറിക്കുകയും ചെയ്യും.

## C. ഉത്പ്രാപണം (എടുത്തുകൊള്ളപ്പെടൽ):

**"ഉത്പ്രാപണം"** എന്നതു ഇംഗ്ലീഷ് പദമായ Rapture ഗ്രീക്കിലെ ഹാർപാഡ്സോ (HARPADZO) എന്ന് 1 തെസ്സ4:17-ൽ പറഞ്ഞിരിക്കുന്ന പദത്തിന്റെ ലത്തീൻ പരിഭാഷയായ റാപെറെ (RAPERE) യിൽ നിന്നുളവായതാണ് "എടുത്തുകൊള്ളപെടൽ" എന്നാണ് ശരിയായ അർത്ഥം.

ഈ എടുത്തുകൊള്ളപെടലിൽ കാർത്താവ് മരിച്ചുപോയ വിശുദ്ധന്മാരെ ഉയർപ്പിച്ചു ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരുമായി സംയോജിപ്പിച്ചു തന്നോടുചേർക്കുന്നതായിരിക്കും (1 തെസ്സ 4:14-17). ഈ സംഭവം കണ്ണിമയ്ക്കുന്നിടയിൽ നടക്കുന്നതായിരിക്കും (1 കൊരി 15:51-52).

സഭയടെ എടുത്തുകൊള്ളപ്പെടലോടെ സഭായുഗം അവസാനിക്കുകയും മഹോപദ്രവകാലം ആരംഭിക്കുകയും ചെയ്യുന്നതായിരിക്കും.

## D. മഹോപദ്രവകാലം:

"മഹോപദ്രവം" (Tribulation) എന്നവാക്ക് ഗ്രീക്കിലെ ത്ളിപ്സിസ് (THLIPSIS) എന്ന വാക്കിൽ നിന്നുണ്ടായതാണ്. "സമ്മർദ്ദം" എന്നാണ് അർത്ഥം. ഓരാൾ തന്റെ കാലുകൊണ്ട് മുന്തിരിപഴം ചവുട്ടി മെതിക്കുന്നതുപോലെ ലോകം ഇതുവരെ കണ്ടിട്ടില്ലാത്തും പ്രാണനെയും ശരീരത്തെയും ദണ്ഡിപ്പിക്കുന്ന പീഡനമുറ ആ കാലത്ത് ഉണ്ടാകും. മഹോപദ്രവകാലത്തെ സംഭവങ്ങൾ വെളി 6-19 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഈ കാലഘട്ടത്തിന്റെ ദൈർഘ്യം ഏഴുവർഷമായിരിക്കും. ദാനിയേലിന്റെ എഴുപതു ആഴ്ചവട്ടത്തിന്റെ ഭാഗമായിട്ടാണ് ഇതിനെയും പഠിക്കേണ്ടത് (ദാനി. 9:24-27). ദാനിയേൽ പ്രവാചകനു ദൈവം കൊടുത്ത എഴുപതു ആഴ്ചവട്ടങ്ങളുടെ വർഷങ്ങളെകുറിച്ചാണ് പ്രവചനം, ഇതു അവന്റെ ജനമായ യഹുദനു വേണ്ടിയായിരുന്നു. ക്രൂശിക്കപ്പെടേണ്ടതിനായി യേശു യറുശലേമിന്റെ വീഥികളിൽകൂടെ നടന്നു നീങ്ങിയപ്പോൾ 69 ആഴ്ചവട്ടങ്ങളുടെ കാലം പൂർത്തിയായി 70-ാം ആഴ്ചവട്ടം എന്നത് ഏഴുവർഷം ആകുന്നു. സഭയുടെ എടുത്തുകൊള്ളപ്പെടീൽ മുതൽ കർത്താവിന്റെ മടങ്ങിവരവുവരെയുള്ള കാലഘട്ടമാണിത്.

## E. രണ്ടാം വരവ്:

മഹോപദ്രവകാലമായ ഏഴുവർഷ കാലത്തിന്റെ അവസാനത്തിൽ കർത്താവായ യേശുക്രിസ്തു പെട്ടന്ന് രണ്ടാമതു പ്രത്യക്ഷനാകുന്നതിനെയാണ് ഇതു ചൂണ്ടികാട്ടുന്നത് (മത്താ 24:29), ഇതും സഭയുടെ എടുത്തുകൊള്ളപെടലും തമ്മിൽ വ്യത്യാസം ഉണ്ട്. ഇവിടെ യേശു തന്റെ കാലുകൾ വീണ്ടും ഭൂമിയിൽ ചവിട്ടും (സഖര്യ. 14:1-6), എന്നാൽ സഭയുടെ എടുത്തുകൊള്ളപ്പെടലിൽ അവൻ മേഘത്തിൽ വരികയേഉള്ളു (അപ്പേ. പ്ര 1:11).

ഈ സമയത്താണ് അവൻ സകലശത്രുക്കളെയും കീഴടക്കി ആയിരമാണ്ടുവാഴ്ച ആരംഭിക്കുന്നത് (വെളി. 19:20-20:6). ഒന്നാമത് യേശു തന്റെ കാലുകൾ ഒലിവുമലയിൽ ചവിട്ടും അപ്പോൾ അതു രണ്ടായി പിളരും പിന്നീട് ഇസ്രായേലിലെ ശേഷിപ്പിനു വിടുതൽ നല്കും (സെഖ. 14:1-6). അവൻ പശ്ചിമഭാഗത്തിന്റെ രാജാവിനോട് സംസാരിക്കുകയും അവനെ നശിപ്പിക്കുകയും ചെയ്യും (2 തെസ്സ. 2:8; വെളി 19:15). അടുത്തതായി അവൻ ആകാശത്തു നിന്നു തീയ് ഇറക്കും വടക്കേ രാജ്യത്തിന്റെ രാജാവിനെ നശിപ്പിക്കും (യെഹ. 38,39). എന്തെന്നാൽ അവൻ തെക്കേഭാഗത്തിന്റെ രാജാവിനെ നശിപ്പിച്ചിരുന്നു (ദാനി. 11:40-44) അതിനുശേഷം കിഴക്കേഭാഗത്തിന്റെ രാജാവുമായി സഖ്യത ചെയ്യും (യെശ. 63:1-6; വെളി 14:20).

## F. സഹസ്രാബ്ദ സാമ്രാജ്യം:

സഹസ്രാബ്ദ ഭരണകൂടം ചൂണ്ടികാട്ടുന്നത് യേശുക്രിസ്തു രാജാവായി ഈ ഭൂമിയിൽ വാഴുന്ന ആയിരമാണ്ടു കാലയളവിനെയാണ് (വെളി 20:6). ഈ രാജ്യത്തിന്റെ സ്വഭാവത്തെ എടുത്തു കാണിക്കുന്ന അനേക വേദഭാഗങ്ങളുണ്ട്. സഹസ്രാബ്ദ വാഴ്ച അബ്രഹാം, ദാവീദ് തുടങ്ങിയവരോടു ചെയ്ത ഉടമ്പടിയുടെയും പുതിയ ഉടമ്പടിയുടെയും നിവൃത്തിയാണ്. ഇതിനാൽ ഏദൻ തോട്ടത്തിലെ ശാപവും നീങ്ങിപോകുന്നതാണ് (ഉല്പ. 3:17-19).

സഹസ്രാബ്ദവാഴ്ചയുടെ ഭൗതിക സ്വഭാവങ്ങളിൽ ഇവിടെ പറയുന്നവയെല്ലാം ഉൾപ്പെടും (1) യുദ്ധം ഇല്ലായ്മ (യെശ 2:4; മിഖാ 4:3); (2) മൃഗങ്ങളിൽ ക്രൂരഭാവം ഇല്ലാതാകുന്നു (യെശ. 11:6-9; 35:9; 65:25); (3) രോഗവും അകാലമരണങ്ങളും ഇല്ലാതാക്കുകയും ദീർഘായുസ്സ് വർദ്ധിക്കുകയും ചെയ്യുന്നു (യെശ. 29:17-19); (4) സാമൂഹ്യമായോ, സാമ്പത്തികമായോ, രാഷ്ട്രീയമയോ ഉള്ള പീഢനങ്ങൾ ഉണ്ടായിരിക്കയില്ല (യെശ. 14:3-6); (5) ജനസംഖ്യാവർദ്ധ

നവ് (യിരമ്യാ. 30:20); (6) തൊഴിൽ വർദ്ധന - അദ്ധ്വാനം (യിരമ്യാ. 31:5; യെശ. 62:8-9; 65:21-23); (7) സമ്പദ് വ്യവസ്ഥയിൽ അഭിവൃദ്ധി (യെശ. 35:1,2,7); (8) വെളിച്ചങ്ങൾ നിലയ്ക്കുകയും യഹോവയുടെ പ്രകാശം ലഭിക്കുകയും ചെയ്യുന്നു (യെശ. 14:6,7). സഹസ്രാബ്ദരാജ്യത്തിലെ നിവാസികൾ മഹാപീഡനത്തെ അതിജീവിച്ച യഹൂദന്മാരും ജാതികളും ആയിരിക്കും (മത്താ 25:31-46). അതേ, പാപ പ്രകൃതത്തോടുകൂടിയ മനുഷ്യരായിരിക്കും അവിടെ പാർക്കുന്നവർ. അവർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾ രക്ഷിക്കപ്പെടേണ്ടതുമാണ്.

സഹസ്രബ്ദയുഗത്തിലെ ആത്മീയ സ്വഭാവങ്ങൾ : (1) നീതി (മലാ. 4:2; സങ്കി 89:14), (2) സംപൂർണ്ണമായ യഹോവയുടെ പരിജ്ഞാനം (യെശ 11:9); 3. പരിശുദ്ധാത്മനിറവ് (യോവേൽ 2:28-29); (4.) സന്തോഷം (യെശ. 9:3-4); (5) ന്യായം (യെശ. 9:7; 11:5; 32:16; 42:1-4; 65:25).

ക്രിസ്തുവിന്റെ ഭരണം സാർവ്വലൗകികമായ (വിശ്വവ്യാപകമായ) ഒന്നായിരിക്കും (ദാനി. 7:14; മീഖ 4:1-2; സെഫ. 3:9-10; സങ്കീ. 72:8). അതു ഐക്യത്തിന്റെ ഭരണമായിരിക്കും (യെഹ. 37:24-28). നീയമ ലംഘനങ്ങൾ (കുറ്റകൃത്യങ്ങൾ) അശേഷം ഉണ്ടായിരിക്കുകയില്ല (സങ്കീ. 72:1-4; വെളി. 19:15). ഭരണ സിരാകേന്ദ്രം (തലസ്ഥാനം) യെറുശലേം ആയിരിക്കും (യെശ. 2:2-4; യിരമ്യ 31:6; മീഖ 4:1; സെഫ. 2:10-11). സർവ്വശക്തനായ ദൈവത്താൽ അതിനു സംരക്ഷണം ലഭിക്കും (യെശ. 11:9). അത് എവർക്കും സ്വീകാര്യവും (യെശ. 35:8-9) വലിപ്പമേറിയതും (യിരമ്യാ 31: 38-40; യെഹ 48:30; സെഖ. 14:10) ആയിരിക്കും. യെറുശലേം ഭരണ കേന്ദ്രമെന്നതുപോലെ തന്നെ ആരാധനയുടെ കേന്ദ്രവും ആയിരിക്കും (യിര. 30:16-21; 31:6,23; യോവേൽ. 3:17; സെഖ. 8:8,20). സഹസ്രാബ്ദ ദേവാലയവും അവിടെ ആയിരിക്കും (യെഹ. 40:1-46:24). പുരോഹിത ശുശ്രൂഷ സാദോക്കിന്റെ വംശത്തിനായിരിക്കും (യെഹ 43:19; 44:15).

## G. വലിയ വെള്ള സിംഹാസനത്തിങ്കലെ ന്യായവിധി:

ഇതു നടക്കുന്നതു സഹസ്രാബ്ദയുഗത്തിനു ശേഷവും സാത്താനെ അല്പകാലത്തേക്ക് സ്വതന്ത്രനാക്കിയതിന്റെ ശേഷവുമാണ്. രാഷ്ട്രങ്ങളെ വീണ്ടും തന്റെ ചതിക്കെണിയിൽ വീഴിക്കുവാനും, ഗോഗ്, മാഗോഗ് തുടങ്ങിയവരുടെ നേതാവായി അവരെ വീണ്ടും മത്സരത്തിനു നയിക്കുവാനും അവനു അനുവാദം ഉണ്ടായിരിക്കും (വെളി. 20:7-8). സഹസ്രാബ്ദ രാജ്യത്തിലെ നിവാസികളിൽ രക്ഷിക്കപ്പെടാതിരുന്നവർ എല്ലാം സാത്താന്റെ പ്രജകളായി മാറും. എന്നാൽ കർത്താവ് ഈ നാളുകളിൽ സാത്താന്റെ സകലവിധ പോരാട്ടങ്ങളേയും അവാസനിപ്പിക്കുന്നതു ആകാശത്തുനിന്നു പെയ്യുന്ന തീകൊണ്ടായിരിക്കും. അതിനുശേഷം സാത്താനെ മൃഗവു കള്ള പ്രവാചകനും കിടക്കുന്ന തീപൊയ്കയിലേക്ക് തള്ളികളയും (വെളി. 20:9-10).

ഒടുവിൽ, അവിശ്വാസികളെല്ലാം അവസാന ന്യായവിധിക്കായി "വെള്ള സിംഹാസനത്തിന്" മുൻപിൽ എത്തും " ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളി. 20:15).

## H. നിത്യതയുടെ അവസ്ഥ:

ഈ നിത്യതയുടെ അവസ്ഥയെ **"ദൈവ ദിവസം"** എന്നാണ് പത്രോസ് അപ്പോസ്തോലൻ വിളിച്ചിരിക്കുന്നത് (2 പത്രോ. 3:12). ഇത് ആരംഭിക്കുന്നത് വലിയ വെള്ള സിംഹാസനത്തിലെ ന്യായവിധിയ്ക്കും ഈ വർത്തമാന കാല ഭൂമിയുടെയും ആകാശത്തിന്റെയും നാശത്തിനും, പുതുവാന ഭൂമികളുടെ സൃഷ്ടിപ്പിനുശേഷവും ആയിരിക്കും (യെശ. 65:17; 66:22; 2 പത്രോ. 3:12,13; വെളി 21:1). പുതിയ ഭൂമിയിൽ ഒരു പുതിയ യറുശലേം ഉണ്ടായിരിക്കും (വെളി. 21:2-5) അവിടെ ഇസ്രയേലിലെ 12 ഗോത്രങ്ങളുടെ പേരും 12 അപ്പോസ്തോലന്മാരുടെ പേരുകളും കൊത്തിയിരിക്കും, എങ്കിലും പുതിയ യരുശലേമിൽ ദേവാലയം ഉണ്ടായിരിക്കുകയില്ല. എന്തുകൊണ്ടന്നാൽ കുഞ്ഞാട് (യേശുക്രിസ്തു) അതിന്റെ വെളിച്ചമായിരിക്കും (വെളി. 21:22-23). ദൈവ സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന "ജീവജല നദിയും" നദികളുടെ കരകളിലും പന്ത്രണ്ടുവിധ ഫലം കായിക്കുന്ന **"ജീവവൃക്ഷവും"** ഉണ്ട്. മാസംതോറും അതു അതാതുഫലം കൊടുക്കുന്നു (വെളി. 22:1-2).

അവിടെ യാതൊരു വിധപാപവും ഉണ്ടായിരിക്കയില്ല (വെളി. 21:24-27). യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപക്ഷമ പ്രാപിച്ചിട്ടില്ലാത്ത ആരും പുതിയ യരുശലേമിലോ പുതുവാന ഭൂമികളിലോ കാണുകയില്ല. അങ്ങനെയുള്ളവരെ കാണുന്നതു തീപൊയ്കയിലായിരിക്കും (വെളി. 21:8). നിത്യതയിൽ പിതാവിനോടൊത്തു വസിച്ച് അവന്റെ ഭണ്ഡാരത്തിലെ നന്മ അനുഭവിക്കുവാൻ ജയാളികൾക്കു മാത്രമേ കഴിയൂ. ദൈവത്തിനു നന്ദി കരേറ്റാം എന്തുകൊണ്ടന്നാൽ ***"ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ"*** ആയിരിക്കുന്നു (1 യോഹ. 5:4-5).

വെളി 21:8-ലെ വാക്യം വായിച്ചിട്ട് ഇതു പ്രത്യേകം മനസ്സിലാക്കുക, ഒരുവൻ ചെയ്ത പാപമല്ല അവനെ സ്വർഗ്ഗത്തിൽ നിന്നു അന്യനാകുന്നതു, പിന്നയോ, യേശു ക്രിസ്തുവിൽ വിശ്വസിക്കാതെ അവനെ ത്യജിക്കയും പാപമോചനം പ്രാപിക്കാതിരിക്കയും ചെയ്ത പ്രവർത്തി മൂലമാണ്.

## അദ്ധ്യായം 8

# ദൈവോദ്ദേശത്തിന്റെ ഉപദേശം

ഭാഗം 1

# വ്യക്തിപരമായ ക്രീസ്തീയ ജീവിതം (ക്രിസ്തീയ ജീവിത ദൈവശാസ്ത്രം )

## A. ആമുഖം:

ഓരോ മനുഷ്യരോടും വ്യക്തിപരമായുള്ള ദൈവത്തിന്റെ ഉദ്ദേശത്തെ തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപമാക്കി തീർത്തു (റോമ 8:29). ഈ ഉദ്ദേശ നിവൃത്തിക്കായി ഓരോ വ്യക്തിയുടേയും ജീവിതത്തിൽ മൂന്നു ഗൗരവമേറിയ വികസനഘട്ടങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ പ്രത്യേക അവസ്ഥകളെ വളർച്ചയുടെ (വികാസ ദശ) ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, മൂന്നാം ഘട്ടം എന്നു വിളിക്കാം. ഒന്നാം ഘട്ടം ആരംഭിക്കുന്നത് ഒരു വിശ്വാസിയായ ഒരാൾ യേശുക്രിസ്തുവിലെ വിശ്വാസത്താൽ വിശ്വാസിയാകുമ്പോഴാണ് (അപ്പോ. പ്ര. 16:31). ആ വ്യക്തി നിത്യരക്ഷയെ അനുഭവമാക്കുന്ന വിനാഴിക ആണത്.

രണ്ടാംഘട്ടം നിത്യരക്ഷയെ അനുഭവമാക്കുന്നതു മുതൽ മരണം വരെയോ, സഭ എടുത്തുകൊള്ളപെടുകയോ ചെയ്യുന്നതുവരെയുള്ള തുടർച്ചയായ കാലപരിധിയാണ്.

മൂന്നാം ഘട്ടം മരണം മുതലോ എടുത്തുകൊള്ളപ്പടൽ മുതലോ തുടങ്ങി നിത്യത മുഴുവൻ നീളുന്നതാണ്.

മൂന്നാംഘട്ടത്തിൽ പ്രവേശിക്കും വരെ ആഗ്രഹപൂർത്തീകരണമാകുന്ന യേശുക്രിസ്തുവിന്റെ രൂപത്തോടു അനുരൂപമാകുക എന്ന ഉദ്ദേശം സഫലമാക്കുന്നില്ല, പക്ഷേ രക്ഷിക്കപ്പെടുന്ന ദിനം മുതൽ വിശ്വാസിയിൽ മാറ്റം സംഭവിച്ചു തുടങ്ങുന്നതാണ് (2 കൊരി 3:18). യേശുക്രിസ്തുവിന്റെ സ്വരൂപം എന്നാൽ അവന്റെ മനോഭാവത്തെ ഉൾകൊണ്ടുകൊണ്ട് നിസ്വാർത്ഥവും വിനയവും, ത്യാഗപൂർണ്ണവുമായ ജീവിതം നയിക്കുക എന്നാണർത്ഥം (ഫിലി. 2:5-8). മറ്റൊരു പ്രകാരത്തിൽ നമ്മെ ***"വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമായി നടക്കുക"*** (എഫേ 4:1-3) എന്നാണ്.

വിശ്വാസിയുടെ ജീവിത വളർച്ചയ്ക്കും പല ഘട്ടങ്ങൾ ഉണ്ടന്നുള്ള യാതാർത്ഥ്യവും അത്യാവശ്യമായി അറിഞ്ഞിരുന്നാൽ ദൈവവചനം നന്നായി മനസ്സിലാക്കുവാൻ അതു സഹായകമാകും ആര്? എന്ന നമ്മുടെ ചോദ്യത്തിനു ഒന്നുകിൽ ദൈവം വിശ്വാസിയോടു സംസാരിക്കുന്നു എന്നൊ അല്ലെങ്കിൽ അവിശ്വാസിയോടു സംസാരിക്കുന്നു എന്നോ തിരിച്ചറിഞ്ഞുവേണം, ആ വേദഭാഗത്തെ വ്യാഖ്യാനിക്കുവാൻ. ആകയാൽ ഈ സത്യം മനസ്സിൽ കരുതേണ്ടതാണ്.

## B. ക്രിസ്തീയ ജീവിതത്തിന്റെ പതിമൂന്നു മൂല ഘടകങ്ങൾ:

### 1. വിശ്വാസം.

ആരിലോ, എന്തിലോ ഉള്ള ഒരുവന്റെ ആശ്രയത്തിനാണ് വിശ്വാസം എന്നു സാധാരണപറയുന്നത് ആരെങ്കിലും അഥവാ എന്തെങ്കിലും നമ്മുടെ ആഗ്രഹത്തെയോ ആവശ്യത്തെയോ പൂർത്തീകരിക്കും എന്നതാണ് വിശ്വാസം. വിശ്വാസത്തിന് കല്പിയ്ക്കുന്ന വിലയാണ് വിശ്വാസത്തിന്റെ ഫലം നിർണ്ണയിക്കുന്നത്, എങ്കിലും അതിൽ വിശ്വാസം

ഒറ്റയ്ക്കല്ല. ഒരു പക്ഷേ ഒരാൾ നാം വസിക്കുന്ന ഈ ഭൂമിപോലെ മറ്റൊരു ഭൂമിയും ആകാശവും സൃഷ്ടിക്കുവാൻ മനുഷ്യനു കഴിയും എന്നു വിശ്വസിച്ചേക്കാം, എന്നാൽ അങ്ങനെയൊരു സൃഷ്ടിപ്പു നടത്താനുള്ള കഴിവു മനുഷ്യനില്ലായെന്നു നമുക്കറിയാം ആകയാൽ അങ്ങനെയൊരു വിശ്വാസം വിലയില്ലാത്തതും ആർത്ഥശൂന്യവുമാണ്.

നാം ചിന്തിച്ചതുപോലെ ആകാശഭൂമികൾ സൃഷ്ടിക്കുവാൻ കഴിയുന്ന ഒരുവനിൽ വാസ്തവമായി വിശ്വസിക്കുമ്പോഴാണ് വിശ്വാസം വിലയുള്ളതായിതീരുന്നത്. നാം ദൈവത്തിൽ വിശ്വസിക്കുന്നത് അവൻ ആകാശഭൂമികളെ സൃഷ്ടിച്ചവനും, അവയെ പരിപാലിക്കുന്നവനും അതിനുള്ള ജ്ഞാനം ശക്തിയും ഉള്ളവനുമായിരിക്കുന്നതിനാലാണ്. തിരുവെഴുത്തിൽ നാം ഇപ്രകാരമാണ് വായിക്കുന്നത്. ***"വിശ്വാസം എന്നതോ ആശിക്കുന്നന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. അതിനാലല്ലോ പൂർവ്വന്മാർക്ക് സാക്ഷ്യം ലഭിച്ചതു. ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നും നാം വിശ്വാസത്താൽ അറിയുന്നു"*** (എബ്രാ. 11:1-3).

യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് നീതികരണത്തിന്റെ (ഒരുവനെ നീതിമാനായി പ്രഖ്യാപിക്കുന്ന)യും ക്രിസ്തീനിയെന്ന നിലയ്ക്കു കൃപയിലേക്കു നമുക്കു ലഭിച്ച പ്രവേശനത്തിന്റെയും അടിസ്ഥാനം (റോമ. 5:1-2). ആകയാൽ ഒന്നാം ഘട്ടത്തിൽ കണ്ടതുപോലെ അവിശ്വാസിക്കു വിശ്വാസിയായി തീരണമെങ്കിൽ വിശ്വാസം അത്യാവശ്യമാണ്. ഈ വിശ്വാസമാണ് നമുക്കു പരിശുദ്ധാത്മാവുമായി ബന്ധം സ്ഥാപിച്ചു തരുന്നതും (ഗലാ 3:2,3,14).

ക്രിസ്തീയ ജീവിതത്തിൽ വിശ്വാസം അത്യാന്താപേക്ഷിതമാണ് (രണ്ടാം ഘട്ടം) എന്തുകൊണ്ടന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല (എബ്ര. 11:6; 2 കൊരി 5:7). നമ്മിൽ ഈ വിശ്വാസം കാണുമ്പോൾ ദൈവത്തിനു സന്തോഷമാണ് (മത്താ. 8:5-10) വിശ്വസത്താലാണ് നാം ലോകത്തെയും സാത്താന്യ പദ്ധതികളേയും കീഴടക്കി വിജയം കൈവരിക്കുന്നത് (1 യോഹ. 5:4-5). ഒരു ക്രിസ്ത്യാനിയുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നത് അയാൾ ശിശുത്വത്തിൽ നിന്നു പൂർണ്ണതയിലേക്കു വളർത്തിട്ടുണ്ടോ എന്നറിയുന്നതിനായിട്ടാണ് (യാക്കോ 1:3). നമ്മുടെ വിശ്വാസത്തിന്റെ സ്ഥിരത പരിശുദ്ധാത്മാവുമായി നമ്മുടെ ഐക്യബന്ധം എപ്രകാരം സ്ഥിരതയുള്ളതായിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് (ഗലാ 3:4-5). ജീവിതത്തിന്റെ അടിസ്ഥാനം തന്നെ വിശ്വാസമാണ് (2 പത്രോ 1:5-9).

നാം നമ്മുടെ ഉയിർത്തെഴുന്നേറ്റ ശരീരങ്ങളുമായി ക്രിസ്തുവിനോടു കൂടെ ആയിരിക്കുമ്പോൾ നമുക്കു വിശ്വാസത്തിന്റെ ആവശ്യമേയില്ലാ, എന്തുകൊണ്ടന്നാൽ നാം അവനെ താൻ ആയിരിക്കുന്നതുപോലെ അന്നു കാണാം (1 യോഹ 3:2).

### 2. ആത്മീയത്വം.

പരിശുദ്ധാത്മാവായ ദൈവവുമായി ഒരാൾക്കുള്ള ആഴമേറിയ ബന്ധത്തെ ചൂണ്ടികാട്ടുന്നതിനായിട്ടാണ് "ആത്മീയത" എന്ന വാക്ക് ഉപോയഗിച്ചിരിക്കുന്നത്. ആകയാൽ പരിശുദ്ധാത്മാവായ ദൈവത്തിലുള്ള ആശ്രയം ഒരു വിശ്വാസിയുടെ ജീവിതത്തിൽ അനിവാര്യമാണ്. ഒരു അവിശ്വാസിക്കു പരിശുദ്ധാത്മാവുമായി യാതൊരു ബന്ധവുമില്ല (1 കൊരി. 2:14), ആയതിനാൽ ഒരു പ്രകാരത്തിലും ആത്മിയത അവനിലില്ല.

#### a. അധിവാസം.

സഭായുഗത്തിലെ വിശ്വാസികളും പഴയനിയമ വിശ്വാസികളും തമ്മിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ വലിയ വ്യത്യാസം ഉണ്ട്. കഴിഞ്ഞ കാലങ്ങളിൽ പരിശുദ്ധാത്മാവ് വിശ്വാസികളുടെ മേൽ പ്രത്യേക അവസരങ്ങളിൽ വന്നധിവസിക്കുമായിരുന്നു. എന്നാൽ സഭായുഗത്തിൽ പരിശുദ്ധാത്മാവ് വിശ്വാസിയുടെ ഉള്ളിൽ അധിവസിച്ചുകൊണ്ട് യേശുവിന്റെ വചനത്തെ പൂർത്തിയാക്കുന്നു (യോഹ14:17). പരിശുദ്ധാത്മാവിന്റെ അധിവാസമാണ് അവന് ലഭിച്ചിരിക്കുന്ന രക്ഷയുടെ തെളിവ് (റോമ 8:9).

പരിശുദ്ധാത്മാവിന്റെ അധിവാസം രക്ഷിക്കപ്പെടുന്ന സമയത്തു ലഭിക്കുന്ന ഒരുവരമാണ് (റോമ 5:5; അപ്പോ. പ്ര. 11:16-17; 1 കൊരി. 2:12). വരം തിരിച്ചെടുക്കയില്ല (റോമ. 11:29) എന്നകാരണത്താൽ പരിശുദ്ധാത്മാവ് വിശ്വാസി പാപം ചെയ്താലും വിട്ടുപോകുന്നില്ല. ഇതിനു ഉത്തമ തെളിവാണ് കൊരിന്തിലെ വിശ്വാസികൾ ജഡീകരും (1 കൊരി. 3:3) സകലവിധ പാപങ്ങളിൽപെട്ടിട്ടും പരിശുദ്ധാത്മാവു അവരെ വിട്ടുപോയില്ലായെന്നത് (1 കൊരി. 3:19).

#### b. നിറവ്.

ആത്മീയത പരിശുദ്ധാത്മാവുമായുള്ള നമ്മുടെ ആഴമേറിയ ബന്ധത്തെയാണു കാണിക്കുന്നതെങ്കിൽ പരിശുദ്ധാത്മ നിറവ് ആത്മീയതയുടെ ആരംഭമാണ്. നമ്മിൽ നിന്ന് ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കാൻ തക്കവണ്ണം പരിശുദ്ധാത്മാവിനാൽ നിറഞ്ഞും അധികാരം പ്രാപിച്ചും സദാ ജീവിക്കേണ്ടതാണ് (ഗലാ. 5:22-23). തിരുവെഴുത്തിൽ ആത്മനിറവ് എന്നത് പ്രത്യേക അവസരങ്ങളിൽ പ്രത്യേക ആവശ്യക്കാർക്കായി പരിശുദ്ധാത്മാവ് വ്യക്തികളെ അധികാരപ്പെടുത്തുന്നതിനെയാണ് സൂചിപ്പിക്കുന്നതെങ്കിലും ഈ കാലത്ത് അത് ക്രിസ്തീയ ജീവിതത്തിലെ ദൈനംദിന സംഭവമായിട്ടാണ് കാണിച്ചിരിക്കുന്നത്.

ക്രിസ്തീജീവതത്തിൽ പരിശുദ്ധാത്മനിറവ് എത്ര അത്യാവശ്യമായിരിക്കുന്നു എന്നതിന്റെ പ്രഥമ തെളിവാണ് വിധവകളെ ശുശ്രൂഷിപ്പാൻ തിരഞ്ഞെടുത്ത സ്തേഫാനോസ്സിൽ നാം കാണുന്നത് (അപ്പോ. പ്ര. 6:5). ഈ വിപുലീകരണത്തിന്റെ അർത്ഥം മനസ്സിലാക്കാവുന്നതേയുള്ളു, എന്തെന്നാൽ സഭയെകുറിച്ചും നാം പരിശോധിക്കുമ്പോൾ അതു ആ കാലത്ത് ശൈശവദശയിൽനിന്ന് പൂർണ്ണതയിലേക്കു വളരുവാൻ ഉത്സാഹിപ്പിക്കപെടുകയായിരുന്നു (എഫേ 4:11-16).

സുവിശേഷങ്ങൾക്കും, അപ്പോസ്തോല പ്രവർത്തികൾക്കും പുറത്ത് പരിശുദ്ധാത്മനിറവിനെകുറിച്ചും പറയുന്ന വേദഭാഗം ഒന്നു മാത്രമേയുള്ളു, അത് അപ്പോസ്തോലനായ പൗലോസ് എഫേസ്യ. 5:18-ൽ നല്കുന്ന ഒരു കല്പനയാണ്, ***"വീഞ്ഞുകുടിച്ചു മത്തരാകരുത്; അതിനാൽ ദുർന്നടപ്പുണ്ടാകുമല്ലോ ആത്മാവു നിറഞ്ഞവരായിരിപ്പിൻ".*** ഇതു വളരെ വ്യക്തമാണ്. എന്തെന്നാൽ ആത്മനിറവു ഒരു തുടരനുഭവമാണ്. "നിറയ്ക്കുക" (Fill) എന്നതിന്റെ ഗ്രീക്കുപദം "പ്ലേറു" (PLEROO) എന്നാണ് ഇത്-എഫേ. 1:23; 3:19; 4:10 എന്നിവിടങ്ങളിലും കാണാവുന്നതാണ്. പൗലോസ്സിന്റെ ഈ ആജ്ഞയാൽ പരിശുദ്ധാത്മാവിനാൽ നിറവുള്ള ഒരു ജീവിതത്തിന്റെ പ്രധാന്യത വെളിപ്പെടുത്തുന്നു, എന്തന്നാൽ നമുക്കു പാപങ്ങളെ ഏറ്റുപറഞ്ഞു പാപക്ഷമ ലഭിച്ചു എന്നതിന്റെ അടിസ്ഥാത്തിലാണ് ഈ അവസ്ഥയിൽ പ്രവേശിക്കുന്നത്. ഇങ്ങനെ നമുക്കു ആത്മീയരായി ജീവിക്കുവാനും സാധിക്കുന്നതാണ്.

യഥാർത്ഥമായ ആത്മീയത കൃപയും വിശ്വാസവും കൂടി ചേർന്നതാണ്. കൊലോസ്യർ 2:6-7-ഭാഗത്തു നാം ഇപ്രകാരം വിയിക്കുന്നത് ***"ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈകൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പീൻ. അവനിൽ വേരുന്നിയും ആത്മിക സമ്പത്ത് പ്രാപിച്ചും നിങ്ങൾക്ക് ഉപദേശിച്ചു തന്നിതന് ഒത്തവണ്ണം വിശ്വാസത്താൽ ഉറപ്പും സ്ത്രോത്രത്തിൽ കവിഞ്ഞും ഇരിപ്പീൻ."*** നമുക്കവനെ ലഭിച്ചത് കൃപയാൽ വിശ്വാസം മൂലമാണ് (എഫേ. 2:8-9), നമുക്ക് ലഭിച്ചിരിക്കുന്ന നിർദ്ദേശനുസരണം ആത്മീയത ക്രിസ്തീയ ജീവിതത്തിന്റെ പ്രായപൂർത്തിയിലേക്കു നമ്മെ നിയിച്ചു വിശ്വാസത്താൽ നടപ്പാൻ സഹായിക്കുന്നു (ഗലാ. 3:2-3) എന്തെന്നാൽ, വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല (എബ്രാ. 11:6).

ഉപസംഹാരമായി പറഞ്ഞാൽ, പരിശുദ്ധാത്മാ നിറവ് ക്രിസ്തീയ ജീവിതത്തിന്റെ പ്രായപൂർത്തി പ്രാപിച്ച് ക്രിസ്തുവിൽ ജീവിപ്പാൻ നമ്മെ അധികാരപ്പെടുത്തുന്നു.

### C. ദുഖിപ്പിക്കുകയും, കെടുക്കയും.

ഒരു വിശ്വാസി പാപം ചെയ്യുമ്പോൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ് (എഫേ. 4:30). ഏത്രകാലം പാപം ഏറ്റു പറഞ്ഞ് മോചനം പ്രാപിക്കാതെ പാപത്തിൽ തുടരുന്നവോ അതു കൂടുതൽ സ്ഥിതിവഷളാക്കുകയും പരിശുദ്ധാത്മാവിനെ അധികമായി ദുഃഖിപ്പിക്കുയുമായിരിക്കും.

കത്തികൊണ്ടിരിക്കുന്ന ഒരു തീക്കൊള്ളി എടുത്തു പുറത്തിട്ടു തീയ് കെടുത്തുന്നതുപോലെ തന്നെയാണ് തനിക്കോ മറ്റുള്ളവർക്കോ ഉപദ്രവം വരുമാറ് ആത്മാവിന്റെ ഫലത്തെ നശിപ്പിക്കുന്നത്. ഇതിനാണ് ആത്മാവിനെ കെടുക്കരുത് (1 തൊസ്സ. 5:19) എന്നു പറഞ്ഞിരിക്കുന്നത്. നാം മൂലം മറ്റൊരാളിൽ ആത്മാവിന്റെ പ്രവർത്തനം തടസ്സപ്പെടാൻ ഇടയാകരുത്.

## 3. പാപങ്ങളുടെ (പാപത്തിന്റെ) ഏറ്റുപറച്ചിൽ.

ദൈവവചനപ്രകാരം നാം രക്ഷിക്കപ്പെടുമ്പോൾ നമുക്കു പാപ മോചനവും ലഭിക്കുന്നു എന്നത് വളരെ വ്യക്തമാണ്; അതുപോലെ തന്നെ വ്യക്തമാക്കപ്പെട്ടിരിക്കുന്ന ഒന്നാണ് വിശ്വാസികളായവർക്ക് വീണ്ടും പാപം ചെയ്യുവാൻ സാദ്ധ്യതയുണ്ടന്ന കാര്യവും (റോ 7:14-15). നമ്മുടെ രക്ഷയ്ക്കു പാപം ഒരു തടസ്സമേ അല്ല എങ്കിലും ഒരു

വിശ്വാസിക്ക് പാപം ഒരു വിഷയം തന്നെയാണ് എന്തെന്നാൽ ഒരു വിശ്വാസിയുടെ ജീവിതത്തിന് അതു വലിയ ആഘാതമുണ്ടാക്കും ദൈവവും അയാളുമായുള്ള ബന്ധത്തിനും കൂട്ടു വിശ്വാസിയുമായുള്ള ബന്ധത്തിനും തടസ്സം സൃഷ്ടിക്കുകയും അങ്ങനെ കൂട്ടായ്മ നഷ്ടപ്പെടുവാൻ സംഗതിയാകുകയും ചെയ്യും.

കൂട്ടായ്മ എന്നാൽ പരസ്പര ബന്ധമെന്നർത്ഥമാണ് അഥവാ പരസ്പരമുള്ള പങ്കുവെയ്ക്കൽ എന്നാർത്ഥം. ഈ പങ്കുവയ്ക്കൽ ആളുകളുമായോ, സംഭവങ്ങളുമായോ, ധനങ്ങളുമായോ, അതുമല്ലെങ്കിൽ സമയവുമായിട്ടാകാം അവിശ്വാസികൾക്കും ഈ പങ്കുവെയ്ക്കൽ അഥവാ കൂട്ടായ്മയുണ്ട്. അവർ ഒന്നിച്ചു കൂടുന്നതും മുന്നേറുന്നതും പാപ കർമ്മങ്ങളിൽ ആയിരിക്കുമെന്നേയുള്ള. മാത്രവുമല്ല അവരുടെ കൂട്ടായ്മ ദൃഢമായ ഐക്യത്തിൽ അല്ലായിരിക്കും. എന്നാൽ ക്രിസ്ത്യാനികളായ നമ്മളാകട്ടെ ദൈവത്തോടുള്ള കൂട്ടായ്മയുടെ ദൃഢമായ അടിസ്ഥാനത്തിലാണ് മറ്റുള്ളവരുമായി കൂട്ടായ്മ ആചരിക്കുന്നത്. ദൈവമക്കൾ എന്ന അടിസ്ഥാനത്തിൽ നമ്മുടെ കൂട്ടായ്മ ദൈവം തന്നെ നീതിയിൽ സ്ഥിരപ്പെടുത്തിയിരിക്കുന്നതാണ്.

ദൈവത്തോടും മറ്റുള്ളവരോടുമുള്ള നമ്മുടെ കൂട്ടായ്മ എങ്ങനെ വീണ്ടെടുക്കാമെന്നതിന്റെ ദൂതാണ് 1 യോഹന്നാൻ 1:5-10-വരെയുള്ള ഭാഗത്തു പറഞ്ഞിരിക്കുന്നുത്. അഞ്ചാം വാകൃത്തിൽ കൂട്ടായ്മയുടെ തോതു നല്കിയിരിക്കുന്നു, ***"ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു."*** ആ തോത് ദൈവത്തിന്റെ വെളിച്ചമാകുന്നു അവന്റെ പാപത്തെകുറിച്ചുള്ള സത്യം ആകുന്നു.

കൂട്ടായ്മയെക്കുറിച്ച് വാക്യം 6-ൽ ***"അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക്കു പറയുന്നു, സത്യം പ്രവർത്തിക്കുന്നതുമല്ല"*** ഇതിന്റെ അർത്ഥം നമ്മുടെ ചിന്തകൾ സംസാരങ്ങൾ പ്രവർത്തികൾ (നടപ്പ്) എന്നിവകൾ ദൈവീക വെളിച്ചത്തിൽ പരിശോധിക്കേണ്ടവയാകുന്നു എന്നാണ്.

വാക്യം 7-ൽ ***"അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."*** നമ്മുടെ വികാരങ്ങളും സംസാരങ്ങളും പ്രവർത്തികളും ക്രിസ്തു സമാനമായലേ പാപ ശുദ്ധീകരണം പ്രാപിച്ച് പരസ്പരമുള്ള കൂട്ടായ്മയിൽ വളരുവാൻ കഴിയു.

വാക്യം 8-ൽ ***"നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മേ തന്നെ വഞ്ചിക്കുന്നു സത്യം നമ്മിൽ ഇല്ലാതെയായി",*** ഇവിടെ "നമുക്കു", "നമ്മെ" എന്നീ പദങ്ങൾ വിശ്വാസികളെയാണ് കാണിക്കുന്നതു എന്തുകൊണ്ടന്നാൽ യോഹന്നാൻ സ്വയം ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ആരെങ്കിലും നമ്മൾ പാപമില്ലാത്ത പൂർണ്ണതയിൽ എത്തി എന്നു വിശ്വസിക്കുന്നതെങ്കിൽ അവർ തങ്ങളെ തന്നെ വഞ്ചിക്കുകയാണ്.

വാക്യം 9-ൽ പാപമോചവനത്തിനുള്ള പരിഹാരമാർഗ്ഗം ഉപദേശിച്ചിരിക്കുന്നു ***"നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പൻ തക്കവണ്ണം വിശ്വസ്ഥനും നീതിമാനും ആകുന്നു'.'*** ഗ്രീക്കിലെ ഹൊമോലോഗിയോ (HOMOLOGEO) എന്നവാക്കാണ് ഏറ്റുപറച്ചിൽ (CONFESSION) എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. "സമതിക്കുക", "അംഗീകരിക്കുക" എന്നാണ് ആ വാക്കിന്റെ അർത്ഥം പാപക്ഷമയ്ക്കായി ഒരാൾ തന്റെ ചിന്ത, സംസാരം, പ്രവർത്തി എന്നിവകളുടെ അവസ്ഥയെ ദൈവത്തോടു സമ്മതിക്കുന്നു, എന്നാൽ ശ്രദ്ധിക്കുക അനുതാപമില്ലാത്ത ഹൃദയങ്ങൾക്കു പാപമോചനത്തിനായുള്ള സൂത്രവാക്യമല്ല ഇത്. ദൈവത്തെ പരിഹസിച്ചുകൂടാ (ഗലാ 6:6), ജീവനുള്ളവനായ ദൈവത്തോടു പാപം ഏറ്റുപറഞ്ഞാൽ അവൻ നമ്മോടു ക്ഷമിക്കുമെന്നുള്ള വ്യക്തിപരമായ വിശ്വാസമാണ് അതിന് നമ്മെ പ്രേരിപ്പിക്കുന്നത്. ആകയാൽ ഈ വാക്യം ക്രിസ്ത്യാനിക്കുള്ള ദൈവീക വാഗത്തമാണ് നാം അതു വിശ്വാസിക്കുകയും ഉപയോഗിക്കുകയും വേണം.

വീണ്ടം 10-ാം വാക്യത്തിൽ പാപത്തെ അംഗീകരിക്കാത്തവരോടായി പറയുന്നു ***"നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവതിയാകുന്നു"***, അവന്റെ വചനം നമ്മിൽ ഇല്ലാതെയായി. ക്രിസ്ത്യാനികളായ തങ്ങളുടെ ജീവിതത്തിൽ പാപാവസ്ഥയുണ്ടെന്ന് സമ്മതിക്കുന്നില്ലങ്കിൽ അവൻ ദൈവത്തെ കള്ളനാക്കുകയാണ്. ദൈവത്തിന്റെ വചനം അവരിൽ ഒട്ടും ഇല്ലതന്നെ.

ഈ വാക്യങ്ങളെല്ലാംകൂടി പരിശോധിക്കുമ്പോൾ ദൈവത്തോടുള്ള ആത്മീയബന്ധവും (വാക്യം 6) കൂട്ടുവിശ്വാസികളുമായുള്ളതും (വാക്യം 7) മുറിയപ്പെടുന്നത് പാപം മൂലമാണ്. ഈ പാപങ്ങളെ ദൈവ സന്നിധിയിൽ തിരിച്ചറിയുകുയം ഏറ്റുപറയുകയും (വാക്യം 9 ദൈവം വിശ്വസ്തനും നീതിമാനും ആകുന്നു) ചെയ്യുമ്പോഴാണ് പാപമോചനം പ്രാപിക്കുന്നതും കൂട്ടായ്മ പുനരുദ്ധീകരിക്കപ്പെടുന്നതും.

പ്രത്യേകം ശ്രദ്ധിക്കുക നമ്മുടെ പാപത്തിന്റെ പരിണതഫലമായ നിത്യശിക്ഷാവിധിയുടെ മോചനം നാം പ്രാപിച്ചു കഴിഞ്ഞതാണ്. എന്നാൽ ഇപ്പോൾ നാം നമ്മുടെ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തുപോരുന്ന പാപത്തിന്റെ മോചനമാണ് പ്രാപിക്കുന്നത് ആദാമിന്റെയും ഹവ്വായുടെയും പാപങ്ങൾ മോചിച്ചെങ്കിലും അവർക്ക് ഏദൻ തോട്ടത്തിൽ നിന്നു പുറത്തു പോരേണ്ടിവന്നു.

## 4. ആത്മീയ വരങ്ങൾ.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ശുശ്രൂഷ നിവൃത്തിപ്പാനായി ദൈവം ഓരോരുത്തർക്കും നല്കുന്ന വിവിധ കഴിവുകളെയാണ് ആത്മീയവരങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു. **"കരിസ്മ"** (CHARISHMA) എന്ന ഗ്രീക്കു വാക്കിൽ നിന്നാണിതുണ്ടായത്, "നല്കപ്പെട്ട കൃപാ ഫലങ്ങൾ" എന്നാണർത്ഥം. ഇത് ജന്മനാ ലഭിച്ചിരിക്കുന്ന താലന്തു (മാനുഷിക കഴിവുകൾ)കൾക്കുപരിയായി യേശുക്രിസ്തുവിൽ നമുക്കു നല്കപ്പെട്ടിരിക്കുന്നതും (എഫേ 4:11) രക്ഷിക്കപ്പെടുന്ന ഓരോവ്യക്തിയിലും അതേസമയം തന്നെ പരിശുദ്ധാത്മാവ് വിതരണം ചെയ്യുന്നതുമാണ് (1 കൊരി. 12:11,18). സഭയിലെ എല്ലാവിശ്വാസികൾക്കും ഏതെങ്കിലും പ്രകാരത്തിലുള്ള ഒരു വരം ഉണ്ടായിരിക്കും (എഫേ. 2:20; 1 പത്രോ. 4:10). ഓരോ വരങ്ങൾ എന്നല്ല പൊതുസഭയുടെ പ്രയോജനത്തിനായി ഒരുവരം (1 കൊരി. 12) അല്ലെങ്കിൽ ഓരോവ്യക്തിയും ഓരോ ശരീരമായി മാറും.

എല്ലാവരങ്ങളും സ്നേഹത്തിൽകൂടെ മാത്രമേ പ്രവർത്തിക്കയുള്ള എന്നും (1 കൊരി. 13) അതു മറ്റുള്ളവരെ സേവിക്കുന്നതിനായും (1 പത്രോ. 4:10) നല്കിയിരിക്കുന്നു എന്ന യാതാർത്ഥ്യം ഓർത്തിരിക്കണം. അപ്പോസ്തോലനായ പൗലൂസ് കൊര്യന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു, പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ട വരങ്ങളാണ് അവയെല്ലാമെങ്കിലും ജഡത്തിന്റെ അഭിലാഷങ്ങൾക്കായോ അഹങ്കാരത്തിനായോ (1 കൊരി.12) അവയെ ഉപയോഗിക്കാവുന്നതാണ്. ആത്മിയ വരങ്ങൾ സഭയുടെ കെട്ടുപണിക്കല്ലാതെ ഒരിക്കലും സഭയെ ഭിന്നിപ്പിക്കാനോ വിഭജിക്കാനോ ഉപയോഗിക്കരുത് (1 കൊരി. 14 :12-33).

പുതിയ നീയമത്തിൽ അഞ്ചു സ്ഥാനങ്ങളിൽ വരങ്ങളുടെ പേരെടുത്തു പറഞ്ഞിട്ടുണ്ട് **1 കൊരി. 12:8-10-വരെ** ഭാഗത്തു ജ്ഞാനത്തിന്റെ വചനം, പരിജ്ഞാനത്തിന്റെ വചനം, വിശ്വാസം, രോഗശാന്തികളുടെ വരം, വീര്യപ്രവർത്തികൾ, പ്രവചനം, വിവേചനവരം, പലവിധഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം എന്നിവകളെ കുറിച്ചു പറഞ്ഞിരിക്കുന്നു 1 കൊരി. 12:28-ൽ അപ്പോസ്തോലന്മാർ, പ്രവചനം(പ്രവാചകർ), പഠിപ്പിക്കൽ (ഉപദേഷ്ഠക്കൾ) വീര്യപ്രവർത്തികൾ, രോഗശാന്തികളുടെ വരം, സഹായം ചെയ്യുവാനുള്ളവരം പരിപാലനവരം, വിവിധ ഭാഷകൾ എന്നിവയെ കുറിച്ചും **എഫേ. 4:11** അപ്പോസ്തോലന്മാർ, പ്രവചനം, സുവിശേഷീകരണം, ഇടയത്വം, അദ്ധ്യാപകത്വം എന്നിവയെകുറിച്ചും **1 പത്രോ. 4:11**-ൽ ആത്മീകവരങ്ങളെ വാർത്തവിനിമയത്തിന്റെയും ശുശ്രൂഷയുടെയും രണ്ടു അടിസ്ഥാന വരങ്ങളായും പറഞ്ഞിരിക്കുന്നു. **റോമ 12:6-8**-വരെയുള്ള ഭാഗം നമുക്കു ചില വിശേഷവരങ്ങളെകുറിച്ചു പറഞ്ഞിരിക്കുന്നു.

ദയവായി മനസ്സിലാക്കുക, സഭയിലേക്കു ഈ ആത്മീക വരങ്ങളെ നല്കപെടാൻ തുടങ്ങിയത് പൊന്തക്കോസ്തു ദിവസം മുതലാണ് (അപ്പോ. പ്ര.2). സഭ ആരംഭിക്കേണ്ടതിനായി ചില വരങ്ങൾ അടിസ്ഥാനങ്ങളായി നല്കിയിട്ടുണ്ട് (എഫേ. 2:20), ഇതു സഭയുടെ സ്ഥരിതക്കും ക്രമമായ വളർച്ചയ്ക്കും വേണ്ടിയാണ് (1 കൊരി. 14:40). ഈ വരങ്ങളെ പുതിയ നിയമയുഗത്തിനാവശ്യമായ തിരുവെഴുത്തുകൾ എഴുതിച്ചേർക്കും വരെ അവിശ്വാസികൾ സുവിശേഷീകരിക്കപെടേണ്ടതിനും വിശ്വാസികൾ സ്ഥിരപ്പെടേണ്ടതിനുമായി "അടയാളമായി" വച്ചിരിക്ക (1 കൊരി. 14:20-22)യായിരുന്നു.

എന്നാൽ ഇവയുടെ അടിയന്തരമായ പ്രവർത്തനം നടന്നുകഴിഞ്ഞാൽ പിന്നീട് അവയുടെ ആവശ്യമില്ല-അപ്രത്യക്ഷമകും (1 കൊരി. 13:8-10).

താഴെ തരുന്ന ചാർട്ട് നോക്കി സഭായുഗത്തിൽ പ്രവർത്തിക്കാതിരിക്കുന്ന താല്ക്കാലിക ആത്മവരങ്ങളെ മനസ്സി ലാക്കുക:

| **സഭായുഗത്തിലെ താല്കാലിക ആത്മീക വരങ്ങൾ** | |
|---|---|
| പരിജ്ഞാനത്തിന്റെ വരം (1 കൊരി 12:8) | സഭയ്ക്കു നേരിട്ടുള്ള സ്വർഗ്ഗീയ ദൂത് തിരുവെഴുത്തുകളുടെ ക്രോഡീക രണം വരെ ലഭിച്ചുകൊണ്ടിരുന്നത് പ്രവചന മാതൃകയിൽ അല്ലായിരുന്നു |
| രോഗശാന്തിയുടെ വരം (1 കൊരി. 12:9,28) | വിവിധാ ചികിത്സാ രീതികളിൽ കൂടെ ലഭിക്കുന്ന രോഗശമനത്തേക്കാൾ സ്വർഗ്ഗീയ രോഗശാന്തി വ്യക്തികളിൽ പെട്ടെന്നും പൂർണ്ണ സൗഖ്യത്തോ ടെയുമായിരുന്നു. |
| വീര്യപ്രവർത്തികൾ (1 കൊരി. 12:10,28) | സ്വർഗ്ഗീയ ക്രമീകരണ പ്രകാരം സാധാരണമായ പ്രകൃതി നിയമങ്ങൽക്കു പരിയായി രോഗശാന്തിയോടും ഭൂതങ്ങളെ പുറത്താക്കുന്നതിനോടും ബന്ധ പ്പെട്ടിരിക്കുന്നു (അപ്പോ. പ്ര 19:11-12) |
| പ്രവചനം (1 കൊരി. 12:10-28; റോമ. 12:6; എഫേ 4:11) | സമീപ, ദൂര, ഭാവി സംഭവങ്ങളെ കുറിച്ചുള്ള അറിവു സഭയിൽ നല്കുന്ന ആമാനുഷിക കഴിവുകൾ (അപ്പോ. പ്ര. 11:27-28). |
| അത്മാക്കളുടെ വിവേചനവരം (1 കൊരി. 12:10) | അലൗകീകമായ പ്രാഥമിക വരങ്ങൾ ഉപയോഗിച്ച് കള്ള ഉപദേഷ്ടക്കന്മാ രേയും കള്ള പ്രവാചകന്മാരേയും മൂല്ല്യനിർണ്ണയം നടത്തുന്നത് (1 കൊരി. 14:32) |
| വിവിധ ഭാഷകൾ (1 കൊരി 12:10,28) | ആത്മീയ ശക്തിയിൽ തങ്ങൾ ഒരിക്കലും അഭ്യസിച്ചിട്ടില്ലാത്ത മനുഷ്യ ഭാഷകൾ സംസാരിക്കുക |
| ഭാഷകളുടെ വ്യാഖ്യാനം (1 കൊരി. 12:10) | പ്രകൃത്യാതീതമായിരിക്കുന്ന കഴിവുകൊണ്ട് മുമ്പൊരിക്കലും അഭ്യസി ച്ചിട്ടില്ലാത്ത മനുഷീക ഭാഷകളെ വ്യഖ്യാനിക്കുക. |
| അപ്പോസ്തോലൻമാർ (1 കൊരി. 12:28; എഫെ 4:11) | യേശുക്രിസ്തു തനിക്കായി കൈപിടിച്ചുയർത്തിയ 12 പേർക്കുമാത്രം ലഭിച്ച ആത്മീക വരം (വെളി 21:14; ലൂക്കോ 6:13-16; അപ്പോ. പ്ര. 9:15; ഗലാ 1:1). |

"പൂർണ്ണമായതു" വരുമ്പോൾ "പ്രവചനവരവും" "ഭാഷാവരങ്ങളും" "പരിജ്ഞാനത്തിന്റെ വചനങ്ങളും" നീങ്ങി പോകുമെന്നു നാം വായിക്കുന്നു (1 കൊരി. 13:8-10). ഈ വരങ്ങൾ നീങ്ങിപോകുന്നപക്ഷം "ആത്മാക്കളെ വിവേ ചിക്കാനുള്ള വരം" "ഭാഷാവ്യാഖ്യാനവരം" എന്നിവയും മാറിപോകുന്നതാണ്, എന്തെന്നാൽ ഈ വകകൾ ഒന്നാ മതു പ്രസ്താപിച്ചവയോടു ചേർന്നാണ് പ്രവർത്തിക്കുന്നത്. ഇവയെല്ലാം ആശയവിനിമയ മാർഗ്ഗങ്ങൾ ആയിരുന്നു എന്ന കാര്യം ഓർത്തുകൊള്ളണം. വെളിപ്പാടു പുസ്തകം എഴുതിയതോടെ സഭയ്ക്കുള്ള പ്രവചനവരം നിന്നു (വെളി. 22:18-19). എന്തുകൊണ്ടന്നാൽ ദൈവ നിശ്വാസ്യവും ആത്മപ്രചോദിതവുമായ ദൈവവചനം എന്ന പൂർണ്ണ മായതു സഭയ്ക്കു ലഭിച്ചു കഴിഞ്ഞു. ദൈവവചനമാകുന്ന ബൈബിൾ നല്കുന്ന വിവരങ്ങളേക്കാൾ കൂടുതലായി സഭക്കൊന്നും ആവശ്യമല്ല. എന്നാൽ പുതിയ നിയമ വെളിച്ചത്തിൽ ഉപദേഷ്ടാക്കന്മാർ ആവശ്യമായിരുന്നു. ആശ യവിനിമയത്തിന് വചനത്തിന്റെ പഠിപ്പിക്കൽ അത്യാവശ്യമായിരുന്നു.

വെളി. 21:14-ൽ കൃത്യമായി പന്ത്രണ്ട് അപ്പോസ്തലന്മാരെ മാത്രമേ സൂചിപ്പിച്ചിട്ടുള്ളു. എന്താണ് ഇതിന്റെ അർത്ഥം? അപ്പോസ്തല പദവിയോ, വരമോ ഇന്നില്ലായെന്നത്രേ (ഗലാ. 1:19-ലെ കർത്താവിന്റെ സഹോദരൻ പന്ത്രണ്ട് അപ്പോസ്തലന്മാരിൽ പെട്ടവനല്ലായിരുന്നു).

രോഗശാന്തിയുടേയും വീര്യപ്രവർത്തികളുടേയും വരങ്ങളും താല്ക്കാലികങ്ങളായിരുന്നു പുതിയ നിയമ കാലത്തു അവയ്ക്കു ചരിത്രപരമായ ചില പരിധികൾ ഉണ്ടായിരുന്നു. ദൈവത്തിനു ഇന്നും രോഗികളെ സൗഖ്യമാക്കാനും വീര്യപ്രവർത്തികൾ ചെയ്യാനും കഴിയും എന്നതു സത്യമാണ്. എന്നാൽ അത് ഒരു പ്രത്യേക വരമായി ഇന്ന് സഭയിൽ വ്യക്തികൾക്കു നല്കിയിട്ടില്ല. ദൈവം പ്രാർത്ഥനയ്ക്ക് ഇന്നും മറുപടി തരും (യാക്കോ 5:16). എന്നാൽ അതു പ്രാർത്ഥിക്കുന്ന വ്യക്തിയുടെ ആത്മീക തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. എന്തന്നാൽ രോഗശാന്തിക്കായി നാം പ്രാർത്ഥിക്കുകയും ദൈവം അതു നിവൃത്തിക്കുകയും ചെയ്യുന്നു (അപ്പോ. പ്ര. 3:6–8; 5:12–16; 9:34). ആദിമസഭയിൽ വരങ്ങൾ ഉപയോഗിച്ചത് ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സന്ദേശത്തിന്റെ അധികാരത്താൽ ജനശ്രദ്ധ പിടിച്ചു പറ്റേണ്ടതിനായിരുന്നു (അപ്പോ. പ്ര. 8:1–8, 39; 13:4–12; 14:1–4 19:11–12). വിശ്വാസികൾക്ക് അന്യോന്യം ഉണ്ടായിരുന്ന സ്നേഹമായിരുന്നു അതിന്റെ മുഖ്യധാര. എന്തെന്നാൽ യേശുവിന്റെ സന്ദേശത്തെ അംഗീകരിപ്പാൻ ഈ മാതൃക തികഞ്ഞതായിരുന്നു (യോഹ. 13:34–35).

നമുക്കറിയാം അപ്പോസ്തോലനായ പൗലോസ്സിനു രോഗശാന്തിവരം ഉണ്ടായിരുന്നു (അപ്പോ. പ്ര. 20:8–12; 28:8) എന്നിട്ടും അവസാന നാളുകളിൽ അവന്റെ ഉറ്റമിത്രമായിരുന്ന എപ്പാഫ്രോഡിറ്റസിനെ സൗഖ്യമാക്കുവാനോ (ഫിലി. 2:25–27), സ്വയം സൗഖ്യം പ്രാപിക്കുവാനോ (2 കൊരി. 12:7–9) കഴിഞ്ഞില്ല. ആദമിസഭയിലെ പ്രധാനികളായ അപ്പോസ്തോലന്മാരിൽ നിന്നു ഈ വരം നീങ്ങിയതുപോലെ തന്നെ എല്ലാ വിശ്വാസികളിൽ നിന്നും നീങ്ങിക്കാണും

മറ്റുവരങ്ങൾ സഭയുടെ ശൈശവ ദശ കഴിയും വരെ പ്രവർത്തിച്ചു പോന്നു (1 കൊരി. 13: 10–13), ആകയാൽ ഇവകളെ നമുക്ക് സ്ഥിരമായ വരങ്ങൾ എന്നു വിളിക്കാം. ദൈവവചന പ്രഘോഷണത്തിനും മറ്റുള്ളവരെ സേവിക്കുന്നതിനും ഇതുവളരെ സഹായകമായിരുന്നു (1 പത്രോ. 4:10–11).

സ്ഥിരമായ ആത്മിക വരങ്ങളെയും അവ ഇന്നു പ്രവർത്തിക്കുന്ന വിവിധ വശങ്ങളെയും വെളിപ്പെടുത്തുന്നതാണ് അടുത്ത ചാർട്ട്:

| **സഭായുഗത്തിലെ സ്ഥിരമായ ആത്മീയവരങ്ങൾ** | |
|---|---|
| ജ്ഞാനത്തിന്റെ വചനം (1 കൊരി. 12:8) | സഭായുഗസത്യങ്ങളെ പ്രയോഗത്തിൽ വരുത്തുവാനുള്ള സ്വർഗ്ഗീയ ഉപദേശങ്ങൾ (നിർദ്ദേശങ്ങൾ) |
| വിശ്വാസത്തിന്റെ വരം (1 കൊരി. 12:9) | അസാദ്ധ്യമായ സാഹചര്യങ്ങളിൽപെട്ടുപോയി എന്നു കാണുമ്പോഴും കർത്താവിൽ ശരണപ്പെടുന്ന ആ മാനുഷികകഴിവ് (1 കൊരി. 13:2 *cf.* അപ്പോ. പ്ര. 12:1–19) |
| പഠിപ്പിക്കൽ (ഉപദേശിക്കൽ) (1 കൊരി. 12:28; റോമ. 12:7) | മറ്റുള്ളവരുമായി നടത്തുന്ന ദൈവവചനത്തിന്റെ ആശയവിനിമയത്തിനായുള്ള സ്വർഗ്ഗീയകഴിവ്. |
| സഹായത്തിന്റെ വരം (1 കൊരി. 12:28) | മറ്റുള്ളവർക്കുള്ള വരങ്ങളെ സഹായിക്കാനുള്ള സ്വർഗ്ഗീയവരം. ഇത് പ്രവർത്തിക്കുന്നത് പല മേഖലകളിലൂടെയാണ്. ഉദാഹരണത്തിന് മറ്റുള്ളവരെ പോഷിപ്പിക്കുവാനുള്ള ഭക്ഷണവിതരണത്തിന്റെ തിരഞ്ഞെടുപ്പ്, അനേകരുടെ കഴിവുകളെ പ്രയോജനത്തിൽ കൊണ്ടുവരാൻ സാധിച്ചു. (അപ്പോ. പ്ര 6:1–6) |
| പരിപാലനവരം (1 കൊരി. 12:28) | ദൈവസഭയിൽ ദൈവം നല്കിയിരിക്കുന്ന മറ്റു കഴിവുകളെ സംയോജിപ്പിച്ചു പ്രവർത്തിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പ്രത്യേകമായ കഴിവ്. |
| സേവനവരം (റോമ. 12:7; 1 പത്രോ. 4:11) | ശുശ്രൂഷയുടെ ഭൗതികവശങ്ങളെ പ്രയോഗികമാർഗ്ഗത്തിൽ ഉപയോഗിക്കുന്നതിനുള്ള അമാനുഷിക കഴിവ്. |
| പ്രബോധനവരം (റോമ. 12:8) | ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ പ്രോത്സാഹിപ്പിക്കേണ്ട ആവശ്യങ്ങളെ തിരിച്ചറിവാനുള്ള ആത്മീയകഴിവ്. |

| | |
|---|---|
| ദാനം (റോമ. 12:8) | ഒരാൾക്ക് ലഭിച്ചിരിക്കുന്ന വിഭവങ്ങൾ സാധാരണ പ്രതീക്ഷയ്ക്കതിയായി ഉച്ചസ്ഥായിയിൽ നിസ്വാർത്ഥമായും മഹാമനസ്കതയോടും കൂടെ അപരനുമായി പങ്കുവയ്ക്കാനുള്ള ദൈവീക കഴിവ്. |
| ഭരിക്കുവൻ (നയിക്കുന്നവൻ) (റോമ. 12:8) | സഭയുടെ സേവനമാർഗ്ഗത്തിൽ വ്യക്തികളെ നയിച്ച് ദൗത്യനിർവ്വഹണം ചെയ്യിക്കാനുള്ള ദൈവീക കഴിവ്. |
| കരുണ (റോമ 12:8) | ആത്മിയമായോ, ശാരീരികമായോ ആവശ്യത്തിലിരിക്കുന്നവരെ സഹായിപ്പാനുള്ള ദൈവീക കഴിവ് തിരിച്ചറിവ്. |
| സുവിശേഷീകരണം (എഫേ 4:11) | യേശുക്രിസ്തുവിന്റെ സുവിശേഷം വ്യക്തികളുമായോ, ഗ്രൂപ്പുകളുമായോ അവർക്കു മനസ്സിലാക്കത്തക്കവിധം പങ്കുവെയ്ക്കാനുള്ള ഉയരത്തിൽനിന്നുള്ള കഴിവ്. |
| ഇടയൻ - ഉപദേഷ്ടാവ് (എഫേ. 4:11) | ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ ദൈവവചനം പ്രമാണിപ്പാൻ പഠിപ്പിച്ചു മേയിക്കുന്നതിനുള്ള സ്വർഗ്ഗീയകഴിവ്. |

### 5. നീതി.

കഴിഞ്ഞ ഒരു സെക്ഷനിൽ യേശുക്രിസ്തുവിൽ നാം വിശ്വസിച്ചപ്പോൾ ദൈവം നല്കിയ നീതി എന്തെന്നു കണ്ടു. ഇതിനെയാണ് നീതീകരണം എന്നു വിളിക്കുന്നതു. പുതിയ വിശ്വാസി ദൈവത്തിന്റെ ശരിയും തെറ്റും എന്ന അളവുകോലിൻ പ്രകാരം ജീവിക്കാൻ വെല്ലുവിളിക്കപ്പെടുകയാണ് ഈ ദൈവിക അളവിനെ അടിസ്ഥാനമാക്കിയുള്ള വിശ്വാസിയുടെ ജീവിതമാണ് അവനിലെ ദൈവനീതി.

ദൈവ നീതിയുടെ രണ്ടു പ്രധാന അളവുകൾ, "നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ ദൈവത്തെ സ്നേഹിക്കുക. നിന്നെപ്പോലെ തന്നെ നിന്റെ കൂട്ടുകാരനേയും സ്നേഹിക്കുക" (മത്താ 12:29-31) എന്നതാകുന്നു. ദൈവനീതിയെന്നാൽ കേവലം പാപമില്ലാതിരിക്കുന്ന അവസ്ഥയെന്നല്ല പിന്നയോ പുതുക്കപ്പെട്ട മനസ്സിനാലും പ്രവർത്തിയാലും ദൈവവുമായുള്ള നിരന്തരസമ്പർക്കമാണ് (ഫിലി 2:5-8). ഉദാഹരണത്തിനു ***"നിങ്ങളുടെ പിതാവ് (ദൈവം) മനസ്സലിവുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും മനസ്സലിവുള്ളവരായിരിപ്പീൻ"*** അതുപോലെ നാം നമ്മുടെ ശത്രുക്കളെപോലും സ്നേഹിക്കണം (ലൂക്കോ 6:36-40) അർഹരായവരെ (പാവപ്പെട്ടവരെ) കൃപയോടെ സഹായിച്ചുകൊണ്ട് നാം നീതിയുടെ ഫലം പുറപ്പെടുവിക്കുന്നവരാകണം (2 കൊരി. 9:8-10). ദൈവഇഷ്ടത്തിൻ പ്രകാരമുള്ള നമ്മുടെ പ്രവർത്തിയും ഈ നീതിയുടെ ഫലത്തിൽപെട്ടതാണ് (എബ്രാ. 11:32-33).

വിശ്വാസികളുടെ നീതിയും തുടരേണ്ടതുണ്ട് (1 തിമോ. 6:11, 2 തിമോ. 2:22-23), ഈ നീതിയുടെ പ്രാധാന്യത ദൈവവചനത്തിലുടനീളം പ്രസ്താവിച്ചിട്ടുണ്ട് (2 തീമോ 3:16-17) അതിനാൽ ഒരു പുതിയ വിശ്വാസിക്ക് ഇതു മനസ്സിലാക്കാനും അംഗീകരിക്കാനും പ്രയാസമുണ്ടാകും (എബ്ര 5:12-14).

ദൈവനീതിയെന്ന അളവിനു കീഴ്പെടുന്നതു അവന്റെ കല്പനകളെ പരസ്യമായി അനുസരിക്കുന്നു എന്ന് മനുഷ്യന്റെ മേൽ മുദ്ര ഇടലല്ലാ (മത്താ 6:1).

പരീശന്മാർ തങ്ങളുടെ നീതിയെ മനുഷ്യർക്കു വിളങ്ങേണ്ടതിനായി കാണിച്ചിരിന്നു. അവർ അവരുടേതായ പാരമ്പര്യങ്ങളും തിരുവെഴുത്തിനു തുല്യമായി ഗണിച്ച് ആചരിച്ചുപോന്നു (മർക്കോ 7:1-8). ഒരാൾ എപ്പോൾ ദൈവവചനത്തിനു വെളിയിൽ സ്വന്തനീതി സ്ഥാപിക്കുന്നുവോ അപ്പോളാണ് അത് നിയമസിദ്ധാന്തം (Legalism) ആയിത്തീരുന്നത് (ഇതു മുൻപു നാം ചിന്തിച്ചതാണ്). അതു ദൈവം ആഗ്രഹിക്കുന്ന നീതിയല്ലെന്നു മാത്രം.

പരിശുദ്ധാത്മാവ് ഓരോരുത്തർക്കും അവരിൽ കുറവായിരിക്കുന്ന നീതിയോ വെളിപ്പെടുത്തുന്നു (യോഹ. 16:8-10). അവിശ്വാസിക്കു ദൈവനീതിയില്ലായ്കയാൽ വിശുദ്ധനായ ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടിരിക്കുന്നു എന്നും അത് വീണ്ടെടുക്കുവാൻ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷപ്രാപിച്ച് (എഫേ 2:8-9) താൻ നീതിമാൻ എന്നുള്ള ദൈവപ്രസ്താവന ഉണ്ടായാലേ ദൈവവുമായുള്ള കൂട്ടായ്മയിൽ പ്രവേശിക്കയുള്ളു എന്നു ബോദ്ധ്യപ്പെടുത്തുന്നു. വിശ്വാസിക്കു പരിശുദ്ധാത്മാവ് അവനിലുള്ള പാപത്തെ ബോദ്ധ്യപ്പെടുത്തി അവയെ ഏറ്റുപറഞ്ഞു ഉപേക്ഷിച്ച് ദൈവീകകൂട്ടായ്മയെ പുനരുദ്ധീകരിപ്പാനായി ഉപദേശിക്കുന്നു (1 യോഹ. 1:6-10) ദൈവരാജ്യത്തിൽ വസി

ക്കേണ്ടതിനു ഈ പുനരുദ്ധാരണം വിശ്വാസിക്കു വളരെ പ്രധാനപ്പെട്ടതാണ് (റോമ 14:16-17) യേശുക്രിസ്തുവിൽ നിന്നു ലഭിക്കുന്ന പ്രകാശത്തിന്റെ ഫലമാണ് വിശ്വാസിയുടെ നീതി ഇതിനാലേ ദൈവീകഅളവിൻ പ്രകാരം ജീവിക്കാൻ കഴിയുകയുള്ളു (എഫേ 5:6-10)

യേശുക്രിസ്തു പറഞ്ഞു "നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർക്ക് തൃപ്തി വരും" (മത്താ 5:6). അതേ, "നീതി" എന്നതു ആത്മിയമരണത്തിൽ നിന്നു ഉയർത്തപ്പെട്ടവർക്ക് ബഹുമാനം കൊടുക്കുന്നതായ ഒരു അനുഗ്രഹമാണ് (റോമ 6:12-13). അവിശ്വാസികൾ യേശുക്രിസ്തുവിനെ അംഗീകരിക്കുന്നതു വരെ ആത്മീയമായി മരിച്ചവരാണ് (റോമ. 6:23) അവിശ്വാസികൾ എന്ന നിലയിൽ നാമെല്ലാവരും പാപത്തിനു അടിമകളായിരുന്നു, എന്നാൽ ഇപ്പോൾ വിശ്വാസികൾ എന്ന നിലയ്ക്കു നാം എല്ലാവരും നീതിക്കു അടിമകളായി തീർന്നിരിക്കയാണ് (റോമ 6:16-19).

സാത്താനും അവന്റെ സൈന്യവും നീതിയുടെ സേവകരായി ചമഞ്ഞ് വിശ്വാസികളെ ഇന്നു വഞ്ചിച്ചു കുഴപ്പത്തിലാക്കുകയുമാണ് (2 കൊരി. 11:13-15). വാസ്തവികമായി നീതിയോടെ ജീവിക്കുന്നവരെ അവൻ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു (മത്താ. 5:10; 1 പത്രോ. 3:14). ആകയാൽ ഒരു ശരിയായ നീതിമാനായി ജീവിക്കുക എന്നത് ഒരു പോരാട്ടമായി (യുദ്ധം) തീർന്നിരിക്കുന്നു എന്നിരുന്നാലും അതിന് ലഭിക്കുന്ന പ്രതിഫലം നിത്യമായ കിരീടമാണ് (2 തിമോ. 4:6-8). ഈ പോരാട്ടത്തിനിടയിൽ നമുക്കു ദൈവത്താൽ പരിശീലനം പ്രാപിച്ച് നമ്മുടെ പ്രമാണങ്ങൾക്ക് സമാധാനം കൈവരിക്കാൻ കഴിയുന്നത് എത്രയോ ഭാഗ്യമാണ് (എബ്രാ. 12:11).

## 6. പ്രാർത്ഥന.

പ്രാർത്ഥന ദൈവത്തോടുള്ള സംഭാഷണമാണ്. വെറുതെ പ്രാർത്ഥനയെ കുറിച്ചു അറിവും, ചിന്തകളും, പഠനവും നടത്തുകയും അതു പ്രവർത്തിയിൽ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നത് അർത്ഥമില്ലായമ (വിലയില്ലായ്മ) ആകുന്നു. ഒരാൾ ദൈവത്തോടു പ്രാർത്ഥിക്കുകയും മറുപടിക്കായി കാത്തിരിക്കയും ചെയ്യുമ്പോഴാണ് അതിന്റെ വില മനസ്സിലാകുകയുള്ളു. ദൈവസിംഹാസനത്തിന്റെ മുറിയിലേക്കു നമ്മെ പ്രവേശിപ്പിക്കുന്ന പ്രാർത്ഥന ഒരു വിലയേറിയ അവസരം തന്നെയാണ് (എബ്രാ. 4:16).

പ്രാർത്ഥനയുടെ സ്ഥിരതയാണ് ദൈവഹിതം അന്വേഷിക്കുന്നവരുടെ സ്വഭാവവിശേഷം ഇതു ആദിമസഭയുടെ മാതൃക ആയിരുന്നു (അപ്പോ. പ്ര. 2:42) യേശുവിന്റെ ആദ്യശിഷ്യന്മാർ ഏങ്ങനെ പ്രാർത്ഥിക്കണമെന്ന് ചോദിച്ചപ്പോൾ (ലൂക്കോ. 11:1) യേശു അവർക്ക് അതു ഉപദേശിച്ചു കൊടുത്തതാണ് കർത്തൃപ്രാർത്ഥന എന്ന പേരിൽ അറിയപ്പെടുന്നത് (ലൂക്കോ. 11:2-4). പ്രാർത്ഥന ഒരിക്കലും എന്റെ ഇഷ്ടം സാധിച്ചുകിട്ടേണ്ടതിനായി തിരഞ്ഞെടുത്ത കുറേവാക്കുകളുടെ ഉപയോഗമല്ല പിന്നയോ അതു ദൈവഹിതവുമായി താദാത്മ്യം പ്രാപിക്കുന്ന ഒരു സമയമാണ് (1 യോഹ. 5:14) നിങ്ങളുടെ വിശ്വാസജീവിതത്തിലെ പോരാട്ടത്തിന്റെ നിർണ്ണായകഘട്ടത്തിൽ പ്രാർത്ഥന വിലയേറിയ ഒരു ആയുധം തന്നെയാണ് (എഫേ. 6:18).

പ്രാർത്ഥന, പിതാവായ ദൈവത്തോടു (എഫേ. 5:20; മത്താ. 6:9; 1 പത്രോ.1:17) പരിശുദ്ധാത്മാ ശക്തിയോടെ കഴിക്കേണ്ടതാണെന്ന് ദൈവവചനം വ്യക്തമാക്കുന്നു (എഫേ. 6:18).

പ്രാർത്ഥനയിൽ സാധാരണ അഞ്ചുഘടകങ്ങളാണുള്ളത്. ഒന്നാമത്തേ ഘടകം പാപം ഏറ്റുപറയുകയാണ് (സങ്കീ. 66:18-20, യെശ. 59:2; മത്താ 6:14; 1 യോഹ.1:9) ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മക്ക് എന്തെങ്കിലും തടസ്സം സൃഷ്ടിക്കുന്നുണ്ടോ എന്നുള്ള പരിശോധനയാണിത്. രണ്ടാമത്തെ ഘടകം സ്തുതിപ്പാണ് (മത്താ. 21:16; ലൂക്കോ 19:37; റോമ 14:11; 15:11; എഫേ. 1:6, 12,14; എബ്ര. 13:15) ദൈവം ആരായിരിക്കുന്നു എന്നുള്ള തിരിച്ചറിവും അംഗീകാരവുമാണ് സ്തുതികളിൽ കൂടെ പ്രകടമാക്കുന്നത് മൂന്നാമത്തെ ഘടകം കൃതജ്ഞത (നന്ദിപറച്ചിൽ) ആകുന്നു. ദൈവം നമുക്കുവേണ്ടി എന്തു ചെയ്തു എന്നതിന്റെ തിരിച്ചറിവും അംഗീകാരവുമാണിത് (എഫേ. 5:20; 1 തെസ്സ. 5:18) നാലാമത്തെ ഘടകം മദ്ധ്യസ്ഥത അഥവാ മറ്റുള്ളവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണ് (എഫേ. 6:18; എബ്ര. 7:25) പ്രാർത്ഥനയിലെ അഞ്ചാമത്തെ ഘടകം അപേക്ഷ അഥവാ തനിക്കായിട്ടുള്ള പ്രാർത്ഥന ആകുന്നു (എബ്ര. 4:16) നമ്മുടെ പ്രാർത്ഥന അവസാനിപ്പിക്കേണ്ടത് പുത്രന്റെ നാമത്തിലാണ് (യോഹ. 14:13; 15:16).

പ്രത്യേക പ്രാർത്ഥനകൾ ഒന്നും കൂട്ടിചേർക്കാതെ തന്നെ നിങ്ങൾക്ക് ഏതു സമയത്തും പാപങ്ങളെ ഏറ്റുപറയാൻ കഴിയും (കഴിയണം)അതുപോലെ തന്നെ സമയഭേദമില്ലാതെ ദൈവത്തിനു നന്ദി പറയാനും, ദൈവത്തെ സ്തുതിക്കാനും മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും, നിങ്ങൾക്കായി അപേക്ഷിക്കുവാനും കഴിയുന്നതാണ്.

## 7. വളർച്ച.

ഈ ലോകത്തിൽ ശിശുക്കളായി നാം ജനിച്ചതുപോലെയാണ് യേശുക്രിസ്തുവിൽ വിശ്വസിച്ച് വീണ്ടും ജനിക്കു

ന്നതും (യോഹ. 3:1-16). ശിശുത്വത്തിൽ നിന്ന് പ്രായപൂർത്തിയിൽ എത്തുന്നതുപോലെയാണ് ക്രിസ്ത്യജീവിത ത്തിലും പ്രൗഢവാസ്ഥയിലെത്താനായിട്ടാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് അതായത് സ്വർഗ്ഗീയപിതാവ് സംപൂർണ്ണനായിരിക്കുന്നതുപോലെ നാം പൂർണ്ണരായി തീരണം (മത്താ. 5:48) എന്നാൽ ഇത് ഈ ലോകജീവിത ത്തിൽ പൂർത്തിയാകുന്നതല്ല (ഫിലി. 3:12-15).

വളർച്ചയുടെ ഒന്നാമത്തെ പടി നാം നമ്മെത്തന്നെ ജിവനും വിശ്വസമുള്ള ബലിയായി കർത്താവിനു സമർപ്പിക്കുക എന്നതാണ് മറ്റൊരു പ്രകാരത്തിൽ അവന്റെ സേവകരായി നമ്മുടെ ജീവിതങ്ങളെ ഏല്പിച്ചു കൊടുക്ക എന്നാ കുന്നു (റോമ. 12:1-2), തുടർന്ന് വളർച്ചയ്ക്കാവശ്യമായ നിരവധി പരീക്ഷകളെ നമ്മുടെ ജീവിതത്തിലേക്കയയ്ച്ചാണ് നമ്മുടെ പിതാവ് നമ്മെ സഹായിക്കുന്നത് (യാക്കോ 1:2-4) ഈ പരീക്ഷകൾ നാം അവനിൽ ആശ്രയം വയ്ക്കേ ണ്ടതിനായിട്ടാണ്. ഇതേ പ്രകാരം സഭയുടെ വളർച്ചയ്ക്കായി ബഹുവിധ ആത്മീയവരങ്ങളെയും നല്കിയാണ് തികവിലേക്ക് നയിക്കുന്നത് (എഫേ 4:11-14).

പുരുഷാവസ്ഥ (പക്വത)യെ നമുക്കിങ്ങനെ വിശദീകരിക്കാം ***ശിശുവിനുള്ളതിനെ ത്യജിച്ച് കളഞ്ഞ്*** (1 കൊരി. 13:11) ഒരു പുരുഷാവസ്ഥയിലെത്തിയ ആൾ പ്രവർത്തി (മത്താ. 19:21), സംസാരം (യാക്കോ 3:1-2), ചിന്ത (1 കൊരി. 14:20) എന്നിവയിലെല്ലാം വളർന്നിരിക്കും. നമ്മുടെ പുരുഷാവസ്ഥയെ തിരിച്ചറിയാൻ ഈ വക മേഖലക ളുടെ സ്ഥിരത എങ്ങനെയെന്ന് നോക്കിയാൽ മതി. ശൈശവതുല്യപ്രവർത്തികൾ (വളർച്ചയില്ലാത്ത-സ്വാർത്ഥപര മായ) സംസാരങ്ങൾ (വ്യഥാലാപനം) പാപചിന്ത (അഹങ്കാരം) എന്നിവ ഏറിയും കുറഞ്ഞും എല്ലാവരിലും കണ്ടേക്കാം പക്ഷേ ഇതു കാണിക്കുന്നതു നാം പ്രായപൂർത്തിയിലേക്ക് ഒട്ടും വളരുന്നില്ലാ എന്ന പരാമാർത്ഥത്തെ ആകുന്നു.

പക്വത അഥവാ പുരുഷത്വത്തിന്റെ ഗുണങ്ങളെ കുറിച്ച് തിരുവെഴുത്തിൽ ധാരാളം പറഞ്ഞിട്ടുണ്ട്. പക്വത അഥവാ പൂർണ്ണത എന്നത് സ്വാർത്ഥതയില്ലായ്മ (മത്താ. 19:21) വിനയം (ഫിലി. 3:12-15) സുവിശേഷീകരണം (കൊലേ 1:28) എന്നിവയുടെ നിറവാണ് അതു മറ്റുള്ളവർക്കായി മദ്ധ്യസ്ഥത ചെയ്യുകയും (കൊലോ 4:12) ആത്മീയസ്വാത ന്ത്ര്യത്തെ സ്വാർത്ഥപരമായ വഴികളിലേക്കു തിരിക്കാതെ ബഹുമാനമായി കാണുന്നു (യാക്കോ 1:25; ഗലാ 5:1,13). പൂർണ്ണവളർച്ച ചൂണ്ടികാട്ടുന്നത് ഒരുവൻ ദൈവസ്വീകാര്യനായി ദൈവനീതിയുടെ അളവിൻപ്രകാരം (എബ്രാ 5:12-14) തികഞ്ഞ മനുഷ്യൻ ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കുവാൻ പഠിച്ചവനായിരിക്കും (2 കൊരി. 12:9) കൂടാതെ അതിൽ നിന്നുളവാകുന്ന എല്ലാ നന്മയേയും തിരിച്ചറിയുന്നവനും ആയിരിക്കും (യാക്കോ. 1:17). എത്രമാത്രം നാം പൂർണ്ണരായിരിക്കുന്നു എന്നു വെളിപ്പെടുത്തുന്നത് നമുക്കു കർത്താവിനോടുള്ള സ്നേഹം എത്രയും അധികരി ച്ചിട്ട്, എല്ലാവിധ ഭയങ്ങളും അതിനാൽ പുറത്താക്കപ്പെടുമ്പോഴാണ് (1 യോഹ. 4:17-19).

## 8. സ്നേഹം.

ക്രിസ്തീയജീവിതത്തിലെ ഏറ്റവും പരമപ്രധാനമായ ഭാഗമാണ് സ്നേഹം എന്ന് യേശുക്രിസ്തു സ്വയം പറഞ്ഞി ട്ടുണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ യേശു ആവർത്തനപുസ്തകം 6:4-5 ഭാഗത്തു കൊടുത്തിരിക്കുന്ന വലിയ കല്പനയെ ഉദ്ധരിച്ചു പറഞ്ഞിരിക്കുന്നു, ***"യിസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു യഹോവ ഏകൻ തന്നെ നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തി യോടും കൂടെ സ്നേഹിക്കണം"*** (മർക്കോ 12:29-30). അടുത്തതായി യേശു ലേവ്യാപുസ്തകം 19:18നെ ഉദ്ധരിച്ചിട്ട് രണ്ടാമ ത്തെ വലിയ കല്പനയെ വെളിപ്പെടുത്തി, ***"കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം ഇവ യിൽ വലുതായിട്ട് മറ്റൊരു കല്പനയും ഇല്ല"*** (മക്കോ. 12:31) എന്നു പറഞ്ഞു. നാം ദൈവത്തെ സ്നേഹിക്കേ ണ്ടത് അവൻ മുന്നമേ നമ്മെ സ്നേഹിച്ചതുകൊണ്ടാണ് (1 യോഹ. 4:19) നാം വാസ്തവമായി അവനെ സ്നേഹി ക്കുന്നുണ്ടെങ്കിൽ നമ്മുടെ സഹോദരന്മാരെയും സ്നേഹിക്കും (1 യോഹ. 4:20-21) ഏതൊരു സ്നേഹത്തിലേക്കു നാം വിളിക്കപ്പെട്ടിരിക്കുന്നുവോ അത് ഈ ലോകമനുഷ്യർ പരസ്പരം സ്നേഹിക്കുന്ന സ്നേഹമല്ല പിന്നെയോ അതിലുപരിയായ പരിശുദ്ധാത്മാവിൽ നിന്നുള്ള സ്നേഹമാണ് (ഗലാ. 5:22) അതു മാനുഷികവികാരത്തിന്റെ പങ്കായ സ്നേഹമേ അല്ല.

ദൈവവചനത്തിൽ സ്നേഹത്തിന്റെ സംക്ഷേപമല്ല മറിച്ച് വിശദീകരണമാണ് തന്നിരിക്കുന്നത്. സ്നേഹത്തിന്റെ അമിത പ്രാധാന്യത പഠിപ്പിക്കുന്ന അത്ഭുതകരമായ അദ്ധ്യായമാണ് 1 കൊരി. 13. നമുക്കന്നെല്ലാം ആത്മീയവര ങ്ങളോ ജീവത്യാഗത്തിനു തുല്യ പ്രവർത്തികളോ ഉണ്ടായിരുന്നാലും ക്രിസ്ത്യജീവിതത്തിന്റെ പരമപ്രധാന ഭാഗ മായ സ്നേഹം കൈവിട്ടുപോയാൽ നാം ഏതുമില്ലാത്തവരായി തീരും (1 കൊരി 13:1-3). അപ്പോസ്തോലനായ പൗലൂസ് തുടർന്ന് സ്നേഹത്തിന്റെ പതിനാറു വിവരങ്ങൾ നല്കുന്നു (13:4-8) സ്നേഹത്തെ മനസ്സിലാക്കാനുള്ള ഏകമാർഗ്ഗം തന്നോടുതന്നെ ഞാൻ.....? കൂടെ പറഞ്ഞിരിക്കുന്ന മറ്റു ഗുണങ്ങളും ഉണ്ടോ എന്ന ചോദിക്കുന്നതാണ്. ഉദാഹരണത്തിന് ഞാൻ ക്ഷമിക്കുന്നുണ്ടോ ? ഇല്ലാ, എന്നാണ് ഉത്തരമെങ്കിൽ സ്നേഹത്തിൽ കുറഞ്ഞവനായിരി ക്കുന്നു എ ന്നു മനസ്സിലാക്കാം. ഇതുപോലെ സ്നേഹത്തിൽ മറ്റു പല ഗുണങ്ങളും പ്രവർത്തികളും റോമർ 12:9-21

വരെയുള്ള ഭാഗത്തു പറഞ്ഞിട്ടുണ്ട്.

ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്ന സ്നേഹത്തിന്റെ ശത്രുവാണ് ലോകം. ലോകത്തിന്റെ സംഭാവനയായ സ്നേഹം നമ്മെ ദൈവത്തിൽനിന്ന് അകറ്റാനുള്ള കുറവിനുള്ള ഉപാധി മാത്രമാണ്. ലോകസംഭാവനകളിലേക്ക് നാം ആകർഷിക്കപ്പെടുമ്പോൾ നമുക്ക് ദൈവത്തെ പൂർണ്ണമായി സ്നേഹിക്കാൻ കവിയാതെ വരും (1 യോഹ 2:15).

## 9. സഹനം.

വേദനകൾക്കടിമപ്പെട്ടു കഴിയുന്ന അവസ്ഥക്കാണ് സഹനം എന്നു പറയുന്നത്. വേദനകൾ ശാരീരികവും, മാനസ്സികവുമാകാം. വേദനകളിൽ വച്ചേറ്റം വലിയത് മനുഷ്യന്റെ പാപ കടം വീട്ടുവാനായി യേശുക്രിസ്തു ക്രൂശിൽ സഹിച്ചതാണ് (1 പത്രോ 2:21-24; 4:1; 5:1). ഈ പ്രത്യേക ഉദ്ദേശത്തിനായിട്ടാണ് അവൻ വന്നതും (ലൂക്കോ 9:22, 22:15) അതിക്രമക്കാരുടെ കൈയ്യാൽ പീഢിപ്പിക്കപ്പെട്ടതും (1 പത്രോ. 2:21-24), ആകയാൽ യേശുക്രിസ്തുവിൽ നിന്നു അനീതിയുടെ സഹനത്തെ നേരിടുവാനുള്ള മാതൃക പ്രതീക്ഷിക്കുവാൻ കഴിയും (1 പത്രോ. 2:21).

ക്രിസ്തീയജീവിതത്തിന്റെ പൂർണ്ണതയിലെത്തുന്നതെങ്ങനെയെന്ന് നാം പഠിച്ചതാണ്. അന്യായപീഢനം സഹിക്കുന്നതും വളർച്ചയുടെ പൂർണ്ണതയിലെത്തിയോ എന്നറിയുവാനുള്ള ഒരു പരീക്ഷയാണ് (1 പത്രോ. 5:10) കർത്താവ് നമ്മുടെ സാക്ഷ്യത്തിനും, സഹനത്തിനും നിത്യപ്രതിഫലങ്ങൾ തരും (1 പത്രോ. 2:19-20; 2 കൊരി. 4:17). നമ്മുടെ സാക്ഷ്യം എന്നത് അന്യായസഹനങ്ങളുടെ നടുവിൽ കർത്താവിനെ ആശ്രയിച്ച് വിജയം വരിക്കുന്നതാണ് (1 പത്രോ 4:19).

നീതിക്കുവേണ്ടി സഹിക്കുന്നത് ഭാഗ്യമാണ്. എന്തെന്നാൽ ശരിയായത് നാം ചെയ്യുന്നത് യേശുക്രിസ്തു നമ്മുടെ കർത്താവാണെന്ന് അറിഞ്ഞതിനാലാണ് (1 പത്രോ. 3:14-17; 4:14). അന്യായമായ സഹനങ്ങൾക്ക് കാരണം അധികാരികൾ ആയിരിക്കുന്നവർക്ക് നാം ക്രിസ്ത്യാനികൾ ആയിരിക്കുന്നു എന്നതിലുള്ള അമർഷംകൊണ്ട് ഉണ്ടാകുന്നതാണ്.

എല്ലാ ക്രിസ്ത്യാനികൾക്കും വരുന്ന സഹനത്തിന്റെ ഒരു ഭാഗം മാത്രമാണിത് (ഫിലി 1: 27-30). യേശുക്രിസ്തു സഹിച്ച കഷ്ടപാടുകളെക്കുറിച്ചു പത്രോസു സാക്ഷിക്കുമ്പോൾ (1 പത്രോ. 5:1) ക്രിസ്തുവിന്റെ കഷ്ടപ്പാടുകളുമായി ബന്ധിക്കപ്പെടുമ്പോൾ ആനന്ദിക്കുവീൻ എന്നാണ് പറയുന്നത് (1 പത്രോ. 4:13-16) എന്തുകൊണ്ടന്നാൽ ക്രിസ്തുവിനെ വെറുത്തലോകം അവന്റെ അനുയായികളെയും ഉപദ്രവിക്കും (യോഹ. 15:18,20; 1 പത്രോ. 4:12). ക്രിസ്തുവിന്റെ ശരീര പീഡനത്തിനുമാത്രമേ പാപത്തിനുവിലകൊടുക്കുവാൻ സാധിച്ചുള്ളു. എന്നാൽ അവന്റെ കഷ്ടപ്പാടുകളുമായി നാം താദാത്മ്യം പ്രാപിക്കുമ്പോൾ അതു നമുക്കു ലജ്ജിക്കാതെ ഏതു വിധ കഷ്ടങ്ങളും സഹിക്കാനുള്ള കഴിവിനെ നല്കുന്നു. ഇതു അവൻ നമ്മുടെ പകരക്കാരനായി സഹിച്ചതിന്റെ യാതാർത്ഥ്യം മനസ്സിലാക്കിയതിനാൽ ആകുന്നു (1 പത്രോ. 4:16). മാത്രവുമല്ല മറ്റു വിശ്വാസികളും ഇതേ കഷ്ടം തന്നെ സഹിക്കുന്നു എന്നും നാം ഗ്രഹിപ്പാൻ ഇടയാകുന്നു (1 പത്രോ. 5:9) ഇങ്ങനെ നമുക്ക് അവന്റെ രാജ്യത്തിനു നാം യോഗ്യരെന്നു തെളിയിക്കാൻ കഴിയും (2 തെസ്സ. 1:5) കഷ്ടതയെ നാം ഭയപ്പെടുകയുമില്ല (വെളി 2:10).

പത്രോസു നമുക്കു വീണ്ടും മുന്നറിവുതരുന്നതു നാം പാപം ചെയ്യുമ്പോൾ ശിക്ഷ ആഗ്രഹിക്കുന്നില്ലങ്കിലും നാം ചെയ്യുന്ന ഏതു പാപത്തിനും ശിക്ഷ നിശ്ചയിക്കപ്പെട്ടിരിക്കുന്നതിനാൽ സഹിക്കേണ്ടിവരും (ഏറ്റു പറഞ്ഞ് മോചനം പ്രാപിച്ചിട്ടില്ലാത്തവയ്ക്കു) ഏതു പ്രകാരത്തിലുള്ള പാപമായാലും ശിക്ഷവലുതുതന്നെയാണ് (1പത്രോ4:15; ലൂക്കോ 13:1-5).

## 10. ശിക്ഷണം.

ഗ്രീക്കുഭാഷയിൽ ഈ വാക്കിന് **"പൈഡേയു"** (PAIDEUO) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന് നാം പരിശീലിക്കാൻ ആഗ്രഹിക്കുന്നവയ്ക്കായി സഹിക്കേണ്ടിയ വേദന എന്നുകൂടെ അർത്ഥമുണ്ട്. ഉദാഹരണത്തിനു പീലത്തോസ് യേശുവിനെ അടിപ്പിച്ച് പറഞ്ഞയ്ക്കാൻ കല്പിച്ചത് ഒരു തടവുകാരനെ ശിക്ഷണത്തിൽ കൂടെ കുറ്റകൃത്യം ആവർത്തിക്കാതിരിക്കാൻ പ്രേരിപ്പിക്കുന്ന പതിവിൻ പ്രകാരമാണ് (ലൂക്കോ. 23:16-22) മറ്റൊരു അർത്ഥം വിദ്യാഭ്യാസം നല്കുകയെന്നാണ് (അപ്പോ. പ്ര. 7:22; 22:23) സഭായുഗത്തിലെ വിശ്വാസികളെ മറ്റുള്ളവരെ പഠിപ്പിക്കാനുള്ള അവസ്ഥയിലാക്കിയിരിക്കുകയാൽ അതു ദയവോടെ ചെയ്യേണ്ടിയിരിക്കുന്നു (2 തിമോ. 2:24-26).

ശിക്ഷണത്തിനും, സഹനത്തിനും വേദനകൾ ഉള്ളതിനാൽ ഇവ തമ്മിൽ സാമ്യമുണ്ട് സഹനം സഹിക്കപ്പെട്ടതോ, അല്ലാത്തതോ ആയ വേദനകളെയെല്ലാം ഉൾക്കൊള്ളുമ്പോൾ ശിക്ഷണം ആകട്ടെ പരീശിലന സമയത്തുണ്ടാകുന്ന വേദനകൾമാത്രമേ സഹിക്കുന്നുള്ളു. നമ്മുടെ പരിശീലനത്തിൽ അർഹതയില്ലാത്ത വേദനകൾ സ്വഭാവൽക്കരണത്തിനായിട്ടോ, അർഹതപ്പെട്ട വേദനകൾ നമ്മുടെ വഴിതെറ്റിയ പ്രവർത്തനങ്ങളിൽ നിന്നു മനസ്സിനെ രൂപാന്ത

രപ്പെടുത്തേണ്ടതിനായിട്ടോ വരാവുന്നതാണ് (1 തിമോ. 1:18–20).

ദൈവീക ശിക്ഷണത്തിന്റെ ഉദ്ദേശം ഒരു പിതാവു തന്റെ പൈതലിനെ അടിക്കുന്നതുപോലെ നമ്മുടെ സ്വഭാവരൂപീകരണം വരുത്തുക എന്നതാണ് (എഫേ. 6:4; എബ്രാ 12:7). നമ്മിൽ സ്ഥിരമായ നീതി പ്രവർത്തികളും അതിനാവശ്യമായ ദൈവവചനവും അതിനെ പണിതുയർത്തുന്നു. (2. തിമോ. 3:16–17) ശിക്ഷണത്തിന്റെ കാലത്തേക്കു മാത്രമുള്ള ഒരു സന്തോഷമല്ല പിന്നയോ അതിന്റെ ഫലമായി വിലയേറിയ ഒന്നാണ് പ്രാപിക്കുന്നത് (എബ്രാ. 12:11), പാപത്തിനു നാം കൊടുക്കേണ്ടിയ വലിയ വില മനസ്സിലാക്കണെങ്കിൽ ശിക്ഷണത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കണം (തീത്തു 2:11–12).

ഈ ലോക മതാപിതാക്കൾ ശിക്ഷണം നല്കുന്നത് അവരുടെ കോപത്തിൽ നിന്ന് അധികാരത്തോടെയാണെങ്കിൽ സ്വർഗ്ഗീയ പിതാവായ ദൈവം അവന്റെ സ്നേഹത്തിൽ നിന്നാണ് അതു ചെയ്യുന്നത് (വെളി 3:19). അവൻ തന്റെ സ്നേഹത്താൽ നമ്മെ പരിശീലിപ്പിക്കുമ്പോൾ നാം നിരാശരും മറുത്തു നില്ക്കുന്നവരുമാകാതെ അവനാൽ ക്രമീകരിക്കപ്പെടുന്നവരാകണം (എബ്രാ. 12:5). നാം ഈ ലോകക്കാരായി (1 കൊരി. 11:31–32) നശിക്കാതിരിക്കണം എന്ന ഉദ്ദേശത്തോടെ ദൈവം നമുക്കു ബാലശിക്ഷകൾ തരുമ്പോൾ ദൈവത്തിന്റെ ശിക്ഷണക്രമത്തെ സ്വാഗതം ചെയ്യുന്നവരായിരിക്കണം വിശ്വാസികൾ (എബ്രാ. 12:8).

### 11. ബൈബിൾ പഠനം.

ബൈബിൾ പഠനത്തിന്റെ പ്രാധാന്യത കൂടുതലായി പറയേണ്ട ആവശ്യമില്ല, എന്തുകൊണ്ടന്നാൽ ദൈവവുമായുള്ള ബന്ധത്തിലേക്കു നമ്മെ നയിക്കേണ്ടതിനു ദൈവം നമുക്കു നല്കിയ ഒരു വഴികാട്ടിയാണത് (1 കൊരി. 2:16). ആകുവാൻ ഈ പഠനത്തിലേക്കു നാം പ്രവേശിക്കുമ്പോവാണ് ദൈവവചനത്തിന്റെ പ്രാധാന്യം എത്രയെന്ന് അതായത് അതിന്റെ അളന്നു കുറിക്കാൻ കഴിയാത്ത നീളവും വീതിയും (വിശാലപരപ്പ്) നാം ഗ്രഹിക്കുന്നത്. ആകയാൽ വചന പഠനത്തിന് ഒരു അനുദിന ക്രമം അത്യാവശ്യമാണ്.

### 12. ആരാധന.

ആരാധന യേശുക്രിസ്തുവിനായുള്ള ഒരു ആഘോഷമാണ്. അവൻ ആരെന്നും നമുക്കുവേണ്ടി എന്തു ചെയ്തു എന്നതും ഇതിൽ പ്രധാനമാണ്. ഇതു മനസ്സിലാക്കുന്നതനുസരിച്ചാണ് സ്തുതിയും പുകഴ്ചയും കരേറ്റുവാൻ കഴിയുന്നത്. എന്തന്നാൽ എല്ലാ മഹത്വത്തിനും യോഗ്യൻ അവൻ (വെളി. 5:1–7) മാത്രമാണ് (വെളി 4:9–11).

അവിശ്വാസികളായ മനുഷ്യ വർഗ്ഗത്തിന് സൃഷ്ടിതാവിനെ ആരാധിക്കുന്നതിലും താല്പര്യം സൃഷ്ടിയെ ആരാധിക്കുന്നതിലാണ് (റോമ. 1:25) സാത്താൻതാനും ആരാധന ആഗ്രഹിക്കുന്നുണ്ട് (ലൂക്കോ 4:7). എന്നാൽ യതാർത്ഥത്തിൽ മനുഷ്യർ ആരാധിക്കേണ്ടത് ജിവനുള്ള സത്യ ദൈവത്തെ ആകുന്നു (ലൂക്കോ 4:8). ചില ആളുകൾ ദൈവ സൃഷ്ടിയായ ദൂതന്മാരെ ആരാധിക്കാറുണ്ട് (കൊലോ. 2:18), സൃഷ്ടിതാവിനേക്കൾ സൃഷ്ടിയെ ആരാധിക്കാനുള്ള വ്യഗ്രതയിൽ മറ്റു ചിൽ ദൈവകല്പനകളുപേക്ഷിച്ച് മാനുഷിക അജ്ഞാനുവർത്തികൾ ആയിതീരാറുണ്ട് (മർക്കോ. 7:7) ഇങ്ങനെയുള്ളവർ ആരാധിക്കേണ്ടവനെവിട്ടിട്ട് ആരാധനാസ്ഥലങ്ങളെ വണങ്ങുന്നതിൽ ഉത്സുകരാകാറുണ്ട് (യോഹ. 4:20–22).

സത്യാരാധന പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായി ഉളവാകുന്നതാണ്. ആത്മാവ് യേശുക്രിസ്തുവിനെ നമ്മിൽ വെളിപ്പെടുത്തുക (യോഹ 4:23–24; ഫിലി 3:2–3)യാൽ നമുക്കവനെ സ്തുതിക്കുവാൻ കഴിയുന്നു. ഇതിനടിസ്ഥാനം നമ്മുടെ ശരീരങ്ങളെ അവന്റെ ശുശ്രൂഷക്കായി സമർപ്പിക്കുന്നതിലൂടെയാണ് (റോമ. 12:1–2; എബ്രാ. 11:21).

ആരാധനയുടെ വിവിധ രീതികളെക്കുറിച്ച് ബൈബിൾ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഇന്നരൂപത്തിൽ മാത്രമേ ആകാവൂ എന്ന് പ്രത്യേക കല്പന തന്നിട്ടില്ല. ആയതിനാൽ ആരാധനാ രീതിയോ, ആത്മീക വളർച്ചയോ നോക്കി മറ്റൊരാളെ വിധിക്കാതിരിപ്പാൻ സൂക്ഷിക്കണം.

### 13. ശിഷ്യരാക്കുക.

യേശുക്രിസ്തു തന്റെ അന്ത്യകല്പനയിൽ ***"പുറപ്പെട്ട്"*** സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ (മത്താ 28:18) എന്നു പറഞ്ഞു. ഒരു ശിഷ്യൻ കർത്താവിനെ പിൻപറ്റുന്ന വചനവിദ്യാർത്ഥി ആണ്. ഒരു ശിഷ്യൻ എന്നാൽ കേവലം രക്ഷിക്കപ്പെട്ട ഒരു വ്യക്തിയെന്നല്ല, പിന്നയോ അതിലുപരിയായി ദൈവവചനം പഠിക്കുകയും അതിൻ പ്രകാരം ജീവിക്കുകയും ചെയ്യുന്ന ഒരു വിശ്വാസി എന്നാണ് അർത്ഥം (യോഹ 7:17).

ഭാഗം 2

# സംയുക്ത ക്രിസ്തിയ ജീവിതം (സഭാ തത്വശാസ്ത്രം)

## A. അദ്ധ്യാപനം:

യേശു തന്റെ ശിഷ്യന്മാർക്ക് അന്തിമ കല്പന കൊടുത്തപ്പോൾ ***"ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു (പഠിപ്പിക്കുക) കൊണ്ട്......"*** (മത്താ. 28:20) എന്നാണ് പറഞ്ഞത്. യേശു ഒരു ഗുരു (ഉപദേശകൻ) ആയിരുന്നു (മത്താ 4:23; 5:2; 7:29; 9:35; 11:1; 13:54; 21:23; 22:16; 26:55; 28:15; അപ്പോ. പ്ര 1:1). അവന്റെ ശിഷ്യന്മാരും അവൻ കല്പിച്ചതുപോലെ പോയി പഠിപ്പിക്കുകയായിരുന്നു (അപ്പോ. പ്ര. 4:2,18; 5:21, 25, 28, 42; 11:26; 15:1, 35; 18:11, 25; 20:20; 21:21,28).

അദ്ധ്യാപനത്തിൽ കൂടെ നാം നിർദ്ദേശങ്ങൾ (ഉപദേശങ്ങൾ) നല്കുമ്പോൾ പ്രസംഗത്തിൽകൂടെ പ്രബോധനമാണ് നല്കുന്നത് (കൊലോ. 1:28; 3:16) സഭയെ സംബന്ധിച്ചിടത്തോളം ഇതു രണ്ടും അതിപ്രധാനങ്ങളാണ്.

അപ്പോസ്തോലനായ പൗലൂസ്സ് തിമോഥെയോസിനു നിർദ്ദേശങ്ങൾ കൊടുത്തപ്പോൾ നീ മറ്റുള്ളവരെ ഇതു പഠിപ്പിക്കണം എങ്കിലേ അവർ വീണ്ടും മറ്റുള്ളവരെ പഠിപ്പിക്കയുള്ളു എന്നു പറഞ്ഞിരുന്നു (1 തിമോ. 4:11; 6:2; 2 തിമോ. 2:2) ഇങ്ങനെയാണ് ദൈവവചനം ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്കെന്ന രീതിയിൽ കൈമാറിവന്നത്.

ചിലർക്ക് പഠിപ്പിക്കുന്നതിൽ പ്രത്യേക കഴിവുണ്ടായിരിക്കും (റോമ 12:7) എല്ലാവിശ്വാസികളും പഠിപ്പിക്കാനായി വിളിക്കപ്പെട്ടവരാകുന്നു (എബ്ര 5:12-14).

## B. കൂട്ടായ്മ.

ആദിമ സഭയിലെ ഒരു പ്രധാന ഭാഗമായിരുന്നു കൂട്ടായ്മ (അപ്പോ. പ്ര 2:42) ഇതിന്റെ അർത്ഥം സകലതിലും അവരനുമായി ഒരു പങ്കാളിത്തം ഉണ്ടായിരുന്നു എന്നാണ്. അതു ഭൗതികകാര്യങ്ങളിൽ (റോമ 15:26; 2കൊരി 8:4; 9:13; എബ്ര 13:16) കൂട്ടായ്മ മാത്രമല്ലായിരുന്നു. ആത്മീക കാര്യങ്ങളിലുമുണ്ടായിരുന്നു (1 യോഹ. 1:3,7) കൂട്ടായ്മ സംയുക്തമായ ആരാധനയാണ്. ഇത് ഈ അദ്ധ്യാത്തിന്റെ ഒന്നാം ഭാഗത്തു ചിന്തിച്ചതാണ്. വ്യക്തിപരമായ ആരാധനയുടെ ബാഹ്യവളർച്ചയാണ് സംയുക്തമായ ആരാധന.

കൂട്ടുവിശ്വാസിയുമായുള്ള ആത്മിക കൂട്ടയ്മ (2 കൊരി. 6:14) യേശുക്രിസ്തുവുമായുള്ള കുട്ടായ്മയിൻ മേലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത് (1 യോഹ. 1:7). എന്നാൽ അതു പ്രകടമാക്കന്നതു നമ്മുടെ കൂട്ടായ്മയിൽ പരിശുദ്ധാത്മാവുമായിട്ടാകുമ്പോഴാണ് (2 കൊരി. 13:14) അതു പണിയപ്പെടുന്നതു വിശ്വാസത്താലുമാണ് (ഫിലേമോൻ 1:6) ഇവയുടെ സമ്മേളനമാണ് സഭായാകുന്ന ശരീരത്തിന്റെ ഐക്യത ദൃഢമാക്കുന്നത് (ഫിലി. 2:1-2). ഈ കൂട്ടായ്മയിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് (1 കൊരി. 1:9) എന്നാൽ നാം ഇരുട്ടിൽ നടക്കുന്ന കാലത്തോളം ഈ കൂട്ടായ്മ അനുഭഴിക്കുവാൻ കഴിയുന്നതല്ല (1 യോഹ. 1:6).

നമ്മുടെ കൂട്ടായ്മയുടെ അടിസ്ഥാനം കർത്തൃമേശയിൽകൂടെയാണ് വരച്ചു കാട്ടിയിരിക്കുന്നത്. ഇതിനെയാണ്

സാധാരണ വിശുദ്ധ സംസർഗ്ഗം എന്നു വിളിക്കുന്നത് എന്തന്നാൽ അത് യേശുവിന്റെ ആളത്വം, പ്രവർത്തി എന്നിവയെ വെളിപ്പെടുത്തുകയും (1 കൊരി. 10:16) അവന്റെ പീഢാനഭവങ്ങളുടെ കൂട്ടായ്മയിൽ നമ്മെ പങ്കാളികളാക്കുകയും ചെയ്യുന്നു (ഫിലി. 3:10).

വിശ്വാസികൾ എന്ന നിലയ്ക്കു ഭിന്നാഭിപ്രായങ്ങൾ നീങ്ങിയിരിക്കുകയാൽ സുവിശേഷികരണത്തിന്റെ പൂർത്തിയ്ക്കായി നമുക്കു പരസ്പരം കൂട്ടായ്മയുണ്ട് (ഗലാ. 2:9, ഫിലി. 1:5) കൂട്ടായ്മ സ്നേഹബന്ധങ്ങളുടെ വികസനത്തെ സഹായിക്കുന്നു.

ക്രിസ്തിയ ജീവിതത്തിൽ സ്നേഹത്തിന്റെ ആവശ്യകത എന്തന്നു നാം കണ്ടുകഴിഞ്ഞു. നാം ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കണം. നാം നമ്മുടെ അയൽക്കാരെ സ്നേഹിക്കുന്നത് ദൈവം ആഗ്രഹിക്കുന്ന ആളവിൽ ആയിരിക്കേണം (1 യോഹ. 4:20) അഥവാ നാം നമ്മെ സ്നേഹിക്കുന്നതുപോലെ അയൽക്കാരനെയും സ്നേഹിക്കേണം എന്നു രാജകീയ ന്യായപ്രമാണ (യാക്കോ. 2:8) ത്തെക്കുറിച്ച് പുതിയ നിയമം ശിഷ്യന്മാർക്ക് നിരവധി അറിവുകൾ നല്കുന്നുണ്ട്. വിശ്വാസികൾ അവരുടെ ശത്രുക്കളെ കൂടി സനേഹിക്കണം എന്ന കല്പനയുടെ മുമ്പാകെ ഇതു നിസ്സാരമായ ഒന്നത്രേ (ലൂക്കോ. 6:35) ആളുകൾ നമ്മോടു എങ്ങനെ പെരുമാറണമെന്നു നാം ആഗ്രഹിക്കുന്നുവോ അതുപോലെ നാം അവരോട് പെരുമാറേണ്ടതാണ് (മത്താ. 7:12).

ഇനി പറയുന്ന തത്വങ്ങൾ നമ്മുടെ പരസ്പര ബന്ധത്തെ കാണിക്കുന്നതാണ്. അതു വിവാഹ ബന്ധത്തിൽ ആരംഭിച്ച് കുടുംബബന്ധത്തിലേക്കും, സഭയാകുന്ന കുടുംബന്ധത്തിലേക്കും ദൈവത്തിന്റെ വലിയ കുടുംബത്തിലെ രക്ഷിക്കപെടാത്തവരിലേക്കും വ്യാപിക്കുന്നു. പരസ്പരബന്ധങ്ങളെ ചൂണ്ടി കാട്ടുന്ന എണ്ണമില്ലാത്ത പ്രമാണങ്ങൾ പുതിയ നിയമത്തിൽ ഉണ്ട്. വളർച്ചയിൽ എത്താത്ത ഒരു വിശ്വാസി ഈ നിയമങ്ങളെ കണ്ടിട്ട് ഇതു മറ്റുള്ളവരുടെ ജീവിതത്തിൽ പ്രായോഗികമാക്കേണ്ടവയെന്ന് കരുതി സ്വന്ത ജീവിതത്തിൽ പ്രയോഗികമാക്കാനുള്ള ഉത്തരവാദിത്തത്തിൽ നിന്നൊഴിവാകാൻ സാദ്ധ്യതയുണ്ട്. എന്നാൽ മറ്റുള്ളവർ ചെയ്തില്ലെങ്കിൽപോലും സ്വന്തജീവിതത്തിൽ അനുഭവമാക്കാനും സ്വാർത്ഥതവെടിയാനുമായിരിക്കും ഒരു മുതിർന്ന വിശ്വാസി ശ്രിമിക്കുന്നത്.

"പരസ്പരമുള്ള" നിയമത്തെക്കുറിച്ചു നമുക്കു ചിന്തിക്കാം:

- തമ്മിൽ തമ്മിൽ **സ്നേഹിക്കേണം** എന്ന കല്പന പുതിയ നിയമത്തിൽ പലയിടത്തും നാം വായിക്കുന്നു (യോഹ. 13:34-35; 15:12,17; റോമ. 13:8; 1 തെസ്സ. 3:12; 4:9; 2 തെസ്സ. 1:3; 1 പത്രോ.1:22; 1 യോഹ.3:11,23; 4:7, 11,12; 2 യോഹ. 1:5) ഇതിന്റെ അർത്ഥം 1 കൊരി. 13:4-8; റോമ. 12:9-21 വരെയുള്ള ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന വിധം നാം ജീവിക്കേണ്ടതാകുന്നു എന്നാണ്.
- നാം അന്യോന്യം **അവയവങ്ങൾ** ആകുന്നു എന്നു തിരിച്ചറിയുക (റോമ. 12:5; എഫേ. 4:25) ഇതിന്റെ അർത്ഥം ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗങ്ങളായ നമുക്കു പരസ്പ ബന്ധമുണ്ട് എന്നാണ്.
- നാം പരസ്പരം കരുതലുള്ളവരായിരിക്കണം (റോമ. 12:10) സഹോദര പ്രീതിയിൽ സ്ഥായിപൂണ്ട് അന്യോന്യം **അർപ്പണ ബോധത്തോടെ** ജീവിക്കുന്നവരായിരിക്കണം.
- പരസ്പരം **ബഹുമാനിക്കുന്ന**വരായിരിക്കണം. അതായത് മറ്റുള്ളവരുടെ വില ദൈവസന്നിധിയിൽ മനസ്സിലാക്കി ജീവിക്കുക (റോമ. 12:10)
- അന്യോന്യം **ഒന്നുതന്നെ** ചിന്തിക്കുന്നവരായിരിക്കണം. അതായത് കൂട്ടുവിശ്വാസികളും നമ്മെപോലെ ദൈവകൃപയുടെ പങ്കാളികളാണന്നു മനസ്സിലാക്കി കൊള്ളണം (റോമ. 12:16; 15:5)
- ക്രിസ്തു നമ്മെ സ്വീകരിച്ചതുപോലെ നാമും പരസ്പരം **സ്വീകരിക്കുന്ന**വരായിരിക്കണം. സൃഷ്ടികളെന്ന നിലയ്ക്ക് അവന്റെ കൃപ നമുക്കെല്ലാവർക്കും ആവശ്യമാണ് (റോമ. 15:7)
- നമ്മോടു സമീപിക്കുന്ന ആത്മീയ അപകടങ്ങളെ കണ്ടുണർന്ന് അന്യോന്യം **മുന്നറിവു** കൊടുക്കുന്നവരായിരിക്കണം (റോമ. 15:14)
- പരസ്പരം **വന്ദനം** പറയുന്നവരായിരിക്കണം (റോമ. 16:16; 1 കൊരി. 16:20; 2 കൊരി. 13:12; 1 പത്രോ. 5:14) "വിശുദ്ധ ചുംബനത്താൽ" എന്നതു വ്യക്തി സാന്നിദ്ധ്യത്തിന്റെ അമൂല്യത വെളിപ്പെടുത്തുന്നതാണ്.
- നാം അന്യോന്യം **സേവിക്കേണം** (യോഹ. 13:14; ഗലാ. 5:13) ഇതു യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകിയാണ് കാണിച്ചുകൊടുത്തത്.
- അപരനെ **തന്നേക്കാൾ ശ്രേഷ്ഠൻ** എന്നു എണ്ണണം (ഫിലി. 2:3)
- **നാം തമ്മിൽ തമ്മിൽ** ഭാരങ്ങൾ വഹിക്കേണം (ഗലാ. 6:2) തമ്മിൽ തമ്മിൽ സഹായിക്കാനും പാപങ്ങളെ

ചൂണ്ടികാട്ടുന്നതിനുമായിട്ടാണ്.

- പരസ്പരം **വഹിക്കുന്ന**വരാകുക. അഥവാ ക്ഷമയോടെ കരുതുക (എഫേ. 4:2; കൊലോ. 3:13)
- പരസ്പരം **കീഴടങ്ങിയിരിക്കുക,** അഥവാ കൂട്ടുവിശ്വാസിയുടെ ആവശ്യങ്ങൾക്കു പ്രാധാന്യം നല്കുക (എഫേ. 5:21)
- അന്യോന്യം **ഉത്സാഹിപ്പിക്കുക**. ഇത് ആത്മീകമായി തളരുന്ന അവസരങ്ങളിൽ അന്ത്യന്താപേക്ഷിതമാണ് (റോമ.1:12; 1 തെസ്സ. 4:18; 5:11; എബ്രാ. 3:13; 10:25)
- തമ്മിൽ തമ്മിൽ **സമാധാനം** ആചരിക്കുക (മർക്കോ. 9:50) നമ്മുടെ പ്രവർത്തികളാലും അഭിപ്രായങ്ങളാലും ഒരിക്കലും കലക്കമുണ്ടാക്കരുതെന്നർത്ഥം.
- തമ്മിൽ തമ്മിൽ പാപങ്ങളെ **ഏറ്റ് പറയുക** (യാക്കോ. 5:16). ഇതിനായി നമ്മൾ മൂലം ഉപദ്രവം സഹിച്ചവരോടും നാം തെറ്റു ചെയ്തവരോടും നിരപ്പാകാനും ബന്ധം പുനസ്ഥാപിക്കുവാനും കഴിയണം.
- അന്യോന്യം **പ്രാർത്ഥിക്കുക** (യാക്കോ. 5:16)
- പരസ്പരം **ക്ഷമിക്കുക.** കർത്താവു ക്ഷമിച്ചതുപോലെ ക്ഷമിക്കുക (കൊലോ. 3:13)
- പരസ്പരം നന്മ സംസാരിക്കുക. ഓരോരുത്തർക്കും ദൈവത്തോടുള്ള ബന്ധത്തെ കരുതി **നന്മമാത്രം** ആഗ്രഹിക്കുക (1 തെസ്സ. 5:15)
- പരസ്പരം സ്നേഹത്തിനും **സത്പ്രവർത്തികൾക്കമായുള്ള ഉത്സാഹം വർദ്ധിപ്പിക്കുക** (എബ്ര. 10:24) എപ്പോഴും മറ്റൊരാൾക്കു നന്മചെയ്യുന്നതിനെ കുറിച്ചു ചിന്തിക്കുക.
- **അപരനുവേണ്ടി കാത്തിരിക്കുക** (1 കൊരി. 11:33) വിശ്വാസികളുടെ കൂടി വരവിന്റെ സന്തോഷത്തെയാണ് ഇതു കാണിക്കുന്നത്.
- തമ്മിൽ തമ്മിൽ **ദയ ഉള്ളവരായിരിക്കുക**. കൂട്ടുവിശ്വാസിക്കെതിരായി കൈപ്പായോ, കോപത്തോടെയോ, ദോഷമായി ചിന്തിക്കുയോ ചെയ്യാതിരിക്കുക (എഫേ. 4:31-32).
- പരസ്പരം **കരുതലുള്ളവരായിരിക്കുക** (1 കൊരി. 12:25). ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അവയവങ്ങളെകുറിച്ചുള്ള കരുതൽ കാണിക്കുന്നു.
- തമ്മിൽ തമ്മിൽ ചെയ്യുന്ന സേവനത്തെ **തിരിച്ചറിയുക** (ലൂക്കോ. 7:32) നമ്മുടെ സേവനം മനുഷ്യരുടെ പ്രശംസയെ തേടി ആകരുത്. ദൈവകുടുംബത്തിലെ അംഗങ്ങളായി ബഹുമാനിക്കുന്നവരായിരിക്കണം.
- തമ്മിൽ തമ്മിൽ **അഥിതി സൽക്കാരം നടത്തുക** (1 പത്രോ. 4:9). നമ്മുടെ സഭകളിൽ പുറത്തു നിന്നുള്ള വിശ്വാസികൾക്കും സ്വാഗതം നല്കുക.
- അന്യോന്യം **താഴ്മയുള്ളവരായിരിക്കുക** (1 പത്രോ. 5:5) ഇതു നമ്മുടെ മനോഭാവത്തെ വെളിപ്പെടുത്തുന്നു.
- അന്യോന്യം **കൂട്ടായ്മ** ഉണ്ടായിരിക്കണം (1 യോഹ. 1:7)
- പരസ്പരം **പണിയുന്നവരായിരിക്കണം** (റോമ. 14:19; 1 തെസ്സ. 5:11) ആത്മീകവർദ്ധനയക്കാവശ്യമായ ഉത്സാഹവും, പ്രബോധനങ്ങളും, ഉപദേശങ്ങളും നല്കി ഉയർത്തുകയാണിവിടെ.

## C. സുവിശേഷീകരണം.

യേശുക്രിസ്തുവിന്റെ സുവിശേഷം എല്ലായിടത്തേയ്ക്കും വ്യാപിപ്പിക്കുക എന്നാണ് സുവിശേഷീകരണം എന്ന വാക്കിനർത്ഥം. എല്ലാവരും അറിയേണ്ടതായ ഒരു നല്ല വർത്തമാനം അതു പ്രസിദ്ധമാക്കുന്നു. യേശുക്രിസ്തു ദൈവമായിരിക്കെ (യോഹ 1:1) നമുക്കായി മനുഷ്യനായി തീർന്നു (യോഹ 1:14) സർവ്വ ലോകത്തിന്റെയും പാപത്തിനായി മരിച്ചു (1യോഹ 2:1-2) വീണ്ടും മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു (1കൊരി 15:1-3) ആര് അവനിൽ വിശ്വസിക്കുമോ അവർക്ക് നിത്യജീവൻ ലഭിക്കുന്നു (യോഹ 3:16). നാം എല്ലാവരും പാപികൾ ആകുന്നു (റോമ 3:23) എന്നതു ഒരു നല്ല വാർത്തയല്ല, എന്നാൽ നാം കൊടുത്തുവീട്ടേണ്ടിയിരുന്ന പാപക്കടം (റോമ 6:23) യേശുക്രിസ്തു കൊടുത്തു വീട്ടി (ഗലാ. 3:13).

എന്നതു ഒരു നല്ല വാർത്തതന്നെയാണ്. സഭ സാർവ്വദേശിയമായും, പ്രാദേശികമായും എന്ന് ആഗ്രഹിക്കേണ്ടത് ഏവരേയും ഈ സുവാർത്തയിലേക്കു കൊണ്ടുവരിക എന്നാണ് നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചവും സത്യവും ഒരിക്കലും മറച്ചുവയ്ക്കരുത് (മത്താ 5:14ച റോമ 1:16).

സുവിശേഷം വിതരണം ചെയ്യുവാനുള്ള സ്വാതന്ത്ര്യവും, പദ്ധതിയും ദൈവം നമുക്കു തന്നിട്ടുണ്ട്. അതു ഒരുവനിൽ നിന്ന് മറ്റൊരാളിലേക്കു (അപ്പോ. പ്ര. 8) ഒരു ഗ്രൂപ്പിൽ നിന്നു മറ്റു ഗ്രൂപ്പുകളിലേക്കു (അപ്പോ. പ്ര. 2) എന്നക്രമത്തിൽ കൈമാറ്റം ചെയ്യേണ്ടിയിരിക്കുന്നു. സഭയുടെ ദൗത്യം അതിപ്രാധാന്യമർഹിക്കുന്നു. ദൈവവചനത്തെ പ്രസിദ്ധമാക്കുന്നതോടൊപ്പം യേശുക്രിസ്തുവിന്റെ രാജ്യത്തിലേക്കുള്ള ക്ഷണവും നല്കണം. സുവിശേഷീകരണത്തിന്റെ ഏറ്റം ശക്തമായ ഉപകരണം തമ്മിൽ തമ്മിലുള്ള സ്നേഹമാണ് (യോഹ. 13:34-35).

## D. സേവനം (ശുശ്രൂഷ).

മറ്റുള്ളവരുടെ ശാരീരികവും വൈകാരികവുമായ അവസ്ഥകളെ മനസ്സിലാക്കി അവരെ സഹായിക്കാനുള്ള ഒരു ആത്മീക ശുശ്രൂഷാണിത് (അപ്പോ. 11:29; 2 കൊരി. 8:3-5). യേശുക്രിസ്തുവിന്റെ സ്ഥാനപതിആയിരുന്നകൊണ്ട് ദൈവത്തോടു നിരപ്പു പ്രാപിക്കുക എന്നു നഷ്ടപ്പെട്ടുകിടക്കുന്ന ലോകമനുഷ്യരോടു വിളിച്ചറിയിക്കുന്ന മഹത്വപൂർണ്ണമായ സേവനമാണിത് (2 കൊരി. 5:18-21). ഒരുവൻ ദൈവത്തോടു നിരപ്പു പ്രാപിക്കുമ്പോൾ വാസ്തവമായി ഈ ലോകത്തിന്റെ അന്യായ ബന്ധനങ്ങളിൽ നിന്നു മുക്തനാകുകയാണ്. ആകയാൽ ഇതൊരു സ്വാതന്ത്ര്യത്തിന്റെ ദൂതു വഹിക്കുന്ന ശുശ്രൂഷയാണ് (1 തിമോ. 4:4-6) വിശ്വാസികളായ നാം സ്വതന്ത്രരാണ് (ഗലാ. 5:1) മറ്റുള്ളവരെ സ്വതന്ത്രരാക്കേണ്ടവരാണ് (ഗലാ. 5:13)

നാം പിൻ തുടരേണ്ടിയ മാതൃക യേശു തന്നെയാണ് നമുക്കു തന്നത് (മത്താ. 20:28). ആകയാൽ ഒരു ശുശ്രൂഷകൻ എന്ന നിലയിൽ നാം പിൻപറ്റേണ്ടത് യേശു എന്ന നായകനെ തന്നെയാണ് (യോഹ. 12:24-26). സഭയിൽ ഒരാളുടെ ആത്മീകത കണക്കാക്കുന്നതു (മത്താ. 29:26-28; 23:10-18) അയാളുടെ പദവികളെ നോക്കിയല്ല, പിന്നയോ ക്രിസ്തീയ ശുശ്രൂഷയും ജീവിതവും നോക്കിയാണ്. വിശ്വാസികൾ എന്ന നിലയ്ക്കു നമ്മുടെ രക്ഷക്കായി ദൈവം തന്നെ കാണിച്ച കരുണയേ സദാ സ്മരിക്കേണ്ടവരാണ് നമ്മൾ. ഒരിക്കലും അഹങ്കാരികളോ നിരാശരോ ആകരുത് (2 കൊരി. 4:1-2) മറ്റുള്ളവർക്കു വേണ്ടി നാം ചെയ്യുന്ന ഏറ്റം ചെറിയ ശുശ്രൂഷയെപ്പോലും ദൈവം മാനിക്കും (എബ്രാ. 6:10-12).

കർത്താവാണ് ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ ഉണ്ടാക്കിതരുന്നത് (അപ്പോ. പ്ര. 20:24; 1 കൊരി. 12:4-6). വിശ്വാസികൾ ഈ അവസരം പ്രയോജനപ്പെടുത്തി ദൈവം തന്നിരിക്കുന്ന വിഭവങ്ങളാൽ പരസ്പരം ശുശ്രൂഷിക്കേണ്ടവരാണ്. ആകയാൽ സേവനം എന്നതു ക്രിസ്തീയ ജീവിതത്തിലെ പ്രധാനമായ ഒരു പങ്കാണ് (1 പത്രോ. 4:10-11). നമുക്കുതിൽ നിന്നൊഴിവാകാൻ സാദ്ധ്യമല്ല. പങ്കാളിത്വം വഹിക്കേണ്ടവരാണ് (റോമ. 12:7). ആകയാൽ യേശുക്രിസ്തുവിന്റെ ശുശ്രൂഷയെ ഒരു പ്രകാരവും കുറയ്ക്കുന്നവരാകാതിരിപ്പാൻ സൂക്ഷിക്കേണ്ടതാണ് (2 കൊരി. 6:3).

ശുശ്രൂഷകൾ സംയോജിച്ചു പ്രവർത്തിക്കേണ്ടതാണ്. സഭയിലെ ആത്യാവശ്യം കണക്കിലെടുത്തത് അപ്പോസ്തലന്മാർ ആദിമസഭയിൽ ശുശ്രൂഷകന്മാരെ നിയമിച്ചപ്പോൾ സഭയുമായി ആലോചിച്ചു സഭയാൽ തിരഞ്ഞെടുക്കപ്പെട്ടവരെയാണ് നിയമിച്ചത്. എന്തെന്നാൽ അതു തികവുറ്റ ഒരു ശുശ്രൂഷയായിരിക്കണമെന്ന് അവർ കരുതിയിരുന്നു (അപ്പോ. പ്ര. 6:1-6). സഭയിലെ വിവിധ ശുശ്രൂഷകൾ സംയോജിച്ചു പ്രവർത്തിക്കുമ്പോഴാണ് അതു സഭാ വിശ്വാസികൾക്കു പ്രയോജന പ്രദമാകുന്നത്.

കർത്താവു സഭയിൽ നേതൃത്വ ശുശ്രൂഷ വച്ചിരിക്കുന്നത്, ആ നേതാക്കന്മാർ മറ്റുള്ളവരെ നേതൃസ്ഥാനത്തേക്കു സുസജ്ജരാക്കേണ്ടതിനായിട്ടാണ്. അപ്പോസ്തോലനായ പൗലോസു ഇപ്രകാരം എഴുതി,

> ***"അവൻ ചിലരെ അപ്പോസ്തോലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണമായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാപനത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീകവർദ്ധനയ്ക്കും ആകുന്നു" (എഫേ. 4:11-13).***

സഭാ നേതൃത്വത്തിന്റെ ഉത്തരവാദിത്തമാണ് അവർ വിശ്വാസികളെ ആത്മിയമായും ഭൗതികമായും, വൈകാരിക മായും സജ്ജരാക്കുക വഴി അവർ മറ്റുള്ളവരെ സുവിശേഷീകരിക്കയും യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ പൂർണ്ണവളർച്ചയിൽ എത്തിക്കുകയുമാണ്. സ്നേഹത്തിൽകൂടെയുള്ള ശുശ്രൂഷയാണ്, ഏറ്റവും ശക്ത മായ സുവിശേഷീകരണത്തിന്റെ ഉപകണമായി സഭയ്ക്കു ലഭിച്ചിരിക്കുന്നത് (യോഹ 13:1-35).

## E. ഐക്യത.

വ്യക്തിഗത സഭകൾക്കും അവരുടേതായ വീക്ഷണം ക്രിസ്തുവിന്റെ ശരീരത്തിൽ ഉണ്ട് (എഫേ. 4:13). ക്രൂശീകര ണത്തിന്റെ തലേരാത്രിയിൽ യേശു പ്രാർത്ഥിച്ചത് അവന്റെ അനുഗാമികൾ എല്ലാവരും ഒന്നായിരിക്കണമെന്നാണ്. അവൻ പറഞ്ഞു,

> ***"ഇവർക്കുവേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ. നീഎനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു നീ എന്നെ അയച്ചിരിക്കുന്നു എന്നു നീ എന്നെ സ്നേഹിക്കന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നു ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരി ക്കേണ്ടതിനു തന്നേ"*** (യോഹ. 17:20-23).

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ആ നിമിഷം തന്നെ പരിശുദ്ധാത്മാവ് അധിവസിക്കുന്നതിനാ ലും, ആത്മാവ് ഒന്നുമാത്രം ആയിരിക്കയാലും (എഫേ. 4:4), ആത്മാവിന്റെ ഐക്യതയും ഒന്നാമതായി തന്നെ സ്ഥിരപ്പെട്ടിരിക്കുന്നു (ആത്മാവിന്റെ അധിവാസം എന്ന അദ്ധ്യായ ഭാഗം നോക്കുക). അപ്പോസ്തോലനായ പൗലോസ് പഠിപ്പിക്കുന്നത് ഈ ഐക്യം നിലനില്ക്കുന്നത് നാം നമ്മുടെ വിളിക്കു യോഗ്യനായി നടക്കുന്നതി നാൽ ആകുന്നു (എഫേ. 4:1-3) എന്നാണ്. ഇതിന്റെ അർത്ഥം നമ്മുടെ നടപ്പ് പൂർണ്ണ കൃപയിൽ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആകുന്നു എന്നത്രേ (എഫേ. 1:8-9). യേശുക്രിസ്തുവിൽ നമുക്കുള്ള സ്ഥാനം നമ്മുടെ രക്ഷ യുടെ അടിസ്ഥാനത്തിൽ ആകയാൽ ഓരോ നിമിഷത്തിലും സഭയാകുന്ന ശരീരത്തിന്റെ ഐക്യതയെ ക്രീസ്തു വിന്റെ സ്നേഹത്തിൽ കാത്തു സൂക്ഷിക്കാൻ ബാദ്ധ്യസ്ഥതരാണ്. ഇതിനാലാണ് അവിശ്വാസികൾ നമ്മെ ക്രിസ്തു വിന്റെ ശിഷ്യന്മാരായി മനസ്സിലാക്കുന്നത് (യോഹ. 13:34-35).

അദ്ധ്യായം 9

# നടപ്പിലാക്കൽ

# മുഖവുര

ഈ അദ്ധ്യായത്തിൽ ബൈബിൾ പാഠങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രായോഗിക പരിശീലനമാണ് നല്കുന്നത്. അനേക ദൈവദാസന്മാർ മറ്റുള്ളവരെ പഠിപ്പിക്കുന്നതിന് ഫലപ്രദമായി കണ്ടെത്തിയ നിയമങ്ങളാണിത്. പാഠങ്ങൾ തയ്യാറാക്കുന്ന രീതികൾക്കു മാറ്റം വരുമെങ്കിലും അടിസ്ഥാന നിയമങ്ങൾക്കു മാറ്റമില്ല (വ്യാഖ്യാനത്തിനുള്ള നിയമങ്ങൾ എന്ന അദ്ധ്യായം 4 പിൻതുടരുക)

ഒന്നാമതായി വിദ്യാഭ്യാസ നിയമങ്ങളെടുക്കാം. പരിശുദ്ധാത്മാവിന്റെ അദ്ധ്യാപന ശുശ്രൂഷയിൽ അക്കാടമിക് നിയമങ്ങൾക്കൊന്നും സ്ഥാനമില്ല. പരിശുദ്ധാത്മാവ് എന്ന വ്യക്തി ***"നമ്മെ സകല സത്യത്തിലും വഴിനടത്തും"*** (യോഹ. 16:13). മാനുഷീകമായ യാതൊരു പദ്ധതിയും ഇതിനു ഈടുനല്കുവാൻ തക്കതല്ല.

നാം എല്ലായിപ്പോഴും വിശ്വാസത്താൽ നടക്കണം. എത്രമാത്രം വേദപരിജ്ഞാനം ഉണ്ട് എന്നത് ഇതിന് ബാധകമല്ല (കൊലോ. 2:6). ക്രിസ്തീയ വളർച്ചയടെ തികവ് ജഡീക മുന്നേറ്റത്തിലൂടെയല്ല അതു വിശ്വാസത്താലാണ് (ഗലാ. 3:2-5). സാത്താൻ ഉപായത്താൽ നമ്മെ നമ്മുടെ പദ്ധതിയിലേക്കും, പാണ്ഡിത്യത്തിലേക്കും തിരിച്ച് പരിശുദ്ധാത്മാവിൽ ആശ്രയിക്കേണ്ടതിനുപകരം സ്വന്ത കഴിവിൽ ആശ്രയിക്കാൻ പ്രേരിപ്പിക്കും (യോഹ. 5:39-47). സ്നേഹം കൂടാതെയുള്ള അറിവ് എന്തായാലും നമ്മെ അഹങ്കാരികളാക്കുകയേ ഉള്ളു. ഇതു വളർച്ച കുറവിന്റെ ലക്ഷണമാണ് (1 കൊരി. 8:1).

ക്രിസ്തീയ ജീവിതത്തിൽ നാം എന്തു ചെയ്താലും എല്ലാം പ്രാർത്ഥനയോടും പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ടും (1 കൊരി. 11:31; സദൃ. 28:13; 1 യോഹ. 1:9) വേണം ആരംഭിക്കുവാൻ തുടർന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. ഏകാഗ്രതയ്ക്കുവേണ്ടിയും വിവേകത്തിനുവേണ്ടിയും നാം പഠിച്ചതായ പാഠത്തിലെ കാര്യങ്ങൾ ഓർത്തിരിക്കേണ്ടതിനായും പ്രാർത്ഥിക്കേണം.

ഭാഗം 1

# പുസ്തകവുമായുള്ള അടുത്ത പരിചയം

## A ആമുഖം:

പഠനത്തിനായി നാം തിരഞ്ഞെടുക്കുന്ന പുസ്തകം പല ആവർത്തി വായിച്ചു വിഷയം മനസ്സിലാക്കുക, ഒരു പത്ര ലേഖനമായാലും മറ്റുപുസ്തകങ്ങൾ ആയിരുന്നാലും ഇതു തന്നെ ചെയ്യുക. ഇതു ആ പുസ്തകത്തെ പരിചയപ്പെടുന്നതിനും അതിലെ വിഷയം മനസ്സിലാക്കുന്നതിനും സഹായിക്കും. എന്നാൽ ആഴമേറിയ വേദശാസ്ത്ര ചോദ്യങ്ങൾക്കുത്തരം പറയാനുള്ള മാർഗ്ഗമില്ലിത്.

വേഗതയിലുള്ള പുസ്തക പാരായണം പല പ്രാവശ്യം തുടരുമ്പോൾ അതിലെ പ്രധാനപ്പെട്ട ചില വിഷയങ്ങളെ സാമാന്യമായി ഗ്രഹിപ്പാൻ സഹായിക്കും. സന്ദർഭോചിതമായ വ്യാഖ്യാനത്തിന് അടുത്തുള്ളതും മദ്ധ്യത്തിലുള്ളതും ദൂരമായതും സന്ദർഭങ്ങൾ മനസ്സിലാക്കണം. ഒരു പുസ്തകത്തിന്റെ വാക്യപ്രതിവാക്യമായിട്ടുള്ള പഠനമാണ് അടുത്തും, ഇടയ്ക്കും ഉള്ള സന്ദർഭങ്ങൾ മനസ്സിലാക്കാൻ കൂടുതൽ പ്രയോജനപ്പെടുന്നത്.

വേദപുസ്തകത്തിലെ ഓരോ പുസ്തകത്തിന്റെയും ചരിത്ര, ഭൂമിശാസ്ത്ര പശ്ചാത്തലങ്ങൾ മനസ്സിലാക്കേണ്ടതും അത്യാവശ്യമാണ്. ഇവിടെ തെസ്സലോനിക്യരുടെ ഒന്നാം ലേഖനമാണ് പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. വിദ്യാർത്ഥിക്ക് പശ്ചാത്തലം മനസ്സിലാക്കുന്നതിനായി തെസ്സലോനിക്യാ പട്ടണത്തെക്കുറിച്ചൊരു വിവരണവും നല്കിയിരിക്കുന്നു. ഇങ്ങനെയുള്ള അറിവുകൾ നമുക്കു വേദപുസ്തക സംബന്ധമായ ഇതര ഗ്രന്ഥങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. ബൈബിൾ ഡിക്ഷനറീസ്, ബൈബിൾ മുഖവുരകൾ ഇടുങ്ങിയവ സഹായകരമായിരിക്കും.

## B. തെസ്സലോനിക്യയുടെ ഭൂമിശാസ്ത്രവും ചരിത്രവും.

ഏജിയൻ കടലിന്റെ വടക്കു പടിഞ്ഞാറൻ മൂലയിലുള്ള തെയാമിക് ഗൾഫിന്റെ അറ്റത്തുള്ള ഒരു കപ്പൽ തുറമുഖമാണ്, തെസ്സലോനിക്യ. ഇന്ന് ആ ഭൂപ്രദേശം, ഗ്രീസ്സ് എന്ന പേരിൽ ആണ് അറിയപ്പെടുന്നത്. ആ കാലത്ത് ഇത് റോമൻ പ്രോവിൻസിലുള്ള മക്കദോന്യ പ്രദേശത്താണ് സ്ഥിതി ചെയ്തിരുന്നത്. കപ്പൽ തുറമുഖത്തിന്റെ പേരിലും, അവിടെയുള്ള ചൂട് ഉറവകളുടെ പേരിലും തെസ്സലോനിക്യാ പ്രസിദ്ധിനേടിയിരുന്നു. വലിയ കപ്പലുകൾ ഈ തുറമുഖത്ത് സദാ നങ്കുരമിട്ടിരുന്നു. കൂടാതെ ആ കാലത്ത് ഏറ്റവും അഭിവൃദ്ധിയും വലിപ്പവുമുള്ള പട്ടണവും ഇതായിരുന്നു.

ആന്റിപേറ്ററുടെ മകനായ കസ്സാൻഡർ ആണ് ബി. സി. 315-ൽ തെസ്സലോനിക്യയുടെ സ്ഥാപകൻ. ഇതു അലക്സാണ്ടറുടെ മരണത്തിനു (ബി.സി 323) തൊട്ടു പിന്നാലെ ആയിരുന്നു. അലക്സാണ്ടറുടെ മരണത്തെ തുടർന്ന് വലിയ അധികാര വടംവലികളും കലാപങ്ങളും നടന്നു. ആന്റിപേറ്റർ രാജകുടുംബത്തോടു വിശ്വസ്ഥത പുലർത്തിയിരുന്നതിനാൽ പുതിയ പട്ടണത്തിനു കസ്സാൻഡറുടെ ഭാര്യുടെ പേരായ തെസ്സലോനിക്യ എന്നു നാമകരണം ചെയ്തു. അവൾ ഒരു പ്രകാരത്തിൽ അലക്സാണ്ടറിന്റെയും അർദ്ധ-സഹോദരി ആയിരുന്നു (half-sister).

ഇതു യവനായക്കാരുടെ പ്രാബല്ല്യം വിളിച്ചറിയിക്കുന്ന ഒരു വ്യവസായ പട്ടണം കൂടെയായിരുന്നു. എന്നാൽ

വളരെ സ്വാധിന ശക്തിയുള്ള യഹൂദന്മാരും അവിടെ ഉണ്ടായിരുന്നു. ഇന്ന് അത് സലോനിക്കാ എന്നറിയപ്പെടുന്ന ഗ്രീക്കു പട്ടണമാണ്.

## C. തെസ്സലോനിക്യൻ സഭയുടെ ചരിത്ര പശ്ചാത്തലം: അപ്പോ. പ്ര. 17:1–9

അവിടെ ഒരു സഭ സ്ഥാപിതമാകുന്നത് പൗലൂസ്സിന്റെ രണ്ടാം മിഷ്യനറിയാത്രയ്ക്കിടയിൽ ആയിരുന്നു. അപ്പോസ്തൊലനായ പൗലൂസിനുണ്ടായ മക്കദോന്യൻവിളി (അപ്പോ. പ്ര. 16:9) അനുസരിച്ചായിരുന്നു, അവനോടുകൂടെ ശീലാസ്സും ഉണ്ടായിരുന്നു. (ശീലാസ്സ് എന്നത് എബ്രായ പേരായിരുന്നു. അതിനു തത്തുല്ല്യമായ റോമൻ പേര് സിൽവാനസ്സ് എന്നാണ്). തിമോഥിയോസ്, ലൂക്കോസ് എന്നിവരും അവനോടു കൂടെ ഉണ്ടായിരുന്നു. കിഴക്കു നിന്നും പടിഞ്ഞാട്ടു കിടക്കുന്ന ഇഗ്നേഷ്യൻ രാജപാഥയിലൂടെയാണ് യാത്ര ചെയ്തിരുന്നത്. ഫിലിപ്പിയ, അംഫീപോലിസ്സ്, അപ്പോലോന്യ എന്നി പ്രദേശങ്ങൾ സന്ദർശിച്ചശേഷമായിരുന്നു ആ റ്റീം തെസ്സലോനിക്യയിൽ എത്തിച്ചേർന്നത് (അപ്പോ. പ്ര. 17:1).

മൂന്നു ശാബതുകളിൽ പൗലൂസ്സ് അവരുടെ പള്ളികളിൽ ഉപദേശിക്കയും (അപ്പോ. പ്ര. 17:2), യേശുക്രിസ്തു പഴയനിയമ പ്രവചനങ്ങളുടെ നിവൃത്തിയായ മശിഹാ ആണന്നു (17:3) തെളിയിക്കുകയും ചെയ്തു. ഈ ദൂതു വിശ്വസിച്ച അനേകർ വിശ്വസികളാകുവാൻ ഇടയായി (17:4).

ഇതു കൂടാതെ വിശ്വാസത്തിലേക്കുവന്നവരെ പഠിപ്പിക്കുവാനായി പിന്നെയും കുറച്ചുനാൾ പൗലൂസ്സ് അവിടെ ചിലവഴിച്ചു, എന്നാൽ അവിശ്വാസികളായ യഹൂദന്മാർ അസൂയപൂണ്ട് മിനക്കെട്ടു നടക്കുന്ന ചിലരെ കൂട്ടി ഈ സുവിശേഷ സംഘത്തിനെതിരായി കലക്കം സൃഷ്ടിച്ചു (17:5). അവർ പൗലൂസ്സിനെ കാണായ്കയാൽ അവൻ പാർത്തിരുന്ന വീടിന്റെ ഉടമയായ യാസ്സോനെ കൈയ്യേറ്റം ചെയ്യുകയും മജിസ്രേട്ടിന്റെ മുമ്പിലേക്കു വലിച്ചിഴച്ചു കൊണ്ടുവരികയും ചെയ്തു (17:6,7). എന്തായാലും പൗലൂസ്സിനും റ്റീമിനും ആ അന്തരിക്ഷത്തിൽ ആ പ്രദേശം വിടേണ്ടിവരികയാൽ അവർ അടുത്ത പ്രദേശമായ ബെറിയയിലേക്കു പോയി (അപ്പോ. പ്ര. 17:8–10).

## D. ലേഖനം എഴുതിയ കാലവും കാരണവും:

അപ്പോസ്തോലനായ പൗലൂസ്സ് അന്ത്യോഖ്യയിലെ തന്റെ ശുശ്രൂഷയ്ക്കുശേഷം എ.ഡി. 49–ൽ ആണ് രണ്ടാം മിഷ്യനറിയാത്ര ആരംഭിച്ചത്. അങ്ങനെ അവർ തെസ്സലോനിക്യയിൽ വന്നെങ്കിലും യഹുദന്മാരുടെ ഉപദ്രവം ഹേതുവാൽ അവിടം വിട്ട് ബെറിയയിൽ വന്നു. ചുരുങ്ങിയകാലം അവിടെ ദൈവവചനം പഠിപ്പിച്ചിട്ട് അഥേനയിലേക്കും, പിന്നീട് കൊരിന്തിലേക്കും വന്നു. ഏതാണ്ട് 18 മാസക്കാലം കൊരിന്തിൽ ചിലവഴിച്ചു (അപ്പോ. പ്ര. 18:11). ഇവിടെ നിന്നു പൗലൂസ്സ് തിമോഥയോസ്സിനെ തെസ്സലോനിക്യയിലേക്ക് പറഞ്ഞയക്കുകയും അവിടുത്തെ സഭയുടെ സ്ഥിതി വിവരങ്ങൾ മനസ്സിലാക്കുകയും ചെയ്തു (1 തെസ്സ. 3:2). തിമോഥെയോസിന്റെ റിപ്പോർട്ട് വളരെ അനുകൂലമായ ഒന്നായിരുന്നു. അതിന്റെ വെളിച്ചത്തിലാണ് ഈ ലേഖനം എഴുതിയത്. സാഹചര്യം വച്ചു നോക്കുമ്പോൾ ഇതെഴുതിയ സമയം എ.ഡി 50 ആയിരുന്നു എന്നും ഇതു പൗലൂസ്സിന്റെ രണ്ടാമത്തെ ലേഖനം ആയിരുന്നു എന്നും മനസ്സിലാക്കാം. ഒന്നാമത്തേത് ഗലാത്യയിൽ നിന്നെഴുതിയതാണ്.

ഭാഗം 2

# പുസ്തകത്തിന്റെ ബാഹ്യ വിവരണം

പുസ്തകവുമായി അടുത്തു പരിചയപ്പെടുന്നതിനായി ഒരു ബാഹ്യ വിവരണം ആവശ്യമാണ്. നാം ചെയ്യേണ്ടത് ഒന്നാമത് ചിത്രം മുഴുവനായി എടുക്കുക. പിന്നീട് അതിന്റെ പ്രത്യേകമായ ചെറിയ ഭാഗങ്ങളിലേക്കു കടക്കുക. ഈ യുക്തി വളരെ വ്യക്തമാണ്, അടുത്തും അകലെ നിന്നുമുള്ള ചിത്രത്തിന്റെ കാഴ്ചപ്പാട് നമുക്കു വിശാലമായ ഒരു അറിവ് നല്കും. അങ്ങനെ കൂടുതൽ കാര്യങ്ങൾ നമുക്ക് അംഗീകരിപ്പാൻ ഇടയാകും. ദൈവവചന പഠനത്തിലും ഈ രീതി പ്രയോജനകരമാണ്. വലിയ ചിത്രം യേശുക്രിസ്തുവാണ്. എഴുതപ്പെട്ട വചനം ജീവനുള്ള വചനമായ ക്രിസ്തുവിന്റെ വെളിപ്പാടാണ് (യോഹ 5:39-47). നാം എത്രയും കൂടുതൽ കൂടുതൽ വചനത്തോടു സമീപിക്കുമോ അത്രയും കൂടുതൽ യേശുക്രിസ്തുവിനെ മനസ്സിലാക്കുവാൻ സാധിക്കും.

എങ്കിലും നാം ഒരിക്കലും വിശദീകരണങ്ങളിൽ കുടുങ്ങി ചിത്രം(വിഷയം) മറന്നു പോകുന്നവരാകരുത്. അങ്ങനെയായാൽ ***കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങികളകയും*** (മത്താ. 23:24) ചെയ്യുന്നവരുടെ കൂട്ടത്തിലായിപോകും. അതായത് പ്രാധാന്യമായത് കൈവിടപ്പെടുമെന്നു ചുരുക്കം.

ഒരു പുസ്തകത്തിന്റെ ബാഹ്യവിവരണം തയാറാക്കുമ്പോൾ ഒന്നാമതു തീരുമാനിക്കേണ്ടത് വിഷയം എങ്ങനെയാണ് ഖണ്ഡികകളായി തിരിച്ചിരിക്കുന്നത് എന്നാണ്. നിരവധി ബൈബിൾ വ്യാഖ്യാനികൾ ഈ രീതി അവലംബിക്കാറുണ്ട്. സാധാരണയായി തർജ്ജിമകളിൽ ഒരു ഖണ്ഡികയുടെ ആദ്യത്തെ വാക്യം തടിച്ച അക്ഷരങ്ങളിൽ കൊടുക്കാറുണ്ട്. തർജ്ജിമയെക്കുറിച്ചുള്ള അദ്ധ്യായം വായിച്ച് വ്യാഖ്യാനികൾ എങ്ങനെ ഖണ്ഡികകളെ തിരിച്ചു എന്നു കാണുക. പ്രത്യേക അടയാളങ്ങൾ ഒന്നും കൊടുത്തിട്ടില്ലങ്കിൽ അങ്ങനെതന്നെ തുടരുക എന്തായാലും വിഷയം മാറുന്നതു മനസ്സിലാക്കാവുന്നതാണ്.

ഉദാഹരണത്തിന് തെസ്സലോനിക്യരുടെ ഒന്നാം ലേഖനം ഖണ്ഡികകളായി തിരിച്ചിരിക്കുന്നതു കാണുക:

1. 1:1
2. 1:2-10
3. 2:1-12
4. 2:13-16
5. 2:17-20
6. 3:1-10
7. 3:11-13
8. 4:1-8
9. 4:9-12
10. 4:13-18
11. 5:1-11
12. 5:12-22
13. 5:23-28

അടുത്തതായി ഓരോ ഖണ്ഡികയ്ക്കും പ്രത്യേക പേരു നല്കുക. കൂടുതൽ ആഴമായി പുസ്തകം പഠിക്കുമ്പോൾ ഉള്ളടക്കത്തിനസരണമായി ഔട്ട്ലൈനിലും മാറ്റം വരും. ഇങ്ങനെ വരുമ്പോൾ അതിനനുസരിച്ച് പേരുകൾക്കും മാറ്റം വരണം. നമ്മുടെ ഉദ്ദേശം എത്രയും കൂടുതൽ അറിയുകയും അതേസമയം വളരെ ലളിതവും, ആക്കുക എന്ന തായിരിക്കണം.

1 തെസ്സലോനികൃയിലെ ഖണ്ഡികയുടെ വിഭജനം ഇപ്രകാരം ആകും:

| | | | |
|---|---|---|---|
| 1. | A | 1:1 | ആശംസയും വന്ദനവും |
| 2. | B | 1:2–10 | അവരുടെ മാതൃകാ പരമായ ജീവിതത്തിനുള്ള നന്ദി പ്രകടനം |
| 3. | C | 2:1–12 | പൗലൂസ്സിന്റെ അവസ്ഥ |
| 4. | D | 2:13–16 | അവരുടെ ശുഷ്കാന്തിക്കുള്ള നന്ദി |
| 5. | E | 2:17–20 | അവരെ കാണുവാൻ പൗലൂസ്സിനുള്ള ആഗ്രഹം |
| 6. | F | 3:1 –10 | അവരുടെ വളർച്ചയെ കുറിച്ചറിവാനുള്ള പൗലൂസിന്റെ ആഗ്രഹം |
| 7. | G | 3:11 –13 | അവരുടെ ആത്മീയ മുന്നേറ്റത്തിൽ പൗലൂസ്സിന്റെ പ്രത്യാശ |
| 8. | H | 4:1 –8 | അവരുടെ സംതൃപ്തിയ്ക്കായുള്ള പൗലുസ്സിന്റെ ആഗ്രഹം |
| 9. | I | 4:9 –12 | അവരുടെ സ്നേഹത്തെക്കുറിച്ചുള്ള പൗലുസ്സിന്റെ പ്രസ്താവന |
| 10. | J | 4:1 3–18 | ക്രിസ്തുവിൽ മരിച്ചവർ |
| 11. | K | 5:1 –11 | കർത്താവിന്റെ ദിവസം |
| 12. | L | 5:12 –22 | പ്രായോഗികമായ പ്രബോധനങ്ങൾ |
| 13. | M | 5:23 –28 | യാത്രവന്ദനം (മംഗളം നേരുന്നു). |

## ഭാഗം 3

# നിങ്ങളുടെ പഠനത്തിന്റെ വ്യാപ്തി കുറയ്ക്കുക

ഒരു പ്രത്യേക ഖണ്ഡികയുടെ വിശകലനത്തിനുള്ള ചുവടുവയ്പാണിത്. ഉദാഹരണത്തിനു 1 തെസ്സലോനിക്യർ ഒന്നാം അദ്ധ്യായത്തിലെ ഒന്നും രണ്ടും ഖണ്ഡികകൾ എടുക്കാം.

### A. ആശംസയും വന്ദനവും. 1 തെസ്സ. 1:1

**വാ. 1. "പൗലൂസ്സും സിലാനോസും തിമൊഥെയോസും പിതാവായ ദൈവത്തിലും കർത്തവായ യേശുക്രിസ്തുവിലും ഉള്ള തെസ്സലോനിക്യാ സഭയ്ക്കും എഴുതുന്നതു. നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ."**

ഈ ഒന്നാവാക്യത്തിൽ നിന്നും നാം പറയാൻ ഉദ്ദേശിക്കുന്ന പല ഉത്തരങ്ങളും പ്രാപ്യമാണ്. ഈ ലേഖനത്തിൽ പൗലൂസ്സിനോടൊപ്പം സിലാനോസും, തിമൊഥെയോസും ഉൾപ്പെട്ടിരിക്കുന്നു ആകയാൽ ആര് എഴുതി എന്ന ഉത്തരം ലഭ്യമായി കഴിഞ്ഞു. തെസ്സലോനിക്യയിൽ സ്ഥാപിച്ചിരിക്കുന്ന സഭയ്ക്കാണ് എഴുതിയിരിക്കുന്നു ആകയാൽ ആർക്ക് എഴുതി എന്നതിന് ഉത്തരം ലഭിച്ചു കഴിഞ്ഞു.

ശ്രദ്ധിക്കുക, പൗലൂസ്സ് ഈ സഭയെക്കുറിച്ച് പിതാവായ ദൈവത്തിലും, കർത്താവായ യേശുക്രിസ്തുവിലും ഉള്ളത് (സ്ഥാപിതമായത്) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ഇതു ചൂണ്ടികാണിക്കുന്നത് ദൈവവും വിശ്വാസികളും തമ്മിലുള്ള നിലനില്ക്കുന്ന ബന്ധത്തെയാണ്. സഭയ്ക്കുവേണ്ടിയുള്ള പൗലൂസ്സിന്റെ ഒരു ലഘു പ്രാർത്ഥനയും ഇവിടെ കാണാം. അത് ദൈവം അവർക്ക് കൃപയും സമാധാനവും കൊടുക്കണമെന്ന പൗലൂസ്സിന്റെ ഹൃദയാഭിലാഷമാണ്.

വാ. 1-ൽ നമുക്കാരാംഭിക്കാനുള്ള മൂന്നു നിയമങ്ങൾ കൊടുത്തിട്ടുണ്ട്.

**നിയമം # 1:** ശ്രേഷ്ഠന്മാരായ ദൈവജനം മറ്റുള്ളവരും ദൈവീക ബന്ധത്തിൽ വളരണമെന്നാഗ്രഹിക്കുന്നു.

**നിയമം # 2:** ശ്രേഷ്ഠന്മാരായ ദൈവജനം മറ്റുള്ളവരുടെ വളർച്ചയെ കരുതി സഹകരിച്ചു പ്രവർത്തിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**നിയമം # 3:** ശ്രേഷ്ഠന്മാരായ ദൈവജനം തങ്ങൾക്കുള്ളതിനെ മറ്റുള്ളവരുമായി പങ്കിവയ്ക്കുന്നവരായിരിക്കും.

കുറച്ചുകൂടി നമ്മുടെ പഠന വ്യാപ്തികുറച്ചുകൊണ്ട് നമുക്കു രണ്ടാമത്തെ ഖണ്ഡിക നോക്കാം.

### B. അവരുടെ മാതൃകയ്ക്കായി നന്ദിപറയുന്നു. 1 തെസ്സ. 1:2-10

#### 1. ആദ്യമായി, ഈ ഖണ്ഡിക പല പ്രാവശ്യം വായിക്കുക.

വാ. 2 **"ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ സ്മരിച്ചുകൊണ്ട്;**

വാ. 3 **നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹ പ്രയ്ത്നവും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെകുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു.... ചെയ്യുന്നു,**

വാ. 4 **ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരന്മാരെ, നിങ്ങളുടെ തിരഞ്ഞെടുപ്പിനെ അറിയുന്നവല്ലോ;**

വാ. 5 **"ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല ശക്തിയോടും, പരിശുദ്ധാത്മാവോടും ബഹു നിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കൽ വന്നത്. നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എങ്ങനെ പെരുമാറിയിരുന്നു എന്നു അറിയുന്നുവല്ലോ.**

വാ. 6 **ബഹു കഷ്ടം സഹിക്കേണ്ടിവന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈകൊണ്ടു ഞങ്ങൾക്കും കർത്താവിനും അനുകാരികളായി തീർന്നു,**

വാ. 7 **അങ്ങനെ നിങ്ങൾ മക്കെദോന്യയിലും ആഖായയിലും വിശ്വസിക്കുന്നവർക്ക് എല്ലാവർക്കും മാതൃക ആയി തീർന്നു.**

വാ. 8 **നിങ്ങളുടെ അടുക്കൽ നിന്നു കർത്താവിന്റെ വചനം മുഴങ്ങിച്ചെന്നതു മക്കദോന്യയിലും ആഖായിലും മാത്രമല്ല, എല്ലാടവും നിങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു, അതുകൊണ്ട് ഞങ്ങൾ ഒന്നും പറവാൻ ആവശ്യമില്ല.**

വാ. 9 **ഞങ്ങൾക്കും നിങ്ങളുടെ അടുക്കൽ എങ്ങനെയുള്ള പ്രവേശനം സാധിച്ചു എന്നും ജീവനുള്ള സത്യ ദൈവത്തെ സേവിപ്പാനും അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ...,**

വാ. 10 **യേശു സ്വർഗ്ഗിത്തിൽ നിന്നു വരുന്നതു കാത്തിരിപ്പാനും നിങ്ങൾ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു എങ്ങനെ തിരിച്ചുവന്നു എന്നും അവർ തന്നെ പറയുന്നു."**

### 2. പിന്നീട് ഓരോ വാക്യത്തിനും ശീർഷകം നല്കുന്നു.

വാ. 2 = പ്രാർത്ഥനയിലെ നന്ദി (സ്തോത്രം)

***"ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ സ്മരിച്ചുകൊണ്ട്.....എപ്പോഴും സ്തോത്രം ചെയ്യുന്നു"***

വാ. 3 = എന്തിനായി സ്ത്രോത്രം (നന്ദി) കരേറ്റുന്നു. വിശ്വാസം, പ്രത്യാശ, സ്നേഹം,

***"നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും, സ്നേഹപ്രയ്തനവും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവത്തിന്റെയും പിതാവിന്റെയും സന്നിധിയിൽ ഓർത്തുതന്നെ"***

വാ.4 = ദൈവത്തിൽ നിന്നുള്ള വിളിക്കനുസരണയായി ജീവിക്കുന്നു.

***"സ്നേഹിക്കപ്പെട്ട സഹോദരന്മാരെ നിങ്ങളുടെ തിരഞ്ഞെടുപ്പിനെ അറിയുന്നുവല്ലോ."***

വാ 5 = സുവിശേഷത്തിലുള്ള അവരുടെ വേരുകൾ

***"ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല ശക്തിയോടും പരിശുദ്ധാത്മാവോടും ബഹു നിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കൽ വന്നത്; നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എങ്ങനെ പെരുമാറിയിരുന്നു എന്നു നിങ്ങൾ അറിയുന്നവല്ലോ."***

വാ. 6 = സുവിശേഷം വരുത്തിയ മാറ്റം

***"ബഹു കഷ്ടം സഹിക്കേണ്ടി വന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈകൊണ്ടു ഞങ്ങൾക്കും കർത്താവിനും അനുകാരികളായി തീർന്നു."***

വാ. 7 = മാറ്റത്തിന്റെ ഒന്നാമത്തെ ഫലമായ മാതൃക

***"അങ്ങനെ നിങ്ങൾ മക്കദോന്യയിലും ആഖായിലും വിശ്വസിക്കുന്നവർക്കു എല്ലാവർക്കും മാതൃക ആയിതീർന്നു."***

വാ. 8 = മാറ്റത്തിന്റെ രണ്ടാമത്തെ ഫലമായ സ്വാധീനം

***"നിങ്ങളുടെ അടുക്കൽ നിന്നു കർത്താവിന്റെ വചനം മുഴങ്ങിച്ചെന്നതു മക്കദോന്യയിലും ആഖായയിലും മാത്രമല്ല. എല്ലാടവും നിങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു, അതുകൊണ്ട് ഞങ്ങൾ ഒന്നും പറവാൻ ആവശ്യമില്ല."***

വാ. 9 = മാറ്റത്തിന്റെ അടിസ്ഥാനം വിഗ്രഹങ്ങളിൽ നിന്നുള്ള തിരിവു ആയിരുന്നു.

***"ഞങ്ങൾക്കു നിങ്ങളുടെ അടുക്കൽ എങ്ങനെയുള്ള പ്രവേശനം സാധിച്ചു എന്നും ജീവനുള്ള സത്യ ദൈവത്തെ സേവിപ്പാനും... വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞുവന്നു എന്നും..."***

വാ. 10 = മാറ്റത്തിന്റെ അടിസ്ഥാനം സ്വർഗ്ഗീയ ജീവിതം ആയിരുന്നു.

***"അവൻ മരിച്ചവരുടെ ഇടയിൽ നിന്നുയർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽ നിന്നും നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽനിന്നു വരുന്നതു കാത്തിരിക്കുന്നു."***

ഭാഗം 4

# ബന്ധങ്ങൾക്കു വേണ്ടിയുള്ള നോട്ടം

## A. വിഷയങ്ങളുടെ മാതൃക എങ്ങനെ ഉണ്ടാകുന്നു എന്നു കുറിക്കുക:

ഒന്നു തെസ്സലോനികൃയിലെ രണ്ടാം ഖണ്ഡികയിൽ വാകൃങ്ങൾക്കു കൊടുത്ത തലക്കെട്ടുകൾ നോക്കിയാൽ എങ്ങനെ മാതൃക ഉണ്ടാകുന്നു എന്നു കാണാവുന്നതാണ്.

വാ. 2 പ്രാർത്ഥനയിലെ സ്തോത്രം (നന്ദി പ്രകടനം)

വാ. 3 എന്തിനായി സ്തോത്രം അഥവാ നന്ദി കരേറ്റുന്നു - വിശ്വാസം, പ്രത്യാശ, സ്നേഹം

വാ. 4 ദൈവത്തിന്റെ വിളിക്കാനുസരണമായി ജീവിക്കുന്നു

വാ. 5 സുവിശേഷത്തിൽ അവരുടെ വേരുകൾ

വാ. 6 സുവിശേഷം വരുത്തിയ മാറ്റം

വാ. 7 മാറ്റത്തിന്റെ ഒന്നാമത്തെ ഫലം - ഒരു മാതൃക

വാ. 8 മാറ്റത്തിന്റെ രണ്ടാമത്തെ ഫലം - സ്വാധീനം

വാ. 9 മാറ്റത്തിന്റെ അടിസ്ഥാനം - വിഗ്രഹങ്ങളിൽ നിന്നുള്ള തിരിവ്

വാ. 10 മാറ്റത്തിന്റെ അടിസ്ഥാനം - സ്വർഗ്ഗീയ ജീവിതം ആയിരുന്നു.

സുവിശേഷം ജീവിതങ്ങളിൽ വരുത്തിയ മാറ്റവും, താത്ഫലമായി ഉളവായ നന്ദിപറച്ചിലിന്റെ മാതൃകയും വളരെ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്.

## B. വാകൃങ്ങളുമായി കൂടുതൽ അടുത്തുള്ള നിരീക്ഷണം:

വാ. 2 = പ്രാർത്ഥനയിലെ നന്ദിപറച്ചിൽ

***"ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ സ്മരിച്ചുകൊണ്ട്.....എപ്പോഴും ദൈവത്തിനു സ്തോത്രം ചെയ്യുന്നു."***

ഈ വാകൃത്തിൽ പൗലൂസ് എന്തു ചെയ്യുന്നു (സ്തോത്രം ചെയ്യുന്നു) എന്നും എങ്ങനെ ചെയ്യുന്നു (പ്രാർത്ഥന യിൽ) എന്നുമാണ് പറയുന്നത്.

വാ. 3 = എന്തിനായി സ്തോത്രം ചെയ്യുന്നു-വിശ്വാസം, പ്രത്യാശ, സ്നേഹം

***"നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും, സ്നേഹത്തിന്റെ പ്രയ്ത്നവും നമ്മുടെ കർത്താവയ യേശുക്രിസ്തുവിനെകുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും....... ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർക്കുന്നു."***

പൗലൂസ് അവർക്കായി ദൈവത്തിനു നന്ദി പറഞ്ഞതിനുള്ള മൂന്നു കാര്യങ്ങൾ ഈ വാക്യത്തിൽ കാണാം:

1. അവരുടെ വിശ്വാസത്തിന്റെ പ്രവർത്തി
2. അവരുടെ സ്നേഹത്തിന്റെ പ്രയത്നം
3. അവരുടെ പ്രത്യാശയുടെ സ്ഥിരത

അതുപോലെ തന്നെ അവരുടെ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ മൂന്നു കാര്യങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു:

1. യേശുക്രിസ്തുവുമായുള്ള അവരുടെ ബന്ധം
2. ദൈവവുമായുള്ള അവരുടെ അടുപ്പവും
3. ദൈവത്തിൽ നിന്നുള്ള അവരുടെ വിളിയും (വാ. 4).

വാ. 4 = ദൈവത്തിന്റെ വിളിക്കനുസരണമായി ജീവിക്കുന്നു.

***"ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരന്മാരെ, നിങ്ങളുടെ തിരഞ്ഞെടുപ്പിനെ അറിയുന്നുവല്ലോ."***

വാ. 5 = സുവിശേഷത്തിൽ അവരുടെ വേരുകൾ

***"ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല ശക്തിയോടും പരിശുദ്ധത്മാവോടും ബഹു നിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കൽ വന്നത്, നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എങ്ങനെ പെരുമാറിയിരുന്നു എന്നു അറിയുന്നവല്ലോ"***

അവർ അംഗീകരിച്ച സുവിശേഷം അവരുടെ അടുക്കൽ വന്നത്:

1. വചനമായി
2. ശക്തിയോടെ
3. പരിശുദ്ധാത്മാവിൽ
4. ബഹുനിശ്ചയത്തോടെ
5. മാനുഷീകമായ നല്ലപെരുമാറ്റ(സ്വാഭാവം)ത്തോടെ

വാ. 6 = സുവിശേഷം വരുത്തിയ മാറ്റം

***"ബഹു കഷ്ടം സഹിക്കേണ്ടിവന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ട് ഞങ്ങൾക്കും കർത്താവിനും അനുകാരികളായിതീർന്നു."***

സുവിശേഷം വരുത്തിയ മാറ്റത്തിൽ അവർ പൗലൂസിന്റെ അനുകാരികളും കൂട്ടു പ്രവർത്തകരും ആയി കഷ്ടതയുടെ നടുവിൽ കർത്താവിനെ സന്തോഷത്തോടെ പിൻപറ്റി.

വാ. 7 = മാറ്റത്തിന്റെ ഒന്നാമത്തെ ഫലം - ഒരു മാതൃക

***"അങ്ങനെ നിങ്ങൾ മക്കെദോന്യയിലും ആഖായയിലും വിശ്വസിക്കുന്നവർക്കു എല്ലാവർക്കും മാതൃക ആയിതീർന്നു."***

സുവിശേഷത്താൽ തെസ്സലോനിക്യയിലെ വിശ്വാസികൾക്കുണ്ടായ ഒന്നാമത്തെ മാറ്റം അവർ ചുറ്റുപാടുമുള്ള സഭകൾക്കു മാതൃകാ സഭയായിത്തീർന്നു എന്നതാണ്.

വാ. 8 = മാറ്റത്തിന്റെ രണ്ടാമത്തെ ഫലം - സ്വാധീനം

**"നിങ്ങളുടെ അടുക്കൽ നിന്നു കർത്താവിന്റെ വചനം മുഴുകിചെന്നതു മക്കദോന്യയിലും അസായയിലും മാത്രമല്ല എല്ലാടവും നിങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു; അതുകൊണ്ട് ഞങ്ങൾ ഒന്നും പറയാൻ ആവശ്യമില്ല."**

രണ്ടാമത്തെ ഫലം അവരുടെ വിശ്വാസം അവരുടെ അയൽ സഭകൾക്ക് അപ്പുറം കടന്നു എന്നതാണ്.

വാ. 9 = മാറ്റത്തിന്റെ അടിസ്ഥാനം - വിഗ്രഹങ്ങളിൽ നിന്നുള്ള തിരിവ്

***"ഞങ്ങൾക്കും നിങ്ങളുടെ അടുക്കൽ എങ്ങനെയള്ള പ്രവേശനം സാധിച്ചു എന്നും ജീവനുള്ള സത്യ ദൈവത്തെ സേവിപ്പാനും... വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു തിരിച്ചുവന്നു എന്നും..."***

അവർ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു തിരിച്ചു എന്നതാണ് മാറ്റത്തിന്റെ ഒന്നാമത്തെ അടിസ്ഥാനം.

വാ. 10 = മാറ്റത്തിന്റെ രണ്ടാമത്തെ അടിസ്ഥാനം - സ്വർഗ്ഗീയ ജീവിതം

***"അവൻ മരിച്ചവരുടെ ഇടയിൽ നിന്നുയർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽ നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു കാത്തിരിപ്പാനും."***

രണ്ടാമത്തെ അടിസ്ഥാനം തെസ്സലോനിക്യയിലെ വിശ്വാസികൾ കർത്താവിന്റെ വരവിനായി ആകാംക്ഷയോടെ കാത്തിരുന്നു എന്നതാണ്.

ആ കർത്താവ് (1) മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേറ്റവനും (2) വരുമാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനും ആകുന്നു.

## C. കുറച്ചുകൂടി വിപുലമായ ഒരു ബാഹ്യവിവരണം ഏതാണ്ടിപ്രകാരം ആയിരിക്കും

**1. നന്ദി (കൃതജ്ഞത) കരേറ്റൽ. വാ. 2**

**2. എന്തിനു നന്ദി കരേറ്റുന്നു. വാ. 3,4**

- a വിശ്വാസത്തിന്റെ പ്രവർത്തി(വേല)യും
- b സ്നേഹപ്രയത്നവും
- c പ്രത്യാശയുടെ സ്ഥിരതയും മൂലം
  - 1) നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ
  - 2) നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പിൽ
  - 3) അവരുടെ സ്വർഗ്ഗീയ വിളി

**3. അവരുടെ സുവിശേഷ സ്വീകരണം വാ. 5**

- a വചനമായി
- b ശക്തിയിൽ
- c പരിശുദ്ധാത്മാവിൽ
- d ബഹുനിശ്ചയത്തോടെ
- e നല്ല പെരുമാറ്റം (സ്വാഭാവം)

**4. സുവിശേഷം വരുത്തിയ രണ്ടു മാറ്റങ്ങൾ. വാ. 6**

a കർത്താവിനെയും പൗലൂസ്സിനെയും അനുകരിച്ചു

b കഷ്ടതയുടെ മദ്ധ്യത്തിലും ആത്മീക സന്തോഷം നിലനിർത്തി

**5. മാറ്റത്തിന്റെ രണ്ടു ഫലങ്ങൾ. വാ. 7,8**

a ആയൽ സഭകൾക്കു മാതൃകയായിതീർന്നു

b അവരുടെ വിശ്വാസം കൂടുതൽ പുറത്തേയ്ക്കു വ്യാപിച്ചു.

**6. മാറ്റത്തിന്റെ രണ്ട് അടിസ്ഥാനങ്ങൾ. വാ. 9,10**

a വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു

b കർത്താവിന്റെ വരവിനായി കാത്തിരുന്നു

1) മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റവനും

2) വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ കർത്താവ്.

തെസ്സലോനിക്യയിലെ സഭയെകുറിചച്ച് അപ്പോസ്തോലനായ പൗലൂസ്സ് നല്കിയ ഏറ്റവും നല്ലതായ പ്രശംസ യാണ് ഈ അദ്ധ്യായത്തിൽ കണ്ടത് അവരെ ഉദാഹണമായിട്ട് അഥവാ “മാതൃകാ സഭ”യായിട്ടാണ് പറഞ്ഞിരിക്കു ന്നത്. അതുകൊണ്ട് നമുക്കും ഇവരിൽ നിന്ന് എങ്ങനെ ഈ കാലത്തും ഒരു മാതൃകാ സഭയായി വളരാൻ കഴിയു മെന്ന് പഠിക്കാവുന്നതാണ്.

## ഭാഗം 5

# ഒറ്റപ്പെട്ട വിഷയങ്ങളുടെ അപഗ്രഥനം

ഇനി നമുക്കു ഒറ്റപ്പെട്ടതായ - അകന്നതായ- വിഷയങ്ങൾ വിശകലനം ചെയ്യാം. ഇതിനായി നാം തിരുവെഴുത്തുകളെ തിരുവെഴുത്തുകൊണ്ട് തന്നെ താരതമ്യ പഠനം നടത്തണം. ഏറ്റഴും എളുപ്പമാർഗ്ഗം ഒരു കൺകോർഡൻസ് ഉപയോഗിച്ച് അതിൽ തന്നിരിക്കുന്ന സ്ഥല കാലങ്ങളെ മനസ്സിലാക്കുന്നതാണ്, കൂടാതെ ഈ വിഷയത്തെ കുറിച്ച് മറ്റവിടെയെല്ലാം പരാമർശിച്ചിട്ടുണ്ടന്നു മനസ്സിലാക്കുവാൻ സാധിക്കും.

എന്നാൽ വിവിധ കൺകോർഡൻസുകൾ വിവിധങ്ങളായ മാർഗ്ഗ നിർദ്ദേശങ്ങളായിരിക്കും നല്കിതരുന്നത്, നിരന്തര ഉപയോഗത്താൽ ഇതു നമുക്കു പരിചയമാകുകയും ഒറ്റപ്പെട്ടു അങ്ങിങ്ങായി കിടക്കുന്ന വിഷയങ്ങളെ കണ്ടെത്തി സംയോജിപ്പിക്കുവാൻ സാധിക്കുന്നതുമാണ്. പ്രയോജനപ്രദവും പ്രശസ്തിയുള്ളതുമായ രണ്ടു കൺകോർഡൻസുകൾ, ഇംഗ്ലീഷ്മാൻസ് ഗ്രീക്ക് കൺകോർഡൻസ്, ഇംഗ്ലീഷ് മാൻസ് ഹീബ്രൂ കൺകോർഡൻസ് എന്നിവയാണ് ഇവ. രണ്ടും നമുക്കു ആവശ്യമായ ഗ്രീക്കു എബ്രായ പദങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ നന്നായി മനസ്സിലാക്കാൻ സഹായിക്കുന്നു. രണ്ടും അതാതിന്റെ നിലവിൽ തികവുറ്റതുതന്നെ.

തുടർന്നുള്ള നമ്മുടെ വിശദമായ ബൈബിൾ പഠനത്തിൽ ഏതുവാക്ക് അർത്ഥ പൂർണ്ണതയോടെ ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്നത് പ്രാധാന്യമർഹിക്കുന്നു. ഈ വിഷയത്തിൽ സ്ട്രോങ്ങ്സ് കൺകോർഡൻസ് ആണ്, ഗ്രീക്ക്, ഹീബ്രു പദങ്ങളുടെ ഒരു നല്ല പഠനം നമുക്ക് തരുന്നത്. ഉദാഹരണത്തിനായി ഓരോ പ്രത്യേക പാസ്സേജിനും പുറകിൽ അതിനെ കണ്ടെത്തുവാനുള്ള വേദഭാഗവും, പേജുനമ്പരും, കൂടാതെ പദത്തിന്റെ ഗ്രീക്ക് എബ്രായ അർത്ഥങ്ങളം സൂചിപ്പിച്ചിരിക്കുന്നു.

> ഉദാഹരണത്തിന് ഇംഗ്ലീഷിലെ ഗുഡ് (GOOD) എന്ന വാക്ക് നോക്കാം:
> മത്താ 3:10 നല്ല ഫലം കായ്ക്കുന്നത് (2570)
> മത്താ 5:45 ദുഷ്ടന്മാരുടെ മേലും നല്ലവരുടെമേലും സൂര്യനെ ഉദിപ്പിക്കുന്നു (18)

മത്താ 3:10-ലെ “നല്ലത്” എന്ന വാക്കിന്റെ റഫറൻസ് പേജ് 2570-ൽ കിട്ടുന്നു. അതിന്റെ ഗ്രീക്ക് വാക്ക് KALOS-എന്നാണ്, “നൈസർഗ്ഗീകമായി നല്ലത് അഥവാ പ്രകൃത്യാ നല്ലത്” എന്നാണ് അർത്ഥം. എന്നാൽ മത്താ 5:45-ൽ പറഞ്ഞിരിക്കുന്ന നല്ലതിന് ഗ്രീക്കിൽ “അഗത്തോസ്” (AGATHOS) എന്നാണ് അതിന്റെ അർത്ഥം “നല്ലതായി തീർന്നത്” എന്നാണ്.

വിശദമായതും പൂർണ്ണമായ അർത്ഥങ്ങൾ ലഭിക്കുന്നതിന് ബൈബിൾ ഡിക്ഷണറികൾ അഥവാ ലെക്സികൻ (ശബ്ദകോശങ്ങൾ) പരിശോധിക്കണം. ആഴമേറിയതും വിശദവുമായ ബൈബിൾ പഠനത്തിന് ഗ്രീക്ക് എബ്രായ പദങ്ങളും അവയുടെ അർത്ഥങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്.

ഇനി 1 തെസ്സലോനിക്യർ 1:6-ൽ പറഞ്ഞിരിക്കുന്ന “ഇമിറ്റേറ്റർ” (IMITATOR) എന്ന വാക്കു പരിശോധിക്കാം, ചില ഇംഗ്ലീഷു പരിഭാഷകൾ ഗ്രീക്കിലെ “മിമറ്റ്സ്” (MIMETES)-നു “അനുഗാമി” (FOLLOWER) എന്ന അർത്ഥം കൊടുത്തിരിക്കുന്നു (K. J. V.). അനുകരിക്കുന്നവർ (മിമിക്സ്) എന്നർത്ഥത്തിൽ ആറു പ്രാവശ്യം പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു.

***1 കൊരി. 4:16-ൽ "ആകയാൽ എന്റെ അനുകാരികൾ ആകുവീൻ എന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു."***

***1 കൊരി. 11:1- ൽ "ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ."***

***എഫേ 5:1-ൽ "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പീൻ."***

***1 തെസ്സ. 1:6-ൽ "ബഹു കഷ്ടം സഹിക്കേണ്ടി വന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈകൊണ്ടു ഞങ്ങൾക്കും കർത്താവിനും അനുകാരികളായി തീർന്നു."***

***1 തെസ്സ. 2:14-ൽ "സഹോദരന്മാരെ യഹൂദ്യയിൽ ക്രിസ്തുവേശുവിലുള്ള ദൈവസഭകൾക്കു നിങ്ങൾ അനുകാരികളായി തീർന്നു."***

***എബ്രാ. 6:12-ൽ "അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായി തീരും."***

"അനുകാരികളായിരിപ്പിൻ" എന്ന വേദഭാഗങ്ങളുടെ പഠനം ഒറ്റപ്പെട്ട വിഷയങ്ങളെ കുടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിക്കും. വീണ്ടും അതി പ്രധാനമായ ചില വാക്യങ്ങൾ നോക്കാം:

- 1 കൊരി. 4:16-ൽ കൊരിന്തിലെ സഭാവിശ്വാസികൾ പൗലൂസ്സിനെ അനുകരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നതായി വായിക്കുന്നു. ബൈബിളിലെ അടുത്തടുത്തുള്ള വിഷയ(വാ. 14,15)ങ്ങളിലും ഒരു ശിശു അതിന്റെ പിതാവിനെ അനുകരിക്കുന്നതുപോലെ നാമും അനുകരിക്കണമെന്ന്, ആവശ്യപ്പെട്ടിരുന്നു.

- 1 കൊരി. 11:1-ൽ നാം വായിക്കുന്നത് നാം പൗലൂസ്സിന്റെ പാപത്തെയോ തിന്മയുമായുള്ള മൽപിടുത്തത്തെയോ (റോമ 7) അനുകരിപ്പാനല്ല താൻ എങ്ങനെ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നവോ അതുപോലെ ആകാനാണ് വിളിച്ചിരിക്കുന്നത്.

- എഫേ 5:1-ൽ ഒരു ശിശു അതിന്റെ പിതാവിനെ അനുകരിക്കുന്നതുപോലെ നാമും ദൈവത്തെ അനുകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

- 1 തെസ്സ. 1:6-ൽ പൗലൂസ്സിനെയും കർത്താവിനെയും അനുകരിപ്പാൻ തെസ്സലോനിക്യൻ സഭയോട് ആവശ്യപ്പെട്ടിരിക്കുന്നു.

- 1 തെസ്സ. 2:14-ൽ തെസ്സലോനിക്യയിലെ സഭക്കാർ യഹൂദ്യയിലെ ക്രിസ്ത്യാനികൾക്കു നേരിട്ട കഷ്ടതകളെയും അനുകരിപ്പാൻ ആവശ്യപ്പെട്ടു.

- ശുശ്രുഷയാണ് അനുകരണത്തിലെ പ്രധാന ഭാഗം എബ്രാ. 6:9-12.

ഈ വേദഭാഗങ്ങൾ എല്ലാം കൂടെ ചേർത്തു പഠിക്കുമ്പോൾ നമുക്കു പ്രോത്സാഹനം നല്കുന്ന മൂന്നു കാര്യങ്ങൾ കാണാം:

1. ദൈവത്തെയും, യേശുക്രിസ്തുവിനെയും, പൗലൂസ്സിനെയും അനുകരിക്കുക
2. ഇവരെ അനുകരിക്കേണ്ടത് മകൻ അപ്പനെ എന്നവണ്ണം കഷ്ടതയുടെ നടുവിലും ആകുന്നു.
3. മറ്റുള്ളവരെ ശുശ്രൂഷിച്ചുകൊണ്ട് ഇവരെ അനുകരിക്കുക.

നമുക്കിപ്പോൾ അനുകരണത്തിന്റെ (1 തെസ്സ. 1:6) യഥാർത്ഥ വില എന്തെന്ന് തിരുവെഴുത്തുകളുടെ പ്രസ്താവനകളാൽ ഉറപ്പാക്കുവാൻ കഴിഞ്ഞു. പൗലൂസ്സ് ഒരിക്കലും തെസ്സലോനിക്യയിൽ ഉള്ളവർ അവന്റെ ജടത്തിന്റെ ബലഹീനതകളെ അനുകരിപ്പാൻ അല്ല പിന്നയോ ഏതു പ്രകാരം പൗലൂസ്സ് യേശുക്രിസ്തുവിനെ അനുകരിച്ചുവോ അതേ പ്രകാരം അവനെയും ഗ്രൂപ്പിനെയും അനുകരിപ്പാനാണ് ആവശ്യപ്പെട്ടത് (റോമ 7) പ്രായോഗിക തലത്തിൽ മകൻ അപ്പനെ അനുകരിക്കുന്നതിൽ ചില വിശേഷതകൾ കാണുവാൻ കഴിയും. ഒന്നാമത് സ്വഭാവമാണ് അഥവാ

വാഗ്ദാന നിവൃത്തി ആണ്. അതുമല്ലങ്കിൽ സത്യത്തിൽ ജീവിക്കുന്നതാണ്. നാം കർത്താവിനെ കുറിച്ച് പറഞ്ഞു തുടങ്ങുമ്പോൾ അതിനവസാനം കാണുകയില്ലാ. ദൈവ വചനത്തിന്റെ പഠിപ്പിക്കലിനായി എത്രമാത്രം നമ്മെ സമർപ്പിച്ചിട്ടുണ്ടോ അത്രയും നാം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയും പ്രാർത്ഥനയിൽ ഉറ്റിരിക്കയും ചെയ്യും. ദൈവവചനത്തിന്റെ ഉപദേഷ്ടാക്കൾ എന്ന നിലക്കു നാം മനസ്സിലാക്കണം വളർച്ചയിലെത്താത്ത പുതിയ വിശ്വാസികൾക്കു ആഴമേറിയ വേദശാസ്ത്ര കാര്യങ്ങൾ ഗ്രഹിപ്പിക്കുവാൻ സാധിക്കുന്നതല്ല (എബ്ര 5:11-14). നമ്മെ ശ്രദ്ധിക്കുന്ന ജനകൂട്ടത്തിന്റെ ആത്മീക വളർച്ചയെ മനസ്സിലാക്കിവേണം ആശയ വിനിമയം നടത്തുവാൻ.

നാം സംസാരിച്ചു തുടങ്ങിയ വിഷയത്തിൽ സ്ഥിരതയുണ്ടായിരിക്കണം; ഒരിക്കലും തിരഞ്ഞെടുത്ത അദ്ധ്യായമോ, ഖണ്ഡികയോ മറന്നുപോകരുത്. തെസ്സലോനികൃയിലെ വിശ്വാസികൾ കർത്താവിനെയും പൗലൂസ്സിനെയും അനുകരിച്ചപ്പോൾ മറ്റു സഭകൾക്ക് അവർ മാതൃകയുള്ളവരായി തീർന്നു എന്നതോർത്തുകൊള്ളണം.

ക്രമാനുഗതമായ വിഷയങ്ങളിൽ പ്രകാരം ഒരു മാതൃകാ സഭയ്ക്കു ചില വിശേഷതകൾ ഉണ്ട്. പൗലൂസ്സ് തെസ്സലോനികൃയിലെ സഭയ്ക്കു പ്രശംസ അറിയ്ക്കുമ്പോൾ മൂന്നു കാര്യങ്ങൾ എടുത്തു കാട്ടിയിട്ടുണ്ട് (1:2):

1. വിശ്വാസത്തിന്റെ വേല
2. സ്നേഹ പ്രയത്നം
3. പ്രത്യാശയുടെ സ്ഥിരത

പുതിയ നിയമത്തിൽ വേലയെ കുറിച്ചും (173), വിശ്വാസത്തെ കുറിച്ചും (246) അദ്ധ്വാനത്തെകുറിച്ചും (19) സ്നേഹത്തെകുറിച്ചും (115) സ്ഥിരതയെകുറിച്ചും (32) പ്രത്യാശയെകുറിച്ചും (56) വളരെ പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ആകയാൽ ഒരാൾക്ക് ആഴ്ചകളോ, മാസങ്ങളോ ചിലവിട്ടു പഠിക്കുവാനും പഠിപ്പിക്കുവാനും കഴിയുന്നതാണ്. കോളങ്ങളിൽ കൊടുത്തിരിക്കുന്നത് നാമങ്ങളുടെ നമ്പരുകളാണ്. അവയുടെ ക്രിയാപദങ്ങളുടെ എണ്ണവും വളരെയാണ്. ഒരു മാതൃകാ സഭയെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങൾ പരമപ്രധാനങ്ങളാണ്.

ഭാഗം 6

# പഠനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുക

ഒരു അദ്ധ്യാപകന്റെ പഠനത്തിന്റെ ആഴവും, ദൈവവചനത്തെ പഠിപ്പിക്കുന്നതിന്റെ കഴിവും, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെയും, തന്നെ ശ്രദ്ധിക്കുന്ന ജനത്തിന്റെ വളർച്ചയേയും, ആശ്രയിച്ചിരിക്കും. വ്യക്തിഗതമായ പഠനം ഒരാളെ ദൈവത്തിന്റെ ആഴങ്ങളിലേക്കു നയിക്കും. എന്തായാലും പരിശുദ്ധാത്മാവിനോടു സഹകരിക്കുന്ന ക്രിസ്ത്യാനിയുടെ പക്കലാണ് ഈ നിധി നല്കപ്പെട്ടിരിക്കുന്നത് എന്നാണ് 1 കൊരി. 2:9–10–ൽ വായിക്കുന്നത്

> ***"ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ലാ, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല...... നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകലത്തെയും, ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു."***

ഇതിനെ കൂടുതലായി മനസ്സിലാക്കുവാൻ 1 തെസ്സ.1:3–ന്റെ വിസതൃതിയിലേക്കു കടക്കയും അവിടെ പ്രയോഗിച്ചിരിക്കുന്ന ഗ്രീക്കു പദങ്ങളുടെ വിവരണം അറിയുകയും വേണം. അപ്രകാരം ആ വാക്യം നോക്കുക:

> **"സ്ഥിരമായി** (അഡിയാലൈപോ (ADIALEIPO = ഒരു കുറവുമില്ലാതെ പോകുക) **മനസ്സിൽ കരുതുക** മെനമോനേയൂ (MNEMONEUW = ഓർക്കുക) **നിങ്ങളുടെ** (ബഹുവചനം) **പ്രവർത്തി** (ERGOS – എർഗോസ് = വ്യാപാരം, ആരെങ്കിലും ഏർപ്പെട്ടിരിക്കുന്ന തൊഴിൽ) **വിശ്വാസം.** (PISTIS – പിസ്റ്റീസ് = വിശ്വാസം, ആശ്രയം) **പ്രയത്നം** (KOPOS– കോപോസ് = പ്രതികൂലസാഹചര്യങ്ങളിലെ പ്രയത്നം) സ്നേഹം (AGAPE –അഗാപേ = നിനക്കിഷ്ടപെടാത്തപ്പോഴം ശരിയായതുമാത്രം ചെയ്യുന്നു) **സ്ഥിരത** (Hupomone – ഹുപ്പോമുനെ = ചുറ്റുപാടുകൾക്കു കീഴ്പ്പെട്ടു ക്ഷമയോടു വസിക്കുക) **പ്രത്യാശ** (ELPIS –എൽപീസ് = പ്രതീക്ഷയുടെ ഉറപ്പ്) **നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സന്നിധിയിൽ** (EMPRO STHEN - എംപ്രോസ്ഥാൻ = മുഖദാവിൽ) **ദൈവവും പിതാവുമായവന്റെ."**

**സന്ദർഭത്തിന്റെ നിയമം : നാം അവർക്കായി എന്തിനാണ് ദൈവത്തിനു നന്ദിപറയുന്നത് (വാ. 2) എന്നു ജനത്തോടു പറയുക.**

**പ്രധാന പോയിന്റ്: ഒരു മാതൃകാ സഭയെന്ന നിലക്കു (വാ. 7). മാതൃകാ സഭയ്ക്കുവേണ്ടുന്ന വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ അവർ വെളിപ്പെടുത്തി.**

A. **ചില നിരീക്ഷണങ്ങൾ:**

1. എഴുത്തുകാരൻ ആരായിരുന്നാലും പുതിയനിയമ ലേഖനങ്ങളിൽ ഒന്നോ അധിലധികമോ വിശേഷഗുണങ്ങൾ അതി പ്രാധാനമായി എല്ലായിപ്പോഴും കാണാൻ കഴിയും.
2. വിശ്വാസത്തിന്റെ വേല, സ്നേഹ പ്രയ്തനം, പ്രത്യാശയുടെ സ്ഥിരത എന്നിവ പ്രത്യേകം കുറികൊള്ളുക.
3. ഇവ മൂന്നും തമ്മിൽ കൂടി ചേർന്നു പ്രവർത്തിക്കുന്നു.

4. ഈ ഗുണങ്ങൾക്കെല്ലാം വളർച്ചയുണ്ട്

a. വിശ്വാസം (2തെസ്സ 1:3)

b. പ്രത്യാശ (റോമ 15:13)

c. സ്നേഹം (2തെസ്സ 1:3)

5. ഈ വിശേഷ ഗുണങ്ങൾ ദൈവീകദാനങ്ങളും അതിൻ പ്രകാരം ജീവിച്ചു കാണിക്കേണ്ടതുമാണ്.

a. വിശ്വാസം (എബ്രാ. 11:1)

b. പ്രത്യാശ (റോമ. 8:24)

c. സ്നേഹം (എഫേ. 3:16-19)

6. ആത്മിയമായി ഒരാൾ മന്ദതയിലോ, ശീതോഷ്ണവാനോ ആയാൽ താൻ നേടിയ അഭിവൃദ്ധിയെ നശിപ്പിക്കുകയായിരിക്കും (വെളി. 3:14-20)

7. സ്നേഹം ഇവയെല്ലാറ്റിലും പ്രാധാന്യമർഹിക്കുന്നതിനാൽ അതിനെ നഷ്ടപ്പെടുത്തന്നവൻ ഏതുമില്ലാതാകുന്നു (1 കൊരി. 13:1-3, 13)

8. ഒരു സഭയ്ക്കു ഈ വക ഗുണങ്ങൾ ഒന്നും ഇല്ലങ്കിൽ അതു ഗലാത്യരെപ്പോലെ ലീഗലിസത്തിലോ, കൊരിന്ത്യരെപ്പോലെ ലൈസൻസികളോ, ചിലപ്പോൾ രണ്ടും ചേർന്നതായിട്ടോ വരാം.

## B. താഴെപറയുന്ന മൂന്നു നിയമങ്ങളെ ആധാരമാക്കി നിങ്ങളുടെ പഠന വ്യാപ്തി വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

### 1. വിശ്വാസത്തിന്റെ വേല.

a. വിശ്വാസത്തിന്റെ വേല എന്നതിന്, വിശ്വാസം നമ്മുടെ തൊഴിൽ ആയീ തീർന്നിരിക്കയാൽ നമ്മുടെ ജീവിത രീതിയും അപ്രകാരമായി തീർന്നു എന്നാണ് അർത്ഥം.

b. ഗ്രീക്കിൽ “വിശ്വാസത്തിന്റെ വേല” എന്നതിന് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ സാഹചര്യങ്ങൾക്കു കൊടുക്കുന്ന മറുപടി എന്ന അർത്ഥമാണ്.

c. ഒരു കാഴ്ചപാടിൽ, യേശുക്രിസ്തുവിന്റെ സുവിശേഷം വ്യാപിക്കുന്നതാണ് വിശ്വാസത്തിന്റെ വേല

d. “വിശ്വാസം” എന്ന പ്രയോഗം തിരുവെഴുത്തിൽ എഴുതപ്പെട്ട സത്യങ്ങളുടെ കൂട്ടത്തെ - ദൈവവചനത്തെ-യാണ് ചൂണ്ടികാട്ടുന്നതെങ്കിലും പുതിയ നിയമത്തിലെ മൂന്നാമത്തെ പുസ്തകമായ തെസ്സലോനികൃരിൽ, (യാക്കോബ്, ഗലാത്യർ, എന്നിവയ്ക്കുശേഷം എഴുതിയത്) പൗലൂസ്സ് ഇതാണോ അർത്ഥമാക്കിയതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

e. “വിശ്വാസത്തിന്റെ വേല ഒരിക്കലും രക്ഷയ്ക്കുള്ള നീതികരണ പ്രാപ്തിക്കല്ല (റോമ. 3:27-28; ഗലാ. 2:16)

f. അവിശ്വാസിയെ നിതീകരിക്കുന്നതു പ്രവർത്തിയാലല്ല വിശ്വാസത്താലാണ് (റോമ 4:5)

g. പ്രവർത്തിയാൽ നീതികരിക്കപെടാൻ ആഗ്രഹിക്കുന്നവർ യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പിന് മുമ്പിൽ കുഴഞ്ഞപോകും (റോമ 9:32)

h. വിശ്വാസത്തിന്റെ നായകന്മാർ എപ്പോഴും കൂട്ടുപ്രവർത്തകരായിട്ടല്ലാതെ ഭരണകർത്താക്കളായി പ്രവർത്തിക്കയില്ല (2 കൊരി. 1:24)

i. ഒരാൾ രക്ഷിക്കപ്പെടുകയും നീതികരണം പ്രാപിക്കയും ചെയ്തു കഴിഞ്ഞാൽ ക്രിസ്തുവിൽ വളരേണ്ടതിനാവശ്യമായ കൃപയുടെ പ്രവർത്തി നല്കുന്നു (2 കൊരി. 8:7)

j. ഒരു വിശ്വാസി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതും പ്രവർത്തിയാലല്ല, പ്രവർത്തികൾ ആത്മീയ ജീവിതത്തിന്റെ ബാഹ്യ പ്രകടനങ്ങളാണ് (ഗലാ. 3:2-5)

k. വിശ്വാസം പ്രവർത്തിക്കുന്നത് ആത്മീയ സ്നേഹത്തിലും പ്രത്യാശയിലും കൂടെയാണ് (ഗലാ. 5:5-6)

l. എന്നാൽ വിശ്വാസത്തിനു തടയിട്ടുകൊണ്ട് മാനുഷീക നിയമങ്ങളെ അനുസരിക്കുവാനാണ് സാത്താൻ ശ്രമിക്കുന്നത് (5:7,13)

m. നമ്മുടെ വിശ്വാസം നമ്മിൽ തന്നെയാകാതെ നമ്മിൽ പ്രവർത്തിക്കുന്ന ദൈവത്തിൽ ആയിരിക്കണം (കൊലോ. 2:12; ഫിലി 2:12-16)

n. മറ്റു വിശ്വാസികൾക്കും വിശ്വാസത്തിന്റെ വേല ഉണ്ടാകേണ്ടതിനായി നാം പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ട് (2 തെസ്സ. 1:11; യാക്കോ. 2:14-16)

**നിയമം : ഒരു മാതൃകാ സഭയ്ക്കു അവരിൽ കൂടെ പ്രവർത്തിച്ചു തന്റെ ഹിതം വെളിപ്പെടുത്തുന്ന ദൈവത്താൽ അവരുടെ വിശ്വാസം ദൃശ്യമാക്കാൻ കഴിയും**

**2. സ്നേഹ പ്രയത്നം**

a. പുതിയ നിയമത്തിൽ ഈ ഒരു സ്ഥലത്തു മാത്രമേ സ്നേഹവും പ്രയത്നവും ഒന്നിച്ചു ചേർത്തു പറഞ്ഞിട്ടുള്ളു

b. ഈ ജീവിതത്തിലെ അദ്ധ്വാനങ്ങൾക്കുള്ള പ്രതിഫലമാണ് ആയുഷ്ക്കാലത്ത് താൻ സ്നേഹിക്കുന്ന ഭാര്യയുമായി സുഖമായി കഴിയാൻ സാധിക്കുന്നത് (സഭാ. പ്ര. 9:9)

c. പ്രയ്ത്നം എന്ന് വേലയ്ക്കു പകരമായി ഉപയോഗിച്ചിരിക്കുന്ന ഈ പദം കഠിനാദ്ധ്വാനത്തെയാണ് കാണിക്കുന്നത്

d. ഈ പ്രയ്ത്നം മറ്റുള്ളവരുടെ നന്മയെ കരുതിയുള്ളതാണ് (യോഹ 4:37, 38)

e. ഈ പ്രയത്നം ദൈവത്തിന്റെ സ്നേഹ വ്യാപരത്തിന്റെ കൂട്ടായ്മയാണ് (1 കൊരി. 3:6-9)

f. കർത്താവിന്റെ വേലയിൽ എത്രയധികം പ്രയത്നിച്ചാലും അതു വ്യർത്ഥമാകുന്നില്ല (1 കൊരി. 15:58)

g. ആർക്കും നിയമാനുസൃതമായി മറ്റൊരാളുടെ പ്രയ്തനഫലം അവകാശമാക്കുവാൻ കഴിയുകയില്ല (2 കൊരി. 10:15-16)

h. വഞ്ചകരായ പ്രവർത്തകർ അവരുടെ വേലയെ പെരുപ്പിച്ചു കാണിക്കും (2കൊരി 11:23-27)

i. പുതിയ വിശ്വാസികൾക്കു ഭാരമാകാതിരിക്കേണ്ടതിനു ദൈവവേലക്കാർ ആവശ്യമെങ്കിൽ മുഴുവൻ ശക്തിയോടും തളരുവോളവും അദ്ധ്വാനിക്കേണ്ടതാണ് (1 തെസ്സ. 2:9; 2 തെസ്സ. 3:8)

j. ആരും അവരുടെ പ്രയത്നം വൃഥാവായി കാണുവാൻ ആഗ്രഹിക്കുന്നില്ല (1 തെസ്സ. 3:5)

k. സ്നേഹമില്ലാത്ത പ്രയത്നം ഒരു പ്രാദേശിക സഭയുടെ ആസ്തിത്വം പോലും നശിപ്പിക്കും (വെളി. 2:2-7)

l. സ്നേഹത്തിന് ഗ്രീക്കിൽ AGAPE എന്നാണ്. ഏറ്റവും നല്ലതും ശരിയായതും നാം അങ്ങനെ വിചാരിച്ചില്ലങ്കിൽപോലും ചെയ്യുക എന്നാണർത്ഥം

m. അതായത് സ്നേഹപ്രയത്നം ഒരുവൻ ആഗ്രഹിച്ചില്ലങ്കിൽ പോലും ഏറ്റവും നല്ലതും ശരിയുമായത് മറ്റുള്ളവർക്കുവേണ്ടി ചെയ്യുവാൻ കഴിവിന്റെ പരമാവധി ശ്രമിക്കുവാൻ സഹായിക്കുന്നു.

n. ഈ വേലയുടെ പിന്നിൽ തികഞ്ഞതും വിലയുള്ളതുമായ ഒരു ഉദ്ദേശം ഉണ്ട്

o. നമ്മുടെ ശരീരങ്ങളെ ബുദ്ധിയുള്ള ആരാധനയ്ക്കായി സമർപ്പിക്കുന്നു. "നിങ്ങളുടെ നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും, ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുക" (റോമ. 12:1), മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠന്മാരായി എണ്ണണം (ഫിലി. 2:3), അങ്ങനെ രണ്ടു വലിയ കല്പനകളെ പൂർത്തികരിപ്പൻ അവസരം ഉണ്ടാകുന്നു (മർക്കോ. 12:29-31).

**നിയമം: ഒരു മാതൃകാ സഭ ദൈവത്തോടും മറ്റുള്ളവരോടുമുള്ള സ്നേഹംമൂലം ജീവത്യാഗത്തോളം അദ്ധ്വാനിക്കുവാൻ തയ്യാറായിരിക്കും.**

**നിയമം: പ്രത്യേകം ശ്രദ്ധിക്കുക, ഇതു ഒരു സഭാകൂട്ടത്തിന്റെ സ്വഭാവ വിശേഷങ്ങൾ ആകുന്നു, ഒരിക്കലും ഒരു പാസ്റ്ററുടെ കാര്യമല്ല.**

**3. പ്രത്യാശയുടെ സ്ഥിരത (സഹിഷ്ണത)**

a. പ്രത്യാശയുടെ സ്ഥിരത എന്നാൽ പ്രത്യാശയാൽ ഉളവാകുന്ന ചുറ്റുപാടുകളിലേക്കുള്ള സഹിഷ്ണതയാണ്.

b. എൽപിസ് (ELPIS) എന്ന ഗ്രീക്കുവാക്കാണ് പ്രത്യാശ എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. ഇതിന് ഭാവി പ്രതീക്ഷകളുടെ ഉറപ്പ് എന്നാണ് അർത്ഥം.

c. യേശുക്രിസ്തു എന്ന ഏകവ്യക്തിയിലാണ് പ്രത്യാശയുടെ അടിസ്ഥാനം (1 തിമോ. 1:1)

d. എത്രയും കൂടുതലായി ക്രിസ്തു നിങ്ങളിൽ രൂപപ്പെടുമോ അത്രയും കൂടുതലായി അവന്റെ മഹിമയെ നിങ്ങൾ തിരിച്ചറിയും (കൊലോ. 1:27)

e. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവകൾ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പുമായി കൂടി പിണഞ്ഞു കിടക്കുന്നു (1 പത്രോ. 1:20-22)

f. യേശുക്രിസ്തുവിൽ സുസ്ഥിരമായിരിക്കുന്ന പ്രത്യാശ പ്രമാണങ്ങളുടെ ശുദ്ധീകരണത്തിലേക്കു നയിക്കുന്നു (1 കൊരി. 3:1-3)

g. സഹിഷ്ണതയോടെ ഫലം പുറപ്പെടുവിക്കുന്നവർ സുവിശേഷത്തിന്റെ മഹിമയെ വെളിപ്പെടുത്തുന്നു (ലൂക്കോ 8:15)

h. സഹിഷ്ണതയോടെ നന്മചെയ്യുന്നവർ നിത്യജീവിന്റെ ചിന്തയെ വികസിപ്പിക്കുകയാണ് (റോമ. 2:5-11)

i. പ്രത്യാശയുടെ വികസനത്തിലെ പ്രധാന ഘടകമാണ് സഹിഷ്ണത (റോമ 5:1-5)

j. പ്രത്യാശ ഉടനടി വെളിപ്പെടുന്ന ഒന്നല്ല പിന്നയോ സഹിഷ്ണതയോടും, ആകാംക്ഷയോടും കാത്തിരുന്നു കാണേണ്ട ഒന്നാണ് (റോമ. 8:23-26)

k. പ്രത്യാശയുടെ വികസനത്തിനായി ദൈവവചനത്താൽ പ്രാപിക്കുന്ന രണ്ടു ഘടകങ്ങളാണ് സഹിഷ്ണതയും പ്രോത്സാഹനവും (റോമ 15:4)

l. പരസ്പ ബന്ധങ്ങളെ പ്രത്യക്ഷമായി നിലനിർത്തുമെന്ന പ്രതീക്ഷയുള്ളവർക്കു ദൈവത്തിൽ നിന്നു ലഭിക്കുന്ന ഗുണങ്ങളാണ് സഹിഷ്ണതയും പ്രോത്സാഹനവും (റോമ 15:5-7)

m. ദൈവത്തിന്റെ വേലക്കാരിൽ കാണുന്ന പ്രത്യേക ഗുണങ്ങളാണ് സഹിഷ്ണതയും, പ്രയ്തനവും (2 കൊരി. 6:1-12)

n. ദൈവഹിതത്തിന്റെ പരിജ്ഞാനം ഭാഗികമായിരിക്കയാൽ പൂർണ്ണതയെ പ്രാപിക്കുവാൻ സഹിഷ്ണത ആവശ്യമാണ് (കൊലോ. 1:9-14)

o. സഭയിൽ സഹിഷ്ണത വെളിപ്പെടുംമ്പോഴാണ് സകലരും തൊട്ടുണർത്തപ്പെടുന്നത് (2 തെസ്സ. 1:4; 3:5)

p. സഹിഷ്ണത ഒരു ദൈവപുരുഷന്റെ മുന്നേറ്റത്തിന്റെ വിലയാണ് (1 തിമോ. 6:11-12)

q. നമ്മൾ എല്ലാവരും സഹിഷ്ണതയുടെ മാതൃകകൾ ആയിരിക്കണം (2 തിമോ. 3:10-13)

r. പ്രായമുള്ളവർ സഹിഷ്ണതയുടെ ഉദാഹരണങ്ങളാണ് (തീത്തു. 2:2)

s. വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കുന്ന സഹിഷ്ണതയാണ് ദൈവീക വാഗ്ദത്തങ്ങളെ പ്രാപിക്കുന്നത് (എബ്ര. 10:36-39)

t സഹിഷ്ണത നമ്മുടെ ഓട്ടത്തിന്റെ ഭാഗംകൂടിയാണ് (എബ്രാ. 12:1-3)

u. വിശ്വാസിയുടെ വളർച്ചയുടെ തികവിനെ വെളിപ്പെടുത്തുന്ന ഒരു ഘടകം കൂടിയാണ് സഹിഷ്ണത (യാക്കോ. 1:2-4)

v. രണ്ടു വലിയ കല്പനകളെ പൂർത്തീകരിക്കാനുള്ള ഘടകവും സഹിഷ്ണതയാണ് (2 പത്രോ. 1:5-7)

w. സഹിഷ്ണത ഉണ്ടായിരിക്കുകയും സ്നേഹം ഇല്ലാതിരിക്കുകയും ചെയ്യുന്ന സഭ അപകടത്തിലാണ് (വെളി. 2:2-4)

x. സ്നേഹം, വിശ്വാസം, സേവനം, സഹിഷ്ണത എന്നിവയെല്ലാം ഉള്ളതായ സഭയെങ്കിലും തിന്മകൾ അനുവധിക്കപ്പെട്ടിരിക്കുന്നെങ്കിൽ അപകടത്തിലാണ് (വെളി. 2:19-20)

y. പീഡനങ്ങളിൽ നിന്നു വിശ്വാസികൾക്കു വിടുതൽ നല്കുന്നത് യേശുക്രിസ്തുവിന്റെ ക്രൂശിലെ സഹിഷ്ണതയാണ്. (വെളി. 3:10-11).

ഭാഗം 7

# സ്ഥാന നിർണ്ണയം

ദൈവവചനത്തെ പഠിപ്പിക്കുന്ന ഒരാൾ എന്ന നിലയ്ക്കു നിങ്ങളുടെ കേൾവിക്കാർക്ക് മനസ്സിലാക്കുവാനും ഓർക്കുവാനും തക്കവിധം കുടുതൽ അറിവു പ്രാപിച്ചിരിക്കണം. നിങ്ങളുടെ ദൂത് മറ്റുള്ളവർ മനസ്സിലാക്കുകയും ഓർത്തിരിക്കയും വേണമെന്നു ചുരുക്കം. സത്യവും ശരിയുമായവയാണെങ്കിലും കൂടുതലായ ഉപയോഗം കുഴപ്പങ്ങൾ സൃഷ്ടിക്കും. ആകയാൽ ദൂത് എപ്പോഴും ലളിതവും പ്രായോഗികവുമായിരിക്കണം.

ഒരു പ്രത്യേക പോയിന്റെടുക്കുക. അതു വ്യക്തമാക്കുവാൻ ഉദാഹരണങ്ങൾ ഉപയോഗിക്കുക. ഉദാഹരണമായി, ഒരു ആണി ഏതെങ്കിലും തടികഷണത്തിൽ ഉറപ്പിക്കണമെങ്കിൽ ചുറ്റിക ഉപയോഗിക്കണം. ഓരോ അടിയും ചെറിയ സുഷിരങ്ങൾ ഉളവാക്കുന്നു, എന്നാൽ ഒടുവിൽ ആണി ഉറയ്ക്കുകയും ചെയ്യുന്നതുപോലെയാണ് നമ്മുടെ ദൂതു വ്യക്തമാക്കേണ്ടതിനായി ഉപയോഗിക്കുന്ന ഓരോ ഉദാഹണങ്ങളും.

ദൈവവചനത്തിന്റെ പഠനത്തിലേക്കു നാം വരുമ്പോൾ ഒന്നാമത് ചിത്രം മുഴുവനായി കാണുക. തുടർന്ന് അതിന്റെ വിശദീകരണത്തിലേക്കു കടക്കുകയും ഓരോന്നും ചിത്രത്തെ എങ്ങനെ മനസ്സിലാക്കി തരുന്നു എന്നു കണ്ടുപിടിക്കുക.

1 തെസ്സ. 1:2-ൽ വിശ്വാസത്തിൽ വളരുന്ന മറ്റുള്ളവർക്കായി പൗലൂസ് നന്ദിപറയുന്നതായി വായിക്കുന്നു, ***"എല്ലാറ്റിനായും നന്ദി (സ്തോത്രം) പറയുക"*** എന്നൊരു ദൂത് ഇവിടെ നിന്നു നമുക്കു ലഭിക്കുന്നു. ഇതു ആവശ്യമമായ ഒന്നാണ് എന്തന്നാൽ പുതിയ വിശ്വാസികൾ പലപ്പോഴും തങ്ങളിലേക്കു തന്നെ നോക്കുന്നവരായി തീർന്നിട്ട് തങ്ങൾക്ക് ലഭിച്ചിരിക്കുന്നവയ്ക്കായി ദൈവത്തിനു നന്ദി പറയാൻ മറക്കയും ചെയ്യാറുണ്ട്.

ഒരിക്കൽ യേശു അഞ്ചപ്പവും രണ്ടു മീനും എടുത്തു പിതാവിനു നന്ദി കരേറ്റി ആവശ്യത്തിനു ഭക്ഷണമില്ലാതെ വിഷമിക്കുന്ന ജനകൂട്ടത്തോടു കൂടുതൽ ഭക്ഷണത്തിനായി പ്രാർത്ഥിക്കുവാനല്ല മറിച്ച് അവരുടെ പക്കൽ എന്തുണ്ടായിരുന്നവോ അവയ്ക്കായി ദൈവത്തിനു നന്ദി കരേറ്റുകയാണ് യേശു ചെയ്തത്. അപ്പോൾ അത്ഭുതം നടക്കുകയും ജനം തൃപ്തരാകയും ചെയ്തു.

ഈ സംഭവം നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ. 14:15-21; മർക്കോ. 6:37-44; ലൂക്കോ. 9:13-17; യോഹ. 6:5-13). ഒരിടത്തുപോലും യേശു തന്റെ പിതാവിനോട് അപ്പവും മീനും വർദ്ധിപ്പിച്ചു തരേണമേ എന്നു അപേക്ഷച്ചതായി രേഖപ്പെടുത്തിയിട്ടില്ല; എന്നാൽ നാലു സുവിശേഷത്തിലും യേശു അവയ്ക്കായി പിതാവിനു നന്ദി കരേറ്റിയതായിട്ടാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ കേൾവിക്കാരോട് നിങ്ങൾ കൂടുതൽ സമയം ദൈവത്തിനു നന്ദി പറയുന്നവരാണോ അതോ പരാതിപ്പെടുന്നവരാണോ ? എന്നു ചോദിക്കാവുന്നതാണ്. അതോടൊപ്പം സാമ്പത്തികമായി വളരെ പിന്നോക്കത്തിൽ ആയിട്ടും തങ്ങൾക്കുള്ളതിനെ ഓർത്തു ദൈവത്തിനു നന്ദി പറഞ്ഞിട്ടുള്ള ആളുകളെ (നിങ്ങളുടെ പരിചയത്തിൽപെട്ടത്) ഉദാഹരണമായി ചൂണ്ടികാട്ടാവുന്നതാണ്. തങ്ങളും എത്ര അധികം നന്ദിയുള്ളവർ ആയിരിക്കേണമെന്നു ചിന്തിക്കാൻ കേൾവികാർക്കു ഇതു സഹായകമാകും. നന്ദി പറയുക എന്നതിന്റെ ഗ്രീക്കു വാക്ക് "യൂക്കറിസ്റ്റിയ" (EUCHARISTIA) എന്നാണ്. "യൂ" (EU) "കാരിസ്" (CHARIS) എന്ന് രണ്ടു ഗ്രീക്കു വാക്കുകൾ ചേർന്നുണ്ടായതാണിത്. EU എന്നാൽ "നല്ലത്", CHARIS എന്നാൽ "കൃപ" എന്നുമാണ് അർത്ഥം. അപ്പോൾ നന്ദി കരേറ്റൽ ദൈവകൃപയുടെ നന്മയെ തിരിച്ചറിയുന്നതാണ്. നന്ദി പറയാത്തവർ ദൈവകൃപയെ അംഗീകരിക്കാത്തവരാണ്.

തിരുവെഴുത്തുകളെ വിശദീകരിക്കാൻ ദൃഷ്ടാന്തങ്ങൾ വളരെ പ്രയോജനകരമാണ്. എന്നാൽ ദൃഷ്ടാന്തങ്ങൾ പുസ്തകത്തിൽ നിന്നാകാതെ ജീവിത നിരീക്ഷണങ്ങളിൽ നിന്നാകണം. ദൈവം തനിക്കു ചുറ്റുമായി എന്തു പ്രവർത്തിച്ചിരുന്നു എന്നും എന്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നും സുക്ഷ്മതയോടെ മനസ്സിലാക്കുവാൻ പഠിപ്പിക്കുന്നവനു കഴിഞ്ഞാലേ ദൃഷ്ടാന്ത ദൗർലഭ്യം ഇല്ലാതിരിക്കു.

# പ്രസാദകരുടെ (എഴുത്തുകാരുടെ) കുറിപ്പ്

യേശുക്രിസ്തുവിനോടുകൂടെയുള്ള നിങ്ങളുടെ നടപ്പിനെയും പ്രവർത്തിയേയും പ്രോത്സാഹിപ്പിക്കുന്നതിന് ഞങ്ങൾക്ക് സന്തോഷമുണ്ട്. അടിസ്ഥാനങ്ങൾ എന്ന ഈ പുസ്തകം നിങ്ങളുടെ ബൈബിൾ പഠനത്തിന്റെ പ്രാരംഭ സഹായി മാത്രമാണ്. ഇതിനാൽ നിങ്ങൾ യേശുക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും തുടർച്ചയായി വളരുവാൻ ഇടയാകണം (2 പത്രോ. 3:18). ആകയാൽ ഈ അടിസ്ഥാനങ്ങൾ എന്ന പുസ്തകത്തിൽ പഠിച്ചതെല്ലാം നിങ്ങളുടെ ജീവിതത്തിലും ശുശ്രൂഷയിലും ഉപയോഗിച്ചുകൊണ്ടിരിക്കണം. യേശുക്രിസ്തുവിനോടു പറ്റിചേർന്നുള്ള വ്യക്തിപരമായ ജീവിതവും അവനെകുറിച്ചു മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതുമാണ് ജീവിത വളർച്ചയുടെ അതി പ്രധാനമായ ഘടകം. ദൈവവചനത്തിന്റെ യഥാർത്ഥ പഠനത്തിലൂടെയോ യേശുക്രിസ്തുവുമായി അടുത്ത ബന്ധം പുലർത്താൻ കഴിയൂ, ആകയാൽ എഴുതപ്പെട്ട വചനത്താൽ ജീവനുള്ള വചനം ജീവിതത്തിലെ പ്രതിഫലിക്കതക്ക വിധം വചന പഠനം നടത്തുക.

അടിസ്ഥാനങ്ങൾ നിങ്ങൾക്ക് ശരിയായ രീതിയിൽ ബൈബിൾ പഠിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള സാമഗ്രികൾ മാത്രമാണു നല്കിയിരിക്കുന്നത്. ഇതിനെ നിങ്ങൾ പഠിച്ചിട്ട് മറ്റുള്ളവരെ ശരിയായ വിധം പരിശീലിപ്പിക്കുവാൻ ഞങ്ങൾ നിങ്ങളെ ഉത്തേജിപ്പിക്കുകയാണ്. ഒരു കാര്യം ഓർത്തിരിക്കേണ്ടത് അത്യാവശ്യമാണ് എന്തെന്നാൽ സത്യ ഉപദേശവുമായി നിങ്ങൾ മുന്നേറുംമ്പോൾ വചനത്തോടു കൂട്ടിയും കുറച്ചും വികലമാക്കി ഉപദേശിക്കുന്ന ദുരുപദേശകരുമായി കണ്ടുമുട്ടേണ്ടിവരും (ഫിലി. 3:2). ഇവരിൽ നിന്നു നിങ്ങളെ തന്നെ രക്ഷപെടുത്തുവാൻ ബരോവക്കാരെപ്പോലെ (അപ്പോ. പ്ര. 17:11), തിരുവെഴുത്തുകളെ തുടർച്ചയായി പരിശോധിക്കുകയും സത്യ വചനത്തെ അനുസരിക്കയും ചെയ്യണം.

നിങ്ങളുടെ വിശ്വാസത്തിന്റെയും ശുശ്രൂഷയുടെയും യാത്ര തടസ്സമില്ലാതെ തുടരേണ്ടതിന് ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുകയാണ്. നാം ഒരു വലിയ ലോകത്തിലാണ് വസിക്കുന്നത് തൻമൂലം നമ്മുടെ സംരംഭങ്ങൾ വിലമതിക്കതക്കതായി കണ്ടില്ലന്നുവന്നേക്കാം പക്ഷേ, ഈ ലോകത്തിൽ ദൈവത്തിന്റെ സഭയെ പണിതുറപ്പിക്കുവാനാണ് ദൈവം നമ്മെ ആക്കിവച്ചരിക്കുന്നതെന്ന് ഓർത്തുകൊള്ളണം. ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയ്ക്കും ഒരേ ശുശ്രൂഷാ റ്റീമിലെ അംഗമെന്ന നിലയിലും നമ്മുടെ ഉത്തരവാധിത്വമാണ് സുവിശേഷത്തിന്റെ പങ്കുവെയ്ക്കലിലൂടെ എല്ലാവരെയും ശിഷ്യാരക്കുക എന്നത്. ഈ ദൗത്യം യേശുക്രിസ്തു നമ്മെ ഭരമേല്പിച്ചതാണ്. ഒരു ദിവസം നാമെല്ലാവരും സ്വർഗ്ഗത്തിൽ അവരോടൊപ്പും ഇരിക്കുമ്പോൾ കർത്താവു തന്റെ മഹത്വത്തിനായി നമ്മെ വിവിധ പ്രകാരത്തിൽ ഉപയോഗിച്ചതോർത്ത് ആനന്ദിപ്പാൻ ഇടയാകും. ദൈവം നിങ്ങളെ ധാരളമായി അനുഗ്രഹിക്കുകയും നിങ്ങളുടെ സകല പ്രവർത്തികളിലും, വചന പഠനത്തിലും സഹായിച്ച് സത്യവചനത്തെ യാഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവരായി നിർത്തട്ടെ (2 തിമോ. 2:15).

ദാനിയേൽ ആർ. ഹോക്കിൻസ് (Daniel R. Hawkins)
ചിഫീ എക്സിക്യൂട്ടീവ് ഓഫീസർ (Chief Executive Officer)

ജോസഫ് എം. ബ്രൗൺ (Joseph M. Brown)
എക്സിക്യൂട്ടീവ് ഡയറക്ടർ (Executive Director)

**വില്ലേജ് മിനിസ്ട്രീസ് ഇന്റർനാഷണൽ**
(VILLAGE MINISTRIES INTERNATIONAL)

# Bibliography

The following bibliogrphy does not attempt to include all the titles that are pertinent to our course of study, as this would take a book in itself. It does represent the main authorities and the works consulted in the writing of this book.

Archer, Gleason L., Jr., *A Survey of Old Testament Introduction,* Moody Press, 1964.

Archer, Gleason L., Jr. *Survey of the Old Testament*, Moody Press, Chicago, 1978.

Chafer, Lewis Sperry, Systematic Theology, Vol. I-VIII, Dallas Seminary Press, 1947.

Dunnett, Walter M., *New Testament Survey,* Evangelical Teacher Training Association, Wheaton, 1967.

Gaebelein, Frank E., General Editor, *The Expositor's Bible Commentary, New Testament,* Zondervan , Grand Rapids, 1976-1992.

Geisler, Norman L., *A Popular Survey of the Old Testament,* Baker Book House, Grand Rapids, 1977.

Harris, R. Laird, Gleason L. Archer, Jr. and Bruce K. Waltke, Theological Word Book of the Old Testament, Moody Press, Chicago, 1980.

Harrison, Roland Kenneth, *Introduction to the Old Testament,* William B. Eerdmans Publishing Co., 1969.

Hartill, J Edwin, *Principles of Biblical Hermeneutics,* Zondervan Publishing House, 1947.

Hiebert, D. Edmond, *An Introduction to the New Testament,* Vol. I-III, Moody Press, 1975.

Hoehner, Harold W., *Chronological Aspects of the Life of Christ,* Zondervan Publishing House, 1977.

Jensen, Irving L., *2 Kings with Chronicles, A Self-Study Guide,* Moody Press.

Machen, J. Greshem, *The New Testament, An Introduction to Its Literature and History,* edited by W. John Cook, The Banner of Truth Trust, Edinburgh, 1976.

Ramm, Bernard, *Protestant Biblical Interpretation,* Baker Book House, 1970.

Ryrie, Charles C., Basic Theology, Victor Books, 1986.

Tenney, Merrill C., *New Testament Survey,* William B Eerdmans Publishing Co., 1961.

Tenney, Merrill C., *New Testament Times,* William B Eerdmans Publishing Co., 1965.

Tenney, Merrill C., General Editor, The *Zondervan Pictorial Encyclopedia of the Bible,* Vol. I-V, Zondervan Publishing House, 1978.

Thayer, Joseph Henry, Thayer's *Greek-English Lexicon of the New Testament,* Associated Publishers and Authors.

Thiele, Edwin R., *A Chronology of the Hebrew Kings,* Zondervan Publishing House, 1977.

Thiessen, Henry Clarence, Introduction to the New Testamemt, Eerdmans, Grand Rapids, 1943.

Unger, Merrill F., Introductory Guide to the Old Testament, Zondervan Publishing House, 1951.

Vine, W.E., Merrill F., Unger & William White, Editors, An *Expository Dictionary of Biblical Words,* Thomas Nelson, Inc., 1985.

Walvoord, John F., Roy B. Zuck, Editors, *The Bible Knowledge Commentary,* Victor Books, Wheaton, 1983, 1985, electronic media.

Wilkinson, Bruce and Kenneth Boa, *Talk Thru The Old Testament,* Vol. I, Thomas Nelson Publishers.

# Endnotes


1. Adapted from J. Edwin Hartill, *Principles of Biblical Hermeneutics,* p. 9.
2. Bruce Wilkinson and Kenneth Boa, *Talk Thru the Old Testament,* Vol. I, Thomas Nelson Publishers, 1983, p. 39.
3. Some of the ideas for this chart were drawn from *A Popular Survey of the Old Testament,* By Norman L. Geisler, Baker Book House, Grand Rapids, 1977, p. 83 and *Talk Thru The Bible by Bruce Wilkinson and Kenneth Boa,* Thomas Nelson Publishers, Nashville, 1983, p. 47-49.
4. Wilkinson and Boa, p. 59.
5. Notes from the *NIV Study Bible,* Zondervan, 1985, electronic version.
6. Wilkinson and Boa, p. 72.
7. Charles Caldwell Ryrie, *Ryrie Study Bible, Expanded Edition,* Moody, electronic media.
8. John F. Walvoord, Roy B. Zuck, Editors, *The Bible Knowledge Commentary,* Victor Books, Wheaton, 1983, 1985, electronic media.
9. Wilkinson and Boa, p. 84.
10. Irving L. Jensen, *2 Kings with Chronicles, A Self-Study Guide,* Moody, p. 20.
11. Charles C Ryrie, *Ryrie Study Bible, Expanded Edition,* Moody, Chicago, Electronic media.
12. Ibid.
13. Wilkinson and Boa, p. 100.
14. Ibid., p. 101.
15. Ibid., p. 110.
16. Ibid., p. 117
17. Walvoord / Zuck, electronic media.
18. Wilkinson and Boa, p. 125.
19. Walvoord / Zuck, electronic media.
20. Norman L. Geisler, *A Popular survey of the Old Testament,* Baker, Grand Rapids, 1977, p.180.
21. Ibid., p. 181.
22. Ryrie, p. 777
23. Archer, Electronic Edition.
24. Ryrie, p. 831.
25. Archer, Electronic Media.
26. Adapted from Archer's *Survey of the Old Testament,* Electronic Media.
27. Charles L. Feinberg, *Class Notes,* Dallas Theological Seminary, p.3, 1960's
28. Geisler, p. 195-196.
29. Wilkinson and Boa, p. 164.
30. Geisler, p. 214.
31. Ryrie, p. 1032
32. R. Laird Harris, L. Archer, Jr., Bruce K. Waltke, *Theological Word Book of the Old Testament,* Vol. 2, p. 544.

33. Carl Laney, *Bibliotheca Sacra,* Oct.-Dec. 1981, p. 315-316.

34. Charles C. Ryrie, *The Ryrie Study Bible, Expanded Edition,* Moody Press, 1995, p. 1151.

35. Norman L Geisler, *A Popular Survey of the Old Testament,* Baker, Grand Rapids, 1977, p. 227-228.

36. Ibid., p. 228.

37. Archer, Electronic Media.

38. Wilkinson and Boa, p. 200.

39. Adapted from Wilkinson and Boa, p. 209.

40. Hebrew class at Dallas Theological Seminary taught by Dr. Robert Chisholm, Spring 1993.

41. John F. Walvoord, Roy B. Zuck, Editors, *The Bible Knowledge Commentary,* Victor Books, Wheaton, 1983,1985, Electronic Media.

42. Wilkinson and Boa. p. 252.

43. Ibid., p. 263.

44. Gleason Archer, Electronic Media.

45. Ibid.

46. Ibid.

47. Wilkinson and Boa, p. 296.

48. Charles C. Ryrie, *Ryrie Study Bible, Expanded Editon,* Moody, p. 1498.

49. J. Greshem Machen, *The New Testament, An Introduction to Its Literature and History,* edited by W. John Cook, The Banner of Truth Trust, Edinburgh, 1976, p.16.

50. Merrill C. Tenney, *New Testament Times,* Eerdmans, Grand Rapids, 1965, p. 107-108.

51. Charles C. Ryrie, *Ryrie Study Bible, Expanded Edition,* Moody, p. 1500.

52. Ibid., p. 1498.

53. Ibid., p. 1499.

54. Bruce Wilkinson and Kenneth Boa, *Talk Thru The Bible,* Thomas Nelson, Nashville, 1983, p. 305.

55. Charles C Ryrie, *Ryrie Study Bible, Expanded Edition,* Moody. p. 1509.

56. John F. Walvoord, Roy B. Zuck, editors, *The Bible Knowledge Commentary,* Victor Books, Wheaton, 1983, 1985, Electronic Media.

57. Walter M Dunnett, *New Testament Survey,* Evangelical Teacher Training Association, Wheaton, 1967, p. 17.

58. Ryrie, p. 1574.

59. Wilkinson/Boa, p. 321.

60. Ibid., p. 327.

61. Ryrie, p. 1614.

62. Ibid., p. 1614.

63. Wilkinson / Boa. p. 328.

64. Ibid., p. 328.

65. Walvoord /Zuck, Electronic Media.

66. Ibid.

67. Wilkinson / Boa, p. 338.

68. Walvoord/ Zuck, Electronic Media.

69. Ibid.

70. Wilkinson /Boa, p. 353.

71. Walter M. Dunnett, New Testament Survey, Evangelical Teacher Training Association, Wheaton, 1967, p. 40.

72. J. Sidlow Baxter, *Explore the Book, p. 63-64.*

73. Ryrie, p. 1786.

74. Wilkinson / Boa, p. 374.

75. Henry Clarence Thiessen, *Introduction to the New Testament,* Eerdmans, Grand Rapids, 1943, pp. 202-03.

76. Gaebelein, electronic media.

77. Walvood / Zuck, *Electronic Media.*

78. Frank E Geabelein, General Editor, *The Expositor's Bible Commentary, New Testament,* Zondervan, Grand Rapids, 1976-1992, Electronic Media.

79. Ryrie, p. 1886-1887

80. A. T. Robertson, *Paul and the Intellectuals,* Revelation and ed. W.C. Strickland (Nashville: Broadman, 1959), p. 12.

81. Wilkinson / Boa, p. 413.

82. Dr. S. Lewis Johnson in *Bibliotheaca Sacra, Sudies in the Epistle to the Colossians,* beginning Vol. 118,#471.

83. Walvoord / Zuck, Electronic Media.

84. Ryrie, p. 1939.

85. Wilkinson / Boa, p. 444.

86. Thiessen, p. 271.

87. Wilkinson / Boa, p. 450.

88. Walvoord / Zuck, Electronic Media.

89. Ryrie, p. 1966.

90. Wilkinson / Boa, p. 465.

91. Ryrie, p. 1966.

92. Ron Blue, *The Bible Knowledge Commentary.*

93. The *NET Bible,* The Biblical Studies Press.

94. Walvoord / Zuck, Electronic Media.

95. *NIV Study Bible,* Electronic Library.

96. *NET Bible,* Electronic Media.

97. Ryrie, p. 2005.

98. Adapted from R. T. Ketcham, D.D.; found in J Edwin Hartill's *Principles of Biblical Hermeneutics.*

99. Charles C Ryrie, *Basic Theology,* Victor Books, 1986, p. 295.

100. Ibid., p. 343.

101. W.E. Vine, *Vine's Expository Dictionary of Biblical Words,* Thomas Nelson Publishers, 1985

102. Harris, Archer, Waltke, *Theological Wordbook of the Old Testment, 1980, Moody Bible Institute,* p.127.

103. W. E. Vine, *Vine's Expository disctionary of Biblical Words,* 1985, Thomas Nelson Publishers, p.51.

104. Merril C. Tenney, General Editor, *Zondervan Pictorial Encyclopedia of the Bible,* Zondervan Publishing House, Grand Rapids, Michigan, 1978, Vol. I p. 505.

105. W.E. Vine, Vine's *Expository Dictionary of Biblical Words,* Thomas Nelson Publishers, 1985,p. 685.

106. Ibid.

ഈ പുസ്തകത്തെപ്പറ്റി കൂടുതൽ വിവരങ്ങൾക്ക്:

പ്രസിഡന്റ്
ബേത്‌ലഹേംപുരം
തിരുവാർപ്പ് പി. ഒ.
കോട്ടയം – 686 033
കേരളം; ഇൻഡ്യ.